# ഹൃദയപക്ഷം

## മുഖ്യമന്ത്രി പിണറായി വിജയന്റെ
## തിരഞ്ഞെടുത്ത നിയമസഭാ പ്രസംഗങ്ങൾ
## 2016 - 2025



ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# ഹൃദയപക്ഷം

## മുഖ്യമന്ത്രി പിണറായി വിജയന്റെ
തിരഞ്ഞെടുത്ത നിയമസഭാ പ്രസംഗങ്ങൾ

2016-2025

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
**കേരള സർക്കാർ**

# ഹൃദയപക്ഷം

മുഖ്യമന്ത്രി പിണറായി വിജയന്റെ
തിരഞ്ഞെടുത്ത നിയമസഭാ പ്രസംഗങ്ങൾ
2016-2025

എഡിറ്റർ
**ടി വി സുഭാഷ് ഐ.എ.എസ്**

അഡീഷണൽ എഡിറ്റർ
**സലിൻ മാങ്കുഴി**

ഡപ്യൂട്ടി എഡിറ്റർ
**കെ.പി. സരിത**

എഡിറ്റർ-ഇൻ-ചാർജ്
**കെ എസ് ഇന്ദുശേഖർ**

അസിസ്റ്റന്റ് എഡിറ്റർ
**ദസ്നി എം എച്ച്**
**ആരതി.കെ.ആർ**

അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ
**ആരോമൽ അനിൽ**
**അജിത കെ ജി**

സർക്കുലേഷൻ ഓഫീസർ
**ദിലീപ് കുമാർ സി എഫ്**

കവർ & ലേഔട്ട്
**ഷൈജു കെ കെ**

കവർ ചിത്രീകരണം
**പ്രകാശ് വി എസ്**

ചിത്രങ്ങൾ
**ഫോട്ടോഗ്രാഫി വിഭാഗം, ഐപിആർഡി**

അച്ചടി
**കെ ബി പി എസ്, കാക്കനാട്, കൊച്ചി-30**

കോപ്പി: 300

ഏപ്രിൽ 2025

സൗജന്യവിതരണത്തിന്

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്**

# ആശംസ




കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയന്റെ 2016-2025 കാലയളവിലെ കേരള നിയമസഭാപ്രസംഗങ്ങളുടെ സംഗ്രഹം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിക്കുന്നു എന്നത് ഏറെ സന്തോഷപ്രദമാണ്. സമാനതകളില്ലാത്ത വികസന മികവുകൾ കൈവരിച്ച ഒരു ദശകത്തെ സഭാതലത്തിൽ നടത്തിയ പ്രസംഗങ്ങളാൽ അടയാളപ്പെടുത്തുക എന്നത് ഏറെ ശ്രമകരമാണ്. നവകേരള നിർമ്മിതിയിലേക്കായി നയിച്ച പദ്ധതികളോടൊപ്പം കേരളം അതിജീവിച്ച അസാധാരണ വെല്ലുവിളികളായ നിപ്പ, കോവിഡ് മഹാമാരി, പ്രകൃതി ദുരന്തങ്ങളായ ഓഖി, പ്രളയം, എന്നിവ നേരിടുന്നതിനായി കേരളം സ്വീകരിച്ച വ്യത്യസ്തമായ സമീപനങ്ങൾ നമ്മുടെ രാജ്യത്തിനു തന്നെ മാതൃകയായി മാറി. കേന്ദ്രത്തിന്റെ കേരളവിരുദ്ധ സമീപനങ്ങൾ സധൈര്യം നേരിടുന്നതിലും മുന്നോട്ട് നയിക്കുന്നതിലും ബഹു. മുഖ്യമന്ത്രി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സംയോജിതമായ ഇടപെടലുകൾ ലോക പ്രശസ്തമാണ്.

കേരളസംസ്ഥാനത്തെ ലോകോത്തരമാക്കുന്ന പ്രവർത്തനങ്ങളുമായി മുന്നേറുമ്പോഴും രാജ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടനവധി വിഷയങ്ങളായ ബാങ്ക് ലയനം, നോട്ട് നിരോധനം, RCEP കരാർ, പരീക്ഷ ക്രമക്കേടുകൾ എന്നിവ ക്രിയാത്മകമായി നിയമസഭയിൽ ചർച്ച ചെയ്യുന്നതിനായി മാതൃകാപരമായ പ്രവർത്തനങ്ങളാണ് അദ്ദേഹം സ്വീകരിച്ചത്.

കേരളത്തിന്റെ നിയമനിർമ്മാണരംഗത്തേയും വികസന-നവോത്ഥാന ചരിത്രത്തേയും പറ്റി പഠിക്കുന്ന വിദ്യാർഥികൾക്കും പൊതുസമൂഹത്തിനും ഇതൊരു അമൂല്യമായ റഫറൻസ് ഗ്രന്ഥമാകട്ടെ എന്ന് ആശംസിക്കുന്നു.

**എ. എൻ. ഷംസീർ**
**സ്പീക്കർ**

# ആമുഖം



കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി പിണറായി വിജയന്റെ 2016 മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിലെ തിരഞ്ഞെടുത്ത നിയമസഭാ പ്രസംഗങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനായതിൽ വകുപ്പിന് ചാരിതാർഥ്യമുണ്ട്. ഏകദേശം ഒൻപത് വർഷക്കാലത്തെ വിവിധ സഭാസമ്മേളനസെഷനുകളിലായി അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ കേരളത്തിന്റെ വികസനവും ക്ഷേമവുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ കൈക്കൊണ്ട തീരുമാനങ്ങളുടെയും നടപടികളുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാണ്. പുസ്തകം ഏവർക്കും സ്വീകാര്യമാവുമെന്ന് പ്രതീക്ഷിക്കുന്നു.

**ടി.വി. സുഭാഷ് ഐഎഎസ്**
**ഡയറക്ടർ**
**ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ്**

# ഉള്ളടക്കം


## 2016 - 2021

**2016 ജൂൺ 30**
ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖ പ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച — 9

**2017 ജനുവരി 25**
ഓഖി ദുരന്തം — 21

**2017 ഫെബ്രുവരി 28**
കസ്തൂരിരംഗൻ റിപ്പോർട്ട് — 27

**2017 മാർച്ച് 01**
ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖ പ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച — 29

**2017 നവംബർ 09**
സോളാർ അഴിമതി — 42

**2018 ജനുവരി 31**
ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖ പ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച — 48

**2018 ഡിസംബർ 11**
തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം — 62

**2019 ജനുവരി 30**
ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖ പ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച — 64

**2019 ഫെബ്രുവരി 01**
രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത സംഭവം — 78

**2019 ഫെബ്രുവരി 04**
കരിപ്പൂർ വിമാനത്താവള വികസനം — 79

**2019 ഫെബ്രുവരി 06**
വ്യക്തിഹത്യ തടയാൻ നിയമനിർമ്മാണം — 82

**2019 ജൂലൈ 04**
സഭാതർക്കം — 84

**2019 ഒക്ടോബർ 28**
ബി.പി.സി.എൽ-ന്റെ സ്വകാര്യവൽക്കരണം — 86

**2019 നവംബർ 01**
മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷം — 88

**2019 നവംബർ 21**
റീബിൽഡ് കേരള ഇനിഷ്യേറ്റീവ് — 93

**2019 ഡിസംബർ 31**
പൗരത്വ ഭേദഗതി നിയമം റദ്ദാക്കുന്നതിനുള്ള പ്രമേയം — 97

**2020 ആഗസ്റ്റ് 24**
അവിശ്വാസപ്രമേയ ചർച്ച — 101

**2020 ഡിസംബർ 03**
കോവിഡ്-19 നിയന്ത്രണ നടപടി — 146

**2020 ഡിസംബർ 03**
കോവിഡ്-19 നിയന്ത്രണങ്ങൾമൂലം പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ — 153

**2020 ഡിസംബർ 31**
കേന്ദ്ര കർഷക വിരുദ്ധ നിയമങ്ങൾ റദ്ദാക്കൽ — 155

**2021 ജനുവരി 14**
ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖ പ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച — 158

**2021 ജനുവരി 14**
സ്വർണ്ണക്കടത്ത് കേസ് — 173

**2021 ജനുവരി 22**
സി. ആന്റ് എ.ജി.-യുടെ കിഫ്ബിയെ ക്കുറിച്ചുള്ള പരാമർശങ്ങൾ — 181

## 2021 - 2025

**2021 മേയ് 31**
ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററെ നീക്കം ചെയ്യൽ — 184

**2021 ജൂൺ 01**
തീരപ്രദേശങ്ങളിലെ പ്രതിസന്ധി — 188

**2021 ജൂൺ 02**
ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖ പ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച — 190

**2021 ജൂൺ 07**
കുഴൽപ്പണ കേസ് — 203

**2021 ജൂൺ 08**
ഡിജിറ്റൽ ഡിവൈഡ് 206

**2021 ജൂലൈ 22**
പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 208

**2021 ജൂലൈ 26**
ആശ്രിത നിയമനം 210

**2021 ജൂലൈ 28**
സ്ത്രീസുരക്ഷ 212

**2021 ആഗസ്റ്റ് 04**
ദുരന്തനിവാരണ നിയമപ്രകാരം നഷ്ടപരിഹാരം 218

**2021 ആഗസ്റ്റ് 11**
പെൺകുട്ടികളുടെ സുരക്ഷ 220

**2021 ആഗസ്റ്റ്11**
ഐ.ടി വികസനം 222

**2021 ഒക്ടോബർ 04**
സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും 226

**2021 ഒക്ടോബർ 12**
തീരദേശ പരിപാലന പദ്ധതി 231

**2021 ഒക്ടോബർ 27**
മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി 234

**2021 നവംബർ 10**
പരിസ്ഥിതി സംരക്ഷണവും ഭൂനയം രൂപീകരിക്കലും 235

**2022 ഫെബ്രുവരി 22**
പബ്ലിക് അഫയേഴ്സ് ഇൻഡക്സ് 238

**2022 മാർച്ച് 14**
യുക്രൈനിൽനിന്നും മടങ്ങിവന്ന വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസം 245

**2022 ആഗസ്റ്റ് 22**
ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രമേയം 247

**2022 ആഗസ്റ്റ് 30**
വിഴിഞ്ഞം 251

**2022 ഡിസംബർ 05**
ദേശീയപാത വികസനം 256

**2022 ഡിസംബർ 07**
വിഴിഞ്ഞം തുറമുഖസമരം ഒത്തുതീർപ്പാക്കൽ 258

**2023 ഫെബ്രുവരി 01**
കെ-ഫോൺ 261

**2023 ഫെബ്രുവരി 02**
ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച 265

**2023 മാർച്ച് 03**
പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ 280

**2023 ആഗസ്റ്റ് 08**
കിഫ്ബി
കെ-ഡിസ്ക് 286

**2023 ആഗസ്റ്റ് 08**
ഏക സിവിൽ കോഡ് 293

**2023 ആഗസ്റ്റ് 09**
സംസ്ഥാനത്തിന്റെ പേര് രേഖകളിൽ ‘കേരളം’ എന്നാക്കി മാറ്റൽ 299

**2023 സെപ്റ്റംബർ 12**
സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം 300

**2024 ജനുവരി 29**
കേരളീയം 303

**2024 ജനുവരി 31**
ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച 307

**2024 ജൂലൈ 10**
കുടിശ്ശികയായ സർക്കാർ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കൽ 333

**2024 ഒക്ടോബർ 14**
വയനാട് പുനരധിവാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ 342

**2025 ജനുവരി 23**
ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച 350

**2025 മാർച്ച് 03**
ലഹരിവിപത്തിനും അക്രമോത്സുകതയ്ക്കുമെതിരായ നടപടി 378

**2025 മാർച്ച് 17**
ധനാഭ്യർഥന ചർച്ചയ്ക്ക് മുഖ്യമന്ത്രിയുടെ മറുപടി 390

**2025 മാർച്ച് 24**
ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ ഉപയുക്തമാക്കൽ 402

**2025 മാർച്ച് 25**
പി.എസ്.സിക്കെതിരെ അപഖ്യാതി തടയൽ 404

മുഖ്യമന്ത്രിയെ അറിയുക
**പിണറായി വിജയൻ**
ജീവിതരേഖ 406

# 2016 - 2021





**2016 ജൂൺ 30**

# ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ചില പ്രതിപക്ഷ അംഗങ്ങളും രാഷ്ട്രീയമായി ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിൽ ഒന്ന്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വലിയ തോതിൽ ക്ഷീണം സംഭവിച്ച് ശോഷിച്ചുപോയി എന്നതാണ്. ഞങ്ങളുടെ കാര്യത്തിൽ ഉത്കണ്ഠ ഉണ്ടായതിൽ നന്ദിയുണ്ട്. ഞങ്ങൾക്ക് പശ്ചിമ ബംഗാളിൽ ക്ഷീണം സംഭവിച്ചുവെന്നുള്ളത് വസ്തുതയാണ്. ഞങ്ങൾ ക്ഷീണിച്ചുപോയെന്ന് ചൂണ്ടിക്കാണിക്കുന്ന നിങ്ങളുടെ അവസ്ഥയെന്താണ്? 1985-ൽ 415 സീറ്റായിരുന്നു കോൺഗ്രസ്സിനുണ്ടായിരുന്നത്. അതിൽ നിന്നാണ് 44-ലേക്ക് ഇപ്പോൾ എത്തിയത്. രാജ്യത്താകെ ഇത്തരത്തിലൊരു തകർച്ച സംഭവിച്ചത് നിങ്ങളുടെ ശ്രദ്ധയിലുണ്ടാകുമല്ലോ. 371 സീറ്റ് എവിടെപ്പോയി? 48 ശതമാനം വോട്ട് അക്കാലത്ത് കോൺഗ്രസ്സിനുണ്ടായിരുന്നു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 19 ശതമാനമായി കുറയുകയാണുണ്ടായത്. ഞങ്ങൾ അധികാരത്തിലുള്ളതിനെക്കുറിച്ചും പറയുകയുണ്ടായി. ഞങ്ങൾ രാജ്യത്തെ എല്ലാ സംസ്ഥാനത്തും നിറഞ്ഞുനിൽക്കുന്ന പാർട്ടിയല്ല. രാജ്യമാകെ മഹാശക്തിയായി നിന്ന പാർട്ടിയായിരുന്നല്ലോ കോൺഗ്രസ്സ്. ഇപ്പോൾ 29 സംസ്ഥാനങ്ങളിൽ കർണ്ണാടക ഒഴിച്ചാൽ ബാക്കി സംസ്ഥാനങ്ങളുടെ സ്ഥിതിയെന്താണ്; ബാക്കി സംസ്ഥാനങ്ങളിൽ ഇല്ലെന്നല്ല ഞാൻ പറയുന്നത്. ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, മേഘാലയ, മണിപ്പൂർ എന്നിവിടങ്ങളിലൊക്കെയുണ്ട്. ഈ തകർച്ച അനുഭവിച്ചുകൊണ്ടിരിക്കുന്നവർ ഞങ്ങളെ നോക്കി ആക്ഷേപിക്കുമ്പോൾ സ്വയം പരിഹാസ്യതയിലേയ്ക്കല്ലേ എത്തുന്നതെന്ന് ആലോചിക്കുന്നത് നല്ലതാണ്. ഇവിടെ ബി.ജെ.പി.-യെക്കുറിച്ചും ശ്രീ. ഒ. രാജഗോപാലിനെക്കുറിച്ചുമൊക്കെ പരാമർശങ്ങൾ വന്നു. ഞങ്ങളും പറഞ്ഞിട്ടുണ്ട്; നിങ്ങളും ചിലത് ഉന്നയിച്ചിട്ടുണ്ട്. ബി.ജെ.പി.-യുടെ പ്രധാനപ്പെട്ട നേതാവായിരുന്ന കെ. ജി. മാരാർ എഴുതിയ പുസ്തകത്തിലെ ഒരധ്യായത്തിന്റെ പേരാണ് ‘പാഴായിപ്പോയ പരീക്ഷണം’. എല്ലാവർക്കും അറിയാവുന്ന കാര്യമായതുകൊണ്ട് ഞാൻ അതിന്റെ ആവർത്തനത്തിലേക്ക് പോകുന്നില്ല. ആ പരീക്ഷണത്തിലേയ്ക്ക് നിങ്ങൾ ഇപ്പോഴും കടന്നില്ലേ? അത് നിങ്ങൾ എത്ര നിഷേധിച്ചാലും സത്യമല്ലാതാകുമോ? ശ്രീ. ഒ. രാജഗോപാൽ ഇവിടെ വരാനിടയായ തെരഞ്ഞെടുപ്പ് ആളുകളുടെ മുന്നിൽ ഒരു യാഥാർഥ്യമായി നിലനിൽക്കുകയല്ലേ; നിങ്ങൾ അവിടെ അത്രമാത്രം ശേഷിയില്ലാത്തവരല്ലല്ലോ; നിങ്ങൾക്ക് ഇപ്പോഴുള്ള ശേഷി മാത്രമല്ലല്ലോ അവിടെയുള്ളത്; ആ ശേഷി എവിടെപ്പോയി? അവിടെയാണ് ആ

പഴയ പരീക്ഷണത്തിന്റെ ആവർത്തനം ഉണ്ടായിയെന്ന പ്രശ്നം വരുന്നത്. ബി.ജെ.പി.-യുമായി കൂട്ടുചേർന്നതിന്റെ പ്രശ്നം ഉന്നയിക്കുമ്പോൾ, നിങ്ങൾ വി. പി. സിംഗ് ഗവൺമെന്റിനെ താഴെയിറക്കിയ കാര്യം ഓർക്കണം. വി. പി. സിംഗ് ഗവൺമെന്റിനെ താഴയിറക്കാൻ നിങ്ങൾ കൂട്ടുകൂടിയത് ബി.ജെ.പി.-യുമായിട്ടല്ലേ? അന്നത്തെ ആ നിലപാട് നിങ്ങൾക്ക് പിന്നീടും പല ഘട്ടത്തിൽ, പലവഴിക്ക് ആവർത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതല്ലേ കേരളത്തിന്റെ പല അനുഭവങ്ങളും കാണിക്കുന്നത്?

നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കൂടുതൽ പറയാനില്ല, ധവളപത്രം എല്ലാവരുടെയും കയ്യിൽ കിട്ടിയല്ലോ. ഇതിൽ യു.ഡി.എഫ്. സർക്കാർ ഭരണത്തിന്റെ അവസാന നാളിൽ, അതായത് ഭരണം കഴിയുന്ന മാർച്ച് 31-ന് ട്രഷറിയിൽ 1643 കോടി രൂപ മിച്ചമുണ്ടായിരുന്നുവെന്നാണ് മുൻമുഖ്യമന്ത്രി വെളിപ്പെടുത്തിയത്. പക്ഷെ, അതിന്റെ പൊള്ളത്തരം ഇപ്പോൾ ഇതിലൂടെ വ്യക്തമായില്ലേ; ട്രഷറിയിൽ ലഭിച്ച ബില്ലുകൾ നൽകാതെ മാറ്റിവയ്ക്കുകയുണ്ടായി. ആ ഘട്ടത്തിൽ അടിയന്തരവും അനിവാര്യവുമായിരുന്ന ചെലവുകൾ കുറച്ചാൽ ആ ദിവസം ട്രഷറിയിൽ 173 കോടി രൂപ യഥാർഥത്തിൽ ക്യാഷ് ബാലൻസിൽ കമ്മിയാണ് ഉണ്ടായിരുന്നത്. അതിപ്പോൾ ധവളപത്രത്തിലൂടെ വ്യക്തമായല്ലോ. എന്നാൽ അതിനുപുറമെ അടിയന്തരമായി കൊടുത്തുതീർക്കേണ്ട മറ്റ് ബാധ്യതകൾകൂടി കണക്കിലെടുത്താൽ ചുരുങ്ങിയത് 10,000 കോടി രൂപയെങ്കിലും വരുമെന്നും ഈ ധവളപത്രത്തിൽ കണക്കാക്കിയിരിക്കുന്നു. ചെലവിടുന്ന കാര്യത്തിൽ ഒരു തരത്തിലുള്ള ഞെരുക്കവും ഉണ്ടായിട്ടില്ല, എന്നാൽ വരുമാനം വർധിപ്പിച്ചിട്ടുമില്ല എന്നതാണ് കഴിഞ്ഞ സർക്കാരിന്റെ ഒരു പ്രത്യേകത. അതിന്റെ ഫലമായി റവന്യൂ കമ്മി 2.65 ശതമാനമായി ഉയരുന്ന സ്ഥിതിയുണ്ടായി. 2011-ൽ 3673 കോടി രൂപയായിരുന്നു റവന്യൂ കമ്മി. 2015-ൽ 13,795 കോടി രൂപയായി അത് വർധിച്ചു. 2016-17-ൽ കമ്മി കുറഞ്ഞുവെന്ന് വരുത്തിതീർക്കാൻ ഒരു വിദ്യ കാണിച്ചിട്ടുണ്ട്. 10,000 കോടിയോളം രൂപയുടെ ചെലവുകളുടെ ബില്ലുകളും ബാധ്യതകളും മാറ്റിവയ്ക്കുകയാണുണ്ടായത്. റവന്യൂ കമ്മി പൂജ്യത്തിലെത്തിക്കുമെന്നായിരുന്നല്ലോ യു.ഡി.എഫ്. ഗവൺമെന്റ് അവകാശപ്പെട്ടിരുന്നത്. ഇവിടെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2006-2011 കാലത്ത് 17.2 ശതമാനം വീതം വളർന്നത് 2011-16 കാലത്ത് 12.4 ശതമാനമായി മാത്രമെ ഉയർന്നുള്ളൂ എന്നതും ഈ ധവളപത്രത്തിൽ വ്യക്തമാക്കിയിരിക്കുകയാണ്. നികുതി വരുമാന വളർച്ചയുടെ ഇടിവിന്റെ കാരണം ധവളപത്രം കൃത്യമായി വരച്ചു കാണിച്ചിരിക്കുകയാണ്.

ഇവിടെ തലശ്ശേരിയിലെ ഒരു അറസ്റ്റുമായി ബന്ധപ്പെട്ട്, ആ അറസ്റ്റ് കഴിഞ്ഞ ഉടനെ എന്നോട് ചോദ്യം ചോദിച്ചപ്പോൾ ഞാനതിൽനിന്ന് ഒഴിഞ്ഞുമാറിയെന്ന ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നു. സാധാരണനിലക്ക് ഒരു കേസ് ഉടലെടുത്താൽ അപ്പോൾത്തന്നെ അതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിതന്നെ വിശദീകരണം നൽകേണ്ടതായിട്ടുണ്ടോ? പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഒരു സംഭവമുണ്ടായ ഉടനെ ആ സംഭവത്തിന്റെ വിശദാംശങ്ങളുമായി മാധ്യമങ്ങളുടെ മുന്നിൽ വരുന്നത് ശരിയാണോ? മന്ത്രിയുടെ നിലപാട് അന്വേഷണത്തെ സ്വാധീനിക്കുന്നതിന് ഇടയാക്കില്ലേ? സാധാരണ മാധ്യമങ്ങൾക്കറിയേണ്ട വിവരങ്ങളാണെങ്കിൽ ആ കേസ് ഉടലെടുത്ത ഉടനെ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ അവർ അന്വേഷിച്ച് മനസ്സിലാക്കുകയല്ലേ വേണ്ടത്? ഇവിടെ ഡി.ജി.പി. പറഞ്ഞ കാര്യത്തെപ്പോലും പരസ്യമായി തള്ളിപ്പറയുന്ന നില പഴയൊരു കാലത്ത് നമ്മുടെ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിച്ചിരുന്നു. അത് കൃത്യമായി അന്വേഷണം ഇന്ന ദിശയിൽകൂടി മാത്രമേ പോകാവൂ എന്ന കൃത്യമായ ധാരണ പോലീസിന് വരുത്താൻ വേണ്ടിയാണ്. അതാണ് വേണ്ടത് എന്നാണോ നിങ്ങൾ പറയുന്നത്; അതല്ല ശരി, അന്വേഷണം അന്വേഷണത്തിന്റെ വഴിക്ക് നടക്കട്ടെ അതിനുശേഷം കാര്യങ്ങളിൽ ശരിയോ തെറ്റോ ഉണ്ടെങ്കിൽ അത് വിലയിരുത്തി ഗവൺമെന്റ് ഇടപെടുന്നതായിരിക്കും നല്ലത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പട്ടികജാതി പ്രശ്നത്തിൽ വലിയ തോതിലുള്ള താൽപര്യം പ്രകടിപ്പിച്ചത് നല്ല കാര്യം തന്നെയാണ്. നമ്മുടെ നാട്ടിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആരും ഒരുതരത്തിലുള്ള ഉപദ്രവത്തിനും ഇരയാകാൻ പാടില്ല. അത് നല്ല വികാരം തന്നെയാണ്. പക്ഷെ ഞാനൊരു കാര്യം ഓർക്കുന്നത്, ഇവിടെ ചിലരൊക്കെ ഞാൻ സെക്രട്ടറിയായിരുന്ന കാലത്തെപ്പറ്റി പറഞ്ഞല്ലോ; ആ കാലത്ത് ഞാൻ പത്തനംതിട്ട ജില്ലയിൽ ഒരു യോഗത്തിൽ പങ്കെടുക്കുന്നതിനായി പോയിരുന്നു. പത്തനംതിട്ട ജില്ലയിൽ കൊട്ടാരക്കരയ്ക്ക് അപ്പുറത്തുള്ള ഒരു സ്ഥലത്താണ് പോയത്. അവിടെയൊരു പഞ്ചായത്തിൽ ഭരണം മാറി. നേരത്തെ ആ പഞ്ചായത്തിലെ പ്രസിഡന്റ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളായിരുന്നു. പിന്നെ വന്നത് സവർണ വിഭാഗത്തിൽപ്പെട്ട ആളാണ്. അദ്ദേഹം ആ ഓഫീസെല്ലാം അടിച്ചുതളിച്ച് പുണ്യാഹം നടത്തി അവിടെ കയറിയിരിക്കുകയാണ് ചെയ്തത്. അദ്ദേഹം ഏത് പാർട്ടിക്കാരനാണെന്ന് കോൺഗ്രസ്സുകാരായ എല്ലാവർക്കും അറിയാമല്ലോ, ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലല്ലോ. ആ വികാരം പൊതുവെ ഉയർന്ന രാഷ്ട്രീയ പ്രവർത്തകർക്കുണ്ടാകാൻ പാടില്ല. ഒരു പഞ്ചായത്ത് പ്രസിഡന്റായിരിക്കുന്ന ഒരാൾ അത്തരമൊരു വികാരവുംകൊണ്ട് നടക്കാൻ പാടില്ല. അപ്പോൾ, നന്നാക്കേണ്ട കാര്യങ്ങൾ നന്നാക്കേണ്ടിടത്ത് നമ്മൾ നന്നാക്കാൻ ശ്രമിക്കുന്നത് നല്ലതാണ് എന്നതാണ് എനിക്കതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ഭരണനിർവഹണം എങ്ങനെയാകണം എന്നതുസംബന്ധിച്ച് വ്യക്തമായ ധാരണ ഈ സർക്കാരിനുണ്ട്. മുല്ലപ്പെരിയാർ സംബന്ധിച്ച് ഒരു വ്യക്തത വന്നുകഴിഞ്ഞിട്ടുണ്ട്. അത് വീണ്ടും ഞാൻ ആവർത്തിക്കേണ്ടതായിട്ടില്ല. എന്നാലും ഒരു കാര്യം നിങ്ങളുടെ ഓർമ്മയ്ക്കായി പറയുന്നു. നേരത്തെ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ഒരു ലേഖനം എഴുതിയിരുന്നു. ആ ലേഖനത്തിൽ മുല്ലപ്പെരിയാറിനെപ്പറ്റി പറഞ്ഞൊരു ഭാഗം 'എല്ലാ തലത്തിലും കേരള താൽപര്യങ്ങളെ തകർക്കുന്ന റിപ്പോർട്ടിനെക്കുറിച്ച് കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തലയുടെ പ്രതികരണംകൂടി കേട്ടപ്പോൾ ഷോക്കേറ്റതുപോലെയായി. റിപ്പോർട്ട് നെഗറ്റീവ് അല്ലെന്നും കേരളത്തിന് ദോഷകരമല്ലെന്നുമുള്ള അദ്ദേഹത്തിന്റെ പ്രതികരണമാണ് ഞെട്ടലിന്റെ ആഴം വർദ്ധിപ്പിച്ചത്. ഏത് വീക്ഷണത്തിലാണ് റിപ്പോർട്ട് കേരളത്തിന് ഗുണകരമായതെന്ന് കോൺഗ്രസ് മന്ത്രിമാരും കെ.പി.സി.സി. പ്രസിഡന്റും വിശദീകരിക്കേണ്ടതാണ്...' എന്നാണ്. ഇതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. ഇത്രയൊന്നും ഞാനേതായാലും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ കാര്യം എന്താണെന്ന് പിന്നീട് ഞാൻ കൂടുതൽ വ്യക്തതയോടെ പറയുകയും ചെയ്തിട്ടുണ്ട്. അതിവിടെയും നേരത്തെ ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ നമ്മളെടുത്ത പൊതുവായ നിലപാടിൽത്തന്നെയാണ് ഈ സർക്കാർ ഉറച്ചുനിൽക്കുന്നത്, അതിലൊരു ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല.

മദ്യനയം പ്രഖ്യാപിക്കേണ്ട സമയത്ത് പ്രഖ്യാപിക്കുമെന്നുതന്നെയാണല്ലോ എൽ.ഡി.എഫ്. ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. തെരഞ്ഞെടുപ്പിൽ നിങ്ങളുടെ വോട്ടൊക്കെ ഒലിച്ചുപോകാനിടയുണ്ട് എന്നതുകൊണ്ട് രാഷ്ട്രീയമായി ഉപയോഗിക്കാൻ ഞങ്ങൾ ഉടനെ എല്ലാ ബാറുകളും തുറക്കാൻ പോവുകയാണ്, അതിനുവേണ്ടിയാണ് നിലപാടെടുക്കുന്നത് എന്നൊക്കെ നിങ്ങൾ പ്രചരിപ്പിച്ചല്ലോ. പക്ഷേ, ഞങ്ങൾ അധികാരത്തിൽ വന്നിട്ട് ആ നിലയ്ക്കൊന്നും നടപടികൾ നീക്കിയില്ലല്ലോ. ഞങ്ങൾ അന്ന് ജനങ്ങളോട് പറഞ്ഞ ഒരു കാര്യമുണ്ട്. പണ്ട് ശ്രീ. എ. കെ. ആന്റണിയുടെ ഗവണ്മെന്റ് ചാരായം നിരോധിച്ചപ്പോൾ ഞങ്ങൾ അന്ന് ചാരായത്തൊഴിലാളികളുടെ പ്രശ്നം ഗൗരവമായെടുത്തു. അവരെ പുനരധിവസിപ്പിക്കേണ്ട പ്രശ്നം പറഞ്ഞു. അപ്പോൾ നിങ്ങൾ പറഞ്ഞു, ഞങ്ങൾ അധികാരത്തിൽ വന്നാൽ ചാരായഷാപ്പെല്ലാം പുനഃസ്ഥാപിക്കാൻ പോവുകയാണെന്ന്. ആ തെരഞ്ഞെടുപ്പിൽ ജയിക്കാൻ കഴിയുമെന്നായിരുന്നു നിങ്ങളുടെ കണക്കുകൂട്ടൽ. പക്ഷെ ജനങ്ങൾ ഇതെല്ലാം വിലയിരുത്തുന്നുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഞങ്ങളെത്തന്നെ അധികാരത്തിലെത്തിച്ചത്. ഞങ്ങൾ അധികാരത്തിൽ വന്ന

തിനുശേഷം ഏതെങ്കിലും ചാരായഷാപ്പ് തുറന്നോ? ഞങ്ങൾക്ക് മദ്യത്തെക്കുറിച്ച് വ്യക്തമായ നയമുണ്ട്. ഞങ്ങൾ മദ്യത്തെ പൊതുവിൽ അനുകൂലിക്കുന്നവരല്ല. എന്നാൽ മദ്യനിരോധനം വരുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. അതാണ് ഞങ്ങളുടെ അടിസ്ഥാന നിലപാട്. മദ്യനിരോധനം എന്നതിനോട് യോജിക്കാത്തത് എന്തുകൊണ്ടാണ്? മദ്യനിരോധനം വന്നാൽ മദ്യം വേണ്ടവർ തെറ്റായ മാർഗ്ഗങ്ങളിലൂടെ മദ്യം കഴിക്കാൻ പുറപ്പെടും. ലഹരിക്ക് അടിമപ്പെടും. അത് ഒട്ടേറെ ജീവഹാനികളുണ്ടാക്കും. ആ ഒരവസ്ഥ വേണ്ട എന്നതുകൊണ്ടാണ് മദ്യവർജ്ജനമെന്നതിലേക്ക് ഞങ്ങൾ പോകുന്നത്. ബാക്കി കാര്യങ്ങൾ നയം രൂപീകരിക്കുമ്പോൾ ഞങ്ങൾ വ്യക്തമാക്കും. മറ്റൊന്ന്, പത്രക്കാരെ ഞാൻ അവഗണിക്കുന്ന പ്രശ്നമൊന്നുമില്ല. പത്ര സമ്മേളനത്തോട് എനിക്ക് വിരോധവുമില്ല. പത്രസമ്മേളനം നടത്തേണ്ട ഘട്ടത്തിൽ നടത്തും. പക്ഷെ ഒരു പി.ആർ.ഒ. പണി എടുക്കേണ്ട ആളാണ് മുഖ്യമന്ത്രി എന്ന ധാരണ എനിക്കില്ല. പറയേണ്ട കാര്യങ്ങൾ പറയേണ്ട സമയത്ത് ഞാൻ പറയും. ഓരോ മന്ത്രിസഭായോഗം കഴിയുമ്പോഴും പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ടയാളാണ് മുഖ്യമന്ത്രി എന്ന ധാരണ എനിക്കില്ല. അത് മാധ്യമങ്ങളോടുള്ള അവഹേളനം കൊണ്ടല്ല. അവരെ അവഹേളിക്കുന്ന പ്രശ്നമില്ല, അവരെ കാണേണ്ട സമയത്ത് കാണും. അതിനുശേഷം എത്രയോ തവണ ഞാൻ കണ്ടിട്ടുണ്ട്.

പിന്നെ ഞാനൊരു കരുത്തനൊന്നുമല്ലായെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് നല്ലതുപോലെ അറിയാമല്ലോ. ഞാനൊരു മഹാസാധു ഇങ്ങനെ പോകുന്നു. അതുകൊണ്ട് കരുത്തനെന്ന് വിശേഷിപ്പിച്ചതുകൊണ്ടൊന്നും ഞാൻ വീണുപോകേണ്ട കാര്യമില്ല. അങ്ങനെയൊരു തെറ്റിദ്ധാരണ ഉണ്ടാകേണ്ടതില്ല.

ശ്രീ. ഒ. രാജഗോപാലും ഞാനും തമ്മിൽ സംസാരിച്ചതിനെപ്പറ്റി പറയുമ്പോൾ ഞാൻ ശ്രീ. ഉമ്മൻ ചാണ്ടിയെ കണ്ടല്ലോ, അത് അദ്ദേഹവുമായി എന്തെങ്കിലും രാഷ്ട്രീയമായ കൂട്ടുകെട്ടുണ്ടാക്കാനാണോ? ഞാൻ ഡൽഹിയിൽ പോയപ്പോൾ ശ്രീ. എ. കെ. ആന്റണിയെ കണ്ടു. അത് രാഷ്ട്രീയമായി നമ്മൾ തമ്മിലുള്ള നിലനിൽപിന് എന്തെങ്കിലും വ്യത്യാസം വരുത്താനാണോ? ഇതൊക്കെ പൊതുയോഗത്തിൽ പറഞ്ഞാൽ മനസ്സിലാക്കാം. കാരണം, അവിടെ മുമ്പിലിരിക്കുന്നവർ കേട്ടിട്ട് കയ്യടിക്കും. പക്ഷെ ഇവിടെ എന്തിനാണ് അങ്ങനെയുള്ള കാര്യങ്ങളൊക്കെ പറയുന്നത്, അതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ?

ഭരണനിർവഹണത്തെക്കുറിച്ചാണ് ഞാൻ പറയാൻ ഉദേശിച്ചത്. ഭരണനിർവഹണത്തെ സംബന്ധിച്ച് വ്യക്തമായ ദർശനവും ധാരണയും ഈ ഗവൺമെന്റിനുണ്ട്. ഊർജ്ജസ്വലവും ജനസൗഹൃദപരവും കാര്യക്ഷമവുമായ പ്രവർത്തനത്തിലൂടെ ജനജീവിതത്തിൽ ഇടപെടണം, ഫലപ്രദമായ മാറ്റങ്ങൾ ഉണ്ടാക്കണം എന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. ആ കാര്യത്തിനു വേണ്ടി നാല് കാര്യങ്ങളിൽ ഊന്നൽ നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്. ഒന്ന്, ശക്തമായ ഭരണനിർവഹണം ഉണ്ടാകണം. അതോടൊപ്പം വ്യക്തമായ നയസമീപനവും കൃത്യമായ നടത്തിപ്പും വേണം. നമ്മുടെ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ധാരാളം ആളുകളുണ്ട്. അങ്ങനെ അവശത അനുഭവിക്കുന്നവർക്കെല്ലാം കൈത്താങ്ങും സംരക്ഷണവും നൽകാനാകും.

നമ്മുടെ നാടിന്റെ വികസനകാര്യങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വളരെ പ്രധാനപ്പെട്ടതാണ്. ചിലർ ഫയൽ നോക്കുന്നതിനെക്കുറിച്ചുപറഞ്ഞു. ഏത് ഫയൽ നോക്കുമ്പോഴും ജനോപകാരപ്രദമായ കാര്യങ്ങൾ നിഷേധിക്കുന്നതിലല്ല, എങ്ങനെയാണ് അത് സാധ്യമാക്കാൻ കഴിയുക എന്ന കാര്യത്തിലാണ് താല്പര്യം കാണിക്കേണ്ടത് എന്നാണ് ജീവനക്കാർക്ക് നൽകിയ സന്ദേശം. ഉദ്യോഗസ്ഥർക്ക് ഇത്തരം കാര്യങ്ങളിൽ പ്രധാനപ്പെട്ട ഉത്തരവാദിത്വമുണ്ട്. ജനസേവകരായിരിക്കണം ഉദ്യോഗസ്ഥർ എന്ന ധാരണ അവർക്കുണ്ടാകണം. ചെയ്യുന്ന ജോലി ഏത് തരത്തിലുള്ള ഫലമുണ്ടാക്കുന്നുവെന്നത് മുൻകൂട്ടിത്തന്നെ ഉദ്യോഗസ്ഥ സംസ്കാ

രത്തിന്റെ ഭാഗമായി വരണം. ജനങ്ങൾക്ക് അനുകൂലമായ ഫലം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥ സംസ്കാരം നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇപ്പോൾ വല്ലാത്ത കാലതാമസം വരുന്ന ഒരു രീതിയുണ്ട്. അതിന് മാറ്റം വരണം. സമയക്ലിപ്തത വേണം. ഏത് കാര്യവും സമയബന്ധിതമായി തീർക്കാനാകണം. അപ്പോൾ ഉണ്ടാകുന്ന താമസങ്ങളും തടസ്സങ്ങളുമൊക്കെ തീർത്തെടുക്കുക എന്നത് വളരെ പ്രധാനമാണ്. അതോടൊപ്പം ഒരുതലത്തിലും അഴിമതി വച്ചുപൊറുപ്പിക്കാനാവില്ല. ഉത്തമവിശ്വാസത്തോടെ  ദുരുദ്ദേശ്യമൊന്നുമില്ലാതെ ഒരുദ്യോഗസ്ഥൻ കാര്യങ്ങൾ ചെയ്യുന്നു, പക്ഷെ അത് വിപരീത ഫലമുളവാക്കുന്നു. അങ്ങനെവന്നാൽ സ്വാഭാവികമായും ആ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നിലപാടെടുക്കേണ്ടതായി വരും. കാരണം, ശരിയായ കാര്യം ചെയ്ത് പീഡിപ്പിക്കപ്പെടുന്ന അവസ്ഥ ഉദ്യോഗസ്ഥർക്ക് ഉണ്ടാകില്ല എന്നർത്ഥം. ഒരുതരത്തിലുള്ള സ്വാധീനത്തിനും വഴങ്ങാതെ വസ്തുനിഷ്ഠമായ തീരുമാനങ്ങൾ മാത്രമേ ഉണ്ടാകൂവെന്ന് ഉറപ്പുവരുത്താൻ കഴിയണം. സാങ്കേതികജ്ഞാനം ജനങ്ങൾക്ക് നല്ലതുപോലെ പ്രാപ്യമാക്കാനാകണം. അതിന്റെ ഭാഗമായി കാര്യക്ഷമതയോടെയുള്ള ഭരണ നിർവ്വഹണം നടത്താനാകും. അപ്പോൾ ജനങ്ങളെ ഇതിന്റെ ഭാഗമാക്കാനും ഭരണരംഗത്ത് സാങ്കേതികജ്ഞാനം നല്ലതുപോലെ ഉപയോഗിക്കാനും കഴിയണം. നമ്മുടെ സമൂഹത്തിൽ നല്ലതോതിൽ ഒരു സാമൂഹ്യ സമഗ്രത കൊണ്ടുവരേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങളെ ഉദ്ദേശിച്ചുകൊണ്ടാണ് ഇതുപറയുന്നത്. സർക്കാരിന്റെ പ്രത്യേക പരിരക്ഷയുണ്ടെങ്കിൽ മാത്രം നിലനിൽക്കാനും അതിജീവിക്കാനും കഴിയുന്ന കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അത്തരം ആളുകളുടെ സാമ്പത്തിക സ്ഥിതിയാണ് ഏറ്റവും പരിതാപകരം. അത്തരത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, എൻഡോസൾഫാൻ ബാധിത കുടുംബങ്ങൾ, ശാരീരികമായി വൈഷമ്യം അനുഭവിക്കുന്നവർ ഉൾപ്പെട്ട കുടുംബങ്ങൾ, മറ്റാരുമില്ലാതെ വല്ലാത്ത അവശതയിലുള്ള സ്ത്രീകൾ നയിക്കുന്ന ചില കുടുംബങ്ങൾ, മാരകരോഗത്തിന് അടിപ്പെട്ട ആളുകളുള്ള കുടുംബങ്ങൾ തുടങ്ങിയവരെയൊക്കെ പ്രത്യേകമായി സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ പരിപാലനം നമ്മുടെ നാടിന്റെ ഉത്തരവാദിത്തമായി മാറേണ്ടതുണ്ട്. അങ്ങനെവരുമ്പോൾ അവരെ പരിചരിക്കാൻ, അവരുടെയടുത്തെത്താൻ വോളന്റിയർമാരായി പ്രവർത്തിക്കുന്ന ആളുകൾ ഉണ്ടാകണം. കമ്മ്യൂണിറ്റി വോളന്റിയർമാരെപ്പോലെയുള്ള ആളുകളുണ്ടായാൽ ഈ കുടുംബങ്ങളിൽ ചെന്ന് എന്താണ് പ്രശ്നങ്ങളെന്ന് മനസ്സിലാക്കാൻ കഴിയും. അവർ പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിൽ ആ പ്രശ്നങ്ങളെക്കുറിച്ച് ശരിക്ക് മനസ്സിലാക്കാനുള്ള ഒരു സംവിധാനം ഇതിന്റെ ഭാഗമായി ഒരുക്കാനാകും.

ഒരു സ്ത്രീ തലയണയുടെ അടിയിൽ വെട്ടുകത്തി വച്ചുകൊണ്ടാണ് കിടന്നുറങ്ങാറുള്ളത് എന്ന വാർത്ത നാമെല്ലാം പത്രത്തിൽ വായിച്ചതാണ്. അങ്ങനെ വെട്ടുകത്തി തലയണയ്ക്കടിയിൽവച്ച് ഉറങ്ങേണ്ട അവസ്ഥ നമ്മുടെ നാട്ടിൽ ഉണ്ടാകരുത്, അത് ഒഴിവാക്കാൻ കഴിയണം. അതിന് പറ്റുന്ന തരത്തിലുള്ള ഒരു നിലപാട് നാം സ്വീകരിച്ചുപോകണം. അരക്ഷിതത്വത്തിന് പൂർണ്ണമായും അന്ത്യമുണ്ടാക്കാൻ കഴിയണം.

ഇവിടെ  പ്രധാനപ്പെട്ട ചില വകുപ്പുകളുടെ നയം പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട്.  വലിയ കാലതാമസമില്ലാതെതന്നെ അത്തരം നയപ്രഖ്യാപനങ്ങൾ വരും. നയം പ്രഖ്യാപിക്കുകയെന്നാൽ കരടുനയമാണ് പ്രഖ്യാപിക്കുന്നത്. സ്വാഭാവികമായും പൊതുജനങ്ങൾക്ക് അഭിപ്രായം പറയാനുള്ള അവസരമുണ്ടാകും. അത്തരം അഭിപ്രായങ്ങൾകൂടി കേട്ടുകൊണ്ട് നമുക്ക് ആ നയത്തിന് അവസാനരൂപം കൊടുക്കാൻ കഴിയും. നേരത്തേയും പല വകുപ്പുകളും നയങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സർക്കാരും അത്തരത്തിൽ നയത്തിന് രൂപം നൽകുന്ന നിലയിലാണ്. ഇതിന്റെയെല്ലാം ഭാഗമായി നിയമസഭാ സമ്മേളനത്തിൽ  ആ നയം അവതരിപ്പിച്ച് കരട് നയം പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങൾ വാങ്ങി അവസാന അംഗീകാരത്തിന്റെ ഘട്ടത്തിൽ നിയമസഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ സാധിക്കും.

ഇപ്പോൾ വിവരാവകാശ നിയമമുള്ളതിനാൽ അതിന്റെ അടിസ്ഥാനത്തിൽ പല വിവരങ്ങളും ശേഖരിക്കാൻ കഴിയുന്നുണ്ട്. പക്ഷേ വിവരാവകാശ നിയമത്തെ കാത്തുനിൽക്കാതെ തന്നെ ചില കാര്യങ്ങൾ പരസ്യപ്പെടുത്താൻ സാധിക്കും. എല്ലാ കാര്യങ്ങളും സാധിക്കില്ലെങ്കിലും പരസ്യപ്പെടുത്താവുന്ന ചില കാര്യങ്ങളുണ്ടാവുമല്ലോ. ആർക്കും പരിശോധിക്കാൻ കഴിയുന്ന രീതിയിൽ, സുതാര്യതയുണ്ടാക്കുന്നതിന് ഈ സർക്കാരിന് യാതൊരു തടസ്സവുമില്ല. അതും നമുക്ക് സ്വീകരിക്കാവുന്നതാണ്.

സമൂഹത്തിൽ സഹായം നൽകാൻ തയ്യാറുള്ള വിവിധ വ്യക്തികളും സംഘടനകളുമൊക്കെയുണ്ട്. ഇപ്പോൾ കോർപ്പറേറ്റുകൾക്ക് സാമൂഹ്യ, ധാർമ്മിക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ ഫണ്ടുണ്ട്. ആ ഫണ്ട് ശരിയായ രീതിയിൽ ഉപയോഗിച്ചുകൂടേ? അതുപോലെ സംഭാവന കൊടുക്കുന്നവരുണ്ട്, സക്കാത്ത് കൊടുക്കാൻ തയ്യാറാകുന്നവരുണ്ട്. അങ്ങനെ പല രീതിയിലും കാര്യങ്ങൾ ചെയ്യുന്നവരുണ്ട്. അതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു കൺസോർഷ്യം രൂപപ്പെടുത്താൻ നമുക്ക് കഴിയും. ഓരോ വർഷവും ഓരോ വിഷയമെടുത്ത് അതിനെ മുൻനിർത്തി ക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി ഇതുപയോഗിക്കാൻ സാധിക്കും. വീടില്ലാത്തവർക്ക് വീട് എന്നതാണ് ഒരു സ്കീമെങ്കിൽ ആ വർഷം നമുക്ക് വീട് നിർമ്മാണത്തിനു വേണ്ടി ആ ഫണ്ട് ഉപയോഗിക്കാം. ഒരു ഘട്ടത്തിൽ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ; സ്കിൽ ഡെവലപ്മെന്റിനുവേണ്ടി എന്ന നിലയ്ക്കാണെങ്കിൽ അതിനുവേണ്ടിയും അതുപയോഗിക്കാം. അങ്ങനെയുള്ള ആവശ്യങ്ങൾ എന്താണെന്ന് നിശ്ചയിച്ചുകൊണ്ട് അതിനുവേണ്ടി ഇത്തരം ഫണ്ടുപയോഗിക്കുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്.

പ്രവാസികളുടെ നിക്ഷേപത്തിന് നമ്മുടെ സംസ്ഥാനം വലിയ വില കല്പിക്കുകയാണ്. ആ നിക്ഷേപം നല്ല രീതിയിൽ ഉപയോഗിക്കാൻ നമുക്ക് കഴിയണം. പ്രവാസികളുമായിക്കൂടി ചർച്ചചെയ്യേണ്ട ഒരു വിഷയമാണ്. അവർക്കുകൂടി സ്വീകാര്യമാകുന്ന അടിസ്ഥാനഘടനാവികസനത്തിന് ഫണ്ടുപയോഗിക്കത്തക്ക രീതിയിൽ അവരെക്കൂടി ഉപയോഗിച്ചുകൊണ്ട് ഒരു ഫണ്ട് സമാഹരണം നടത്തേണ്ടതായിട്ടുണ്ട്. സാധാരണ അവർക്ക് കിട്ടുന്ന ബാങ്ക് നിരക്കിനേക്കാളും ചെറിയ ഒരു ഭാഗം വർധനവ് കൊടുത്താൽ അവർക്കിതിൽ നിക്ഷേപിക്കാൻ താല്പര്യമുണ്ടാവും. അതോടൊപ്പം അവർക്ക് നിക്ഷേപിക്കാൻ താല്പര്യമുണ്ടാകുന്ന ചില വ്യവസ്ഥകളും നമുക്ക് ഏർപ്പെടുത്താൻ സാധിക്കും. ആ തരത്തിൽ കാര്യങ്ങൾ നീക്കാൻ കഴിയണമെന്നുകൂടിയാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിന്റെ വികസനത്തെക്കുറിച്ച് പറയുമ്പോൾ, സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ സമഗ്രവും സർവതല സ്പർശിയുമായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. പശ്ചാത്തല സൗകര്യ വികസനം വളരെ പ്രധാനമാണ്. പശ്ചാത്തല സൗകര്യവികസനത്തിൽ ഒന്ന്, റോഡിന്റെ വീതികൂട്ടൽ തന്നെയാണ്. ദേശീയപാത നാലുവരിയാക്കുക എന്നു പറയുമ്പോൾ ഇപ്പോൾ അത് ചേർത്തല വരെയായിട്ടുള്ളൂ, അതിനിപ്പുറം ആയിട്ടില്ല. ഇടപ്പള്ളിക്കപ്പുറത്ത് പോയാൽ ദേശീയപാത ആയിരിക്കില്ല, ഒരു ഇടുങ്ങിയ വഴിയാണ് കാണാൻ സാധിക്കുക. അപകടങ്ങളാണെങ്കിൽ നമ്മുടെ നാട്ടിൽ ധാരാളം നടന്നുകൊണ്ടിരിക്കുകയാണ്. ആളുകൾ മണിക്കൂറുകളോളം റോഡിൽ വഴിമുട്ടിക്കിടക്കുന്ന അവസ്ഥയാണ്. ദേശീയപാത നാലുവരിയാക്കുക എന്നുള്ളത് വളരെ പ്രധാനം തന്നെയാണ്. അതിനുതകുന്ന 45 മീറ്റർ വീതിയിൽ സ്ഥലമെടുക്കാനായി എല്ലാ കക്ഷികളും കൂടിത്തന്നെ തീരുമാനിച്ചിട്ടുള്ളതാണ്. ആ കാര്യത്തിലേക്ക് നമുക്ക് നീങ്ങേണ്ടതായിവരും. ചില പ്രദേശങ്ങളിൽ അതിന് ചില എതിർപ്പുകളുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ വികസനംപോലെ പ്രധാനമായി തന്നെയാണ് പുനരധിവാസത്തെയും കാണുന്നത്. അവരെ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കുക എന്നുള്ളതല്ല, മറിച്ച് അവരുടെ പ്രശ്നങ്ങൾ ശരിയായി മനസ്സിലാക്കി ക്കൊണ്ട് പുനരധിവസിപ്പിക്കാനുള്ള നടപടി എടുക്കുക എന്നുള്ളതുതന്നെയാണ്. ഏതായാലും നാമെല്ലാം

ഒന്നായി നിന്നുകൊണ്ട് 45 മീറ്റർ സ്ഥലമെടുക്കുന്ന നടപടികൾ തുടരേണ്ടതായിട്ടുണ്ട്.

അതുപോലെ ദേശീയജലപാതാ വികസനം അതും പൂർണ്ണതയിലെത്തിക്കാൻ കഴിയണം. ചിലയിടങ്ങളിൽ കുറച്ച് തടസ്സങ്ങളുണ്ട്. എങ്കിലും അത് വേഗതയിൽ തന്നെ പൂർത്തീകരിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്.

ഗെയ്‌ലിന്റെ പൈപ്പ് ലൈൻ നിർമ്മാണം സംസ്ഥാന വികസനത്തിന് ഏറ്റവും പ്രധാനമാണ്. ഗെയ്ൽ പൈപ്പ് ലൈൻ എന്നുപറയുന്ന എൽ.എൻ.ജി. പൈപ്പ് ലൈൻ, 1996-ൽ ഞാൻ ഈ സഭയിൽ വൈദ്യുതി മന്ത്രിയായിരിക്കുന്ന കാലത്ത് ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്ത കാര്യമാണ്. അന്നേ തുടങ്ങിയതാണെന്നർത്ഥം. അന്ന് നമ്മളോടൊപ്പം തുടങ്ങിയവർ അത് പൂർത്തിയാക്കി, ഗ്യാസ് എത്തി, എല്ലാ കാര്യങ്ങളും ആരംഭിച്ചുകഴിഞ്ഞു. നമ്മൾ ഇപ്പോഴും ഇവിടെത്തന്നെ കിടക്കുകയാണ്. നമുക്ക് ഇനിയും വൈകിക്കാൻ പറ്റില്ല. ഇതിന്റെ ഭാഗമായി ഒരുപാട് മെച്ചം നമ്മുടെ സംസ്ഥാനത്തിന് വരാനുണ്ട്. എല്ലാവർക്കുമറിയാം ഞാനതിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകേണ്ട കാര്യമില്ല. അതിലും ആളുകൾക്ക് ആശങ്കയുണ്ട്. ആ ആശങ്ക ദുരീകരിക്കാൻ നമുക്ക്

കഴിയണം. നമുക്കെല്ലാം ഒന്നിച്ച് നിന്നുകൊണ്ടുതന്നെ ആളുകളുടെ ആശങ്കയകറ്റാനുള്ള പ്രവർത്തനത്തിലേയ്ക്ക് കടക്കേണ്ടതായിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി പ്രസരണ ശ്യംഖലാ വികസനം - നേരത്തെ ഞാൻ സഭയിൽത്തന്നെ വ്യക്തമാക്കിയതാണ്. ലൈൻ വലിക്കേണ്ട പ്രശ്നം, അക്കാര്യവും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അത് ഇനിയും നീട്ടിവയ്ക്കുന്നത് നല്ല കാര്യമല്ല.

അതുപോലെ നിലവിലുള്ള 3 വിമാനത്താവളങ്ങൾ വികസിക്കേണ്ടതായിട്ടുണ്ട്. 3 വിമാനത്താവളങ്ങളിൽ കൊച്ചിക്ക് അധികം പ്രശ്നങ്ങളില്ല. പക്ഷേ തിരുവനന്തപുരത്തിന് വികസിക്കാനായി സ്ഥലമെടുക്കേണ്ടതായിട്ടുണ്ട്. അതു പോലെതന്നെ കോഴിക്കോട് വിമാനത്താവളം, അതിപ്പോൾ ഫലത്തിൽ വിമാനത്താവളമല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഒരു പ്രശ്നവുമില്ല, അതിനോട നുബന്ധിച്ചുള്ള സ്ഥലം എടുക്കണമെന്നുമാത്രമേയുള്ളൂ. ആ പ്രശ്നവും നമുക്ക് ഒന്നിച്ച് പരിഹരിക്കാനാകണം. അതാത് സ്ഥലത്തുള്ളവരുടെ എതിർപ്പിനെ മറികടന്നു കൊണ്ട്, അവരെ ബോദ്ധ്യപ്പെടുത്തി നമുക്ക് സ്ഥലം എടുക്കാൻ സാധിക്കണം. സ്ഥലം എടുക്കാതെ പറ്റില്ല, എന്നുവച്ചാൽ അവരെ ദ്രോഹിക്കുക എന്നുള്ളതല്ല, അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളിലേക്ക് നമ്മൾ നീങ്ങണം. ഇതാണ് അതുമായി ബന്ധപ്പെട്ടുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതോടൊപ്പം ചില പ്രദേശങ്ങളിൽ എയർ സ്ട്രിപ്പുകൾ തുടങ്ങാനാവും. വിമാനത്താവളമില്ലാത്ത ചില ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒരു എയർ സ്ട്രിപ്പ് അനുവദിച്ചു കൊടുത്താൽ അവരുടെ ചാർട്ടേഡ് വിമാനം അവിടെ വന്നിറങ്ങിക്കോളും. അത് നമ്മുടെ ടൂറിസത്തെ നല്ലതുപോലെ അഭിവൃദ്ധിപ്പെടുത്തുന്ന ഒന്നായിരിക്കും. അത്തരം കാര്യങ്ങളും നമ്മൾ ആലോചിക്കേണ്ടതുണ്ട്. നമ്മുടെ നാട് വളരെ സംസ്കാര സമ്പന്നമായ നാടാണ്. പൊതുവിൽ നമ്മളെല്ലാവരും അക്കാര്യത്തിൽ അഭിമാനം കൊള്ളുന്നവരുമാണ്. ദിവസം ഒന്നിലധികം തവണ കുളിക്കുന്നവരാണ് പലരും. പക്ഷേ മാലിന്യക്കൂമ്പാരം നിറഞ്ഞുനിൽക്കുന്ന ഒരു നാടുമാണ്. ഇത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ നമുക്ക് കഴിയണം. മാലിന്യനിർമ്മാർജ്ജനം അതൊരു ബഹുജന ക്യാമ്പയിനായിത്തന്നെ നമുക്ക് എടുക്കാനാവും. നാടാകെ ഒന്നിച്ചു നീങ്ങുന്ന ഒരു നിലയാണ് അതിനുള്ളത്. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുക; ജൈവമാലിന്യങ്ങൾ അങ്ങനെ സംസ്കരിക്കാനാവും. എന്നാൽ പ്ലാസ്റ്റിക് പോലെയുള്ള മറ്റ് കാര്യങ്ങൾ റീസൈക്ക്ലിംഗിലൂടെ സംസ്കരിക്കേണ്ടതായി വരും. അത്തരത്തിലുള്ള ശാസ്ത്രീയമായ നടപടികൾ നമുക്ക് സ്വീകരിക്കാൻ കഴിയണം. ഇക്കാര്യത്തിൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റിക

ളും നല്ല ഊന്നൽ കൊടുക്കണം. നാടാകെ ഇത് വ്യാപിപ്പിക്കുകയും ചെയ്യണം. ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള കോർപ്പറേഷനുകൾക്കും മുനിസിപ്പിലാറ്റികൾക്കും തുടക്കം കുറിക്കാൻ കഴിയേണ്ടതായിട്ടുണ്ട്.

ഐ.ടി. രംഗത്തെക്കുറിച്ച് ചിലർ ഇവിടെ സൂചിപ്പിച്ചു, നമ്മുടെ നാട്ടിൽ ഐ.ടി. രംഗമുണ്ട്. അതില്ല എന്നൊന്നും ആർക്കും പറയാൻ സാധിക്കില്ല.

**രമേശ് ചെന്നിത്തല:** കഴിഞ്ഞ ഗവൺമെന്റ് തന്നെ നിരവധി മോഡലുകൾ പരീക്ഷിച്ചതാണ്. ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന ഒരു മോഡൽ നമുക്ക് കണ്ടെത്താൻ കഴിഞ്ഞില്ല എന്നുള്ളതാണ് പ്രശ്നം. അങ്ങ് പറഞ്ഞത് ശരിയാണ്; ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മാലിന്യവുമായി ബന്ധപ്പെട്ടതാണ്. വളരെ വിശദമായി ചർച്ച നടത്തി കേരളത്തിന് സ്വീകാര്യമായ ഒരു മോഡൽ രൂപപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

**പിണറായി വിജയൻ :** തീർച്ചയായും അതുതന്നെയാണ് വേണ്ടത്. നമ്മുടെ നാടിന് യോജിക്കുന്നതാകണം, പ്രാദേശികമായി യോജിക്കുന്നതാകണം. ഇതിൽ ഏറ്റവും പ്രധാനം ജനങ്ങളുടെ സഹകരണമാണ്. അത്തരമൊരു ബോധം ഉണ്ടാക്കാനും സാധിക്കണം. അതിന് ഒന്നിച്ച് നീങ്ങുന്ന രീതി വരണം. സാക്ഷരതാ പ്രസ്ഥാനത്തിന്റെ കാര്യത്തിൽ നീങ്ങിയതുപോലെ ഒറ്റക്കെട്ടായി നീങ്ങുന്ന രീതി വരണം. അങ്ങനെ ആകുമ്പോൾ നമ്മുടെ എല്ലാ പ്രദേശത്തെയും വൃത്തിയുള്ള നാടാക്കി മാറ്റാൻ കഴിയും. അതിന് എന്താണോ കഴിയുന്നത് അത് കൂട്ടായി കണ്ടെത്തുക തന്നെ ചെയ്യും.

ഐ.ടി. രംഗത്ത് വലിയ കുതിപ്പ് നേടേണ്ടതായിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ ഈ രംഗവുമായി ബന്ധപ്പെട്ട് സാധാരണക്കാരുടെ ജീവിതം സുഗമമാക്കാൻ ഉപയോഗിക്കാനാകണം. എല്ലാ രംഗത്തും ഈ പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ നമുക്ക് കഴിയും. കാർഷിക രംഗത്ത്, നിർമ്മാണ മേഖലയിൽ, വ്യാവസായിക മേഖലയിൽ, പരമ്പരാഗത വ്യാവസായിക മേഖലയിൽ, മത്സ്യബന്ധന മേഖലയിലടക്കം സാധിക്കും. അങ്ങനെ നാടിന്റെ വിവിധ മേഖലകളിൽ, ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. വിവരസാങ്കേതിക മേഖലയിൽ ഒരുപാട് കണ്ടുപിടിത്തങ്ങളുണ്ട്. അതെല്ലാം ഇതിന് പലതിനും ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇതെല്ലാംകൂടി ഉൾക്കൊള്ളിച്ചു കൊണ്ട് നേരത്തേ പറഞ്ഞതുപോലുള്ള പോളിസി ഐ.ടി. രംഗത്ത് പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യും.

നമ്മുടെ സംസ്ഥാനത്തെ പ്രധാന വരുമാന മാർഗ്ഗം സെയിൽസ് ടാക്സും എക്സൈസുമാണ്. അവിടെ ചോർച്ച പലപ്പോഴും സംഭവിക്കുന്നുണ്ട് എന്നു പരിശോധിച്ചാൽ കാണാം. ആ ചോർച്ച ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. വരുമാനം ഉറപ്പാക്കി ചോർച്ച തടയുന്നതിനുള്ള സമഗ്രമായ നടപടികൾ സ്വീകരിക്കും. ഒരുപാട് ടാക്സ് ഡിസ്പ്യൂട്ട് ഉണ്ടാകുന്നുണ്ട്. പലരും വല്ലാതെ പ്രയാസത്തോടെ ഉന്നയിക്കുന്ന പ്രശ്നങ്ങളുമാണ്. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി സുതാര്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

നമ്മുടെ നാടിന്റെ വികസനത്തെക്കുറിച്ച് പറയുമ്പോൾ, കാർഷിക രംഗം വികസിക്കാതെ നാടിന്റെ വികസനം പൂർണ്ണതയിൽ എത്തില്ല. യഥാർത്ഥത്തിൽ ഒരു കാർഷിക വിപ്ലവം തന്നെയാണ് സംസ്ഥാന ഗവൺമെന്റ് ലക്ഷ്യമിടുന്നത്. കൃഷി ഏറ്റവും ആദായകരമായ തൊഴിലാക്കി മാറ്റണം. അതിൽ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിക്കണം. റിസർച്ച് ആന്റ് ഡെവലപ്മെന്റ് രീതികൾ അതിനകത്ത് സ്വീകരിക്കാനാകണം. മറ്റുതരത്തിലുള്ള ഗവേഷണ രീതികൾ സ്വീകരിക്കണം. പ്രകൃതിക്ക് ദോഷം ചെയ്യാത്തതരത്തിലുള്ള ഗവേഷണങ്ങൾ അതിന്മേൽ സ്വീകരിക്കാൻ നമുക്ക് കഴിയണം.

ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ആരെയും നിർബന്ധിച്ച് കൃഷി ചെയ്യിക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റിന്റെ ഉദ്ദേശ്യം എല്ലാവരെയും സ്വയമേവ കൃഷിയിലേക്ക് എത്തിക്കുകയെന്നതാണ്. അതിനുതകുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. എന്നുപറഞ്ഞാൽ, കൃഷിയും നൂതന സാങ്കേതിക വിദ്യയും ഒന്നിപ്പിച്ച് കാർഷിക മേഖലയെ ഏറ്റവും ലാഭകരമാക്കണം. അങ്ങനെ വന്നാൽ സ്വയമേവതന്നെ ആളുകൾ കൃഷിയിലേക്ക് വന്നുചേരും. പരമാവധി സ്വയംപര്യാപ്തത നേടുകയും ഏറ്റവും മുന്തിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാൻ ശ്രദ്ധിക്കുകയും ചെയ്യും. ഇതിലൊരു മുദ്രാവാക്യംതന്നെ നാം സ്വീകരിക്കേണ്ടതുണ്ട്. Use Less Grow More എന്നുപറഞ്ഞാൽ കുറഞ്ഞ ഭൂമി, കുറഞ്ഞ വളം ഇവ ഉപയോഗിച്ച് പരമാവധി ഉത്പാദനം എങ്ങനെ നടത്താൻ പറ്റും എന്നതാണ്. ഇതൊക്കെ അസാധ്യമായ കാര്യമല്ല. സാധ്യമായ കാര്യമാണ്. നമ്മൾ ആ നിലയ്ക്ക് കാര്യങ്ങൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വന്നാൽ കർഷകന് ഉത്പന്നങ്ങൾക്ക് നല്ല വില കിട്ടും. ഉത്പന്നങ്ങൾക്ക് മാർക്കറ്റ് ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. അതോടെ ഭാവിതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കാൻ കഴിയും.

ടൂറിസം രംഗത്ത് പുതിയ മേഖലകൾ ഉൾപ്പെടുത്താൻ നമുക്ക് കഴിയണം. അങ്ങനെ വന്നാൽ തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കാനാകും. മെഡിക്കൽ ടൂറിസം ഒരു മേഖലയാണ്. ആയുർവേദത്തിന് അനന്തമായ സാധ്യതകളുണ്ട്. അവിടെയാണ് രാവിലെ വ്യക്തമാക്കിയ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യമൊക്കെ വരുന്നത്. ആ രംഗത്ത് ഗവേഷണമടക്കം നടക്കേണ്ടതുണ്ട്. ഗവേഷണങ്ങൾ നല്ലതുപോലെ നടത്താൻ പറ്റുന്ന ഒരു മേഖലയാണ്. അതോടൊപ്പം പിൽഗ്രിമേജ് ടൂറിസവും സംഘടിപ്പിക്കാനാകും. അതും ഇതിനോടൊപ്പം കേന്ദ്രീകരിച്ചുകൊണ്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. അതിനോടൊപ്പം എല്ലാ വർഷവും പുതിയ ഡെസ്റ്റിനേഷനുകൾ ടൂറിസ്റ്റ് മേഖലയിൽ സ്ഥാപിക്കാൻ കഴിയണം.

പരിസ്ഥിതി സംരക്ഷണത്തിന് വലിയ ഊന്നൽതന്നെ ഈ സർക്കാർ നൽകും. യാഥാർത്ഥ്യവും സ്ഥായിയുമായ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താൻ കഴിയണം. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് നമ്മളെല്ലാം ഉത്കണ്ഠപ്പെടുന്നുണ്ട്. അപ്പോൾ അതും പഠിക്കേണ്ടതായിട്ടുണ്ട്. കൂടുതൽ ശാസ്ത്രീയമായി പഠിക്കാൻ കഴിയണം. Kerala State Environmental Agency സ്ഥാപിക്കുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കും.

വ്യവസായരംഗത്ത് നമ്മുടെ സംസ്ഥാനത്തെ ഇന്ത്യയിലെ തന്നെ ഏറ്റവും നല്ല സംസ്ഥാനമാക്കി മാറ്റാൻ കഴിയണം. ഇന്ന് നമ്മൾ അർഹിക്കാത്ത പേരുകളൊക്കെ നമ്മുടെ തലയിൽ വന്നു വീണിട്ടുണ്ട്. യഥാർഥത്തിൽ പരിശോധിച്ചാൽ അത്തരമൊരു പേരിനൊന്നും നമ്മുടെ നാട് അർഹരല്ല. കാരണം നമ്മുടെ നാട്, Investor Friendly സംസ്ഥാനമാണ്. പ്രചരണപരമായി വേറൊരു നിലയാണ് എതിരെയുള്ളത്. നമ്മുടെ സംസ്ഥാനത്തെ Most Investor Friendly State ആക്കി മാറ്റാൻ നമുക്ക് കഴിയണം. അതോടൊപ്പം നല്ല രീതിയിൽ എളുപ്പത്തിൽ ബിസിനസ്സ് നടത്താൻ പറ്റുന്ന സ്ഥാപനം എന്ന നിലയും ഇവിടെയുണ്ടാകും. ഇന്ത്യയിൽ ഒന്നാമതെന്ന ലക്ഷ്യത്തോടുകൂടിയ Industrial Policy നമുക്ക് അംഗീകരിക്കാൻ കഴിയണം. അത് നേരത്തെ പറഞ്ഞതുപോലെ, അധികം കാലതാമസം ഇല്ലാതെ കൊണ്ടുവരികയും ചെയ്യും. ചെറുകിട-വൻകിട-പരമ്പരാഗത വ്യവസായങ്ങളെയാകെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത്. ഇൻഡസ്ട്രിയെന്നുപറയുമ്പോൾ, മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ ഇവിടെ പറ്റില്ല. അതല്ലാത്ത വ്യവസായങ്ങളെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്.

തൊഴിലവസരത്തെക്കുറിച്ച് പറയുമ്പോൾ യുവാക്കൾക്കും സ്ത്രീകൾക്കും തൊഴിലവസരം വർധിപ്പിക്കേണ്ടതായിവരും. അതിനുതകുന്ന സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ നടപ്പിലാക്കാനാകണം. തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിന് ഊന്നൽ നൽകേണ്ടതായിവരും.

നമ്മുടെ സംസ്ഥാനത്തെ റേഷൻ കാർഡുകളിൽ ബി.പി.എൽ. കാർഡിന് അർഹരായവർക്കെല്ലാം ബി.പി.എൽ. കാർഡില്ലായെന്നുള്ളത് ഇപ്പോഴും പരാതിയായി നിലനിൽക്കുന്നുണ്ട്. നേരത്തെ ഭക്ഷ്യ വകുപ്പുമന്ത്രി അതുസംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അത് പരിഹരിക്കാനുള്ള കുറ്റമറ്റ സംവിധാനം കൊണ്ടു വരേണ്ടതായിട്ടുണ്ട്. പൊതുവിതരണ സംവിധാനം കമ്പ്യൂട്ടറൈസ് ചെയ്ത് അതിനകത്തുള്ള മറ്റ് വീഴ്ചകൾ പരിഹരിക്കുന്ന നടപടികളിലേയ്ക്കാണ് സർക്കാർ നീങ്ങുന്നത്. റേഷൻ കാർഡ് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ കാലോചിതമാക്കാൻ കഴിയേണ്ടതായിട്ടുണ്ട്. പൊതുഗതാഗതത്തിന് പ്രത്യേക പരിഗണന നൽകേണ്ടതായിട്ടുണ്ട്. ബസ്, മെട്രോ, ജലഗതാഗതം, കുറഞ്ഞ ചെലവിൽ നടപ്പിലാക്കാവുന്ന മറ്റ് ചില ഗതാഗത സംവിധാനങ്ങളുണ്ട്. ഇപ്പോഴുള്ളതല്ല നല്ലത്, മറ്റൊരു സംവിധാനമാണ് വേണ്ടതെന്ന് പഴയ ഗതാഗത വകുപ്പുമന്ത്രി ഒരു നിർദ്ദേശം പറയുകയുണ്ടായി. അങ്ങനെയുള്ള ചെലവുകുറഞ്ഞ ഏറ്റവും നല്ല സംവിധാനങ്ങൾ ഏതൊക്കെയാണെന്നുള്ളത് പരിശോധിച്ച് നടപ്പിലാക്കാൻ കഴിയേണ്ടതായിട്ടുണ്ട്. ഇങ്ങനെയുള്ള വിവിധ തരത്തിലുള്ള സംവിധാനങ്ങളിലൂടെ ഒരു Integral Transporting System ഈ സർക്കാർ ലക്ഷ്യമിടുകയാണ്.

നമ്മുടെ സംസ്ഥാനം ആരോഗ്യരംഗത്ത് മെച്ചപ്പെട്ട സംസ്ഥാനമാണ്. പക്ഷേ, ഇന്നുള്ള ആരോഗ്യരംഗം മാറിയേതീരു. ഈ രംഗത്ത് ഇപ്പോഴും ദൗർബല്യങ്ങളുണ്ട്. അത് പരിഹരിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. രോഗത്തേക്കാളും ആളുകൾ ഭയപ്പെടുന്നത് ചികിത്സാ ചെലവിനെയാണ്. അങ്ങനെയുള്ള അവസ്ഥ നമ്മുടെ നാട്ടിൽ വന്നുകഴിഞ്ഞിട്ടുണ്ട്. സമഗ്രമായ ഒരു ആരോഗ്യനയം നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. ഹോസ്പിറ്റലായാലും ലാബായാലും മരുന്നായാലും ഈ മേഖലയിലൊക്കെ ആവശ്യമായ ക്രമീകരണം കൊണ്ടുവരണം. വേറെ ആശങ്കയൊന്നും വേണ്ട. ആര് എന്ത് ചാർജ്ജ് ഈടാക്കണമെന്ന് ഗവൺമെന്റ് പറയുമെന്നല്ല. അങ്ങനെ ഇടപെടാൻ സാധാരണഗതിയിൽ കഴിയില്ല. പക്ഷേ, നല്ല ബോധവത്ക്കരണം കൊണ്ടുവരണം. ബദൽ സംവിധാനം ശക്തിപ്പെടുത്തണം. അങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ ഗവൺമെന്റ് നല്ല ആരോഗ്യരീതി സ്വീകരിക്കുന്ന നിലയാണ് വേണ്ടത്. അതോടൊപ്പം സർക്കാർ ആശുപത്രികളെ കൂടുതൽ കാര്യക്ഷമമാക്കണം. എല്ലാ ചികിത്സയും സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കണം. അത് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം, മെഡിക്കൽ കോളേജ് മുതൽ താഴോട്ട് പടിപടിയായി നടപ്പാക്കും. അത് ഏതെല്ലാം ആശുപത്രികളിൽ പെട്ടെന്ന് കഴിയുമെന്ന് പരിശോധിച്ച് അത് നടപ്പാക്കേണ്ടതായി വരും. സർക്കാർ സർവീസുകൾ ജനങ്ങളിലേക്ക് എത്തിക്കൽ വളരെ പ്രധാനമാണ്. അക്കാര്യം നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നമ്മുടെ നാട്ടിൽ വലിയ മാറ്റം വേണ്ട മറ്റൊരു രംഗമാണ് വിദ്യാഭ്യാസ രംഗം. വിദ്യാഭ്യാസ രംഗത്ത് നമ്മൾ പുറകിലാണെന്ന് ആരും പറയില്ല, പക്ഷേ വിദ്യാഭ്യാസ നിലവാരത്തിൽ നമ്മളിപ്പോൾ പിന്നിൽ നിൽക്കുകയാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നമുക്ക് കഴിയണം. കുട്ടികളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കാൻ ഉതകുന്ന വിദ്യാഭ്യാസരീതി നമുക്ക് സ്വീകരിക്കാനാകണം. ഇപ്പോൾ വിദ്യാഭ്യാസരംഗം നോക്കിയാൽ രണ്ടുതരം പൗരന്മാരുണ്ട്. ഒരു കൂട്ടർക്ക് നല്ല വിദ്യാഭ്യാസ സൗകര്യമുണ്ട്, മറ്റൊരു കൂട്ടർക്ക് അത്രത്തോളം വിദ്യാഭ്യാസ സൗകര്യമില്ല. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. ഉയർന്ന വിദ്യാഭ്യാസ നിലവാരം പുലർത്താൻ കഴിയാത്തത് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ്.

അവർ മിക്കവാറും പഠിക്കുന്നത് പൊതുവിദ്യാലയങ്ങളിലാണ്. പൊതുവിദ്യാലയങ്ങളുടെ വിദ്യാഭ്യാസ രീതി മോശമായതുകൊണ്ടല്ല. എന്നാൽ അവിടത്തെ മറ്റ് പശ്ചാത്തല സൗകര്യങ്ങളൊക്കെ വലിയതോതിൽ കുറഞ്ഞുനിൽക്കുന്നുണ്ട്. അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

നിലവാരം ഉയർത്തേണ്ടതായിട്ടുണ്ട്. ഇന്നത്തെ കാലത്ത് സ്മാർട്ട് ക്ലാസ് റൂമുകളും, ഹൈടെക്ക് ആകാനുമൊക്കെയുള്ള താല്പര്യമാണ് എല്ലാ ആളുകൾക്കുമുള്ളത്. കുട്ടികൾക്കു മാത്രമല്ല രക്ഷിതാക്കൾക്കും ആ താല്പര്യമാണുള്ളത്.

നമ്മൾ വിവിധ ആവശ്യങ്ങൾക്ക് ഫണ്ട് ചെലവഴിക്കുന്നവരാണ്. സർക്കാർ ഫണ്ട്, എം .എൽ.എ. ഫണ്ട്, പഞ്ചായത്ത് ഫണ്ട്, മറ്റ് തരത്തിൽ ചെലവഴിക്കുന്ന ഫണ്ടുകളെല്ലാംകൂടി പൂൾ ചെയ്താൽ ഓരോ സ്ഥലത്തുമുള്ള പൊതുവിദ്യാലയങ്ങൾ സജീവമാക്കാനും സ്മാർട്ടാക്കാനും ഹൈടെക്ക് ആക്കാനും പറ്റും. അത്തരത്തിൽ നമ്മൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പൊതുവിദ്യാലയങ്ങളാകെ നല്ലരീതിയിൽ അഭിവൃദ്ധിപ്പെടുത്തണം. പൊതുവിദ്യാലയം സംരക്ഷിക്കണമെന്ന മുദ്രാവാക്യമുയർത്തിയതു കൊണ്ടുമാത്രം കാര്യമില്ല. പൊതുവിദ്യാലയത്തിന്റെ നിലവാരമുയർത്തിക്കൊണ്ട് സംരക്ഷിക്കാൻ നമുക്ക് കഴിയണം. നിലവാരമുയർത്തുമ്പോൾ സ്വാഭാവികമായും കുട്ടികൾ അവിടേക്ക് പോകും. പൊതുവിദ്യാലയത്തിന്റെ അടുത്തുള്ള വീട്ടിൽനിന്ന് കുട്ടി 20 കിലോ മീറ്റർ അപ്പുറത്തുള്ള സ്കൂളിലേക്ക് പോകുകയാണ്. അതൊഴിവാക്കാൻ പൊതുവിദ്യാലയത്തിന്റെ നിലവാരമുയർത്തണം. എല്ലാവരുടെയും സഹകരണവും പിൻതുണയും പൊതുവിദ്യാലയത്തിന് കൊടുത്താൽ സ്വാഭാവികമായും അവ മെച്ചപ്പെട്ടുവരും. അങ്ങനെ നമ്മുടെ വിദ്യാഭ്യാസ മേഖല ദേശീയ നിലവാരത്തിലേക്ക് ഉയരണം; അതിലൂടെ അന്താരാഷ്ട്ര നിലവാരത്തിലേക്കും ഉയർത്താൻ പറ്റണം. ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള ചില സ്ഥാപനങ്ങളെയൊക്കെ അത്തരത്തിൽ ഉയർത്താൻ നമുക്ക് കഴിയും.

ലാത്തികൊണ്ടും തോക്കുകൊണ്ടും പൂർണ്ണമായിട്ടും ക്രമസമാധാനം പാലിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്ന ഒരാളല്ല ഞാൻ. അങ്ങനെ കഴിയില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പോലീസ് സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. അവിടെ കുറ്റമറ്റ ആധുനികവൽക്കരണം നടക്കണം. ജനങ്ങളുടെ സേവകരായി പോലീസിനെ ഉയർത്താനാവണം. ഇന്നത്തെ ഒരു പ്രത്യേകത, സൈബർ ക്രൈം വർദ്ധിച്ചുവരുന്നതാണ്. സൈബർ ക്രൈം ഡിപ്പാർട്ടുമെന്റിനെ നവീകരിക്കേണ്ടതായിട്ടുണ്ട്. കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കാൻ അന്താരാഷ്ട്ര നിലവാരമുള്ള ഫോറൻസിക് ലാബ് നമ്മൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കാരണം ചില കുറ്റകൃത്യങ്ങൾ തെളിയാതെ പോകുന്നുണ്ട്. അത് തെളിയിക്കുന്നതിനാവശ്യമായ എല്ലാ സന്നാഹവും നമുക്ക് ഒരുക്കാനാവണം. സ്ത്രീകൾക്കുനേരെയുള്ള കുറ്റകൃത്യങ്ങൾ ഒരു വെല്ലുവിളിയായി നമ്മുടെ സമൂഹത്തിലുയരുകയാണ്. നമ്മുടേത് വളരെ പരിഷ്കൃതമായിട്ടുള്ള സമൂഹമാണ്, പക്ഷേ വേദനാജനകമായ ഒരുപാട് അനുഭവങ്ങൾ നമുക്കുണ്ട്. ഇത് തടയാൻ ഫലപ്രദമായ നടപടികൾ വേണം. സ്ത്രീശാക്തീകരണം അതിന്റെ ഒരു ഭാഗമാണ്. സ്ത്രീശാക്തീകരണം ഫലപ്രദമായി നടപ്പാക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. അതോടൊപ്പം കൂടുതൽ വനിതകളെ പോലീസിൽ റിക്രൂട്ട് ചെയ്യാൻ സാധിക്കണം. വനിതകളായിട്ടുള്ള എസ്.ഐ.-മാരെ കുറേക്കൂടി റിക്രൂട്ട് ചെയ്യേണ്ടതായിട്ടുണ്ട്. അതോടൊപ്പം സ്ത്രീകളുടേത് മാത്രമായിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ എണ്ണം കുറച്ചുകൂടി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. കോടതികളുടെ കാര്യവും ബന്ധപ്പെട്ടവരുമായി ആലോചിക്കണം. സ്ത്രീകളുടേത് മാത്രമായിട്ടുള്ള കോടതികൾ സ്ഥാപിക്കുന്ന കാര്യം, നമ്മൾ മാത്രം തീരുമാനിക്കേണ്ട കാര്യമല്ല, ബന്ധപ്പെട്ടവരുമായി ആലോചിക്കേണ്ടതായിട്ടുണ്ട്.

റോഡ് നിർമ്മാണത്തിന് റബ്ബർ ഉപയോഗിക്കുന്നത് ഫലപ്രദമാണെന്ന് തെളിയിച്ചതാണ്; പക്ഷേ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്തപ്പോൾ അവർക്ക് ചില ആശങ്കകളുണ്ട്. അതുമായി ബന്ധപ്പെട്ട തുടർനടപടികൾ നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. അതുവഴി നല്ല ഗുണനിലവാരമുള്ള റോഡുകളാക്കി മാറ്റാൻ നമുക്ക് കഴിയുന്നതാണ്.

കേരളത്തിൽ നടപ്പാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് 'വാല്യു ആഡഡ് കേരള'.

നാളികേരം, റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്ന വ്യവസായങ്ങൾ നമുക്ക് നല്ലനിലയിൽ കൊണ്ടുവരാൻ കഴിയണം. ചായയുടേയും കാപ്പിയുടേയും രംഗത്ത് ഇത് സാധിക്കും. ചായ ചായയായി വരുന്നതിനുള്ള സംവിധാനം നമുക്ക് ഒരുക്കാൻ കഴിഞ്ഞിട്ടില്ല. ചായത്തോട്ടങ്ങൾ നമുക്ക് ധാരാളമുണ്ട്. കാപ്പിയുടേയും സ്ഥിതി അതുതന്നെയാണ്. ഇതൊക്കെ നമുക്കുതന്നെ ഒരുക്കാൻ കഴിയുന്ന കാര്യങ്ങളാണ്. ആ വഴിക്ക് മൂല്യവർദ്ധിത നടപടികളിലേക്ക് നാം നീങ്ങേണ്ടതായിട്ടുണ്ട്. വലിയ തോതിൽ പ്രയാസമനുഭവിക്കുന്ന വിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം. രാവിലെ അതിനെപ്പറ്റി ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞു. അവർക്ക് താമസസ്ഥലത്തിന്റെയും ഭൂമിയുടെയും ആരോഗ്യ സംരക്ഷണത്തിന്റെയും തൊഴിലവസരങ്ങളുടെയും ധാരാളം പ്രശ്നങ്ങളുണ്ട്. അത്തരം കാര്യങ്ങൾക്കൊക്കെ ഈ സർക്കാർ വലിയ തോതിൽ മുൻഗണന നൽകും. സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്താൻ നമുക്ക് കഴിയണം. അവരുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാൻ കഴിയണം, ഭക്ഷണത്തിന് പ്രയാസമുണ്ടാകുന്ന നിലയുണ്ടാകാൻ പാടില്ല, നല്ല ചികിത്സ ലഭ്യമാകണം, കൃഷിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ കഴിയണം, എല്ലാവർക്കും പാർപ്പിട സൗകര്യം ഒരുക്കാൻ സാധിക്കണം. നീതിയുക്തമായ ഒരു ഭരണസംവിധാനം നമ്മുടെ നാട്ടിൽ നടപ്പിലാക്കണം. അതിന് അഴിമതി തുടച്ചുനീക്കൽ വളരെ പ്രധാനമാണ്. അഴിമതിയും വികസനവും ഒന്നിച്ചു പോകില്ല. ഏതൊരു പദ്ധതി വരുമ്പോഴും അതിനെ തകർക്കാൻ നടക്കുന്ന ചില ആളുകളുണ്ടെന്ന് എല്ലാവരും മനസ്സിലാക്കണം. അങ്ങനെ തകർക്കാൻ നടക്കുന്നവരെ നമുക്ക് തിരിച്ചറിയാൻ കഴിയണം. യഥാർത്ഥത്തിൽ അവർ സമൂഹത്തെ പിന്നോട്ടടിക്കാൻ ശ്രമിക്കുന്നവരാണ്. അതിനെതിരെയുള്ള യോജിച്ച നീക്കം നമുക്ക് നടത്താനാവണം. നാടിന്റെ വികസന കാര്യത്തിൽ നിങ്ങൾക്കെല്ലാവർക്കും വ്യത്യസ്തങ്ങളായ ആശയങ്ങളുണ്ടാകാം. അവയെല്ലാം സർക്കാരുമായി പങ്കുവയ്ക്കാൻ തയ്യാറാകണം. ജനങ്ങളുടെ സ്വപ്നങ്ങളിൽ നിങ്ങളെല്ലാവരും പങ്കുചേരണമെന്നാണ് ഈ ഘട്ടത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ നന്ദിപ്രമേയത്തെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

# ഓഖി ദുരന്തം

സര്‍, കഴിഞ്ഞ വര്‍ഷം നവംബര്‍ 30-ന് വീശിയടിച്ച ഓഖി ചുഴലിക്കാറ്റ് കേരളത്തിന്റെ തീരത്ത് നികത്താനാകാത്ത ദുരന്തമാണ് സൃഷ്ടിച്ചത്. തമിഴ്നാട്ടിലും ലക്ഷദ്വീപിലും ഇതിന്റെ കെടുതികള്‍ നേരിട്ടു. കേരളത്തിലെ ജനതയെ ഒറ്റക്കെട്ടായി നിര്‍ത്തിക്കൊണ്ടുള്ള ദുരിതാശ്വാസ പ്രവര്‍ത്തനങ്ങള്‍ക്കാണ് സംസ്ഥാന സര്‍ക്കാര്‍ നേതൃത്വം നല്‍കിയത്. ഓഖി ദുരന്തത്തില്‍ മരണമടഞ്ഞവര്‍ക്ക് ഈ സഭയുടെ ആദരാഞ്ജലി അര്‍പ്പിച്ചുകൊണ്ടും അവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തില്‍ പങ്കുചേര്‍ന്നുകൊണ്ടും ഈ പ്രസ്താവന സഭയുടെ മുമ്പാകെ അവതരിപ്പിക്കട്ടെ.

കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും പിന്തുണയും നിര്‍ദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ടുള്ള ദുരിതാശ്വാസ പ്രവര്‍ത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന്റെ ഭാഗമായി 8-12-2017-ന് സര്‍വ്വകക്ഷി യോഗം വിളിച്ചുചേര്‍ക്കുകയുണ്ടായി. കടലോര മേഖലയില്‍ പ്രവര്‍ത്തിക്കുന്ന തൊഴിലാളി സംഘടനകളുടെയും സാമൂഹ്യ സംഘടനകളുടെയും യോഗവും തുടര്‍ന്ന് വിളിച്ചുചേര്‍ത്തു. ഓഖി ചുഴലിക്കാറ്റ് സൃഷ്ടിച്ച ദുരിതങ്ങള്‍ പരിഹരിക്കുന്നതിന് അവരോടൊപ്പം ചേര്‍ന്നുപ്രവര്‍ത്തിച്ച പലരുമുണ്ട്. ഇക്കാര്യത്തില്‍ എം.എല്‍.എ.മാരുടെയും ജനപ്രതിനിധികളുടെയും രാഷ്ട്രീയ, സാമൂഹ്യ, മത സംഘടനകളുടെയും പ്രവര്‍ത്തനം എടുത്തുപറയേണ്ടതാണ്. പ്രതിപക്ഷനേതാവുള്‍പ്പെടെയുള്ളവര്‍ ഈ പ്രവര്‍ത്തനത്തില്‍ സര്‍ക്കാരിനൊപ്പം സജീവമായി സഹകരിച്ചിരുന്നു എന്നതും വിസ്മരിക്കാനാവില്ല.

കേന്ദ്രസര്‍ക്കാരിന്റെ സഹായം ഉറപ്പുവരുത്തിക്കൊണ്ട് ദുരിതാശ്വാസ പ്രവര്‍ത്തനങ്ങള്‍ നല്ല നിലയില്‍ മുന്നോട്ടുകൊണ്ടുപോകുന്നതിന് മുന്തിയ പരിഗണനയാണ് സംസ്ഥാന സര്‍ക്കാര്‍ നല്‍കിയത്. ഇക്കാര്യത്തില്‍ സജീവമായ സഹകരണം കേന്ദ്ര സര്‍ക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായി. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്കുപുറമെ കേന്ദ്രമന്ത്രിമാരായ ശ്രീമതി നിര്‍മ്മല സീതാരാമനും ശ്രീ. അല്‍ഫോന്‍സ് കണ്ണന്താനവും നേരിട്ട് തന്നെ ഇവിടെ എത്തിച്ചേരുകയും ദുരന്തമുണ്ടായ സ്ഥലങ്ങള്‍ സന്ദര്‍ശിച്ചുകൊണ്ട് ദുരിതാശ്വാസ പ്രവര്‍ത്തനങ്ങളില്‍ സജീവമായി സഹകരിക്കുകയും ചെയ്തു. ദുരന്തത്തിന്റെ തീവ്രത മനസ്സിലാക്കുന്നതിനും ധനസഹായം കണക്കാക്കുന്നതിനും കേന്ദ്രസംഘം നടത്തിയ സന്ദര്‍ശനവും സഹായകമായി. അടിയന്തര സഹായം അഭ്യര്‍ത്ഥിച്ച ഉടനെ ഇവിടെ എത്തിച്ചേര്‍ന്ന കേന്ദ്രസേന രക്ഷാപ്രവര്‍ത്തനങ്ങള്‍ക്ക്

സമാനതകളില്ലാത്ത സഹായമാണ് നൽകിയത്. ആദ്യ ദിവസങ്ങളിൽ എയർഫോഴ്സ് ടെക്നിക്കൽ ഏരിയ കേന്ദ്രീകരിച്ച് നടത്തിയ രക്ഷാപ്രവർത്തനങ്ങളിലൂടെ നിരവധിപേരെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുണ്ടായ ഈ ദുരന്തത്തിൽ സഹായഹസ്തവുമായി മുന്നോട്ടുവന്ന മുഴുവൻ പേരോടും നന്ദി പറയാൻകൂടി ഈ അവസരം ഉപയോഗിക്കട്ടെ.

## സംസ്ഥാന സർക്കാരിന് ചുഴലി സംബന്ധിച്ച വിവരം ലഭിക്കുന്നത്

30-11-2017 ഉച്ചയ്ക്ക് 12 മണിക്കാണ്. കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. രാജ്നാഥ് സിംഗും സംസ്ഥാനത്തുനിന്നുള്ള എം.പി.മാരായ ശ്രീ. കെ. സി. വേണുഗോപാലും ശ്രീ. ശശി തരൂരും ഉൾപ്പെടെയുള്ളവർ സംശയത്തിനിടയില്ലാത്തവിധം ഇക്കാര്യം പാർലമെന്റിൽ വ്യക്തമാക്കിയിട്ടുണ്ട്.

ചുഴലി മുന്നറിയിപ്പ് ലഭിച്ചയുടനെത്തന്നെ യുദ്ധകാലാടിസ്ഥാനത്തിലുള്ള രക്ഷാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകിയത്. എല്ലാ തലത്തിലുമുള്ള മുഴുവൻ ജീവനക്കാരും ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകുകയും ചെയ്തു.

ആർമി, നേവി, എയർഫോഴ്സ്, കോസ്റ്റ് ഗാർഡ് എന്നീ കേന്ദ്ര ഏജൻസികൾ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനകൂടി മാനിച്ച് രക്ഷാ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. നാവികസേന 7 കപ്പലുകളും 2വിമാനവും 4 ഹെലികോപ്റ്ററുകളും തിരച്ചിലിനുവേണ്ടി ഉപയോഗിച്ചു. കോസ്റ്റ് ഗാർഡ് 8 കപ്പലുകളും ഒരു ഹെലികോപ്റ്ററും ഉപയോഗിച്ചു. 2 ഹെലികോപ്റ്ററുകളും 2 വിമാനവും ഉപയോഗിച്ചാണ് വ്യോമസേന തിരച്ചിൽ നടത്തിയത്. മൊത്തം 15 കപ്പലുകളും 7 ഹെലികോപ്റ്ററുകളും 4 വിമാനങ്ങളും ആദ്യദിവസങ്ങളിൽ രക്ഷാപ്രവർത്തനരംഗത്ത് രാപ്പകലുണ്ടായിരുന്നു.

ഫയർ ആന്റ് റസ്ക്യൂ വിഭാഗവും പോലീസ്, റവന്യൂ, ഫിഷറീസ് വകുപ്പ് ജീവനക്കാരും വിവിധ സംസ്ഥാന ഏജൻസികളും രക്ഷാപ്രവർത്തനത്തിൽ സജീവമായി ഉണ്ടായിരുന്നു. പ്രതിരോധ വിഭാഗങ്ങളും കോസ്റ്റ് ഗാർഡും സംസ്ഥാന ഏജൻസികളും നല്ല ഏകോപനത്തോടെയാണ് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയത് മത്സ്യത്തൊഴിലാളികളെക്കൂടി തിരച്ചിലിൽ പങ്കെടുപ്പിക്കണമെന്ന അഭ്യർത്ഥനകൂടി മാനിച്ച് അവരെയും ഉൾപ്പെടുത്തിയാണ് രണ്ടാംഘട്ടത്തിൽ കടലിൽ തിരച്ചിൽ നടത്തിയത്. ബോട്ടുടമകളും സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് തിരച്ചിലിന് ഈ ഘട്ടത്തിൽ സജീവമായിരുന്നു.

കടലിൽ ദുരന്ത സമയത്തുണ്ടായിരുന്ന മർച്ചന്റ് ഷിപ്പുകളും ഇതര ബോട്ടുകളും മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തനത്തിൽ അവർക്ക് ആകാവുന്ന സഹായം ചെയ്തിട്ടുണ്ട് എന്നതും വിസ്മരിച്ചുകൂടാ. രക്ഷാ പ്രവർത്തനത്തിന് കരസേനയും സജ്ജമായി രംഗത്തുണ്ടായിരുന്നു. എന്നാൽ അവരുടെ സേവനം ഉപയോഗിക്കേണ്ടിവന്നില്ല.

മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായും ലക്ഷദ്വീപുമായും ബന്ധപ്പെട്ട് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചിരുന്നു. സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കുപുറമെ സിന്ധുദുർഗ്, രത്നഗിരി, ഗോവ എന്നിവിടങ്ങളിലെ മലയാളി അസോസിയേഷനുകളും സംസ്ഥാന സർക്കാരുകളും ദുരിതാശ്വാസ പ്രവർത്തനത്തിൽ പൂർണ്ണമായും സഹായിച്ചു.

തിരമാലകളിൽ നിന്ന് രക്ഷപ്പെട്ട് മറ്റ് തീരങ്ങളിൽ എത്തിയവർക്ക് ആവശ്യമായ ഭക്ഷണവും സാമ്പത്തിക സഹായവും ബോട്ടുകൾക്ക് ആവശ്യമായ ഇന്ധനവും സർക്കാർ മുൻകയ്യോടെ ലഭ്യമാക്കാനും കഴിയുകയുണ്ടായി.

നാം ഒത്തൊരുമയോടെ നടത്തിയ ഈ രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി തമിഴ്നാട്ടിലെ

നമ്മുടെ സഹോദരന്മാരെ നാട്ടിലെത്തിക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമാണ്. തമിഴ്നാട്ടിലെ മാധ്യമങ്ങളും മത്സ്യത്തൊഴിലാളി കുടുംബങ്ങളും കേരളത്തിലെ രക്ഷാപ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിച്ചിട്ടുണ്ട് എന്നതും നമ്മളെ സംബന്ധിച്ചിടത്തോളം ആത്മവിശ്വാസം പകരുന്ന ഒന്നാണ്.

നാവികസേനയും വ്യോമസേനയും കോസ്റ്റ് ഗാർഡും യോജിച്ച് നടത്തിയ തെരച്ചിലിൽ 1200-ഓളം മലയാളികളെ ഈ പ്രവർത്തനത്തിലൂടെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ആഴക്കടലിൽ ഇത്രയും വിപുലവും സാഹസികവുമായ രക്ഷാപ്രവർത്തനം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ എന്നതും സംശയകരമാണ്.

ഇത്തരമൊരു രക്ഷാപ്രവർത്തനം സാധ്യമായത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ തൊഴിലാളി സംഘടനകളുടെയും വിവിധ ജനവിഭാഗങ്ങളുടെയും ഒരേ മനസ്സോടെയുള്ള പ്രവർത്തനത്തിന്റെ ഫലമാണ്.

ഓഖി ദുരിതബാധിതരെ സഹായിക്കുന്നതിന് കേരള ജനത ഒന്നടങ്കം യോജിച്ചു നിന്നുവെന്നതും എടുത്തുപറയേണ്ട കാര്യമാണ്. ഓഖി ദുരിതബാധിതരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വിവിധ മേഖലയിൽ നിന്ന് നല്ല നിലയിൽ ധനസഹായം ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്.

19-1-2018 വരെ 94.46 കോടി രൂപ ഈ ഇനത്തിൽ ലഭ്യമായിട്ടുണ്ട്. ഒരു ദുരന്ത ഘട്ടത്തിൽ നാം കാണിച്ച ഒത്തൊരുമ കേരളം ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ സംസ്കാരത്തിന്റെ പ്രതിഫലനമാണ് എന്നതിൽ നമുക്ക് എല്ലാവർക്കും അഭിമാനിക്കാവുന്നതാണ്.

ദുരന്തത്തിൽനിന്ന് കടലോര ജനതയെ രക്ഷപ്പെടുത്തുന്നതിനുള്ള യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. കടലിൽ നിന്നും 100 മീറ്റർ പരിധിയിലെ എല്ലാ കെട്ടുറപ്പില്ലാത്ത വീടുകളും ഒഴിപ്പിക്കാൻ കഴിഞ്ഞു. ഒഴിപ്പിക്കപ്പെട്ടവർക്കുവേണ്ടി സംസ്ഥാനത്താകെ 52 പുനരധിവാസ ക്യാമ്പുകൾ പ്രവർത്തിച്ചു. 1906 കുടുംബങ്ങളിലെ 8556 പേർ ഈ ക്യാമ്പുകളിൽ വിവിധ ഘട്ടങ്ങളിലായി ആശ്വാസം തേടി. 66 അടിയന്തര പുനരധിവാസ ക്യാമ്പുകൾ ആരംഭിച്ചു. ഇവയിൽ മൊത്തം 13769 പേരെ താൽക്കാലികമായി താമസിപ്പിച്ചു.

ഓഖി ചുഴലിക്കാറ്റ് സംസ്ഥാനത്തിന്റെ തീരദേശമേഖലയിൽ വ്യാപകമായ നാശനഷ്ടമാണ് വരുത്തിയത്. ഇതുസംബന്ധിച്ചുള്ള കണക്കുകൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. 50 മത്സ്യത്തൊഴിലാളികൾ കടലിലും 8 പേർ കരയിലും മരണപ്പെട്ടു. 104 മലയാളികളായ മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്. 384 ബോട്ടുകൾ തകർന്നു. കൂടുതൽ വിവരങ്ങൾ അനുബന്ധം 2ആയി* ചേർത്തിട്ടുണ്ട്.

6-12-2017-ന് ചേർന്ന മന്ത്രിസഭായോഗം ദുരിതാശ്വാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഓഖി ദുരിതബാധിതർക്ക് അടിയന്തര സഹായം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടലിൽ എത്തിയാൽ അടിയന്തരമായി ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങളെക്കുറിച്ച് വിവരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടി സ്വീകരിച്ചു.

ദുരന്ത പ്രതികരണനിധിയിൽ നിന്നും സമുദ്ര മത്സ്യത്തൊഴിലാളികൾക്ക് 2000 രൂപ നൽകി. ഈ ഇനത്തിൽ 33.95 കോടി രൂപയാണ് ഇതിനായി അനുവദിച്ചത്. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഒരു മാസത്തേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയുണ്ടായി.

തീരദേശത്ത് ഓഖി ചുഴലിക്കാറ്റിന്റെ ഫലമായുണ്ടായ വിവിധ തരത്തിലുള്ള ദുരന്തങ്ങൾ പല തരത്തിലാണ് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ബാധിച്ചിട്ടുള്ളത്. അതിനാൽ ഓഖി ദുരന്തം നേരിട്ട് ബാധിച്ച കുടുംബങ്ങളിലെല്ലാം ആരോഗ്യ വകുപ്പ് പ്രവർത്തകർ നേരിട്ട് മാനസികാഘാത ലഘൂകരണ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 20 ലക്ഷം രൂപ ധനസഹായമായി പ്രഖ്യാപിക്കുകയും അവ വിതരണം ചെയ്ത് തുടങ്ങിയിട്ടുമുണ്ട്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം നൽകാമെന്ന് കേന്ദ്രസർക്കാർ ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിൽ ആ തുക കൂടി ഉൾപ്പെടുത്തി 22 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനവഴി അനന്തരാവകാശ നിർണ്ണയം പൂർത്തിയാക്കി ഇനി വിതരണം ചെയ്യാനുള്ളവരുടെ ആശ്രിതർക്കും ഈ തുക സമയബന്ധിതമായി നൽകുന്നതാണ്.

കാണാതായ മത്സ്യത്തൊഴിലാളികൾക്ക് മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നൽകുന്ന എല്ലാവിധ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. ഇതിനായി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതുവരെ ഓരോ മാസവും 10,000 രൂപ വീതം ഈ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്നതാണ്. ദുരന്തത്തിൽ നഷ്ടപ്പെടുകയും ഭാഗികമായി തകരുകയും ചെയ്ത ബോട്ടുകൾക്കും വള്ളങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും തത്തുല്യ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളിൽ നിന്ന് 200 പേരെ തീരദേശ പോലീസ് സേനയിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ മക്കൾക്ക് ഈ നിയമനത്തിൽ മുൻഗണന നൽകാനാണ് നിശ്ചയിച്ചിട്ടുള്ളത്. അതോടൊപ്പം മരിച്ചവരുടെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നൽകാനായി 7.88 കോടി രൂപ അനുവദിച്ചു. ഓഖി ദുരിതബാധിതർക്ക് അടിയന്തര ധനസഹായവും മറ്റ് ആശ്വാസ നടപടികളും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി അവരുടെ ബോട്ടുകൾ ഉപയോഗിച്ച് തിരച്ചിൽ നടത്തിയ ഘട്ടത്തിൽ അതിനാവശ്യമായ ചെലവിനത്തിൽ 2.184 കോടി രൂപ അനുവദിച്ചു.

Fisheries Department-ന്റെ Savings cum Relief Scheme-ൽ അംഗങ്ങളായ സമുദ്ര മത്സ്യത്തൊഴിലാളികൾക്ക് 21.69 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ നാവിക് ഉപകരണം പരീക്ഷിക്കുന്നതിനായും ഇതര സംസ്ഥാനങ്ങളിൽ എത്തപ്പെട്ട മത്സ്യത്തൊഴിലാളികളെ തിരിച്ചെത്തിക്കുന്നതിനും സഹായം നൽകിയിട്ടുണ്ട്.

ഓഖി ദുരിതാശ്വാസത്തിനായി ചെലവഴിക്കാൻ ജില്ലാ കളക്ടർമാർക്ക് 24.83 കോടി രൂപ 19-01-2018 വരെ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഒരു മാസത്തേയ്ക്കുള്ള സൗജന്യ റേഷൻ നൽകുന്നതിനായി 8.31 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

തീരദേശവാസികളെ സംബന്ധിച്ചിടത്തോളം കടലിൽനിന്നും മാറി നിന്നുകൊണ്ട് അവരുടെ തൊഴിൽ മുന്നോട്ടുകൊണ്ടുപോകാനാകില്ല. അതിനാൽ ആ മേഖലയിൽ നിന്ന് അവരെ മാറ്റി പ്പാർപ്പിക്കലും അത്ര എളുപ്പമല്ല. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ദുരന്തത്തിൽപ്പെട്ടവർക്ക് അടിയന്തര ആശ്വാസം നൽകുക മാത്രമല്ല, ദുരന്തത്തെ മുൻകൂട്ടിക്കണ്ട് അതിന്റെ ആഘാതം തടയുന്നതിനുള്ള ദീർഘകാല പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്.

തീരദേശ മേഖലയിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വിവിധ തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങളെ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുതകുന്ന ശിപാർശകൾ സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട ശ്രീ. രമൺ ശ്രീവാസ്തവയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ഇതിനകം ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ കൂടി പരിഗണിച്ച് ആവശ്യമായ നടപടികൾ സർക്കാർ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

ISRO, INCOIS എന്നിവയുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ NAVIC 500 മത്സ്യബന്ധനയാനങ്ങളിൽ സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. ഇതിനുപുറമെ, 1000 നാവിക്കുകൾ കെൽട്രോണുമായി ചേർന്ന് നിർമ്മിക്കാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. ഈ സങ്കേതികവിദ്യ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാൻ കെൽട്രോണിനെ ചുമതലപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഭാവിയിൽ കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഈ സംവിധാനം സ്ഥാപിക്കുന്നതാണ്. കേരളത്തിന്റെ തീര അതിർത്തിവിട്ട് 1500 Km വരെ ഈ സംവിധാനത്തിലൂടെ വിവരം നേരിട്ട് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സാധിക്കും. രാജ്യത്ത് ആദ്യമായിട്ടാണ് ഇത്തരമൊരു സംവിധാനം പരീക്ഷിക്കുന്നത് എന്ന കാര്യവും സഭ മുമ്പാകെ പറയുന്നതിൽ അഭിമാനമുണ്ട്. 215 മത്സ്യബന്ധന ബോട്ടുകളിൽ ഓട്ടോമാറ്റിക് വെസ്സൽ ട്രാക്കിംഗ് സംവിധാനം ഇതിനകം സ്ഥാപിച്ചിട്ടുണ്ട്.

കടലിൽ പോകുന്ന അവസരത്തിലും തിരികെ വരുന്ന അവസരത്തിലും അതത് തീരത്ത് രേഖപ്പെടുത്താനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വിജയകരമായി പരീക്ഷിച്ചു. ഈ പദ്ധതിയും ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുകയാണ്.

ഭാവിയിൽ മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന സമയത്ത് മുഴുവൻ മത്സ്യത്തൊഴിലാളികളും ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തുന്ന സംവിധാനത്തിൽ രജിസ്റ്റർ ചെയ്യണമെന്നും ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ സുരക്ഷാ ഉപകരണങ്ങളും നിർബന്ധമായും കൊണ്ടുപോകണമെന്നുമുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. കടലിൽ പോകുകയും വരികയും ചെയ്യുന്നവരെക്കുറിച്ച് കൃത്യമായ കണക്ക് ഇതിലൂടെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബോട്ടുകളിൽ ജി.പി.എസ്. സംവിധാനവും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ സാറ്റലൈറ്റ് സംവിധാനങ്ങൾ ഉപയോഗിച്ച് കാലാവസ്ഥ സംബന്ധിച്ച സന്ദേശം നൽകാനുള്ള ക്രമീകരണം ഒരുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ പ്രവചനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് 145788 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ ശേഖരിച്ച് കചഇഛകട -ന് ലഭ്യമാക്കിക്കഴിഞ്ഞിട്ടുണ്ട്.

ഇത്തരത്തിലുള്ള അടിയന്തരഘട്ടങ്ങൾ നേരിടാനായി ഫിഷറീസ് വകുപ്പിൽ ഒരു കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കാനും കഴിഞ്ഞിട്ടുണ്ട്.

അന്തർദ്ദേശീയ കടൽ ചട്ടങ്ങൾ അനുസരിച്ചുള്ള കൊടികൾ, ലൈറ്റ്, പ്രദർശന ബോർഡുകൾ എന്നിവ തുറമുഖങ്ങൾ, ഫിഷ് ലാൻഡിംഗ് സെന്റേഴ്സ് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

കേന്ദ്രസർക്കാരിന് ഓഖിയുടെ പശ്ചാത്തലത്തിൽ സമർപ്പിച്ച പാക്കേജിൽ തീരദേശ മേഖലയുടെ സമഗ്രമായ പ്രശ്നപരിഹാരത്തിനുതകുന്ന രീതിയിലുള്ള പദ്ധതിയാണ് മുന്നോട്ടുവച്ചിട്ടുള്ളത്. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത 13436 മത്സ്യത്തൊഴിലാളികൾക്കും ഭൂമിയുണ്ടെങ്കിലും വീടില്ലാത്ത 4148 പേർക്കും മുൻഗണന നൽകി 2018-19 വർഷത്തിൽ വീട് ലഭ്യമാക്കാൻ ഈ പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്.

മത്സ്യബന്ധന രീതിയിൽ കാലികമായ മാറ്റം ഉറപ്പാക്കുന്ന സംവിധാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാനും തീരദേശത്തിന്റെ പൊതുവായ, പ്രത്യേകിച്ച് കടലാക്രമണത്തിൽ നിന്നും സംരക്ഷണം ഉറപ്പാക്കാനും പദ്ധതിയിൽ വ്യക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഈ പാക്കേജിന് അംഗീകാരം നൽകിയാൽ പാർശ്വവത്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ പുരോഗതിക്ക് ക്രിയാത്മകമായ നേതൃത്വം നൽകാൻ നമുക്ക് കഴിയും. ഇതിന്റെ ഭാഗമായി എല്ലാവരുടെയും സഹകരണത്തോടെ കേരളത്തിന് ഒരു മികച്ച മാതൃക ഈ രംഗത്ത് സൃഷ്ടിക്കാൻ കഴിയും എന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

കേരളം അടുത്ത കാലത്തൊന്നും കണ്ടിട്ടില്ലാത്ത ഒരു ദുരന്തത്തിനാണ് നാം സാക്ഷ്യം വഹിച്ചത്. കേരളത്തിന്റെ പൊതുവായ വികസനം ഏറെ എത്തിയിട്ടില്ലാത്ത മത്സ്യത്തൊഴിലാളി മേഖലയിലാണ് ഈ ദുരന്തം എന്നതും നമ്മെ ഏറെ വേദനിപ്പിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകുന്നതിനുതകുന്ന പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്രമായ ജലപരിഷ്കരണ നിയമം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും പരിരക്ഷയുമാണ് സർക്കാരിന്റെ ലക്ഷ്യം.

ഓഖി ദുരന്തം നമ്മുടെ സഹോദരങ്ങൾക്ക് സംഭവിച്ചതാണെന്ന് കണ്ടുകൊണ്ട് പ്രവർത്തിച്ച എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കാൻ കൂടി ഈ അവസരം ഉപയോഗിക്കട്ടെ.

**2017 ഫെബ്രുവരി 28**

# കസ്തൂരിരംഗൻ റിപ്പോർട്ട്

സർ, ഈ സർക്കാർ അധികാരമേറ്റതിനുശേഷം കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയില്ല എന്നത് ബഹുമാന്യനായ അംഗത്തിന്റെ തെറ്റിദ്ധാരണയാണ്. നേരത്തേതന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയുമായി വിശദമായി ചർച്ച ചെയ്തിട്ടുള്ളതാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിൽ കേരളത്തിലെ 123 വില്ലേജുകളിലായി 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി കണക്കാക്കിയിട്ടുണ്ട്. ജനസാന്ദ്രത കൂടുതലും ഭൂമിയുടെ ലഭ്യത കുറവുമായ കേരളത്തിലെ ഇ.എസ്.എ.-യുടെ വിസ്തൃതി വർദ്ധിക്കുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതുകൊണ്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും പൂർണ്ണമായും ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ 30-01-2014-ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയതാണ്. വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടുപ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തെ ആകെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിസ്തൃതി 9993.7 ചതുരശ്ര കിലോമീറ്ററായിരുന്നു എന്നാണ്. സംസ്ഥാന സർക്കാരിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 10-03-2014-ൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ 9107 ചതുരശ്ര കിലോമീറ്റർ വനപ്രദേശമായും 886.7 ചതുരശ്ര കിലോമീറ്റർ വനേതര പ്രദേശമായും കാണിച്ചിരുന്നു. 04-09-2015-ലെ വിജ്ഞാപനത്തിൽ വിസ്തീർണ്ണം അതുതന്നെയാണ് കാണിച്ചിരുന്നത്. ഈ വിജ്ഞാപനത്തിൽ റിസർവ് ഫോറസ്റ്റ്, പ്രൊട്ടക്റ്റഡ് ഏരിയ, വേൾഡ് ഹെറിറ്റേജ് സൈറ്റ് എന്നിവ മാത്രമായി ചുരുക്കുവാൻ കേരള സർക്കാർ ആവശ്യപ്പെടുകയുണ്ടായി. കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23-06-2016-ൽ കേരളം സന്ദർശിച്ച അവസരത്തിൽ എത്രയുംവേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട് എന്നാവശ്യപ്പെട്ട് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. തമിഴ്നാട് സർക്കാർ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതുകൊണ്ടാണ് അന്തിമ വിജ്ഞാപനം വൈകുന്നത്. പശ്ചിമഘട്ട സംസ്ഥാനങ്ങൾക്ക് പൊതുവിൽ ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് എന്നതാണ് കേന്ദ്രസർക്കാർ എടുത്തിരിക്കുന്ന നിലപാട്. 2017 മാർച്ച് 4-ാം തീയതി കരട് വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കും. നേരത്തേ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിച്ച 9993 ചതുരശ്ര കിലോമീറ്റർ വനപ്രദേശങ്ങളിൽനിന്നും 886.7 ചതുരശ്ര കിലോമീറ്റർ വനേതര പ്രദേശം വേർതിരിച്ച് 9107 ചതുരശ്ര കിലോമീറ്റർ മാത്രം ഇ.എസ്.എ.

ആയി തിട്ടപ്പെടുത്താനും ബാക്കി വരുന്നത് ഇ.എസ്.എ.-യുടെ പരിധിയിൽനിന്നും ഒഴിവാക്കി സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിച്ചുകൊണ്ട് സംരക്ഷിക്കുവാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 23-02-2017-ന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. വനേതര മേഖലയായ 886.7 ചതുരശ്ര കിലോമീറ്റർ പ്രദേശം സംസ്ഥാന സർക്കാരിന്റെ ഉത്തര വാദിത്വത്തിൽ സംരക്ഷിക്കുന്നതിനായി ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്കും പഞ്ചായത്തുതല ജൈവവൈവിധ്യ മാനേജ്മെന്റ് സമിതികൾക്കും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. തമിഴ്നാട് സർക്കാർ റിപ്പോർട്ട് നൽ കാത്തതുകൊണ്ടാണ് അന്തിമ വിജ്ഞാപനം വൈകുന്നത്. എങ്കിലും സംസ്ഥാന സർക്കാർ തുടർന്നും 9107 ചതുരശ്ര കിലോമീറ്റർ പ്രദേശം മാത്രം ഇ.എസ്.എ. പരിധിയിൽ നിർത്താൻ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**2017 മാർച്ച് 01**

# ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

സർ, ഗവർണറുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയചർച്ച സാധാരണ ഗതിയിൽ നയപ്രഖ്യാപനത്തിലുള്ള പ്രധാന പ്രശ്നങ്ങളെയാണ് പരാമർശിക്കുന്നത്. ചർച്ച കഴിഞ്ഞപ്പോൾ ആ വിധത്തിലായോ എന്ന സംശയമാണുള്ളത്. നിത്യേന പ്രസ്താവനയിലൂടെ ഉന്നയിക്കുന്ന പ്രശ്നങ്ങൾ തന്നെ ഇപ്പോഴും ഉന്നയിച്ച് ഈ നയപ്രഖ്യാപന ചർച്ചയുടെ ഗൗരവത്തിൽ നിന്ന് മാറിപ്പോയോ എന്ന് ശങ്കിക്കേണ്ടതായിട്ടുണ്ട്. പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ചില കാര്യങ്ങൾ ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വക്താവ് എന്ന നിലയ്ക്കുള്ള വെളിപ്പെടുത്തലുകളുമുണ്ടായിട്ടുണ്ട്. അതിനെക്കുറിച്ച് ആദ്യം പറയേണ്ടതില്ല, അവസാനം പറയാമെന്നാണ് വിചാരിക്കുന്നത്.

നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെക്കാൾ ചില കാര്യങ്ങളിൽ മുന്നിൽ നിൽക്കുന്നുവെന്ന് സാധാരണ നമ്മൾ അവകാശപ്പെടാറുണ്ട്. അത് വസ്തുതയാണ്. സാക്ഷരത, ജീവിതനിലവാരം, ആരോഗ്യം, ക്രമസമാധാനം ഇതിലൊക്കെ നമ്മൾ മുന്നിട്ട് നിൽക്കുകയാണ്. എന്നാൽ ചില കാര്യങ്ങളിൽ കുറെക്കൂടി ജാഗ്രത പാലിച്ചില്ലെങ്കിൽ അത് നിലനിർത്തുന്നതിന് കുറച്ച് പ്രയാസം വരുമെന്ന് നാം തിരിച്ചറിയണം. വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യസുരക്ഷ, അടിസ്ഥാന വികസനം, കൃഷിയിൽ നിന്നുള്ള ആദായം ഇതൊക്കെ കൂടുതൽ മെച്ചപ്പെടേണ്ടതായിട്ടുണ്ട്. എല്ലാവരും കൂടി ഒത്തുപിടിച്ചാൽ ചിലപ്പോൾ ലോകനിലവാരത്തിലേയ്ക്കുതന്നെ നമ്മുടെ നാടിന് ഉയരാൻ കഴിയും. അതിന് ഓരോ വർഷവും വിവിധ വിദ്യാലയങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഊർജ്ജസ്വലരായി പുറത്തുവരുന്ന യുവതലമുറയ്ക്ക് മികച്ച അവസരങ്ങൾ നൽകാനുള്ള സൗകര്യം ഇവിടെയുണ്ടാകണം.

ഇപ്പോൾ നാം വരൾച്ച നേരിടുന്നതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്തു. വരൾച്ച എന്നത് കാർഷിക രംഗത്തെ വലിയ തോതിൽ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണെന്ന് നമുക്കറിയാം. കാർഷിക വിളയിൽ നിന്ന് ന്യായമായ ആദായം കൃഷി ചെയ്യുന്നവർക്ക് ലഭിക്കുന്നതിനുള്ള അവസരം വേണം. അതുപോലെതന്നെ ഈ വിളകൾ മാർക്കറ്റിലേയ്ക്ക് എത്തിക്കാനുള്ള സംവിധാനങ്ങളും ഒരുക്കാൻ കഴിയേണ്ടതായിട്ടുണ്ട്. അതോടൊപ്പം തന്നെ കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന് വലിയ തോതിൽ നമുക്ക് ഇടപെടാൻ കഴിയും. സർക്കാരും ചില കാ

ര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് നേരത്തേ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിന് ഈ ഇടപെടൽ സഹായകരമാകും. അങ്ങനെ വരുമ്പോൾ നല്ല തോതിൽ കൃഷി ചെയ്യുന്നവർക്ക് ആദായം വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങളുണ്ടാകണം എന്നുള്ളതാണ്. ഇതിനുള്ള എല്ലാ സൗകര്യങ്ങളും പ്രകൃതിയുടെ വരദാനമായി ലഭിച്ചിരുന്ന ഒരു നാടാണ് നമ്മുടേത്. വെള്ളം ഒരു പ്രശ്നവുമില്ലാതെ ലഭിച്ചുകൊണ്ടിരുന്നതാണ്. പക്ഷേ ഇപ്പോഴത്തെ അവസ്ഥയിൽ വെള്ളത്തിന് വലിയതോതിൽ ബുദ്ധിമുട്ടാണ് വന്നുചേരുന്നത്. ജലം സംരക്ഷിക്കുന്ന കാര്യത്തിൽ നമുക്ക് കൂട്ടായിത്തന്നെ ഇടപെടാൻ കഴിയണം. സംസ്ഥാനത്തിലുണ്ടാകേണ്ട നിക്ഷേപം, വികസനം, തൊഴിൽ സൗകര്യം വർദ്ധിപ്പിക്കൽ, കാർഷിക മേഖലയുടെ അഭിവൃദ്ധി എന്നീ രംഗങ്ങളിലൊക്കെ പ്രത്യേക ഊന്നൽ നൽകി മുന്നോട്ടു പോകാനാണ് സർക്കാർ താൽപ്പര്യപ്പെടുന്നത്. എങ്ങനെയാണ് കൂടുതൽ തൊഴിൽ സൃഷ്ടിക്കാനാവുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്ത് പാരിസ്ഥിതിക സൗഹൃദ വ്യവസായങ്ങൾ നല്ല രീതിയിൽ ആരംഭിക്കാൻ കഴിയുന്നതിന്റെ ഭാഗമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും കഴിയും. തുടക്കത്തിൽ വേണ്ടത്ര ജാഗ്രതയോടെ കാര്യങ്ങൾ മുന്നോട്ടുനീക്കാൻ കഴിയുന്നില്ലെന്ന ഒരു വിമർശനം ബഹുമാന്യരായ ചില അംഗങ്ങളിൽനിന്നും ഉയർന്നുവന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തകർന്നു കിടക്കുന്ന കശുവണ്ടി മേഖലയും പൂർണ്ണമായും തകർന്നുപോയ കയർത്തൊഴിലാളി മേഖലയുമായിരുന്നു ഉണ്ടായിരുന്നത്. ആ മേഖലകളിലൊക്കെ നല്ല രീതിയിലുള്ള അഭിവൃദ്ധിയുണ്ടാക്കാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കാര്യങ്ങളിൽ ഇനിയും മാറ്റം വരണം. പക്ഷേ സർക്കാരിന്റെ ഇടപെടലിന്റെ ഫലമായിത്തന്നെയാണ് മാറ്റങ്ങൾ വന്നതും ആ തൊഴിലാളികൾക്ക് ആശ്വാസം ലഭിച്ചതും. നാം ഒരുക്കിയ സൗകര്യം പൂർണ്ണമായി ഉപയോഗിക്കാൻ മാത്രം നാട്ടിൽ തൊഴിലാളികളില്ല എന്നതാണ് ഹാന്റ്ലൂമിന്റെ കാര്യത്തിൽ സംഭവിച്ചത്. അടുത്ത വർഷമാകുമ്പോഴേയ്ക്കും കൂടുതൽ തൊഴിലാളികൾ ആ മേഖലയിലേയ്ക്ക് കടന്നുവരാൻ പോകുകയാണ്. ഇതൊരു മാറ്റമാണ്.

എന്നാൽ ഐ.ടി., ടൂറിസം, കാർഷികോൽപ്പന്നങ്ങൾ, ഫിഷറീസ് എന്നീ മേഖലകളിലൊക്കെ നല്ല തോതിലുള്ള നിക്ഷേപമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. നോട്ട് നിരോധനം സംസ്ഥാനത്ത് ഓരോ മേഖലയിലും വലിയ പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നല്ല നിലയിൽ പ്രവർത്തിച്ചുവന്ന സഹകരണ മേഖല വലിയ തകർച്ച നേരിടേണ്ട തായിരുന്നു. എന്നാൽ നമ്മൾ ഒന്നിച്ച് നിൽക്കുകയും സർക്കാർ അതിനനുസൃതമായ നിലപാട് സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി ആ തകർച്ചയെ തടഞ്ഞുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ ആ മേഖല തകർന്നടിഞ്ഞു പോകുമായിരുന്നു. പൂർണ്ണ തകർച്ചയിൽനിന്ന് സഹകരണ മേഖലയെ രക്ഷിക്കാൻ നമുക്ക് കഴിയും. ഈ ഒരുഘട്ടം കഴിഞ്ഞ് അടുത്ത ഘട്ടം ആകുമ്പോഴേയ്ക്കും സഹകരണ മേഖല കൂടുതൽ ഊർജ്ജസ്വലമായി മുന്നേറാനാണ് പോകുന്നത്. ഇപ്പോൾത്തന്നെ ആ നിലയിൽ നിന്ന് മാറിക്കഴിഞ്ഞു. വളരെ നല്ല രീതിയിൽ സഹകരണ മേഖല അഭിവൃദ്ധിപ്പെട്ടു പോകും. സഹകരണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ നമുക്ക് സൃഷ്ടിക്കാനാവും.

സംസ്ഥാനത്ത് കൃഷി ഭൂമി വളരെ കുറവായതിനാൽ കുറഞ്ഞ ഉപയോഗം മാത്രമേ സാദ്ധ്യമാകുകയുള്ളൂ. വെള്ളവും വളവും കുറഞ്ഞ തോതിൽ മാത്രമേ ഇനി ഉപയോഗിക്കാൻ പാടുള്ളൂ എന്ന നില സ്വീകരിക്കേണ്ടിവരും. അങ്ങനെ വന്നാൽ പഴയ രീതിയിലുള്ള കാർഷിക സമ്പ്രദായത്തിൽനിന്ന് ചിലപ്പോൾ മാറേണ്ടതായി വരും. ലോകത്ത് ലഭ്യമായ മികച്ച സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാൽ നല്ല ആദായം കൃഷിയിൽനിന്ന് ലഭ്യമാകും. കൃഷിയെ ആശ്രയിച്ചാൽ നല്ലൊരു

ജീവിതം ഉണ്ടാകുമെന്ന തോന്നൽ വന്നാൽ ചെറുപ്പക്കാർ സ്വാഭാവികമായും കാർഷിക രംഗ ത്തേയ്ക്ക് കടന്നുവരും. അത് അവരിൽ ആത്മവിശ്വാസം വർദ്ധിക്കാൻ ഇടയാക്കും. അതിനായി കൃഷിയുടെ ചില രീതികൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മാറ്റേണ്ടതായി വരും.

ഇപ്പോൾ പല വിദഗ്ധരുമായും സംസാരിച്ചപ്പോൾ നല്ല രീതിയിലുള്ള സാധ്യത ഈ മേഖ ലയിലുണ്ടെന്നുതന്നെയാണ് വ്യക്തമാകുന്നത്. അഭ്യസ്തവിദ്യരായ ചെറുപ്പ ക്കാരെയടക്കം കാർഷിക മേഖലയിലേയ്ക്ക് നമുക്ക് ആകർഷിക്കാൻ കഴിയും. ജനിതക വിത്ത് കൊണ്ടു വരാനല്ല, മറ്റ് തരത്തിലുള്ള അഭിവൃദ്ധിയാണുദ്ദേശിക്കുന്നത്. വെള്ളം, വളം, സ്ഥലം തുടങ്ങി യവയൊക്കെ കുറച്ചുപയോഗിച്ച് നമ്മുടെ പരിസ്ഥിതി ക്കനുസരിച്ച് കൃഷി ചെയ്ത് എങ്ങനെ കൂടുതൽ വിളവുണ്ടാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

സ്ത്രീ സുരക്ഷയ്ക്ക് സർക്കാർ ഏറ്റവും കൂടുതൽ പ്രാധാന്യമാണ് നൽകുന്നതെന്ന് നയപ്ര ഖ്യാപനത്തിൽ വ്യക്തമാക്കിയതാണ്. അതുസംബന്ധിച്ച് കൂടുതൽ പരാമർശങ്ങളൊന്നും ഉണ്ടാ യില്ല. നയപ്രഖ്യാപനത്തിൽ പറഞ്ഞതുപോലെ 15 ശതമാനം സ്ത്രീകൾ പോലീസിലുണ്ടാകുക എന്നതല്ല ആത്യന്തികമായ ലക്ഷ്യം. അത് 50 ശതമാനമെ ങ്കിലുമാക്കണം എന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. ആദ്യഘട്ടമെന്ന നിലയ്ക്ക് 15 ശതമാനത്തിലേയ്ക്ക് എത്തിക്കാ നാണ് ശ്രമിക്കുന്നത്. പഞ്ചായത്തിൽ ഒരു വനിതാ പോലീസ് ഓഫീസർ എല്ലാ ആഴ്ചയിലും സന്ദർശിക്കുന്ന പദ്ധതിയെന്നത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യമല്ലേ? തങ്ങളുടെ ഗ്രാമത്തിന്റേതായ സ്വകാര്യതയിൽ സ്ത്രീകൾക്ക് അവരുടേതായ എന്തെ ങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആ വനിതാ ഓഫീസറോട് പറയാൻ കഴിയുമല്ലോ? അത്തരത്തി ലുള്ള ഒരു മാറ്റം സൃഷ്ടിക്കാനാണുദ്ദേശിക്കുന്നത്. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെ ആക്ര മണം നടത്തുന്നവരുടെ രജിസ്ട്രി വയ്ക്കുന്നത് ഒരു പ്രധാന കാര്യം തന്നെയാണ്. അത് നമ്മൾ പരിഹസിച്ച് തള്ളേണ്ട ഒരു കാര്യമല്ല. ആ രജിസ്ട്രി സ്വാഭാവികമായും അവരെക്കുറിച്ച് സമൂ ഹത്തിനൊരു മുന്നറിയിപ്പുമായാണ് വരിക. അതിനെ നല്ലൊരു പദ്ധതിയായാണ് നാം കാണേ ണ്ടത്.

സംസ്ഥാനത്ത് കേസന്വേഷണത്തിൽ ശാസ്ത്രീയ രീതികളാണ് ശക്തിപ്പെട്ടുവരേണ്ടത്. അതുകൊണ്ടാണ് ഫോറൻസിക്, സൈബർ സെൽ മുതലായവ നല്ല നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന് പറയാനിടയായത്. അതേസമയം സംസ്ഥാനത്തെ ഗുണ്ടകളെയും ഗുണ്ടായിസ ത്തെയും അവസാനിപ്പിക്കാൻ കഴിയുന്ന തരത്തിൽ ശക്തമായ നടപടികൾ തന്നെയാണ് സർ ക്കാർ സ്വീകരിക്കുന്നത്.

സംസ്ഥാനത്ത് റോബോട്ടിക് ട്രാഫിക് സംവിധാനം (ക്യാമറകൾ സ്ഥാപിച്ച് കാര്യങ്ങൾ മന സ്സിലാക്കുന്ന രീതി) സ്ഥാപിക്കാൻ കഴിഞ്ഞാൽ ട്രാഫിക് ലംഘനങ്ങൾ വരുമ്പോൾ ആരുടെയും മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ കഴിയും. അതുപോലെ സി.സി.ടി.വി. നല്ലതുപോലെ വ്യാപിപ്പിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്.

തൊഴിലില്ലാത്തവരുടെ പ്രശ്നം മാത്രമല്ല, നാട്ടിൽ തൊഴിൽ പ്രശ്നങ്ങളുള്ളവർ ധാരാളമു ണ്ട്. തൊഴിലുണ്ടെങ്കിലും ജീവിക്കാനുള്ള വരുമാനമില്ല. ആ തൊഴിലെടുക്കുമ്പോൾ ജീവിതം പ്രയാസത്തിലായിപ്പോകുന്ന, ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന തരത്തിലുള്ള തൊഴിലിൽ ഏർ പ്പെടുന്നവരുണ്ട്. ആർജ്ജിച്ച വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ജോലി ലഭിക്കാത്തവരുണ്ട്. ഇതെല്ലാം നമ്മുടെ സമൂഹത്തിന് മുന്നിലുള്ള ഒരു പ്രശ്നംതന്നെയാണ്. അവ എങ്ങനെ പരി ഹരിക്കുമെന്നുകൂടി ആലോചിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. സർക്കാർ കാണുന്ന വികസനം

ഇത്തരത്തിലുള്ള എല്ലാ പ്രശ്നങ്ങളുംകൂടി ഉൾക്കൊള്ളുന്നതു തന്നെയാണ്.

സംസ്ഥാനത്ത് വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഭരണപക്ഷമോ പ്രതിപക്ഷമോ അല്ല അത് മുടക്കാൻ മുന്നിട്ടിറങ്ങുന്നത് ; വികസനം മുടക്കാൻ വേണ്ടി പ്രവർത്തിക്കുന്ന ചില സംഘടനകളുണ്ട്. അത് മാത്രമാണ് അവരുടെ ലക്ഷ്യം. അവർ യഥാർത്ഥത്തിൽ വികസനം മുടക്കികളായാണ് വരുന്നത്. അവർ നാടിന്റെ താൽപ്പര്യത്തിനെതിരാണ്. നാടിനുവേണ്ടിയല്ല അവർ നിലകൊള്ളുന്നത്. അത് നമ്മൾ അംഗീകരിക്കണോ? പ്രതിപക്ഷവും ഭരണപക്ഷവും തമ്മിൽ അഭിപ്രായ വ്യത്യാസമൊക്കെ ഉണ്ടാകും. പക്ഷേ വികസനം മുടക്കികളായി വരുന്നവരെ അംഗീകരിക്കേണ്ടതില്ലെന്നു തന്നെയാണ് സർക്കാരിന്റെ നിലപാട്. അങ്ങനെ വന്നാൽ ഈ സർക്കാരിന്റെയടുത്ത് അത് വിലപ്പോകില്ല. ഇക്കാര്യത്തിൽ നിയമസഭാ മന്ദിരത്തിനകത്ത് ജനങ്ങളുടെ അംഗീകാരത്തോടെ വന്ന എല്ലാവരും, പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും, ജനങ്ങളെ പ്രതിനിധീകരിച്ച് വന്നവരെന്ന നിലയ്ക്ക് ഒറ്റക്കെട്ടായി നിൽക്കാനാകണമെന്നതാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

നാളികേരം, റബ്ബർ, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധനവിന് സർക്കാർ പ്രത്യേക പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന് ഇപ്പോൾ പരിചിതമല്ലാത്ത പുതിയ സാങ്കേതിക വിദ്യകൾ വേണ്ടതായിവരും. ആ പുതിയ സാങ്കേതിക വിദ്യ സംസ്ഥാനത്ത് ഉപയോഗിക്കാൻ കഴിയണം. അടുത്ത കാലത്തായി നമ്മുടെ നാളികേരത്തെ കുറ്റവിമുക്തമാക്കിയല്ലോ; പണ്ട് നാളികേരത്തിന് സകലതും കുറ്റമായിരുന്നല്ലോ; ഇപ്പോൾ അതിനെ പൂർണ്ണമായും കുറ്റവിമുക്തമാക്കി കഴിഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിൽ നല്ലതുപോലെ അതുപയോഗിക്കാൻ കഴിയും. പാശ്ചാത്യരെല്ലാം രാവിലെ ഉറക്കമുണർന്നാൽ ഒരു സ്പൂൺ വെർജിൻ കോക്കനട്ട് ഓയിൽ കഴിച്ചുകൊണ്ടാണ് അവരുടെ ജീവിതം തുടങ്ങുന്നതെന്നാണ് പറയുന്നത്. നാളികേരം അത്ര വലിയ തോതിൽ അംഗീകാരം നേടിയിരിക്കുകയാണ്. ഫ്രാക്ഷനേറ്റഡ് കോക്കനട്ട് ഓയിൽ, കോക്കനട്ട് ഷുഗർ തുടങ്ങി ധാരാളം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നാളികേരത്തിൽ നിന്നുമുണ്ടാക്കാൻ കഴിയും. അതെല്ലാം നമുക്കിവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയണം. അതുപോലെതന്നെ റബ്ബർ വലിയൊരു പ്രശ്നമായിരിക്കുകയാണ്. ഇപ്പോൾ കുറച്ച് ന്യായമായ വിലയുണ്ട്. എന്നാലും കൃഷിക്കാർ ആഗ്രഹിക്കുന്ന വിലയായിട്ടില്ല. ആ മേഖലയിൽ നമുക്ക് എന്തുകൊണ്ട് അമുൽ മോഡൽ പരീക്ഷിച്ചുകൂടായെന്നതും നാം പരിശോധിക്കേണ്ടതാണ്.

വലിയ തോതിൽ മത്സ്യത്തൊഴിലാളികളുള്ള സംസ്ഥാനമാണ് നമ്മുടേത്. സമുദ്രോത്പന്നങ്ങളുടെ മൂല്യവർദ്ധനവിന് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ നമുക്ക് കഴിയും. അതോടൊപ്പംതന്നെ പാരിസ്ഥിതിക സൗഹൃദമായുള്ള മത്സ്യബന്ധനം സ്വാഭാവികമായും നമുക്ക് പ്രോത്സാഹിപ്പിക്കാനും കഴിയും. വള്ളങ്ങൾക്ക് ജി.പി.എസ്. സംവിധാനം പ്രോത്സാഹിപ്പിക്കാൻ നേരത്തെതന്നെ കഴിഞ്ഞിട്ടുണ്ട്. മത്സ്യകൃഷിയിലും ചെമ്മീൻ കൃഷിയിലുമൊക്കെ നമ്മൾ ഏറെ മുന്നിലായിരുന്നു. ഇപ്പോൾ പിന്നിലാണ്. ആ മേഖലയിൽ മുന്നോട്ടുവരുന്നതിന് നല്ല രീതിയിലുള്ള ശ്രമമാണ് ഇപ്പോൾ നടത്തി കൊണ്ടിരിക്കുന്നത്. വലിയ മുന്നേറ്റം ആ മേഖലയിൽ നടത്താൻ കഴിയുമെന്നുള്ള ആത്മവിശ്വാസം തന്നെയാണ് സർക്കാരിനുള്ളത്.

ആരോഗ്യ മേഖലയുടെ കാര്യം ഇവിടെ പറഞ്ഞുകഴിഞ്ഞു. ഞാനത് ആവർത്തിക്കുന്നില്ല. നമുക്ക് എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അതെല്ലാം പരിഹരിച്ച് മുന്നേറാൻ കഴിയുമെന്ന അവസ്ഥ തന്നെയാണ് ആരോഗ്യ മേഖലയിൽ ഇപ്പോഴുള്ളത്. കുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി സ്കൂളുകൾതോറും പ്രതിവർഷ ആരോഗ്യ ക്യാമ്പ് നടത്തുന്നത് വളരെ പ്രാധാന്യത്തോടെയാണ് സർക്കാർ കാണുന്നത്. കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷി

ക്കുന്നതിന് അത് ഏറ്റവും ആവശ്യമാണ്. ചിലർക്കുള്ള രോഗമെന്താണെന്ന് മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥ ചിലപ്പോഴുണ്ടാകുന്നുണ്ട്. അതിനുവേണ്ടിയാണ് അത്തരം ഒരു പരിപാടി ഉദ്ദേശിക്കുന്നത്.

സമ്പൂർണ്ണ വിദ്യാഭ്യാസ യജ്ഞമെന്നത് ഒരു സ്കൂളാണോ ചെയ്യുന്നതെന്ന് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നേരത്തെ ഇവിടെ ചോദിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ പൊതു വിദ്യാലയങ്ങളെയും അഭിവൃദ്ധിയിലേയ്ക്ക് നയിക്കുക എന്നതാണ് വിദ്യാഭ്യാസ യജ്ഞത്തിലൂടെ ഉദ്ദേശിക്കുന്നത്. അതിന് സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ നിലവാരം ഉയർത്തുകയാണ് വേണ്ടത്. അടുത്ത ദിവസം എനിക്കൊരു അനുഭവമുണ്ടായി. വിദ്യാഭ്യാസ രംഗത്തുള്ള ഒരു പ്രധാന കോർപ്പറേറ്റ് ഉടമയുടെ കത്ത് എനിക്ക് വന്നിരുന്നു. നിങ്ങളെന്താണ് വിദ്യാലയങ്ങൾ പിടിച്ചടക്കാൻ പോകുകയാണോ; ഞങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിടിച്ചടക്കാനാണോ നിങ്ങളുടെ നീക്കം? ഇതൊന്നും സമ്മതിക്കാൻ പോകുന്നില്ല എന്നൊക്കെ പറഞ്ഞ് ആക്ഷേപിച്ചുകൊണ്ടാണ് കത്ത്. ആ കത്ത് കിട്ടിയപ്പോൾ ഞാൻ അദ്ദേഹത്തെ വിളിച്ചു. അദ്ദേഹം നമ്മളെല്ലാവരും അറിയുന്ന ആളാണ്. ഞാൻ ചോദിച്ചു, ഇതെന്തൊരു തെറ്റിദ്ധാരണയാണ് നിങ്ങൾക്കുണ്ടായിരിക്കുന്നത്? നിങ്ങളുടെ വിദ്യാലയങ്ങൾ ആരാണ് പിടിച്ചടക്കാൻ പോകുന്നത്? ഇങ്ങനെയൊരു വാർത്ത കണ്ടല്ലോയെന്ന് അദ്ദേഹം പറഞ്ഞു. ഞാനതിന് മറുപടിയും പറഞ്ഞു. കേരളത്തിലുള്ള എല്ലാ സ്കൂളുകളും നിങ്ങളുടെ മാനേജുമെന്റ് പോലെയല്ല, മിക്കവയും വളരെക്കാലം മുമ്പ് തുടങ്ങിയവയാണ്. നൂറും നൂറ്റിയമ്പതും വർഷങ്ങൾ പഴക്കമുള്ള സ്കൂളുകൾ നമ്മുടെ നാട്ടിലുണ്ട്. അതെല്ലാം എയ്ഡഡ് സ്ഥാപനങ്ങളാണ്. ആ സ്ഥാപനങ്ങൾ അന്ന് തുടങ്ങിയ ഇടത്തുതന്നെ നിൽക്കുകയാണ്. ഇന്ന് അവ വലിയ ദാരിദ്ര്യത്തിലുമാണ്. അവർക്ക് അതിന്റെ മെയിന്റനൻസ് കൃത്യമായി നടത്താൻപോലും കഴിയുന്നില്ല. പൊട്ടിപ്പൊളിഞ്ഞ ഫർണിച്ചറാണ് അവിടെ കാണാൻ കഴിയുന്നത്. സ്കൂളിന്റെ അന്തരീക്ഷം വളരെ മോശമാണ്. ആ സ്കൂളുകളും മെച്ചപ്പെടുത്തേണ്ടതുണ്ട്. അത് സ്വകാര്യ സ്കൂളുകളാണെന്ന് പറഞ്ഞ് മാറ്റിനിർത്താൻ കഴിയില്ല. നാടിന്റേതാണ് ആ സ്ഥാപനം. ആ സ്ഥാപനത്തെ അഭിവൃദ്ധിപ്പെടുത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ആ സ്ഥാപനത്തിന്റെ ഉടമസ്ഥത ആരുടെ കയ്യിലാണോ ഉള്ളത് അതങ്ങനെ തന്നെ തുടരും. നിങ്ങൾ എന്ത് കണ്ടിട്ടാണ് ഈ ആക്ഷേപം ഉന്നയിക്കുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം അതിന് നേരെ മറുപടി പറയുന്നില്ല. നിങ്ങൾക്കതിന് കഴിയും, നിങ്ങൾ ഇതിൽ നിന്നും ഒഴിഞ്ഞുനിന്നോളൂ, എന്നാൽ മറ്റുള്ളവർ ഈ സഹായം സ്വീകരിക്കുന്നത് ഇല്ലാതാക്കേണ്ടായെന്ന് ഞാൻ പറഞ്ഞു. അപ്പോൾ തെറ്റിദ്ധാരണ ഏത് കാര്യത്തിലും നമ്മുടെ നാട്ടിൽ ഉയർന്നുവരും. സ്കൂളിനെ അഭിവൃദ്ധിപ്പെടുത്താൻ കോർപ്പറേറ്റ് മാനേജുമെന്റുകൾക്ക് ഈ സഹായം വേണ്ടിവരില്ല. അത്തരം സ്കൂളുകളെ അഭിവൃദ്ധിപ്പെടുത്താൻ നാടാകെ ഒന്നിച്ച് നിന്നാൽ മാത്രമേ സാധിക്കൂ. ചിലപ്പോൾ ആ സ്കൂൾ ഒരാളിന്റേയോ ഒരു കുടുംബത്തിന്റേയോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗങ്ങൾകൂടി നടത്തുന്നതോ ആയിരിക്കാം. ആ സ്കൂളുകൾ മെച്ചപ്പെട്ടു വരേണ്ടതല്ലേ? അവിടെ കുട്ടികൾ ധാരാളം പഠിക്കുകയല്ലേ? ഗവൺമെന്റ് സ്കൂളുകൾ സ്വാഭാവികമായും മെച്ചപ്പെട്ട് വരേണ്ടതുണ്ട്. എല്ലാ സ്കൂളുകളെയും അഭിവൃദ്ധിപ്പെടുത്തുക എന്നുള്ളതുതന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിന് പൊതുവിൽ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാകും. അതിന്റെ ഭാഗമായിട്ടായിരിക്കും അഭിവൃദ്ധിപ്പെടുക. അതിനേക്കാൾ കൂടുതൽ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അങ്ങനെ ചെയ്യാം. അത്തരത്തിലുള്ള പൊതുവായ ഒരു അഭിവൃദ്ധിയാണുദ്ദേശിക്കുന്നത്. അക്കാദമിക് കാര്യങ്ങളിൽ സ്വാഭാവികമായും വിദ്യാഭ്യാസ വകുപ്പ് അതിന്റേതായ ഒരുക്കങ്ങൾ ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും.

വീടില്ലാത്ത ഏകദേശം നാല് ലക്ഷത്തോളം കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിന്റെ കൃത്യമായ കണക്ക് ഈയാഴ്ചയോടുകൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവർക്കെല്ലാം ഭവന പദ്ധതി ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. അത് നമുക്ക് പൂർത്തിയാക്കാൻ സാധിക്കണം. സംസ്ഥാനത്ത് വീടില്ലാത്ത ഒരു കുടുംബവുമില്ല എന്ന അവസ്ഥയുണ്ടാക്കാൻ സാധിക്കണം. അതിന് ആവശ്യമായ ഭൂമി കണ്ടെത്തൽ, നിർമ്മാണത്തിന് ഫണ്ട് കണ്ടെത്തൽ, അർഹരെ കണ്ടെത്തുക തുടങ്ങിയ അനേകം പ്രശ്നങ്ങളുണ്ട്. അതിന് നാം ഒറ്റക്കെട്ടായി നിൽക്കണം. അനർഹർ ആരും തന്നെ ഇതിലുൾപ്പെടാൻ പാടില്ല. എന്നാൽ അർഹതയുള്ളവരാരുംതന്നെ ഒഴിവാകാനും പാടില്ല. അർഹതയുള്ളവർക്ക് വീട് അനുവദിക്കുന്ന നിലയുണ്ടാകണം. നേരത്തെ ഒരു ചർച്ചയിൽ ഒ.ഡി.എഫ്. പൂർത്തിയാക്കിയതിനെ സംബന്ധിച്ച് പറഞ്ഞു. ഒ.ഡി.എഫ്. പൂർത്തിയാക്കിയത് എല്ലാവരും കൂടിയാണ്. എല്ലാവരുമായി സഹകരിച്ച് നല്ല നിലയിൽ അത് പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞു. നാം വിചാരിച്ചാൽ ചില കാര്യങ്ങൾ പൂർണ്ണതയിൽ എത്തിക്കാൻ സാധിക്കും. നാടിനാണല്ലോ അതിന്റെ ഗുണം ലഭിക്കുന്നത്. നാലഞ്ച് വർഷത്തിനകം ഈ വീടുകളെല്ലാം യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. അത് സാധിക്കുകതന്നെ ചെയ്യും.

ഇപ്പോൾ ഹരിത കേരളം മിഷൻ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നാടാകെ ശുചിത്വം പാലിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മാലിന്യ നിർമ്മാർജ്ജനം നല്ല രീതിയിൽ നടപ്പിലാക്കാൻ നമുക്ക് കഴിയണം.

ഇവിടെ ഏറ്റവും വലിയ വിവാദമായി ഉയർന്നുവന്നത് സമ്പൂർണ്ണ വൈദ്യുതീകരണം സംബന്ധിച്ചാണ്. അതിനെപ്പറ്റി പ്രതിപക്ഷ നേതാവ് പറഞ്ഞത്, നേരത്തെ വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ പ്രഖ്യാപിച്ച പദ്ധതിയാണ്, പിന്നെ ഇപ്പോൾ പ്രഖ്യാപിക്കുന്നതിന്റെ അർത്ഥമെന്താണ് എന്നാണ്. അതിൽ കഴിഞ്ഞ ഗവൺമെന്റ് ചെയ്യാതിരുന്നതിന്റെ ഒരു വശം കൂടിയുണ്ട്. ശ്രീ.എ.കെ.ബാലൻ വൈദ്യുതി മന്ത്രിയായിരുന്ന കാലത്ത് ഈ പ്രഖ്യാപനം നടത്തി, അതിന്റെ പ്രവർത്തനവും തുടങ്ങി. എന്നാൽ അതിന്റെ ശരിയായ തുടർച്ച ഉണ്ടാകാത്തതിന്റെ ഫലമായി അത് സഫലമാക്കാൻ കഴിഞ്ഞില്ല.

സർ, തർക്കത്തിലേയ്ക്കൊന്നും പോകേണ്ട കാര്യമില്ല. സമ്പൂർണ്ണ വൈദ്യുതീകരണം ആവശ്യമാണെന്ന നിലപാടിൽ നിൽക്കാം. സമ്പൂർണ്ണ വൈദ്യുതീകരണം നേരത്തെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ.എ.കെ.ബാലൻ പ്രഖ്യാപിച്ചെങ്കിലും അതിപ്പോഴും പൂർണ്ണതയിലായിട്ടില്ല. അത് പ്രഖ്യാപിച്ചിട്ടുതന്നെ ആറ് വർഷത്തോളം കഴിഞ്ഞു. നമുക്ക് ചുരുങ്ങിയ സമയം കൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് എത്തിച്ചേരാൻ കഴിയുന്ന രീതിയിലാണ് എല്ലായിടത്തും ഒരുക്കങ്ങൾ നടക്കുന്നത്. അങ്ങനെ വരുമ്പോൾ നമ്മുടെ മുന്നിൽ ഇനി സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രശ്നമുദിക്കുന്നില്ല. പിന്നെ വരുന്നത് നൂറ് ശതമാനം വീടുകൾക്കും ഇന്റർനെറ്റ്; അതുപോലെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനെപ്പറ്റിയും ആലോചിക്കാൻ കഴിയുന്നതാണ്. അത് നമുക്ക് പിന്നൊരു ഘട്ടത്തിൽ പൂർണ്ണതയിൽ എത്തിക്കാൻ കഴിയുന്ന കാര്യമാണ്. ഇപ്പോൾത്തന്നെ അതിനെപ്പറ്റി ആലോചിച്ചുതുടങ്ങാം. ഇതൊക്കെ നമ്മുടെ നാട്ടിൽ അസാധ്യമായിട്ടുള്ള കാര്യങ്ങളല്ലെന്നാണ് പറഞ്ഞത്.

സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതും അത് തുടർന്നു കൊണ്ടുപോകുന്നതും പ്രധാനപ്പെട്ട കാര്യമാണ്. അതിനാണ് 'ease of doing business' എന്ന പദം യോജിച്ചുവരുന്നത്. ഇക്കാര്യത്തിൽ ഇന്ത്യാ രാജ്യത്തുതന്നെ നമുക്ക് ഒന്നാം സ്ഥാനത്ത് എത്താൻ കഴിയണം. ഇന്ന് എന്തെങ്കിലും ദുഷ്പേരുകളുണ്ടെങ്കിൽ അതെല്ലാം ഒഴിവാക്കാൻ സാധിക്കണം. അങ്ങനെ

ഒന്നാം സ്ഥാനത്ത് എത്തുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസ മില്ലാതെ ഒന്നിച്ച് നിൽക്കണം. കാരണം നമ്മുടെ നാടിനാണ് അതിന്റെ അഭിവൃദ്ധിയുണ്ടാകുന്നത്. കൂടുതൽ കാര്യങ്ങൾ നേടിയതായി ഇന്ന് ചില സംസ്ഥാനങ്ങളെ മാതൃകയായി പറയുന്നുണ്ട്. ആ സംസ്ഥാനങ്ങളെക്കാളെല്ലാം നല്ലരീതിയിൽ അഭിവൃദ്ധിയുണ്ടാക്കാൻ നമുക്ക് കഴിയും. അത്തരമൊരു ease of doing business' നല്ല നിലയ്ക്ക് നടപ്പാക്കാൻ കഴിയേണ്ടതായിട്ടുണ്ട്.

വിദേശ മലയാളികളുടെ പ്രശ്നങ്ങൾ വലിയ തോതിലുണ്ട്. കുറെ പ്രശ്നങ്ങളിൽ ഇപ്പോൾ സർക്കാർ ഇടപെട്ട് കഴിഞ്ഞിട്ടുണ്ട്. അതിന്റെ വിവിധ പദ്ധതികൾ പുരോഗതിയിലാണ്. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസവും സാമ്പത്തികവുമായ പ്രശ്നങ്ങൾ, ആരോഗ്യ സംരക്ഷണത്തിന്റേതായ പ്രശ്നങ്ങൾ, ജോലി നഷ്ടപ്പെട്ടോ അല്ലെങ്കിൽ അവിടെനിന്ന് ഇങ്ങോട്ട് ജോലി നിർത്തി വരേണ്ടതായി വരുന്നവരുടെ ഭാവി ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളിലൊക്കെ സർക്കാർ ശക്തമായി ഇടപെടുകതന്നെ ചെയ്യും. അതെല്ലാം അതിന്റേതായ ക്രമത്തിൽ തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

കണ്ണൂർ എയർപോർട്ട് അടുത്ത മാസത്തോടെ പൂർത്തിയാകും. ശബരിമലയിൽ ഒരു പുതിയ എയർപോർട്ട് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം കേരളത്തിലെ എല്ലാ എയർപോർട്ടുകളേയും ബന്ധിപ്പിക്കാൻ കഴിയുന്ന തരത്തിൽ പുതിയ സർവ്വീസ് ആരംഭിക്കാൻ കഴിയുമോയെന്നും ആലോചിക്കേണ്ടതുണ്ട്. കേരളത്തിലെ എയർ പോർട്ടുകളിൽ ആരംഭിക്കുന്ന പുതിയ സർവ്വീസുകൾക്ക് ഏതെങ്കിലും തരത്തിൽ സൗജന്യം ചെയ്യാൻ കഴിയുമോയെന്നതും നാം ചിന്തിക്കണം. ചില കാര്യങ്ങളിൽ അവർക്കുതന്നെ അഭിപ്രായങ്ങളുണ്ട്. അത് പിന്നീടുള്ള ചില പ്രഖ്യാപനങ്ങളുടെ ഭാഗമായി വരേണ്ട കാര്യമായതുകൊണ്ട് തുറന്ന് പറയുന്നില്ലെന്ന് മാത്രമേയുള്ളൂ. ചില സൗജന്യങ്ങൾ നമ്മൾ നൽകേണ്ടതായി വരും.

കോഴിക്കോട് എയർപോർട്ടിന്റെ പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ പ്രശ്നങ്ങൾ നല്ല രീതിയിൽ പരിഹരിക്കാനുള്ള ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കലാണ് പ്രധാന പ്രശ്നം അതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഭൂമി ഏറ്റെടുക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇത്തവണ ഹജ്ജ് യാത്രക്കാർക്ക് അവിടെനിന്ന് പോകാൻ കഴിയണമെന്നു തന്നെയാണ് സംസ്ഥാന ഗവൺമെന്റ് പലതവണ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. പക്ഷെ അക്കാര്യത്തിൽ ഇതുവരെ അനുകൂല നിലപാടുണ്ടായിട്ടില്ല. അനുകൂല നിലപാട് സ്വീകരിക്കാത്തതിൽ ന്യായീകരണമൊന്നും കേന്ദ്ര ഗവൺമെന്റിന് പറയാൻ കഴിയില്ല. കാരണം മുൻപ് അവിടെനിന്നും ഹജ്ജ് യാത്രക്കാരെയും കൊണ്ട് വിമാനങ്ങൾ പോകുകയും തിരിച്ചിറങ്ങുകയും ചെയ്തിട്ടുണ്ട്. വലിയ വിമാനങ്ങൾ തന്നെ അവിടെ ഇറങ്ങുകയും പോകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പഴയ നിലയിലേയ്ക്ക് ആ എയർപോർട്ട് മാറിക്കഴിഞ്ഞിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് തരുമെന്ന് തന്നെയാണ് സർക്കാർ ഉറപ്പു നൽകുന്നത്. ഞങ്ങളുടെ വാചകംതന്നെ ഇതായിരുന്നു. 'ഭൂമി ഏറ്റെടുത്ത് തരുമെന്ന് സംസ്ഥാന സർക്കാർ ഉറപ്പുനൽകുന്നു. ആ ഉറപ്പ് മാനിച്ച് പഴയതുപോലെ വിമാനം അവിടെ ഇറങ്ങാൻ അനുവദിക്കണം.' പക്ഷെ അതിനനുകൂലമായ നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സൗകര്യങ്ങളുടെ മാത്രം പ്രശ്നമാണെങ്കിൽ നമ്മൾ നൽകിയ ഉറപ്പിൻമേൽ ഇതെല്ലാം നടക്കേണ്ടതാണ്. അതിനപ്പുറം ചില പ്രശ്നങ്ങളുണ്ടോ എന്നാണ് സ്വാഭാവികമായും ശങ്കിക്കേണ്ടത്. ഏതായാലും അനുവദിക്കേണ്ടത് കേന്ദ്രത്തിൽ നിന്നായതുകൊണ്ട് അവരോട് തുടർച്ചയായി ആവശ്യപ്പെടാൻ മാത്രമേ സാധിക്കുകയുള്ളു. അത് നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നുണ്ട്.

കൊച്ചി എയർപോർട്ടിലെ പുതിയ ടെർമിനൽ അടുത്തുതന്നെ തുറന്നുകൊടുക്കാൻ പോ

കുകയാണ്. കൊച്ചി മെട്രോയുടെ കാര്യത്തിൽ എന്താണ് നടന്നതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. കൊച്ചി മെട്രോ ഒരു ഘട്ടം വരെ സർവ്വീസ് നടത്താൻ സന്നദ്ധമായി നിൽക്കുകയാണ്. പാലാരിവട്ടം വരെയുള്ള റൂട്ടിൽ സർവ്വീസ് തുടങ്ങിയാലോയെന്ന് ഒരു ആലോചന നടന്നതാണ്. കൊച്ചിയിലെ എല്ലാ എം.എൽ.എ.മാരുമായി ചർച്ച നടത്തിയിരുന്നു. എല്ലാവരുടെയും ഏകകണ്ഠമായ അഭിപ്രായം, 'പാലാരിവട്ടംവരെ ആയാൽ ശരിയാകില്ല, അത് മഹാരാജാസ് കോളേജ് വരെ വേണം. എന്നിട്ട് തുടങ്ങുന്നതാണ് നല്ലത്.' അതിന്റെ ഭാഗമായിട്ടാണ് മഹാരാജാസ് വരെ ആയതിന് ശേഷം തുടങ്ങാമെന്ന് നിശ്ചയിച്ചത്. ഇപ്പോൾ വീണ്ടും പാലാരിവട്ടം വരെ സർവ്വീസ് നടത്താൻ എല്ലാം റെഡിയായിട്ടുണ്ടെന്നും അത് നല്ലതാണെന്നും പറഞ്ഞ് എന്നെ സമീപിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് വിവരം അറിയിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഈ സമ്മേളനത്തിനിടയ്ക്ക് എറണാകുളത്തെ എം.എൽ.എ.മാരുമായി ചർച്ച നടത്തി എന്ത് വേണമെന്ന് തീരുമാനിക്കാം.

ബയോടെക്നോളജി രംഗത്ത് വേണ്ടത്ര വികസനം ഉണ്ടാക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. ആ രംഗം വികസിപ്പിക്കാൻ നമുക്ക് കഴിയണം. മുമ്പ് ആ രംഗത്ത് നല്ലതുപോലെ വികസനം ഉണ്ടായിരുന്നതാണ്. അതാണല്ലോ ആയുർവ്വേദം വികസിച്ചതിന്റെ അടിസ്ഥാനം അത് കൂറെക്കൂടി നല്ല രീതിയിൽ വികസിപ്പിക്കാൻ കഴിയേണ്ടതായിട്ടുണ്ട്.

ഞാൻ ബന്ധപ്പെട്ട ആളുകളിൽ നിന്നുണ്ടായ ഒരു അനുഭവമാണ് പറയുന്നത്. പല സംരംഭകരേയും ഈ ഘട്ടത്തിൽ എനിയ്ക്ക് കാണാൻ കഴിഞ്ഞു. അവർക്കെല്ലാം മലയാളികളുടെ നൈപുണ്യത്തെക്കുറിച്ച് വലിയ മതിപ്പാണ്. നമ്മുടെ നൈപുണ്യത്തെ കുറിച്ചുള്ള വിശ്വാസം അവരെല്ലാവരും രേഖപ്പെടുത്തുന്നു. ഇവിടെ മുതൽമുടക്കാനും അവർ എല്ലാവരും തയ്യാറാണ്. അത്തരമൊരു അനുകൂല സാഹചര്യം നമ്മുടെ നാട്ടിലുണ്ട്. അത് പൊതുവിൽ നാം മനസ്സിലാക്കേണ്ട കാര്യമാണ്.

സംസ്ഥാനത്തെ ഭരണ പരിപാടികളുടെ വേഗത കൂട്ടുന്നതിന് ജില്ലാ കളക്ടർമാർ താഴെ തലത്തിൽ ബന്ധപ്പെട്ടുകൊണ്ട് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞിരുന്നു. 'ഭരണം ജനങ്ങളിലേയ്ക്ക്' എന്ന മുദ്രാവാക്യത്തോടെയുള്ള ജനസമ്പർക്ക പരിപാടി, മുൻകൂട്ടി നിശ്ചയിച്ച് ജില്ലാ കളക്ടർമാർക്ക് താലൂക്ക് അടിസ്ഥാനത്തിൽ നല്ല രീതിയിൽ നടത്താൻ കഴിയുന്നതാണ്.

അഴിമതിക്കെതിരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. വിജിലൻസുമായി ബന്ധപ്പെട്ട പ്രശ്നമുണ്ട്. നമ്മുടെ നാട്ടിലുള്ള ഏതൊരാളുടേയും ഒറ്റനാണയം പോലും അനർഹരുടെ കയ്യിലെത്താൻ ഒരു തരത്തിലും ഇടവരില്ല. അത് ഉറപ്പുവരുത്തും എന്നതുതന്നെയാണ് സർക്കാരിന്റെ നയം. ഒരു കാര്യം ആവർത്തിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റെ സർക്കാരല്ല. എല്ലാവരേയും ഒരേപോലെ കണ്ട്, എല്ലാവരും ഒന്നാണെന്ന് ബോധ്യപ്പെടുത്തി, ജനങ്ങൾക്കിടയിൽ സമാധാനവും സാഹോദര്യവും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന, എല്ലാവരുടേയും സർക്കാരാണ്. ജനങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ജനങ്ങളുടെ സർക്കാരാണിത്. ജനങ്ങളുടെ ജീവിത നിലവാരമുയർത്താൻ ബാധ്യസ്ഥരായ നമ്മളെല്ലാം ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ച് ഇവിടെ എത്തിയവരാണ്. അതുകൊണ്ട് ജനകീയമായ പദ്ധതികൾ നടപ്പാക്കുന്നതിന് ഒറ്റക്കെട്ടായി നിൽക്കാൻ നമുക്ക് കഴിയണം. ഇക്കാര്യത്തിൽ നിങ്ങളെല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ബഹുമാന്യനായ ടി. എ. അഹമ്മദ് കബീർ സംസാരിക്കുമ്പോൾ, 'അഴിമതിയുടെ കാര്യമൊ

ന്നും നിങ്ങൾ പറയേണ്ട. ദേശാഭിമാനിക്ക് കൂറ്റൻ കെട്ടിടം എങ്ങനെ വന്നു; കൈരളി എങ്ങനെ വന്നു?''എന്നൊക്കെ ചോദിക്കുകയുണ്ടായി. ദേശാഭിമാനിക്ക് കൂറ്റൻ കെട്ടിടം എങ്ങനെയുണ്ടായി എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നാട്ടുകാർ ഞങ്ങളുടെ കൂടെ നിൽക്കുമ്പോൾ ദേശാഭിമാനിക്ക് കെട്ടിടമുണ്ടാക്കുന്നതിന് ഒരു പ്രയാസവുമില്ലെന്ന് എല്ലാവർക്കും അറിയാം. എങ്ങനെയാണ് ശ്രീ. ടി. എ. അഹമ്മദ് കബീറിന് അങ്ങനെയൊരു വ്യംഗ്യത്തിൽ മറ്റ് കാര്യങ്ങൾ പറയാൻ തോന്നിയതെന്ന് പിടികിട്ടുന്നില്ല. കൈരളിയുടെ കാര്യം, അതെങ്ങനെയാണ് രൂപം കൊണ്ടതെന്ന് നിങ്ങളുടെ നേതാവിനോട് തന്നെ ചോദിച്ചാൽ മതി. കൈരളി രൂപം കൊള്ളുന്ന ഘട്ടത്തിൽ ചിലർ അതിന്റെ ഷെയർ ശേഖരിക്കാൻ വേണ്ടി നടന്നിരുന്നു. രാജ്യത്തിനകത്തും പുറത്തുമൊക്കെ പോയിരുന്നു. അതിലൊന്ന് ശ്രീ. അബ്ദുൾ വഹാബായിരുന്നു. ഈ അടുത്ത ദിവസം ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി ജനറൽ സെക്രട്ടറിയും ശ്രീ. വഹാബ് മറ്റൊരു ഭാരവാഹിത്വവും കണ്ടതായിട്ട് എനിക്ക് തോന്നി. അത് ആ വഹാബ് തന്നെയാണെന്നാണ് എനിക്ക് തോന്നിയത്. അങ്ങനെയാകുമ്പോൾ ഇദ്ദേഹത്തിന്റേയും കൂടി നേതാവായി അദ്ദേഹം വന്നില്ലേ? അപ്പോൾ ശ്രീ. വഹാബിനോട് ചോദിച്ചാൽ മതി.

സർ, അത് തന്നെയാണ് ഞാനും ഉദ്ദേശിച്ചത്. പിന്നെ എന്തിനാണ് ശ്രീ. ടി. എ. അഹമ്മദ് കബീർ അങ്ങനെ പറഞ്ഞതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ ചില പ്രശ്നങ്ങൾ ഗൗരവമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇടതുപക്ഷം ഒച്ചപ്പാടും ബഹളവും മാത്രമേ ഉണ്ടാക്കുന്നുള്ളു എന്നാണ് അദ്ദേഹം പരാമർശിച്ചത്. ഞങ്ങൾ ഒച്ചപ്പാടിലും ബഹളത്തിലുമല്ല വിശ്വസിക്കുന്നത്, കാര്യങ്ങൾ കൃത്യമായി നടപ്പാക്കണമെന്ന് തന്നെയാണ് ആഗ്രഹിക്കുന്നത്. പ്രതിപക്ഷം ഉന്നയിച്ച വിമർശനം അതിന്റേതായ അർത്ഥത്തിൽത്തന്നെ ഞങ്ങൾ ഉൾക്കൊള്ളുകയാണ്. ഞങ്ങളുടെ ഭാഗത്ത് പ്രവർത്തനങ്ങൾ നടത്തുന്നതിൽ പ്രതിപക്ഷം ആഗ്രഹിക്കുന്ന വേഗതയുണ്ടായില്ല എന്നാണ് അവർ ഉന്നയിച്ച വിമർശനം അത് പോസിറ്റീവായി എടുത്താൽ മതിയല്ലോ. എന്നാൽ ഇവിടെ കാര്യങ്ങൾ തീരെ നടക്കാതായിട്ടില്ല. ഞങ്ങൾ കൃത്യമായ രീതിയിൽ ഭരണ നടപടികൾ മുന്നോട്ട് കൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ഈ നാടിന്റെ അഭിവൃദ്ധിക്കുതകുന്ന വിവിധ പദ്ധതികൾ നടപ്പാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുതകുന്ന ഒട്ടേറെ കാര്യങ്ങൾ ഈ എട്ട് മാസത്തിനിടയ്ക്ക് ചെയ്തിട്ടുണ്ട്, ഇനി വരുന്ന മാസങ്ങളിൽ അത് കുറെക്കൂടി വേഗതയിൽ നടക്കുകയും ചെയ്യും. അതൊന്നും കേവലമായ സ്വപ്നങ്ങളായി കിടക്കുന്ന കാര്യങ്ങളല്ല എന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

പദ്ധതി വിഹിതം ചെലവാകാത്തതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 2011 മുതൽ 2017 ജനുവരി വരെയുള്ള പദ്ധതി വിനിയോഗത്തിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. അതെല്ലാം 50 ശതമാനത്തിൽ താഴെയായിരുന്നു. ഒരു വർഷവും 50 ശതമാനത്തിന് മുകളിൽ പോയിട്ടില്ല. യഥാർത്ഥത്തിൽ ഇതെന്തുകൊണ്ടാണ് സംഭവിക്കുന്നത്? സംസ്ഥാനം ഉണ്ടായ കാലംതൊട്ട് നിലനിൽക്കുന്ന ഒരു സമ്പ്രദായം, പദ്ധതി വിഹിതം ചെലവിടുന്നതിന്റെ ഒരു സംസ്കാരം, അവസാനത്തെ മൂന്നു മാസം എങ്ങനെയെങ്കിലും പണം ചെലവിടുക എന്നുള്ള ഒരു രീതി സംസ്ഥാനത്ത് നിലവിലുണ്ട്. ഇത്തവണ അതിനെക്കുറിച്ച് ചർച്ച ചെയ്ത് ഒരു പുതിയ മാനദണ്ഡം അംഗീകരിച്ചു. അതനുസരിച്ച് വർഷാരംഭത്തിൽത്തന്നെ ചെലവിടൽ തുടങ്ങണം. സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്നുമാസമായ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 30 ശതമാനത്തിലധികം തുക ബാക്കിനിൽക്കാൻ പാടില്ല. മാർച്ച് മാസം 15 ശതമാനത്തിൽ കൂടുതൽ ചെലവിടാനും പാടില്ല. ഇത് അടുത്ത വർഷം പൂർണ്ണമായും നടപ്പാക്കണമെന്ന് വാശിയോടെ

പറഞ്ഞിട്ടുണ്ട്. എല്ലാവരും സഹകരിച്ചാൽ അത് നടപ്പാക്കാൻ കഴിയും. അടുത്ത വർഷം ആദ്യ ഘട്ടത്തിൽത്തന്നെ പണം ചെലവിട്ട് തുടങ്ങാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. അസാധ്യമായ ഒരു കാര്യമല്ലിത്.

വൈ-ഫൈ ഹോട്ട്സ്പോട്ട് പദ്ധതിയെക്കുറിച്ച് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറയുകയുണ്ടായി. 2016-17ലെ ആയിരം വൈ-ഫൈ ഹോട്ട്സ്പോട്ട് പദ്ധതിക്ക് ഭരണാനുമതിയായിട്ടുണ്ട്. 2017-18-ൽ ആയിരം വൈ-ഫൈ ഹോട്ട്സ്പോട്ട് പദ്ധതിയും കൂടി ടെണ്ടർ ചെയ്യുകയാണ്. ജൂലൈ-ഓഗസ്റ്റ് മാസം കൊണ്ട് അത് പൂർത്തിയാക്കാൻ കഴിയും.

സംസ്ഥാനത്ത് ഐ.എ.എസ്-കാർക്ക് ചില ആശങ്കകളുണ്ടായി എന്നുള്ളത് ശരിയാണ്. അതിന്റെ ഭാഗമായി അവരിൽ ചില വികാരപ്രകടനങ്ങളുമുണ്ടായിരുന്നു. എന്നാൽ സർക്കാരുമായുള്ള ചർച്ചയിൽ അത്തരമൊരു ആശങ്കയ്ക്ക് അടിസ്ഥാനമില്ല എന്ന് അവർക്ക് പൂർണ്ണമായും ബോദ്ധ്യമായിട്ടുണ്ട്. ഒരു തരത്തിലുള്ള അകൽച്ചയും ഭരണകൂടവും ഐ.എ.എസ്. ഉദ്യോഗസ്ഥരും തമ്മിലില്ല. എല്ലാ കാര്യങ്ങളിലും സഹകരിച്ചുകൊണ്ട് നല്ല വിശ്വാസത്തോടുകൂടി തന്നെയാണ് കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. വിഘടിച്ചു നിൽക്കുന്ന നിലപാട് ഐ.എ.എസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടെന്ന് പറയാൻ പറ്റില്ല. എന്നാൽ ചില പ്രശ്നങ്ങൾ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് തലത്തിൽ ഉണ്ടായിട്ടുണ്ട്. സെക്രട്ടേറിയറ്റ് ജീവനക്കാരിൽ ഒരു വിഭാഗത്തിന് അതിനോട് കടുത്ത പ്രതിഷേധമുണ്ട്. അത് സ്വാഭാവികമാണ്, ആ പ്രതിഷേധം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇക്കാര്യത്തിൽ അവർക്കുള്ള ആശങ്ക അകറ്റാൻ സർക്കാർ ശ്രമം നടത്തിയെങ്കിലും അവർക്ക് അതിനോട് പൂർണ്ണ യോജിപ്പുണ്ടായില്ല. നിങ്ങൾ നേരത്തെയുള്ള നിലപാട് എന്തിനാണ് മാറ്റിയത്? കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കുക എന്ന നിലപാടാണ് യു.ഡി.എഫ്-ന് നേരത്തെ ഉണ്ടായിരുന്നത്. അത് നടപ്പിലാക്കുന്നതിനു വേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് നിലപാടെടുത്തതാണ്. ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ അതുമായി ബന്ധപ്പെട്ട നടപടികൾക്ക് തുടക്കം കുറിച്ചു. ഇപ്പോൾ എന്തിനാണ് നിങ്ങൾ അതിൽ നിന്ന് പുറകോട്ട് പോകുന്നത്? നമുക്കത് നടപ്പാക്കുകയല്ലേ വേണ്ടത്.

സർ, അത് ഫയലിൽ കാണാനില്ല. ഏതായാലും ഇപ്പോഴത്തെ അവസ്ഥയിൽ സെക്രട്ടേറിയറ്റ് സർവ്വീസുകൂടി ഉൾപ്പെട്ടുകൊണ്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസാണ് നല്ലതെന്നുള്ളതാണ് തീരുമാനം അതാണ് നിങ്ങളും നേരത്തെ എടുത്ത നിലപാട്. അതിനോട് സെക്രട്ടേറിയറ്റ് സർവ്വീസുകാർക്ക് പ്രതിഷേധം ഉണ്ടായിരുന്നു എന്നുള്ളത് ശരിയാണ്. പക്ഷേ, അതുകൂടി ഉൾപ്പെടുത്തികൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കാമെന്നുള്ളതു തന്നെയാണ് സർക്കാരിന്റെ നിലപാട്. അക്കാര്യത്തിൽ നിങ്ങളുടെ സഹകരണം ഉണ്ടാവുകയാണ് വേണ്ടത്.

വിജിലൻസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇപ്പോഴുള്ള ഹൈക്കോടതി ഇടപെടൽ സ്വാഗതാർഹമാണ്. പ്രതിപക്ഷ നേതാവ് പരാമർശിച്ച ജഡ്ജ്മെന്റ് നേരത്തെ പറഞ്ഞതുപോലെ ഒരു ലാന്റ് മാർക്ക് ജഡ്ജ്മെന്റാണ്. നല്ല ഇടപെടലാണ് ആ കാര്യത്തിലുണ്ടായത്. അതിന്റെ അന്തഃസത്ത ജനാധിപത്യ വ്യവസ്ഥിതിയിൽ ക്യാബിനറ്റ് സിസ്റ്റത്തിനുള്ള പ്രാധാന്യം ഊന്നിക്കൊണ്ടുള്ളതാണ്. അതിനോട് ഒരു വിയോജിപ്പും ഈ സർക്കാരിനില്ല. അത് ശരിയായിട്ടുള്ള വിലയിരുത്തൽ തന്നെയാണ്. ആ ജഡ്ജ്മെന്റിൽ വിജിലൻസിനെക്കുറിച്ചും വിജിലൻസ് കോടതിയെക്കുറിച്ചുമുള്ള ഭാഗങ്ങളുണ്ട്. ഉദാഹരണത്തിന്, ശ്രീ. രമേശ് ചെന്നിത്തല പിണറായി വിജയനെതിരെ ഒരു പെറ്റീഷൻ കൊടുത്താൽ ആ പെറ്റീഷനിൽ എന്തെങ്കിലും വസ്തുതയുണ്ടോയെന്ന് പരിശോധിക്കാൻ സാധാരണ രീതിയിലുള്ള സമയമെടുക്കാതെ വി

ജിലൻസ് നേരെ അന്വേഷണത്തിലേക്ക് കടക്കുകയാണ്. ചിലർ പെറ്റീഷൻ കൊടുക്കാൻവേണ്ടി മാത്രം ജനിച്ചവരാണ്, അവർ പെറ്റീഷൻ അയച്ചു കൊണ്ടേയിരിക്കും; എന്നാൽ അതിൽ പറയുന്ന കാര്യങ്ങളിൽ എന്തെങ്കിലും വസ്തുതയുണ്ടോ ഇല്ലയോ എന്നുള്ള കാര്യത്തിൽ ഒരു പരിഗണനയുമില്ല; നമ്മുടെ നാടിന്റെ ഇപ്പോഴുള്ള അവസ്ഥ ഇതാണ്. തുടർന്ന് അന്വേഷണത്തിലേയ്ക്ക് പോകുകയും അതുസംബന്ധിച്ച് വലിയ തോതിലുള്ള തലക്കെട്ടുകൾ വരികയും ചെയ്യുന്നു. വിജിലൻസ് അന്വേഷണം എന്നു പറഞ്ഞാൽ വലിയ തെറ്റ് ചെയ്തു എന്നുള്ള പ്രതീതിയും നാട്ടിലുണ്ട്. അതേസമയം ഇത് അന്വേഷിച്ചില്ലെങ്കിൽ എന്തുകൊണ്ടാണ് അന്വേഷിക്കാത്തതെന്ന് ചോദിച്ച് വിജിലൻസ് കോടതി ഇടപെടും. അപ്പോൾ വിജിലൻസിനെ, വിജിലൻസ് കോടതി വിമർശിച്ചു എന്നുള്ള വാർത്ത വരുന്നു. വിജിലൻസ്, കോടതിയെ ചൂണ്ടിക്കാണിച്ചു കൊണ്ട് വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുന്നു. ഈ രണ്ടു കാര്യങ്ങളും ബഹുമാന്യനായ ജഡ്ജി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഇത് എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്നുള്ളതിന് ഒരു ക്രമീകരണം ആവശ്യമാണ്; പെറ്റീഷൻ വന്നാൽ ഉടൻതന്നെ കുറ്റവാളിയെപ്പോലെ അന്വേഷിക്കാൻ പുറപ്പെടുകയാണോ വേണ്ടത്?

സർ, എനിക്ക് നിയമത്തിൽ പരിജ്ഞാനം കുറവായതിനാൽ ഇതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശം വേണമെന്നും അതിനുവേണ്ടി ഹൈക്കോടതിയെ സമീപിക്കുമെന്നൊരു അഭിപ്രായം ആദ്യം പറഞ്ഞിരുന്നു. അങ്ങനെ പറഞ്ഞത് അബദ്ധമായിരുന്നു. കാരണം ഹൈക്കോടതിയുടെ പരാമർശമായിട്ടാണ് ഇത് വന്നത്. ഹൈക്കോടതിക്ക് മറ്റാരെയും സമീപിക്കാൻ സാധിക്കില്ല. ഇപ്പോൾ ഹൈക്കോടതിയിൽ ഇത് കൈകാര്യം ചെയ്യുന്ന ബഞ്ചിന്റെ ഭാഗമായിട്ടാണ് അദ്ദേഹത്തിൽ നിന്നും ഈ പ്രതികരണം വന്നിട്ടുള്ളത്. അദ്ദേഹത്തിൽ നിന്നുതന്നെ കൂടുതൽ കാര്യങ്ങൾ മാർഗ്ഗനിർദ്ദേശമായി വരുന്നത് പൊതുവിൽ സഹായകരമായിരിക്കും.

സർ, അതുസംബന്ധിച്ച് ഞാൻ നേരത്തെ വ്യക്തമാക്കി. അതിന്റെ മെറിറ്റിലേയ്ക്കല്ല ഞാൻ പോകുന്നത്. ക്യാബിനറ്റ് ഒരു തീരുമാനമെടുത്താൽ അത് തീരുമാനമാണ്. ആ നിലയിൽ നമുക്ക് അതിനെ കാണാം. ഞങ്ങളും അത് അംഗീകരിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അതേ ബഞ്ചിൽ നിന്നുതന്നെ ഒരു മാർഗ്ഗ നിർദ്ദേശം വരുന്നതാണ് നമുക്ക് നല്ലത്. ഇതാണ് അക്കാര്യത്തിൽ സർക്കാരിന്റെ നിലപാട്.

ബി.ജെ.പി.-യുടെ റിക്രൂട്ടിംഗ് ഏജന്റുമാരായി നിങ്ങൾ മാററുതെന്ന് പ്രതിപക്ഷ നേതാവ് പറയുകയുണ്ടായി. കോൺഗ്രസ്സുകാരെ ബി.ജെ.പി.-യിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്ന റിക്രൂട്ടിംഗ് ഏജന്റുമാരായി ഞങ്ങൾ മാററുതെന്നാണ് അദ്ദേഹം പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഞങ്ങളുടെ ഉത്തരവാദിത്വമല്ല. കോൺഗ്രസ്സിലെ എൻ.ഡി. തിവാരിയെപ്പോലുള്ള ആളുകൾ ബി.ജെ.പി.യിലേയ്ക്ക് പോകുന്ന നിലപാട് സ്വീകരിക്കുന്നത് എന്തുകൊണ്ടാണ്? തിവാരി നമ്മളെല്ലാം ജനിക്കുന്നതിനുമുമ്പ് കോൺഗ്രസ് പാർട്ടിയിലുള്ള ആളാണല്ലോ? എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്? നമ്മൾ മതനിരപേക്ഷമാണ് എന്ന് പറഞ്ഞതുകൊണ്ടുമാത്രം കാര്യമില്ല. മതനിര പേക്ഷതയുടെ ഭാഗമായി നിന്നുകൊണ്ട് വർഗ്ഗീയതയെ വിട്ടുവീഴ്ചയില്ലാതെ എതിർക്കണം. അതിന് പലപ്പോഴും അബദ്ധങ്ങൾ കാണിക്കുന്നുണ്ട്. മാത്രമല്ല, ചില ഘട്ടങ്ങളിൽ വർഗ്ഗീയതയുമായി സമരസപ്പെടാനും ശ്രമിക്കുന്നുണ്ട്. അതിൽ നിന്നാണ് മാറേണ്ടത്. ഞങ്ങളല്ല തെറ്റുകാരെന്നതാണ് എനിക്കതിൽ വ്യക്തമാക്കാനുള്ളത്. ഞങ്ങൾക്ക് ഇപ്പോൾ കോൺഗ്രസ്സിനെ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കേണ്ട കാര്യമെന്താണ്; കോൺഗ്രസ്സ് ഇപ്പോൾ ദുർബ്ബലമായി കിടക്കുകയല്ലേ? ആർക്കും ദയനീയമായി തോന്നുന്ന ഒരവസ്ഥയിലല്ലേ കോൺഗ്രസ്സ് ഇപ്പോൾ നിൽക്കുന്നത്. ഞങ്ങൾ കോൺഗ്രസ്സിനെ ദുർബ്ബലപ്പെടുത്താൻ ശ്രമി

ക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്, ഞങ്ങൾ അതിന് നേരത്തെ ശ്രമിച്ചിട്ടുണ്ട്, എന്നാൽ ഇപ്പോൾ നിങ്ങൾ വളരെ ദുർബ്ബലമായി കിടക്കുകയാണ്. സഹതാപത്തോടെയാണ് ഞങ്ങൾ നിങ്ങളെ നോക്കുന്നത്.

ആർ.എസ്.എസ്. കൊലവിളി പ്രസംഗം നടത്തുന്നു, നിങ്ങൾ കേസെടുത്തോ എന്നൊക്കെ ചോദിക്കുകയുണ്ടായി. കേസ് എടുക്കാൻ പറ്റുന്ന തരത്തിലുള്ള പ്രസംഗങ്ങൾ ഏതെങ്കിലും നടന്നിട്ട് ഒഴിവായി പോയിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കാം. അതേസമയം ഇവിടെ തൊഗാഡിയ വന്ന് പ്രസംഗിച്ചതിന് സമൂഹത്തിലാകെ വലിയ പ്രതിഷേധം രേഖപ്പെടുത്തി. പോലീസിന്റെ നിർദ്ദേശം ലംഘിച്ചുകൊണ്ടായിരുന്നു പ്രസംഗിച്ചത്. അതിനെതിരെ കേസ്സെടുത്തത് എന്തിനാണ് നിങ്ങൾ പിൻവലിച്ചത്. നിങ്ങളുടെ കാലത്താണ് അത് പിൻവലിച്ചത്.

സർ, അതുസംബന്ധിച്ച് പരിശോധിക്കുമെന്ന് ഞാൻ സഭയിൽ നേരത്തെ പറഞ്ഞിട്ടുണ്ട്. ശ്രീ. പ്രവീൺ തൊഗാഡിയയുടെ കാര്യം മാത്രമല്ല, എം.ജി. കോളേജിൽ ഒരു സർക്കിൾ ഇൻസ്പെക്ടറെ ബോംബെറിഞ്ഞ് കാൽ തകർത്ത കേസ് കൂടിയുണ്ട്. 307 വകുപ്പുപ്രകാരമാണ് അന്ന് കേസ് എടുത്തത്. അത് പോലീസുകാരെ പരിക്കേൽപ്പിച്ചതായതുകൊണ്ട് സ്വാഭാവികമായും ശക്തമായി കേസ് നടത്തുകയല്ലേ ചെയ്യേണ്ടത്; നിങ്ങളുടെ ഭരണകാലത്ത് ആ കേസും പിൻവലിച്ചു കൊടുത്തില്ലേ? നിങ്ങൾ കാണിച്ച ദൗർബല്യം ഞങ്ങളിൽ നിന്നും ഏതായാലും ഉണ്ടാകാൻ പോകുന്നില്ല. അത്തരമൊരു ദൗർബല്യവുമില്ലാതെ ഞങ്ങൾ മുന്നോട്ടു പോവുക തന്നെ ചെയ്യും.

തൊട്ടതിനൊക്കെ കേന്ദ്രത്തെ കുറ്റം പറയുന്നുവെന്നാണ് ബഹുമാന്യനായ ഒ. രാജഗോപാൽ പറയുന്നത്. ഈ സർക്കാർ വന്നത് കേന്ദ്രവുമായി ഏറ്റുമുട്ടാനാണെന്നുള്ള ധാരണയിൽ അദ്ദേഹം നിൽക്കേണ്ടതില്ല. എന്നാൽ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിന് തടസ്സമുണ്ടാക്കുന്ന നയം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ല. അങ്ങനെയൊരു നയമുണ്ടായാൽ അത് ജനങ്ങളോട് തുറന്നു പറയേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയല്ലേ; അതാണല്ലോ സർക്കാർ ചെയ്യുന്നത്. കേരളത്തിന്റെ റേഷൻ പ്രശ്നം നമ്മളിവിടെ ചർച്ച ചെയ്തു. അതിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാട് ഇതാണെന്ന് പറയാൻ ഈ സർക്കാർ ബാദ്ധ്യസ്ഥമാണ്. അതുപോലെ കേരളത്തിന്റെ ആരോഗ്യരംഗത്തെ രീതികളൊക്കെ പരിശോധിച്ചാൽ 'എയിംസ്' കേരളത്തിന് നൽകാതെ എവിടെയാണ് കൊടുക്കാൻ പറ്റുന്നത്? ഇക്കാര്യം മതിയായ സമയത്തിനു മുമ്പുതന്നെ കേന്ദ്രത്തിന്റെ ശ്രദ്ധയിൽ പെടുത്തിയതാണ്.

സർ, ഇതുമായി ബന്ധപ്പെട്ട് മുൻ മുഖ്യമന്ത്രി പറഞ്ഞ കാര്യം പൂർണ്ണമായും വസ്തുതാപരമാണ്. ഇവിടെനിന്നും നേരത്തെ നാല് സ്ഥലങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം അതേ നാല് സ്ഥലങ്ങൾ തന്നെ വീണ്ടും അറിയിച്ചു. എന്നിട്ടും അതിന് പ്രതികരണമൊന്നുമില്ലെന്ന് വന്നപ്പോൾ നാല് സ്ഥലം നിങ്ങളെ അറിയിച്ചിട്ടുണ്ടെന്നും ഇനി ഒരു സ്ഥലമാണ് അറിയിക്കേണ്ടതെങ്കിൽ അതും അറിയിച്ചുകൊണ്ട് ഞങ്ങൾ എഴുതി. ഇത് ബഡ്ജറ്റ് വരുന്നതിനും വളരെ മുമ്പ് അറിയിച്ചതാണ്. പക്ഷെ, ഇത്തവണയും പരിഗണിച്ചില്ല. ഞാൻ നേരിട്ട് സംസാരിച്ച കാര്യം ഇപ്പോൾ വെളിപ്പെടുത്തുന്നില്ല. കിട്ടാൻ പോകുന്നില്ലെന്ന് സംസാരിച്ചപ്പോൾത്തന്നെ ബോദ്ധ്യമായിരുന്നു. അങ്ങനെയൊരു സമീപനമാണ് കേന്ദ്ര ഗവൺമെന്റിന്റേത്. അപ്പോൾ അത് തുറന്ന് കാണിക്കാതിരിക്കാൻ പറ്റുമോ? സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാനാണ് നിലകൊള്ളുന്നത്. സംസ്ഥാന താല്പര്യത്തിനെതിരായ നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ അത് തുറന്നുപറയാനുള്ള ബാധ്യത ഈ സർ

ക്കാരിനുണ്ട്. അതാണ് ഞങ്ങൾ ചെയ്തിട്ടുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ പുതിയൊരു തലത്തിലേയ്ക്ക് എത്തിക്കാനാണ് ഗവൺമെന്റ് ഉദ്ദേശി ക്കുന്നത്. അതിന് പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സർ, പൂർണ്ണമായും വസ്തുതാവിരുദ്ധമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാ ണിച്ചത്. ആർ.എസ്.എസ്.-മായി ഒരു ഘട്ടത്തിലും സി.പി.ഐ.(എം) കൂട്ടുകൂടിയിട്ടില്ല.

സർ, വെല്ലുവിളി പൂർണ്ണമായും ഏറ്റെടുത്തിരിക്കുന്നു. ആർ.എസ്.എസ്.-മായി ഒരു ഘട്ടത്തി ലും സി.പി.ഐ.(എം) കൂട്ടുകൂടിയിട്ടില്ല. ഒരു കാര്യം കൂടി പറയട്ടെ, ശ്രീ. കുമ്മനം രാജശേഖരനു മായി അടച്ചിട്ട മുറിയിൽ ഇരുന്നത് എന്തിനാണെന്ന് നേരത്തെ ഇവിടെ ചോദിച്ചിരുന്നു. അടച്ചിട്ട മുറിയിൽ ഇരുന്നു എന്നത് വസ്തുതയാണ്. ശ്രീ. കുമ്മനം രാജശേഖരൻ മാത്രമല്ല, ആർ.എ സ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും സി.പി.ഐ.(എം)-ന്റെയും നേതാക്കളുണ്ടായിരുന്നു. ഞാൻ അവരെ വിളിച്ചുവരുത്തിയതാണ്. നിങ്ങൾ തമ്മിൽ ചർച്ച ചെയ്തുകൂടെ എന്നൊരു പ്രശ്നം അന്ന് സമാധാന സംഭാഷണത്തിന്റെ ഭാഗമായി ഉയർന്നുവന്നിരുന്നു. അതിന്റെ ഭാഗമായി കണ്ണൂരിൽ സമാധാന സംഭാഷണം നടത്താൻ ഞാൻ പോകുന്നതിനു മുമ്പായി രണ്ടു കൂട്ടരെയും വിളിച്ചിരുത്തി സംസാരിച്ചിരുന്നു. അക്കാര്യം ഞാൻ പിന്നീട് പത്രക്കാരോട് പറയുക യും ചെയ്തു. അന്ന് സംസാരിച്ചതിന് അതിന്റേതായ ഫലമുണ്ടെന്ന് തന്നെയാണ് തോന്നുന്നത്, മോശമായ സ്ഥിതിയല്ല പിന്നീടുണ്ടായിട്ടുള്ളത്. പിന്നീട് കണ്ണൂരിലുണ്ടായ സംഭവങ്ങൾ പരിശോ ധിച്ചാൽ പഴയ അതേ നിലയിലല്ല സംഭവങ്ങളുണ്ടായിട്ടുള്ളത്. എവിടെയെങ്കിലും ആക്രമ സം ഭവങ്ങളുണ്ടായാൽ രണ്ടുകൂട്ടരും ഒന്നിച്ച് അവിടെ പോയി അതിനെ അപലപിക്കുന്ന നിലപാട് സ്വീകരിക്കണം എന്നൊക്കെ തീരുമാനിച്ചിട്ടുണ്ട്. നല്ല രീതിയിലാണ് ആ സമാധാന സംഭാഷണം അവസാനിപ്പിക്കാൻ കഴിഞ്ഞത്.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

# സോളാർ അഴിമതി

സർ, സോളാർ തട്ടിപ്പ് സംബന്ധിച്ച് എൽ.ഡി.എഫ്. നിയമസഭയ്ക്കകത്തും പുറത്തും നടത്തിയ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ 29-10-2013-ലെ എസ്.ആർ.ഒ. നമ്പർ 863/2013 വിജ്ഞാപനത്തിലൂടെ ഉത്തരവായ ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് സെക്ഷൻ 3(4) പ്രകാരം റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടും ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

സംസ്ഥാനത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട സോളാർ തട്ടിപ്പ് കേസും അതിൽ രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണ നേതൃത്വത്തിലുള്ളവരുടെ കുറ്റകരമായ പങ്കും അന്വേഷിക്കുന്നതിന് 28-10-2013-നാണ് മുൻ സർക്കാർ ജസ്റ്റിസ് (റിട്ട.) ജി. ശിവരാജനെ അന്വേഷണ കമ്മീഷനായി നിയോഗിച്ചത്. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് പ്രകാരമുള്ള അന്വേഷണം പുരോഗമിക്കുന്നതോടൊപ്പം കമ്മീഷൻ കണ്ടെത്തിയ ചില വസ്തുതകളുടെ വെളിച്ചത്തിൽ പരിഗണനാ വിഷയങ്ങൾ സ്പഷ്ടമാക്കിക്കൊണ്ട് 7-11-2014-ന് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. നാല് വർഷത്തെ തെളിവെടുപ്പിലൂടെ 214 സാക്ഷികളെ വിസ്തരിക്കുകയും 812 രേഖകൾ കമ്മീഷൻ പരിശോധിക്കുകയും ചെയ്തു. നാല് വോള്യങ്ങളിലായി 1073 പേജുകളാണ് 26-9-2017-ന് സർക്കാരിന് സമർപ്പിച്ച കമ്മീഷൻ റിപ്പോർട്ടിലുള്ളത്.

### റിപ്പോർട്ടിന്റെ ഉള്ളടക്കം

റിപ്പോർട്ടിന്റെ ഒന്നാം ഭാഗം ആമുഖവും ഗസറ്റ് വിജ്ഞാപനവും സ്റ്റാറ്റിയൂട്ടറി വ്യവസ്ഥകളും നിയമസഭാചർച്ചകളും കൂടാതെ ടേംസ് ഓഫ് റഫറൻസിന്റെ പരിധിയിൽ ഉൾപ്പെടുന്ന ആക്ഷേപങ്ങളും നിഗമനങ്ങളും ഉൾപ്പെടുന്നതാണ്. അതോടൊപ്പം ചില ശിപാർശകളുമുണ്ട്. രണ്ടാം ഭാഗം, കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽപ്പെടുന്ന സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ചാണ്. മൂന്നാം ഭാഗം, രണ്ട് മുതൽ ആറ് വരെയുള്ള ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളുടെ പരിശോധനയും കണ്ടെത്തലുകളും ശിപാർശകളും അടങ്ങുന്നതാണ്. നാലാം ഭാഗം, കേരള പോലീസ് അസോസിയേഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും അതിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുമുള്ളതാണ്.

## സർക്കാർ സ്വീകരിച്ച സമീപനം

ഈ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ചില പ്രധാന ശിപാർശകളും കണ്ടെത്തലുകളും സഭ മുമ്പാകെ പ്രതിപാദിക്കേണ്ടതുണ്ട്. അതറിയാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3(4) പ്രകാരം കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടികളും സഹിതം ആറ് മാസത്തിനകം നിയമസഭ മുമ്പാകെ വയ്ക്കണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ 26-9-2017-ന് റിപ്പോർട്ട് ലഭിച്ചിട്ട് ഇപ്പോൾ ഒരു മാസം മാത്രമാണ് പിന്നിട്ടത്.

ഇതിനിടയിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വിവരാവകാശ നിയമപ്രകാരവും അല്ലാതെയും പ്രതിപക്ഷ നേതാവടക്കമുള്ളവരുടെ നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇക്കാര്യംകൂടി കണക്കിലെടുത്താണ് ഈ ചുരുങ്ങിയ കാലത്തിനിടയിൽത്തന്നെ റിപ്പോർട്ട് നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്ന് തീരുമാനിച്ചത്. ഇത്രയും ചുരുങ്ങിയ കാലത്തിനിടയിൽ ഒരു അന്വേഷണ കമ്മീഷൻ റിപ്പോർട്ട് നിയമസഭയിൽ അവതരിപ്പിക്കുന്നത് നിയമസഭാ ചരിത്രത്തിൽ ഒരുപക്ഷേ ആദ്യമായിട്ടായിരിക്കും. പൊതുജന താൽപ്പര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് അനുവദിച്ച സമയപരിധിക്കായി കാത്തുനിൽക്കാതെ റിപ്പോർട്ട് സഭയിൽ വച്ച് ഒരു പരസ്യ രേഖയാക്കാൻ സർക്കാർ തീരുമാനിച്ചത്.

26-9-2017-നാണ് സർക്കാരിനുമുമ്പാകെ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും ഉപദേശം തേടിയശേഷം 11-10-2017-ൽ ചേർന്ന മന്ത്രിസഭാ യോഗം റിപ്പോർട്ടിലെ കണ്ടെത്തലുകളും ശിപാർശകളും പൊതുവിൽ അംഗീകരിക്കുകയുണ്ടായി.

മന്ത്രിസഭായോഗം കൈക്കൊണ്ട തീരുമാനപ്രകാരം ഉത്തരവ് പുറപ്പെടുവിക്കു ന്നതിനുമുമ്പ് ഇക്കാര്യത്തിൽ ജുഡീഷ്യൽ പശ്ചാത്തലമുള്ള ഒരു നിയമജ്ഞന്റെകൂടി ഉപദേശം തേടുന്നത് സഹായകരമാകുമെന്ന കാര്യം കണക്കിലെടുത്ത് റിപ്പോർട്ടിന്മേൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന തീരുമാനങ്ങളിന്മേൽ സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റീസ് അരിജിത് പസായത്തിന്റെ നിയമോപദേശം തേടാൻ 19-10-2017-ന് ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചശേഷം അദ്ദേഹം നൽകിയ നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. സർക്കാരിന് ലഭിച്ച മൂന്ന് നിയമോപദേശങ്ങളുടെയും കമ്മീഷന്റെ കണ്ടെത്തലുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് 8-11-2017-ലെ മന്ത്രിസഭാ യോഗം തീരുമാനിക്കുകയും അതുപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## കമ്മീഷന്റെ ശിപാർശകളും കണ്ടെത്തലുകളും

കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളെയും കണ്ടെത്തലുകളെയുംകുറിച്ച് പ്രതിപാദിക്കുന്നതിനുമുമ്പ് കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖ ഖണ്ഡികയിൽ സൂചിപ്പിച്ച കാര്യം പ്രസക്തമാണ്.

'സോളാർ തട്ടിപ്പ് സംബന്ധിച്ച് എൽ.ഡി.എഫ്. നിയമസഭയ്ക്ക് അകത്തും പുറത്തും നടത്തിയ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ 29-10-2013-ലെ എസ്.ആർ.ഒ. നമ്പർ 863/2013 വിജ്ഞാപനത്തിലൂടെ ഉത്തരവായ പ്രകാരമുള്ള ടേംസ് ഓഫ് റഫറൻസിലെ ആറ് ഇനങ്ങളിന്മേലാണ് സോളാർ അന്വേഷണ കമ്മീഷൻ ഈ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നത്.'

ഈ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ നടത്തിയ സുപ്രധാനമായ ചില ശിപാർശകളും കണ്ടെത്തലുകളും സഭയ്ക്കു മുമ്പാകെ അവതരിപ്പിക്കേണ്ടത് ഇതുസംബന്ധിച്ച വസ്തുതകൾ

മനസ്സിലാക്കുന്നതിന് സഹായകമായിരിക്കും. 'മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹംവഴി അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് ടെന്നി ജോപ്പൻ, ജിക്കുമോൻ ജേക്കബ്, ഗൺമാൻ സലിം രാജ് കൂടാതെ ഡൽഹിയിലെ അദ്ദേഹത്തിന്റെ സഹായി തുടങ്ങിയവരും ടീം സോളാർ പ്രതി സരിത എസ്. നായർക്കും അവരുടെ കമ്പനിക്കും അവരുടെ ഉപഭോക്താക്കളെ വഞ്ചിക്കുവാൻ കഴിയത്തക്കവിധം സഹായിച്ചിട്ടുണ്ടെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. അന്നത്തെ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹത്തിന്റെ കീഴിലുള്ള പോലീസ് ഉദ്യോഗസ്ഥർ മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ ക്രിമിനൽ ബാദ്ധ്യതയിൽനിന്നും വിടുവിക്കുന്നത് ഉറപ്പുവരുത്തിയെന്നുംകൂടി കമ്മീഷൻ കണ്ടെത്തുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരായി നടത്തിയിട്ടുള്ള മറ്റാരോപണങ്ങൾ ഉറപ്പാക്കുന്നതിന് യാതൊരു തെളിവും ഇല്ലാത്തതാണ്.

ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പങ്ക് കമ്മീഷൻ പരിശോധിച്ചു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ  കാര്യത്തിലെന്നപോലെ, അദ്ദേഹം ടീം സോളാർ കമ്പനിയെ ഏതൊക്കെ രീതിയിൽ സഹായിക്കാമായിരുന്നുവോ ആ രീതിയിലൊക്കെ സഹായിച്ചിട്ടുള്ളതായി കമ്മീഷൻ കണ്ടെത്തുന്നു.

മുഖ്യമന്ത്രിയെ ക്രിമിനൽ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നതിന് സംശയാസ്പദമായ രീതികളിലൂടെ പ്രത്യേക അന്വേഷണ സംഘം ധാരാളം ആയാസപ്പെട്ടതായി കമ്മീഷൻ കണ്ടെത്തുന്നു. സി.ഡി.ആർ. (Call Data Record)കളും രേഖയിലുള്ള മറ്റ് തെളിവുകളും പരാമർശിച്ചുകൊണ്ട് സോളാർ കേസിന്റെ അന്വേഷണത്തിൽ മറ്റുള്ള ചില മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്ര മന്ത്രി, ചില നിയമസഭാംഗങ്ങൾ, ചില പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ ഇടപെടലുകളിലേയ്ക്ക് ആഴത്തിലുള്ള അന്വേഷണം പ്രത്യേക അന്വേഷണ സംഘം നടത്തിയിട്ടില്ലെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

ടീം സോളാർ കമ്പനിയുടെ പരിപാടികൾ ഉദ്ഘാടനം ചെയ്ത മന്ത്രിമാരും തങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ സരിത. എസ്. നായരുടെ ടീം സോളാർ കമ്പനിക്ക് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും അവരുടെ ക്രിമിനൽ കേസുകൾ രാജിയാക്കുന്നതിനും ശിപാർശ ചെയ്ത എം.എൽ.എ.മാരും മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ രക്ഷിക്കുന്നതിനായി മുൻ എം.എൽ.എ. ശ്രീ. തമ്പാനൂർ രവി, ശ്രീ. ബെന്നി ബെഹനാൻ എം.എൽ.എ. തുടങ്ങിയവരും പ്രവർത്തിച്ചതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

19-7-2013-ലെ സരിത. എസ്. നായരുടെ കത്തിൽ  സൂചിപ്പിച്ചിട്ടുള്ളവർക്ക് സരിതയും അവരുടെ അഭിഭാഷകനുമായി ഫോൺ മുഖാന്തരം നിരന്തര ബന്ധമുണ്ടായിരുന്നുവെന്ന് തെളിവിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ കണ്ടെത്തി.

കമ്മീഷൻ മുമ്പാകെ ഹാജരാക്കപ്പെട്ട തെളിവിന്റെ അടിസ്ഥാനത്തിൽ അഴിമതിയും നിയമവിരുദ്ധമായ പ്രതിഫലം  സ്വീകരിക്കലും ആരോപിക്കപ്പെട്ട എല്ലാ വ്യക്തി കൾക്കുമെതിരായി അഴിമതി തടയൽ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണോയെന്ന കാര്യം സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു.

പോലീസ് സേനയിലെ അച്ചടക്കമുയർത്തിപ്പിടിക്കുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ തുടർ അന്വേഷണം അത്യാവശ്യമാണെന്നും കമ്മീഷൻ കണ്ടെത്തുന്നു. കേരള പോലീസ് അസോസിയേഷൻ സെക്രട്ടറി ശ്രീ. ജി. ആർ. അജിത്തിന്റെ ഭാഗത്തുനിന്ന് അച്ചടക്കരാഹിത്യമുണ്ടായെന്നും അതിനാൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. അദ്ദേഹത്തിന്റെ കാര്യത്തിലും പി.സി. ആക്ടിലെ വ്യവസ്ഥകൾ ബാധകമാകുമോയെന്ന കാര്യം പരിശോധിക്കേണ്ടതാണെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു.

കുറ്റവാളികളെയും വിചാരണ തടവുകാരെയും കോടതികൾ മുമ്പാകെ ഹാജരാ ക്കുന്നതിന് ജയിൽ അധികാരികളും ബന്ധപ്പെട്ട പോലീസ് വകുപ്പും ഉചിതമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള സോളാർ തട്ടിപ്പ് പ്രതി ബിജു രാധാകൃഷ്ണന്റെ കാര്യത്തിൽ, അയാൾ ജയിൽ ചാടുമെന്ന ഇന്റലിജൻസ് റിപ്പോർട്ടുകൾ ഉണ്ടായിരുന്നിട്ടും, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ കോടതികളിൽ തീവണ്ടി മുഖേനയോ ബസ് മുഖേനയോ ഹാജരാക്കിയത് രണ്ട് സിവിൽ പോലീസ് ഉദ്യോഗസ്ഥർ മാത്രമാണ്. അത്തരം തടവുകാരുടെ കാര്യത്തിൽ കർശന നടപടികളാണ് അത്യാവശ്യമായിട്ടുള്ളത്. ജയിൽ അധികാരികളും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും അകമ്പടിക്കുള്ള പോലീസിനെ നിയോഗിക്കേണ്ടത് ആവശ്യമാണ്.

സെക്രട്ടേറിയറ്റിലെ സുരക്ഷാ ആവശ്യത്തിലേയ്ക്കായി സ്ഥാപിച്ച സി.സി. ടി.വി-യിലെ വിഷ്വലുകൾ ഏറ്റവും കുറഞ്ഞത് ഒരു വർഷത്തേയ്ക്കുള്ള കാലാവധി യിലേയ്ക്ക് നിലനിർത്തുന്നതിനോ അല്ലെങ്കിൽ അവ സൂക്ഷിക്കുന്നതിനോ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. എം.എൻ.ആർ.ഇ. (കേന്ദ്ര നവീന അക്ഷയ ഊർജ്ജ മന്ത്രാലയം)യുടെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുള്ള അനെർട്ടിനെ ഉചിതമായി ഉടച്ചുവാർക്കേണ്ടതും അതുവഴി സൗരോർജ്ജത്തിന്റെ ഉൽപ്പാദനത്തിനും വിതരണത്തിനും വികസന ത്തിനുമായി കേന്ദ്രസർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള നടപടി പ്രോത്സാഹിപ്പിക്കുവാൻ കഴിയേണ്ടതുമാണ്.

## സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ

(I) മേൽപ്പറഞ്ഞ ശിപാർശകൾ കണക്കിലെടുത്തുകൊണ്ട് ചില സുപ്രധാനമായ തീരുമാനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

(II) ശ്രീമതി സരിത. എസ്. നായരിൽനിന്നും അവരുടെ ടീം സോളാർ കമ്പനിയിൽനിന്നും രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണതലപ്പത്തുള്ളവരും അവരുടെ സ്റ്റാഫ് അംഗങ്ങളും അവരുമായി ബന്ധപ്പെട്ടവരും വലിയ തുകകൾ കൈക്കൂലിയായി വാങ്ങിയതായും സോളാർ കമ്പനിയുടെ ഉപഭോക്താക്കളെ വഞ്ചിക്കുന്നതിനായി സഹായിച്ചിട്ടുള്ളതായും റിപ്പോർട്ടിൽനിന്നും വെളിവാകുന്നു. അതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, അഴിമതി നിരോധന നിയമം, ഇന്ത്യൻ ശിക്ഷാനിയമം, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തും.

(III) സോളാർ തട്ടിപ്പ് അന്വേഷണം നടത്തുന്നതിനായി നിയമിക്കപ്പെട്ട പ്രത്യേക അന്വേഷണ സംഘം രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണ നേതൃത്വ ത്തിലുള്ളവരെ സോളാർ ഇടപാടുമായി ബന്ധപ്പെട്ട ക്രിമിനൽ കുറ്റങ്ങളിൽനിന്ന് രക്ഷപ്പെടുത്താൻ കുത്സിത ശ്രമങ്ങൾ നടത്തിയതായി റിപ്പോർട്ടിൽനിന്നും വെളിവാകുന്നു. കൂടാതെ പ്രത്യേക അന്വേഷണ സംഘം, സംസ്ഥാന മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്ര മന്ത്രി, ചില എം.എൽ.എ.-മാർ, സോളാർ കേസ് അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ കുറ്റകരമായ പങ്കിനെ സംബന്ധിച്ച് സി.ഡി.ആർ.-ഉം തെളിവുകളും ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധി ച്ചിട്ടില്ലെന്ന കാര്യവും കമ്മീഷൻ റിപ്പോർട്ടിൽനിന്നും വെളിവായിട്ടുണ്ട്. അന്നത്തെ ഒരു സംസ്ഥാന മന്ത്രിയും പ്രത്യേക അന്വേഷണ സംഘം അന്വേഷണം ഏറ്റെടുക്കുന്നതിനുമുമ്പ് സോളാർ കുറ്റകൃത്യം അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരും ആ സമയത്ത് അന്വേഷണ മേൽനോട്ടം നടത്തിയ ഉദ്യോഗസ്ഥരും അന്വേഷണം അട്ടിമറിക്കാനും തെളിവ് നശിപ്പിക്കാനും ശ്രമങ്ങൾ നടത്തിയതായി അന്വേഷണ റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. മുൻ എം.എൽ.എ.-മാർ അടക്കമുള്ളവർ അന്നത്തെ ഭരണ നേതൃത്വത്തിലുള്ളവരെ രക്ഷപ്പെടുത്താൻവേണ്ടി സോളാർ കേസുകൾ ഒത്തുതീർപ്പാക്കാൻ പ്രവർത്തിച്ചതായി കമ്മീഷൻ കണ്ടെ ത്തിയിട്ടുണ്ട്. അതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റ് ബാധകമായ നിയമങ്ങൾ

എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

(IV) സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണ വിധേയരായ വ്യക്തികളിൽ ഒരാളുടെ 19-7-2013-ലെ കത്തിൽ പരാമർശിച്ചിട്ടുള്ളവർ ആ വ്യക്തിയുമായും ആ വ്യക്തിയുടെ അഡ്വക്കേറ്റുമായും ഫോണിൽ നിരന്തരം ബന്ധപ്പെട്ടതായി റിപ്പോർട്ടിൽനിന്നും വെളിവാകുന്നു. അതു സംബന്ധിച്ച് സോളാർ കേസ് അന്വേഷണം അട്ടിമറിക്കുന്നതിന് വേണ്ടിയാണോയെന്ന് അന്വേഷണം നടത്തുന്നതാണ്.

(V) സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണവിധേയരായ വ്യക്തികളിൽ ഒരാൾക്കെതിരെ ലൈംഗിക കുറ്റകൃത്യങ്ങൾ നടന്നതായി കമ്മീഷൻ മുമ്പാകെ ഹാജരാക്കപ്പെട്ട തെളിവുകളിൽനിന്നും വെളിവാകുന്നു. ആ വ്യക്തിയുടെ 19-7-2013-ലെ കത്തിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ ക്രിമിനൽ നടപടി ചട്ടം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

(VI) ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ ആ കാലഘട്ടത്തിലെ കേരള പോലീസ് അസോസിയേഷന്റെ സെക്രട്ടറിയായിരുന്ന പോലീസ് ഉദ്യോഗസ്ഥനെതിരെ അച്ചടക്കരാഹിത്യത്തിന് ശക്തമായ നടപടി ശിപാർശ ചെയ്തിട്ടുണ്ട്. ഈ കേസിൽ അഴിമതി നിരോധന നിയമം ഉപയോഗിക്കാനാകുമോയെന്ന കാര്യം പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി അച്ചടക്കരാഹിത്യം നടത്തിയോയെന്ന് പരിശോധിച്ച് വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്. ആ ഉദ്യോഗസ്ഥനെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, അഴിമതി നിരോധന നിയമം, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

(VII) പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കാനാവശ്യമായ നിർദ്ദേശങ്ങളും സെക്രട്ടേറിയറ്റിന്റെ സുരക്ഷയും സംബന്ധിച്ച് സി.സി.ടി.വി. (Closed Circuit Television) ദൃശ്യങ്ങളുടെ സംരക്ഷണം സംബന്ധിച്ചും അനെർട്ടിന്റെ പ്രവർത്തന-വിപുലീകരണ സാദ്ധ്യതകൾ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ മന്ത്രിസഭ കൈക്കൊണ്ടിട്ടുണ്ട്.

(VIII) കൈക്കൂലിപ്പണം സ്വീകരിച്ചതുകൂടാതെ അനർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി സോളാർ കേസിലെ ആരോപണവിധേയരിൽ ഒരാളിൽനിന്നും അധികാരസ്ഥാനത്തിലുള്ളവർ ലൈംഗിക സംതൃപ്തി നേടിയതിനെക്കുറിച്ചും അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽനിന്നും വെളിവാകുന്നു. ഇത് അഴിമതി തടയൽ നിയമത്തിൽ പറയുന്ന 'നിയമവിരുദ്ധമായ പാരിതോഷികം' എന്നതിന്റെ പരിധിയിൽ വരുമെന്ന് കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നു. കമ്മീഷൻ മുൻപാകെ ഹാജരാക്കുകയും ലഭ്യമാക്കുകയും ചെയ്ത തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നടത്തുകയും നിയമവിരുദ്ധമായ പാരിതോഷികങ്ങൾ സ്വീകരിക്കുകയും ചെയ്തതായി ആരോപിതരായ വ്യക്തികൾക്കെതിരെ അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റങ്ങൾ ചുമത്താൻ സാധിക്കുമോയെന്ന് സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. അഴിമതി നടത്തിയതായി കമ്മീഷൻ ചൂണ്ടിക്കാട്ടിയ എല്ലാവരുടെയും പേരിൽ അഴിമതി നിരോധന നിയമപ്രകാരമടക്കമുള്ള കുറ്റങ്ങൾക്ക് അന്വേഷണം നടത്തുന്നതാണ്.

(IX) ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ അന്വേഷണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനെത്തുടർന്ന്പുതിയ പരാതികളോ രേഖകളോ തെളിവുകളോ ലഭിക്കുന്നപക്ഷം അവകൂടി അന്വേഷിക്കുന്നതാണ്. മേൽപ്പറഞ്ഞ അന്വേഷണങ്ങളിൽ പുതിയ കുറ്റകൃത്യങ്ങൾ വെളിവാകു ന്നുവെങ്കിൽ അതും അന്വേഷിക്കുന്നതാണ്. മേൽപ്പറഞ്ഞ അന്വേഷണങ്ങൾ

നടത്തുന്നതിനായി ശ്രീ. രജേഷ് ദിവാൻ, ഡി.ജി.പി. തലവനായി പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

അതോടൊപ്പം, മുൻ സർക്കാർ നിയമിച്ച പ്രത്യേക അന്വേഷണ സംഘം പിരിച്ച് വിട്ടുകൊണ്ടും ഉത്തരവായിട്ടുണ്ട്. സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ വിവിധ കോടതികളിലുള്ള കേസുകളിന്മേൽ നിയമാനുസൃതം തുടർനടപടി സ്വീകരിക്കുന്നത് പുതുതായി രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമായിരിക്കും. ഇതിനുപുറമേ കമ്മീഷനും നിയമോപദേശകരും പറഞ്ഞ രീതിയിൽ പോലീസ്, ജയിൽ വകുപ്പുകളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായി മൂന്നംഗ കമ്മീഷനെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

നീതി എല്ലാവർക്കും ഒരുപോലെ ലഭ്യമാകണമെന്നാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. അതിനാലാണ് വ്യക്തമായ നിയമോപദേശം തേടിയശേഷം മാത്രം കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചാൽ മതിയെന്ന നിലപാട് സർക്കാർ സ്വീകരിച്ചത്. നീതി എല്ലാവർക്കും ലഭ്യമാകുകയെന്ന നിലപാടായിരിക്കും തുടർന്ന് ഇക്കാര്യത്തിലും സർക്കാർ സ്വീകരിക്കുകയെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

# ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

സർ, പ്രതിപക്ഷത്തിന് വലിയ തോതിലുള്ള വിഷയദാരിദ്ര്യമുണ്ടെന്ന് വ്യക്തമാക്കുന്ന ചർച്ചയാണ് നന്ദിപ്രമേയത്തെക്കുറിച്ച് ഇവിടെ നടന്നത്. അതിന്റെ ഭാഗമായാണ് അവരടക്കം ഈ കേരളത്തിലെ മിക്കവാറും എല്ലാവരും അംഗീകരിച്ച ലോക കേരള സഭയെക്കുറിച്ച് ചില പരാമർശങ്ങൾ വന്നത്. ലോക കേരള സഭ പുതിയ തുടക്കമാണ് കുറിച്ചിട്ടുള്ളത്. സംസ്ഥാനത്തെ നല്ലൊരു ഭാഗം ജനങ്ങൾ കേരളത്തിന് പുറത്താണ്. അവർക്കുകൂടി കേരളത്തിന്റെ വികസനകാര്യങ്ങളിൽ സംഭാവന ചെയ്യാൻ കഴിയണം. അതാണ് ലോക കേരള സഭയുടെ ഏറ്റവും പ്രധാന ഉദ്ദേശ്യം. അതോടൊപ്പം സ്വാഭാവികമായും നമ്മുടെ സഹോദരങ്ങൾ പ്രവാസികളായി നിൽക്കുമ്പോൾ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുകയും വേണം. ആ സഭയിൽ പ്രവാസികളും നിയമസഭാംഗങ്ങളും ഇരുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രശ്നം ഉയർന്നുവരികയുണ്ടായി. അങ്ങനെ ഒരു പ്രശ്നമുന്നയിച്ചത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. പുറത്തുള്ള പ്രവാസി പ്രതിനിധികളെയും നമ്മുടെ രാജ്യത്തെ ജനപ്രതിനിധികളെയും ഒരുമിച്ചുകൊണ്ടുവന്ന ആദ്യത്തെ ഒരു സംവിധാനമാണ് അത്. ചിലപ്പോൾ ലോകത്തിലെ തന്നെ ആദ്യത്തെ ഒരു സംവിധാനമായിരിക്കും നമ്മൾ നടത്തിയ ലോക കേരള സഭ. അതിൽ പങ്കെടുത്തുവരെക്കുറിച്ചും പരിഹാസരൂപേണ പറയുന്നതുകേട്ടു. എന്റെ കൈയിൽ അതിന്റെ ലിസ്റ്റുണ്ട്, ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. കാരണം, അതിൽ മുൻ ജസ്റ്റീസുമാരുണ്ട്, ശാസ്ത്രജ്ഞരുണ്ട്, നാടും രാജ്യവും ലോകവും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒട്ടേറെ മലയാളികളായ പ്രതിഭകളുണ്ട്. കുറേപ്പേർക്ക് എത്തിപ്പെടാൻ സാധിച്ചില്ല. അവരെ നമ്മൾ പരിഹസിക്കുന്നത് ഒരു നല്ല സമീപനമല്ല. അതോടൊപ്പം 2017-18 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ലോക കേരള സഭ സംഘടിപ്പിക്കുന്നതിന് 4.5 കോടി രൂപ വകയിരുത്തിയിരുന്നു. ഇവിടെ ലോക കേരള സഭയുടെ ഭാഗമായി വിവിധതരത്തിലുള്ള പരിപാടികൾ നടന്നിട്ടുണ്ട്. ആ പരിപാടികളാകെ പരിശോധിച്ചാൽ ഈ പറഞ്ഞ ബഡ്ജറ്റ് തുകയിൽ കൂടുതൽ ചെലവഴിച്ചിട്ടുണ്ടാകില്ലെന്ന് പ്രതീക്ഷിക്കാം. കാരണം അതിന്റെ കണക്കുകൾ തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. ഏതായാലും ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ ചെലവ് കുറയ്ക്കാനാണ് എല്ലാവരും ശ്രമിച്ചിട്ടുള്ളത്. ലോക കേരള സഭയുടെ തുടർനടപടികൾ ഉണ്ടാകുമോ എന്നായിരുന്നു യഥാർത്ഥത്തിൽ പ്രതിപക്ഷം ചോദിക്കേണ്ടിയിരുന്നത്. 24 ലക്ഷത്തോളം വരുന്ന കേരളീയ പ്രവാസി സമൂഹത്തിന്റെ സംരക്ഷണവും അവരിലൂടെ നമ്മുടെ നാടിന് ലഭിക്കുന്ന വിദേശനാണ്യ നിക്ഷേപത്തിന്റെ സുരക്ഷ

യും ഉറപ്പാക്കുന്നതിനുള്ള നയനടപടി; നല്ല രീതിയിലുള്ള ഒരു ചുവടുവയ്പായിട്ടാണ് പൊതുവെ എല്ലാവരും കാണുന്നത്. 2018 ജനുവരി 12, 13 തീയതികളിലാണ് ലോക കേരള സഭ നടന്നത്. ഇതിന്റെ ഭാഗമായി പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരിക്കുകയും അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരിക്കുകയും ചെയ്യുന്നതാണ്. പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാനം നവീകരിക്കുകയും ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കുകയും ചെയ്യുന്നതാണ്. കേരള വികസനനിധി, പ്രവാസി സംരക്ഷണ പദ്ധതി, രോഗബാധിതർക്കും അപകടത്തിൽപ്പെടുന്നവർക്കും തൊഴിൽ നഷ്ടപ്പെടുന്നവർക്കും സംരക്ഷണം നൽകാൻ കഴിയുന്നവിധം വികസന പദ്ധതികൾ, നിക്ഷേപത്തിന് മാർഗ്ഗരേഖയും സുരക്ഷാചട്ടക്കൂടും സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകൾ എന്നിവ രൂപീകരിക്കുകയാണ്. വിവിധ വികസന മേഖലകളിൽ ചെറുകിട വ്യവസായ രംഗം, കാർഷിക-കാർഷികാനുബന്ധ ഉല്പാദനരംഗം, കായികരംഗം, ആരോഗ്യപരിപാലനരംഗം, നൂതന സാങ്കേതികവിദ്യ, ടൂറിസം തുടങ്ങിയ രംഗങ്ങളിൽ പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപ സഹകരണത്തിന് പദ്ധതി തയ്യാറാക്കുക, അന്താരാഷ്ട്രതലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം, മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ ഇതൊക്കെയാണ് ഇതിന്റെ ഭാഗമായി നമ്മൾ കണ്ടത്. ഏഴ് വിഷയ മേഖല സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വിഷയമേഖല വിദഗ്ധരും പ്രവാസി പ്രതിനിധികളും ഉൾപ്പെടെയുള്ളവരാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ.

(1) കേരള വികസന നിധി രൂപീകരണവും നടത്തിപ്പും ലോക കേരള സഭ തുടർസമ്മേളനങ്ങളുടെ നടപടിക്രമങ്ങളും ചിട്ടകളും, ഇവയ്ക്കെല്ലാമുള്ള നയസമീപന നിർദ്ദേശങ്ങളുടെ രൂപീകരണം.

(2) പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിന് സുരക്ഷ ഒരുക്കുന്നതിനുമുള്ള നടപടി നിർദ്ദേശങ്ങളുടെ രൂപീകരണം.

(3) നാട്ടിലേയ്ക്ക് തിരിച്ചുവരുന്നവർക്കായി പ്രവാസാനന്തര വരുമാന പദ്ധതികളും പ്രവാസി പുനരധിവാസ പദ്ധതികളും ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

(4) മറ്റ് രാജ്യങ്ങളിലെ തൊഴിൽ സാധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലാളികൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ പ്രവാസത്തിന് തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നയ നടപടിക്രമങ്ങളുടെ രൂപീകരണം.

(5) പല രാജ്യങ്ങളിലും തദ്ദേശീയ തൊഴിലാളികൾക്ക് പ്രാധാന്യം നൽകുന്ന നിയമങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ പ്രവാസി സമൂഹത്തിന്റെ സുരക്ഷയും അവകാശ സംരക്ഷണവും ഉറപ്പാക്കുന്നതിനും അതോടൊപ്പം വനിതാ പ്രവാസികളുടെ പ്രത്യേക പ്രശ്നങ്ങൾ പഠിക്കുന്നതിനും അവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും സഹായകമായ കരുത്തുള്ള കുടിയേറ്റ നിയമ രൂപീകരണത്തിന് കേന്ദ്രസർക്കാരിന്റെ പരിഗണനയിലേയ്ക്ക് എത്തിക്കേണ്ട വിഷയങ്ങൾ നിശ്ചയിക്കുന്നതിന്.

(6) കേരളത്തിന്റെ കലാ-സാംസ്കാരികസമ്പന്നത ലോകം മുഴുവൻ വിളംബരം ചെയ്യുക വഴി വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

(7) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറിയ കേരളീയരായ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള സ്ഥിരം സംവിധാനരൂപീകരണത്തിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും.

ഈ രീതിയിൽ ലോക കേരള സഭാ പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിന്റെ വികസന രംഗത്ത് തുടർച്ചയായ ഇടപെടൽ വേണമെന്നാണ് ഉദ്ദേശിക്കുന്നത്. ആഗോള സാങ്കേതികവിദ്യാമുന്നേറ്റത്തിനും സാമ്പത്തിക സാഹചര്യങ്ങൾക്കനുസൃതമായി കേരളത്തിന്റെ വളർച്ചയ്ക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകാനും പ്രാപ്തരായ ഒരു സംഘം വിദഗ്ധവൈജ്ഞാനിക പ്രവർത്തകരുടെ സേവനം ഉറപ്പാക്കാൻ കഴിയുക എന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതോടുകൂടി അവസാനിക്കുന്നതല്ല ലോക കേരള സഭയുടെ പ്രവർത്തനം. ഇത് ആദ്യ സമ്മേളനമാണ്. പോരായ്മകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ ചൂണ്ടിക്കാണിച്ചിരുന്നവെങ്കിൽ മനസ്സിലാക്കാമായിരുന്നു. പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നത് എപ്പോഴും നല്ലതാണ്, ഭാവിയിൽ ഗവൺമെന്റിന് തിരുത്താം. അതല്ല ഇവിടെ ഉണ്ടായത്. പാർട്ടി ഫണ്ട് പിരിക്കാനുള്ള ഏർപ്പാടാണെന്നാണ് ബഹുമാന്യനായ ഒരംഗം പറഞ്ഞത്. അതൊന്നും മറുപടി അർഹിക്കുന്നതല്ലെങ്കിൽപ്പോലും അത്രയൊക്കെ പറഞ്ഞു എന്നതാണ്, അങ്ങനെയൊന്നുമല്ല അതിനെ കാണേണ്ടത്. ലോക കേരള സഭ നടന്നത് നമുക്കെല്ലാവർക്കും കൂട്ടായി അവകാശപ്പെട്ട ക്രെഡിറ്റാണ്. നമ്മുടെ നാടിനാണ് അതിന്റെ മേന്മ നിലനിൽക്കുന്നത്. കേരളത്തിനാണ് ലോക കേരള സഭ സംഘടിപ്പിക്കാനായത്. ആ നിലയ്ക്കാണ് അതിനെ കാണേണ്ടത്.

കെ.എസ്.ആർ.ടി.സി. പെൻഷനുമായി ബന്ധപ്പെട്ട പ്രശ്നത്തെ അതീവ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം എല്ലാതരത്തിലും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കാലതാമസമില്ലാതെ പെൻഷൻ മുടക്കമില്ലാതെ നൽകുന്നതിനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിക്കും. അക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട.

**രമേശ് ചെന്നിത്തല:** സർ, ആറുമാസത്തെ പെൻഷൻ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൊടുക്കാനുണ്ട്. രണ്ട് മാസത്തെ പെൻഷൻ അടിയന്തരമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

**പിണറായി വിജയൻ:** സർ, ആറുമാസത്തെയും പെൻഷൻ കുടിശ്ശികയില്ലാതെ കൊടുക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ കൊടുക്കുന്നതാണ്. അക്കാര്യത്തിൽ ആശങ്ക വേണ്ട.

നീലക്കുറിഞ്ഞി മലയുമായി ബന്ധപ്പെട്ട ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നീലക്കുറിഞ്ഞി സംരക്ഷിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. ആദ്യം പ്രഖ്യാപിച്ച വിസ്തൃതിയിൽനിന്ന് ചെറിയ മാറ്റങ്ങൾ പിന്നീടുള്ള വിജ്ഞാപനത്തിൽ ഉണ്ടായിരുന്നു. ആദ്യം പ്രഖ്യാപിച്ചത് 3200 ഹെക്ടർ ഭൂമി ആയിരുന്നു. എന്നാൽ 9-5-2008-ൽ 2902.8 ഹെക്ടർ ഭൂമിയായിക്കുറഞ്ഞു. കുറിഞ്ഞിമല സാങ്ച്വറി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വിസ്തൃതിയിൽ ഇത്തരത്തിലുള്ള പ്രശ്നം ഉണ്ടായെങ്കിലും കുറിഞ്ഞിമല സാങ്ച്വറി സ്ഥാപിക്കുന്നതിൽ ഒരുതരത്തിലുള്ള പുറകോട്ടുപോക്കും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. നീലക്കുറിഞ്ഞി സാങ്ച്വറി കൊണ്ടുവരുമ്പോൾ അവിടെയുള്ള സ്വകാര്യ ഭൂവുടമസ്ഥതാ വാദങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ചില പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവിടെ രണ്ട് പ്രഖ്യാപനങ്ങൾ വന്നു. ഒരു പ്രഖ്യാപനത്തിൽ ഒഴിവാക്കപ്പെട്ട 672 ഹെക്ടർ ഭൂമിയുണ്ട്. അത് ഏതൊക്കെയാണെന്നുള്ള കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. നിലവിൽ അതിലുമേറെ ഭൂവിസ്തൃതി സ്വകാര്യ കൈവശത്തിലുണ്ടെന്നുള്ള

യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജനങ്ങളിൽ വലിയ ആശങ്ക നിലനിൽക്കുന്നു എന്നതാണ് വസ്തുത. ആ സാഹചര്യത്തിൽ കുറിഞ്ഞിമല സാങ്ച്വറി പൂർണ്ണതോതിൽ ഫലപ്രദമായി പൂർത്തീകരിക്കുന്നതിന് തദ്ദേശവാസികളുടെ സഹകരണത്തോടെയും അവരുടെ ആശങ്കകൾ പരിഹരിച്ചും പദ്ധതി നടപ്പിലാക്കണമെന്നാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതുകൊണ്ടാണ് മൂന്ന് മന്ത്രിമാർ ഉൾപ്പെടുന്ന മന്ത്രിതല സമിതി അവിടെ പോവുകയും റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തത്. തുടർച്ചയായി ഉദ്യോഗസ്ഥരുടെ കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും ചെയ്യുന്നുണ്ട്. നീലക്കുറിഞ്ഞി സാങ്ച്വറിയെ ശരിയായ രീതിയിൽ നടപ്പിലാക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിശദമായ ചർച്ചകൾ മന്ത്രിതലത്തിൽ നടന്നിട്ടുണ്ട്. അവിടെയുള്ള ജനങ്ങളുമായി നല്ല രീതിയിൽ ആശയവിനിമയം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. നീലക്കുറിഞ്ഞി സാങ്ച്വറിയുടെ ഭൂവിസ്തൃതി കുറയ്ക്കുക എന്നത് സർക്കാരിന്റെ നയമല്ല. ആ ഭൂവിസ്തൃതി അതുപോലെതന്നെ സംരക്ഷിക്കും. എല്ലാവരുടെയും സഹകരണത്തോടെ കാര്യങ്ങൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മുൻ റവന്യൂ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ റീ-സർവ്വേയുടെയും ഓൺ ലൈൻ വില്ലേജ് ഓഫീസിന്റെ കാര്യവും ഇവിടെ പരാമർശിക്കുകയുണ്ടായി. കഴിഞ്ഞ സർക്കാർ അഞ്ചുവർഷം കൊണ്ട് 60 വില്ലേജുകളുടെ റീ-സർവ്വേയാണ് പൂർത്തിയാക്കിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

21 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 48,939 ഓൺലൈൻ പോക്കുവരവാണ് നടത്തിയത്. 25-5-2016 മുതൽ ഇതുവരെ 4,00,552 ഓൺലൈൻ പോക്കുവരവ് നടത്തിക്കഴിഞ്ഞു. 1025 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്.

കയ്യേറ്റത്തിന്റെ കാര്യത്തിൽ ആശങ്കയുടെ ആവശ്യമില്ല. ആരെങ്കിലും കയ്യേറുന്നുണ്ടെങ്കിൽ കയ്യേറ്റക്കാർക്കെതിരെ കർശന നടപടിയുണ്ടാകും. അവരെ നിയമത്തിന്റെ കരങ്ങളിൽ ഏല്പിക്കുകയും ചെയ്യും. അതിൽ ഒരുതരത്തിലുള്ള ആശങ്കയും വേണ്ട.

സംസ്ഥാന സർക്കാർ ഏതോ സാമ്പത്തിക സംവരണത്തിന് നീങ്ങുന്നുവെന്ന തെറ്റായ ഒരു വിലയിരുത്തലുണ്ടായി. പ്രചരണത്തിനുവേണ്ടി അങ്ങനെ പറയുന്നത് നല്ലതാണ്. പക്ഷേ നിയമസഭയിൽ അത്തരം കാര്യങ്ങൾ ഉന്നയിക്കേണ്ടതുണ്ടോ എന്ന് ഉന്നയിച്ചവർ തന്നെ ചിന്തിക്കേണ്ടതാണ്.

സംവരണത്തിന്റെ കാര്യത്തിൽ നമ്മുടെ രാജ്യത്ത് വ്യത്യസ്ത നിലപാടുകളുണ്ടായിട്ടുണ്ട്. ഇന്നുള്ള സംവരണം നിലനിൽക്കരുതെന്ന അഭിപ്രായ ക്കാരുണ്ടായിരുന്നു. കേരളത്തിലെ മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികളും ഇന്നുള്ള രീതിയിൽത്തന്നെ സംവരണം നിലനിൽക്കണമെന്ന അഭിപ്രായക്കാരാണ്. നിയമസഭയിലെ എല്ലാവരും അങ്ങനെയാണെന്ന് പറയാൻ കഴിയില്ലെങ്കിലും മിക്ക പാർട്ടികളും ആ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഏതെങ്കിലും തരത്തിൽ സംവരണം ഇല്ലാതാക്കാനുള്ള നീക്കം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന് സംവരണത്തിന് അർഹതയുള്ള എല്ലാവർക്കുമറിയാം. ദശാബ്ദങ്ങൾക്കുമുമ്പ് സംവരണ പ്രശ്നം കത്തിനിന്ന ഘട്ടത്തിൽ ഒരു ബില്ലുമായി ബന്ധപ്പെട്ട് ഈ സഭയിൽ നടന്ന ചർച്ച നിങ്ങൾ ഓർക്കുന്നുണ്ടാകും. അന്നുള്ള നിലയിൽ സംവരണം നിലനിൽക്കണമെന്നാണ് ആ ചർച്ചയിൽ ഉയർന്നുവന്നത്. അതേ സമയം മുന്നോക്ക വിഭാഗത്തിലെ പരമ ദരിദ്രരായ ആളുകൾക്ക് ഒരു നിശ്ചിത ശതമാനം സംവരണം നൽകണം. അങ്ങനെ സംവരണം നൽകുന്നതിന് ഭരണഘടന ഭേദഗതി ചെയ്യണമെന്നായിരുന്നു ഞങ്ങളുടെ പ്രഖ്യാപിത നിലപാട്. ഇപ്പോൾ ദേവസ്വം ബോർഡിന്റെ കാര്യത്തിൽ ഒരു പ്രത്യേക സാഹചര്യം ഒത്തുവന്നു. ദേവസ്വം ബോർഡിലെ നിയ

മനസംവരണത്തിനുള്ള അർഹത ന്യൂനപക്ഷ വിഭാഗങ്ങൾക്കില്ല. ദേവസ്വം ബോർഡിൽ ഹിന്ദു വിഭാഗത്തിന് മാത്രമേ നിയമനം നൽകുന്നുള്ളൂ. ന്യൂനപക്ഷ വിഭാഗത്തിന് നിയമനാവകാശമില്ല. അവർക്ക് മാറ്റിവയ്ക്കുന്ന ശതമാനം എങ്ങനെ ഉപയോഗിക്കാൻ സാധിക്കുമെന്നുള്ളത് സംബന്ധിച്ചാണ് നേരത്തെ ദേവസ്വം വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയത്. മുന്നോക്ക വിഭാഗത്തിലെ പരമ ദരിദ്രരായ ആളുകൾക്ക് പത്തുശതമാനം സംവരണം നൽകുന്നകാര്യം ദേവസ്വം ബോർഡിൽ നടപ്പാക്കാൻ കഴിയും. അതേസമയം നേരത്തെ സംവരണാനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന ഈഴവ വിഭാഗം ഒഴികെയുള്ള വിഭാഗങ്ങൾക്കെല്ലാം ഒരു നിശ്ചിത തോതിലുള്ള വർദ്ധനവും വന്നു. ഈഴവ വിഭാഗത്തിന് സംവരണത്തിൽ മൂന്നുശതമാനം വർദ്ധനവുണ്ടായി. അപ്പോൾ ഒരുതരത്തിലുള്ള നഷ്ടവും ആർക്കും സംഭവിക്കുന്നില്ല. മുന്നോക്ക വിഭാഗത്തിലെ പരമ ദരിദ്രരായ ആളുകൾക്ക് സംവരണം നൽകാനും കഴിയും. ഏതെങ്കിലും തരത്തിലുള്ള ഒരു സാമ്പത്തിക സംവരണം ഏർപ്പെടുത്തുകയല്ല ഇവിടെ ഉണ്ടായിട്ടുള്ളത്. മുന്നോക്ക വിഭാഗത്തിലെ പരമദരിദ്രരായ ആളുകൾക്ക് സംവരണം നൽകണമെന്ന നേരത്തെയുള്ള അഭിപ്രായം ഈ സാഹചര്യത്തിൽ നടപ്പാക്കാൻ കഴിഞ്ഞു. പ്രത്യേക ഭരണഘടനാ ഭേദഗതിയുടെ ആവശ്യമില്ലാത്തതുകൊണ്ടാണ് ഇത് നടപ്പാക്കാനായത്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെക്കുറിച്ച് ഇവിടെ ചില പരാമർശങ്ങളുണ്ടായി. സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുക എന്നുള്ളത് വളരെക്കാലമായി നിലനിൽക്കുന്ന ഒരു നിർദ്ദേശമാണ്. സർക്കാരിന്റെ ജനക്ഷേമകരമായ പദ്ധതികൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ജനസൗഹൃദപരവും കാര്യക്ഷമവുമായ ഒരു സംവിധാനം രൂപപ്പെടണമെന്നത് വസ്തുതയാണ്. അങ്ങനെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചത്. ഇതുവഴി സിവിൽ സർവ്വീസിലേയ്ക്ക് നല്ല കഴിവുള്ള പ്രഗത്ഭരായ യുവജനങ്ങളെ ആകർഷിക്കാൻ സാധിക്കും. സർവ്വീസ് സംഘടനകൾ നിയമവകുപ്പ് പി.എസ്.സി. എന്നിവയുമായി കൂടിയാലോചിച്ചാണ് ഇത് നടപ്പിലാക്കിയത്. ഞങ്ങളുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ ഇക്കാര്യം വ്യക്തമായി പറയുകയും ചെയ്തിരുന്നു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കുന്ന സ്ഥിതിവിശേഷമാണ് ഇതിലൂടെ ഉണ്ടായിട്ടുള്ളത്. നിലവിലുള്ള നിയമപ്രകാരം നേരിട്ടുള്ള നിയമനത്തിന് മാത്രമേ സംവരണം ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. അത് ഏർപ്പെടുത്തിയിട്ടുമുണ്ട്.

**പിണറായി വിജയൻ:** സർ, നിലവിൽ സർക്കാർ സർവ്വീസിലുള്ള ജീവനക്കാരിൽനിന്ന് തസ്തികമാറ്റംവഴിയുള്ള നിയമനമാണ് രണ്ടും മൂന്നും കേഡറുകളിൽ നടപ്പാക്കുന്നത്. ആദ്യം സംവരണമുണ്ടെങ്കിലും പിന്നീട് ആ സംവരണമില്ല. അതാണ് ഇപ്പോൾ സ്വീകരിച്ചുവരുന്ന നിലപാട്. ഇക്കാര്യം ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്.

വഖഫ് ബോർഡുമായി ബന്ധപ്പെട്ട് ഇവിടെ വിചിത്രമായ ഒരു കാര്യം പറഞ്ഞു. വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് കൊടുത്താൽ മുസ്ലീങ്ങളെ മാത്രം നിയമിക്കാനാകില്ല എന്നൊരു പരാമർശം നടത്തുകയുണ്ടായി. അങ്ങനെയൊരു ആശങ്ക വേണ്ട. നിയമസഭയിൽ പറയുമ്പോൾ വസ്തുതാപരമായി പറയുന്നതാണ് നല്ലത്. നേരത്തെ ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടപ്പോൾ ദേവസ്വം ബോർഡിൽ ന്യൂനപക്ഷവിഭാഗങ്ങളെ നിയമിക്കാനാകുമായിരുന്നു. വഖഫ് ബോർഡിന്റെ ഭാഗമായി മുസ്ലീങ്ങളെ മാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂ.

സർ, ദേവസ്വം ബോർഡിന്റെ കാര്യത്തിൽ നേരത്തെ ഒരു റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടായിരുന്നു. ആ റിക്രൂട്ട്മെന്റ് ബോർഡ് വേണ്ടെന്നുള്ള നിലപാടാണ് പിന്നീട് സ്വീകരിച്ചത്. ആ നിലയ്ക്ക് ദേവസ്വം ബോർഡുതന്നെ മതിയെന്ന നിലയിലേയ്ക്ക് കാര്യങ്ങൾവന്നു. സാധാരണ നിലയിൽ പി.എസ്.സി. നിയമനത്തിന് പ്രശ്നങ്ങളൊന്നും ഉണ്ടാകില്ല, അർഹതയുള്ളവർതന്നെ അതിന്റെ

ഭാഗമായിവരും. കുറച്ച് ആളുകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമനം കൊടുക്കുമ്പോൾ അവർക്ക് പരിചയമുള്ളവരെ നിയമിക്കുന്ന അവസ്ഥയുണ്ടാകും. നാല് മിഷനുകളുടെ കാര്യം ഇവിടെ പറയുകയുണ്ടായി. അതിനെക്കുറിച്ച് പറഞ്ഞാൽ ദീർഘമായിപ്പോകുമെന്നതിനാൽ അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ മിഷനുകളെ നല്ല രീതിയിൽ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്.

**എം. ഉമ്മർ:** സർ, വഖഫ് ബോർഡിന്റെയും ദേവസ്വം ബോർഡിന്റെയും നിയമനങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ നിലവിലുള്ള ആക്ടിൽ ഭേദഗതി വരുത്തിയിട്ടാണ് ഇപ്പോൾ വഖഫ് ബോർഡ് വന്നിട്ടുള്ളത്. അത് ഭരണഘടനാ വിരുദ്ധമാണ്. വഖഫ് ബോർഡിലെ നിയമനങ്ങൾ സെൻട്രൽ ആക്ട് അനുസരിച്ചും ദേവസ്വം ബോർഡിലെ നിയമനങ്ങൾ സ്റ്റേറ്റ് ആക്ട് അനുസരിച്ചുമാണ് നടക്കേണ്ടത്. അതുകൊണ്ട് വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടാൽ അത് നിലനിൽക്കുന്നതല്ല. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം.

**പിണറായി വിജയൻ:** സർ, ഇതുമായി ബന്ധപ്പെട്ട നിയമ പരിശോധനകൾ നടത്തിയപ്പോൾ അങ്ങനെയുള്ള ഒരു തടസ്സവുമില്ലെന്നാണ് വ്യക്തമായിട്ടുള്ളത്. അതുകൊണ്ടാണ് ഇതുമായി മുന്നോട്ടുപോയത്. ചെറിയ ഒരു കമ്മിറ്റി നിയമനം നടത്തുന്നതിനേക്കാൾ പി.എസ്.സി. പോലെയുള്ള സംവിധാനത്തിലൂടെ നിയമനം നടത്തിയാൽ അത് വിപുലമായൊരു സംവിധാനമായിത്തീരും.

'ഹരിത കേരളം മിഷൻ' നല്ലരീതിയിൽ നമുക്ക് വിജയിപ്പിക്കാൻ കഴിയേണ്ടതാണ്; അത് കൃത്യമായി നടക്കുന്നുണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' നല്ല നിലയ്ക്കുതന്നെ നടക്കുകയാണ്; നാടെല്ലാം അത് ഏറ്റെടുത്തിട്ടുമുണ്ട്. എം.എൽ.എ.-മാർ സഭയിൽവന്ന് അവരുടെ അനുഭവം പറയുകയുണ്ടായി. 'ലൈഫ് മിഷൻ' നല്ലരീതിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. പണിതീരാത്ത വീടുകളുടെ പണി പൂർത്തിയാക്കുന്നതിനാണ് ആദ്യഘട്ടത്തിൽ ശ്രമിച്ചത്. ഭൂമിയുള്ളതും വീടില്ലാത്തവരും വീടും ഭൂമിയും ഇല്ലാത്തവരും ഈ രണ്ട് ഗണത്തിലുംപെട്ട ആളുകൾക്ക് വീട് നിർമ്മിക്കാനുള്ള പദ്ധതിയാണ് ലൈഫ് മിഷന്റെ ഭാഗമായി ഇനി തുടങ്ങാൻ പോകുന്നത്. ഏകദേശം 5 ലക്ഷത്തിലധികം ആളുകളാണ് ഇതിന്റെ ഗുണഭോക്താക്കളായിവരുന്നത്. ഇത് നാടാകെ സഹകരിച്ചുകൊണ്ട് നടപ്പാക്കേണ്ട ഒരു കാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവൃത്തികൾ നടക്കുന്നത്. മൂവായിരത്തിലധികം വീടുകളാണ് ഇപ്പോൾ പണി പൂർത്തിയാക്കിയിട്ടുള്ളത്. ബാക്കി വീടുകൾ ഇനി പൂർത്തിയാക്കാനുണ്ട്. മൊത്തം 66,000-ത്തോളം വീടുകളാണ് പണി പൂർത്തിയാക്കാനുള്ളത്. ഇക്കാര്യത്തിൽ നല്ല ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഭൂമിയില്ലാത്ത ആളുകൾക്ക് വീട് നിർമ്മിക്കാൻ ഭൂമി നൽകുന്നതിന് പലയിടങ്ങളിലായി ഏകദേശം 240 ഏക്കറോളം ഭൂമി ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ഇനി കുറച്ച് ഭൂമി കൂടി ലഭ്യമാകേണ്ടതുണ്ട്. ഏതായാലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. 'ആർദ്രം മിഷൻ' നല്ല നിലയ്ക്കാണ് നടപ്പാക്കുന്നത്. അതിൽ 52 ഫാമിലി ഹെൽത്ത് സെന്ററുകൾ ഇപ്പോൾത്തന്നെ ആരംഭിച്ചുകഴിഞ്ഞു. മറ്റ് പ്രവർത്തനങ്ങളും നല്ലനിലയ്ക്ക് നടന്നുപോകുന്നുണ്ട്. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ പൊതുവിൽ നല്ല രീതിയിലാണ് നാട് സ്വീകരിച്ചിട്ടുള്ളത്. ഹരിത കേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി നദികളും മറ്റും ഏറ്റെടുക്കുന്ന പ്രവർത്തനം വളരെ മാതൃകാപരമായി നടന്നു കൊണ്ടിരിക്കുകയാണ്.

ഇവിടെ ബഹുമാന്യനായ ഒരംഗം കാര്യങ്ങൾ വേണ്ടത്ര നടക്കുന്നില്ല അതിന് കാരണം പഴയ ചീഫ് സെക്രട്ടറി ശ്രീ. വിജയാനന്ദ് ഇല്ലാത്തതുകൊണ്ടാണെന്ന് ഒരു സംശയവും പ്രകടിപ്പിക്കുകയുണ്ടായി. മാത്രമല്ല, അദ്ദേഹം ഇത് വിജയാനന്ദിന്റെ ആശയമായിരുന്നുവെന്നു പറഞ്ഞു. വിജയാനന്ദൻ നല്ല കഴിവുള്ള ആളാണ്; അതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇത് വിജയാനന്ദന്റെ ആശയമൊന്നുമായിരുന്നില്ല; ആ നിലയ്ക്ക് ഇതിനെ കാണേണ്ട. വിജയാനന്ദ്

ഇത്തരം കാര്യങ്ങൾക്ക് പറ്റിയ ഒരാൾ തന്നെയാണ്. അതിന് അഭിപ്രായ വ്യത്യാസമൊന്നുമില്ല. അദ്ദേഹം അദ്ദേഹത്തിന് അറിയാവുന്ന വിജയാനന്ദിനെക്കുറിച്ച് പറഞ്ഞതായിരിക്കും, അത് വിജയാനന്ദിന്റെ ആശയമായിട്ട് വന്നതാണെന്ന്. അത് ഗവൺമെന്റിന്റെ ഒരു ആശയം തന്നെ യായിരുന്നു. ചില ഉദ്യോഗസ്ഥരുടെ പേരുകൾ, ശ്രീമതി നളിനി നെറ്റോയുടെയും ശ്രീ. കെ. എം. എബ്രഹാമിന്റെയുമൊക്കെ പേരുകൾ എടുത്തുപറയുന്നതായി കേട്ടു. ശ്രീമതി നളിനി നെറ്റോ നേരത്തെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി വർക്ക് ചെയ്തിരുന്നു. ആ ഘട്ടത്തി ലാണ് ചീഫ് സെക്രട്ടറിയായി മാറിയത്. ചീഫ് സെക്രട്ടറി സ്ഥാനത്തുനിന്ന് പിരിഞ്ഞതിനുശേ ഷം ഇപ്പോൾ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ആയി തുടരുകയാണ്. ശ്രീ. കെ. എം. എബ്രഹാം സംസ്ഥാനത്ത് നല്ലരീതിയിൽ സംഭാവന ചെയ്തിട്ടുള്ള ഒരു വ്യക്തിയാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ പുതിയ രീതിയിലുള്ള ഡെവലപ്മെന്റിന്റെ കാഴ്ചപ്പാടോടുകൂടി ഒരു ഇന്നൊവേ ഷൻ കൗൺസിൽ സംഘടിപ്പിച്ച് അതിന്റെ ചെയർമാനായി നിയമിച്ചത്. അക്കാര്യത്തിൽ വ്യത്യ സ്ത അഭിപ്രായം ഇല്ലെന്നാണ് തോന്നുന്നത്.

സർ, ഇവിടെ കിഫ്ബി തുടങ്ങിയ കാലംമുതൽ അതിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുക യാണ്. ബഡ്ജറ്റൊക്കെ വരുമ്പോൾ കൂടുതലായി ചർച്ച ചെയ്യുമല്ലോ; കിഫ്ബി വഴി ഒന്നും നടന്നി ല്ല, ഒരു കാര്യവും ചെയ്യുന്നില്ല എന്നൊക്കെയുള്ള വിമർശനം വന്നു. അതൊന്നും വസ്തുതയല്ല.

15 വകുപ്പുകളിലായി 18,938 കോടി 95 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 50,000 എന്നുപറഞ്ഞിട്ട് എവിടെയാണെന്നൊക്കെ ചോദിച്ചി ല്ലേ? ഇതിനകംതന്നെ 18,938 കോടി 95 ലക്ഷം രൂപയുടെ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ 331 കോടി 95 ലക്ഷം രൂപ വകുപ്പുകൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതും കാ ണേണ്ടതായിട്ടുണ്ട്. ഇതിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം, വൻകിട പദ്ധതികളൊക്കെ സാധാരണ രണ്ടോ മൂന്നോ വർഷംകൊണ്ടാണ് പൂർത്തിയാകാറുള്ളത്. നബാർഡിന്റെ പദ്ധതികൾ നമ്മൾ ഏറ്റെടുത്ത് രണ്ടുമൂന്ന് വർഷം കൊണ്ടാണ് പൂർത്തിയാക്കാൻ കഴിയുന്നത്. അതാണ് നമ്മുടെ ശീലം. അത് ആ ശൈലിയുടെ ഭാഗമായിട്ടുള്ളതാണ്. അത്തരത്തിലുള്ള ഒരു സ്വാഭാവികമായ സാവകാശമെന്ന് മാത്രമേ ഇതിനെ കാണേണ്ടതുള്ളൂ. പദ്ധതി നിർവ്വഹണം നിരന്തരം നിരീ ക്ഷിക്കാൻ പ്രത്യേക ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2018 ഫെബ്രുവരി 3-ാം തീയതി ഇതിന്റെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ആ അവലോകനത്തിനുശേ ഷം എം.എൽ.എ.-മാർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും നിരീക്ഷിക്കാവുന്ന രീതിയിൽ അത് ലഭ്യമാക്കുകയും ചെയ്യാം.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നം അതീവ ഗൗരവമായതു തന്നെയാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2013-ൽ നട ത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ നിന്ന് തയ്യാറാക്കിയ ദുരിതബാധിതരുടെ പട്ടി കയിൽ ഉൾപ്പെടാത്തവരുമുണ്ട്. മാരകരോഗങ്ങളുണ്ടെന്ന് കണ്ടെത്തിയ 128 പേർക്ക് ഒരു ലക്ഷം രൂപവീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകിയിട്ടു ണ്ട്. കാസർഗോഡ് ജില്ലയുടെ വികസനത്തിന് പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് കഴിഞ്ഞ സർ ക്കാർ അംഗീകരിച്ചിരുന്നു. അതിലേയ്ക്കുള്ള ധനസഹായം യഥാവിധി ലഭ്യമാക്കുന്നതിന് കഴി ഞ്ഞിരുന്നില്ല. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും പൂർണ്ണമായി കിടപ്പിലായവർക്കും ആധുനിക സൗജന്യചികിത്സ ഉറപ്പാക്കുക എന്നതിനാണ് പിന്നീട് ഊന്നൽ നൽകിയത്. ഒരു കേന്ദ്രീകൃത പാലിയേറ്റീവ് കെയർ സെന്റർ അവിടെ സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ള ചികിത്സാസഹായ വും യാത്രാസൗകര്യങ്ങളും മൊബൈൽ യൂണിറ്റുകളും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാ നും കഴിയും. മുളിയാർ വില്ലേജിലെ 25 കോടി രൂപയുടെ എസ്റ്റിമേറ്റിലുള്ള ദുരിതബാധിതർക്കാ യുള്ള റീഹാബിലിറ്റേഷൻ വില്ലേജ് പ്രാവർത്തികമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പൂർണ്ണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപ, മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപ, മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ, എൻഡോസൾഫാൻ തളിച്ച് തുടങ്ങിയതിനുശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ എന്നിങ്ങനെയാണ് അവിടെ നഷ്ടപരിഹാരം നൽകുന്നത്. അതുപ്രകാരം ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രത്യേക ധനസഹായത്തിന്റെ ഒന്നുരണ്ട് ഗഡുക്കളായി ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹതപ്പെട്ടവർക്ക് 90 കോടി 25 ലക്ഷം രൂപ ഇതിനകം നൽകിയിട്ടുണ്ട്. എൻഡോസൾഫാൻ രോഗികൾക്കായി വിവിധ ആരോഗ്യകേന്ദ്രങ്ങളിലായി സൗജന്യ സ്പെഷ്യലിസ്റ്റ് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി, കിടപ്പിലായ രോഗികളെ നോക്കുന്നവർക്കുള്ള ധനസഹായം, ഫിസിയോതെറാപ്പി സേവനം, ദുരിതബാധിതരുടെ സൗജന്യ റേഷൻ, ബഡ്സ് സ്കൂളുകൾ, ദുരിതബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനായി യാത്രാസൗകര്യം, മൊബൈൽ മെഡിക്കൽ യൂണിറ്റ്, വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇവയെല്ലാം സർക്കാർ ഫണ്ട് ഉപയോഗിച്ച് അനുവദിച്ചുവരുന്നുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഇത്തരത്തിലുള്ള സേവനത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രശംസിച്ചിട്ടുള്ളതാണ്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശിപാർശകൾ പലതും പ്രാവർത്തികമാക്കാൻ വേണ്ട കേന്ദ്രസഹായം ലഭിക്കാത്തത് ദുരിതബാധിതരുടെ പുനരധിവാസത്തിന് തടസ്സമായി നിൽക്കുകയാണ്. കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനായി 483 കോടി രൂപയുടെ പ്രൊപ്പോസൽ 2012-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ ധനസഹായമൊന്നും ലഭിച്ചിട്ടില്ല. ദുരിതബാധിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് കൂടി പരിഗണിച്ച് കേന്ദ്രസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വീണ്ടും 14-2-2017-ന് കത്ത് അയച്ചിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖ വികസനമാകെ തടസ്സപ്പെട്ടുപോയെന്ന് പറയുകയുണ്ടായി. വിഴിഞ്ഞം തുറമുഖ വികസനപ്രവൃത്തി നല്ല നിലയിൽ പുരോഗമിച്ചുവന്നപ്പോഴാണ് ഓഖി ചുഴലിക്കാറ്റ് ഉണ്ടായത്. അതിനെത്തുടർന്ന് അവിടത്തെ ചില പുലിമുട്ടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. 600 കി.മീ. ദൂരം പുലിമുട്ട് ഇടുന്ന പ്രവൃത്തി പൂർത്തിയായി ക്കഴിഞ്ഞിരുന്നു. പുലിമുട്ടുകളുടെ ചില ഭാഗങ്ങൾക്കും ഒരു ഡ്രെഡ്ജറിനും തകരാർ സംഭവിച്ചു. അതിന്റെ റിപ്പെയർ നടന്നുകൊണ്ടിരിക്കുകയാണ്. തുറമുഖത്തിന്റെ ആദ്യഘട്ടം 2019 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഓഖി ചുഴലിക്കാറ്റുമൂലം തടസ്സങ്ങൾ ഉണ്ടായതുകൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കാൻ ചെറിയ കാലതാമസം ഉണ്ടാകുമെന്നാണ് തോന്നുന്നത്. വിഴിഞ്ഞം തുറമുഖ വികസന കാര്യത്തിൽ മറ്റ് തടസ്സങ്ങളുണ്ടെന്ന് പറയാൻ കഴിയില്ല.

ഇവിടെ പൂർണ്ണമായും ഭരണസ്തംഭനമാണെന്ന വിലയിരുത്തൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്നുമുണ്ടായി. അത് വസ്തുതയുമായി ഒരു ബന്ധവുമില്ലാത്തതാണ്. സജീവമായി നല്ല രീതിയിൽത്തന്നെയാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ഫയലുകൾ കെട്ടിക്കിടക്കുന്നുവെന്ന് പറയുന്നത് ഒരുതരത്തിലും വസ്തുതയല്ല. എല്ലാ കണക്കുകളും ഇപ്പോൾ എന്റെ കയ്യിലില്ല. എന്റെ ഓഫീസിന്റെകാര്യം ഞാൻ പറയാം. 2017ഡിസംബറിൽ ലഭിച്ച 1229 ഫയലുകളിൽ 1124 എണ്ണത്തിന് (91ശതമാനം) തീർപ്പുകല്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിൽ വരുന്ന ചില ഫയലുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടിവരുമെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. അത്തരം ഫയലു കളാണ് തീർപ്പാക്കാതെയുള്ളത്. 2018 ജനുവരിയിൽ വന്ന ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടായിട്ടില്ല. ചില പ്രത്യേക സാഹചര്യങ്ങൾ വന്നപ്പോൾ ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് കരുതിയിട്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്. വിജിലൻസ് വിഭാഗത്തിന് ഡയറക്ടർ വേണമെന്ന കാര്യത്തിൽ തർക്കമില്ല. വിജിലൻസ് ഡയറക്ടറെ എത്രയുംവേഗം നിയമിക്കും. അതിനെപ്പറ്റി ആശങ്കയുണ്ടാകേണ്ടതില്ല.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഒരു പ്രശ്നം പറയുകയുണ്ടായി. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രണ്ടുതവണ യോഗം ചേരുകയുണ്ടായി. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൃഷി ഉടമസ്ഥരും മിൽ ഉടമയുടെ പ്രതിനിധിയും ഉൾപ്പെടുന്ന ഉപസമിതി രൂപീകരിച്ച് ചർച്ച ചെയ്യാൻ തീരുമാനിക്കുകയും കൃഷി വകുപ്പുമുഖേന നെല്ല് ശാസ്ത്രീയ പരിശോധന നടത്തുന്നതിന് നിശ്ചയിച്ചിട്ടുമുണ്ട്. ഒരു ക്വിന്റൽ നെല്ലിന് 68ശതമാനം അരി തിരികെ നൽകണമെന്ന് കേന്ദ്രസർക്കാരിന്റെ നിബന്ധനയുണ്ടായിരുന്നു. അത് 64 ശതമാനമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നെല്ല് സംഭരിക്കുന്നതിൽ ചിലയിടങ്ങളിൽ ചെറിയ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്, പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ. അവിടെ പരീക്ഷണാടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിക്കാനാകുമോയെന്ന് പരീക്ഷിച്ചുകൊണ്ടിരിക്കുക യാണ്. അക്കാര്യത്തിൽ ഗൗരവമായ നീക്കങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഇവിടെ ഓരോരുത്തരും വിശദമായ രാഷ്ട്രീയ നിലപാടുകളാണ് വ്യക്തമാക്കിയിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയേണ്ട തുണ്ടെന്നാണ് തോന്നുന്നത്. ബഹുമാന്യനായ ഒരംഗം സംസാരിക്കുമ്പോൾ, ബാബ്റി മസ്ജിദ് തകർത്ത സംഭവം ചൂണ്ടിക്കാണിച്ചുകൊണ്ട് അത് തകർത്തവരേയും നോക്കിനിന്ന കോൺഗ്രസ്സുകാരെയും ഒരുപോലെയാണോ കാണേണ്ടതെന്ന് ചോദിക്കുകയുണ്ടായി. ഇതിന് നേതൃത്വംകൊടുത്ത ആൾക്കാരെക്കുറിച്ച് ആർക്കും സംശയമുണ്ടാകില്ല. അന്നത്തെ കേന്ദ്ര ഗവൺമെന്റിനെക്കുറിച്ചാണ് നോക്കിനിന്ന കോൺഗ്രസ് എന്നുപറഞ്ഞത്. നിങ്ങൾക്ക് അത് തടയുന്നതിനുവേണ്ടി എന്ത് നടപടിയും സ്വീകരിക്കാമെന്ന് പറഞ്ഞ് അന്നത്തെ കോൺഗ്രസ്സിന്റെ കയ്യിൽ ബ്ലാങ്ക് ചെക്കാണ് കൊടുത്തിരുന്നത്. എന്നിട്ട് ഒന്നും ചെയ്തില്ല, അതാണ് പ്രശ്നം. അത് എല്ലാവർക്കും അറിയാവുന്നതാണ്. അവർ നോക്കിനിന്നുവെന്ന് മാത്രമല്ല, ഇതിന് കൂട്ടുനിന്നുവെന്നതാണ് വസ്തുത. ആ വശം മറന്നുപോകരുത്. അന്ന് നിങ്ങൾ സ്വീകരിച്ച നിലപാടിന്റെ ഭാഗമായിട്ടാണ് ഈ ന്യായം ഇപ്പോൾ പറഞ്ഞത്. കോൺഗ്രസ്സിന്റെ കൂടെനിന്ന് നാല് മന്ത്രിസ്ഥാനം സംരക്ഷിക്കലാണ് പ്രധാനമെന്ന ഒരു നിലപാട് സ്വീകരിച്ചു. നിങ്ങളുടെ അണികൾ അത്തരം നിലപാട് എടുത്തു എന്നത് നിങ്ങൾ മനസ്സിലാക്കിയതാണ്. കോൺഗ്രസ്സിന്റെ ആദരണീയനായ നേതാവ് ഒറ്റപ്പാലത്ത് ഉപതെരഞ്ഞെടുപ്പ് നടക്കുമ്പോൾ അവിടെ പോകുകയും അവിടെ ഇരുന്നിട്ട് ഇന്നയാൾ വന്നിട്ട് നിങ്ങളാരും വരുന്നില്ലേ, ഞങ്ങളാരും വരുന്നില്ല എന്നുപറഞ്ഞ അനുഭവം നിങ്ങൾക്ക് ഉള്ളതാണല്ലോ. അത്തരം കാര്യങ്ങൾ നമുക്കെല്ലാവർക്കും ഓർമ്മയുള്ളതാണ്. അക്കാലത്ത് ഞാൻ ആ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവിടെ പ്രവർത്തിച്ചതുകൊണ്ടാണ് എനിക്കത് മനസ്സിലായത്. അവിടെ യഥാർത്ഥത്തിൽ സംഭവിച്ച കാര്യമാണിത്. അത്രകണ്ട് എതിർപ്പ് ഉയർന്നുവന്ന പ്രശ്നമായിരുന്നു. അപ്പോഴും നിങ്ങൾ പ്രധാനമായും കണ്ടത് നാല് മന്ത്രി സ്ഥാനമായിരുന്നു. സംഘപരിവാറിനെ സഹായിക്കുന്ന നില ആരുടെ ഭാഗത്തുനിന്നാണ് ഉണ്ടായതെന്ന് വിശദമായി പരിശോധിച്ചാൽ കൃത്യമായി മനസ്സിലാക്കാൻ കഴിയും. ദേശീയ പ്രസ്ഥാനകാലത്ത് വളരെ പ്രശസ്തമായ നിലപാട് സ്വീകരിച്ച, സാമ്രാജ്യത്വവിരുദ്ധ മതനിരപേക്ഷ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോയ പാർട്ടിയായിരുന്നു കോൺഗ്രസ്സ്. അഴിമതിക്ക് പൂർണ്ണമായിട്ടും എതിരായിരുന്നു. പക്ഷെ ആ കോൺഗ്രസ്സ് ആണ് ഇപ്പോഴെന്ന് പറയാൻ സാധിക്കുമോ; എന്തെല്ലാം മാറ്റങ്ങളാണ് സംഭവിച്ചിരിക്കുന്നത്; ഇപ്പറഞ്ഞ ഏതെങ്കിലും ഒന്നിൽ ഉറച്ചുനിൽക്കുന്ന സമീപനം കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നുമുണ്ടോ; മതനിരപേക്ഷ നിലപാടുള്ളവർക്ക് വർഗ്ഗീയതയെ പ്രീണിപ്പിക്കാൻ സാധിക്കുമോ; അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ പാടുണ്ടോ; ശ്രീ. എൽ. കെ. അദ്വാനി നടത്തിയ രഥ യാത്രയെക്കുറിച്ച് നേരത്തെ ഇവിടെ ചില പരാമർശങ്ങളുണ്ടായി. അതിനുശേഷമാണ് വി.പി. സിംഗിനെതിരെ അവിശ്വാസ പ്രമേയം വരുന്നത്. ഈ രണ്ടുകൂട്ടരും ഒരുമിച്ച് നിന്നുകൊണ്ടല്ലേ വി.പി. സിംഗിനെ താഴെയിറക്കിയത്; അത്തരമൊരു നിലപാട് സ്വീകരിക്കാൻ

പാടുണ്ടായിരുന്നോ; അതല്ലേ ബി.ജെ.പി.യെ ഇന്നത്തെ നിലയിൽ ശക്തിപ്പെടുത്താൻ സാധിച്ചത്. ശ്രീകൃഷ്ണ കമ്മീഷൻ റിപ്പോർട്ടിൽ കുറ്റവാളികളെയും കുറ്റംചെയ്തവരെയും എണ്ണിയെണ്ണി പറഞ്ഞല്ലോ; കുറ്റംചെയ്തവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറായോ; എന്തെല്ലാം ദൗർബല്യങ്ങളാണ് ഇവിടെക്കാണിച്ചത്. ഗുജറാത്തിൽ വംശഹത്യ നടന്നപ്പോൾ രാജ്യമാകെ അതിനെതിരെ പ്രതിഷേധം പ്രകടിപ്പിച്ചു. അത്തരത്തിലുള്ള ഗൗരവമായ ഇടപെടൽ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും അന്ന് അവിടെ ഉണ്ടായോ; അപ്പോഴും ആ സംസ്ഥാനത്ത് കോൺഗ്രസ് നല്ലൊരു പാർട്ടിയായി നിൽക്കുന്നുണ്ടല്ലോ; സംഘപരിവാറിന്റെ വർഗ്ഗീയ നിലപാടിനോട് എല്ലാ ഘട്ടത്തിലും മൃദുസമീപനം സ്വീകരിക്കുന്ന നിലപാടാണ് കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ഗോവധത്തിന്റെ പേരിൽ ആളെ കൊല്ലുന്നരീതി സംഘപരിവാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പശുവിന്റെ സംരക്ഷകരായി നിങ്ങളെക്കാളും വലുത് ഞങ്ങളാണെന്ന് പറഞ്ഞ കോൺഗ്രസ് നേതാക്ക•ാരില്ലേ? ഗോമാതാവിന്റെ വലിപ്പം പറഞ്ഞുകൊണ്ട് പുറപ്പെട്ടവർ, അതൊക്കെ ആരെ സഹായിക്കുന്നതാണ്? എണ്ണിയാൽ ധാരാളം പേരുണ്ടാകും. അതിനു ഞാൻ തയ്യാറാകുന്നില്ല. കോൺഗ്രസ് മുൻമുഖ്യമന്ത്രിമാർ, മുൻ കെ.പി.സി.സി. അദ്ധ്യക്ഷർ, അഖിലേന്ത്യാ കോൺഗ്രസ്സിന്റെ ഭാരവാഹികളായിരുന്നവർ അങ്ങനെ എത്രയെത്ര ആളുകളാണ് ഒരു മടിയുമില്ലാതെ ബി.ജെ.പി.-യിലേയ്ക്ക് പോയത്. അത് എന്തുകൊണ്ടാണ്? വർഗ്ഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണം. വർഗ്ഗീയതയെ ശക്തമായി എതിർക്കുന്ന നിലപാട് സ്വീകരിക്കണം. ആ നിലപാട് സ്വീകരിക്കാത്ത അവസ്ഥയാണുള്ളത്. സമീപകാലത്ത് 147 കോൺഗ്രസ്സ് നേതാക്കളാണ് ബി.ജെ.പി.യിൽ പോയത്. ഇപ്പോൾ ഗുജറാത്തിൽ ഉണ്ടായിരുന്ന ഒരു വിമതകോൺഗ്രസ് എം.എൽ.എ. ബി.ജെ.പി.യിലേയ്ക്ക് പോയി. ത്രിപുരയിൽ ഇപ്പോൾ കോൺഗ്രസ്സുണ്ടോ? ത്രിപുരയിലെ കോൺഗ്രസ് എം.എൽ.എ.മാർ പൂർണ്ണമായി ബി.ജെ.പി.യിലേയ്ക്ക് പോയി. ഇപ്പോൾ ബി.ജെ.പി. പ്രഖ്യാപിച്ച സ്ഥാനാർത്ഥിലിസ്റ്റിൽ എട്ടുപേർ കോൺഗ്രസ്സിന്റെ മുൻ എം.എൽ.എ. മാരാണ്. അവിടത്തെ സ്ഥിതിയെന്താണ്? ത്രിപുരയിൽ ഒന്നര ശതമാനം വോട്ടാണ് ബി.ജെ.പി.ക്ക് നേരത്തെയുണ്ടായിരുന്നത്. അവരുടെ ബഹുജന സ്വാധീനം കണ്ടിട്ട് ആ പാർട്ടിയിലേയ്ക്ക് ഓടിപ്പോയതാണോ; ഇതല്ലേ കോൺഗ്രസ്സിന്റെ സ്ഥിതി; ആ ദൗർബല്യം കാണേണ്ടതല്ലേ? കോൺഗ്രസ്സിന്റെ നേരത്തെയുള്ള മൂല്യങ്ങൾ ഉപേക്ഷിച്ചുവെന്നുമാത്രമല്ല, പൂർണ്ണമായും ജനവിരുദ്ധ സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ടാണല്ലോ ജനജീവിതം ദുസ്സഹമാകുന്ന അവസ്ഥ ഈ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുതൊട്ടുമുമ്പ് ഉണ്ടായത്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പുള്ള പത്തുവർഷം കോൺഗ്രസ്സ് ആണല്ലോ ഭരിച്ചത്. അതിൽ ആദ്യത്തെ അഞ്ചുവർഷം ചില സമ്മർദ്ദങ്ങൾ കാരണം ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കേണ്ടിവന്നു. അടുത്ത അഞ്ചുവർഷം യാതൊരു ശങ്കയുമില്ലാതെ ജനവിരുദ്ധ നടപടികൾ സ്വീകരിച്ചു. എന്താണ് ഈ നാടിന്റെയും ജനങ്ങളുടെയും അവസ്ഥ; ജനജീവിതം ദുസ്സഹമായി മാറിയില്ലേ? പൊതുമേഖല വിറ്റുതുലയ്ക്കൽ, കർഷക ആത്മഹത്യ പെരുകുന്ന സാഹചര്യം ഇതൊക്കെയായിരുന്നില്ലേ നമ്മുടെ രാജ്യത്തുണ്ടായിരുന്നത്. ഈ നിലയെല്ലാം ഉപയോഗിച്ചുകൊണ്ടാണല്ലോ ബി.ജെ.പി. അധികാരത്തിൽ വന്നത്. നമ്മുടെ രാജ്യത്ത് ഇതിനെല്ലാം എതിരെ വലിയ രോഷം ജനങ്ങളിലുണ്ടായപ്പോൾ ആ രോഷം ശരിയായ രൂപത്തിൽ ഉപയോഗിക്കാനുള്ള ബദൽ നയം മുന്നോട്ടുവച്ച് പ്രക്ഷോഭത്തിലേയ്ക്കിറങ്ങാനുള്ള സാധ്യത ചിലയിടങ്ങളിലില്ലായിരുന്നു. അവിടെയാണ് ബി.ജെ.പി.ക്ക് ഉപയോഗിക്കാൻ സാധിച്ചത്. കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും മാത്രം സ്വാധീനമുള്ള ചില സ്ഥലങ്ങളുണ്ട്. നേരത്തെ കോൺഗ്രസ്സിന്റെ സ്വാധീന കേന്ദ്രങ്ങളായിരുന്ന സ്ഥലങ്ങളാണ് ഇപ്പോൾ ബി.ജെ.പി.-യുടെ സ്വാധീന കേന്ദ്രങ്ങളായി മാറിയത്. അവിടെ ബി.ജെ.പി. ജയിച്ചുവന്നു. അവർ തെരഞ്ഞെടുപ്പിൽ ജനങ്ങളെ പറ്റിക്കുന്നതിനുവേണ്ടി ഒട്ടേറെ വാഗ്ദത്തങ്ങൾ നൽകി. പക്ഷേ അധികാരത്തിൽ വന്നശേഷം ആ വാഗ്ദത്തങ്ങൾ എന്തെങ്കിലും നടപ്പായോ?

'സ്വാമിനാഥൻ കമ്മീഷൻ ശിപാർശ'യുണ്ടെന്ന് കർഷകരോട് പറഞ്ഞു, കാർഷിക ചെലവും അതിന്റെ പകുതിയും കൂടിച്ചേർത്തുള്ള സംഖ്യ കർഷകർക്ക് താങ്ങുവിലയായി നൽകുമെന്നായിരുന്നു ബി.ജെ.പി.യുടെ വാഗ്ദത്തം. അത് അന്ന് പറഞ്ഞതല്ലാതെ പിന്നെ എന്തെങ്കിലും നടന്നോ? ഇപ്പോഴും കർഷക പ്രക്ഷോഭമില്ലേ, കർഷകരാകെ ദുരിതത്തിലല്ലേ? മധ്യപ്രദേശിൽ അഞ്ചുപേരെയാണ് വെടിവച്ചുകൊന്നത്. തൊഴിലാളികളുടെ അവസ്ഥ നേരത്തെയുള്ളതിനേക്കാൾ ദുരിതമയമായില്ലേ? എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും പ്രക്ഷോഭത്തിലല്ലേ? നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ജീവിതം കൂടുതൽ ദുസ്സഹമായല്ലോ? നമ്മുടെ രാജ്യത്തെ അമേരിക്കൻ സാമ്രാജ്യത്വത്തോട് കൂട്ടിക്കെട്ടേണ്ടതാണോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ കോൺഗ്രസ്സ് സ്വീകരിച്ച, ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ച നിലപാട്, നമ്മുടെ രാജ്യം സ്വീകരിച്ച നിലപാട് സാമ്രാജ്യത്വത്തിന് എതിരായിരുന്നു. അന്ന് ലോകം ഇന്ത്യയെ നല്ലതുപോലെ ആദരിച്ചു. ലോകമെന്നുപറഞ്ഞാൽ, മൂന്നാംലോക രാഷ്ട്രങ്ങളും പുതിയതായി സ്വാതന്ത്ര്യം നേടിയ രാഷ്ട്രങ്ങളും സ്വാതന്ത്ര്യ സമരപ്രസ്ഥാനങ്ങളും. ലോകമാകെ നമ്മുടെ രാജ്യത്തെ ആവേശപൂർവ്വം നോക്കിക്കണ്ടിരുന്നു. ഇന്ന് അതാണോ അവസ്ഥ? നമ്മൾ നയം മാറ്റിയില്ലേ? ഇന്ന് ബി.ജെ.പി. അധികാരത്തിലുള്ളതുകൊണ്ട് അവർ ചെയ്യുന്നത് എന്താണ്. ഇതിന് ആരാണ് തുടക്കംകുറിച്ചത്? കോൺഗ്രസ്സ് അല്ലേ നയം മാറ്റിയത്. അമേരിക്കയുടെ തന്ത്രപരമായ സഖ്യശക്തിയായി ഇന്ത്യ മാറി. ഇന്ത്യ അമേരിക്കയുടെ തന്ത്രപരമായ സഖ്യശക്തിയായി മാറിയത് ഈ ഗവൺമെന്റ് വന്നതിന് തൊട്ടുമുമ്പല്ലേ; നമ്മൾ ഇന്ന് എവിടെയെത്തി? നമ്മുടെ രാജ്യം ഒരു യുദ്ധത്തിൽ പങ്കാളിയായില്ലെങ്കിലും അമേരിക്ക ഒരു യുദ്ധത്തിൽ പങ്കാളിയായാൽ അവരുടെ യുദ്ധവിമാനവും യുദ്ധക്കപ്പലും നമ്മുടെ രാജ്യത്ത് വിശ്രമിക്കുവാൻ സാധിക്കുന്ന നിലയിലായില്ലേ? ഇതിൽ എവിടെയാണ് വ്യത്യാസം? നേരത്തെ കോൺഗ്രസ് സ്വീകരിച്ച നയം കൂടുതൽ ശക്തിയോടെ നമ്മുടെ രാജ്യത്തെ ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വീകരിക്കുന്നു. ബി.ജെ.പി. ആണെങ്കിൽ ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിലുള്ള ഒരു പാർട്ടിയാണ്. അതുകൊണ്ട് അവർ മതനിരപേക്ഷതയ്ക്കും ഫെഡറലിസത്തിനും പാർലമെന്ററി ജനാധിപത്യത്തിനുമെല്ലാം എതിരാണ്. എല്ലാത്തിനും എതിരായ നിലയാണല്ലോ സ്വീകരിക്കുന്നത്.

**കെ. എൻ. എ. ഖാദർ:** സർ, കോൺഗ്രസ്സ് പാർട്ടി തുടങ്ങിവച്ച തെറ്റായ നയങ്ങൾതന്നെയാണ് ഭാരതീയ ജനതാ പാർട്ടി തുടർന്നുകൊണ്ടിരിക്കുന്ന തെന്നാണ് അങ്ങ് പറയുന്നത്, അത് ശരി തന്നെ, അതുകൊണ്ടാണ് ബി.ജെ.പി. അധികാരത്തിൽ വന്നതെന്നും പറയുന്നു. അതും ശരി. ഇനി എന്താണ് ഇതിന് പരിഹാരം? ഈ സാഹചര്യത്തിൽ ഭാരതീയ ജനതാപാർട്ടി ഇങ്ങനെയൊക്കെ ചെയ്യാനും അധികാരത്തിൽ വരാനും കാരണം കോൺഗ്രസ്സാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥാപിച്ചുകഴിഞ്ഞു. ഇതിനെ നേരിടാനും ഭാരതീയ ജനതാപാർട്ടിയെ താഴെയിറക്കാനും എന്തെങ്കിലും മറുമരുന്നുണ്ടോ; അതിന് ഇടതുപക്ഷത്തിനു മാത്രമേ സാധിക്കുകയുള്ളോ?

**പിണറായി വിജയൻ:** സർ, അത് ഇതിന്റെ രണ്ടാമത്തെ കാര്യമായി വരും അതിൽ ശങ്കിക്കേണ്ടതില്ല. ഈ വിഷയത്തിലേയ്ക്ക് ഞാൻ വരും. നമ്മുടെ രാജ്യത്ത് സംഭവിച്ച കാര്യങ്ങളാണ് നാം കാണേണ്ടത്. നേരത്തെ കോൺഗ്രസ്സ് തുടങ്ങിവച്ച കാര്യങ്ങൾ ബി.ജെ.പി. കൂടുതൽ തീവ്രതയോടെയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്? അതിന്റെ ഫലമായി രാജ്യത്തെ ജനങ്ങളുടെ ജീവിതമാകെ ദുസ്സഹമാകുന്ന അവസ്ഥയുണ്ടായി. ബി.ജെ.പി. സർക്കാർ നമ്മുടെ രാജ്യത്തിന്റെ എല്ലാ മൂല്യങ്ങളും തകർക്കുകയാണ്. പാർലമെന്ററി ജനാധിപത്യം വരെ തകർക്കാനുള്ള നിലപാടിലാണ് ബി.ജെ.പി. നിൽക്കുന്നത്. അങ്ങനെ വരുമ്പോൾ നാം ചിന്തിക്കേണ്ട ഒരു കാര്യം, ബഹുമാന്യനായ അംഗം ചോദിച്ചല്ലോ ഇതിന് എന്താണ് വഴിയെന്ന്? നേരത്തെയുള്ള കോൺഗ്രസ്സിന്റെ നയവും ഇപ്പോഴത്തെ ബി.ജെ.പി. സർക്കാർ നടപ്പിലാക്കുന്ന നയവും ഒരേ രീതിയിലായത് എന്തുകൊണ്ടാണ്? രണ്ട് കൂട്ടരും അംഗീകരിച്ച നയപരമായ സമീപനം ഒന്നാണ്. സാമ്രാജ്യത്വവും ആഗോളവത്ക്കരണ നയത്തിന്റെ ഭാഗമായുള്ള നവ ഉദാരവത്ക്കരണ നടപടികളും.

ഇതാണ് രണ്ട് കൂട്ടരും സ്വീകരിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ബി.ജെ.പി.-യെ അധികാരത്തിൽ നിന്നും ഇറക്കുക എന്നതുതന്നെയാണ് പരമപ്രാധാനം. കാരണം നമ്മുടെ രാജ്യത്തെ ആകെ തകർക്കാൻ അവർ ശ്രമിക്കുകയാണ്. ബി.ജെ.പി.-യെ അധികാരത്തിൽ നിന്നും ഇറക്കുക എന്നുപറയുമ്പോൾ നവഉദാരവത്ക്കരണ നിലപാടുകാരെക്കൂടി കൂട്ടിക്കൊണ്ടുള്ള അധികാരത്തിൽ നിന്നുള്ള ഇറക്കലായാൽ എന്തായിരിക്കും ഫലം. ജനങ്ങൾക്ക് എന്താണ് രക്ഷ? ഏതിലാണ് ആശ്വാസം കിട്ടുന്നത്? നവ ഉദാരവത്ക്കരണ നടപടികൾ സ്വീകരിക്കാത്ത, ആ സമീപനമില്ലാത്ത നമ്മുടെ രാജ്യത്തിലെ ജനാധിപത്യശക്തികളുണ്ട്. ഇടതുപക്ഷത്തെപ്പറ്റി അങ്ങേയ്ക്ക് ആശങ്ക വേണ്ട. ഇക്കാര്യത്തിൽ ഇടതുപക്ഷം ശക്തമായ നിലപാട് സ്വീകരിക്കുകയാണ്, ഇത്തരം കാര്യങ്ങളിൽ ഉറച്ച നിലപാടാണുള്ളത്. ഇടതുപക്ഷവും നമ്മുടെ രാജ്യത്തിലെ നവ ഉദാരവത്ക്കരണ നയം സ്വീകരിക്കാത്ത ജനാധിപത്യ ശക്തികളും കൂടിയുള്ള യോജിപ്പ് ഇവിടെ ശക്തിപ്പെട്ടു. അതാണ് ഇവിടെ ഉയർന്നുവരുന്നത്. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോൾ കർഷക പ്രക്ഷോഭങ്ങൾ കണ്ടില്ലേ; രാജ്യത്ത് ഉയർന്നുവരുന്ന തൊഴിലാളി പ്രക്ഷോഭങ്ങൾ കണ്ടില്ലേ; രാജ്യത്തിലെ യൂണിവേഴ്സിറ്റികളിലെല്ലാം നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ നല്ലതുപോലെ ഇടതുപക്ഷ വിദ്യാർത്ഥിസംഘടനകൾ കരുത്താർജ്ജിക്കുന്നത് കണ്ടില്ലേ; ഇതൊരു ബദലാണ്. ആ ബദൽ ശക്തിപ്പെട്ട് വരണം. അതാണ് ഞങ്ങൾ കാണുന്നത്. അല്ലെങ്കിൽ ജനങ്ങൾക്ക് ആശ്വാസമെന്താണ്; രാജ്യത്തിന് ഗുണമെന്താണ്; ഒരേ നയക്കാർ പേര് മാറിയതുകൊണ്ട് കാര്യമുണ്ടോ? ഒരു പേര് മാറി മറ്റൊരു പേര് വന്നതുകൊണ്ട് നയം മാറില്ലല്ലോ; നയത്തിലാണ് മാറ്റം വേണ്ടത്. ഇവിടെ ജനങ്ങൾക്ക് കോൺഗ്രസ്സിൽ വിശ്വാസമില്ല എന്നതാണ് വസ്തുത. നമ്മുടെ രാജ്യത്ത് നടക്കുന്ന സംഭവങ്ങൾ നോക്കിയാൽ ഏച്ചുകെട്ടിയ മുന്നണികൊണ്ട് വല്ല കാര്യവുമുണ്ടോ; ബീഹാറിൽ മഹാസഖ്യമുണ്ടായി. ഇപ്പോൾ എന്തായി; എന്താണ് സംഭവിച്ചത്; ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടിയും കോൺഗ്രസ്സും ഒന്നിച്ച് മത്സരിച്ചു. സാധാരണനിലയ്ക്ക് സമാജ്‌വാദി പാർട്ടിക്ക് കുറച്ച് സ്വാധീനം അവിടെയുണ്ട്. പക്ഷേ നല്ല തിരിച്ചടി ഉത്തർപ്രദേശിൽ അവർക്ക് ഏൽക്കേണ്ടിവന്നു. അത് യഥാർത്ഥത്തിൽ കോൺഗ്രസ്സുമായി യോജിച്ചതിന്റെ ഫലമായിയുണ്ടായ കാര്യമല്ലേ; ഗുജറാത്തിൽ സകലമാനപേരും ബി.ജെ.പി.-ക്ക് എതിരാണ്. ബി.ജെ.പി.-ക്കെതിരായി ചില പുതിയ വിഭാഗങ്ങൾ ഉയർന്നുവരുന്നു. പക്ഷേ കോൺഗ്രസ്സിൽ വിശ്വാസം വേണ്ടേ; ജനങ്ങൾക്ക് വിശ്വാസമർപ്പിക്കാൻ കഴിയുന്നില്ല. ഇവിടെ പരാജയപ്പെട്ടതിന്റെ കഥ നേരത്തേ ബഹുമാന്യരായ അംഗങ്ങൾ പറയുകയുണ്ടായി. ഇപ്പോൾ ബി.ജെ.പി.-യെ പ്രതിരോധിക്കുന്നതിന്റെ അനുഭവം, കേരളത്തിന്റെ അനുഭവമെന്താണ്; വടകരയിലെയും ബേപ്പൂരിന്റെയും അനുഭവം മറന്നുപോയോ; വടകര പാർലമെന്റ് സീറ്റിലും ബേപ്പൂർ അസംബ്ലി സീറ്റിലും കോൺഗ്രസ്സും ബി.ജെ.പി.-യും ലീഗുമെല്ലാം ഒന്നിച്ചു നിന്ന കഥ നമ്മൾ മറന്നുപോയോ? എങ്ങനെയാണ് നേമം നിയോജകമണ്ഡലത്തിൽ യു.ഡി.എഫ്. മൂന്നാം സ്ഥാനത്തെത്തിയത്; കെട്ടിവച്ച പണം തന്നെ ഇല്ലാത്ത അവസ്ഥയിലേയ്ക്ക് പോയത്; നമ്മുടെ നാടിന്റെ അനുഭവം, നമ്മുടെ നാട് വളരെ ശക്തമായി ബി.ജെ.പി. വിരുദ്ധ, സംഘപരിവാർ വിരുദ്ധ നിലപാട് സ്വീകരിക്കുന്നതാണല്ലോ; വർഗ്ഗീയ വിരുദ്ധ നിലപാട് സ്വീകരിക്കുന്നതാണല്ലോ; ഇവിടെയും സംഭവിച്ചതല്ലേ ഈ അനുഭവം. എന്തിനാണ് ഈ അനുഭവം കാണാതിരിക്കുന്നത്; നിങ്ങൾ അവരുടെകൂടെ കൂടിയവർ എന്നുള്ള നിലയ്ക്ക് അതിന് പിന്തുണകൊടുക്കാൻ ബാദ്ധ്യസ്ഥരാണ്. തെറ്റായ കാര്യങ്ങൾ തെറ്റായ കാര്യങ്ങളാണെന്ന് പറയാനല്ലേ ആർജ്ജവം കാണിക്കേണ്ടത്. ഏതായാലും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സംശയവുമില്ല ബി.ജെ.പി.-യെ താഴെയിറക്കണമെന്നതുതന്നെയാണ് ലക്ഷ്യം. അതിന് എല്ലാ ജനാധിപത്യശക്തികളെയും കൂട്ടിയോജിപ്പിക്കും. ഇടതുപക്ഷത്തെ ഏറ്റവും വലിയ ശത്രുവായി ആർ.എസ്.എസ്.-ഉം സംഘപരിവാറും കാണുന്നത് അതുകൊണ്ടുതന്നെയല്ലേ; കേരളത്തെ ഏതെല്ലാം തരത്തിലാണ് അപകീർത്തി പ്പെടുത്താനുള്ള ശ്രമം അവർ നടത്തിയത്; കേരളത്തെ

സംബന്ധിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ എന്തെല്ലാം തെറ്റായ പ്രചരണങ്ങളാണ് നടത്തിയത്. ബി.ജെ.പി.-യുടെ അഖിലേന്ത്യാ നേതാക്കൾ, കേന്ദ്ര മന്ത്രിമാർ, എം.പി.-മാർ, മുഖ്യമന്ത്രിമാർ എല്ലാവരും കേരളത്തിൽവന്ന് കേരളത്തിനെതിരെ അപവാദ പ്രചരണമല്ലേ നടത്തിയത്; നമ്മുടെ നാട്ടിൽ സംഘടിതമായ ആക്രമണവും കൊലപാതകവുമല്ലേ ആർ.എസ്.എസ്.-ഉം സംഘപരിവാറും നടത്തി ക്കൊണ്ടിരിക്കുന്നത്. അതിനെ ന്യായീകരിക്കാൻവേണ്ടി മറിച്ചുള്ള പ്രചരണം രാജ്യവ്യാപകമായി നടത്തുന്നു. അത് എവിടെവരെ എത്തി; സി.പി.ഐ.(എം)-ന്റെ കേന്ദ്രകമ്മിറ്റി പാർട്ടി ഓഫീസ് ആക്രമിക്കുന്നതുവരെ എത്തി. ഓഫീസിന കത്തുകയറി സി.പി.ഐ.(എം)-ന്റെ പാർട്ടി ജനറൽ സെക്രട്ടറിയെ ആക്രമിക്കുന്ന നിലയുമുണ്ടായി. ഇവിടെ പാർട്ടി സംസ്ഥാന സെക്രട്ടറിയുടെ വീട് ആക്രമിക്കുന്ന നിലയും വന്നു. ബി.ജെ.പി.-യെ ഏതായാലും അധികാരത്തിൽനിന്നും മാറ്റിനിർത്തുക എന്നതുതന്നെയാണ് ഇടതുപക്ഷം കാണുന്നത്. അക്കാര്യത്തിൽ ഒരു ആശയക്കുഴപ്പവും ഞങ്ങളെ സംബന്ധിച്ചിടത്തോളമില്ല. പക്ഷേ ബദൽ സമീപനം ഉയർന്നുവരണം. ബദൽ നയം ഉയർത്തിക്കൊണ്ടുവരണം. ആ ബദൽ നയം കൊണ്ടുമാത്രമേ ജനങ്ങൾക്കും രാജ്യത്തിനും രക്ഷയുണ്ടാകൂ. അത് കോൺഗ്രസ്സിനെക്കൊണ്ട് ആവില്ല. ജനങ്ങൾക്ക് കോൺഗ്രസ്സിൽ വിശ്വാസവുമില്ല. ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ എല്ലാ മതേതര ജനാധിപത്യശക്തികളെയും ഒരുമിച്ച് നിർത്താൻ ശ്രമിക്കും. എന്നാൽ കോൺഗ്രസ്സുമായി തെരഞ്ഞെടുപ്പിൽ ധാരണയോ സഖ്യമോ ഉണ്ടാക്കാൻ ഞങ്ങൾ തയ്യാറല്ല. ഇതാണ് ഞങ്ങളുടെ നിലപാട്. ആ നിലപാടുമായിതന്നെ ഞങ്ങൾ മുന്നോട്ടുപോകുകയാണ്. ഇവിടെ ബദലായ ഒരു രാഷ്ട്രീയം അവതരിപ്പിക്കുന്നുവെന്ന തോന്നൽ ജനങ്ങൾക്കുണ്ടാകണം. ജനങ്ങളെയാണ് വിശ്വാസത്തിലെടുക്കേണ്ടത്. ജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കണം. അതും ശരിയായ ഒരു ബദൽ നയം ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിയണം. അത്തരം ഒന്നിനുമാത്രമേ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാൻ കഴിയൂ. ഇപ്പോൾ ബി.ജെ.പി. സർക്കാർ സ്വീകരിക്കുന്ന ജനവിരുദ്ധ നയങ്ങളുണ്ട്. മതനിരപേക്ഷത തകർക്കാനും ഫെഡറലിസം തകർക്കാനും ശ്രമിക്കുന്ന നിലപാടുകളുണ്ട്. ഇതിനെല്ലാം എതിരെയുള്ള കൂട്ടായ പ്രക്ഷോഭങ്ങളും ബഹുജന പ്രസ്ഥാനങ്ങളും ചെറുത്തുനിൽപ്പുകളും ഉയർന്നുവരണം. ഇതിൽ ആരെല്ലാം യോജിക്കാൻ തയ്യാറുണ്ടോ അവരെല്ലാം യോജിക്കണം. എന്നാൽ അതൊരു തെരഞ്ഞെടുപ്പ് സഖ്യമല്ല എന്നാണ് ഞങ്ങൾ കാണുന്നത്. അത്തരം പ്രക്ഷോഭങ്ങൾ എല്ലാവരുംകൂടി യോജിച്ച് നടത്തണം. ഇപ്പോൾ തൊഴിലാളിരംഗത്തും കർഷകരംഗത്തും എല്ലാവരുംകൂടി യോജിച്ച് ഇത്തരം പ്രക്ഷോഭങ്ങൾ നടക്കുന്നുണ്ട്. അത് തെരഞ്ഞെടുപ്പ് സഖ്യമല്ല. അത്തരം യോജിച്ച പ്രക്ഷോഭങ്ങൾ രാജ്യത്ത് ശക്തമായി ഉയർന്നുവരണം. യു.ഡി.എഫ്. വലിയ തകർച്ചയിലാണ് എന്ന് ഞാൻ പറയേണ്ട കാര്യമില്ല. ഇപ്പോൾ യു.ഡി.എഫ്.-ന്റെ സ്ഥിതിയെന്താണ്? ആദ്യം ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിൽ കേരളാ കോൺഗ്രസ്സും ഇപ്പോൾ എം.പി. വീരേന്ദ്രകുമാറിന്റെ നേതൃത്വത്തിൽ ജെ.ഡി.യു.-വും കോൺഗ്രസ്സ് വിട്ടു. മുസ്ലീംലീഗ് അവരുടെ കൂടെയുണ്ട്. നിങ്ങളും അവരും ഒരു മുന്നണിയായി ഇപ്പോൾ മാറിയിരിക്കുകയാണ്. ഇതാണ് യു.ഡി.എഫ്.-ന്റെ അവസ്ഥ. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അവസ്ഥ അതല്ലെന്ന് നിങ്ങൾ കാണണം. വ്യത്യസ്ത പാർട്ടികൾകൂടിയുള്ള മുന്നണിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി. ആ വ്യത്യസ്ത പാർട്ടികൾകൂടി ഭരിക്കുമ്പോൾ ചില കാര്യങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നുവന്നുവെന്ന് വരും. അതൊന്നും അടിസ്ഥാനപരമായി മുന്നണിയുടെ ഘടനയെ ദുർബ്ബലപ്പെടുത്തുന്ന ഒന്നായിരിക്കില്ല. പ്രതിപക്ഷ നേതാവടക്കം നമ്മുടെ സമ്മേളനങ്ങളെക്കുറിച്ച് പറഞ്ഞു. സമ്മേളനങ്ങൾ ഒരു മോഹമായി മാത്രം കൊണ്ടുനടക്കാൻ കഴിയുന്നവരാണല്ലോ നിങ്ങൾ. ഇവർ സമ്മേളനം കണ്ടിട്ട് എത്രകാലമായി; നല്ല പ്രായമായ ആളുകൾതന്നെ സമ്മേളനം എങ്ങനെയാണെന്നത് മറന്നുപോയി. എല്ലാം നോമിനേറ്റഡ് എന്ന നിലയാണുള്ളത്. എന്നാൽ ജനാധിപത്യപാർട്ടി എന്ന വിശേഷത നിങ്ങൾക്കാണ്. അതാണ് അതിന്റെയൊരു പ്ര

ത്യേകത. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി മൂന്നുവർഷം കൂടുമ്പോൾ നല്ലതുപോലെ സമ്മേളനം നടത്തുന്നു. ആ സമ്മേളനത്തിൽ സ്വാഭാവികമായി കാര്യങ്ങൾ ചർച്ച ചെയ്യുന്നു. ചർച്ചയിൽ അവരവർക്ക് തോന്നിയ അഭിപ്രായങ്ങൾ പറയും. അതിൽ ശരിയും തെറ്റുമുണ്ടാകും. ഏതാണോ ശരിയായകാര്യം അതുൾക്കൊള്ളും. തെറ്റായ കാര്യങ്ങൾ ഏത് പാർട്ടി നേതൃത്വമായാലും അത് തെറ്റാണെന്ന് പറയും. അതൊക്കെ സാധാരണയുള്ള നിലപാടുകളാണ്. അതുതന്നെയാണ് ഇപ്പോൾ സമ്മേളനങ്ങളിൽ നടക്കുന്നത്. നിങ്ങൾ സമ്മേളനങ്ങൾ നടത്താത്തതുകൊണ്ട് നിങ്ങൾക്ക് ഓർമ്മയില്ലാത്തതാണ്.

**രമേശ് ചെന്നിത്തല:** സർ, നിങ്ങൾ വലിയ പാർട്ടിയാണ്, നിങ്ങൾക്ക് മാത്രമേ രാജ്യത്തെ രക്ഷിക്കാൻ കഴിയുകയുള്ളൂ, അത് വേറൊരു കാര്യം. അങ്ങയുടെ മന്ത്രിസഭയിൽ നിന്ന് ക്യാബിനറ്റ് ഫോം ഓഫ് ഗവൺമെന്റ്, ആ മന്ത്രിസഭയുടെ പ്രവർത്തനങ്ങൾ അങ്ങേയ്ക്കറിയാവുന്നതാണല്ലോ; ക്യാബിനറ്റിൽ നിന്നും നാല് മന്ത്രിമാർ ഇറങ്ങിപ്പോവുകയും ക്യാബിനറ്റ് യോഗം ബഹിഷ്കരിക്കുകയും ചെയ്തത് മുഖ്യമന്ത്രി എന്നുള്ള നിലയിൽ അത്യന്തം ഗുരുതരമായ പ്രശ്നമായി അങ്ങ് കാണുന്നില്ലേ?

പിണറായി വിജയൻ: സർ, രാജ്യത്തെ രക്ഷിക്കുകയെന്നത് വലിപ്പത്തിലല്ല, അതിന്റെ നയമാണ് പ്രധാനം. ആ നയം ശരിയായി മുന്നോട്ടുവയ്ക്കാൻ ഞങ്ങൾക്ക് കഴിയുന്നുണ്ട്. ആ നയത്തിനുപിന്നിൽ ആളുകളെ അണിനിരത്താനും അതിൽ നല്ല മുന്നേറ്റമുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ആ മുന്നേറ്റത്തിന്റെ ഭാഗമായി ആളുകളെ കൊണ്ടുവരണം. നിങ്ങളുടെ കൂടെയിരിക്കുന്ന പല ആളുകളും ഇതിന്റെ ഭാഗമായി അണിചേരുമെന്ന് തന്നെയാണ് കരുതുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിൽ യാതൊരുവിധ കെട്ടുറപ്പിന്റെ പ്രശ്നവുമില്ല; ഭദ്രമായി തന്നെയാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. അതിൽ ഒരു ആശങ്കയും നിങ്ങൾക്ക് ഉണ്ടാകേണ്ടതില്ല. പലതരത്തിലുള്ള അഭിപ്രായങ്ങൾ ഉയർന്നുവരും. നിങ്ങൾ സംസാരിക്കുന്ന രീതിയിലാണോ ഞാൻ സംസാരിക്കുന്നത്; നമുക്കിടയിലും അത്തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളുണ്ടാകും. അടിസ്ഥാനപരമായി ഏതെങ്കിലും തരത്തിലുള്ള ശക്തമായ വിയോജിപ്പുകൾ നിലനിൽക്കുന്നില്ല. ഇന്നത്തെ കാലത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് ചില കാര്യങ്ങൾ നടക്കുന്നുണ്ടാകും. അതൊന്നും സാധാരണനിലയ്ക്ക് ഗവൺമെന്റിനെ അലോസരപ്പെടുത്തുന്നതല്ല. കൂടുതൽ ശക്തമായി ഗവൺമെന്റ് മുന്നോട്ടുപോകും. ഗവർണ്ണർ നല്ല രീതിയിലുള്ള നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയിട്ടുള്ളത്. നന്ദിപ്രമേയം പാസ്സാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

## ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസ്താവന

# തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

1932-ൽ ഫ്ളൈയിംഗ് ക്ലബ്ബിന്റെ ഭാഗമായി സ്ഥാപിതമായ കേരളത്തിലെ ആദ്യ വിമാനത്താവളമാണ് ഇപ്പോഴത്തെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. വിമാനത്താവളത്തിൽനിന്നും സ്വാതന്ത്ര്യാനന്തരം ആഭ്യന്തര വിമാനസർവ്വീസുകളും 1970-കളുടെ അവസാനത്തിൽ അന്താരാഷ്ട്ര വിമാന സർവ്വീസുകളും ആരംഭിക്കുകയുണ്ടായി.

ഏകദേശം 630 ഏക്കർ വിസ്തീർണ്ണവും 3394 മീറ്റർ റൺവേ ദൈർഘ്യവുമുള്ള ഈ വിമാനത്താവളത്തെ 1991-ൽ ഇന്ത്യയിലെ അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളമായി ഉയർത്തുകയുണ്ടായി. 2030-ഓടുകൂടി ആഭ്യന്തര യാത്രക്കാരുടെ നിരക്കിൽ 20 ശതമാനത്തോളവും അന്താരാഷ്ട്ര യാത്രക്കാരുടെ നിരക്കിൽ 15 ശതമാനത്തോളവും വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

### കേന്ദ്ര സർക്കാരിന്റെ തീരുമാനം

ഇത്തരത്തിൽ വളർച്ചയുടെ പാതയിലൂടെ നീങ്ങുന്ന തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളം രാജ്യത്തെ മറ്റ് ആറ് വിമാനത്താവളങ്ങളോടൊപ്പം മത്സരാധിഷ്ഠിത ലേല പ്രക്രിയയിലൂടെ പൊതു-സ്വകാര്യ പങ്കാളിയെ കണ്ടെത്തി വികസിപ്പിക്കാനാണ് കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചിട്ടുള്ളത്.

നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനുള്ള കേന്ദ്ര മന്ത്രിസഭാ തീരുമാനം തീർത്തും പ്രതിഷേധാർഹമാണ്.

### സംസ്ഥാന സർക്കാരിന്റെ ഇടപെടൽ

സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനെതിരായ ഈ തീരുമാനം വന്നയുടൻ പുനഃപരിശോധിക്കണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ഇതിന്റെ ഭാഗമായി 21-11-2018-നും 08-12-2018-നും കേന്ദ്ര വ്യോമയാന മന്ത്രിക്ക് സംസ്ഥാനം കത്തയക്കുകയും 9-12-2018-ന് കേന്ദ്ര വ്യോമയാന മന്ത്രിയെ കണ്ട ഘട്ടത്തിൽ സംസ്ഥാനത്തിന്റെ നിലപാട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലും നേതൃത്വം നൽകിയതിന്റെ ഭാഗമായി ഈ മേഖലയിൽ നല്ല പരിചയം സംസ്ഥാന

ത്തിനുണ്ട്. ഇത്തരം അനുഭവങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്ന ആവശ്യം നാം മുന്നോട്ടു വച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതിൻപ്രകാരം, നീതി ആയോഗ് സി.ഇ.ഒയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് ഗ്രൂപ്പ് ഓഫ് സെക്രട്ടറീസ് 4-12-2018-ൽ കേരള ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പൂർവ്വകാല ചരിത്രവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും വിവിധ ഘട്ടങ്ങളിൽ ഭൂമി ഏറ്റെടുത്ത് സൗജന്യമായി വിമാനത്താവള വികസനത്തിനായി നൽകിയ കാര്യവും വ്യക്തമാക്കിയിരുന്നു. ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയും ഗതാഗത വകുപ്പ് സെക്രട്ടറിയും എംപവേർഡ് ഗ്രൂപ്പ് ഓഫ് ഓഫീസേഴ്സിന് മുന്നിൽ വിശദമായൊരു അവതരണവും നടത്തിയിരുന്നു.

സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ നേരത്തേ കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നു. ഈ ഘട്ടത്തിൽ ലേലത്തിൽ മറ്റുള്ളവരെപ്പോലെ സംസ്ഥാന സർക്കാരിനും പങ്കെടുക്കാമെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. വിമാനത്താവളത്തിന്റെ കാര്യത്തിലും ഇത്തരമൊരു സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ച് മുന്നോട്ടുപോകുന്നത് അഭിലഷണീയമല്ല.

2003 ഏപ്രിൽ, ഡിസംബർ മാസങ്ങളിൽ അന്നത്തെ കേന്ദ്ര വ്യോമയാന സെക്രട്ടറി, സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. ആ കത്തിൽ ഏതെങ്കിലും അവസരത്തിൽ തിരുവനന്തപുരം എയർപോർട്ടിൽ സ്വകാര്യ പങ്കാളിത്തം ഉണ്ടാവുകയാണെങ്കിൽ സംസ്ഥാന സർക്കാരുമായി കൂടിയാലോചിക്കുമെന്ന കാര്യവും വ്യക്തമാക്കിയിരുന്നു. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ അധികഭൂമിയുടെ വില കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കാമെന്ന് പറഞ്ഞിരുന്നു. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയുടെ വില SPVയിൽ ഓഹരി പങ്കാളിത്തമായി നൽകുന്ന കാര്യവും പരിഗണിക്കാമെന്നാണ് അറിയിച്ചിരുന്നത്.

ലേലത്തിൽ പങ്കെടുക്കാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സംസ്ഥാന സർക്കാരിന് പരിധിയില്ലാതെ Right of First Refusalനൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ആവശ്യത്തോട് അനുകൂലമായ തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊള്ളുമെന്നാണ് നമുക്ക് പ്രതീക്ഷിക്കാവുന്നത്.

## സംസ്ഥാന താൽപ്പര്യം സംരക്ഷിക്കാൻ യോജിച്ചുനിൽക്കാനാവണം

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം തിരുത്തുന്നതിന് സംസ്ഥാനത്തിന്റെ കൂട്ടായ ഇടപെടൽ അനിവാര്യമാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ തീരുമാനം വന്ന ഘട്ടത്തിൽത്തന്നെ ഇടപെടാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ചെയ്യാൻ പറ്റുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നതാണ്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിന്തിരിയണം. സംസ്ഥാന സർക്കാരിന്റെ മുൻകയ്യോടെ SPV രൂപീകരിച്ച് നടത്താനുള്ള അനുമതി നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. ലേലം ചെയ്യാനാണ് ഉദ്ദേശ്യമെങ്കിൽ സംസ്ഥാന സർക്കാരിന് പരിധിയില്ലാതെ Right of First Refusal നൽകണമെന്ന കാര്യവും കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് കൂട്ടായി ആവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

**2019 ജനുവരി 30**

# ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

സർ, എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമസഭയിൽ ഗവർണറുടെ പ്രസംഗം അവതരിപ്പിക്കുക മാത്രമല്ല, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഓരോ വർഷവും പൂർത്തിയാകുമ്പോൾ ഈ സർക്കാർ അധികാരത്തിലേറുമ്പോൾ എന്തൊക്കെ ചെയ്യുമെന്ന് പറഞ്ഞിരുന്നോ അതുമായി ബന്ധപ്പെട്ട ഒരു പ്രോഗ്രസ് റിപ്പോർട്ട് ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നുണ്ട്. ഇക്കഴിഞ്ഞ രണ്ട് വർഷവും ഞങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. മൂന്നാമത്തെ വർഷം തെരഞ്ഞെടുപ്പ് ഘട്ടമാകാൻ ഇടയുള്ളതുകൊണ്ട് കുറച്ച് ദിവസം താമസിക്കുമായിരിക്കും. എന്നാലും മൂന്നാമത്തെ വർഷവും പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിക്കും.

ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് സംസാരിക്കുമ്പോൾ അവസാന നയ പ്രഖ്യാപനത്തിൽ ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ പറയണമെന്ന് പറഞ്ഞല്ലോ; അതുണ്ടാകില്ല. എല്ലാ കാര്യങ്ങളും അപ്പോഴേയ്ക്കും ചെയ്തു കഴിഞ്ഞിട്ടുണ്ടാകും. കാരണം ജനങ്ങളാകെ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളാണ് വിധികർത്താക്കൾ. പ്രതിപക്ഷം ശാപം ചൊരിഞ്ഞു കൊണ്ടിരിക്കുകയാണ്. ഇവർ നന്നാകരുതേയെന്നാണ് എപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്നത്. അതിൽതന്നെ നിൽക്കുകയാണ്. ഒരു കാര്യവും ആരോഗ്യപരമായി ചിന്തിക്കാൻ കഴിയുന്നില്ല. എല്ലാ കാര്യത്തിലും നേരത്തേ എന്താണോ പറഞ്ഞുകൊണ്ടിരുന്നത് അത് തെറ്റാണെന്ന് ബോധ്യപ്പെട്ടാലും നാട് മുഴുവനും എല്ലാ അധികൃതകേന്ദ്രങ്ങളും നിങ്ങൾ പറഞ്ഞത് ശരിയല്ലെന്ന് പറഞ്ഞാലും തങ്ങൾ പറഞ്ഞതിൽനിന്ന് പിന്മാറില്ല, അതാണ് സ്ഥിതി. പ്രതിപക്ഷ നേതാവ് ഇപ്പോൾ പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ ആദ്യത്തെ പ്രധാന പോയിന്റായി ഓഖി ദുരന്തം സർക്കാർ വീഴ്ചമൂലം സംഭവിച്ചതാണെന്നാണ് പറഞ്ഞത്. എന്തൊരു പരിഹാസ്യമായ നിലപാടാണ്? ആദ്യം ഒരു തെറ്റിദ്ധാരണ അവർക്കുണ്ടായി എന്നുള്ളത് ശരിയാണ്. ആ തെറ്റിദ്ധാരണ പൂർണ്ണമായും നിഷ്കാസനം ചെയ്യുന്ന തരത്തിലുള്ള എല്ലാ അധികൃത വിശദീകരണങ്ങളും വന്നു. എല്ലാ കേന്ദ്രങ്ങളും അന്ന് സംസ്ഥാന ഗവൺമെന്റ് പറഞ്ഞത് സമ്മതിക്കുകയും ചെയ്തു. വീണ്ടും അതുതന്നെ ആവർത്തിക്കുകയാണ്. ഇതാണ് പ്രതിപക്ഷത്തിന്റെ സ്ഥിതി. അതേപോലെയാണ് പ്രളയത്തെ സംബന്ധിച്ച കാര്യവും. അത് എന്താണെന്നുള്ളത് പിന്നീട് ഞാൻ പറയാം.

ഓഖി ദുരന്തത്തിൽപ്പെട്ടവരെ പൂർണ്ണമായി വഞ്ചിച്ചുവെന്നും സർക്കാർ സമാഹരിച്ച പണ

ത്തിൽ യാതൊന്നും ചെയ്യാൻ തയ്യാറായില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഇതുമായി ബന്ധപ്പെട്ട് 108 കോടി രൂപയാണ് ലഭിച്ചത്. 96 മത്സ്യബന്ധന ഉപകരണങ്ങൾ പൂർണ്ണമായും 284 എണ്ണം ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്. അങ്ങനെ നഷ്ടപ്പെട്ടവർക്ക് അഞ്ച് ഘട്ടങ്ങളിലായി നഷ്ടപരിഹാരം നൽകുകയാണ്. അതിനായി 6,75,00,000 രൂപയാണ് വേണ്ടത്. അതുപോലെ കടൽ സുരക്ഷാ സ്ക്വാഡ്, 900 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം, 300 മത്സ്യബന്ധന യാനങ്ങളിൽ കടൽ സുരക്ഷാ ഉപകരണങ്ങൾ ഇതിനായി 7,15,00,000 രൂപയാണ് വേണ്ടത്. സൗജന്യ വിദ്യാഭ്യാസ പാക്കേജ് 2037 വരെയുള്ളതാണ്. ഇതിനായി 13,92,00,000 രൂപയാണ് വേണ്ടത്. മൂന്ന് മറൈൻ ആംബുലൻസുകൾക്ക് 7,36,00,000 രൂപ വേണം. പൂർണ്ണമായി നഷ്ടപ്പെട്ട 72 വീടുകൾക്കായി 7,41,00,000 രൂപ വേണം. 15,000 മത്സ്യബന്ധന യാനങ്ങൾക്ക് നാവിക് ഉപകരണങ്ങൾ വയ്ക്കുന്നതിനായി 15,93,00,000 രൂപയും ആയിരം മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ ഇനത്തിൽ 9,42,00,000 രൂപയും നാൽപതിനായിരം മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6,10,00,000 രൂപയും വേണം. ഭാഗികമായി തകർന്ന 458 വീടുകൾക്ക് കേടുപാടുകൾ തീർക്കുന്നതിന് 2,04,00,000 രൂപയാണ് നൽകിയത്. ജോഷി എന്ന ബോട്ട് ഉടമയുടെ പ്രശ്നപരിഹാരത്തിനായി അദ്ദേഹത്തിനും പത്ത് ലക്ഷം രൂപയുടെ സഹായം നൽകിയിട്ടുണ്ട്. ഇങ്ങനെ നോക്കിയാൽ ആ ഇനത്തിൽ 76,18,00,000 രൂപയുടെ ചെലവ് വരും. അതോടൊപ്പം തന്നെ മരണപ്പെട്ടവരും കാണാതായവരുടെയും 143 കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 20,00,000 രൂപ വീതം നൽകി. 22,88,00,000 രൂപ ആ ഇനത്തിൽ വന്നിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ കളക്ടറേറ്റ് മുഖേന കൊടുത്തിട്ടുള്ളത് 2,52,00,000 രൂപയാണ്. ഇങ്ങനെ നോക്കിയാൽ 25,40,00,000 രൂപ വരും. റേഷൻ വിതരണത്തിൽ 9,23,00,000 രൂപ വേണ്ടതുണ്ട്. ഇങ്ങനെ മൊത്തത്തിൽ നോക്കിയാൽ 110,84,00,000 രൂപ വേണം. ഗവൺമെന്റ് സമാഹരിച്ചത് 108,34,00,000 രൂപയാണ്. ഗവൺമെന്റിന്റെ കയ്യിലുള്ള പൈസ സൂക്ഷിച്ചിരിക്കുകയല്ല, ചെലവിടുക തന്നെയാണ്, ചെലവിട്ടുകൊണ്ടേയിരിക്കുകയാണ്. ദുരന്തനിവാരണ അതോറിറ്റിക്കുവേണ്ടി ഓഫീസ് എടുത്തത് സംബന്ധിച്ച് പരാമർശിച്ചത് എന്തിനാണെന്ന് മനസ്സിലായില്ല. ദുരന്തമുണ്ടായപ്പോഴാണ് അതിന്റെ പ്രയാസം നാം നേരിടുന്നത്. ദുരന്തനിവാരണ അതോറിറ്റി അതിനും മുന്നിലുണ്ട്. റവന്യു വകുപ്പ് സെക്രട്ടറിയുടെ മുറിയോട് ചേർന്നുള്ള ചെറിയ മുറിയിൽ കൺട്രോൾ റൂം സ്ഥാപിച്ചിട്ട് നിന്നുതിരിയാനിടമില്ലായിരുന്നു. അവിടെയാണ് രാവും പകലും അവർ വർക്ക് ചെയ്തിരുന്നത്. ആ ദിവസങ്ങളിൽ അവർ ഉറങ്ങിയിരുന്നില്ല. ഒരു മണിക്കൂർ പോലും ഉറങ്ങാത്തവരുണ്ട്. അത്തരത്തിലാണ് അവർ പ്രവർത്തിച്ചത്. അവർക്ക് സൗകര്യങ്ങൾ വേണ്ടേ; സാറ്റലൈറ്റ് വഴി ലഭിക്കുന്ന വിവരങ്ങളൊക്കെ ശേഖരിക്കാനും മനസ്സിലാക്കാനുമുള്ള സംവിധാനങ്ങളൊരുക്കണ്ടേ; അതിന് പര്യാപ്തമായ സ്ഥലം വേണ്ടേ; അത് പൂർത്തിയാക്കുകയെന്നുള്ളത് നാടിന്റെ ആവശ്യമല്ലേ? അതിനെപ്പോലും മോശമായ കണ്ണോടെ കാണുന്നതരത്തിലേയ്ക്ക് പ്രതിപക്ഷം മാറാൻ പാടില്ല.

റീ-ബിൽഡിംഗുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എങ്ങനെയാണ് ഇത് പുനർനിർമ്മിക്കാൻ കഴിയുകയെന്നാണ് പ്രധാനമായും ചോദിച്ചത്. കാലവർഷക്കെടുതി പരിഹരിക്കുന്നതിന് രണ്ട് തരത്തിലുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഒന്നാമത്തേത് ആദ്യ ഘട്ടത്തിലുള്ള ആശ്വാസ നടപടികളും രണ്ടാമത്തേത് ദീർഘകാല പദ്ധതികളുമാണ്. ഇത് രണ്ടിനേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനത്തിലേയ്ക്ക് നീങ്ങുന്ന നിലപാടാണ് സർക്കാർ എടുത്തത്.

അടിയന്തര നഷ്ടപരിഹാര വിതരണം കൃത്യമായി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. 6,87,843 പേർക്കാണ് 10,000 രൂപവീതം അടിയന്തര സഹായം നൽ

കിയത്. അത് വലിയൊരു കാര്യമല്ലേ? അക്കാര്യത്തിൽ ഇനിയും പരാതിയുണ്ടെങ്കിൽ അവർ നൽകിയാൽ അപ്പോൾ പരിശോധിച്ച് പരിഹാരമുണ്ടാക്കാം. ഇക്കാര്യത്തിലൊക്കെ തുറന്ന മനസ്സ് മാത്രമേ സർക്കാരിനുള്ളൂ. ഒക്ടോബർ മാസം മുതൽ ഡിസംബർ വരെ 1050838 കിറ്റുകൾ ഓരോ മാസവും വിതരണം ചെയ്യുന്ന നിലയുണ്ടായിട്ടുണ്ട്. ഇതിന് 52 കോടി 54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും വീടുകളിലേയ്ക്ക് തിരിച്ചുപോയപ്പോൾ നൽകിയ കിറ്റുമുണ്ട്.

കന്നുകാലികളുടെ കാര്യത്തിൽ 27363 കുടുംബങ്ങൾക്ക് 21 കോടി 70 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 13362 വീടുകളാണ് പൂർണ്ണമായും തകർന്നത്. തകർന്ന വീടുകളുടെ കൃത്യമായ എണ്ണമാണിത്. ആദ്യഘട്ടത്തിലെ വിലയിരുത്തലിൽ ചിലപ്പോൾ തെറ്റുപറ്റിയിട്ടുണ്ടാകാം. കൃത്യമായി കണക്കാക്കിയപ്പോൾ 13362 വീടുകളാണ് തകർന്നിട്ടുള്ളത്. ഇതിൽ ആദ്യഗഡു ധനസഹായം നൽകുകയും വീടുപണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ തകർന്നുപോയ വീടുകളെല്ലാം 2019 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാനാകുന്ന തരത്തിലുള്ള പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. സന്നദ്ധ സംഘടനകളുടെ സഹായമെന്ന നിലയ്ക്ക് ഏറ്റവും കൂടുതൽ വീടുകൾ നൽകിയത് സഹകരണ മേഖലയുടെ സഹായത്തോടെ നിർമ്മിക്കുന്ന കെയർ ഹോം പദ്ധതി തന്നെയാണ്. ആ പദ്ധതിയിലൂടെ 2000 വീടുകളാണ് നൽകിയത്. ഇപ്പോഴും മറ്റ് വിവിധ സന്നദ്ധ സംഘടനകൾ സഹായിക്കാൻ തയ്യാറായി മുന്നോട്ട് വരുന്നുണ്ട്. ഏറെക്കുറെ വീടുകളും ആയിക്കഴിഞ്ഞു എന്നുള്ളതാണ് നില. അത് മറ്റ് തരത്തിൽ ഉപയോഗിക്കേണ്ടതായിവരും. വീടുകൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടാകുമെന്ന് കണക്കാക്കേണ്ടതില്ല. എല്ലാ വീടുകളും സമയബന്ധിതമായി പൂർത്തീകരിച്ച് കൊടുക്കാൻ കഴിയും.

ഭാഗികമായി തകർന്ന വീടുകളുടെ കാര്യത്തിൽ ആദ്യത്തെ രണ്ട് കാറ്റഗറികൾക്കും ആദ്യം തന്നെ പൂർണ്ണമായും സഹായം നൽകാനും ബാക്കിയുള്ളതിന് ഒന്നാം ഗഡു നൽകാനും പിന്നീട് അടുത്ത ഗഡു നൽകാനുമായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ ഈ സഹായം ആർക്കെല്ലാം നൽകേണ്ടതുണ്ടോ അവർക്കെല്ലാം ഫെബ്രുവരി 15-നുള്ളിൽ നൽകണമെന്ന് ഇപ്പോൾ നിർദ്ദേശിച്ചിട്ടുണ്ട്. അപ്പോഴേയ്ക്കും അതുമുഴുവൻ പൂർത്തിയാകും.

ദേശീയ ദുരന്തനിവാരണ ചട്ടക്കൂടിലെ പ്രളയബാധിത പ്രദേശത്തുള്ള ചെറുകിട വ്യവസായ സംരംഭകർക്കും മറ്റും സഹായങ്ങളില്ലാത്ത പ്രശ്നമുണ്ട്. അതിനായി പ്രളയബാധിത പ്രദേശങ്ങളിലുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ബാങ്ക് വായ്പകളിൽ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങൾക്കും ഇത്തരം സംരംഭകർക്കും അവരുടെ നഷ്ടങ്ങൾ നികത്തുന്ന രീതിയിലോ ഭാഗികമായെങ്കിലും ആശ്വാസം നൽകുന്ന രീതിയിലോ ഉള്ള ഒരു സംവിധാനവും ദേശീയ ദുരന്തനിവാരണ ചട്ടക്കൂടിലില്ല. ആ സാഹചര്യത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളവർക്ക് അതിന്റെ പ്രയോജനം ലഭിക്കും. അവരുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് പുതിയ ബാങ്ക് വായ്പ ലഭ്യമാക്കുകയാണ് സാധാരണ ഗതിയിൽ സ്വീകരിച്ചുവരുന്നത്. നാശനഷ്ടം സംഭവിച്ച ആസ്തികളുടെ വിശദമായ കണക്കെടുത്തിട്ടുണ്ട്. ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിലൂടെ നൽകാവുന്ന സഹായം ലഭ്യമാക്കാനുള്ള സംവിധാനം ആസൂത്രണ ബോർഡുവഴി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമെയാണ് ബാങ്ക് വായ്പ ഉപയോഗിച്ച് ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിന് ഉജ്ജീവന സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ നടപടികളെല്ലാം പുരോഗമിച്ചുവരികയാണ്. ദുരന്തത്തെ അതിജീവിക്കാനാകുംവിധം ആസ്തികളെയും ജീവിതോപാധികളെയും സംരക്ഷിക്കാൻ കഴിയുന്ന ഒന്നായാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്. ദുരന്തബാധിതരെ സാധാരണ ജീവിതത്തിലേയ്ക്ക് വേഗം മടക്കിക്കൊണ്ടുവരാനാവുക എന്ന കാഴ്ചപ്പാടും ഇതോടൊപ്പമുണ്ട്.

കൃഷിനാശം സംഭവിച്ചവരുടെ കാര്യത്തിൽ കർഷകരുടെ ലോണുകളുടെ റിക്കവറി നടപടികൾക്ക് ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചു. കിസാൻ ക്രെഡിറ്റ് കാർഡുള്ള പ്രളയ ബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ നാല് ശതമാനം താങ്ങ് പലിശയായിരുന്നു നൽകുന്നത്. ഇതുകൊണ്ട് ഈ കർഷകർക്ക് ഫലത്തിൽ പലിശരഹിത വായ്പ ഉറപ്പാക്കാൻ കഴിയും. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് എസ്.ഡി.ആർ. എഫ്.-ൽനിന്ന് 66 കോടി 74 ലക്ഷം രൂപയും സംസ്ഥാന വിഹിതമെന്ന നിലയിൽ 110 കോടി 30 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്. അതുപോലെ ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ, ഉരുൾപൊട്ടൽ ഇതിന്റെയൊക്കെ ഭാഗമായി കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് 6 കോടി 21 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം കർഷകർക്ക് 21 കോടി 58 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം ജില്ലകളിലെ കർഷകർക്ക് ഇൻഷ്വറൻസ് തുകയുടെ 25 ശതമാനം നഷ്ടപരിഹാരമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രളയാനന്തര പാക്കേജ് പദ്ധതികൾക്കായി 65 കോടി 81 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തകർന്ന ബണ്ടുകൾ നന്നാക്കൽ, പാടശേഖരത്തിൽ കയറിയ വെള്ളം വറ്റിക്കൽ എന്നിവയ്ക്കായി പാടശേഖര സമിതിക്കും കർഷക സംഘങ്ങൾക്കും ചെലവായ തുക നിശ്ചയിച്ച മാനദണ്ഡ പ്രകാരം നൽകിയിട്ടുണ്ട്. പ്രളയത്തിനുശേഷം കാർഷികരംഗത്തും തോട്ടം മേഖലയിലുമൊക്കെ പുതിയ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ അമാന്തം നേരിടുകയും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിൽ പരിമിതിയുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇത് മുൻനിർത്തിക്കൊണ്ടാണ് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്. ഇതനുസരിച്ച് പ്രളയബാധിത മേഖലയിൽ 150 തൊഴിൽദിനങ്ങളായി വർധിപ്പിച്ചിട്ടുണ്ട്. പ്രളയാനന്തരം 948000 കുടുംബങ്ങളിൽപ്പെട്ട 1078000 വ്യക്തികൾക്ക് പുതിയ തൊഴിലവസരങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 60996 പുതിയ തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. 4 കോടി 93 ലക്ഷം തൊഴിൽദിനങ്ങളാണ് ഈ പദ്ധതി പ്രകാരം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്.

**കെ. സി. ജോസഫ്:** സർ, കൃഷിക്കാരുടെ വായ്പയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കുമെന്ന് പറഞ്ഞു. ഈ പീരീഡ് കഴിയുമ്പോൾ മോറട്ടോറിയത്തിന്റെ പലിശയുൾപ്പെടെ തിരിച്ചടയ്ക്കേണ്ടിവരും. അപ്പോഴുണ്ടാകുന്ന ക്രൈസിസ് വളരെയധികമാണ്. എനിക്ക് ചോദിക്കാനുള്ളത്, പ്രളയം ബാധിക്കാത്ത രാജസ്ഥാൻ, ഛത്തീസ്ഗഢ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ചെയ്തതുപോലെ കേരളത്തിലും 2 ലക്ഷം രൂപ വരെയുള്ള വായ്പകൾ റൈറ്റ് ഓഫ് ചെയ്യാനുള്ള നടപടി ആലോചിക്കുമോ?

**പിണറായി വിജയൻ:** സർ, കൃഷിക്കാരുടെ കാര്യത്തിൽ അവർക്ക് വന്നുചേരുന്ന പ്രയാസങ്ങൾ ഗൗരവപൂർവം പരിഗണിക്കുന്ന സർക്കാരാണിത്. ഇതെല്ലാം സംബന്ധിച്ചുള്ള ഗൗരവമായ പരിശോധന സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. 1,336 കോടി രൂപയുടെ പ്രവർത്തനമാണ് ഈ കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നത്. എന്നാൽ ദു:ഖകരമായ ഒരു കാര്യമുള്ളത്, നമുക്ക് പണം മുഴുവൻ അനുവദിച്ച് കിട്ടിയില്ല. 559 കോടി 19 ലക്ഷം രൂപ മാത്രമേ കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളൂ. 800 കോടി രൂപ ഇപ്പോഴും കുടിശ്ശികയാണ്. അതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. അതോടൊപ്പം പ്രളയത്തിൽ ഉപജീവനമാർഗം നഷ്ടപ്പെട്ടവർക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുക, ദുരിത ബാധിതർക്ക് പ്രത്യേക പലിശരഹിത വായ്പാ പദ്ധതിയായ റീസർജന്റ് കേരള ലോൺ സ്കീം പ്രകാരം വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് പരമാവധി ഒരു ലക്ഷം രൂപവരെയുള്ള ലോൺ ബാങ്കുകൾവഴി ലഭ്യമാക്കുക, അതിന്റെ പലിശ സർക്കാർ വഹിക്കുക, അത്തരമൊരു പദ്ധതി ആദ്യമായി ആവിഷ്കരിച്ചത് (രാജ്യത്ത് പലയിടത്തും ദുരിതങ്ങൾ ഉണ്ടായിട്ടുണ്ട്) നമ്മുടെ

സംസ്ഥാനമാണ്. കുടുംബശ്രീ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 24149 അയൽക്കൂട്ട ങ്ങൾ വഴി 140143 ആളുകൾ ഈ പദ്ധതിലൂടെ ലോണിന് അപേക്ഷിക്കുകയുണ്ടായി. ആകെ 1,114 കോടി 78 ലക്ഷം രൂപയുടെ ലോണിനാണ് അപേക്ഷ നൽകിയിട്ടുള്ളത്. നിലവിലുള്ള 13502അയൽക്കൂട്ടങ്ങളിൽപ്പെട്ട 94891 പേർക്ക് ഇതിനകം 732 കോടി 46 ലക്ഷം രൂപ അനുവ ദിച്ചുകഴിഞ്ഞിട്ടുണ്ട്.

ഈ പദ്ധതി മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. ബാക്കിയുള്ള അയൽക്കൂട്ടങ്ങൾ പുതുതായി രൂപീകരിച്ചവയാണ്. അതിലുള്ള ഒരു ബുദ്ധിമുട്ടെന്നുപറയുന്നത്, അവർക്ക് ആറുമാസം കഴി ഞ്ഞതിനുശേഷം മാത്രമേ ബാങ്ക് ലോണിനുള്ള അർഹത ലഭിക്കുകയുള്ളൂ. മാർച്ച് മാസത്തോ ടെ അതും പരിഗണിക്കപ്പെടും.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ലഭ്യമായ തുക 3,242 കോടി 69 ലക്ഷം രൂപയാണ്. ഇതിൽ സാലറി ചലഞ്ച് മുഖേന സമാഹരിച്ച തുകയും ഉൾപ്പെടും. വീടുകളുടെ നാശനഷ്ടത്തിന് ഇങ്ങഉഞഎ -ൽനിന്നും 1,357 കോടി 78ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിയെപ്പറ്റി പറയുമ്പോൾ, തി രിച്ചടികളെ എങ്ങനെ കരുത്താക്കി മാറ്റാൻ സാധിക്കു മെന്നുള്ള രീതിയിൽ മുന്നോട്ടുപോകണ മെന്ന സമീപനമാണ് സ്വീകരിച്ചത്. കേരളത്തിന്റെ പുനർനിർമ്മാണത്തിന് നാടിന് അനുയോജ്യ മായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുകയാണ് ലക്ഷ്യം. ഇക്കാര്യത്തിൽ ഒട്ടേറെ അറിവുകളുള്ള നാടാണ് നമ്മുടേത്. എന്നാൽ എല്ലാ അറിവുകളും നമ്മുടെ കയ്യിലില്ല. ലോകത്തിന്റെ പല ഭാഗങ്ങളിൽ പുതിയ സാങ്കേതികവിദ്യകൾ ധാരാളമുണ്ട്. അങ്ങനെ ലോക ത്തെമ്പാടുമുള്ള അനുഭവങ്ങളെയും അറിവുകളെയും നമുക്ക് സ്വാംശീകരിക്കാൻ കഴിയുകയാ ണ് വേണ്ടത്. നമ്മുടെ സംസ്ഥാനത്ത് ഓരോ പ്രദേശത്തിനും അതിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളുണ്ട്. അതുകൂടി ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തരമൊരു നയം രൂപീകരിക്കു ന്നത്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ഉൾക്കൊണ്ടുകൊ ണ്ടാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് കേരള പുനർനിർമ്മാണ പദ്ധതി (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്) രൂപകല്പന ചെയ്തിരിക്കുന്നത്. പുതിയ കേരളം സൃ ഷ്ടിക്കുന്നതിന് ധാരാളം ആശയങ്ങളും വിദഗ്ദ്ധോപദേശങ്ങളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതിൽ ഒട്ടേറെ നിർദേശങ്ങൾ വന്നിട്ടുണ്ട്. അത്തരം നിർദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ടാ ണ് ഇതുവരെയുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. കൂടുതൽ നിർ ദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും അവ രൂപപ്പെടുത്തുന്നതിനുമുള്ള നിലപാടുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഇക്കാര്യത്തിൽ ചില മുൻകൈ സർക്കാർ സ്വീകരിക്കുകയും ചെയ്യും.

യുവജനങ്ങളുടെ നൂതന ആശയങ്ങൾ വിവിധ മേഖലകളിൽ വിപുലമായ അനുഭവമുള്ള വിദഗ്ധരുടെ പരിജ്ഞാനം ഇതെല്ലാം അർത്ഥവത്തായി സമന്വയിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതുപോലെ നൂതനവികസന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും സമാഹ രിക്കുന്നതിനും വികസന സെമിനാറുകൾ, (ഇന്നലെയും നബാർഡിന്റെ നേതൃത്വത്തിൽ ഒരു സെമിനാർ ഇവിടെ നടക്കുകയുണ്ടായി) ഹാക്കത്തോണുകൾ എന്നിവ സംഘടിപ്പിക്കുകയു ണ്ടായി. അതോടൊപ്പം സ്കൂൾ/കോളേജ് തലങ്ങളിൽ അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെ ടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ആശയരൂപീകരണത്തിനുള്ള ഹാക്കത്തോണുകളുടെ നടത്തി പ്പ്, നവീന ആശയ കൈമാറ്റങ്ങൾക്കുള്ള വേദി, പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കൽ, പദ്ധതി പരിശോധനകളും അംഗീകാരങ്ങളും ഇവയൊക്കെ കൈകാര്യം ചെയ്യുന്നതിന് ഓൺലൈൻ സംവിധാനമുണ്ടാകും. നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളുടെ ഗുണഭോക്തൃ സ്വീകാര്യത അറിയു ന്നതിന് ഇ-പോളിംഗ് സംവിധാനം നടപ്പാക്കും.

നേരത്തെ എല്ലാവരും സൂചിപ്പിച്ചതുപോലെ, മത്സ്യത്തൊഴിലാളികൾക്കുള്ള സല്യൂട്ട് സമർ

പ്പിച്ചതാണ്. ദുരന്ത രക്ഷാപ്രവർത്തനങ്ങൾക്ക് താങ്ങായിനിന്ന മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയായ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്ക് അപേക്ഷ നൽകിയ എല്ലാവർക്കും ആവശ്യമായ തുക ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ബോട്ടുകൾക്കുള്ള ഇന്ധനച്ചെലവ് മുഴുവൻ സർക്കാരാണ് വഹിച്ചത് എന്ന കാര്യം നേരത്തെ പ്രസ്താവിച്ചതാണ്. മത്സ്യത്തൊഴിലാളികൾ നൽകിയ സേവനത്തെ സർക്കാർ ആദരിക്കുകയും കേന്ദ്ര സേനകൾക്ക് സ്വീകരണം നൽകുന്ന പരിപാടി ആവിഷ്കരിക്കുകയും ചെയ്തു.

ലോക ബാങ്കിന്റെയും ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഏജൻസികളുടെയും സൂചികപ്രകാരം നാശനഷ്ടങ്ങൾ പരിഹരിക്കാൻ മുപ്പത്തൊന്നായിരം കോടി രൂപ മുതൽമുടക്കേണ്ടതുണ്ട്. ഇവിടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 2,994 കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 898 കോടി രൂപ ചെലവായിക്കഴിഞ്ഞു. നിലവിൽ 706കോടി 74 ലക്ഷം രൂപ കൂടി കിട്ടിയാൽ മാത്രമേ നാളിതുവരെയുള്ള ബാധ്യത തീർക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാരിന് ഇനിയെന്തെങ്കിലും കൊടുക്കാനുണ്ടോ എന്നുള്ളത്, അതിന്റെ അവസാന കണക്ക് വരുമ്പോൾ മാത്രമേ മനസ്സിലാകൂ. കാരണം, റേഷൻ അനുവദിച്ച പൈസയുടെ ഒരു പ്രശ്നമുണ്ട്. കൂടാതെ, വിമാനം ഉപയോഗിച്ച കാര്യം, അതുവേണമെന്നും വേണ്ടെന്നും കേൾക്കുന്നുണ്ട്. ഇതിന്റെയൊക്കെ അവസാന നിലപാട് വ്യക്തമാകേണ്ടതായിട്ടുണ്ട്. അപ്പോൾ എസ്.ഡി.ആർ. എഫ്.-ലുള്ള തുക മുഴുവൻ വിനിയോഗിച്ചാലും ബാധ്യതപ്പെട്ട തുക കൊടുത്തുതീർക്കാൻ നിലവിലുള്ള ഫണ്ട് പര്യാപ്തമല്ലെന്നാണ് നാം കാണേണ്ടത്. പ്രളയദുരന്തത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദുരന്തനിവാരണ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹഫോൺ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി എറണാകുളം, വയനാട്, ഇടുക്കി, പത്തനംതിട്ട ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹഫോൺ നൽകി. പ്രാദേശികമായി ദുരന്ത സാധ്യത പ്രവചനം-അതത് ദുരന്തങ്ങൾ പ്രവചിക്കുവാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖപ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി അയയ്ക്കാൻ 'ലൊക്കേഷൻ ബെയ്സ്ഡ് മെസേജിംഗ് സിസ്റ്റം' എന്ന സാങ്കേതികവിദ്യ പ്രളയത്തിനുശേഷം കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഇവയെല്ലാം ബാധിച്ച പ്രദേശങ്ങളിൽ, മുമ്പ് വീടുണ്ടായിരുന്ന സ്ഥലങ്ങളിൽ നിലവിൽ വീട് നിർമ്മിക്കാൻ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അത്തരം പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തിവരികയാണ്. ദുരന്തത്തെ സംബന്ധിച്ച് ഭാവിയിലേയ്ക്ക് വിവരങ്ങൾ നൽകാൻ വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും വെള്ളം കയറിയ ഉയരം അടയാളപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കാൻ സംസ്ഥാനത്തെ സെന്റർ ഫോർ വാട്ടർ റിസോഴ്സ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എം.ജി. യൂണിവേഴ്സിറ്റി, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റൽ സെന്റർ തുടങ്ങിയവയെ ചുമതലപ്പെടുത്തുകയും പൊതുജനങ്ങൾക്ക് ഈ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇങ്ങനെ ശേഖരിച്ച വിവരം ആധികാരിക ഭൂപടം നിർമ്മിക്കാൻ കേന്ദ്ര ജല കമ്മീഷന് നൽകുന്നുണ്ട്. അതോടൊപ്പം കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കാൻ ആകാശവാണിയുടെ 'മീഡിയം വേവ്' സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നത് ഉചിതമാണോയെന്ന് പരീക്ഷിക്കാൻ സംസ്ഥാന ദുരന്ത നിവാരണ ഉദ്യോഗസ്ഥർ ഉൾക്കടലിൽ തീര

സംരക്ഷണ സേനയുടെ കപ്പലിൽ 200 കി.മീ. ദൂരം അഞ്ച് ദിവസം സഞ്ചരിക്കുകയുണ്ടായി. പരീക്ഷണം വിജയകരമായിരുന്നു. അതുകൊണ്ടു തന്നെ ആകാശവാണിയുടെ മീഡിയം വേവ് സംവിധാനം തുടർച്ചയായി പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചിട്ടുണ്ട്. യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം, യുണൈറ്റഡ് എൻവയോൺമെന്റൽ പ്രോഗ്രാം ഇവരുടെയെല്ലാം സഹകരണത്തോടെ സംസ്ഥാനത്തെ ഏഴ് ജില്ലകളിലും സംസ്ഥാന അതോറ്റിയിലും ദുരന്ത ലഘൂകരണ പ്രവൃത്തികൾക്ക് സഹായകമാകാൻ അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കിയിട്ടുണ്ട്.

പ്രളയം സംബന്ധിച്ച് ഒട്ടേറെ തെറ്റിദ്ധാരണ ഇപ്പോഴും പ്രതിപക്ഷം വച്ചുപുലർത്തുകയാണ്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമാണ് നമ്മൾ നേരിട്ടത്. 'കേരളത്തിലുണ്ടായ പ്രളയം, ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം, ഈ വർഷം ലോകത്ത് സംഭവിച്ച ഏറ്റവും ഭീകരമായ കാലാവസ്ഥാ ദുരന്തം' എന്നാണ് ഐക്യരാഷ്ട്ര സംഘടന വിലയിരുത്തിയിരിക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ ഏജൻസിയായ ലോക കാലാവസ്ഥാനിരീക്ഷണ വിഭാഗമാണ് കേരളത്തിലുണ്ടായ പ്രളയത്തിന്റെ ആഘാതം വിലയിരുത്തിയത്. ഏറ്റവും അധികം സാമ്പത്തിക നഷ്ടമുണ്ടാക്കിയ പ്രകൃതി ദുരന്തങ്ങളിൽ നാലാം സ്ഥാനത്ത് കേരളത്തിലുണ്ടായ പ്രളയമാണ്. അപ്രതീക്ഷിതമായി എത്തുന്ന കൊടുങ്കാറ്റും കനത്ത മഴയും ലോകത്ത് വർദ്ധിച്ചുവരുന്ന പ്രതിഭാസങ്ങളാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു. വർദ്ധിച്ചുവരുന്ന ആഗോളതാപനത്തിന്റെ പ്രത്യാഘാതം തന്നെയാണ് കാലംതെറ്റിയെത്തിയ ഈ പ്രകൃതിദുരന്തങ്ങൾക്ക് കാരണമെന്നതും ഈ റിപ്പോർട്ടിൽ എടുത്തുപറയുന്നുണ്ട്. 2018-ലെ അമിതമഴയാണ് പ്രളയത്തിന് കാരണമെന്നാണ് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര ജല കമ്മീഷന്റെ വിലയിരുത്തൽ അണക്കെട്ടുകൾ തുറന്നുവിട്ടതല്ല, അപ്രതീക്ഷിതമായി പെയ്ത അതിതീവ്ര മഴയാണ് പ്രളയദുരന്തത്തിന് കാരണം. നിയന്ത്രിക്കാൻ കഴിയാത്ത ദുരന്ത സാഹചര്യമായിരുന്നു കേരളത്തിൽ. അമ്പതോ നൂറോ വർഷത്തിലൊരിക്കൽ മാത്രം സംഭവിക്കുന്ന ദുരന്തമാണിത് എന്നാണ് കേന്ദ്ര ജല കമ്മീഷൻ വിലയിരുത്തിയിരിക്കുന്നത്. ഇതുസംബന്ധിച്ച് ഐ.ഐ.ടി. മദ്രാസ് ഒരു പഠനം നടത്തി. ഡാമുകളിൽനിന്നും തുറന്നുവിട്ട വെള്ളമല്ല അമിത മഴയാണ് വെള്ളപ്പൊക്കത്തിന് ഇടയാക്കിയതെന്ന് അവർ പറഞ്ഞു. നമ്മുടെ സംസ്ഥാനത്തിന്റെ ഭാഗമായി നിൽക്കുന്നവർക്ക് ഇതൊന്നും മനസ്സിലാകാത്തതു കൊണ്ടല്ല, ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കണം എന്നുള്ളതുകൊണ്ട് ഈ ആക്ഷേപം ഉന്നയിക്കുന്നുവെന്ന് മാത്രമേ ഇതിനെ കാണേണ്ടതുള്ളൂ.

ചില പദ്ധതികൾ പൂർത്തിയായതിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങളാണല്ലോ വിലയിരുത്തേണ്ടത്. അങ്ങനെ നോക്കിയാൽ എന്താണ് അവസ്ഥ? 1996-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിയ ഒരു പദ്ധതിയാണ് കണ്ണൂർ എയർപോർട്ട്. അതുസംബന്ധിച്ച് ബഹുമാന്യനായ കെ. സി. ജോസഫ് ഓർക്കുന്നുണ്ടാകും. അക്കാലത്ത് അതിനെ എതിർത്തു. ഇത്തരമൊരു പദ്ധതി വരുമ്പോൾ എതിർക്കേണ്ട കാര്യമുണ്ടോ? ആരാണ് എതിർത്തതെന്ന് അദ്ദേഹത്തിനറിയാം. ചില ജനപ്രതിനിധികൾ പോലും അതിനെ എതിർക്കുകയുണ്ടായി. 1996-ൽ കണ്ണൂർ എയർപോർട്ടിന് അംഗീകാരമായി സ്ഥലമെടുപ്പ് തുടങ്ങി. 2001 മുതൽ 2006 വരെ യു.ഡി.എഫ്. ഗവൺമെന്റാണ് ഇവിടെ ഭരിച്ചിരുന്നത്. ആ അഞ്ച് വർഷവും ഈ എതിർപ്പിന്റെ ഭാഗമായി അവിടെ ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. യഥാർത്ഥത്തിൽ അത് നേരത്തെ ഉദ്ഘാടനം ചെയ്യേണ്ടൊരു വിമാനത്താവളമായിരുന്നു. അതിന് വീണ്ടും ജീവൻ വയ്ക്കുന്നത് 2006-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ്. 2006 മുതൽ 2011 വരെ സ്ഥലമെടുപ്പ് പൂർത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അത്രയും ആയതിനുശേഷം 2011 മുതൽ 2016 വരെ അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് ചില കാര്യങ്ങൾ ചെയ്തു. പക്ഷെ

അത് വേണ്ടത്ര വേഗതയിൽ ആയിരുന്നില്ല. അവിടെ ഇത്രയും കാര്യങ്ങൾ ചെയ്യാൻ ബാക്കി നിൽക്കുമ്പോൾ പരിഹാസ്യമായി ഉദ്ഘാടനം നടത്തി എന്നാണ് നാം ഓർക്കേണ്ടത്. എയർ ഫോഴ്സിന്റെ കയ്യിൽ എവിടെയും ഇറക്കാൻ സാധിക്കുന്ന (റോഡിൽ ഇറക്കാൻ സാധിക്കുന്ന) പലതരത്തിലുള്ള വിമാനങ്ങളുണ്ട്. അത്തരമൊരു വിമാനം അവിടെ കൊണ്ടുവന്ന് ഇറക്കി പരിഹാസ്യമായ നിലയിൽ ഉദ്ഘാടനം നടത്തി. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. യഥാർത്ഥത്തിലുള്ള ഉദ്ഘാടനത്തിന് ഇത്രയും ദിവസം വേണ്ടിവന്നു. ഇപ്പോൾ എല്ലാ കാര്യങ്ങളും പൂർത്തിയാക്കിയിട്ടാണ് വിമാനത്താവളത്തിന്റെ ഉദ്ഘാടനം നടത്തിയത്. അവിടെ ആവശ്യമായ വിമാനങ്ങൾ ലഭ്യമാകുമോയെന്ന് പരിശോധിക്കുന്നതിന് വിമാനക്കമ്പനികളുടെ യോഗം വിളിച്ചപ്പോൾ സിവിൽ എവിയേഷൻ സെക്രട്ടറിയും വിമാനക്കമ്പനികളുടെ മേധാവികളും പറയുന്നത് ഇതുപോലൊരു വിമാനത്താവളം ഉദ്ഘാടനം ചെയ്തതിനുശേഷം ആദ്യത്തെ മാസം ഇത്രയും വിമാനങ്ങൾ വന്നത് ചരിത്രത്തിലാദ്യമാണെന്നാണ്. എല്ലാ കാര്യങ്ങളും അവിടെ ഒരുക്കാൻ കഴിഞ്ഞതിന്റെ ഭാഗമായിട്ടാണ് അങ്ങനെ സംഭവിച്ചത്. അതിനുശേഷമാണ് ഉദ്ഘാടനം നടന്നത്. ഓരോ ഗവൺമെന്റും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുകയാണ് വേണ്ടത്. അത് ചെയ്യാതിരുന്നതുകൊണ്ടാണ് കാലതാമസം വന്നത്.

പ്രവാസി ചിട്ടികളിലൂടെ ആയിരം കോടി രൂപ സമാഹരിക്കുമെന്ന് പറഞ്ഞിട്ട് വേണ്ടത്ര സമാഹരിക്കാൻ കഴിഞ്ഞില്ലെന്ന് ഇവിടെ പറയുകയുണ്ടായി. ചെലവഴിച്ച സംഖ്യയുടെ കണക്ക് അങ്ങേയ്ക്ക് കിട്ടിയത് ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുമായി ബന്ധപ്പെട്ട് അത്രത്തോളം സംഖ്യ ചെലവഴിച്ചിട്ടില്ല. ഇത്തരമൊരു പരിപാടിക്ക് കുറച്ച് തുക ചെലവാകുമല്ലോ; ന്യായമായ തുക ചെലവഴിച്ചിട്ടുണ്ട്.

**ശ്രീ. രമേശ് ചെന്നിത്തല:** സർ, ഞാൻ പറഞ്ഞതല്ല, 13-12-2018-ൽ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ.-യുടെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണ്. '3.30 കോടി രൂപ സമാഹരിക്കാൻ സാധിച്ചു. ചിട്ടിയുടെ ചെലവ് 5 കോടി രൂപയാണ് ''എന്ന്. നിയമസഭയിൽ ചോദിച്ച ചോദ്യത്തിന്റെ ഉത്തരമാണ്. എന്റെ കണക്കിൽ വന്ന പിശകല്ല. അങ്ങ് ശ്രദ്ധിക്കണമെന്ന് പറയുകയാണ്.

**പിണറായി വിജയൻ:** സർ, അതുസംബന്ധിച്ച് ഞാൻ പറയുന്നുണ്ട്.

5 കോടി രൂപയെന്നത് ഈ പദ്ധതിയുടെ ക്യാപിറ്റൽ എക്സ്പെന്റിച്ചറാണ്.

40 മാസം പൂർത്തിയാകുമ്പോൾ 160 കോടി രൂപയുടെ ചിട്ടിയിൽ ആളെ ചേർത്തുകഴിഞ്ഞിട്ടുണ്ട്. പ്രതിപക്ഷനേതാവ് പറഞ്ഞ 3.9 കോടി രൂപ എന്നത് ആദ്യമാസ തവണയാണ്, അതാണ് കണക്ക്. ഇതിനകം ലഭിച്ച 160 കോടി രൂപയുടെ 5 ശതമാനമായ 8 കോടി രൂപ കെ.എസ്.എഫ്.ഇ.-ക്ക് ലഭിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത, അതാണ് ഇതിന്റെ മെക്കാനിസം. അതുസംബന്ധിച്ച് മറ്റ് പ്രശ്നങ്ങളില്ല. ഇത് നല്ല പദ്ധതിയാണ്. ഇവിടെ മാത്രമല്ല, മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയാണ്. നല്ല ആകർഷകത്വം അതിന് വന്നിട്ടുണ്ട്. പ്രവാസി സഹോദരങ്ങൾ നല്ലതുപോലെ അതിൽ ചേരുന്നുണ്ട്. ഇപ്പോൾ യു.എ.ഇ.-യിൽ മാത്രമാണ് ചിട്ടി ഉള്ളതെങ്കിൽ മറ്റ് പ്രദേശങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും ഇത് വ്യാപിപ്പിക്കാൻ സാധിക്കും. കേരളത്തിന്റെ ഒരു വലിയ വരുമാനമാർഗ്ഗമായി ഈ സ്രോതസ്സ് ഉപയോഗിക്കാൻ സാധിക്കും.

**കെ. സി. ജോസഫ്:** സർ, അങ്ങയുടെ വിശ്വാസം രക്ഷിക്കട്ടെ.

**പിണറായി വിജയൻ:** സർ, വിശ്വാസം എപ്പോഴും നല്ലതാണ്. നമ്മൾ പ്രതീക്ഷ കൈവിടാൻ പാടില്ല, നിരാശയുംകൊണ്ട് നടക്കാൻ പാടില്ലെന്നാണ് ഞാൻ പറയുന്നത്. പ്രതീക്ഷയോടുകൂടി പോയാൽ നമുക്ക് കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ സാധിക്കും. അതിൽ ഒരു സംശയവുമില്ല. നാല് മിഷനുകളുടെ കാര്യം ഇവിടെ പറയുകയുണ്ടായി അതിനുള്ള മറുപടിയാണ് ഞാൻ

പറയുന്നത്. നാല് മിഷനുകളും കടലാസ് പദ്ധതികളായി കിടക്കുകയാണെന്നാണ് ഇവിടെ പറഞ്ഞത്. ഈ പദ്ധതികളെല്ലാം കേരളത്തിലെ യാഥാർത്ഥ്യങ്ങളല്ലേ? യാഥാർത്ഥ്യങ്ങളായി നിൽക്കുന്ന വസ്തുതകൾ ബഹുമാന്യനായ പ്രതിപക്ഷനേതാവ് നിഷേധിക്കാമോ? അങ്ങനെ നിഷേധിച്ചാൽ ശ്രീ. രാഹുൽ ഗാന്ധിക്ക് പറ്റിയത് അദ്ദേഹത്തിനും പറ്റുമെന്ന് അദ്ദേഹം ചിന്തിക്കുന്നു. കേരളത്തിന്റെ ആരോഗ്യ- വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പറഞ്ഞപ്പോൾ എത്രമാത്രം പരിഹാസ്യതയിലാണ് ജനങ്ങൾ അത് എടുത്തത്. ഇതാണല്ലോ നേരത്തെ ശ്രീ. യോഗി ആദിത്യനാഥിനും പറ്റിയത്. ശ്രീ. യോഗി ആദിത്യനാഥ് കേരളത്തിൽ വന്ന് ഇവിടെ എന്ത് ആശുപത്രി, എന്റെ നാട്ടിലെ നല്ല ആശുപത്രികളിൽ വന്ന് നോക്കൂ. അപ്പോഴല്ലേ ആളുകൾ ഗൊരഖ്പൂർ ആശുപത്രിയെയും തലശ്ശേരി ആശുപത്രിയെയും തമ്മിൽ താരതമ്യപ്പെടുത്തിയത്. അതല്ലേ നമ്മുടെ നാടിന്റെ വ്യത്യാസം. അദ്ദേഹത്തിന്റെ കൂടെ വന്ന മാധ്യമങ്ങൾ തന്നെയാണ് അത് ചെയ്തത്. ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞത്, ഇതെല്ലാം കടലാസ് പദ്ധതിയായിപ്പോയെന്നാണ്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു വീടെങ്കിലും നിർമ്മിക്കാൻ കഴിഞ്ഞോയെന്ന് അദ്ദേഹം ചോദിച്ചു. ലൈഫ് പദ്ധതിയെപ്പറ്റി ചിന്തിക്കുമ്പോൾ എങ്ങനെയാണ് ലൈഫ് പദ്ധതി പൂർത്തീകരിക്കുന്നതെന്ന് അന്നേ പറഞ്ഞിരുന്നു. അതിന് ഇപ്പോഴും വ്യത്യാസമില്ല. അതിൽ മൂന്ന് ഘട്ടമാണ്. ഒന്നാം ഘട്ടം, വിവിധ പദ്ധതികളിലൂടെ പണി പൂർത്തീകരിക്കാതെ നിൽക്കുന്ന വീടുകൾ, ആദ്യഘട്ടം ആ വീടുകൾ പൂർത്തീകരിക്കലായിരുന്നു. രണ്ടാമത്തേത് സ്ഥലമുണ്ട്, വീടില്ല. സ്ഥലമുള്ളവർക്ക് വീട് നിർമ്മിക്കലായിരുന്നു രണ്ടാം ഘട്ടം. മൂന്നാം ഘട്ടം, വീടും സ്ഥലവുമില്ലാത്തവർക്കുള്ള വീട് നിർമ്മിക്കലാണ്. ആദ്യഘട്ടം പൂർണ്ണമായി. അത് ഞങ്ങളുടെ കാലത്ത് ചെയ്തതല്ലേയെന്ന് ചോദിച്ചാൽ, അതിനുമുമ്പേ ഈ പദ്ധതി തുടങ്ങിയിട്ടുണ്ടാകും. കഴിഞ്ഞ അഞ്ച് വർഷം മാത്രമല്ല, അതിനുമുമ്പ് എൽ.ഡി.എഫ്. ഭരണത്തിലുള്ള കാലം മുതൽ തുടങ്ങിയ ചില പദ്ധതികൾ മുടങ്ങിക്കിടക്കുന്നുണ്ടാകും. മുടങ്ങിക്കിടന്ന പദ്ധതികൾ മുടങ്ങിത്തന്നെ കിടക്കുകയായിരുന്നു. വർക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അതിപ്പോൾ പൂർത്തീകരിക്കാനായി. ആ ഇനത്തിൽപ്പെട്ട 50000വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്, ഇനി ബാക്കിയില്ല. അതോടൊപ്പം സ്ഥലമുണ്ട് വീടില്ല എന്ന പട്ടികയിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കാനുള്ള നടപടികളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ രണ്ട് കാറ്റഗറിയിലുള്ളവരുണ്ട്. ഒന്ന്, സ്വന്തമായി വീട് നിർമ്മിക്കാൻ സാധിക്കുന്നവരാണ്. അവർക്ക് വീടിന്റെ നിർമ്മാണത്തിനനുസരിച്ച് തുക ഗഡുക്കളായി കൊടുത്താൽ മതി. അപൂർവ്വം ചിലർ സ്വന്തമായി വീട് നിർമ്മിക്കാൻ ശേഷിയില്ലാത്തവരായിരിക്കും. അവരെ നമ്മൾ സഹായിച്ച് വീട് നിർമ്മിച്ചു കൊടുക്കും. അതും ഇതിന്റെ കൂടെ നടക്കുകയാണ്. മൂന്നാമത്തെ വിഭാഗം വീടുമില്ല, സ്ഥലവുമില്ല. ഈ വർഷം ഉദ്ദേശിക്കുന്നത്, അവർക്കായി ജില്ലയിൽ ഒരു ഭവന സമുച്ചയമെങ്കിലും നിർമ്മിക്കണം. ബാക്കി അടുത്ത വർഷം ചെയ്യും. അടുത്ത വർഷത്തോടെ പൂർണ്ണതയിലേയ്ക്കെത്തും.

**രമേശ് ചെന്നിത്തല:** സർ, കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 35-ൽ 'ലൈഫ് പാർപ്പിട പദ്ധതിക്കായി ഈ വർഷം 2,500 കോടി രൂപ വകയിരുത്തുന്നു'' എന്നാണ്. അതിൽ 142.69 കോടി രൂപയാണ് ചെലവഴിച്ചത്. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 2,500 കോടി രൂപ ചെലവഴിച്ചിരുന്നെങ്കിൽ ഇപ്പോൾ ഒരു ഘട്ടം വരെയെങ്കിലും എത്തുമായിരുന്നു. അതിന് എന്ത് സംഭവിച്ചു?

**പിണറായി വിജയൻ:** സർ, ഇതിന് ചെയ്തുവരുന്നത്, എല്ലാം കൂടി ഒരുമിച്ച് പൂർത്തീകരിക്കലല്ല. ഓരോ ഘട്ടമായി പൂർത്തീകരിക്കലാണ്. അതിൽ HUDCO (Housing and Urban Development Corporation) - യിൽനിന്നും ലോൺ തയ്യാറായിട്ടുണ്ട്. ഇപ്പോൾ പണത്തിന് യാതൊരു പ്രശ്നവുമില്ല. ഹഡ്കോ ലോൺ ലഭിച്ചുകഴിഞ്ഞു. ഇനി പൂർണ്ണമായി പൂർത്തീകരിക്കാനാകും. ഒരു പ്രയാസവും ഉണ്ടാകില്ല.

**കെ. സി. ജോസഫ്:** സർ, പഞ്ചായത്തുകളുടെ പ്ലാൻഫണ്ടും ഹഡ്കോ ലോണുമല്ലാതെ ലൈഫ് മിഷനുവേണ്ടി സർക്കാർ വാഗ്ദാനം ചെയ്ത, 'ഒരു ലക്ഷം രൂപ ഒരു വീടിന് എന്നതിൽ ഒരു രൂപപോലും ഇതുവരെ കൊടുത്തിട്ടില്ല.

**പിണറായി വിജയൻ:** സർ, ഇതിന്റെ മുഴുവൻ ബാധ്യതയും സർക്കാർ വഹിച്ചുകൊണ്ട് ഒരു തരത്തിലുള്ള ആശങ്കയ്ക്കും വകയില്ലാതെ കാര്യങ്ങൾ വളരെ ഭംഗിയായി പോകുന്നുണ്ട്. ഹരിത കേരള മിഷൻ ഇപ്പോൾ എന്താണ് ചെയ്യുന്നതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. സംസ്ഥാനത്ത് നടത്തുന്ന ചെറിയ കാര്യങ്ങളാണെങ്കിൽപ്പോലും വലിയ കാര്യമായിത്തന്നെ കാണണം. തോടുകൾ നവീകരിച്ചു, 17,182 കിലോമീറ്റർ തോടുകൾ നവീകരിക്കാൻ സാധിച്ചു. ഓരോ തോടിന്റെയും നവീകരണം നടന്നിട്ടുണ്ട്. ഇതെല്ലാം ഓരോ പ്രദേശത്തും നടന്നിട്ടുള്ളതാണ്. നാട്ടിലിറങ്ങിയാൽ കാണുന്ന കാഴ്ചയാണിത്. 48,936 കിണറുകൾ റീചാർജ്ജ് ചെയ്തു. ഇതൊന്നും പെട്ടെന്നുണ്ടായ ഒരു നമ്പരല്ല. ഹരിത കേരള മിഷന്റെ ഭാഗമായി ഓരോ ഘട്ടത്തിലും എത്ര വീതം പൂർത്തീകരിക്കുന്നുവെന്നുള്ളത് പറഞ്ഞിരുന്നു. അതിന്റെ ഭാഗമായി വന്നതാണ്. 9,889 കുളങ്ങൾ നവീകരിച്ചു. നവീകരിച്ചതും പുതിയതായി നിർമ്മിച്ചതുമായ കുളങ്ങളും ഇതിന്റെ കൂടെ വരും. 9889 നവീകരിച്ച കുളങ്ങളും 8675 പുതിയതായി നിർമ്മിച്ച കുളങ്ങളും 4625 നവീകരിച്ച കിണറുകളുമുണ്ട്. നാട്ടുകാർ മുൻകയ്യെടുത്ത് ചെയ്ത പ്രവൃത്തികളുമുണ്ട്. കിള്ളിയാർ, കോലറയാർ, വടക്കേപ്പുഴ, ചാലംകോട് തോട്, മുട്ടം പറമ്പ് തോട്, കടമ്പ്രയാർ, പെരുന്തോട്, പുത്തൂർപ്പുഴ, മീനച്ചിലാർ, കൂടാതെ വരട്ടാർ നദി എന്നിവയെ പുനരുജ്ജീവിപ്പിച്ചു.

**രമേശ് ചെന്നിത്തല:** സർ, ഞാൻ വസ്തുതാവിരുദ്ധമായിട്ടല്ല പറയുന്നത്. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കു കയാണ്. ഇത് ഉദ്യോഗസ്ഥർ എഴുതിത്തരുന്നതാണ്. ഹരിത മിഷന്റെ വെബ്സൈറ്റ് പരിശോധിച്ചാൽ മനസ്സിലാകും, അങ്ങ് പറയുന്നത് ചെയ്തതായി അവരാരും അവകാശപ്പെടുന്നില്ല. ആ വെബ്സൈറ്റ് നോക്കിയപ്പോൾ മനോഹരമായ കുറെ ആശയങ്ങൾ അതിൽ പറയുന്നുണ്ട്. വെള്ളപ്പൊക്കമുണ്ടായപ്പോൾ നടന്ന ചില കാര്യങ്ങൾ അതിൽ എഴുതിയിട്ടുണ്ട്. ഇതല്ലാതെ ഒന്നും ചെയ്തിട്ടില്ല. അങ്ങ് ഇത് പരിശോധിക്കണം. അങ്ങയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

**ശ്രീ. പിണറായി വിജയൻ:** സർ, വരട്ടാർ പുനരുജ്ജീവിപ്പിച്ച കാര്യം ഇവിടെ അംഗങ്ങൾ തന്നെ പറയുമല്ലോ; അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഓരോരുത്തർക്കും പറയാനുണ്ടല്ലോ; നമ്മുടെ നാടിന്റെ ഒരനുഭവമല്ലേ അത്? മിഷന്റെ കാര്യം പറയുമ്പോൾ വിദ്യാഭ്യാസ സംരക്ഷണ യജ്ഞം - അതിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷമെടുത്ത് പരിശോധിച്ചാൽ രണ്ടര ലക്ഷത്തിലധികം കുട്ടികൾ പുതുതായി സ്കൂളുകളിൽ വന്നല്ലോ; ഇതിനുമുമ്പ് പൊതുവിദ്യാലയങ്ങളിൽ എല്ലാ വർഷവും കുട്ടികൾ കുറയുന്നതാണല്ലോ നമ്മൾ ചർച്ച ചെയ്തിട്ടുള്ളത്. ആദ്യ വർഷം ഒന്നര ലക്ഷത്തിലധികം കുട്ടികൾ വന്നു. ഈ വർഷം ഒരു ലക്ഷത്തിലധികം കുട്ടികൾ വന്നു. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ ശാക്തീകരിച്ചതിലൂടെയല്ലേ വന്നത്; 45000 ക്ലാസ് മുറികൾ ഹൈടെക്കായി എന്നുപറയുന്നത് ചെറിയതാണോ; കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ഈ പറയുന്ന മാറ്റം ദൃശ്യമാണല്ലോ; പൊതുവിദ്യാലയങ്ങളിൽ വന്ന മാറ്റങ്ങൾ ദൃശ്യമാണല്ലോ; എന്തിനാണ് നമ്മൾ വന്ന മാറ്റം ഉണ്ടായില്ല എന്നുകാണുന്നത്; അതല്ലേ പ്രധാനം.

അതുപോലെ തന്നെ ആരോഗ്യ രംഗം - ആർദ്രം മിഷൻ - അതാണ് അങ്ങ് പറഞ്ഞ നാല് മിഷനിലെ ഒരു മിഷൻ. ആർദ്രം മിഷൻ ഒരു കടലാസ് പദ്ധതി അല്ലല്ലോ; നമ്മുടെ സംസ്ഥാനത്ത് 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇപ്പോൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറിയില്ലേ; എല്ലാം പ്രവൃത്തിപഥത്തിൽ എത്തിയില്ലേ; അഞ്ഞൂറിലധികം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇനി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറാൻ പോകുകയാണ്.

**രമേശ് ചെന്നിത്തല:** സർ, എല്ലാം പ്രഖ്യാപിച്ചിട്ടേയുള്ളൂ.

**പിണറായി വിജയൻ:** സർ, അല്ല. ഉള്ളതൊന്നും ഇല്ല എന്ന് കാണിക്കാൻ ''ഈ കാണുന്നതെല്ലാം ശരിയല്ല, എല്ലാം മായയാണ്,'' എന്ന് പണ്ട് ഒരുകൂട്ടർ പറയുന്ന തരത്തിലുള്ള വാദം നിങ്ങൾ ഉന്നയിക്കാൻ പാടുള്ളതല്ല. യഥാർത്ഥത്തിൽ നമ്മൾ, ഓരോ പ്രദേശത്തുമുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഗവൺമെന്റ് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ആ തരത്തിലാണല്ലോ അത് പ്രവർത്തിച്ചുവരുന്നത്; 5 ജീവനക്കാർ പുതുതായുണ്ട്. ലാബുണ്ട്, എല്ലാ സൗകര്യങ്ങളും ഒരുക്കിയിരിക്കുകയാണ്. നമ്മുടെ ആരോഗ്യ രംഗം പുതുതായി മാറുകയല്ലേ; നിങ്ങൾക്കത് ബോദ്ധ്യമില്ലെങ്കിലും നാട്ടുകാർക്ക് നല്ല ബോദ്ധ്യമുണ്ട്. എല്ലാ വിഭാഗക്കാരും ആശുപത്രികളെ ശരണം പ്രാപിക്കാൻ തയ്യാറാകുന്നുണ്ട്. നേരത്തേ പോകാത്ത രോഗികളായിട്ടുള്ളവർ ഇപ്പോൾ ആശുപത്രിയിലേയ്ക്ക് പോകുകയാണ്. നേരത്തേ സർക്കാർ ആശുപത്രികളിൽ പോകാതിരുന്ന ഒരു വിഭാഗം ഇപ്പോൾ നമ്മുടെ ആശുപത്രികളിൽ എല്ലാ സൗകര്യങ്ങളും ഉണ്ടെന്നുള്ളതുകൊണ്ട് അവിടെ പോകുകയാണ്. ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിച്ച കാര്യം നിങ്ങൾ കാണണ്ടേ; എന്തിനാണ് ഇല്ല എന്നുപറയുന്നത്. അതുപോലെ നമ്മുടെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കുകയല്ലേ; ചികിത്സാരംഗത്ത് - ക്യാൻസർ ചികിത്സാ മേഖലയിൽ ആർ.സി.സി.-യും എം.സി.സി.-യുമാണ് നേരത്തേയുണ്ടായിരുന്നത്. ഇപ്പോൾ കൊച്ചിയിലും ക്യാൻസർ സെന്റർ ആരംഭിച്ചിട്ടുണ്ട്. അതുമാത്രമല്ല, എല്ലാ മെഡിക്കൽ കോളേജുകളിലും ആധുനിക ക്യാൻസർ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളൊ രുക്കുകയാണ്. എല്ലാ സൗകര്യങ്ങളോടുകൂടിയും മെഡിക്കൽ കോളേജ് മാറുകയല്ലേ; ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യമടക്കം ഒരുക്കുകയല്ലേ; ഇതൊക്ക വസ്തുതയല്ലേ; എറണാകുളം ജനറൽ ആശുപത്രിയുടെ സ്ഥിതി എടുത്താൽ എത്രമാത്രം മെച്ചപ്പെട്ട ആശുപത്രിയാണ്. അതിനടുത്തുവച്ചാണ് ശ്രീ. രാഹുൽ ഗാന്ധി ആശുപത്രിയുടെ അപര്യാപ്തതയെക്കുറിച്ച് പറഞ്ഞത്. നല്ല രീതിയിൽ ആരംഗം അഭിവൃദ്ധിപ്പെട്ടിരിക്കുകയാണല്ലോ; ഇനിയും മെച്ചപ്പെടാനാണ് പോകുന്നത്. ഇത് നാം കാണേണ്ടതായിട്ടുണ്ട്.

അതുപോലെ പട്ടികജാതി മേഖലയിൽ ഒന്നും നടക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് വളരെ വിചിത്രമായിപ്പോയി. ബഹുമാനപ്പെട്ട മന്ത്രി ആ സമയത്ത് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ഞാൻ അദ്ദേഹത്തെ പ്രകോപിപ്പിക്കുന്നില്ല. എല്ലാ കാര്യവും ഇവിടെ ചെയ്തതാണ്. വളരെ വിശദമായി കാര്യങ്ങൾ നിർവ്വഹിച്ചതാണ്. എല്ലാ മേഖലയിലും പാവപ്പെട്ട വിഭാഗത്തെ വളരെ കരുതലോടെ സഹായിക്കുന്ന നിലയാണുള്ളത്.

**രമേശ് ചെന്നിത്തല:** സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എല്ലാ വർഷവും 5000 പുതിയ വീടുകൾ വച്ചുകൊടുക്കുന്ന പരിപാടിയുണ്ടായിരുന്നു. ലൈഫ് മിഷനിൽ ചേർത്തതിനുശേഷം ഒരു വീടും അവർക്ക് കിട്ടുന്നില്ല. കഴിഞ്ഞ രണ്ടുവർഷത്തെ സ്ഥിതിയാണിത്. ഇടയ്ക്ക് ശ്രീ. എ. കെ. ബാലൻ ഇടപെട്ട് കുറച്ചുപേർക്ക് വീടുകൾ കൊടുക്കാനുള്ള ശ്രമം നടത്തി. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അത് ലൈഫ് മിഷനിൽനിന്നും മാറ്റിക്കൊടുത്താൽ വകുപ്പ് അത് നന്നായി കൈകാര്യം ചെയ്യും. ആളുകൾക്ക് വീട് ലഭിക്കുകയും ചെയ്യും. ലൈഫ് പദ്ധതിയിൽ ആ വീടുകളുടെ എണ്ണംകൂടി ചേർത്തോളൂ. പക്ഷേ, പ്രത്യേകിച്ച് കൊടുത്താൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് ലഭിക്കും.

**പിണറായി വിജയൻ:** സർ, ഇതുമായി ബന്ധപ്പെട്ട് ഒരു പ്രയാസവും ഉണ്ടാകാനില്ല. വീടുകളെല്ലാം നിർമ്മിക്കുന്ന നടപടികളിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുസംബന്ധിച്ച് ഒരു വിഷമവുമുണ്ടാകില്ല. പൂർണ്ണമായി നടപ്പാക്കുന്ന നടപടി തന്നെയാണ് സ്വീകരിക്കാൻ പോകുന്നത്.

**എ. പി. അനിൽ കുമാർ:** സർ, ലൈഫ് പദ്ധതിക്ക് മാനദണ്ഡങ്ങളുണ്ട്. പട്ടികജാതി വകുപ്പ് വീട് കൊടുത്തുകൊണ്ടിരുന്ന പദ്ധതിയുമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും വീടുകൾ കൊടുത്തു. രണ്ട് പദ്ധതിയിലെയും മാനദണ്ഡങ്ങൾ വെവ്വേറെയാണ്. വകുപ്പ് വീട് നൽകുമ്പോഴുണ്ടായിരുന്ന മാനദണ്ഡങ്ങൾ പ്രകാരം പലർക്കും വീട് ലഭിച്ചുകൊണ്ടിരുന്നു. അങ്ങ് അന്വേഷിക്കണം. സി.പി.ഐ.(എം)-ന്റെ പഞ്ചായത്ത് പ്രസിഡന്റുമാർ പരാതി പറഞ്ഞു. ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ വച്ചുകഴിഞ്ഞാൽ എസ്.സി. വിഭാഗത്തിലെ ആളുകൾക്ക് കിട്ടാത്ത സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധി ക്കണം.

**പിണറായി വിജയൻ:** സർ, ഇവിടെ സംവരണ വ്യവസ്ഥ നടപ്പാക്കുന്നതിനെപ്പറ്റി നേരത്തേ പരാമർശിക്കുകയുണ്ടായി. അത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുമായി ബന്ധപ്പെട്ടുള്ളതാണ്. രാവിലെ അക്കാര്യം ഞാൻ പറഞ്ഞതാണ്. സംവരണം നടപ്പാക്കുക എന്നുള്ളതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. തസ്തിക മാറ്റമായിരുന്നു ആദ്യം ഉദ്ദേശിച്ചത്. അപ്പോഴുണ്ടാകുന്ന നിയമപ്രശ്നം ഉന്നയിച്ചിട്ടുണ്ട്. ഏതായാലും എല്ലാ മേഖലയിലും സംവരണം ബാധകമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

ശബരിമലയുമായി ബന്ധപ്പെട്ടുള്ളതാണ് മറ്റൊരു കാര്യം. ശബരിമല വേണ്ടത്ര ചർച്ചചെയ്ത വിഷയമായതുകൊണ്ട് അതിലേയ്ക്ക് കൂടുതലായി ഞാൻ കടക്കുന്നില്ല. സുപ്രീംകോടതി ഒരു വിധി പുറപ്പെടുവിച്ചു. ആ വിധിയനുസരിച്ച് സ്ത്രീക്കും പുരുഷനും തുല്യമായ അവകാശമുണ്ട്. അത് സ്ഥാപിച്ചുകൊടുക്കാൻ സുപ്രീംകോടതി പറഞ്ഞു. കാരണം നേരത്തേയുള്ള നടപടി തെറ്റാണ്,

അത് തിരുത്തേണ്ടതാണെന്ന് പറഞ്ഞു. ആ വിധി നടപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. എങ്ങനെയാണ് നവോത്ഥാനം വരുന്നത്; നവോത്ഥാനവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം പറഞ്ഞു. നമ്മുടെ സമൂഹം അതിനുമുമ്പേ തന്നെ വളരെ മുന്നേറിയതാണ്. സ്ത്രീകൾക്ക് മാത്രമല്ല മറ്റ് ചില ജനവിഭാഗങ്ങൾക്കും അടിമത്തരീതിയായിരുന്നല്ലോ ഇവിടെ ഉണ്ടായിരുന്നത്. അത് മാറിവന്നതാണല്ലോ; നവോത്ഥാനമാണ് അത് മാറ്റിയത്. അതിന്റെ ഭാഗമായി മാറിവന്ന സാമൂഹ്യാവസ്ഥയെയും അതിന്റെ ഭാഗമായി സ്ത്രീ നേടിയ അവകാശത്തെയും തുലനാവസ്ഥയെയും പുറന്തള്ളാനുള്ള ശ്രമമാണ് നടന്നത്. നമ്മെ ഇരുണ്ട യുഗത്തിലേയ്ക്ക് തള്ളിവിടാനുള്ള ശ്രമമാണ് നടന്നത്. അവിടെയാണ് നവോത്ഥാനവുമായി ബന്ധപ്പെടുന്നത്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ട പ്രശ്നം അവിടെയാണ് വന്നത്. സുപ്രീംകോടതി വിധി നടപ്പാക്കുന്നതോടൊപ്പം നമ്മുടെ സമൂഹത്തിന്റെ പ്രത്യേകതകൂടി ഓർത്തുകൊണ്ടാണ് നവോത്ഥാനമൂല്യ സംരക്ഷണം എന്ന പ്രശ്നം പറഞ്ഞത്. അത് ഒരുപാട് ചർച്ച ചെയ്ത കാര്യമായതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. ഒരു ഭാഗം ഞാൻ ഉദ്ധരിക്കുകയാണ്. ''പരിതാപകരമെന്ന് പറയട്ടെ, കേരളത്തിന്റെ സാംസ്കാരിക പൈതൃകം വലിയ ആക്രമണം നേരിടുകയാണ്. അതിന് നേതൃത്വം നൽകുന്നത് കേരളം ഭരിക്കുന്ന പാർട്ടിയാണ്. ശബരിമല വിഷയം രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധയും നേടിയ സംഭവമാണ്. കേരള സംസ്കാരം എല്ലാ രീതിയിലും തകർക്കപ്പെടുന്ന അവസ്ഥയാണ് ശബരിമലയിലുണ്ടായത്. എന്തുകൊണ്ടാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ സംസ്കാരത്തെ അട്ടിമറിക്കാൻ കമ്മ്യൂണിസ്റ്റുകാർ ശ്രമിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.'' ഈ 'എനിക്ക്' ആരാണെന്ന് എല്ലാവർക്കുമറിയാം. ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ ഒരു ഭാഗമാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്. ഇത്തരം ഒരു പരാമർശം യഥാർത്ഥത്തിൽ കേരളത്തെ അപമാനിക്കുന്നതാണ്. കേരളത്തിന്റെ സാംസ്കാരിക പൈതൃകം ആക്രമണം നേരിടുന്നുവെന്ന് പറയുമ്പോൾ, സംഘപരിവാറിന്റെ കാഴ്ചപ്പാടിലൂടെയുള്ള ആക്രമണമാണോ ഇവിടെ നേരിടുന്നത്. കേരളത്തിന്റെ സാംസ്കാരിക പൈതൃകമെന്ന് പറയുന്നത് നേരത്തെ പറഞ്ഞ നവോത്ഥാന മൂല്യത്തിന്റെ ഭാഗമായി നിലനിൽക്കുന്ന സാമൂഹ്യ അന്തരീ

ക്ഷമാണ്. ആ നവോത്ഥാനമൂല്യങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. അതിനെതിരെയുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിന് ഏറ്റവും വലിയ തോതിൽ നേതൃത്വം കൊടുക്കാൻ ശ്രമിച്ചത് സംഘപരിവാർ തന്നെയാണ്. ഇന്ത്യൻ പ്രധാനമന്ത്രിയെന്ന നിലയ്ക്ക് അദ്ദേഹം രാജ്യത്തിന്റെ സുപ്രീംകോടതിയുടെ വിധിയെ അപ്ഹോൾഡ് ചെയ്യാൻ ബാദ്ധ്യതപ്പെട്ട ഒരു സ്ഥാനത്തല്ലേ ഇരിക്കുന്നത്. ശബരിമല വിഷയം രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധയും നേടിയ സംഭവമാണെന്ന് പറഞ്ഞുനിർത്തിയാൽ മതിയോ; കേരളീയ സംസ്കാരം എല്ലാ രീതിയിലും തകർക്കപ്പെടുന്ന അവസ്ഥയാണ് ശബരിമലയിൽ ഉണ്ടായതെന്ന് പറഞ്ഞാൽ, ശബരിമലയുടെ ഭാഗമായി നിലയ്ക്കലിൽ ഉണ്ടായ ആക്രമണം ഈ പ്രധാനമന്ത്രിയുടെ അനുയായികളാണെന്ന് പറയുന്ന സംഘപരിവാറുകാരല്ലേ നടത്തിയത്. അതുപോലെതന്നെ സന്നിധാനത്ത് നടത്തിയ ആക്രമണവും അദ്ദേഹത്തിന്റെ അനുയായികളാണെന്ന് പറയുന്നവർ തന്നെയല്ലേ നടത്തിയത്. ഒരു നേതാവ് അവിടെ കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത് കണ്ടല്ലോ; സാധാരണ വിശ്വാസികളുടെ വിശ്വാസമനുസരിച്ച്, പ്രതിഷ്ഠയ്ക്ക് പുറംതിരിഞ്ഞ്, പൃഷ്ഠഭാഗം പ്രതിഷ്ഠയോട് കാണിച്ചുനിൽക്കാൻ പാടില്ലെന്നാണ്. അങ്ങനെനിൽക്കുന്നത് കണ്ടല്ലോ; ഇതൊക്കെ ഇവരുടെ അനുയായികളല്ലേ കാണിച്ചിട്ടുള്ളത്. അതിനെ അപലപിക്കാനല്ലേ തയ്യാറാകേണ്ടത്; അങ്ങനെ അപലപിക്കാൻ തയ്യാറാകാതെയുള്ള ഒരു നില അദ്ദേഹം സ്വീകരിക്കുക, അതിനിടയ്ക്ക് കമ്മ്യൂണിസ്റ്റുകാരെ പറഞ്ഞുവെന്നുള്ളതുകൊണ്ട് അല്ലെങ്കിൽ എൽ.ഡി.എഫ്.-കാരെ പറഞ്ഞുവെന്നു ള്ളതുകൊണ്ട് നിങ്ങൾ അനങ്ങാതിരിക്കാൻ പാടുണ്ടോ; നിങ്ങൾ അക്കാര്യത്തിൽ പ്രതികരിക്കേണ്ടതായിരുന്നില്ലേ; എന്തുകൊണ്ടാണ് നിങ്ങൾക്ക് അതിൽ പ്രതികരിക്കാൻ കഴിയാതിരുന്നത്; ഇത് കേരളത്തെ അപമാനിക്കാനുള്ള ശ്രമമാണ്, നിങ്ങളാണ് ഇക്കാര്യങ്ങൾ നടത്തിയത്, എന്തുകൊണ്ട് അതിൽനിന്നും വേറിട്ടുനിന്ന് ഒരു സ്വരം നിങ്ങൾക്ക് പുറപ്പെടുവിക്കാൻ കഴിയുന്നില്ല; അതുപോലെ ബഹുമാന്യനായ രാഹുൽ ഗാന്ധി വന്ന് നടത്തിയ പ്രസ്താവന, ഇതുപോലെ അബദ്ധമായ ഒരു കാര്യം പറയാനുണ്ടോ; നമ്മുടെ സംസ്ഥാനത്തെ ആരോഗ്യ-വിദ്യാഭ്യാസ രംഗം ആകെ തകർന്നു പോയതാണെന്ന് പറഞ്ഞാൽ, കേരളത്തിന്റെ വസ്തുത അതല്ലെന്ന് പ്രസംഗം തർജ്ജമ ചെയ്യുന്ന ശ്രീ. വി. ഡി. സതീശനെങ്കിലും സ്വകാര്യമായി പറയാമായിരുന്നല്ലോ; അങ്ങനെയൊരു നിലപാട് യഥാർത്ഥത്തിൽ സ്വീകരിക്കാമോ; ലോക്സഭാ തെരഞ്ഞെടുപ്പിൽ നിങ്ങളെയാണ് ജനങ്ങളാകെ അംഗീകരിക്കാൻ പോകുന്നതെന്ന് ഇവിടെ നിങ്ങൾ പറഞ്ഞു. കോൺഗ്രസ് എന്നുപറയുന്നത്, പണ്ട് രാജ്യത്തെ വലിയ പാർട്ടി തന്നെയായിരുന്നു. അതിൽ സംശയമൊന്നുമില്ല. രാജ്യമാകെ നിലനിന്നിരുന്ന പാർട്ടിയായിരുന്നു. എല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസ്സായിരുന്നു. അതൊക്കെ വസ്തുതയാണ്. പക്ഷെ അവിടെനിന്നും ശോഷിച്ചുശോഷിച്ച് ഇന്ന് എവിടെയാണ് എത്തിനിൽക്കുന്നത്?

**രമേശ് ചെന്നിത്തല:** സർ, നിങ്ങൾ എവിടെയാണ് എത്തിനിൽക്കുന്നത്?

**പിണറായി വിജയൻ:** സർ, അന്ന് ഞങ്ങളെ താരതമ്യപ്പെടുത്തിയാൽ ഞങ്ങൾ ഒന്നുമല്ലായിരുന്നല്ലോ; നിങ്ങൾ മഹാമേരുവായി നിൽക്കുന്ന കാലത്ത് ഞങ്ങൾ ഒന്നുമല്ല. ഞങ്ങൾ വളരെ ചെറിയ തോതിലേയുള്ളൂ.

**തിരുവഞ്ചൂർ രാധാകൃഷ്ണൻ:** സർ, ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നപ്പോൾ എ. കെ. ഗോപാലനായിരുന്നു പ്രതിപക്ഷ നേതാവ്.

**പിണറായി വിജയൻ:** സർ, അതെ. അതൊന്നും മറന്നുകൊണ്ടല്ല ഞാൻ പറയുന്നത്. പക്ഷേ, നിങ്ങൾ കാണേണ്ടത് അവിടെനിന്നും എങ്ങനെ ശോഷണം സംഭവിച്ചുവെന്നാണ്. ഈ രീതിയിൽ ശോഷിച്ചുപോയത് എന്തുകൊണ്ടാണ്; ഇന്ന് നിങ്ങൾ കാണുന്നതുപോലെ ആ മഹാമേരു അല്ല നിങ്ങൾ. നേരത്തെ നിങ്ങൾ അതായിരുന്നുവെന്നത് ശരിയാണ്. പക്ഷേ, ഇപ്പോൾ യഥാർത്ഥത്തിൽ മൂന്നോനാലോ സംസ്ഥാനത്ത് ബി.ജെ.പി.-യോട് നേരിട്ട് മത്സരി

ക്കാൻ ശേഷിയുള്ള ഒരു പാർട്ടിയാണെന്നത് വസ്തുതയാണ്. ആ മൂന്നോനാലോ സംസ്ഥാനം കഴിഞ്ഞുള്ള സംസ്ഥാനങ്ങളിലെ സ്ഥിതിയെന്താണ്; ഞാൻ എല്ലാ സംസ്ഥാനങ്ങളുടെയൊന്നും പട്ടിക കൊണ്ടുവന്നിട്ടില്ല. ഇപ്പോൾ ഏറ്റവും വലിയ സംസ്ഥാനമാണ് ഉത്തർപ്രദേശ്. ഉത്തർപ്രദേശിൽ എസ്.പി.-യും ബി.എസ്.പി.-യും കൂടി ചേർന്നാൽ വലിയ കോമ്പിനേഷനായില്ലേ; പ്രാദേശികമായ സഖ്യങ്ങൾ പ്രധാനമല്ലേ; അത് നിങ്ങൾ മനസ്സിലാക്കണം, കാണണം. ഓരോ സംസ്ഥാനത്തെയും പ്രാദേശിക കക്ഷികളുടെ പ്രാധാന്യം കാണാതിരിക്കരുത്. അവിടെ തങ്ങളാണ് വലുതെന്ന് കാണേണ്ട. തെരഞ്ഞെടുപ്പിൽ ബി.ജെ.പി. പരാജയപ്പെടണമെന്നതിൽ ഒരു സംശയവുമില്ല. ബി.ജെ.പി. ഇനി ഒരു തവണകൂടി കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ അതിന്റെ അർത്ഥം നമ്മുടെ രാജ്യത്തിന് വലിയ നാശം സംഭവിക്കുന്നുവെന്നാണ്. രാജ്യത്തിന്റെ മതനിരപേക്ഷത, പാർലമെന്ററി ജനാധിപത്യം, ഇവിടത്തെ ജനാധിപത്യ സംവിധാനങ്ങളും ജുഡീഷ്യറി, സി.ബി.ഐ., ആർ.ബി.ഐ. തുടങ്ങിയ സംവിധാനങ്ങളെല്ലാം തകരുന്ന നിലയാണ് വരുന്നത്. അതിനുള്ള നടപടികളിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ബി.ജെ.പി. ഇവിടെ തകരണം. പക്ഷേ, അവർ തകരുമ്പോൾ ഞങ്ങളാണ് അതിന്റെയെല്ലാം മേലെയെന്ന ധാരണയിൽ നിങ്ങൾ നിൽക്കരുത്. ഇന്ത്യയിലെ യാഥാർത്ഥ്യം മനസ്സിലാക്കണം. മൂന്നുനാല് സംസ്ഥാനങ്ങളിൽ നിങ്ങളും ബി.ജെ.പി.-യും തമ്മിൽ നേരിട്ട് മത്സരിക്കാൻ കെൽപ്പുള്ളവരാണ്. ബാക്കി സ്ഥലങ്ങളിലൊക്കെ പ്രാദേശികകക്ഷികളാണ് പ്രധാനം. ആ പ്രാദേശിക കക്ഷികൾകൂടിയുള്ള നില വരണം. അതിന്റെ ഭാഗമായി തെരഞ്ഞെടുപ്പിനുശേഷം എന്ത് സംഭവിക്കുമെന്ന് നമുക്ക് കാണാം. അതുവരെ ക്ഷമിക്കണം. അതിന് വല്ലാതെ ധൃതി കാണിക്കേണ്ട കാര്യമില്ല. ആ നിലയാണ് പൊതുവിൽ സ്വീകരിക്കേണ്ടത്. കേരളത്തെ സംബന്ധിച്ചിടത്തോളം ആർക്കും ഒരു സംശയവുമില്ല. നിങ്ങൾ കർണ്ണാടകയിൽ നല്ല വിജയം നേടിയില്ലേ; എന്നാൽ കർണ്ണാടകയിൽ ജയിച്ചവരെ ആളുകൾക്ക് വിശ്വസിക്കാൻ കഴിയുന്നുണ്ടോ; അവർ എങ്ങോട്ടാണ് പോകുകയെന്ന ഭയപ്പാടിൽ നിൽക്കുകയല്ലേ; അങ്ങനെയൊരു അവസ്ഥ കേരളത്തിൽ ഉണ്ടാകുകയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിച്ചാൽ നല്ല ഉറപ്പോടെ നിന്നോളും. അതിൽ ഒരു ആശങ്കയും വേണ്ട.

20 സീറ്റിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെത്തന്നെ വലിയ തോതിൽ വിജയിപ്പിക്കാനുള്ള ഒരുക്കങ്ങളാണ് നാട്ടിലെ മതനിരപേക്ഷ ചിന്താഗതിക്കാരാകെ നടത്തുന്നതെന്ന് കാണണം. ഇക്കാര്യത്തിൽ എൽ.ഡി.എഫ്.-നോടൊപ്പമാണ് എല്ലാവരും. നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. ഇതാണ് യാഥാർത്ഥ്യം എന്നത് അംഗീകരിക്കണം. ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

## പ്രത്യേക പരാമർശം

# രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത സംഭവം

സർ, മഹാത്മാഗാന്ധിയെ പ്രതീകാത്മകമായി വീണ്ടും കൊല്ലുകയും ഗോഡ്സെയെ മഹാനായി വാഴ്ത്തുകയും ചെയ്ത ഹിന്ദുമഹാസഭയുടെ നടപടി നീചവും പ്രാകൃതവുമാണെന്നും ഇതിനെ ശക്തമായി അപലപിക്കേണ്ടതാണെന്നുമുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഈ സഭയ്ക്ക് ഐകകണ്ഠ്യേന അത്തരമൊരു നിലപാട് സ്വീകരിക്കാവുന്നതാണ്. ഗാന്ധിജിയുടെ രക്തസാക്ഷിദിനം രാജ്യം ആചരിക്കുന്ന വേളയിലാണ് ഹിന്ദു മഹാസഭാ സെക്രട്ടറി, പൂജാ ശകുൻ പാണ്ഡെയുടെ നേതൃത്വത്തിൽ ഗാന്ധി ചിത്രത്തിലേക്ക് തോക്കുപയോഗിച്ച് വെടിയുതിർക്കുകയും ചോര ഒഴുക്കുകയും ചെയ്തത്. ഗാന്ധിജിയെ നിന്ദിക്കുകയും നാഥുറാം വിനായക് ഗോഡ്സെയെ മഹാത്മാവായി സ്തുതിക്കുകയും ചെയ്ത ഈ സംഭവം രാജ്യദ്രോഹമാണ്. കേന്ദ്രത്തിൽ ശ്രീ.നരേന്ദ്ര മോദിയും ഉത്തർപ്രദേശിൽ ശ്രീ. യോഗി ആദിത്യനാഥും ഭരിക്കുന്നതിന്റെ ബലത്തിലാണ് ഗാന്ധിജിയുടെ 71-ാം രക്തസാക്ഷി ദിനത്തിൽ പ്രാകൃതമായ ഈ നടപടിയുണ്ടായത്. ഇക്കാര്യത്തിൽ സഭ അപലപിക്കുകയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്താവുന്നതുമാണ്.

**2019 ഫെബ്രുവരി 04**

## അടിയന്തരപ്രമേയം

# കരിപ്പൂർ വിമാനത്താവള വികസനം

സർ, കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനത്തിനും നടത്തിപ്പിനും മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്. സംസ്ഥാനത്തെ ഹജ്ജ് തീർത്ഥാടകരുടെ പ്രധാന യാത്രാ കേന്ദ്രമെന്ന നിലയിൽ കരിപ്പൂർ വിമാനത്താവളത്തിന് വലിയ സാധ്യതകളാണുള്ളത്. എന്നാൽ വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ പിന്തുണയും സഹകരണവും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും വേണ്ടത്ര ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. മംഗലാപുരം വിമാനത്താവളത്തിലെ അപകടത്തിനുശേഷം, ടേബിൾടോപ്പ് വിമാനത്താവളമായ കോഴിക്കോട് വിമാനത്താവളത്തിൽനിന്നും അന്താരാഷ്ട്ര വിമാന സർവ്വീസുകളുടെ എണ്ണത്തിൽ സുരക്ഷാകാരണങ്ങളാൽ കുറവ് വരുത്തിയിരുന്നു. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കുന്നതിന് വിമാനത്താവളത്തിലെ ബേസിക് സ്ട്രിപ്പിൽ സ്ഥിതി ചെയ്യുന്ന ടെർമിനൽ കെട്ടിടവും ഏപ്രണും മാറ്റി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ നിലവിലുള്ള റൺവേയുടെ ദൈർഘ്യം, പാരലൽ ടാക്സി വേ, റൺവേ & സേഫ്റ്റി ഏരിയ എന്നിവ നിയമാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ഭൗതിക സാഹചര്യങ്ങൾ എയർപോർട്ടിൽ സജ്ജമാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 137 ഏക്കർ ഭൂമിയാണ് വിമാനത്താവള വികസനത്തിനായി അധികമായി വേണ്ടി വരുന്നത്. അതിനോടൊപ്പം കാർ പാർക്കിംഗ് സൗകര്യത്തിനായി 15.25 ഏക്കർ ഭൂമികൂടി ആവശ്യമുണ്ട്. സ്ഥലമേറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

നമ്മുടെ സംസ്ഥാനത്ത് വിവിധ പദ്ധതികൾക്കാശ്യമായ സ്ഥലം ഏറ്റെടുക്കുന്ന സന്ദർഭങ്ങളിൽ ആ പ്രദേശങ്ങളിലെ ജനങ്ങളുടെ ഭാഗത്തുനിന്നും പ്രതിഷേധങ്ങൾ ഉണ്ടാകാറുണ്ട്. വിമാനത്താവള വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന സന്ദർഭത്തിൽ ഇത്തരം പ്രതിഷേധം ഉണ്ടാകുന്നത് വികസന പ്രവർത്തനങ്ങളെ പിന്നോട്ടടിപ്പിക്കും. ഇത് മറികടക്കാനുള്ള കൂട്ടായ ശ്രമം ഉണ്ടാകേണ്ടതുണ്ട്. കരിപ്പൂർ വിമാനത്താവളത്തിൽ വലിയ വിമാനങ്ങളുടെ സർവ്വീസ് പുനരാരംഭിക്കുന്നതിനായി സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെടുകയുണ്ടായി. അതുപ്രകാരമാണ് 2018 ആഗസ്റ്റിൽ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഇതിനായി അനുമതി നൽകിയത്. തുടർന്ന് സർവ്വീസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കരിപ്പൂർ വിമാനത്താവളത്തിന്റെ പ്രവർത്തനത്തിനും പുരോഗതിക്കും എല്ലാവിധ സഹായവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നൽകി വരുന്നുണ്ട്. 2017-18-ൽ 226 കോടി രൂപയായിരുന്ന വരുമാനം 2018-

19 -ൽ 305 കോടി രൂപയായും ലാഭം 2017-18-ൽ 92 കോടി രൂപയായിരുന്നത് 2018-19-ൽ 162 കോടി രൂപയായും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നാണ് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. ഹജ്ജ് എംബാർക്കേഷൻ പോയിന്റായി കോഴിക്കോട് വിമാനത്താവളത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് 1-2-2018-ലും 1-9-2018-ലും സംസ്ഥാനം ആവശ്യപ്പെട്ടത് പ്രകാരമാണ് 2018 ഒക്ടോബറിൽ ന്യൂനപക്ഷ മന്ത്രാലയം ഇക്കാര്യം അംഗീകരിച്ചത്. റൺവേ വികസനത്തിനായി 2015 മേയ് മാസം ഒന്നാം തീയതി കോഴിക്കോട് വിമാനത്താവളത്തിൽനിന്നും നിർത്തലാക്കിയ വലിയ വിമാന സർവ്വീസുകൾ മൂന്നര വർഷത്തിനുശേഷം കഴിഞ്ഞ വർഷമാണ് പുനരാരംഭിച്ചത്. കോഡ്-ഇ ശ്രേണിയിൽപ്പെട്ട വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസും പുനരാരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ആറ് മാസത്തിനിടെ സൗദി എയർലൈൻസ്, ഫ്ലൈ ദുബായ്, ഗൾഫ് എയർ എന്നീ വിമാന സർവ്വീസുകൾ പുതുതായി ആരംഭിച്ചു. ഈ വർഷം മുതൽ കരിപ്പൂർ വിമാനത്താവളത്തെ ഹജ്ജ് എംബാർക്കേഷൻ പോയിന്റായി പുനഃസ്ഥാപിച്ചുകൊണ്ട് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ഉത്തരവായിട്ടുണ്ട്. എമിറേറ്റ്സ്, എയർ ഇന്ത്യ തുടങ്ങിയ വിമാനക്കമ്പനികൾക്ക് വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള വിമാന സർവ്വീസ് നടത്തുന്നതിനാവശ്യമായ അനുമതി കേന്ദ്ര വ്യോമയാന വകുപ്പ് ലഭ്യമാക്കുമെന്ന് പ്രതിക്ഷിക്കുന്നു. വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര അറൈവൽ ബ്ലോക്ക് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇവിടെ ഒരേസമയം 5000 പേരെ ഉൾക്കൊള്ളാൻ സാധിക്കും. 2015-16-ൽ യാത്രക്കാരുടെ എണ്ണത്തിൽ 10.76 ശതമാനം കുറവുണ്ടായിരുന്നത് 2016-17-ൽ 15 ശതമാനമായും 2017-18 -ൽ 18.01 ശതമാനമായും വർദ്ധിച്ചു. 2017-18-ൽ യാത്രക്കാരുടെ എണ്ണം 32 ലക്ഷമായിരുന്നത് 2018-19-ൽ 34 ലക്ഷമായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. റൺവേയുടെ ദൈർഘ്യം വർദ്ധിപ്പിക്കണമെന്ന ശിപാർശ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചുവെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത ശിപാർശ പുനഃസമർപ്പിക്കുവാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ശിപാർശ സമർപ്പിക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാനോടും കോഴിക്കോട് എയർപോർട്ട് ഡയറക്ടറോടും അഭ്യർത്ഥിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി വിമാനത്താവളങ്ങൾ അൺസെർവ്ഡ്, അണ്ടർസെർവ്ഡ് വിമാനത്താവളങ്ങളല്ലാത്തതിനാൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ലാൻഡിംഗ് ഫീസിലും പാർക്കിംഗ് ഫീസിലും ഹാന്റ്ലിംഗ് ചാർജിലും ഇളവ് വരുത്തിക്കൊണ്ട് ഈ ആവശ്യം ഉന്നയിക്കാത്തതിനാലാണ് ഈ വിമാനത്താവളങ്ങളെ 'ഉഡാൻ (UDAN)' പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്തത്. കണ്ണൂർ വിമാനത്താവളം ഗ്രീൻഫീൽഡ് വിമാനത്താവളം ആയതിനാൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച ചെലവ് വരും. പുതിയ വിമാനത്താവളം ആയതിനാലും 'ഉഡാൻ' പദ്ധതിയിൽ ഉൾപ്പെടേണ്ടതിനാലുമാണ് ഇന്ധന നികുതി 10 വർഷത്തേയ്ക്ക് ഒരു ശതമാനമായി കുറയ്ക്കാൻ തീരുമാനിച്ചത്.

സർ, ബഹുമാന്യനായ ഡോ.എം.കെ.മുനീർ ഒരു തെറ്റായ ചിത്രം വരച്ചുകാട്ടാനുള്ള ശ്രമമാണ് ഇവിടെ നടത്തിയത്. കോഴിക്കോട് എയർപോർട്ടിന്റെ വികസനം തടയപ്പെട്ടത് എങ്ങനെയാണ് എന്നത് അദ്ദേഹം അറിയാത്തതല്ല. അദ്ദേഹത്തിനാണ് അത് ഏറ്റവും കൂടുതൽ നന്നായി അറിയുന്നത്. അവിടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നം അതീവ ഗൗരവമായി ഉയർന്നുവന്നിരുന്നു. സ്ഥലമെടുക്കുന്നതിന് വലിയ എതിർപ്പ് ഉയർന്നുവന്നു. ആരായിരുന്നു ആ എതിർപ്പിന്റെ കൂടെ; അദ്ദേഹം പ്രകടിപ്പിച്ച വികാരത്തിന്റെ നേരിയ അംശമെങ്കിലും ഉണ്ടെങ്കിൽ ഇപ്പോൾ ആ ശബ്ദം ഉയർത്തുന്നവർ ആ സ്ഥലമെടുക്കുന്നതിനല്ലേ കൂടെ നിൽക്കേണ്ടിയിരുന്നത്; പൂർണ്ണമായും അതിൽ നിന്നും മാറി നിൽക്കുകയല്ലേ ചെയ്തത്; ഒരു നടപടിയും സ്വീകരിക്കാതിരുന്നു. എന്തുകൊണ്ടാണ് അവിടെ അങ്ങനെയൊരു നിലപാടിലേയ്ക്ക് പോയത്? അങ്ങനെ ഒരു കാലം ഇവിടെ ഉണ്ടായല്ലോ; ആ കാലത്തിന് ശേഷം എപ്പോഴാണ് അതിന് ജീവൻ വച്ചത്; ആ സ്ഥലം എടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സമഗ്രമായ നടപടികൾ ഉണ്ടായത് എപ്പോഴാണ്? എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് അവിടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഇടപെടലുണ്ടാകുന്നത്. ആ കാര്യത്തിൽ മാത്രമല്ല, ഇതുപോലെ മുടങ്ങിക്കിടന്ന എല്ലാ കാര്യങ്ങളിലുമുണ്ടായി. ഈ വിഷയത്തിൽ ബന്ധപ്പെ

ട്ട ജനപ്രതിനിധികളുമായും മറ്റും ചർച്ച ചെയ്യുന്നതിനായി ബഹുമാന്യനായ മന്ത്രി ഡോ.കെ. ടി.ജലീൽ അവിടെ പോയി, കാര്യങ്ങൾ ചർച്ച ചെയ്തു. എന്നിട്ടും എതിർപ്പിന് വലിയ മാറ്റമുണ്ടായോ? ഇവിടെ, നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വികസനത്തിന് ഒഴിച്ചുകൂടാനാകാത്തതാണ് കോഴിക്കോട് എയർപോർട്ടിന്റെ വികസനമെന്ന് മനസ്സിലാക്കണ്ടേ; അത് മനസ്സിലാക്കാൻ തയ്യാറായില്ലല്ലോ; അതിന്റെ ഭാഗമായല്ലേ ആ വികസനം തടസ്സപ്പെട്ടത്. ഇപ്പോൾ ആകെ വേണ്ടത് 136 ഏക്കർ സ്ഥലമാണ്. അതുസംബന്ധിച്ച നിലപാട് വ്യക്തമായതിനുശേഷവും കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനല്ലേ കൂടെ നിൽക്കേണ്ടത്; അതിനല്ലേ വേഗത കൂട്ടേണ്ടത്; അതിന്റെ കൂടെയല്ലേ അണിനിരക്കേണ്ടത്? ബഹുമാന്യനായ ഡോ.എം. കെ.മുനീറിനെപ്പോലുള്ളവരും അവിടെയുള്ള ജനപ്രതിനിധികളും എല്ലാവരും ഈ കാര്യത്തിനല്ലേ അണിനിരക്കേണ്ടത്; എന്തുകൊണ്ടാണ് അത്തരമൊരു നടപടി സ്വീകരിക്കാത്തത്? കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിൽ ഞാൻ അമിത താൽപ്പര്യമെടുക്കുന്നുവെന്നാണ് ഇവിടെ പറയുന്നത്. അമിതമായ താൽപ്പര്യമെടുത്തിട്ടുണ്ട്. ഒരു പുതിയ വിമാനത്താവളം വരണമെന്ന കാര്യത്തിൽ അമിത താൽപ്പര്യമെടുക്കാൻ പാടില്ലേ? കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാകുന്നതിനുവേണ്ടി താൽപ്പര്യമെടുത്തിട്ടുണ്ട്. അത് ഈ നാടിന്റെ വികസനത്തിന് ആവശ്യമല്ലേ; ഈ നാടിന്റെ വികസനത്തിന് ആവശ്യമല്ല എന്നാണോ പറയുന്നത്; കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഇനി ശബരിമലയിൽ ഒരു വിമാനത്താവളം ആരംഭിക്കാൻ സാധിക്കുമോ എന്നുള്ളതും നമ്മൾ നോക്കുന്നില്ലേ; ഈ നാട്ടിൽ വിമാനത്താവളങ്ങൾ വരുന്നതിൽ എന്താണ് തെറ്റ്?

തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാര്യത്തിൽ ഫലപ്രദമായ നടപടിയല്ലേ എടുത്തുകൊണ്ടിരിക്കുന്നത്? ആറന്മുളയെ സംബന്ധിച്ച് എന്താണ് പ്രശ്നം; ആറന്മുളയെ അറിയാത്തവരാണോ നിങ്ങൾ? എന്നിട്ട് ആറന്മുളയാണ് തികട്ടി വരുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് ഏറ്റവും പ്രാധാന്യമുള്ള കാര്യങ്ങളിലാണ് സംസ്ഥാന സർക്കാർ ഇടപെടുന്നത്. അതിലെന്താണ് തെറ്റ്?

സർ, സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ ഇടപെടലുകളാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. നേരത്തേ പറഞ്ഞതു പോലെ, കണ്ണൂർ വിമാനത്താവളം ഒരു പുതിയ വിമാനത്താവളമാണ്. 'ഉഡാൻ' പദ്ധതിയിൽ ആ വിമാനത്താവളം ഉൾപ്പെടുന്നതിന്റെ ഭാഗമായി ഇന്ധന നികുതി ഒരു ശതമാനമാക്കി കുറച്ചുവെന്നുള്ളത് വസ്തുതയാണ്. അത് കോഴിക്കോടിനും കൊച്ചിക്കും തിരുവനന്തപുരത്തിനും ബാധകവുമായിരുന്നില്ല എന്നതാണ് വസ്തുത. മറ്റ് വിമാനത്താവളങ്ങൾ എത്രയോ കാലമായി നിലനിൽക്കുകയാണ്. ഇതൊരു പുതിയ വിമാനത്താവളമെന്ന നിലയ്ക്ക് ഒരു പ്രോത്സാഹന നടപടി 'ഉഡാൻ' പദ്ധതിയുടെ ഭാഗമായിക്കൂടി സ്വീകരിച്ച ഒരു കാര്യമാണ്. അതാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യം ഏതെങ്കിലും തരത്തിൽ കോഴിക്കോട് വിമാനത്താവളത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് എന്ന് ആശങ്കപ്പെടേണ്ടതായിട്ടില്ല. എല്ലാ തരത്തിലും കോഴിക്കോട് വിമാനത്താവളത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത് അദ്ദേഹം തന്നെ സമ്മതിച്ച കാര്യമാണ്. അവിടെ വലിയ വിമാനങ്ങൾ ഇപ്പോൾ ഇറങ്ങുന്നതും ഹജ്ജ് എംബാർക്കേഷന്റെ ഭാഗമായി നടപടികൾ വന്നതുമെല്ലാം അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ട്. അതിനൊക്കെ സംസ്ഥാന സർക്കാരല്ലേ ഫലപ്രദമായി ഇടപെട്ടത്; എത്രവട്ടമാണ് സിവിൽ വ്യോമയാന മന്ത്രിയെയും പ്രധാനമന്ത്രിയെയും അടക്കം കണ്ടത്; സിവിൽ വ്യോമയാന വകുപ്പ് സെക്രട്ടറിയുമായി എത്ര തവണ ചർച്ച ചെയ്തു; ഇതൊക്കെ ഒരു സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമല്ലേ? ആ ഉത്തരവാദിത്വം ഞങ്ങൾ ശരിയായി നിറവേറ്റുന്നുണ്ട്. ഒരാശങ്കയും വേണ്ട. കോഴിക്കോട് വിമാനത്താവളത്തെ കൂടുതൽ വികസനത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി തന്നെയാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

2019 ഫെബ്രുവരി 06

## സബ്മിഷൻ

# വ്യക്തിഹത്യ തടയാൻ നിയമനിർമ്മാണം

സർ, ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. നവമാധ്യമങ്ങൾ വർത്തമാനകാല സമൂഹത്തിൽ അവിഭാജ്യമായ ആവശ്യമായി മാറിക്കഴിഞ്ഞു. ഒട്ടേറെ ഗുണപരമായ വശങ്ങൾ ഉള്ളപ്പോഴും അവയുടെ ദുരുപയോഗം ഗുരുതരമായ സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. എതിർ ശബ്ദങ്ങളെ സംസ്കാരശൂന്യമായി കടന്നാക്രമിക്കുകയും വ്യാജ ഐ.ഡി.കൾ വഴി അപകീർത്തികരമായ പ്രചരണം നടത്തുകയും ചെയ്യുന്ന സംഭവങ്ങൾ നമ്മുടെ നാട്ടിൽ കുറവല്ല. സ്ത്രീകളെയും കുട്ടികളെയും സാംസ്കാരിക പ്രവർത്തകരെയും സിനിമാരംഗത്തുള്ളവരെയും രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖ വ്യക്തികളെയും പലപ്പോഴും സമൂഹമാധ്യമങ്ങളിൽ വ്യക്തിഹത്യ നടത്തുന്ന പ്രവണതയും ശക്തിപ്പെട്ടുവരികയാണ്. നിലവിലുള്ള നിയമങ്ങളിൽ പോരായ്മകളുണ്ടെന്ന അഭിപ്രായം പൊതുവെ ശക്തമാണ്. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്ന പൊതുവായ അഭിപ്രായം സർവ്വകക്ഷി യോഗത്തിൽത്തന്നെ മുമ്പ് ഉണ്ടായിട്ടുള്ളതുമാണ്. ഇക്കാര്യം പരിശോധിച്ചുവരികയാണ്. ഇത്തരം കേസ്സുകളിൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമ വ്യവസ്ഥകൾ ഉൾപ്പെടുന്ന സൈബർ കേസ്സുകളെടുക്കുന്നതിനും തെളിയിക്കുന്നതിനും കുറ്റക്കാരെ തിരിച്ചറിയുന്നതിനും സേവന ദാതാക്കളുടെ സഹകരണം ആവശ്യമാണ്. വ്യാജ അക്കൗണ്ടുകൾ കണ്ടെത്തിയാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് രാജ്യാന്തര നിയമാധികാര പരിധി നിമിത്തം പല തരത്തിലുള്ള പ്രയാസങ്ങളും അന്വേഷണ ഉദ്യോഗസ്ഥർക്ക് നേരിടേണ്ടിവരുന്നുണ്ട്. പലപ്പോഴും പ്രചാരത്തിലുള്ള ഇത്തരം വ്യാജ അക്കൗണ്ടുകളുടെ ഉറവിടം വിദേശ രാജ്യങ്ങളും ആകാറുണ്ട്. ചില കൂട്ടായ്മകളുടെ വിവരങ്ങൾ കൈമാറാൻ ചില സേവനദാതാക്കളും തയ്യാറാകുകയില്ല. അതോടൊപ്പം സേവനദാതാക്കളുടെ അറിവോ സമ്മതമോ ഇല്ലാതെ വ്യാജ നമ്പരുകളും വിദേശ ഫോൺ നമ്പരുകളും ഉപയോഗിച്ച് അക്കൗണ്ടുകൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഇന്ന് ലഭ്യമാണ്. ഇന്ത്യയിൽ സേവനം നൽകുന്ന എല്ലാ സമൂഹമാധ്യമ സേവന ദാതാക്കളും അന്വേഷണോദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ സാങ്കേതിക തടസ്സം പറയാതെ ആവശ്യമായ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന് തയ്യാറാകുന്നവിധം നിയമനിർമ്മാണം ആവശ്യമായി വന്നേക്കാം. നിലവിൽ സൈബർ കുറ്റകൃത്യങ്ങൾ, ഇന്റർനെറ്റിന്റെ സുരക്ഷിതമായ ഉപയോഗം, സൈബർ ലോകത്തെ ചതിക്കുഴികൾ എന്നിവ സംബന്ധിച്ച് റെസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നാഷണൽ

സർവ്വീസ് സ്കീം, കോളേജുകൾ, സ്കൂളുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ഇത്തരം വ്യാജ പ്രചരണങ്ങൾക്കെതിരെ പരാതി ലഭിച്ചാൽ ഇപ്പോൾ ഇന്ത്യൻ ശിക്ഷാനിയമത്തിലെയും ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെയും വകുപ്പുകൾ ചേർത്ത് നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2016 മുതൽ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് 502 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുംവിധം ബോധപൂർവ്വമുള്ള ഏതൊരുവിധ പ്രവർത്തനങ്ങളെയും വ്യാജ പ്രചരണങ്ങളെയും പോലീസ്, രഹസ്യാന്വേഷണ വിഭാഗം, സൈബർ സെൽ തുടങ്ങിയ സംവിധാനങ്ങൾ മുഖേന നിരീക്ഷണം നടത്തിവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തടയുന്നതിനുള്ള ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**2019 ജൂലൈ 04**

# സബ്മിഷൻ

## സഭാതർക്കം

സർ, തെരഞ്ഞെടുപ്പിനുമുമ്പോ തെരഞ്ഞെടുപ്പിനുശേഷമോ എന്നൊരു നിലപാടില്ല. ഈ കാര്യത്തിൽ ഒരേ സമീപനം മാത്രമേ സർക്കാരിനുള്ളൂ. ആ സമീപനം തുടർന്നു പോകുകയും ചെയ്യും. ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിൽ വിവിധ പള്ളികളിൽ ആരാധന നടത്തുന്നത് സംബന്ധിച്ച തർക്കം ദീർഘകാലമായി നിലനിൽക്കുന്നതാണ്. 3-7-2017-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയനുസരിച്ച് സഭാകാര്യങ്ങളിൽ 1934-ലെ ഭരണഘടനയാണ് ഇരുവിഭാഗങ്ങളും അംഗീകരിക്കേണ്ടത്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിൽ പറയുന്ന കാര്യങ്ങൾ അതേ രീതിയിൽ തന്നെ ഉദ്ധരിക്കുന്നതായിരിക്കും നല്ലത്. അത് ഞാൻ ഉദ്ധരിക്കാം. 'Both the factions, for the sake of the sacred religion they profess and to preempt further bickering and unpleasantness precipitating avoidable institutional degeneration, ought to resolve their differences if any, on a common platform if necessary by amending the Constitution further in accordance with law, but by no means, any attempt to create parallel systems of administration of the same Churches resulting in law and order situations leading to even closure of the Churches can be accepted.' ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിൽ രണ്ട് സഭകളും പിന്തുടരുന്ന വിശുദ്ധ മതത്തിന്റെ പാവനതയ്ക്കുവേണ്ടിയും ഇനിയും സ്ഥാപനത്തിന്റെ ജീർണ്ണത ഒഴിവാക്കാനായി തർക്കവും അനിഷ്ട സംഭവങ്ങളും തുടരാതിരിക്കാനായി അഭിപ്രായഭിന്നതകൾ പരിഹരിക്കുന്നതിന് ആവശ്യമെങ്കിൽ 1934-ലെ ഭരണഘടന നിയമപ്രകാരം ഭേദഗതി ചെയ്ത് ഒരു പൊതുവേദിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയാണ് വേണ്ടത്. എന്നാൽ അതൊരിക്കലും പള്ളികളിൽ സമാന്തര ഭരണസംവിധാനമുണ്ടാക്കാനോ ക്രമസമാധാന പ്രശ്നമുണ്ടാക്കാനോ പള്ളികൾ അടച്ചുപൂട്ടുന്ന നിലയിൽ എത്തിക്കാനോ ആകരുത്, അതംഗീകരിക്കാവുന്നതല്ലെന്ന് വിധിയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇത് കാണിക്കുന്നത് വിധി നടപ്പിലാക്കുമ്പോൾ പള്ളികളിൽ ക്രമസമാധാന പ്രശ്നമോ അടച്ചുപൂട്ടുന്ന നിലയോ ഉണ്ടാകാതെ പ്രവർത്തിക്കണമെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇരുസഭകളിലുംപ്പെട്ട സമാധാന കാംഷിക ളായവരുമായി സർക്കാർ പല ആവർത്തി സമവായ സംഭാഷണങ്ങൾ നടത്തുകയുണ്ടായി. അതിനാണ് ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിതന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അനിഷ്ട സംഭവങ്ങളൊഴിവാക്കുന്നതിനും ക്രമസമാധാനപാ

ലനത്തിനും ആവശ്യമായ ഘട്ടങ്ങളിൽ പോലീസ് ഇടപെടലും വേണ്ടിവന്നു. വിശ്വാസികൾക്ക് അവരുടെ ആരാധനയ്ക്ക് തടസ്സമാകുന്ന ഒരു സാഹചര്യവും ഉണ്ടാകരുതെന്നുള്ള സർക്കാരിന്റെ ദൃഢനിശ്ചയത്തിന്റെ ഭാഗമായിരുന്നു അത്. സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അങ്ങനെ നടപ്പിലാക്കുമ്പോൾ സംഘർഷങ്ങൾ ഒഴിവാക്കി അത് പ്രാവർത്തികമാക്കാനുള്ള ശ്രമമാണ് നടത്താറുള്ളത്. ഭരണഘടനാ ബഞ്ചിന്റെ വിധി നടപ്പിലാക്കുന്ന കാര്യത്തിലുൾപ്പെടെ ഇത്തരത്തിലുള്ള ഒരു സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പള്ളിത്തർക്കവുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിനെതിരെ കോടതിയലക്ഷ്യമാരോപിക്കുന്ന ഹർജി സുപ്രീംകോടതിയിൽ നേരത്തെ വന്നിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിനെതിരെ കോടതിയലക്ഷ്യ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കാനാവില്ലെന്ന കാര്യം സുപ്രീംകോടതി ആ അവസരത്തിൽ വ്യക്തമാക്കിയിരുന്നു. അതുകൊണ്ടുതന്നെ സർക്കാരിനെതിരെ കോടതിയലക്ഷ്യം ആരോപിക്കുന്ന ഹർജി, ഹർജിക്കാരൻ പിൻവലിക്കുകയും ചെയ്ത സംഭവം നേരത്തെയുണ്ടായിട്ടുണ്ട്. കോടതി ഇതുസംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഏത് വിധിയും നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സുപ്രീംകോടതി വിധി പ്രകാരവും കേസിന്റെ സവിശേഷതകൾ കണക്കിലെടുത്തു കൊണ്ടും സമാധാനപരമായി നടപ്പിലാക്കാനാണ് എക്കാലത്തും സർക്കാർ പരിശ്രമിച്ചിട്ടുള്ളത്. കോടതിവിധിയെ ബഹുമാനിച്ചുകൊണ്ടുള്ള സമീപനമാണ് സംസ്ഥാന സർക്കാർ എക്കാലത്തും എടുത്തിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്തമായ സമീപനം ഒരു വിധിയുടെ കാര്യത്തിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിലും സുപ്രീംകോടതി വിധി കഴിയുന്നത്ര സമാധാനപരമായും സമവായത്തോടും നടപ്പിലാക്കുന്നതിന് ഊന്നൽ നൽകുന്നതായിരിക്കും.

2019 ഒക്ടോബർ 28

## ശ്രദ്ധ ക്ഷണിക്കൽ

# ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണം

സർ, ലാഭത്തിൽ പ്രവർത്തിക്കുന്ന ഭാരത് പെട്രോളിയം കോർപ്പറേഷൻ (ബി.പി.സി.എൽ.) സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം ഉൽക്കണ്ഠാജനകമാണ്. കേന്ദ്ര സർക്കാരിന്റെ നയങ്ങൾ കാരണം രാജ്യം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമായി 1.05 ലക്ഷം കോടി രൂപ ഓഹരി വിറ്റഴിക്കലിലൂടെ 2019-2020-ൽ സമാഹരിക്കാനുള്ള കേന്ദ്ര തീരുമാനത്തിന്റെ ഭാഗമായാണ് മഹാരത്ന പദവിയിലുള്ളതും ഏകദേശം 5000 കോടി രൂപയിലധികം വാർഷിക ലാഭമുള്ളതുമായ രാജ്യത്തെ വലിയ പെട്രോളിയം കമ്പനികളിലൊന്നായ ബി.പി.സി.എൽ.-നെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ബി.പി.സി.എൽ.-ലെ 53.29 ശതമാനം ഓഹരികൾ പൂർണ്ണമായി വിറ്റഴിക്കുമെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കമ്പനിയുടെ ഉടമസ്ഥാവകാശം കുത്തക കമ്പനികൾക്ക് കൈമാറാനുള്ള നീക്കമാണ് നടത്തുന്നതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്കാണ് പൊതുമേഖലാ പെട്രോളിയം കമ്പനികൾ നിർവ്വഹിച്ചുവരുന്നത്. ഇക്കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നത് രാജ്യസുരക്ഷയെത്തന്നെ ബാധിക്കുന്നതാണെന്ന ഗൗരവമായ കാര്യം പരിഗണിക്കേണ്ടതുണ്ട്. മുപ്പതിനായിരത്തോളം സ്ഥിരം ജീവനക്കാരെയും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെയും ഈ നീക്കം ദോഷകരമായി ബാധിക്കും. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അരലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്തിയ കമ്പനി പൊതുമേഖലയിൽ നിലനിർത്തേണ്ടത് രാജ്യ താൽപ്പര്യമാണെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 17-10-2019-ൽ കത്തയച്ചിട്ടുണ്ട്. കേരള സർക്കാർ കൂടി മുൻകയ്യെടുത്താണ് ബി.പി.സി.എൽ.-ന്റെ ഭാഗമായ കൊച്ചിൻ റിഫൈനറി സ്ഥാപിച്ചത്. റിഫൈനറിയിൽ കേരളത്തിന് അഞ്ച് ശതമാനം ഓഹരിയുണ്ടായിരുന്നു. റിഫൈനറി ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാനത്തിന്റെ ഓഹരി നിലനിർത്തുകയും ബോർഡിൽ ഒരു ഡയറക്ടറെ ഉൾപ്പെടുത്തുകയും ചെയ്തു. ബി.പി.സി.എൽ.-ന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. ഈ നിലയിൽ 1500 കോടി രൂപയാണ് കേരളം ഈ പൊതുമേഖലാ കമ്പനിക്ക് വായ്പയായി നൽകാൻ നിശ്ചയിച്ചത്. ഈ സഹായമെല്ലാം സംസ്ഥാന സർക്കാർ അനുവദിച്ചത് പൊതുമേഖലയിലുള്ള എണ്ണശുദ്ധീകരണശാല വികസിപ്പിക്കണമെന്ന താൽപര്യത്തോടെയാണ്. റിഫൈനറിക്ക് സമീപത്തായി വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപി

ക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടത്. ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണ നീക്കം 25000 കോടി രൂപയുടെ ഈ പദ്ധതിയെ അനിശ്ചിതത്വത്തിലാക്കും. കമ്പനി സ്വകാര്യവൽക്കരണത്തിലൂടെ വലിയതോതിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതിനും പാചകവാതകത്തിന് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നതിനും ഇടയാക്കും. സംസ്ഥാന സർക്കാർ നൽകിവരുന്ന സാമ്പത്തികവും മറ്റുതരത്തിലുമുള്ള വിവിധ സഹായങ്ങൾ സർക്കാരിന് കമ്പനിയിലുള്ള താൽപ്പര്യത്തിന് തെളിവാണ്. ബി.പി.സി.എൽ.-ഉം സർക്കാരുമായി ഒപ്പുവച്ച കരാർപ്രകാരം 4500 കോടി രൂപ കെ.ജി.എസ്.ടി./വാറ്റ് ഇനത്തിലും 3000 കോടി രൂപ സി.എസ്.ടി. ഇനത്തിലും 750 കോടി രൂപ ഡബ്ല്യു.സി.ടി. (വർക്ക് കോൺട്രാക്ട് ടാക്സ്) റീ-ഇംബേഴ്സ്മെന്റ് ഇനത്തിലും 15 വർഷത്തേയ്ക്ക് നൽകാമെന്ന് ധാരണയുണ്ട്. വർക്ക് കോൺട്രാക്ട് ടാക്സ് ഇനത്തിൽ റീ-ഇംബേഴ്സുമെന്റ് ഇനത്തിൽ 80 കോടി രൂപയും KGST/VAT (Deferred Loan) ഇനത്തിൽ 100 കോടി രൂപയും ബി.പി.സി.എൽ.-ന് അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ദേശീയ താൽപ്പര്യവും കേരളത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് സ്വകാര്യവൽക്കരണ നടപടികൾ നിർത്തിവയ്ക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നത് തൊഴിൽ സ്ഥിരതയെ പ്രതികൂലമായി ബാധിക്കും. ഇതുകാരണം സാമ്പത്തിക മാന്ദ്യത്തിന് ആക്കം കൂടും എന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്.

# മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷം

സർ, മഹാത്മാഗാന്ധിയുടെ 150-ാം ജയന്തിയോടനുബന്ധിച്ച് അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളോടും പൂർണ്ണമായും യോജിക്കുകയാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുസ്മരണ സമ്മേളനങ്ങൾ നടക്കുന്ന ഘട്ടമാണിത്. ഗാന്ധിസ്മൃതിയെ ഈ വിധത്തിൽ സവിശേഷമായി ആദരിക്കുന്നതിന് പൊതുവിലുള്ള കാരണങ്ങൾക്ക് പുറമെ തീർച്ചയായും ഓരോ സംസ്ഥാനത്തിനും അവരുടേതായ കാരണങ്ങളുമുണ്ടാകാം. കേരളത്തിനും കേരളത്തിന്റെ സ്വന്തമായ ഗാന്ധിസ്മൃതികൾ ഏറെയുണ്ട്. ഗാന്ധിജിക്ക് മുമ്പോ അതിനുശേഷമോ ആസേതുഹിമാചലം ഈ രാഷ്ട്രത്തെയാകെ പൊതുവിൽ ഉണർത്തിയെടുത്ത, ഇന്ത്യൻ ജനതയിൽ ഇത്രമേൽ ആവേശകരമായ പ്രതികരണമുയർത്തിയ മറ്റൊരു വ്യക്തിത്വമില്ല. ഗാന്ധിജി ആ വിധത്തിൽ ജനതയെ ദേശീയബോധത്തോടെ സ്വാതന്ത്ര്യബോധത്തോടെ അണിനിരത്തിയതാകട്ടെ, ഇന്ത്യയിൽ തലങ്ങും വിലങ്ങും സഞ്ചരിച്ചുകൊണ്ടാണ്. അങ്ങനെ അദ്ദേഹം എത്തിയതിന്റെ, ചെയ്ത കാര്യങ്ങളുടെ, പറഞ്ഞ വാക്കുകളുടെ നന്ദിപൂർവ്വമായ ഓർമ്മ കേരളത്തിനുണ്ട്. ഒരു നൂലിൽ കോർത്തിണക്കിയ പൂക്കളെപ്പോലെ ഇന്ത്യയിലെ വിവിധ ജനസമൂഹങ്ങളെ ദേശീയപ്രസ്ഥാനത്തിന്റെ പതാകയ്ക്ക് കീഴിൽ ഒരുമിപ്പിച്ചുവെന്നത് മുതൽ അധികാരലബ്ധിയുടെ ആഘോഷങ്ങളിൽ നിന്നൊക്കെ അകന്നുമാറി നിസ്വരിൽ നിസ്വരായവരുടെ ചേരികളിലേയ്ക്ക് ആ ആഘോഷവേളയിൽത്തന്നെ നടന്നുനീങ്ങിയെന്നതുവരെ ഗാന്ധിജിയെ ജനങ്ങൾക്ക് പ്രിയങ്കരനാക്കി മാറ്റുന്ന ഘടകങ്ങൾ ഏറെയുണ്ട്. സമുദായ സൗഹാർദ്ദത്തിനുവേണ്ടി ജീവത്യാഗമെന്ന പരമമായ ത്യാഗം ചെയ്തതടക്കമുള്ള കാര്യങ്ങൾ വേറെയുമുണ്ട്. അതെല്ലാമിരിക്കെത്തന്നെ 150-ാംജയന്തി നാളിൽ നമ്മുടെ സംസ്ഥാനത്തിന് നൽകിയ സംഭാവനകൾ കൂടി നമ്മുടെ മനസ്സുകളിൽ സ്വാഭാവികമായും കടന്നുവരുന്നു. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് 1925-ൽ അദ്ദേഹം കേരളം സന്ദർശിക്കുകയുണ്ടായി. അത്തരമൊരു പശ്ചാത്തലം വച്ചുനോക്കിയാൽ നവോത്ഥാന സംരംഭങ്ങളോട് അദ്ദേഹം പുലർത്തിയ ഹൃദയബന്ധം കൂടുതൽ വ്യക്തമാകും. അതേ സന്ദർശന ഘട്ടത്തിലാണ് ഗാന്ധിജി ശിവഗിരിയിൽ പോയതും ശ്രീനാരായണഗുരുവുമായി കൂടിക്കാഴ്ച നടത്തിയതും. ഇതൊക്കെ ഇപ്പോൾ ഓർമ്മിപ്പിക്കുന്നത് നവോത്ഥാന മുന്നേറ്റങ്ങളെ; സാമൂഹിക പരിഷ്കരണ ശ്രമങ്ങളെ ആരെങ്കിലും എതിർക്കുന്നുവെങ്കിൽ അവർക്ക് ഗാന്ധിജിയെക്കുറിച്ച് പറയാൻ അവകാശമില്ലെന്ന് വ്യക്തമാക്കാൻ കൂടിയാണ്. കടൽ കടന്നുവെന്നതിന്റെ പേരിൽ ക്ഷേത്രത്തിൽ കടക്കുന്നതിന് ഗാന്ധിജിക്ക്

വിലക്ക് കൽപ്പിക്കുകപോലും ചെയ്തിരുന്നുവെന്നിരിക്കെ ദുരാചാരങ്ങളുടെ ഇരകൂടിയായിരുന്ന ഗാന്ധിജിയെ ദുരാചാര സംരക്ഷണത്തിന് നിൽക്കുന്ന ഇരുട്ടിന്റെ ശക്തികൾക്ക് എങ്ങനെ കൂട്ടുപിടിക്കാനാകും. ഗാന്ധിജി ആകെ 5 തവണയാണ് കേരളം സന്ദർശിച്ചത്. ആദ്യത്തെ സന്ദർശനം 1920 ആഗസ്റ്റിലായിരുന്നു. 18-ാംതീയതി വന്ന് 19-ന് തിരിച്ചുപോയി. അതൊഴിച്ചാൽ കൂടുതൽ ദിവസങ്ങളിൽ ഇവിടെ തങ്ങിയ മറ്റ് നാല് സന്ദർശനങ്ങളിലും അദ്ദേഹം സ്നേഹാദരങ്ങളോടെ 'ഹരിജനങ്ങൾ' എന്ന് വിളിച്ചിരുന്ന ദളിത് വിഭാഗങ്ങളെ സന്ദർശിക്കുന്നതിൽ സവിശേഷ നിഷ്കർഷ കാട്ടി. നവോത്ഥാനത്തോടുള്ള ഗാന്ധിജിയുടെ മനോഭാവം ഇതിലും തെളിയുന്നുണ്ട്. അയിത്തോച്ചാടനം, ക്ഷേത്ര പ്രവേശനം തുടങ്ങിയ കാര്യങ്ങളിൽ രാജ്യത്തിന്റെ അധികാരികളുമായി ചർച്ച നടത്താൻ പ്രത്യേക നിർബന്ധം കാട്ടിയതിലും വൈക്കം സത്യാഗ്രഹത്തിനും മറ്റും പ്രചോദനം നൽകിയതിലുമൊക്കെ നവോത്ഥാന മുന്നേറ്റങ്ങൾക്ക് ഊർജ്ജം പകരുന്ന മനോഭാവമാണ് പ്രതിഫലിച്ചത്. നവോത്ഥാന സംരംഭങ്ങൾ, സാമുദായിക ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുക എന്ന മുദ്രാവാക്യത്തിൽ പരിമിതപ്പെട്ടുനിന്നിരുന്നു. എന്നാൽ അത് സാമ്പത്തിക ഉച്ചനീചത്വങ്ങൾകൂടി അവസാനിപ്പിക്കുക എന്ന രാഷ്ട്രീയ ഉള്ളടക്കംകൂടി നൽകി വികസിപ്പിച്ചു. ജനാധിപത്യ പ്രാപ്തിയുടെ ഘട്ടത്തിൽ നാം അതായിരുന്നു ചെയ്തത്. അങ്ങനെയാണ് ജന്മിത്വത്തിന്റെ വിഷപ്പല്ല് പറിച്ചുകളയുന്ന വിധത്തിൽ ഭൂബന്ധങ്ങൾ അഴിച്ചുപണിയുന്ന കാർഷികബന്ധ നിയമവും മറ്റും കൊണ്ടുവന്നത്. ആ വഴിക്ക് നാം വീണ്ടും മുന്നോട്ടുപോയി. അങ്ങനെയാണ് ഭൂപരിഷ്കരണവും ദളിത് വിഭാഗങ്ങൾക്ക് ഭൂമി ലഭിക്കലുമൊക്കെയുണ്ടായത്. പിന്നെയും മുമ്പോട്ടുപോയപ്പോഴാണ് ക്ഷേത്രങ്ങൾക്കടുത്തുകൂടി വഴി നടക്കാൻപോലും അവകാശമില്ലാതിരുന്നവർക്ക്; അയിത്തം കൽപ്പിക്കപ്പെട്ട് അകറ്റി നിർത്തപ്പെട്ടവർക്ക് ക്ഷേത്രത്തിന്റെ ശ്രീകോവിലിനുള്ളിൽ കയറി പൂജ കഴിക്കുകവരെയാവാം എന്ന നിലയുണ്ടായത്.

ഗാന്ധിജി തന്റെ കേരള സന്ദർശനവേളയിൽ ക്ഷേത്ര പ്രവേശനത്തിനുവേണ്ടി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയെങ്കിൽ ആ നവോത്ഥാന നീക്കങ്ങളെ നമ്മൾ ദളിത് വിഭാഗങ്ങൾക്ക് ക്ഷേത്രത്തിനുള്ളിൽ കയറി പൂജ നടത്താമെന്ന തലത്തിലേയ്ക്ക് ഉയർത്തിയെടുത്തു. അപ്പോഴൊക്കെ സാക്ഷാത്കരിക്കപ്പെട്ടത് ഗാന്ധിജിയുടെ സ്വപ്നങ്ങളാണ്. ആ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള അരങ്ങുകളൊരുങ്ങിയത് നമ്മുടെ സെക്രട്ടേറിയറ്റ് മന്ദിരത്തിലാണ്. ഗാന്ധിജിയുടെ 150-ാംജയന്തിയും സെക്രട്ടേറിയറ്റിന്റെ 150-ാം വാർഷികവും ഒരുമിച്ചുവരുന്ന ഈ ഘട്ടത്തിൽ അതിന് സവിശേഷമായ പ്രസക്തിയുണ്ടെന്ന് പറയട്ടെ. ഗാന്ധിജി' എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന ആത്മകഥയിൽ പരാമർശിച്ച ഏക മലയാളി ജി. പി. പിള്ളയാണെങ്കിൽ ഗാന്ധിജിയുടെ വ്യക്തിത്വത്തെ സമഗ്രതയിൽ മലയാളികളുടെ മുമ്പിൽ അവതരിപ്പിച്ചത് അദ്ദേഹത്തിന്റെ ജീവചരിത്രം ആദ്യമായി മലയാളത്തിൽ രചിച്ച സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയാണ്. ഇന്ത്യൻ ഭാഷകളിൽ ഗാന്ധിജിയെക്കുറിച്ച് ആദ്യമിറങ്ങിയ പുസ്തകം സ്വദേശാഭിമാനി യുടേതാണ്. ബാരിസ്റ്റർ ജി. പി. പിള്ളയുടെയും സ്വദേശാഭിമാനിയുടെയും നാട് എന്ന നിലയിലും ഗാന്ധിജിയുടെ അവസാന സന്ദർശനവേളയിലെ അവസാനത്തെ പ്രസംഗസ്ഥലം എന്ന നിലയിലും തിരുവനന്തപുരത്ത് ഗാന്ധിജിയുടെ 150-ാംജയന്തി ആഘോഷങ്ങൾ നടക്കുന്നതിന് പ്രത്യേകമായ പ്രസക്തിയുണ്ടെന്നുകൂടി പറയട്ടെ. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലാണ് ഗാന്ധിജി അവസാനം പ്രസംഗിച്ചത്. ആ പ്രസംഗത്തിലാണ് ഇതുവരെ താൻ ഇവിടെ വന്നത് ഒരു പോരാളിയെപ്പോലെയാണെങ്കിൽ ഇത്തവണ ഇവിടെ വരുന്നത് തീർത്ഥാടകനെപ്പോലെയാണെന്ന് ഗാന്ധിജി പറഞ്ഞത്. ക്ഷേത്ര പ്രവേശനം സാധ്യമായതിലുള്ള സന്തോഷം അറിയിക്കുകയായിരുന്നു ഗാന്ധിജി ആ വാക്കുകളിലൂടെ ചെയ്തത്. 'അയിത്ത ജാതിക്കാർ' എന്ന് മുദ്രയടിക്കപ്പെട്ടവരടക്കമുള്ളവരുമായി അന്ന് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലേയ്ക്ക് കടന്നുചെന്നതും വൈക്കത്തെ സാമുദായിക പ്രമാണിമാരോട് അയിത്തത്തെ ന്യായീകരിക്കുന്ന ഒന്നും പ്രമാണ ഗ്രന്ഥങ്ങളിലില്ലെന്ന് തർക്കിച്ച് സ്ഥാപിച്ചതും അയ്യങ്കാളിയെ വെങ്ങാനൂരിൽ

പോയി സന്ദർശിച്ചതുമൊക്കെ ഗാന്ധിജിയുടെ പൈതൃകം നവോത്ഥാനത്തിനായി നിലകൊള്ളുന്ന ശക്തികൾക്ക് അവകാശപ്പെട്ടതാണെന്നത് ആവർത്തിച്ച് സ്ഥിരീകരിക്കുന്നുണ്ട്. ഇന്ത്യയുടെ പടിഞ്ഞാറൻ കടലോരത്തുള്ള പോർബന്തറിൽ ജനിച്ച് തലസ്ഥാനമായ ഡൽഹിയിൽ വർഗ്ഗീയ ഭ്രാന്തനായ നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റ് വീണുമരിച്ച ഗാന്ധിജിയുടെ ജീവിതം ഇതിഹാസ വ്യാപ്തിയുള്ളതാണ്. 'മഹാത്മാ' എന്ന് മഹാകവി രവീന്ദ്രനാഥ ടാഗോറാണ് അദ്ദേഹത്തെ ആദ്യമായി വിളിച്ചത്. 'രാഷ്ട്രപിതാവ്' എന്ന് സംബോധന ചെയ്തത് നേതാജി സുബാഷ് ചന്ദ്രബോസും. ലണ്ടനിൽനിന്ന് ബാരിസ്റ്റർ പരീക്ഷ പാസ്സായി വന്ന് ബോംബെ ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്ത ഗാന്ധിജി ബ്രിട്ടീഷ് വേഷഭൂഷാദികൾപോലും ഉപേക്ഷിച്ച് നിസ്വരിൽ ഒരാളായി മാറുന്നതാണ് രാഷ്ട്രം കണ്ടത്. ഇംഗ്ലീഷുകാരുടെ കോളനിയായിരുന്ന ദക്ഷിണാഫ്രിക്കയിൽ വർണ്ണ വിവേചനത്തിനും സാമ്രാജ്യത്വ വാഴ്ചയ്ക്കുമെതിരെ പൊരുതിയ ഘട്ടം, മടങ്ങിവന്ന ശേഷമുള്ള ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ പങ്കാളിത്തം, അറസ്റ്റ്, തടവ്, യങ് ഇന്ത്യ പത്രാധിപത്യം, നിസ്സഹകരണ പ്രസ്ഥാനം, നിയമലംഘന പ്രസ്ഥാനം, സ്വദേശി ഖാദി ക്യാമ്പയിൻ, ദണ്ഡി യാത്ര, നിരവധി കോൺഗ്രസ് സമ്മേളനങ്ങൾ, ലണ്ടനിൽ ചെന്നുള്ള ചർച്ചകൾ, വട്ടമേശ സമ്മേളങ്ങൾ, ക്വിറ്റ് ഇന്ത്യാ സമരം, തൊട്ടടുത്തുള്ള വർഷത്തെ അതിന്റെ പിൻവലിക്കൽ, വർഗ്ഗീയ കലാപങ്ങൾക്കെതിരായ ബോധവത്കരണം, അഹിംസാ സന്ദേശ പ്രചരണം, ഇന്ത്യാ-പാക് വിഭജനം, മതസൗഹാർദ്ദത്തിനുവേണ്ടിയുള്ള ഉപവാസം എന്നിങ്ങനെ പിന്നീടിങ്ങോട്ട് 1948 ജനുവരി 30-നുണ്ടായ ഗാന്ധിജിയുടെ കൊലപാതകം വരെയുള്ള അദ്ദേഹത്തിന്റെ ജീവചരിത്രം സത്യത്തിൽ ഇന്ത്യാചരിത്രം തന്നെയാവുകയായിരുന്നു. ചരിത്രത്തിന് വഴികാട്ടിയായ ഒരു മഹാനായകനെയാണ് നാം ഇന്ന് ആദരിക്കുന്നത്. സമാധാനപരമായി ജീവിക്കുക എന്നു പറഞ്ഞാൽ അപകടകരമായി ജീവിക്കുക എന്നാണർത്ഥം എന്ന് വിഖ്യാത സാഹിത്യകാരനായ ജോർജ് ബർണാഡ്ഷാ പറഞ്ഞത് മഹാത്മാഗാന്ധിയെ മനസ്സിൽ വച്ചുകൊണ്ടാണ്. കൃത്യമായി പറഞ്ഞാൽ ഗാന്ധിജി വെടിയേറ്റ് മരിച്ചുവെന്ന് വാർത്ത കേട്ടപ്പോഴാണ് ബർണാഡ്ഷാ ഇത് പറഞ്ഞത്. ഷാ പറഞ്ഞതിലുണ്ട് സത്യം. ഏറ്റവും സമാധാനപരമായി ജീവിച്ച ശാന്തിയുടെ, അഹിംസയുടെ, സാഹോദര്യത്തിന്റെ, മതസൗഹാർദ്ദത്തിന്റെ മഹത്തായ സന്ദേശങ്ങൾ പകർത്തിക്കൊണ്ട് ജീവിച്ച രാഷ്ട്രപിതാവിനെയാണ് ആ മൂല്യങ്ങളിലൊക്കെ അസഹിഷ്ണുതയുള്ള വർഗ്ഗീയതയുടെ വിധ്വംസകശക്തി അതിക്രൂരമായി വെടിവച്ച് കൊലപ്പെടുത്തിയത്. രാഷ്ട്രത്തെ മാത്രമല്ല, ലോകത്തെയാകെ തന്നെ ആ നിഷ്ഠൂരമായ വധം നടുക്കി. 'നമ്മുടെ ജീവിതത്തിലെ പ്രകാശം പൊലിഞ്ഞു' എന്നാണ് അന്ന് പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഗാന്ധിജിയുടെ വധം ലോകത്തെ അറിയിച്ചുകൊണ്ട് വിശേഷിപ്പിച്ചത്. ഏറ്റവും നിഷ്ഠൂരമായി വധിക്കപ്പെടാൻ യോഗ്യത നേടുകയാണ് ഏറ്റവും സമാധാനപൂർണ്ണമായി ജീവിക്കുന്നതിലൂടെ എന്ന ദുഃഖിപ്പിക്കുന്ന സത്യം ബർണാഡ്ഷായിൽ ഉണർന്നത് ആ ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ചിന്തിച്ചപ്പോഴാണ്. ജീവിതവും മരണവും ഈ രാഷ്ട്രത്തിനുവേണ്ടി; ഇവിടത്തെ ജനതയ്ക്കുവേണ്ടി സമർപ്പിച്ച മഹാത്മാഗാന്ധിയുടെ സ്മരണയ്ക്ക്, അദ്ദേഹത്തിന്റെ 150-ാംജയന്തി വാർഷികത്തോടനുബന്ധിച്ച് ഈ സഭ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്.

ഗാന്ധിജിയെ കൂടുതൽ മനസ്സിലാക്കുന്നതിലൂടെ അദ്ദേഹം ഉയർത്തിപ്പിടിച്ച മതനിരപേക്ഷതയടക്കമുള്ള സാമൂഹിക മൂല്യങ്ങൾ കൂടുതൽ ജനമനസ്സുകളിലേയ്ക്ക് എത്തിക്കുന്നതിലൂടെ അവയുടെ സംരക്ഷണത്തിനായി ജീവൻപോലും ബലി നൽകാൻ സന്നദ്ധമാണെന്ന് പ്രഖ്യാപിക്കുന്നതിലൂടെയാകണം ഈ ജയന്തി ആഘോഷത്തെ അർത്ഥപൂർണ്ണമാക്കേണ്ടത്. അതാകും രാഷ്ട്രപിതാവിന് നൽകാവുന്ന ഏറ്റവും ഉയർന്ന രൂപത്തിലുള്ള ആദരാഞ്ജലി. രക്തമാംസങ്ങളോടെ ഇങ്ങനെയൊരാൾ ഈ ഭൂമിയിൽ ജീവിച്ചിരുന്നുവെന്നത് വരും തലമുറകൾക്ക് അവിശ്വസനീയമായി തോന്നുമെന്ന് മഹാത്മാജിയെക്കുറിച്ച് ലോക പ്രശസ്ത ശാസ്ത്രജ്ഞനായ

ആൽബർട്ട് ഐൻസ്റ്റിൻ പറഞ്ഞു. അത്ര ലാളിത്യത്തോടെയും സുതാര്യശുദ്ധിയോടെയും സഹജീവി സ്നേഹത്തോടെയും ജീവിക്കാൻ കഴിയുമെന്ന അത്ഭുതമാണ് ആ പരാമർശത്തിലൂടെ ആൽബർട്ട് ഐൻസ്റ്റിൻ പ്രകടിപ്പിച്ചത്. മാറി വരുന്ന തലമുറകൾക്ക് ഗാന്ധിജിയെ മനസ്സിലാക്കാൻ കഴിയാതെ പോകുമോയെന്ന ആശങ്കകൂടിയാണ് ഐൻസ്റ്റിൻ പങ്കുവച്ചത്. ആ ആശങ്ക അദ്ദേഹം കരുതിയതിനുമപ്പുറം യാഥാർത്ഥ്യമാകുന്നുവോയെന്ന് ഉത്കണ്ഠപ്പെടേണ്ട ഘട്ടമാണിത്. ഉത്കണ്ഠയ്ക്ക് അടിസ്ഥാനമുണ്ടാക്കുന്ന എത്രയോ കാര്യങ്ങളാണ് ഇന്ത്യയിൽ ഇന്ന് സംഭവിക്കുന്നത്. ഗാന്ധിജിയെ നിന്ദിക്കാനുള്ള സംഘടിത ശ്രമങ്ങൾ നിർഭാഗ്യവശാൽ ശക്തമാകുന്നു. ഗാന്ധിജിയുടെ സാമൂഹ്യ മൂല്യങ്ങളെ തിരുത്താനുള്ള വ്യഗ്രത ആസൂത്രിതമായി മുന്നേറുന്നു. അധികാരസ്ഥാനത്തുള്ള ചിലർതന്നെ ഗാന്ധിജിയുടെ രക്തസാക്ഷി ദിനത്തിൽ അദ്ദേഹത്തിന്റെ ചിത്രമുണ്ടാക്കിവച്ച് അതിലേയ്ക്ക് പ്രതീകാത്മകമായി നിറയൊഴിക്കുന്നത് കണ്ടുനിൽക്കേണ്ട ഗതികേടിലായിരിക്കുന്നു നാം. ഗാന്ധിജിയെ വെടിവച്ചു കൊലപ്പെടുത്തിയ നാഥൂറാം വിനായക് ഗോഡ്സെയ്ക്ക് ക്ഷേത്രമുണ്ടാക്കുന്നതും രാജ്യത്തിന്റെ പരമോന്നത ബഹുമതിയായ ഭാരതരത്നം അയാൾക്ക് സമ്മാനിക്കാൻ മുറവിളി കൂട്ടുന്നതുമായ ലജ്ജാകരമായ അവസ്ഥയിലേയ്ക്ക് രാജ്യം എത്തിയിരിക്കുന്നു. മഹാകവി വള്ളത്തോൾ പറഞ്ഞത്.....

'ഗീതയ്ക്ക് മാതാവായ ഭൂമിയേ ദൃഢമിതു-
മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്കൂ.
ഹിമവൽ വിന്ധ്യാചല മധ്യദേശത്തേകാൺമൂ-
ശമമേ ശീലിച്ചെഴുമിത്തരം സിംഹത്തിനെ,
ഗംഗയാറൊഴുകുന്ന നാട്ടിലേ, ശരിക്കിത്ര
മംഗളം വായ്ക്കും കൽപപാദപമുണ്ടായ് വരൂ!'

ഗീതയ്ക്ക് മാതാവായ ഭൂമിയെന്നാണല്ലോ ഈ ഭാഗം തുടങ്ങുന്നതുതന്നെ. എന്നാൽ അതേ ഗീതയെ ആദരിക്കുന്നതായി അവകാശപ്പെട്ടവർ തന്നെയാണ് ആ വെളിച്ചത്തെ തല്ലിക്കെടുത്തിയതെന്നത് മറന്നുകൂടാ. ആത്മീയത കപട ആത്മീയതയായി മാറുന്നതാണ്, വിഷലിപ്തമായി മാറുന്നതാണ് നാം അവിടെ കണ്ടത്. ഗാന്ധിജി 'റാം..റാം' എന്ന് ജപിച്ചുകൊണ്ടാണല്ലോ നടന്നത്. അത് ആത്മീയത. അദ്ദേഹത്തെ വെടിവച്ചുകൊന്ന ആളിന്റെ പേരിലും റാം എന്നുണ്ട്. അയാൾ ഉൾക്കൊണ്ടത് വ്യാജ ആത്മീയത. ആത്മീയതയും വ്യാജ ആത്മീയതയും വേർതിരിച്ചറിയാൻ കഴിയണം. ആത്മീയതയുടെ മുഖപടമിട്ട് വ്യാജ ആത്മീയത പടർത്തുന്നതിനെതിരെ ജാഗ്രത പാലിക്കാൻ നമുക്ക് കഴിയണം. അതാണ് ഗാന്ധി വധത്തിൽനിന്നും നമുക്ക് പകർന്നുകിട്ടുന്ന മറക്കാനരുതാത്ത പാഠങ്ങളിലൊന്ന്.

മറന്നുകൂടാത്ത മറ്റ് ചിലതുകൂടിയുണ്ട്. അതും പരാമർശിക്കാതെ വിട്ടുകൂട. പാർലമെന്റിലെ സെൻട്രൽ ഹാളിൽ സവർക്കറുടെ ചിത്രം അനാച്ഛാദനം ചെയ്തുവച്ച നടപടി. ആരായിരുന്നു സവർക്കർ? ആൻഡമാൻ ജയിലിൽനിന്നും ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിക്കൊടുത്ത് പുറത്തുവന്നയാൾ. ഇതേ ആൻഡമാൻ ജയിലിൽ ബ്രിട്ടീഷുകാരാൽ നരകയാതന അനുഭവിച്ചിട്ടും മാപ്പെഴുതി കൊടുക്കാതെ യാതന അനുഭവിച്ച മലയാളിയാണ് എം.പി. നാരായണ മേനോൻ. ഇ.എം.എസ്. പോലും ഗുരുനാഥനായി കണ്ട എം.പി. ഗോവിന്ദമേനോന്റെ സഹോദരൻ. മാപ്പ് എഴുതിക്കൊടുത്താൽ മോചിപ്പിക്കാമെന്ന് ബ്രിട്ടീഷ് സാമ്രാജ്യത്വം അദ്ദേഹത്തോട് പറഞ്ഞപ്പോൾ മാപ്പെഴുതി കൊടുക്കുന്ന പ്രശ്നമില്ലെന്ന് നാരായണമേനോൻ മറുപടിയും പറഞ്ഞു. അദ്ദേഹത്തെക്കൊണ്ട് ആ നിലപാട് തിരുത്തിക്കാൻ കുതിരവണ്ടിയിൽ കെട്ടിവലിച്ചു, അന്നത്തെ സാമ്രാജ്യത്വഭരണം സഹിച്ച് നരകയാതന അനുഭവിച്ച് ജയിലറയിൽ അദ്ദേഹം കഴിഞ്ഞു. പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ ആരുടെയെങ്കിലും ചിത്രം അനാച്ഛാദനം ചെയ്ത് അലങ്കരിച്ച് വയ്ക്കേണ്ടതുണ്ടെങ്കിൽ അത് മാപ്പെഴുതിക്കൊടുക്കാതെ ആൻഡമാനിൽ നരകിച്ച എം. പി.

നാരായണമേനോന്റേതായിരുന്നു. അല്ലാതെ ഗാന്ധിവധ ഗൂഢാലോചന കേസിൽ പ്രതിയായ ഒരാളുടേതായിരുന്നില്ല. ഗാന്ധിജിയെ ഗോഡ്സെയെക്കൊണ്ട് തിരുത്തുകയും ഗാന്ധിജിയല്ല ഗോഡ്സെയാണ് ശരിയെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന രാഷ്ട്രീയം ഇന്ത്യയിൽ ശക്തിപ്രാപിച്ച് വന്നപ്പോഴാണ് ഇത്തരം ദുരന്തങ്ങളുണ്ടായിത്തുടങ്ങിയത്. ഗാന്ധിജിയെയും ഗോഡ്സെയെയും താരതമ്യം ചെയ്യുന്നതിനോളം വലിയ നിന്ദ്യ കർമ്മമില്ല. ഇവിടെ താരതമ്യപ്പെടുത്തൽ മാത്രമല്ല ഗാന്ധിജിക്ക് മേലെ ഗാന്ധിവധ കേസിലെ പ്രതികളെ ത്യാഗികളായി വാഴ്ത്തി സ്ഥാപിക്കാനുള്ള ശ്രമവും നടക്കുന്നു. അതിന്റെ ഭാഗമായി വേണം സവർക്കർക്ക് ഭാരതരത്നം നൽകണമെന്ന വാദത്തെ കാണാൻ. ഗാന്ധിജി ദൈവത്തിന്റെ മക്കളെന്ന് വിളിച്ച് ആദരിച്ച നിസ്വരിൽ നിസ്വരായ അധഃസ്ഥിത ജനവിഭാഗങ്ങളിൽപ്പെട്ടവരെ തെരുവിൽ ആൾക്കൂട്ട കൊലപാതകങ്ങളിലൂടെ ഇല്ലാതാക്കുന്നു. ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തത്തെ ഭരണത്തണലിലുള്ള ഹിംസയുടെ പരമ്പരകൾ കൊണ്ട് ഞെരിച്ചമർത്തുന്നു. ഗാന്ധിജിയുടെ 'സർവ്വധർമ്മ സമഭാവന' എന്ന സിദ്ധാന്തത്തെ ഏകശിലാ രൂപത്തിലുള്ള മതാധിഷ്ഠിത ഭരണം എന്ന കൽപ്പനകൊണ്ട് പകരം വയ്ക്കുന്നു. 'ഈശ്വർ അള്ളാ തേരെ നാം' എന്ന മതാതീതവും മനുഷ്യസ്നേഹപരവുമായ കാഴ്ചപ്പാടിനെ ഏക മതാധിപത്യം കൊണ്ട് ഇല്ലായ്മ ചെയ്യുന്നു. ഗാന്ധിജിയുടെ സ്വാശ്രയത്വ ചിന്തകളെ സാമ്രാജ്യത്വാധീന ചിന്തകൾകൊണ്ട് തല്ലിക്കെടുത്തുന്നു. ഗാന്ധിജിയുടെ അധികാരവികേന്ദ്രീകൃത തത്വങ്ങളെ അധികാരകേന്ദ്രീകൃത തത്വങ്ങൾ കൊണ്ട് തട്ടിയെറിയുന്നു. ഇങ്ങനെ ഇല്ലായ്മ ചെയ്യപ്പെടുന്ന ഗാന്ധിയൻ സാമ്രാജ്യത്വ വിരുദ്ധ-മതേതര-സ്വാശ്രയ ദേശീയ മൂല്യങ്ങളെ തിരികെ പിടിക്കാൻ പുനരർപ്പിക്കുക എന്നതാകണം ഈ ഘട്ടത്തിൽ നമ്മുടെ ദൗത്യം.

ഇന്നത്തെ ദിവസം നമ്മുടെ സംസ്ഥാനത്ത് മറ്റൊരു പരിപാടിക്കുകൂടി തുടക്കം കുറിക്കുന്നത് സംബന്ധിച്ച് പരാമർശിക്കാൻ ഈ ഘട്ടം ഉപയോഗിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ലഹരിക്കെതിരെ വലിയ തോതിലുള്ള പരിപാടി, ലഹരി വിമുക്ത കേരളം സ്ഥാപിച്ചെടുക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 90 ദിന തീവ്രയത്ന ബോധവത്കരണ പരിപാടി ഏറ്റെടുക്കുകയാണ്. സർക്കാരിന്റെ വിമുക്തി പദ്ധതിയുടെ ഭാഗമാണിത്. പുതിയ തലമുറ നന്മയുടെ അന്തരീക്ഷത്തിൽ വളർന്നുവരണമെന്ന കാര്യത്തിൽ ഗാന്ധിജിക്ക് വലിയ നിർബന്ധമുണ്ടായിരുന്നു. അത്തരമൊരു ഘട്ടത്തിലാണ് വിമുക്തിയുമായി ബന്ധപ്പെട്ട പുതിയൊരു ദൗത്യം തുടങ്ങിവയ്ക്കുന്നതെന്നതുകൂടി പ്രസ്താവിക്കട്ടെ. ഗാന്ധിജിയുടെ രക്തസാക്ഷിത്വ ദിനമായ ജനുവരി 30 വരെ തുടരുന്ന വിധത്തിലാണ് ലഹരിവിരുദ്ധ ബോധവത്കരണ പരിപാടി ക്രമീകരിച്ചിട്ടുള്ളത്. ഈ ഘട്ടത്തിൽ ഗാന്ധി സ്മരണ നമ്മുടെ സംസ്ഥാനം ഔചിത്യപൂർവ്വമായ രീതിയിൽ തന്നെ ഏറ്റെടുത്തതാണ്. സാംസ്കാരിക വകുപ്പിന്റെ കീഴിൽ നിരവധി പരിപാടികൾ നേരത്തെ മുതൽ നടന്നുവരുന്നുണ്ട്. അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് യോജിച്ചുകൊണ്ട് ഗാന്ധിജിയുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

**2019 നവംബർ 21**

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

# റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

സർ,, 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിൽ ഉലഞ്ഞുപോയ കേരളത്തെ മുമ്പുണ്ടായിരുന്നതിനേക്കാൾ മികവുറ്റതായി പുനർനിർമ്മിക്കുകയെന്ന സുപ്രധാന ദൗത്യമെന്ന നിലയിലാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

പ്രളയാനന്തരം, അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുംശേഷം കേരളം ശ്രദ്ധ പതിപ്പിച്ചത് പുനർനിർമ്മാണ പ്രവർത്തനങ്ങളിലായിരുന്നു. എന്നാൽ പശ്ചാത്തലസൗകര്യങ്ങളുടെയും ഭൂവുടമസ്ഥകളുടെയും പുനഃസ്ഥാപനം വൻ മുതൽമുടക്കും സമയവും വേണ്ടിവരുന്ന പ്രക്രിയയാണ്.

പ്രളയാനന്തര കേരള പുനർനിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme -RKDP)-യുടെ നയരേഖ സർക്കാർ അംഗീകരിച്ച് നടപ്പാക്കിവരുന്നു. പുനർനിർമ്മാണത്തെ സംബന്ധിച്ച പരമ്പരാഗത സമീപനം പാടേ മാറ്റിവച്ചുകൊണ്ടുള്ള ഒരു നയസമീപനമാണ് കേരള പുനർനിർമ്മാണ വികസന പരിപാടിയിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പ്രളയദുരന്തത്തിൽ നിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട്, ഭാവിയിലുണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme -RKDP) ലക്ഷ്യമിടുന്നത്.

പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയാണ് RKDP. ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross-cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ടുന്ന പദ്ധതികൾ തുടങ്ങിയവ RKDP-യിൽ ഉൾപ്പെടുന്നു. വെള്ളപ്പൊക്കംപോലുള്ള പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികളും പരിഗണിക്കുന്നതും ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ള

തുമായ കേരള പുനർനിർമ്മാണത്തിന് കരുത്തേകുന്നതാണ് RKDP. ഈ നയരേഖ വികസന പങ്കാളികൾക്കുമുമ്പാകെ അവതരിപ്പിച്ച് പുനർനിർമ്മാണത്തിനാവശ്യമായ വിഭവസമാഹരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് കേരള പുനർനിർമ്മാണ പരിപാടി ആദ്യഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. അതിലൂടെ ലോക ബാങ്കടക്കമുള്ള വികസന പങ്കാളികളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാൻ നമുക്കായിട്ടുണ്ട്.

വിപുലമായ കൺസൾട്ടേഷൻ നടത്താതെയാണ് RKDP തയ്യാറാക്കിയിട്ടുള്ളത് എന്നത് ന്യൂനതയായി സർക്കാർ കരുതുന്നു. അതുകൊണ്ടു തന്നെ ആർ.കെ.ഐ. മുന്നോട്ടുവയ്ക്കുന്ന നയപരമായ നിർദ്ദേശങ്ങൾ, കേരളത്തിലെ പൊതുസമൂഹവുമായി നടത്തുന്ന വിപുലമായ ചർച്ചകളുടെയും സംവാദങ്ങളുടെയും അടിസ്ഥാനത്തിൽ സമ്പുഷ്ടമാക്കേണ്ടതുണ്ട്.

2019-ലും വെള്ളപ്പൊക്കം ആവർത്തിച്ചതോടെ ദുരന്ത പ്രതിരോധ/നിവാരണ സംവിധാനങ്ങളിലും സമീപനങ്ങളിലും കാതലായ മാറ്റം വരേണ്ടതുണ്ടെന്ന തിരിച്ചറിവ് പൊതുസമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സമൂഹകേന്ദ്രീകൃത ദുരന്ത നിവാരണ/പ്രതിരോധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണമെന്ന ആവശ്യം പൊതുസമൂഹത്തിൽനിന്നും ഉയർന്നുവന്നിട്ടുമുണ്ട്.

നിലനിൽക്കുന്ന രീതി ശാസ്ത്രത്തിൽ നിന്നുള്ള മാറ്റമാണ് പ്രളയം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളെ മറികടക്കാനുള്ള മാർഗ്ഗമായി നാം വിലയിരുത്തുന്നത്. കേരളം പരമ്പരാഗതമായി പാലിച്ചുപോരുന്ന കാഴ്ചപ്പാടുകളിലും നയസമീപനങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നേറിയാൽ മാത്രമേ അതിജീവനക്ഷമതയുള്ള കേരളസമൂഹം എന്ന മഹത്തായ ലക്ഷ്യം നേടാനാകൂ. ജനകീയ പങ്കാളിത്തത്തോടെ ഇത്തരം തിരുത്തലുകൾ ആവശ്യമായ മേഖലകൾ കണ്ടെത്തുക എന്ന ലക്ഷ്യവുമായി, വിദഗ്ധരെ മാത്രമല്ല, സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട്, അവരുടെ അറിവും അനുഭവവും ആശയങ്ങളും കൂടി ഉൾക്കൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിന് തുടക്കം കുറിക്കുകയാണ്. ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്ന 'നാം നമുക്കായി' എന്ന് പേരിട്ടിരിക്കുന്ന ജനകീയാസൂത്രണ മാതൃകയിലുള്ള ഈ ക്യാമ്പയിന് രണ്ട് ഘടകങ്ങളാണ് ഉണ്ടാകുക.

ജനകീയ പങ്കാളിത്തത്തോടെ അതിജീവനക്ഷമത ഉറപ്പാക്കുന്നതി ലേയ്ക്കാവശ്യമായ നയ വ്യതിയാനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള വിപുലമായ ക്യാമ്പയിൻ.

എല്ലാ തദ്ദേശസ്വയംഭരണ സർക്കാരുകളിലും ദുരന്തമാനേജ്മെന്റ് പ്ലാനുകൾ ആസൂത്രണം ചെയ്യൽ.

ജനങ്ങളിൽ നിന്നുള്ള ആശയ രൂപീകരണത്തിനായി ചുവടെ പറയുന്ന മേഖലകളെ ആസ്പദമാക്കിയാണ് ചർച്ചകൾ നടത്താൻ ഉദ്ദേശിക്കുന്നത്:

ഭൂവിനിയോഗം
ജലപരിപാലനം
വനപരിപാലനം
പ്രാദേശിക സമൂഹവും അതിജീവനവും
ഗതാഗതം, വാർത്താവിനിമയം, സാങ്കേതികവിദ്യ

പ്രത്യേക ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞ് പ്രത്യേക നിയമസഭാ സമ്മേളനത്തിൽ പര്യവസാനിക്കുന്ന വിധത്തിൽ വിവിധ തലങ്ങളിലായാണ് ക്യാമ്പയിന് രൂപം നൽകിയിട്ടുള്ളത്. പ്രാദേശിക ജനവിഭാഗങ്ങൾ, യുവാക്കൾ, പണ്ഡിതർ, ആഗോള മലയാളി സമൂഹം, അന്താരാഷ്ട്ര വിദഗ്ധർ എന്നിങ്ങനെ പല വിഭാഗങ്ങളുമായി നേരിട്ട് സംവദിക്കുന്ന തരത്തിലാണ് ക്യാമ്പയിൻ

ആവിഷ്കരിച്ചിട്ടുള്ളത്. താഴെപ്പറയുന്ന വിവിധ തലങ്ങളിലായാണ് ചർച്ചകളും സംവാദങ്ങളും നടക്കുക:

**പ്രത്യേക ഗ്രാമസഭ:** കേരളത്തിന്റെ പ്രാദേശിക ആസൂത്രണത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ഗ്രാമസഭകളുടെ പ്രത്യേക സമ്മേളനം വിളിച്ച് ഈ പ്രക്രിയയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്. മുഖ്യമന്ത്രി അടക്കമുള്ളവർ പങ്കെടുക്കുന്ന ഗ്രാമസഭകൾ പുനർനിർമ്മാണം സംബന്ധിച്ച ചർച്ചകൾ നടത്തണം. ഇത്തരം ഗ്രാമസഭകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുകയും അവ ജില്ലാതലങ്ങളിലെ സമഗ്ര ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യണം;

കേരളത്തിലെ അക്കാദമിക സമൂഹത്തെയും യുവാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് സർവ്വകലാശാലകളുടെ ആഭിമുഖ്യത്തിൽ വിപുലമായ ചർച്ചകൾ;

വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി പ്രത്യേക വിഷയങ്ങളിൽ വിശാലമായ ടെക്നിക്കൽ സെക്ഷനുകൾ;

കേരളത്തിനകത്തും പൊതുസമൂഹത്തിന് ഈ വിഷയങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്താനവസരം നൽകുന്ന തരത്തിൽ ഓൺലൈൻ സംവിധാനം;

കേരള ഡയസ്പോറയുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്താനുതകുന്ന വിധത്തിൽ ഫോക്കസ്ഡായിട്ടുള്ള വെർച്വൽ ചർച്ചകൾ;

മുകളിൽ പ്രതിപാദിച്ച അഞ്ച് തലങ്ങളിലെ ചർച്ചകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ വിഷയാടിസ്ഥാനത്തിൽ ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ സമാഹരിച്ച് (വിദഗ്ധ സമിതികൾ തയ്യാറാക്കുന്ന ടെക്നിക്കൽ പേപ്പറുകൾ) ആഗോളതലത്തിലുള്ള വിവിധ മേഖലകളിലെ വിദഗ്ധരുമായി ചർച്ച ചെയ്യാൻ അടുത്ത ഘട്ടത്തിൽ ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും;

ഇത്തരത്തിലുള്ള സെമിനാറിൽനിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമെങ്കിൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ടും പ്രത്യേക നിയമസഭാസമ്മേളനം.

ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, disaster management എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി, പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കിയാൽ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും ലക്ഷ്യകേന്ദ്രീകൃതവുമാകും. ഇതുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മുഖേന തുടക്കമിടാനായിട്ടുണ്ട്. എന്നാലിത് കേരളം മുഴുവനായും വ്യാപിപ്പിക്കേണ്ടത് ഇക്കഴിഞ്ഞ പ്രളയത്തിന്റെകൂടി പശ്ചാത്തലത്തിൽ നാം ഏറ്റവും പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട പ്രവർത്തനമാണ്. ഇതിനായി താഴെപ്പറയുന്ന പരിപാടികളാണ് ജനപങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

ജനകീയ പ്രതിരോധം (Civil Defence): കേരളത്തിലെ എല്ലാ ജില്ലകളിലും, പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകരുടെ ജനകീയ പ്രതിരോധ സേന രൂപീകരിക്കണം;

പഞ്ചായത്തുതല ദുരന്ത പരിപാലന പദ്ധതികൾ (Village Disaster Management Plans): ദുരന്ത സാധ്യതയുള്ളതായ (moderate & high) എല്ലാ താലൂക്കുകളിലേയും പഞ്ചായത്തുകളിൽ അടിയന്തരമായി പഞ്ചായത്തുതല ദുരന്ത പരിപാലന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കണം. മറ്റ് പഞ്ചായത്തുകളിൽ ഇത് ഘട്ടംഘട്ടമായും നടപ്പാക്കണം.

തദ്ദേശസ്വയംഭരണ സ്ക്കാരുകളുടെ അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെ

യ്യുന്ന അവസരത്തിൽതന്നെ ദുരന്തപ്രതിരോധത്തിനും അതിജീവനത്തിനുമുള്ള പ്രാദേശിക മായ പദ്ധതികളും ആസൂത്രണം ചെയ്ത് അംഗീകരിക്കുകവഴി പ്രാദേശിക സർക്കാരുകളുടെ പദ്ധതി ആസൂത്രണത്തിൽ മെച്ചപ്പെട്ട ദുരന്ത പ്രതിരോധവും അതിജീവനക്ഷമതയും ഉറപ്പാക്കാനാകും. എല്ലാ ജനപ്രതിനിധികളും അവർ താമസിക്കുന്ന പ്രദേശത്തെ ഗ്രാമസഭകളിൽ പങ്കെടുത്ത് നേതൃത്വപരമായ പങ്കുവഹിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ഇതോടൊപ്പംതന്നെ കേരളത്തിന്റെ ദുരന്ത പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും സമൂഹത്തിന്റെയും പിന്തുണയോടുകൂടി ഏറ്റെടുക്കേണ്ടതുണ്ട്:

ദുരന്ത പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ ദുരന്തപരിപാലന പദ്ധതികൾ ആവിഷ്കരിക്കുക. (Preparation of Departmental Disaster Management) ദുരന്ത നിവാരണത്തിൽ ഭാഗമാക്കേണ്ടതായി കണ്ടെത്തിയിട്ടുള്ളത് 25 വകുപ്പുകളാണ്. ഇവയിലെല്ലാം തന്നെ ദുരന്തപരിപാലന പദ്ധതികൾ ആവിഷ്കരിക്കാനാകണം;

സ്കൂൾ, ആശുപത്രി മുതലായ കെട്ടിടങ്ങളുടെ ദുരന്താതിജീവനക്ഷമത തിട്ടപ്പെടുത്തുക: സംസ്ഥാനത്തെ എല്ലാ സ്കൂൾ, ആശുപത്രി കെട്ടിടങ്ങളുടെയും സുരക്ഷാപരിശോധന ഒരു പ്രത്യേക ദൗത്യവുമായി ഏറ്റെടുക്കണം;

ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്റ്റേക്ക് ഹോൾഡർ വകുപ്പുകളിൽ Virtual Cadre രൂപീകരിക്കൽ;

**വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ.**

പഞ്ചായത്ത് ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ ഭാഗമായി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി ഏറ്റെടുക്കുന്നതാണ്. ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കില മുഖേനയായിരിക്കും.

**2019 ഡിസംബർ 31**

# പൗരത്വ ഭേദഗതി നിയമം റദ്ദാക്കുന്നതിനുള്ള പ്രമേയം

സർ, '2019-ലെ പൗരത്വ ഭേദഗതി ബിൽ പാർലമെന്റിന്റെ ഇരുസഭകളും അംഗീകരിച്ചതിനെത്തുടർന്ന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ഇടയിൽ ആശങ്കകൾ രൂപപ്പെടുകയും രാജ്യവ്യാപകമായി പ്രതിഷേധമുയരുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ പൊതുവിൽ സമാധാനപരമായ പ്രതിഷേധം ഒറ്റക്കെട്ടായി ഉയർന്നുവന്നിട്ടുണ്ട്.

പൗരത്വം നൽകുന്നതിനായി പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്ന 2019-ലെ പൗരത്വ ഭേദഗതി നിയമം നമ്മുടെ ഭരണഘടനയുടെ പാർട്ട് കകകലെ മൗലികാവകാശമായ സമത്വ തത്വത്തിന്റെ ലംഘനമാണ്. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം വിവിധ ധാരകളുടെ സമന്വയം കൂടിയായിരുന്നു. അവ മുന്നോട്ടുവച്ച ആധുനിക ജനാധിപത്യത്തെയും മതനിരപേക്ഷ കാഴ്ചപ്പാടിനെയും ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യൻ ഭരണഘടന രൂപപ്പെട്ടുവന്നത്. പൗരാവകാശങ്ങൾക്കും സമത്വത്തിൽ അധിഷ്ഠിതമായ സമൂഹത്തിനും വേണ്ടിയുള്ള പോരാട്ടത്തിലെ ഒരു നാഴികക്കല്ലായി രൂപീകരിക്കപ്പെട്ട നമ്മുടെ ഭരണഘടന ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സമത്വത്തിലും ശാസ്ത്രീയ മനഃസ്ഥിതിയിലും അധിഷ്ഠിതമായ ഒന്നുകൂടിയാണ്. വിവിധ ജനവിഭാഗങ്ങളുടെ ജീവിതത്തെയും സംസ്കാരത്തെയും ഉൾക്കൊണ്ടുകൊണ്ട് രൂപപ്പെട്ടതാണ് ഇന്ത്യൻ ദേശീയത. നാനാത്വത്തിൽ ഏകത്വം എന്ന വീക്ഷണത്തിന്റെ അടിത്തറ അതുകൊണ്ടുതന്നെയാണ് ഭരണഘടന ഉൾക്കൊണ്ടിട്ടുള്ളത്.

2019-ലെ പൗരത്വ ഭേദഗതി നിയമം പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേയ്ക്ക് 2014 ഡിസംബർ 31-ന് മുമ്പ് കുടിയേറിപ്പാർത്ത ഹിന്ദു, സിഖ്, ബുദ്ധ, ജൈന, പാഴ്സി, ക്രിസ്ത്യൻ മതവിശ്വാസികൾക്ക് പൗരത്വം നൽകുന്നതും മുസ്ലീങ്ങളെ അതിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്ന വ്യവസ്ഥ ഉൾപ്പെടുന്ന ഒന്നാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നിർണ്ണയിക്കപ്പെടുമ്പോൾ മത-രാഷ്ട്ര സമീപനമാണ് അതിൽ ഉൾച്ചേർന്നിരിക്കുന്നത്. ഇത് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷ കാഴ്ചപ്പാടിന് കടകവിരുദ്ധമായതിനാൽ ഈ നിയമം ഭരണഘടനയുടെ അടിസ്ഥാനഘടനയുമായി പൊരുത്തപ്പെടുന്നതല്ല. ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ മതനിരപേക്ഷത സംരക്ഷിക്കുന്നതിനുള്ള കൂട്ടായ പരിശ്രമം എല്ലാ മതവിഭാഗങ്ങളുടെയും മതനിരപേക്ഷ കാഴ്ചപ്പാടുള്ളവരുടെയും ഭാഗത്തു നിന്നുണ്ടാകേണ്ട സന്ദർഭമാണിത്. നമ്മുടെ രാജ്യത്തെ

വലിയൊരു വിഭാഗം ജനങ്ങളിൽ ഉയർന്നു വരുന്ന ആശങ്കകൾ കണക്കിലെടുത്തുകൊണ്ട് പൗരത്വം നൽകുന്നതിൽ മതാടിസ്ഥാനത്തിലുള്ള വിവേചനത്തിന് വഴിവയ്ക്കുന്നതും ഭരണഘടന വിഭാവന ചെയ്യുന്ന മതനിരപേക്ഷത തകർക്കുന്നതുമായ 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

സർ, കേരളത്തിന്റെ ഇതുവരെയുള്ള പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് ഈ പ്രമേയം നമ്മുടെ നിയമസഭയ്ക്ക് ഐകകണ്ഠ്യേന പാസ്സാക്കാൻ കഴിയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ രാജ്യത്തെമ്പാടും വലിയ പ്രക്ഷോഭത്തിനാണ് ഈ പൗരത്വ ഭേദഗതി നിയമം തിരികൊളുത്തിയിരിക്കുന്നത്. സർവ്വകലാശാലാ വിദ്യാർത്ഥികൾ, തൊഴിലാളികൾ, ജീവനക്കാർ, പൊതുപ്രവർത്തകർ ഇങ്ങനെ സമൂഹത്തിന്റെ എല്ലാ മേഖലകളിലുമുള്ളവർ ശക്തമായ പ്രതിഷേധമുയർത്തിക്കൊണ്ട് മുന്നോട്ടു നീങ്ങുകയാണ്. മതവിവേചനത്തിന്റെ രീതിയിലുള്ളതാണ് ഈ ഭേദഗതി. ഇത് അന്താരാഷ്ട്ര സമൂഹത്തിൽ നമ്മുടെ നാടിനെക്കുറിച്ച് തെറ്റായ ചിത്രം സൃഷ്ടിച്ചിരിക്കുകയാണ്. ലോകത്തെമ്പാടും പ്രവാസികളായി ജീവിക്കുന്നവരാണ് മലയാളി സഹോദരങ്ങൾ. ഇവർക്കിടയിലും പൗരത്വ ഭേദഗതി നിയമം വലിയ ആശങ്കയാണ് ഉയർത്തിയിരിക്കുന്നത്. ഈ അന്തരീക്ഷത്തിൽ നിന്നുകൊണ്ടാണ് പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ചുള്ള ഈ പ്രമേയം നമ്മുടെ നിയമസഭ ചർച്ചയ്ക്കെടുക്കുന്നത്. രാജ്യത്തിന്റെ സവിശേഷതകളായി നാം അഭിമാനിക്കാറുള്ള ഘടകങ്ങളാണ് മതനിരപേക്ഷതയും അതിന്റെ ഭാഗമെന്നോണം നിലകൊള്ളുന്ന നാനാത്വത്തിൽ ഏകത്വം എന്ന കാഴ്ചപ്പാടും. ഇന്ത്യയെപ്പോലെ ഇത്രയേറെ വൈവിധ്യമാർന്ന ഭൂമിശാസ്ത്രവും ഭാഷകളും സംസ്കാരങ്ങളും മതവിഭാഗങ്ങളും എല്ലാമുണ്ടായിരുന്നിട്ടും ഒരു രാഷ്ട്രം എന്ന നിലയിൽ നമുക്ക് നിലനിൽക്കാൻ കഴിഞ്ഞത് നേരത്തെ പറഞ്ഞ രണ്ട് കാഴ്ചപ്പാടുകളെ മുന്നോട്ടുവച്ചുകൊണ്ട് പ്രവർത്തിക്കുന്നുവെന്നതുകൊണ്ടാണ്. മതനിരപേക്ഷതയ്ക്കും വൈവിധ്യങ്ങളെ അംഗീകരിക്കുന്ന രീതിക്കും പോറലേൽക്കുമ്പോൾ അത് രാജ്യത്തിന്റെ നിലനിൽപ്പിനെത്തന്നെ ദുർബലപ്പെടുത്തുന്ന സാഹചര്യമാണുണ്ടാവുക. ഇത് നാം ഗൗരവമായി ഓർക്കണം. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ മൂല്യങ്ങളെ കണക്കിലെടുക്കാതെ രൂപീകരിക്കുന്ന ഏത് നിയമനിർമ്മാണവും വലിയ പ്രത്യാഘാതങ്ങൾ രാജ്യത്ത് സൃഷ്ടിക്കുമെന്ന് നാം കാണേണ്ടതായിട്ടുണ്ട്. നമ്മുടെ ഭരണഘടന വിഭാവന ചെയ്യുന്ന മതനിരപേക്ഷത രൂപപ്പെട്ടുവന്നത് നൂറ്റാണ്ടുകളായി ഇവിടെ വളർന്നുവന്ന രാഷ്ട്രീയ സാമൂഹ്യ മുന്നേറ്റങ്ങളുടെ പശ്ചാത്തലത്തിലാണ്. നാം ഇന്ന് കാണുന്ന ഇന്ത്യൻ ജനതയുടെ സംസ്കാരം രൂപപ്പെട്ടുവന്നത് ഏറെ നൂറ്റാണ്ടുകൾ നീണ്ടുനിന്ന പ്രക്രിയയിലൂടെയാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ച അവ്യക്തമായ ധാരണകൾ മാത്രമേ നൂറ്റാണ്ടുകൾക്കുമുമ്പ് ഇവിടെ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ചരിത്രത്തിന്റെ വികാസത്തിനനുസരിച്ച് ആധുനിക ഇന്ത്യ രൂപപ്പെട്ട് വരികയാണുണ്ടായത്. ആധുനിക ഇന്ത്യയുടെ രൂപീകരണം ഉണ്ടാകുന്നത് ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ അടിത്തറയിലാണ്. നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ഏറെ സവിശേഷതകളുണ്ട്. വൈവിധ്യമാർന്ന നിരവധി ധാരകളുടെ മഹാ പ്രവാഹമായിരുന്നു ആ സ്വാതന്ത്ര്യ പ്രസ്ഥാനം. ആദിവാസികളിലും കർഷകരിലുംനിന്ന് ആരംഭിച്ച പ്രക്ഷോഭങ്ങൾ, അക്കാലത്ത് ഉയർന്നുവന്ന ആധുനിക മൂല്യങ്ങളെക്കൂടി സ്വാംശീകരിച്ച് വളർന്നു വരികയാണുണ്ടായത്. ജനാധിപത്യവും മതേതരത്വവും സോഷ്യലിസവും സാമൂഹ്യനീതിയുമൊക്കെ അതിന്റെ ഭാഗമായി ഉയർന്നുവന്നു. അത് ജനതയുടെ കാഴ്ചപ്പാടും വികാരവുമായി രൂപപ്പെടുകയും ചെയ്തു.

ബ്രിട്ടീഷുകാർ മുന്നോട്ടുവച്ച ശിഥിലീകരണ പ്രവണതകളെയെല്ലാം അതിജീവിച്ച് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുകയായിരുന്നു. ഭരണഘടനാ നിർമ്മാണത്തിനായി രൂപീകരിച്ച കോൺസ്റ്റിറ്റിയൂഷണൽ അസംബ്ലിയിലെ ചർച്ചകളിലൂടെ സ്വാതന്ത്ര്യസമരത്തിലെ മൂല്യങ്ങളെ സ്വാംശീകരിച്ചുകൊണ്ട് ഭരണഘടനയും രൂപപ്പെട്ടു. അങ്ങനെ മതനിരപേക്ഷതയിലും സാമൂഹ്യനീതിയി

ലും സമത്വത്തിലും ഊന്നിനിന്നുകൊണ്ടുള്ള നാനാത്വത്തിൽ ഏകത്വം എന്ന കാഴ്ചപ്പാടുമെല്ലാം ഇതിൽ ഉൾച്ചേരുകയായിരുന്നു. അതിന്റെ കരുത്തിലാണ് ഇന്ത്യ എന്ന രാജ്യം ഒരു വികാരമായി നമ്മുടെ മനസ്സിൽ സ്ഥാനം പിടിച്ചത്. ഈ കാഴ്ചപ്പാടാണ് ലോകം മുഴുവനും ബഹുമാനിക്കുന്ന രാജ്യമായി നമ്മുടെ രാജ്യത്തെ ഉയർത്തിയത്. ഒരു രാഷ്ട്രം എങ്ങനെയാണ് എന്നത് നിർണ്ണയിക്കുന്നത് അതിന്റെ പൗരത്വത്തിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് ഏതുതരം ജനവിഭാഗങ്ങളെ രാഷ്ട്രം ഉൾക്കൊള്ളുന്നു എന്നുള്ളതാണ് അതിന്റെ പൗരത്വത്തിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് ഏതുതരം ജനവിഭാഗങ്ങളെ രാഷ്ട്രം ഉൾക്കൊള്ളുന്നു എന്നുള്ളതാണ് അതിന്റെ സ്വഭാവ സവിശേഷതകളുടെ മർമ്മ പ്രധാനമായ ഘടകം. അതുകൊണ്ടുതന്നെ പൗരത്വം എന്നത് രാഷ്ട്രസ്വഭാവത്തിന്റെയും അതിന്റെ ഘടനയുടെയും അടിത്തറയായിത്തീരുന്നു. എല്ലാ മതവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നിടത്താണ് മതേതര രാഷ്ട്രം എന്ന നിലയിലേയ്ക്ക് ഒരു രാജ്യം മാറുന്നത്. ഏതെങ്കിലും മതവിഭാഗങ്ങൾക്ക് നിയന്ത്രണവും ഏതെങ്കിലും മതവിഭാഗത്തിന് പൗരത്വത്തിന് കൂടുതൽ പരിഗണനയും നൽകുന്നിടത്ത് അതിന്റെ മതേതരഭാവം നഷ്ടപ്പെടും. അങ്ങനെ നാനാത്വത്തിൽ ഏകത്വം എന്ന നാം ഉയർത്തിപിടിച്ച മൂല്യം നഷ്ടപ്പെട്ടാൽ രാഷ്ട്രത്തിന്റെ ശൈഥില്യത്തിലേയ്ക്കായിരിക്കും അത് നയിക്കുക. അത് ഒഴിവാക്കപ്പെടണമെങ്കിൽ ഇത്തരം മൂല്യങ്ങളെ മുന്നോട്ടുവയ്ക്കുന്ന നിയമങ്ങളും പരിരക്ഷകളും ഉണ്ടായേപറ്റൂ. അതുകൊണ്ടാണ്

പുതിയ പൗരത്വ നിയമ ഭേദഗതി പിൻവലിക്കണമെന്ന ആവശ്യം രാജ്യത്തിന്റെ പാരമ്പര്യത്തെയും അതിന്റെ വൈവിധ്യങ്ങളെയും അറിയാവുന്നവർ മുന്നോട്ടുവയ്ക്കുന്നത്. രാജ്യത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങളെന്ന് നാം മറക്കരുത്.

പൗരത്വ ഭേദഗതി നിയമം 2019-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള മതാടിസ്ഥാനത്തിലുള്ള വിവേചനപരമായ വ്യവസ്ഥകൾക്കെതിരെ ജാതി-മത-പ്രാദേശിക വേർതിരിവുകൾക്കതീതമായി രാജ്യത്തെമ്പാടും ഒരു പൊതുവികാരം ഉയർന്നുവന്നിട്ടുണ്ട്. അത് പ്രക്ഷോഭമായി തെരുവുകളിലേയ്ക്ക് വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. നമ്മുടെ ഭരണഘടനയുടെയും ജനാധിപത്യ വ്യവസ്ഥയുടെയും അടിസ്ഥാന തത്വങ്ങളെ വെല്ലുവിളിക്കുന്ന ആശയങ്ങളാണ് ഈ ഭേദഗതിയിലൂടെ നിയമപ്രാബല്യം നേടിയിരിക്കുന്നത് എന്നതാണ് ഈ എതിർപ്പിനടിസ്ഥാനം.

മതനിരപേക്ഷത നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ ഭാഗമാണ്. ഇതിനെ കേവലം നിയമനിർമ്മാണ സഭകളിലെ ഭൂരിപക്ഷം കൊണ്ടുമാത്രം തകർക്കാൻ സാധ്യമല്ലെന്ന് വിഖ്യാതമായ വിധിന്യായങ്ങളിലൂടെ ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ഈ നിയമം പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയെന്ന ഒറ്റ കാരണംകൊണ്ട് എല്ലാവരും ശിരസ്സാവഹിച്ചുകൊള്ളണമെന്ന കൽപ്പനകൾ പുറപ്പെടുവിക്കുന്നത് നമ്മുടെ ഉയർന്ന ജനാധിപത്യ മൂല്യങ്ങൾക്ക് അനുയോജ്യമല്ല. നമ്മൾ നമുക്കായി നൽകിയ ഭരണഘടനയും അതിന്റെ അന്തഃസത്തയുമാണ് പരമപ്രധാനം. ഇതിനുപരിയായി ഒരു നിയമനിർമ്മാണത്തിനും സ്ഥാനം നൽകാൻ കഴിയില്ല.

ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് നിയമസഭയും പാർലമെന്റുമെല്ലാം രൂപീകരിച്ചിട്ടുള്ളത്. ഭരണഘടനാമൂല്യങ്ങളോട് കൂറ് പുലർത്തുമെന്ന പ്രതിജ്ഞയോടെയാണ് നമ്മളെല്ലാം ഈ സഭയിലിരിക്കുന്നത്. ഈ കടമ നിർവ്വഹിക്കുന്നതിൽനിന്നും നാം അണുവിട പോലും പിന്തിരിയില്ല എന്നതിന്റെ ഉറച്ച പ്രഖ്യാപനമാണ് ഇന്ന് ഈ പ്രമേയം പരിഗണിക്കാൻ നാം ഇവിടെ കൂടിയിരിക്കുന്നതിലൂടെ പൊതുസമൂഹത്തിന് നൽകുന്ന സന്ദേശം.

പലവിധ പ്രതിസന്ധികളെയും അതിജീവിച്ച ശക്തി നമ്മുടെ രാജ്യത്തിനും ജനാധിപത്യ വ്യവസ്ഥയ്ക്കുമുണ്ട്. നിയമനിർമ്മാണ സഭകളിലൂടെ, കോടതി വിധിന്യായങ്ങളിലൂടെ, ജനകീയ

പ്രക്ഷോഭങ്ങളിലൂടെയെല്ലാം ശക്തമായ ഇടപെടലുകൾ നമ്മുടെ പൗരാവകാശ സംരക്ഷണ ത്തിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും എക്കാലത്തും താങ്ങും തണലും ആയിരുന്നിട്ടുണ്ട്. ഇതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്, മതപരമായ വിവേചനം ഉൾപ്പെടുത്തുന്ന വ്യവസ്ഥയുള്ള ഒരു നിയമത്തിനെതിരെ ജാതി-മത-പ്രാദേശിക വേർതിരിവുകൾക്കതീതമായി നടക്കുന്ന അഭിപ്രായ രൂപീകരണവും പ്രതിഷേധവും. ഇവ സമാധാനപരമായി നടക്കുന്നു എന്ന് ഉറപ്പുവരുത്താനും ഏതെങ്കിലും തരത്തിലുള്ള മത മൗലികവാദങ്ങൾക്ക് സ്ഥാനമില്ലെന്നും സമരത്തിന് അണിനിര ക്കുന്ന ജനത പ്രഖ്യാപിക്കുന്ന സ്ഥിതിയുമുണ്ട്. എത്ര ഭീകരമായ പ്രത്യാക്രമണങ്ങൾ ഉണ്ടായാ ലും അണഞ്ഞു പോകാത്ത വെളിച്ചമാണ് ജനാധിപത്യത്തിന്റെയും മത നിരപേക്ഷതയുടെയും സാമൂഹ്യ സാമ്പത്തിക നീതിയുടെയും മൂല്യങ്ങളും തത്വങ്ങളും എന്ന് നാം തെളിയിച്ചുകൊണ്ടി രിക്കുകയാണ്. ഈ പ്രയാണത്തിലെ ചുവടുവയ്പ്പാണ് കേരളത്തിലെ രാഷ്ട്രീയ അഭിപ്രായ വ്യ ത്യാസങ്ങൾ മാറ്റിവച്ചു കൊണ്ടുള്ള ഒരുമയും ഈ സഭ പരിഗണിക്കുന്ന പ്രമേയവും.

കേരളത്തിന് മഹത്തായ ഒരു പാരമ്പര്യമുണ്ട്. അത് മതനിരപേക്ഷതയുടേതാണ്. അറേ ബ്യൻ രാജ്യങ്ങളുമായുള്ള നമ്മുടെ ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഗ്രീക്കുകാരും റോമക്കാരുമെല്ലാം ഈ നാട്ടിൽ മുമ്പേ വന്നുപോയവരാണ്. എല്ലാ മതങ്ങളെയും അതിന്റെ ആരംഭകാലത്തുതന്നെ നമ്മുടെ നാട് ഉൾക്കൊണ്ടിട്ടുണ്ട്. ക്രിസ്തുമതവും ഇസ്ലാം മതവും ആരംഭിക്കുന്ന കാലത്തുതന്നെ കേരളത്തിൽ വന്നിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ആദ്യകാല ക്രി സ്ത്യൻ, മുസ്ലീം പള്ളികൾ കേരളത്തിലായിരുന്നു എന്ന കാര്യം നാം വിസ്മരിക്കരുത്. മലബാറി ലെ കാർഷിക കലാപത്തിന്റെ ചരിത്രത്തെ ഓർക്കാതെ ബ്രിട്ടീഷ് വിരുദ്ധ കലാപത്തെക്കുറിച്ച് ചിന്തിക്കാനാകില്ല. മുഹമ്മദ് അബ്ദുറഹിമാൻ സ്വാതന്ത്ര്യ സമരത്തിലെ ഇതിഹാസമായിരുന്നു. നവോത്ഥാന പ്രസ്ഥാനവും ദേശീയ പ്രസ്ഥാനവും കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളും ഉയർത്തിക്കൊണ്ടുവന്ന മതനിരപേക്ഷതയുടെ ജീവിത സംസ്കാരത്തെ മുന്നോട്ട് കൊണ്ടു പോകാനുള്ള ഉത്തരവാദിത്വമാണ് നമുക്ക് ഏറ്റെടുക്കാനുള്ളത്. ആ പാരമ്പര്യത്തിന്റെ അടി സ്ഥാനത്തിലുള്ള നിലപാട് മുന്നോട്ട് വയ്ക്കാൻ നമ്മുടെ നിയമസഭയ്ക്ക് കഴിയേണ്ടതുണ്ട്. ആ പാരമ്പര്യത്തെ ഏറ്റുപിടിക്കുകയാണ് ഈ പ്രമേയത്തിലൂടെ കേരള നിയമസഭ ചെയ്യുന്നത്. മത വിദ്വേഷത്തിന്റെയല്ല, മതവിശ്വാസത്തെ ബഹുമാനിക്കുന്ന, നമ്മുടെ പാരമ്പര്യത്തെ ഉൾക്കൊള ളുന്നതാണ് ഈ പ്രമേയം. പുതിയ പൗരത്വ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഉടലെടുത്ത ആശ ങ്കകൾ പരിഹരിക്കുക എന്നത് ഏറ്റവും പ്രധാനമാണ്.

ജനങ്ങളുടെ തികഞ്ഞ സഹകരണത്തോടെ മുന്നോട്ട് പോകേണ്ട ഒന്നാണ് സെൻസസ് പോലുള്ള പ്രവർത്തനങ്ങൾ. ഇപ്പോൾ കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച രീതിയിൽ തയ്യാറാക്കാൻ ശ്രമിക്കുന്നത് ആശങ്കകൾ വർദ്ധി പ്പിക്കാൻ മാത്രമേ ഇടയാക്കൂ. അതുകൊണ്ടാണ് ഇപ്പോൾ പ്രഖ്യാപിച്ച രീതിയിലുള്ള ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കലും അതിനുതകുന്ന വിവരങ്ങൾ ശേഖരിക്കാനുദ്ദേശിച്ചിട്ടുള്ള ദേശീയ ജനസംഖ്യാ രജിസ്റ്ററും തയ്യാറാക്കുന്നത് നിർത്തിവയ്ക്കാൻ തീരുമാനിച്ചത്. ഇപ്പോൾ ഉയർന്നുവന്ന മറ്റൊരാശങ്ക പൗരത്വത്തിൽനിന്നും പുറത്താക്കപ്പെടുന്നവരെ പാർപ്പിക്കാനുള്ള detention centreകളെ പറ്റിയാണ്. ഇത്തരത്തിലുള്ള ഒരു detention centreകളും കേരളത്തിലു ണ്ടായിരിക്കുകയില്ല. അതിനായുള്ള യാതൊരു നടപടിയും സംസ്ഥാന സർക്കാർ സ്വീകരിക്കുക യുമില്ല. പൗരത്വ ഭേദഗതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ നാം അംഗീകരിക്കുന്ന പ്രമേയം ചരിത്ര ത്തിന്റെ ഏടുകളിൽ സ്ഥാനം നേടുമെന്ന് ഉറപ്പാണ്. പൗരത്വ നിയമ ഭേദഗതി 2019 റദ്ദ് ചെയ്ത് രാജ്യത്തെ ജനതയെ ഒന്നായി കാണുന്ന ഭരണഘടന കാഴ്ചപ്പാട് മുറുകെപിടിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. നമ്മുടെ സംസ്ഥാനത്തിന്റെ മതനിരപേക്ഷ പാരമ്പര്യം ഒരിക്കൽക്കൂ ടി ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി ഈ പ്രമേയം ഏകകണ്ഠേന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**2020 ആഗസ്റ്റ് 24**

# അവിശ്വാസപ്രമേയ ചർച്ച

സർ, ഇന്നിവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തിൽ ആദ്യം തന്നെ ഉയരുന്ന പ്രശ്നം ആരിലാണ് അവിശ്വാസം; എന്തിലാണ് അവിശ്വാസം എന്നുള്ളതാണ്. ഇവിടെ ഒട്ടേറെ പ്രതികൂല സാഹചര്യങ്ങൾ ഉയർന്നുവന്നു. എന്നാൽ, വികസന ക്ഷേമപദ്ധതികളിൽ വിട്ടുവീഴ്ച വരുത്താതെ മുന്നോട്ടുപോകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അത് ഒരൽപ്പം അമ്പരപ്പ് പ്രതിപക്ഷത്തിനുണ്ടാക്കിയിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. കാരണം, അവർക്ക് ഇത്തരം പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ നേരത്തെ പ്രഖ്യാപിച്ച ചില കാര്യങ്ങളെങ്കിലും നടക്കാതെയാകും, അങ്ങനെ വികസനം മുരടിച്ചുപോകും എന്നൊരു പ്രതീക്ഷയുണ്ടായിരുന്നു, അത് നഷ്ടപ്പെട്ടു. ആ നിലയ്ക്ക് അവർക്ക് അവരിൽത്തന്നെ അവിശ്വാസം വന്നിട്ടുണ്ട് എന്നാണ് ഇവിടെ പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ തോന്നിയത്. വേറെ ഒരു അവസ്ഥ നമ്മൾ കാണുന്നുണ്ട്. രണ്ട് മുന്നണികളാണല്ലോ, അതിൽ പ്രതിപക്ഷ ഭാഗത്ത് യു.ഡി.എഫ്. ഘടക കക്ഷികൾക്കിടയിൽ യു.ഡി.എഫിൽ ബന്ധം വലിയ തോതിൽ ശിഥിലമാകുന്നു.

അതിന്റെ ഭാഗമായി അവർക്കിടയിൽ വളർന്നുവരുന്ന അവിശ്വാസം ഇതിനൊരു അടിസ്ഥാനമായി വന്നിട്ടുണ്ടോ എന്നതും സംശയിക്കേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം കൊണ്ടുപിടിച്ച ഒരു ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്തെന്നാൽ സർക്കാരിനെതിരെ ഒരു പ്രചരണക്കൊടുങ്കാറ്റഴിച്ചുവിട്ട് ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കുക എന്നതാണ്. പക്ഷേ, ആ ശ്രമത്തിൽ വിശ്വാസയോഗ്യമായ ഒരു കാര്യംപോലും അവതരിപ്പിക്കാൻ കഴിയാതെ വരുമ്പോൾ സ്വന്തം അണികളിൽനിന്ന് നേതൃത്വത്തിന്റെ കഴിവിലുള്ള അവിശ്വാസം ശക്തമായി വരുന്നുണ്ട്. അത് ഇതിന് അടിസ്ഥാനമായി വരുന്നുണ്ടോ എന്നുള്ളതും പരിശോധി ക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ കൂടെ കാണേണ്ട ഒന്നാണ് ജനപിന്തുണയുടെ കാര്യം. ഇവിടെ നേരത്തെ സംസാരിച്ച ഒട്ടേറെ അംഗങ്ങൾ അത് ചൂണ്ടിക്കാണിച്ചു.

അതിലിപ്പോൾ യു.ഡി.എഫിനോടൊപ്പമുണ്ടായിരുന്നവർ തന്നെ വിഘടിച്ചുനിൽക്കുന്ന ഒരു അവസ്ഥയാണ്. നേരത്തെയുണ്ടായിരുന്ന ജനപിന്തുണ നഷ്ടപ്പെട്ടുപോകുന്ന ഒരവസ്ഥ. അതിന്റെ ഫലമായി നിയമസഭയുടെ തുടക്കത്തിലുണ്ടായ സീറ്റുകളിൽ രണ്ടെണ്ണം നഷ്ടപ്പെ

ട്ടുപോകുന്ന അവസ്ഥ. യു.ഡി.എഫ്-ലെ അസ്വസ്ഥതയും മറ്റും കാരണം ഇന്ന് എല്ലാവരും രേഖപ്പെടുത്തിയ വോട്ടിൽ സ്വാഭാവികമായും അസുഖവും മറ്റും കാരണം വരാതിരുന്നവരുണ്ട്, അല്ലാതെ രണ്ട് പേർ വരാതിരുന്ന സാഹചര്യവുമുണ്ട്. ഇതൊക്കെ യു.ഡി.എഫ്-ൽ വരുന്ന കുറവുകളാണ്. ഇതിനൊക്കെയുള്ള അസ്വസ്ഥത സ്വാഭാവികമായിട്ടും ഒരു മുന്നണിയെന്നുള്ള നിലയ്ക്കുണ്ടാകും. ആ അസ്വസ്ഥതയ്ക്ക് മറയിടാനുള്ള ശ്രമമായിട്ടാണോ ഈ അവിശ്വാസ പ്രമേയം വന്നത് എന്നും സംശയിക്കേണ്ടതായിട്ടുണ്ട്. അത് അവർ തന്നെ അവരുടെ അണികളോട് വ്യക്തമാക്കട്ടെയെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഏതായാലും ജനങ്ങൾ ഈ സർക്കാരിൽ അർപ്പിച്ച വിശ്വാസം വർദ്ധിച്ചുവരുന്നുവെന്നുതന്നെയാണ് അനുഭവം. സർക്കാർ അധികാരത്തിൽ വരുമ്പോൾ 91 സീറ്റായിരുന്നു എൽ.ഡി.എഫ്-ന് ഉണ്ടായിരുന്നത്, അതിപ്പോൾ 93 ആയിട്ടുണ്ട്. ഇത് ജനങ്ങളുടെ വിശ്വാസത്തെയാണ് കാണിക്കുന്നത്. ജനവിശ്വാസത്തിൽ ചോർച്ച വന്നത് പരിശോധിച്ചാൽ യു.ഡി.എഫ്-നാണെന്ന് കാണാൻ കഴിയും. അപ്പോൾ എന്താ പ്രശ്നം, ജനങ്ങൾ വിശ്വാസമർപ്പിക്കുന്നത് ആരിലാണോ അവർക്ക് യു.ഡി.എഫ്-ൽ വിശ്വാസമില്ലായെന്നതാണ് പ്രശ്നം. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ ജനങ്ങളെ വിശ്വാസമില്ല. ജനങ്ങളെ വിശ്വാസമുണ്ടായിരുന്നെങ്കിൽ കാൽക്കീഴിൽനിന്ന് മണ്ണ് ഒലിച്ചുപോകുന്നത് തങ്ങളുടേത് തന്നെയാണെന്ന് മനസ്സിലാക്കാൻ പ്രതിപക്ഷത്തിന് കഴിയുമായിരുന്നു. ഇന്നത്തെ ദിവസത്തിനൊരു പ്രത്യേകതയുണ്ടല്ലോ. ഇവിടെ അവിശ്വാസ പ്രമേയ ചർച്ച നടത്തുന്നു, യു.ഡി.എഫ്-ന് നേതൃത്വം നൽകുന്ന ഡൽഹി എ.ഐ.സി.സി. ആസ്ഥാനത്ത് മറ്റൊരു അവിശ്വാസം ചർച്ച ചെയ്യുകയാണെന്ന് നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു. ഇവിടെ കോൺഗ്രസ് നേതാക്കൾ പരസ്പരം വിശേഷിപ്പിക്കുന്നത് എന്താണ്, സാധാരണക്കാരല്ല, അഖിലേന്ത്യാ തലത്തിലുള്ള സീനിയർ കോൺഗ്രസ് നേതാക്കൾ, ബി.ജെ.പി.-യുടെ ഏജന്റുമാരാണെന്ന് പരസ്പരം വിശേഷിപ്പിക്കുന്ന നിലവന്നിരിക്കുന്നു. അതിന്റെ പേരിൽ താൻ അങ്ങനെയല്ലെന്ന് ശ്രീ.കപിൽ സിബൽ പരസ്യമായി പറയുകയും ഒടുവിൽ അത് പിൻവലിക്കുകയും ചെയ്തിരിക്കുന്നു. രാജി വയ്ക്കണോ വേണ്ടയോ എന്നൊക്കെയുള്ള ചർച്ച നടക്കുകയാണ്. യോഗം ഇപ്പോഴും തീർന്നില്ലെന്നും പറയുന്നുണ്ട്. 135 വയസ്സ് തികയുന്ന കോൺഗ്രസ് പാർട്ടിയുടെ അടിത്തറയ്ക്ക് മേലെ മേൽക്കൂര നിലം പൊത്തിയ അവസ്ഥയാണ് ഇന്നുള്ളത്. ഇത്തരം വെല്ലുവിളി രാജ്യം നേരിടുന്ന ഘട്ടത്തിലാണ് ആ പാർട്ടിയിൽ ഇത്തരത്തിലുള്ള ചർച്ച നടന്നുകൊണ്ടിരിക്കുന്നത്. ഒരു പാർട്ടി എന്നുള്ള നിലയ്ക്ക് കോൺഗ്രസ് എവിടെയാണ് നിൽക്കുന്നത്? സ്വന്തം നേതാവിനെ തെരഞ്ഞെടുക്കാൻ കെൽപ്പില്ലാത്ത ഒരു പാർട്ടിയായി മാറിയിരിക്കുകയാണ് കോൺഗ്രസ്, അതൊരു ദയനീയാവസ്ഥയല്ലേ? നേതാവിനെ തെരഞ്ഞെടുക്കുന്നതിന്റെ പേരിൽ തമ്മിലടിക്കുന്ന നടപടിയല്ലേ ഉണ്ടാകുന്നത്. ഇവിടെ പാർട്ടിയിൽ സമ്പൂർണ്ണ നേതൃമാറ്റം വേണമെന്ന് കത്തെഴുതി അത് പുറത്തുവിട്ടത് ആ പാർട്ടിയുടെ ഏറ്റവും മുതിർന്ന നേതാക്കളാണ്. മുൻ മുഖ്യമന്ത്രിമാരുണ്ട്, ബി.സി.സി. പ്രസിഡന്റുമാരുണ്ട് അങ്ങനെ അഖിലേന്ത്യാ തലത്തിലുള്ള 23 പേരാണ് അതിൽ ഒപ്പുവച്ചിട്ടുള്ളത്. അതിന്റെ പിന്നാലെയാണ് അദ്ധ്യക്ഷ സ്ഥാനത്തുനിന്ന് ശ്രീമതി സോണിയാ ഗാന്ധി സന്നദ്ധത പ്രകടിപ്പിച്ചുവെന്ന് പറയുന്ന വാർത്ത വരുന്നത്. രാജിസന്നദ്ധത അറിയിച്ചതായാണ് വാർത്ത വരുന്നത്. ശ്രീ. രാഹുൽ ഗാന്ധി നേരത്തെതന്നെ വച്ചൊഴിഞ്ഞിട്ടുണ്ട്. ചിന്തിക്കേണ്ട ഒരു കാര്യം ഇത്തരം പാരമ്പര്യമുള്ളൊരു പാർട്ടിയുടെ നേതൃസ്ഥാനം ഏറ്റെടുക്കാൻ മുതിർന്ന നേതാക്കൾ എന്തുകൊണ്ടാണ് മടിച്ചുനിൽക്കുന്നത് എന്നതാണ്. നേതാവില്ല, തീരുമാനമെടുക്കാൻ ആളില്ല. നെഹ്റു കുടുംബത്തിൽനിന്ന് ആളെ കിട്ടിയില്ലെങ്കിൽ ആരെയെങ്കിലും കിട്ടിയാൽ മതി എന്നാണ് ഒരു കൂട്ടർ പറയുന്നത്. ഇതിന്റെ പേരിൽ അടികൂടുകയല്ലേ; പരസ്പരം കുറ്റപത്രം എഴുതുന്ന അവസ്ഥയല്ലേ രണ്ടുകൂട്ടരും സ്വീകരിക്കുന്നത്. കേരളത്തിലെ നേതാ

ക്കൾ രണ്ടുപക്ഷത്തുമുണ്ട്. ഇക്കാര്യത്തിലെങ്കിലും ഇവിടെയിരിക്കുന്ന കോൺഗ്രസ്സുകാർക്ക് യോജിപ്പുണ്ടോ; കഴിഞ്ഞ ലോക്‌സഭാ തെരഞ്ഞെടുപ്പിൽ ശ്രീ. രാഹുൽ ഗാന്ധിയെ വയനാട്ടിൽ മത്സരിപ്പിച്ചു. അതിനെ സംബന്ധിച്ച് ഇപ്പോൾ മുതിർന്ന നേതാക്കൾ പറയുന്നതെന്താണ്? അത് കേരളത്തിലെ നേതാക്കൾ കാട്ടിയ മണ്ടത്തരമായിരുന്നുവെന്ന് വാർത്ത വന്നിരിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ കേരളത്തിലെ മത്സരം ദേശീയ തലത്തിൽ വലിയ നഷ്ടമുണ്ടാക്കുമെന്ന് അന്നുതന്നെ ഇടതുപക്ഷം ചൂണ്ടിക്കാണിച്ചതാണ്, അന്നത് കേട്ടില്ല. ഇപ്പോൾ അതിന്റെ പേരിലും തമ്മിൽത്തല്ല് നടക്കുകയാണ്. ഇക്കാര്യം അവർ തന്നെ പരിശോധിക്കേണ്ടതാണ്. രാജ്യം നേരിടുന്ന ഏതെങ്കിലുമൊരു വിഷയത്തിൽ ഒന്നിച്ചൊരു നിലപാടെടുക്കാൻ കോൺഗ്രസ്സിന് കഴിയുന്നുണ്ടോ; ഇപ്പോൾ ബി.ജെ.പി. ഒട്ടേറെ വർഗ്ഗീയ നീക്കങ്ങൾ നടത്തുന്നുണ്ട്. അതിൽ യോജിച്ചൊരു നിലപാടുണ്ടോ; അയോദ്ധ്യാ ക്ഷേത്ര നിർമ്മാണം സർക്കാർ പരിപാടിയാക്കി. അതിനെതിരെ മിണ്ടിയോ; മിണ്ടിയില്ലെന്ന് മാത്രമല്ല ബി.ജെ.പി.-യോടൊപ്പം പിന്നണി പാടാൻ കോൺഗ്രസ്സിലെ മുതിർന്ന നേതാക്കളിൽ പലരും കൂടുകയല്ലേ ചെയ്തത്. ബി.ജെ.പി.-യുടെ സാമ്പത്തിക നയത്തെ എതിർക്കുന്ന എന്തെങ്കിലും യോജിച്ച നിലപാട് കോൺഗ്രസ്സിനുണ്ടോ? നല്ലൊരു വാഗ്ദാനവുമായി ബി.ജെ.പി. നേതാക്കൾ എപ്പോൾ വരുമെന്ന് പ്രതീക്ഷിച്ചു നിൽക്കുന്ന കോൺഗ്രസ് നേതാക്കൾ പലരാണ്. അടിമുടി ബി.ജെ.പി.യാകാൻ കാത്തിരിക്കുന്ന ഒരുകൂട്ടം ആളുകൾ, അത്തരത്തിൽ കോൺഗ്രസ്സിനെ മാറ്റിയത് നിങ്ങൾ തന്നെയല്ലേ? ഇത്ര ദയനീയമായ പതനത്തിലെത്തിയ ആ പാർട്ടിയെ കേരളത്തിലെ ജനങ്ങൾ എങ്ങനെ വിശ്വസിക്കും. ഈയൊരു അവസ്ഥ സ്വാഭാവികമായും നിങ്ങളെ ഇത്തരത്തിലൊരു അവിശ്വാസ പ്രമേയം കൊണ്ടുവരുന്നതിന് പ്രേരിപ്പിക്കുന്നുണ്ടെന്നാണ് കാണേണ്ടത്. അതുകൊണ്ടാണ് സ്വന്തം കാൽക്കീഴിലെ മണ്ണ് ഒലിച്ചുപോകുന്നത് തിരിച്ചറിയാൻ കോൺഗ്രസ്സിന് കഴിയാതിരിക്കുന്നത്. ഇപ്പോഴെങ്കിലും ഇത്തരമൊരു അവിശ്വാസ പ്രമേയവുമായി ഇറങ്ങിത്തിരിച്ചതിലെ അനൗചിത്യം തിരിച്ചറിഞ്ഞാൽ നല്ലത്. പക്ഷേ, അത്തരമൊരു ഔചിത്യബോധം ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനില്ലായെന്നത് ഉറപ്പായ കാര്യമാണ്. നേരത്തെ യു.ഡി.എഫ്. നടത്തിയ ഒട്ടേറെ പ്രഖ്യാപനങ്ങളുണ്ട്. എന്നാലും നാം ഓർക്കേണ്ട ഒരു കാര്യം 1950-കളുടെ തുടക്കത്തിൽ നൂറു വർഷത്തേക്കെങ്കിലും ഇടതുപക്ഷം അധികാരത്തിൽ വരില്ലെന്നൊരു പ്രഖ്യാപനമുണ്ടായിരുന്നു. അതിനുശേഷം നാലുപ്രാവശ്യമായി ഇവിടെ ഇടതുപക്ഷം അധികാരത്തിൽ വന്നു. അതുപോലെ 2015-ലെ അരുവിക്കര ഉപതെരഞ്ഞെടുപ്പുവേളയിൽ അന്നത്തെ മുഖ്യമന്ത്രി പ്രസ്താവിച്ച ഒരു കാര്യം ഇപ്പോൾ നമ്മൾ ഓർക്കുന്നത് നല്ലതാണ്. അദ്ദേഹം അന്ന് പറഞ്ഞത്, അവിടെ യു.ഡി.എഫ്.ന്റെ മുഖ്യ എതിരാളി ബി.ജെ.പി-യാണെന്നാണ്. അതിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാണ്. ഇവിടെ വർഗ്ഗീയ രാഷ്ട്രീയത്തോട് സന്ധി ചെയ്യുക, ഭരണകർത്താക്കളിലുള്ള ജനങ്ങളുടെ വിശ്വാസം പാടെ തകർക്കുന്ന രീതിയിൽ അഴിമതിയിൽ കുളിക്കുക ഇതായിരുന്നു പഴയ യു.ഡി.എഫ്. ഭരണകാലം എടുത്താൽ നമുക്ക് കാണാൻ സാധിക്കുക. എന്നാൽ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ മാൻഡേറ്റ് നൽകിയത് എന്തിനാണ്? മതനിരപേക്ഷത സംരക്ഷിക്കാൻ, സംശുദ്ധമായ ഭരണം കാഴ്ചവയ്ക്കാൻ. അതോടൊപ്പം കേരളം നേരിടുന്ന സമകാലിക പ്രശ്നങ്ങളെക്കുറിച്ച് എൽ.ഡി.എഫ്-നുള്ള വ്യക്തമായ കാഴ്ചപ്പാടിന്റെ അംഗീകാരം കൂടിയായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിലെ ജനവിധി. ജനങ്ങൾ അർപ്പിച്ച വിശ്വാസമായിരുന്നു അത്. ജനങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസം അവിശ്വാസമായി മാറാൻ എന്തെങ്കിലും ഈ കാലയളവിൽ സംഭവിച്ചിട്ടുണ്ടോയെന്നാണ് നാം ഗൗരവമായി ഇവിടെ പരിശോധിക്കേണ്ട കാര്യം. നമ്മുടെ സംസ്ഥാനം വളരെ താഴ്ന്ന പ്രതിശീർഷ വരുമാനമുള്ളപ്പോൾത്തന്നെ ഉയർന്ന മാനവശേഷി വികസന സൂചിക കൈവരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ

മേഖലയിലും ജീവിത ഗുണനിലവാരത്തിലുമൊക്കെ ഇത് പ്രതിഫലിച്ചിട്ടുമുണ്ട്. ഈ മാതൃകയാണ് കേരളത്തിന്റെ കാര്യത്തിൽ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചിരുന്നത്. ഈ പ്രത്യേകത കേരളത്തിന് കൈവരിക്കാൻ കഴിയുന്നതിനുപിന്നിൽ നവോത്ഥാന പാരമ്പര്യവും ഇടതുപക്ഷത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ ഇടപെടലുകളുമുണ്ട്. അവിടെ അഭിമാനിച്ച് ചുറ്റിത്തിരിഞ്ഞ് നിന്നാൽ പോരാ, ഉൽപാദന മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കണം, എങ്കിൽ മാത്രമേ സാമൂഹ്യമേഖലയിലെ ഇടപെടൽശേഷി നിലനിർത്താൻ സാധിക്കുകയുള്ളൂ. ഇത്തരമൊരു തിരിച്ചറിവോടെയാണ് ഞങ്ങൾ മുന്നോട്ടുനീങ്ങിയത്. അതാണ് അധികാര വികേന്ദ്രീകരണത്തിലേയ്ക്കും ജനകീയാസൂത്രണത്തിലേയ്ക്കുമൊക്കെ കടക്കാൻ നമ്മെ പ്രേരിപ്പിച്ചത്. പല വികസന സൂചികകളിലും നാം ശരാശരിക്ക് മുകളിലാണ്. പക്ഷേ, പാർശ്വവൽക്കരിക്കപ്പെട്ട് ഒതുങ്ങിപ്പോകുന്ന ഒട്ടേറെ വിഭാഗങ്ങളുണ്ട്. അവരുടെ പ്രശ്നങ്ങൾ പ്രത്യേക ശ്രദ്ധ കൊടുത്ത് പരിഹരിക്കേണ്ടതുണ്ട്. ആ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് അവരുടെ പ്രശ്നങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ പരിഹരിക്കുന്നതിന് മിഷൻ രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചത്.

നമ്മുടെ നാട് വലിയ ഗൗരവത്തോടെ ഏറ്റെടുത്തതാണ് നാല് മിഷനുകളുടെ പ്രവർത്തനം. ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം എന്നീ പദ്ധതികൾ മിഷൻ മോഡലിൽ ആണ് ആവിഷ്കരിച്ചത്. ഇതൊരു വെറും പരിപാടിയായിരുന്നില്ല. ഒരു നയത്തിലധിഷ്ഠിതമായ ബദൽ പരിപ്രേക്ഷ്യത്തിന്റെ ദൃഷ്ടാന്തമായിരുന്നു. ഭൂരഹിതരായ വീടില്ലാത്ത ഒരു വിഭാഗത്തിന് തലചായ്ക്കാൻ ഇടംനൽകുന്ന 'ലൈഫ് മിഷൻ'; കേരള ജനതയുടെ ആരോഗ്യ നിലവാരത്തെ ഉയർത്താൻ ലക്ഷ്യമിടുന്ന 'ആർദ്രം മിഷൻ'; വിദ്യാഭ്യാസമേഖലയെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് വൈജ്ഞാനികമായി ഉണർത്തുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം'; പരിസ്ഥിതി സൗഹൃദമായ വികസനത്തിന് നാനാലക്ഷ്യങ്ങളുള്ള 'ഹരിത കേരളം മിഷൻ' ഇവയൊക്കെ ഭാവനാപൂർണ്ണമായ ആസൂത്രണത്തിന്റെ സൃഷ്ടികൾ തന്നെയായിരുന്നു. ഒരു ബദൽ പരിപ്രേക്ഷ്യത്തിന്റെ അവിഭാജ്യ ഘടകങ്ങളായിട്ടാണ് അത് വന്നത്. ഇത് നല്ലരീതിയിൽ നമ്മുടെ നാട് സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഭാഗമായാണ് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നമ്മുടെ നാടൊന്നാകെ ഏറ്റെടുത്തത്. നാടൊന്നാകെ ഏറ്റെടുത്തുവെന്ന് പറയുമ്പോൾ ഭരണപക്ഷവും പ്രതിപക്ഷവും എല്ലാ കക്ഷികളും രാഷ്ട്രീയക്കാരും രാഷ്ട്രീയമില്ലാത്തവരും അതിന്റെ ഭാഗമായി പ്രാദേശികമായി അണിനിരന്നിട്ടുണ്ട്. ഇതിന്റെ ഫലമെന്താണ്? ഭൗതിക സൗകര്യ വികസനത്തിൽ കുതിച്ചു ചാട്ടമാണുണ്ടായിരിക്കുന്നത്. ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ 141 സ്കൂളുകൾക്ക് കിഫ്ബി സഹായത്തോടെ കെട്ടിട നിർമ്മാണത്തിന് 5 കോടി രൂപ എന്നതാണ് നാം ലക്ഷ്യമിട്ടത്. 20 സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. 35 എണ്ണം ഉദ്ഘാടന സജ്ജമാണ്. മറ്റ് കെട്ടിടങ്ങളും വൈകാതെതന്നെ പൂർത്തിയാക്കാൻ കഴിയും. 395 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് ഒരു കോടി രൂപ വീതവും കിഫ്ബി സഹായധനത്തോടെ ഭൗതികസൗകര്യ വികസനം നടക്കുകയാണ്.

141 വിദ്യാലയങ്ങൾക്ക് 5കോടി രൂപവീതം 705കോടി രൂപ. 395 വിദ്യാലയങ്ങൾക്ക് 3കോടി രൂപ വീതം 1185കോടി രൂപ. 446 വിദ്യാലയങ്ങൾക്കായി ഒരു കോടി രൂപവീതം 446കോടി രൂപ. അങ്ങനെ ആകെ വരുമ്പോൾ 2336കോടി രൂപ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി അനുവദിച്ചിരിക്കുകയാണ്. ഇതിൽ പണി പൂർത്തിയായതിന്റെ ഭാഗമായി 372 കോടി 69 ലക്ഷം രൂപ കിഫ്ബി നൽകിക്കഴിഞ്ഞു. അതുസംബന്ധിച്ച് ഉന്നയിച്ച ബഹുമാനപ്പെട്ട അംഗത്തിന്റെ സ്ഥല

ത്ത് ചിലപ്പോൾ പണി പൂർത്തിയായിട്ടുണ്ടായിരിക്കില്ല. അപ്പോൾ ശ്രമിക്കേണ്ടത് അവിടെയുള്ളത് പൂർത്തിയാക്കാനാണ്. അതുപോലെ സ്കൂളുകളെ ആധുനിക സാങ്കേതികവിദ്യാ സൗഹൃദങ്ങളാക്കി മാറ്റി. സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികൾക്കും സാങ്കേതികവിദ്യ പ്രാപ്യമാക്കാൻ കഴിഞ്ഞൂവെന്നത് വലിയ നേട്ടമല്ലേ? ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ 44,705 ക്ലാസ്സ് മുറികളാണ് സാങ്കേതികവിദ്യാ സൗഹൃദമായത്. നിസ്സാരമായ നേട്ടമാണോ അത്? സംസ്ഥാനത്ത് 44,705 ക്ലാസ്സ് മുറികൾ മുഴുവൻ ഹൈടെക്കായി മാറുകയല്ലേ; എല്ലാ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലയം ഒരുക്കാൻ നമുക്ക് കഴിഞ്ഞു. ഒന്നു മുതൽ 12വരെ ക്ലാസ്സുകൾക്കായി 119,054 ലാപ്ടോപ്, 69,943 പ്രൊജക്ടർ, 4545 ടെലിവിഷൻ ഇവയെല്ലാം വിന്യസിച്ചിരിക്കുകയാണ്. നാട്ടിൻപുറങ്ങളിലടക്കമുള്ള സ്കൂളുകളിൽ നടന്ന കാര്യമാണ് ഈ പറയുന്നത്. അതോടൊപ്പം സെക്കണ്ടറി വിദ്യാലയങ്ങൾ ഹൈടെക്ക് ആക്കുന്നതിന് 493 കോടി 50 ലക്ഷം രൂപയുടെ പദ്ധതിയാണ് കിഫ്ബി അംഗീകരിച്ചത്. അതിൽ 374 കോടി 59 ലക്ഷം രൂപയുടെ പേമെന്റ് നടന്നുകഴിഞ്ഞു; ഒന്നും നടന്നില്ലായെന്നല്ല. പ്രൈമറി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ ലയം പദ്ധതിക്കായി 300 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചത്. അതിൽ 207കോടി രൂപയുടെ പേമെന്റ് നടന്നു. ഹൈടെക് പദ്ധതിക്കായി കിഫ്ബി അനുവദിച്ച 793 കോടി രൂപയിൽ 581 കോടി 59ലക്ഷം രൂപയുടെ പേമെന്റ് നടന്നുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമെന്താണ്; നമ്മളെല്ലാവരും പറഞ്ഞുകൊണ്ടിരിക്കുന്ന ഫലം തന്നെയാണ്. നേരത്തെ ചർച്ച ചെയ്തിരുന്നത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുപോകുന്നത് സംബന്ധിച്ചായിരുന്നു. ഇപ്പോൾ അതല്ല. ഇപ്പോൾ എണ്ണം കൂടുന്നു. അങ്ങനെയാണ് 5 ലക്ഷം വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ വർദ്ധിക്കുന്ന സ്ഥിതിയുണ്ടായത്. ഇതൊരു നേട്ടമല്ലേ; ഇന്ന് ഇതൊരു ബദലല്ലേ; പൊതുവിദ്യാഭ്യാസ സംരക്ഷണ കാര്യത്തിൽ നമുക്ക് എത്രമാത്രം വിജയിക്കാൻ കഴിഞ്ഞു എന്നുള്ളതല്ലേ കാണിക്കുന്നത്. ബദൽ എന്താണെന്നുള്ള ഒരു ചോദ്യം ചെറിയ ശബ്ദത്തിൽ ഞാൻ കേട്ടു. ആ ബദൽ നമ്മുടെ നാട്ടിലെ പാവപ്പെട്ടവർക്ക് മനസ്സിലാകും; പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് എല്ലാവിധ പഠന സൗകര്യവും ഒരുങ്ങുകയാണ്. മികവാർന്ന അക്കാദമിക നിലവാരം കിട്ടുകയാണ്. അതിന്റേതായ എല്ലാ അനുഭവവും ആ നാട്ടുകാർക്കും കുടുംബങ്ങൾക്കുമുണ്ടാകുകയാണ്. ഒരു നാടിനെ സംബന്ധിച്ചിടത്തോളം അതൊരു ചെറിയ കാര്യമല്ല.

ആരോഗ്യമേഖലയിൽ ഗുണനിലവാരത്തിന്റെ പ്രശ്നം പരിഹരിക്കുക എന്നത് കേരള വികസനത്തിലെ ദൗർബ്ബല്യങ്ങൾ പരിഹരിക്കുന്നതിൽ പ്രധാനമാണെന്ന് നമ്മൾ കണ്ടിരുന്നു. ആരോഗ്യരംഗത്ത് നാം മികച്ചുതന്നെ നിൽക്കുകയായിരുന്നു. പക്ഷേ, ആ മികവുകൊണ്ടുമാത്രം നമ്മൾ ഇനിയും ഉയർത്തേണ്ട കാര്യങ്ങളിൽ കുറവ് വരുത്താൻ പാടില്ലായെന്നാണ് കണ്ടത്. അങ്ങനെയാണ് 'ആർദ്രം' പദ്ധതി ആവിഷ്കരിച്ചത്. 'ആർദ്രം' പദ്ധതിയിലൂടെ നിലവിലെ 386 പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. നവംബർ അവസാനത്തോടെ 154 പ്രൈമറി ഹെൽത്ത് സെന്ററുകൾകൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനം ആരംഭിക്കും. അങ്ങനെ വരുമ്പോൾ 674 കുടുംബാരോഗ്യ കേന്ദ്രങ്ങൾ നമ്മുടെ നാട്ടിൽ വരികയാണ്. ബാക്കി സ്ഥാപനങ്ങൾ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ബാക്കിയുള്ള 220 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ 2019-20-ൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്. അത് 2020-21-ൽത്തന്നെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രശ്നം മാത്രമാണ്.

ആരോഗ്യമേഖലയിലെ 'ആർദ്രം' മിഷന്റെ പ്രവർത്തനത്തിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ മാത്രമല്ല ഉണ്ടായത്. താലൂക്കുതല ആശുപത്രികളിൽ 44 ഡയാലിസിസ് കേന്ദ്രങ്ങൾ അധി

കമായി സജ്ജമാക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിൽ നിൽക്കുകയാണ്. സ്റ്റോക്ക് ക്ലിനിക്കുകൾ, ജില്ലാ ക്യാൻസർ കെയർ പരിചരണം തുടങ്ങിയവയും ജില്ലാ-താലൂക്കുതല ആശുപത്രികളുടെ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി വലിയതോതിൽ വിപുലപ്പെട്ടുവരികയാണ്. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ് സൗകര്യങ്ങൾ, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നിങ്ങനെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ നമുക്ക് ഒരു ഘട്ടത്തിൽ ആലോചിക്കാൻ കഴിയാത്ത കാര്യങ്ങളായിരുന്നു. എന്നാൽ ഓരോ ജില്ലയിലും ഇതെല്ലാം വരികയാണ്. ആധുനിക ചികിത്സാ സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിൽ ഉറപ്പുവരുത്താൻ നാല് വർഷക്കാലയളവിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. വലിയ ചികിത്സാചെലവ് താങ്ങാനാകാതെ കഷ്ടപ്പെടുന്ന സാധാരണക്കാരന് ഈ മാറ്റങ്ങൾ സഹായകരമായിട്ടുണ്ട്. പ്രൈമറി തലത്തിൽ വന്ന മാറ്റമാണ് അതിൽ ഏറ്റവും പ്രധാനം. കോവിഡ്-19 വ്യാപനത്തിനുമുമ്പ് വലിയ തോതിലുള്ള ആൾക്കൂട്ടം നമ്മുടെ ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉണ്ടായിരുന്നുവെന്നാണ് അന്നത്തെ റിപ്പോർട്ട്. കോവിഡ്-19-ന്റെ ഘട്ടത്തിൽ നമുക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞത് ആരോഗ്യരംഗത്ത് വന്നിട്ടുള്ള ഇത്തരത്തിലുള്ള മാറ്റങ്ങൾ കാരണമാണ്. എത്ര ഓണംകേറാമൂലയിലാണെങ്കിലും ഏത് പാവപ്പെട്ടവർക്കും ചികിത്സാ സൗകര്യമുണ്ടെന്നുള്ളതാണ് നമ്മുടെ നാടിന്റെ പ്രത്യേകത. അതുകൊണ്ടാണ് കോവിഡ്-19-ന്റെ ആദ്യഘട്ടത്തിൽ നല്ല രീതിയിൽ പ്രതിരോധിച്ചു നിൽക്കാൻ നമുക്ക് കഴിഞ്ഞത്.

ഒരാൾക്ക് ഒരു വീടുണ്ടാകുകയെന്നത് പാവപ്പെട്ടവരെല്ലാം ആഗ്രഹിക്കുന്ന കാര്യമാണ്. സ്വന്തം വീടെന്ന സ്വപ്നത്തോടെ മണ്ണടിഞ്ഞുപോയ അനേകം ആളുകളുണ്ട്. അത്തരത്തിലുള്ള ലക്ഷക്കണക്കിന് ആളുകളാണ് നമ്മുടെ നാട്ടിലുള്ളത്. കേവലം സാമ്പത്തികസഹായത്തോടെ ഭവനപദ്ധതികൾ ആവിഷ്കരിക്കുക എന്നതിൽ നിന്നുമാറി സമഗ്രമായ ഭവനപദ്ധതി എന്ന നിലയിലാണ് ലൈഫ് മിഷൻ ആവിഷ്കരിച്ചത്. അതിന്റെ ഫലമായി രണ്ടേകാൽ ലക്ഷം കുടുംബങ്ങൾക്ക് ആശ്വാസമേകാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടേകാൽ ലക്ഷം കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ടായെന്ന് പറയുന്നത് ചെറിയ കാര്യമല്ല. മുൻകാലങ്ങളിൽ പണി ആരംഭിച്ചുവെങ്കിലും വിവിധ കാരണങ്ങളാൽ പൂർത്തിയാക്കാൻ കഴിയാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന പരിപാടിയായിരുന്നു ലൈഫ് മിഷന്റെ ഒന്നാംഘട്ടം. 52,296 വീടുകളിൽ 96.57 ശതമാനം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള 1112 വീടുകളുടെ പണി നല്ല രീതിയിൽ പുരോഗമിക്കുകയാണ്. 673.36 കോടി രൂപ ഇതിനായി ചെലവഴിച്ചുകഴിഞ്ഞു. ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണമാണ് ഇതിന്റെ രണ്ടാം ഘട്ടം. അതിന് എഗ്രിമെന്റ് വച്ചത് 99,437 പേരാണ്. അത്രയും ആളുകളും വീടുപണി ആരംഭിച്ചു. അതിൽ 80,028 പേർക്കാണ് (80 ശതമാനം) വീട് പണി പൂർത്തീകരിക്കാൻ സാധിച്ചത്. പട്ടികജാതി വിഭാഗത്തിൽ 12,526 പേർ അർഹത തെളിയിച്ചു, 7303 പേർ (63 ശതമാനം) വീട് പണി പൂർത്തീകരിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽ 3891 പേരെയാണ് അർഹരായി കണ്ടെത്തിയത്. അവരിൽ 1857 പേർ (62 ശതമാനം) വീട് പണി പൂർത്തീകരിച്ചു. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ 1455-ൽ 979പേർ (75 ശതമാനം) വീട് പണി പൂർത്തിയാക്കി. ഇതിൽ ഹഡ്കോയുടെ വായ്പ 1750 കോടി രൂപ, തദ്ദേശഭരണ സ്ഥാപനവിഹിതം 1036 കോടി രൂപ, സംസ്ഥാന വിഹിതം 682 കോടി രൂപ. അങ്ങനെ 3468 കോടി രൂപ നാം ചെലവഴിച്ചിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരുടെ കാര്യമാണ് ഇതിന്റെ മൂന്നാം ഘട്ടം. അവരുടെ കാര്യത്തിൽ, 132,090 പേരാണ് അർഹരായ ഗുണഭോക്താക്കൾ. ഇതിൽനിന്ന് ഭൂമിയുള്ള വിഭാഗത്തിലേയ്ക്ക് മാറി വന്നവർ 13,103 പേരുണ്ട്. നിലവിൽ ഭൂരഹിത ഭവനരഹിതർ 118,987

പേരാണ്. ഇതിൽ പട്ടികജാതി വിഭാഗക്കാർ 19,429 പേരും പട്ടികവർഗ്ഗ വിഭാഗക്കാർ 2200 പേരുമാണ്. ഇവരുടെ കാര്യത്തിൽ സ്ഥലവും ആവശ്യമാണ്, പ്രസ്തുത സ്ഥലത്ത് ഇവർക്കായി വീടുകളും നിർമ്മിക്കണം. 101 ഭവന സമുച്ചയങ്ങളാണ് നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്. ഓരോ ജില്ലയിലും ഒന്നുവീതം 14 സമുച്ചയങ്ങൾ. അതിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1214 വീടുകളാണ് അതിൽ വരിക. 14 സമുച്ചയങ്ങളുടെ നിർമ്മാണം സഹകരണ മേഖലയുടെ കെയർ ഹോം പദ്ധതി പ്രകാരം പുരോഗമിക്കുന്നുണ്ട്. 14 സമുച്ചയങ്ങൾക്ക് ടെണ്ടർ നൽകി. 12 സമുച്ചയങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. 10 സമുച്ചയങ്ങളുടെ ഡി.പി.ആർ. പൂർത്തിയായി. 35 സൈറ്റുകളിൽ സർവ്വേ നടപടികൾ പുരോഗമിക്കുകയാണ്. അതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളിൽ 176 സ്ഥലങ്ങളിൽ 245 പ്ലോട്ടുകൾകൂടി കണ്ടെത്തിയിട്ടുണ്ട്. 2020 ജൂലൈവരെ 673.36 കോടി രൂപ മൂന്നാം ഘട്ടത്തിൽ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ലൈഫ് മിഷന്റെ ഭാഗമായി അർഹതപ്പെട്ട ചിലരെ വിട്ടുപോയി എന്ന പരാതി വന്നിരുന്നു. അത്തരം ആളുകൾക്ക് അപേക്ഷിക്കാനുള്ള അവസരം നൽകിയിരിക്കുകയാണ്. നേരത്തെ 2020 ആഗസ്റ്റ് 14 വരെയായിരുന്നു അപേക്ഷിക്കാനുള്ള തീയതി. അത് 2020 ആഗസ്റ്റ് 27 വരെ നീട്ടിയിട്ടുണ്ട്. ഈ പദ്ധതിക്ക് വലിയ പിന്തുണയാണ് ജനങ്ങളിൽനിന്ന് ലഭിച്ചത്. നിരവധിയാളുകളാണ് വീട് നിർമ്മിക്കുന്നതിന് സ്ഥലം വിട്ടുനൽകാൻ തയ്യാറായത്. അതിനാൽ ആത്മവിശ്വാസത്തോടെ ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. ഏതുവിധ കുപ്രചരണമുണ്ടായാലും ഈ പദ്ധതി നല്ല രീതിയിൽ തന്നെ മുന്നോട്ടുപോകും. ഭൂമിയില്ലാത്ത, ഭവനമില്ലാത്ത എല്ലാവർക്കും വീട് എന്ന സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാൻ സാധിക്കും. ഇതോടൊപ്പം നാം നടപ്പാക്കിയ ഒരു മിഷനാണ് ഹരിത കേരള മിഷൻ. ....(ബഹളം)....

സർ, നമ്മുടെ നാട് പൊതുവെ പച്ചപ്പുള്ളതാണ്. എന്നാൽ പലയിടങ്ങളിലായി പച്ചപ്പ് നഷ്ടപ്പെടുന്നുണ്ടായിരുന്നു. നഷ്ടപ്പെട്ടുപോയ പച്ചപ്പ് തിരിച്ചെടുക്കൽ, ജലാശയങ്ങളുടെ വീണ്ടെടുപ്പ് തുടങ്ങിയവയാണ് 'ഹരിത കേരളം മിഷൻ' വിഭാവനം ചെയ്യുന്നത്. അതിനായും നാടൊന്നാകെ കൈകോർത്ത് നിന്നു. അതിന്റെ ഭാഗമായി ഒഴുക്കുനിലച്ച നദികളെയും തോടുകളെയുമൊക്കെ വീണ്ടെടുക്കാൻ സാധിച്ചു. ഇതിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ നടന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. കിണറുകൾ റീചാർജ് ചെയ്യാൻ പറഞ്ഞിരുന്നു. 54,362 കിണറുകളാണ് ഹരിത കേരളം മിഷന്റെ ഭാഗമായി റീചാർജ് ചെയ്തത്. 23,158 കിണറുകൾ നിർമ്മിക്കുകയും 13,942 കിണറുകൾ നവീകരിക്കുകയും ചെയ്തു. 18,203 കുളങ്ങൾ നിർമ്മിക്കുകയും 23,628 എണ്ണം നവീകരിക്കുകയും ചെയ്തു. 390 കിലോമീറ്റർ പുഴകൾ പുനരുജ്ജീവിപ്പിച്ചു. 41,529 കിലോമീറ്റർ തോടും നീർച്ചാലുമൊക്കെ നല്ലനിലയിൽ വീണ്ടെടുക്കാനായിട്ടുണ്ട്. ഇപ്പോൾ ചെറിയ നീർച്ചാലുകൾ, നദികൾ ഇതൊക്കെ വീണ്ടെടുത്തു. വരട്ടാർ എല്ലാവരുടേയും മനസ്സിലുള്ളതാണ്. വരട്ടാർ, കുട്ടൻപേരൂരാർ, കിള്ളിയാർ, കാനാമ്പുഴ, കോലറയാർ, പള്ളിക്കലാർ, വലിയതോട്, പെരുന്തോട്, പൂനൂർപ്പുഴ, ചാലംകോട് തോട്, മീനച്ചിലാർ, മീനന്തറയാർ, കൊടൂരാർ, മുട്ടംപറപ്പ് തോട്, വടക്കേപ്പുഴ ഇങ്ങനെ കുറേയെണ്ണം വീണ്ടെടുത്തു. നാടാകെ ഇറങ്ങിയാണ് ഇതൊക്കെ ചെയ്തത്. ഹരിത കേരളം മിഷനെ നാട് എങ്ങനെ സ്വീകരിച്ചു എന്നതാണ് ഇതിലൂടെ നാം കാണുന്നത്.

അതോടൊപ്പം മാലിന്യ സംസ്കരണ രംഗത്ത് 1033 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേനയുണ്ടായിരുന്നു. 1089 മെറ്റീരിയൽ കളക്ഷൻ സെന്റർ, 150 റിസോഴ്സ് റിക്കവറി സെന്ററുകളുൾപ്പെടെ ആകെ 15,358 മാലിന്യ സംസ്കരണ പ്രോജക്ടുകൾ സംസ്ഥാനത്തുവ

ന്നു. 2023 കിലോമീറ്റർ റോഡ് പൊടിച്ച പ്ലാസ്റ്റിക്ക് ഉപയോഗിച്ച് ടാർ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ആകെ 1452.87 മെട്രിക് ടൺ ഇ-വേസ്റ്റ് ശേഖരിച്ചു. 298 പഞ്ചായത്തുകളിലെ 988 വാർഡുകൾ ഹരിത വാർഡുകളായി പ്രഖ്യാപിച്ചു. ഓണത്തിന് ഒരു മുറം പച്ചക്കറി, സുഭിക്ഷ കേരളം എന്നിവയ്ക്ക് പുറമെ 3,41,038 വീടുകളിൽ കൃഷി നടക്കുന്ന നിലയുണ്ടായി. 506 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 403 ഏക്കർ ഭൂമിയിൽ 1090 പച്ചത്തുരുത്തുകളാണുണ്ടായത്. ഇതൊക്കെ നമ്മുടെ നാട്ടിൽ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്ന കാര്യങ്ങളാണ്.

സർ, ഇവിടെ ഒട്ടേറെ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അവയ്ക്കൊക്കെ വിശദീകരണം നൽകണമല്ലോ. എന്താണ് നാടിന്റെ അവസ്ഥ എന്ന് കാണിക്കാനാണ് ഞാനിതൊക്കെ പറയുന്നത്. ജനങ്ങളർപ്പിച്ച വിശ്വാസം നഷ്ടപ്പെടുത്തുന്ന എന്തെങ്കിലും കാര്യങ്ങൾ ഞങ്ങൾ ചെയ്തോ? ഇതാണ് ഒരു പരിശോധന. അപ്പോൾ നാട്ടിൽ എന്തൊക്കെ ചെയ്തു; നാട് എങ്ങനെയാണ് അതിനെ സ്വീകരിച്ചത്; ആ ഭാഗം പറയേണ്ടേ? അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നാല് മിഷനുകളുടെ പ്രവർത്തനം. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും ലൈഫ് മിഷനിൽ വീട് നൽകുന്നതിന്റെ കാര്യത്തിലും പാവപ്പെട്ടവർക്ക് രണ്ടേകാൽ ലക്ഷം വീട് ലഭിച്ചതിലും ഹരിത കേരളം മിഷന്റെ പ്രവർത്തനത്തിലുമെല്ലാം നാടൊന്നാകെ സ്വീകരിച്ച കാര്യമാണ്. അതിലൊക്കെ നാട് ഞങ്ങളെ വലിയ വിശ്വാസത്തിലാണെടുത്തത്. അക്കാര്യം ഞാൻ പറഞ്ഞതാണ്. അത് പറഞ്ഞതിനുശേഷമല്ലേ മറ്റ് കാര്യങ്ങൾ പറയേണ്ടത്.

ഇനി ഞാൻ വേറൊരു ഭാഗം പറയാം. 1990 വരെ ആഭ്യന്തര വരുമാന വളർച്ചയിൽ കേരളത്തിന് കാര്യമായ മുന്നേറ്റം നടത്താൻ കഴിയാതിരുന്നു. 1990 മുതൽ അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതൽ വരുമാന വളർച്ച രേഖപ്പെടുത്തി. അതിൽ പ്രവാസികളുടെ പുറംവരുമാനം ഏറ്റവും പ്രധാനപ്പെട്ട ഘടകമായിരുന്നു. സേവന മേഖലയിലാണ് അതിവേഗ വളർച്ചയുണ്ടായത്. കാർഷികോൽപ്പാദന മേഖലകളിൽ വേണ്ടത്ര പുരോഗതി നമുക്ക് കൈവരിക്കാനായില്ല. ഈയൊരു അസന്തുലിതാവസ്ഥ കാണാതെ പോകരുത്. സന്തുലിതമായ ആഭ്യന്തര വരുമാനവളർച്ച കൈവരിക്കുന്നതിന് അത്യന്താപേക്ഷിതമായ ഘടകമാണ് പശ്ചാത്തല സൗകര്യ വികസനം. അതിവേഗ സാമ്പത്തിക വളർച്ചയിൽ സമ്പത്ത് വിതരണത്തിലെ അസന്തുലിതാവസ്ഥ ലഘൂകരിക്കുന്നതിനുള്ള കൃത്യമായ കാഴ്ചപ്പാടോടെയാണ് ഈ സർക്കാർ മുന്നോട്ടു പോയത്. അത് ഭാവികേരളം എന്തായിരിക്കണമെന്ന കാഴ്ചപ്പാടിന്റെ ഭാഗമാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് നേതൃത്വം നൽകാൻ പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി വലിയ തോതിൽ സഹായകരമായി. സാധാരണ ബഡ്ജറ്റ് വഴി മാത്രം നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങൾ, അത് ചെയ്യുക, ബാക്കിയെല്ലാം ചെയ്യാൻ സാധിക്കാതെ കയ്യും കെട്ടിയിരിക്കുക ഇതായിരുന്നു നമ്മുടെ രീതി. എന്നാൽ അതിൽനിന്നും മാറി ബഡ്ജറ്റിനുപുറത്ത് വിഭവസമാഹരണം നടത്തി അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി വൻ പദ്ധതികൾ നടപ്പിലാക്കി. ഇത് പശ്ചാത്തല സൗകര്യ മേഖലയിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കി. ഇതിലൂടെ കാർഷികോൽപ്പാദന മേഖലകളിൽ പുത്തനുണർവ് സൃഷ്ടിക്കാൻ കഴിഞ്ഞു. നാല് വർഷം കൊണ്ടുതന്നെ കിഫ്ബിക്ക് ഈ വഴിയിൽ വളരെ മുന്നോട്ട് പോകാനായിട്ടുണ്ട്. 50,000 കോടി രൂപയൊക്കെയാണ് ഞങ്ങൾ ലക്ഷ്യം വച്ചതെങ്കിലും ഇതുവരെ 57,031.21 കോടി രൂപയുടെ 730 വികസന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്. ലക്ഷ്യത്തെ കടന്നുനിൽക്കുന്ന നേട്ടമാണിത്. അതുമാത്രമല്ല ഇവിടെ കാണേണ്ടത്. ഈ നാല് വർഷമെടുത്താൽ ഒട്ടേറെ പ്രതികൂല സാഹചര്യങ്ങളാണ് നമുക്ക് നേരിടേണ്ടിവന്നത്. പ്രതികൂല സാഹചര്യങ്ങൾ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാധാരണ തടസ്സം സൃഷ്ടിക്കും. ഞാൻ ഈ പദ്ധതികളുടെ കാര്യം

ആകെ എടുത്ത് പറയാൻ തയ്യാറാകുന്നില്ല. പക്ഷേ, 50 കോടി രൂപയിൽമേലുള്ള പദ്ധതികൾ 220 എണ്ണമാണ്. അത് 42,003.34 കോടി ചെലവിടുന്ന പദ്ധതികളാണ്. വിവിധ പദ്ധതികളെടുത്ത് പരിശോധിച്ചാൽ 5865.79 കോടി രൂപ വിവിധ പദ്ധതികളിൽ വിനിയോഗിച്ചുകഴിഞ്ഞിട്ടുണ്ട്.

ദേശീയപാതാ വികസനത്തിന് കിഫ്ബി വഴിയാണ് തുക നൽകുന്നത്. 5374 കോടി രൂപയാണ് അതിന് നൽകിയത്. പൊതുമരാമത്ത് വകുപ്പിന് കീഴിൽ 14,500 കോടി രൂപയുടെ വിവിധ പദ്ധതികളുണ്ട്. ഇതിൽ 8765 കോടി രൂപയുടെ 193 റോഡ് നവീകരണ പദ്ധതികൾ, 825 കോടി രൂപയുടെ 9 ബൈപ്പാസുകൾ, 1976 കോടി രൂപയുടെ 75 പാലങ്ങൾ, 961 കോടി രൂപയുടെ 13 മേൽപ്പാലങ്ങൾ, 1645 കോടി രൂപയുടെ 49 റെയിൽ മേൽപ്പാലങ്ങൾ. മലയോര ഹൈവേ, തീരദേശഹൈവേ, കുണ്ടന്നൂർ, വൈറ്റില, എടപ്പാൾ മേൽപ്പാല പദ്ധതികൾ എന്നിവ ഈ വർഷം പൂർത്തിയാകുന്നതാണ്. 2150 കോടി രൂപ മുടക്കി 26 സർക്കാർ ആശുപത്രികളുടെ നവീകരണം, പുനലൂർ താലൂക്ക് ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി ഒന്നാം ഘട്ടം, കൊച്ചി കാൻസർ സെന്റർ ഒന്നാംഘട്ടം എന്നിവയുൾപ്പെടുന്നവ 2020-21-ൽ പൂർത്തീകരിക്കും. 141 പൊതുവിദ്യാലയങ്ങളുടെ കാര്യം നേരത്തെ പറഞ്ഞു. അതിൽ 705 കോടി രൂപയ്ക്ക് നടപ്പാക്കുന്ന മികവിന്റെ കേന്ദ്രം പദ്ധതി 2020-21 സാമ്പത്തിക വർഷം തന്നെ പൂർത്തിയാകും. 785 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന സ്മാർട്ട് ക്ലാസ്സ്, സ്മാർട്ട് ലാബ് പദ്ധതികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. നേരത്തേ വിദ്യാഭ്യാസ രംഗത്തുള്ള കാര്യം ഞാൻ പറഞ്ഞതുകൊണ്ട് അത് ആവർത്തിക്കുന്നില്ല. എന്നാലും നാം കാണേണ്ടത് എൽ.പി, യു.പി. സ്കൂളുകളിലെ ഹൈടെക് ക്ലാസ്സ് റൂമുകൾ, കമ്പ്യൂട്ടർ ലാബുകൾ എന്നിവ നാൽപത്തയ്യായിരവും പതിനയ്യായിരവുമാണ്.

വൈദ്യുതി മേഖലയിൽ വലിയ തോതിലുള്ള മാറ്റം വരുന്ന, ക്വാളിറ്റി പവർ കൊടുക്കാൻ കഴിയുന്ന ഒന്നാണ് 5200 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി. വൈദ്യുതി മേഖലയിൽ നിലവിലുള്ള പ്രസരണ പരിമിതികൾ പരിഹരിക്കാൻ ഇതുകൊണ്ട് സാധിക്കും. മാത്രമല്ല വടക്കൻ കേരളത്തിൽ ഇടതടവില്ലാതെ ഗുണനിലവാരമുള്ള വൈദ്യുതി ഉറപ്പുവരുത്താനാകും. 5200 കോടി രൂപ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുകയാണ്. 400 കെ.വി. സബ് സ്റ്റേഷനുകൾ - 3, 220കെ.വി. സബ് സ്റ്റേഷനുകൾ - 22, 4390 കിലോമീറ്റർ പ്രസരണ ലൈനുകൾ ഇതെല്ലാമടങ്ങുന്നതാണ് ഈ പദ്ധതി. നിലവിലുള്ള പ്രസരണ ലൈനുകളുടെയും സബ് സ്റ്റേഷനുകളുടെയും ശേഷി പദ്ധതിയുടെ ഭാഗമായി ഉയർത്തപ്പെടുകയും പുതിയ സബ് സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കപ്പെടുകയും ചെയ്യും. കേരളത്തിന്റെ വൈദ്യുതി മേഖലയിൽ ഇത് വരുത്തുന്ന മാറ്റം എത്ര വലുതായിരിക്കും! സാധാരണ ഗതിയിൽ നമ്മുടെ ബഡ്ജറ്റ് കാത്തുനിന്നാൽ 5200 കോടി രൂപ എപ്പോഴാണ് കൊടുക്കാൻ സാധിക്കുക? വലിയ മാറ്റം നമ്മുടെ സംസ്ഥാനത്ത് ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പോകുകയാണ്. 71 കുടിവെള്ള പദ്ധതികൾ 4461 കോടി രൂപ ചെലവിൽ സംസ്ഥാനത്ത് നടക്കുകയാണ്. ശുദ്ധമായ കുടിവെള്ളം പ്രാപ്യമല്ലാത്ത ജനവിഭാഗങ്ങളുണ്ട്. 4461 കോടി രൂപ ചെലവിട്ട് 71 കുടിവെള്ള പദ്ധതികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. കാസർഗോഡ്, കൊയിലാണ്ടി, താനൂർ, പൊന്നാനി എന്നീ നഗരസഭാ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾ 2020-21 സാമ്പത്തികവർഷം പൂർത്തിയാക്കാൻ സാധിക്കും. പെട്രോകെമിക്കൽ പാർക്കിനായുള്ള ഭൂമി ഏറ്റെടുത്തതിനുള്ള 977 കോടി രൂപ ധനസഹായം കിഫ്ബിയാണ് നൽകിയത്.

കണ്ണൂരും പാലക്കാടും വ്യവസായങ്ങൾക്ക് ഭൂമി ഏറ്റെടുക്കാനായി 12,710 കോടി രൂപ കണ്ടിട്ടുണ്ട്. 1060 കോടി രൂപ കിഫ്ബി ധനസഹായത്തിൽ സംസ്ഥാനത്തിന്റെ ഇന്റർനെറ്റ് ശൃംഖല ശക്തിപ്പെടുത്തുന്ന കെ-ഫോൺ പദ്ധതി; 250 കോടി രൂപ ചെലവിൽ കൊച്ചി ഐ.ടി.

ഇന്നൊവേഷൻ സോൺ; 100 കോടി രൂപ ചെലവിൽ ടെക്നോസിറ്റിയിലെ ആദ്യ ഐ.ടി. കെട്ടിടം. 240 കോടി രൂപ ചെലവിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമാക്കുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരുന്ന വലിയ മാറ്റമാണിത്. 240 കോടി രൂപയാണ് കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽ ചെലവിടുന്നത്. 1500 കോടി രൂപ ചെലവിൽ കൊച്ചിയിലെ കനാലുകളുടെ നവീകരണവും ജലഗതാഗതത്തിന്റെ വികസനവും, 270 കോടി രൂപ ചെലവിൽ തൃശ്ശൂർ മൃഗശാല, 72 കോടി രൂപ ചെലവിൽ കോട്ടൂർ ആന പരിപാലന കേന്ദ്രം, 112 കോടി രൂപ ചെലവിൽ പരപ്പനങ്ങാടിയിലും 97.43 കോടി രൂപ ചെലവിൽ ആലപ്പുഴ ചെത്തിയിലും മത്സ്യബന്ധന തുറമുഖങ്ങൾ. ഇവയൊക്കെ സംസ്ഥാനത്ത് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളാണ്. വലിയ തോതിലുള്ള മാറ്റമാണ് കേരളത്തിൽ വരുന്നതെന്നാണ് ഇതിൽനിന്നും കാണേണ്ടത്. ഈ മാറ്റം ഓരോ പ്രദേശത്തും ഉണ്ടാകുകയാണ്. നാടാകെ മാറുകയാണ്. സ്വാഭാവികമായും ജനങ്ങൾ എന്ത് വിശ്വാസത്തിലാണോ ഈ സർക്കാരിനെ അധികാരത്തിലേറ്റിയത് ആ വിശ്വാസം കൂടുതൽ കനക്കുന്നുവെന്നതാണ് വസ്തുത. ഒരു തരത്തിലുമുള്ള അവിശ്വാസമായി അത് മാറുന്നില്ല. കിഫ്ബിയെ വല്ലാതെ ആക്ഷേപിച്ചവരുണ്ട്. ആക്ഷേപിച്ചവർതന്നെ ഇതിന്റെ കണ്ണഞ്ചിപ്പിക്കുന്ന വിജയംകണ്ട് ഇതുപ്രകാരമുള്ള പദ്ധതികൾ തങ്ങളുടെ പ്രദേശത്തുകൂടി വേണമെന്ന് വാദിക്കുന്നതാണ് പിന്നീട് കാണുന്നത്. ഈ പദ്ധതി മോശമായിരുന്നെങ്കിൽ വേണ്ടെന്നായിരിക്കുമല്ലോ പറയുന്നത്. അങ്ങനെ പറഞ്ഞാൽ മണ്ഡലത്തിലെ ജനങ്ങൾ തങ്ങൾക്ക് എതിരാകുമെന്നുള്ളതുകൊണ്ട് എല്ലാവരും ഇപ്പോൾ ഇതിനോടൊപ്പം നിൽക്കുകയാണ്. നിലവിലെ പരിമിത വിഭവങ്ങൾ മാത്രം കണക്കിലെടുത്തുകൊണ്ട് നാം ചിന്തിച്ചാൽപ്പോരാ. ഭാവി വികസന പ്രവർത്തനങ്ങൾ ദീർഘവീക്ഷണത്തോടുകൂടി വിഭാവനം ചെയ്യേണ്ടതുണ്ട്. അത് ഏതൊരു സർക്കാരിന്റെയും പ്രാഥമിക ബാധ്യതയാണ്. ആ ബാധ്യത ഞങ്ങൾ നിറവേറ്റുകയാണ്. പശ്ചാത്തല വികസനം എന്നത് ഭാവി വികസനത്തിനുള്ള മുഖ്യതുരഗമായാണ് ഞങ്ങൾ കാണുന്നത്. ഇത് സാമ്പത്തികശാസ്ത്ര ഗവേഷകർ പരക്കെ അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്.

മറ്റൊന്ന്, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി എങ്ങനെയായിരുന്നു? ആഭ്യന്തര വരുമാനവളർച്ച വലിയ മാന്ദ്യം നേരിട്ട കാലഘട്ടമായിരുന്നു 2012-13 മുതൽ 2015-16 വരെ. അത് യു.ഡി.എഫ്-ന്റെ ഭരണകാലമായിരുന്നു. ആഭ്യന്തര വരുമാന വളർച്ചാനിരക്ക് 2012-13-ൽ 6 ശതമാനവും 2013-14-ൽ 4.3 ശതമാനവും 2014-15-ൽ 3.8 ശതമാനവും 2015-16-ൽ 5.33 ശതമാനവും ആയിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്ന 2016-17-ൽ ആദ്യംതന്നെ നോട്ട് നിരോധനത്തിന്റെ ഭാഗമായി കനത്ത ആഘാതം ഏറ്റുവാങ്ങേണ്ടിവന്നു. എന്നിട്ടും വളർച്ചാനിരക്ക് 7.1 ശതമാനമായി ഉയർന്നു. 2017-18-ൽ നോട്ട് നിരോധനത്തിന്റെ ഫലങ്ങൾ പ്രത്യക്ഷപ്പെട്ടു. പക്ഷേ, നമുക്ക് വളർച്ചാനിരക്ക് 6.8 ശതമാനമായി നിലനിർത്താൻ കഴിഞ്ഞു. 2018-19-ൽ ആഭ്യന്തര വരുമാന വളർച്ചാനിരക്ക് 7.5 ശതമാനമായി ഉയർന്നു. മഹാപ്രളയം സൃഷ്ടിച്ച വലിയ ദുരന്തമുണ്ട്. ആ നാശനഷ്ടങ്ങളെ അതിജീവിച്ചുകൊണ്ടാണ് ഈ നേട്ടമുണ്ടാക്കിയത്. 2018-19-ലെ ദേശീയ വരുമാന വളർച്ച നമ്മൾ ഓർക്കണം. അത് 6.6 ശതമാനമായിരുന്നു. അപ്പോഴാണ് ഇവിടെ 7.5 ശതമാനമായത്. അതായത് 0.9 ശതമാനം ഉയർന്ന ആഭ്യന്തര വരുമാന വളർച്ച സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞു. ഉൽപ്പാദന മേഖലയിൽ 2018-19-ൽ സംസ്ഥാനത്തിന് 11.2 ശതമാനം വളർച്ചയാണ് നേടാൻ കഴിഞ്ഞത്. 2016-17-ൽ 7.8 ശതമാനമായിരുന്നു. നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതമുണ്ടായിട്ടും 2017-18-ൽ 9.2 ശതമാനമായി ഉയർന്നു. യു.ഡി.എഫ്. ഭരണകാലത്ത് 2013-14ൽ

4.7 ശതമാനം; 2014-15ൽ 2.9 ശതമാനം ഇതായിരുന്നു ഉൽപ്പാദന മേഖലയിലെ വളർച്ചാനിരക്ക്. അതിൽനിന്നാണ് 2018-19-ലെ റെക്കോർഡിൽ നാം എത്തിയത്. സർക്കാരിന്റെ ഇടപെടൽ ഏതൊക്കെ തരത്തിൽ ഫലപ്രദമാകുന്നു എന്നതിന്റെ വ്യക്തമായ സൂചനകളാണ് സാമ്പത്തിക രംഗത്ത് നമുക്ക് കാണാൻ കഴിയുന്നത്. ഒരു പരാതി അല്ലെങ്കിൽ ആരോപണം ഉയർന്നത് ധന കാര്യ ധൂർത്ത് ഇവിടെയുണ്ടെന്ന് പറഞ്ഞാണ്. 2006 മുതൽ 2011 വരെയുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 13.52 ശതമാനമായിരുന്നു. 2011-16കാലഘട്ടത്തിൽ 18.07 ശതമാനം ശരാശരി വളർച്ചയിലേയ്ക്കുയർന്നു. 2015-16-ൽ യു.ഡി.എഫ്. സർക്കാർ ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള ബാധ്യതകൾ ബാക്കിവച്ചാണ് അധികാരം വിട്ടൊഴിഞ്ഞത് എന്നത് പ്രത്യേകം ഓർക്കണം. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 മുതൽ 2018-19 വരെ റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 11.95 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അപ്പോൾ ധനധൂർത്തുണ്ടെന്ന പ്രചരണം ബോധപൂർവ്വമായ വ്യാജപ്രചരണം മാത്രമാണ്.

ആര് ഭരിച്ചാലും ഒരുപോലെയെന്ന് പറയുന്ന ഒരവസ്ഥ ചിലരുടെ ഭാഗത്തുണ്ട്. അവർ കണ്ണു തുറന്ന് കാണേണ്ട ചില സാമ്പത്തിക വിവരങ്ങൾ പറയാം. 2010-11-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരം വിട്ടപ്പോൾ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന വളർച്ച 23.25 ശതമാനമായിരുന്നു. ഇത് യു.ഡി.എഫ്. ഭരണത്തിന്റെ ആദ്യ രണ്ട് വർഷങ്ങൾ പിന്നിട്ട 2013-14-ൽ 6.38 ശതമാനമായി ഇടിഞ്ഞു. 23.25 ശതമാനത്തിൽ നിന്ന് 6.38 ശതമാനത്തിലേയ്ക്ക് വീണുവെന്നത് നമ്മൾ ഓർമ്മിക്കണം. അതിനുശേഷം യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ തനത് നികുതി വരുമാന വളർച്ച 10 ശതമാനമായിരുന്നു. പ്രത്യേകിച്ച് പ്രതിസന്ധികളൊന്നുമില്ലാത്ത കാലയളവായിരുന്നു ഇതെന്നത് പ്രത്യേകം പറയേണ്ടതില്ല. എന്നിട്ടാണ് ഇത്ര വലിയ തകർച്ചയുണ്ടായത്. നമ്മുടെ ഈ ഘട്ടമെടുത്താൽ നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പാക്കിയ ശേഷമുണ്ടായ നികുതിനിരക്കിലെ കുറവ്, ഓഖി ദുരന്തം, മഹാപ്രളയം, അതിനുശേഷമുണ്ടായ കാലവർഷക്കെടുതി തുടങ്ങിയവയ്ക്കെല്ലാമിടയിലാണ് എൽ.ഡി.എഫ്. സർക്കാർ തനത് നികുതി വരുമാനം താഴാതെ നിലനിർത്തിയത്. എല്ലാ അനുകൂല സാഹചര്യങ്ങളുമുണ്ടായിട്ടും യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വലിയ തകർച്ചയും എല്ലാ പ്രതികൂല സാഹചര്യമുണ്ടായിട്ടും എൽ.ഡി.എഫ്. ഭരണത്തിൽ വളർച്ചയുമുണ്ടായി. 2015-16-ൽ യു.ഡി.എഫ്. അധികാരം വിടുമ്പോൾ കരാർ കുടിശ്ശിക ബിൽ മുതൽ ശമ്പള പരിഷ്കരണംവരെ ബാക്കിവച്ചു. അങ്ങനെ യു.ഡി.എഫ്. സർക്കാരിന്റെ ധനകാര്യ നികുതി ഭരണ കെടുകാര്യസ്ഥതയുടെ ഭാരംകൂടി ഏറ്റെടുത്തുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാരിന് മുന്നോട്ട് നീങ്ങേണ്ടി വന്നത്. എന്നിട്ടാണ് ഇത്തരമൊരു നേട്ടമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞത്. അതോടൊപ്പം ജനങ്ങൾക്ക് സുതാര്യമായ ഭരണസംവിധാനവും പ്രദാനം ചെയ്തു. അത് ഏറ്റവും പ്രധാനമാണ്. പൊതുജനങ്ങളുടെ പരാതി പരിഹരിക്കാൻ കമ്പ്യൂട്ടർവത്കരിച്ച പുതിയ സംവിധാനമൊരുക്കി. പരാതി നൽകിയ വ്യക്തികൾക്ക് സമയബന്ധിതമായി മറുപടി നൽകാൻ ഏർപ്പാടാക്കി. 2016 ജൂൺ മുതൽ 2020 ആഗസ്റ്റ് അവസാന ആഴ്ച വരെ 290,459 പരാതികൾ ലഭിച്ചിട്ടുണ്ട്. 209,183 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായങ്ങളും ഇത്തരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെയും ഡയറക്ടറേറ്റുകളിലെയും ഫയലുകൾ തീർപ്പാക്കൽ മുറപോലെ എന്ന സമീപനം ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. ഫയൽ തീർപ്പാക്കൽ തീവ്രപരിപാടി നടപ്പാക്കുകയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് പുരോഗതി അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ശ്രദ്ധേയമായ വിധത്തിൽ ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

അധികാര വികേന്ദ്രീകരണവും ശക്തമായി സർക്കാർ മുന്നോട്ട് കൊണ്ടുപോകുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പദ്ധതി വിഹിതത്തിന്റെ 25 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്കായാണ് നീക്കിവച്ചത്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വപരമായ പങ്കാണ് വഹിക്കുന്നത്. അത് സംബന്ധിച്ച് പിന്നീട് പറയാം. അപ്പോൾ ഏത് കാര്യത്തിലാണ് ഈ ഗവൺമെന്റിൽ അവിശ്വാസം എന്നതിലാണ് പ്രശ്നം. പൗരത്വ നിയമഭേദഗതിക്കെതിരെ ആദ്യം പ്രമേയം അവതരിപ്പിച്ച സർക്കാർ ഇതാണ്. മതത്തിന്റെ പേരിൽ പൗരത്വ കാര്യത്തിൽ വിവേചനം വരുത്തുന്നതിനെ ധീരമായി ചോദ്യം ചെയ്ത സംസ്ഥാനം നമ്മുടേതാണ്. ഈ നിലപാടിൽ അവിശ്വാസമുണ്ടോ; വർഗ്ഗീയകലാപമില്ലാത്ത, സമുദായസൗഹാർദ്ദമുള്ള നാടായി കേരളത്തെ നിലനിർത്തുന്നു. അതിൽ അവിശ്വാസമുണ്ടോ; കേന്ദ്രം പൊതുമേഖലയെ വിറ്റഴിക്കുകയാണല്ലോ. അതിനെ സംരക്ഷിക്കുന്നതിനുള്ള നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസർഗോഡ് BHEL EML, കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഏറ്റെടുക്കാനുള്ള നടപടികൾ സംസ്ഥാനം സജീവമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട അനുമതികളിലെ കാലതാമസമാണ് ഏറ്റെടുക്കൽ വൈകിപ്പിക്കുന്നത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് വിട്ടുകിട്ടാൻ സംസ്ഥാന സർക്കാർ ശക്തമായ ഇടപെടലാണ് നടത്തുന്നത്. സർക്കാർ ഏറ്റെടുത്തുനൽകിയ 700 ഏക്കറോളം ഭൂമിയിലാണ് ആ സ്ഥാപനമുള്ളത്. ബുക് വാല്യു അടിസ്ഥാനത്തിൽ എച്ച്.എൻ.എൽ. ആസ്തികൾ ഏറ്റെടുക്കാൻ തയ്യാറാണെന്ന് 2018 ഒക്ടോബറിൽ നാം അറിയിച്ചു. പക്ഷേ, നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ അത് അനുവദിച്ചില്ല. ഇപ്പോൾ എച്ച്.എൻ.എൽ.-നായി ലേലത്തിൽ പങ്കെടുക്കാൻ തയ്യാറെടുത്തിരിക്കുകയാണ്. ഈ മാസം 26 ആണ് ഓഫർ സമർപ്പിക്കാനുള്ള അവസാന തീയതി. കിൻഫ്രയാണ് ബിഡ് സമർപ്പിക്കുന്നത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് നമ്മൾ ഏറ്റെടുക്കാൻ തയ്യാറാണെന്ന് നേരത്തേതന്നെ അറിയിച്ചു. തത്വത്തിൽ കേന്ദ്ര സർക്കാർ സമ്മതിക്കുകയും ചെയ്തു. സംസ്ഥാനം ഡ്രാഫ്റ്റ് എഗ്രിമെന്റ് തയ്യാറാക്കി നൽകി. സ്ഥാപനം സ്ഥിതിചെയ്യുന്ന പാലക്കാടുള്ള 600 ഏക്കറോളം ഭൂമിയുടെ വിലകൂടി ആസ്തിയായി കണക്കാക്കണമെന്ന നിലപാടാണ് കേന്ദ്രം ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഇതൊരു പ്രതിസന്ധിയാണ്. ആ പ്രതിസന്ധിയിൽത്തട്ടി അവസാന തീരുമാനം നീളുകയാണ്. . BHEL EML-ന്റെ 51 ശതമാനം ഓഹരികൾ . BHEL-ന്റേതാണ്, 49 ശതമാനം സംസ്ഥാനത്തിന്റേതും. രണ്ട് വർഷമായി ഈ കമ്പനി പ്രവർത്തിക്കുന്നില്ല. BHEL-ന്റെ 51 ശതമാനം ഓഹരി ഏറ്റെടുക്കാമെന്ന് സംസ്ഥാനം അറിയിച്ചിട്ടുണ്ട്. ആസ്തി നിർണ്ണയം നടത്തിയ സമിതി ആസ്തി ബാധ്യതകൾ ബുക് വാല്യു അടിസ്ഥാനത്തിൽ ഒരു രൂപ നിരക്കിൽ ഏറ്റെടുക്കാൻ തീരുമാനിച്ചു. BHEL ബോർഡ് ഈ തീരുമാനം അംഗീകരിച്ചു. കേന്ദ്ര അനുമതിയോടെ 51 ശതമാനം ഓഹരി കൈമാറാൻ തയ്യാറാണെന്ന് സംസ്ഥാനത്തെ അറിയിച്ചു. ഡ്രാഫ്റ്റ് എഗ്രിമെന്റ് ഇനിഷ്യേറ്റ് ചെയ്യുകയും ചെയ്തു. പക്ഷേ, തുടർനടപടികൾ കേന്ദ്രം വൈകിപ്പിക്കുകയാണ്. ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനായി 2018-ൽ കെ.എം.എം.എൽ.-ൽ നിന്നും വായ്പയായി 5 കോടി രൂപ നൽകി. റിയാബ് വഴി ഒരു കോടി രൂപയും ധനസഹായം നൽകി.

സർ, ഞാൻ പറയാൻ ശ്രമിച്ചത് ഇത്രയേയുള്ളൂ. കേന്ദ്ര സർക്കാർ പൊതുമേഖലയെ വിറ്റഴിക്കാൻ ശ്രമിക്കുമ്പോൾ നമ്മൾ പൊതുമേഖലയെ സംരക്ഷിക്കുകയാണ്; കേന്ദ്ര പൊതുമേഖലയെത്തന്നെ സംരക്ഷിക്കുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരത്തേ നഷ്ട

ത്തിലായിരുന്നു. എല്ലാവർക്കും അറിയാവുന്നതുകൊണ്ട് അതിന്റെ കണക്ക് ഞാൻ പറയുന്നില്ല. അത് നമ്മൾ ഇപ്പോൾ ലാഭത്തിലാക്കിയിരിക്കുന്നു. കേന്ദ്രത്തിൽ 8 ലക്ഷം തസ്തികകൾ ഒഴിഞ്ഞുകിടക്കുമ്പോഴാണ് നമ്മളിവിടെ 139,000-ത്തിലധികം യുവജനങ്ങൾക്ക് പി.എസ്.സി. വഴി നിയമനം നൽകുന്നത്. ഇക്കാര്യത്തിൽ സർക്കാരിനെ അവിശ്വസിക്കേണ്ട കാര്യമില്ലല്ലോ. നമ്മുടെ നാട്ടിലെ ജനങ്ങൾ സാമൂഹ്യസുരക്ഷയെ എങ്ങനെ കാണുന്നുവെന്നതാണ് നാം ചിന്തിക്കേണ്ടത്. ഇപ്പോൾ പ്രതിപക്ഷം സംസാരിക്കുമ്പോൾ ഇവിടെ അവിശ്വാസ പ്രമേയം പാസ്സാകുമെന്നല്ല ഞങ്ങൾ പ്രതീക്ഷിക്കുന്നതെന്ന് പറഞ്ഞു. ജനങ്ങളിലാണല്ലോ ഇവരും വിശ്വാസമർപ്പിക്കുന്നത്. അങ്ങനെയല്ലേ അവർ സാങ്കേതികമായി പറഞ്ഞത്. അപ്പോൾ ജനങ്ങൾ ഈ കാര്യങ്ങൾ അറിയട്ടെ. ഏത് ജനങ്ങൾക്കാണ് ഞങ്ങളിൽ അവിശ്വാസമെന്നാണ് ഞാൻ ചോദിക്കുന്നത്. സാമൂഹ്യസുരക്ഷയ്ക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകിയത്. അൻപത്തെട്ടര ലക്ഷം പേർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്യുന്നു. നേരത്തേ 600 രൂപയായിരുന്ന ക്ഷേമപെൻഷൻ ഇപ്പോൾ 1,300 രൂപയാക്കി. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. അത് വീട്ടിലെത്തുകയാണ്. പണം കയ്യിൽ വാങ്ങിയപ്പോൾ പല്ലില്ലാത്ത മോണ കാട്ടിയുള്ള ചിരി ഈയടുത്ത കാലത്ത് കണ്ടില്ലേ. നാടിന്റെ മനസ്സ് എങ്ങനെ നിൽക്കുന്നുവെന്നുള്ളതല്ലേ കുളിർമ. അതാണ് വിശ്വാസം. ഞങ്ങൾ നിങ്ങളിൽ അർപ്പിച്ചിട്ടുള്ള വിശ്വാസം നിങ്ങൾ നഷ്ടപ്പെടുത്തിയിട്ടില്ല എന്നതാണ് അവർ ഞങ്ങളോട് പറയുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പദ്ധതി വിഹിതം ജനസംഖ്യാനുപാതത്തേക്കാൾ കൂടുതലായി കൊണ്ടുവരാൻ നമുക്ക് സാധിച്ചു. കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 94 കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടക്കുകയാണ്. തൊഴിൽ ഉറപ്പു വരുത്തുന്നതിനായി 1715 പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് പരിശീലനം ആരംഭിച്ചിട്ടുണ്ട്. അവർക്ക് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പട്ടികജാതി വികസന വകുപ്പ് കഴിഞ്ഞ നാല് വർഷങ്ങളിൽ 17,177 ഭൂരഹിത കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങാൻ സഹായം നൽകി. പട്ടിക വിഭാഗക്കാരുടെ ഉന്നമനത്തിന് വിദ്യാഭ്യാസ പുരോഗതിയാണ് ഏറ്റവും പ്രധാനം. അതിൽ കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി 16,122 പഠനമുറികൾ നിർമ്മിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്.

പ്രവാസികളായ സഹോദരങ്ങളുടെ ക്ഷേമത്തിനുവേണ്ടി വൈവിദ്ധ്യമാർന്ന പദ്ധതികളാണ് ഈ ഘട്ടത്തിൽ നടപ്പിലാക്കാനായത്. മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള സാന്ത്വന, NDPREM (NORKA Department Project for Returned Emigrants) പദ്ധതികളിൽ നൂറുശതമാനം നേട്ടം കൈവരിക്കാനായി. എമർജൻസി ആംബുലൻസ് സർവ്വീസ്, ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ, എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി, പ്രവാസി ലീഗൽ അസിസ്റ്റന്റ് പദ്ധതി തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങൾ ഈ രംഗത്ത് സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദേശത്തുവച്ച് മരണമടയുന്ന പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കാനുള്ള പദ്ധതിക്കും തുടക്കംകുറിച്ചു. ഇത്തരത്തിൽ 14 പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിച്ചിട്ടുണ്ട്. ഇതൊക്കെ സർക്കാരിൽ ആ വിഭാഗത്തിന് വലിയ വിശ്വാസമുണ്ടാക്കുന്നതാണ്. ഇതിലാണോ അവിശ്വാസം? ഓഖിമൂലം പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കാൻ പ്രത്യേക പാക്കേജാണ് നടപ്പിലാക്കിയത്. ചരിത്രത്തിലെ ഏറ്റവും വലിയ സഹായം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കി. മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് സമുച്ചയം പണികഴിപ്പിച്ചു. ഇത്തരം പ്രവർത്തനങ്ങളിലാണോ അവിശ്വാസം? പ്രളയത്തിനുശേഷമുള്ള ഘട്ടത്തിൽപ്പോലും നെല്ലുത്പാദനത്തിൽ റെക്കോർഡ് നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചു.

ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് 170,000 ഹെക്ടർ സ്ഥലത്താണ് നെൽ കൃഷിയുണ്ടായിരുന്നത്. 2019-20 വർഷം 202,049 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്താനായി. കേരളീയർ കൃഷിയിലല്ല ശ്രദ്ധിക്കേണ്ടതെന്ന കാഴ്ചപ്പാടുണ്ടായിരുന്നു. അങ്ങനെയൊരു കാഴ്ച പ്പാട് ഉയർന്നുവന്ന ഘട്ടത്തെ മറികടന്നുകൊണ്ടാണ് ഇത്തരമൊരു നേട്ടം സംസ്ഥാനത്തിന് കൈ വരിക്കാനായത്. ഒരു പുതിയ കാർഷിക സംസ്കാരം നമ്മുടെ നാട്ടിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞു. അതിൽ കർഷകർ മാത്രമല്ല നാടാകെ തൽപ്പരരാണ്. അതാണ് ഇതിന്റെ പ്രത്യേകത. എല്ലാവരും കാർഷിക മേഖലയിലേയ്ക്ക് മാറിയിരിക്കുന്നു.

പാൽ, മുട്ട, പച്ചക്കറി ഇവയിലൊക്കെ സ്വയംപര്യാപ്തത ലക്ഷ്യം വച്ചുകൊണ്ടുള്ള നടപടി കൾക്ക് നേതൃത്വം കൊടുക്കുന്നു. 2017-18, 2018-19, 2019-20 വർഷങ്ങളിൽ ദേശീയ തലത്തിൽ പാലുത്പാദനത്തിലെ വളർച്ച 6.4 ശതമാനമായിരുന്നു. ദേശീയ വളർച്ച 6.4 ശതമാനമായപ്പോൾ നമ്മുടെ വളർച്ച 12.46 ശതമാനമായി. 2016-17-ൽ 4 ലക്ഷം ലിറ്റർ പാലാണ് ഇറക്കുമതി ചെയ്ത തെങ്കിൽ 2019-20-ൽ അത് ഒന്നര ലക്ഷം ലിറ്ററിൽ താഴെയായി. നമ്മൾ സ്വയംപര്യാപ്തതയുടെ വക്കിലെത്തിനിൽക്കുകയാണ്. ആ സർക്കാരിനെയാണോ നിങ്ങൾ അവിശ്വാസംകൊണ്ട് നേ രിടുന്നത്? ക്ഷീര കർഷകർ, അതുമായി ബന്ധപ്പെട്ടവർ എല്ലാവരും ഈ മാറ്റം കാണുകയല്ലേ; അവരിലെല്ലാം ഈ സർക്കാരിലുള്ള വിശ്വാസം വർദ്ധിച്ചിരിക്കുകയല്ലേ? പച്ചക്കറി ഉത്പാദന ത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള ശ്രമങ്ങൾ വിജയത്തിലേയ്ക്ക് അടുത്തു കൊണ്ടിരി ക്കുകയാണ്. 2015-16-ൽ പച്ചക്കറി ഉത്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണായിരുന്നു. 2018-19-ൽ അത് 12.12 ലക്ഷം മെട്രിക് ടണ്ണായി. ആ ഇരട്ടിക്കണക്ക് മാത്രമല്ല 2019-20 വർഷത്തെ പ്രാഥ മിക കണക്കെടുത്താൽ 15 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുണ്ട്. അതായത് 6.28 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 15 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് ഉയരാൻ പോവുകയാണ്. ഈ സർക്കാർ അധികാരമേൽക്കുന്ന ഘട്ടത്തിലുള്ളതിനേക്കാൾ ഇരട്ടിയിലധികം പച്ചക്കറി ഉത്പാദ നത്തിലേയ്ക്ക് കേരളം എത്തിനിൽക്കുന്നു. ഇതാണ് കേരളത്തിന്റെ മെച്ചം. ഇതെല്ലാം നമ്മുടെ അനുഭവത്തിലുള്ള കാര്യമാണ്. എല്ലാവരും വീട്ടുമുറ്റത്ത് ചെറിയ ഒരു പച്ചക്കറി തോട്ടമെങ്കിലും വേണമെന്ന പുതിയൊരു സംസ്കാരത്തിലേയ്ക്ക് എത്തിയില്ലേ? അതിൽ സർക്കാരിന്റെ അഭ്യർ ത്ഥന, സർക്കാർ നല്കിയ മുൻഗണന, കൃഷി വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ഇതെല്ലാം വലിയ സഹായകരമായി മാറിയില്ലേ, അതല്ലേ നാം കാണേണ്ടത്. ഇതൊക്കെ നിർത്താനല്ലല്ലോ നാം ഉദ്ദേശിക്കുന്നത്. കോവിഡ്-19 കാലം കാർഷികോത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെ ഒന്നുകൂടി ഓർമ്മപ്പെടുത്തുകയാ ണ് ചെയ്യുന്നത്. കോവിഡ്-19 ആയി, എല്ലാം തകർന്നുപോയി, ഒന്നും ചെയ്യാൻ കഴിയില്ലെന്ന മട്ടിൽ ഇരിക്കുകയല്ല ചെയ്യുന്നത്. ഇത്തരമൊരു പ്രതിസന്ധിഘട്ടത്തിൽ ഒരു സർക്കാർ എന്ത് ചെയ്യണം, ജനങ്ങളിലേയ്ക്ക് സർക്കാർ എങ്ങനെ ഇറങ്ങണം, അതിനാണ് ഞങ്ങൾ ശ്രമിച്ചത്. അതിന്റെ ഭാഗമായാണ് നമ്മൾ 'സുഭിക്ഷ കേരളം' പദ്ധതിക്ക് രൂപം കൊടുത്തത്. കോവിഡ്-19 ഒരു മഹാവ്യാധിയായി വളർന്നു എന്ന് വിചാരിക്കുക. അങ്ങനെ വന്നാലും ഒന്നും സംഭവിക്കാൻ പാടില്ലെന്ന ധാരണയിൽ തന്നെയാണ് സുഭിക്ഷ കേരളം പദ്ധതി തയ്യാറാക്കിയത്. നമുക്ക് കഴി യാവുന്ന രീതിയിൽ സ്വയംപര്യാപ്തത നേടാനാകും. ഇത് 3,860 കോടി രൂപയുടെ പദ്ധതിയാണ്. കൃഷിക്ക് മാത്രം 1,449 കോടി രൂപ നീക്കിവച്ചു. നേരത്തെ പറഞ്ഞതായതുകൊണ്ടും വല്ലാതെ അസഹിഷ്ണുത കാണിക്കുന്നതുകൊണ്ടും ഞാൻ ആ പദ്ധതിയുടെ വിശദാംശത്തിലേയ്ക്ക് പോകുന്നില്ല. ക്ഷീര വികസനത്തിന് 215 കോടി രൂപയും മൃഗസംരക്ഷണത്തിന് 118 കോടി രൂപയും നീക്കിവച്ചു. വീട്ടുവളപ്പിലടക്കം എല്ലാ വീടുകളിലും മത്സ്യ വളർത്തൽ കേന്ദ്രങ്ങൾ

വരാൻ പോകുകയാണ്, അതിന്റെ ഭാഗമായി 2078 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരളത്തിൽ വരാൻ പോകുന്ന മാറ്റം എത്ര വലുതായിരിക്കും. ഇക്കാര്യങ്ങളെല്ലാം നാടിനുവേണ്ടിയല്ലേ, നാടിന്റെ കാര്യമല്ലേ; ഇതിനാണോ അവിശ്വാസം; ഇവ നടപ്പാക്കാനല്ലേ നോക്കേണ്ടത്? കോവിഡ്-19 ഘട്ടത്തിൽ ഒരു പത്രസമ്മേളനത്തിൽ വച്ചാണ് ഇത് ആദ്യം പ്രഖ്യാപിക്കുന്നത്. എന്തായിരുന്നു നാടിന്റെ പ്രതികരണം? ആ ഘട്ടത്തിൽ കാർഷിക രംഗത്തേയ്ക്ക് എല്ലാവരുമിറങ്ങി കാര്യങ്ങൾ ചെയ്യുകയായിരുന്നു. ഗവൺമെന്റിനോടുള്ള വിശ്വാസം എത്രകണ്ട് ജനങ്ങളിൽ വേരൂന്നി എന്നതാണ് അതിലൂടെ പ്രകടമായത്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് നൽകുന്ന പ്രതികരണമാണ് ഇത്തരം കാര്യങ്ങളിൽ ജനങ്ങളിൽനിന്ന് ഇതുവരെ ഞങ്ങൾക്കുണ്ടായ അനുഭവം.

സ്വാഭാവികമായി ഇവിടെ മറ്റൊരു പ്രശ്നം വരുന്നത്, പച്ചക്കറിയും മറ്റ് കാർഷികോല്പന്നങ്ങളും വർദ്ധിക്കുന്നതിനാൽ സംഭരണത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചാണ്. സംഭരണത്തിന്റെ പ്രശ്നങ്ങളടക്കം മറികടക്കാനുള്ള കാർഷിക മുന്നേറ്റമാണ് സംസ്ഥാനത്ത് രൂപപ്പെടുത്താൻ പോകുന്നത്. അതിന് വിശദമായ പദ്ധതിയുണ്ട്. ഞാനിപ്പോൾ അതിലേയ്ക്ക് പോകുന്നില്ല. സമയം ദീർഘമായി പോകുന്നുവെന്ന് നിങ്ങൾ ഓർമ്മിപ്പിക്കുന്നതുകൊണ്ടാണ് പോകാത്തത്. വളരെ ആകർഷകമായ, ആളുകൾക്കെല്ലാം നല്ലതുപോലെ യോജിപ്പുള്ള ഒരു പദ്ധതിയാണത്. കാർഷിക മേഖലയിൽ കഴിയാവുന്നിടത്തെല്ലാം സ്വയംപര്യാപ്തത നേടുകയെന്നതാണ് നാം ഉദ്ദേശിക്കുന്നത്. ഈ ദുരന്തത്തിനിടയിലും സംസ്ഥാനം അത്തരത്തിലാണ് കാര്യങ്ങൾ നീക്കുന്നത്. ആ സർക്കാർ പുറത്തു പോകണമെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? ജനങ്ങൾ ഏതായാലും അത് ഉദ്ദേശിക്കുന്നില്ല. ജനങ്ങൾ ഈ സർക്കാരിന്റെ കൂടെത്തന്നെ നിൽക്കുകയാണ്. നേരത്തെ നടപ്പാക്കിയ സമ്പൂർണ്ണ വെളിയിട വിസ്സർജ്ജന വിമുക്തം എന്ന നില നേടാൻ നമുക്ക് കഴിഞ്ഞു. സ്ത്രീ സുരക്ഷ മുൻനിർത്തി ഷീ ലോഡ്ജ്, പിങ്ക് പട്രോൾ എന്നീ സംവിധാനങ്ങൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. പൊതുയിടങ്ങളെ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ട്. ഇതൊക്കെ ഓരോ വിഭാഗത്തിനും ഗവൺമെന്റിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്ന നടപടികളാണ്.

സർ, ജനസാന്ത്വന പരിപാടികളല്ലേ നടത്തിക്കൊണ്ടിരിക്കുന്നത്. വിവിധ തരത്തിലുള്ള പരിപാടികൾ ഞങ്ങൾ ഓരോ ആഴ്ചയിലും നടത്തിക്കൊണ്ടിരിക്കുകയല്ലേ? അപ്പോൾ അതുമായി ബന്ധപ്പെട്ട് ഒരു അങ്കലാപ്പും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് വേണ്ടതായിട്ടില്ല. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ ഫലപ്രദമായി സ്വീകരിച്ചുവരികയാണ്. കണ്ണൂർ വിമാനത്താവളം പ്രവർത്തനസജ്ജമാക്കാൻ നമുക്ക് കഴിഞ്ഞു. കൊച്ചി മെട്രോയുടെ വികസനം സാധ്യമാക്കി. കൊച്ചി വാട്ടർ മെട്രോ, മലബാർ ടൂറിസം, പിൽഗ്രിം ടൂറിസം, ഹെറിറ്റേജ് മ്യൂസിയം, സാംസ്കാരിക നിലയങ്ങൾ, സ്പോർട്സ് സ്റ്റേഡിയങ്ങൾ ഇവയെല്ലാം യാഥാർത്ഥ്യമാക്കും. അതുപോലെ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ലൈഫ് സയൻസസ് പാർക്ക്, ഏവിയേഷൻ പാർക്ക്, സ്പേസ് പാർക്ക്, പെട്രോകെമിക്കൽസ് പാർക്ക് ഇതെല്ലാം യാഥാർത്ഥ്യമാകുകയാണ്. ഗെയ്ൽ പൈപ്പ് ലൈൻ പൂർണ്ണമായി. എൽ.എൻ.ജി. ടെർമിനൽ, സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ ഇതെല്ലാം യാഥാർത്ഥ്യമാകും. ഇതിലാണോ അവിശ്വാസം? ഗെയ്ൽ പൈപ്പ് ലൈൻ പ്രത്യേകം ചൂണ്ടിക്കാട്ടേണ്ടതാണ്. പദ്ധതി ഉപേക്ഷിച്ചുവെന്ന് പറഞ്ഞാണ് ഗെയ്ൽ മടങ്ങിപ്പോകാൻ തീരുമാനിച്ചത്. അത് ഏതായാലും ബഹുമാനപ്പെട്ട പ്രതിപക്ഷം മറന്നുപോകാൻ ഇടയില്ല. അവിടെ നിന്നാണ് 444 കി.മീ. ദൈർഘ്യമുള്ള കൊച്ചി-മംഗലാപുരം പ്രകൃതി വാതക പൈപ്പ്ലൈൻ പൂർത്തീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിരിക്കുന്നത്. കഴിഞ്ഞ സർക്കാർ 40 കിലോമീറ്റർ മാത്രം പൈപ്പിട്ട സ്ഥാനത്ത് 4

വർഷംകൊണ്ട് 400 കിലോമീറ്ററിലധികം പൈപ്പ്ലൈനാണ് ഈ സർക്കാർ പൂർത്തീകരിച്ചത്. കൂടാതെ കൂറ്റനാട് മുതൽ വാളയാർ വരെയുള്ള 94 കി.മീ. പൈപ്പ്ലൈൻ ഒക്ടോബർ മാസത്തോടുകൂടി പൂർത്തീകരിക്കും. തടസ്സങ്ങൾ ഒരുപാടുണ്ടായെങ്കിലും എങ്ങനെയാണ് പരിഹരിക്കാൻ കഴിഞ്ഞത്. ജനങ്ങളെ വിശ്വാസത്തിലെടുത്ത് അവരോട് കാര്യങ്ങൾ പറയുകയാണ്. ജനങ്ങളെ വിശ്വാസത്തിലെടുത്ത് കേരളത്തിന്റെ സാമ്പത്തിക വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്ന ഈ പദ്ധതി നടപ്പാക്കുന്ന നിലയാണുണ്ടായത്. അതിലാണോ അവിശ്വാസം?

സംസ്ഥാനം വൈറോളജി മേഖലയിൽ ഗവേഷണത്തിന് ഊന്നൽ നൽകി ഒരു അന്തർദേശീയ സ്ഥാപനം യാഥാർത്ഥ്യമാക്കിയത് അഭിമാനകരമായ കാര്യമാണ്. അന്തർദേശീയ നിലവാരത്തിലുള്ള വലിയൊരു ലാബാണ് ഇതിന്റെ പ്രത്യേകത. ശാസ്ത്രജ്ഞർ, ടെക്നീഷ്യന്മാർ തുടങ്ങയവരുടെയെല്ലാം നിയമനപ്രക്രിയ പൂർത്തിയാകുകയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പൂർണ്ണമായ തോതിൽ പ്രവർത്തനസജ്ജമാകും. അന്തർദേശീയ വൈറോളജി നെറ്റ്വർക്കിൽ കേരളത്തിന് ഇടം നേടാൻ കഴിഞ്ഞിരിക്കുന്നു. അതിലാണോ അവിശ്വാസം?ദേശീയപാതാവികസനം നടക്കില്ലെന്ന് കണക്കാക്കിയതായിരുന്നല്ലോ. സ്ഥലമെടുപ്പ് ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ കിഫ്ബി വഴി വഹിച്ചെന്ന് ഞാൻ പറഞ്ഞു. തലപ്പാടി മുതൽ മുഴുപ്പിലങ്ങാട് വരെയുള്ള 4 റീച്ചിന് കേന്ദ്ര സർക്കാരിന്റെ സ്റ്റാന്റിംഗ് ഫിനാൻസ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. 10,000 കോടി രൂപയുടെ പദ്ധതിയാണ് ഇവിടെ നടപ്പാക്കുന്നത്. ഇതിൽത്തന്നെയുള്ള തലശ്ശേരി-മാഹി ബൈപ്പാസ് പ്രവൃത്തി പൂർത്തീകരിക്കുകയാണ്. നീലേശ്വരം-പള്ളിക്കര റെയിൽവേ മേൽപ്പാലം പദ്ധതിയും കഴക്കൂട്ടം ഫ്ലൈഓവറും അതിവേഗം പുരോഗമിക്കുന്നുണ്ട്. ആലപ്പുഴ ബൈപ്പാസ് അന്തിമഘട്ടത്തിൽ എത്തിക്കഴിഞ്ഞു. കൊല്ലം ബൈപ്പാസ് പൂർത്തീകരിച്ചു. ബോഡിമെട്ട്-മൂന്നാർ ദേശീയപാതയുടെ പ്രവൃത്തിയും ഈ വർഷത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ മുടങ്ങിക്കിടന്ന പദ്ധതികൾക്കെല്ലാം ജീവൻവയ്പ്പിച്ചതും അതെല്ലാം പൂർത്തീകരിക്കാൻ ശ്രമിക്കുന്നതിലുമാണോ അവിശ്വാസം? അതുപോലെ പ്രധാനമാണ് ദേശീയ ജലപാത. അത് കേരളത്തിന്റെ വികസനത്തിന് കുതിപ്പേകുമെന്ന് പറഞ്ഞുതുടങ്ങിയിട്ട് നാളേറെയായി. പക്ഷേ, ജലപാത പൂർത്തീകരണത്തിനുവേണ്ട ഉറച്ച കാൽവയ്പ് ഈ സർക്കാർ നടത്തി. ഈ ലക്ഷ്യം പൂർത്തീകരിക്കാനായി കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് - ക്വിൽ (KWIL) എന്ന പുതിയ കമ്പനിക്ക് സർക്കാർ രൂപം നൽകി. 2020-ൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. ഇതിലാണോ അവിശ്വാസം?

വ്യവസായ മേഖലയെ ശക്തിപ്പെടുത്താനുള്ള നടപടികൾക്ക് സർക്കാർ നേതൃത്വം കൊടുക്കുകയാണ്. പൊതുമേഖലയെ തകർത്ത് സ്വകാര്യവൽക്കരണത്തിന് വഴിയൊരുക്കുന്ന നയമല്ല സർക്കാർ സ്വീകരിച്ചത്. പൊതുമേഖലയെ സംരക്ഷിച്ചുകൊണ്ടുതന്നെ സ്വകാര്യ നിക്ഷേപത്തെ ആകർഷിക്കുക എന്ന നടപടിയിലേയ്ക്കാണ് സർക്കാർ നീങ്ങിയത്. കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷമായ 2015-16-ൽ സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടി രൂപയായിരുന്നു. തുടർച്ചയായ രണ്ടു പ്രളയങ്ങളുണ്ടായിട്ടും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ നിലനിർത്താനായി. കേന്ദ്രം വിറ്റഴിക്കാൻ തീരുമാനിച്ച സ്ഥാപനങ്ങളെ ഏറ്റെടുക്കാൻ നടത്തിയ നടപടി ഞാൻ നേരത്തെ പറഞ്ഞു. വ്യവസായ വികസനത്തിന് തടസ്സമായി വന്ന മറ്റൊരു ഘടകമായി പറഞ്ഞിരുന്നത് നിക്ഷേപത്തെ തടസ്സപ്പെടുത്തുന്ന വിധമുള്ള ചുവപ്പുനാടയെക്കുറിച്ചായിരുന്നു. അവ പരിഹരിക്കുന്നതിനും സംസ്ഥാന സർക്കാർ ശക്തമായി ഇടപെട്ടു. Ease of Doing Business-ൽ മാറ്റം

വരുത്തി നടപടി സ്വീകരിച്ചു. 30 ദിവസത്തിനകം അപേക്ഷകളിൽ തീരുമാനമില്ലെങ്കിൽ കല്പിത അനുമതിയായി കണക്കാക്കി അനുമതി നൽകും. മുൻകൂർ അനുമതിയില്ലാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങാം. ഇതിനായി കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം കൊണ്ടുവന്നു. നിയമം നിലവിൽ വന്ന് രണ്ടുമാസത്തിനകം മുൻകൂർ അനുമതിയില്ലാതെ 1300 സംരംഭങ്ങൾ തുടങ്ങി.

സർ, നമ്മൾ ധാരാളം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നതിനിടയിലാണ് 1300 സംരംഭങ്ങൾ പുതുതായി ഇതിന്റെ ഭാഗമായി ആരംഭിച്ചിരിക്കുന്നത്. ഇത് നമുക്ക് പൂർണ്ണമായി അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. ഈ മാറ്റത്തെത്തുടർന്ന് ദേശീയ തലത്തിൽ മികച്ച വ്യവസായ അന്തരീക്ഷമുള്ള സംസ്ഥാനങ്ങളിലൊന്നായി നീതി ആയോഗ് അടയാളപ്പെടുത്തിക്കഴിഞ്ഞു. നേരത്തെ നമ്മുടെ നാടിന് ഒരു പൊതുഅന്തരീക്ഷം ഉണ്ടായിരുന്നല്ലോ; ഇവിടെ നിക്ഷേപത്തിന് പറ്റിയ സ്ഥലമല്ല, എല്ലാ കാര്യത്തിനും വിവാദമാണെന്ന് പറഞ്ഞുകൊണ്ട് ഒരു ദുഷ്പേര് നമുക്കുണ്ടായിരുന്നു. ആ അന്തരീക്ഷമാണ് നമുക്ക് മാറ്റിയെടുക്കാൻ കഴിഞ്ഞത്. അനാവശ്യ വിവാദങ്ങളുയർത്തി ജനങ്ങളിൽ സംശയങ്ങളുണ്ടാക്കുന്ന നില സ്വീകരിക്കരുതെന്ന ഒറ്റ അഭ്യർത്ഥനയാണ് എനിക്കുള്ളത്. അത് നാടിന്റെ വികസനത്തിന് തടസ്സമായി വരുന്ന കാര്യമാണ്. അതു നമ്മൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഭരണപക്ഷത്തെ വിമർശിക്കേണ്ട കാര്യങ്ങളിൽ വിമർശിക്കാം. പക്ഷേ, നാടിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള അപവാദപ്രചരണമായി അത് മാറരുത്. ആരെങ്കിലും ഇവിടെ നിക്ഷേപത്തിന് വന്നാൽ അവരാകെ പ്രയാസത്തിലാകുമെന്ന അന്തരീക്ഷം സൃഷ്ടിക്കുവാൻ പാടില്ല. ഏതായാലും രാജ്യത്തുതന്നെ നല്ലൊരു നിക്ഷേപ സൗഹൃദനില വന്നിരിക്കുന്നുവെന്ന് കേരളത്തെ അടയാളപ്പെടുത്തി നീതി ആയോഗ് വ്യക്തമാക്കിയിട്ടുണ്ട്. വ്യവസായ വികസന മുന്നേറ്റം സൃഷ്ടിച്ചതിനാണോ ഈ സർക്കാരിൽ അവിശ്വാസം?

തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങളുടെ മുന്നിൽ ഞങ്ങൾ വച്ച വാഗ്ദാനങ്ങൾ ഓരോ വർഷവും എത്രത്തോളം നടപ്പിൽ വരുത്തിയെന്ന് പ്രഖ്യാപിക്കുന്ന പതിവ് ഇന്ത്യയിൽ ആദ്യമായി ആരംഭിച്ചത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ പിന്നെ അടുത്ത തെരഞ്ഞെടുപ്പ് വരെ തിരിഞ്ഞു നോക്കേണ്ട. അത്തരത്തിലുള്ള രേഖയായിട്ടാണ് പ്രകടന പത്രികയെ പലരും പരിഹാസരൂപത്തിൽ കണ്ടിരുന്നത്. ചില രാഷ്ട്രീയ നേതാക്കൾ തന്നെ അങ്ങനെ പറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതുശരിയല്ലെന്ന് വ്യക്തമായി തെളിയിച്ചു. 2016-ൽ അധികാരത്തിൽ വന്നശേഷം എല്ലാ വർഷവും സർക്കാർ ജനങ്ങൾക്ക് മുമ്പിൽ പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ട്. ഈ വർഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി നാല് വർഷത്തെ ഭരണം പൂർത്തിയാക്കിയ സാഹചര്യത്തിൽ, ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റിയത് സംബന്ധിച്ച പൊതു പ്രാധാന്യം അർഹിക്കുന്ന സംക്ഷിപ്ത രേഖ 'പ്രോഗ്രസ് റിപ്പോർട്ട്' എന്ന പേരിൽ സർക്കാർ പ്രസിദ്ധീകരിക്കുകയാണ്. ജനങ്ങൾക്ക് നൽകിയ 600 വാഗ്ദാനങ്ങളിൽ ഓരോന്നും അതിന്റെ ഉപവിഭാഗങ്ങളും പരിശോധിച്ചാണ് പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അത് പരിശോധിച്ചാൽ 30-ഓളം മാത്രമേ അവശേഷിക്കുന്നുള്ളൂ. അതിൽ പലതും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. സർക്കാരിന് ഇനിയും കാലയളവ് ഉണ്ടെന്നിരിക്കേ അവയെല്ലാം പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. ജനാധിപത്യ ചരിത്രത്തിലെ പുതിയ കാൽവയ്പ്പായി മാറിയിരിക്കുന്ന രേഖയാണിത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പിലാക്കിയെന്നതാണ് ഇതിൽ പരിശോധിച്ചിട്ടുള്ളത്. അവിശ്വാസ പ്രമേയം കൊണ്ടുവന്ന സാഹചര്യത്തിൽ എന്തെല്ലാം നടന്നുവെന്ന് ബഹുമാന

പ്പെട്ട പ്രതിപക്ഷ എം.എൽ.എ.മാരും വായിക്കുന്നത് നല്ലതാണെന്നുള്ളതുകൊണ്ട് ഇത് ഞാൻ കാണിക്കുകയാണ് (പിണറായി വിജയൻ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് എന്ന പുസ്തകം ഉയർത്തി കാണിച്ചു). ഇത് എല്ലാവർക്കും നൽകാനുള്ള നടപടി സ്വീകരിക്കാം. നമ്മുടെ രാജ്യത്തെ മതാധിഷ്ഠിത രാഷ്ട്രമാക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ നിലവിലുള്ള സർക്കാർ മതനിരപേക്ഷ മൂല്യങ്ങളാണ് മുറുകെപ്പിടിക്കുന്നത്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ ദളിതർ പീഡിപ്പിക്കപ്പെടുമ്പോൾ കേരളത്തിൽ അവർ അമ്പലങ്ങളിലെ ശാന്തിക്കാരായി നിയമിക്കപ്പെടുന്നുണ്ട്. രാജ്യത്ത് ചില പ്രത്യേക മതങ്ങളെ അന്യവത്കരിക്കാനുള്ള ശ്രമം നടക്കുമ്പോൾ സംസ്ഥാനത്ത് എല്ലാ മതവിഭാഗത്തിൽപ്പെട്ടവരെയും ഒരു മതവിഭാഗത്തിലും പെടാത്തവരെയും ചേർത്തുപിടിക്കുന്നു. ഇതിലാണോ അവിശ്വാസം?

ഭരണഘടനാ സ്ഥാപനങ്ങളെ ക്ഷയിപ്പിക്കാനുള്ള ശ്രമം രാജ്യത്താകെ നടക്കുന്നുണ്ട്. നാം ഭരണഘടനാ സ്ഥാപനങ്ങൾക്കുവേണ്ടിയാണ് നിലകൊള്ളുന്നത്. കേന്ദ്ര സർക്കാരിനെ ചലിപ്പിക്കുന്നവർ കോടതികളെ തങ്ങളുടെ ചൊൽപ്പടിക്ക് നിർത്താൻ ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. കേരളം ജുഡീഷ്യറിയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അത്യാധുനിക കോടതി സമുച്ചയങ്ങൾ പണികഴിപ്പിക്കുന്നു; ഇതിലാണോ അവിശ്വാസം? ഒട്ടുമിക്ക സംസ്ഥാനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ അട്ടിമറിക്കാൻ കേന്ദ്ര സർക്കാർ ശ്രമം നടത്തുന്നതായിട്ടാണ് രാജ്യത്ത് കാണുന്നത്. എം.എൽ.എ.മാരെ ചാക്കിട്ട് പിടിക്കുന്നു; പ്രതിപക്ഷത്തെ വേട്ടയാടുന്നു; എന്നാൽ കേരളത്തിലെ എല്ലാ പ്രധാന വിഷയങ്ങളിലും സർവ്വകക്ഷിയോഗം നടത്തുന്നു; പ്രതിപക്ഷനേതാവിനെ പൂർണ്ണ വിശ്വാസത്തിലെടുത്ത് സർക്കാർ പരിപാടികളുടെ ഭാഗമായി ഉൾക്കൊള്ളിക്കുന്നു; ജനാധിപത്യ മൂല്യങ്ങളെ ശക്തിപ്പെടുത്തുന്നു; രാഷ്ട്രീയ ഭിന്നസ്വരങ്ങളെ ഉൾക്കൊള്ളുന്നു. ഇതിലാണോ അവിശ്വാസം? കർഷകരുടെ ആവശ്യം അനുസരിച്ചുള്ള താങ്ങുവില നൽകാതെ കേന്ദ്രം കാർഷിക മേഖലയെയും കർഷകരെയും പ്രതിസന്ധിയിലാക്കുകയാണ്. കേരളത്തിൽ ഏറ്റവും ഉയർന്ന വിലനിരക്കിൽ കാർഷിക വിളകൾ സംഭരിക്കുകയാണ്. ചില കാര്യത്തിൽ അതിന്റെ ഭാഗമായുള്ള പരാതി വന്നത് ശ്രദ്ധിച്ചിട്ടുണ്ടാകും. ന്യായവിലച്ചന്തകൾ നടത്തി കർഷകർക്ക് മികച്ച വരുമാനം ഉറപ്പുവരുത്തുന്നു. ഇതിലാണോ അവിശ്വാസം?

കേന്ദ്രം വനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കാതെ ആദിവാസികൾക്ക് ഭൂമിയിന്മേലുള്ള അവകാശം അവഗണിക്കുമ്പോൾ കേരളം റെക്കോർഡ് പട്ടയ വിതരണമാണ് നടത്തുന്നത്. പുതിയ EIA (Environmental Impact Assessment) ഡ്രാഫ്റ്റ് പുറപ്പെടുവിച്ചുകൊണ്ട് കേന്ദ്രം പ്രകൃതിക്ക് ദോഷകരമായ നിലപാട് സ്വീകരിക്കുമ്പോൾ RKI (Rebuild Kerala Initiative)-ലൂടെ പ്രകൃതിക്ക് അനുയോജ്യമായ പുനർനിർമ്മാണം നടത്തുകയാണ് കേരളം. ഇതിലാണോ അവിശ്വാസം? ഗ്രാമസഭകളിൽവരെ കൈകടത്തുവാൻ കേന്ദ്രം ശ്രമിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗം 90 ശതമാനത്തിലധികമാക്കുന്നു. സംസ്ഥാനങ്ങളുടെ ജി.എസ്.ടി. വിഹിതം കേന്ദ്രം പിടിച്ചുവയ്ക്കുമ്പോൾപോലും കേരളം ജീവനക്കാർക്ക് അർഹതപ്പെട്ടത് നിഷേധിക്കുന്നില്ല. കേരളത്തിന് ലഭ്യമാകേണ്ട സഹായം കേന്ദ്രം തടയുമ്പോൾ അത്തരം സഹായങ്ങൾ നേടിയെടുക്കാൻ കേരളം നൂതന മാർഗ്ഗങ്ങൾ അവലംബിക്കുന്നു. ഇതിലാണോ അവിശ്വാസം?

സർ, അതുമായി ബന്ധപ്പെട്ടുള്ള നടപടികളിൽ ചില സാങ്കേതിക പ്രശ്നങ്ങൾകൂടി ഉണ്ടായിരുന്നു. ഗവൺമെന്റ് അതിന്റെ പിന്നാലെ തന്നെയുണ്ട്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നമ്മുടെ സംസ്ഥാനത്തിന് പ്രകൃതി ദുരന്തങ്ങളെ തുടർച്ചയായി നേരിടേണ്ടിവന്നു. അതിൽ നിന്ന് സംസ്ഥാനത്തെ കരകയറ്റുന്നതിനും ദുരിതത്തിൽ അകപ്പെടുന്ന

ജനങ്ങൾക്ക് ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന വിധത്തിലുള്ള സഹായം എത്തിക്കാനുമാണ് സർക്കാർ ശ്രമിച്ചത്. അതിലാണോ അവിശ്വാസം? അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ് കേരളത്തിന്റെ പ്രധാന പ്രശ്നമായി വിലയിരുത്തപ്പെടുന്നത്. ഇത് പരിഹരിക്കുന്നതിന് ഐ.ടി. പോലുള്ള മേഖലയിലെ വികസനം ഏറെ പ്രധാനമാണ്. ഈ സർക്കാർ അതിനുതകുന്ന കാഴ്ചപ്പാട് അനുസരിച്ച് പ്രവർത്തിക്കുകയായിരുന്നു. ഐ.ടി. സ്പേയ്സിൽ 5,244,000 സ്ക്വയർ ഫീറ്റ്  വർദ്ധനവുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഐ.ടി. പാർക്കുകളിൽ 292 പുതിയ കമ്പനികൾ എത്തിച്ചേർന്നു. നിസാൻ, എയർബസ്, ടെക് മഹീന്ദ്ര, ടൊറാനെറ്റ്, എച്ച് & ആർ ബ്ലോക്ക്, ടോറസ് തുടങ്ങിയ വൻകിട കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ചെറുപ്പക്കാർക്ക് വിവരസാങ്കേതിക വിജ്ഞാന മേഖലകളിൽ തൊഴിൽ ലഭ്യമാക്കി. സ്റ്റാർട്ടപ്പുകളിലെ ഇടപെടലുകൾ വലിയ ഫലം കണ്ടിരിക്കുകയാണ്. കേരളത്തിലെ സ്റ്റാർട്ടപ്പുകളിൽ അന്തർദേശീയ അംഗീകാരം നേരിടുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്.

2011-2016-ൽ 300 സ്റ്റാർട്ടപ്പുകളാണ് പ്രവർത്തിച്ചത്. എന്നാൽ നാല് വർഷക്കാലയളവിലത് 2200 ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. സ്റ്റാർട്ടപ്പുകളുണ്ടാക്കിയ നിക്ഷേപം 2011-2016-ൽ 207കോടി രൂപ ആയിരുന്നുവെങ്കിൽ 2016-2020-ൽ 1200 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ സാധിച്ചു. സ്റ്റാർട്ടപ്പുകൾക്ക് 2011-2016 കാലയളവിൽ കോർപ്പസ് ഫണ്ടിൽനിന്നും തുകയൊന്നും ലഭിച്ചില്ല. എന്നാൽ ഈ സർക്കാരിന്റെ ഭരണകാലത്ത് 739 കോടി രൂപ ഈ വകയിൽ ലഭ്യമായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഇത്തരമൊരു കുതിച്ചുചാട്ടം ഉണ്ടാക്കിയിരിക്കുന്നു. അതാണോ സർക്കാരിനെതിരായ അവിശ്വാസത്തിന് കാരണം? തെരഞ്ഞെടുക്കപ്പെട്ട പൊതുസ്ഥലങ്ങളിൽ സൗജന്യമായി ഇന്റർനെറ്റ് ലഭ്യമാകുന്ന 2000 പബ്ലിക് വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സജ്ജീകരിക്കാൻ തയ്യാറാകുകയാണ്. സാധാരണക്കാർക്ക് സൗജന്യമായി ലഭ്യമാകുന്ന കെ-ഫോൺ പദ്ധതി അതിവേഗം പുരോഗമിക്കുകയാണ്. കെ-ഫോൺ പദ്ധതി നടപ്പാക്കാനായി അതിന്റെ നിർവ്വഹണ കരാർ ഏറ്റെടുത്തിട്ടുള്ളത് ഭാരത സർക്കാരിന്റെ നവരത്ന വിഭാഗത്തിൽപ്പെടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും മിനിരത്ന ഒന്നാം വിഭാഗത്തിൽപ്പെടുന്ന റെയിൽടെൽ കോർപ്പറേഷനും നേതൃത്വം നൽകുന്ന കൺസോർഷ്യമാണ്. ടെണ്ടർ നടപടികളിലൂടെയാണ് അവർ ഇതിന്റെ നിർവ്വഹണ കരാർ ഏറ്റെടുത്തിട്ടുള്ളത്. ഈ കൺസോർഷ്യത്തിൽ ടെലികോം മേഖലയിൽ സോഫ്റ്റ്വെയർ  നിർമ്മിക്കുന്ന എസ്.ആർ.ഐ.റ്റി. എന്ന സ്വകാര്യ സ്ഥാപനവും കൊറിയ ആസ്ഥാനമായി ടെലികോം കേബിളുകൾ നിർമ്മിക്കുന്ന എൽ.എസ്. കേബിൾ എന്ന ആഗോള കമ്പനിയും അംഗങ്ങളാണ്. കെ-ഫോൺ നെറ്റ്വർക്ക് 14 ജില്ലകളെയും ഒരു കോർ റിംഗ് വഴി ബന്ധിപ്പിക്കും. ഈ കോർ റിംഗിന്റെ ഭാഗമായി 14 ജില്ലകളിലും PoP (Point of Presence) സ്ഥാപിക്കപ്പെടും. ഈ കോർ PoP-കൾ 110, 220, 400 കെ.വി. വഴി സ്ഥാപിക്കുന്ന ഒപ്റ്റിക്കൽ ഫൈബർ കേബിൾ കോർ റിംഗ് വഴി ബന്ധിപ്പിക്കും. കെ.എസ്.ഇ.ബി.എൽ-ന്റെ 378 സബ് സ്റ്റേഷനുകൾ പ്രീഫാബ് ഷെൽട്ടറിനുള്ളിൽ ടെലികോം ഉപകരണങ്ങൾ  സ്ഥാപിക്കും. ഈ ശൃംഖലയിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ മോണിറ്റർ ചെയ്യാൻ എറണാകുളത്ത് ഒരു നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കും. ഇതിനുപുറമെ നെറ്റ്വർക്കിന്റെ 100 ശതമാനം ലഭ്യത ഉറപ്പാക്കാൻ റിംഗ് ആർക്കിടെക്ചർ സംവിധാനം വഴി കോർ റിംഗിലും അക്സസ് നെറ്റ്വർക്കിലും പ്രീ-അഗ്രഗേഷൻ റിംഗുകളും സ്ഥാപിക്കും. അവയെ അഗ്രഗേറ്റ് PoP-കൾ വഴി ബന്ധിപ്പിക്കുകയും ചെയ്യും. 52,000 കിലോമീറ്റർ ഫൈബർ നെറ്റ്വർക്കാണ് ആകെ സ്ഥാപിക്കുന്നത്. ബാൻഡ്വിഡ്ത്ത് കപ്പാസിറ്റി (bandwidth capacity) ആദ്യ ഘട്ടത്തിൽ 400 ജി.ബി.പി.എസ്. ആയിരിക്കും. 52,000 കിലോമീറ്റർ ഫൈബർ

നെറ്റ്‌വർക്കാണ് കേരളത്തിൽ സ്ഥാപിക്കാൻ പോകുന്നത്. കേബിൾ ഓപ്പറേറ്റർമാർ, ടെലികോം ഓപ്പറേറ്റർമാർ, ഇന്റർനെറ്റ് സർവ്വീസ് ലഭ്യമാക്കുന്നവർ, കണ്ടന്റ് ലഭ്യമാക്കുന്ന കമ്പനികൾ ഇവയ്ക്കെല്ലാം തുല്യ അവസരം നൽകുന്ന ഒപ്റ്റിക്കൽ ഫൈബർ കേബിൾ നെറ്റ്‌വർക്കാണ് കെ-ഫോൺ ലക്ഷ്യമിടുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, സ്റ്റാർട്ട്അപ്, സ്മാർട്ട് സിറ്റികൾ തുടങ്ങിയ മേഖലകളിൽ കൂടുതൽ വികസന സാധ്യതകൾക്ക് കെ-ഫോൺ വഴിയൊരുക്കും. ഗ്രാമങ്ങളിലെ ചെറുകിട സംരംഭങ്ങൾക്കും ഇ-കൊമേഴ്സ് സൗകര്യം ഉപയോഗിക്കാനാകും. സർക്കാർ സേവനങ്ങളായ ഇ-ഹെൽത്ത്, സ്മാർട്ട് ക്ലാസ്സ് റൂം, ഇ-ഡിസ്ട്രിക്ട് തുടങ്ങിയവയ്ക്ക് ഇതിലൂടെ കൂടുതൽ ബാൻഡ് വിഡ്ത്ത് സൗകര്യം നൽകി കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഇത് സഹായിക്കും. ജയിലും കോടതിയും തമ്മിലുള്ള വീഡിയോ കോൺഫറൻസ് മാതൃകയിൽ ആവശ്യമുള്ള കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഉയർന്ന നിലവാരമുള്ള വീഡിയോ കോൺഫറൻസ് സൗകര്യം, ഗതാഗത മേഖലയിലെ മാനേജ്മെന്റ് കാര്യക്ഷമമാക്കാൻ സഹായകമായ ഉയർന്ന നിലവാരമുള്ള വീഡിയോ ക്യാമറ ശൃംഖല ഇതെല്ലാം ഇതിലൂടെ സാധ്യമാകും. കെ-ഫോൺ പദ്ധതി കേരളത്തിലുടനീളം ഒരു ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖല സൃഷ്ടിക്കുന്നതാണ്. ഈ പദ്ധതി നിലവിലുള്ള ഇന്റർനെറ്റ് ദാതാക്കളെ ഒരുതരത്തിലും ദോഷകരമായി ബാധിക്കുന്നതല്ല. അതേസമയം കേരളത്തിലുടനീളമുള്ള എല്ലാ ഇന്റർനെറ്റ് ദാതാക്കൾക്കും കെ-ഫോൺ വഴി മികച്ച സേവനം നൽകാൻ കഴിയും. നിലവിലുള്ള മൊബൈൽ ടവറുകളിൽ ഏതാണ്ട് 20 ശതമാനം മാത്രമെ ഫൈബർ നെറ്റ്‌വർക്ക് വഴി ബന്ധിപ്പിക്കപ്പെട്ടിട്ടുള്ളൂ. കെ-ഫോൺ പൂർത്തിയാകുന്നതോടെ എല്ലാ മൊബൈൽ ടവറുകളും ഫൈബർ ശൃംഖല വഴി ബന്ധിപ്പിക്കാനാകും. ഇതുവഴി ഇന്റർനെറ്റ്, മൊബൈൽ സേവന ഗുണമേന്മ വർദ്ധിപ്പിക്കാൻ കഴിയും.

സർ, ഞാൻ എതിർക്കാൻവേണ്ടി പറയുകയല്ല. സാധാരണഗതിയിൽ ഇതിൽ പ്രയാസം സൃഷ്ടിക്കാനിടയുള്ളത് റിലയൻസിനാണ്. ഇത്തരത്തിലൊരു നെറ്റ്വർക്ക് ഉണ്ടാക്കണമെന്ന താല്പര്യം റിലയൻസിനുണ്ട്. അവർ അവരുടെ രീതിയിൽ നടത്തട്ടെ. നമുക്ക് നമ്മുടേതായ പദ്ധതി നടപ്പാക്കുന്നതിന് വേറൊരു വിഷമവുമില്ല. നമുക്കത് നടപ്പാക്കാം. അതിനോട് അങ്ങും യോജിക്കുന്നതാണ് നല്ലത്; അതിന് സഹകരിക്കുകയാണ് വേണ്ടത്. കാരണം, ഇത് നാട്ടിൽ വിപ്ലവകരമായ മാറ്റമായിരിക്കും വരുത്തുന്നത്. ഇന്റർനെറ്റ് ഒരു അവകാശമായി എല്ലാവർക്കും കൊടുക്കുകയാണ്. ഏതൊരു ഗ്രാമത്തിലെ വീട്ടിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാകും. ചെറുകിട കേബിൾ ടി.വി. സംരംഭകരെ പരിഗണിക്കുമോ എന്നുള്ള സംശയം ഇവിടെ വരുന്നുണ്ട്. ചെറുകിട കേബിൾ ടി.വി. സംരംഭകരെ തീർച്ചയായും പരിഗണിക്കും. കേരളത്തിലെ ചെറുകിട കേബിൾ ടി.വി. സംരംഭകർക്ക് മുൻഗണന നൽകുന്ന രീതിയിൽത്തന്നെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കെ.എസ്.ഇ.ബി.എൽ-ന് 49 ശതമാനം പങ്കാളിത്തമുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാണ് കെ-ഫോൺ പദ്ധതി നടപ്പാക്കുന്നത്. അപ്പോൾ ഇതിലുണ്ടാകുന്ന ലാഭത്തിന്റെ 49 ശതമാനം കെ.എസ്.ഇ .ബി.എൽ-നുകൂടി ലഭിക്കുന്നതാണ്. ഇതിനുപുറമെ കെ.എസ്.ഇ.ബി.എൽ-ന്റെ പോസ്റ്റുകൾ ഉപയോഗിക്കുമ്പോൾ അതിനുള്ള വാടകയും അവർക്ക് ലഭിക്കും. കെ.എസ്.ഇ.ബി.എൽ.ന്റെ 70-80 ശതമാനത്തോളം പോസ്റ്റുകളാണ് കെ-ഫോൺ ഉപയോഗിക്കുന്നത്. അതോടെ കെ.എസ്.ഇ.ബി.എൽ-ന്റെ കമ്പ്യൂട്ടർ അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനമായ SCADA (Superviosry Control and Data Acquisition)-യെ ശക്തിപ്പെടുത്തുന്നതിനുള്ള നെടുംതൂണായി പ്രവർത്തിക്കാനും റിമോട്ട് മീറ്ററിംഗ്, ഓട്ടോമാറ്റിക് ബില്ലിംഗ് തുടങ്ങിയവ സാധ്യമാക്കാനും സാധിക്കും.

സംസ്ഥാനത്തുടനീളം എല്ലാ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളെയും ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് സൗകര്യം ലഭിക്കും. കോർ ആക്സസ് നെറ്റ്വർക്കുകളിൽ കെ.എസ്.ഇ.ബി.എൽ-ന് മാത്രമായി ലഭിക്കുന്ന ഫൈബർ സംവിധാനം സ്മാർട്ട് മീറ്ററിംഗ് സൗകര്യം നടപ്പാക്കാനും സാധ്യതയൊരുക്കും. 2019 മാർച്ചിൽ ടെണ്ടർ അവാർഡ് ചെയ്യുമ്പോൾ രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. മെച്ചപ്പെട്ട പ്രവർത്തന ഏകോപനംവഴി 2020 ഡിസംബർ മാസത്തോടെ ഇത് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്റർനെറ്റ് രംഗത്ത് വലിയ മാറ്റമുണ്ടാക്കുന്ന ഒന്നാണ് കെ-ഫോൺ പദ്ധതി. അതോടൊപ്പം സംസ്ഥാനത്ത് ഒരു ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് രൂപംകൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇതിലൊക്കെയാണോ അവിശ്വാസമുള്ളത്? കേരളം നേരിടുന്ന ചരിത്രപരമായ വെല്ലുവിളികളുടെയും പ്രതിസന്ധികളുടെയും നടുവിൽപ്പോലും നമ്മുടെ സമ്പദ്വ്യവസ്ഥയെ മുന്നോട്ട് കുതിപ്പിക്കാൻ പ്രാപ്തമാക്കിയിട്ടുണ്ട്. കേരള സമൂഹത്തെ പുരോഗമനപരമായി നിലനിർത്താനായിട്ടുണ്ട്. ഭാവിക്ക് അനുയോജ്യമായ രീതിയിൽ കേരളം കെട്ടിപ്പെടുക്കാനുള്ള ശ്രമവും നാം നടത്തുന്നുണ്ട്. ഇതിലൊക്കെയാണോ അവിശ്വാസമുള്ളത്?

ഇക്കഴിഞ്ഞ നാല് വർഷങ്ങൾകൊണ്ട് വിസ്മയാവഹമായ നേട്ടങ്ങളാണ് നാം നേടിയിരിക്കുന്നത്. ഇത് ദേശീയ അന്തർദ്ദേശീയ തലത്തിൽത്തന്നെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കേരളം പല കാര്യങ്ങളിലും മാതൃകയായി മാറിയിട്ടുണ്ട്. എത്രയോ കാര്യങ്ങളിൽ നമ്പർ വൺ എന്ന തലത്തിലേയ്ക്ക് കേരളം ഉയർത്തപ്പെട്ടു. കേരളം നമ്പർ വൺ ആകുന്നതിൽ നമുക്കെല്ലാം അഭിമാനമാണ്. നിർഭാഗ്യവശാൽ അങ്ങനെ അഭിമാനിക്കുന്നവരുടെ നിരയിൽ പ്രതിപക്ഷത്തെ കാണുന്നില്ലെന്നതാണൊരു പ്രത്യേകത. 'കേരളം നമ്പർ വൺ' എന്ന വാക്കുതന്നെ അവരെ വല്ലാതെ അസ്വസ്ഥപ്പെടുത്തുകയാണ്. സത്യത്തിൽ ഈ നേട്ടങ്ങളാണ് പ്രതിപക്ഷത്തിന്റെ മന:സമാധാനം കെടുത്തുന്നത്. ആ മനഃസമാധാനം കെടുന്ന അവസ്ഥയിൽ നിന്നാണ് പല മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത്. അതിലൊന്നാണ് ഈ അവിശ്വാസ പ്രമേയം. ഈ വർഷം നടപ്പാക്കുന്ന പന്ത്രണ്ടിന പരിപാടിയെക്കുറിച്ചും ചുരുക്കമായി പറയേണ്ടതായിട്ടുണ്ടെന്നാണ് തോന്നുന്നത്. അതിലൊന്ന്, സംസ്ഥാനത്ത് ജില്ലാതലത്തിലും അതേസമയം താലൂക്കുതലത്തിലും ജില്ലാ കളക്ടർമാർ നടത്തുന്ന പരിഹാര അദാലത്തുകൾ സംബന്ധിച്ചാണ്. മേയ് 26-ാം തീയതി കോഴിക്കോട് ആദ്യത്തെ അദാലത്ത് നടത്തി. ഇതിനകം 14 ജില്ലകളിലായി 66 ഇ-അദാലത്തുകൾ നടത്തിയിട്ടുണ്ട്. 3426 പരാതികൾ ലഭ്യമായതിൽ 1885 പരാതികളിൽ (55.02 ശതമാനം) തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇത് തുടർന്നും നടന്നുവരുന്നുണ്ട്. അതുപോലെ എല്ലാവരും പങ്കെടുത്ത മറ്റൊരു പരിപാടിയാണ് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടി. കൃഷി വകുപ്പും വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഏകോപിച്ചാണ് ഈ പരിപാടി നടത്തുന്നത്. ജൂൺ 5-നാണ് പരിപാടി ആരംഭിച്ചത്. ഈ വർഷം ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാണ് തീരുമാനിച്ചത്. എഴുപത്തിയഞ്ച് ലക്ഷം ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. സെപ്റ്റംബർ അവസാനത്തോടെ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാകും. അപ്പോൾ നട്ടുപിടിപ്പിക്കുക മാത്രമല്ല, പരിപാലനത്തിനും തുല്യ പ്രാധാന്യം നൽകുന്ന പരിപാടിയാണ്. ഇതിനായി നാടാകെ സജ്ജമായിട്ടുണ്ട്. വാർഡ് മെമ്പർ, കൃഷി അസിസ്റ്റന്റ്, കുടുംബശ്രീ, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ പ്രതിനിധികൾ എന്നിവരടങ്ങിയ വാർഡുതല സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാന വർദ്ധനവിന് സഹായകരമായ ഒന്നാണ്.

അതുപോലെയൊന്നാണ് എല്ലാ റോഡുകളിലും ഇടനാഴികളിലും എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. ഈ പദ്ധതി നടപ്പാക്കാനുള്ള ചർച്ചകൾ പൂർത്തിയായി;

സർക്കാർ ഉത്തരവിറങ്ങിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി വേഗത്തിൽ നടപ്പാക്കും. ആദ്യഘട്ടം 2021 ഫെബ്രുവരിയിൽ പൂർത്തിയാകും. 150 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി ആദ്യം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 2020 ഡിസംബറിൽ എല്ലാ റോഡുകളും മെച്ചപ്പെട്ട രീതിയിൽ പുനർനിർമ്മിക്കും. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി സി.എം.ഡി.ആർ.എഫ്.-ൽനിന്നും 961 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ഈ പരിപാടി നടപ്പാക്കിവരികയാണ്. 1592 ടെണ്ടറുകൾ ഒന്നാംഘട്ടത്തിൽ ക്ഷണിക്കപ്പെട്ടു. 734 എണ്ണത്തിൽ എഗ്രിമെന്റ് വയ്ക്കാൻ സാധിച്ചു. രണ്ടാം ഘട്ടത്തിൽ 1628 ടെണ്ടറുകൾ ക്ഷണിച്ചു. 443 എണ്ണത്തിൽ എഗ്രിമെന്റ് വച്ചു. 2020-ഡിസംബറിൽ പ്രകൃതി ദുരന്തത്തിൽ തകർന്ന റോഡുകൾ മെച്ചപ്പെട്ട രീതിയിൽ പുനർനിർമ്മിക്കുകയും ചെയ്യും. ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു പരിപാടി ആ വേഗതയിൽ മുന്നോട്ടുപോകുവാൻ കഴിയാതെ വന്നിട്ടുണ്ട്. സംസ്ഥാനത്ത് മൂവായിരം പേർക്ക് ഒരു ടോയ്‌ലറ്റ് എന്ന നിലയിൽ 12000 ടോയ്‌ലറ്റുകൾ, ഒപ്പം ബങ്കുകൾ നിർമ്മിക്കുക, ക്ലീനിംഗ്, വാട്ടർ സപ്ലൈ ഇതെല്ലാം ഉണ്ടാകണമെന്ന് കണ്ടിരുന്നു. കോവിഡ്-19-നു ശേഷമുള്ള സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ തോതിലുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടിവന്നത്. വലിയ സാമ്പത്തിക ബാധ്യതയുമുണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ പരിപാടി ഘട്ടംഘട്ടമായി മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. കാരണം അത്രയ്ക്ക് ഭാരം അവരുടെ തലയിലുണ്ട്. ഇപ്പോൾ നല്ല നിലയിലല്ലാത്ത പൊതുശൗചാലയങ്ങളുടെ ഗുണനിലവാരം ഉയർത്തി ആദ്യഘട്ടത്തിൽ പുനർനിർമ്മാണം നടത്തും. കെ.എസ്.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ മുമ്പോട്ടുപോകുന്നുണ്ട്. അടുത്ത ഘട്ടത്തിൽ നിലവാരമുള്ള പുതിയ പൊതുശൗചാലയങ്ങൾ നിർമ്മിക്കും. 3000 പേർക്ക് ഒരു ടോയ്‌ലറ്റ് എന്ന രീതിയിൽ നിർമ്മിക്കാനുള്ള നടപടികൾ പിന്നീട് സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വഴിയോര സൗകര്യങ്ങളെ (wayside amenities) സംബന്ധിച്ച് ഒരു ആരോപണം ഉന്നയിച്ചിരുന്നു. സാധാരണഗതിയിൽ സംസ്ഥാനത്തെ റോഡുകളുടെ കാര്യമെടുത്താൽ, ആളുകൾക്ക് യാത്രാമധ്യേ എവിടെയെങ്കിലും കയറിനിൽക്കാൻ ഒരു സ്ഥലമില്ല, പ്രത്യേകിച്ചും സ്ത്രീകൾക്ക്. അവർ യാത്രകൾക്കിടയിൽ വലിയ വിഷമം അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുകയെന്നത് പ്രധാന കാര്യമാണ്. അതിനുള്ള ഒരു പദ്ധതിയുടെ ഭാഗമായിട്ടാണ് wayside amenities ഒരുക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നേരത്തെ അതിന്റെ കാര്യങ്ങൾ പറഞ്ഞിരുന്നു. ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. സെപ്റ്റംബർ മാസത്തിൽ ടെണ്ടർ തുറക്കാനാകുമെന്നാണ് വിശ്വസിക്കുന്നത്. അത് ഏതെങ്കിലും ആളുകളെ കണ്ടിട്ടുള്ള പരിപാടിയല്ല; പൊതുപരിപാടിയുടെ ഭാഗമാണ്. അതിൽ ഐ.ഒ.സി. (ഇന്ത്യൻ ഓയിൽ കോർപറേഷൻ) പോലുള്ള സ്ഥാപനങ്ങൾ വരുന്നതിന് കാരണം പെട്രോൾ ബങ്ക് അടക്കം സ്ഥാപിക്കാൻ അനുയോജ്യമായ ചില സ്ഥലങ്ങളുണ്ടാകും. കുറച്ചുകൂടി വിശാലമായ സ്ഥലമാണെങ്കിൽ അവിടെ പെട്രോൾ ബങ്ക് അടക്കം സ്ഥാപിക്കാനാകും. ഒരു കഫറ്റേറിയയും മറ്റ് സൗകര്യങ്ങളുമുണ്ടാകും. കേരളത്തിന് പുറത്തുപോയാൽ ചില സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള സൗകര്യങ്ങൾ കാണാനാകും. ഇപ്പോൾ രാജ്യത്തുതന്നെ അത്തരം പരിപാടികൾ നടപ്പാക്കുന്നുണ്ട്. ഈ പരിപാടി നമ്മുടെ നാടിന് വലിയ സൗകര്യങ്ങളൊരുക്കുന്ന ഒന്നാണ്. അതാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

അതോടൊപ്പം പെട്രോൾ ബങ്കുകളിലെ ടോയ്‌ലറ്റ് എല്ലാവർക്കും ഉപയോഗിക്കാനുള്ള അവസരം ഉണ്ടാക്കണമെന്നുള്ള ഒരു നിലപാട് എടുത്തിട്ടുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ

അവിടെ പെട്രോൾ അടിക്കാൻ പോകുന്നവർക്കേ അത് ഉപയോഗിക്കാൻ സാധിക്കൂ. അക്കാര്യം കമ്പനികളുമായി സംസാരിച്ചിട്ടുണ്ട്. അവർ അതിന് സമ്മതം രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റൊരു പ്രധാന കാര്യമാണ് യൂത്ത് ലീഡർഷിപ്പ് അക്കാദമി. ശ്രീ.അമിത് മീണ ഐ.എ .എസ്-നെയാണ് അതിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുള്ളത്. സംസ്ഥാനത്തെ യുവാക്കളിൽ ലീഡർഷിപ്പ് ക്വാളിറ്റി നേടുകയെന്നതാണ് യൂത്ത് ലീഡർഷിപ്പ് അക്കാദമി കൊണ്ടുദ്ദേശിക്കുന്നത്. അതിനനുയോജ്യമായ കോഴ്സുകൾ ഏർപ്പെടുത്തും. എല്ലാവർക്കും അതിൽ പങ്കുചേരാൻ സാധിക്കും. അപ്പോൾ സാമൂഹ്യ സന്നദ്ധസേനയിൽ അംഗങ്ങളായിട്ടുള്ളവർക്കുള്ളതാണെന്ന ഒരു തോന്നൽ വരും. അവർക്ക് മാത്രമല്ല, എല്ലാവർക്കും വേണ്ടിയുള്ള കോഴ്സുകളും ഇവിടെ വച്ച് നടത്താൻ സാധിക്കും. അതിന്റെ പ്രാരംഭനടപടികൾ ആരംഭിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. അത് പൂർണ്ണമായും സർക്കാർ തലത്തിലുള്ള ഒരു പരിപാടിയായി നടത്താനാണ് ഉദ്ദേശിക്കുന്നത്. അതേസമയം വേറൊരു പരിപാടി ഇപ്പോൾ തൽക്കാലം മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. 'പഠന സമയത്ത് പാർട്ട് ടൈം ജോലി' എന്നതാണത്. കോവിഡ്-19 സമയമായതിനാൽ ഇപ്പോൾ അതിനെപ്പറ്റി ആലോചിക്കാൻ കഴിയില്ല. നല്ലകാലം വന്നാൽ അതിനെപ്പറ്റി ആലോചിക്കാം. എൽ.എസ്.ജി.ഡി.-യിൽ നിക്ഷേപവും ആയിരം ആളുകളിൽ അഞ്ചുപേർക്ക് തൊഴിലും നൽകാൻ ഉദ്ദേശിക്കുന്ന പരിപാടികൾ നടത്താൻ നേരത്തെ തയ്യാറെടുപ്പ് നടത്തിയിരുന്നു. പക്ഷേ, അതിലും ചില പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. കേവിഡ്-19 അതിന് കുറച്ച് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഏതായാലും ആ പരിപാടി നല്ല നിലയിൽ നടത്താൻ സാധിക്കും. ഏറ്റവും പ്രധാനപ്പെട്ട ഒരു പരിപാടിയാണ് പൊതുജലാശയങ്ങളിലെ മത്സ്യം വളർത്തൽ. പതിനായിരം മത്സ്യക്കുഞ്ഞുങ്ങളെയാണ് ഗ്രാമങ്ങളിലെ പൊതുജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് മത്സ്യങ്ങളോട് താൽപ്പര്യമില്ലാത്തതിനാൽ ശ്രദ്ധിക്കുന്നില്ല. അദ്ദേഹം മത്സ്യം കഴിക്കാത്ത ആളായതിനാലാണ് ശ്രദ്ധിക്കാത്തത്. പക്ഷേ, പൊതുജലാശയങ്ങളിൽ നല്ലതുപോലെ മത്സ്യം വളർത്താനാണ് പരിപാടി. അപ്പോൾ മത്സ്യം ആവശ്യമുള്ളവർക്ക് അവിടെനിന്നും പിടിക്കാവുന്നതാണ്. അതിന് പ്രശ്നങ്ങളൊന്നുമില്ല. ആ തരത്തിലാണ് ഉദ്ദേശിക്കുന്നത്.

സർ, കേരളീയർ പൊതുവായി മത്സ്യം ഇഷ്ടപ്പെടുന്നവരാണ്. പക്ഷേ, മത്സ്യം വളർത്താറില്ല. മത്സ്യം വളർത്താനുള്ള പരിപാടിയാണ് ഇപ്പോൾ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നത്. അതൊരു നല്ല പരിപാടിയാണ്. 8748 കുളങ്ങൾ ഈ പരിപാടിക്ക് അനുയോജ്യമാണെന്ന് ഫിഷറീസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ജലാശയങ്ങളിൽ ഇക്കഴിഞ്ഞ ആഗസ്റ്റ് 21, 22 തീയതികളിൽ 6,840,000 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഓരോ ജലാശയത്തിനും ഒരു ഗുണഭോക്തൃ ഗ്രൂപ്പ് എന്നനിലയിൽ സംവിധാനം ഒരുക്കുന്നുണ്ട്. 2494 ജലാശയങ്ങളിൽ ഇത് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഇതാണ് പ്രത്യേകത. ഇതുമായി ബന്ധപ്പെട്ടാണോ ശ്രീ.പി.ജെ.ജോസഫിന് ചോദിക്കുവാനുള്ളത്?

സർ, സുഭിക്ഷ കേരളം പദ്ധതിയിൽ ഒരു ഭാഗം ക്ഷീരവികസനം എന്നുപറഞ്ഞു. ക്ഷീരവികസനത്തിന്റെ ഭാഗമായി ഉദ്ദേശിക്കുന്നത്, ഓരോ വീട്ടിലും രണ്ട് പശുവിനെയെങ്കിലും വളർത്തുക എന്നുള്ളതാണ്. അതിനുള്ള വായ്പ കൊടുക്കും. അതോടൊപ്പം ഓരോ പഞ്ചായത്തിലും ഒരു മിനി പശുവളർത്തൽ കേന്ദ്രം (ഡെയറി ഫാം) ഉണ്ടാകണമെന്നും ഉദ്ദേശിച്ചിട്ടുണ്ട്. പശുവിന്റെ കാര്യത്തിൽ അത്തരത്തിലൊരു നിലപാടെടുത്തിട്ടുണ്ട്. അതിനോടൊപ്പം ആട് വളർത്തൽ, പോത്തിനെ വളർത്തൽ തുടങ്ങിയവയുമുണ്ട്. മാംസം കഴിക്കുന്നവർക്ക് ആവശ്യമായ മറ്റ് പരിപാടികളുമുണ്ട്. ഇതിനെല്ലാം നബാർഡ് 2000 കോടി രൂപയുടെ വായ്പ തരുന്നുണ്ട്. അതെല്ലാം

നമ്മൾ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഞാനത് നേരത്തെ വിശദീകരിക്കാതിരുന്നതാണ്. അങ്ങ് ഉന്നയിച്ചത് വളരെ നല്ല കാര്യമാണ്.

സർ, ഇതെല്ലാം നമ്മുടെ നാടിന്റെ പ്രധാനപ്പെട്ട കാര്യങ്ങളല്ലേ; ഇതോടൊപ്പം പന്ത്രണ്ടിനത്തിലെ ഒരുകാര്യം സാമൂഹ്യസന്നദ്ധസേനയുടെ രൂപീകരണമാണ്. നമ്മുടെ നാടിന്റെ സമ്പത്ത് നമ്മൾ കാണണമല്ലോ. കോവിഡ്-19-ഉം മറ്റും വ്യാപിച്ചപ്പോൾ സാമൂഹ്യസന്നദ്ധസേനയിൽ അംഗങ്ങളാകാൻ വേണ്ടിയുള്ള ഒരു അഭ്യർത്ഥന നമ്മൾ നടത്തി. അതിന് വലിയ ഫലമാണുണ്ടായത്. 343,000 വ്യക്തികളടങ്ങുന്ന സാമൂഹ്യസന്നദ്ധസേന രൂപീകരിക്കലായിരുന്നു ലക്ഷ്യം. ഇപ്പോൾ എത്ര അംഗങ്ങളാണ് വന്നത്; 20-നും 40-നും വയസ്സിനിടയിലുള്ള 3,57,501 പേർ ചേർന്നുകഴിഞ്ഞു. ഇതിൽ 2,78,451 പുരുഷൻമാരും 78,992 വനിതകളും 58 ട്രാൻസ്ജെൻഡർ വിഭാഗക്കാരും ഉൾപ്പെടുന്നുണ്ട്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് പ്രായപരിധി നിശ്ചയിച്ചത്. 16-നും 65-നും ഇടയിൽ പ്രായമുള്ള ആരോഗ്യമുള്ള വ്യക്തികൾക്ക് ഈ സേനയിൽ അംഗങ്ങളാകാം. കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സന്നദ്ധ വോളണ്ടിയർമാർ മികച്ച സേവനമാണ് കാഴ്ചവെച്ചിട്ടുള്ളത്. ഇവർക്ക് ദുരന്തനിവാരണ പ്രവർത്തനങ്ങളടക്കമുള്ള മേഖലകളിൽ ഓൺലൈൻ പരിശീലനം നടത്തിവരികയാണ്. നമ്മുടെ നാട്ടിൽ ഈ ചെറുപ്പക്കാർക്ക് പരിശീലനം കൊടുക്കുകയാണ്. ഇതിനായി 700 മാസ്റ്റർ ട്രെയിനർമാർക്ക് ആദ്യഘട്ടത്തിൽത്തന്നെ പരിശീലനം നൽകിയിട്ടുണ്ട്. ദുരന്തനിവാരണത്തിലും സാമൂഹ്യസേവനത്തിലും സാമൂഹ്യസന്നദ്ധസേനയ്ക്ക് വലിയ പങ്കുവഹിക്കാൻ സാധിക്കും. ഇതിനായി ഒരു ഡയറക്ടറേറ്റ് സംസ്ഥാനതലത്തിൽ പൊതുഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. പി. ജെ. ജോസഫ് ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. നമ്മുടെ സംസ്ഥാനത്ത് നടന്നൊരു കാര്യമാണ്, ഞങ്ങൾ മഴമറകൾ (Rain shelters) നിർമ്മിക്കാൻ ആലോചിച്ചു. 1000 എന്നായിരുന്നു ലക്ഷ്യമിട്ടത്. ഇപ്പോഴത്തെ ഘട്ടത്തിൽ 1515 അപേക്ഷകൾ വന്നിട്ടുണ്ട്. ഇതിൽ 1000 എണ്ണം ഇപ്പോൾ സ്വീകരിച്ചുകഴിഞ്ഞു. 672 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. 446 എണ്ണത്തിന്റെ നിർമ്മാണം ആഗസ്റ്റ് മാസം പൂർത്തിയാകും. ലക്ഷ്യമിട്ടതിനേക്കാൾ 118 എണ്ണം കൂടുതൽ വരും. കൂടുതലുള്ളതും നിർമ്മിക്കാൻ പറഞ്ഞിരിക്കുകയാണ്. അപ്പോൾ, നമ്മുടെ നാട് ഇത്തരം കാര്യങ്ങളെ എങ്ങനെ സ്വീകരിക്കുന്നു എന്നാണ് കാണേണ്ടത്. ഇത്തരം കാര്യങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് അങ്ങേയറ്റം സ്വാഗതാർഹമായാണ് ജനങ്ങൾ കാണുന്നത്. ഞങ്ങൾ നിങ്ങളോടൊപ്പമാണ് എന്നാണ് ജനങ്ങൾ സർക്കാരിനോട് പറയുന്നത്.

ഇവിടെ അവിശ്വാസമുണ്ടെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട പ്രതിപക്ഷം മുന്നോട്ട് വന്നത് കോവിഡ്-19 മഹാമാരിയുടെ അസാധാരണമായ സാഹചര്യം നാം നേരിട്ടുകൊണ്ടിരിക്കുന്ന അവസരത്തിലാണ്. പ്രതിപക്ഷത്തെയും സമൂഹത്തിലെ എല്ലാ വിഭാഗക്കാരെയും വിശ്വാസത്തിലെടുത്തുകൊണ്ടും സഹകരിപ്പിച്ചുകൊണ്ടും മുന്നോട്ടു പോകാനാണ് സർക്കാർ മുൻകയ്യെടുക്കുന്നത്. അത്തരമൊരു അവസരത്തിലാണ് സർക്കാരിൽ അവിശ്വാസം എന്നുപറഞ്ഞ് പ്രതിപക്ഷം വന്നിരിക്കുന്നത്. രാഷ്ട്രീയ ഭിന്നതകളൊക്കെയുണ്ടാകും. പക്ഷേ, അത്തരം ഭിന്നതകളൊക്കെ മാറ്റിവച്ചുകൊണ്ടാണ് കോവിഡ്-19 മഹാമാരിയെ നേരിടേണ്ടത്. കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ കൂട്ടായിത്തന്നെ നടത്തേണ്ടതുണ്ട്. ലോകത്താകെ കോവിഡ്-19ന്റെ വരവോടുകൂടി സാമൂഹ്യമേഖലകളിലുള്ള ഭരണസംവിധാനത്തിന്റെ ഇടപെടലിന്റെ പ്രസക്തി വലിയതോതിൽ ചർച്ചചെയ്യപ്പെടുകയാണ്. 1990-കളിലെ സാമ്പത്തിക പരിഷ്കരണങ്ങൾ നടപ്പായശേഷം ഭരണസംവിധാനം ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽനിന്ന് പിൻവലിയുന്ന പ്രതിഭാസമാണ് കണ്ടുവരുന്നത്. ഇത് സമൂഹത്തിലെ പാർ

ശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് വലിയ ദോഷമാണുണ്ടാക്കുന്നത്. ഈ മാതൃക പിന്തുടരാൻ പാടില്ലെന്ന ഉറച്ച സമീപനമാണ് നമ്മുടെ സർക്കാരിനുള്ളത്. കോവിഡ്-19 പ്രതിരോധം ഈ മാതൃകയുടെ പ്രതിഫലനം കൂടിയാണ്. പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതോടൊപ്പം വികേന്ദ്രീകൃത ജനാധിപത്യ പ്രക്രിയയിലൂടെ ജനപങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടുള്ള പ്രവർത്തനമാണ് കേരളം തുടക്കംമുതൽ നടത്തിവരുന്നത്.

2020 ജനുവരി മാസം അവസാനം കേരളത്തിൽ കോവിഡ്-19 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിലുള്ള ശക്തമായ പ്രതിരോധ പ്രവർത്തനത്തിലൂടെ ആദ്യഘട്ടത്തിൽ എണ്ണം പിടിച്ചുനിർത്താൻ കേരളത്തിന് കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾ, സാമൂഹ്യസന്നദ്ധസേനാ പ്രവർത്തകർ, പോലീസ് വകുപ്പ്, ദുരന്തനിവാരണ വകുപ്പ് എന്നിവയുടെയെല്ലാം കൃത്യമായ ഏകോപനമാണ് ഇവിടെ കണ്ടുവന്നത്. മേയ് മാസം ആദ്യം വരെ കോവിഡ്-19 കേസുകളുടെ എണ്ണത്തിൽ വലിയ നിയന്ത്രണം കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു. ഒരു ഘട്ടത്തിൽ (മേയ് 8) കോവിഡ്-19 കേസുകളുടെ എണ്ണം 16 ആയി ചുരുങ്ങി. വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്ന (ഹോം ക്വാറന്റയിൻ) സംവിധാനം വളരെ ഫലപ്രദമായാണ് കേരളം നടപ്പാക്കിയത്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളോട് സംസ്ഥാന സർക്കാർ പൂർണ്ണമായും സഹകരിക്കുന്നുണ്ട്. എന്നാൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തേണ്ട അവസരങ്ങളിൽ വളരെ ശക്തമായി അറിയിക്കുന്നുമുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകളെ കമ്പനി നിയമം 2013 പ്രകാരം CSR (Corporate Social Responsibility) പരിധിയിൽ ഉൾപ്പെടുത്താത്ത നടപടിയിൽ കേന്ദ്ര സർക്കാരിനോട് ശക്തമായ വിയോജിപ്പ് അറിയിച്ചു. അതോടൊപ്പം മറ്റ് സംസ്ഥാന മുഖ്യമന്ത്രിമാരുടെ സഹകരണം ഇക്കാര്യത്തിൽ തേടുകയും ചെയ്തു. കോവിഡ്-19-ന്റെ പ്രത്യാഘാതം കാരണം സമ്പദ്ഘടനയിലും നികുതി വരുമാനത്തിലും വലിയ ഇടിവാണുണ്ടായിരിക്കുന്നത്. ഇക്കാര്യങ്ങൾ പരിഗണിച്ച് സംസ്ഥാനങ്ങളുടെ വായ്പാപരിധി ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമായി ഉയർത്തണമെന്ന് ശക്തമായി ആവശ്യപ്പെട്ട സംസ്ഥാനം കേരളമാണ്.

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരുകൾക്ക് അധിക ഗ്രാന്റുകൾ നൽകുന്ന കാര്യം 15-ാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ടെസ്റ്റിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും സംസ്ഥാനം കേന്ദ്രത്തിന്റെ മുമ്പാകെ സമയാസമയങ്ങളിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിലുള്ള കേരളീയരെ തിരിച്ച് കൊണ്ടുവരുന്ന കാര്യത്തിലും അതിഥി തൊഴിലാളികളുടെ കാര്യത്തിലും പ്രത്യേക ട്രെയിൻ സർവ്വീസുകൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിക്കുന്നതിലും കേരളം മുൻപന്തിയിലായിരുന്നു. പ്രവാസികളെ തിരികെ നാട്ടിലെത്തിക്കുന്ന കാര്യത്തിലും കേരളം ശക്തമായ ആവശ്യങ്ങൾ കേന്ദ്രത്തോട് ഉന്നയിച്ചു. ഇവർക്ക് നാട്ടിലേയ്ക്ക് വരാനുള്ള സൗകര്യമൊരുക്കാൻ എല്ലാ സഹായങ്ങളും ചെയ്യണമെന്ന് അഭ്യർത്ഥിക്കുമ്പോൾ ത്തന്നെ ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്ന നിലപാടും കേരളം സ്വീകരിച്ചു. നിരീക്ഷണവും ആവശ്യമായിവരുന്ന ചികിത്സയും സുഗമമായി ഏർപ്പാടാക്കുന്നതിന് മടങ്ങിവരുന്നവരുടെ രജിസ്ട്രേഷനും വിവരശേഖരണവും അനിവാര്യമാണ്. ഇക്കാര്യം ഉയർന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി കേരളം നിർവ്വഹിച്ചു. ഇത് നമ്മുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഒരു പ്രധാന ഭാഗമായിരുന്നു. കോവിഡ്-19 ഫസ്റ്റ്‌ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കി. രോഗവ്യാപനം തടയുവാനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. പ്രാദേശികമായി ആ പ്രവർത്തനം നിശ്ചയിച്ചതുപോലെ സാധ്യമാക്കാനായി. എന്നാൽ

സ്ഥാപിത താൽപ്പര്യങ്ങൾ മുൻനിർത്തി ഇതിനെ അട്ടിമറിക്കാനാണ് ചിലർ ശ്രമിച്ചത്. രോഗവ്യാപനം ഉണ്ടാകുമെങ്കിൽ ഉണ്ടാകട്ടെ എന്ന സമീപനമാണ് ഇതിന് പിന്നിലുണ്ടായത്. എന്നാൽ പൊതുസമൂഹം അവബോധത്തോടെ സർക്കാർ നടപടികളെ പിന്തുണച്ചു. അതുകൊണ്ട് ഇത്തരം ശ്രമങ്ങൾ ഫലവത്തായില്ല. ഹോം ക്വാറന്റയിൻ വെറുമൊരു ഒറ്റപ്പെടലല്ല. അതിൽ കഴിയുന്നവർ ബാക്കിയുള്ളവരുടെ സുരക്ഷയ്ക്കുംകൂടിയാണ് അത് ചെയ്യുന്നത് എന്നബോധം സമൂഹത്തിൽ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രാജ്യവ്യാപകമായി നടപ്പാക്കിയ ലോക്ഡൗൺ കാരണം അസംഘടിത മേഖലയിലെ ലക്ഷക്കണക്കിന് ആളുകൾക്ക് അവരുടെ ജീവനോപാധി നഷ്ടപ്പെട്ടു. ഇവർക്കായി കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്നതിനു മുമ്പേ 20,000 കോടിരൂപയുടെ സാമ്പത്തിക പാക്കേജ് 2020 മാർച്ചിൽ കേരളം പ്രഖ്യാപിച്ചു. സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകുന്നതിനോടൊപ്പം ഒരു ക്ഷേമനിധിയിലും അംഗമല്ലാത്ത, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഏകദേശം 14 ലക്ഷം റേഷൻ കാർഡുടമകൾക്ക് 1,000 രൂപ വീതം സമാശ്വാസധനമായി നൽകി. എല്ലാവർക്കും സൗജന്യ റേഷൻ ഉറപ്പുവരുത്തി. സംസ്ഥാനത്തെ 88 ലക്ഷം റേഷൻ കാർഡുടമകൾക്ക് അവശ്യസാധന കിറ്റും നൽകി. ഓണത്തിന് വീണ്ടും എല്ലാ റേഷൻ കാർഡ് ഉടമകൾക്കും അവശ്യസാധന കിറ്റ് നൽകുന്നുണ്ട്. ആർക്കും ഭക്ഷണമില്ലാത്ത അവസ്ഥ ഉണ്ടാകരുതെന്ന് ഉറപ്പുവരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചണുകൾ തുറന്നു. അതിഥിത്തൊഴിലാളികൾക്ക് അവർക്കിഷ്ടമുള്ള ഭക്ഷണം പാകംചെയ്ത് കഴിക്കാനുള്ള സാധനങ്ങൾ നൽകി.

രാജ്യത്തെമ്പാടും ലോക്ഡൗൺ ക്രമേണ പിൻവലിക്കപ്പെടുമ്പോൾ പ്രത്യേക മേഖലകളിൽ മാത്രം അടച്ചുപൂട്ടൽ സാഹചര്യമനുസരിച്ച് ഏർപ്പെടുത്തുകയാണ്. ഈ അവസ്ഥയിൽ നമ്മൾ നേരിടുന്ന പ്രധാന പ്രശ്നം സമ്പർക്ക രോഗവ്യാപനമാണ്. ഇത് നേരിടാൻ ശാരീരിക അകലം പാലിക്കൽ, മാസ്ക് ധരിക്കൽ, അണുവിമുക്തമാക്കൽ എന്നിവയ്ക്ക് സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. ആൾക്കൂട്ടങ്ങളുണ്ടാകാതിരിക്കാൻ മതമേലധ്യക്ഷൻമാർ, രാഷ്ട്രീയപാർട്ടികൾ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തിയും സഹകരണം ലഭ്യമാക്കിയുമാണ് സർക്കാർ മുന്നോട്ടുനീങ്ങുന്നത്. ഇക്കാര്യത്തിൽ നല്ല സഹകരണം ലഭിക്കുന്നുണ്ട്. എന്നാൽ ചില മേഖലകളിലെ ഒറ്റപ്പെട്ട സംഭവങ്ങൾപോലും സാമൂഹ്യാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയുണ്ടാക്കുന്നു. ഇവിടെയാണ് ആരോഗ്യ, തദ്ദേശ സ്വയംഭരണ, ദുരന്തനിവാരണ, പോലീസ് വകുപ്പുകളുടെ ഏകോപനം അനിവാര്യമാകുന്നത്. ഇതിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. സർക്കാർ സ്വീകരിച്ച മറ്റ് നടപടികളിൽ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കൽ, സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകൽ, ആധികാരിക വിവരങ്ങൾ ലഭ്യമാക്കാൻ 'GoK Direct' എന്ന മൊബൈൽ ആപ്പ് ഇവയെല്ലാം ഉൾപ്പെടുന്നു. ഡോക്ടർമാരുമായി ഓൺലൈൻ കൺസൾട്ടിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ്-19 ആശുപത്രികൾക്കു പുറമേ കോവിഡ്-19 ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ തദ്ദേശ സ്വയംഭരണ, ദുരന്തനിവാരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ പ്രാവർത്തികമാക്കിയിട്ടുണ്ട്. 1843 ആരോഗ്യ പ്രവർത്തകരെ ഇതിനകം (CFLTC (Covid First Line Treatment Center)-കളിൽ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നല്ല രീതിയിലാണ് ഇത് ഒരുക്കിയിട്ടുള്ളത്. ഡോക്ടർമാർ, നഴ്സുമാർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റുകൾ, എൻ.എച്ച്.എം. വഴി 9768 ആളുകൾ എന്നിവർക്ക് വിവിധ ആശുപത്രികളിലും CFLTCകളിലുമായി താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. 15189 പേരെ നിയമിക്കാൻ ഉത്തരവ് നൽകിയിരുന്നു. ബാക്കിയുള്ളവരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയത് 1437 CFLTC-കളാണ്,

അതിൽ 1,20,832 കിടക്കകൾ ഒരുക്കാനാണ് ശ്രമിക്കുന്നത്. DDMS (Drug Distribution & Management System) അംഗീകരിച്ച CFLTC-കൾ 1179 ആണ്. 1,00,683 ബെഡുകൾ അതിലുണ്ട്. Bed occupy ചെയ്തിട്ടുള്ളത് 543 ആണ്. Number of Beds 47,639 ആണ്. 114 CFLTC-കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിൽ 16,828 കിടക്കകൾ ആകെയുണ്ട്, അതിൽ 8236 ആളുകൾ (49%) അത് ഉപയോഗിക്കുന്നുണ്ട്. ഇത്തരത്തിൽ നല്ല രീതിയിൽ ആ പ്രവർത്തനം നമുക്ക് സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമ്പർക്കരോഗ വ്യാപനമുണ്ടാകുമ്പോൾ ടെസ്റ്റിന് സർക്കാർ വളരെ പ്രാധാന്യമാണ് നൽകുന്നത്. ഇന്നലെ ടെസ്റ്റ് ചെയ്തത് 36,357 പേരെയാണ്. ഇത്തരത്തിൽ നമ്മൾ അത് വർദ്ധിപ്പിച്ചുകൊണ്ടു വരികയാണ്. സ്ഥിതിവിവര കണക്കുകൾ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം മാത്രമല്ല സർക്കാരിനുള്ളത്; അതുകൊണ്ടുതന്നെ രോഗബാധിതരെ കൃത്യമായ പ്രോട്ടോക്കോൾ പാലിച്ചാണ് ഡിസ്ചാർജ് ചെയ്യുന്നത്. രോഗം ഭേദമാകുന്ന നിരക്ക് കുറയുന്നുവെന്ന ആക്ഷേപം ചിലർ ഉന്നയിക്കുന്നുണ്ട്, ഇത് വസ്തുതാപരമല്ല.

സംസ്ഥാനത്തെ കൊവിഡ്-19-ന്റെ അവസ്ഥയെടുത്താൽ case fatality rate- All India - 1.9% ആണ്. കേരളം 0.4% ആണ്. Test per million- All India - 24,994 ആണ്, കേരളം 38,109 ആണ്. Test possibility rate - All India കണക്ക് 8.6% ആണ്, കേരളം 4% ആണ്. ആളുകളെ ചികിത്സിക്കാതെ ഡിസ്ചാർജ് ചെയ്ത് റിക്കവറി റേറ്റ് കൂടുകയെന്ന നിലപാട് നമ്മൾ ആഗ്രഹിക്കുന്ന കാര്യമല്ല. നമ്മൾ ശരിയായ രീതിയിൽത്തന്നെയാണ് ഇതുവരെ കൈകാര്യം ചെയ്തുവന്നിട്ടുള്ളത്. കേരളം നടത്തുന്ന പ്രവർത്തനങ്ങൾ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. പല അന്താരാഷ്ട്ര മാധ്യമങ്ങളും നമ്മുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ചിലരുടെ പേര് ഞാൻ പറയുകയാണ്. അത് ഏതെങ്കിലും പി.ആർ. വർക്കിന്റെ ഭാഗമായി അവർ പറഞ്ഞതല്ല, അതുകൊണ്ടാണ് ആ പേരുകൾ പറയുന്നത്. നോബൽ ജേതാവ് ശ്രീ.അമർത്യാ സെൻ, ശ്രീ.നോം ചോംസ്കി, ശ്രീ.വെങ്കി രാമകൃഷ്ണൻ, ശ്രീ.ജോസഫ് സ്റ്റിഗ്ലിസ്, ലോകാരോഗ്യ സംഘടനയുടെ ചീഫ് സയന്റിസ്റ്റ് ഡോ.സൗമ്യാ സ്വാമിനാഥൻ ഇവരൊക്കെ കേരളത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ശ്രദ്ധേയമായ നിരീക്ഷണങ്ങളാണ് കേരളാ ഡയലോഗ് എന്ന പരിപാടിയിൽ നടത്തിയത്. പ്രശംസകൾ കേട്ട് മതിമറക്കുന്ന ഒരു സമീപനം സർക്കാരിനില്ല. നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊണ്ടുകൊണ്ട് കുറവുകൾ തിരുത്തി മുന്നോട്ട് പോകുന്ന പരീക്ഷണമാണ് നാം ഈ ഘട്ടത്തിൽ നടത്തുന്നത്. ജനങ്ങളുടെ സഹകരണത്തോടെ ഇത് ഫലപ്രാപ്തിയിൽ എത്തിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ടും പ്രതിസന്ധി ഘട്ടങ്ങളിൽ എല്ലാവരുടെയും അഭിപ്രായം തേടുകയും അവരെ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടും സർക്കാർ മുന്നോട്ട് പോകുമ്പോൾ പ്രതിപക്ഷം സർക്കാരിൽ അവിശ്വാസം രേഖപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഇത് പൊടുന്നനെയുണ്ടായതല്ല, കേരളത്തിന്റെ വികസനത്തിനായി ഒരു ബദൽ പരിപ്രേക്ഷ്യം മുന്നോട്ട് വച്ചുകൊണ്ട് നീങ്ങുന്ന സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്.

ആ ഭാഗത്തെക്കുറിച്ച് പറയുന്നതിനുമുമ്പ് ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ പറയേണ്ടതുണ്ടെന്നാണ് തോന്നുന്നത്. ട്രാഫിക് ഇൻഫർമേഷൻ ആൻഡ് എൻഫോഴ്സ്മെന്റ് സിസ്റ്റത്തെക്കുറിച്ച് പറഞ്ഞു. ഇത് പ്രധാന നഗരങ്ങളിലും ജംഗ്ഷനുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് കുറ്റകൃത്യങ്ങൾ കണ്ടെത്താനും തടയാനും ഗതാഗതക്കുരുക്ക് കുറയ്ക്കാനും ലക്ഷ്യമിട്ടിട്ടുള്ളതാണ്. എ.ആർ.എസ്. ട്രാഫിക്ക് ആൻഡ് ട്രാൻസ്പോർട്ട് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് പദ്ധതിയുമായി മുന്നോട്ട് വന്നിട്ടുള്ളത്. ഇതിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം സിറ്റിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സൗജന്യമായി ഈ പ്രോജക്ട്

നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന് സർക്കാരിന് സാമ്പത്തിക ബാധ്യതയില്ല. ലോക്ഡൗണിന്റെ സാഹചര്യത്തിൽ പദ്ധതി മുന്നോട്ടുപോയിട്ടില്ല. ഇതിൽ മറ്റു സംശയങ്ങൾ ആവശ്യമില്ല. സദുദ്ദേശ്യത്തോടെയും നമുക്ക് സഹായകരമായും വരുന്നൊരു കാര്യത്തിനാണിപ്പോൾ അവർ തയ്യാറായിട്ടുള്ളത്. കോവിഡ്-19 കാരണമാണ് ആ പരിപാടി മുന്നോട്ട് പോകാത്തത്. അതിന് പ്രത്യേക പ്രയാസങ്ങളില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യത്തെപ്പറ്റിയാണ് പറഞ്ഞത്. ട്രാഫിക് ഇൻഫർമേഷൻ ആൻഡ് എൻഫോഴ്സ്മെന്റ് സിസ്റ്റം ഇവിടെ നടപ്പിലാക്കുന്നതിന് മറ്റ് ആശങ്കകൾ ആവശ്യമില്ല. അവർ ഇവിടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്, അതിന് നമ്മൾ പ്രത്യേകിച്ച് പണം ചെലവിടേണ്ടിവരുന്നില്ല. 2018-ലെ പ്രളയത്തിൽ ദുരിതാശ്വാസ ക്യാമ്പിൽ കഴിയേണ്ടിവന്നത് 692,966 കുടുംബങ്ങളാണ്. അവർക്ക് 10,000 രൂപ വീതം അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. ഇത് എല്ലാവർക്കും കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ 362,744 കുടുംബങ്ങൾ ആനുകൂല്യങ്ങൾക്ക് അർഹരായി. ഇതിൽ 3384 കുടുംബങ്ങൾക്കുള്ള ആനുകൂല്യം സാങ്കേതിക കാരണങ്ങളാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച കാര്യങ്ങളാണ് ഇതിന് തടസ്സമായി നിൽക്കുന്നത്. ഇത് അടിയന്തരമായി കൊടുത്തു തീർക്കാനാകണം.

സർ, സാധാരണ നിലയ്ക്ക് നമ്മുടെ കണക്കനുസരിച്ച് എല്ലാവർക്കും കൊടുത്തിട്ടുണ്ട്, ബാക്കി നിൽക്കുന്നില്ല എന്നാണ് തോന്നുന്നത്. 2019-ലെ പ്രളയത്തിൽ 362,744 കുടുംബങ്ങൾ ആനുകൂല്യത്തിന് അർഹരായി. ഇതിൽ 3384 കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങളാണ് സാങ്കേതിക കാരണങ്ങളാൽ നൽകാൻ കഴിയാതിരുന്നത്. ഇത് അടിയന്തരമായി കൊടുത്തു തീർക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിന്റെ പ്രശ്നങ്ങളായിരുന്നു ഇതിലുണ്ടായിരുന്നത്. പിന്നീടുള്ളത് കേടുപാടുകൾ വന്ന വീടുകൾക്കുള്ള സഹായമാണ്. 15% വരെ കേടുപാടുകൾ വന്ന വീടുകൾ, 16 മുതൽ 29% വരെ കേടുപാടുകൾ വന്ന വീടുകൾ, 30 മുതൽ 59% വരെ കേടുപാടുകൾ വന്ന വീടുകൾ, 60 മുതൽ 74% വരെ കേടുപാടുകൾ വന്ന വീടുകൾ, 75 മുതൽ 100% വരെ കേടുപാടുകൾ വന്നവ. ഇങ്ങനെ 5 വിഭാഗങ്ങളിലായാണ് കേടുപാടുകൾ വന്ന വീടുകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. 2018-ലെ പ്രളയത്തിൽ 360,666 വീടുകൾക്ക് രണ്ടായിരത്തി തൊള്ളായിരത്തി മുപ്പത്തിയേഴ് കോടി എഴുപത് ലക്ഷം രൂപ സഹായധനം നൽകിയിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ 62,244 വീടുകൾക്ക് 350 കോടി ഒരു ലക്ഷം രൂപ വീടുകളുടെ കേടുപാടുകൾ തീർക്കാൻ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 75 മുതൽ 100% വരെ കേടുപാടുകൾ വന്ന വീടുകൾക്ക് പുനർനിർമ്മാണത്തിന് മൂന്ന് ഘട്ടമായാണ് നഷ്ടപരിഹാരത്തുക നൽകുന്നത്. വീടുനിർമ്മാണത്തിന്റെ പുരോഗതി സാവധാനത്തിലാകുന്ന സാഹചര്യത്തിൽ അവസാന ഗഡുക്കൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. 2018-ലെ പ്രളയത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കങ്ങൾ കാരണം 1420 ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ല. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച കുറവുകൾ, ബാങ്ക് അക്കൗണ്ട് നിരസിച്ചവ തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ 2019-ലെ പ്രളയത്തിൽ 3346 ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പണം നൽകാൻ സാധിച്ചിട്ടില്ല. 2018-ലെ പ്രളയത്തിൽ താലൂക്ക് മുഖാന്തരവും കളക്ടറേറ്റ് മുഖാന്തരവുമാണ് പ്രളയ ദുരിതാശ്വാസം നൽകിയത്. 2019-ൽ ഇത് ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തരമാണ് നൽകിയത്. പ്രളയ ദുരിതാശ്വാസം ലഭിക്കാൻ ബാക്കിയുള്ളവർക്ക് അടിയന്തരമായി ധനസഹായം കൊടുത്തു തീർക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. 2020-ലെ പ്രളയത്തിൽ താലൂക്കുതലത്തിൽ വികേന്ദ്രീകരിച്ച് ധനസഹായം ലഭ്യമാക്കുന്നത് വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

എറണാകുളത്തെ പ്രളയ ദുരിതാശ്വാസ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കോടതി ജാമ്യം നൽകിയിട്ടുണ്ട്, ഫോറൻസിക് സയൻസ് ലബോറട്ടറി റിപ്പോർട്ട് ലഭ്യമാകാനുണ്ട്. കേസ് കൽ ചാർജ് ഷീറ്റ് റെഡിയാണ്. രണ്ടാമത്തെ കേസിൽ പ്രതിയായ വിഷ്ണുപ്രസാദ് ഇപ്പോഴും ജയിലിലാണ്. ഈ കേസ് സർക്കാർ സംവിധാനം ഉപയോഗിച്ച് കണ്ടുപിടിച്ച് ചാർജ് ചെയ്തതാണ്. ഇത്തരം കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയും സർക്കാർ ചെയ്യുന്നതല്ല. നേരത്തേയുള്ള ചില പ്രശ്നങ്ങൾ ഇവിടെ ചിലർ ഉന്നയിക്കുകയുണ്ടായി. സുനാമി ദുരന്തകാലത്തൊക്കെയുണ്ടായ പ്രശ്നങ്ങളെപ്പറ്റി അന്ന് ചർച്ച വന്നപ്പോൾ ഒരു അന്വേഷണത്തിന്റെയും ആവശ്യമില്ല എന്നായിരുന്നു നിങ്ങൾ നിലപാടെടുത്തതെന്ന് ഓർക്കണം, ആ നിലപാടല്ല ഞങ്ങൾക്കുള്ളത്. ഇത് ഓർമ്മിപ്പിക്കുവാൻ വേണ്ടി ഞാൻ പറഞ്ഞുവെന്ന് മാത്രം. അതേസമയം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സംബന്ധിച്ച് ചില പരാമർശങ്ങളുണ്ടായി. 2018-ലെ മഹാപ്രളയത്തിനുശേഷം നവകേരള നിർമ്മിതി എന്ന ആശയം മുന്നോട്ടുവച്ച് നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചത്. നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമായിരുന്നു അതെന്ന് നമുക്കറിയാം. അത് സമ്പദ്ഘടനയിലുണ്ടാക്കിയ ആഘാതം കണക്കുകളുടെ അടിസ്ഥാനത്തിൽ അനുമാനം നടത്താൻ പല മേഖലകളിലെയും വിദഗ്ദ്ധർ അടങ്ങിയ സമിതി പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് (PDNA) റിപ്പോർട്ട് സമർപ്പിച്ചു. മഹാപ്രളയത്തിന്റെ അനന്തരഫലമായി കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ 31,000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട് എന്നാണ് സമിതി കണക്കാക്കിയത്. ഇത് മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 4 ശതമാനത്തോളം വരും. പ്രളയാഘാതം താങ്ങാൻ ശേഷിയുള്ള ഒരു പുനർനിർമ്മിതിയാണ് ലക്ഷ്യമിട്ടത്. ലോകബാങ്ക് അടക്കമുള്ള അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങൾ കേരളത്തിന് കുറഞ്ഞ പലിശനിരക്കിൽ ഒരു വികസന പങ്കാളി എന്ന നിലയിൽ വായ്പ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച് മുന്നോട്ടുവന്നു. 1700 കോടി രൂപയുടെ വായ്പ ലഭ്യമായി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലെ പദ്ധതികൾ നടപ്പിലാക്കാൻ ഉപദേശക സമിതിയും ഇംപ്ലിമെന്റേഷൻ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇതിനകം 5779 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആഗസ്റ്റ് 6-ാം തീയതി ചേർന്ന ഹൈ ലെവൽ എംപവേർഡ് കമ്മിറ്റിയുടെ യോഗത്തിൽ 1133 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകി. ഇതിനകം 2354 കോടി രൂപയുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. പ്രളയാഘാതശേഷി താങ്ങുന്ന ആലപ്പുഴ - ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് ഹൈവേ, പ്രളയക്കെടുതിയിൽ സാരമായ കേടുപാടുകൾ പറ്റിയ 31 ജണഉ റോഡുകൾ, വയനാട്ടിലെ അമ്പലവയൽ പച്ചക്കറി-പുഷ്പകൃഷിക്കുള്ള മികവുകേന്ദ്രങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അഞ്ച് പാലങ്ങൾ എന്നിവയാണ് ആർ.കെ.ഐ. അംഗീകരിച്ച പദ്ധതികൾ. മറ്റു ചില പദ്ധതികളുടെ കാര്യങ്ങളും അതിന്റെ പ്രവർത്തനങ്ങളും നടന്നു കൊണ്ടിരിക്കുകയാണ്. വയനാട് തുരങ്കപാതയുമായി ബന്ധപ്പെട്ട പഠനം നടന്നുകൊണ്ടിരിക്കുകയാണ്.

ഇലക്ട്രിക് വെഹിക്കിൾ നയത്തിന്റെ അടിസ്ഥാനശില പരിസ്ഥിതിയുടെയും അന്തരീക്ഷത്തിന്റെയും മലിനീകരണം ലഘൂകരിക്കുക എന്നതാണ്. ഇതുസംബന്ധിച്ച് നീതി ആയോഗ് പ്രസിദ്ധീകരിച്ച നയരേഖയിൽ പറയുന്നത്, ഇന്ത്യയിൽ ഗ്രീൻഹൗസ് വാതകങ്ങളുടെ പുറന്തള്ളൽ 2030 ആകുമ്പോൾ 2005-ലെ അളവിൽനിന്നും 35% കുറയ്ക്കാനാകണമെന്നാണ്. പാരമ്പര്യേതര മാർഗ്ഗങ്ങളിലൂടെ വൈദ്യുതി ഉത്പാദനത്തിന്റെ 40% കൈവരിക്കണമെന്നും ലക്ഷ്യമിടുന്നു. കേരളം ജനസാന്ദ്രത കൂടിയ സംസ്ഥാനമാണ്. നഗരവത്ക്കരണം വളരെ വേഗത്തിലാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വാഹനങ്ങളുടെ ഉപഭോഗവും ഉയർന്ന നിലയിലാണ്. പരമ്പരാഗത ഇന്ധനങ്ങളുമായി ഇവയെല്ലാം നിരത്തിലിറങ്ങുമ്പോൾ നമ്മൾ ശ്വ

സിക്കുന്ന വായുവിന്റെ ഗുണമേന്മയിൽ കുറവുണ്ടാകും. അതുകൊണ്ടുതന്നെ ക്ലീൻ എനർജി ഉപയോഗിക്കുന്ന വാഹനങ്ങൾ നിരത്തിലിറങ്ങേണ്ടതുണ്ട്. പൊതു ഗതാഗത സംവിധാനം മെച്ചപ്പെടുത്തി സ്വകാര്യ വാഹനങ്ങളുടെ പെരുപ്പം കൊണ്ടുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും പരിസ്ഥിതി മലിനീകരണവും ഗണ്യമായി കുറയ്ക്കാൻ ഇടപെടുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയിരുന്നു. വൈദ്യുതി ബാറ്ററികൊണ്ട് ഓടുന്ന വാഹനങ്ങൾ പ്രചാരത്തിൽ വരുന്നത് ഇതിന്റെ ഭാഗമായാണ്. കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ഹൈവേ മന്ത്രാലയവും ഇലക്ട്രിക് വെഹിക്കിൾ നയം നടപ്പാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈ പൊതുനയത്തിന്റെ ഭാഗമായാണ് ഇലക്ട്രിക് വെഹിക്കിൾ നയം സംസ്ഥാനത്ത് നടപ്പാക്കാൻ എൽ.ഡി.എഫ്. സർക്കാർ മുൻകയ്യെടുത്തത്. ഘട്ടംഘട്ടമായി കേരളത്തിലെ പൊതുവാഹനങ്ങൾ ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതാണ് ഇ-വെഹിക്കിൾ പോളിസി. കേന്ദ്രസർക്കാരിന്റെ പ്രതിനിധി കൂടി ഉൾപ്പെടുന്ന ഉന്നതതല സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് ഇ-വെഹിക്കിൾ നയം മന്ത്രിസഭ അംഗീകരിച്ചത്. ഇതനുസരിച്ച് 2025 -നകം 3000 ഇലക്ട്രിക് ബസ്സുകൾ നിരത്തിലിറക്കുകയാണ് ലക്ഷ്യം .ഇലക്ട്രിക് വാഹനങ്ങളുടെ വില ഉപഭോക്താക്കൾക്ക് താങ്ങാകുന്നതാക്കുക എന്നത് ഈ നയത്തിന്റെ ഭാഗമാണ്. ഇതിന് ബാറ്ററി ഒരു പ്രധാന ഘടകമാണ്. ലിഥിയം ടൈറ്റാനെറ്റ് ബാറ്ററികളുടെ ഉത്പാദനം ആരംഭിക്കാനുള്ള നടപടികളും ഈ നയപ്രകാരം സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് തോഷിബ കമ്പനിയുടെ നിക്ഷേപം കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തിവരുന്നത്. ഇ-വെഹിക്കിൾ നിർമ്മാണം ഇവിടെ ആരംഭിക്കണമെങ്കിൽ സാങ്കേതികമായി മുന്നിൽ നിൽക്കുന്ന വൻകിട കമ്പനികളുടെ പങ്കാളിത്തം പല കമ്പനികളുമായും ബന്ധപ്പെട്ട് ആവശ്യമാണ്. തുടർന്നാണ് പ്രവാസി മലയാളികളുടെ കൂടി പ്രേരണയിൽ സ്വിറ്റ്സർലാൻഡിലെ 'ഹെസ്' കമ്പനി കേരളത്തിൽ മുതൽമുടക്കാൻ താത്പര്യം പ്രകടിപ്പിച്ചത്. വിശദമായ ചർച്ചകൾക്കുശേഷം 'ഹെസ്' കരട് ധാരണാപത്രം തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിച്ചു. കൊച്ചിയിൽ നടന്ന ഇ-വേൾഡ് സമ്മിറ്റിൽ ഇതിന്റെ കരട് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡും 'ഹെസ്' പ്രതിനിധിയും കൈമാറുകയുണ്ടായി. എന്നാൽ ധാരണാപത്രം ഇതുവരെ ഒപ്പിട്ടിട്ടില്ല. 51% ഹെസിനും 49% KAL (Kerala Automobiles Limited)-നും ഓഹരിയുള്ള സംയുക്ത സംരംഭം വഴി ഇലക്ട്രിക് ബസ്സുകൾ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സർ, കൊച്ചിയിൽ നടന്ന ഇ-വേൾഡ് സബ്മിറ്റിൽ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡും ഹെസ് പ്രതിനിധിയും ധാരണാപത്രത്തിന്റെ കരട് കൈമാറുകയുണ്ടായി. എന്നാൽ ധാരണാപത്രം ഇതുവരെ ഒപ്പിട്ടിട്ടില്ല. 51 ശതമാനം ഹെസ്സിനും 49 ശതമാനം കെ.എ.എൽ.-നും ഓഹരിയുള്ള സംയുക്ത സംരംഭം വഴി ഇലക്ട്രിക് ബസ്സുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ കാര്യത്തിലും ഉന്നയിക്കപ്പെടുന്ന ചില ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ഫയലുകളിലെ ചില കുറിപ്പുകൾമാത്രം ഉദ്ധരിച്ചുകൊണ്ടാണ് ഇത്തരത്തിലുള്ള ആരോപണങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പൊതുമണ്ഡലത്തിൽ ഉന്നയിച്ചത്. ഇലക്ട്രിക് വെഹിക്കിൾ നയത്തിന് മൂന്ന് പ്രധാന ഭാഗങ്ങളുണ്ട്. ബസ് പോർട്ട്, ലോജിസ്റ്റിക് പോർട്ട്, ഇ-മൊബിലിറ്റി. ഇക്കാര്യങ്ങൾ പ്രതിപാദിച്ചുകൊണ്ട് 13-8-2019-ൽ ഗതാഗതവകുപ്പ് സർക്കാർ ഉത്തരവിറക്കിയിരുന്നു. ഡി.പി.ആർ. തയ്യാറാക്കാൻ കെ.പി.എം.ജി.-, പ്രൈസ്വാട്ടർ ഹൗസ് കൂപ്പർ പ്രൈവറ്റ് ലിമിറ്റഡ്, ഏണസ്റ്റ് ആൻഡ് യംഗ് എന്നീ മൂന്ന് കൺസൾട്ടന്റുകളെയാണ് തെരഞ്ഞെടുത്തത്. NICSI (National Informatics Centre Services Incorporated)-യുടെ

അംഗീകൃത പാനലിൽ നിന്നുള്ള കൺസൾട്ടന്റുകൾക്ക് പ്രസന്റേഷൻ നടത്താൻ അവസരം നൽകുകയും അത് നടത്തിയ മൂന്ന് കൺസൾട്ടന്റുകൾക്ക് ഡി.പി.ആർ. തയ്യാറാക്കാനുള്ള കൺസൾട്ടൻസി നൽകുകയും ചെയ്തു. ബസ് പോർട്ടിനായി മൂന്ന് കൺസൾട്ടന്റിനും ലോജിസ്റ്റിക് പോർട്ടിനും ഇ-മൊബിലിറ്റിക്കുമായി പി.ഡബ്ല്യൂ.സി-ക്കുമാണ് കരാർ നൽകിയത്. അന്താരാഷ്ട്ര ഇലക്ട്രിക് ബസ് നിർമ്മാണ കമ്പനിയായ ഹെസ് കേരളത്തിൽ പൊതുമേഖലാ സ്ഥാപനമായ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡുമായി സഹകരിച്ച് നിക്ഷേപം നടത്താൻ മുന്നോട്ടുവന്നു. ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല. ധാരണാപത്രം ധനകാര്യ വകുപ്പിന്റെയും നിയമവകുപ്പിന്റെയും വിശദ പരിശോധനകൾക്ക് വിധേയമായി സമർപ്പിക്കണമെന്ന് ഫയലിൽ ചീഫ് സെക്രട്ടറിക്ക് വ്യക്തമായ നിർദ്ദേശം നൽകിയത് മുഖ്യമന്ത്രിയാണ്. സുതാര്യമായ പരിശോധനകൾ നടക്കുന്ന കാര്യത്തിൽ അനാവശ്യ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. ഹെസ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സ്വിസ് ചലഞ്ച് മാതൃകയിൽ മറ്റാർക്കെങ്കിലും ഇതിനെക്കാൾ മെച്ചപ്പെട്ടരീതിയിൽ നൽകാൻ കഴിയുമോയെന്ന് പരസ്യത്തിലൂടെ ആരായുകയും ചെയ്തു. എന്നാൽ ആരും മുന്നോട്ടുവന്നിട്ടില്ല. കേരളത്തിന്റെ പരിസ്ഥിതിക്ക് ഇണങ്ങുന്ന ഇലക്ട്രിക് വെഹിക്കിൾ നയത്തിനെ അഴിമതിയുടെ പേരിൽ വിമർശിക്കുന്നത് സ്ഥാപിത താല്പര്യങ്ങൾക്കു വേണ്ടിയാണെന്നുള്ളത് വ്യക്തമാണ്. ഭാവികേരളം അന്തരീക്ഷ മലിനീകരണം ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിലൊന്നായി മാറണമെന്നുള്ള ഉദ്ദേശ്യത്തിന്റെ ഭാഗമാണ് ഇ-വെഹിക്കിൾ നയം.

സർ, നമ്മൾ ഒരു നിക്ഷേപ സംഗമം നടത്തിയിരുന്നു, അതിലാണ് ധാരണാപത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തത്. എന്നാൽ ധാരണാപത്രം ഇപ്പോഴും ഒപ്പിട്ടിട്ടില്ല. പരസ്യം ചെയ്തിട്ടും മറ്റാരും പ്രോജക്ട് ഏറ്റെടുക്കാൻ വന്നിട്ടില്ല എന്നതാണ് നമ്മൾ മനസ്സിലാക്കേണ്ട കാര്യം.

സർ, നിക്ഷേപം നടത്താൻ വരുന്നവരെ ആട്ടിപ്പായിക്കുന്ന സമീപനം സ്വീകരിക്കരുത്. ഇലക്ട്രിക് ബസ്സിന്റെ കാര്യംതന്നെ ആയിക്കോട്ടെ, അല്ലെങ്കിൽ മറ്റ് വാഹനങ്ങളായിക്കോട്ടെ, ഏത് കമ്പനിയാണ് ഇവിടെ ഇലക്ട്രിക് വാഹനങ്ങൾ ഉല്പാദിപ്പിക്കുന്നത്; സംസ്ഥാനത്ത് വാഹനങ്ങൾ ഉല്പാദിപ്പിക്കുന്ന കമ്പനികൾ എത്രയാണുള്ളത്? കേരളത്തിലെ കമ്പനികളുടെ കാര്യമാണ് ഞാൻ ചോദിക്കുന്നത്. നമ്മൾ ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറുമ്പോൾ സാധാരണഗതിയിൽ പ്രധാനപ്പെട്ട കമ്പനികളിൽനിന്നും വാഹനം വാങ്ങുകയാണ് ചെയ്യുന്നത്. അതാണ് നമ്മൾ സാധാരണ സ്വീകരിക്കുന്ന സമ്പ്രദായം. ഏതെങ്കിലുമൊരു കമ്പനി നമ്മുടെ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറായി വരുന്നുണ്ടെങ്കിൽ അതിനെ തടയേണ്ട കാര്യമെന്താണ്; നിക്ഷേപം നടത്തുന്നത് നമ്മുടെ നാടിന് ഗുണകരമല്ലേ; കാരണം, എല്ലാ തൊഴിലാളികളും അവിടെനിന്നല്ലല്ലോ വരുന്നത്. കുറെപ്പേർ ഇവിടെ നിന്നുമുണ്ടാകും. ചില പ്രധാനികൾ മാത്രമല്ലേ അവരുടെ ഭാഗത്തുനിന്നും ഉണ്ടാകൂ. നമ്മുടെ നാട്ടിലല്ലേ ഉൽപാദനം നടത്തുന്നത്. ഈയൊരു വശം നമ്മൾ കാണണ്ടേ; അപ്പോൾ എല്ലാറ്റിനെയും മറ്റൊരു കണ്ണിലൂടെ കാണുമ്പോഴാണ് ഈയൊരു പ്രശ്നം വരുന്നത്. നിക്ഷേപത്തിന് തയ്യാറായിവരുന്ന ഒരു കമ്പനിയെ പ്രോത്സാഹിപ്പിക്കുന്ന സമീപനമല്ലേ സാധാരണഗതിയിൽ നമ്മൾ സ്വീകരിക്കേണ്ടത്; ഇതാണ് നാം ആലോചിക്കേണ്ട ഒരു കാര്യം. പിന്നെ സ്വിസ് ചലഞ്ച് തന്നെ സുതാര്യതയാണ്. അത് സുതാര്യമായി നടപ്പാക്കുന്ന രീതിയാണ് വന്നിട്ടുള്ളത്. കൺസൾട്ടന്റുകളെ നിശ്ചയിച്ചത് സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞു. NICSI എംപാനൽഡ് ഏജൻസിയാണ്. അവരെയാണ് നമ്മൾ നിശ്ചയിച്ചത്. യഥാർത്ഥത്തിൽ അതിലൊന്നും ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം

ഉണ്ടാകേണ്ട കാര്യമില്ല. നമ്മുടെ നാട്ടിൽ നടക്കേണ്ട ഒരു കാര്യം എന്ന രീതിയിൽ കണ്ടാൽ മതി. നമ്മുടെ നാടിന്റെ ഏതെങ്കിലും താത്പര്യം ബലികഴിക്കുന്നുണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കണമെന്നുള്ളത് ശരിയാണ്. പക്ഷേ, നാടിന്റെ താത്പര്യം ഏത് കാര്യത്തിലാണ് ബലി കഴിക്കുന്നത്; ഇതല്ലേ നമ്മൾ നോക്കേണ്ട കാര്യം. ഏതായാലും അതുമായി ബന്ധപ്പെട്ട് ഇതാണ് ഇപ്പോഴുള്ള അവസ്ഥ എന്നുള്ളത് നാം കാണേണ്ടതായിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി വികസനം പ്രധാനമായി കാണേണ്ട ഒരു കാര്യമാണ്. അതിൽ കൂടുതൽ ഡെവലപ്മെന്റുണ്ടായതാണ് ഞാൻ ഇവിടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. The National Industrial Corridor Development and Implementation Trust (NICDIT) ആഗസ്റ്റ് 19-ന് കൊച്ചി ഗ്ലോബൽ സിറ്റിയെ കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ Early Bird Project ആക്കി അംഗീകാരം നൽകിയിട്ടുണ്ട്. അത് നമുക്കൊരു മുന്നേറ്റം ഉണ്ടാക്കുന്ന കാര്യമാണ്. ഈ പ്രോജക്റ്റ് നടപ്പിൽ വരുമ്പോൾ 1600കോടി രൂപയുടെ ബഹുമുഖ പശ്ചാത്തല സൗകര്യവികസനത്തിന് വഴിയൊരുങ്ങും. ഇതിനുപുറമെ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള 18,000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസനം പത്തുവർഷക്കാലയളവിൽ സാധ്യമാകും. ഇതുവഴി 1,20,000 പ്രത്യക്ഷവും 3,60,000 പരോക്ഷവുമായ തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടും. ഇത് കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ ചലനമുണ്ടാക്കാനാണ് പോകുന്നത്. സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി 540 കോടി രൂപ മതിപ്പുവിലയുള്ള ഭൂമി ഏറ്റെടുത്ത് നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് ഈ പ്രോജക്ടിലെ സംസ്ഥാന സർക്കാരിന്റെ ഓഹരിയായിരിക്കും. മാസ്റ്റർ പ്ലാനിംഗ് ഏജൻസി 2020 സെപ്റ്റംബർ 7 മുതൽ പ്രവർത്തനമാരംഭിക്കും. മാസ്റ്റർ പ്ലാനും ഭൂമി ഏറ്റെടുക്കലും 2021 ഫെബ്രുവരി 21-നകം പൂർത്തിയാകും.

വിഴിഞ്ഞം തുറമുഖ വികസനത്തിനോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിലെ ഗതാഗതം വലിയതോതിൽ വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഒരു മെട്രോപൊളിറ്റൻ നഗരത്തിന് അനുസൃതമായ ഗതാഗതസംവിധാനം നഗരത്തിന് ആവശ്യമായി വരും. ഇക്കാര്യത്തിലുണ്ടാകാനിടയുള്ള ട്രാഫിക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. വിഴിഞ്ഞം-നാവായിക്കുളം 64.954 കിലോമീറ്ററും ഇതിൽ നിന്നും തേക്കട-മംഗലപുരം ലിങ്ക് റോഡ് 13.940 കിലോമീറ്ററും ദേശീയപാതയുമായി കണക്ട് ചെയ്യാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ പദ്ധതിയുടെ ചെലവ് 8200 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ അനുബന്ധ പ്രദേശങ്ങളിൽ വൻവികസനം സാധ്യമാകും. ഇപ്രകാരം നിർമ്മിക്കപ്പെടുന്ന റോഡുവശങ്ങളിലെ വികസനം പുതിയ ടൗൺഷിപ്പുകൾ നിലവിൽ വരുന്ന സ്ഥിതിയുണ്ടാക്കും. തിരുവനന്തപുരം നഗരത്തെ ഒരു പ്രത്യേക നിക്ഷേപപ്രദേശമായി ഇത് മാറ്റുന്ന സ്ഥിതിയാണുണ്ടാക്കുക. ഇതിന്റെ ഭാഗമായി വലിയ മാറ്റം ഉണ്ടാക്കുന്ന പദ്ധതിയാണ്. അതിന്റെ തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണ്. കൺസൾട്ടൻസികളെക്കുറിച്ച് നല്ല രീതിയിൽ ഇവിടെ ഉന്നയിക്കപ്പെടുകയുണ്ടായി. വൻകിട പദ്ധതികൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഹ്രസ്വകാലയളവുകളിലേയ്ക്ക് കൺസൾട്ടൻസി നൽകേണ്ടത് അനിവാര്യമായി വരും. വൻകിട പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നത് നമ്മുടെ സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അത്യാവശ്യമാണ്.

ഇവയ്ക്കായി വലിയ തോതിൽ സാമ്പത്തികസഹായം ആവശ്യമായി വരും. ഇതിന് ദേശീയ അന്തർദേശീയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സമയബന്ധിതമായി വായ്പ ലഭ്യമാക്കേണ്ടതുണ്ട്. അതിന് വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ധർ അടങ്ങുന്ന കൺസൾ

ട്ടൻസികളുടെ സേവനം ലോകത്തെമ്പാടും വിനിയോഗിക്കപ്പെടുന്നുണ്ട്. കൺസൾട്ടൻസിയും ധനസഹായവും എത്ര ഫലപ്രദമായി സർക്കാരിന് ഉപയോഗിക്കാൻ കഴിയുന്നുവെന്നതാണ് വിലയിരുത്തപ്പെടേണ്ടത്. എൽ.ഡി.എഫ്. സർക്കാർ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയാൽ സർക്കാരിന്റെ ഇച്ഛാശക്തി ആർക്കും വ്യക്തമാകും. കൺസൾട്ടൻസികൾക്ക് കരാർ നൽകിയത് ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണെന്നും യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഇത്തരം കൺസൾട്ടൻസികൾ നൽകിയിട്ടില്ലെന്നും വാർത്താസമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുകയുണ്ടായി. ഇതിനൊരപവാദമായി നിൽക്കുന്നത് കൊച്ചി മെട്രോയ്ക്കായി ഡി.എം.ആർ.സി.-യെ നിയമിച്ചത് മാത്രമാണെന്നാണ് അദ്ദേഹം പറഞ്ഞത്. വസ്തുതകൾ പരിശോധിച്ചാൽ വെളിവാകുന്ന ഉദാഹരണങ്ങളിൽ ചിലതെങ്കിലും എടുത്തുപറയാൻ ഞാൻ ഉദ്ദേശിക്കുന്നു. 2011-2016 കാലയളവിൽ യു.ഡി.എഫ്. സർക്കാർ നൽകിയ കൺസൾട്ടൻസികൾ ഏതൊക്കെയെന്ന് പറയാം. 2014-ൽ നോളഡ്ജ് സിറ്റിയുടെ കൺസൾട്ടന്റായി M/s Accenture Services Private Limited എന്ന സ്ഥാപനത്തെ നിയമിച്ചു. ഫീസായി 25 ലക്ഷം രൂപ നൽകാൻ തീരുമാനിച്ചു. അതിന്റെ ജി.ഒ. നമ്പർ എന്റെ കയ്യിലുണ്ട്. വിവിധ അവസരങ്ങളിൽ നിയമസഭയിൽ ഉയർന്ന ചോദ്യങ്ങൾക്ക് മറുപടിയായി കൺസൾട്ടൻസി നിയമനത്തെ സംബന്ധിച്ച വിശദാംശങ്ങൾ സഭാരേഖകളിലുണ്ട്. ചില കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. 22-7-2015-ൽ 451-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യത്തിന്റെ മറുപടിയായി അന്ന് ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിച്ച ശ്രീ. രമേശ് ചെന്നിത്തല പോലീസ് ഡിപ്പാർട്ട്മെന്റിലെ ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം പദ്ധതിക്കായി ടാറ്റാ കൺസൾട്ടൻസി സർവ്വീസസിനെ കൺസൾട്ടന്റായി നിയമിച്ചിരുന്നു. 40 കോടി 38 ലക്ഷം രൂപയാണ് കൺസൾട്ടൻസി ഫീസായി 3-1-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. 2-3-2015-ലെ 279-ാംനമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ പറഞ്ഞത് ജെൻഡർ പാർക്കിന്റെ കൺസൾട്ടന്റായി Space Art എന്ന സ്ഥാപനത്തെ നിയമിച്ചുവെന്നാണ്. 1-12-2014-ൽ നക്ഷത്രചിഹ്നമിടാത്ത 19-ാം നമ്പർ ചോദ്യത്തിന് മറുപടിയായി തുറമുഖ വകുപ്പുമന്ത്രി ശ്രീ. കെ. ബാബു പറഞ്ഞത് തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പിനായി Deloitte എന്ന കൺസൾട്ടൻസി സ്ഥാപനത്തെ നിയമിച്ചിട്ടുണ്ടെന്നാണ്. 30-11-2015-ൽ നക്ഷത്രചിഹ്നമിടാത്ത 30-ാം നമ്പർ ചോദ്യത്തിന് അന്നത്തെ വകുപ്പുമന്ത്രി ശ്രീ.കെ.ബാബു പറഞ്ഞത് കണ്ണൂർ വിമാനത്താവളത്തിന്റെ കൺസൾട്ടന്റായി AECOM Asia Company Limited എന്ന കമ്പനിയേയും അവരുടെ സാമ്പത്തിക പങ്കാളിയായ CRISIL-നെയും 2012-ൽ കൺസൾട്ടന്റായി നിയമിച്ചു എന്നാണ്. 30-11-2015-ൽ നക്ഷത്രചിഹ്നമിട്ട 25-ാം നമ്പർ ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടി നൽകിയ മറുപടിയിൽ പറഞ്ഞത് എയർ കേരള പദ്ധതിയുടെ കൺസൾട്ടന്റായി ഏണസ്റ്റ് ആൻഡ് യംഗ് എന്ന കമ്പനിയെ നിയമിച്ചുവെന്നാണ്. 10-2-2016-ൽ അന്നത്തെ ജലസേചന വകുപ്പുമന്ത്രി ശ്രീ.പി.ജെ.ജോസഫ് പറഞ്ഞ മറുപടിയിൽ ജലനിധിയുടെ കൺസൾട്ടന്റായി സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ്, ഇന്റർ കോർപ്പറേഷൻസ് സോഷ്യൽ ഡെവലപ്മെന്റ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളെ കൺസൾട്ടന്റായി നിയമിച്ചുവെന്നാണ്. 28-1-2014-ൽ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് പുറപ്പെടുവിച്ച ഉത്തരവിൽ പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് ഇന്ത്യാ ലിമിറ്റഡിനെ കൺസൾട്ടന്റായി നിയമിച്ചു. കെ.എസ്.ഇ.ബി.എൽ.ന്റെ വൈദ്യുതി ചാർജുകളിൽനിന്നും ലഭ്യമാകാവുന്ന വരുമാനവും ആവശ്യമായ റവന്യൂ വരുമാനവും സംബന്ധിച്ച അനുമാനം നൽകുന്നതിനാണ് ഈ കൺസൾട്ടൻസി നൽകിയത്. ഭരണ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ

കൺസൾട്ടൻസികൾ സംബന്ധിച്ച് 11-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 8-2-2005-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 774-ന് അന്നത്തെ മുഖ്യമന്ത്രി നൽകിയ മറുപടി പ്രസക്തമാണ്. എം.ജി.പി.-യുടെ ഭാഗമായി 36 കൺസൾട്ടന്റുകളെ നിയമിച്ചിട്ടുണ്ട്. Tata Consultancy Services (TCS), PricewaterhouseCoopers Pvt Ltd, A.F. Ferguosn, CRISIL, ICRA, New Concept Information Systems Pvt Ltd, Centre for Socio-economic and Environmental Studies, Samaj Vikas, Planet Kerala, Ernst and Young Global Limited എന്നിവ ഇതിൽ ചിലതാണ്. ഈ പറഞ്ഞ ഉദാഹരണങ്ങൾ പൂർണ്ണമല്ല; എന്നാൽ വസ്തുതകളിലേയ്ക്ക് ഇവ വെളിച്ചം വീശുന്നുണ്ട്. ജനങ്ങളോട് സത്യം പറയാതെ എത്രകാലമാണ് വ്യാജപ്രചരണങ്ങൾ നടത്താൻ കഴിയുകയെന്നാണ് ആലോചിക്കേണ്ടത്. നേരത്തെ പറഞ്ഞ കേന്ദ്രഗവൺമെന്റിന്റെ ഏജൻസിയുടെ എംപാനൽ ചെയ്ത ലിസ്റ്റിൽനിന്നെടുത്തു. അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു തന്നെയാണ് കാര്യങ്ങൾ വന്നിട്ടുള്ളത്.

സർ, ഏതായാലും കൺസൾട്ടൻസികൾ ചില കാര്യങ്ങൾക്ക് ആവശ്യമായി വരും. അതിനാവശ്യമായ കാര്യങ്ങളെല്ലാം പരിശോധിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിത്തന്നെയാണ് ചെയ്യുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഡോ.കെ.ടി.ജലീലിനെതിരെ ചില പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഖുർആൻ വിതരണം, പെരുന്നാൾ സക്കാത്ത് കിറ്റ് വിതരണം എന്നിവ സംബന്ധിച്ച് വലിയൊരു പുകമറ സൃഷ്ടിക്കാനാണ് ശ്രമം നടക്കുന്നത്. യഥാർത്ഥത്തിൽ അസ്വാഭാവികമായി ഒന്നും ഇതിലില്ല എന്നതാണ് സത്യം. ഇവിടെ നടന്നത് പ്രത്യേകതയുള്ള എന്തെങ്കിലും കാര്യവുമല്ല. യു.എ.ഇ. എംബസികളും കോൺസുലേറ്റുകളും റംസാനോടനുബന്ധിച്ച് ലോകത്തെ എല്ലാ രാജ്യങ്ങളിലും വിശ്വാസപരവും സാംസ്കാരികപരവുമായ ഉപചാരങ്ങൾ നിർവ്വഹിച്ചുവരാറുണ്ടെന്നാണ് പറയുന്നത്. ഇത് കേരളത്തിലും നടക്കാറുണ്ട്. കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഈ വർഷം കേരളത്തിൽ യഥാസമയം ഇക്കാര്യം ചെയ്യാൻ അവർക്ക് കഴിയാതെ വന്നു. ആ സാഹചര്യത്തിൽ, ഇതുസംബന്ധിച്ച് തിരുവനന്തപുരത്തെ യു.എ.ഇ. കോൺസുലേറ്റിലെ കോൺസൽ ജനറൽ ബഹു. മന്ത്രി ഡോ.കെ.ടി.ജലീലിന് ഒരു സന്ദേശം കൊടുത്തു. എന്തുകൊണ്ടാണ് ബഹു. മന്ത്രി ഡോ.കെ.ടി.ജലീലിനുതന്നെ സന്ദേശം അയച്ചതെന്നതാണ് ഒരു സംശയം വരുന്നത്. അദ്ദേഹമാണ് ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പ് കൈകാര്യം ചെയ്യുന്നത്. അതുകൊണ്ടുതന്നെയായിരിക്കും ഇങ്ങനെ ചെയ്തത്. ഈ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ബഹു. മന്ത്രി ഡോ.കെ.ടി.ജലീൽ ഇരിക്കെ മറ്റാർക്കെങ്കിലുമാണ് ഇതുസംബന്ധിച്ച് സന്ദേശം യു.എ.ഇ.-യിൽ നിന്ന് ലഭിക്കുന്നതിലെങ്കിലല്ലേ അസ്വാഭാവികതയുണ്ടെന്ന് കണക്കാക്കേണ്ടതുള്ളൂ. ഭക്ഷണക്കിറ്റുകളും ഖുർആൻ പാക്കറ്റുകളുമുണ്ടെന്ന് അവർ അറിയിക്കുകയാണ്. കോൺസുലേറ്റ് തന്നെ നേരിട്ട് ഭക്ഷണക്കിറ്റുകൾ ഏർപ്പാട് ചെയ്യുകയും ബന്ധപ്പെട്ട സ്ഥാപനത്തിന് അവർതന്നെ പണം നേരിട്ട് നൽകുകയുമാണുണ്ടായത്. കോൺസുലേറ്റിന്റെ അഭ്യർത്ഥനപ്രകാരം കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം ബഹു.മന്ത്രി ഡോ.കെ.ടി.ജലീൽ നിർവ്വഹിച്ചു. ദുബായ് സർക്കാരിന്റെ കീഴിലുള്ള ചാരിറ്റി വകുപ്പിന്റെ സീലോടെയുള്ള ഖുർആൻ കോപ്പികളാണ് മതാചാരത്തിന്റെ ഭാഗമായി വിതരണം ചെയ്യാൻ കോൺസുലേറ്റ് ഏൽപ്പിച്ചിരുന്നത്. സി-ആപ്റ്റിൽനിന്ന് പുസ്തകങ്ങളുമായി പോകുന്ന വാഹനത്തിൽ ഈ ഗ്രന്ഥങ്ങളും കയറ്റി മലപ്പുറം ജില്ലയിലെ രണ്ട് സ്ഥാപനങ്ങളിൽ എത്തിച്ചു. അതിന്റെ പേരിൽ ഒരു രൂപപോലും സർക്കാരിലേയ്ക്കോ സി-ആപ്റ്റിലേയ്ക്കോ അധികമായി വന്നിട്ടില്ല. ഇക്കാര്യം വാഹനത്തിന്റെ ലഡ്ജർ പരിശോധിച്ചാൽ ആർക്കും ബോധ്യമാകും. കോവിഡ്-19 വ്യാപനത്തെ തുടർന്ന് ആരാധനാലയങ്ങൾ ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതിനാൽ ഇതുവ

രെയും അവ വിതരണം ചെയ്തിട്ടില്ല. എടപ്പാളിലും ആലത്തിയൂരിലുമായി എത്തിച്ച ഖുർആൻ പാക്കറ്റുകളെല്ലാം ഭദ്രമായി ഇറക്കിവച്ച ഇടങ്ങളിൽത്തന്നെ ഇരിക്കുന്നുണ്ട്. ബന്ധപ്പെട്ട അധികൃതർ ആ ഗ്രന്ഥങ്ങൾ വിതരണം ചെയ്യാൻ പാടില്ലെന്നുപറഞ്ഞാൽ അവ കോൺസുലേറ്റിനെ തിരിച്ചേൽപ്പിക്കുമെന്ന് ബഹു. മന്ത്രി ഡോ.കെ.ടി.ജലീൽ വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യയുമായി, പ്രത്യേകിച്ച് കേരളവുമായി നൂറ്റാണ്ടുകളുടെ ബന്ധമുള്ള രാജ്യമാണ് യു.എ.ഇ. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അവരുടെ കോൺസുലേറ്റ് ഒരു മത-സാംസ്കാരിക-ആചാര നിർവ്വഹണത്തിന് അവസരമൊരുക്കണമെന്ന് തീർത്തും അനൗദ്യോഗികമായി അഭ്യർത്ഥിച്ചപ്പോൾ അതിനോട് സഹകരിക്കുക മാത്രമാണ് മന്ത്രി ഡോ.കെ.ടി.ജലീൽ ചെയ്തത്. അല്ലാതെ രണ്ട് രാജ്യങ്ങൾ തമ്മിലുള്ള നയതന്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും ബഹുമാനപ്പെട്ട മന്ത്രി യു.എ.ഇ. കോൺസൽ ജനറലുമായി സംസാരിക്കുകയോ എന്തെങ്കിലും സംഭാവനകൾ വാങ്ങുകയോ ചെയ്തിട്ടില്ല. മന്ത്രി ഡോ.കെ.ടി.ജലീൽ അങ്ങോട്ട് ബന്ധപ്പെടുകയായിരുന്നില്ല, മറിച്ച് യു.എ.ഇ. കോൺസൽ ജനറൽ അദ്ദേഹത്തെ ബന്ധപ്പെടുകയായിരുന്നു എന്നതാണ് ശ്രദ്ധിക്കേണ്ട പ്രധാന വസ്തുത. മേയ് 27-നാണ് അദ്ദേഹത്തിന്റെ സന്ദേശം മന്ത്രി ഡോ.കെ.ടി.ജലീലിന് ലഭിക്കുന്നത്. ഇതിൽനിന്നുതന്നെ അങ്ങോട്ട് എന്തെങ്കിലും ആവശ്യപ്പെട്ട് വാങ്ങിയെടുക്കുകയായിരുന്നില്ലെന്ന് വ്യക്തമാകുന്നുണ്ട്. നമ്മുടെ ലക്ഷക്കണക്കിന് സഹോദരങ്ങൾ ജോലിചെയ്തു ജീവിക്കുന്ന രാജ്യമാണത്. ആ രാജ്യം അവരുടെ വിശ്വാസവുമായി ബന്ധപ്പെട്ട് പെരുന്നാൾ ഘട്ടത്തിൽ ലോകത്തിന്റെ പലഭാഗത്തും എന്നതുപോലെ കേരളത്തിലും സക്കാത്ത് നൽകാനും ഖുർആൻ നൽകാനും ആഗ്രഹിച്ചു. അതിനോട് നിഷേധാത്മക നിലപാട് സ്വീകരിക്കുന്നത് ഇരു ജനതയും തമ്മിൽ നിലനിൽക്കുന്ന സൗഹൃദത്തിന് നിരക്കുന്നതല്ല. ന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള കരുതലും മതസൗഹാർദ്ദത്തിന്റെ ഉന്നത മൂല്യങ്ങളുമാണ് ഇതിന് പിന്നിലുള്ളതെന്നത് മനസ്സിലാക്കാവുന്നതേയുള്ളൂ. തീർത്തും സദുദ്ദേശ്യത്തിൽ മനുഷ്യത്വപരവും സൗഹാർദ്ദപരവുമായ ഒരു ഇടപെടൽ നടത്തിയതിനെ വക്രീകരിക്കാൻ ചില കേന്ദ്രങ്ങൾ സംഘടിതമായി ശ്രമിക്കുന്നു. അത് മതനിരപേക്ഷതയ്ക്കും സൗഹാർദ്ദത്തിനും നിരക്കാത്ത ചില കാരണങ്ങൾകൊണ്ടാകാം. ഇക്കാര്യത്തിൽ ഏതന്വേഷണവും നേരിടാൻ താൻ തയ്യാറാണെന്ന് ആദ്യംമുതൽ തന്നെ ബഹു. മന്ത്രി ഡോ.കെ.ടി.ജലീൽ പറഞ്ഞിട്ടുള്ളത് മറച്ചുവയ്ക്കാനൊന്നുമില്ല എന്നതിന്റെ സ്ഥിരീകരണമാകുന്നുണ്ട്.

ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് 2010-ലെ സെക്ഷൻ 2(h)ൽ ഫോറിൻ കോൺട്രിബ്യൂഷൻ എന്താണെന്ന് നിർവ്വചിക്കുന്നുണ്ട്. വിദേശ ഉറവിടത്തിൽനിന്നും ഒരു സംഭാവന നടത്തുകയോ കൈമാറുകയോ ലഭിക്കുകയോ സ്വീകരിക്കുകയോ ചെയ്താൽ മാത്രമേ ഈ നിയമത്തിന്റെ പരിധിക്കുള്ളിൽപ്പെടുകയുള്ളൂ. ഇവിടെ ബഹു. മന്ത്രി ഡോ.കെ.ടി.ജലീൽ ഇതിൽ ഏതെങ്കിലുമൊന്ന് ചെയ്തിട്ടുണ്ടോ? അദ്ദേഹത്തിന്റെ ആവശ്യത്തിനായി യാതൊരു സഹായവും കൈപ്പറ്റിയിട്ടില്ല, സഹായവിതരണവും അദ്ദേഹം നടത്തിയിട്ടില്ല. നിയമവിരുദ്ധമായി ഒന്നുംതന്നെ ഇതിൽ നടന്നിട്ടുള്ളതായി വെളിപ്പെട്ടിട്ടില്ല. ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യമെന്താണ്? രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും ഉത്തരവാദപ്പെട്ട മറ്റ് സ്ഥാനങ്ങളിലുള്ളവരും അനുമതിയില്ലാതെ അനിയന്ത്രിതമായി വിദേശസഹായം സ്വീകരിക്കുന്നതിലൂടെയുണ്ടാകുന്ന അനഭിലഷണീയ പ്രവണത ഒഴിവാക്കുകയാണ് നിയമത്തിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ അങ്ങനെ എന്തെങ്കിലും സംഭവിച്ചതായി പറയാൻ കഴിയുമോ?

**രമേശ് ചെന്നിത്തല:** സർ, അങ്ങ് പറഞ്ഞത് കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസികൾ ഇപ്പോൾ ഇത് അന്വേഷിക്കാൻ പോകുകയാണെന്നാണ്. കേന്ദ്ര ഏജൻസികൾ അന്വേഷിക്കുകയാണ്.

Kind or Cash ആയി ഏതെങ്കിലും തരത്തിലുള്ള പാരിതോഷികം ഒരു കോൺസുലേറ്റിൽനിന്ന് വാങ്ങുമ്പോൾ Sections 3 & 35 അനുസരിച്ച് അനുവാദം വാങ്ങിയിരിക്കണം. ഖുർആനാണ് കൊണ്ടുവന്നത് എന്നതിന് നിങ്ങൾക്കെന്താണ് തെളിവ്: ആർക്കാണ് തെളിവ്? നമുക്ക് തെളിവില്ല. അത് ഏൽക്കാൻ ആരും ഇപ്പോഴില്ല. ഇത് ഗുരുതരായ ഒരു പ്രശ്നം തന്നെയാണ്. അങ്ങ് ഇതിനെ ലഘൂകരിച്ച് കാണരുത്. ദുരൂഹമായ ആളുകൾ ഇതിന് പിറകിൽ പ്രവർത്തിക്കുന്നുണ്ട്. തന്നെയുമല്ല, അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി ഇതിന്റെ പേരിൽ പറയുന്ന കാര്യങ്ങളൊക്കെ എങ്ങനെ അംഗീകരിക്കാൻ കഴിയും? മതവുമായി കൂട്ടിച്ചേർക്കുകയാണ്, വിശുദ്ധ ഖുർആനുമായി കൂട്ടിച്ചേർക്കുകയാണ്. ഇതൊക്കെ നമുക്ക് ന്യായീകരിക്കാൻ കഴിയുന്ന കാര്യങ്ങളാണോ? അതൊന്നും ഒരിക്കലും ശരിയായ കാര്യമല്ല. അത് ഇടതുമുന്നണി അംഗീകരിക്കുന്നുണ്ടോ; ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ? ഇവിടെ കോൺസുലേറ്റുമായുള്ള ബന്ധത്തെ സംബന്ധിച്ച് വ്യക്തമായ നിർവ്വചനങ്ങളുണ്ട്. ആ നിർവ്വചനങ്ങൾ മുഴുവൻ മാറ്റിക്കൊണ്ടാണ് കിറ്റ് വാങ്ങിയത്, it is a kind. അതോടൊപ്പംതന്നെ ഇവിടെ പറഞ്ഞിട്ടുള്ള മറ്റ് പായ്ക്കറ്റുകൾ വാങ്ങി. പായ്ക്കറ്റുകൾ എന്താണെന്ന് എനിക്കറിയില്ല. ഗുരുതരമായ തെറ്റാണ് ചെയ്തത്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് അന്വേഷിക്കുന്നത്. ഇപ്പോൾ പറയുന്ന അങ്ങേയ്ക്കുതന്നെ ബഹു. മന്ത്രി ഡോ.കെ.ടി.ജലീലിനെതിരെ നടപടി എടുക്കേണ്ടിവരുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

**പിണറായി വിജയൻ:** സർ, ഇക്കാര്യം സംബന്ധിച്ച് അദ്ദേഹം നേരത്തേതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഏത് അന്വേഷണമായാലും അതിനെ അദ്ദേഹം സ്വാഗതം ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള kind അല്ലെങ്കിൽ cash നേരിട്ട് സ്വീകരിച്ചുവെന്ന് വന്നാലാണ് മറ്റ് പ്രശ്നങ്ങൾ വരുന്നത്. അത് അദ്ദേഹം പറഞ്ഞല്ലോ? അദ്ദേഹം പറഞ്ഞതിനെ ഉത്തമ വിശ്വാസത്തിലെടുക്കുന്നത് തന്നെയാണ് നല്ലത്. സിറിൾ അമർചന്ദ് മംഗൾദാസിന്റെ കാര്യത്തെപ്പറ്റി വേറൊന്നും പറയാനില്ലല്ലോ അല്ലേ?

സർ, തിരുവനന്തപുരം വിമാനത്താവളത്തിൽ കസ്റ്റംസ് കണ്ടെത്തിയ സ്വർണ്ണക്കള്ളക്കടത്തിനെ ചൂഴ്ന്ന് പൊതുസമൂഹത്തിൽ തെറ്റിദ്ധാരണാജനകമായ കാര്യങ്ങൾ ചിലർ പരത്തുകയാണ്. വിവാദം സൃഷ്ടിക്കാനായി അസത്യങ്ങളും അർദ്ധസത്യങ്ങളും പറയുന്നതൊന്ന് ഓടിച്ചുനോക്കുന്നത്, ഉന്നയിച്ചവർ നാട്ടിലെ ജനങ്ങളെ എത്ര പുച്ഛത്തോടെയാണ് വീക്ഷിക്കുന്നതെന്ന് മനസ്സിലാക്കാൻ സഹായകരമാണ്. സംസ്ഥാന സർക്കാർ കള്ളക്കടത്തിനെതിരെ നടപടികളൊന്നും സ്വീകരിച്ചില്ലായെന്നതാണ് ഉന്നയിക്കപ്പെട്ട ഒരു ആക്ഷേപം. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ 83-ാം ഇനം പ്രകാരം കയറ്റുമതി തീരുവകളുൾപ്പെടെയുള്ള കസ്റ്റംസ് തീരുവകൾ യൂണിയൻ ലിസ്റ്റിൽ പെട്ടവയാണ്. കസ്റ്റംസ് തീരുവകൾ വെട്ടിച്ച് രാജ്യത്തിനുള്ളിലേയ്ക്ക് പുറത്തുനിന്നും സാധനസാമഗ്രികൾ ഒളിച്ചുകടത്തുന്നതിനെയാണ് കള്ളക്കടത്ത് എന്നുവിളിക്കുന്നത്. കള്ളക്കടത്ത് തടയാൻ അധികാരപ്പെട്ടവർ കസ്റ്റംസ് ബോർഡിനുകീഴിലുള്ള കസ്റ്റംസ് പ്രിവന്റീവ് വിഭാഗം, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് എന്നിവയാണ്. പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ അധീനതയിൽപ്പെട്ട ഒരു വിഷയത്തിൽ സംസ്ഥാന സർക്കാർ നടപടിയെടുത്തില്ലെന്ന് പറയുന്നത് പുകമറ സൃഷ്ടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. സ്വർണ്ണക്കള്ളക്കടത്ത് സംബന്ധിച്ച് വാർത്തകൾ പൊതുമണ്ഡലത്തിൽ വന്നപ്പോൾത്തന്നെ രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഇക്കാര്യത്തിൽ ശക്തമായ അന്വേഷണം നടത്തണമെന്ന് ബഹു. പ്രധാനമന്ത്രിയോട് കത്തിലൂടെ ആവശ്യപ്പെടുകയും അദ്ദേഹം ഇത്തരമൊരു അന്വേഷണത്തിന് ആവശ്യമായ എല്ലാ സഹായവും വാഗ്ദാനം ചെയ്യുകയും ചെയ്തു. ഇതിനെത്തുടർന്ന് കേസ്സിന്റെ സമ

ഗ്രമായ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിയെ കേന്ദ്രസർക്കാർ ഏൽപ്പിച്ചു. വിവിധ കേന്ദ്ര സർക്കാർ ഏജൻസികൾ ഈ കേസ്സിൽ അന്വേഷണം നടത്തിവരികയാണ്. ദേശീയ അന്വേഷണ ഏജൻസി കേസ്സിലെ പ്രതികൾക്ക് മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്വാധീനമുണ്ടെന്നും മുഖ്യമന്ത്രിയുമായി സാധാരണ പരിചയമുണ്ടെന്നും കോടതിയിൽ പറഞ്ഞതായി ദൃശ്യമാധ്യമങ്ങളിൽ വ്യാപകമായ വാർത്ത പ്രചരിപ്പിച്ചു. പ്രത്യേക കോടതിയിൽ സ്വർണ്ണക്കള്ളക്കടത്തുകേസ് പ്രതികൾ സമർപ്പിച്ച ജാമ്യാപേക്ഷയിൽ ദേശീയ അന്വേഷണ ഏജൻസി സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ഈ എതിർ സത്യവാങ്മൂലത്തിൽ ഏതു ഖണ്ഡികയിലാണ് ഇത്തരമൊരു പരാമർശമുള്ളതെന്ന് വ്യക്തമാക്കാൻ ആരോപണം ഉന്നയിച്ചവർ തയ്യാറായിട്ടില്ല. അതിലെവിടെ യെങ്കിലും മുഖ്യമന്ത്രി, മുഖ്യമന്ത്രിയുടെ ഓഫീസ് എന്നീ വാക്കുകളുണ്ടോ? എൻ.ഐ.എ. തന്നെ പ്രത്യേക കോടതിയിൽ കേരള സർക്കാർ സമഗ്രമായ അന്വേഷണത്തിന് ആവശ്യപ്പെട്ട കാര്യം എടുത്തു പറഞ്ഞിട്ടുണ്ട്. ഇതാണ് സത്യമെന്നിരിക്കേ, എത്ര ബോധപൂർവ്വമാണ് ചിലർ പുകമറകൾ സൃഷ്ടിക്കാൻ നോക്കുന്നത്. എൻ.ഐ.എ., കസ്റ്റംസ് വകുപ്പുകൾ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യുകയും അന്വേഷണം നടത്തുകയും ചെയ്യുന്നുവെന്നുള്ളതാണ് അടുത്ത ആരോപണം. വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്ത വാർത്തയാണിത്. എൻ.ഐ.എ. പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥനൊരു കത്തുനൽകുക മാത്രമേ ചെയ്തിട്ടുള്ളു. സംസ്ഥാന സർക്കാർ അന്വേഷണത്തിന് ആവശ്യമായ എല്ലാ സഹായവും ചെയ്യുമെന്ന് പ്രധാനമന്ത്രിയെ തന്നെ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ എല്ലാ സഹായവും സംസ്ഥാന സർക്കാർ ലഭ്യമാക്കും. കസ്റ്റംസ് വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. ഇവയെല്ലാംതന്നെ നടപടി ക്രമങ്ങളെ സംബന്ധിച്ച വിവരങ്ങൾ മാത്രമാണ്. ഒരു പ്രത്യേക ഓഫീസിനെതിരെയോ ഉദ്യോഗസ്ഥനെ തിരെയോ ഉള്ള വിവരങ്ങളല്ല ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്തരം ഒരു തെറ്റിദ്ധാരണ ബോധപൂർവ്വം പരത്താൻ ശ്രമിക്കുകയാണ്. സ്വർണ്ണ കള്ളക്കടത്ത് എന്നല്ല എതെങ്കിലും ക്രിമിനൽ കേസ്സുകളിലോ അഴിമതികളിലോ ഉൾപ്പെട്ടിട്ടുള്ള ആർക്കും സംസ്ഥാന സർക്കാർ ഒരു സംരക്ഷണവും നൽകില്ല. ഇതിന് നിലവിലെ നിയമങ്ങളുടേയും ചട്ടങ്ങളുടേയും പിൻബലം മാത്രം മതിയാകും. ഭരിക്കുന്നവരുടെ മനസ്സാക്ഷിയുടെ ഇംഗിതം മുൻകാലങ്ങളെപോലെ ഇതിന് ആവശ്യമില്ല.

ഫയലുകളുടെ ചില ഭാഗങ്ങൾ അടർത്തിമാറ്റി ഉദ്ധരിച്ചും അസത്യങ്ങൾ വിളമ്പിയും ഇലക്ട്രിക് വെഹിക്കിൾ നയം, ലൈഫ് പദ്ധതി, കൺസൾട്ടൻസികൾ എന്നീ കാര്യങ്ങളിലെല്ലാം പുകമറ സൃഷ്ടിക്കാൻ പ്രതിപക്ഷം കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്. ഇവയ്ക്കൊക്കെ അപ്പപ്പോൾ വിശദമായ മറുപടി പറഞ്ഞിട്ടുണ്ട്. അതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ആരോപണങ്ങൾ വസ്തുതയുടെ അടിസ്ഥാനത്തിലായിരിക്കണം അവയ്ക്ക് തെളിവുണ്ടാകണം. അല്ലാതെ അടിസ്ഥാനമില്ലാതെ പറയുന്ന കാര്യങ്ങൾ ആരും മുഖവുരയ്ക്ക് എടുക്കാതെയാകുമെന്നുകൂടി പറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. സ്വർണ്ണ കള്ളക്കടത്ത് മുൻനിർത്തി ഇടതുപക്ഷത്തിനെതിരെ വലിയ ആരോപണ കൊടുങ്കാറ്റ് അഴിച്ചുവിടാമെന്നാണല്ലോ നിങ്ങൾ വ്യാമോഹിച്ചത്. എന്നാൽ, അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ഇടതുപക്ഷത്തുള്ള ഒരാളെയെങ്കിലും ചൂണ്ടിക്കാട്ടാനാകുമോ? ഈ സർക്കാർ അഞ്ചാം കൊല്ലത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. തെരഞ്ഞെടുപ്പ് വേളയിൽ ഞങ്ങൾ നൽകിയ വാഗ്ദാനങ്ങൾ എന്തൊക്കെ പാലിച്ചുവെന്ന് വർഷാവർഷം ജനങ്ങൾക്ക് മുമ്പിൽ പറഞ്ഞിട്ടുണ്ട്. അതിലുപരി ഞങ്ങൾ പ്രഖ്യാപിച്ചതും നടപ്പാക്കിയതുമായ പരിപാടികളുടെ പുരോഗതിയും ജനങ്ങളെ അറിയിക്കുന്നുണ്ട്. കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന വൻകിട പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് തുടങ്ങിയിട്ടുണ്ട്. ഇത്

നടപ്പാക്കുമ്പോൾ തന്നെ പരമാവധി പരിസ്ഥിതി സംരക്ഷണമെന്നതിന് പ്രാധാന്യവും നൽകുന്നുണ്ട് തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ, ശബരിമല വിമാനത്താവളം, കോയമ്പത്തൂർ-കൊച്ചി വ്യവസായ ഇടനാഴി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പൂർത്തിയാകില്ലായെന്ന് ഉപേക്ഷിച്ച ഗെയിൽ പദ്ധതി യാഥാർത്ഥ്യമാവുകയാണ്. പ്രളയാഘാതത്തെ ചെറുത്തുനിൽക്കാൻ ശേഷിയുള്ള റോഡുകളും പാലങ്ങളും നിർമ്മിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രതിപക്ഷം പരിഹസിച്ച റീബിൾഡ് കേരള ഇനിഷ്യേറ്റീവ് എന്താണെന്ന് അറിയണമോ? 2018-ലെ മഹാപ്രളയത്തിനുശേഷം നവകേരള നിർമ്മിതി എന്ന ആശയം മുന്നോട്ടുവച്ച് നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു. നൂറ് വർഷക്കാലത്തിനിടയിലെ ഏറ്റവും വലിയ പ്രളയം സമ്പദ്ഘടനയിലുണ്ടാക്കിയ ആഘാതം പഠിക്കാൻ പല മേഖലകളിലേയും വിദഗ്ധർ അടങ്ങിയ ഒരു സമിതി Post Disaster Needs Assessment(PDNA) എന്ന റിപ്പോർട്ട് സമർപ്പിച്ചു. മഹാപ്രളയത്തിന്റെ അനന്തരഫലമായി കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ 31,000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് സമിതി കണക്കുകൂട്ടിയത്.

നേരത്തെ ഞാൻ ആ ഭാഗം പറഞ്ഞതുകൊണ്ട് കൂടുതലായിട്ട് അതിലേയ്ക്ക് കടക്കുന്നില്ല. പ്രളയാഘാത ശേഷി താങ്ങാവുന്ന തരത്തിലുള്ള പദ്ധതികളാണ് ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ളത്. ഭാവി കേരളത്തെപ്പറ്റിയുള്ള സർക്കാരിന്റെ പരിപ്രേക്ഷ്യം ഇതിൽനിന്നും വ്യക്തമാണ്. ഇതോടൊപ്പംതന്നെ മതസൗഹാർദ്ദവും നവോത്ഥാന മൂല്യങ്ങളും കാത്തുസൂക്ഷിക്കുന്ന ചുമതലകൂടി സർക്കാർ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നിർവ്വഹിക്കുന്നുണ്ട്. ഭരണഘടനാമൂല്യങ്ങൾക്ക് അനുസൃതമല്ലാത്ത പൗരത്വ ഭേദഗതി ബിൽ 2019-നെതിരെ സമാധാനപരവും മതനിരപേക്ഷ മൂല്യങ്ങളിൽ അധിഷ്ഠിതവുമായ പ്രതിഷേധവുമാണ് കേരളത്തിൽ നടന്നത് ഇത് ലോകശ്രദ്ധ പിടിച്ചുപറ്റിയതാണ്.

രാഷ്ട്രീയ നിരുത്തരവാദിത്വം എന്നും കോൺഗ്രസ്സിന്റെ സഹജ സ്വഭാവമായിരുന്നു. ആ ഉത്തരവാദിത്വമില്ലായ്മയുടെ സൃഷ്ടിയാണ് കേന്ദ്രത്തിലെ ബി.ജെ.പി. ഭരണം പോലും. കോൺഗ്രസ് ഭരണശേഷം കേന്ദ്രത്തിൽ ഒരു കോൺഗ്രസ്സേതര ബി.ജെ.പി.-യേതര ജനാധിപത്യ മതേതര സർക്കാർ അധികാരത്തിൽ വന്നിരുന്നു. വിശ്വനാഥ് പ്രതാപ് സിംഗിന്റെ നേതൃത്വത്തിലുള്ള ദേശീയ മുന്നണി സർക്കാർ. ആ മതേതര സർക്കാരിനെ ബി.ജെ.പി.ക്കൊപ്പം നിന്ന് വോട്ട് ചെയ്തത് തകർക്കുകയാണ് കോൺഗ്രസ് ചെയ്ത്. ഇത്തരമൊരു അവിശ്വാസ പ്രമേയത്തിന്റെ തണലിൽ കോൺഗ്രസ്സും ബി.ജെ.പി.-യും അന്ന് ഒരുമിച്ചു. എന്ത് ധാർമ്മികതയുടെ പേരിലായിരുന്നു അങ്ങനെ ചെയ്തത്; എന്ത് മതേതര ബോധമായിരുന്നു അന്ന് നിങ്ങളെ നയിച്ചത്; സത്യത്തിൽ അന്ന് കോൺഗ്രസ് ചെയ്തത് ബി.ജെ.പി.-യുടെ താല്പര്യങ്ങൾ നിർവ്വഹിച്ച് കൊടുക്കലായിരുന്നു.

ബാബറി മസ്ജിദ് ലക്ഷ്യമാക്കി നീങ്ങിയ ശ്രീ.എൽ.കെ.അദ്വാനിയുടെ രഥയാത്രയെ പ്രധാനമന്ത്രി വി.പി.സിംഗിന്റെ നിർദ്ദേശ പ്രകാരം ബീഹാറിൽ വച്ച് അവിടത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ലാലുപ്രസാദ് യാദവ് തടയുകയും ശ്രീ. എൽ. കെ. അദ്വാനിയെ അറസ്റ്റ് ചെയ്യുകയും ചെയ്യുന്നു. എന്തിനാണ് തടഞ്ഞത്; എന്തിനാണ് അറസ്റ്റ് ചെയ്ത്ത്; ആ രഥയാത്രയെ അയോദ്ധ്യയിൽ എത്താൻ അനുവദിച്ചാൽ അവർ ബാബറി മസ്ജിദ് തകർക്കും. അങ്ങനെ സംഭവിച്ചാൽ നമ്മുടെ രാജ്യം വർഗ്ഗീയ ശക്തികൾക്ക് കലാപം ഉണ്ടാക്കാൻ വളക്കൂറുള്ള മണ്ണായി മാറും. ഇത് സംഭവിച്ചുകൂടാ. മതേതരത്വത്തിന്റെ മഹോന്നത മൂല്യങ്ങൾ സംരക്ഷിക്കാനാണ് രഥയാത്ര തടഞ്ഞത്. ഇതിൽ ബി.ജെ.പി. സംഘപരിവാർ പ്രവർത്തകർ പ്രകോപി തരാകുന്നത് മനസ്സിലാക്കാം. കോൺഗ്രസ് എന്തിനാണ് പ്രകോപിതമായത്; പ്രകോപിതമായ കോൺഗ്രസ്സുമായി ലീഗ് എന്തിനാണ് ചേർന്നുനിന്നത്; അധികാരത്തിന് പുറത്തുനിൽക്കാൻ വയ്യായെന്ന ഒറ്റ കാ

രണമേയുള്ളു. ഏത് അവിശുദ്ധ ശക്തിയുമായി കൂട്ടുകൂടിയാലും വേണ്ടില്ല, അധികാരം പിടിക്കണം. അധികാര ഭ്രാന്ത് മൂലം കണ്ണ് കാണാതായി അന്ന് കോൺഗ്രസ്സിന്, ഞങ്ങൾ പുറത്ത് നിൽക്കുകയോ, ജനാധിപത്യ വാദികളെന്ന് സ്വയം വിശേഷിപ്പിക്കുന്നവർക്ക് അത് ആലോചിക്കാൻ പോലും ആവില്ലായിരുന്നു. ആ അസഹിഷ്ണുതയാണ് നിർലജ്ജം ബി.ജെ.പി.-യുമായി കൂട്ടുകൂടാനും ഒരുമിച്ച് ഒരേ അവിശ്വാസ പ്രമേയത്തിന് പിന്നിൽ അണിനിരക്കാൻ അവരെ പ്രേരിപ്പിച്ചത്. ഈ അധികാര ഭ്രാന്തും അസഹിഷ്ണുതയും അന്ന് ആദ്യമായല്ല കോൺഗ്രസ് വെളിവാക്കിയത്. എത്രയോ നിസാരമായ കാരണങ്ങൾ പറഞ്ഞാണ് പിന്നീട് വന്ന കോൺഗ്രസ്സേതര ഗവൺമെന്റുകളെ നിങ്ങൾ അധികാരത്തിൽനിന്ന് പുറത്താക്കിയത്. ദേവഗൗഡ മന്ത്രിസഭയെയും ഐ.കെ.ഗുജറാൾ മന്ത്രിസഭയെയും തകർത്തതിന്റെ രക്തം നിങ്ങളുടെ കൈകളിൽ പുരണ്ടിരിക്കുന്നു. പ്രത്യേകിച്ച് ഒരു കാരണവും പറയാനി ല്ലാതെയാണ് ദേവഗൗഡയുടെ നേതൃത്വത്തിലുണ്ടായിരുന്ന മതേതര പാർട്ടികളുടെ ഐക്യമുന്നണി സർക്കാരിനെ ബി.ജെ.പി.ക്കൊപ്പം അവിശ്വാസ പ്രമേയത്തിലൂടെ നിങ്ങൾ പുറത്താക്കിയത്.

രാജീവ് ഗാന്ധി വധം അന്വേഷിച്ച ജെയിൻ കമ്മീഷൻ റിപ്പോർട്ടിൽ ഡി.എം.കെ.ക്കെതിരെ പരാമർശമുണ്ടെന്ന് പറഞ്ഞാണ് ഡി.എം.കെ.ക്ക് പ്രാതിനിധ്യം ഉണ്ടായിരുന്ന ഐ.കെ. ഗുജറാൾ മന്ത്രിസഭയെ തകർത്തത്. ഈ മതേതര സർക്കാരുകളെയൊക്കെ തകർത്തതിന്റെ പരിണിത ഫലമാണ് കേന്ദ്രത്തിലെ ബി.ജെ.പി.യുടെ അധികാര പ്രാപ്തി. ഐ.കെ.ഗുജറാൾ മന്ത്രിസഭയെ തകർക്കുമ്പോൾ കേന്ദ്രത്തിൽ അധികാരത്തിൽ വരാമെന്ന് നിങ്ങൾ കണക്കുകൂട്ടി. എന്നാൽ അധികാരത്തിൽ വന്നത് ആരാണ്; ബി.ജെ.പി. 1904-ൽ വെറും രണ്ട് അംഗങ്ങളുമായി ലോകസഭയിലിരുന്ന ബി.ജെപി.യെ ഈ വിധത്തിൽ അധികാരത്തിൽ എത്തിച്ചത് ആരാണ്. കോൺഗ്രസ്. കേന്ദ്രമന്ത്രി സഭയെ വലിച്ച് താഴെയിടാൻ പൊതുജനത്തോട് പറയാൻ കഴിയുന്ന എന്തെങ്കിലും കാരണമുണ്ടായിരുന്നോ; അതുമില്ല. അധികാര കൊതി മാത്രമാണ് നിങ്ങളെ നയിച്ചത്. ആ അധികാര കൊതി തന്നെയാണ് നിങ്ങളെ ഇപ്പോൾ ഈ അവിശ്വാസ പ്രമേയത്തിലേയ്ക്ക് നയിച്ചതും അധികാര കൊതി മൂത്ത് കേന്ദ്രത്തിലെ മതേതര മന്ത്രിസഭകൾക്കെതിരെ അവിശ്വാസ പ്രമേയം കൊണ്ടുവന്ന കോൺഗ്രസ്സിന്റെ ഗതി എന്തായി ഒരിക്കൽ, മിക്കവാറും എല്ലാ സംസ്ഥാനങ്ങളും ഭരിച്ചിരുന്ന കോൺഗ്രസ് ഇന്ന് ഏതാണ്ട് രണ്ടോ മൂന്നോ സംസ്ഥാനങ്ങളിലേയ്ക്ക് (രാജസ്ഥാൻ, പഞ്ചാബ്) ഒതുങ്ങി, ചില സംസ്ഥാനങ്ങളിൽ മുഖ്യപ്രതിപക്ഷ കക്ഷി പോലും അല്ലാതെയായി കോൺഗ്രസ്. ഇതേതോതിലുള്ള തകർച്ചയാണ് നിങ്ങൾ ഇവിടെയും നേരിടാൻ പോകുന്നത്. അടുത്ത തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കോൺഗ്രസ് മുഖ്യ പ്രതിപക്ഷ കക്ഷിയായി വരുമെന്ന് കോൺഗ്രസ്സിന് വല്ല ഉറപ്പുമുണ്ടോ; ജനങ്ങളെ വെറുപ്പിച്ചാൽ, ജനവിധിക്കെതിരെ നീങ്ങിയാൽ, ജനാധിപത്യ സർക്കാരുകളെ ജനാധിപത്യ വിരുദ്ധമായി തകർക്കാൻ നോക്കിയാൽ ജനങ്ങൾ സമ്മതിക്കില്ല. ജനരോഷത്തിൽ വെന്ത് പോകും. ആ വിധിയാണ് കേരളത്തിൽ കോൺഗ്രസ്സിനെയും കാത്തിരിക്കുന്നതെന്ന് മാത്രം ഇവിടെ പറയട്ടെ. അധികാര ഭ്രാന്ത് വരുമ്പോൾ മതനിരപേക്ഷതയടക്കമുള്ള ദേശീയ മൂല്യങ്ങളെപ്പോലും കാറ്റിൽ പറത്തുന്ന പാരമ്പര്യമാണ് കോൺഗ്രസ്സിനുള്ളത് ഇതാകട്ടെ പുതിയതല്ല, പണ്ടേ തുടങ്ങിയതാണ്.

കോൺഗ്രസ്സിൽനിന്ന് ആചാര്യ നരേന്ദ്രദേവ് രാജിവച്ച് കോൺഗ്രസ്സിനെതിരെ മത്സരിച്ചു. അയോദ്ധ്യ ഉൾപ്പെട്ട മണ്ഡലത്തിലായിരുന്നു മത്സരം. ഹിന്ദു വോട്ട് സമാഹരിക്കുന്നതിനായി ഹിന്ദു സന്യാസിയെ സ്ഥാനാർത്ഥിയാക്കി കോൺഗ്രസ്. ഹിന്ദു വർഗ്ഗീയ വോട്ടിലുള്ള കൊതി അവിടെ തുടങ്ങിയതാണ്. അതുകഴിഞ്ഞ് ബാബറി മസ്ജിദ് കോമ്പൗണ്ടിൽ വിഗ്രഹം കൊണ്ടിട്ടതും മറ്റുമായി വിവാദങ്ങൾ. അതിലെ കോൺഗ്രസ്സിന്റെ പങ്കും മറ്റും ചരിത്രത്തിന്റെ ഭാഗമാണ്.

അതിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. എന്നാൽ സമീപകാല ചരിത്രം ചൂണ്ടിക്കാട്ടാതെ നിവൃത്തിയില്ല. പൂട്ടിക്കിടന്നിരുന്ന ആ സ്ഥലം ഒരു കൂട്ടർക്ക് മാത്രമായി തുറന്നുകൊടുത്തത് ആരാണ്; കോൺഗ്രസ് ഗവൺമെന്റ്. അവിടെ ശിലാന്യാസ് എന്ന പേരിൽ തറക്കല്ലിടാൻ അനുവദിച്ചത് ആരാണ്; കോൺഗ്രസ് ഗവൺമെന്റ്. അവിടെ മണ്ഡപമുണ്ടാക്കാൻ കർസേവ അനുവദിച്ചത് ആരാണ്; കോൺഗ്രസ് ഗവൺമെന്റ്. അവിടേയ്ക്കുള്ള രഥയാത്ര തടഞ്ഞ് സർക്കാരിനെ തകർത്തത് ആരാണ്; കോൺഗ്രസ്. ഇതിന്റെയൊക്കെ സ്വാഭാവിക പരിമിതിയായി ബാബറി മസ്ജിദ് തകർത്തപ്പോൾ നിഷ്ക്രിയത്വംകൊണ്ട് അതിന് കാർമ്മികത്വം വഹിച്ചത് ആരാണ്; കോൺഗ്രസ്സിന്റെ നരസിംഹറാവു ഗവൺമെന്റ്. മതനിരപേക്ഷത കയ്യൊഴിഞ്ഞ് ഹിന്ദുത്വ വർഗ്ഗീയതയുടെ കാര്യത്തിൽ ബി.ജെ.പി.-യുമായി മത്സരിക്കുന്നതിൽ ഏതറ്റംവരെ നിങ്ങൾ പോയെന്ന് ആലോചിക്കുക. ആ പ്രക്രിയയിൽ നിങ്ങൾ നിങ്ങളുടെ മതേതരത്വ പാരമ്പര്യം മാത്രമല്ല സ്വന്തം സ്വത്വം കൂടിയാണ് കളഞ്ഞുകുളിച്ചത്. അങ്ങനെ ബി.ജെ.പിയുടെ 'ബി' ടീമായി നിങ്ങൾ. 'എ' ടീം ഉള്ളപ്പോൾ 'ബി' ടീം വേണ്ടല്ലോ; അങ്ങനെ ബി.ജെ.പി. അധികാരത്തിൽ വന്നു. ഇത് ദേശീയ തലത്തിൽ മാത്രമല്ല കേരളത്തിലും അരങ്ങേറി. 'കോ ലീ ബി' (കോൺഗ്രസ്, ലീഗ്, ബി.ജെ.പി.) സഖ്യം അതിനെയൊക്കെ വെളിച്ചത്ത് കൊണ്ടുവന്ന കെ.ജി. മാരാരുടെ പുസ്തകമൊന്നും ഞാനിവിടെ വിശദീകരിക്കുന്നില്ല. ബി.ജെ.പി.യുമായി ചേർന്നുനിൽക്കാൻ കോൺഗ്രസ്സിന് പ്രത്യേക മമതയുണ്ട്. രാമക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടേതടക്കം പ്രസ്താവനകളിൽ പ്രതിഫലിച്ച് കാണാമിത്. ആ കോൺഗ്രസ്സിനെ വിമർശിക്കാൻ ലീഗിന് മനസ്സുവരുന്നുമില്ല. ബി.ജെ.പി.ക്കും കോൺഗ്രസ്സിനും തമ്മിലും കോൺഗ്രസ്സിനും ലീഗിനും തമ്മിലൊക്കെ എന്തൊരു പാരസ്പര്യമാണ്. ലീഗ് അണികൾ കോൺഗ്രസ് നേതൃത്വം ചെയ്യുംപോലെ ഇതിനെയൊക്കെ സ്വാഗതം ചെയ്യാൻ തയ്യാറാകില്ലെന്ന് എനിക്കുറപ്പുണ്ട്. ലീഗ് നേതൃത്വത്തിന്റെ അവസരവാദപരമായ നിശബ്ദതയും അവർ പങ്കിടില്ല. ലീഗ് നേതൃത്വം അവരുടെ അധികാരക്കൊതിമൂലം തങ്ങളുടെ താല്പര്യങ്ങളെ ചവിട്ടിത്തേയ്ക്കുകയാണെന്ന് അവർ തിരിച്ചറിയുന്നുണ്ട്. അത് തങ്ങളെ എങ്ങനെ ബാധിക്കുമെന്ന് ലീഗ് നേതൃത്വം ആലോചിക്കട്ടെ. അയോദ്ധ്യയുടെ കാര്യത്തിൽ ബി.ജെ.പി.യോട് കോൺഗ്രസ്സും കോൺഗ്രസ്സിനോട് ലീഗും ചേർന്നുനിൽക്കുന്നുവെന്ന് ഞാൻ നേരത്തെ പറഞ്ഞു. ഇവിടെ ഈ അവിശ്വാസ പ്രമേയകാര്യത്തിലും അത്തരമൊരു ചേർന്നുനിൽപ്പ് തന്നെയല്ലേ നാം കാണുന്നത്. ഇത്തരത്തിൽ ഒരു പൊതു രാഷ്ട്രീയ പ്ലാറ്റ്ഫോം ഉയർന്നുവരുന്നുണ്ട്, കമ്മ്യുണിസ്റ്റ്വിരുദ്ധ പ്ലാറ്റ്ഫോം. ഹഗിയ സോഫിയ പള്ളിയുടെ കാര്യത്തിലെ ജമാഅത്തെ ഇസ്ലാമി നിലപാടുകൂടി ചേർത്തുവച്ചാൽ ഇത് കൃത്യമായി മനസ്സിലാക്കാം.

ലീഗിൽ ജമാഅത്തെ വക ഇസ്ലാമികവത്കരണവും കോൺഗ്രസ്സിൽ ആർ.എസ്.എസ്. വക ഹിന്ദുത്വവത്കരണവുമാണ് നടക്കുന്നത്. ഇവയെല്ലാം ചേർന്നതാണ് ഈ പുതിയ രാഷ്ട്രീയ പ്ലാറ്റ്ഫോം. ജമാഅത്തെ ഇസ്ലാമിയുടെ മതമൗലികവാദം ലീഗിനെ ഹൈജാക്ക് ചെയ്തു. ബി.ജെ.പി.യുടെ ഹിന്ദുത്വവാദം കോൺഗ്രസ്സിനെ ഹൈജാക്ക് ചെയ്തു. ഇവരെല്ലാം കമ്മ്യൂണിസ്റ്റ് വിരുദ്ധ, ഇടതുപക്ഷവിരുദ്ധ, ജനാധിപത്യവിരുദ്ധ പ്ലാറ്റ്ഫോമിൽ ഒരുമിക്കുന്നു. ആർക്കെതിരെ? മതനിരപേക്ഷതയിൽ വിട്ടുവീഴ്ച ചെയ്യാത്ത ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന എൽ.ഡി.എഫ്-ന് എതിരെ. നയനിലപാടുകളിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്താവുന്ന ഒന്നും എൽ.ഡി.എഫ്. സർക്കാരിനെതിരെ പറയാൻ പ്രതിപക്ഷത്തിനില്ല. അതുകൊണ്ട് പുകമറ സൃഷ്ടിച്ച് വിശ്വാസ്യത തകർക്കാമോ; പ്രതിച്ഛായ തകർക്കാമോ എന്നാണ് നോട്ടം. അതുമുൻനിർത്തിയുള്ള ആരോപണങ്ങൾ കൊണ്ടും രാഷ്ട്രീയവിരോധംമൂലവും രാഷ്ട്രീയ നേതാക്കളുടെ

കുടുംബാംഗങ്ങളെവരെ ആക്രമിക്കാൻ നോക്കുകയാണ്. അധാർമ്മികത അതിന്റെ ഉച്ചസ്ഥായിയിൽ എത്തിനിൽക്കുകയാണ്. ഈ പ്രക്രിയയിൽ സ്വന്തം രാഷ്ട്രീയനിറവും മേൽവിലാസവുംകൂടി ഉപേക്ഷിക്കാൻ ഇവർ തയ്യാറാകുന്നോ? ഇവർക്ക് ഒന്നേ വേണ്ടൂ. രാഷ്ട്രീയംപോലും മറന്ന് ഈ സർക്കാരിനെ തകർക്കാൻ ഒരുമിക്കുകയാണ്.

ജമാഅത്തെ ഇസ്ലാമിയും ആർ.എസ്.എസ്.ഉം ഒന്നിച്ച് എതിർക്കുന്നു; കോൺഗ്രസ്സും ബി.ജെ.പി.യും ഒന്നിച്ച് എതിർക്കുന്നു. ധീരമായി സ്വന്തം ആദർശത്തിൽ ഉറച്ചുനിൽക്കുന്ന എൽ.ഡി.എഫ്. എന്നതിന്റെ സ്ഥിരീകരണമാണ് പ്രത്യക്ഷത്തിൽ ചേരാത്തവർ ചേർന്നുനിന്ന് നടത്തുന്ന ഈ എതിർപ്പുകൾ. ഇവർ അനുകൂലിച്ചെങ്കിൽ ഞങ്ങൾക്കെന്തോ തെറ്റുപറ്റിയെന്ന് ഞങ്ങൾ കരുതുമായിരുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തെ പ്രാദേശിക ഭാഷാ മാധ്യമങ്ങൾക്കും ഇല്ലാത്ത ഒരു ചരിത്രം കേരളത്തിലുണ്ട്. അത് ഇടതുപക്ഷവിരുദ്ധ ദുഷ്പ്രചാരണത്തിന്റേതാണ്. കമ്യൂണിസ്റ്റ് വിരുദ്ധ ദീർഘ ക്യാമ്പയിനിന്റേതാണ്. അവർ ഒരുക്കിക്കൊടുക്കുന്ന പട്ടുമെത്തയിലാണ് തമ്മിൽ ചേരാത്തവർ കൂടിച്ചേർന്ന് നടത്തുന്ന രാഷ്ട്രീയത്തിലെ ഈ അവിഹിതബാന്ധവം. അതിന്റെ ഉൽപ്പന്നമാണ് ഈ അവിശ്വാസ പ്രമേയം.

കേരളത്തിൽ കോൺഗ്രസ്സിനോട് സമയാസമയം സന്ധി ചെയ്യുന്ന ബി.ജെ.പി., ഇടതുപക്ഷത്തെ പുറംതള്ളി മുഖ്യസ്ഥാനത്തുവരണമെന്നാണ് കോൺഗ്രസ് പാർട്ടിയുടെ ആഗ്രഹം. ഇത് കേരളത്തിലെ മതനിരപേക്ഷ മൂല്യങ്ങളെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായി നിൽക്കുന്ന ഇടതുപക്ഷത്തെ ദുർബലപ്പെടുത്താനുള്ള ശ്രമമാണ്. ജാതി-മത-സമുദായ ഭേദമെന്യേ പൊതുസമൂഹം കോൺഗ്രസ്സിന്റെ ഈ മതനിരപേക്ഷ വിരുദ്ധ രാഷ്ട്രീയം തിരിച്ചറിയുന്നു. ഇത്തരത്തിൽ ജനങ്ങളുടെയും നാടിന്റെയും ഭാവിയും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ സൂക്ഷ്മതലങ്ങളിൽവരെ ഇടപെട്ടിട്ടുള്ള ഒരു സർക്കാരിനെ തങ്ങൾക്ക് വിശ്വാസമില്ലെന്ന് കോൺഗ്രസ്സ് പറയുമ്പോൾ ഞങ്ങൾക്ക് തെല്ലും അത്ഭുതമില്ല. കാരണം, ആധുനിക കേരള ചരിത്രത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കംകുറിച്ച ഇവിടത്തെ പാവപ്പെട്ടവന് ഒരുതരി മണ്ണിന് അവകാശം നൽകിയ പൊതുവിദ്യാഭ്യാസ, ആരോഗ്യമേഖലകൾക്ക് ശക്തമായ അടിത്തറപാകിയ, അങ്ങനെ സാധാരണ കേരളീയന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തിയ ഇ.എം.എസ്. മന്ത്രിസഭയെ അട്ടിമറിച്ചവരാണ് കോൺഗ്രസ്സുകാർ. ജനങ്ങൾ ബാലറ്റ് പേപ്പറിലൂടെ തെരഞ്ഞെടുത്ത ആദ്യകേരള മന്ത്രിസഭയെ അന്നത്തെ കോൺഗ്രസ്സിന്റെ കേന്ദ്രസർക്കാർ അട്ടിമറിച്ചത് ജനാധിപത്യ വിരുദ്ധമായ മാർഗ്ഗത്തിലൂടെയായിരുന്നു. ആ സർക്കാരിനും മന്ത്രിസഭയ്ക്കും സഭയിൽ ഭൂരിപക്ഷം ഉണ്ടായിരുന്നുവെന്ന് നാം ഓർക്കണം. കേരളത്തിൽ ജനാധിപത്യം അതിന്റെ ശൈശവദശയിൽ ഇരിക്കുമ്പോൾത്തന്നെ അതിനെ ഇല്ലായ്മ ചെയ്ത സമീപനമാണ് കോൺഗ്രസ്സ് കൈക്കൊണ്ടത്. അന്ന് അവർക്ക് കേന്ദ്ര ഭരണത്തിന്റെ സ്വാധീനമുണ്ടായിരുന്നു. ഇന്ന് അവർക്കതില്ല. അതുകൊണ്ട് അവർക്ക് അന്നത്തെപ്പോലൊരു അട്ടിമറിശ്രമത്തിന് മുതിരാൻ ഇന്ന് കഴിയുന്നില്ല. അതുകൊണ്ട് കുറുക്കുവഴി തേടുന്നു. ഇന്നത്തെ നിലയിൽ കേരളത്തിൽ പ്രതിപക്ഷമായിരിക്കുന്ന കോൺഗ്രസ്സിനെക്കൊണ്ട് കഴിയുക ചില ഏജൻസികളെയും മാധ്യമങ്ങളെയുമൊക്കെ കൂട്ടുപിടിച്ച് സർക്കാരിനെതിരെ പുകമറ സൃഷ്ടിക്കുകയെന്നതാണ്. അങ്ങനെ ജനങ്ങളുടെ മനസ്സിൽ സംശയങ്ങൾ ഉളവാക്കുക എന്നതാണ്. ആ പുകമറയുടെ മറവിൽ നിന്നുകൊണ്ട് സംശയത്തിന്റെ ആനുകൂല്യംപറ്റി രാഷ്ട്രീയലാഭം കൊയ്യാനാണ് അവർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായാണ് ജനങ്ങൾ തെരഞ്ഞെടുത്ത വ്യക്തമായ ഭൂരിപക്ഷമുള്ള ഒരു സർക്കാരിനെതിരെ അവിശ്വാസ പ്രമേയവുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. കോൺഗ്രസ്സുകാർക്ക് തങ്ങളുടെ അനുഭവപരിചയത്തിനും പൂർവ്വകാല പരിശീലനത്തിനും

അനുസൃതമായേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. അങ്ങനെതന്നെയാണ് അവർ ഇപ്പോൾ പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് ഈ പറയുന്നതൊന്നും കേൾക്കാൻ തയ്യാറാകാതെ മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഞങ്ങൾക്ക് ഒട്ടും അത്ഭുതമില്ല. സ്വതന്ത്ര ഇന്ത്യയിൽ എന്നും ജനാധിപത്യത്തെ ആക്രമിക്കുന്നതും ക്ഷയിപ്പിക്കുന്നതുമായ സമീപനങ്ങളാണ് കോൺഗ്രസ് കൈക്കൊണ്ടിട്ടുള്ളത്. ഇന്നും ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ കറുത്ത ഏടായി അടിയന്തരാവസ്ഥ നിലനിൽക്കുന്നു. കോൺഗ്രസ്സിന്റെ ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങളെ കണ്ടുപഠിച്ചവരിൽ അതിവിദഗ്ധരാണ് ബി.ജെ.പി.ക്കാർ. ഇത്തരം കുത്സിത പ്രവർത്തനങ്ങളിൽ അവർ കോൺഗ്രസ്സിനെയും കവച്ചുവച്ചിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. എന്നാൽ അതേ ബി.ജെ.പി.-യെ വളർത്താനല്ലേ കോൺഗ്രസ്സ് പലപ്പോഴും ശ്രമിച്ചിട്ടുള്ളത്.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും അതിന് മുമ്പുനടന്ന ഉപതെരഞ്ഞെടുപ്പിലും ബേപ്പൂരിലും വടകരയിലും പരീക്ഷിച്ച കോ ലീ ബി സഖ്യത്തിലുമൊക്കെ മതനിരപേക്ഷത എന്നും മുറുകെ പിടിച്ചിട്ടുള്ള കേരളത്തിൽപ്പോലും വർഗ്ഗീയ ശക്തികളെ വളർത്താനും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുമുള്ള കോൺഗ്രസ്സിന്റെ അശ്രാന്തപരിശ്രമമല്ലേ നാം കണ്ടിട്ടുള്ളത്. അതിനായി ചാനൽ ചർച്ചകളിൽ ഉൾപ്പെടെ കോൺഗ്രസ്സ്, ബി.ജെ.പി.-യെ സഹായിക്കുന്ന നിലപാടുകൾ സ്വീകരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് ഉയർത്തുന്ന വസ്തുതാരഹിതമായ ആക്ഷേപങ്ങൾ അണുവിട വ്യത്യാസമില്ലാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉയർത്തുന്നതും നാം കാണുന്നുണ്ട്. കോൺഗ്രസ്സിന്റെ 'ബി' ടീമായി ബി.ജെ.പി.-യാണോ, അതോ ബി.ജെ.പി.-യുടെ 'ബി' ടീമായി കോൺഗ്രസ്സാണോ പ്രവർത്തിക്കുന്നതെന്ന് പൊതുജനങ്ങൾക്ക് തിരിച്ചറിയാൻപോലും കഴിയാത്ത സാഹചര്യമാണ് കേരള രാഷ്ട്രീയത്തിലുള്ളത്. നിങ്ങൾ ഒരുപാട് ഇല്ലാക്കഥകൾ മെനഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ നോക്കുന്നു. എന്നാൽ അധികാരത്തിന്റെ ഇടനാഴികളിൽ ബാഹ്യശക്തികൾ കരിനിഴലായി നീങ്ങിയത് ഏത് ഭരണഘട്ടത്തിലാണെന്ന് ജനങ്ങൾക്കറിയാം.

സോളാർ പദ്ധതിയുടെ പേരിൽ നടന്നത് എന്തൊക്കെയാണെന്ന് ഞാൻ വിശദീകരിക്കേണ്ടതില്ല. ഒരു ജ്യുഡീഷ്യൽ കമ്മീഷന്റെ മുൻപാകെ കേരളത്തിന്റെ മുഖ്യമന്ത്രി അനേകം മണിക്കൂറുകൾ ഇരുന്ന് വിയർത്തത് എന്നാണെന്ന് ജനങ്ങൾക്കറിയാം. ഒടുവിൽ ആ കമ്മീഷനാൽ നിശിതമായി കുറ്റപ്പെടുത്തപ്പെട്ടത് ഏത് മുഖ്യമന്ത്രിയാണെന്നതും നാട്ടുകാർക്കറിയാം. മുഖ്യമന്ത്രി സ്ഥാനത്തിരുന്ന് ഒരാൾ ഇങ്ങനെ കമ്മീഷനാൽ വിസ്തരിക്കപ്പെടുന്ന സംഭവം കേരള ചരിത്രത്തിൽ മുമ്പുണ്ടായിരുന്നോ; മുഖ്യമന്ത്രിയായി ഇരുന്നുകൊണ്ട് അങ്ങനെ വിസ്തരിക്കപ്പെടുന്നത് അപമാനകരമാണെന്ന് നിങ്ങൾക്ക് തോന്നിയോ? അതുമില്ല. അധികാരത്തിന്റെ ഇടനാഴികളിൽ അങ്ങനെയൊക്കെ പലരെയും കറങ്ങിനടക്കാൻ അനുവദിക്കുന്നത് ഞങ്ങളുടെ സംസ്കാരമല്ല. കോൺഗ്രസ്സിന്റെ സംസ്കാരമാണ്. ദേശീയ തലത്തിൽപ്പോലും നാം അത് കണ്ടു. യു.പി.എ. ഭരണകാലത്തെ നീരാ റാഡിയ ടേപ്പുകൾ അതാണ് വ്യക്തമാക്കിയത്. സംരംഭക എന്ന പേരിൽ പ്രത്യക്ഷപ്പെട്ട നീരാ റാഡിയ അവരുടെ ക്ലയന്റ്സും ബിസ്സിനസ്സുകാരും രാഷ്ട്രീയ നേതാക്കളും മാധ്യമപ്രവർത്തകരുമൊക്കെയായി നടത്തിയ സംഭാഷണങ്ങളുടെ 5000 ടേപ്പുകളാണ് പുറത്തുവന്നത്. അതിലൂടെ എന്താണ് വെളിപ്പെട്ടത്?

കേന്ദ്രത്തിൽ മന്ത്രിമാരെ നിയമിക്കുന്നതും പുറത്താക്കുന്നതും പ്രധാനമന്ത്രിയല്ല. ബാഹ്യശക്തികളാണെന്ന് വെളിപ്പെട്ടു. ആരെ മന്ത്രിയാക്കണം; ആരെ മന്ത്രിയാക്കരുത്; എന്നൊക്കെ പുറത്തുള്ളവർ കൽപ്പിക്കും. പ്രധാനമന്ത്രി അത് അനുസരിക്കും. നീരാ റാഡിയ, അടൽ ബിഹാരി വാജ്പേയ്യുടെ ദത്തുമരുമകൻ രഞ്ജൻ ഭട്ടാചാര്യ, കേന്ദ്ര മന്ത്രിമാർ, ഒട്ടനവധി കോൺഗ്രസ്സ്

നേതാക്കൾ എന്നിവർ ഉൾപ്പെട്ട 2ഏ കുംഭകോണം നടന്ന വഴികളാണ് ആ ടേപ്പുകളിലൂടെ പുറത്തുവന്നത്. 'The Accidental Prime Minister' എന്ന പുസ്തകത്തിന്റെ പ്രകാശനവേളയിൽ ഡോ. മൻമോഹൻ സിംഗിന്റെ സഹായിയായിരുന്ന ഗ്രന്ഥകർത്താവ് സഞ്ജയ ബാറു പറഞ്ഞത് ഇതിനോട് ചേർത്തുവച്ച് വായിക്കണം- 'പ്രധാനമന്ത്രിക്ക് ധാർമ്മികമായി ഇടപെടണമെന്ന് വലിയ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ കോൺഗ്രസ്സ് അതിന് അനുവദിച്ചില്ല.'- ഇതാണ് വാചകം. സ്വന്തം പ്രധാനമന്ത്രിക്കുപോലും ധാർമ്മികമായി ഇടപെടാനുള്ള അവസരം നിഷേധിച്ച കോൺഗ്രസ് നീരാ റാഡിയയെ അധികാരത്തിന്റെ ഇടനാഴികളിൽ ചുറ്റിത്തിരിയാൻ മാത്രമല്ല, മന്ത്രിമാരെ പന്താടിക്കളിക്കാൻപോലും അനുവദിച്ച കോൺഗ്രസ്സ്, ഇവിടെ ഈ സഭയിൽ വന്ന് ഞങ്ങളോട് ധാർമ്മിക ഉപദേശം ചെയ്യേണ്ടതില്ല. ഞങ്ങൾ ഇത്തരം കഥാപാത്രങ്ങളെയൊന്നും ഭരണത്തിൽ ഇടപെടാൻ അനുവദിച്ചിട്ടില്ല.

അത്തരക്കാരുമായി ഒരു ഉദ്യോഗസ്ഥന് ബന്ധമുണ്ടെന്ന് വന്നപ്പോൾത്തന്നെ അദ്ദേഹത്തെ ഒഴിവാക്കുകയും ചെയ്തു. നീരാ റാഡിയയും കർണ്ണാടകത്തിലെ ബി.ജെ.പി. നേതാവ് അനന്തകുമാറും തമ്മിലുള്ള ബന്ധം പുറത്തുകൊണ്ടുവന്നത് ലങ്കേഷ് പത്രികയുടെ പത്രാധിപർ ഗൗരീ ലങ്കേഷ് ആയിരുന്നുവെന്നും അവർ നിഷ്ഠൂരം വധിക്കപ്പെടുകയായിരുന്നുവെന്നുംകൂടി ഓർമ്മിപ്പിക്കട്ടെ. സത്യവും അസത്യവും തമ്മിലുള്ള സ്വർണ്ണക്കടത്തുകേസിൽ അതുമായി ഒരു ബന്ധവുമില്ലാത്ത അധികാരസ്ഥാനങ്ങളെയും ഭരണാധികാരികളെയും ചേർത്തുനിർത്താൻ, അങ്ങനെയൊരു വ്യാജ പ്രതീതി സൃഷ്ടിക്കാൻ സംഘടിതശ്രമം നടക്കുകയാണ്. ഇത് യാദൃശ്ചികമായി സംഭവിക്കുന്നതല്ല. ആഗോള പരീക്ഷണത്തിന്റെ ഭാഗമാണ് വ്യാജ വിവരങ്ങൾ വ്യാവസായികമായി ഉൽപ്പാദിപ്പിച്ച് പൊതുജനാഭിപ്രായത്തെ ദുഷിച്ചവഴിക്ക് തിരിച്ചുവിടുകയും അങ്ങനെ ജനാധിപത്യത്തെത്തന്നെ തകർക്കുകയും ചെയ്യുക എന്നത്. ഇത് ലാറ്റിൻ അമേരിക്കയിലടക്കം പല ലോകരാജ്യങ്ങളിൽ സംഭവിക്കുന്നത് നാം കണ്ടു. സത്യവും അസത്യവും തമ്മിലുള്ള അതിർത്തിരേഖ മായ്ച്ചുകളയുക എന്നതാണ് ഇതിന്റെ ആദ്യപടി.

സത്യമാണെന്ന പ്രതീതിയുണ്ടാകുംവരെ അസത്യം ആവർത്തിക്കുക എന്നതാണ് അടുത്തപടി. ചില മാധ്യമങ്ങളെയും സാമൂഹ്യ മാധ്യമങ്ങളെയും കൊണ്ട് അസത്യം തുടരെത്തുടരെ ആവർത്തിക്കുകയാണ്. ഈ ആവർത്തനത്തിന് ടെലിവിഷനുകളും മൊബൈൽ ഫോണുകളുംവരെ ഉപയോഗിക്കുകയാണ്. ഇവന്റ് മാനേജുമെന്റുകളെത്തന്നെ ഇത്തരം വ്യാജപ്രചരണ ചുമതല ഏൽപ്പിക്കുകയാണ്. ഇങ്ങനെ ജനങ്ങളെ കബളിപ്പിക്കാമെന്നും ജനാധിപത്യത്തെ അട്ടിമറിക്കാമെന്നും കരുതുന്ന ചില ശക്തികൾ ലോകവ്യാപകമായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്. അവരുടെ പണം കൈപ്പറ്റുന്ന ഏജന്റുമാർ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ഒരു പ്രതിഭാസത്തിൽനിന്ന് കേരളത്തിന് ഒഴിഞ്ഞുനിൽക്കാൻ ആവില്ലല്ലോ; സത്യത്തെ എത്ര സമർത്ഥമായാണ് ഈ പ്രചാരകർ അസത്യത്തിന്റെ കരിമ്പടംകൊണ്ട് പുതപ്പിക്കുന്നതെന്ന് നോക്കുക. ഇവിടെയൊരു സംസ്ഥാന ഗവൺമെന്റുണ്ട്. ആ ഗവൺമെന്റാണ് അടിയന്തര നടപടി ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചത്. കള്ളക്കടത്ത് വിവാദത്തിലെ സ്ത്രീയുമായി ബന്ധമുണ്ടെന്ന് ആക്ഷേപമുയർന്നപ്പോൾ ഒരുദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തു; എല്ലാ അന്വേഷണ ഏജൻസികൾക്കും സഹായം വാഗ്ദാനം ചെയ്തു; ഇതെല്ലാം സൗകര്യപൂർവ്വം മറച്ചുവച്ചുകൊണ്ട് എന്തെല്ലാം പ്രചരണങ്ങളാണ് മുഖ്യമന്ത്രിയുടെ ഓഫീസിനെ അപകീർത്തിപ്പെടുത്താൻ ഇവർ നടത്തിയതെന്ന് നോക്കുക. ഇതിന്റെ പിന്നിൽ ഒരു താല്പര്യമില്ലാതെ വരുമോ; ആ താല്പര്യം കേരളം തിരിച്ചറിയേണ്ടതുണ്ട്.

ദേശീയ തലത്തിൽ പഞ്ചവത്സര പദ്ധതികളും ആസൂത്രണവുമൊക്കെ അവസാനിപ്പിച്ചപ്പോഴും നമ്മൾ ആസൂത്രണം മുന്നോട്ട് കൊണ്ടുപോയി. 57,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിവഴി ആവിഷ്കരിച്ച് നടപ്പാക്കുന്നു. കേരളം കടുത്ത വിഷമതകളും പ്രതിസന്ധികളും നേരിട്ട ഘട്ടങ്ങളിലൊക്കെ പ്രതിപക്ഷം ഏത് നിലപാടാണ് കൈക്കൊണ്ടതെന്ന് ആലോചിച്ചാൽ ഇപ്പോൾ അവർ അവിശ്വാസ പ്രമേയവുമായി വരുന്നതിൽ അത്ഭുതമൊന്നും തോന്നില്ല. നമ്മുടെ സമ്പദ്ഘടനയെ തകർക്കുന്ന നോട്ടുനിരോധനം വന്നപ്പോൾ അതിനെ അന്ന് സ്വാഗതം ചെയ്യുന്നവർ തന്നെ കോൺഗ്രസ്സിലുണ്ടായി. സഹകരണ സ്ഥാപനങ്ങൾ കള്ളപ്പണ സ്ഥാപനങ്ങളാണെന്ന ആക്ഷേപമുണ്ടായപ്പോൾ അത് തലകുലുക്കി സമ്മതിക്കുന്നവർ കോൺഗ്രസ്സിലുണ്ടായി. കേരളം പൊളിറ്റിക്കൽ കില്ലിംഗ് ഫീൽഡാണെന്ന് ദേശീയതല ക്യാമ്പയിനുണ്ടായി. അതിന് വിശ്വാസ്യത പകരുന്നവർ കോൺഗ്രസ്സിലുണ്ടായി. പ്രളയദുരിതാശ്വാസത്തിന് ഒറ്റക്കെട്ടായി ഇറങ്ങണമെന്ന് ഞങ്ങൾ ആശിച്ചു. മനുഷ്യനിർമ്മിത ദുരന്തമാണതെന്ന് പറഞ്ഞ് പ്രതിപക്ഷം യോജിച്ച പ്രവർത്തനങ്ങളിൽനിന്ന് മുഖം തിരിച്ചുനിന്നു. പ്രളയ ദുരിതാശ്വാസത്തിന് വിദേശ മലയാളികൾ സഹായം വാഗ്ദാനം ചെയ്തു. അത് സ്വീകരിക്കാൻ മന്ത്രിമാർ പോകുന്നത് ധൂർത്താണെന്ന് പ്രതിപക്ഷം പ്രചരിപ്പിച്ചു. കേരളത്തിന്റെ വികസനത്തിൽ പ്രവാസി സമൂഹത്തിലുള്ളവരുടെ വിഭവം മാത്രമല്ല വൈദഗ്ധ്യംകൂടി പ്രയോജനപ്പെടുത്താൻ ലോക കേരള സഭയുണ്ടാക്കി. പ്രതിപക്ഷം അത് ബഹിഷ്കരിച്ചു.

ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കിഫ്ബി മസാലാ ബോണ്ട് ലിസ്റ്റ് ചെയ്തു. പ്രതിപക്ഷം അതിനെ പരിഹസിച്ചു. വിദേശരാഷ്ട്രങ്ങൾ പ്രകൃതിദുരന്ത സഹായം വാഗ്ദാനം ചെയ്തത് സ്വീകരിക്കുന്നതിനെ കേന്ദ്രം വിലക്കിയത് പ്രതിപക്ഷം സ്വാഗതം ചെയ്തു. പ്രളയത്തെ അതിജീവിക്കുന്ന ഡച്ച് മാതൃക നടപ്പാക്കാൻ ശ്രമിച്ചു. പ്രതിപക്ഷം അതിനെ പുച്ഛിച്ചു. കേന്ദ്ര അവഗണനയ്ക്കെതിരെ ഞങ്ങൾ ശബ്ദമുയർത്തി. പ്രതിപക്ഷം നിശബ്ദത പാലിച്ചു. തോട്ടപ്പള്ളി സ്പിൽവേയിലെ എക്കൽ നീക്കാനും വീതികൂട്ടാനും ശ്രമിച്ചു. പ്രതിപക്ഷം അവിടെപ്പോയി സമരം നടത്തി. പൗരത്വ നിയമ ഭേദഗതിക്കെതിരെ കൂട്ടായ സമരം വേണമെന്ന് ഞങ്ങൾ പറഞ്ഞു. പ്രതിപക്ഷം വേർതിരിഞ്ഞുനിന്നു. കുഞ്ഞുങ്ങളുടെ ഭാവിയെ കരുതി ഞങ്ങൾ എസ്.എസ്.എൽ.സി. പരീക്ഷ നടത്തി. അത് ഞങ്ങൾക്ക് ഭ്രാന്തായതു കൊണ്ടാണെന്ന് പ്രതിപക്ഷം പറഞ്ഞു. ദുരിതാശ്വാസനിധി കഴിയുന്നത്ര ശക്തിപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചു. സാലറി ചലഞ്ച് ഓഫറുണ്ടായി. പ്രതിപക്ഷം കോടതിവരെ പോയി അതെല്ലാം തകർക്കാൻ ശ്രമിച്ചു. കിഫ്ബിവഴി അധിക വിഭവ സമാഹരണം നടത്താൻ ഞങ്ങൾ ശ്രമിച്ചു. കിഫ്ബിയെത്തന്നെ ആരോപണങ്ങൾകൊണ്ട് തകർക്കാൻ പ്രതിപക്ഷം ശ്രമിച്ചു. കോവിഡ്-19 വ്യാപനം നിയന്ത്രിക്കാൻ ഡാറ്റ ശേഖരണത്തിന് സംവിധാനമുണ്ടാക്കാൻ ശ്രമിച്ചു. കോടതിയിൽവരെ പോയി അത് തകർക്കാൻ പ്രതിപക്ഷം ശ്രമിച്ചു. കൊവിഡ്-19 രോഗികളുടെ വിവരശേഖരണത്തിന് (കോൺടാക്റ്റ് ട്രെയ്സിംഗിന്) മൊബൈൽ ടവർ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചു. കോടതിവരെ പോയി അതിനെ തകർക്കാൻ പ്രതിപക്ഷം ശ്രമിച്ചു. വിവരശേഖരണം നടത്തുന്നതിനിടയിൽ റേഷൻ കാർഡ് വിവരങ്ങൾ വിൽപ്പന നടത്തിയെന്ന നുണപ്രചരണം നടത്തി. അത് പൊളിഞ്ഞപ്പോൾ കുറ്റം മാധ്യമങ്ങളുടെ മേൽ ചാർത്തി രക്ഷപ്പെടാൻ ശ്രമിച്ചു. എന്നെങ്കിലും ഒരു കാര്യത്തിൽ സഹകരിച്ചിട്ടുണ്ടോ; ഒരു ക്രിയാത്മക നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ; എല്ലാം തകരണമെന്നല്ലേ ആശിച്ചിട്ടുള്ളൂ; അങ്ങനെ ആശിച്ചവർ അവിശ്വാസ പ്രമേയവുമായി സർക്കാരിനെതിരെ വരുന്നതിൽ എന്തെങ്കിലും അത്ഭുതമുണ്ടോ?

ഒരു കാര്യം വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഞങ്ങൾക്ക് പ്രധാനം ജനങ്ങളാണ്. ജനങ്ങളുടെ വിശ്വാസമാണ് പ്രധാനം. ഞങ്ങൾ ജനങ്ങളിൽ നിന്ന് വന്നവരാണ്. ആ ജനങ്ങളിലേയ്ക്ക് തന്നെയാണ് ഞങ്ങളിറങ്ങുന്നത്. ഞങ്ങളെ ജനങ്ങൾക്കറിയാം. ജനങ്ങളെ ഞങ്ങൾക്കുമറിയാം. പറയുന്ന കാര്യങ്ങളൊന്നും കേൾക്കാൻ തയ്യാറാകാതെ എന്തെല്ലാമോ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്ന ഇവരെയും ജനങ്ങൾക്കറിയാം. അവരെ ജനങ്ങൾ വിലയിരുത്തി ക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ജനങ്ങളും നാടും ഞങ്ങളെ ശരിവയ്ക്കുമെന്ന് തന്നെയാണ് ഞങ്ങൾ കാണുന്നത്. അധാർമ്മികമായി അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നവർക്ക് അർഹതപ്പെട്ട നിലപാട് ജനങ്ങളിൽനിന്ന് ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇനി ജനമധ്യത്തിൽ വച്ച് നമുക്ക് കാണാമെന്നാണ് ഇവരോട് ഞങ്ങൾക്ക് പറയാനുള്ളത്. ഈ അവിശ്വാസ പ്രമേയം പൂർണ്ണമായി നിരാകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

**2020 ഡിസംബർ 03**

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

# കോവിഡ്-19 നിയന്ത്രണ നടപടി

സർ, കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള പ്രചരണങ്ങളും സമൂഹത്തിൽ നടക്കുന്ന ഒരു ഘട്ടമാണിത്. അടിസ്ഥാനരഹിതമായതുമുതൽ ആശങ്കാജനകമായതുവരെ പ്രചാരണങ്ങളിലുണ്ട്. ജനങ്ങളിൽ അതിരുകടന്ന ആശങ്ക പടരുന്നുമോയെന്ന് സംശയിക്കേണ്ട സാഹചര്യവുമുണ്ട്. അതുകൊണ്ടുതന്നെ യഥാർത്ഥ സ്ഥിതി ഈ സഭയെയും സഭയിലൂടെ ജനങ്ങളെയും അറിയിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു പ്രസ്താവന നടത്തുന്നതെന്ന് ആമുഖമായി അറിയിക്കട്ടെ. അതിനോടൊപ്പംതന്നെ പ്രാമുഖ്യത്തോടെ അറിയിക്കേണ്ട ഒരു കാര്യം അതിരുവിട്ട ആശങ്കകൾക്ക് അടിസ്ഥാനമില്ല എന്നതും ആ സ്ഥാനത്തുവേണ്ടത് കാര്യമായ ജാഗ്രതയാണ് എന്നതുമാണ്.

സർ, പുതിയ വൈറസ് ബാധമൂലം ആഗോള തലത്തിൽ പടർന്നുപിടിച്ചിട്ടുള്ള കോവിഡ്-19 എന്ന രോഗം കേരളത്തിലുമെത്തി എന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. അതിനെ പ്രതിരോധിക്കാൻ കർശന ജാഗ്രത നാം പാലിച്ചു. ഇതുമുൻനിർത്തി സമൂഹത്തെയാകെ ജാഗ്രതപ്പെടുത്തി. സമൂഹമാകട്ടെ എല്ലാ അർത്ഥത്തിലും അത് ഉൾക്കൊള്ളുകയും ചെയ്തു. ഇതിനോടൊപ്പം ആരോഗ്യ രംഗത്തടക്കം സർക്കാർ എല്ലാവിധത്തിലും സജ്ജമാകുകകൂടി ചെയ്തതോടെ ആശങ്കയുടെ കരിനിഴൽ ഒട്ടൊന്ന് ഒഴിഞ്ഞു. എങ്കിൽപ്പോലും സൂക്ഷ്മമായ ജാഗ്രത പാലിക്കേണ്ട അവസ്ഥ നിലനിൽക്കുന്നു. ഇതുവരെ നടന്ന പ്രവർത്തനങ്ങൾ, നിലവിലുള്ള സ്ഥിതി, രോഗവ്യാപനം തടയുന്നതിനും രോഗബാധിതരുടെ ചികിത്സയ്ക്കും സ്വീകരിച്ചിട്ടുള്ള നടപടികൾ തുടങ്ങിയവ ഹ്രസ്വമായി അറിയിക്കട്ടെ.

**ആഗോളതല രോഗവ്യാപനവും കേരളത്തിലെ മുന്നൊരുക്കവും**

ചൈനയിലെ ഹൂബൈ പ്രവിശ്യയിലെ വുഹാൻ സിറ്റിയിൽ പടർന്നുപിടിച്ച ന്യുമോണിയ രോഗം ഒരു പുതിയ തരം കൊറോണ വൈറസ് (നോവൽ കൊറോണ വൈറസ്) മൂലമാണെന്ന് തിരിച്ചറിഞ്ഞത് 2019 ഡിസംബർ അവസാനത്തോടെയാണ്. ഇത് അതിവേഗം മറ്റ് 105 രാജ്യങ്ങളിലേയ്ക്ക് പടർന്നുപിടിക്കുകയും 4000-ത്തോളം പേർ മരണമടയുകയും ചെയ്തു. ഈ രോഗം ആഗോളതലത്തിൽ ഭീഷണിയായി മാറുന്നത് സംബന്ധിച്ച ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ലഭിച്ചയുടൻതന്നെ സംസ്ഥാന സർക്കാർ കരുതൽ നടപടികളും മുന്നൊരുക്കങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ കൈക്കൊണ്ടു. 2020 ജനുവരി 18-നും 22-നും ഇടയ്ക്കുതന്നെ

ലോകാരോഗ്യ സംഘടനയുടെ അറിയിപ്പും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളും എല്ലാ ജില്ലകളിലും എത്തിച്ച് ജില്ലാതല ആരോഗ്യസംരക്ഷണ സംവിധാനത്തെ സുസജ്ജമാക്കി. കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി വിഭാഗവുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചു. ചൈനയിൽ നിന്നുള്ള വാർത്ത വന്നു തുടങ്ങിയപ്പോൾതന്നെ സംസ്ഥാനതല ദ്രുതകർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, ചികിത്സയ്ക്കും പരിശീലനത്തിനും അവബോധം ഉണർത്തലിനുമുള്ള മാർഗ്ഗരേഖകൾ എന്നിവ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

തുടർന്ന് ചൈനയിൽനിന്നും മടങ്ങുന്ന എല്ലാ യാത്രക്കാരുടെയും സ്ക്രീനിംഗ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലും തുറമുഖത്തും ആരംഭിച്ചു. സാധ്യമായ എല്ലാ കേസ്സുകളുടെയും കോണ്ടാക്ട് ട്രെയ്സിംഗും ലൈൻ ലിസ്റ്റിംഗും സംസ്ഥാന, ജില്ലാ ഐ.ഡി.എസ്.പി. സെൽ നിരീക്ഷിക്കുവാൻ തുടങ്ങി. ചൈനയിൽനിന്നും വരുന്ന എല്ലാ യാത്രക്കാരെയും തീവ്രമായി നിരീക്ഷിക്കാൻ പെരിഫറൽ ഹെൽത്ത് ടീമുകളെ സജ്ജമാക്കി.

സർ, ആഗോളതലത്തിൽ രോഗം കൂടുതൽ വ്യാപിക്കുകയും വിദേശത്തുനിന്നെത്തുന്നവരുടെ എണ്ണം ഗണ്യമായി കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ രോഗബാധ കേരളത്തിലും എത്താനുള്ള സാധ്യത പരിഗണിച്ച് മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ബന്ധപ്പെട്ട ജില്ലകളിലെ പ്രധാന സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ഐസൊലേഷൻ സൗകര്യം ഒരുക്കാൻ ഡി.എം.ഒ.മാരോട് നിർദ്ദേശിച്ചു. ആശുപത്രി ഐസൊലേഷൻ/ ഹോം ക്വാറന്റെൻ നടപടികൾക്കുവേണ്ട സൗകര്യങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ നിർദ്ദേശങ്ങളും അയച്ചുകൊടുത്തു. 2020 ജനുവരി 24നുതന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ വിവിധ ഉപഘടകങ്ങളെ ചേർത്തുകൊണ്ട് പ്രത്യേക കൺട്രോൾ റൂം സജ്ജമാക്കി. തുടർന്ന് ജനുവരി 28ന് സംസ്ഥാന കൺട്രോൾ റൂമിന് സമാനമായ രീതിയിൽ ജില്ലാതലത്തിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിരീക്ഷണം ആരംഭിച്ചു. എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ സ്ഥാപിച്ചു. എല്ലാ ജില്ലകളിലേയും ഐസൊലേഷൻ റൂമുകളുടെ സൗകര്യങ്ങളുടെ വിശദാംശങ്ങൾ വിലയിരുത്തി.

ജനുവരി 25നുതന്നെ എല്ലാ ആരോഗ്യ മേഖലാപ്രവർത്തകർക്കും നിർദ്ദേശം നൽകുകയും പ്രശ്നം കൈകാര്യം ചെയ്യുന്നതിന് പ്രാദേശികമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു. ജനുവരി 30നാണ് ഇന്ത്യയിലെ ആദ്യത്തെ നോവൽ കൊറോണ വൈറസ് ബാധയുണ്ടായത് കേരളത്തിലാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം സ്ഥിരീകരിച്ചത്. ചൈനയിലെ വുഹാനിൽനിന്ന് എത്തിയതും തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ ചികിത്സയിൽ കഴിഞ്ഞിരുന്നതുമായ വിദ്യാർത്ഥിനിക്കാണ് ആദ്യ കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചത്. ഇക്കാര്യം ഉടൻതന്നെ ആരോഗ്യമന്ത്രി തലത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ആരോഗ്യ വകുപ്പ് നേരത്തെതന്നെ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നതിനാൽ ആദ്യ കേസ്സോടെതന്നെ രോഗം തിരിച്ചറിയാൻ കഴിഞ്ഞു. ഇതിലൂടെ രോഗപ്പകർച്ച തടയുന്നതിനും ആരംഭത്തിൽത്തന്നെ ചികിത്സ തുടങ്ങാനും സാധിച്ചു. അടിയന്തര സംസ്ഥാന, ജില്ലാതല ആർ.ആർ.ടി.കൾ (റാപ്പിഡ് റെസ്പോൺസ് ടീം) വേഗംതന്നെ വിളിച്ചുചേർക്കുകയും ആരോഗ്യ വകുപ്പുമന്ത്രി, സെക്രട്ടറി, ഡി.എച്ച്.എസ്. എന്നിവർ അതേ ദിവസംതന്നെ തൃശ്ശൂർ ജില്ല സന്ദർശിക്കുകയും ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ വേഗത്തിൽ ആസൂത്രണം ചെയ്യുകയും ചെയ്തു.

2020 ഫെബ്രുവരി ഒന്ന് മുതൽ എൻ.സി.വി. സാമ്പിളുകൾ പരിശോധിക്കുന്നതിനായി ആല

പ്പുഴയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി യൂണിറ്റിൽ ക്രമീകരണങ്ങൾ നടത്തി. സംസ്ഥാന, ജില്ലാ കൺട്രോൾ റൂമുകളും കോൾ സെന്ററുകളും രാപ്പകൽ വ്യത്യാസമില്ലാതെ പ്ര വർത്തനക്ഷമമാക്കി. നിയുക്ത ആശുപത്രികളിൽ കൂടുതൽ ഐസൊലേഷൻ സൗകര്യങ്ങൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലെയും രണ്ട് ആശുപത്രികളെങ്കിലും ഐസൊലേഷനും രോ ഗലക്ഷണ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാക്കുകയും ചെയ്തു. മാർഗ്ഗനിർദ്ദേ ശങ്ങളനുസരിച്ച് രോഗലക്ഷണങ്ങളുള്ള രോഗികളെ പ്രവേശിപ്പിക്കാൻ സ്വകാര്യ ആശുപത്രിക ളെ സജ്ജമാക്കാൻ ജില്ലാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഫെബ്രുവരി രണ്ടിനാണ് കേരളത്തിലെ രണ്ടാമത്തെ നോവൽ കൊറോണ വൈറസ് ബാ ധിച്ചതായുള്ള സ്ഥിരീകരണം പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും വന്നത്. നോവൽ കൊറോണ വൈറസ് ബാധിച്ചതായി സംശയിക്കുന്ന ഈ വിദ്യാർത്ഥി ചൈനയിൽനിന്നും വന്നശേഷം ജനുവരി 24 മുതൽ ആലപ്പുഴയിൽ ഐസൊലേഷൻ ചികിത്സയിലായിരുന്നു. ഫെ ബ്രുവരി 3-ന് വുഹാനിൽനിന്നുള്ള യാത്രാ ചരിത്രമുള്ള കാസർഗോഡ് നിവാസിയായ മൂന്നാമ ത്തെ വിദ്യാർത്ഥിയെ കോവിഡ്-19 പോസിറ്റീവായി കണ്ടെത്തി. അതേത്തുടർന്ന് കൊറോണ വൈറസ് വ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികളും അവലോകനവും കൂടുതൽ ശക്തമാക്കുകയും സംസ്ഥാന വിപത്തായി പരിഗണിച്ചുള്ള ജാഗ്രതാ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു.

എല്ലാ സിനിമാ തിയേറ്ററുകളിലും കോവിഡ്-19 രോഗത്തെക്കുറിച്ചുള്ള വിവരങ്ങളുപയോ ഗിച്ച് വീഡിയോകൾ പ്രക്ഷേപണം ചെയ്തു. എല്ലാ വാർത്താ ചാനലുകളും എഫ്.എം.ഉം രോ ഗവുമായി ബന്ധപ്പെട്ട വാർത്തകൾ പ്രക്ഷേപണം ചെയ്തുവരുന്നു. അവബോധ സന്ദേശങ്ങൾ സോഷ്യൽ മീഡിയയിലൂടെയും പ്രചരിപ്പിച്ചു. 40 ലക്ഷം സ്കൂൾ കുട്ടികൾക്ക് ആരോഗ്യവകുപ്പ് സ്മാർട്ട് ക്ലാസ് മുറികളിലൂടെ അവബോധം നൽകുകയുണ്ടായി. എയർപോർട്ടുകൾ, തുറ മുഖങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും കർശന നിരീക്ഷണം ഉറപ്പാക്കി. തെറ്റായ വാർത്തകൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചതിന് നിയമ നടപടികൾ സ്വീകരിച്ചു. ശ്രദ്ധാപൂർവ്വമായ നടപടികളെ ത്തുടർന്ന് കൂടുതൽ രോഗവ്യാപനമുണ്ടാകാതിരിക്കുകയും ഫെബ്രുവരി രണ്ടും മൂന്നും ആഴ്ചകളിലായി ആദ്യഘട്ടത്തിലുള്ള മൂന്നുപേർക്കും രോഗം ഭേദമാകുകയും അവരെ ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്തു. എന്നിരുന്നാലും ജാഗ്രതാ നടപടികൾ തുടർന്നു.

ഇറ്റലിയിലും ഇറാനിലും പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതും രോഗം വ്യാപിക്കു ന്നതും കണക്കിലെടുത്ത്, ഇറാനിൽനിന്ന് നേരിട്ടുള്ള ഫ്ളൈറ്റുകളിലൂടെ വരുന്ന യാത്രക്കാ രെ സ്ക്രീൻ ചെയ്യാൻ ഗവൺമെന്റ് നിർദ്ദേശിച്ചു. ചൈന, ഹോങ്കോംഗ്, തായ്‌ലന്റ്, സിംഗപ്പൂർ, ജപ്പാൻ, ദക്ഷിണ കൊറിയ, വിയറ്റ്നാം, നേപ്പാൾ, ഇൻഡോനേഷ്യ, മലേഷ്യ, ഇറാൻ എന്നിവി ടങ്ങളിൽനിന്ന് വരുന്നവരോ 2020 ഫെബ്രുവരി 10 മുതൽ അത്തരം യാത്രാചരിത്രമുള്ളവരോ ഇന്ത്യയിലെത്തുമ്പോൾ 14 ദിവസത്തേയ്ക്ക് ഹോം ഐസൊലേഷൻ നിർബന്ധമാക്കി.

ഫെബ്രുവരി 29ന് ഇന്ത്യ ഗവൺമെന്റിന്റെ ജോയിന്റ് സെക്രട്ടറി സംസ്ഥാനം സന്ദർശിക്കു കയും സംസ്ഥാനം നടത്തിയ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ അംഗീക രിക്കുകയും ചെയ്തു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ പശ്ചാത്തലത്തിൽ ക്യാബിനറ്റ് സെക്രട്ടറി ശ്രീ.രാജീവ് ദുബെ എല്ലാ സംസ്ഥാനങ്ങളുമായും വീഡിയോ കോൺഫറൻസ് നടത്തി. കേരള ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിന ന്ദിച്ച അദ്ദേഹം പ്രിൻസിപ്പൽ സെക്രട്ടറിയോട് ഒരു ലഘു അവതരണം നടത്താനാവശ്യപ്പെട്ടു. കേരളം വികസിപ്പിച്ച എസ്.ഒ.പി. (Standard Operating Procedure) പിന്തുടരാൻ എല്ലാ സം സ്ഥാനങ്ങളോടും അദ്ദേഹം ആവശ്യപ്പെട്ടു. പ്രതിരോധ പ്രവർത്തനങ്ങളിലും മറ്റും ഇതര സം സ്ഥാനങ്ങൾക്ക് പിന്തുണ നൽകാനും നിർദ്ദേശിച്ചു.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും കാര്യത്തിൽ സംസ്ഥാനതല ത്തിൽത്തന്നെ വേഗത്തിൽ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം നൽകുവാനായി ചീഫ് സെക്രട്ടറി കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയോട് ദേശീയ തലത്തിൽ നടന്ന വീഡിയോ കോൺഫ റൻസിൽ അഭ്യർത്ഥിച്ചു. ടെസ്റ്റിംഗ് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കാനും കുവൈറ്റും സൗദി അറേബ്യയും ആ രാജ്യങ്ങളിലെ പ്രവേശനത്തിനായി കൊറോണ സർട്ടിഫിക്കറ്റ് നിഷ്കർഷി ക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനും അഭ്യർത്ഥിച്ചു.

ഈ വിധത്തിൽ കോവിഡ്-19 രോഗത്തിനെതിരെ കേരളം ശക്തമായ നടപടികളെടുത്തെ ങ്കിലും ഫെബ്രുവരി 29ന് പത്തനംതിട്ട ജില്ലയിൽ ഇറ്റലിയിൽ നിന്നും വന്ന മൂന്നുപേരടങ്ങുന്ന കുടുംബത്തിലെ അഞ്ചുപേർക്ക് 8-ാം തീയതി കോവിഡ്-19 രോഗം സ്ഥിരീകരിച്ചു. ഇവരിൽ മൂ ന്നുപേർ ഇറ്റലിയിൽനിന്നും എത്തിയവരും മറ്റ് രണ്ടുപേർ അവരുമായി സമ്പർക്കത്തിലേർപ്പെട്ട നാട്ടിലുള്ള ബന്ധുക്കളുമാണ്. വിമാനത്തിലും വിമാനത്താവളത്തിലും കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടും  ഈ മൂന്നുപേർ അത് അവഗണിക്കുകയാണ് ചെയ്തത്.  ഇതാണ് രോഗവ്യാപന ത്തിന് കാരണമായത്. ബന്ധുക്കളായ രണ്ടുപേർ കോവിഡ്-19  രോഗ ലക്ഷണത്തോടെ പനി ചികിത്സയ്ക്കായി ആശുപത്രിയിൽ വന്നപ്പോഴാണ് ഇറ്റലി യിൽനിന്നും വന്നവരുണ്ടെന്ന് അറി ഞ്ഞത്. ഉടൻതന്നെ അവരോട് ആശുപത്രി യിലേയ്ക്ക് അടിയന്തരമായി മാറാൻ ആവശ്യപ്പെ ട്ടു. ഇവർ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം അവഗണിക്കുകയാണുണ്ടായത്. ആരോഗ്യപ്രശ്ന ങ്ങളില്ലെന്നാണ് അവർ പറഞ്ഞത്. എന്നാൽ നിർബന്ധപൂർവ്വം ഇവരെ നിരീക്ഷണത്തിലാക്കി. സാമ്പിളെടുത്ത് പരിശോധിച്ചപ്പോഴാണ് ഫലം പോസിറ്റീവാണെന്ന് അറിഞ്ഞത്. അതിനോടകം ഇവർ ധാരാളം യാത്രകൾ നടത്തിയതിനാൽ അവരുമായി സമ്പർക്കത്തിലേർപ്പെട്ട വരെയാകെ കണ്ടെത്തേണ്ട വലിയ പ്രവർത്തനമാണ് നടത്തേണ്ടിവന്നത്. പരിശോധനാഫലം പോസിറ്റീ വാണെന്നറിഞ്ഞ രാത്രിയിൽത്തന്നെ വീഡിയോ കോൺഫറൻസ് നടത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഇവർ പോയ സ്ഥലങ്ങളും ഇവരുമായി സമ്പർക്കത്തിലേർപ്പെട്ട ആളുകളെയും കണ്ടെത്താൻ ശക്തമായ നടപടി സ്വീകരിച്ചു. ഇവർ സഞ്ചരിച്ച വിമാനങ്ങളിൽ യാത്ര ചെയ്ത വരെയും കണ്ടെത്തി വരുന്നു.

പുതിയ സാഹചര്യങ്ങളിൽ ജാഗ്രത കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ നടപടികൾ നിർദ്ദേശിച്ചു.  ആറ്റുകാൽ പൊങ്കാലയിലും ജാഗ്രത യോടെയുള്ള പ്രവർത്തനങ്ങ ളാണ് നടത്തിയത്. രോഗലക്ഷണങ്ങളുള്ളവരാരും പൊങ്കാലയിടാൻ വരരുതെന്ന് നിർദ്ദേശം നൽകി. രോഗബാധിത രാജ്യങ്ങളിൽ നിന്നും വന്നവർ വീട്ടിൽത്തന്നെ പൊങ്കാലയിടാൻ നിർദ്ദേ ശം നൽകി. 23 ഹെൽത്ത് ടീമുകളും 12 ആംബുലൻസുകളും 5 ബൈക്ക് ആംബുലൻസുകളും സജ്ജമാക്കി. റെസിഡൻസ് അസോസിയേഷൻ അംഗങ്ങളടക്കമുള്ള ടീമുകളെ അതത് സ്ഥല ങ്ങളിൽ പനിയോ ജലദോഷമോ ഉള്ളവരെയും രോഗബാധിത പ്രദേശങ്ങളിൽനിന്നും മടങ്ങിയെ ത്തിയവരെയും കണ്ടെത്താൻ ചുമതലപ്പെടുത്തി. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, ക്ഷേത്ര ങ്ങൾ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തി.

കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും സംസ്ഥാന തലത്തിൽ ത്തന്നെ വേ ഗത്തിൽ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം നൽകാനായി  കേരള സർക്കാർ  കേന്ദ്രസർ ക്കാരിനോട് അഭ്യർത്ഥിച്ചു.

പത്തനംതിട്ടയിൽ അഞ്ചുപേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചതിന് പിന്നാലെ 7-3-2020-ന് ഇറ്റലിയിൽനിന്ന് കേരളത്തിലേയ്ക്ക് മടങ്ങിയെത്തിയ മൂന്ന് വയസ്സുള്ള കുട്ടിക്ക് 9-3-2020-ന് രോഗബാധ കണ്ടെത്തി. പത്തനംതിട്ട ജില്ലയിലെ കോൺടാക്ട് ലിസ്റ്റിലുള്ള 6 പേർക്കും എറ ണാകുളം മെഡിക്കൽ കോളേജിൽ കോവിഡ്-19 സ്ഥിരീകരിച്ച മൂന്ന് വയസ്സുള്ള കുട്ടിയുടെ മാതാപിതാക്കൾക്കും 10-ാം തീയതി രോഗം സ്ഥിരീകരിച്ചു. ഇതോടെ നിലവിൽ സംസ്ഥാനത്ത് കോവിഡ്-19 രോഗം ബാധിച്ച 14 പേരാണുള്ളത്.

പത്തനംതിട്ട ജില്ലയിൽ 5 പോസിറ്റീവ് കേസ്സുകളുണ്ടായത് അറിഞ്ഞയുടൻ തന്നെ വലിയ പ്രവർത്തനമാണ് നടത്തിയത്. അപ്പോൾ മുതൽ കോൺടാക്ട് ട്രെയിസിംഗ് ശ്രമകരമായി നടത്തി യിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ മീറ്റിംഗും പത്തനംതിട്ടയിൽ നടത്തിയിരുന്നു. പഴുതടച്ച പ്രവർത്തനമാണ് നടത്തിവരുന്നത്. കൂടുതൽ രോഗികൾ വരുന്നതനുസരിച്ച് ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും. വിമാനത്താവളത്തിലും നിരീക്ഷണം ശക്തിപ്പെടു ത്താൻ തീരുമാനി ച്ചിട്ടുണ്ട്. ഇറ്റലിയിൽനിന്നും വന്ന മൂന്നുപേരുമായി സമ്പർക്കത്തിലേർപ്പെട്ട കുറേ പ്പേരിലേയ്ക്ക് രോഗപ്പകർച്ച ഉണ്ടാകുമെന്നാണ് വിലയിരുത്തുന്നത്. പക്ഷേ രണ്ട് ദിവസം കൊണ്ടുതന്നെ സാധ്യമായ എല്ലാ രീതികളുമുപയോഗിച്ച് ഇവരുമായി സമ്പർക്കത്തിലായ ബഹു ഭൂരിപക്ഷം പേരേയും കണ്ടെത്തുന്നതിനും അവരെ നിരീക്ഷണ ത്തിലാക്കുന്നതിനും കഴിഞ്ഞു. മാപ്പിംഗ് തയ്യാറാക്കിയാണ് ഇവർ പോയ സ്ഥലങ്ങൾ കണ്ടെത്തിയത്. സാധ്യമായ എല്ലാ മാർഗ്ഗ ങ്ങളുമുപയോഗിച്ച് ബാക്കിയുള്ളവരെയും കണ്ടെത്താനായുള്ള ശ്രമം നടന്നുവരുന്നു.

എറണാകുളത്ത് ചികിത്സയിലുള്ളവരോടൊപ്പം വിമാനത്തിൽ സഞ്ചരിച്ച ആളുകളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനമായിട്ടുള്ളത് ആരുമായിട്ടൊക്കെ ഇവർ സമ്പർ ക്കത്തിലേർപ്പെട്ടു എന്നതാണ്. അവസാനമായി ബന്ധപ്പെട്ട ആളിനെ വരെയും കണ്ടെത്താനു ള്ള ശ്രമങ്ങളാണ് നടത്തുന്നത്.

105 ലോകരാജ്യങ്ങളിൽ കോവിഡ്-19 രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സംസ്ഥാ നത്തെ വിവിധ ജില്ലകളിലായി 1495 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1236 പേർ വീടുകളി ലും 259 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയമുള്ള കേസ്സുകളിൽ 980 സാ മ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 815 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവാണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജിലും രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിലും പരിശോധിക്കാനുള്ള അനുമതി ചോദിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിൽ വിമാനത്താവളമുള്ളിടങ്ങളിൽ പരിശോധനാ സംവിധാനം ഏർ പ്പെടുത്തണമെന്ന ചീഫ് സെക്രട്ടറിയുടെ അഭ്യർത്ഥന ക്യാബിനറ്റ് സെക്രട്ടറി അംഗീകരിച്ചു.

നിലവിൽ സംസ്ഥാനത്തുള്ള സാഹചര്യങ്ങൾ മാർച്ച് 10-ന് നടന്ന പ്രത്യേക മന്ത്രിസഭായോ ഗം വിലയിരുത്തി. പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ വിപുലവും ശക്തവുമായ ഇടപെടൽ തുടരേണ്ടതുണ്ടെന്ന് തീരുമാനിച്ചു. രോഗപ്പകർച്ച തടയു ന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു. വിദേശത്തു നിന്നും എത്തുന്ന എല്ലാവരെയും വിമാനത്താവളത്തിൽ വച്ചുതന്നെ പ്രാഥമിക പരിശോധന നടത്തുന്നതിനും അതിനനുസരിച്ച് ആശുപത്രിയിലോ വീട്ടിലോ നിരീക്ഷണത്തിന് മാറ്റുന്നതി നുംവേണ്ടി ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ഊർജ്ജിത പ്പെടുത്തണം.

അടിയന്തര സാഹചര്യങ്ങളിൽ ഐസൊലേഷൻ രോഗനിരീക്ഷണ സംവിധാനങ്ങളൊ രുക്കാനുള്ള പ്രവർത്തന പരിപാടിക്ക് ആരോഗ്യ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതിന് അനു യോജ്യമായ സ്ഥല സൗകര്യവും ഭൗതിക സാഹചര്യങ്ങളും ഓരോ ജില്ലയിലും തിട്ടപ്പെടുത്തി പ്രാ ഥമിക പരിശോധന നടത്തണം.

പ്രീപ്രൈമറി, ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സ്കൂളുകളും മെഡിക്കൽ വി ദ്യാഭ്യാസ സ്ഥാപനങ്ങളൊഴികെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാ ഭ്യാസ സ്ഥാപനങ്ങളും മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. ഈ നിയന്ത്രണം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാലയങ്ങൾക്കും അൺ എയ്ഡഡ് വിദ്യാലയങ്ങൾക്കും ബാധകമാണ്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, എസ്.എസ്.എൽ.സി. പരീക്ഷകളും

എട്ട്, ഒൻപത് ക്ലാസ്സുകളിലെ പരീക്ഷയും മാറ്റിവയ്ക്കുന്നില്ല. ആ പരീക്ഷകളെഴുതാൻ വരുന്ന വരിൽ ആർക്കെങ്കിലും രോഗലക്ഷണങ്ങളുണ്ടെങ്കിൽ അവരെ പ്രത്യേക മുറിയിൽ പരീക്ഷ എഴുതിക്കും. പരീക്ഷയൊഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരുതരം പഠന പ്രവർത്തനവും മാർച്ച് 31 വരെ ഉണ്ടാകരുത്. ട്യൂഷൻ ക്ലാസ്സുകൾ, സ്പെഷ്യൽ ക്ലാസ്സുകൾ, അവധിക്കാല ക്ലാസ്സു കൾ തുടങ്ങിയവയെല്ലാം ഒഴിവാക്കണം. ഇതിനുവേണ്ട നടപടികൾ ഉന്നതവിദ്യാഭ്യാസ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സ്വീകരിക്കേണ്ടതാണ്.

മദ്രസകൾ, അങ്കണവാടികൾ, ട്യൂട്ടോറിയലുകൾ എന്നിവയും മാർച്ച് 31 വരെ അടച്ചിടണം. അങ്കണവാടികളിൽ പോകുന്ന കുട്ടികൾക്കുള്ള ഭക്ഷണം അവരവരുടെ വീടുകളിൽ എത്തിക്കു വാൻ വേണ്ട നടപടികൾ വനിതാ ശിശുക്ഷേമ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

എല്ലാത്തരം ഉത്സവങ്ങളും പള്ളിപ്പെരുന്നാളുകളും അതുപോലെയുള്ള മറ്റ് പരിപാടികളും ഒഴിവാക്കുകയും അവ ചടങ്ങുകൾ മാത്രമായി നടത്തുകയും ചെയ്യണം. ജനങ്ങളെ കൂട്ടത്തോ ടെ പങ്കെടുപ്പിക്കുന്ന പരിപാടികൾ ഒഴിവാക്കുവാൻ ജില്ലാ ഭരണകൂടം ബന്ധപ്പെട്ടവർക്ക് നിർദ്ദേ ശം നൽകേണ്ടതാണ്.

വിവാഹങ്ങൾ വളരെ ചുരുങ്ങിയ രീതിയിൽ മാത്രം നടത്തുവാനും ഒട്ടനവധി പേർ ദർശന ത്തിന് വരുന്ന ആരാധനാലയങ്ങളിൽ ദർശനത്തിന് പോകുന്നത് ഒഴിവാക്കുവാനും പൊതുജന ങ്ങളോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

സിനിമാശാലകൾ മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. നാടകം പോലെ ആളുകൾ അധിക മായി ഒത്തുചേരുന്ന കലാ-സാംസ്കാരിക പരിപാടികളും മാറ്റിവയ്ക്കണം.

നിരീക്ഷണത്തിലുള്ള കുടുംബങ്ങളിൽ അർഹരായവർക്ക് ഭക്ഷണമെത്തിക്കാൻ ജില്ലാ ഭര ണകൂടം നടപടി സ്വീകരിക്കേണ്ടതാണ്.

മന്ത്രിമാർ പങ്കെടുക്കുന്ന പരിപാടികളുൾപ്പെടെ സർക്കാരുമായി ബന്ധപ്പെട്ട എല്ലാ പൊതു പരിപാടികളും മാറ്റിവയ്ക്കും.

സർക്കാരുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും രോഗബാധ നിയന്ത്രിക്കാനുള്ള മുൻക രുതലുകൾ ഏർപ്പെടുത്തും. എല്ലായിടത്തും സാനിറ്റൈസർ ലഭ്യമാക്കും.

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വാർഡ് മെമ്പർമാരുടെയും ആശാ വർക്കർമാരുടെയും റെസിഡൻസ് അസോസിയേഷനുകളുടെയും സഹായത്തോടെ കോവിഡ്-19 രോഗബാധിത പ്രദേശങ്ങളിൽനിന്നും വന്നിട്ടുള്ളവരുണ്ടോ യെന്ന് കണ്ടെത്താൻ നിരീക്ഷണ സംവിധാനം ശ്തിപ്പെടുത്തും.

സർക്കാരിന്റെ ഔദ്യോഗിക സംവിധാനങ്ങളിൽക്കൂടി നൽകുന്ന വാർത്ത കളല്ലാതെ ചില അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ ശക്തമായ നടപടി ആഭ്യന്തര വകുപ്പ് സ്വീകരിക്കേണ്ടതാണ്.

ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും മുടക്ക മില്ലാതെ പൊ തുജനങ്ങൾക്ക് ഇന്റർനെറ്റ് കിട്ടാനും ആവശ്യമായ നടപടികൾ ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് സ്വീകരിക്കേണ്ടതാണ്.

പ്രവാസികളായ ഒട്ടനവധി ആളുകൾ അവധിക്ക് നാട്ടിലെത്തിയശേഷം ഇപ്പോൾ മടങ്ങി പ്പോകാനാകാതെ നാട്ടിലുണ്ട്. ജോലി നഷ്ടപ്പെടു മോയെന്ന ആശങ്ക ഇവർക്കുണ്ട്. ഇവരുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നോർക്ക വകുപ്പ് ബന്ധപ്പെട്ട എംബസികളുമായി സം സാരിച്ച് പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തണം. അവരുടെ യാത്രാ ടിക്കറ്റുകൾ റദ്ദ് ചെയ്യ പ്പെട്ട് സാമ്പത്തിക നഷ്ടമുണ്ടാക്കാതെ അവർക്ക് തിരിച്ചു പോകാനാകുന്ന സമയത്തേയ്ക്കായി മാറ്റിക്കിട്ടുന്നതിന് വിമാനക്കമ്പനികളുമായും കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയവുമായും

ചർച്ചകൾ നടത്തി തീരുമാനിക്കണം. ഇത്തരം ആശങ്കകളും ബുദ്ധിമുട്ടും നേരിടുന്നവർക്ക് സഹായം നൽകുന്നതിന് നോർക്ക വകുപ്പ് ഒരു പ്രത്യേക കാൾ സെന്റർ ആരംഭിക്കേണ്ടതാണ്.

ആഗോളതല സാമ്പത്തിക വ്യാവസായിക പ്രതിസന്ധി കാരണം മരുന്നുകൾപോലുള്ള അവശ്യവസ്തുക്കളുടെ ഉല്പാദനത്തിൽ തടസ്സമുണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ വ്യവസായ വകുപ്പിനെ ചുമതല പ്പെടുത്തുവാൻ തീരുമാനിച്ചു.

കോവിഡ്-19 രോഗബാധ തീവ്രമായ രാജ്യങ്ങളിൽനിന്ന് വരികയോ അവിടെ സന്ദർശനം നടത്തിവരികയോ ചെയ്യുന്ന ഇന്ത്യാക്കാർക്ക് നാട്ടിലേയ്ക്ക് മടങ്ങണമെങ്കിൽ അവിടത്തെ ആരോഗ്യ വകുപ്പിൽനിന്നും കോവിഡ്-19 രോഗബാധയില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിരി ക്കണമെന്ന നിബന്ധന കേന്ദ്രസർക്കാർ പുറപ്പെടുവിച്ചതിന്റെ ഫലമായി വിവിധ വിദേശ രാ ജ്യങ്ങളിലായി, പ്രത്യേകിച്ച് വിമാനത്താ വളങ്ങളിലും മറ്റും ഒട്ടേറെ മലയാളികൾ കുടുങ്ങിപ്പോ യതായി വിവരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളൊന്നുംതന്നെ ഇത്തരം സാക്ഷ്യപത്രങ്ങൾ നൽകാനാകുന്ന സ്ഥിതിയിലല്ല എന്നതുകൊണ്ടുതന്നെ ഈ ഉത്തരവ് പിൻവലിക്കുന്നതിനും കുടുങ്ങിക്കിടക്കുന്ന യാത്രികരെ മടക്കിയെത്തിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ സത്വര ഇട പെടൽ ആവശ്യമാണ്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് 10-3-2020-ൽത്തന്നെ പ്രധാനമന്ത്രിക്ക് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

കോവിഡ്-19 ആഗോളതലത്തിൽ ഗുരുതരമായ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ കൃത്യമായ നടപടിക്രമങ്ങളിലൂടെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമാണ്. ഇക്കാര്യ ത്തിൽ ആശങ്കയല്ല ജാഗ്രതയും പൗരബോധത്തോടെയുള്ള പെരുമാറ്റവുമാണ് ആവശ്യം. ഇതുമായി ബന്ധപ്പെട്ട് ബഹുജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കാൻ നിയമസഭാം ഗങ്ങൾ അടക്കമുള്ള പൊതുപ്രവർത്തകർ ജാഗ്രതയോടെ ഇടപെടേണ്ട ഘട്ടമാണിത്. ഇക്കാര്യ ത്തിൽ എല്ലാവരുടെയും സഹകരണവും ഒത്തൊരുമിച്ചുള്ള പ്രവർത്ത നവുമുണ്ടാകണം. എല്ലാ സർക്കാർ സംവിധാനങ്ങളും ഉണർന്ന് പ്രവർത്തിക്കുകയും എല്ലാ ജനങ്ങളും പരസ്പര ധാര ണയോടെയും ജാഗ്രതയോടെയും സർക്കാർ നിർദ്ദേശങ്ങളോട് സഹകരിക്കുകയും വേണം. ഒന്നിച്ചുനിന്ന് നമുക്ക് ഈ പ്രതിസന്ധിഘട്ടം തരണം ചെയ്യാം.

ഇതിന്റെ തുടർച്ചയായി സംസ്ഥാനത്ത് ഭീതിജനകമായ അന്തരീക്ഷം നില നിൽക്കുന്നുണ്ട്. പല സ്ഥലത്തും  ആളുകൾ യാത്രചെയ്യാൻ മടിക്കുന്നു. വാഹനങ്ങളിലും മറ്റും ആളുകളെ കാണാനില്ലാത്ത അവസ്ഥ നാട്ടിലാകെ നിലനിൽക്കുകയാണ്.  ഭീതിജനകമായ അന്തരീക്ഷം ഉയർന്നുവന്നിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ ഈ വരുന്ന 14-ാം തീയതി ശനിയാഴ്ച്ച എല്ലാ ജില്ലകളിലും മന്ത്രിമാർ പങ്കെടുത്തു കൊണ്ട് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറി മാരുടെയും യോഗം വിളിച്ചു ചേർക്കുകയാണ്.  കളക്ടർമാരും  മറ്റും അവിടെയുണ്ടാകും. എം .എൽ.എ.മാരും എം.പി.മാരും മറ്റ് ജനപ്രതിനിധികളും അവിടെയുണ്ടാകുന്നത് നല്ലതാണ്. അത്തര ത്തിലൊരു യോഗം വിളിച്ച് ആവശ്യമായ തയ്യാറെടുപ്പ് നടത്തേണ്ടതുണ്ട്.  ഇപ്പോൾ എല്ലാ സ്ഥലത്തും നല്ല ജാഗ്രതയോടെ ആളുകൾ നീങ്ങുന്നുണ്ട്. എങ്കിലും ഭീതിയില്ലാതെ ജാഗ്രത പാലിക്കേണ്ട അവസ്ഥ തുടർന്നു പോകേണ്ടതായിട്ടുണ്ട്. ഇങ്ങനെയൊരു അന്തരീക്ഷം നിലനിൽക്കുമ്പോൾ നിങ്ങളിങ്ങനെ സഭ നടത്തിക്കൊണ്ടുപോകുന്നത് എന്താണെന്നുള്ളതി നെക്കുറിച്ച് നാട്ടിലൊക്കെയുള്ള പലരും അന്വേഷിക്കുന്നുണ്ട്. ഇന്നലെ ഈ സഭയിൽത്തന്നെ ശ്രീ.പി.സി.ജോർജ് അത് തുറന്നുപറഞ്ഞതുമാണ്.  മാത്രമല്ല പ്രതിപക്ഷത്തുള്ള ശ്രീ. കെ. എൻ. എ. ഖാദർ ഇത്തരമൊരാവശ്യം ബഹുമാനപ്പെട്ട ചെയറിന് എഴുതി സമർപ്പിച്ചിട്ടുള്ളതുമാണ്. ഏതായാലും ഇന്ന് ചില പത്രവാർത്തകൾ കാണുന്നുണ്ട്.  ഇന്നിപ്പോൾ ബിസിനസ്സ് അഡ്വൈവ സറി കമ്മിറ്റി ചേരാൻ കഴിയില്ല.  നാളെയെങ്കിലും ബിസിനസ്സ് അഡ്വൈവസറി കമ്മിറ്റി ചേർന്ന് ചില കാര്യങ്ങൾ ആലോചിക്കേണ്ടതായി വരുമെന്നാണ് തോന്നുന്നത്.

**2020 ഡിസംബർ 03**

## ഗവൺമെന്റ് പ്രമേയം (ചട്ടം 118)

# കോവിഡ്-19 നിയന്ത്രണങ്ങൾമൂലം പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

സർ, കോവിഡ്-19 ലോകത്തിലെ പല രാജ്യങ്ങളിലും വ്യാപകമായതിനെത്തുടർന്ന് യാത്ര ചെയ്യുന്നവർ, പ്രത്യേകിച്ച് രാജ്യാന്തര യാത്രക്കാർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇന്ത്യക്കാരായ പ്രവാസികൾ വളരെ വിഷമകരമായ സാഹചര്യം പലയിടത്തും നേരിടുന്നതായാണ് അറിയുന്നത്. രോഗം പടരാതിരിക്കുന്നതിനുള്ള സുരക്ഷയൊരുക്കുന്നതിനും യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണം. എന്നാൽ, അതിനുപകരം ചട്ടങ്ങളുടെ കാഠിന്യം കൂട്ടുന്ന നടപടിക്രമങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നത് ഉത്കണ്ഠാജനകവും തീർത്തും ഒഴിവാക്കപ്പെടേണ്ടതുമാണ്.

ചൈനയിൽ വുഹാൻ പ്രവിശ്യയിലുള്ള വിദ്യാർത്ഥികൾക്ക് നാട്ടിലേയ്ക്കുവരാൻ സൗകര്യങ്ങളൊരുക്കണമെന്ന് സംസ്ഥാന സർക്കാർ ശക്തമായി ആവശ്യപ്പെട്ടതാണ്. അതിനെത്തുടർന്ന് അവർക്ക് നാട്ടിലേയ്ക്ക് വരാനുള്ള സൗകര്യമുണ്ടാക്കുകയും അവരെ മെഡിക്കൽ പരിശോധനയ്ക്കായി പ്രത്യേക സ്ഥലത്ത് പാർപ്പിക്കുകയും ചെയ്തിരുന്നു. പരിശോധനയ്ക്കുശേഷം രോഗലക്ഷണങ്ങളില്ലാത്തവരെ അവരുടെ താമസസ്ഥലത്തേയ്ക്ക് പോകാൻ അനുവദിക്കുകയാണുണ്ടായത്.

പരീക്ഷിച്ച് വിജയിച്ച ഈ നടപടിക്രമം നിലവിലിരിക്കെയാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം 5-3-2020-ന് ഇതിന് വിരുദ്ധമായൊരു സർക്കുലർ പുറപ്പെടുവിച്ചത്. ഇറ്റലിയിൽനിന്നും റിപ്പബ്ലിക് ഓഫ് കൊറിയയിൽനിന്നും യാത്ര പുറപ്പെടുന്നവർക്കും ആ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളവർക്കും കോവിഡ്-19-ന്റെ ലക്ഷണങ്ങളില്ലെന്ന വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമെ ഇന്ത്യയിൽ പ്രവേശനമുള്ളൂവെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. 2020 മാർച്ച് 10 അർദ്ധരാത്രി 12.00 മണി മുതലാണ് 4-1-2020-കഞ്ഞ എന്ന നമ്പരിലുള്ള ഈ സർക്കുലർ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. അടിസ്ഥാനപരമായി ഇത് മനുഷ്യത്വവിരുദ്ധവും പ്രവാസികളായ ഇന്ത്യക്കാരെ നിഷ്കരുണം കൈവിടുന്നതിന് തുല്യവുമാണ്.

ഇറ്റലിയിൽനിന്നും വിമാന ടിക്കറ്റ് ബുക്ക് ചെയ്തിട്ടുള്ള മലയാളികളുൾപ്പെടെയുള്ള ഇന്ത്യക്കാർക്ക് ഇതുമൂലം വിമാനത്തിൽ കയറാൻ സാധിക്കുന്നില്ല. ഇത് ഇവർക്ക് വലിയ ബുദ്ധിമുട്ടാണുണ്ടാക്കിയിരിക്കുന്നത്. ഇറ്റലിയിൽ ഇവരെയെല്ലാം വൈദ്യ പരിശോധനയ്ക്ക് വിധേയരാക്കാനുള്ള സംവിധാനങ്ങൾ ഇപ്പോഴില്ലെന്നാണ് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്.

രോഗലക്ഷണങ്ങളില്ലാത്തവർക്ക് വൈദ്യപരിശോധന നിർബന്ധമാക്കുന്നത് ന്യായയുക്ത മല്ലെന്നും ഇവരെ യാത്ര ചെയ്ത് നാട്ടിലേയ്ക്ക് വരാൻ അനുവദിക്കണമെന്നും ഇവിടെയെ ത്തിയശേഷം ആവശ്യമായ വൈദ്യപരിശോധന പ്രോട്ടോക്കോൾ നിബന്ധന പ്രകാരം സ്വീക രിക്കാവുന്നതാണെന്നും ചൂണ്ടിക്കാണിച്ച് 11-3-2020-ൽ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സന്ദേശം അയച്ചിട്ടുണ്ട്.

പ്രവാസികളായ നമ്മുടെ നാട്ടുകാരെ ഇത്തരം പ്രതിസന്ധി ഘട്ടത്തിൽ കൂടുതൽ വിഷമസ ന്ധിയിലാക്കുന്നത് കാലങ്ങളായി നാം സ്വീകരിച്ചുവരുന്ന നയ സമീപനത്തിന് കടകവിരുദ്ധമാണ്. നമ്മുടെ നാടിന്റെ വികസനത്തിനും സമ്പദ്ഘടനയുടെ ശാക്തീകരണത്തിനും വിജ്ഞാന വർദ്ധ നയ്ക്കും പ്രവാസി സമൂഹം നൽകുന്ന സംഭാവനകൾ അമൂല്യമാണ്. അവരെ ഈ പ്രതിസന്ധി ഘട്ടത്തിൽ ഇത്തരത്തിൽ അധിക വൈഷമ്യത്തിലാക്കുന്ന സമീപനത്തിനെതിരെ ഈ സഭ അഭി പ്രായം രേഖപ്പെടുത്തുന്നു. നമ്മുടെ സമൂഹത്തിന്റെ എല്ലാ മേഖലകൾക്കും സംഭാവന നൽകുന്ന വിദേശത്തുള്ള നമ്മുടെ നാട്ടുകാരെ ഇവിടേയ്ക്ക് വരുന്നതിൽനിന്നും ഫലത്തിൽ വിലക്കുന്ന സർ ക്കുലർ ഉടൻ പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

ഇതോടൊപ്പംതന്നെ വിവിധ രാജ്യങ്ങളിൽ തൊഴിൽചെയ്യുന്ന പ്രവാസികൾ നാട്ടിൽനിന്നും തിരിച്ചുപോയി ജോലിയിൽ പ്രവേശിക്കാൻ അതത് രാജ്യങ്ങളിലെ പലതരം നിബന്ധനകൾ കാരണം പ്രയാസങ്ങൾ നേരിടുകയാണ്. ഇതിനിടെയാണ് നമ്മുടെ ഭാഗത്തുനിന്നുകൂടി ചട്ടങ്ങൾ കർക്കശമാക്കുന്നത്. ഇത് പ്രവാസികളെ വല്ലാതെ വലയ്ക്കുന്നു. രോഗം പടരുന്നില്ലെന്ന് ഉറപ്പാ ക്കിക്കൊണ്ടു തന്നെ ഈ ചട്ടങ്ങളിൽ ഇളവ് വരുത്താൻ കേന്ദ്രസർക്കാർ ശ്രദ്ധിക്കണമെന്നും ജോലിക്ക് തിരികെയെത്താൻ കഴിയാതെ വിഷമിക്കുന്നവർക്ക് വിസാ കാലാവധി, ജോലിക്ക് തിരികെ ചേരാനുള്ള കാലാവധി തുടങ്ങിയവ നീട്ടിക്കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരി ക്കാൻ നയതന്ത്രതലത്തിൽ ഇടപെടണമെന്നും ഈ സഭ ആവശ്യപ്പെടുന്നു.

ഇതാണ് പ്രമേയം. ഇതിനോടൊപ്പം ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാനുള്ളത്, 11-ാം തീയതി ഇൻഡ്യാ ഗവൺമെന്റ് ഒരു പ്രസ്സ് റിലീസ് പുറപ്പെടുവിച്ചിരുന്നു. അതിൽ പറയുന്നത്, 'Visa free travel facility granted to OCI card holders is kept in abeyance till 15th April 2020. This will come into effect from 12.00 GMT on 13th March 2020 at the port of departure.' അതായത്, OCI എന്നുപറയുന്നത്, Overseas Citizenship of India ആണ്. അവർക്കുള്ള വിസ ഫ്രീ യാത്രാസൗകര്യം 15-4-2020 വരെ റദ്ദാക്കിയിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് നടക്കുന്നത് എന്താണ്? അതോടൊപ്പംതന്നെ പറയുകയാണ്. 'All incoming travellers, including Indian nationals, arriving from or having visited China, Italy, Iran, Republic of Korea, France, Spain and Germany after 15th February, 2020 shall be quarantined for a minimum period of 14 days. This will come into effect from 12.00 GMT on 13th March 2020 at the port of departure.' ഇൻഡ്യയിൽ വന്നശേഷമാണോ ഇവരെ 14 ദിവസം quarantine ചെയ്യുന്നത് എന്നുള്ളത് വ്യക്തമല്ല. ഇത്തരം ഉത്തരവുകൾ വല്ലാത്ത ആശങ്കയാണ് ഉയർത്തുന്നത്. ഈ പ്രമേയം അംഗീകരിക്കണം.

## ഗവൺമെന്റ് പ്രമേയം (ചട്ടം 118)

# കേന്ദ്ര കർഷക വിരുദ്ധ നിയമങ്ങൾ റദ്ദാക്കൽ

സർ, താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു:

'രാജ്യതലസ്ഥാനം കർഷകരുടെ ഐതിഹാസികമായ പോരാട്ടത്തിന് സാക്ഷ്യം വഹിക്കുകയാണ്. സമീപകാലത്തെങ്ങും ദൃശ്യമാകാത്ത വലിയ ഇച്ഛാശക്തി ഈ പ്രതിഷേധത്തിന് പിന്നിലുണ്ട്. കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത, കോർപ്പറേറ്റ് അനുകൂല, കർഷകവിരുദ്ധ നിയമങ്ങളായ The Farmers (Empowerment and Protection) Agreement on Price Assurance and Farm Services Act 2020, The Farmers' Produce Trade and Commerce (Promotion and Facilitation) Act, 2020, The Essential Commodities (Amendment) Act, 2020 എന്നിവയ്ക്കെതിരെയാണ് കർഷകരോഷം ഇരമ്പുന്നത്. ഡൽഹിയിലെ അതിശൈത്യത്തെ നേരിട്ടാണ് കർഷകർ ഈ മഹാസമരത്തിൽ അണിചേരുന്നത്. 35 ദിവസത്തെ സമരത്തിനിടയിൽ 32 കർഷകർക്കാണ് ജീവൻ നഷ്ടപ്പെട്ടത്.

കൊവിഡ്-19 വ്യാപനത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്താണ് നമ്മുടെ രാജ്യം. ഈ സാഹചര്യത്തിൽ ജനരോഷം ക്ഷണിച്ചുവരുത്തുന്ന നിയമനിർമ്മാണ നടപടിയിലേയ്ക്ക് ഗവൺമെന്റ് കടക്കേണ്ടതില്ലായിരുന്നു. ചില നിയമനിർമ്മാണങ്ങൾ അത് ബാധിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്കിടയിൽ വലിയ ആശങ്കയും സംശയവും ജനിപ്പിക്കുമ്പോൾ നിയമനിർമ്മാണ സഭകൾക്ക് അത് ഗൗരവമായി പരിഗണിക്കാൻ ബാധ്യതയുണ്ട്. ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ള കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക റിപ്പോർട്ട് പ്രകാരം രാജ്യത്തെ തൊഴിൽശക്തിയുടെ 43.3 ശതമാനം കാർഷിക മേഖലയിലാണ് തങ്ങളുടെ അദ്ധ്വാനശേഷി വിനിയോഗിക്കുന്നത്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം കൃഷി ഒരു ഉൽപ്പാദന മേഖല മാത്രമല്ല, നമ്മുടെ സംസ്കാരത്തിന്റെ ഭാഗംകൂടിയാണ്. അതിനാൽത്തന്നെ കാർഷിക രംഗത്തെ പരിഷ്കരണങ്ങൾ വളരെ ശ്രദ്ധാപൂർവ്വം വിഭാവനം ചെയ്ത് നടപ്പാക്കേണ്ടവയാണ്. ഇക്കാര്യത്തിൽ കേരളത്തിന് വിപുലമായ അനുഭവസമ്പത്തുണ്ട്. ഭൂപരിഷ്കരണ നിയമം വിജയകരമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. മാത്രമല്ല, തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ കാർഷികരംഗത്തെ പ്രതിസന്ധികൾ പരിഹരിക്കാനുള്ള മികച്ച ഇടപെടലുകളും കേരളം നടത്തിയിട്ടുണ്ട്.

രാജ്യത്ത് 1960-കളിൽ നടപ്പായ ഹരിത വിപ്ലവത്തിനുശേഷം ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മിനിമം വില ലഭ്യമാക്കാൻ സംവിധാനമൊരുക്കി. എന്നാൽ ചുരുക്കം ചില ഉൽപ്പന്നങ്ങൾക്ക് മാത്രമേ താങ്ങുവില ലഭ്യമാകുന്നുള്ളൂ. രാജ്യത്തെ പല ഭാഗങ്ങളിലും കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയും കർഷക ആത്മഹത്യകളും വലിയ സാമൂഹിക പ്രശ്നങ്ങളായി മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ച് കാർഷികവൃത്തി ലാഭകരമായി നടത്താൻ സഹായകമായ നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്. കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഇതിനെത്തുടർന്ന് ഭക്ഷ്യധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവിലപോലും നഷ്ടപ്പെടുമോയെന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്.

കർഷകരുടെ വിലപേശൽശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കു മുന്നിൽ ദുർബ്ബലമാകും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലില്ല എന്ന് മാത്രവുമല്ല, കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷിയും കർഷകർക്കില്ല. കാർഷികോൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർതന്നെ മുൻകയ്യെടുത്ത് സംഭരിച്ച് ന്യായവിലയ്ക്ക് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന സംവിധാനമാണ് നിലനിൽക്കേണ്ടത്. അതിനുപകരം കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരമാകെ കോർപ്പറേറ്റുകൾക്ക് കൈവശപ്പെടുത്താൻ അവസരം നൽകുകയാണ് കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ളത്. കർഷകർക്ക് ന്യായവില ലഭ്യമാക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് കേന്ദ്ര സർക്കാർ ഒഴിഞ്ഞുപോകുകയും ചെയ്യുന്നു.

ഈ സമരത്തിന്റെ പ്രധാന കാരണം, കാർഷികോൽപ്പന്നങ്ങൾക്ക് ഉണ്ടാകാനിടയുള്ള വിലത്തകർച്ചയാണ് എന്നത് വ്യക്തമാണ്. കൊവിഡ്-19 മഹാമാരി ഉണ്ടായിട്ടുകൂടി 2020-21 സാമ്പത്തിക വർഷത്തിലെ നെല്ലിന്റെയും ഗോതമ്പിന്റെയും താങ്ങുവില കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2.9-ഉം 2.6-ഉം ശതമാനമാണ് വർദ്ധിച്ചത്. ഇത് പണപ്പെരുപ്പ നിരക്കിനെക്കാൾ കുറഞ്ഞതായിരിക്കെ കാർഷികോൽപ്പന്നങ്ങളുടെ ന്യായവിലയെപ്പറ്റി കർഷകർക്കിടയിലുണ്ടായിരിക്കുന്ന വിശ്വാസത്തകർച്ചയ്ക്ക് അടിസ്ഥാനമുണ്ടെന്ന് കാണാൻ കഴിയും.

ഇതോടൊപ്പംതന്നെ വളരെ പ്രാധാന്യം അർഹിക്കുന്ന പ്രശ്നമാണ് ഭക്ഷ്യ സുരക്ഷ. സംഭരണത്തിൽ നിന്നും വിതരണത്തിൽ നിന്നും സർക്കാർ പിൻമാറുന്ന അവസ്ഥയുണ്ടാകുമ്പോൾ പൂഴ്ത്തിവയ്പും കരിഞ്ചന്തയും വർദ്ധിക്കുകയും ഭക്ഷ്യവിതരണവും അതുവഴി ഭക്ഷ്യസുരക്ഷയും അപകടത്തിലാവുകയും ചെയ്യും. അവശ്യസാധന നിയമത്തിലെ വ്യവസ്ഥയിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവയടക്കമുള്ള അവശ്യസാധനങ്ങൾ ഒഴിവാക്കിയത് സ്ഥിതി കൂടുതൽ വഷളാക്കും.

നിലവിലുള്ള പ്രശ്നങ്ങളുടെ അടിയന്തര സ്വഭാവം വ്യക്തമാക്കുന്നത് ഈ പ്രക്ഷോഭം തുടർന്നാൽ അത് കേരളത്തെ സാരമായി ബാധിക്കും എന്നുതന്നെയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേയ്ക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യ വസ്തുക്കളുടെ വരവ് നിലച്ചാൽ കേരളം പട്ടിണിയിലേയ്ക്ക് വഴുതിവീഴുമെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ച് കൊവിഡ്-19 വ്യാപന ഘട്ടത്തിൽ അത്തരമൊരു സ്ഥിതി സൃഷ്ടിക്കാവുന്ന പ്രത്യാഘാതം ഒരു തരത്തിലും കേരളത്തിന് താങ്ങാനാവില്ല.

ഇതിനെല്ലാമുപരി, കൃഷി ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിൽ (ലിസ്റ്റ്-കക) ഇനം 14 ആയും ങമൃസല േമിറ എമശൃ െ ഇനം 28 ആയും ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളാണ്. സംസ്ഥാനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ ഇക്കാര്യ

ത്തിൽ അന്തർ സംസ്ഥാന കൗൺസിൽ യോഗം വിളിച്ചുകൂട്ടി വിശദമായ കൂടിയാലോചനകൾക്ക് കേന്ദ്രസർക്കാർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കുപോലും അയയ്ക്കാതെ തിരക്കിട്ടാണ് ഈ സുപ്രധാന നിയമങ്ങൾ പാസ്സാക്കിയത് എന്നത് ഗൗരവമായ പ്രശ്നമാണ്.

മേൽപ്രതിപാദിച്ച വസ്തുതകൾ കണക്കിലെടുത്ത്, രാജ്യത്തിന്റെ നട്ടെല്ലായ കർഷകർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കണമെന്നും ഈ മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരണക്കണമെന്നും കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.'

# ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

സർ, സംസ്ഥാന നിയമസഭയിൽ ഗവർണ്ണറുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തിന്റെ ചർച്ചയിൽ പ്രതിപക്ഷം എത്രമാത്രം പരിഹാസ്യമാകുന്നുവെന്നതിന്റെ തെളിവാണ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ. ഒരു കാര്യത്തെയും ഗൗരവമായി സമീപിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നാണ് കാണാൻ കഴിയുന്നത്. ഏതെങ്കിലും തരത്തിൽ ഒരു പുകമറ സൃഷ്ടിക്കാനാകുമോ എന്നാണ് പ്രതിപക്ഷം പ്രധാനമായും ശ്രദ്ധിക്കുന്നത്. ഇവിടെ സർക്കാരിനെ അനുകൂലിച്ചും എതിർത്തും അംഗങ്ങളുടെ ഭാഗത്തുനിന്നും അഭിപ്രായ പ്രകടനങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ എതിർത്തുവന്ന അഭിപ്രായങ്ങൾ സശ്രദ്ധം കേട്ടിട്ടുമുണ്ട്. ഈ സർക്കാർ ഭരണത്തിന്റെ അഞ്ചുകൊല്ലം പൂർത്തിയാകാൻ പോകുന്നു. അത്തരമൊരു ഘട്ടത്തിൽ സ്വാഭാവികമായും ഈ സർക്കാരിന്റെ പ്രവർത്തനത്തിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടം നല്ലതാണ്. അങ്ങനെ നാം നോക്കാൻ തയ്യാറായാൽ ഈ സർക്കാർ അധികാരമേറ്റ കാലഘട്ടം നമ്മുടെയെല്ലാം മനസ്സിൽ തെളിഞ്ഞുവരും. 2016, യു.ഡി.എഫ്. സർക്കാരിന്റെ ഭരണത്തിന്റെ അവസാന നാളുകൾ, അന്നത്തെ അഴിമതി, കെടുകാര്യസ്ഥത അതൊന്നും ജനമനസ്സിൽനിന്നും പെട്ടെന്ന് മാഞ്ഞുപോകുന്ന ഒന്നല്ല. കുംഭകോണങ്ങളുടെ കുംഭമേള കേരളത്തിലെ ജനതയ്ക്ക് കാഴ്ച വച്ചതാണ് 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലം. അത്തരത്തിലാണ് അവർ അധികാരമൊഴിയുന്ന സ്ഥിതി വന്നത്. ആ കാലഘട്ടത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ, ആരോപണങ്ങൾ അതൊന്നും അക്കമിട്ട് പറയാൻ ഞാൻ തയ്യാറാകുന്നില്ല. അതിനുള്ള മറുപടിയാണ് നേരത്തെ ജനങ്ങൾ നൽകിയത്. ആ മറുപടി ഇപ്പോഴും നൽകിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ കാര്യങ്ങൾ മറന്നുപോയിട്ടുണ്ടാകുമെന്ന ധാരണയിലാണ് ചില പ്രശ്നങ്ങളുന്നയിച്ച് അവരെ തെറ്റിദ്ധരിപ്പിക്കാനാകുമോ എന്ന് പ്രതിപക്ഷം നോക്കുന്നത്. പക്ഷേ ഉന്നയിക്കുന്ന പ്രശ്നങ്ങളെല്ലാം ഭാവനാസൃഷ്ടി മാത്രമാണെന്ന് ജനങ്ങൾ തിരിച്ചറിയുമ്പോൾ യു.ഡി.എഫ്.- ന് കൂടുതൽ തിരിച്ചടി ഉണ്ടാക്കുകയുമാണ്. എൽ.ഡി.എഫ്. പുറത്തിറക്കിയ പ്രകടന പത്രികയെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. പ്രകടന പത്രികയിലെ ഇനങ്ങൾ ഓരോന്നായി എത്രത്തോളം നടപ്പിലാക്കിയെന്നത് സംബന്ധിച്ച് ഓരോ വർഷം കൂടുമ്പോഴും ഞങ്ങൾ ജനങ്ങളുടെ മുമ്പിൽ പ്രോഗ്രസ്സ് റിപ്പോർട്ടിലൂടെ അറിയിക്കുന്നുണ്ട്. ഇത് സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധമാണ്. അത് അഞ്ചു കൊല്ലത്തിലൊരിക്കൽ പോളിംഗ് ബൂത്തിൽ പോകുമ്പോൾ മാത്രമുള്ള ഒന്നായി കാണുന്നൊരു സർക്കാരല്ലിത്. തെരഞ്ഞെടുപ്പ്

പ്രഖ്യാപിച്ചശേഷം പ്രകടനപത്രിക മറന്നുകളയേണ്ട ഒന്നാണെന്ന് കരുതുന്നുമില്ല. അതുകൊണ്ടാണ് രാജ്യത്തിനാകെ ഏറ്റെടുക്കാവുന്ന മാതൃകയെന്ന രീതിയിൽ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിൽ സർക്കാർ അങ്ങേയറ്റം ശുഷ്കാന്തി കാണിച്ചത്. പക്ഷേ ഇതൊന്നും ഇവിടെ നടക്കുന്ന കാര്യങ്ങളേയല്ല എന്നമട്ടിലാണ് സർക്കാരിനെതിരെ ദുഷ്പ്രചരണം നടത്താൻ പ്രതിപക്ഷം സന്നദ്ധമാകുന്നത്. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നടത്തേണ്ട ഇടപെടലുകളാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ നാം അത്തരമൊരു ഇടപെടലിനെക്കുറിച്ച് പരിശോധിക്കുമ്പോൾ ഇടപെടൽ ശേഷിയെ നിർണ്ണയിക്കുന്ന പ്രധാനഘടകം സർക്കാരിന്റെ പൊതുവായ ധനകാര്യ സ്ഥിതിയാണ്. അതിന്റെ വിശദാംശങ്ങളൊക്കെ പിന്നാലെ വരുന്ന ബഡ്ജറ്റിലുണ്ടാകുമെന്നുള്ളതുകൊണ്ട് അതൊന്നും വിശദമായി പ്രതിപാദിക്കേണ്ട കാര്യമില്ല.

നാം ശ്രദ്ധിക്കേണ്ടൊരു കാര്യം 2016-17-ൽ 7.8 ശതമാനമായിരുന്നു ഉൽപ്പാദനമേഖലയിലെ വളർച്ച. നോട്ട് നിരോധനം പിന്നാലെ വന്നു, 2017-18-ൽ അതിന്റെ പ്രത്യാഘാതം വലിയ തോതിലുണ്ടായി. അങ്ങനെയുണ്ടായിട്ടും നമ്മുടെ ഉൽപ്പാദനമേഖലയിലെ വളർച്ച 9.2 ശതമാനമായി ഉയർന്നു. ഇത് യു.ഡി.എഫ്. ഭരണകാലത്ത് 2013-14-ൽ 4.7 ശതമാനവും 2014-15-ൽ 2.9 ശതമാനവുമായിരുന്നു. എത്ര പിറകിലാണ് ഇതെന്ന് നാം ഓർക്കണം. 2014-15-ലെ 2.9 ശതമാനത്തിൽ നിന്നാണ് 2018-19-ലെ റിക്കാർഡിലേയ്ക്ക് നാം എത്തുന്നത്. എൽ.ഡി.എഫ്. സർക്കാരിന്റെ ഇടപെടൽ ഫലപ്രദമായി എന്നതാണ് സാമ്പത്തിക രംഗത്തുള്ള ഈ സൂചനകൾ കാണിക്കുന്നത്.

സംസ്ഥാനത്ത് വലിയ തോതിലുള്ള ധനകാര്യ ധൂർത്ത് നടക്കുന്നുവെന്നാണ് വലിയ ആരോപണമായി ഉന്നയിച്ചത്. 2006-2011-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലയളവിൽ റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 13.52 ശതമാനമായിരുന്നു. 2011-16 കാലത്ത് റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 18.07 ശതമാനത്തിലേയ്ക്ക് ഉയർന്നു. 2015-2016-ൽ യു.ഡി.എഫ്. സർക്കാർ ശമ്പളപരിഷ്കരണമുൾപ്പെടെയുള്ള ബാധ്യതകൾ ബാക്കിവച്ചശേഷമാണ് അധികാരം വിട്ടൊഴിയുന്നത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 മുതൽ 2018-19 വരെ റവന്യൂ ചെലവിന്റെ ശരാശരി വളർച്ച 11.95 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കണക്കുകൾ സംസാരിക്കുകയാണ്. അപ്പോൾ ധനധൂർത്ത് ഉണ്ടെന്ന വ്യാജപ്രചരണം ബോധപർവമായിട്ടാണെന്ന് ഇതിലൂടെ വ്യക്തമാവുകയാണ്. ആര് ഭരിച്ചാലും ഒരുപോലെയെന്ന് പറയുന്ന ചിലരുണ്ട്. അവർ കണ്ണുതുറന്ന് കാണേണ്ട മറ്റ് ചില സാമ്പത്തിക വിവരങ്ങൾ ഇതോടൊപ്പം നാം കാണേണ്ടതായിട്ടുണ്ട്. 2010-11-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരം വിട്ടപ്പോൾ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാന വളർച്ച 23.25 ശതമാനമായിരുന്നു. ഇത് യു.ഡി.എഫ്. ഭരണത്തിന്റെ ആദ്യ രണ്ട് വർഷങ്ങൾ പിന്നിട്ട് 2013-14 ആയപ്പോൾ 6.38 ശതമാനമായി ഇടിഞ്ഞു. 23.25 ശതമാനമുണ്ടായിരുന്നതാണ് 6.38 ശതമാനമായി ഇടിയുന്നത്. എത്ര വലിയ കെടുകാര്യസ്ഥതയുണ്ടായാലാണ് ഇത്തരത്തിലൊരു തകർച്ച ഉണ്ടാക്കാൻ പറ്റുകയെന്നത് ഓർക്കേണ്ടതായിട്ടുണ്ട്. അതിനുശേഷം യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ തനത് നികുതി വരുമാന വളർച്ച പത്ത് ശതമാനമായി. പ്രത്യേകിച്ച് ഒരു പ്രതിസന്ധിയുമില്ലാതിരുന്ന കാലമായിരുന്നു ഇത് എന്നത് നാം ഓർക്കേണ്ടതായിട്ടുണ്ട്. എന്നിട്ടും വലിയ തകർച്ച നേരിട്ടു. നോട്ടുനിരോധനം, ജി.എസ്.ടി. നടപ്പാക്കിയതിനുശേഷമുണ്ടായ നികുതി നിരക്കിലെ കുറവ്, ഓഖി, മഹാപ്രളയം ഇങ്ങനെയെല്ലാമുള്ള പ്രതിസന്ധികൾക്കിടയിലൂടെയാണ് എൽ.ഡി.എഫ്. സർക്കാർ തനത് നികുതി വരുമാനം താഴാതെ നിലനിർത്തിയത്. എല്ലാ അനുകൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും യു.ഡി.എഫ്. ഭരണത്തിൽ വലിയ തകർച്ചയുണ്ടായി. സകലമാന പ്രതികൂല സാഹചര്യങ്ങളും ഒന്നിനുപുറകെ ഒന്നായി വന്നിട്ടും എൽ.ഡി.എഫ്. ഭരണത്തിൽ വളർച്ചയുണ്ടായി. സംസ്ഥാനത്തിന്റെ പശ്ചാ

ത്തല സൗകര്യ വികസനത്തിൽ ഈ ഘട്ടത്തിൽ എത്ര വലിയ കുതിപ്പാണ് ഉണ്ടായിരിക്കുന്നത്. ഇതെല്ലാം തീർത്തും അവഗണിച്ചുകൊണ്ട്, അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ലെന്ന മട്ടിലുള്ള ഒരു ചിത്രീകരണമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവർ ഉണ്ടാക്കാൻ നോക്കിയത്.

ദേശീയപാതാ വികസനത്തിന് സംസ്ഥാന സർക്കാർ 25 ശതമാനം ചെലവ് വഹിക്കുന്നു. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മേൽപ്പാലങ്ങൾ, നല്ല റോഡുകൾ തുടങ്ങിയവയെല്ലാം ഉണ്ടാക്കുന്നു. തീരദേശ മലയോര ഹൈവേകളുടെ നിർമ്മാണം കണ്ട ഭാവമേയില്ല. പ്രളയ സാധ്യത ഏറെയുള്ള ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ സെമി എലിവേറ്റഡ് ഹൈവേ നിർമ്മിക്കാനെടുത്ത തീരുമാനത്തിലെ നടപടികൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. വയനാട്, എല്ലാകാലത്തും പ്രധാന പ്രശ്നമായി നിൽക്കുന്ന അവിടത്തെ ഗതാഗത സംവിധാനത്തിന് ഒരു ബദൽ പാത എന്ന നിലയ്ക്ക് തുരങ്കപാത നിർമ്മിക്കാനുള്ള നടപടികൾ; ഇപ്പോൾ അങ്കമാലി-ശബരി റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിവരുന്ന ചെലവിന്റെ 50 ശതമാനം വഹിക്കാമെന്ന വാഗ്ദത്തം, കൊച്ചി മെട്രോയുടെ സമയബന്ധിതമായ പൂർത്തീകരിക്കൽ, ഇത്തരത്തിലുള്ള എത്രയോ പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. എന്റെ കയ്യിൽ ഒരു വലിയ ലിസ്റ്റ് തന്നെയുണ്ട്. എല്ലാം എടുത്തുപറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല എന്നുമാത്രമേയുള്ളൂ. വേണമെങ്കിൽ അതും പറയാവുന്നതാണ്.

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് കൃത്യമായ ഇടപെടലും നടപടികളുമാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ് കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ. ഇതിന്റെ സ്ഥലമേറ്റെടുക്കൽ യാഥാർത്ഥ്യമാകുന്നു. ചെറുകിട സംരംഭകർക്ക് യൂണിറ്റുകൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കാൻ നിയമനിർമ്മാണം നടത്തി. അൻപത് കോടി രൂപയിൽ താഴെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തി പദ്ധതികൾ ആരംഭിക്കാനുള്ള നടപടികൾക്ക് സൗകര്യംവരുന്നു. അൻപത് കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് അവർക്കാവശ്യമുള്ള ക്ലിയറൻസുകൾ ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ നൽകാനാണ് നടപടി സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നടന്നുവരികയാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ, അവരുടെ ഭരണകാലത്ത് നടപ്പാക്കാൻ കഴിയില്ലെന്നുകരുതി ഉപേക്ഷിച്ച ഒരു വൻകിട പദ്ധതിയാണ് ഗെയിൽ പൈപ്പ്ലൈൻ എന്നറിയപ്പെടുന്ന കൊച്ചി-മാംഗ്ളൂരു പ്രകൃതി വാതക പൈപ്പ്ലൈൻ. ഇതിവിടെ നടക്കില്ലെന്ന് കണക്കാക്കി അവർ ഉപേക്ഷിച്ച് പോകാൻ തയ്യാറായതാണ്. മലിനീകരണം ഉണ്ടാക്കാത്ത ഒരു ഇന്ധനം ലഭിക്കുന്നതുവഴി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് നിർണ്ണായകമായ മാറ്റമാണ് ഉണ്ടാകാൻ പോകുന്നത്. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നേതൃത്വപരമായ പങ്ക് പൊതുവെ സമൂഹം അംഗീകരിച്ചുകഴിഞ്ഞ കാര്യമാണ്. 'അത് ഞങ്ങൾ തുടങ്ങിയതാണ്' എന്ന് പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. വളരെക്കാലം മുമ്പ് ആരംഭിച്ച ഒരു പദ്ധതി, കെടുകാര്യസ്ഥതയുടെ ഭാഗമായി നടക്കാതിരുന്നതാണ്, അതിപ്പോൾ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇവിടെ എതിർപ്പിന്റെ കാര്യം പറയുന്നുണ്ടല്ലോ. കൊച്ചി-ഇടമൺ പവർ ഹൈവേ പദ്ധതി സംസ്ഥാന സർക്കാർ പൂർത്തീകരിച്ച ഒരു പദ്ധതിയാണ്. ഈ പദ്ധതി പൂർത്തിയാക്കുമ്പോൾ അതിൽ മാത്രമല്ല, ഗെയിൽ പൈപ്പ്ലൈൻ പ്രശ്നമായാലും ദേശീയപാതയുടെ ഭൂമിയേറ്റെടുക്കൽ പ്രശ്നമായാലും ഇതിലെല്ലാം എതിർപ്പുകൾ ഉണ്ടായിരുന്നുവെന്നുള്ളത് ശരിയാണ്. സ്വാഭാവികമായും ഭൂമിയുള്ളവരിൽ ചിലർ എതിർക്കാൻ തയ്യാറാകും. വിവിധ താൽപ്പര്യക്കാർ ആ എതിർപ്പിനോടൊപ്പം നിന്നുകൊണ്ട് അത് വളർത്താൻ നോക്കും. പക്ഷേ സർക്കാർ എന്ന

നിലയ്ക്ക്  ഒരു ബാധ്യതയുണ്ട്. ആ ബാധ്യത ആ എതിർപ്പിന്റെ കൂടെ നിൽക്കലല്ലായിരുന്നു. അവരെ കാര്യങ്ങൾ ധരിപ്പിച്ച് കൃത്യമായി പദ്ധതി മുന്നോട്ട് കൊണ്ടുപോകുകയാണല്ലോ വേണ്ടത്. ആ ബാധ്യത ഇവിടെ നിറവേറ്റാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞോ എന്നതാണ് പ്രശ്നം. സമൂഹത്തിന് ഏറ്റവും പ്രാധാന്യമുള്ള ഇത്തരം വൻകിട പദ്ധതികൾ, അത് ദേശീയപാത വികസനമായാലും ഗെയിൽ പൈപ്പ്ലൈനായാലും കൊച്ചി-ഇടമൺ വൈദ്യുതി ലൈനായാലും അതൊക്കെ പൂർത്തീകരിക്കുന്ന കാര്യത്തിൽ എതിർപ്പുകാരുടെ കൂടെ നിൽക്കുകയാണോ വേണ്ടത്; ആ എതിർപ്പിന് വഴിപ്പെട്ടുകൊണ്ട് ഒന്നും ചെയ്യാനാകില്ല എന്ന നിലപാട് സ്വീകരിക്കുകയാണോ വേണ്ടത്?

സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുംകൂടി ദേശീയപാത വികസനത്തിന് 45 മീറ്റർ ഭൂമി എടുക്കാൻ സമ്മതം കൊടുത്തതല്ലേ.  യു.ഡി.എഫ്. ഗവണ്മെന്റാണ് അന്ന് അധികാരത്തിലിരുന്നത്. അന്നത്തെ ഭരണകാലത്ത് നടന്ന സർവകക്ഷിയോഗത്തിൽ എന്റെ പാർട്ടിയെ പ്രതിനിധീകരിച്ച് പങ്കെടുത്തയാളാണ് ഞാൻ. എല്ലാവരും സമ്മതിച്ചല്ലോ. എന്നിട്ടും എന്തുകൊണ്ടാണത് ഒരിഞ്ചുപോലും മുന്നോട്ടുപോകാതിരുന്നത്? ചിലർ അതിനെ എതിർക്കാൻ തയ്യാറായി. അങ്ങനെ എതിർക്കാൻ തയ്യാറായപ്പോൾ തങ്ങളുടെ വോട്ട് നഷ്ടപ്പെട്ടുപോകുമോ എന്നുള്ള ശങ്കയിൽ അതിന്റെ അപ്പുറത്തേയ്ക്ക് പോയില്ല. കൊച്ചി-ഇടമൺ പവർ ഹൈവേ പദ്ധതിയിലും ഇതുതന്നെയാണ് സംഭവിച്ചത്. ഈ സർക്കാർ നടപടികൾ സ്വീകരിച്ചു. സ്വാഭാവികമായിട്ടും ചില എതിർപ്പുകൾ വന്നു.  അപ്പോൾ ഇത് നടപ്പാക്കാതെ പറ്റില്ലെന്ന് ജനങ്ങളോട് പറഞ്ഞു. അവർ പലരും അതുമായി സഹകരിക്കാൻ തയ്യാറായി. എന്നാൽ കൊച്ചി-ഇടമൺ പവർ ഹൈവേ പദ്ധതിയുടെ ഒരു അനുഭവമുണ്ട്. ആ അഭ്യർത്ഥന അവർ സ്വീകരിക്കാൻ തയ്യാറായില്ല. അവർ പ്രത്യക്ഷത്തിൽ അതിനെ എതിർക്കാൻ വന്നു. എതിർക്കാൻ വന്നാൽ സർക്കാർ നടപടി സ്വീകരിക്കണം.  അങ്ങനെ നടപടി സ്വീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കി.  അതല്ലേ ഒരു സർക്കാർ ചെയ്യേണ്ടത്. എന്തുകൊണ്ട് യു.ഡി.എഫ്. സർക്കാരിന് പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള ഇടപെടൽ നടത്താൻ കഴിഞ്ഞില്ല; അതാണ് നിങ്ങൾ ആത്മപരിശോധന നടത്തേണ്ട കാര്യം.  റായ്ഗഢ്-പുഗലൂർ-മാടക്കത്തറ പദ്ധതി ഈ മാസം പൂർത്തീകരിക്കാൻ പോകുകയാണ്. അതും നമ്മുടെ വൈദ്യുതി രംഗത്ത് മറ്റൊരു മെച്ചമുണ്ടാക്കുന്ന ഒന്നാണ്. ഇവിടെ എല്ലാ കാര്യങ്ങളും ഓരോന്നോരോന്നായി പറയാൻ ഞാൻ തയ്യാറാവുകയല്ല. പശ്ചാത്തല സൗകര്യ വികസനം ഇച്ഛാശക്തിയോടെ നടപ്പാക്കിയാലാണ് സമ്പദ്ഘടനയിൽ സ്വാഭാവികമായ വളർച്ചയുണ്ടാകുക. ഇത് പരക്കെ അംഗീകരിക്കപ്പെട്ട സാമ്പത്തിക തത്വശാസ്ത്രമാണ്. രാജ്യത്തെമ്പാടും സാമ്പത്തിക വളർച്ചാമാന്ദ്യം നേരിട്ടപ്പോഴും 2018-19-ൽ കേരളം 7.5 ശതമാനം സാമ്പത്തിക വളർച്ച കൈവരിച്ചുവെന്നത് ശ്രദ്ധേയമാണ്.  ഇതിൽ വ്യവസായ ഉൽപ്പാദന മേഖല 11 ശതമാനമാണ് സാമ്പത്തിക വളർച്ച കൈവരിച്ചത്. കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ തളർച്ച ഒരു പരിധിവരെ പിടിച്ചുനിർത്താൻ നമ്മുടെ ഈ നയങ്ങൾക്ക് കഴിയുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. ഭൗതിക പശ്ചാത്തല മേഖലയിൽ മാത്രമല്ല, സാമൂഹിക പശ്ചാത്തല മേഖലയിലും സർക്കാർ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. പൊതു വിദ്യാലയങ്ങളെ ശ്രേഷ്ഠമാതൃകകളായാണ് മാറ്റിക്കൊണ്ടിരിക്കുന്നത്.  സ്മാർട്ട് ക്ലാസ്സുകൾ, നല്ല കെട്ടിടങ്ങൾ, സമയബന്ധിതമായി പാഠപുസ്തകം വിതരണം ചെയ്യൽ,  പരീക്ഷകൾ നടത്തൽ ഇവയെല്ലാം കൃത്യമായി നടക്കുകയാണ്.  കോവിഡിന്റെ സാഹചര്യത്തിലും ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യവും നാം നല്ലരീതിയിൽ തന്നെ ഒരുക്കിയിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സർക്കാർ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഏകീകൃത പരീക്ഷാ കലണ്ടർ നടപ്പാക്കിക്കഴിഞ്ഞു. ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റി പ്രവർത്തനമാരംഭിച്ചു. ഏറ്റവുമൊടുവിൽ പഠന ചെലവേറിയ, മികവുള്ള ദേശീയ വിദേശ സർവ്വകലാശാലകളിൽ പോയി പഠിക്കാൻ സാധ്യമാകാതെ വരുന്ന വിദ്യാർത്ഥികൾക്ക് അവിടങ്ങളിലെ ശ്രേഷ്ഠരായ അധ്യാപകരുടെ

അധ്യാപന പരിചയം വിനിയോഗിക്കാനുള്ള അവസരം ലഭ്യമാക്കുന്ന Eminent Scholars Online പരിപാടി 2021 ജനുവരി 1-ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് ഈ മാസംതന്നെ ആരംഭിക്കുന്നതാണ്. പൊതു ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആവശ്യത്തിനുള്ള തസ്തിക സൃഷ്ടിച്ച് അധ്യാപകരുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആരോഗ്യ രംഗത്തെ ആർദ്രം ഇവയെല്ലാം മിഷൻ മോഡിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരികയാണ്. പ്രാഥമിക കുടുംബാരോഗ്യ കേന്ദ്രങ്ങൾ മികവുറ്റതാക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ടെന്ന് സമൂഹമാകെ അംഗീകരിക്കുന്ന കാര്യമാണ്. സംസ്ഥാനത്തെ ആരോഗ്യരംഗത്തിന്റെ ശക്തി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യക്തമായി ലോകത്തിനുതന്നെ കാണാൻ കഴിഞ്ഞിട്ടുണ്ട്. കാണാൻ കഴിയാത്തത് നമ്മുടെ നാട്ടിലെ പ്രതിപക്ഷത്തിനുമാത്രമാണ്. അത് ഇവിടെ ഒരുക്കിയ സൗകര്യങ്ങളുടെ കുറവുകൊണ്ടല്ല. അവരുടെ കാഴ്ചയ്ക്കുള്ള വൈകല്യം കൊണ്ടാണ്. സാമൂഹ്യ മേഖലയിൽ പൊതുമേഖലയുടെ ശാക്തീകരണം ദേശീയ അന്തർദ്ദേശീയ കാലാവസ്ഥയ്ക്ക് വിപരീതമായി നിന്നുകൊണ്ട് വിജയകരമായി നടപ്പാക്കാൻ സർക്കാരിൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഭൗതിക, സാമൂഹിക പശ്ചാത്തല മേഖലകളിൽ വലിയ മുന്നേറ്റം നടത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ സ്ഥായിയായ സാമ്പത്തിക വളർച്ച നേടാൻ കഴിയുകയുള്ളൂ. ഇതിൻ വലിയ നിക്ഷേപങ്ങൾ വേണ്ടിവരും. ബഡ്ജറ്റിലെ റവന്യൂ വരുമാനം വിനിയോഗിച്ചുകൊണ്ട് ഈ തോതിലുള്ള നിക്ഷേപങ്ങൾ നടത്താൻ കഴിയില്ല എന്നത് പൊതുധനകാര്യത്തിന്റെ അടിസ്ഥാന തത്വങ്ങളെപ്പറ്റി അൽപം ബോധ്യമുള്ള എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. അവിടെയാണ് കടം വാങ്ങൽ പ്രശ്നം വരുന്നത്. കടം വാങ്ങുന്നത് ഒരു സ്വകാര്യ വ്യക്തിയുടെ കാര്യത്തിൽ എങ്ങനെയാണോ അതുപോലെയല്ല ഒരു സർക്കാരിന്റെ കാര്യത്തിൽ എന്നത് അംഗീകരിക്കപ്പെട്ട സാമ്പത്തിക ശാസ്ത്ര സിദ്ധാന്തമാണ്. Private Vices might be Public Virtues എന്നാണ് ആപ്തവാക്യം. ഒരു സ്വകാര്യ ദുശ്ശീലം സർക്കാർ തലത്തിൽ അങ്ങനെയല്ല എന്നതാണ് ഇതിന്റെ സാരം. വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞനായ Âsey Domar, 1944ൽ എഴുതിയ ലേഖനത്തിന്റെ അവസാന ഭാഗത്ത് പറയുന്ന വാക്യം ചിന്തോദ്ദീപകമാണ്. 'കടത്തെപ്പറ്റി ചിന്തിച്ച് പരിക്ഷീണിതരാവുന്നവർ അൽപനേരം അത് മാറ്റിവച്ച് സാമ്പത്തിക വളർച്ചയെപ്പറ്റി ചിന്തിക്കണം' എന്നതാണ്. കടമെടുക്കുന്ന പണം വികസനത്തിനും മൂലധന ചെലവിനുമായി വിനിയോഗം ചെയ്യുമ്പോൾ അതിലൂടെയുണ്ടാകുന്നത് സാമ്പത്തിക വളർച്ചയും ഉയർന്ന പ്രതിശീർഷ വരുമാനവുമാണ്. അതിലൂടെതന്നെ കടം ഒരു കെണിയല്ലാതായി മാറും. ഇതാണ് കാണേണ്ടത്. ഇതുകാണാതെ സർക്കാർ കടമെടുക്കുന്നു എന്നുപറയുന്നവർ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണാധികാരികൾ സ്വീകരിച്ചുവന്ന ബജറ്റ് സിദ്ധാന്തങ്ങളെയാണ് പൊടിതട്ടിയെടുത്ത് നമ്മുടെ മുന്നിൽ വയ്ക്കുന്നത്. ഇത് ജനക്ഷേമകരമായ പ്രവർത്തനങ്ങളും സാമ്പത്തിക വളർച്ചയും ലക്ഷ്യമിടുന്ന ഒരു ജനാധിപത്യ സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നതല്ല.

മറ്റൊരു ശക്തമായ മേഖലയാണ് അധികാര വികേന്ദ്രീകരണം. ജനാധിപത്യപരമായ അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കാനുള്ള മൂന്ന് കാര്യങ്ങൾ കേരളം ഇതിനകം ചെയ്തുകഴിഞ്ഞിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ കേരളം ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത്. ഫണ്ടുകൾ, ചുമതലകൾ, ചുമതലകൾ നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥർ ഈ മൂന്ന് ഘടകങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാന പദ്ധതിയുടെ 25 ശതമാനത്തോളം തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന ധനകാര്യ കമ്മീഷനുകൾ കൃത്യമായി രൂപീകരിക്കുകയും അവയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനമാണ് ഭരണഘടനയിൽ വിഭാവന ചെയ്യുന്ന 5 വർഷത്തിലൊരിക്കൽ നടക്കേണ്ട തെരഞ്ഞെടുപ്പ്. ഇതും സംസ്ഥാന സർക്കാർ കൃത്യമായി ചെയ്യുന്നുണ്ട്. കോവിഡ്-19 ന്റെ കാലത്ത് ഈ വികേ

ന്ദ്രീകൃത ഭരണ സംവിധാനമായിരുന്നു നമ്മുടെ ഏറ്റവും വലിയ ശക്തി. കോവിഡ് പ്രതിരോധ ത്തിനും അതുതന്നെയായിരുന്നു വലിയ കരുത്ത്. ഏതു പ്രതിസന്ധിയും നേരിടാൻ സംസ്ഥാന സർക്കാരിനൊപ്പം നിൽക്കുന്ന പ്രാദേശിക സർക്കാരുകളായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഉയർന്നു കഴിഞ്ഞിട്ടുണ്ട്.

2020 ജനുവരി 1-ൻ സംസ്ഥാനത്തെ ജനങ്ങൾക്ക് മുമ്പാകെ ഗവൺമെന്റ് പന്ത്രണ്ട് ഇനപ രിപാടി അവതരിപ്പിച്ചിരുന്നു. ഇവയുടെ പുരോഗതി ഫലപ്രദമായി വിലയിരുത്തി വരികയാണ്. ചില പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറയാം. ഒരു കോടി വൃക്ഷതൈ നടീൽ പരിപാടിയിൽ നിലവിൽ ഒരു കോടിയിൽപ്പരം വൃക്ഷത്തൈകൾ പരിപാലിച്ചു വരുന്ന അവസ്ഥയാണ് സംസ്ഥാ നത്ത് നിലനിൽക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന 'നിലാവ്' പദ്ധതിയുമായി ബന്ധപ്പെട്ട് അതിന്റെ പ്രായോഗിക നടപടികൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കാൻ പോകുകയാണ്. മാർച്ച് 31-നകം പത്തര ലക്ഷം വിളക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കിഫ്ബിയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അതുപോലെ സംസ്ഥാനത്ത് എല്ലാ ഘട്ടത്തിലും കൃഷിചെയ്യാൻ പറ്റുന്ന 1000 'മഴമറകൾ' നിർമ്മിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 1337 മഴമറകൾ നിർമ്മിച്ചു കഴിഞ്ഞു. അടുത്തതായി ഇതിലും കൂടുതൽ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൊതു ശൗചാലയങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ എന്നിവയുടെ അപര്യാപ്തതമൂലം യാത്രചെ യ്യുന്ന സഹോദരിമാർക്ക് വലിയ തോതിലുള്ള പ്രയാസം അനുഭവിക്കേണ്ടിവരുന്നുണ്ട്. അത് പരിഹരിക്കുന്നതിനു വേണ്ടിയാണ് പൊതു ശൗചാലയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും വേണമെന്ന നിലപാടെടുത്തത്. അതിന്റെ നടപടിക്രമങ്ങൾ കോവിഡ് 19-ന്റെ സാഹചര്യത്തിൽ കുറച്ചൊന്ന് മന്ദഗതിയിലായെങ്കിലും വീണ്ടും നല്ലരീതിയിൽ നടപ്പാക്കാനുള്ള നടപടി ആരംഭിച്ചി ട്ടുണ്ട്. ഇത്തരമൊരു പരിപാടിയുടെ ഭാഗമായി 50000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിരു ന്നു നമ്മൾ ലക്ഷ്യമിട്ടിരുന്നത്. യഥാർത്ഥത്തിൽ ആ ലക്ഷ്യം കവിഞ്ഞു എന്നുമാത്രമല്ല, 116440 തൊഴിലവസരങ്ങൾ ഈ ഘട്ടത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതാണ് നമ്മുടെ നാടിന്റെ പ്ര ത്യേകത. സർക്കാർ മേഖലയിൽ പ്രത്യേകിച്ച് വിദ്യാഭ്യാസ, ആരോഗ്യ മേഖലയിൽ ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആലപ്പുഴ-ചങ്ങനാശ്ശേരി എലിവേറ്റഡ് ഹൈവേയുടെ കാര്യം, തുരങ്കപാതയുടെ കാര്യം ഇവയെല്ലാം നേരത്തെ ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. അതുപോലെ രണ്ടാം കുട്ടനാട് പാക്കേജിനും തുടക്കം കുറിച്ചിട്ടുണ്ട്. സമയാസമയങ്ങളിൽ ഇവ യുടെയെല്ലാം പുരോഗതി വിലയിരുത്തിപ്പോകുകയുമാണ്.

ഒന്നാംഘട്ട നൂറുദിന പരിപാടി കഴിഞ്ഞപ്പോൾ ഡിസംബർ മാസത്തെ രണ്ടാമത്തെ ആഴ്ച മുതൽ നടന്നുവരുന്ന രണ്ടാംഘട്ട നൂറുദിന പരിപാടിയുണ്ട്. അതും ആദ്യത്തെപ്പോലെത്ത ന്നെ വിജയകരമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി 50000 പേർക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യംവയ്ക്കുന്നത്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കേരള ചിക്കൻ ഔട്ട്ലെറ്റ് തുടങ്ങാനുള്ള നടപടികളുമുണ്ട്. അതോടൊപ്പം 20 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കാനും 5 എണ്ണം സൂപ്പർ സ്റ്റോറുകളായി ഉയർത്താനും ഉദ്ദേശിക്കുന്നു ണ്ട്. പുതിയ വ്യവസായ പദ്ധതികളായ പാലക്കാട് പ്രതിരോധ പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്, ചേർത്തല മെഗാ ഫുഡ് പാർക്ക് ഇവയെല്ലാം ഈ ഘട്ടത്തിൽ യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. 310 കോടി രൂപ ചെലവുവരുന്ന 27 ടൂറിസം പദ്ധതികളാണ് ഈ ഘട്ടത്തിൽ ഒരുങ്ങുന്നത്. അതോടൊപ്പം വിവിധ പദ്ധതികൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെയെ ല്ലാം ഉദ്ഘാടനവും ഈ ഘട്ടത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. 1990 മുതലാണ് കേരള ത്തിന്റെ സാമ്പത്തിക വളർച്ച അഖിലേന്ത്യാ ശരാശരിയെക്കാൾ ഉയർന്നത്. ഇതിൻ നമ്മുടെ പ്രവാസികൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പ്രവാസികൾ അയയ്ക്കുന്ന പുറംവരുമാനത്തിലൂടെ അതിവേഗം വളരുന്ന അവസ്ഥയുണ്ട്. സേവന മേഖലയാണ് നമ്മുടെ സാമ്പത്തിക വളർച്ചയു

ടെ മുഖ്യസ്രോതസ്സ്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ വർദ്ധനവുണ്ടായപ്പോഴും ഉൽപ്പാദന മേഖലയിൽ കാര്യമായ വളർച്ചയുണ്ടായില്ല. അതിലൊരു ഇടപെടൽ ആവശ്യമാണെന്ന ബോദ്ധ്യമാണ് സർക്കാരിനുള്ളത്. ഇടതുപക്ഷ സർക്കാരുകൾക്ക് എല്ലാ കാലത്തും ആ ബോദ്ധ്യമുണ്ടായിട്ടുണ്ട്. കോവിഡ്-19ന്റെ സാഹചര്യത്തിൽ ലോക്ഡൗണും മറ്റുമുണ്ടായപ്പോൾ ആ വെല്ലുവിളിയെ ഒരവസരമാക്കിമാറ്റി- ക്കൊണ്ടാണ് 'സുഭിക്ഷ കേരളം പദ്ധതി' നാം പ്രഖ്യാപിച്ചത്. കേരളത്തിലെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കണമെന്ന ലക്ഷ്യം സർക്കാരിൻ തുടക്കം മുതലേയുള്ളതായിരുന്നു. ഇതിനായി സ്വീകരിച്ച ക്രിയാത്മകമായ നടപടികളുടെ ഫലമായി 36000 ഹെക്ടറിലേയ്ക്കുകൂടി കൃഷി വർദ്ധിപ്പിക്കുന്ന അവസ്ഥയിലെത്തി. 'സുഭിക്ഷ കേരളം പദ്ധതി' തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. കാർഷിക മേഖലയ്ക്ക് 1064 കോടി 86 ലക്ഷം രൂപ, ഫിഷറീസ് മേഖലയ്ക്ക് 2029 കോടി രൂപ, ക്ഷീര വികസനത്തിൻ 215 കോടി 81ലക്ഷം രൂപ, മൃഗസംരക്ഷണ മേഖലയിൽ 248 കോടി 28 ലക്ഷം രൂപ ഇതാണ് ഉദ്ദേശിക്കുന്ന പദ്ധതികളുടെ അടങ്കൽ തുക. ഇത് കൃത്യമായ മേൽനോട്ടത്തോടെ നടപ്പാക്കിവരികയാണ്.

നമ്മൾ ഈ കാലഘട്ടത്തിൽ, നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയവും അതിന്റെ തുടർച്ചയായി പിറ്റേവർഷം അതിരൂക്ഷമായ കാലവർഷക്കെടുതിയുമാണ് നേരിടേണ്ടിവന്നത്. അതുകൊണ്ടുതന്നെ കേരളത്തിന്റെ പല ഭാഗങ്ങളും തകർന്നുപോകുന്ന അവസ്ഥയുണ്ടായി. ഒരു നവകേരളം സൃഷ്ടിക്കാനാണ് നാം ഒരുങ്ങിപ്പുറപ്പെട്ടത്, ഇതിനായി രൂപീകരിച്ച സംവിധാനമാണ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്. അതിന്റെ ഭാഗമായി പ്രളയാഘാത ശേഷിയുള്ള റോഡുകൾ, മൾട്ടിലെവൽ ക്യാറ്റിൽ ഷെഡുകൾ, നൂതന കെട്ടിട നിർമ്മാണരീതികൾ ഇങ്ങനെയെല്ലാം ഉൾക്കൊള്ളുന്ന ഒരു സമഗ്രമായ പദ്ധതിയായിട്ടാണ് ഇത് വന്നത്. ഈ പദ്ധതികളുടെ ഭാഗമായി കഴിഞ്ഞ ഡിസംബർ 31 വരെ എടുത്താൽ 7192 കോടി 78ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 3909 കോടി 81 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2933 കോടി രൂപയുടെ കരാറുകൾ അവാർഡ് ചെയ്തിട്ടുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ടൊരു കാര്യം മഹാപ്രളയം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് തുടങ്ങിയവയെല്ലാം സൃഷ്ടിച്ച പ്രതിസന്ധികളുടെയിടയിൽനിന്ന് കരകയറുന്ന പൊതുസമൂഹത്തിൻ നേതൃത്വം നൽകുന്ന സർക്കാരിൻ സാധാരണ നിലയിൽ ഒരു ഫെഡറൽ സംവിധാനത്തിൽ കൈത്താങ്ങായി നിൽക്കേണ്ടതാണ് കേന്ദ്ര സർക്കാർ. പക്ഷെ ജി.എസ്.ടി. നഷ്ടപരിഹാരമുൾപ്പെടെയുള്ള കാര്യത്തിൽ കാലതാമസവും അനിശ്ചിതത്വവുമുണ്ടാക്കുന്ന സ്ഥിതിയാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായത്. വലിയ പ്രതിഷേധങ്ങൾക്കുശേഷമാണ് ഇതിന്റെ ഒരു ഭാഗമെങ്കിലും ലഭ്യമാകുന്ന നില വന്നത്. പ്രളയത്തിനുശേഷം പുനർനിർമ്മിക്കാൻ വായ്പാപരിധി ഉയർത്തണമെന്ന കേരളത്തിന്റെ ന്യായമായ ആവശ്യത്തോട് കേന്ദ്രസർക്കാർ ആദ്യം പുറംതിരിഞ്ഞാണ് നിന്നത്. ഇവിടത്തെ പ്രതിപക്ഷവും സർക്കാരിന്റെ എല്ലാ ഉദ്യമങ്ങൾക്കും തുരങ്കംവയ്ക്കാനാണ് എല്ലാ അവസരങ്ങളും വിനിയോഗിച്ചത് എന്നത് നിർഭാഗ്യകരമായ വസ്തുതയാണ്. ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനത്തിന്റെ അവകാശങ്ങൾ എല്ലാ മേഖലയിലും സംരക്ഷിക്കാൻ വലിയ പങ്കാണ് നമ്മുടെ സംസ്ഥാനം വഹിക്കുന്നത്. പൗരത്വ ഭേദഗതി ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ അതിനെതിരെ മതനിരപേക്ഷ കൂട്ടായ്മ നിരത്തി ലോകശ്രദ്ധ ആകർഷിച്ച പ്രതിഷേധങ്ങൾ സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം സംസ്ഥാന സർക്കാർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ ചില പ്രഖ്യാപനങ്ങൾ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും വന്നത് സംസ്ഥാന സർക്കാർ ഗൗരവമായിത്തന്നെയാണ് കാണുന്നത്. അതിൽ സംസ്ഥാന സർക്കാരിന്റെ സമീപനത്തിൽ ഒരു മാറ്റവുമില്ല. പൗരത്വ ഭേദഗതി നിയമം അതേരീതിയിൽ നടപ്പാക്കാനാകില്ലെന്ന നിലപാടുതന്നെയാണ് സംസ്ഥാന സർക്കാരിനുള്ളത്. രാജ്യത്തെ കർഷക

സമൂഹം നേരിടുന്ന പ്രശ്നത്തിനും അവർ ഉയർത്തുന്ന പ്രതിഷേധത്തിനും അതിശക്തമായ നിലപാടുതന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എതിർപ്പുകൾക്കിടയിലും അവർ നടത്തുന്ന ധീരമായ പോരാട്ടത്തിൻ എല്ലാ പിന്തുണയും നാം നൽകുന്നുണ്ട്. ഈ സഭ അതിൻ പൂർണ്ണപിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കാർഷിക അവശ്യസാധന നിയമങ്ങൾ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുമെന്ന അവസ്ഥ മനസ്സിലാക്കിക്കൊണ്ടാണ് നാം ശക്തമായ നിലപാട് സ്വീകരിച്ചത്. കേന്ദ്ര അന്വേഷണ ഏജൻസികളുടെ നടപടികളെക്കുറിച്ച് ഒരു പ്രശ്നം രാവിലെ നമ്മൾ ചർച്ച ചെയ്തതാണ്. ഇതേ നിലപാട് പല ആവർത്തി വ്യക്തമാക്കിയതാണ്. സ്വർണ്ണക്കള്ളക്കടത്തിനെത്തുടർന്ന് കസ്റ്റംസ് നടത്തിവരുന്ന അന്വേഷണത്തിനുപുറമെ രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷയും ഭദ്രതയും തകർക്കുന്ന നടപടികളെ വേരോടെ പിഴുതെറിയാൻ കാര്യക്ഷമവും ഏകോപിതവുമായ അന്വേഷണം കേന്ദ്ര ഏജൻസികൾ നടത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. എന്നാൽ ഒരു ഘട്ടത്തിൽ ഭരണഘടനാപരമായ പരിമിതി ലംഘിച്ചുകൊണ്ട്, ഫെഡറൽ സംവിധാനത്തെ വെല്ലുവിളിച്ചുകൊണ്ട് കേന്ദ്ര ഏജൻസികളിൽ ചിലർ വഴിവിട്ട് പ്രവർത്തിച്ചപ്പോൾ അതിനെതിരെ ശക്തമായ എതിർപ്പ് പൊതുമണ്ഡലത്തിൽ ഉയർത്തുകയും അക്കാര്യം പ്രധാനമന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണ ഏജൻസികളെ ഉപയോഗിച്ചുകൊണ്ട് പ്രതിയോഗികളെ ഒതുക്കുന്ന രീതി ഫാസിസ്റ്റ് ഭരണ സംവിധാനങ്ങളാണ് ചെയ്യുന്നത്. ഇതിനെതിരെ ദേശീയ തലത്തിൽത്തന്നെ പ്രതിഷേധങ്ങൾ ഉയർന്നുവരികയാണ്. പക്ഷെ കേരളത്തിൽ യു.ഡി.എഫ്., പ്രത്യേകിച്ച് കോൺഗ്രസ് ഇതിൽനിന്നും മാറിനിന്നുകൊണ്ട് ജനാധിപത്യവിരുദ്ധ നീക്കങ്ങൾക്ക് പിന്തുണ നൽകുകയാണ്. ഇത് കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ രാഷ്ട്രീയ ഭൂപടത്തിൽനിന്ന് നിഷ്കാസനം ചെയ്യാമെന്ന നടക്കാത്ത വ്യാമോഹത്തിന്റെ ഭാഗമാണ്. ബി.ജെ.പി.-യെ കേരളത്തിൽ വേരൂന്നാൻ സഹായിക്കുക എന്ന ആത്മഹത്യാപരമായ നയമാണ് ഇതിലൂടെ അവർ കൈക്കൊള്ളുന്നത്. ഇത് മതനിരപേക്ഷ മൂല്യങ്ങളിൽ വിശ്വസിക്കുന്ന കേരള സമൂഹം അംഗീകരിക്കില്ലെന്നത് ഉറപ്പാണ്. കേന്ദ്ര ഏജൻസികൾ എങ്ങനെ പ്രവർത്തിക്കണം, ആരുടെ മൊഴിയെടുക്കണം, ആരെയൊക്കെ പ്രതിയാക്കണം, ഇത്തരം കാര്യങ്ങൾ പ്രൊഫഷണലായ അന്വേഷണത്തിലൂടെയല്ല ഇപ്പോൾ തീരുമാനിക്കുന്നത്. ബി.ജെ.പി.-യുടെ നേതാക്കൾ മാധ്യമങ്ങളോട് പറയുന്ന കാര്യങ്ങളാണ് തൊട്ടുപിന്നാലെ ചില അന്വേഷണ ഏജൻസികൾ നടപ്പാക്കുന്നത്. അത് ഏറ്റുപിടിച്ചുകൊണ്ട് അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കുന്ന രീതിയാണ് കേരളത്തിലെ കോൺഗ്രസ് നേതാക്കളും അവലംബിക്കുന്നത്.

സഭയിൽ രാവിലെ ചില അംഗങ്ങൾ പ്രസംഗിച്ചപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ച് വലിയ തോതിലുള്ള പരാമർശങ്ങളാണ് നടത്തിയത്. അതിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയെ ബന്ധപ്പെടുത്തി ചില പരാമർശങ്ങൾ മുമ്പും നടത്തിയിരുന്നു. കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശം നടത്തിയ ഒരു കാലഘട്ടമുണ്ടായിട്ടുണ്ട്. അതൊരു ചോദ്യത്തിനുത്തരമായി നേരത്തെ ഈ അസംബ്ലിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ഭൂമി തട്ടിപ്പുകേസ്സുമായി ബന്ധപ്പെട്ട പ്രശ്നമായിരുന്നു അത്. അതിനെ സംബന്ധിച്ച് പറയുമ്പോൾ ആളുകൾക്ക് കാര്യം വ്യക്തമാകും. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ വിധിന്യായത്തിൽ 130-ാംപേജിലെ രണ്ട് വാചകങ്ങളിലാണ് മുഖ്യമന്ത്രിയേയും ഓഫീസിനെയും സംബന്ധിച്ചുള്ള വിമർശനമുണ്ടായിരുന്നത്. ആ വാചകം ഇങ്ങനെയായിരുന്നു, 'the above incidents have raised serious questions on the functioning of the Chief Minister's office which the Chief Minister is answerable to the State. Prima facie Âidence of the presence of unscrupulous elements among the perosnal staff in the Chief Minister's office and the asosciated criminal activities in these cases call for the thorough and independent investigation into the crime and the asosciated activities involving perosnal

staff in the Chief Minister's office. ഈ പരാമർശം ഇന്നത്തെ ഗവണ്മെന്റിനെക്കുറിച്ചല്ലെന്ന് ഓർക്കണം. പഴയ ഗവണ്മെന്റിനെക്കുറിച്ച് കേരള ഹൈക്കോടതിയുടെ ഒരു സിംഗിൾ ബഞ്ച് നടത്തിയ ഒരു പരാമർശമാണിത്. കേരളത്തിൽ ഇടതുപക്ഷം കോൺഗ്രസ്സിനെ തകർത്ത് ബി.ജെ.പി.-ക്ക് വളരാൻ അവസരമൊരുക്കുകയാണെന്ന തരത്തിൽ ചിലർ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിലെ വസ്തുതയെന്താണ്? തകർച്ചയ്ക്ക് ഉത്തരവാദി ആരാണെന്നെങ്കിലും പരിശോധിക്കാൻ കോൺഗ്രസ് തയ്യാറാകേണ്ടതുണ്ട്. ഒരു കാലത്ത് ലോക്സഭയിൽ രണ്ട് അംഗങ്ങളായിരുന്നു ബി.ജെ.പി.-ക്ക് ഉണ്ടായിരുന്നത്. അതിനെ ഇന്നത്തെ നിലയിലേയ്ക്ക് ഉയർത്തുന്നതിൻ പ്രധാന പങ്കുവഹിച്ചത് ആരാണെന്ന് ആലോചിക്കുന്നത് നല്ലതാണ്. മതനിരപേക്ഷമായ കോണ്ഗ്രസ്സിതര സർക്കാരിനെ അനുവദിക്കില്ലെന്ന നിലപാട് കോൺഗ്രസ് തുടർച്ചയായി സ്വീകരിച്ചുവന്നതാണ്. അത് ബി.ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവരാൻ വലിയതോതിൽ ഇടയാക്കിയില്ലേയെന്ന് ചിന്തിക്കണം. വി. പി. സിംഗിന്റെ നേതൃത്വത്തിലുണ്ടായിരുന്ന മന്ത്രിസഭയെ ബി.ജെ.പി.-ക്കൊപ്പം നിന്ന് വോട്ട് ചെയ്ത് തകർത്തതിന് എന്ത് ന്യായമാണ് പറയാൻ കഴിയുന്നത്? അതിനിസ്സാരമായ കാരണങ്ങൾ പറഞ്ഞുകൊണ്ടാണ് ചന്ദ്രശേഖർ മന്ത്രിസഭയെ തകർത്ത്, ബി.ജെ.പി. ഭരണത്തിന് വഴിയൊരുക്കിക്കൊടുത്തത്. അതും കോൺഗ്രസ് തന്നെ ചെയ്തതായിരുന്നു. ബാബറി മസ്ജിദ് തകർക്കാൻ ഉദ്ദേശിച്ചാണ് ബി.ജെ.പി. രഥയാത്ര ആരംഭിച്ചത്. ആ രഥയാത്ര തടഞ്ഞതിൻ തൊട്ടുപിന്നാലെയാണ് ബി.ജെ.പി.-ക്കൊപ്പം നിന്നുകൊണ്ട് വി. പി. സിംഗ് മന്ത്രിസഭയെ കോൺഗ്രസ് തകർത്തത്. ഇതാണ് കോണ്ഗ്രസ്സിന്റെ സെക്യുലറിസത്തിന്റെ പ്രത്യേകതയെന്നത് നാം മറക്കരുത്. ബാബറി മസ്ജിദ് മന്ദിരം തുറന്നുകൊടുക്കാൻ സംഘ്പരിവാർ ആവശ്യപ്പെടുകയും കോൺഗ്രസ് സർക്കാർ തുറന്നുകൊടുക്കുകയും ചെയ്തു. അവിടെ ക്ഷേത്രം നിർമ്മിക്കാൻ ശിലാന്യാസ് അനുവദിച്ചു. ആ ശിലയെ മണ്ഡപമായി വളരാൻ കർസേവ അനുവദിച്ചു. ഇതിനെല്ലാം ശേഷമാണ് ബാബറി മസ്ജിദ് തകർക്കാൻ സംഘ്പരിവാർ ശ്രമിച്ചത്. അതിനെ എതിരിടാൻ വേണ്ടി ഒരു നടപടിയും സ്വീകരിച്ചില്ല. കേന്ദ്രസർക്കാരാണ് എല്ലാ നടപടികൾക്കും പിന്തുണ നൽകിയത്. എന്നാൽ ഒരു നടപടിയും സ്വീകരിച്ചില്ല. ഇതാണ് കോൺഗ്രസ്സിന്റെ മതേതരത്വത്തിന്റെ പ്രത്യേകത. ബി.ജെ.പി.-യുടെ അതിരൂക്ഷമായ, വർഗ്ഗീയതയെ മൃദുഹിന്ദുത്വം കൊണ്ട് നേരിടാനാണ് കോണ്ഗ്രസ് പലപ്പോഴും ശ്രമിച്ചത്. അങ്ങനെ വോട്ടുകൾ സമാഹരിച്ച് നിർത്താനായിരുന്നു നോട്ടം. അതിൻ രാഷ്ട്രം കൊടുക്കേണ്ടിവന്ന ഏറ്റവും വലിയ വിലയാണ് ഇന്നത്തെ ബി.ജെ.പി. സർക്കാരെന്നത് കോൺഗ്രസ് തിരിച്ചറിയണം. ഇപ്പോൾ ബി.ജെ.പി.-യുടെ ശക്തമായ കേന്ദ്രങ്ങളായി നിൽക്കുന്ന സംസ്ഥാനങ്ങൾ കോൺഗ്രസ്സിന്റെ ശക്തികേന്ദ്രങ്ങളായിരുന്നവയല്ലേ; ഉത്തർപ്രദേശ്, ബീഹാർ, മദ്ധ്യപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കോൺഗ്രസ്സിന്റെ ശക്തികേന്ദ്രങ്ങളായി നിലകൊണ്ടവയായിരുന്നില്ലേ? ....(ബഹളം).... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ത്രിപുരയെക്കുറിച്ച് ഞാൻ പറയാം. അവിടെയാണ് ബി.ജെ.പി. ശക്തി പ്രാപിച്ചതെന്ന വസ്തുത മറക്കരുത്. ത്രിപുരയിൽ ഇടതുപക്ഷത്തിൻ സ്വാധീനമുണ്ടായിരുന്നു. എന്നാൽ ബി.ജെ.പി. അധികാരത്തിൽ വന്നത് എങ്ങനെയാണ്? കോൺഗ്രസ് ഒന്നടങ്കം ബി.ജെ.പി.-യിലോട്ട് മാറി. അങ്ങനെ മാറിനിന്നപ്പോഴാണ് ബി.ജെ.പി.-ക്ക് കുറച്ച് ശക്തി അവിടെയുണ്ടായത്. ബംഗാളിൽ വിവിധ ഘട്ടങ്ങളിൽ അധികാരത്തിലുള്ള ഇടതുപക്ഷ ഗവൺമെന്റുകളെ എതിരിടുന്നതിന് മാവോയിസ്റ്റുകൾ, ആനന്ദമാർഗ്ഗികൾ, വർഗ്ഗീയവാദികൾ എന്നിവരെയെല്ലാം കൂട്ടുപിടിച്ചുകൊണ്ട് മുന്നോട്ടുപോയ ചരിത്രവും ബംഗാളിനുണ്ട്. മതനിരപേക്ഷതയുടെ ശക്തമായ കേന്ദ്രമാണ് ബംഗാൾ. അതിനെ വർഗ്ഗീയ ധ്രുവീകരണത്തിന്റെ തലത്തിലേയ്ക്ക് എത്തിച്ചതും ബി.ജെ.പി.-ക്ക് വളരാൻ അവസരമൊരുക്കിയതും ആരാണെന്ന് വ്യക്തമാണ്. ഇതേ അവസ്ഥയാണ് കേരളത്തിലും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷത്തെ തകർക്കാൻ കേരളത്തിൽ ബി.ജെ.പി.-യും അതുപോലുള്ള ശക്തികളുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് യു.ഡി.എഫ്.-ന് ഒരു

മടിയുമില്ല. അതിപ്പോൾ തുടങ്ങിയതല്ല, മുമ്പ് മുതലുള്ളതാണ്. ബി.ജെ.പി. ദേശീയതലത്തിൽ ഇത്തരമൊരു ശക്തിയായി മാറുന്നതിന് മുമ്പുതന്നെ ഇവിടെ അതിന്റെ ഒരു പരീക്ഷണശാല ആരംഭിച്ചിരുന്നു. അതാണ് പഴയ വടകര, ബേപ്പൂർ കോ-ലീ-ബി സഖ്യം. ഞാൻ അതിന്റെയൊന്നും വിശദാംശത്തിലേയ്ക്ക് പോകുന്നില്ല. അവർക്ക് നല്ലതുപോലെ അറിയാവുന്ന കാര്യങ്ങളാണിതെല്ലാം. ഇത് വിവിധ ഘട്ടങ്ങളിൽ നമ്മുടെ സംസ്ഥാനത്തുണ്ടായി- ട്ടുണ്ടെന്ന് പ്രതിപക്ഷത്തിരിക്കുന്നവർക്ക് പ്രത്യേകിച്ച് കോൺഗ്രസ് നേതാക്കൾക്ക് ഞാൻ പറയാതെ തന്നെയറിയാം. ഇപ്പോൾ കാണുന്ന നില എന്താണ്? കേന്ദ്ര സർക്കാരിനെയോ ബി.ജി.പി.യെയോ ആക്രമിക്കില്ല. എന്നാൽ അവരുമായി യോജിച്ചുനിന്നുകൊണ്ട് ഇടതുപക്ഷത്തിനെതിരെ അതിശക്തമായ പ്രചരണമാണ് നടത്തുന്നത്. ഇതല്ലേ കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ബി.ജെ.പി. നേതാവ് പറയുന്നതുതന്നെയാണ് കോൺഗ്രസ് നേതാക്കളും ആവർത്തിച്ചു പറയുന്നത്. കോണ്ഗ്രസ് നേതാക്കൾ പറയുന്നത് ബി.ജെ.പി. നേതാക്കൾ ഏറ്റുപറയുന്നു. എൽ.ഡി.എഫ്. സർക്കാരിനെതിരെ എന്നതാണ് ഈ രണ്ടുകൂട്ടരുടേയും ഉദ്ദേശ്യം. കോണ്ഗ്രസ്സ് തകർന്നതിന്റെ കാരണം സംബന്ധിച്ച് ശരിയായ പരിശോധനയ്ക്ക് ഇനിയും ഇവർ വിധേയമായിട്ടില്ലെന്നതാണ് വസ്തുത. സാമ്രാജ്യത്വ വിരുദ്ധത, മതനിരപേക്ഷത, സ്വാശ്രയത്വ സംരക്ഷണം തുടങ്ങിയ നയങ്ങളായിരുന്നു മുമ്പുകാലത്ത് കോണ്ഗ്രസ്സ് മുന്നോട്ടുവച്ചത്. ഇന്ന് അതേതെങ്കിലും കയ്യിലുണ്ടോ; എല്ലാം കയ്യൊഴിഞ്ഞിരിക്കുന്നു. കോർപ്പറേറ്റുകൾക്കായി രാജ്യത്തിന്റെ എല്ലാ മേഖലയും തുറന്നുകൊടുക്കുന്ന നയമാണ് ഇവർ സ്വീകരിച്ചത്. മതനിരപേക്ഷതയെ സംരക്ഷിക്കുന്നതിനു പകരം വർഗ്ഗീയതയെ രാഷ്ട്രീയ താൽപ്പര്യത്തിനുവേണ്ടി ഉപയോഗിക്കുന്ന നിലയാണ് കോൺഗ്രസ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ സ്വാശ്രയത്വത്തെ സംരക്ഷിക്കുന്ന, എല്ലാ നയങ്ങളും കയ്യൊഴിയാൻ തയ്യാറാകുന്ന നിലപാടെടുത്തു. അപ്പോൾ ആദ്യം മാറേണ്ടത് കോൺഗ്രസ്സിന്റെ ഈ നയമാണ്. ഇതുമാറാതെ നിങ്ങൾക്ക് മുന്നോട്ടുപോകാനാവില്ലെന്നത് തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയണം. ബി.ജെ.പി.-യെ അധികാരത്തിൽനിന്ന് മാറ്റിനിർത്താൻ ഇടതുപക്ഷം പ്രതിജ്ഞാബദ്ധമാണ്. ബി.ജെ.പി.-യെ അധികാരത്തിൽനിന്ന് മാറ്റിനിർത്താൻ ഒന്നാം യു.പി.എ. സർക്കാരിനെ പിന്തുണച്ചവരാണ് ഞങ്ങൾ. അതിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഒരു സർക്കാരായാൽ എന്തെല്ലാം സംഭവിക്കുമെന്ന ധാരണ കൃത്യമായി ഇടതുപക്ഷത്തിനുണ്ടായിരുന്നു. പക്ഷേ, ബി.ജെ.പി.-യുടെ സർക്കാർ വീണ്ടും അധികാരത്തിൽ വരുന്നുവെന്ന ഉത്തമമായ താൽപ്പര്യം വച്ചുകൊണ്ടാണ് ആ സർക്കാരിനെ പിന്താങ്ങാൻ തയ്യാറായത്. പക്ഷേ എന്താണ് ആ സർക്കാർ പിന്നീട് സ്വീകരിച്ച നിലപാട്; സാധാരണഗതിയിലുള്ള എല്ലാ മര്യാദകളും ലംഘിച്ചുകൊണ്ടുപോകുന്ന കാഴ്ചയല്ലേ ഉണ്ടായത്? ഒരു വർഗ്ഗീയതയെ തോൽപ്പിക്കുന്നതിൻ മറ്റൊരു വർഗ്ഗീയതയെ കൂട്ടുപിടിച്ചുകൊണ്ടുപോകരുത്. ഭരണഘടന വിഭാവന ചെയ്യുന്ന മതനിരപേക്ഷതയെ തകർക്കുന്ന സംഘ്പരിവാർ നയങ്ങൾ, ഇത് ന്യൂനപക്ഷ വിഭാഗങ്ങളിൽ വലിയ തോതിലുള്ള അരക്ഷിതത്വം സൃഷ്ടിക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. അത്തരം നയങ്ങൾക്കെതിരായി ശക്തമായ പോരാട്ടം സംഘടിപ്പിക്കുകയാണ് വേണ്ടത്. അത് മതനിരപേക്ഷതയിൽ ഊന്നിക്കൊണ്ടുവേണം. പക്ഷേ കോൺഗ്രസ്സുകാർ എന്താണ് ചെയ്യുന്നത്; ബി.ജെ.പി.-ക്കെതിരായ വിമർശനങ്ങളെ ഉപേക്ഷിച്ചിരിക്കുന്നു. കഴിഞ്ഞ കുറച്ച് മാസങ്ങളായി ബി.ജെ.പി. നേതാക്കൾ എന്താണോ പറയുന്നത് അത് വേദവാക്യമായി നിങ്ങൾ ഉരുവിടുകയായിരുന്നു. കോൺഗ്രസ്സിന്റെ പ്രവൃത്തികളാണ് അതിനെ തകർച്ചയിലേയ്ക്ക് എത്തിക്കുന്നത്. പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത് അതുതന്നെയാണ്. അത്തരമൊരു നയമാണ് നിങ്ങളെ ഈ അവസ്ഥയിലേയ്ക്ക് എത്തിച്ചതെന്ന് നിങ്ങൾ തിരിച്ചറിയണം. രാജ്യത്ത് ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്കൊപ്പം നിന്നുകൊണ്ട് മതനിരപേക്ഷത സംരക്ഷിക്കാനാണ് എക്കാലത്തും സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഭൂരിപക്ഷ ജനവിഭാഗങ്ങളായാലും ന്യൂനപക്ഷ ജനവിഭാഗങ്ങളായാലും മതനിര

പേക്ഷമായി ചിന്തിക്കുന്നവരാണ്. ന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിക്കുകയാണ് വേണ്ടത്. അതിനുപകരം വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കാനും അതുവഴി സംഘ്പരിവാറിന്റെ അജണ്ട നടപ്പിലാക്കുവാനുമുള്ള സാഹചര്യം സൃഷ്ടിക്കുവാൻ ശ്രമിക്കരുത്. അങ്ങനെവരുമ്പോൾ അതിനെ എതിർക്കേണ്ടതായിവരും. സംഘ് പരിവാറിന്റെ അജണ്ട നാട്ടിൽ മാത്രമല്ല, രാജ്യത്താകെ വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കുക എന്നുള്ളതാണ്. അതിനുതകുന്ന സമീപനവുമായി ആര് വന്നാലും അതിനെതിരെ ശക്തമായ നിലപാട് ഇടതുപക്ഷവും ഇടതുപക്ഷ ജനാധിപത്യമുന്നണിയും സ്വീകരിക്കും. അതാണ് ഇവിടെ ശക്തമായി സ്വീകരിച്ചിട്ടുള്ളത്. അതിആശ്ചര്യകരമായ ഒരു പരാമർശം ഇപ്പോൾ വരികയാണ്. അത് ലീഗിനെതിരെ എന്തെങ്കിലും പറഞ്ഞാൽ മുസ്ലീം ജനവിഭാഗത്തിനെതിരെയുള്ള വ്യഖ്യാനമായിട്ടാണ് കൊണ്ടുവരുന്നത്. ഇവിടെ മുസ്ലീം=മുസ്ലീം ലീഗ് എന്നൊരു സമവാക്യം സൃഷ്ടിക്കാനുള്ള നിങ്ങളുടെ രാഷ്ട്രീയ താൽപ്പര്യം ഇവിടെ നടക്കാൻ പോകുന്നില്ല. മുസ്ലീമിന്റെ ആകെ അട്ടിപ്പേറവകാശം ഇവിടത്തെ മുസ്ലീംലീഗിനല്ല. അതാദ്യം മനസ്സിലാക്കണം. സംസ്ഥാനത്ത് പ്രാദേശികമായി ഇപ്പോൾ നടന്ന തെരഞ്ഞെടുപ്പിലെ വാർഡുകളൊക്കെയെടുത്ത് പരിശോധിച്ചാൽ അത് കൃത്യമായി മനസ്സിലാകും. മുസ്ലീംലീഗ് ഒരു രാഷ്ട്രീയ പാർട്ടിയായി നിലകൊള്ളുകയാണ്. ആ രാഷ്ട്രീയ പാർട്ടിയുടെ സമീപനമാണ് അവർ സ്വീകരിച്ചുപോകേണ്ടത്. ഇതിൽ ഇടതുപക്ഷം സ്വീകരിച്ച നിലപാടിനെക്കുറിച്ച് ഒരു പ്രത്യേക രീതിയിൽ ചിത്രീകരണം വന്നു. എന്താണ് ആ നിലപാട്? എന്റെ രാഷ്ട്രീയ പ്രവർത്തനാനുഭവത്തിൽ ഞങ്ങൾ മുന്നണിയായി പ്രവർത്തിക്കുന്നു, നിങ്ങളും മുന്നണിയായി പ്രവർത്തിക്കുന്നു. ഒരു ചെറിയ പാർട്ടിയുമുണ്ട്, വലിയ പാർട്ടിയുമുണ്ട്. അതെല്ലാം എല്ലാ മുന്നണിക്കകത്തുമുണ്ട്. ഏതെങ്കിലുമൊരു പാർട്ടി മറ്റൊരു പാർട്ടിയുടെ നേതാവ് ഇന്നയാളാകണമെന്ന് ആജ്ഞാപിക്കുകയാണ്, അങ്ങനെയൊരു രീതിയുണ്ടോ; അങ്ങനെയൊരു പതിവ് ഞാൻ കണ്ടിട്ടില്ല. ഇവിടെ കോൺഗ്രസ്സിന്റെ കേന്ദ്ര നേതാക്കളിൽ വെൽഫെയർ പാർട്ടിയുമായുള്ള ബന്ധം തെറ്റാണെന്ന് പരസ്യമായിത്തന്നെ പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ ആ പാർട്ടി എന്താണെന്ന് നല്ലതുപോലെ നിശ്ചയമുള്ള ഒരു പാർട്ടി ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗാണ്. വെൽഫെയർ പാർട്ടിക്ക് ജന്മം കൊടുത്ത ജമാഅത്തെ ഇസ്ലാമിയെ കൃത്യമായി തിരിച്ചറിയുന്ന ഒരു പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ്. ജമാഅത്തെ ഇസ്ലാമിയെ ഒരുഘട്ടത്തിലും കേരളത്തിലെ ഏറ്റവും കരുത്തുറ്റ മുസ്ലീം സംഘടനകളിൽ ബഹുഭൂരിപക്ഷവും അംഗീകരിച്ചിട്ടില്ല. മതനിരപേക്ഷമായി ചിന്തിക്കുന്ന മുസ്ലീം ബഹുജനങ്ങൾ എല്ലാക്കാലത്തും അകറ്റിനിർത്തിയ ഒരു വിഭാഗമാണ് ജമാഅത്തെ ഇസ്ലാമി. എന്തുകൊണ്ടാണ് കോൺഗ്രസ്സിന്റെ കേന്ദ്ര നേതാക്കൾ വെൽഫെയർ പാർട്ടിയുമായുള്ള ബന്ധം തെറ്റാണെന്ന് പരസ്യമായി പ്രഖ്യാപിച്ചത്? ആ ബന്ധത്തെ ന്യായീകരിച്ചുകൊണ്ടുള്ള നിലപാട് പരസ്യമായി മുസ്ലീം ലീഗ് സ്വീകരിച്ചു. മുസ്ലീംലീഗ് യഥാർത്ഥത്തിൽ മുസ്ലീം ബഹുജനങ്ങളുടെ താൽപ്പര്യപ്രകാരമാണോ നിലകൊണ്ടത്; എന്തുകൊണ്ട് അവർക്ക് അവരുടെ നയവും ഞങ്ങൾക്ക് ഞങ്ങളുടെ നയവുമൊക്കെ ഉണ്ടാകുമെന്ന് ചിലർക്ക് പറയേണ്ടിവന്നു? ഇത് ശരിയായ രീതിയിൽ തിരിച്ചറിയണം. എന്തിനുവേണ്ടി അങ്ങനെയാരു നിലപാടെടുത്തു; മുസ്ലീംലീഗിന്റെ അജണ്ട ജമാഅത്തെ ഇസ്ലാമിയെ കൂട്ടുപിടിക്കുക, അവർക്ക് ആ അജണ്ട എങ്ങനെ ഉണ്ടായി; പക്ഷേ മതനിരപേക്ഷതയിലൂന്നിനിൽക്കുന്ന ഒരു പാർട്ടിയായ കോൺഗ്രസ്സിന് അത്തരമൊരു അജണ്ട യുണ്ടാകാൻ പാടുണ്ടോ? അതുകൊണ്ടാണ് കേന്ദ്രനേതൃത്വം പറഞ്ഞത് തെറ്റാണെന്ന്. അപ്പോൾ കേന്ദ്ര നേതൃത്വത്തെയുംകൂടി മറികടന്നുകൊണ്ട് കോൺഗ്രസ്സ് അവരെ സ്വീകരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. മുസ്ലീംലീഗിന്റെ അജണ്ട കേരളത്തിലെ കോണ്ഗ്രസ്സ് സ്വീകരിക്കുന്ന നിലപാടാണെടുത്തത്. പരിമിതമായ തോതിലാണെങ്കിലും കേന്ദ്ര നേതൃത്വത്തിന്റെ നിലപാടിനോടൊപ്പം നിന്നുകൊണ്ട് കെ.പി.സി.സി.-യുടെ അദ്ധ്യക്ഷനാണെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രതികരണം വന്നു, അത് സ്വാഭാവികമാണ്. കാരണം, അദ്ദേഹം നേരത്തെ കേന്ദ്ര

ആഭ്യന്തര സഹമന്ത്രിയായിട്ടടക്കം ഇരുന്നയാളാണല്ലോ. എന്താണ് ഇവരെന്ന് കൃത്യമായി ഔദ്യോഗികമായിത്തന്നെ മനസ്സിലാക്കിയിട്ടുള്ള ആളാണ് അദ്ദേഹം. പക്ഷേ ഇവിടത്തെ ഇടതുപക്ഷത്തെയും ഇടതുപക്ഷ ജനാധിപത്യമുന്നണിയെയും തകർക്കുന്നതിൻ ഇത്തരമൊരു കൂട്ടരെ കിട്ടുന്നത് നല്ലതാണെന്ന രാഷ്ട്രീയചിന്ത വന്നപ്പോൾ ആ കണ്ട കാര്യങ്ങൾ വലിയ പ്രാധാന്യത്തോടെ എടുക്കാൻ അദ്ദേഹം തയ്യാറായിട്ടുണ്ടാവില്ല. എന്നാലും കേന്ദ്ര നേതൃത്വത്തിന്റെ നിലപാടൊക്കെ വന്നപ്പോൾ അൽപ്പം അതിനോടൊപ്പം നിന്നുകൊണ്ട് പ്രതികരിക്കാൻ തയ്യാറായി. മറ്റെല്ലാവരും ശക്തമായിത്തന്നെ ഇതിനുവേണ്ടി നിലകൊണ്ടു. അതിൽ കോൺഗ്രസ്സിന്റെ നേതാവും യു.ഡി.എഫ്. കൺവീനറുമൊക്കെ സ്വീകരിച്ച നിലപാട് എല്ലാവരും കണ്ടതാണ്. എന്തായി? തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കോൺഗ്രസിന്റെ നേതൃസ്ഥാനത്തുനിന്ന് ഇദ്ദേഹത്തെ മാറ്റണമെന്ന് ലീഗ് പ്രഖ്യാപിച്ചതായുള്ള വാർത്തയാണ് ആദ്യം വന്നത്. കോൺഗ്രസിന്റെ നേതാവ് ആരാകണമെന്ന് കോൺഗ്രസ്സാണ് തീരുമാനിക്കുന്നത്. അക്കാര്യത്തിൽ ഞങ്ങളാരും അഭിപ്രായം പറയാൻ അർഹരല്ല. എന്നാൽ ഇത്തരമൊരു അഭിപ്രായം വന്നപ്പോൾ അതിനോടാണ് ഞാൻ പ്രതികരിക്കുന്നത്. സാധാരണ രാഷ്ട്രീയത്തിൽ കേട്ടുകേൾവിയില്ലാത്ത ഒരു നിലപാട് സ്വീകരിച്ചപ്പോൾ അതിനെതിരെ ഞാൻ പ്രതികരിച്ചിട്ടുണ്ട്, അതെങ്ങനെ മുസ്ലീമിനെതിരാകും; അതെങ്ങനെ മുസ്ലീം താൽപ്പര്യത്തിൻ എതിരാകും; അതെങ്ങനെ മതനിരപേക്ഷതയിൽനിന്നുള്ള വ്യതിചലനമാകും? ഇതൊന്നും മതനിരപേക്ഷതയുടെ വ്യതിയാനമല്ല.

**ഡോ. എം. കെ. മുനീർ:** സർ, കോൺഗ്രസ്സ് നേതാക്കളെ മാറ്റാനൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല.

**പിണറായി വിജയൻ:** സർ, അങ്ങനെയാണെങ്കിൽ അത് പറഞ്ഞാൽ അവിടെ തീരുമായിരുന്നു. ഞാൻ പറഞ്ഞത് അബദ്ധമായെന്ന് വരുമായിരുന്നല്ലോ. എന്നാൽ അതല്ലല്ലോ പറഞ്ഞത്? ഞാൻ പറഞ്ഞതിൽ മതനിരപേക്ഷതയുടെ നേരിയ വ്യതിയാനം പോലുമില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും അംഗീകരിക്കുന്ന പൊതു മര്യാദയെപ്പറ്റി ഞാൻ ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ. അതിലെന്താണ് തെറ്റ്?

സംവരണേതര വിഭാഗങ്ങൾക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തുന്ന നയം സംസ്ഥാന സർക്കാർ നടപ്പാക്കി. അതിനെതിരെ ശക്തമായ നിലപാടുമായി ലീഗ് വന്നു. നമ്മുടെ രാജ്യത്ത് മുസ്ലീമിൻ ആകെ സംവരണമുള്ളത് കേരളത്തിലല്ലാതെ മറ്റെവിടെയാണ്? കേരളമൊഴികെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ മുസ്ലീങ്ങളിലെ ഒരു ചെറിയ വിഭാഗത്തിനുമാത്രമാണ് സംവരണമുള്ളത്. ബാക്കിയെല്ലാവരും സംവരണേതരാണ്. ആ വിഭാഗത്തിനാണ് ഇത് ഗുണം ചെയ്യുക. സാധാരണനിലയിൽ ഇതിനെ കോൺഗ്രസ്സ് എതിർക്കേണ്ടതല്ല. കാരണം ഇത് കോൺഗ്രസ്സിന്റെ പ്രഖ്യാപിത നിലപാടാണ്. എന്നാൽ ലീഗിന്റെ നിലപാടിനോട് കീഴടങ്ങുന്ന തരത്തിലുള്ള സമീപനമാണ് കോൺഗ്രസ്സ് സ്വീകരിച്ചത്. ഇത് ശരിയാണോ?

**കെ. സി. ജോസഫ്:** സർ, കോൺഗ്രസ്സിന്റെ കാര്യം കോൺഗ്രസ്സാണ് പറയുന്നത്.

**പിണറായി വിജയൻ:** സർ, പൊതുസമൂഹത്തിലുണ്ടാകുന്ന നിലപാടിനെതിരെ കോൺഗ്രസ്സ് ഒരു പ്രതികരണവും നടത്തിയില്ല, കോൺഗ്രസ്സ് ആ ഘട്ടത്തിൽ മൗനം പാലിച്ചു. ഇതാണ് വസ്തുത. നയപരമായ പ്രശ്നമായതിനാൽ അതല്ലായിരുന്നു ചെയ്യേണ്ടിയിരുന്നത്, നിലപാടിൽ ഉറച്ചുനിൽക്കണമായിരുന്നു.

**രമേശ് ചെന്നിത്തല:** സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുപറഞ്ഞ് ആടിനെ പട്ടിയാക്കുകയാണ്. കോണ്ഗ്രസ്സിൻ കോൺഗ്രസ്സിന്റെ നയമുണ്ട്. മുസ്ലീംലീഗിൻ അതിന്റേതായ നയമുണ്ട്. യു.ഡി.എഫ്. മാനിഫെസ്റ്റോയിൽ പത്ത് ശതമാനം സാമ്പത്തിക സംവരണം എഴുതിച്ചേർത്തിട്ടുള്ളതാണ്. പിന്നാക്കസമുദായത്തിൽപ്പെട്ട ആളുകൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന സംവരണത്തിൽ കുറവ് വരരുതെന്നാണ് മുസ്ലീംലീഗ് പറഞ്ഞത്. അല്ലാതെ അവർ സാമ്പത്തിക സംവരണ

ത്തെ എതിർക്കുകയല്ല ചെയ്തത്, അതാണ് വസ്തുത. മുസ്ലീംലീഗ് ഒരിക്കലും കോൺഗ്രസ്സിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെട്ടിട്ടില്ല. അങ്ങേയ്ക്ക് വേറൊരു ലക്ഷ്യമുണ്ടായിരുന്നു. ആ ലക്ഷ്യം വച്ച് അങ്ങ് നൽകിയ പോസ്റ്റാണ്. ആ പരിപ്പ് കേരളത്തിൽ വേവാൻ പോകുന്നില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

**ശ്രീ. പിണറായി വിജയൻ:** സർ, ഞാൻ ശരിയായ പരിപ്പ് മാത്രമേ വേവിക്കാറുള്ളൂ, ശരിയല്ലാത്ത ഒരു പരിപ്പും വേവിക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല. മതനിരപേക്ഷതയിലൂന്നിയ അടുക്കളയിലാണ് എന്റെ പരിപ്പെല്ലാം വെന്തിട്ടുള്ളത്. മതനിരപേക്ഷതയ്ക്കെതിരെ ആരൊക്കെ നിന്നിട്ടുണ്ടോ അതിനെല്ലാമെതിരെ ശക്തമായ നിലപാട് എല്ലാക്കാലത്തും ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങളുടെ ഒരു പ്രതിനിധിയായി ഞാൻ പറയുന്നുവെന്നേയുള്ളൂ. അക്കാര്യത്തിൽ മറ്റ് പ്രശ്നമില്ല. ഇവിടെ അദ്ദേഹം പറഞ്ഞതു പോലെയാണെങ്കിൽ പ്രശ്നമില്ല. പക്ഷേ കഠിനമായ എതിർപ്പ് ലീഗ് ഉയർത്തിക്കൊണ്ടുവന്നപ്പോൾ നിശബ്ദത പാലിച്ചുവെന്നാണ് ഞാൻ പറഞ്ഞത്, അത് മറന്നുപോകരുത്. ഭരണഘടനാപ്രകാരമാണ് കേന്ദ്ര സംസ്ഥാന മന്ത്രിസഭകൾ നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ ഭരണഘടനാപ്രകാരമുള്ള എല്ലാ അംഗീകാരവും പദവിയും നൽകുന്നതിൻ സംസ്ഥാന സർക്കാരിൻ ഉത്തരവാദിത്വമുണ്ട്. പൊതുവായ വികസനത്തിൻ കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. അതിന്റെയടിസ്ഥാനത്തിലുള്ള പ്രവർത്തനമാണ് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ളത്. വികസന കാര്യത്തിൽ ഈയൊരു നയമാണ് സ്വീകരിക്കുന്നത്. എന്നാൽ ഫെഡറൽ സംവിധാനത്തിനകത്ത് നിന്നുകൊണ്ട് സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കാനും മതനിരപേക്ഷത ഉൾപ്പെടെയുള്ള ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിനാലാണ് പൗരത്വ ഭേദഗതിപോലുള്ള പ്രശ്നങ്ങളെ സംസ്ഥാന സർക്കാർ എതിർക്കുന്ന നിലപാട് സ്വീകരിച്ചത്. കേരളത്തിലെ ജനങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് മതനിരപേക്ഷത ശക്തിപ്പെടുത്തി വർഗ്ഗീയതയെ ഒറ്റപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു. കാർഷിക രാജ്യമായ ഇന്ത്യയിൽ കർഷകന്റെ നട്ടെല്ലൊടിക്കുന്നതും കോർപ്പറേറ്റുകൾക്ക് പരവതാനി ഒരുക്കുന്നതുമായ നയങ്ങൾക്കെതിരെ ശക്തമായ പ്രതികരണമാണ് നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ചത്. സംസ്ഥാന സർക്കാരും ആ നിലപാട് തന്നെയാണ് സ്വീകരിച്ച് പോകുന്നത്.

തിരുവനന്തപുരത്തെ വിമാനത്താവളം സ്വകാര്യവത്കരിക്കുന്നതിനുള്ള നയം കേന്ദ്ര സർക്കാർ സ്വീകരിച്ചപ്പോഴും അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടുതന്നെയാണ് സർക്കാർ മുന്നോട്ടുപോയത്. ബി.പി.സി.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതി നെതിരെയും എച്ച്.എൽ.എൽ.-ന്റെ കാര്യത്തിലും സംസ്ഥാന സർക്കാർ സ്വീകരിച്ച നയം ഇപ്പോഴൊരു പ്രത്യേക ഘട്ടത്തിലെത്തുകയും നമുക്കനുകൂലമായ നിലപാട് വരികയും ചെയ്തു. സംസ്ഥാന താത്പര്യത്തെയും ഭരണഘടനാപരമായ കാഴ്ചപ്പാടുകളെയും ഹനിക്കുന്ന ഘട്ടത്തിൽ ശക്തമായ നിലപാട് തന്നെയാകും സർക്കാർ സ്വീകരിക്കുക. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഒരു ബുദ്ധിമുട്ടും ഒരു ഘട്ടത്തിലും കാണിക്കുകയില്ല. ഇതുതന്നെയാണ് സ്വർണ്ണക്കള്ളക്കടത്തിന്റെ കാര്യത്തിലും നമുക്ക് കാണാൻ സാധിക്കുന്നത്. ആദ്യം ശക്തമായ അന്വേഷണം ആവശ്യപ്പെട്ടു. എന്നാൽ അന്വേഷണം വഴിതെറ്റുന്ന നിലയുണ്ടായപ്പോൾ അതിനെതിരെ നിലപാട് സ്വീകരിക്കുകയും ചെയ്തു.

സംസ്ഥാനത്തെ ചില പ്രശ്നങ്ങൾ സംബന്ധിച്ച് നേരത്തെ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഭാസ്കര പട്ടേലരെയും തൊമ്മിമാരെയും കുറിച്ച് പറഞ്ഞു. ഇത് ആർക്കാണ് ചേരുക എന്ന് ആലോചിക്കണമെന്നാണ് ഞാൻ പറയുന്നത്. കോൺഗ്രസ്സിന്റെ അവസ്ഥയാലോചിച്ച് അദ്ദേഹം പറഞ്ഞതാണെന്നാണ് എനിക്ക് തോന്നുന്നത്. കോൺഗ്രസ്സ്

നേതൃത്വത്തിലേയ്ക്ക് തെരഞ്ഞെടുപ്പ് വേണമെന്നാവശ്യപ്പെട്ട് മുതിർന്ന നേതാക്കൾ പോരിനിറങ്ങിയത് നമ്മൾ കണ്ടു. സ്വാതന്ത്ര്യസമര കാലത്തൊക്കെ കോൺഗ്രസ്സ് അദ്ധ്യക്ഷന്റെ തെരഞ്ഞെടുപ്പ് എങ്ങനെയായിരുന്നുവെന്ന് ചരിത്രം അറിയാവുന്നവർക്കെല്ലാം അറിയാം. പ്രത്യയശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ വാശിയേറിയ മത്സരങ്ങൾ നടന്ന ഇടമായിരുന്നു അത്. ഹരിപുര കോൺഗ്രസ്സ് സമ്മേളനത്തിൽ സുഭാഷ് ചന്ദ്രബോസും പട്ടാഭി സീതാരാമയ്യരും തമ്മിൽ നടന്ന മത്സരം ഇന്നത്തെ കോൺഗ്രസ്സിൻ ആലോചിക്കാൻ സാധിക്കുമോ; കോൺഗ്രസ്സിൽ അദ്ധ്യക്ഷ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഇന്നാലോചിക്കാൻ കഴിയുന്ന കാര്യമാണോ? ഏറ്റവും ഒടുവിൽ 1990-കളിൽ സീതാറാം കേസരിയെന്ന നേതാവാണ് തെരഞ്ഞെടുപ്പിലൂടെ കോൺഗ്രസ്സ് അദ്ധ്യക്ഷനായത്. അദ്ദേഹം ഏതുവഴിയിലാണ് പുറത്തെറിയപ്പെട്ടതെന്ന് ഇപ്പോൾ പറയേണ്ടതില്ല. പട്ടേലരും തൊമ്മിമാരും എന്ന പ്രയോഗം അവിടെത്തന്നെയാണ് ചേരുക. അത് ഇങ്ങോട്ടെറിഞ്ഞ് ആനന്ദം കൊള്ളേണ്ടെന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവിനെ എനിക്ക് അറിയിക്കാനുള്ളത്.

പട്ടയത്തെ സംബന്ധിച്ച് പറയുമ്പോൾ നേരത്തെ ഒരു പട്ടയവും നൽകിയിട്ടില്ലെന്നാണ് ഒരംഗം സൂചിപ്പിച്ചത്. ഇപ്പോൾ തിരുവനന്തപുരത്തെ തീരദേശ മത്സ്യത്തൊഴിലാളികളുടെ കാര്യം മാത്രം പറയാം, മറ്റുള്ള കണക്കുകൾ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. വിഴിഞ്ഞം-50, കുളത്തൂർ-74, കരിങ്കുളം-26, ആറ്റിപ്ര-55, (അതിനുപുറമെ അവിടെയുള്ള പള്ളിക്കും സ്കൂളിനും പട്ടയം നൽകിയിട്ടുണ്ട്) കോട്ടുകാൽ-3, കഠിനംകുളം-13 ഇത്രയും എൽ.എ.ഒ. (land acquisition order)നൽകി. അതുപോലെ തിരുവനന്തപുരം മുട്ടത്തറ, വലിയതുറ എന്നിവിടങ്ങളിൽ തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള വീടുകൾ നിർമ്മിച്ചു നൽകുന്നതിൻ ഭൂമി നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഫ്ലാറ്റുകൾ നിർമ്മിച്ച് തീരദേശത്ത് താമസിച്ച് വരുന്നവരെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ മത്സ്യബന്ധന വകുപ്പ് തീരദേശത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 'പുനർഗേഹം' പദ്ധതി നല്ലരീതിയിൽ നടപ്പിലാക്കി വരികയാണ്. 2450 കോടി രൂപ അടങ്കലുള്ള പദ്ധതിയാണിത്. തീരദേശത്ത് അമ്പത് മീറ്ററിനുള്ളിൽ താമസിക്കുന്ന 18869 കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിക്കുന്നതിൻ കുടുംബമൊന്നിൻ പത്ത് ലക്ഷം രൂപ വീതമാണ് നൽകുന്നത്. പുനർഗേഹമുൾപ്പെടെ മത്സ്യബന്ധനവകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ ഇതുവരെ 2321 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിൻ പത്ത് ലക്ഷം രൂപവീതം ധനസഹായം നൽകിക്കഴിഞ്ഞിട്ടുണ്ട്. 1328 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിൻ കഴിയുന്ന പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിൽ 192 ഫ്ലാറ്റുകൾ പൂർത്തീകരിച്ച് മുട്ടത്തറയിൽ പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4768 ആദിവാസി കുടുംബങ്ങൾക്ക് 3869.73 ഏക്കർ ഭൂമി വിവിധ സ്കീമുകളിലായി വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 1395 പേർക്ക് 1796.96 ഏക്കർ ഭൂമിയും 2708 പേർക്ക് 1870 ഏക്കർ നിക്ഷിപ്ത വനഭൂമിയും ഭൂമി വാങ്ങൽ പദ്ധതിയനുസരിച്ച് 479 പേർക്ക് 175 ഏക്കർ ഭൂമിയും 186 പേർക്ക് 27 ഏക്കർ റവന്യൂ ഭൂമിയും നൽകിയിട്ടുണ്ട്. രണ്ട് മാസത്തിനകം 3000 പേർക്കുകൂടി 2000 ഏക്കർ ഭൂമി വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയായി വരികയാണ്. എൽ.ഡി.എഫ്. സർക്കാർ 91 സീറ്റുകൾ നേടിക്കൊണ്ടാണ് 2016-ൽ അധികാരത്തിലെത്തിയത്. ഞങ്ങളുടെ അനുഭവത്തിൽ നിന്നും മനസ്സിലാകുന്നത് ജനപിന്തുണ ഏറിവരുന്നുവെന്നാണ്. ജനകീയാടിത്തറ വികസിക്കുന്ന ഒരു മുന്നണിയായി എൽ.ഡി.എഫ്. മാറുകയാണ്. നടന്ന ഉപതെരഞ്ഞെടുപ്പുകളിലെല്ലാം എൽ.ഡി.എഫ്.-ൻ നേട്ടമുണ്ടായത് സൂചിപ്പിക്കുന്നത് അതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ 99 മണ്ഡലങ്ങളിൽ മുന്തൂക്കം നേടുന്നതിൻ എൽ.ഡി.എഫ്-ൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ മറുപക്ഷത്തു

ണ്ടായിരുന്ന ചില വിഭാഗങ്ങളും ജനങ്ങളും പൂർണ്ണമായി ഇടതുപക്ഷ ജനാധിപത്യമുന്നണിയിലേയ്ക്ക് എത്തിയിരിക്കുന്നു എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. പ്രതിപക്ഷത്തിന്റെ കൂടെ നിൽക്കുകയും പിന്താങ്ങുകയും ചെയ്യുന്ന ആളുകളിൽ നല്ലൊരു ഭാഗം ഇടതുപക്ഷ ജനാധിപത്യ മുന്നണിയോട് ആഭിമുഖ്യമുള്ളവരായി മാറിയിരിക്കുകയാണ്. ഈ യാഥാർത്ഥ്യം നാം കാണണം. രാഷ്ട്രീയമായി നിങ്ങളുടെ കാലിൻ ചുവട്ടിലുള്ള മണ്ണ് ഒലിച്ചുപോകുകയാണെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞാൽ നല്ലത്. തെറ്റായ നയങ്ങളുടെ ഫലമായി സ്വന്തം അടിത്തറ തകർന്നുപോകുന്നതിന് ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കോൺഗ്രസ്സിന്റെ തകർച്ചയ്ക്കുള്ള കാരണം അതാണെന്ന് നിങ്ങൾ തിരിച്ചറിയണം. നിങ്ങളുടെ നയമാണ് തിരുത്തപ്പെടേണ്ടത്.

**കെ. സി. ജോസഫ്:** സർ, ഈ സഭയിൽ ഒരു പ്രത്യേക സമ്മേളനം ചേർന്ന് നമ്മെളെല്ലാം കർഷക സമരത്തെ അനുകൂലിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. കർഷകസമരം അൻപത് ദിവസമായിട്ടും ഒരു ചർച്ചയ്ക്കുപോലും ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുൻകയ്യെടുക്കുന്നില്ല, അദ്ദേഹം ആരോടും സംസാരിക്കുന്നില്ല. അതേപ്പറ്റി ഒരു വാക്ക് പറയാൻ ബഹുമാന്യനായ അങ്ങ് തയ്യാറാകുന്നില്ല. പ്രമേയം പാസ്സാക്കലല്ലാതെ, രാജസ്ഥാൻ, പഞ്ചാബ്, ഛത്തീസ്ഗഡ് എന്നീ സംസ്ഥാന ഗവണ്മെന്റുകളുടെ മാതൃകയിൽ ഒരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ? കലണ്ടർ ഷെഡ്യൂളിൽ അത് കാണുന്നില്ല. അതുകൊണ്ടാണ് ചോദിക്കുന്നത്.

**പിണറായി വിജയൻ:** സർ, നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഒരു പ്രശ്നമുള്ളത് നിലവിലുള്ള നിയമങ്ങൾ സ്റ്റേയിലാണ്. ആ നിയമത്തിൻ ഭേദഗതിയായിട്ടാണ് നിയമം കൊണ്ടുവരാൻ ആലോചിച്ചത്. നിയമത്തിന്റെ ഇനിയുള്ള അവസ്ഥയെന്താണെന്ന് പരിശോധിച്ചതിനുശേഷം മറ്റ് നടപടി സ്വീകരിക്കാം. അക്കാര്യത്തിലൊന്നും ഒരഭിപ്രായ വ്യത്യാസവുമില്ല,

രണ്ട് കൂട്ടരും ഒരുപോലെ ചിന്തിക്കുന്നവരാണ്. സമയം നോക്കി അക്കാര്യം തീരുമാനിക്കാവുന്നതാണ്. തെറ്റായ നയങ്ങളുടെ ഫലമായി നിങ്ങൾ ദുർബലപ്പെടുമ്പോൾ, അതിൽനിന്നും മറികടക്കാൻ, ആ കുറവ് നികത്താൻ ഏതെങ്കിലും ഒരു വർഗ്ഗീയശക്തിയേയോ, വർഗ്ഗീയ ശക്തികളെയോ കൂട്ടുപിടിക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം ആപത്കരമായിരിക്കും. മതനിരപേക്ഷത ഉയർത്തിപ്പിടിക്കാൻ രാജ്യത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ നിങ്ങൾ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആ മതനിരപേക്ഷ നിലപാട് ഉപേക്ഷിച്ച് താൽക്കാലിക ലാഭത്തിനുവേണ്ടി വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടാൻ തയ്യാറായാൽ അതുണ്ടാക്കുന്നത് വലിയ ആപത്തായിരിക്കും. നിങ്ങളുടെ വലിയ തോതിലുള്ള ശോഷണത്തിന് അത് വഴിവയ്ക്കും എന്നു തിരിച്ചറിയണം. തെറ്റായ നിലപാട് സ്വീകരിക്കുന്ന നിങ്ങളെ കേരള ജനത ചരിത്രത്തിന്റെ ചവറ്റുകുട്ടയിലെറിയുന്ന നിലയായിരിക്കും ഉണ്ടാകുക എന്ന് മനസ്സിലാക്കണം. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

**2021 ജനുവരി 14**

## അടിയന്തരപ്രമേയം

# സ്വർണ്ണക്കടത്ത് കേസ്

മി. സ്പീക്കർ: സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി അറസ്റ്റിലാവുകയും അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സംശയത്തിന്റെ നിഴലിൽ നിൽക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

സർ, സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾത്തന്നെ ശക്തമായ നടപടി വേണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. രാജ്യത്തിന്റെ സമ്പദ്ഘടനയെയും സാമ്പത്തിക ഭദ്രതയെയും തകർക്കുന്ന സ്വർണ്ണ കള്ളക്കടത്തിന്റെ അടിവേരുകൾ കണ്ടെത്തണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. കള്ളക്കടത്തിലൂടെ രാജ്യാതിർത്തി കടന്നുവരുന്ന സ്വർണ്ണം എത്തിച്ചേരുന്ന സ്ഥലം കണ്ടുപിടിക്കുകയും ചെയ്യാം. അതുകൊണ്ടാണ് കാര്യക്ഷമവും ഏകോപിതവുമായ അന്വേഷണം കേന്ദ്ര ഏജൻസികൾ നടത്തണമെന്ന് ഇന്ത്യൻ പ്രധാനമന്ത്രിയോട് 2020 ജൂലൈ 8-ന് കത്തിലൂടെ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. കസ്റ്റംസ് പ്രിവെന്റീവ് തിരുവനന്തപുരം യൂണിറ്റ് അന്വേഷിച്ചുവന്ന സ്വർണ്ണക്കടത്ത് കേസ്സിൽ ദേശീയ അന്വേഷണ ഏജൻസികൂടി അന്വേഷണം ആരംഭിച്ചപ്പോൾ അതിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും സംസ്ഥാന സർക്കാർ വാഗ്ദാനം ചെയ്തു. യു.എ.ഇ. കോൺസുലേറ്റുമായി ബന്ധമുണ്ടായിരുന്ന ചിലർക്ക് നയതന്ത്ര ബാഗേജുവഴി സ്വർണ്ണം രാജ്യത്തിനുള്ളിലേയ്ക്ക് കൊണ്ടുവരുന്നതിൽ പങ്കുണ്ടെന്ന് കസ്റ്റംസ് പ്രാഥമികമായി കണ്ടെത്തിയെന്നാണ് പൊതുമണ്ഡലത്തിൽ ലഭ്യമായ വിവരം.

ഈ കേസ്സിലെ ചില പ്രതികളുമായി ബന്ധമുണ്ടെന്ന വാർത്തകൾ വന്നതിനെത്തുടർന്ന് മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. ശിവശങ്കറിനെ തൽസ്ഥാനത്തുനിന്നും അദ്ദേഹം വഹിച്ചിരുന്ന ഐ.റ്റി. വകുപ്പിന്റെ സെക്രട്ടറി ചുമതലയിൽനിന്നും ഉടൻ ഒഴിവാക്കുകയുണ്ടായി. തുടർന്ന് അദ്ദേഹത്തെ അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും വകുപ്പുതല അന്വേഷണം നടന്നുവരികയുമാണ്.

മുഖ്യമന്ത്രിയുടെ ഓഫീസിലെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. സി. എം. രവീന്ദ്രനെ

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തുവെന്നാണ് മറ്റൊരു ആരോപണമായി പറയുന്നത്. നിലവിൽ അദ്ദേഹത്തിന്റെ പേരിൽ എന്തെങ്കിലുമൊരു കുറ്റം കണ്ടെത്തിയിട്ടുണ്ടോ? ഏതാനും ചില പരാതികളുടെ അടിസ്ഥാനത്തിൽ വ്യക്തത വരുത്തുന്നതിനായി അദ്ദേഹത്തിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് സ്വർണ്ണക്കടത്തുമായും രാജ്യദ്രോഹമായുമൊക്കെ ബന്ധപ്പെട്ടതാണെന്ന് പറയുന്നത് വികലമായ മനസ്സുകളുടെ വ്യാമോഹം മാത്രമാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് രാജ്യദ്രോഹ പ്രവർത്തനത്തിൽ പങ്കെടുത്തുവെന്നാണ് പറയുന്നത്. ദേശീയ അന്വേഷണ ഏജൻസി കോടതിയിൽ ഒരു കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഒന്ന് കണ്ണുതുറന്ന് കാണണം. ആ ഏജൻസി മുഖ്യമന്ത്രിയുടെ ഓഫീസ് ഇങ്ങനെ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ടോ? എല്ലാ അന്വേഷണ ഏജൻസികൾക്കും മുകളിൽ തങ്ങളുടെ ആരോപണമാണ് ആത്യന്തികമായ സത്യമെന്ന് കരുതി നുണകൾ വീണ്ടും വീണ്ടും ആവർത്തിക്കുന്ന ഗീബൽസിയന്റെ ശിഷ്യന്മാരെ കാര്യങ്ങൾ ബോധിപ്പിക്കാമെന്ന വ്യാമോഹം ഞങ്ങൾക്കില്ല. ആവർത്തിക്കപ്പെടുന്ന വ്യാജ ആരോപണങ്ങൾ ഈ നാട്ടിലെ ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല. കോടതികളുടെ പരിഗണനയിലുള്ള വിഷയത്തെപ്പറ്റി ഇതിലധികം പറയുന്നത് ഉചിതമല്ലെന്നാണ് കരുതുന്നത്. അതുകൊണ്ടുതന്നെ ഇത്തരമൊരു വിഷയം സഭ നിർത്തിവച്ചു ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

സർ, ഈ നിയമസഭ സാധാരണ നിലയിൽ അടിയന്തരപ്രമേയങ്ങൾ ധാരാളം കൈകാര്യം ചെയ്തിട്ടുള്ളൊരു സഭയാണ്. പ്രമേയാവതാരകർ അവതരിപ്പിക്കുന്നത് ഈ സഭ തുടങ്ങിയ കാലം മുതൽക്കേ കേട്ടിട്ടുണ്ട്. പക്ഷേ, ഇതുപോലൊരെണ്ണം കുറിക്ക് കൊണ്ടതായിട്ടാണ് ശ്രീ. കെ. സി. ജോസഫിന് തോന്നിയത്. ബഹുമാന്യനായ പ്രമേയാവതാരകനെ നിയന്ത്രിക്കാൻ അവരുടെ ഗ്രൂപ്പ് സമവായംവച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവിന് സാധിക്കില്ലെന്ന് എനിക്കറിയാം. പക്ഷേ, ഈ പറഞ്ഞയാൾ ശ്രീ. കെ. സി. ജോസഫിന്റെ ഗ്രൂപ്പിലാണല്ലോ; അതിന്റെ യഥാർത്ഥ തലവൻ അനങ്ങാതെ ഇരിക്കുന്നുണ്ടല്ലോ. ഇത് പൂരപ്പാട്ടിന്റെ സ്ഥലമാണോ? എന്തും പറയാമെന്നാണോ? 'എന്തും പറയാം വഷളാ' എന്ന് സാധാരണ പറയാറുണ്ട്. അത് നമ്മുടെ നിയമസഭയിൽ ഉപയോഗിക്കാൻ പാടില്ല. എന്താണിവിടെ കേട്ടത്? ഇവിടെ ഒരു മോഹം, അത് പ്രമേയാവതാരകന് മാത്രമുള്ളതായിരിക്കുകയില്ല; ആ മാനസികഘടന അവിടെ പലർക്കുമുണ്ടാകാം. ഇങ്ങനെ ഒരവസരം കിട്ടിയപ്പോൾ ഏതെങ്കിലും തരത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രി സ്ഥാനത്ത് ഇപ്പോൾ ഇരിക്കുന്നയാളെ ഇതിന്റെ ഭാഗമാക്കാൻ കഴിയും, അതിൽ പ്രതിയാക്കാൻ പറ്റും; ആ മോഹം ഇതുവരെ പൂവണിഞ്ഞില്ല. ധാരാളം ശ്രമം ഇതിനുവേണ്ടി നടന്നിട്ടുണ്ടാകും. അതു വേറെ. സ്വാഭാവികമായും പല നീക്കങ്ങളും നടത്തുമല്ലോ. ആദ്യം പറഞ്ഞത് എന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. എം. ശിവശങ്കറിനെക്കുറിച്ചാണ്. ശ്രീ. എം. ശിവശങ്കറിന് ഐ.എ.എസ്. ലഭിക്കുന്നത് 1995-ലാണ്. ....(ബഹളം)....പ്രതിപക്ഷം എന്തുകൊണ്ടാണ് ഒച്ചയുണ്ടാക്കുന്നതെന്ന് മനസ്സിലായോ? അന്ന് ശ്രീ. എ. കെ. ആന്റണി ആയിരുന്നു മുഖ്യമന്ത്രി. ഒച്ചയുണ്ടാക്കിയ ആളെ നോക്കിയാലറിയാം ശ്രീ. എ. കെ ആന്റണിയുടെ ഇപ്പോഴത്തെ അനുയായിയാണോ എന്നറിയില്ല, അന്നത്തെ അനുയായി ആയിരുന്നു. ആ വകയിലാണ് ആ ശബ്ദമുണ്ടാക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അദ്ദേഹം ഡി.പി.ഐ. ആയിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുമായിരുന്നു. കെ.എസ്.ഇ.ബി.എൽ. ചെയർമാനും ഊർജ്ജ വകുപ്പുസെക്രട്ടറിയും ഒന്നിച്ച് ശ്രീ. എം. ശിവശങ്കർ ആയത് ഏത് ഭരണ കാലത്താണ്? പ്രമേയാവതാരകൻ എന്തോ ഞാനുമായി ബന്ധപ്പെടുത്തി പറയുന്നത് കേട്ടു. അന്ന് ആരായിരുന്നു കേരളത്തിന്റെ വൈദ്യുതി വകുപ്പുമന്ത്രി? അന്നത്തെ മുഖ്യമന്ത്രി ഈ സഭയിൽത്തന്നെ ഇരിക്കുന്നില്ലേ? ഇതാണ് ഞാൻ പറഞ്ഞത്, എന്തും വിളിച്ചുപറയാം എന്നുള്ളതാണ്. അദ്ദേഹം ദേശീയ ഗെയിംസിന്റെ ചുമതലക്കാരനും സ്പോർട്സിന്റെ സെക്രട്ടറി സ്ഥാനവും വഹിച്ചില്ലേ? ഇതൊക്കെ ഒരു ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തതല്ലല്ലോ.

യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ നിയമിച്ചില്ലേ? അപ്പോൾ വിവിധ ചുമതല കൾ വഹിക്കാൻ പ്രാപ്തനാണെന്നുള്ളതുകൊണ്ട് തന്നെയാണ് ആ ചുമതലകൾ ഗവൺമെന്റ് അദ്ദേഹത്തെ ഏൽപ്പിച്ചത്. നടക്കാൻ പാടില്ലാത്തൊരു സംഭവമുണ്ടായി. അങ്ങനെ ഒരു പ്രശ്നം വന്നാൽ സ്വാഭാവികമായി അതിൽ സ്വീകരിക്കേണ്ട നടപടി ഇന്നത്തെ ഗവൺമെന്റും മുഖ്യമ ന്ത്രിയെന്ന നിലയ്ക്ക് ഞാനും സ്വീകരിച്ചു. അതിന്റെ ഭാഗമായി എന്താണ് വിളിച്ചുപറഞ്ഞത്? ഇവിടെ ഏജൻസികൾ വന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്, ഇതിന്റെ ഉറവിടവും ഇത് എവിടെയെത്തി എന്നതടക്കവു മുള്ളത് കണ്ടെത്തണം, അതിന് സമഗ്രാന്വേഷണം വേണമെന്നാണ്. അതിന്റെ ഭാഗമായി ഒരു ഘട്ടം കഴിഞ്ഞപ്പോൾ പിന്നെ എങ്ങോട്ടാണ് മാറിയത്? അക്കാര്യങ്ങൾ സംസ്ഥാന സർക്കാർ എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണ്ടേ; കേന്ദ്ര അന്വേഷണ ഏജൻസികൾ ചെയ്യുന്ന കാര്യം എന്താണെന്നുള്ളത് നമ്മൾ ഉദ്ദേശിച്ച നിലയിൽനിന്നും മാറി രാഷ്ട്രീയമായി കൈകാര്യം ചെയ്യുന്ന അവസ്ഥയിലേയ്ക്ക് വരുമ്പോൾ സ്വാഭാവികമായി കേന്ദ്ര ഗവൺമെന്റി നെ അറിയിക്കണ്ടേ? അന്വേഷണ ഏജൻസിയുടെ സാധാരണ ധർമ്മത്തിൽനിന്നും മാറിപ്പോ കുന്നുവെന്ന് തോന്നിയാൽ അറിയിക്കേണ്ട ബാധ്യത സംസ്ഥാന സർക്കാരിനില്ലേ; അതല്ലേ അറിയിച്ചത്? ശ്രീ. എം. ശിവശങ്കർ നടത്തിയ വിദേശ യാത്രയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചത്, എനിക്ക് ഉളുപ്പുണ്ടോ എന്നാണ്. ഞാൻ അതിന്റെ ഉത്തരവാദിത്വം ഏറ്റെ ടുക്കേണ്ടത് എന്തിനാണ്? അദ്ദേഹം വിദേശയാത്ര നടത്തിയതെന്തിനാണെന്ന് അദ്ദേഹംതന്നെ വ്യക്തമാക്കിയതാണ്. പ്രമേയാവതാരകന് എന്നെ കുറച്ച് വഴക്ക് പറയണമെന്നുള്ളതുകൊണ്ട് അതിനുവേണ്ടി കുറേ വാക്കുകളെടുത്ത് പ്രയോഗിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു, നി ങ്ങളാണ് ഒന്നാം പ്രതിയെന്ന്. ശ്രീ. പി. ടി. തോമസിന് പിണറായി വിജയനെ മനസ്സിലായിട്ടില്ല, അതുകൊണ്ടാണ്. കുറേക്കാലം നിങ്ങളെല്ലാവരുംകൂടി പ്രതിയാക്കാനായി നടന്നില്ലേ; ആ പ്ര തിയല്ലെന്ന് പറഞ്ഞത് ആരാണ്? ഈ കേസ് നിലനിൽക്കുന്നതല്ലെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട കോടതി അത് വലിച്ചെറിയുകയാണ് ചെയ്തത്. മറന്നുപോയോ അത്? കഴിഞ്ഞ ദിവസവും ഈ സഭയിൽ ലാവ്ലിൻ കേസ്സിനെക്കുറിച്ച് നിങ്ങൾ പറഞ്ഞില്ലേ? അതെല്ലാം മോഹങ്ങളാണ്. അതി നെല്ലാം വ്യക്തമായ ചില രാഷ്ട്രീയ ഉദ്ദേശങ്ങളുണ്ടായിരുന്നു. ഞാൻ ഇതുവരെ അതിലേയ്ക്ക് പോയിട്ടില്ല. ഇപ്പോഴും പോകുന്നില്ല, ആരും ശങ്കിക്കേണ്ട, അതിലേയ്ക്കൊന്നും ഞാൻ പോകു ന്നില്ല. പക്ഷേ, വ്യക്തമായ രാഷ്ട്രീയ ഉദ്ദേശത്തോടെ നടന്നൊരു ഗൂഢാലോചനയുടെ ഫലമായി രുന്നു അത്. അത് നിലനിന്നോ; എന്തുകൊണ്ടാണ്? ഈ കൈകൾ ശുദ്ധമാണെന്ന് പറയുന്നത് ശുദ്ധമായതുകൊണ്ടാണ്, വെറുതെ പറയുന്നതല്ല. ആരുടെയും മുന്നിൽ തല ഉയർത്തിപ്പിടിച്ച് പറയാൻ കഴിയും. അത് പറയാനുള്ള കരുത്ത് ഈ നെഞ്ചിനുണ്ട്. അത് മനസ്സിലാക്കണം.

ലാവ്ലിൻ കേസ്സിനുവേണ്ട ഒത്താശകൾ ചെയ്തുതന്നത് ശ്രീ. എം. ശിവശങ്കർ ആണെന്നാ ണ് ഇപ്പോഴത്തെ കണ്ടുപിടിത്തം. ലാവ്ലിൻ കേസ് പൂർണ്ണമായും ഫ്രെയിം ചെയ്തുകഴിഞ്ഞു. കോടതിയിൽ അതുമായി ബന്ധപ്പെട്ട വാദങ്ങൾ നടന്നു. അതിൽ എവിടെയാണ് ശ്രീ. എം. ശിവശങ്കറിന്റെ സഹായം ആ കേസിലെ പ്രതിയായിരുന്ന പിണറായി വിജയന് ലഭിച്ചത്? ആ കേസ്സിൽ പറഞ്ഞ കാര്യങ്ങൾ വച്ചുകൊണ്ടാണ് വാദം നടന്നത്. അതിൽ യാതൊരു കാര്യവു മില്ല, ഈ കേസ് തന്നെ നിലനിൽക്കുന്നതല്ലെന്ന് കോടതി പറയുകയുണ്ടായി. അപ്പീലിന് പോ യപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയും ഇതുതന്നെയാണ് പറഞ്ഞത്. ഇതല്ലേ വസ്തുത? ശ്രീ. എം. ശിവശങ്കർ എന്തോ എനിക്ക് ചോർത്തിതന്നുവെന്നാണ് പറയുന്നത്. സാധാരണ തെറിപറയാൻ ഉപയോഗിക്കുന്ന ചില മാർഗ്ഗങ്ങളുണ്ട്. നമ്മുടെ ചില സുഹൃത്തുക്കൾ സാധാരണ ചെയ്യുന്നൊരു രീതിയാണത്. ഒരാൾ നിങ്ങളുടെ അടുത്തുണ്ട്, അയാളോട് നേരിട്ട് തെറിപറയണം, പക്ഷെ നേരിട്ട് പറയാനൊരു വൈഷമ്യം. അതുകൊണ്ട് ഫോണിലൂടെയാണ് തെറി പറയുക. ഫോണിലൂടെ ആരെയും വിളിക്കുന്നതല്ല, ഇയാളോട് പറയുകയാണ്. പക്ഷെ

അയാളോട് നേരിട്ട് പറയാതെ തെറി ഇങ്ങനെ ഫോണിലൂടെ പറയുകയാണ് ചെയ്യുന്നത്. അതുപോലെയല്ലേ ഇപ്പോൾ ഇവിടെ കണ്ടത്? ഏത് ടിഷ്യൂ പേപ്പർ കാണിച്ചാലും ഒപ്പിട്ട് കൊടുക്കുന്ന ആളാണ് കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന് ശ്രീ. എം. ശിവശങ്കർ പറഞ്ഞുവെന്നാണ് ഇവിടെ ബഹുമാന്യനായ പ്രമേയാവതാരകൻ പറഞ്ഞത്. അദ്ദേഹം വേറൊരു കാര്യം പറഞ്ഞല്ലോ; ആ പറഞ്ഞ കാര്യം വസ്തുതയും ഇത് ശുദ്ധ നുണയുമല്ലേ? ഇല്ലാത്തൊരു കാര്യം കെട്ടിച്ചമച്ച് പറഞ്ഞതല്ലേ; എന്നോടൊപ്പം പ്രവർത്തിക്കുന്ന ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന് ഇത്തരത്തിലൊരു അഭിപ്രായമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ആ ഉദ്യോഗസ്ഥരിൽ ഇവർക്കെല്ലാം വളരെ അടുത്ത ബന്ധമുള്ള ധാരാളം ആൾക്കാരും കാണുമല്ലോ? അത് സ്വാഭാവികമല്ലേ; ഇവരെല്ലാം ഒരുപാടു കാലം ഭരണം കൈകാര്യം ചെയ്തവരല്ലേ? കാര്യങ്ങൾ മനസ്സിലാക്കാനാണെങ്കിൽ അവരോട് ചോദിക്കണം. എന്തും പറയാൻ മിടുക്കുള്ളവരാണല്ലോ? പത്രസമ്മേളനം ഞാൻ നടത്തുന്ന ഘട്ടത്തിൽ, നേരത്തെ പത്രസമ്മേളനം നടത്താത്തതിനെ പറ്റിയായിരുന്നു വർത്തമാനം. ഒരാവശ്യം വന്നാൽ പത്രസമ്മേളനം നടത്തണമല്ലോ? അങ്ങനെ പത്രസമ്മേളനം നടത്തിയപ്പോൾ എന്തായിരുന്നു നമ്മുടെ ഉത്തരവാദപ്പെട്ട ചിലർ പറഞ്ഞത്? പി. ആർ. ഏജൻസി പറഞ്ഞതിന്റെ ഭാഗമായി ചിരിക്കേണ്ടപ്പോൾ ചിരിക്കുന്നു, പറയേണ്ട കാര്യങ്ങൾ പറയുന്നു എന്നാണ്. പി.ആർ. ഏജൻസിയാണോ പിണറായി വിജയനെ മുഖ്യമന്ത്രിയാക്കിയത്?....... (മൈക്ക് ഓഫ്) .....അവിടെനിന്നും പറയുന്നതെന്താണെന്ന് കേൾക്കുന്നില്ല, എന്താണ് പറയുന്നതെന്ന് മനസ്സിലാകാത്തതുകൊണ്ടാണ് ഞാൻ ചെവികൂർപ്പിച്ച് നിൽക്കുന്നത്. അവിടെ നിന്നും മെല്ലെ മെല്ലെ പറയുകയാണ്. കുറച്ചൊരു ശങ്കയുണ്ട്. ശങ്കയുണ്ടാകില്ല, ശങ്കയുണ്ടാകണമെങ്കിൽ അതിനുമാത്രം വിവേകം വേണം. വിവേകമുള്ളവർക്കേ ശങ്കയുണ്ടാകൂ. വിവേകമുള്ളവർ ശരിയല്ലാത്ത കാര്യങ്ങൾ പറയാൻ പാടുണ്ടോയെന്ന് എപ്പോഴും ചിന്തിക്കും. വിവേകമില്ലെങ്കിൽ ഞാൻ എന്ത് ചെയ്യാനാണ്? അതാണ് ഞാൻ പറഞ്ഞത്, ഓരോന്നിന്റെ ഓരവും ഗ്രൂപ്പും ചാരിക്കൊണ്ടാണല്ലോ, രക്ഷിച്ച് പോകുകയല്ലേ; അപ്പോൾ അവർ ആലോചിക്കണം അത് ശരിയാണോയെന്ന്. ഇവിടെ പിരിച്ച പണം എവിടെയെന്ന് ചോദിച്ചു, ഞങ്ങളാരും നേരിട്ട് പണം വാങ്ങുകയല്ല, അത് ഗവൺമെന്റിലേയ്ക്ക് വരികയാണ് ചെയ്യുന്നത്. പണം വന്നിട്ടുണ്ടെങ്കിൽ അവിടെ കാണും. ഈ ലോക്ക്ഡൗൺ സമയത്ത് സ്വപ്ന സുരേഷ് എങ്ങനെ ബാംഗ്ലൂരിലെത്തി എന്നൊരു ചോദ്യം പ്രമേയാവതാരകൻ ചോദിച്ചു. അത് അന്വേഷിക്കേണ്ടത് കേന്ദ്ര ഏജൻസിയല്ലേ? അവരത് അന്വേഷിക്കട്ടെ; എങ്ങനെയാണ് എത്തിയത്, ആരാണ് സഹായിച്ചത് തുടങ്ങിയ കാര്യങ്ങളിലേയ്ക്ക് അവർ കടക്കണ്ടേ; അവർ ഒരുപാട് കാര്യങ്ങൾ അന്വേഷിക്കുന്നില്ലേ; അവർക്ക് അതും അന്വേഷിക്കാമല്ലോ; ജയിലിലെ കാര്യങ്ങൾ അന്വേഷിക്കാൻ ഡി.ഐ.ജി.-ക്ക് അർഹതയില്ലെന്ന് എന്ത് അടിസ്ഥാനത്തിലാണ് പറയുന്നത്? ജയിലിന്റെ കാര്യം ജയിൽ ഡി.ഐ.ജി. യാണ് അന്വേഷിക്കുന്നത്. ജയിലുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ഉന്നയിക്കപ്പെട്ടാൽ ആ പ്രശ്നത്തിന്റെ യഥാർത്ഥ വസ്തുത മനസ്സിലാക്കുന്നതിനുവേണ്ടി സ്വാഭാവികമായും ഡി.ഐ.ജി. അന്വേഷിക്കും. യു.എ.പി.എ.-കേസ്സിൽ പ്രതിയായിരിക്കുന്നു, അതുകൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രിയും അതിന്റെ ഭാഗമായി യു.എ.പി.എ. പ്രകാരം പ്രതിയാകേണ്ടതാണെന്നും പറഞ്ഞുവച്ചു. അതാണ് ഞാൻ പറഞ്ഞത് മോഹം, ആഗ്രഹങ്ങൾ എന്നൊക്കെ. അതിനുള്ള ഒരു പറച്ചിൽ കേന്ദ്രമാക്കി നിയമസഭയെയും എടുത്തതാണ്.

ലൈഫ് മിഷന്റെ തലപ്പത്തിരിക്കുന്ന ശ്രീ. യു. വി. ജോസ് ഏത് കേസ്സിലാണ് പ്രതി? എന്ത് കണക്കിലാണ് അത് പറഞ്ഞത്? അതും ഒരു പൂതിയുടെ ഭാഗമായി പറയുകയാണ്. ആദ്യം ജയിലിൽ കിടന്ന ആൾ എന്ന് പ്രമേയാവതാരകൻ പറയുകയുണ്ടായി. ഞാൻ ഒന്നേ പറയുന്നുള്ളൂ, കമ്മ്യൂണിസ്റ്റുകാരെ ജയിൽ കാണിച്ച് പേടിപ്പിക്കരുത്. അതൊന്ന് ഓർമ്മ വച്ചാൽമതി. .. . . . (ബഹളം). . . . .നടുവേദനയ്ക്കുവേണ്ടി നിങ്ങളുടെയെല്ലാം വലിയ നേതാവിന്റെ കാലത്ത് പലതും ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ നട്ടെല്ല് നിവർന്നുതന്നെയാണ് നിൽക്കുന്നത്. നട്ടെല്ല്

ഒടിക്കാൻ നേതൃത്വം കൊടുത്ത പോലീസ് ഉദ്യോഗസ്ഥനെ ഒരു തവണ കാണാൻ അവസരം കിട്ടിയപ്പോൾ ഞാൻ ചോദിച്ചിരുന്നു. അയാൾ അന്നത്തെ ഐ.ജി. അലക്സാണ്ടർ ജേക്കബിനോടൊപ്പം ജയിൽ സന്ദർശനത്തിന് വന്നിരുന്നു. അന്ന് എന്റെ കാല് പൊക്കിക്കാണിച്ചുകൊണ്ട് ഞാൻ പറഞ്ഞു.... അയാളുടെ പേര് ഞാനിവിടെ പറയുന്നില്ല. അയാളുടെ പേരുവിളിച്ചുകൊണ്ട് ഞാൻ പറഞ്ഞു, മിസ്റ്റർ,...... കാലൊക്കെ ശരിയായി കേട്ടോ, ഇതൊക്കെ ഞങ്ങൾക്ക് പറഞ്ഞിട്ടുള്ളതാണ് എന്ന്. നട്ടെല്ല് ഒടിക്കാനൊക്കെ വലിയ ശ്രമം നടന്നിരുന്നു. അതുകൊണ്ടൊന്നും നട്ടെല്ല് ഒടിഞ്ഞുപോയിട്ടില്ല.

ശ്രീ. എം. ശിവശങ്കറിന് അവിഹിത പ്രൊമോഷൻ കൊടുത്തുവെന്ന് അംഗം പറയുകയുണ്ടായി. ഏതു പ്രൊമോഷനാണ് അവിഹിതമായി കൊടുത്തത്? അപ്പോൾ എന്തും പറയാമെന്നുള്ളതാണ്. പിന്നെ ഭയങ്കരമായ ചോദ്യം, കെട്ടിപൊക്കിയ നുണയല്ലേ; എന്റെ മകളുടെ വിവാഹച്ചടങ്ങ് നടന്നത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന ക്ലിഫ് ഹൗസിലെ ആ പഴയ റൂമിലായിരുന്നു. ആ റൂം അറിയാത്തവരാരും ഉണ്ടാകില്ലല്ലോ, അവിടത്തെ ഏറ്റവും വലിയ റൂമില്ലേ, ആ മഹാറൂമിൽ വച്ചാണ് കല്യാണം നടന്നത്. എന്നിട്ട് എന്താണ് ചെയ്തത്? വ്യവസായ വകുപ്പുമന്ത്രിയായ ശ്രീ. ഇ. പി. ജയരാജന്റെ ഭാര്യയുടെ തല ആ ഫോട്ടോയിൽനിന്നും വെട്ടിമാറ്റി ഈ സ്ത്രീയുടെ തലയുടെ ഫോട്ടോ വച്ചുകൊടുത്തു. അവിടെയാണ് ഉളുപ്പു വേണ്ടത്. എന്നിട്ട് അത് ഏറ്റെടുത്ത് വരികയാണ്, തലേദിവസം വന്നിരുന്നോ; ഈ പറയുന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് പറയുകയാണ്, വിവാഹത്തലേന്ന് സ്വപ്ന സുരേഷ് വന്നോ? വന്നില്ല. ഇതല്ലേ ചോദ്യം. കുടുംബാംഗങ്ങളെ ആരെയെങ്കിലും ഏജൻസി ചോദ്യം ചെയ്തോ; നിങ്ങളിൽ പലർക്കും ചോദ്യം ചെയ്യണമെന്ന് മോഹമുണ്ടായിരുന്നു. അതിനുവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് എനിക്കറിയാം. പ്രമേയാവതാരകൻതന്നെ അതിനുവേണ്ടി കുറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ടാകും. പക്ഷേ, ഒരു ചോദ്യം ചെയ്യലും ഉണ്ടായിട്ടില്ല. നിരാശപ്പെടേണ്ട, ഇനിയും ശ്രമം നടത്തിക്കൊള്ളൂ. അത് സ്വാഭാവികമല്ലേ? ഇവിടെ ഞെളിഞ്ഞിരുന്ന് ചോദിക്കുന്നുവെന്നാണ് പറയുന്നത്; ഞങ്ങൾക്ക് അഭിമാനിക്കാൻ വകയുള്ളതുകൊണ്ടാണ് നിങ്ങൾ കാണുന്ന ആ ഞെളിഞ്ഞിരിക്കൽ വരുന്നത്. ഇവിടെ ആർക്കും ഒന്നും ആശങ്കപ്പെടാനില്ല. ഒരുപാട് കെട്ടുകഥകൾ, അതിന്റെ ഭാഗമായി ഭാവനയിൽ സൃഷ്ടിക്കപ്പെടുന്ന സൃഷ്ടികൾ, അന്വേഷണ ഏജൻസികൾക്ക് അയച്ചു കൊടുക്കുന്നുണ്ടല്ലോ? എന്തെല്ലാമായിരുന്നു വന്നത്; ഏതെല്ലാം തരത്തിലുള്ളതാണ്; സകല ആളുകളെയും പിടിക്കാൻ പറ്റുമോയെന്നല്ലേ വല വീശിക്കൊണ്ടു നോക്കുന്നത്; എന്തേ, ആ വലയിൽ ഒരു ചെറിയ പരലുപോലും പെടാത്തത്? ഇതൊരു പ്രത്യേക ജനുസ്സാണ്, അത് നിങ്ങൾക്ക് മനസ്സിലാകില്ല. അതിന്റെ പ്രത്യേകത മനസ്സിലാക്കണമെങ്കിൽ ആ വഴിക്ക് സഞ്ചരിക്കണം. പണം കാണുമ്പോൾ ഇങ്ങ് പോരട്ടെ, പോരട്ടെ എന്നു വിചാരിക്കലല്ല; അവിടെ ആർത്തിപ്പണ്ടാരമായി മാറുകയല്ല വേണ്ടത്. സർക്കാരിന്റെ പണം; അത് വിവിധ പ്രോജക്ടുകളായി വരുന്നു. ആ പ്രോജക്ടുകൾ നടപ്പാക്കുന്നു. അതിൽ നമുക്കാർക്കും വിഹിതം പറ്റാൻ അവകാശമില്ല. അത് അതിന്റെ വഴിക്ക് നടന്നുകൊള്ളണം. ആ വിഹിതം പറ്റാത്തതുകൊണ്ടാണ് ഈ ഇരിക്കുന്നവരെല്ലാം ഇപ്പോഴും തല ഉയർത്തിയിരിക്കുന്നത്. എല്ലാവരുടെ നേരെയും വല വീശാൻ നോക്കിയില്ലേ? ഈ പറഞ്ഞ എല്ലാ ഏജൻസികളും വന്നിട്ട് പരതിയില്ലേ? ഈ അവസാനഘട്ടം തെരഞ്ഞെടുപ്പിന്റെ സമയം എങ്ങനെയെങ്കിലും കുടുക്കിക്കളയാം എന്നാലോചിച്ചില്ലേ? എന്തെങ്കിലും കിട്ടിയോ? ഇല്ലാത്ത പല പരാതികളും അയച്ചപ്പോൾ ആ പരാതികളെക്കുറിച്ച് അന്വേഷിച്ചില്ലേ? കമ്മ്യൂണിസ്റ്റ് ആണോ എന്ന് ഇവിടെ ചോദിച്ചു; കമ്മ്യൂണിസ്റ്റ് ആയതുകൊണ്ടാണ് ഇതൊക്കെ ചെയ്യുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയായതുകൊണ്ടാണ് ഞങ്ങളെല്ലാവരുംകൂടി ഇതെല്ലാം ചെയ്യുന്നത്. ഇവിടെ നിങ്ങളുടെ സ്ഥാനം ചവറ്റുകുട്ടയിലായിരിക്കുമെന്ന് പറഞ്ഞു. അത് പ്രവചനമാണ്. അത് നമുക്ക് കാണാം; ആ പ്രവചനം ജനങ്ങൾ ഏറ്റെടുക്കേണ്ടതാണല്ലോ; ജനങ്ങളാണല്ലോ വിധികർത്താക്കൾ; ജനങ്ങളുടെ ഒരു വിധി വന്നുകഴിഞ്ഞു. അടുത്തതും നമുക്കുനോക്കാം.

ഇവിടെ കടമെടുത്തതിനെപ്പറ്റിയാണ് വലിയ തോതിൽ പറഞ്ഞത്. കടമെടുക്കണ്ടേ? നമ്മുടെ നാട് മുന്നോട്ടു പോകണമെങ്കിൽ കടമെടുക്കണ്ടേ; കടം ഏതെങ്കിലും തരത്തിൽ ദുർവ്യയപ്പെടുത്താനല്ല. ഈ നാടിന്റെ അഭിവൃദ്ധിക്കാണ്. കടമെടുത്ത് നാടിന്റെ വികസനത്തിനുവേണ്ടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.ആ വികസനം എല്ലാ ഭാഗത്തും കാണാനില്ലേ?

ഇവിടെ പറഞ്ഞ ഏറ്റവും വലിയ രസകരമായ ഒരു സംഭവം, ഇടിവെട്ടിന്റെ ഭാഗമായി എന്റെ വീട്ടിലെന്തോ രേഖ നശിച്ചുപോയി എന്നതാണ്. അതാരാണ് പറഞ്ഞത്? എന്റെ ഓർമ്മ ശരിയാണെങ്കിൽ സെക്രട്ടേറിയറ്റിലെ ഇടിവെട്ടിനെക്കുറിച്ച് പത്രസമ്മേളനത്തിൽ പറഞ്ഞതായി ഓർക്കുന്നു. ഇടിവെട്ട് പലയിടത്തും സംഭവിക്കാറില്ലേ? ഒരു ദിവസം ക്ലിഫ് ഹൗസിൽ ഇടിവെട്ടിയതിന്റെ ഭാഗമായി അവിടത്തെ ടി.വി. നശിച്ചുപോയി; ഏത് രേഖ നശിച്ചുവെന്നാണ് ഞാൻ പറഞ്ഞത്? അവിടത്തെ കമ്പ്യൂട്ടർ നശിച്ചുപോയിയെന്ന് ഞാൻ പറഞ്ഞിട്ടില്ല. കമ്പ്യൂട്ടർ അതേപോലെയിരിക്കുകയാണ്. അവിടെ ഇടിവെട്ടിയിരുന്നുവെന്ന് കേട്ടപ്പോൾ എന്നാൽ പിന്നെ ആ ഇടിവെട്ടും ഈ ഇടിവെട്ടും എല്ലാംകൂടി ചേർത്തുകൊണ്ട് അതിനെ ന്യായീകരിക്കാൻവേണ്ടി പറഞ്ഞതാണ് എന്നായി വാദം. അത് വാദത്തിനുവേണ്ടി ഉന്നയിച്ചതാണെന്ന് കണക്കാക്കാം. ഇപ്പോൾ അത് പ്രമേയാവതാരകൻ ഇവിടെക്കൊണ്ടുവന്ന് ഉന്നയിക്കുകയാണ്. ഇവിടെ ആ നവോത്ഥാനഘട്ടത്തിലുള്ള പ്രശ്നം ഇപ്പോഴും വിട്ടുപോയിട്ടില്ലെന്നാണ് തോന്നുന്നത്. അതിന്റെ കുറച്ച് മാനസിക വിഷമമുണ്ടെന്നാണ് തോന്നുന്നത്. നവോത്ഥാന ആശയങ്ങൾക്കെതിരെയുള്ള കാര്യങ്ങൾ വരുമ്പോൾ സ്വാഭാവികമായും നവോത്ഥാനത്തിനുവേണ്ടി നിൽക്കേണ്ടതായി വരും. അത് നിൽക്കുന്നുണ്ട്. അധോലോക നായകനാകണമെങ്കിൽ അധോലോക സ്വഭാവം വേണം; അധോലോകബന്ധം വേണം. ശപിച്ചതുകൊണ്ടുമാത്രം അധോലോക നായകനാവില്ല, അത് മനസ്സിലാക്കണം. ആ വാചകം നിങ്ങൾ പറഞ്ഞതിനുശേഷമാണ് സി.ബി.ഐ. കോടതിയിൽ പറഞ്ഞതിനെപ്പറ്റി നിങ്ങൾ പറഞ്ഞത്. ആദ്യം നിങ്ങളുടെ പ്രമേയാവതാരകൻ എന്നോടാണ് പറഞ്ഞത്, നവോത്ഥാന നായകനായി, പിന്നീട് അധോലോക നായകനായി മാറരുതെന്ന്. അതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്.

ഇവിടെ ഒരുപാട് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് വിശദീകരിക്കേണ്ടതുണ്ട്. ഞാൻ അതിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. സ്വർണ്ണക്കടത്ത് എന്താണെന്ന് വസ്തുതകളുടെ അടിസ്ഥാനത്തിലല്ലേ പരിശോധിക്കേണ്ടത്? നയതന്ത്ര ബാഗേജ് വഴി യു.എ.ഇ. കോൺസുലേറ്റുമായി ബന്ധമുണ്ടായിരുന്ന ചിലർ ഇത് കടത്തിയെന്ന് വിവരം കിട്ടിയപ്പോൾ ഇന്ത്യാ ഗവൺമെന്റിന്റെ പരിരക്ഷ ദുരുപയോഗപ്പെടുത്തി സ്വർണ്ണക്കടത്ത് നടത്തിയതിന് മുഖ്യമന്ത്രിയുടെ ഓഫീസിന് പങ്കുണ്ടെന്ന് പറഞ്ഞ് ദുരാരോപണം ഉന്നയിക്കുന്നത് ഒരു വൃഥാ വ്യായാമം മാത്രമാണ്. എന്നാൽ വസ്തുതകൾ ശരിയായി നേരിടാൻ പ്രമേയാവതാരകനും അദ്ദേഹത്തിന്റെ പാർട്ടിയും തയ്യാറാകുന്നില്ല എന്നതാണ് നാം കാണേണ്ട മറ്റൊരു കാര്യം. എന്തുകൊണ്ടാണ് കേന്ദ്ര ഏജൻസിയുടെ പ്രവർത്തനത്തെ വിമർശിക്കേണ്ടിവന്നതെന്ന് ഇവിടെ ഞാൻ പറഞ്ഞു. 21 തവണ നയതന്ത്ര ബാഗേജിലൂടെ സ്വർണ്ണം നയതന്ത്ര പരിരക്ഷ ദുരുപയോഗപ്പെടുത്തി സംസ്ഥാനത്ത് വന്നിട്ടുണ്ട്. അത് സംസ്ഥാനത്തെ സംവിധാനങ്ങളുടെയോ, മുഖ്യമന്ത്രിയുടെയോ, മുഖ്യമന്ത്രിയുടെ ഓഫീസിന്റെയോ വീഴ്ച കൊണ്ടാണോ; ഇത് പരിശോധിക്കാൻ നിയോഗിക്കപ്പെട്ട വകുപ്പും ഉദ്യോഗസ്ഥരുമില്ലേ? കസ്റ്റംസ് ഡ്യൂട്ടി വെട്ടിച്ച് കടത്തിക്കൊണ്ടുവരുന്ന സ്വർണ്ണം കണ്ടുകെട്ടേണ്ടത് കേന്ദ്ര സർക്കാരിന്റെ ഭാഗമായ കസ്റ്റംസ് വകുപ്പിന്റെ ചുമതലയാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിലെ ഇനമാണ് കസ്റ്റംസ്. സംസ്ഥാന സർക്കാരിനെ ബാധിക്കുന്ന വളരെ ഗൗരവമായ ഒരു വിഷയം ഇതിലടങ്ങിയിട്ടുണ്ട്. തീരുവ അടയ്ക്കാതെ കടത്തിക്കൊണ്ടുവരുന്ന സ്വർണ്ണം സംസ്ഥാനത്തിനുള്ളിലെ പല സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾക്കും വിറ്റഴിക്കപ്പെടുകയാണ്. ഇത്തരം കണക്കിൽപ്പെടാത്ത സ്വർണ്ണം വാങ്ങൽ കണക്കിൽപ്പെടാത്ത സ്വർണ്ണ വിൽപ്പനയിലേയ്ക്കും നയിക്കും. അതിന്റെ ഫലമായുണ്ടാകുന്ന നികുതി വെട്ടിപ്പ്

കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട വരുമാനത്തിൽ നല്ല രീതിയിൽ ചോർച്ചയുണ്ടാക്കും. ഈ കാരണം മുൻനിർത്തിയാണ് സ്വർണ്ണ കള്ളക്കടത്ത് രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുന്ന നടപടിയാണെന്ന് ഞങ്ങൾ അഭിപ്രായപ്പെട്ടത്. സ്വർണ്ണ കള്ളക്കടത്തിലൂടെ ഉണ്ടാകുന്ന നികുതി വെട്ടിപ്പും അതിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന കള്ളപ്പണവും സ്വർണ്ണ വ്യാപാരത്തിൽ മാത്രമല്ല ഒതുങ്ങി നിൽക്കുന്നത്. അത് ഗണ്യമായി വിന്യസിക്കപ്പെടുന്നത് റിയൽ എസ്റ്റേറ്റ് ഇടപാടുകളിലാണെന്നത് പരക്കെ അറിയപ്പെടുന്ന വസ്തുതയാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരത്തിൽ കാണിക്കുന്ന ഭൂമി വിലയേക്കാൾ വളരെ കൂടുതൽ തുക കൈമാറ്റം ചെയ്യപ്പെടുകയാണ്. ഇതുകൊണ്ട് എന്തുസംഭവിക്കുന്നു? സർക്കാരിന് കിട്ടേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ചോർച്ചയുണ്ടാകുന്നു. ഇത്തരത്തിലുള്ള കള്ളപ്പണ ഇടപാടുകൾ നടന്നാൽ അത് ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ട ഉത്തരവാദിത്വം ഏതൊരു പൗരനുമുണ്ട്. നിയമസഭാ സാമാജികർക്ക് ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്വം തന്നെയുണ്ട്. ഇത്തരം കള്ളപ്പണം എണ്ണി തിട്ടപ്പെടുത്തുന്നതിന് മേൽനോട്ടം വഹിക്കുകയും കേന്ദ്ര അന്വേഷണ ഏജൻസികൾ എത്തുന്നുവെന്ന് അറിഞ്ഞപ്പോൾ അവിടെനിന്നും ശരവേഗത്തിൽ പാഞ്ഞുപോകുകയും ചെയ്തത് മുഖ്യമന്ത്രിയുടെ ഓഫീസിലുള്ള ആളുകളല്ല.

ഇനി കേന്ദ്ര അന്വേഷണ ഏജൻസികളുടെ നടപടികളെക്കുറിച്ച് ചില കാര്യങ്ങൾ പറയേണ്ടതുണ്ട്. കേന്ദ്ര അന്വേഷണ ഏജൻസികളെ ദുരുപയോഗപ്പെടുത്തി, പ്രതിപക്ഷനേതാക്കളെയും ഭരണസംവിധാനങ്ങളെയും തകർക്കാൻ ഈ ഏജൻസികൾ ശ്രമിക്കുന്നുവെന്ന് പറഞ്ഞത് കോൺഗ്രസ് അദ്ധ്യക്ഷ ശ്രീമതി സോണിയ ഗാന്ധിയാണ്. ഹിന്ദുസ്ഥാൻ ടൈംസിൽ 26-10-2020-ൽ അവർ എഴുതിയ ലേഖനത്തിൽ പറഞ്ഞ കാര്യങ്ങൾ ഇവിടത്തെ കോൺഗ്രസ് നേതാക്കളും വായിച്ചിട്ടുണ്ടാകുമല്ലോ. എന്നാൽ ആ ഭാഗം ഞാൻ ഉദ്ധരിക്കാം. 'ഭരണഘടനാപരമായ മാനദണ്ഡങ്ങളും ജനാധിപത്യതത്വങ്ങളും ലംഘിക്കപ്പെടുന്നു. പൗരന്മാരുടെ പൊതുതാല്പര്യങ്ങൾക്കുവേണ്ടി അധികാരം പ്രയോഗിക്കേണ്ട സർക്കാർ രാഷ്ട്രീയ എതിരാളികളെ തെരഞ്ഞുപിടിച്ച് വേട്ടയാടുന്നു. വിമർശിക്കുന്നവരെ നേരിടാൻ അന്വേഷണ ഏജൻസികളെ കെട്ടഴിച്ചുവിട്ടു. ഒരു വിഭാഗം മാധ്യമങ്ങളെയും ഓൺലൈൻ ട്രോൾ ഫാക്ടറികളെയും കൂട്ടുപിടിച്ചാണ് ബി.ജെ.പി.-യും കേന്ദ്ര സർക്കാരും ആക്രമണങ്ങൾക്ക് കളമൊരുക്കുന്നത്. എന്നാണ്.'അതിനും എന്തോ കമന്റടിച്ചു. തമിഴ്നാടിനെപ്പറ്റി എന്തോ പറയുന്നതുകേട്ടു. എന്താണെന്ന് ശരിക്കും കേട്ടില്ല. കോൺഗ്രസ്സിന്റെ നിരവധി നേതാക്കളെ കേന്ദ്ര ഏജൻസികൾ പീഡിപ്പിക്കുന്നുവെന്ന പ്രശ്നം കോൺഗ്രസ് തന്നെയാണ് പലവട്ടം ഉന്നയിച്ചത്. ആ കോൺഗ്രസ്സ് തന്നെയല്ലേ ഇവിടെയുമുള്ളത്. പക്ഷെ ഇവിടെ എത്തുമ്പോൾ അവരുടെ നിലപാട് മാറുകയാണ്. കേന്ദ്ര ഏജൻസികളുടെ തെറ്റായ ഇടപെടലുകളെക്കുറിച്ച് ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ വന്നപ്പോഴും പറഞ്ഞില്ലേ. സി.ബി.ഐ., ഇ.ഡി. തുടങ്ങിയ അന്വേഷണ ഏജൻസികളെ സമ്മർദ്ദമുണ്ടാക്കാനും ഭീഷണിപ്പെടുത്താനും വേട്ടയാടാനും ഉപയോഗിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. താനും വ്യക്തിപരമായി ഇത് നേരിടുന്നയാളാണെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. കേന്ദ്രം ഈ അന്വേഷണ ഏജൻസികളെ നശിപ്പിക്കുകയാണെന്നും ജനങ്ങൾക്ക് നീതി ലഭിക്കാൻ വേണ്ടിയാണ് ഇത്തരം സ്ഥാപനങ്ങൾ ഉണ്ടാക്കിയതെന്നും അവ രാഷ്ട്രീയ ഉപകരണങ്ങളായല്ല രൂപീകരിക്കപ്പെട്ടതെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. ഈ നിലപാട് കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൾക്ക് ഇല്ലാതെ പോകുന്നത് എന്തുകൊണ്ടാണ്? കോൺഗ്രസ്സിന്റെ പ്രവർത്തകസമിതി അംഗമായ ശ്രീ. പി. ചിദംബരത്തിനും അദ്ദേഹത്തിന്റെ മകൻ കാർത്തി ചിദംബരത്തിനുമെതിരെ ഇ.ഡി. നടത്തിയ അന്വേഷണം ഇതേ രീതിയിൽ തന്നെയാണോ കോൺഗ്രസ്സ് വിലയിരുത്തുന്നത്? ഈയിടെ അന്തരിച്ച കോൺഗ്രസ്സ് നേതാവ് അഹമ്മദ് പട്ടേൽ, അദ്ദേഹത്തിന്റെ മകൻ ഫൈസൽ, മരുമകൻ ഇർഫാൻ സിദ്ദിഖ് ഇവരെയെല്ലാം ചോദ്യം ചെയ്ത കാര്യം മറന്നുപോകരുത്. ഈയിടെ അന്തരിച്ച മറ്റൊരു മുതിർ

ന്ന കോൺഗ്രസ്സ് നേതാവായ മോത്തിലാൽ വോറ കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഇരയായിരുന്നില്ലേ? കോൺഗ്രസ്സ് നേതാക്കളായ ഡി. കെ. ശിവകുമാർ കള്ളപ്പണം വെളുപ്പിച്ചു എന്ന പേരിൽ ഇ.ഡി. കേസ്സെടുത്തില്ലേ; മറ്റൊരു നേതാവ് ഭൂപീന്ദർസിംഗ് ഹൂഡക്കെതിരെയും കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തുന്നില്ലേ? മുൻ മധ്യപ്രദേശ് മുഖ്യമന്ത്രി ശ്രീ. കമൽനാഥ്, രാജസ്ഥാൻ മുഖ്യമന്ത്രി ശ്രീ. അശോക് ഗലോട്ട് തുടങ്ങിയവരുടെ കുടുംബാംഗങ്ങളെയും ചോദ്യം ചെയ്തിട്ടുണ്ട്. മുതിർന്ന കോൺഗ്രസ്സ് നേതാവ് ശ്രീ. ഗുലാംനബി ആസാദിനെയും വെറുതെ വിട്ടില്ല. ഇത്തരത്തിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളവരെക്കുറിച്ച് കോൺഗ്രസ്സ് നേതാക്കന്മാരുടെയും പ്രമേയാവതാരകന്റെയും അഭിപ്രായമെന്താണ്? ഞങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു ഇരട്ടത്താപ്പുമില്ല. ഒരു അന്വേഷണ ഏജൻസി തെളിവുകൾ ശേഖരിച്ച് വസ്തുതകൾ കണ്ടെത്തിവേണം നിഗമനത്തിലെത്താൻ. അങ്ങനെ എത്തിച്ചേർന്നതിനുശേഷം തെളിവുകൾ സൃഷ്ടിക്കുകയും വസ്തുതകൾ വളച്ചൊടിക്കുന്ന രീതിയും അന്വേഷണമല്ല. നിലവിലെ സാഹചര്യത്തിൽ കേന്ദ്ര അന്വേഷണ ഏജൻസികൾ ഇത് വളരെ വ്യാപകമായി ചെയ്യുന്നുവെന്ന ആക്ഷേപമാണ് ഉയർന്നുവന്നിട്ടുള്ളത്. ഈ ആക്ഷേപം ഞങ്ങൾക്ക് മാത്രമല്ല ഈ പ്രമേയാവതാരകന്റെ പാർട്ടിയുടെ അഖിലേന്ത്യാ നേതാക്കൾക്കും ശക്തമായി തന്നെയുണ്ട് എന്നുള്ളതാണ് വസ്തുത. ഞങ്ങളോട് മാത്രമല്ല, ഇവരുടെ സ്വന്തം നേതാക്കളോടുപോലും ഇവർക്ക് വിയോജിപ്പാണ്. നിങ്ങളുടെ നേതാക്കൾ പ്രതിരോധത്തിലായാലും വേണ്ടില്ല, ഇടതുപക്ഷ സർക്കാരിനെ കരിവാരിത്തേയ്ക്കാൻ കിട്ടുന്ന അവസരം പാഴാക്കില്ല എന്ന നിലപാടാണ് പ്രതിപക്ഷത്തിനുള്ളത്. അതിന് ബി.ജെ.പി.-യുടെ കച്ചേരിക്ക് പക്കവാദ്യം വായിക്കാൻ നിങ്ങൾ സദാസന്നദ്ധരായി നിൽക്കുകയാണ്. സ്വർണ്ണം വന്നത് നയതന്ത്ര ബാഗേജിൽ അല്ലെന്ന് ഒരു കേന്ദ്രമന്ത്രി പറയുകയുണ്ടായി. അതിനെക്കുറിച്ച് ഇവർക്ക് ഇതേവരെ ഒന്നും പറയാനായിട്ടില്ല, ഒന്നും പറയുകയുമില്ല. ബി.ജെ.പി. നേതാവ് പ്രഖ്യാപിക്കുന്ന കാര്യങ്ങൾ ആവർത്തിക്കുന്ന മെഗാഫോണായി പലപ്പോഴും മാറുന്നത് നമ്മൾ കാണുന്നില്ലേ, അങ്ങനെ ഒരു അവസ്ഥയുണ്ടാകാൻ പാടുണ്ടോ? ഇതൊക്കെ നാട് വിലയിരുത്തിക്കൊണ്ടിരിക്കുകയാണെന്ന് കാണണം. ഞങ്ങൾക്ക് ഇതിൽ ഒറ്റ നിലപാടേയുള്ളൂ. ആ നിലപാടിൽ കൃത്യമായ അന്വേഷണം നടക്കണം. കുറ്റവാളികൾ ആരായാലും അവരെ കണ്ടെത്തണം. അതിൽ യാതൊരു തരത്തിലുള്ള ആശങ്കയുമില്ല. ഇതാണ് സർക്കാരിന്റെ നിലപാട്. അത് കേന്ദ്ര ഗവൺമെന്റിനെ വീണ്ടും അറിയിച്ചിട്ടുമുണ്ട്. പക്ഷേ തെറ്റായ വഴിയിലൂടെ കേരളത്തെയും കേരളത്തിലെ ഗവൺമെന്റിനെയും വല്ലാതെ ഞെക്കിക്കളയാം, ശ്വാസം മുട്ടിച്ചുകളയാം എന്ന് ധരിച്ചാൽ അതൊന്നും നടക്കുന്ന കാര്യമല്ല. കാരണം ഇത് കേരളമാണ്. ഇവിടെ ഇപ്പോഴുള്ളത് എൽ.ഡി.എഫ്. സർക്കാരാണ്. ഇവിടെ സുതാര്യമായാണ് കാര്യങ്ങളെല്ലാം നടത്തിയിട്ടുള്ളത്. ഒന്നിനെയും ഞങ്ങൾ ആശങ്കയോടെ കാണുന്നില്ല. എല്ലാ സുതാര്യമായ നടപടികളെയും ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ടുതന്നെ ഈ വിഷയം ഒരു തരത്തിലും ചർച്ച ചെയ്യേണ്ട ആവശ്യം വരുന്നില്ല.

**2021 ജനുവരി 22**

# സി. ആന്റ് എ.ജി.-യുടെ കിഫ്ബിയെക്കുറിച്ചുള്ള പരാമർശങ്ങൾ

സർ, ചട്ടം 118 അനുസരിച്ചുള്ള താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി 18-ന് ഈ സഭയുടെ മേശപ്പുറത്തുവയ്ക്കുകയുണ്ടായി. കിഫ്ബിയുടെ വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടിക, ഒന്നാം ലിസ്റ്റ്, ഇനം 37-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധി യിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നുമുള്ള പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാപരമായ പിശകാണെന്നു മാത്രമല്ല, കരട് റിപ്പോർട്ടിൽ ഇല്ലാതിരുന്നതും കേരള സംസ്ഥാനത്തിന്റെ വിശാല വികസന താല്പര്യങ്ങളെ ഹനിക്കുന്നതിനു വേണ്ടി അനാവശ്യവും ദുരൂഹവുമായ ധൃതിയിലും എഴുതി ചേർക്കപ്പെട്ടതുമാണ്. സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി.&എ.ജി. തന്നെ പുറപ്പെടുവിച്ച ഓഡിറ്റ് റെഗുലേഷൻ ലംഘിച്ചുകൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിലില്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്.

കിഫ്ബിയുടേത് ഓഫ് ബഡ്ജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജന്റ് ലയബിലിറ്റിയല്ലായെന്നുമുള്ള സി.&എ.ജി.-യുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുള്ളതുമാണെന്ന് മാത്രമല്ല സി.&എ.ജി.-യുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലാത്തതുമാണ്.

സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ മേൽപരാമർശങ്ങൾ സി.എ.ജി. ഓഡിറ്റ് റെഗുലേഷനുകൾ സാമാന്യ നീതി, പ്രൊഫഷണൽ സമീപനം, രാഷ്ട്രീയമായ നിഷ്പക്ഷത എന്നിവയുടെ ലംഘനമായതിനാൽ ഈ സമീപനത്തിലൂടെ കേരള സംസ്ഥാനത്തിന്റെ വിശാല വികസന താത്പര്യങ്ങളെ അപകടപ്പെടുത്തുന്ന സമീപനമായി മാറിയതിൽ ഈ സഭയുടെ ഉത്കണ്ഠ സി.&എ.ജി.-യെ അറിയിക്കാൻ തീരുമാനിക്കുന്നു.

ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച

സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു.''

നേരത്തേ ഈ വിഷയം വിശദമായി ചർച്ച ചെയ്തതിനാൽ കൂടുതൽ കാര്യങ്ങ ളിലേയ്ക്ക് ഞാൻ ഈ ഘട്ടത്തിൽ കടക്കുന്നില്ല. സി.&എ.ജി., കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ചെലവുകളുടെയും വരുമാനത്തിന്റെയും ഓഡിറ്റ് നടത്തുന്ന ഭരണഘടനാ സ്ഥാപനമാണ്. ഓഡിറ്റ് നടത്തുന്നതിന് നിയമവും കീഴ്വഴക്കവും ചട്ടവും നിലവിലുണ്ട്. കാലങ്ങളായി നിലവിലുള്ള നടപടിക്രമങ്ങൾ ബോധപൂർവ്വം മറികടന്നാൽ എന്താണുണ്ടാകുക? സി.&എ.ജി.-യുടെ നിയതമായ മാനദണ്ഡങ്ങൾ ലംഘിച്ചതായാണ് കാണുന്നത്. സി.&എ.ജി. ഓഡിറ്റ് നടത്തുമ്പോൾ കരട് റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിന് നൽകുകയും അവരുടെ അഭിപ്രായങ്ങൾ തേടുകയും ചെയ്യുന്ന രീതിയുണ്ട്. അതിനുശേഷം ഈ അഭിപ്രായങ്ങൾകൂടി പരിഗണിച്ചാണ് അന്തിമ റിപ്പോർട്ട് ഭരണഘടനാ സ്ഥാപനമായ സി.&എ.ജി.-യുടെ ഒപ്പോടുകൂടി നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നത്. ഇത് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുകയും കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും. ഇവിടെ കരട് റിപ്പോർട്ടിലില്ലാത്ത ചില ഭാഗങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, ബന്ധപ്പെട്ട വകുപ്പിന് സ്വാഭാവിക നീതി നിഷേധിക്കപ്പെട്ടി രിക്കുന്നു. ഒരു കാര്യം തീരുമാനിക്കപ്പെടുന്നതിനുമുമ്പ് ബാധിക്കപ്പെടുന്ന ആളിന്റെ/ സ്ഥാപനത്തിന്റെ ഭാഗവുംകൂടി കേൾക്കണമെന്നാണ് സ്വാഭാവിക നീതി അഥവാ Natural justice-ന്റെ പ്രാഥമിക തത്വം. ഇത് ലംഘിക്കപ്പെട്ടതിനാൽ സി.&എ.ജി. റിപ്പോർട്ടിന്റെ അടിത്തറതന്നെ ഇളകിയിരിക്കുകയാണ്. ഈ തെറ്റായ കീഴ്വഴക്കം അംഗീകരിച്ചുപോയാൽ എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും തമ്മിൽ നിലവിലുള്ള ചെക്ക്സ് ആന്റ് ബാലൻസാണ് അട്ടിമറിക്കപ്പെടുന്നത്. ഇതിന് കൂട്ടുനിന്നുവെന്ന അപഖ്യാതി ഈ സഭയ്ക്കുണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് ഈ പ്രമേയം കൊണ്ടുവരാനിടയായത്. ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

# 2021 - 2025



**2021 മേയ് 31**

## ചട്ടം 118 അനുസരിച്ചുള്ള പ്രമേയം

# ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററെ നീക്കം ചെയ്യൽ

സർ, നൂറ്റാണ്ടുകളായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന നാടുകളാണ് കേരളവും ലക്ഷദ്വീപും. ചരിത്രപരമായും സാംസ്കാരികമായുമുള്ള ഗാഢബന്ധം ഇരുപ്രദേശങ്ങൾക്കും ജനങ്ങൾക്കുമിടയിൽ പണ്ടേയുണ്ട്. ബ്രിട്ടീഷ് അധിനിവേശത്തിനുമുമ്പ് ലക്ഷദ്വീപിലെ പല ദ്വീപുകളും ഭരണപരമായി കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിന്റെ കീഴിലായിരുന്നു. 1956 നവംബർ 1-ന് സംസ്ഥാന രൂപീകരണംവരെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു ലക്ഷദ്വീപ്. ലക്ഷദ്വീപിലെ ജനങ്ങൾ ഉപയോഗിക്കുന്ന ഭാഷ മലയാളമാണ്. ഭരണതലത്തിലും മലയാളത്തിന് അവിടെ വലിയ പ്രാധാന്യമുണ്ട്. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വാണിജ്യത്തിനുമെല്ലാം ലക്ഷദ്വീപ് നിവാസികൾക്ക് കേരളവുമായാണ് കൂടുതൽ ബന്ധം. ഇത്തരത്തിൽ പല തലങ്ങളിലുമുള്ള പങ്കിടലുകൾവഴി കേരളജനതയ്ക്ക് ലക്ഷദ്വീപുകാർ എല്ലാ അർത്ഥത്തിലും സഹോദരങ്ങളാണ്.

സാംസ്കാരികമായുള്ള ലക്ഷദ്വീപിന്റെ സവിശേഷതകൾക്കും തനത് ജീവിതരീതികൾക്കും മേൽ കടന്നുകയറ്റം നടക്കുന്നതായി അവിടത്തെ ജനങ്ങൾതന്നെ അഭിപ്രായപ്പെടുകയാണ്. അവരുടെ ഭക്ഷണക്രമത്തെയും ഉപജീവനമാർഗ്ഗങ്ങളെയുമൊക്കെ തകർക്കാനുള്ള നീക്കങ്ങൾ നടക്കുന്നുവെന്നും ലക്ഷദ്വീപുകാരുടെ ജീവനുതന്നെ വെല്ലുവിളിയുണ്ടാകുന്ന ഭരണപരമായ നടപടിക്രമങ്ങൾ അവിടത്തെ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളുന്നുവെന്നുമാണ് അവിടെനിന്നും പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. ടൂറിസത്തെ ശക്തിപ്പെടുത്താൻ എന്ന പേരിൽ ആ നാടിന്റെ സംസ്കാരവും സത്തയുമാണ് ഇല്ലായ്മ ചെയ്യപ്പെടുന്നത്. ജനങ്ങളുടെ ജീവൻ സംരക്ഷിക്കുക എന്നത് ഏതൊരു ജനാധിപത്യ സംവിധാനത്തിന്റെയും അടിസ്ഥാനപരമായ കർത്തവ്യമാണ്. ആ പ്രാഥമിക കർത്തവ്യം നിറവേറ്റുന്നതിനുപകരം അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ ഔദ്യോഗികതലത്തിൽ നിന്നുതന്നെയുണ്ടാകുന്നുവെന്നത് അത്യന്തം പ്രതിഷേധാർഹമാണ്. ലക്ഷദ്വീപിലെ ഭരണകൂടത്തിന് വ്യക്തികളുടെ ഭൂമിയും സ്വത്തും ഏറ്റെടുക്കാൻ അമിതാധികാരം നൽകുന്ന വ്യവസ്ഥ സാധാരണ ജനങ്ങളുടെയിടയിൽ വലിയ ആശങ്കയാണുണ്ടാക്കിയിരിക്കുന്നത്. അതുപോലെതന്നെ, ഇപ്പോൾ വരുത്തിയിട്ടുള്ള പുതിയ നിയന്ത്രണങ്ങൾമൂലം ധാരാളം ആളുകളെ അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽനിന്നും പിരിച്ചുവിടുന്നു. ഇത് വലിയ തോതിലുള്ള സാമ്പത്തിക അസമത്വങ്ങൾക്കും സാമൂഹ്യ അസ്വസ്ഥതകൾക്കും ഇടവരുത്തുന്നതാണ്.

ഇന്ത്യൻ സമൂഹത്തിന്റെ ആത്യന്തികമായ സവിശേഷത അതിന്റെ നാനാത്വത്തിലെ ഏകത്വമാണ്. ഇന്ന് ലക്ഷദ്വീപിൽ കാണുന്നതിന് സമാനമായ വിധത്തിൽ ഈ രാജ്യത്തിന്റെ നാനാത്വങ്ങളെ ഇല്ലായ്മ ചെയ്യുന്ന തരത്തിലുള്ള നീക്കങ്ങൾ ഇന്ത്യയിലെ മറ്റിടങ്ങളിലും ആസൂത്രിതമായി നടത്തിയിട്ടുണ്ട്. അവയുടെയൊക്കെ പരിണതഫലം ദുരന്തങ്ങളായിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും രാജ്യങ്ങളുടെ അവിഭാജ്യഘടകങ്ങളായ ചില പ്രദേശങ്ങൾ വെട്ടിമുറിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ സ്വന്തം നാട്ടിൽ അനാഥരാക്കപ്പെട്ട ജനവിഭാഗങ്ങൾ പലയിടത്തുമുണ്ട്. അത് പാഠമാകണം. അത്തരം ഹീനമായ പ്രവൃത്തികൾ ഇന്ത്യയിലുണ്ടാകരുത്. രാജ്യത്തിന്റെ ഒരുമയ്ക്കെതിരെ നിൽക്കുന്ന ശക്തികളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി നടത്തപ്പെട്ടവയാണ് എല്ലാ വിഭാഗീയ വിഘടന നീക്കങ്ങളും. ആ ചരിത്രപശ്ചാത്തലത്തിൽനിന്ന് വീക്ഷിക്കുമ്പോൾ ലക്ഷദ്വീപിന്റെ ഭാവി ഉത്കണ്ഠയുളവാക്കുന്നു. അത് ഇരുളടഞ്ഞതായിപ്പോകുമെന്ന ആശങ്ക ഇന്ത്യൻ ജനതയുടെയാകെ മനസ്സിൽ ഉയരുന്നു. കേരളം ആ ആശങ്ക പങ്കുവയ്ക്കുന്നു. കൊളോണിയൽ ഭരണാധികാരികളുടെ ചെയ്തികളെപ്പോലും വെല്ലുന്ന രീതിയിലാണ് ഒരു ജനത വിലകൽപ്പിക്കുന്ന സംസ്കാരിക തനിമയ്ക്കുമേൽ ആക്രമണം നടക്കുന്നത്. ഇത് ബഹുസ്വരത മുഖമുദ്രയായുള്ള ഒരു ജനാധിപത്യ സംസ്കാരത്തിന് തീർത്തും അന്യംനിൽക്കുന്ന ഒന്നാണ്. അതിനാൽതന്നെ, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോരുത്തരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തേണ്ടതാണ്.

കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനുണ്ട്. അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങളിൽ നിന്ന് നീക്കം ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കാൻ കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ലക്ഷദ്വീപ് ജനതയുടെ തനതായ ജീവിതരീതികളെയില്ലാതാക്കി കാവി അജണ്ടകളും കോർപ്പറേറ്റ് താൽപ്പര്യങ്ങളും അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോഴവിടെ നടന്നുകൊണ്ടിരിക്കുന്നത്. തെങ്ങുകളിൽ കാവിനിറം പൂശിക്കൊണ്ട് ആരംഭിച്ച്, ഇപ്പോൾ ആ ജനതയുടെ ആവാസ വ്യവസ്ഥകളെയും ജീവിതത്തെയും സ്വാഭാവിക ബന്ധങ്ങളെയും തകർക്കുന്ന തരത്തിൽ വളർന്നുകഴിഞ്ഞിരിക്കുന്നു. പൗരത്വഭേദഗതി ബില്ലിനെതിരെ സ്ഥാപിച്ചിരുന്ന ബാനറുകൾ എടുത്തുമാറ്റുകയും അത് എഴുതിയവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികളും ലക്ഷദ്വീപിലുണ്ടായി. പൊതുവെ സമാധാനപരമായി ജീവിക്കുകയും അതിഥികളെ സ്നേഹവായ്പുകൊണ്ട് വീർപ്പുമുട്ടിക്കുകയും ചെയ്യുന്ന രീതിയാണ് ലക്ഷദ്വീപിലെ ജനത സാധാരണനിലയിൽ സ്വീകരിക്കുന്നത്. കുറ്റകൃത്യങ്ങൾ അത്യപൂർവ്വമായി തീർന്ന ലക്ഷദ്വീപിൽ ഗുണ്ടാ ആക്ട് കൊണ്ടുവരുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇത്തരത്തിൽ പ്രതിഷേധങ്ങൾ ഉയർന്നുവരുമ്പോൾ അവയെ നേരിടുന്നതിന് മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തിയാണ് ഇത്തരം നടപടികൾ സ്വീകരിച്ചിരിക്കുന്നത്. സ്വേച്ഛാധിപത്യപരമായ ഭരണരീതി ഇതിലൂടെ തുടർന്നും വികസിച്ചുവരികയും ജനങ്ങളുടെ ഉപജീവനത്തിന് അടിസ്ഥാനമായി നിൽക്കുന്ന മത്സ്യബന്ധനത്തെ തകർക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. മത്സ്യത്തൊഴിലാളികളുടെ ബോട്ടും വലയും സൂക്ഷിക്കുന്ന കൂടാരങ്ങൾ തകർത്തിരിക്കുന്നു. ജനങ്ങളുടെ സ്വാഭാവികമായ ഭക്ഷണരീതിയിൽ പ്രധാനമായി നിൽക്കുന്ന ഗോമാംസം ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കുകയും ഗോവധ നിരോധനമെന്ന സംഘ്പരിവാർ അജണ്ട പിൻവാതിലിലൂടെ നടപ്പിലാക്കുകയും ഗോവധവും ഗോമാംസവും നിരോധിക്കുന്നതോടൊപ്പം ഡെയറി ഫാമുകൾ അടച്ചുപൂട്ടുകയും ചെയ്യാനുള്ള നടപടികളാണ്

മുന്നോട്ടുവയ്ക്കുന്നത്. ഇത്തരത്തിൽ ഒരു ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും ഇഞ്ചിഞ്ചായി ഇല്ലാതാക്കുന്ന നടപടികൾക്കാണ് ഇപ്പോൾ അഡ്മിനിസ്ട്രേറ്റർ ലക്ഷദ്വീപിൽ നേതൃത്വം നൽകുന്നത്. ലക്ഷദ്വീപിൽ നിലനിൽക്കുന്ന ജനാധിപത്യ സംവിധാനങ്ങളെയെല്ലാം ഇല്ലാതാക്കി ഉദ്യോഗസ്ഥമേധാവിത്വം അടിച്ചേൽപ്പിക്കാനുള്ള നടപടി തുടരുന്നു. ജില്ലാ പഞ്ചായത്തിന്റെയും വില്ലേജ് ദ്വീപ് പഞ്ചായത്തിന്റെയും അധികാരങ്ങൾ അഡ്മിനിസ്ട്രേറ്ററുടെ കീഴിലാക്കിക്കഴിഞ്ഞിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽനിന്നും മത്സ്യബന്ധനം, ആരോഗ്യം, വിദ്യാഭ്യാസം, മൃഗസംരക്ഷണം, കാർഷികം എന്നീ വകുപ്പുകൾ എടുത്തുമാറ്റുകയാണ്. ഈ വകുപ്പുകളിൽ നേരിട്ടിടപെടാൻ അധികാരമില്ലാതിരുന്ന അഡ്മിനിസ്ട്രേറ്റർക്ക് അതിനുള്ള അധികാരവും ഒരു ഉത്തരവിലൂടെ നൽകിയിരിക്കുകയാണ്. ഇതിലൂടെ കേന്ദ്രസർക്കാർ തങ്ങൾക്ക് താൽപ്പര്യമുള്ള ഉദ്യോഗസ്ഥരെ വിന്യസിച്ച് ദ്വീപിന്റെ സ്വാഭാവികമായ ജനാധിപത്യ ക്രമത്തെ തകർക്കുകയാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അതിവിചിത്രമായ ഉത്തരവും അവതരിപ്പിക്കുകയാണ്. രണ്ട് കുട്ടികളിൽ കൂടുതലുള്ളവർ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കരുതെന്ന സമീപനം നമ്മുടെ രാജ്യത്ത് കേട്ടുകേൾവിപോലുമില്ലാത്തതാണ്. അതും നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. അതുവഴി ദ്വീപിലെ ബഹുഭൂരിപക്ഷം പേർക്കും അവരുടെ ജനാധിപത്യപരമായ അവകാശം ഇല്ലാതാകുന്ന സ്ഥിതിയാണുണ്ടാകുന്നത്. ദ്വീപ് സമൂഹത്തിന്റെ ആവാസവ്യവസ്ഥയും സംസ്കാരവും സുരക്ഷയും സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവിടെ നിലനിൽക്കുന്ന നിയമമാണ് ദ്വീപിന് പുറത്തുള്ള ആർക്കും ഇവിടെ ഭൂമിവാങ്ങാൻ അവകാശമില്ലായെന്നത്. ഇന്ത്യയിൽ പലയിടത്തും നിലനിൽക്കുന്ന നിയമവുമാണ്. എന്നാൽ അതിനും മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായ പരിഷ്കാരങ്ങളും നടപ്പിലാക്കുകയാണ്. ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം പുതുക്കണമെന്ന് നിർദ്ദേശവും വന്നുകഴിഞ്ഞു. ഇതിന് വീഴ്ചവന്നാൽ 2 ലക്ഷം രൂപ പിഴയൊടുക്കുകയും ഓരോ ദിവസവും 20,000/ രൂപ പിഴയൊടുക്കുകയും ചെയ്യണമെന്ന നിർദേശവും വന്നുകഴിഞ്ഞു. വിദൂര സ്ഥലങ്ങളിൽ ജോലി ചെയ്ത് ജീവിക്കുന്നവർക്ക് തീർത്തും അപ്രാപ്യമായ നടപടിയാണ് വന്നുകൊണ്ടിരിക്കുന്നത്.

നൂറ്റാണ്ടുകളായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന നാടുകളാണ് കേരളവും ലക്ഷദ്വീപും. ബ്രിട്ടീഷ് അധിനിവേശത്തിനുമുമ്പ് പല ദ്വീപുകളും ഭരണപരമായി കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിന്റെ കീഴിലായിരുന്നു. 1956 നവംബർ 1 വരെ ലക്ഷദ്വീപ് അന്നത്തെ മലബാർ ജില്ലയുടെ ഭാഗവുമായിരുന്നു. കേരളവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ജീവിതക്രമവും സാംസ്കാരിക രീതിയുമാണ് ലക്ഷദ്വീപിനുള്ളത്. മലയാളമാണ് അവരുടെ പ്രധാനപ്പെട്ട ഭാഷ. മലയാളം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ് ദ്വീപിലുള്ളത്. ഹൈക്കോടതിയടക്കമുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് കൊച്ചിയിലുമാണ്. ചരക്കുനീക്കം നടക്കുന്നത് കൊച്ചി, ബേപ്പൂർ എന്നീ തുറമുഖങ്ങളിലൂടെയാണ്. ചരിത്രപരമായി നിലനിൽക്കുന്ന ഈ പാരസ്പര്യ ബന്ധത്തെ തകർക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്. സാംസ്കാരികമായ ലക്ഷദ്വീപിന്റെ സവിശേഷതകൾക്കും അവിടത്തെ തനത് ജീവിതരീതികൾക്കുംമേൽ നടത്തിയ കടന്നുകയറ്റത്തെ ഒരു കാരണവശാലും അംഗീകരിക്കാനാവില്ല. ലോകത്തിന്റെ പല ഭാഗങ്ങളിലും ജനതയുടെ ജീവിത സവിശേഷതകളെ തകർക്കപ്പെടുന്ന പരിശ്രമങ്ങൾ നടന്നിടത്തെല്ലാം ശക്തമായ ചെറുത്തുനിൽപ്പുകൾ ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെ സ്വന്തം നാട്ടിൽ അനാഥരാക്കപ്പെട്ട ജനവിഭാഗങ്ങൾ പലയിടത്തുമുണ്ട്. അത് പാഠമാകണം. അത്തരം ഹീനമായ പ്രവൃത്തികൾ ഇന്ത്യയിലുണ്ടാകരുത്. രാജ്യത്തിന്റെ ഒരുമയ്ക്കെതിരെ നിൽക്കുന്ന ശക്തികളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി നടത്തപ്പെട്ടവയാണ് എല്ലാ വിഭാഗീയ വിഘടന നീക്കങ്ങളും. ആ ചരിത്ര പശ്ചാത്തലത്തിൽനിന്ന് വീക്ഷിക്കുമ്പോൾ ലക്ഷദ്വീപിന്റെ ഭാവി ഉത്കണ്ഠയുളവാക്കുന്നു. അത് ഇരുളടഞ്ഞതായിപ്പോകുമെന്ന ആശങ്ക ഇന്ത്യൻ ജനതയുടെയാകെ മനസ്സിലുയരുന്നു. കേരളം

ആ ആശങ്ക പങ്കുവയ്ക്കുന്നു. കൊളോണിയൽ ഭരണാധികാരികളുടെ ചെയ്തികളെപ്പോലും വെല്ലുന്ന രീതിയിലാണ് ഒരു ജനത വിലകൽപ്പിക്കുന്ന സംസ്കാരിക തനിമയ്ക്കുമേൽ ആക്രമണം നടക്കുന്നത്. ഇത് ബഹുസ്വരത മുഖമുദ്രയായുള്ള ഒരു ജനാധിപത്യ സംസ്കാരത്തിന് തീർത്തും അന്യംനിൽക്കുന്ന ഒന്നാണ്. അതിനാൽത്തന്നെ, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോരുത്തരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായി വിയോജിപ്പ് രേഖപ്പെടുത്തേണ്ടതാണ്. ഇന്ന് നടക്കുന്ന പ്രവർത്തനങ്ങൾമൂലം ലക്ഷദ്വീപിനെ സംഘ്പരിവാർ അജണ്ടയുടെ ഒരു പരീക്ഷണശാലയായാണ് കാണേണ്ടത്. ജനതയുടെ സംസ്കാരം, ഭാഷ, ജീവിതക്രമം, ഭക്ഷണം ഇവയെല്ലാം തങ്ങൾക്കനുയോജ്യമായ രീതിയിൽ മാറ്റിത്തീർക്കാനുള്ള പരിശ്രമമാണ് സംഘ്പരിവാർ രാജ്യത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ ഉപജീവനമാർഗ്ഗം തകർത്ത് കോർപ്പറേറ്റുകൾക്ക് പരവതാനി വിരിക്കാനുള്ള നടപടികളും അവർ സ്വീകരിച്ചുവരുന്നു. ഒരു ജനതയെ കോർപ്പറേറ്റ് താൽപര്യങ്ങൾക്കും ഹിന്ദുത്വരാഷ്ട്രീയത്തിനും അടിമപ്പെടുത്താനുള്ള ഈ പരിശ്രമത്തിനെതിരെ ശക്തമായ ചെറുത്തുനിൽപ്പ് ഉയർന്നുവരേണ്ടതുണ്ട്. എങ്കിൽ മാത്രമേ ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം വിഭാവനം ചെയ്യുന്ന നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യയുടെ നിലനിൽപ്പിനാധാരമായ കാഴ്ചപ്പാടുകളെ സംരക്ഷിക്കാനാകൂ. കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനുണ്ട്. അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങളിൽനിന്ന് നീക്കം ചെയ്യണം. ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനങ്ങളും സംരക്ഷിക്കാൻ കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണമെന്ന പ്രമേയം ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് ആവശ്യപ്പെടുന്നു.

## അടിയന്തരപ്രമേയം

# തീരപ്രദേശങ്ങളിലെ പ്രതിസന്ധി

സർ, നമ്മുടെ സംസ്ഥാനത്തിനുമാത്രം പരിഹരിക്കാവുന്നൊരു പ്രശ്നമല്ല കാലാവസ്ഥാ വ്യതിയാനം. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവമായി കൈകാര്യം ചെയ്യണമെന്നതാണ് സർക്കാർ നിലപാട്. വലിയ തോതിലുള്ള സമുദ്ര ഊഷ്മാവ് ഇക്കഴിഞ്ഞ വർഷമാണുണ്ടായതെന്ന് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിക്കുകയുണ്ടായി. കടലിലുണ്ടാകുന്ന പ്രശ്നങ്ങൾ കടൽഭിത്തിയും പുലിമുട്ടുംകൊണ്ട് പരിഹരിക്കാവുന്നതല്ലെന്നും അദ്ദേഹം പറയുന്നുണ്ട്. ദീർഘകാലമായി നിലനിൽക്കുന്നൊരു പ്രശ്നമാണിത്. നമ്മുടെ സംസ്ഥാനത്തിന്റെ ഒരു അതിർത്തി വലിയ തോതിലുള്ള ആക്രമണത്തിന് വിധേയമാകുകയാണ്. നമ്മൾ പലപ്പോഴും അതിനുമുന്നിൽ നിസ്സഹായരായി നിൽക്കുകയാണ്. ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വരുന്ന അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് കടലാക്രമണത്തിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാനുള്ള പദ്ധതികൾക്കാണ് സർക്കാർ തയ്യാറാകുന്നത്. അതുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ നടപടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. കിഫ്ബിയിലൂടെ ലഭിക്കുന്ന പണം അതിന്റെയൊരു പ്രാരംഭ നടപടിയായാണ് വരുന്നത്. കേരളത്തിന്റെ തീരമാകെ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാനുള്ള സഹായമെന്താണ്; മറ്റു തരത്തിലുള്ള സഹായങ്ങളെങ്ങനെയാണ് എന്നീ കാര്യങ്ങളെക്കുറിച്ചുള്ള ഗൗരവമായ പഠനത്തിൽ സർക്കാർ ഏർപ്പെട്ടിരിക്കുകയാണ്. അഞ്ച് വർഷകാലയളവിനുള്ളിൽ കേരളത്തിന്റെ കടൽത്തീരം പൂർണ്ണമായും സംരക്ഷിക്കുന്ന രീതിയിലുള്ള നടപടികളുണ്ടാകും. ജിയോട്യൂബിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ജിയോട്യൂബിന്റെ കാര്യത്തിൽ രണ്ട് അഭിപ്രായമുള്ളതിനാൽ അക്കാര്യം പരിശോധിച്ചശേഷം അന്തിമ തീരുമാനമെടുക്കും. കാലവർഷം വരുമ്പോൾ ദുരിതാശ്വസ ക്യാമ്പുകൾ വേണ്ടിവരും. എന്നാൽ ക്യാമ്പുകൾ പഴയതുപോലെ സ്ഥാപിക്കാനാകില്ലെന്ന് പറഞ്ഞത് ശരിയാണ്. സർക്കാരും അങ്ങനെ തന്നെയാണ് കാണുന്നത്. മൂന്ന് തരത്തിലുള്ള ക്യാമ്പുകളുണ്ടാകും. നേരത്തെ ഒരു ക്യാമ്പ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒന്ന് - കോവിഡ് പോസിറ്റീവായവർക്ക്, രണ്ട് - ക്വാറന്റൈനിൽ കഴിയുന്നവർക്ക്, മൂന്ന് - ഇങ്ങനെയുള്ള പ്രശ്നങ്ങളൊന്നും ഇല്ലാത്തവർക്ക്. ഇങ്ങനെ മൂന്ന് തരത്തിലുള്ള ക്യാമ്പുകളാണ് ദുരിതാശ്വാസത്തിന്റെ ഭാഗമായി ഒരുക്കാൻ ഉദ്ദേശിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള അവഗണനയോ കെടുകാര്യസ്ഥതയോ അല്ല ശംഖുംമുഖത്തിന്റെ കാര്യത്തിലുണ്ടായത്. ശംഖുംമുഖത്ത് ഓരോ വർഷവുമുണ്ടാകുന്ന അതിഭീകരമായ

കടലാക്രമണം ഇത്തവണയും സംഭവിച്ചു. അതിനെ പ്രതിരോധിക്കത്തക്ക വിധത്തിലുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. ആ തീരം സംരക്ഷിക്കാൻ അത് ഫലപ്രദമായി ഉപകരിക്കുമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. മത്സ്യത്തൊഴിലാളികൾ സംസ്ഥാനത്തിന്റെ വിലപ്പെട്ട സഹോദരങ്ങളാണ്. കേരളത്തിന്റെ സൈന്യമായിട്ടാണ് മത്സ്യത്തൊഴിലാളികളെ നാം അംഗീകരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അവർക്ക് വരുന്ന ഏതൊരു വിഷമവും സംസ്ഥാനത്തിന്റെയാകെ വിഷമമായിട്ടുതന്നെയാണ് നാം കണക്കാക്കുന്നത്. അതിന്റെ ഭാഗമായുള്ള ഇടപെടൽ നടത്തി അവർ അനുഭവിക്കേണ്ടിവന്ന വിഷമത്തിന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ ചെയ്യണമോ അതിനെല്ലാം സർക്കാർ എല്ലാ ഘട്ടത്തിലും തയ്യാറായിട്ടുണ്ട്. ഇനിയും തയ്യാറാകുമെന്നത് ഉറപ്പാണ്. അതുകൊണ്ട് ഈ  വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

# ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

സർ, ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തിന്മേൽ വിശദമായ ചർച്ചയാണ് നടന്നിട്ടുള്ളത്. അതിൽ ഒരുഭാഗം കേരളത്തിലെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പും പുതിയ സർക്കാർ അധികാരത്തിൽ വന്നതുമായും ബന്ധപ്പെട്ടാണ്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ് ഈ തെരഞ്ഞെടുപ്പു വിജയം. പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്കുവേണ്ടി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഈ വിജയം. പ്രതിലോമ ശക്തികളുടെ തെറ്റായ ഒരുപാട് പ്രചാരവേലകൾ ഒരുഭാഗത്തുണ്ടായിരുന്നപ്പോൾത്തന്നെ ചേരിതിരിവിനു വേണ്ടിയും വലിയ തോതിലുള്ള ശ്രമങ്ങൾ നടന്നു. ജാതീയ ധ്രുവീകരണത്തിനും വർഗ്ഗീയ ചേരിതിരിവിനുംവേണ്ടി പ്രവർത്തിക്കുന്നവർ എൽ.ഡി.എഫ്. സർക്കാരിനെ പരാജയപ്പെടുത്താൻ മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു. ഒരുപാട് ശക്തികൾ ഒന്നിച്ച് എൽ.ഡി.എഫ്. സർക്കാരിനെ പരാജയപ്പെടുത്താൻ രംഗത്തുവന്നതും നാം കണ്ടതാണ്. അതിനെയെല്ലാം മറികടന്നുള്ള വിജയമാണ് ഇവിടെയുണ്ടായത്. രാജ്യത്തിന്റെ ഭരണഘടന വിഭാവന ചെയ്യുന്ന സമത്വം, സാഹോദര്യം, മതനിരപേക്ഷത, നാനാത്വത്തിൽ ഏകത്വം തുടങ്ങിയ സമീപനങ്ങളെ മുറുകെ പിടിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ പ്രവർത്തിച്ചിരുന്നത്. അതിനുള്ള ജനങ്ങളുടെ അംഗീകാരം കൂടിയായിരുന്നു ഈ തെരഞ്ഞെടുപ്പ്. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വിവിധ സംഭവങ്ങളിലൂടെ ജനങ്ങൾക്ക് വ്യക്തമായി. ജനങ്ങളെ ദുർബ്ബോധനപ്പെടുത്താനുള്ള ഒട്ടേറെ ശ്രമങ്ങൾ ഉണ്ടായെങ്കിലും അതിലൊന്നും കുടുങ്ങാതെ അവരുടെ ജീവിതാനുഭവത്തെ അടിസ്ഥാനപ്പെടുത്തി നിലപാടെടുത്തുവെന്നതാണ് നാം കണ്ടത്. അതിനെല്ലാമുള്ള അംഗീകാരമാണ് ഈ സർക്കാരിന് ലഭിച്ചിട്ടുള്ളത്. പ്രതിസന്ധികളെ മറികടക്കുന്നതിന് ജനങ്ങളെയാകെ അണിനിരത്തി സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഈ തെരഞ്ഞെടുപ്പു വിജയം. നാടിന്റെ പ്രതിസന്ധികളിൽ ചേർത്തുപിടിച്ച സർക്കാരിന്റെ നയങ്ങൾ ജനങ്ങൾ അംഗീകരിച്ചുവെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. കഴിഞ്ഞ നാളുകളിൽ ഇവിടെ അഴിച്ചുവിട്ട ഒരുപാട് കള്ളപ്രചാര വേലകളുണ്ട്, അതിലേയ്ക്കൊന്നും കടക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. സർക്കാരിനെതിരെ കള്ളപ്രചാരവേലകളുടെ പരമ്പരയായിരുന്നു ഇവിടെയുണ്ടായത്. അത്തരം കള്ളപ്രചാരവേലകളെ ജനങ്ങൾ അംഗീകരിക്കുന്നില്ലെ

ന്ന വ്യക്തമായ സന്ദേശം ഈ തെരഞ്ഞെടുപ്പുഫലം നൽകിയിരിക്കുകയാണ്. സർക്കാരിന്റെ വികസന നേട്ടങ്ങളെയും ജനാധിപത്യ മൂല്യങ്ങളെയും വിവാദങ്ങളിൽ മുക്കിക്കൊല്ലാനുള്ള പരിശ്രമങ്ങൾക്കെതിരെ ജനങ്ങൾ അണിനിരന്നതാണ് എൽ.ഡി.എഫ്.-ന് വിജയം സംഭാവന ചെയ്തത്. കഴിഞ്ഞ പ്രകടന പത്രിക നടപ്പാക്കുന്നതിൽ സർക്കാർ കാട്ടിയ ജാഗ്രതയും ഇടപെടലും പുതിയൊരു രാഷ്ട്രീയ സംസ്കാരത്തിനാണ് തുടക്കംകുറിച്ചത്. അതുകൊണ്ടുതന്നെ എൽ.ഡി.എഫ്. പ്രകടനപത്രിക മുന്നോട്ടുവച്ചപ്പോൾ അത് നടപ്പാക്കാനുള്ളതാണെന്ന പൂർണ്ണ ബോദ്ധ്യം ജനങ്ങൾക്കുണ്ടായി. അതിന്റെ ഫലമായി എൽ.ഡി.എഫ്. മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾക്ക് തെരഞ്ഞെടുപ്പിൽ ജനങ്ങളിൽനിന്നും വലിയ പിന്തുണയുണ്ടാകുകയും ചെയ്തു. ബി.ജെ.പി.-യുടെ അക്കൗണ്ട് ക്ലോസ് ചെയ്തുവെന്നുള്ളത് ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. തങ്ങളുടെ പിന്തുണയോടെയാണ് ബി.ജെ.പി. കഴിഞ്ഞ തവണ വന്നത് എന്നത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പരോക്ഷമായി ഇപ്പോൾ സമ്മതിച്ചുവെന്നാണ് എനിക്ക് തോന്നുന്നത്. കാരണം അവരുടെ പിന്തുണയായിരുന്നു നേമത്ത് ബി.ജെ.പി.-ക്ക് അക്കൗണ്ട് തുറക്കാൻ ഇടയാക്കിയത്. ഇതെല്ലാവർക്കും അറിയാവുന്ന പരമാർത്ഥമാണ്. പിന്നീട് പരസ്യമായും ആ കാര്യങ്ങൾ വന്നു. തനിക്ക് കോൺഗ്രസ്സുകാരുടെ വോട്ട് ലഭിച്ചുവെന്നും അത് കോൺഗ്രസ് നേതാക്കളുടെ അറിവോടെയായിരുന്നുവെന്നും അവിടെ മത്സരിച്ച് വിജയിച്ച സ്ഥാനാർത്ഥിയായ, കഴിഞ്ഞ നിയമസഭയിലുണ്ടായിരുന്ന ശ്രീ. ഒ. രാജഗോപാൽ പറഞ്ഞു. അന്ന് മത്സരിച്ച് പരാജയപ്പെട്ട യു.ഡി.എഫ്. സ്ഥാനാർത്ഥി പരസ്യമായി രംഗത്തുവന്നു. ഒരു ഘട്ടമായപ്പോൾ കോൺഗ്രസ്സുകാരെ എവിടെയും കാണാനില്ലെന്ന് അദ്ദേഹം പരാതിപ്പെട്ടു. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകേണ്ട കാര്യമില്ല. ഏതായാലും അന്ന് ജയിക്കാനിടയായത് കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും പിന്തുണകൊണ്ടാണെന്ന് രണ്ടുകൂട്ടരും സാക്ഷ്യപ്പെടുത്തുകയുണ്ടായി. ബി.ജെ.പി.-യുടെ വർഗ്ഗീയ നിലപാടുകൾക്ക് കടുത്ത തിരിച്ചടി നൽകാൻ സംസ്ഥാനത്തിന് സാധ്യമായി എന്നത് ജനാധിപത്യ വിശ്വാസികൾക്കാകമാനം സന്തോഷവും ആത്മവിശ്വാസവും നൽകുന്ന ഒന്നാണ്. ഇവിടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ജമാഅത്തെ-ഇസ്ലാമിയുമായി യു.ഡി.എഫ്. പരസ്യമായ കൂട്ടുകെട്ടിലായിരുന്നു. അതുമായി ബന്ധപ്പെട്ട് അവരുടെയിടയിൽ ഉയർന്നുവന്ന തർക്കവിതർക്കങ്ങളൊക്കെ കേരളമാകെ കേട്ടതാണ്. പക്ഷേ ആ കൂട്ടുകെട്ട് ഈ തെരഞ്ഞെടുപ്പിലും തുടരുകയായിരുന്നു. മതനിരപേക്ഷതയുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന കൂട്ടുകെട്ടിനെ ജനങ്ങൾ അംഗീകരിക്കുന്നില്ലെന്നതും ഈ തെരഞ്ഞെടുപ്പുഫലം വ്യക്തമാക്കിയിരിക്കുകയാണ്. സമൂഹത്തിലെ ഏതെങ്കിലും ഒരു വിഭാഗമല്ല, നാടാകമാനം ഈ സർക്കാരിനെ അംഗീകരിക്കുന്നുവെന്നുള്ളതാണ് നാം കാണേണ്ടത്. ഈ തെരഞ്ഞെടുപ്പ് വിജയത്തിന്റെ യഥാർത്ഥ ചിത്രം പരിശോധിച്ചാൽ എല്ലാ പ്രദേശങ്ങളും ജനവിഭാഗങ്ങളും ഒരുപോലെ എൽ.ഡി.എഫ്.-നെ പിന്താങ്ങി എന്നാണ് വ്യക്തമാകുന്നത്.

ഇവിടെ നടന്ന ചർച്ചയിൽ ഈ സർക്കാരിന് നയവുമില്ല പരിപാടിയുമില്ല എന്ന നിലയിൽ ചിലർ വിമർശനമുയർത്തുകയുണ്ടായി. കേരളത്തിന്റെ വികസനത്തെയും വർത്തമാനകാലത്ത് നാം ചെയ്യേണ്ട പ്രവർത്തനങ്ങളെയും സംബന്ധിച്ച് വ്യക്തതയുള്ളവർക്ക് സാധാരണനിലയ്ക്ക് ഇത്തരമൊരു വിമർശനമുയർത്താനാകില്ല. ആധുനിക കേരളത്തിന്റെ രൂപീകരണത്തിന് അടിസ്ഥാനമായി നിലനിന്നത് നവോത്ഥാന പ്രസ്ഥാനങ്ങളും തൊഴിലാളി-കർഷക പ്രസ്ഥാനങ്ങളും ദേശീയ പ്രസ്ഥാനവും നടത്തിയ ഇടപെടലുകളും പ്രവർത്തനങ്ങളുമായിരുന്നു. ഇതിന്റെ തുടർച്ചയായിരുന്നു 1957-ലെ സർക്കാർ. ആ സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങൾ ആധുനിക കേരളത്തിന്റെ വികസനത്തിന് അടിത്തറയായിത്തീർന്നു. 1957-ലെ സർക്കാർ നടപ്പാക്കിയ ഭൂപരിഷ്കരണം, വിദ്യാഭ്യാസ ബിൽ, സാമൂഹ്യനീതിക്കായുള്ള ഇടപെടൽ, പോലീസ് നയത്തിന്റെ പരിവർത്തനം, ഭരണയന്ത്രത്തിന്റെ ജനാധിപത്യവത്കരണം തുടങ്ങിയവയെല്ലാം കേരള വികസനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഉയർന്നുവന്നു. ഇതിന്റെ തുടർച്ചയായുണ്ടായ

ക്ഷേമപദ്ധതികൾ, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ നേട്ടങ്ങൾ, കേരള മോഡൽ എന്ന വികസന കാഴ്ചപ്പാട് എന്നിവ ഇവിടെ മാത്രമല്ല ലോകത്തെമ്പാടും ചർച്ച ചെയ്യപ്പെടുന്ന സ്ഥിതിയുണ്ടായി. ആഗോളവത്കരണ നയങ്ങൾ രൂപപ്പെട്ട 1990-കളിൽ കേരളത്തിന്റെ വികസനം പുതിയ പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടിവന്നു. കേരളത്തിന്റെ വികസന നയങ്ങളിൽ പൊതുവായുണ്ടായ ദൗർബല്യവും ആഗോളവത്കരണ നയങ്ങളുടെ ശക്തമായ ഇടപെടലും പ്രതിസന്ധി രൂക്ഷമാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ വികസനത്തിന്റെ ദൗർബല്യങ്ങൾ പരിഹരിച്ച് നവകേരളം എങ്ങനെ സൃഷ്ടിച്ചെടുക്കാമെന്ന പരിശ്രമമാണ് ഈ കാലയളവിലെ ഇടതുപക്ഷ സർക്കാരുകൾ നടത്തിയത്. ആഗോളവത്കരണ നയങ്ങൾ അതുപോലെ നടപ്പാക്കി കേരളത്തിന്റെ നേട്ടങ്ങൾ തകർക്കുകയെന്ന വലതുപക്ഷ സർക്കാരുകളുടെ നയങ്ങൾക്കെതിരെയുള്ള ശക്തമായ പ്രതിരോധവും ഈ കാലയളവിൽ ഉയർന്നുവന്നു. കഴിഞ്ഞ സർക്കാർ ആഗോളവത്കരണ നയങ്ങൾക്ക് ബദൽ രൂപപ്പെടുത്തുന്നതോടൊപ്പം കേരളത്തിന്റെ സവിശേഷമായ പ്രശ്നങ്ങളെ മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി. കാർഷിക - വ്യവസായ മേഖലകൾ ശക്തിപ്പെടുത്തലും പശ്ചാത്തല സൗകര്യവികസനം മുന്നോട്ടുകൊണ്ടുപോകലും അതിന്റെ ഭാഗം തന്നെയായിരുന്നു.

ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരത്തിന്റെ പ്രശ്നം പരിഹരിക്കൽ ഒരു പ്രധാന കാര്യമായിരുന്നു. പ്രസ്തുത മേഖലകൾ നേരത്തെതന്നെ ശക്തിപ്പെട്ടുവെന്നത് വസ്തുതയാണ്. പക്ഷേ കാലാനുസൃതമായ പുരോഗതി ആ മേഖലകളിൽ ആവശ്യമായിരുന്നു. അതാണ് കഴിഞ്ഞ സർക്കാർ നടപ്പാക്കാൻ ശ്രമിച്ചത്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് സവിശേഷ പ്രാധാന്യം നൽകി ഇടപെടുന്ന രീതിയാണ് സർക്കാർ സ്വീകരിച്ചത്. അതുപോലെ സാമൂഹ്യസുരക്ഷാ പദ്ധതികളെ ശക്തിപ്പെടുത്തുന്ന സമീപനവും സ്വീകരിച്ചു. മതനിരപേക്ഷത സംരക്ഷിക്കുക എന്നത് സമൂഹത്തിന്റെ കെട്ടുറപ്പിനും അഭിവൃദ്ധിക്കും ഒഴിച്ചുകൂടാനാകാത്ത കാര്യമാണ്. ഇത്തരത്തിലുള്ള ഒരു കാഴ്ചപ്പാട് നവകേരള സൃഷ്ടിയുടെ പ്രധാന കാഴ്ചപ്പാടായി മുന്നോട്ടുവച്ചുവെന്നതാണ് കഴിഞ്ഞ സർക്കാരിന്റെ ഏറ്റവും വലിയ പ്രത്യേകത. ഒട്ടേറെ ദുരന്തങ്ങൾ നമുക്ക് നേരിടേണ്ടിവന്നു. അതിന് മുന്നിൽ നിസ്സഹായതയോടെ തലയിൽ കൈവച്ച് നിലവിളിച്ചിരിക്കാനല്ല നാം തീരുമാനിച്ചത്. ജനങ്ങളെ അണിനിരത്തി ദുരന്തങ്ങൾ നേരിടാനുള്ള നിലപാടാണ് സ്വീകരിച്ചത്. സർക്കാരിന്റെ ഇത്തരം പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് ഉണ്ടായ വിജയം.

കേരളത്തിന്റെ വികസനത്തിൽ നിലനിൽക്കുന്ന ദൗർബല്യങ്ങളെക്കുറിച്ച് നേരത്തെ ഞാൻ പറഞ്ഞു. അവ പരിഹരിച്ച് നവകേരളം കെട്ടിപ്പടുക്കാനുള്ള കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുന്നതിനാണ് ഈ സർക്കാർ പരിശ്രമിക്കുന്നത്. അതോടൊപ്പം ചില മേഖലകളിൽ പുതുതായി കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. അത്തരം മേഖലകളിൽ കൂടുതൽ ഊന്നൽ നൽകുന്നതിനുള്ള പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിക്കുന്നതാണ്. അതിൽ ഏറ്റവും പ്രധാനം സമൂഹത്തിൽ അഭ്യസ്തവിദ്യർക്ക് കഴിവിനനുസരിച്ചുള്ള തൊഴിൽ ലഭിക്കുന്നില്ലെന്ന പ്രശ്നമാണ്. ഇതിന് പരിഹാരം കാണേണ്ടതുണ്ട്. സമൂഹം നേരിടുന്ന തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ ഈ സർക്കാരിന്റെ പ്രഥമ പരിഗണനയിൽത്തന്നെ വരും. ഇതിനായി അടിസ്ഥാന മേഖലകൾക്കൊപ്പം ഐ.ടി., ടൂറിസം, ബയോടെക്നോളജി തുടങ്ങിയ മേഖലകൾക്ക് വളരെ പ്രാധാന്യം നൽകുന്ന നടപടിയായിരിക്കും സർക്കാർ സ്വീകരിക്കുന്നത്. പതിനയ്യായിരം സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ലക്ഷ്യമിടുന്നത്. സ്റ്റാർട്ട്അപ്പുകൾക്ക് കൂടുതൽ പ്രോത്സാഹനം എന്ന നയം സർക്കാർ തുടരുകതന്നെ ചെയ്യും. 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കിയത്. അതോടൊപ്പം 40 ലക്ഷം തൊഴിലവസരങ്ങൾ

ലക്ഷ്യംവച്ചുകൊണ്ട് നൈപുണ്യ പരിശീലനം, വ്യവസായ പുനഃസംഘടന, കാർഷിക നവീകരണം ഇവയെല്ലാം കൃത്യമായ ഗൃഹപാഠത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി നടപ്പാക്കാൻ നടപടി സ്വീകരിക്കും. നാടിന്റെ വ്യവസായ പുനഃസംഘടനയിലൂടെയും കാർഷിക രംഗത്തുള്ള നവീകരണത്തിലൂടെയും വർദ്ധിച്ച തോതിലുള്ള തൊഴിലവസരങ്ങളാണ് ഉണ്ടാകാൻ പോകുന്നത്. അതോടൊപ്പം, വീട്ടിനകത്തോ അല്ലെങ്കിൽ വീട്ടിനടുത്തോ ഇരുന്ന് തൊഴിലെടുക്കാൻ സന്നദ്ധരായ ഉദ്യോഗാർത്ഥികളെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിക്കുന്ന നടപടി; അവർക്കുവേണ്ടി അന്തർദ്ദേശീയ തൊഴിൽ കമ്പനികളോട് സംവദിക്കും. ഇപ്പോൾത്തന്നെ ഒട്ടേറെ വൻ കമ്പനികളുമായടക്കം സംവദിക്കൽ നടന്നുകഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം തൊഴിൽ ലഭിക്കുന്നവരുടെ സാമൂഹ്യസുരക്ഷാ ബാദ്ധ്യത ഏറ്റെടുക്കാനും സർക്കാർ തയ്യാറാകും. ഇതെല്ലാം ചെയ്യുന്നതിനുള്ള മികച്ച സ്ഥാപനമായി K-DISC (Kerala Development and Innovation Strategic Council)-നെ മാറ്റാനുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. കാർഷിക മേഖലയിൽ അഞ്ച് ലക്ഷവും കാർഷികേതര മേഖലയിൽ പത്ത് ലക്ഷവും ഉപജീവന തൊഴിലുകളാണ് സൃഷ്ടിക്കുന്നത്. അതോടൊപ്പം ആധുനിക കാലഘട്ടത്തിൽ വിജ്ഞാനത്തിന്റെ മുന്നേറ്റമെന്നത് ഏറ്റവും പ്രധാനമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ മേഖല വിപുലപ്പെടുത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കും സർക്കാർ ഊന്നൽ നൽകുന്നുണ്ട്.

നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസ മേഖലയിൽ നല്ല പുരോഗതി നേടിയിട്ടുണ്ട്. പക്ഷേ ആ ഒരു അവകാശവാദത്തിൽ മാത്രം നാം നിന്നുപോയാൽ പോരാ. കാലാനുസൃതമായ മാറ്റങ്ങൾ വിദ്യാഭ്യാസ രംഗത്തുണ്ടാകണം. പൊതുവിദ്യാഭ്യാസ രംഗത്ത് ഫലപ്രദമായ ഇടപെടൽ നടത്താൻ കഴിഞ്ഞ തവണ സാധിച്ചു. എന്നാൽ ഉന്നതവിദ്യാഭ്യാസ മേഖല ഇപ്പോഴും ഒരുപാട് മാറ്റങ്ങൾവേണ്ട ഒരു മേഖലയാണ്. ആ മാറ്റങ്ങൾ എന്തൊക്കെ എന്നതിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. പക്ഷേ ഇന്നത്തെ നിലയിൽ പോയാൽ പോരാ. കേരളത്തിലെ കുട്ടികൾ പുതിയ കോഴ്സുകൾ തേടി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകേണ്ടിവരുന്നു. അതുകൊണ്ട് കേരളത്തിലെ കോഴ്സുകളും പഠന നിലവാരവും വർദ്ധിക്കണം. ലോകത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആദ്യത്തെ ഒരു നിശ്ചിത എണ്ണത്തിൽ, ആദ്യഘട്ടത്തിൽ ഒരുപക്ഷേ അത് അഞ്ഞൂറ് ആയിക്കോട്ടെ, ആ അഞ്ഞൂറിൽ ഒരിടത്തെങ്കിലും കേരളത്തിലെ ഒരു സ്ഥാപനമുണ്ടാകണം. ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം പരിശോധിക്കുമ്പോൾ ആദ്യത്തെ പത്ത് എണ്ണത്തിലെങ്കിലും കേരളത്തിലെ ഒരു സ്ഥാപനമുണ്ടാകണം. കേരളം എല്ലാ കാര്യത്തിലും അഭിവൃദ്ധിപ്പെട്ട് നിൽക്കുന്ന സംസ്ഥാനമാണ്. പല കാര്യങ്ങളിലും നാം ഒന്നാമതാണ്. ഈ കാര്യത്തിലും കാലാനുസൃതമായ മാറ്റം കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം അത്യുന്നത പഠന കേന്ദ്രങ്ങൾ ആരംഭിച്ച് അറിവിന്റെ ലോകത്തെ കൂടുതൽ വിപുലപ്പെടുത്താനാകണം. പുതിയ അറിവുകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസത്തിന്റെ പഠന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ സവിശേഷ പ്രാധാന്യത്തോടെ പരിഹരിക്കുക എന്നതും പ്രധാനമായാണ് സർക്കാർ കാണുന്നത്. സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊളിലാളികൾ, വയോജനങ്ങൾ തുടങ്ങിയവരുടെ പ്രശ്നങ്ങൾ സവിശേഷ പ്രാധാന്യത്തോടെ അഭിമുഖീകരിക്കുക എന്നത് പ്രധാന ദൗത്യമായി ഈ സർക്കാർ ഏറ്റെടുക്കുന്നു. കടൽ കടലിന്റെ മക്കൾക്കുതന്നെ ഉറപ്പുവരുത്തും. പരമ ദരിദ്ര കുടുംബങ്ങളുടെ സമഗ്ര ലിസ്റ്റുണ്ടാക്കി ഓരോ കുടുംബത്തിനും കരകയറുന്നതിനുള്ള മൈക്രോ പ്ലാൻ തയ്യാറാക്കി നടപ്പാക്കും. അത് വിവിധ തരത്തിലാകാം. തദ്ദേശഭരണ സ്ഥാപനങ്ങളെയടക്കം പങ്കെടുപ്പിച്ചുകൊണ്ടുള്ള വിപുലമായ ഒരു പരിപാടിയാണ് നടപ്പാക്കുന്നത്. അതിൽ ഓരോ കുടുംബത്തിലെയും ഒരാൾക്കുവീതം തൊഴിൽ ലഭിച്ചാൽ ആ കുടുംബങ്ങൾ

പരമ ദരിദ്രാവസ്ഥയിൽനിന്നും മാറിപ്പോകും. അവിടെയുള്ള തദ്ദേശഭരണ സ്ഥാപനവും സ്വകാര്യമേഖലയും സർക്കാരും എല്ലാംകൂടി ചേർന്നുകൊണ്ട് അത്തരത്തിലൊരു തൊഴിലവസരമുണ്ടാക്കുന്നതിന് പ്രയാസമുണ്ടാകില്ല. ചില ആളുകൾക്ക് സാമ്പത്തിക സഹായം വേണ്ടിവരും. അക്കാര്യത്തിൽ ചിലപ്പോൾ ഒരു ലക്ഷം രൂപ മുതൽ പതിനഞ്ച് ലക്ഷം രൂപ വരെ വികസന സഹായം നൽകേണ്ടതായി വരാം. ഇത്തരത്തിൽ 45 ലക്ഷം കുടുംബങ്ങൾ സംസ്ഥാനത്തുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. എല്ലാവർക്കും സാമ്പത്തിക സഹായം വേണ്ടിവരില്ല, ചിലർക്ക് അത് വേണ്ടിവരും. എന്താണോ വേണ്ടത് അത് ചെയ്തുകൊണ്ട് അവരെ പരമ ദരിദ്രാവസ്ഥയിൽനിന്നും കരകയറ്റാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം നല്ല രീതിയിൽ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നതും പ്രധാനമാണ്.

കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് പ്രവാസി സമൂഹത്തിൽനിന്നും വമ്പിച്ച സഹായമാണ് ലഭിച്ചിട്ടുള്ളത്. അവരെ സംരക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഏകോപിത പ്രവാസി തൊഴിൽ പദ്ധതിക്ക് രൂപം നൽകുകയും സർക്കാർ പങ്കാളിത്തത്തോടെയുള്ള പ്രവാസി കമ്പനികളും സഹകരണ സംഘങ്ങളും ആരംഭിക്കുകയും സംസ്ഥാനത്തെ ഉൽപ്പാദന മേഖലകളെ ശക്തിപ്പെടുത്തുന്ന നടപടി തുടരുകയും ചെയ്യും. കാർഷിക, വ്യവസായ മേഖലകളിലെ വികാസവും പശ്ചാത്തലസൗകര്യ വികസനവും മുന്നോട്ടു കൊണ്ടുപോകുക എന്നത് സർക്കാരിന്റെ പ്രധാന ദൗത്യമായിത്തന്നെ ഇനിയും തുടരും. കൃഷിക്കാരുടെ വരുമാനം 50% വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഫലപ്രദമായ നടപടികളിലൂടെ ഇക്കാര്യം ഉറപ്പുവരുത്തുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ വ്യാപകമാക്കുകയും ചെയ്യും. കൊച്ചിയിൽനിന്നും പാലക്കാട് വഴിയുള്ള വ്യാവസായിക ഇടനാഴി, കൊച്ചിയിൽനിന്ന് മംഗലാപുരത്തേയ്ക്കുള്ള വ്യാവസായിക ഇടനാഴി, തിരുവനന്തപുരം ക്യാപ്പിറ്റൽ സിറ്റി റീജിയൺ ഡെവലപ്മെന്റ് പദ്ധതി, പുതിയ തെക്ക്-വടക്ക് സിൽവർ ലൈൻ റെയിൽവേ പദ്ധതി മുതലായ നാല് ഭീമൻ പശ്ചാത്തല സൗകര്യ പദ്ധതികൾ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഗണ്യമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതോടുകൂടി കേരളത്തിലെ പശ്ചാത്തല സൗകര്യങ്ങൾ ഇന്ത്യയിൽ ഏറ്റവും മികച്ചതാകും. അതുപോലെ അതിവേഗതയിൽ വികാസം പ്രാപിച്ചുവരുന്ന നഗരമായ കൊച്ചിയെ ആഗോള നഗരമായി വികസിപ്പിക്കും. നവോത്ഥാന മൂല്യങ്ങളും മതനിരപേക്ഷ ചിന്തകളുമാണ് കേരളത്തിന്റെ കരുത്ത്. വ്യത്യസ്തങ്ങളായ സംസ്കാരങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളായിരിക്കും സർക്കാർ സംഘടിപ്പിക്കുക. ജാതിയുടെയോ മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിലുള്ള ഒരു വിവേചനവും സർക്കാർ അംഗീകരിക്കില്ല. എല്ലാ പൗരന്മാർക്കും സമാധാനപരമായ ജീവിതം ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം. ക്രമസമാധാനം സംരക്ഷിക്കുന്ന പോലീസ് സേനയെ പ്രളയഘട്ടത്തിലും മഹാമാരിയിലും ജനകീയ സേനയുടെ രീതിയിലാക്കി മാറ്റിയെടുത്ത പ്രവർത്തനം കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകും. കേരളം അനുഭവിച്ച എല്ലാ ദുരന്തങ്ങളിലും ജനങ്ങളുടെ കണ്ണീരൊപ്പാൻ യൂണിഫോം സർവ്വീസിലെ അംഗങ്ങളുണ്ടായിരുന്നു. അത്തരത്തിൽ പുതിയ തലത്തിലേയ്ക്ക് വികസിച്ചതാണ് കേരളത്തിന്റെ പോലീസ് സംവിധാനം. വർത്തമാനകാലത്ത് സാംസ്കാരിക മേഖല മർമ്മ പ്രധാനമാണെന്നാണ് സർക്കാർ കാണുന്നത്. രാഷ്ട്രീയത്തെയും സംസ്കാരത്തെയും വർഗ്ഗീയവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉയർന്നുവരുന്ന ഘട്ടത്തിൽ മതനിരപേക്ഷത ഊട്ടിയുറപ്പിക്കുംവിധം സാംസ്കാരിക മേഖലയിൽ ഇടപെടുക എന്നത് പ്രധാനമാണെന്ന് സർക്കാർ കാണുന്നു. ഭാഷയും സംസ്കാരവും സംരക്ഷിക്കുക എന്നത് മതനിരപേക്ഷതയുടെ അടിസ്ഥാന ഘടകമായാണ് സർക്കാർ കാണുന്നത്. അടിസ്ഥാന മേഖലകളുടെ വികസനം ശക്തിപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിനും കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ തുടരുമ്പോൾത്തന്നെ ഇത്തരം കാര്യങ്ങളിൽക്കൂടി ഊന്നൽ നൽകിക്കൊ

ണ്ടായിരിക്കും ഈ സർക്കാർ പ്രവർത്തിക്കുക. അതോടൊപ്പം ക്ഷേമ പ്രർത്തനങ്ങൾക്കും പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും ഊന്നൽ നൽകുന്ന സമീപനം മുന്നോട്ടുവയ്ക്കുക എന്നതാണ് സർക്കാരിന്റെ നയം. അത്തരം കാര്യങ്ങൾ മനസ്സിലാക്കാതെയാണ് നേരത്തെ പറഞ്ഞ രീതിയിലുള്ള ചില പ്രസ്താവനകൾ ഇവിടെ വന്നതെന്നാണ് കാണേണ്ടത്.

വരുന്ന അഞ്ചു വർഷംകൊണ്ട് കേരളത്തിലെ വ്യവസായ മേഖലയിൽ പതിനായിരം കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട ഫാർമസ്യൂട്ടിക്കൽ ഹബ്ബുകളിലൊന്നായി കേരളത്തെ മാറ്റാനും സർക്കാർ ഉദ്ദേശിക്കുന്നു. നമ്മുടെ കർഷകരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായ നാളികേര സംഭരണത്തിനും സംസ്കരണത്തിനും നല്ല രീതിയിൽത്തന്നെ സഹകരണ മേഖലയെ ഉപയോഗപ്പെടുത്തും. ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായ മേഖലയിൽ ഒന്നര ലക്ഷം സംരംഭകരെക്കൂടി കൊണ്ടുവരാൻ നടപടി സ്വീകരിക്കും. ഈ മേഖലയിൽ 6 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തും. ഭൂരഹിതർക്ക് കിടപ്പാടം നൽകുന്ന പദ്ധതിയുടെ ഭാഗമായി അടുത്ത വർഷം ഒന്നര ലക്ഷം വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ മൊത്തം 5 ലക്ഷം വീടുകൾ അഞ്ചു വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കും. ലൈഫ് മിഷന്റെ ഭാഗമായുള്ള വീട് നിർമ്മാണത്തിന്റെ തുടർച്ചയായിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അതുപോലെതന്നെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തുകയും ജനസംഖ്യാനുപാതികമായി ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്യും. വയോജനങ്ങൾക്ക് പ്രത്യേകം പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഞാൻ നേരത്തെ പറഞ്ഞപ്പോൾ വിട്ടുപോയൊരു കാര്യമുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് 30 സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ) സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. അഫിലിയേറ്റഡ് കോളേജുകളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും കൂടുതൽ കോഴ്സുകൾ അനുവദിക്കുകയും ചെയ്യും. കുട്ടികൾക്ക് കളിക്കാൻ മികച്ച സ്ഥലങ്ങളില്ലെന്നുള്ളത് സംസ്ഥാനത്തിന്റെ വലിയൊരു പരിമിതിയാണ്. അതുകൊണ്ട് എല്ലാ പഞ്ചായത്തുകളിലും നഗരങ്ങളിലും മികച്ച കളിസ്ഥലങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കും. നമ്മുടെ നാട്ടിലുള്ള നാടൻ കലകളുടെ സംരക്ഷണം ഉറപ്പുവരുത്തും. പശ്ചാത്തല സൗകര്യ വികസന പ്രവൃത്തികളുടെ ഭാഗമായി 60,000 കോടി രൂപയുടെ പദ്ധതികളാണ് ഈ അഞ്ചു വർഷംകൊണ്ട് പൂർത്തീകരിക്കുന്നത്. 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി അടുത്ത അഞ്ചു വർഷംകൊണ്ട് പൂർത്തിയാകും.

കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ ഭൂമി ഏറ്റെടുക്കേണ്ടതടക്കമുള്ള കാര്യങ്ങൾ ചെയ്ത് തെക്കുവടക്ക് ജലപാത പൂർണ്ണതയിലെത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ലൈറ്റ് മെട്രോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. തീരദേശ പാക്കേജ്, വയനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് തുടങ്ങിയവയെല്ലാം സമയബന്ധിതമായി നടപ്പാക്കും. കിഫ്ബിയുടെ കാര്യത്തിൽ ചിലർക്കെല്ലാം വല്ലാത്തൊരു അസഹ്യത വരുന്നതുകൊണ്ട് പറയുകയാണ്, നാടിന്റെ ഏറ്റവും പ്രധാന ഭാഗമായ കിഫ്ബിയെ നല്ല രീതിയിൽ സംരക്ഷിക്കും. നാടിന്റെ ശുചിത്വം പ്രധാനപ്പെട്ട കാര്യമാണ്, അതിൽ കുറച്ച് പുരോഗതിയുണ്ടായിട്ടുണ്ട്. എന്നാൽ നമ്മുടെ നാടിനാവശ്യമായ രീതിയിലുള്ള ശുചിത്വം വന്നുകഴിഞ്ഞിട്ടില്ല. അതുകൊണ്ട് നഗരങ്ങളായാലും ഗ്രാമങ്ങളായാലും പൂർണ്ണമായും ശുചിത്വ പ്രദേശമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. മുപ്പത് ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം നേരിട്ടെത്തിക്കുന്ന പരിപാടി ഈ ഘട്ടത്തിൽ നടപ്പാക്കും. വീട്ടമ്മമാർക്ക് പെൻഷൻ നൽകുകയെന്ന ഏറ്റവും പ്രധാനപ്പെട്ട പരിപാടിയും ഈ ഘട്ടത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ മിനിമം കൂലി 700 രൂപയായി വർദ്ധിപ്പിക്കുകയും ശിശുസൗഹൃദ പദ്ധതികൾ നടപ്പാക്കുകയും ചെയ്യും. ജി.എസ്.ടി. കൂടുതൽ വ്യാപാരി സൗഹൃദമാക്കാൻ കഴിയുന്നതെങ്ങനെ

യെന്ന് പരിശോധിക്കും. നമ്മുടെ നാട്ടിൽ ഒരാളും പട്ടിണി കിടക്കാൻ ഇടവരരുത്. അതുകൊണ്ട് ആരും പട്ടിണി കിടക്കാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റും. ഇവിടെ വലിയൊരു ദൗർഭാഗ്യകരമായ അവസ്ഥ വരുന്നുണ്ട്. ഒരു ഭാഗത്ത് ലൈഫ് മിഷനടക്കമുള്ള പദ്ധതികളിലുൾപ്പെടുത്തി വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നു. എന്നാൽ വേറൊരു ഭാഗത്ത് വീട്ടിൽനിന്ന് ഇറക്കിവിടപ്പെടുന്ന ഒരുകൂട്ടം നിസ്സഹായരുണ്ട്; അവരെ സംരക്ഷിക്കുക എന്നത് പ്രധാനമാണ്. നിയമപരമായ നടപടികൾക്ക് തടസ്സമായൊന്നും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ വീട്ടിൽ താമസിക്കുന്നവരെ ഇറക്കിവിടുന്നുണ്ടെങ്കിൽ അവർക്ക് മിനിമം താമസ സൗകര്യമൊരുക്കണം. അതായത്, ഇറക്കിവിടുന്നവർ താമസ സൗകര്യം തയ്യാറാക്കിക്കൊടുക്കുന്നതിനുതകുന്ന നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കും. സാമൂഹ്യക്ഷേമ പെൻഷനുകൾ 2,500/ രൂപയാക്കും. അഴിമതിയോട് വിട്ടുവീഴ്ചയൊന്നും ഉണ്ടാകുകയില്ല. കഴിഞ്ഞ സർക്കാർ കൃത്യമായും അത് നടപ്പാക്കിയിട്ടുള്ളത് എല്ലാവർക്കും ബോദ്ധ്യമായ കാര്യമാണ്. ഒരു തരത്തിലുള്ള അഴിമതിയും വച്ചുപൊറുപ്പിക്കില്ല, പൂർണ്ണമായും അഴിമതി നിർമ്മാർജ്ജനം ചെയ്യും. സോഷ്യൽ പോലീസിംഗ് കൂടുതൽ ശക്തിപ്പെടുത്തും. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ സംസ്ഥാനത്തെ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. സംസ്ഥാന സർക്കാർ സർവ്വീസിലെ ഒഴിവുകൾ പൂർണ്ണമായും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനമൊരുക്കും. 'ഇ-വാഹന നയം' ആവിഷ്കരിച്ച് നടപ്പാക്കും. ശബരി റെയിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് കടക്കും. തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവെ ലൈനുകളുടെ നിർമ്മാണത്തിന് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

ഇവിടെ ബഹുമാന്യരായ അംഗങ്ങൾ സംസാരിച്ചപ്പോൾ കഴിഞ്ഞ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. മൃദുഹിന്ദുത്വം ആർക്കാണെന്ന് സഭയിൽ തലയെണ്ണി നോക്കിയാൽ അറിയാം എന്നൊരു വാദം അപ്പുറത്തുനിന്നും കേൾക്കാനിടയായി. അതിലെ ദു:സൂചന വ്യക്തമാണല്ലോ? എൽ.ഡി.എഫ്. നിരയിൽ ഒരു മതവിഭാഗത്തിന്റെ ആളുകൾ കൂടുതലെന്നായിരിക്കും ഉദ്ദേശിച്ചിട്ടുണ്ടാവുക. അത് മൃദുഹിന്ദുത്വ രാഷ്ട്രീയ നിലപാടുമൂലം ഉണ്ടായതാണെന്ന് വരുത്താനാണല്ലോ ശ്രമിക്കുന്നത്. ഇത്തരത്തിലാണോ ഒരു പ്രചരണം നടത്തേണ്ടത്? ശരിക്കും ഇതാണ് വർഗ്ഗീയതയുടെ ഭാഗമായുള്ള പ്രചരണം. ഈ വഴി നിങ്ങളെ ഒരിടത്തും കൊണ്ടെത്തിക്കില്ല എന്നുള്ളതാണ് മനസ്സിലാക്കേണ്ടത്. തെരഞ്ഞെടുക്കപ്പെട്ട് നിയമസഭയിലെത്തിയ ജനപ്രതിനിധികളെ ജാതിയും മതവും വേർതിരിച്ച് കാണുന്നത് എന്തൊരു മതേതരത്വമാണ്? ഇതാണോ ജവഹർലാൽ നെഹ്റു പഠിപ്പിച്ച മതേതരത്വം; ഇതാണോ ഗാന്ധിജി പഠിപ്പിച്ച സർവ്വധർമ്മ സമഭാവന. ഇതിൽ ഒന്നേയുള്ളൂ, സത്യം കാണാൻ കൂട്ടാക്കില്ല; തെറ്റ് തിരുത്താൻ തയ്യാറല്ല; വികലമായി ഇങ്ങനെ വാദിച്ചുകൊണ്ടിരിക്കും. അങ്ങനെയാണെങ്കിൽ നിങ്ങളെ കാലത്തിനുപോലും രക്ഷിക്കാനാകില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് നിങ്ങൾ എന്തൊരു ആത്മവിശ്വാസമായിരുന്നു പ്രകടിപ്പിച്ചിരുന്നത്; എന്തെല്ലാം പ്രചരണങ്ങളായിരുന്നു നടത്തിയിരുന്നത്; എന്താ ധരിച്ചത്, ഈ പറയുന്ന തരത്തിൽ ഒരു പടയെ ഒരുക്കിയാൽ, ആ പട ഏതൊക്കെയായിരുന്നെന്ന് എല്ലാവർക്കും അറിയാമല്ലോ; നിങ്ങളെ സഹായിക്കാൻ ബി.ജെ.പി.-യും ബി.ജെ.പി.-യുടെ ശ്രമത്തിലൂടെ കേന്ദ്ര അന്വേഷണ ഏജൻസികളും ഉണ്ടായിരുന്നല്ലോ. രാവിലെ ബി.ജെ.പി. നേതാവ് പറയും, വൈകുന്നേരം നിങ്ങൾ പറയും. അല്ലെങ്കിൽ രാവിലെ നിങ്ങൾ പറയും, വൈകുന്നേരം ബി.ജെ.പി. നേതാവ് പറയും. ഇങ്ങനെ ഒരേ കാര്യമായിരുന്നല്ലോ പറഞ്ഞുകൊണ്ടിരുന്നത്. അത് നിങ്ങളെ എവിടെയെത്തിച്ചു? ഒരു ഗവൺമെന്റ് രൂപീകരിക്കേണ്ടിവരുന്നെങ്കിലുള്ള ഒരുക്കങ്ങളിലേയ്ക്കടക്കം കടക്കാൻ നിങ്ങൾ തയ്യാറായല്ലോ; ആത്മവിശ്വാസത്തിന്റെ അങ്ങേയറ്റത്തല്ലേ നിങ്ങൾ എത്തിയിരുന്നത്. അത് നാടിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാതെയുള്ള ഒരു നിലപാടായിരുന്നു. എങ്ങനെയാണ്

ഇത്തരമൊരു ആത്മവിശ്വാസം വന്നത്? യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം രണ്ടുമുന്നണികൾ എന്ന നിലയിൽ, എൽ.ഡി.എഫ്. ആണ് മുന്നിലുള്ളതെന്ന് ആ ഘട്ടത്തിൽ ഏതൊരു നിഷ്പക്ഷമതിയും സമ്മതിക്കുന്ന കാര്യമായിരുന്നു. അത് മറന്നുകൊണ്ട് അല്ലെങ്കിൽ ആ വസ്തുതയെ നിരാകരിച്ചുകൊണ്ട് എങ്ങനെയാണ് ഇത്തരമൊരു നിലപാടിലേയ്ക്കെത്താൻ കോൺഗ്രസ്സിന് കഴിഞ്ഞത്? അതിൽ ഒരു കാര്യം മാത്രമേയുള്ളൂ. പുറത്തുനിന്ന് സഹായം കിട്ടുമെന്ന കാര്യത്തിൽ നിങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. അത് പ്രചരണരീതി പരിശോധിച്ചാൽ മനസ്സിലാകും. നേരത്തെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ രാജ്യത്ത് ബി.ജെ.പി.-യെ ശക്തമായി നേരിടുന്ന പാർട്ടി കോൺഗ്രസ്സാണെന്ന് പറഞ്ഞിരുന്നു.

രാജ്യത്ത് ബി.ജെ.പി.-യെ നേരിടുന്ന പാർട്ടി ഇവിടെ ബി.ജെ.പി.-ക്ക് എതിരായി ഒരക്ഷരമെങ്കിലും സംസാരിച്ചോ; എന്തുകൊണ്ടാണ് അത് സാധിക്കാതിരുന്നത്; ഒരു വലിയ തെരഞ്ഞെടുപ്പ് നേരിടുകയല്ലേ. ഇവിടെ സീറ്റ് പിടിക്കും, 45 സീറ്റുകൊണ്ട് ഭരിക്കും എന്നൊക്കെയാണല്ലോ ബി.ജെ.പി.-യും പറഞ്ഞുകൊണ്ടിരുന്നത്. അങ്ങനെയെല്ലാമുള്ള അവകാശവാദം പുറപ്പെടുവിക്കുമ്പോൾ ആ ബി.ജെ.പി.-ക്കെതിരെ ഒരക്ഷരം പോലും സംസാരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്? തദ്ദേശഭരണ, നിയമസഭാ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിലൊക്കെ കേന്ദ്ര സർക്കാരിന്റെ നയങ്ങളെ വിമർശിക്കുന്ന ഒരു പാർട്ടിയെയോ യു.ഡി.എഫ്.-നെയോ നമ്മൾ കണ്ടോ; എന്തുകൊണ്ടാണ് അതിന് കഴിയാതിരുന്നത്? കേന്ദ്ര സർക്കാരിന്റെ നയങ്ങളെ വിമർശിക്കേണ്ട ഒരുപാട് ഘട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ഭാഗമായിത്തന്നെ ഉണ്ടായല്ലോ. അപ്പോഴൊക്കെ എന്തുകൊണ്ടാണ് മൗനംപാലിച്ചത്? നിങ്ങൾ കേന്ദ്ര ഏജൻസികളിലാണ് വലിയ വിശ്വാസം അർപ്പിച്ചത്. ആ കേന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്തി സംസ്ഥാന സർക്കാരിനെത്തന്നെ അട്ടിമറിക്കുക എന്നതായിരുന്നു കണക്കുകൂട്ടൽ. അത്തരം കാര്യങ്ങൾക്ക് വലിയ തോതിൽ ഓശാന പാടുന്ന സ്ഥിതിയാണ് യു.ഡി.എഫ്. സ്വീകരിച്ചത്. അപ്പോൾ ബി.ജെ.പി.-ക്കെതിരെയും കേന്ദ്ര സർക്കാരിനെതിരെയും ഒരു കാര്യവും സംസാരിക്കാതിരിക്കുക; ഇതിന്റെ ഭാഗമായി യു.ഡി.എഫ്.-ബി.ജെ.പി. സഖ്യത്തിനുള്ള രാഷ്ട്രീയ പശ്ചാത്തലം നേരത്തെതന്നെ കോൺഗ്രസ് ഒരുക്കിവയ്ക്കുന്നുണ്ടായിരുന്നു. കോൺഗ്രസ് മാത്രമല്ല, യു.ഡി.എഫ്. തന്നെ അതിന്റെ ഭാഗമായിരുന്നു. അതുപോലെ രാജ്യത്ത് മുഖ്യശത്രു ബി.ജെ.പി.-യാണെങ്കിലും കേരളത്തിൽ ഇടതുപക്ഷമാണെന്ന വാദഗതിയുണ്ടായി. അത്തരത്തിലുള്ള പ്രചരണങ്ങൾ പോലും തങ്ങളുടെ അണികളിൽ പ്രചരിപ്പിക്കാൻ തയ്യാറാകുകയായിരുന്നു. അതോടൊപ്പം ഇടതുപക്ഷ നേതാക്കൾക്കുനേരെ നടത്തിയ വ്യക്തിപരമായ ആക്രമണങ്ങളും വ്യക്തിഹത്യ നടത്താനുള്ള ദുഷ്പ്രചരണങ്ങളും എല്ലാ സീമകളും ലംഘിച്ചിരുന്നു. പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ഒരു കാര്യം കൃത്യമായി പറയുകയുണ്ടായി. എന്തിനാണ് നാം സൗഹൃദം കളയുന്നത് എന്നാണ് അദ്ദേഹം ചോദിച്ചത്; അദ്ദേഹത്തിന്റെ തന്നെ വാചകമാണ്. 'സൗഹൃദപരമായ നിലപാടല്ലേ വേണ്ടത്'; അത് ശരിയാണ്. അത് ഞങ്ങളോട് പറഞ്ഞതല്ലെന്നാണ് തോന്നുന്നത്. അത് പറയാൻ പാടില്ലാത്ത ഒരുപാട് വാക്കുകളും വാചകങ്ങളും പറഞ്ഞുകൊണ്ടിരുന്ന അപ്പുറത്തുള്ളവരോട് പറഞ്ഞതായിരിക്കും. എത്ര ഹീനമായ, നിന്ദ്യമായ ആക്രമണ രീതിയായിരുന്നു സ്വീകരിച്ചത്. ഇടതുപക്ഷ നേതാക്കൾക്കുനേരെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒന്നിച്ചു നിന്നല്ലേ ആക്രമണം നടത്തിയത്. ഇടതുപക്ഷത്തിനെതിരെ ഒരു മഹാസഖ്യം എന്നൊരു പ്രതീതിയല്ലേ നിങ്ങൾ സൃഷ്ടിച്ചത്. അതിൽ മഹാ വിപ്ലവകാരികളെന്ന് അവകാശപ്പെടുന്നവർ യു.ഡി.എഫ്.-നെ സംരക്ഷിക്കാനുള്ള പുതിയ സിദ്ധാന്തങ്ങളുമായി രംഗത്ത് വരുന്നത് നമ്മൾ കണ്ടില്ലേ; ബി.ജെ.പി.-യുടെയും മഹാവിപ്ലവ സിദ്ധാന്തക്കാരുടെയും വോട്ടെല്ലാംകൂടി ഒന്നായി വന്നാൽ നിഷ്പ്രയാസം തങ്ങൾക്ക് ഭരണം കിട്ടുമെന്നാണ് കണക്കാക്കിയിരുന്നത്. അങ്ങനെ ജയിച്ചുവരാൻ കഴിയുമെന്നാണ് കണക്കാക്കിയത്. വോട്ടെടുപ്പ് ഫലം പ്രഖ്യാപിച്ചു കഴിഞ്ഞപ്പോൾ വ്യക്തമായ ഒരു കാര്യമുണ്ട്. ബി.ജെ.പി.-യുടെ വോട്ടുകൾ വലിയ തോതിൽ മറിഞ്ഞില്ലാ

യിരുന്നെങ്കിൽ യു.ഡി.എഫ്.-ന്റെ ഇപ്പോൾ കാണുന്ന അംഗസംഖ്യ ഇതിനെക്കാളും മോശമായ, വളരെ പരിതാപകരമായ അവസ്ഥയിലാകുമായിരുന്നു. പ്രതിപക്ഷ ബഞ്ചിൽ ഇരിക്കുന്ന പലരും ആ കസേരയിലുണ്ടാകുമായിരുന്നില്ലെന്നതാണ് വസ്തുത. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ, സ്ഥാനാർത്ഥികൾ ഉണ്ടായിരുന്ന 90 നിയോജകമണ്ഡലങ്ങളിൽ 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ബി.ജെ.പി.-ക്ക് വോട്ട് കുറഞ്ഞു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനേക്കാൾ വോട്ടർമാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടും വോട്ടുകൾ കുറഞ്ഞു. അതായത് പുറമെ കാണുന്നതിനേക്കാൾ വലിയ വോട്ടു കച്ചവടം നടന്നിട്ടുണ്ടെന്നത് വ്യക്തമാണ്. കാരണം കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം അവരുടെ ശക്തി വർദ്ധിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടാവുമല്ലോ; അത് കാണുന്നില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിന് ലഭിച്ച വോട്ടും കാണുന്നില്ല. ഇതിന്റെ ഭാഗമായി ചില സീറ്റുകളിൽ വിജയം നേടാനും പല മണ്ഡലങ്ങളിലും എൽ.ഡി.എഫ്.-ന്റെ ഭൂരിപക്ഷം കുറയ്ക്കാനും യു.ഡി.എഫ്.-ന് കഴിഞ്ഞുവെന്നത് വസ്തുതയാണ്. ബി.ജെ.പി.-യുടെ വോട്ട് കുറഞ്ഞ നിയോജകമണ്ഡലങ്ങൾ കാസർഗോഡ്-2, കണ്ണൂർ-5, വയനാട്-2, കോഴിക്കോട്-9, മലപ്പുറം-10, പാലക്കാട്-5, തൃശ്ശൂർ-7, എറണാകുളം-12, ഇടുക്കി-4, ആലപ്പുഴ-6, കോട്ടയം-9, പത്തനംതിട്ട-4, കൊല്ലം-5, തിരുവനന്തപുരം-10 എന്നിങ്ങനെയാണ്. ഇതാണ് ആകെ വോട്ടു കുറഞ്ഞ നിയോജകമണ്ഡലങ്ങൾ. 2016-ലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് 3,020,670 വോട്ടായിരുന്നു ലഭിച്ചത്. ഇത്തവണ അത് 2,594,567 വോട്ടായി കുറഞ്ഞു. എന്നുപറഞ്ഞാൽ 426,103 വോട്ടിന്റെ കുറവുണ്ടായി. വോട്ട് കുറഞ്ഞതിന്റെ എണ്ണം ജില്ല തിരിച്ച് വേണമെങ്കിൽ പരിശോധിക്കാം. കേരളത്തിലെ 14 ജില്ലകളിൽ 12 ജില്ലകളിലും ബി.ജെ.പി.-യുടെ വോട്ട് കുറയുകയാണ് ചെയ്തത്. ഒന്നിച്ചുനിന്ന് എൽ.ഡി.എഫ്. സർക്കാരിനെ എതിർക്കാൻ നേതൃത്വം നൽകിയവരുടെ വോട്ടുകൾ പരസ്പരം നൽകിയിട്ടുണ്ടാവുമെന്നത് എല്ലാവർക്കും മനസ്സിലാകുന്ന കാര്യമാണ്. 2016-ലെയും 2021-ലെയും തെരഞ്ഞെടുപ്പുകൾ താരതമ്യം ചെയ്താൽ വോട്ടിലുണ്ടായ കുറവ് കണ്ണൂർ-24,541, കോഴിക്കോട്-15,574, വയനാട്-14,635, മലപ്പുറം-22,810, തൃശ്ശൂർ-43,732, എറണാകുളം-74,248, ഇടുക്കി-54,589, കോട്ടയം-86,215, ആലപ്പുഴ-42,355, പത്തനംതിട്ട-12,048, കൊല്ലം-12,338, തിരുവനന്തപുരം-44,453 എന്നിങ്ങനെയാണ്. യു.ഡി.എഫ്.-ന്റെ വോട്ട് വലുതായി കുറഞ്ഞില്ലെന്ന് ചിലർ ചർച്ചയിൽ പറയുന്നതുകേട്ടു. ബി.ജെ.പി.-യുടെ 426,103 വോട്ടുകൾകൂടി യു.ഡി.എഫ്.-ന്റെ അക്കൗണ്ടിൽ എത്തിയിട്ടുണ്ടാകുമെന്നാണ് അനുമാനിക്കേണ്ടത്. ഇങ്ങനെ വോട്ട് മറിച്ചതിന്റെ ഫലമായി പത്തോളം സീറ്റുകളിൽ യു.ഡി.എഫ്.-ന് വിജയമുണ്ടായി എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതില്ലായിരുന്നുവെങ്കിൽ യു.ഡി.എഫ്.-ന്റെ പതനം ഏറെ വലുതാകുമായിരുന്നു. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 9,434,413 വോട്ട് എൽ.ഡി.എഫ്.-ന് ലഭിച്ചു. യു.ഡി.എഫ്.-ന് 8,208,382വോട്ടും ലഭിച്ചു. അതായത് എൽ.ഡി.എഫ്.-ന് യു.ഡി.എഫ്.-നെക്കാൾ 1,226,031വോട്ട് കൂടുതൽ ലഭിച്ചു. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 43.35-ഉം 2021-ൽ 45.2-ഉം ആയിരുന്നു എൽ.ഡി.എഫ്.-ന്റെ വോട്ടിംഗ് ശതമാനം. അതേസയമം യു.ഡി.എഫ്.-ന് 2016-ൽ 38.79 ശതമാനവും 2021-ൽ 39.4 ശതമാനവുമാണ് ലഭിച്ചത്. 2016-ൽ ബി.ജെ.പി.-ക്ക് 15.01 ശതമാനവും 2021-ൽ 12.4 ശതമാനവുമാണ് ലഭിച്ചത്. ബി.ജെ.പി.-യുടെ വോട്ടിംഗ് ശതമാനത്തിൽ 2.61 ശതമാനത്തിന്റെ കുറവ് കാണുന്നുണ്ട്. അത് വോട്ടു കച്ചവടത്തിന്റെ ഭാഗമായി സ്വാഭാവികമായും യു.ഡി.എഫ്.-ന് പോയതാണെന്ന് അനുമാനിക്കാം.

സർ, ബി.ജെ.പി.-യുടെ വോട്ട് ലഭിച്ചിട്ടും യു.ഡി.എഫ്-ന് പത്ത് മണ്ഡലങ്ങളിൽ മാത്രമെ ജയിക്കാനായുള്ളൂ. പക്ഷേ മറ്റ് മണ്ഡലങ്ങളിൽ എൽ.ഡി.എഫ്.-ന്റെ ഭൂരിപക്ഷം കുറച്ച് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടാകും. ഇതെല്ലാമുണ്ടായിട്ടും അതിനെ മറികടന്ന് എൽ.ഡി.എഫ്. ജയിച്ചുവന്നുവെന്നതാണ് വസ്തുത. ബി.ജെ.പി.-യുടെ വോട്ടിന്റെ ബലത്തിൽ യു.ഡി.എഫ്. വിജയിച്ച ചില മണ്ഡലങ്ങൾ ഓർക്കുന്നത് നല്ലതാണ്. ആ കണക്ക് മാത്രമാണ് ഞാൻ പറയുന്നത്.

സുൽത്താൻ ബത്തേരി- ബി.ജെ.പി.-ക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിനെക്കാൾ 12,722 വോട്ടുകൾ കുറഞ്ഞു; യു.ഡി.എഫ്. 11,822 വോട്ടിന് വിജയിച്ചു. പെരുമ്പാവൂർ - ബി.ജെ.പി.-ക്ക് 4,596 വോട്ടുകൾ കുറഞ്ഞു, യു.ഡി.എഫ്. 2,889 വോട്ടിന് വിജയിച്ചു. കുണ്ടറ - ബി.ജെ.പി.-ക്ക് 14,157 വോട്ടുകൾ കുറഞ്ഞു, യു.ഡി.എഫ്. 4,423 വോട്ടിന് വിജയിച്ചു. 5 വർഷം മുമ്പുള്ള നിയമസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടുമായാണ് താരതമ്യം ചെയ്യുന്നത്. ഈ കണക്ക് അവർക്ക് കുറച്ച് പ്രയാസം ഉണ്ടാക്കുന്നതാണെന്ന് എനിക്കറിയാം. പക്ഷേ ഇത് പറയാതിരിക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഞാൻ പറയുന്നത്. ചാലക്കുടി നിയോജകമണ്ഡലത്തിൽ 1,057 വോട്ടുകൾക്കാണ് യു.ഡി.എഫ്. വിജയിച്ചത്; അവിടെ ബി.ജെ.പി.-ക്ക് 8,928 വോട്ടാണ് കുറഞ്ഞത്. കോവളം നിയോജകമണ്ഡലത്തിൽ 11,562 വോട്ടുകൾക്കാണ് യു.ഡി.എഫ്. വിജയിച്ചത്; ബി.ജെ.പി.-ക്ക് 12,323 വോട്ടാണ് കുറഞ്ഞത്. കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ബി.ജെ.പി.-ക്ക് 5,866 വോട്ടുകളാണ് കുറഞ്ഞത്. ഇവിടെയാണ് 4,256 വോട്ടുകൾക്ക് യു.ഡി.എഫ്. വിജയിച്ചത്. അഞ്ച് വർഷം മുമ്പുള്ള വോട്ടല്ലല്ലോ. അതിനോടൊപ്പം ഈ അഞ്ച് വർഷം വോട്ട് വർദ്ധിപ്പിക്കാനല്ലേ അവർ ശ്രമിച്ചിട്ടുണ്ടാവുക. സാധാരണ നിലയ്ക്ക് ഇതിനെക്കാളും കുറവ് വന്നിട്ടുണ്ടാകുമെന്നാണ് അനുമാനിക്കേണ്ടത്. ഇതിന്റെ കൂടെ ബി.ജെ.പി. വോട്ടുകൾ യു.ഡി.എഫ്.-ന് ലഭിച്ചില്ലായിരുന്നുവെങ്കിൽ വലിയ തോതിലുള്ള പതനത്തിലേയ്ക്ക് യു.ഡി.എഫ്. എത്തുമായിരുന്നുവെന്നാണ് ഇതെല്ലാം കാണിക്കുന്നത്. വലിയ തോതിൽ വോട്ട് മറിച്ചിട്ടും എൽ.ഡി.എഫ്. വിജയിച്ച മണ്ഡലങ്ങൾ ഏറെയുണ്ട്. അതിന്റെയെല്ലാം ഉദാഹരണം ഇപ്പോൾ പറയാൻ സാധിക്കില്ല. തവനൂരിൽ ബി.ജെ.പി.-ക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ 5,887 വോട്ട് കുറവുണ്ട്. പക്ഷേ 2564 വോട്ടിനാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി ഇവിടെ വിജയിച്ചത്. കുറ്റ്യാടിയിൽ ബി.ജെ.പി.-ക്ക് 3,188 വോട്ടുകളുടെ കുറവുണ്ട്. എന്നിട്ടും എൽ.ഡി.എഫ്. സ്ഥാനാർത്ഥി 333 വോട്ടിന് വിജയിച്ചു. നിങ്ങളുടെ ഭാഗത്തേയ്ക്ക് വോട്ട് വന്നിട്ടും ഞങ്ങൾക്ക് ജയിക്കാൻ സാധിച്ച മണ്ഡലങ്ങളുടെ കണക്കാണ് ഞാൻ പറയുന്നത്. അതാണ് മനസ്സിലാക്കേണ്ടത്. കൊയിലാണ്ടിയിൽ 4,532 വോട്ടുകളുടെ കുറവുവന്നു. കൊയിലാണ്ടിയിൽ നിന്ന് ജയിച്ചുവന്ന ബഹുമാന്യയായ അംഗം ഇവിടെ പറയുന്നത് കേട്ടില്ലേ, എന്തെല്ലാം തന്ത്രങ്ങളായിരുന്നു അവിടെ പ്രയോഗിച്ചിരുന്നത്, ഏതെല്ലാം തരത്തിലുള്ള അവിശുദ്ധ ബന്ധങ്ങളായിരുന്നു. അവിടെ 8,472 വോട്ടിനാണ് എൽ.ഡി.എഫ്. വിജയിച്ചത്. ഇതാണ് കാണേണ്ടത്. വാമനാപുരത്ത് ബി.ജെ.പി.-ക്ക് 8,353 വോട്ടുകളുടെ കുറവാണുണ്ടായത്. അതിനെയും മറികടന്നാണ് എൽ.ഡി.എഫ്. വിജയിച്ചത്. ഇങ്ങനെ നിരവധി നിയോജകമണ്ഡലങ്ങളിൽ ബി.ജെ.പി. വോട്ട് മറിച്ചുകൊടുത്തു. അതിലൂടെയെല്ലാം തങ്ങൾ ജയിച്ചുവരാൻ പോകുന്നുവെന്നാണ് കണക്കാക്കിയത്. പക്ഷേ അതിനെ മറികടന്നുകൊണ്ട് എൽ.ഡി.എഫ്.-ന് ജയിക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് ആദ്യത്തെ കണക്കുകൂട്ടൽ തെറ്റിപ്പോയത്.

കേരളത്തിലെ കോൺഗ്രസും ബി.ജെ.പിയും തമ്മിലുള്ള കൂട്ടുകെട്ടിന് ദീർഘനാളത്തെ ചരിത്രമുണ്ട്. നമ്മൾ സാധാരണ പറയാറില്ലേ പഴയ വടകരയും ബേപ്പൂരുമെന്നൊക്കെ, അന്നേ തുടങ്ങിയതും പിന്നെ കണ്ടതുമെല്ലാം നമുക്ക് ഓർമ്മയുള്ള കാര്യമാണ്. എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും വോട്ട് മറിച്ചുകൊടുക്കുക എന്നൊരു ശൈലി ബി.ജെ.പി. സ്വീകരിക്കാറുണ്ട്. സി.പി.ഐ.(എം)നോടുള്ള ശത്രുതയുടെ ഭാഗമായി അത് നല്ലതുപോലെ ഉപയോഗിച്ച് അങ്ങനെ ജയിച്ചുവരാനാണ് കോൺഗ്രസും യു.ഡി.എഫും എല്ലാകാലത്തും ശ്രമിക്കുന്നത്. ബി.ജെ.പിയുമായുള്ള ഈ കൂട്ടുകെട്ടിലൂടെ വിജയം നേടാമെന്ന പ്രതീക്ഷയാണ് യു.ഡി.എഫ്-നുണ്ടായിരുന്നത്. എന്നാൽ സെക്യുലർ ചിന്താഗതിക്കാരും നാടിന്റെ വികസന കാര്യത്തിൽ താത്പര്യമുള്ളവരും എൽ.ഡി.എഫ്.-നെ പിന്തുണയ്ക്കാൻ തയ്യാറായതോടെ യു.ഡി.എഫ്.-ന്റെ സ്വപ്നം തകർന്നുപോയി. നാട്ടിൽ വികസനം കൊണ്ടുവരുന്നതിനും മതനിരപേക്ഷത സംരക്ഷിക്കുന്നതിനും എൽ.ഡി.എഫ്. സ്വീകരിച്ച ശക്തമായ നിലപാടാണ് വിജയത്തി

ന് അടിസ്ഥാനമായി തീർന്നത്. ഒരു കാര്യം ഈ തെരഞ്ഞെടുപ്പ് വ്യക്തമാക്കിയിരിക്കുകയാണ്. വിവാദങ്ങളിൽ അഭിരമിക്കുന്നതിൽ പ്രതിപക്ഷവും പല മാധ്യമങ്ങളും താത്പര്യം കാണിച്ചു. ആ താത്പര്യമാണ് ജനഹിതമെന്നാണ് അവർ സ്വയം വിലയിരുത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ വിജയമെന്ന സ്വപ്നവും കണ്ട് നടക്കുന്ന നിലയാണുണ്ടായത്. ഒപ്പം ഒന്നായി നിൽക്കേണ്ട ജനതയെ ഭിന്നിപ്പിക്കുന്നതിനുള്ള തന്ത്രങ്ങളും പയറ്റിയതോടെ തങ്ങളെ വെല്ലാൻ ആരുമില്ലെന്നാണ് കരുതിയത്. നാടിനെ സ്നേഹിക്കുന്നവരും അനുഭവങ്ങളുള്ളവരുമായ ജനത നിങ്ങളുടെ തന്ത്രങ്ങളെയും മനക്കോട്ടകളെയും അതിജീവിച്ച് മുന്നേറി. ആ ജനതയുടെ മുന്നേറ്റമാണ് ഈ വിജയത്തിന് അടിസ്ഥാനമായിത്തീർന്നത്. ജനങ്ങളുടെ കരുത്തിനെ ഒരിക്കലും ചെറുതായി കാണരുത്. അതാണ് ഈ നാടിന്റെ കരുത്ത് എന്നത് വിസ്മരിക്കരുത്.

ഒരു ഭാഗത്ത് ബി.ജെ.പി.-യെ തലോടുമ്പോഴും മതനിരപേക്ഷ ശക്തികളുടെ വോട്ട് തേടുന്നതിന് പുതിയ തന്ത്രങ്ങൾ മുന്നോട്ടുവയ്ക്കാൻ നിങ്ങൾ ശ്രമിച്ചു; അതെന്തായിരുന്നു? യു.ഡി. എഫ്. പരാജയപ്പെട്ടുപോയാൽ കോൺഗ്രസ് തകരും. അത് ബി.ജെ.പി.-യുടെ വളർച്ചയ്ക്കിടയാക്കും. ഇത്തരമൊരു സിദ്ധാന്തം അവതരിപ്പിക്കാൻ നോക്കി. ഇതുകേൾക്കുമ്പോൾ ചില വിഷമങ്ങളുണ്ടാകും. കേരളത്തിലെ ചില ജനവിഭാഗങ്ങളെ ഒന്നിച്ച് വാരാൻ കഴിയുമെന്ന ആലോചനയുടെ ഭാഗമായിട്ടായിരുന്നു ഇത്തരമൊരു വാദമുന്നയിച്ചത്, വെറുതെയല്ല. ഒരു ഭാഗത്ത് ബി.ജെ.പി.-യുടെ വോട്ട് ബി.ജെ.പി.-യുമായി സൗഹൃദത്തിലൂടെ സമ്പാദിക്കുക. മറുഭാഗത്ത് ഇത്തരമൊരു വാദഗതിയിലൂടെ മറ്റൊരു വിഭാഗത്തിന്റെ വോട്ട് സമ്പാദിക്കാൻ നിങ്ങൾ ശ്രമിച്ചു, ഇതാണ് നടന്നത്.

സർ, തങ്ങൾക്ക് അധികാരം കിട്ടിയില്ലെങ്കിൽ ബി.ജെ.പി.-യിൽ പോകുമെന്ന് പറഞ്ഞ് ഈ നാട്ടിലെ മതേതര കാഴ്ചപ്പാടുള്ളവരെ ഭീഷണിപ്പെടുത്തുന്ന നാണംകെട്ട രാഷ്ട്രീയ നിലപാടിനാണ് നേതൃത്വം നൽകിയത്. ഇതൊക്കെ ഒരു പാർട്ടിയെന്ന നിലയിൽ അഭിമാനിക്കാൻ കഴിയുന്ന കാര്യമാണോ? നമ്മുടെ സംസ്ഥാനത്തുനിന്ന് തുടങ്ങുന്ന മാഹി പോണ്ടിച്ചേരിയുടെ ഭാഗമാണല്ലോ. പോണ്ടിച്ചേരിയിൽ നടന്ന കാര്യം എന്താണെന്ന് എല്ലാപേർക്കും അറിവുള്ളതാണല്ലോ; കോൺഗ്രസ്സുകാർ ഒന്നിനുപുറകെ ഒന്നായി കാലുമാറുന്ന അവസ്ഥയല്ലേ അവിടെ കണ്ടത്. ഇത് ജയിച്ച കോൺഗ്രസ് നേതാക്കൾ, എം.പി.-മാർ ബി.ജെ.പി.-യിൽ ചേക്കേറിയ ചരിത്രമാണ്. അതൊക്കെ ദീർഘമായൊരു പട്ടികയല്ലേ. അതെല്ലാമറിയുന്ന ജനങ്ങൾക്ക് മുമ്പിലാണ് ഇത്തരമൊരു ഭീഷണിയുമായി യു.ഡി.എഫ്. വന്നതെന്നത് കേരള രാഷ്ട്രീയത്തിലെ വിരോധാഭാസമായിരുന്നു. എന്താണ് സംഭവിച്ചതെന്ന് തിരിച്ചറിയാനുള്ള ആത്മപരിശോധനയാണ് നിങ്ങൾ നടത്തേണ്ടത്. ഒരുകാലത്ത് കോൺഗ്രസ് ഇന്ത്യയിലെ ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു. അതിനടിസ്ഥാനമായി വർത്തിച്ച ചില കാര്യങ്ങളുണ്ടായിരുന്നു. അതിപ്പോൾ നിങ്ങൾ കൊണ്ടുനടക്കുന്നുണ്ടോ? അത് നിങ്ങൾ ഓർക്കുന്നത് നല്ലതാണ്. സാമ്രാജ്യത്വ വിരുദ്ധത കോൺഗ്രസ്സിന്റെ മുഖമുദ്രയായിരുന്നു. ലോകവേദികളിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അടക്കമുള്ള കോൺഗ്രസിന്റെ നേതാക്കൾ ഇന്ത്യയെ പ്രതിനിധീകരിച്ചുകൊണ്ട് സാമ്രാജ്യത്വ വിരുദ്ധ നിലപാടാണ് സ്വീകരിച്ചിരുന്നത്. പക്ഷേ ആ രീതി നിങ്ങൾ നേരത്തെ ഉപേക്ഷിച്ചില്ലേ? അമേരിക്കൻ സാമ്രാജ്യത്വം ഉൾപ്പെടെയുള്ളവരെയാണ് നിങ്ങൾ സഖ്യകക്ഷികളാക്കുന്നത്. അതിനല്ലേ നിങ്ങൾ നേതൃത്വം നൽകിയത്? ചേരിചേരാനയം ഫലത്തിലുപേക്ഷിച്ച് അമേരിക്കയുടെ 'ബി' ടീമായി മാറാനാണ് നിങ്ങൾ തയ്യാറായത്. നിങ്ങൾക്ക് പഴയ കോൺഗ്രസിന്റെ നയമുണ്ടോ; അതല്ലേ നിങ്ങൾ ചിന്തിക്കേണ്ടത്. ഇതൊക്കെ നിങ്ങളോട് പറഞ്ഞിട്ട് കാര്യമുണ്ടോ എന്നറിയില്ല. എന്നാലും നിങ്ങൾ ചിന്തിക്കണ്ടേ? സ്വാശ്രയത്തിലൂന്നി നിൽക്കുന്ന സമ്പദ്ഘടനയ്ക്കായി നിലകൊള്ളുന്നുവെന്ന കാഴ്ചപ്പാടായിരുന്നു കോൺഗ്രസിനെക്കുറിച്ച് പഴയ കാലത്ത് ജനങ്ങൾക്കുണ്ടായിരുന്നത്, ഇപ്പോഴല്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ കെട്ടിപ്പടുത്ത് മുന്നോട്ടുപോയത് അത്തരം കാഴ്ചപ്പാട് ജനങ്ങളിലുണ്ടാക്കുന്നതിനിടയാക്കി.

അങ്ങനെ സ്വാശ്രയത്തിന്റെ വക്താക്കളായും നിങ്ങളെ ജനങ്ങൾ കണ്ടു. പക്ഷേ നിങ്ങളവിടെ നിന്നോ; കുറച്ച് കഴിഞ്ഞപ്പോൾ അത് നിങ്ങൾ ഉപേക്ഷിച്ചില്ലേ? പൊതുമേഖല വിറ്റുതുലയ്ക്കുന്നതിന് നിങ്ങളല്ലേ നേതൃത്വം നൽകിയത്? കോർപ്പറേറ്റുകൾക്ക് പരവതാനി വിരിച്ചതും നിങ്ങളല്ലേ? നേരത്തെയുള്ള നിലപാട് കയ്യൊഴിഞ്ഞ് പുതിയ നിലപാട് സ്വീകരിക്കാനല്ലേ നിങ്ങൾ തയ്യാറായത്. അതുപോലെ മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്നവരെന്ന തോന്നൽ ഒരുകാലത്ത് ജനങ്ങൾക്ക് നിങ്ങളെക്കുറിച്ചുണ്ടായിരുന്നതിന്റെ ഭാഗമായി ന്യൂനപക്ഷ ജനവിഭാഗങ്ങളും മതനിരപേക്ഷ ചിന്താഗതിക്കാരും നിങ്ങളെ പിന്തുണച്ചതിലൂടെ ഏറെക്കാലം രാജ്യം ഭരിക്കുന്നതിനും നിങ്ങൾക്ക് സാധിച്ചു. പക്ഷേ പിന്നീട് നിങ്ങൾ ബാബറി മസ്ജിദ് തകർക്കുന്നതിന് കൂട്ട് നിൽക്കുന്നു, മൃദുഹിന്ദുത്വ അജണ്ടകൾ സ്വീകരിക്കുന്നു. അങ്ങനെയൊക്കെ വന്നപ്പോൾ നിങ്ങളുടെ കൂടെയുണ്ടായിരുന്ന ജനവിഭാഗങ്ങൾതന്നെ നിങ്ങളെ കയ്യൊഴിഞ്ഞു. ജാതിമത ശക്തികളെ രാഷ്ട്രീയാവശ്യങ്ങൾക്കുവേണ്ടി പ്രീണിപ്പിക്കുന്ന നിങ്ങളുടെ നയം മതനിരപേക്ഷ ചിന്താഗതിക്കാരുടെ പിന്തുണ നഷ്ടമാക്കുന്നതിനാണ് ഇടയാക്കിയത്. ഇത് സമൂഹത്തെ ഏതെല്ലാം വിധത്തിൽ ധ്രുവീകരിക്കുന്നതിനിടയാക്കിയെന്ന് ആലോചിച്ചിട്ടുണ്ടോ? യഥാർത്ഥത്തിൽ സമൂഹത്തെ ധ്രുവീകരിക്കുന്നതിനല്ലേ ഇത് ഇടയാക്കിയത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് അഴിമതിവിരുദ്ധ രാഷ്ട്രീയം കോൺഗ്രസിന്റെ പ്രതിച്ഛായകളിൽ ഒന്നായിരുന്നു. ഇപ്പോൾ അതൊന്നും ആരും ഓർക്കുന്നുണ്ടാകില്ലെങ്കിലും പറഞ്ഞുപോകുകയാണ്; പക്ഷേ അത് തുടർന്നുകൊണ്ടുപോകാതെ വേഗംതന്നെ ഉപേക്ഷിക്കുകയാണ് ചെയ്തത്. ബി.ജെ.പി.ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനുപകരം അവരുടെ രാഷ്ട്രീയ അജണ്ടകളുമായി താദാത്മ്യം പ്രാപിക്കാനും മത്സരിക്കാനുമാണ് നിങ്ങൾ ശ്രമിച്ചത്. അതും നിങ്ങളെ ദുർബലമാക്കി. ബി.ജെ.പി. പ്രതിനിധാനം ചെയ്യുന്നത് വർഗ്ഗീയതയാണ്. വർഗ്ഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിച്ചുകൊണ്ടു മാത്രമെ ബി.ജെ.പി.-യെ എതിർക്കാൻ കഴിയൂ. ഈ രാജ്യത്തുയർന്നുവന്ന പ്രശ്നങ്ങൾക്ക് നിങ്ങൾ സ്വീകരിച്ച സമീപനം എത്രകണ്ട് വിശ്വാസ്യത ഉളവാക്കിയെന്നത് സ്വയം പരിശോധിക്കുന്നത് നല്ലതാണ്. സാമ്രാജ്യത്വ വിരുദ്ധത, മതനിരപേക്ഷത, സ്വാശ്രയത്വം, അഴിമതി വിരുദ്ധത തുടങ്ങിയ നിലപാടുകൾ കയ്യൊഴിഞ്ഞതോടെ ജനങ്ങൾക്ക് നിങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെടുന്ന സ്ഥിതിയായി. നമ്മുടെ ഭരണഘടന വിഭാവന ചെയ്യുന്ന മതനിരപേക്ഷ ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്ന കാഴ്ചപ്പാടിൽ ഉറച്ചുനിൽക്കുന്നതിനിടയാക്കുന്ന രാഷ്ട്രീയമാണ് നിങ്ങൾ കയ്യൊഴിഞ്ഞത്. ഇതൊക്കെ തിരിച്ചുപിടിക്കാതെ കോൺഗ്രസിന് തിരിച്ചുവരവ് അസാദ്ധ്യമാകുമെന്ന് മനസ്സിലാക്കിയാൽ നല്ലത്. നിങ്ങൾ നന്നാവണമെന്ന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആരാണ് നിങ്ങളുടെ പ്രധാനപ്പെട്ട ശത്രുവെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ ഇനിയെങ്കിലും തയ്യാറാകണം. കോൺഗ്രസിന്റെ ആഗോളവൽക്കരണ നയങ്ങൾക്കും മതനിരപേക്ഷത തകർക്കുന്ന സമീപനങ്ങൾക്കും ഞങ്ങൾ എതിരാണ്. അതേസമയം ബി.ജെ.പി. മുന്നോട്ടുവയ്ക്കുന്ന ഫാസിസ്റ്റ് അജണ്ടകളെ പ്രതിരോധിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അതാണ് ഞങ്ങളുടെ നിലപാടെന്ന് നിങ്ങൾക്കറിയാം. ഒന്നാം യു.പി.എ. സർക്കാരിന് ഞങ്ങൾ പിന്തുണ നൽകിയത് നിങ്ങളെക്കുറിച്ച് എന്തെങ്കിലും തെറ്റിദ്ധാരണയുള്ളതുകൊണ്ടല്ല. ബി.ജെ.പി. അധികാരത്തിൽ വന്നുകൂടാ എന്ന രാഷ്ട്രീയ നിലപാടിന്റെ ഭാഗമായാണ് നിങ്ങൾക്ക് പിന്തുണ നൽകാൻ തയ്യാറായത്. ഇവിടെ രാഷ്ട്രീയ നയവും ജനങ്ങളുടെ ജീവിതവുമാണ് ഞങ്ങൾ ഏറ്റവും പ്രധാനമായി കണ്ടിരുന്നത്. നിങ്ങൾ അധികാരത്തിനുവേണ്ടിയുള്ള കുറുക്കുവഴികളാണ് അന്വേഷിച്ചു നടന്നത്. നിങ്ങൾ ഇടതുപക്ഷത്തെ തകർക്കുന്നതിന് ഏത് ശക്തിയുമായും കൂട്ടുപിടിക്കാൻ തയ്യാറായിരുന്നു. ഇടതുപക്ഷത്തിന്റെ ശക്തികേന്ദ്രങ്ങളായിരുന്ന സംസ്ഥാനങ്ങളെടുത്തു പരിശോധിച്ചാൽ അത് മനസ്സിലാക്കാൻ കഴിയും. ഈ തെരഞ്ഞെടുപ്പല്ല ഞാൻ പറയുന്നത്. പടിഞ്ഞാറൻ ബംഗാളിന്റെ പഴയ അവസ്ഥ ഓർത്താൽ മതി. എല്ലാവിധ ശക്തികളെയും കൂട്ടിച്ചേർത്തുകൊണ്ടായിരുന്നു പടിഞ്ഞാറൻ

ബംഗാളിൽ ഇടതുപക്ഷത്തെ തകർക്കാൻ നേരത്തെ നിങ്ങൾ മുന്നോട്ട് വന്നിരുന്നത്. ഇടതുപക്ഷത്തിന്റെ തകർച്ച ബംഗാളിനെ വർഗ്ഗീയതയുടെ കൊലക്കളമാക്കി മാറ്റി. മതസൗഹാർദ്ദത്തിന്റെ ഉജ്ജ്വല അദ്ധ്യായങ്ങൾ രചിച്ച വംഗനാട് ഇന്ന് വർഗ്ഗീയ ധ്രുവീകരണത്തിന്റെ നടുവിലായി. കോൺഗ്രസ്സുകാർ ബി.ജെ.പി.-യിൽ കൂട്ടത്തോടെ ചേക്കേറിയപ്പോഴാണ് ത്രിപുരയിൽ ഇടതുപക്ഷത്തിന് അധികാരം നഷ്ടപ്പെട്ടത്. പറയുന്നത് കുറച്ച് വിഷമമുള്ള കാര്യമാണെങ്കിലും പറയാതിരിക്കാൻ പറ്റില്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ ശക്തികേന്ദ്രമായ പ്രദേശങ്ങളിൽ ശക്തമായ പോരാട്ടം നടത്താൻ ഉത്തരവാദപ്പെട്ടവരായ നിങ്ങളുടെ നേതാക്കൾ അതിന് ശ്രമിക്കാതെ മുന്നോട്ടുപോയ ചരിത്രം കേരളജനത മറന്നിട്ടുണ്ടാവില്ല. ബി.ജെ.പി.-യെ പരാജയപ്പെടുത്തുന്നതിനേക്കാൾ ഇടതുപക്ഷത്തെ ദുർബലപ്പെടുത്താനായിരുന്നു അന്ന് മോഹം. നിങ്ങളുടെ താത്പര്യം അതായിരുന്നു. ചുവടുമാറ്റം ആപത്കരമാണെന്ന് അന്നേ ഞങ്ങൾ മുന്നറിയിപ്പ് നൽകിയതാണ്. ചിലരെ കുറച്ചുകാലത്തേയ്ക്ക് ചിലപ്പോൾ വഴിതെറ്റിക്കാനാകും. എന്നാൽ എല്ലാ കാലവും എല്ലാവരെയും വഴിതെറ്റിക്കാൻ സാധിക്കില്ലെന്ന് തിരിച്ചറിയുന്നത് നല്ലതാണ്. ഇടതുപക്ഷ ജനാധിപത്യ ശക്തികൾ വളർന്നുവന്നെങ്കിൽ മാത്രമെ ആഗോളവത്കരണ നയങ്ങൾക്കെതിരായ ജനപക്ഷ മതിലുകൾ രാജ്യത്ത് വളർന്നുവരികയുള്ളൂ. മതനിരപേക്ഷത സംരക്ഷിക്കുകയെന്നത് അതീവ പ്രാധാന്യമുള്ള കാര്യമാണ്. അത്തരത്തിൽ രാജ്യത്തിന് വഴികാട്ടുന്ന ഒന്നായി കേരളത്തിന്റെ വിജയം മാറുന്നുവെന്നതാണ് ഈ വിജയത്തിന്റെ പ്രത്യേകത. അഖിലേന്ത്യാ തലത്തിലേയ്ക്ക് ആ രാഷ്ട്രീയത്തെ കൂടുതൽ ശക്തമായി എത്തിക്കുകയെന്ന കടമകൂടി കേരളത്തിലെ ഇടതുപക്ഷത്തിന് ഏറ്റെടുക്കാനുണ്ട്. ആ കടമ ഏറ്റെടുത്ത് ഞങ്ങൾ മുന്നോട്ടുപോകുമെന്നാണ് അസന്ദിഗ്ധമായി പ്രഖ്യാപിക്കാനുള്ളത്. രാജ്യത്തെ രക്ഷിക്കുന്നതിനുള്ള മഹത്തായ സമരത്തിന്റെ കരുത്തുറ്റ സന്ദേശമായി ഈ തെരെഞ്ഞെടുപ്പു വിജയം മാറിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഉയർത്തിപ്പിടിച്ച നടപടികൾ ഈ സർക്കാർ തുടരുമെന്ന് ഒന്നുകൂടി ആവർത്തിക്കുകയാണ്. ജനകീയ താത്പര്യങ്ങൾ കൂടുതൽ കരുത്തോടെ സംരക്ഷിച്ച് മുന്നോട്ടുപോകുന്ന ഘട്ടത്തിൽ കൂടുതൽ ജനവിഭാഗങ്ങൾ ഇടതുപക്ഷത്തോട് അണിചേരും. ആ ജനമുന്നേറ്റത്തിൽ നിങ്ങളുടെ തെറ്റായ രാഷ്ട്രീയ നിലപാടുകളെല്ലാം കടപുഴകി വീഴുമെന്ന് ഓർക്കണം. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**2021 ജൂൺ 07**

### അടിയന്തരപ്രമേയം

# കുഴൽപ്പണ കേസ്

സർ, കള്ളപ്പണത്തിന്റെ വ്യാപനത്തെക്കുറിച്ച് പറയുമ്പോൾ സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഇന്ത്യയിൽ കള്ളപ്പണത്തിന്റെ വ്യാപനം വലിയതോതിൽ നടന്നുവെന്നത് തർക്കമില്ലാത്ത കാര്യമാണ്. ഇക്കാര്യം വിശകലനം ചെയ്യാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും കേന്ദ്രസർക്കാർ പല സമിതികളെ നിയോഗിച്ചിട്ടുണ്ട്. 1950-കളിൽ നിയമിക്കപ്പെട്ട നിക്കളോസ് കൽദോർ കമ്മിറ്റി ഇതിലാദ്യത്തേതാണ്. അതിനുശേഷം 1969-ൽ നിയമിക്കപ്പെട്ട വാൻചൂ കമ്മിറ്റി ഇന്ത്യയിൽ കള്ളപ്പണത്തിന്റെ അനുമാനം നടത്തി. 1968-69-ൽ ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന കള്ളപ്പണം 1800 കോടി രൂപയാണെന്നാണ് കമ്മിറ്റി കണ്ടെത്തിയത്. ഇതിനുശേഷം 1984-ൽ കള്ളപ്പണത്തെപ്പറ്റി പഠനം നടത്താൻ കേന്ദ്ര ധനമന്ത്രാലയം മറ്റൊരു വിദഗ്ധ സമിതിയെ നിയമിച്ചു. ആഭ്യന്തര വരുമാനത്തിന്റെ 21 ശതമാനത്തോളം കള്ളപ്പണത്തിന്റെ വലിപ്പം വരുമെന്നായിരുന്നു അവരുടെ കണ്ടെത്തൽ. അതായത് 48422 കോടി രൂപയാണ് 1983-84-ൽ കള്ളപ്പണമായി ഇന്ത്യാ ഗവൺമെന്റിന്റെ സമിതിതന്നെ അനുമാനിച്ചത്. 2013-14-ൽ ഇന്ത്യയിലെ കള്ളപ്പണത്തിന്റെ തോത് ആഭ്യന്തര വരുമാനത്തിന്റെ 22 ശതമാനമാണെന്നാണ് ആ കാലഘട്ടത്തിൽ 162 രാജ്യങ്ങളിലെ നിഴൽ സമ്പദ്ഘടനയെപ്പറ്റി പഠനം നടത്തിയ സാമ്പത്തിക വിദഗ്ധർ കണ്ടെത്തിയത്. ആഭ്യന്തര വരുമാനം വളരുന്ന സംഖ്യയായതിനാൽ 2013-14-ൽ കള്ളപ്പണത്തിന്റെ കണക്ക് 25.53 ലക്ഷം കോടി രൂപയായാണ് കണക്കാക്കിയത്. സമ്പദ്ഘടനയുടെയും നികുതി വരുമാനത്തിന്റെയും വളർച്ച വേഗം കൈവരിച്ചിട്ടില്ലെങ്കിൽപ്പോലും കള്ളപ്പണത്തിന്റെ വളർച്ച അഭൂതപൂർവ്വമായ ഗതിവേഗമാണ് രേഖപ്പെടുത്തിയത്. 1968 മുതൽ 1984 വരെ 25 ഇരട്ടി വളർന്ന കള്ളപ്പണം 2013-14-ൽ 50 ഇരട്ടിയാണ് വളർന്നത്. ഇതെല്ലാം തെരഞ്ഞെടുപ്പ് പ്രക്രിയയെ അട്ടിമറിക്കുന്നതിനും ഭൂമിയിലെയും ഓഹരിവിപണിയിലെയും ഊഹക്കച്ചവടത്തിനുമാണ് ഉപയോഗിക്കപ്പെട്ടത്. ചുരുക്കത്തിൽ ജനാധിപത്യ വ്യവസ്ഥയുടെ അന്തഃസത്തയെ ചോർത്തിക്കളയുന്ന രീതിയിലാണ് കള്ളപ്പണത്തിന്റെ അതിവേഗ വളർച്ചയുണ്ടായത്. ഉദാരവൽക്കരണവും നിയന്ത്രണങ്ങൾ നീക്കംചെയ്യലും കള്ളപ്പണം താനേയില്ലാതാകുന്നതിന് കാരണമാകുമെന്നാണ് അക്കാലത്തെല്ലാം അധികാരത്തിലുണ്ടായിരുന്ന സർക്കാരുകൾ പ്രചരിപ്പിച്ചിരുന്നത്. എന്നാൽ കണക്കുകൾ സൂചിപ്പിക്കുന്നത് മറിച്ചാണ്. കോഴയിടപാടുകളും പൊതുമുതൽ കൊള്ളയടിക്കലും വൻതോതിൽ കള്ളപ്പണത്തിന്റെ വളർച്ചയ്ക്ക് കാരണമായിത്തീരും. ഇങ്ങനെയുത്ഭവിക്കുന്ന കള്ളപ്പണത്തിന്റെ ഒരു ഭാഗം വിദേശത്തേയ്ക്ക് പോകുന്ന

തും പിന്നീട് ഹവാല പണമായി തിരിച്ചുവരുന്നതും പരക്കെ അറിയപ്പെടുന്ന വസ്തുതകളാണ്. ഇത്തരത്തിൽ വിദേശത്തേയ്ക്ക് കടത്തിയ കള്ളപ്പണം കണ്ടെത്തി രാജ്യത്തേയ്ക്ക് കൊണ്ടുവരുമെന്നും സാധാരണക്കാരന് ആളോഹരി 15 ലക്ഷം രൂപയുടെ ഗുണം ലഭിക്കുമെന്നുമാണ് ബി.ജെ.പി. 2014-ലെ തെരഞ്ഞെടുപ്പുകാലത്ത് പ്രചരിപ്പിച്ചത്. അധികാരത്തിൽവന്ന് 100 ദിവസത്തിനുള്ളിൽ വിദേശത്തുനിന്നുള്ള കള്ളപ്പണം നാട്ടിലേയ്ക്ക് എത്തിക്കുമെന്നാണ് വാഗ്ദാനം ചെയ്തത്. കണ്ടുകെട്ടിയ എത്ര കള്ളപ്പണം നാട്ടിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ടെന്ന് ഇന്നുവരെ ജനങ്ങളോട് പറയാൻ ബി.ജെ.പി. സർക്കാർ തയ്യാറായിട്ടില്ല. തിരിച്ചുകൊണ്ടുവന്ന പണത്തിൽ നിന്നും ആർക്കും ഒരു പൈസപോലും കിട്ടിയതായി അറിവുമില്ല.

2011-ൽ യു.പി.എ. രണ്ടാം സർക്കാരിന്റെ കാലത്ത് ഇന്ത്യയിലെ കള്ളപ്പണത്തിന്റെ തോത് എത്രയാണെന്ന് കണക്കാക്കാനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാനും മൂന്ന് സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരുന്നു. അത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി, നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻഷ്യൽ മാനേജുമെന്റ് എന്നിവയായിരുന്നു. ഈ സ്ഥാപനങ്ങൾ മൂന്ന് റിപ്പോർട്ടുകൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രണ്ടാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് 2013 ഡിസംബർ 30-നാണ് ആദ്യത്തെ റിപ്പോർട്ട് സമർപ്പിച്ചത്. മറ്റ് രണ്ട് റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടത് ആദ്യത്തെ എൻ.ഡി.എ. സർക്കാരിന്റെ കാലത്താണ്; 2014 ജുലൈ 18-നും 2014 ആഗസ്റ്റ് 21-നും. ഈ മൂന്ന് റിപ്പോർട്ടുകളും പൊതുമണ്ഡലത്തിൽ വയ്ക്കാൻ കോൺഗ്രസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കേന്ദ്രസർക്കാരോ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാരോ തയ്യാറായിട്ടില്ല എന്നതാണ് വസ്തുത. സുതാര്യതയില്ലായ്മയ്ക്ക് ഇതിൽപ്പരം ഒരുദാഹരണം ആവശ്യമില്ല. റിപ്പോർട്ടുകൾ പുറത്തുവരാത്തതിന്റെ മുഖ്യകാരണം സമ്പദ്വ്യവസ്ഥയിലെ കള്ളപ്പണത്തിന്റെ തോത് ക്രമാതീതമായി ഉയർന്നുവെന്ന കണ്ടെത്തലുകളാണെന്നാണ് പത്ര റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നേരത്തെ ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ, ഇത് കള്ളപ്പണം ഇല്ലായ്മ ചെയ്യാനുള്ള സാമ്പത്തിക ശസ്ത്രക്രിയയെന്നാണ് 2016 നവംബർ 08-ന് നോട്ടുനിരോധനം നടപ്പാക്കിയപ്പോൾ കേന്ദ്രസർക്കാർ ജനങ്ങളോട് പറഞ്ഞത്. കറൻസിയുടെ ചംക്രമണം കുറയുമ്പോൾ കള്ളപ്പണം കുറയുമെന്നും നമ്മുടെ സമ്പദ്ഘടനയിൽ ആഭ്യന്തര വരുമാനത്തിന്റെ 12 ശതമാനം കറൻസിയാണെന്നും ഇത് 6 ശതമാനമായി കുറയ്ക്കാൻ കഴിയുമെന്നും നോട്ട് നിരോധനം ഈ ലക്ഷ്യത്തിലേയ്ക്കുള്ള മാർഗ്ഗമാണെന്നുമാണ് കേന്ദ്രസർക്കാർ അന്ന് പറഞ്ഞത്. എന്നാൽ നോട്ടുനിരോധനത്തിനുശേഷം അഞ്ച് വർഷം കഴിയാൻ പോകുന്നു. കറൻസി ഇപ്പോൾ ആഭ്യന്തര വരുമാനത്തിന്റെ 14 ശതമാനമാണ്. അസംഘടിത മേഖലയ്ക്കും സാധാരണക്കാരനും ധാരാളം ദുരന്തം വിതച്ചതൊഴിച്ചാൽ മറ്റെന്താണ് നോട്ടുനിരോധനംവഴി കൈവരിക്കാൻ കഴിഞ്ഞതെന്ന് നാം പരിശോധിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പിൽ കള്ളപ്പണത്തിന്റെ ഇടപെടൽ ജനാധിപത്യത്തെ അട്ടിമറിക്കലാണെന്നത് ആരും എടുത്തുപറയേണ്ട കാര്യമില്ല. രാഷ്ട്രീയ പാർട്ടികളുടെ ഫണ്ടിംഗിൽ സുതാര്യത വേണമെന്ന ആവശ്യം പല കോണുകളിൽനിന്നും ഉയർന്നുവരവെ അതിനെ പരിഹസിക്കുന്ന രീതിയിലാണ് ഇലക്ടറൽ ബോണ്ടുകൾ പുറപ്പെടുവിക്കാൻ കേന്ദ്രസർക്കാർ നിയമനിർമ്മാണം നടത്തിയത്. കള്ളപ്പണം ആവശ്യത്തിന് തെരഞ്ഞെടുപ്പിൽ ഒഴുകിയെത്താൻ എല്ലാവിധ സൗകര്യങ്ങളും ചെയ്യുന്നതാണ് ഈ നിയമനിർമ്മാണം. വ്യാജവാർത്തകൾ സൃഷ്ടിക്കൽ, അന്വേഷണം വഴിതിരിച്ച് വിടൽ, രാഷ്ട്രീയ പ്രതിയോഗികളെ തേജോവധം ചെയ്യൽ എന്നീ ലക്ഷ്യങ്ങളോടെ കേന്ദ്ര ഏജൻസികൾ നടത്തിയ പ്രൊഫഷണലിസമില്ലാത്ത അന്വേഷണത്തെ ന്യായീകരിച്ച് നടന്ന കോൺഗ്രസും ബി.ജെ.പി.-യും സൃഷ്ടിച്ച പുകമറയ്ക്ക് പിന്നിലാണ് കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ ആഭിമുഖ്യത്തിൽ നിയമസഭാ തെരഞ്ഞെടുപ്പുകാലത്ത് നടന്നിരിക്കുന്ന സ്രോതസ്സ് വെളിപ്പെടുത്താൻ കഴിയാത്ത പണത്തിന്റെ ഒഴുക്ക്. ഇതെല്ലാം ജന

ങ്ങൾ തിരിച്ചറിയുകയും വ്യാജപ്രചരണങ്ങളെ തള്ളിക്കളയുകയും ചെയ്തുവെന്നത് നമ്മുടെ ജനാധിപത്യത്തിന്റെ ശക്തിയാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ഇന്ത്യയിൽ ജനാധിപത്യ വ്യവസ്ഥയ്ക്കുമേൽ വൻതോതിലുള്ള അഴിമതി പരത്തിയ കരിനിഴലും കള്ളപ്പണം നമ്മുടെ സാമ്പത്തിക അസമത്വങ്ങളെ വർദ്ധിപ്പിക്കുന്നതിൽ നടത്തിയ പങ്കും തുറന്നുകാട്ടാൻ നിരന്തര സമരങ്ങളിലേർപ്പെട്ടത് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. കള്ളപ്പണത്തിന്റെ വളർച്ചയ്ക്ക് വള ക്കൂറുള്ള മണ്ണൊരുക്കിയ കോൺഗ്രസ്സും അതിനെ പൂർവ്വാധികം ശക്തിയായി പ്രോത്സാഹിപ്പി ക്കുന്ന ബി.ജെ.പി.-യും ഒന്നിച്ചാണ് കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ താറടിക്കാൻ ശ്രമിക്കുന്നുവെന്നത് കേവലം യാദൃശ്ചികമല്ല. കള്ളപ്പണത്തിന്റെ വളർച്ച തടയുകയും നികുതി സംവിധാനങ്ങൾ ശാക്തീകരിക്കുകയും അതുവഴി പൊതുഖജനാവിലെത്തുന്ന പണം പാർശ്വ വത്കരിക്കപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിന് വിനിയോഗിക്കുകയും ചെയ്യണമെന്നതാണ് ഇട തുപക്ഷ ജനാധിപത്യ മുന്നണിയുടെ ശക്തമായ നിലപാട്. ഈ കേസുമായി ബന്ധപ്പെട്ട് ഗൗരവതരമായ അന്വേഷണം തന്നെയാണ് നടന്നുവരുന്നത്. ബഹുമാന്യനായ അംഗം ഇക്കാ ര്യത്തിൽ നിഷ്പക്ഷമായ നിലപാട് വേണമെന്ന് പറഞ്ഞു. ഇവിടെ നടക്കാൻ പാടില്ലാത്ത കു റ്റകൃത്യമാണ് നടന്നത്. അതിനെതിരെയുള്ള ശക്തമായ നടപടിയുമായാണ് പോലീസ് നീങ്ങി ക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഇപ്പോൾ അന്വേഷണം നടത്തുന്നത്. എന്തെങ്കിലും ചില ആശങ്കകൾ അന്വേഷണവുമായി ബന്ധപ്പെട്ട് ഇവിടെ പ്രകടിപ്പിക്കണമല്ലോ എന്നുള്ളതുകൊണ്ട് അവസാനം ചിലത് പറഞ്ഞതാണെന്നാ ണ് ഞാൻ കണക്കാക്കുന്നത്. ഗൗരവതരമായ അന്വേഷണത്തിന്റെ ഭാഗമായി നിരവധിപേരെ പോലീസ് ഇതിനകം ചോദ്യംചെയ്തു കഴിഞ്ഞിട്ടുണ്ടെന്നാണ് പത്രവാർത്തകളിലൂടെ വ്യക്ത മാകുന്നത്. ആ വാർത്തകളിലുള്ള പേരുകൾ അദ്ദേഹംതന്നെ ഇവിടെ പറയുകയുണ്ടായി. ആ പേരുകൾ ഞാൻ ആവർത്തിക്കേണ്ട കാര്യമില്ല. ഇവിടെ ഒരു കുറ്റവാളിയും രക്ഷപ്പെടാൻ പാടില്ലെന്ന തരത്തിലാണ് പോലീസിന്റെ അന്വേഷണം നടക്കുന്നത്. നല്ല രീതിയിൽ അന്വേഷ ണം നടത്താൻ പേരുകേട്ടവരെ തന്നെയാണ് സ്പെഷ്യൽടീമിൽ നിയോഗിക്കപ്പെട്ടിരിക്കുന്ന ത്. അതിന്റെ ഭാഗമായി ഒട്ടേറെപേരെ ഇതിനകം ചോദ്യം ചെയ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ബി.ജെ. പി.-യുടെ തൃശൂർ ജില്ലാ സെക്രട്ടറി അഡ്വ. കെ. ആർ. ഹരി, ജില്ലാ ട്രഷറർ, മേഖലാ സെക്രട്ട റി, തൃശൂർ ഓഫീസ് സെക്രട്ടറി, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി, സംസ്ഥാന ഓഫീസ് സെക്രട്ടറി, തൃശൂർ ജില്ലാ പ്രസിഡന്റ് ഇങ്ങനെയെല്ലാമുള്ളവരുടെ പേരുകൾ അദ്ദേഹം തന്നെ ഇവിടെ പറയുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട നിരവധി ആളുകളെ ഇതിനകം ചോദ്യം ചെ യ്തുവെന്നാണ് വ്യക്തമായിട്ടുള്ളത്. അത് അന്വേഷണം കൃത്യമായി മുന്നോട്ടുപോകുന്നുവെ ന്നാണ് കാണിക്കുന്നത്. ഒരു കുറ്റവാളിയും രക്ഷപ്പെടില്ലെന്നതുതന്നെയാണ് ഈ അന്വേഷണ രീതി വ്യക്തമാക്കുന്നത്. അതിൽ ആവർത്തിച്ച് വ്യക്തമാക്കാനുള്ള കാര്യം നമ്മുടെ നാടിന്റെ ജനാധിപത്യ വ്യവസ്ഥിതിയെ തകർക്കാനുള്ള നീക്കങ്ങളടക്കം ഇതിന്റെ പിന്നിൽ നടന്നിട്ടുണ്ടെ ങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങളടക്കം ഇതിലൂടെ പുറത്തുവരും, നമുക്ക് അന്വേഷണം കൃത്യമായി നടക്കുന്നതുവരെ കാത്തിരിക്കാം, ഗൗരവമായി അന്വേഷണം മുന്നോട്ടുപോകും. കുഴൽ കുഴലായിത്തന്നെയുണ്ടാകും, അങ്ങോട്ടുമിങ്ങോട്ടും പോകാനുള്ളതായിരിക്കില്ല എന്നു മനസ്സിലാക്കണം. ഇവിടെ ആ കുഴൽ ഉപയോഗിച്ചവർ നിർബന്ധമായി നിയമത്തിന്റെ കര ങ്ങളിൽപ്പെടുകതന്നെ ചെയ്യുമെന്നത് ഉറപ്പാണ്. അതുകൊണ്ട് ഒരാശങ്കയുമുണ്ടാകേണ്ടതില്ല. അന്വേഷണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളൊന്നും ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമ ല്ല. ഗൗരവമായി അന്വേഷണം നടക്കുന്നു. അതിന് നമുക്ക് കാത്തിരിക്കാം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് ആവർത്തിച്ച് വ്യക്തമാക്കാനുള്ളത്.

# ഡിജിറ്റൽ ഡിവൈഡ്

സർ, സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്തിന്റെ ഭാവിയെന്ന് പറയുമ്പോൾ വളർന്നുവരുന്ന കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന്റെ അടിത്തറ ഉറപ്പിക്കുകയെന്നത് വളരെ പ്രധാനമാണ്. ഇക്കാര്യത്തിൽ ഒരു ഡിജിറ്റൽ ഡിവൈഡ് ഉണ്ടാകാൻ പാടില്ല. അതിന് ആവശ്യമായ കരുതൽ നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. അതിനാവശ്യമായ നടപടികൾ സർക്കാർ മാത്രമല്ല ഇവിടെ പറഞ്ഞതുപോലെ ഏതെല്ലാം തരത്തിൽ വിവിധ സ്രോതസ്സുകളിൽനിന്ന് സമാഹരിക്കാൻ പറ്റുമോ, ആ സ്രോതസ്സുകളെയെല്ലാം ഒന്നിച്ച് നിർത്തിക്കൊണ്ട് ഇത് നല്ല രീതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ നിലവിലുള്ള പ്രശ്നം രണ്ട് മൂന്ന് തരത്തിലാണ്. ഒന്ന്, ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഒരു വിഭാഗം കുട്ടികൾ ആവശ്യമായ ഡിജിറ്റൽ ഉപകരണങ്ങളായ ടി.വി.യോ, കമ്പ്യൂട്ടറോ, ലാപ്ടോപ്പോ, ഫോണോ എന്തായാലും വാങ്ങാൻ ശേഷിയില്ലാത്തവരാണ്. പലതരം പ്രശ്നങ്ങൾ അവർ നേരിടുന്നുണ്ട്. ഇന്ന് നാം കാണേണ്ട വസ്തുത കോവിഡിന്റെ രണ്ടാം തരംഗത്തിലാണ് നമ്മൾ ഇപ്പോൾ നിൽക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ടാം തരംഗത്തെപ്പറ്റി ആരും പറഞ്ഞിരുന്നില്ല. ഇപ്പോൾ മൂന്നാം തരംഗത്തെക്കുറിച്ച് ആലോചിക്കുകയാണ്. മൂന്നാം തരംഗം വന്നാൽ അതിനുശേഷം പിന്നീട് തരംഗം വരുന്നുണ്ടോയെന്ന് നമുക്കറിയില്ല. കോവിഡ് കുറച്ചുകാലമുണ്ടാകുമെന്ന് നമ്മൾ കാണേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഓൺലൈൻ വിദ്യാഭ്യാസമെന്നത് അത്ര വേഗം അവസാനിപ്പിക്കാൻ കഴിയുമെന്ന് ഉറപ്പിച്ച് പറയാൻ കഴിയാത്ത അവസ്ഥയാണ്. പാഠപുസ്തകങ്ങൾപോലെതന്നെ വിദ്യാർത്ഥികളുടെ കയ്യിൽ ഡിജിറ്റൽ ഉപകരണമുണ്ടാകുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അത് വാങ്ങാൻ ശേഷിയില്ലാത്തവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ കയ്യിൽ ഉണ്ടാവുകയില്ല. അതിനാവശ്യമായ നടപടികൾ വിവിധ സ്രോതസ്സുകളെ ഒന്നിച്ച് അണിനിരത്തിക്കൊണ്ട് നടപ്പാക്കണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ മറ്റൊരു ഭാഗം, സംസ്ഥാനത്തെ പല സ്ഥലങ്ങളിലും കണക്ടിവിറ്റിയുടെ പ്രശ്നമുണ്ട്. ആ കണക്ടിവിറ്റി എങ്ങനെ ഉറപ്പിക്കാൻ കഴിയും, അക്കാര്യത്തിൽ ഇപ്പോൾതന്നെ ഒരു യോഗം വിളിച്ചിട്ടുണ്ട്. ആദിവാസി മേഖലയാണ് ഏറ്റവും പ്രധാനം, അല്ലാത്ത സ്ഥലങ്ങളുമുണ്ട്. ആ പ്രശ്നം ചർച്ചചെയ്യുന്നുണ്ട്. ആ കണക്ടിവിറ്റി എങ്ങനെ ഉറപ്പിക്കാൻ പറ്റുമെന്നത് പരിശോധിക്കുകയാണ്. അതിൽ വിവിധ മേഖലകളുടെ സഹായം വേണ്ടിവരും. അതിലൊന്ന് കെ.എസ്.ഇ.ബി.യുടെ

ലൈൻ വിവിധ സ്ഥലങ്ങളിൽ പോയിട്ടുണ്ടാകും. വിവിധ സ്ഥലങ്ങളിൽ നമ്മുടെ കേബിൾ നെറ്റ്വർക്ക് പ്രവർത്തിക്കുന്നുണ്ടാകും. ഇങ്ങനെയുള്ള പലയാളുകളുടെയും പല സ്ഥാപനങ്ങളുടെയും സഹായം സ്വീകരിച്ചുകൊണ്ട് നെറ്റ്വർക്ക് കണക്ടിവിറ്റി ഉറപ്പിക്കാൻ പറ്റുമോ എന്ന ഭാഗവും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പിന്നെ വരുന്നൊരു പ്രശ്നം, ചില കുടുംബങ്ങൾക്ക് ഇന്റർനെറ്റ് പ്രൊവൈഡർ കൊടുക്കുന്ന ഇന്റർനെറ്റിന് ഫീസ് കൊടുക്കണം. അത് എങ്ങനെ സൗജന്യമായി ലഭിക്കും അതല്ലെങ്കിൽ താങ്ങാവുന്ന ഫീസിൽ എങ്ങനെ ലഭിക്കും, അക്കാര്യത്തിൽ എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യത വരുന്നുണ്ടെങ്കിൽ അത് വഹിക്കാൻ കഴിയാത്ത കുട്ടികളെ എങ്ങനെ സഹായിക്കാൻ പറ്റും, ഇങ്ങനെയുള്ള എല്ലാ വശങ്ങളും ആലോചിച്ചുകൊണ്ട് കുട്ടികൾക്ക് ഭാരമില്ലാത്ത തരത്തിൽ അക്കാര്യത്തിൽ തീരുമാനത്തിൽ എത്തിക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്, വിവിധ കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആലോചനയുടെ ഘട്ടത്തിൽ ആയതുകൊണ്ടാണ് നിങ്ങളോട് പറയാതിരുന്നത്. നമുക്ക് എല്ലാവർക്കും കൂടി ഇക്കാര്യം പ്രവൃത്തിപഥത്തിലേയ്ക്ക് എത്തിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

## സബ്മിഷൻ

# പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

സർ, പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുകയെന്നതാണ് സർക്കാരിന്റെ നയം. ഇതിനാവശ്യമായ സത്വര നടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നതാണ്. കോവിഡ് വ്യാപനത്തെത്തുടർന്ന് യഥാസമയം മത്സരപ്പരീക്ഷകൾ നടത്താൻ പി.എസ്.സി-ക്ക് കഴിയാത്ത സാഹചര്യമുണ്ടായി. എന്നാൽ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനെയും നിയമന ശിപാർശ നൽകുന്നതിനെയും ഇത് ബാധിക്കുന്നില്ല. മാത്രമല്ല, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ 5-2-2021-നും 3-8-2021-നുമിടയിൽ കാലാവധി പൂർത്തിയാക്കുന്ന വിവിധ റാങ്ക് ലിസ്റ്റുകൾ 4-8-2021 വരെ ദീർഘിപ്പിച്ചിരുന്നു. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആഗസ്റ്റ് 4-ന് അവസാനിക്കുന്നത് കണക്കിലെടുത്ത് അതുവരെയുള്ള മുഴുവൻ ഒഴിവുകളും നിയമനാധികാരികൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ഇതിനായി സെക്രട്ടറിമാരുടെ യോഗം വിളിച്ച് അവരെ ചുമതലപ്പെടുത്തണമെന്നും മന്ത്രിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കുമെതിരെ കർശനനടപടി സ്വീകരിക്കും. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസ്സുകൾ എന്നിവ മൂലം റെഗുലർ പ്രൊമോഷനുകൾ തടസ്സപ്പെട്ട് എൻട്രി കേഡറിൽ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസ്സുകൾ കണ്ടെത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇക്കാര്യത്തിൽ വകുപ്പ് അദ്ധ്യക്ഷൻമാർ സമിതിക്ക് റിപ്പോർട്ട് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി തർക്കം നിലനിൽക്കുന്ന കേസ്സുകളിൽ റെഗുലർ പ്രൊമോഷൻ സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കോടതിയിൽനിന്നും ട്രിബ്യൂണലിൽനിന്നും ഇടക്കാല ഉത്തരവുകൾ നൽകിയിട്ടുള്ള കേസ്സുകളിൽ താല്ക്കാലിക പ്രൊമോഷൻ നടത്തി അതിന്റെ ഫലമായി വരുന്ന ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ച ഒരു പ്രശ്നമാണത്. ഒരു തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുന്നതിന് ഒഴിവുകൾ നിലനിൽക്കുകയും എന്നാൽ പ്രൊമോഷൻ നൽകുന്നതിന് അർഹത, യോഗ്യതയുള്ളവരുടെ അഭാവം എന്നിവ നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റാങ്ക്ലിസ്റ്റ് നിലവിലുള്ള കേഡറിലേയ്ക്ക് താൽക്കാലികമായി

തരംതാഴ്ത്തി അപ്രകാരമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഒഴിവുകളും കൃത്യതയോടെ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഇതിനോടകം ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിവിധ ഓഫീസുകളിൽ പരിശോധനയും നടത്തുന്നുണ്ട്. ഇതിനുപുറമേ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ മേൽനോട്ടച്ചുമതലയിൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുൾപ്പെട്ട സമിതി 13-2-2021-ൽ രൂപീകരിച്ചിരുന്നു. മുൻസർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യം, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകളിലായി ഇരുപതിനായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. 25-5-2016 മുതൽ 19-5-2021 വരെ 4223 റാങ്ക് ലിസ്റ്റുകളാണ് പി.എസ്.സി. പ്രസിദ്ധീകരിച്ചത്. അതിന് തൊട്ടുമുമ്പുള്ള യു.ഡി.എഫ്. ഭരണ കാലത്ത് 3418 റാങ്ക് ലിസ്റ്റുകൾ മാത്രമായിരുന്നു പ്രസിദ്ധപ്പെടുത്തിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 161,361 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. അതിനുമുമ്പുള്ള യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 154,384 നിയമന ശിപാർശകൾ നൽകിയെങ്കിലും അതിലുൾപ്പെട്ട 4031 പേർക്ക് എൽ.ഡി.എഫ്. സർക്കാരാണ് നിയമനങ്ങൾ നൽകിയത്. നിയമനങ്ങൾ പരമാവധി പി.എസ്.സി. മുഖേന നടത്തണമെന്നതാണ് സർക്കാരിന്റെ നയം. കോവിഡ് വ്യാപനം കാരണം മാറ്റിവച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളും ഇന്റർവ്യൂകളും കോവിഡ് വ്യാപനത്തിന്റെ തീവ്രത കുറഞ്ഞാലുടനെ പുനരാരംഭിക്കാൻ പി.എസ്.സി. നടപടി സ്വീകരിക്കുന്ന താണ്. നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചുനൽകുകയും ചെയ്യുകയെന്നുള്ളത് സർക്കാരിന്റെ നയമല്ല. റാങ്ക് ലിസ്റ്റുകളിൽനിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ അവയുടെ കാലാവധി ദീർഘിപ്പിച്ചുനൽകേണ്ട സാഹചര്യം നിലവിലില്ല.

**2021 ജൂലൈ 26**

# ആശ്രിത നിയമനം

സർ, ബഹുമാന്യനായ അംഗം ഗൗരവമായൊരു വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 24-05-1999-ലെ ജി.ഒ. (പി.) നമ്പർ 12/1999/പി.&എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലെ ക്ലാസ് കകക, ക്ലാസ് കഢ തസ്തികകളിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് ആശ്രിതന് നിയമനം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ എല്ലാ വകുപ്പുകളിലും ഓരോ വർഷവുമുണ്ടാകുന്ന 5% ഒഴിവുകൾ ആശ്രിത നിയമനം നടത്തുന്നതിനായി പൊതുഭരണ (കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽ അതാത് വകുപ്പുകൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. മാതൃവകുപ്പിൽ ഒഴിവില്ലാതെ വരുമ്പോഴോ അപേക്ഷകൻ മറ്റ് വകുപ്പുകളിലെ തസ്തികയിൽ നിയമനം ആവശ്യപ്പെടുമ്പോഴോ നിയമനം നൽകുന്നതിനാണ് ഇപ്രകാരം തസ്തികകൾ നീക്കിവയ്ക്കുന്നത്. 24-05-1999-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 30-ലെ നിയമനത്തിന് പുറമേയാണ് ഇപ്രകാരം 5% നിയമനങ്ങൾ നടത്തിവന്നിരുന്നത്. ആഭ്യന്തര വകുപ്പിൽ മുൻകാലത്ത് ആശ്രിത നിയമന പദ്ധതിയിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരായ ജീവനക്കാർ അവരുടെ സർവ്വീസ് ക്രമീകരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഹർജികൾ ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 29-06-2018-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ വകുപ്പിലും ഓരോ വർഷവുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചും ഈ ഉത്തരവ് ശരിവച്ചു. ബഹുമാനപ്പെട്ട കോടതികളുടെ ഉത്തരവിനെത്തുടർന്ന് മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങളുൾപ്പെടെ ആകെ ആശ്രിത നിയമനം ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ അഞ്ച് ശതമാനത്തിൽ നിജപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് 24-05-1999-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 30-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ വിധിന്യായം പുനഃപരിശോധിക്കാൻ സംസ്ഥാന പോലീസ് റിവ്യൂ പെറ്റീഷൻ ഫയൽ. സബ്മിഷൻൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പൊതുതസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നു

ണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പൊതു തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവർക്ക് യോഗ്യതയനുസരിച്ച് സാങ്കേതിക തസ്തികകളിലുൾപ്പെടെ അർഹമായ മറ്റ് തസ്തികകളിലേയ്ക്ക് തസ്തികമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആശ്രിത നിയമനത്തിന്റെ ക്വാട്ട വർദ്ധിപ്പിക്കുന്നതിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എതിർപ്പുണ്ട്. പ്രസ്തുത പ്രവൃത്തി പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന്റെ തൊഴിൽ സാധ്യത കുറയ്ക്കുമെന്ന കാര്യം അവർ മുന്നോട്ട് വയ്ക്കുന്നുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ചു മാത്രമേ ഈ പ്രശ്നത്തെ കാണാനാകൂ എന്ന കാര്യവും ഉയർന്നു വന്നിട്ടുണ്ട്. പൊതുഭരണ (കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പ് അദാലത്തുകൾ നടത്തി ഉദ്യോഗാർത്ഥികളുടെ സമ്മതപത്രം വാങ്ങി ഒഴിവുകൾ ലഭ്യമായ മറ്റു വകുപ്പുകളിൽ നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

**2021 ജൂലൈ 28**

## ചോദ്യോത്തരവേള

# സ്ത്രീ സുരക്ഷ

സർ, 2011 മുതൽ 2016 വരെ 100 സ്ത്രീധന പീഡനമരണങ്ങളും ആത്മഹത്യയും സംസ്ഥാനത്തുണ്ടായിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവ് പരിശോധിക്കുകയാണെങ്കിൽ ഇവയുടെ എണ്ണം 54 ആണ്. 2020-ലും 2021-ലും 6 വീതം ആത്മഹത്യാ കേസുകളാണ് റിപ്പോർട്ട് ചെയ്തത്. സ്ത്രീധനപീഡനം കാരണം ഒരു മരണമോ ആത്മഹത്യയോ സംസ്ഥാനത്തുണ്ടാകാത്ത സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

സ്ത്രീകൾക്കെതിരെയുള്ള അക്രമം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇത്തരം അക്രമം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. സ്ത്രീയെ രണ്ടാംകിട പൗരയായും കാഴ്ചവസ്തുവായും കാണുന്ന കാഴ്ചപ്പാടുകൾക്ക് എതിരെയുള്ള ബോധവത്ക്കരണം ഇതോടൊപ്പം ഉയർത്തിക്കൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. സമൂഹമാകെ യോജിച്ചുനിന്നു കൊണ്ട് നടത്തേണ്ടൊരു സമരമാണിതെന്ന നിലയിൽ അനുയോജ്യമായ വിധത്തിലുള്ള പ്രവർത്തന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ അനുഭവങ്ങൾകൂടി പരിശോധിച്ച് കൂടുതൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിയമസംവിധാനങ്ങളിൽ ഉൾപ്പെടെയുള്ള മാറ്റങ്ങളും സർക്കാർ ലക്ഷ്യംവയ്ക്കുന്നുണ്ട്. നിലവിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

1. സ്ത്രീകൾക്കെതിരെയുള്ള വിവിധ തരത്തിലുള്ള അതിക്രമങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ് തുടങ്ങിയവ ഈ രംഗത്തെ പോലീസ് ഇടപെടലിന്റെ ഭാഗമാണ്. എല്ലാ പോലീസ് ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലാണ്. അതോടൊപ്പം സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി 'അപരാജിത', 'നിഴൽ', 'വനിതാ സ്വയം പ്രതിരോധം' എന്നിവയും നടപ്പിലാക്കിവരുന്നു.
2. ദൃശ്യ-ശ്രവ്യ, സോഷ്യൽ മീഡിയകളിലൂടെ സ്ത്രീധന പീഡനത്തിനെതിരെയുള്ള വ്യാപകപ്രചരണങ്ങൾ നടക്കുന്നുണ്ട്. സ്ത്രീകളുമായി നിരന്തരം ഇടപെടുന്ന വിഭാഗമെന്ന നിലയിൽ സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ തുടങ്ങി

യവർക്ക് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയും അവകാശങ്ങളെയും സംബന്ധിച്ച് ബോധവത്ക്കരണം നടത്തിവരുന്നു. ഇതിലൂടെ സ്ത്രീകൾക്കിടയിൽ അവബോധം ഉയർത്തിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

3. ഉദ്യോഗസ്ഥരുടെ ഇടയിലെ സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ലെന്ന സത്യവാങ്മൂലം സർക്കാർ ഉദ്യോഗസ്ഥരിൽനിന്ന് വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ജെൻഡർ അവെയർനസ് ക്യാമ്പെയിൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

4. സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗവിവേചനത്തിനെതിരായ അവബോധന പ്രവർത്തനങ്ങൾക്കുമാവശ്യമായ വിഹിതം പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

സർ, സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനും സംസ്ഥാനത്ത് വിവിധ പദ്ധതികളും സംവിധാനങ്ങളും നിലവിലുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഗാർഹികപീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി, ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി പോലീസ് താഴെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

CAP (Children and Police) House, CCSE (Counter Child Sexual Exploitation), CCPWC Project (Cyber Crime Prevention against Women & Children). കുട്ടികൾക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനും കൗൺസിലിംഗ് നൽകുന്നതിനും മറ്റുമായി 'CHIRI' പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. ജില്ലകളിൽ Child Friendly Police Station-കൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്കിത് വ്യാപിപ്പിക്കും. കുട്ടികളുടെ നഗ്നചിത്രങ്ങൾ കാണുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കുമെതിരെ സൈബർ ഡോമിന്റെ നേതൃത്വത്തിൽ Operation P-Hunt" എന്ന പേരിൽ സൈബർ ഇടങ്ങളിൽ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെത്തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയും കുട്ടികളെ വിദഗ്ധ കൗൺസിലിംഗിനായി നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽ നിന്നും ഇത്തരം കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ നീക്കംചെയ്യാനും CCSE (Counter Child Sexual Exploitation) യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമ കേസുകൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ,

ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് 28 ഫാസ്റ്റ് ട്രാക്ക് കോടതികളും പ്രവർത്തിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഉപദ്രവങ്ങൾ, സൈബർ ലോകത്തെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകളും കുട്ടികളും നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ 'പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് ' 2021 ജൂലൈ 19-ന് നിലവിൽ വന്നിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന 'നിർഭയ' പദ്ധതി.
2) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന സംവിധാനം.
3) ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതി നായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന 'രക്ഷാദൂത്' പദ്ധതി.
4) വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു.
5) സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി '181 മിത്ര ഹെൽപ്പ് ലൈൻ' നിലവിലുണ്ട്.
6) ഗാർഹിക-ലൈംഗിക അതിക്രമത്തിനിരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ 'വൺസ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ചുവരുന്നു.
7) കേരളത്തിലെ 14 ജില്ലകളിലും 'വനിതാ സംരക്ഷണ ഓഫീസറുടെ' സേവനം ലഭ്യമാണ്. ഇതിനുപുറമേ, അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെനിന്നും ഏത് സമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പരിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള 'കമാൻഡ് സെന്ററി'ൽ ലഭ്യമാണ്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ ക്യാമ്പെയിൻ സംഘടിപ്പിക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ പോലീസ് കർശന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ഉയരുകയോ ചെയ്താൽ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും ഓരോ വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കും. നിലവിൽ വനിതാ പോലീസ് സ്റ്റേഷനില്ലാത്ത തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിലാണ് പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുക. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗവിവേചനത്തിനെതിരെയുള്ള അവബോധനത്തിനും 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ 80 പോലീസ് സ്റ്റേഷനുകൾ സ്ത്രീ/ശിശു സൗഹൃദമാക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സർ, ഓരോ കാര്യവും ഓരോരുത്തരുടെ മനോഭാവമനുസരിച്ചാണ് കാണപ്പെടുന്നത്. ശ്രീ.

എൻ. എ. നെല്ലിക്കുന്നിന് അദ്ദേഹത്തിന്റേതായ മനോഭാവമുണ്ട്, പണ്ഡിതനുമാണ്; പക്ഷെ പാണ്ഡിത്യം മറ്റൊരു ഭാഗത്താണ്; അതിന്റെ ഭാഗമായാണ് ഗവർണറുടെ ഉപവാസത്തെക്കുറിച്ച് വളരെ തെറ്റായ രീതിയിൽ പരാമർശിച്ചത്. ഗവർണർ സമൂഹത്തെ ബോധവത്കരിക്കുന്ന തരത്തിലുള്ള ഗാന്ധിയൻ ഇടപെടലാണ് നടത്തിയത്. ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്നിനെപോലുള്ളവർക്ക് സംശയമുണ്ടായപ്പോൾ ഗവർണർതന്നെ അക്കാര്യം പരസ്യമായി വ്യക്തമാക്കിയിട്ടുമുണ്ട്. അതിനുശേഷവും ഇത്തരത്തിലുള്ള സംശയങ്ങൾ പ്രകടിപ്പിക്കുന്ന നിലയാണുണ്ടായത്. അദ്ദേഹം കഴിഞ്ഞ നിയമസഭയിലും അംഗമായിരുന്നു. ഞാൻ മുഖ്യമന്ത്രിയായി വന്നതാണോ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഗവർണറായി വന്നതാണോ ആദ്യം സംഭവിച്ചത് എന്നാണ് അദ്ദേഹം ചോദിച്ചത്. പക്ഷെ അദ്ദേഹത്തിന് ഓർമ്മക്കുറവുണ്ടെന്ന് ഇതുവരെയും മനസ്സിലായിട്ടില്ല. ബഹുമാന്യനായ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ചുമതലയേൽക്കുന്നതിനുമുമ്പ് റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. പി. സദാശിവം ഗവർണറായി ഇവിടെ ഉണ്ടായിരുന്നില്ലേ; അതെന്താണ് അദ്ദേഹം മറന്നുപോയത്. ഞാൻ മുഖ്യമന്ത്രി പദത്തിൽ എത്തിയ സമയം തന്നെയാണ് ആദ്യം ഉണ്ടായത്.

2016 മുതൽ 2021 വരെയുള്ള കാലയളവിൽനടന്ന ആത്മഹത്യയും മരണവുമെത്രയാണെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. 2011 മുതൽ 2016 വരെ നൂറ് സ്ത്രീധന പീഡന മരണങ്ങളും ആത്മഹത്യയും സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടെന്ന് നേരത്തേ സൂചിപ്പിച്ചതാണ്. 2016 മുതൽ 2021 വരെയുള്ള കാലയളവ് പരിശോധിച്ചാൽ ഇവയുടെ എണ്ണം 54 ആണ്. 2020-ഉം 2021-ഉം പ്രത്യേകമായി പരിശോധിച്ചാൽ ആറുവീതം ആത്മഹത്യാകേസുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും ദുഃഖിതരാണ്. സ്ത്രീധന പീഡനത്തിന്റെ ഭാഗമായ ആത്മഹത്യാശ്രമം, അതിലൂടെ സംഭവിക്കുന്ന മരണം, കൊലപാതകം എന്നിവയെല്ലാം നാടിന് അപമാനം വരുത്തിവയ്ക്കുന്നതാണ്. അക്കാര്യത്തിൽ നല്ലരീതിയിലുള്ള ബോധവത്കരണം നടത്തേണ്ടത് ഏറ്റവും പ്രധാനമാണ്. ബഹുമാന്യനായ ഗവർണറുടെ നടപടി ആ ബോധവത്കരണ പ്രക്രിയയെ വലിയതോതിൽ സഹായിക്കുകയാണ് ചെയ്തിരിക്കുന്നത്.

**പി. അബ്ദുൽ ഹമീദ്:** സർ, നിലവിൽ കോടതികളിലെ തിരക്കു കാരണം സ്ത്രീധനപീഡനമുൾപ്പെടെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംഭവിച്ച് മാസങ്ങൾ കഴിഞ്ഞ് കോടതികളിലെത്തുന്ന കേസുകളിലെ കുറ്റാരോപിതർക്ക് അർഹമായ ശിക്ഷവിധിക്കുന്നതിന് പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

**പിണറായി വിജയൻ :** സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിലൊരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഇതിനുവേണ്ടി പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറൽ ബഹുമാന്യനായ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ചർച്ചചെയ്യുകയും അദ്ദേഹം അതിനോട് യോജിപ്പ് പ്രകടിപ്പിച്ചിരിക്കുകയുമാണ്. അത് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സെബാസ്റ്റ്യൻ കുളത്തുങ്കൽ:** സർ, സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സർക്കാർ നടത്തുന്ന കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ കേരളീയ പൊതുസമൂഹത്തിന് മതിപ്പാണുള്ളത്. അത്തരം അവബോധം സമൂഹത്തിൽ വ്യാപകമാക്കുന്നതിന് ഹൈസ്കൂൾ-ഹയർ സെക്കൻഡറി തലങ്ങളിലെ പാഠ്യപദ്ധതിയിൽ സ്ത്രീപക്ഷ നിയമങ്ങളുടെ പ്രസക്തഭാഗങ്ങൾ ഉൾക്കാള്ളിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**പിണറായി വിജയൻ:** സർ, വളരെ പ്രസക്തമായ കാര്യമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. ബോധവൽക്കരണത്തിലെ പ്രധാനഘടകം വളർന്നുവരുന്ന കുഞ്ഞുങ്ങളിൽ അതിനെക്കുറിച്ച് ധാരണയുണ്ടാക്കുക എന്നതാണ്. അത് കൃത്യമായി നടത്തിയാൽ ഒരു

കുഞ്ഞ് വളർന്ന് മുതിർന്ന ആളാകുമ്പോൾ പ്രതികരിക്കുന്ന നില അവരിലുണ്ടാകും. സ്ത്രീധ നത്തിനെതിരെ പൊതുബോധം ഉയർത്തത്തക്കനിലയിൽ ആവശ്യമായ കാര്യങ്ങൾ പാഠഭാഗ ത്തിലുൾപ്പെടുത്തേതുണ്ടെന്നാണ് സർക്കാർ കാണുന്നത്. ഇക്കാര്യം നേരത്തേതന്നെ പരസ്യ മായി പറഞ്ഞിട്ടുള്ളതാണ്.

**പ്രമോദ് നാരായൺ:** സർ, ലോകത്തെ വികസിത രാജ്യങ്ങൾക്ക് മാതൃകയാകുന്ന അതിശക്ത മായ നടപടിയാണ് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാലയങ്ങളിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് ലോകത്തെ വികസിതരാജ്യങ്ങൾ ഫലപ്രദമായി പരീക്ഷിക്കുന്ന സമ്പ്രദായമാണ് റെസ്പോൺ സിബിൾ പാരന്റിംഗ്. ഒരുപെൺകുട്ടിയും തന്റെ ഇരയല്ലെന്നും മറിച്ച് ഓരോപെൺകുട്ടിയും തന്റെ ഉത്തരവാദിത്വമാണെന്നുമുള്ള ബോദ്ധ്യത്തിലേയ്ക്ക് കുട്ടികളെ കൊണ്ടുവരാൻ സാധി ക്കുന്നതരത്തിലുള്ള റെസ്പോൺസിബിൾ പാരന്റിംഗ് വീടുകളിൽനിന്നുതന്നെ ആരംഭിക്കാ നും വിവാഹപൂർവ്വ കൗൺസിലിംഗുകളിൽ രക്ഷകർത്താക്കൾകൂടി പങ്കാളികളാകുന്ന സമഗ്ര പദ്ധതി ആവിഷ്കരിക്കാനും സാധിക്കുമോ?

**പിണറായി വിജയൻ:** സർ, ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ കരുതലുകൾ സ്വീകരിക്കേണ്ടതു ണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഇക്കാര്യത്തിൽ ഉൾപ്പെടുത്താവുന്ന തും അതിനുള്ള പരിശ്രമം നടത്താവുന്നതുമാണ്.

**വി. ഡി. സതീശൻ:** സർ, സ്ത്രീധനത്തിന്റെ പേരിൽ പെൺകുട്ടികളെ കൊലയ്ക്കുകൊടു ക്കുന്ന സംഭവങ്ങളും സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും നാട്ടിൽ വർദ്ധിച്ചുവരികയാ ണ്. മിക്കവീടുകളിലും പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നതോടെ മാതാപിതാ ക്കൾ കടക്കെണിയിലാകുന്നത് പെൺകുട്ടികൾക്ക് അലോസരമുണ്ടാക്കുന്നു. വിവാഹശേഷം പെൺകുട്ടികൾ ഭർതൃവീടുകളിൽ ചെല്ലുമ്പോൾ വീണ്ടും സ്വർണ്ണത്തിനും വാഹനത്തിനും പണ ത്തിനുംവേണ്ടി നിർബന്ധിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തിരിച്ച് സ്വന്തം വീട്ടിലേയ്ക്ക് പോകുകയെന്നതാണ് ആ കുട്ടിയുടെ മുമ്പിലുള്ള വഴി. പക്ഷെ തന്റെ വിവാഹം നടത്തി കടക്കെണിയിൽപ്പെട്ട കുടുംബത്തിന് താൻ ഭാരമാകരുതെന്ന് കരുതിയാ ണ് പെൺകുട്ടികൾ ആത്മഹത്യയിലേയ്ക്ക് പോകുന്നത്. മറ്റൊരു വിഷയം, വിവാഹമോചിത യായ പെൺകുട്ടിയോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് സംബന്ധിച്ചാണ്. ജമ്യേശമൃരവമഹ ടീരശല്യേയിൽ ആണുങ്ങൾ തെറ്റ് ചെയ്യാറില്ലെന്നും സ്ത്രീകളാണ് തെറ്റുചെയ്യുന്നതെന്നുമുള്ള ചിന്തയാണ് സമൂഹത്തിനുള്ളത്. വിവാഹമോചിതരാകുന്നത് പെൺകുട്ടിയുടെ കുറ്റമാണെന്ന് ധരിച്ചുവയ്ക്കുന്ന സമൂഹംകൂടിയാണിത്. ഒരു പെൺകുട്ടിക്ക് ഇത്തരം പ്രശ്നമുണ്ടായാൽ സം സ്ഥാനവും സമൂഹവും പെൺകുട്ടിയെ സംരക്ഷിക്കുമെന്ന് ഉറപ്പുവരുത്തണം. അത്തരം സന്ദർ ഭങ്ങളിലാണ് വനിതാ കമ്മീഷൻപോലുള്ള പ്രസ്ഥാനങ്ങൾ പെൺകുട്ടികളുടെ വിശ്വാസ്യത തകർന്നുപോകാതെ അവർക്ക് ആത്മവിശ്വാസവും ആത്മധൈര്യവും പകരുന്നരീതിയിൽ സംര ക്ഷണം നൽകേണ്ടത്. ഇക്കാര്യത്തിൽ സർക്കാർ മുൻകയ്യെടുക്കണം. സ്ത്രീധനപീഡനം സഹി ക്കാനാകാതെ നിരവധി പെൺകുട്ടികൾ ആത്മഹത്യചെയ്യുന്ന സാഹചര്യമുണ്ടായിട്ടും ഇന്ത്യൻ പീനൽ കോഡിലെ വകുപ്പ് 304ബി പ്രകാരം പോലീസ് കേസെടുക്കുന്നത് കുറവാണ്. 2019-ൽ എട്ടും 2020-ൽ അതിനേക്കാൾ കുറവും കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇത് ജീവപര്യന്തംവരെ തടവുശിക്ഷ കിട്ടുന്നതാണ്. യഥാർത്ഥ തെളിവുകൾ ലഭിക്കുകയും വി വാഹംകഴിഞ്ഞ് ഏഴുവർഷത്തിനുള്ളിൽ സംഭവിക്കുന്ന കൃത്യമായ സ്ത്രീധന മരണമാണെന്ന് ഉറപ്പുള്ള കേസ്സുകളിൽ നിർബന്ധമായും ഐ.പി.സി. വകുപ്പ് 304ബി ചുമത്തി കേസെടുക്കാനു ള്ള നിർദ്ദേശം പോലീസിന് കൊടുക്കുമോ?

**പിണറായി വിജയൻ:** സർ, ചോദ്യത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞ കാര്യങ്ങൾ പ്രസക്തിയുള്ള

താണ്. സംസ്ഥാനത്തിന്റെ പൊതുവായ സാമൂഹികരംഗം എങ്ങനെ ശക്തിപ്പെടണമെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അതിനോട് സർക്കാർ പൂർണ്ണമായും യോജിക്കുന്നു. Patriarchal Society-യുടെ മനോഭാവത്തിൽ വലിയ മാറ്റം വരേണ്ടതുണ്ട്. ഏതെങ്കിലും പെൺകുട്ടിക്ക് ഇത്തരം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുമ്പോൾ അത് ചോദ്യംചെയ്യാൻ പെൺകുട്ടിയും തയ്യാറാകുന്ന നിലയിലുള്ള മാനസികാവസ്ഥയുണ്ടാകണം. കുടുംബം തുടർന്നും കൂടുതൽ ഭാരംതാങ്ങേണ്ടി വരുമെന്ന് ആലോചിച്ച് യുവതികൾ നിസ്സഹായാവസ്ഥയിൽപ്പെടുകയാണ്. അത്തരം ദുർബലാവസ്ഥയാണ് കൂടുതൽ അപകടങ്ങളിലേയ്ക്കെത്തിക്കുന്നത്. പൊതുവായി സ്ത്രീശാക്തീകരണമെന്ന അവസ്ഥ സമൂഹത്തിൽ കൂടുതൽ ഉണ്ടാകേണ്ടതുണ്ട്. അതിനാവശ്യമായ കാര്യങ്ങളൊക്കെ ചെയ്യുന്നതാണ്. പോലീസിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന പരാതികൾക്ക് കൃത്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച തരത്തിലുള്ള സംഭവങ്ങൾ പ്രത്യേകമായി ഉന്നയിച്ചാൽ അതിനുത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതാണ്. ആവശ്യമായ എല്ലാ കരുതലുകളും ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

**സി. കെ. ആശ:** സർ, ഏറ്റവും കൂടുതൽ സൈബർ ആക്രമണങ്ങൾക്കിരയാകുന്നത് സ്ത്രീകളാണ്. സർക്കാർ നടപ്പിലാക്കിവരുന്ന സ്ത്രീസുരക്ഷയുടെ ഭാഗമായി സൈബർ ഇടങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

**പിണറായി വിജയൻ:** സർ, സൈബർ ആക്രമണങ്ങൾക്ക് വലിയതോതിൽ സ്ത്രീകളും കുട്ടികളും ഇരയാകുന്നുവെന്നുള്ളത് ശരിയാണ്. അക്കാര്യത്തിൽ പ്രത്യേക സുരക്ഷയൊരുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്; തുടർന്നും സ്വീകരിക്കുന്നതാണ്.

## ചോദ്യോത്തരവേള

# ദുരന്തനിവാരണ നിയമപ്രകാരം നഷ്ടപരിഹാരം

സർ, (എ) കോവിഡ്-19-ന്റെ വ്യാപനം തടയാൻ സ്വീകരിക്കേണ്ടിവന്ന നിയന്ത്രണങ്ങൾ കാരണം സമ്പദ്ഘടനയ്ക്കും ജനങ്ങളുടെ ഉപജീവനത്തിനുമുണ്ടായ പ്രത്യാഘാതങ്ങളെക്കുറിച്ച് സർക്കാരിന് തികച്ചും ബോദ്ധ്യമുണ്ട്. അതുകൊണ്ടുതന്നെ നാനാ മേഖലകൾക്കായി സർക്കാർ പല പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ദുരന്തനിവാരണ നിയമപ്രകാരം സമൂഹ അടുക്കളകൾ നടത്താനും അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനുമായി ദുരന്ത പ്രതികരണനിധിയിൽ നിന്നും തുക വിനിയോഗിച്ചിട്ടുണ്ട്. ഇവ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയാണ് നടപ്പാക്കിയത്. ഇതിനുപുറമേ, വിപുലമായ സമാശ്വാസ നടപടികളാണ് കടുത്ത സാമ്പത്തിക വെല്ലുവിളികൾക്കിടയിലും സർക്കാർ നടപ്പാക്കിയത്. മഹാമാരിയുടെ വ്യാപനം തടയാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോൾ ഒരാളും ഒരു കുടുംബവും ഒരു നേരംപോലും പട്ടിണി കിടക്കരുതെന്ന ലക്ഷ്യത്തോടെ സർക്കാർ പൊതുവിതരണ സമ്പ്രദായം വഴി സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അതിജീവനക്കിറ്റുകൾ വിതരണം ചെയ്തു. അതിനോടൊപ്പം സബ്സിഡി നിരക്കിൽ അധിക ധാന്യവിഹിതവും വിതരണം ചെയ്തു. ക്ഷേമ പെൻഷനുകളിൽ വർദ്ധന വരുത്തി 1,600 രൂപ ആയി ഉയർത്തി കുടിശ്ശികയില്ലാതെ കൃത്യമായി വിതരണം ചെയ്തു. ക്ഷേമനിധി പെൻഷനോ സാമൂഹ്യ ക്ഷേമ പെൻഷനോ ലഭിക്കാത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 14.85 ലക്ഷം കുടുംബങ്ങൾക്ക് 1000 രൂപ സമാശ്വാസ ധനമായി രണ്ടുതവണ നൽകി. കുടുംബശ്രീ വഴി ലഭ്യമാക്കിയ അതിജീവന വായ്പകളുടെ പലിശ സർക്കാരാണ് വഹിച്ചത്. രണ്ടുതവണയായി 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജും 5,650 കോടി രൂപയുടെ അനുബന്ധ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്; ഇവ നടപ്പാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച രണ്ടാം കോവിഡ് പാക്കേജിന്റെ ഭാഗമായി 2,800 കോടി രൂപ ആരോഗ്യ അടിയന്തര സാഹചര്യങ്ങൾ നേരിടാനും 8,900 കോടി രൂപ മഹാമാരിക്കാലത്ത് ഉപജീവനം നഷ്ടപ്പെട്ടവർക്ക് നേരിട്ടെത്തിക്കാനും 2,300 കോടി രൂപ ലോണുകൾക്കുള്ള പലിശയിളവായുമാണ് നൽകാൻ ലക്ഷ്യമിടുന്നത്.

(ബി & സി) വ്യാപാരി വ്യവസായി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സമഗ്ര നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ നൽകുന്ന കടമുറികളുടെ വാടകയും അടഞ്ഞുകിടന്ന കാലത്തേയ്ക്കുള്ള വൈദ്യുതി ഫിക്സഡ് ചാർജ്ജും 2021 ഡിസംബർ 31 വരെ

ഒഴിവാക്കിയിട്ടുണ്ട്. Micro, Small and Medium Enterprises-കളെ സഹായിക്കാനായി പലിശയിളവ് നൽകിവരുന്നു. പരമാവധി 6 മാസത്തേയ്ക്ക് വായ്പകൾക്ക് 30,000 മുതൽ 60,000 രൂപ വരെയാണ് ഇപ്രകാരം ഇളവ് അനുവദിക്കുന്നത്. വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം 2020 ഡിസംബർ 31 വരെയുള്ള പലിശയിളവ് 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലെ മാർഗ്ഗരേഖ പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന സബ്സിഡി, പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി വർദ്ധിപ്പിച്ചു. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്ക് ഇത് 30 ലക്ഷത്തിൽ നിന്ന് 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള സഹായത്തിന്റെ മൂലധന നിക്ഷേപപരിധി 10 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. സേവന മേഖലയിലെ യൂണിറ്റുകൾക്കും ഈ സഹായം ലഭിക്കും. വിവിധ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ 1,000 മുതൽ 3,000 രൂപ വരെയും തനതുഫണ്ടിലൂടെ 1,000 മുതൽ 5,000 രൂപ വരെയും കോവിഡിന്റെ ഒന്നാംഘട്ടത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 1,000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ജൂലൈ 30-ന് പ്രഖ്യാപിച്ച അനുബന്ധ കോവിഡ് പാക്കേജ് പ്രകാരം 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ 4 ശതമാനം വരെയുള്ള പലിശ സർക്കാർ വഹിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2,000 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഈ സഹായം ലഭ്യമാണ്. ഒരു ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കണമെന്ന് ലക്ഷ്യമിടുന്നു. സംസ്ഥാന ധനകാര്യ സ്ഥാപനമായ കെ.എഫ്.സി-യിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് തവണകൾ അടയ്ക്കുന്നതിന് വീഴ്ചയുണ്ടായാൽ പിഴപ്പലിശ ഈടാക്കുന്നതല്ല. ഫെഡറൽ സംവിധാനത്തിൽ പരിമിതമായ സാമ്പത്തികാധികാരമുള്ള സംസ്ഥാന സർക്കാർ മാതൃകാപരമായ സമാശ്വാസ നടപടികളാണ് കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗ, രണ്ടാം തരംഗ ഘട്ടങ്ങളിൽ നടപ്പിലാക്കിവരുന്നത്. ബ്യൂട്ടീഷനുൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധികൾ വഴി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്കും നേരത്തെ മാതാപിതാക്കളിലൊരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ്മൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾക്കും പ്രതിമാസം 2,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈ കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം തുടങ്ങുന്നതിനും ബിരുദതലം വരെയുള്ള പഠന ച്ചെലവുകൾ സർക്കാർ വഹിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

## ചോദ്യോത്തരവേള

# പെൺകുട്ടികളുടെ സുരക്ഷ

സംസ്ഥാനത്ത് പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്തെങ്കിലും അതിക്രമങ്ങൾ സംബന്ധിച്ച അറിവോ പരാതിയോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണിക്കാതെതന്നെ കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ നേരിട്ടുചെന്ന് ഇത്തരം പരാതി നൽകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അവരുടെ താമസയിടങ്ങളിൽ ചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതിയും നടപ്പാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന "Aparajitha.pol@kerala.gov.in" സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനുപുറമെ, പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി. ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വനിതകൾക്ക് യഥാസമയം പോലീസ് സഹായം എത്തിക്കുന്നതിന് പ്രത്യേക പോലീസ് കമാൻഡ് സെൻറർ പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിൽ എവിടെ നിന്നും ഏതു സമയവും 112 എന്ന നമ്പറിൽ അടിയന്തര സേവനം തേടാവുന്നതാണ്. വിളിക്കുന്ന ആൾ ഉള്ള സ്ഥലം കൃത്യമായി മനസ്സിലാക്കി സേവനം നൽകുന്നതിന് പോലീസ് കമാൻഡ് സെന്ററിന് കഴിയും. സൈബർ ലോകത്തടക്കം സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19-ന് നിലവിൽ വന്നിട്ടുണ്ട്. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. കുട്ടികളുടെയും സ്ത്രീകളുടെയും അശ്ലീലചിത്രങ്ങളും മറ്റും പ്രചരിപ്പിക്കുകയും മാരകായുധങ്ങൾക്ക് പരസ്യം നൽകുകയും ചെയ്യുന്ന ഡാർക്ക് നെറ്റ്, സാമൂഹ്യമാധ്യമങ്ങൾ എന്നിവ പരിശോധിക്കുന്നതിന് വിക്ടിം ഐഡന്റിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ ഇവ ഇന്റർനെറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്ത്രീകളെയും കുട്ടികളെയും

സൈബറിടങ്ങളിലെ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് Cyber Crime Prevention against Women & Children (CCPWC) നടപ്പാക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള പ്രണയബന്ധങ്ങളിലെ ചതിക്കുഴികളെപ്പറ്റി കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെൽ, സ്റ്റേറ്റ് മീഡിയ സെന്റർ, സൈബർഡോം എന്നിവ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'സൂക്ഷിക്കണം ലകാലം' എന്ന സോഷ്യൽ മീഡിയ കാംപെയ്ൻ ആരംഭിച്ചിട്ടുണ്ട്. സൈബർ സൗഹൃദങ്ങൾ പരിധിവിട്ട് പോകാതിരിക്കാൻ ജാഗ്രത പുലർത്തുന്നതിന് പ്രത്യേകം പോസ്റ്ററുകൾ തയ്യാറാക്കി പ്രചരിപ്പിച്ചുവരുന്നു. ഇത്തരം ചതിക്കുഴികളിൽപ്പെടാതിരിക്കാൻ മാതാപിതാക്കൾക്കും കുട്ടികൾക്കും വനിതാസെല്ലുകൾ, ജനമൈത്രി പോലീസ് എന്നിവ മുഖേന കൗൺസിലിംഗ് നൽകിവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും ആത്മധൈര്യം നൽകുന്നതിനായി വിദഗ്ദ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ വഴി 'സെൽഫ് ഡിഫൻസ് ട്രെയിനിംഗ്' നൽകിവരുന്നു. ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ തടയുന്നതിന്റെ ഭാഗമായി സ്ത്രീകളും കുട്ടികളും  കൂടുതൽ കേന്ദ്രീകരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും വനിതകൾ ഉൾപ്പെടെയുള്ള പോലീസിന്റെ കർശനമായ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

സർ, സ്ത്രീധന പ്രശ്നത്തിൽ ഒരു പ്രത്യേക ഘട്ടത്തിൽ മാത്രമെ പരാതി വരുന്നുള്ളൂ. മറ്റേത്, രണ്ട് കൂട്ടരുംകൂടി യോജിച്ചുനടത്തുന്ന കാര്യമാണ്. അതുകൊണ്ടാണ്  വിവാഹത്തിന് സ്ത്രീധനമുണ്ടെന്ന് ബോദ്ധ്യമായാൽ ആ വിവാഹത്തിന് ജനപ്രതിനിധികൾ പങ്കെടുക്കാതിരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവർണർ  നിർദ്ദേശിച്ചത്.  അത്തരത്തിലുള്ള നടപടികളിലേയ്ക്ക് നമ്മൾ നീങ്ങിക്കൊണ്ട്  സാമൂഹ്യമായി ഒറ്റപ്പെടുത്തേണ്ട ഒരു കാര്യമാണിതെന്ന് സമൂഹം പൊതുവിൽ എത്തിച്ചേരുന്ന സ്ഥിതിയുണ്ടാകണം. അങ്ങനെ വന്നാൽ മാത്രമെ പെൺകുട്ടികൾക്കും ധൈര്യം വരികയുള്ളൂ.  വിവാഹ പ്രായത്തിലെത്തിനിൽക്കുന്ന കുട്ടികൾക്ക് കുടുംബം കൊടുക്കാൻ തയ്യാറാകുന്ന സ്ത്രീധനം, അങ്ങനെ സ്ത്രീധനം കൊടുത്തുകൊണ്ട് ഒരു വരനെ തനിക്ക് ആവശ്യമില്ലെന്ന് പെൺകുട്ടിയും സ്ത്രീധനം വാങ്ങിക്കൊണ്ട് തനിക്ക് ഒരു പെൺകുട്ടിയെ വേണ്ടെന്ന് ചെറുപ്പക്കാരനും പറയുന്ന അവസ്ഥയിലേയ്ക്കെത്തണം. നമ്മുടെ സമൂഹത്തിൽ അത്തരത്തിലുള്ളൊരു ബോധവൽക്കരണം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. നാമെല്ലാവരും അതിന് ശ്രമിക്കേണ്ടതാണ്. പരാതികളുണ്ടായാൽ അന്വേഷണ സംവിധാനങ്ങൾ കർക്കശമായ നിലപാട് തന്നെയാണ് ഇപ്പോൾ സ്വീകരിച്ചു പോരുന്നത്.

## ചോദ്യോത്തരവേള

# ഐ.ടി വികസനം

സർ, ഉൽപ്പാദനമേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും വിദ്യാസമ്പന്നരായ പുതിയ തലമുറയ്ക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.ടി. പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്ന സമീപനമാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. അതിനുതകുന്നവിധം ഒരു നയരേഖയും സംസ്ഥാന സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായ നേട്ടങ്ങളാക്കി മാറ്റാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി മാറാനും നമുക്ക് കഴിഞ്ഞു. എല്ലാവർക്കും ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തുന്നതിന് പൊതുമേഖലയിൽ ആരംഭിച്ച കെ-ഫോൺ ലോകത്തിന് ആകെത്തന്നെ മാതൃകയാകുന്ന ഒന്നായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു. 21 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പേസും 56000 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ പ്രാപ്തമാകുന്നവിധം പുതിയ പ്രോജക്ടുകൾ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. 2016-21 കാലയളവിൽ 52.44 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പേസിൽ വർദ്ധനവുണ്ടായി. ഐ.ടി. പാർക്കുകളിൽ 292 പുതിയ കമ്പനികൾ പ്രവർത്തനമാരംഭിച്ചു. 2019-20 വരെ 2500 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കുന്നതിനുള്ള നടപടികൾക്കും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടപെടലുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ നേട്ടങ്ങളെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ ആവിഷ്കരിക്കുന്നത്. ദേശീയ, അന്തർദ്ദേശീയ തലത്തിലുണ്ടാകുന്ന സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാനും സർക്കാർ പരിശ്രമിക്കുകയാണ്. 5 വർഷത്തിനകം ആഗോളതലത്തിൽ വീട്ടിലിരുന്ന് പണിയെടുക്കുന്നവരുടെ എണ്ണം 18 കോടിയായി ഉയരുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ആഗോള ഡിജിറ്റൽ മേഖലയിൽ വന്നിട്ടുള്ള ഈ ഘടനാപരമായ മാറ്റത്തെ ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് അത്യന്താധുനിക ഡിജിറ്റൽ നൈപുണ്യ പരിശീലനം യുദ്ധകാലാടിസ്ഥാനത്തിൽ നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു സ്കിൽ മിഷൻ തന്നെ രൂപീകരിക്കാനാണ് സർക്കാരിന്റെ ലക്ഷ്യം. നിലവിലുള്ള വിവിധ സ്ഥാപനങ്ങളിലെ നൈപുണ്യ പരിശീലനം വിപുലീകരിക്കുന്നതിലൂടെ 50 ലക്ഷം അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം നൽകാനും ഉദ്ദേശിക്കുന്നുണ്ട്. ഇവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കാനും അതിൽനിന്ന്

ജോലിക്കാരെ തെരഞ്ഞെടുക്കുന്നതിന് ആഗോള കമ്പനികൾക്ക് അവസരം നൽകുകയെന്നതുമാണ് സർക്കാരിന്റെ ലക്ഷ്യം. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വീട്ടിലോ വ്യവസായ പാർക്കുകളിലോ മറ്റോ ജോലി ചെയ്യാനുള്ള സൗകര്യമുണ്ടാക്കും. ആഗോള കമ്പനികൾക്കു വേണ്ടി ജോലിസാധ്യതകളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം നൂതന സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയ പുതിയ ചെറുകിട സംരംഭങ്ങളും വ്യവസായങ്ങളും യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. സാമ്പത്തിക ഭരണമേഖലയുടെ എല്ലാ തലങ്ങളിലും നൂതന സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമീപനവും സ്വീകരിക്കും. വിദ്യാർത്ഥികൾക്ക് ഇന്നവേഷൻ ചലഞ്ച് മത്സരങ്ങൾ ഉൾപ്പെടെ സംഘടിപ്പിച്ച് മത്സരാർത്ഥികൾക്ക് സാമ്പത്തിക പ്രോത്സാഹനം നൽകുന്ന സമീപനവും സ്വീകരിക്കും. ഏതു മേഖലയിലെ പ്രശ്നങ്ങളും നൂതന സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്ന ഏതൊരാൾക്കും അവ മികവുറ്റതാണെങ്കിൽ സർക്കാർ സഹായങ്ങൾ നൽകും. സ്വകാര്യവ്യക്തികൾ വാങ്ങിയാൽ അവയ്ക്ക് സബ്സിഡിയും നൽകും. കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ഹബ്ബായി തിരുവനന്തപുരത്തെ ഉയർത്തുന്നതിനും ലക്ഷ്യം വയ്ക്കുന്നു. ഇതിനായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്കിന്റെ കൂട്ടായ നേതൃത്വത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാലകളെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും  ആർട്ടിഫിഷ്യൽ ഇൻറലിജന്റ്സ് സംവിധാനത്തിൽ ഉയർത്തുന്നതിനായി പുതിയ മാസ്റ്റർപ്ലാൻ തയ്യാറാക്കും. 5 വർഷം കൊണ്ട് 15,000 സ്റ്റാർട്ടപ്പുകൾ ആരംഭിച്ച് ഒരു ലക്ഷം പേർക്ക് അതിലൂടെ മാത്രം തൊഴിൽ നൽകാനാണുദ്ദേശിക്കുന്നത്. സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നേതൃത്വത്തിലുള്ള ധനകാര്യസ്ഥാപനങ്ങളെ കൂട്ടിയോജിപ്പിച്ച് 250 കോടി രൂപയുടെ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ആരംഭിക്കാനും ഉദ്ദേശിക്കുന്നു. കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിന്റെ അനിവാര്യഘടകമാണ് ഐ.ടി. മേഖലയിലെ വികസനം. ഇതിനാവശ്യമായ എല്ലാ പിന്തുണയും പ്രോത്സാഹനവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്. കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയിലൂടെയും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിലൂടെയും ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നു. സൈബർ സുരക്ഷയ്ക്കുള്ള സമഗ്രമായ പദ്ധതിയും വിഭാവന ചെയ്യുന്നുണ്ട്. സൈബർ ടെക്, സൈബർ ഡോം, ഹൈടെക് സൈബർ സെൽ എന്നിവ സംയുക്തമായി സൈബർ സുരക്ഷയ്ക്കുള്ള സമഗ്രമായ സംവിധാനം സൃഷ്ടിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനകം സംസ്ഥാനത്ത് തിരുവനന്തപുരം ആസ്ഥാനമായി ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഗാഡ, ഗളകടഇ എന്നിവ ചേർന്ന് കേരളത്തിന്റെ കൃഷി, ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, സേവന മേഖലകൾ എന്നിവയുടെ സമഗ്രമായ ഡിജിറ്റൽ പരിവർത്തനത്തിന് മുൻകയ്യെടുക്കാനുള്ള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ പ്രാവർത്തികമാക്കും. കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ രംഗത്ത് വിഭാവന ചെയ്യുന്നത്. ഇ-ഗവേണൻസ് പദ്ധതി സാർവ്വത്രികമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരളത്തിന്റെ ഐ.ടി മേഖലയെ ലോകോത്തര സംവിധാനമാക്കി വികസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെ ആദ്യത്തെ ടെക്നോപാർക്കുണ്ടായ കേരളത്തിൽ അതിനനുസൃതമായ വികാസം ഈ രംഗത്ത് ഉണ്ടായിട്ടില്ല. ആ മുരടിപ്പ് പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങളെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും പുതിയ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനുമാണ് ഈ സർക്കാർ ശ്രമിക്കുന്നത്.

ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിൽ സെസ്, നോൺ സെസ് മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, ജലം, വൈദ്യുതി കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ

സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലുള്ള 'കോവർക്കിംഗ് സ്പെയിസ്' സംവിധാനത്തിലുള്ള താൽപ്പര്യം അറിയിക്കുക, അവ പ്രയോജനപ്പെടുത്തിക്കൊണ്ട് 'റിമോട്ട് വർക്ക് ഫോഴ്സ്' വഴി സംസ്ഥാനത്ത് പ്രാതിനിധ്യമില്ലാത്ത വൻകിട കമ്പനികളുടെ ബിസിനസ്സ് കേരളത്തിൽ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. വൻകിട കമ്പനികൾ സംസ്ഥാനത്തേയ്ക്ക് വരുന്നതിന് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുക എന്നത് പ്രധാനമാണ്. അതിവിദഗ്ദ്ധരായ തൊഴിൽ സേനയെ ഒരുക്കുന്നതിനും കഴിയേണ്ടതുണ്ട്. അതിനുതകുന്ന നൈപുണ്യവികസന പദ്ധതികളും ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യംവയ്ക്കുന്നുണ്ട്. ചുരുക്കത്തിൽ നിക്ഷേപം നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന ചുവപ്പുനാടകളെ ഒഴിവാക്കി മുന്നോട്ടുപോകുന്നതിനുള്ള സൗകര്യങ്ങളും സംസ്ഥാന സർക്കാർ ഇതിനായി ഒരുക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് എല്ലാവിധ മൂലധനങ്ങളും കൊണ്ടുവരുന്നതിനുള്ള ഇടപെടലാണ് ഈ രംഗത്തും സ്വീകരിക്കുന്നത്.

അഞ്ചുവർഷം കൊണ്ട് ഐ.ടി. വ്യവസായത്തിൽ 2 കോടി ചതുരശ്രയടി ഐ.ടി. പാർക്കുകളും 2 ലക്ഷം തൊഴിൽ അവസരങ്ങളുമാണ് വിഭാവന ചെയ്യുന്നത്. സർക്കാർ ഐ.ടി. പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ബഹുരാഷ്ട്ര കമ്പനികൾ ഉൾപ്പെടെയുള്ള വിവിധ തലങ്ങളിലെ ഐ.ടി. സംരംഭകർക്ക് പ്രവർത്തിക്കാനാവശ്യമായ രീതിയിലുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി./ ഐ.ടി. ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വാടക ഇളവും മറ്റു ആനുകൂല്യങ്ങളും നിലവിൽ പ്രവർത്തിക്കുന്ന ഐ.ടി. സ്ഥാപനങ്ങൾക്ക് വലിയ തോതിൽ ആശ്വാസമായി. ഈ നടപടി ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കമ്പനികൾക്ക് പാർക്കിൽ നിക്ഷേപം നടത്തുന്നതിനും പ്രേരകമാവുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ഐ. ടി. പാർക്കുകളുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന വികസനപദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

സർ, അക്കാര്യത്തിൽ (ഹാർഡ്വെയർ മേഖല) സംസ്ഥാന സർക്കാർ ഇപ്പോൾത്തന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. ഒരു ഹാർഡ്വെയർ പാർക്കുതന്നെ വേണമെന്ന തരത്തിലേയ്ക്ക് നടപടികൾ നീങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ഫലപ്രദമായ രീതിയിലേയ്ക്ക് അതെത്തിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

സർ, ടെക്നോ സിറ്റിയിൽ നല്ല രീതിയിലുള്ള വികസനം കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. കുറെ സ്ഥാപനങ്ങൾ ഇപ്പോൾത്തന്നെ പരിഗണനയിലുണ്ട്. നല്ല രീതിയിൽ അത് വികസിച്ചുവരും എന്നുതന്നെയാണ് കണക്കാക്കാവുന്നത്.

സർ, കെ-ഫോണിന്റെ കാര്യത്തിൽ കോവിഡ് ചെറിയ തോതിൽ ബാധിച്ചുവെന്നതാണ് വസ്തുത. അത് നല്ല രീതിയിൽ വേഗത്തിൽത്തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ-ഫോൺ പദ്ധതിയുടെ ഒന്നാംഘട്ടം 2021 ഫെബ്രുവരി 15ന് തന്നെ പൂർത്തീകരിക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. ആ പദ്ധതിയുടെ നടത്തിപ്പിനായി 30000 ഓഫീസുകളുടെ സർവ്വേയും 35000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും കെ.എസ്.ഇ.ബി.എൽ. പൂളുകളുടെ സർവ്വേയും 375 പോയിന്റ് ഓഫ് പ്രസൻസുകളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ്വർക്ക് ഓപ്പറേഷൻ സെന്ററിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ പൂളുകൾവഴി കേബിളുകൾ വലിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം 7389 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ മുഖേന ബന്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

സർ, എല്ലാ മേഖലകളിലുമുള്ള സ്ത്രീകൾക്ക് സുരക്ഷയൊരുക്കുക എന്നുള്ളത് തന്നെയാണ് പ്രധാനം. ഐ.ടി. മേഖലയിൽ മാത്രമായി സ്ത്രീകൾക്ക് പ്രത്യേകമായ പ്രശ്നങ്ങളുണ്ടെന്ന് തോന്നുന്നില്ല. വിവിധ തൊഴിലിടങ്ങളിൽ സ്ത്രീ എന്ന നിലയ്ക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളുണ്ട്. അത് ഐ.ടി. മേഖലയിലും കാണും. അത്തരം പ്രശ്നങ്ങളിൽ ഗൗരവമായ നടപടികൾതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സർ, 2016-21 കാലയളവിൽ മൂന്ന് ഐ.ടി. പാർക്കുകളിലുംകൂടി 52.48 ലക്ഷം ചതുരശ്രയടി പ്രവൃത്തിയെടുക്കാനുള്ള സ്ഥലം വർദ്ധിച്ചിട്ടുണ്ട്, വെറുതെ കെട്ടിടം വർദ്ധിച്ചു വന്നതല്ല. അതിന്റെ ഭാഗമായി തൊഴിലവസരങ്ങളും വർദ്ധിച്ചു. ഏകദേശം 30950 തൊഴിലവസരമാണ് വർദ്ധിച്ചിട്ടുള്ളത്. 2016-21 കാലയളവിൽ 292 പുതിയ കമ്പനികൾ വന്നിട്ടുണ്ടെന്ന് കാണാൻ കഴിയും. അടുത്ത അഞ്ച് വർഷംകൊണ്ട് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്ന സ്ഥലവിസ്തൃതി 71.22 ലക്ഷം ചതുരശ്രയടിയാണ്. അതും വർദ്ധിപ്പിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ആ ഘട്ടത്തിൽ പുതിയ സ്ഥലങ്ങൾ വേറെ ആലോചിക്കേണ്ടി വരും. നിലവിൽ ആ സ്ഥലത്തിന് പ്രൊപ്പോസലുണ്ടോയെന്ന് അറിയില്ല. മണ്ണാർക്കാട് ഒരു അസ്പൃശ്യമായ സ്ഥലമായിട്ടൊന്നും സർക്കാർ കാണുന്നില്ല. അതിന്റെ സാധ്യത സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

സർ, നമ്മുടെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ ഐ.ടി. പാർക്കുകൾ വേണമെന്നുള്ള ആവശ്യം നിരന്തരമായി ഉയരുന്നുണ്ട്. ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് ഇത്രയുമാണ് പ്രധാനപ്പെട്ട പാർക്കുകളായി നിലനിൽക്കുന്നത്. എന്നാൽ വിമാനത്താവളാധിഷ്ഠിതമായാണ് പല പാർക്കുകളും വികസിച്ചുവരുന്നത്. അങ്ങനെ വരുമ്പോൾ കണ്ണൂരിന്റെ സാധ്യതയും പ്രത്യേകിച്ച് ബാംഗ്ലൂരിനോട് ചേർന്നുകിടക്കുന്ന സ്ഥലമെന്ന നിലയ്ക്ക് നല്ല രീതിയിൽ പരിഗണിക്കാവുന്നതാണ്. സിസ്റ്റർ സ്ഥാപനമെന്ന നിലയ്ക്ക് വരാനുള്ള സാധ്യത അവിടെയുണ്ട്. ആ കാര്യവും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

**2021 ഒക്ടോബർ 04**

# സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും

സർ, പൊതുസമൂഹത്തിൽ സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി Gender Awareness Programme ഉൾപ്പെടെയുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇലക്ട്രോണിക്-അച്ചടി മാധ്യമങ്ങൾവഴി ഫലപ്രദമായി നടപ്പിലാക്കിവരുന്നു. ഇതോടൊപ്പംതന്നെ സ്ത്രീ സുരക്ഷയ്ക്കുള്ള നിയമപരിരക്ഷ, സേവനങ്ങൾ ഇവ നേടിയെടുക്കേണ്ടവിധം എന്നിവ സംബന്ധിച്ച ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. രാത്രികാലങ്ങളിൽ സുരക്ഷിതമായും നിർഭയമായും സഞ്ചരിക്കാൻ നടപ്പിലാക്കിയ പദ്ധതിയായ 'സധൈര്യം മുന്നോട്ട്', 'പൊതുയിടം എന്റേതും' എന്ന പരിപാടിയുമായി ബന്ധപ്പെട്ട് നടത്തിയ രാത്രി നടത്തം, രാത്രികാല ഷോപ്പിംഗ് എന്നിവ കാലങ്ങളായി നിലനിൽക്കുന്ന ചിന്താഗതികളിൽ മാറ്റം വരുത്തുന്നതിന് സഹായകമായിട്ടുണ്ട്. സ്ത്രീശാക്തീകരണ നയം അനുശാസിക്കുന്നപ്രകാരം സംസ്ഥാനത്തെ സ്ത്രീകൾക്ക് തുല്യനീതി, തുല്യ അവസരം എന്നിവ ഉറപ്പുവരുത്താനും യാതൊരു തരത്തിലുമുള്ള അതിക്രമങ്ങൾക്കും ഇരയാകാതെ സ്വതന്ത്രമായും അന്തസ്സോടെയും ജീവിതം നയിക്കാനുമുതകുന്ന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. പൊതുസമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതരത്തിലുള്ള സ്ത്രീവിരുദ്ധ ഇടപെടലുകളിൽനിന്നും രാഷ്ട്രീയ പാർട്ടികളും സംഘടനകളും മാറി നിൽക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. സ്ത്രീ സമൂഹത്തിനെതിരായ തെറ്റായ പൊതുബോധം മാറ്റിയെടുക്കുന്നതിൽ സർക്കാരിനുപുറമേ രാഷ്ട്രീയ പാർട്ടികൾ, സംഘടനകൾ, സാമൂഹിക-സന്നദ്ധ സംഘടനകൾ എന്നിവയുടെ ഉത്തരവാദപ്പെട്ട നേതൃത്വത്തിനും ഗണ്യമായ പങ്കുവഹിക്കാൻ കഴിയുന്നതാണ്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതി aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും 9497996992 എന്ന നമ്പരിലും പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറുടെ 9497999955 എന്ന നമ്പരിലും അറിയിക്കാവുന്നതാണ്. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നുതവണ അമർത്തുമ്പോൾ പോലീസ് ആസ്ഥാനത്തെ കമാൻഡ് സെന്ററിൽ ലഭിക്കുന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസുദ്യോഗസ്ഥൻ തിരികെ വിളിച്ച് അന്വേഷിക്കുകയും അടിയന്തര പോലീസ് സഹായം നൽകിവരികയും ചെയ്യുന്നു. ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി രൂ

പീകരിച്ച പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് വഴി സ്ത്രീകൾക്കാവശ്യമായ ബോധവത്കരണവും നിയമസഹായവും നൽകിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിൽ ജനാധിപത്യപരമായ നീതി ഉറപ്പുവരുത്തുന്നതിനുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Reoslution Center (DCRC) സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പോലീസ് വകുപ്പ് ഏർപ്പെടുത്തിയ സംവിധാനമാണ് 'അപരാജിത'. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പറിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി, ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955എന്ന നമ്പറിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷയൊരുക്കുന്നതിനായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് 'നിഴൽ'. പോലീസ് ആസ്ഥാനത്ത് പോലീസ് കമാൻഡ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം ഏർപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ എല്ലാ ജില്ലയിൽനിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. വിളിക്കുന്നയാൾ ഉള്ള സ്ഥലം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൃത്യമായി മനസ്സിലാക്കാൻ കമാൻഡ് സെന്ററിന് കഴിയും. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നുതവണ അമർത്തിയാൽ കമാൻഡ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസുദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും ചെയ്യും. '112 ഇന്ത്യ' എന്ന മൊബൈൽ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കമാൻഡ് സെന്ററിൽ സന്ദേശമെത്തും.

ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19-ന് നിലവിൽവന്നു. ഈ പദ്ധതിപ്രകാരം പിങ്ക് പോലീസ് ടീം, പിങ്ക് പട്രോൾ വെഹിക്കിൾ, മോട്ടോർ സൈക്കിൾ എന്നിവയിൽ വനിതാ പോലീസുദ്യോഗസ്ഥർ വീടുകളിൽപ്പോയി ഇത്തരത്തിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ ബോധവൽക്കരണവും ആവശ്യമായ നിയമസഹായവും നൽകിവരുന്നു. ആക്രമണങ്ങൾക്കിരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്നെത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നുതവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാൻഡ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസുദ്യോഗസ്ഥൻ തിരികെവിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തര പോലീസ് സഹായം നൽകുകയും ചെയ്യും. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിൽ ജനാധിപത്യപരമായ നീതി ഉറപ്പുവരുത്തുന്നതിനുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Reoslution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്കുപുറമേ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഒന്നുവീതം ആകെ നാല് വനിതാ പോലീസ് സ്റ്റേഷനുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്. വനിതാ-ശിശു വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന 'നിർഭയ' പദ്ധതി.

2. സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന സംവിധാനം.
3. ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന 'രക്ഷാദൂത്' പദ്ധതി.
4. വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സ്ആപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു.
5. സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി '181 മിത്ര ഹെൽപ്പ് ലൈൻ' നിലവിലുണ്ട്.
6. ഗാർഹിക-ലൈംഗിക അതിക്രമത്തിനിരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ 'വൺ സ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ചുവരുന്നു.
7. കേരളത്തിലെ 14 ജില്ലകളിലും 'വനിതാ സംരക്ഷണ ഓഫീസറുടെ' സേവനം നിഴൽ പദ്ധതിയിലൂടെ ലഭ്യമാണ്.

സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുമെന്ന് പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിനായി വനിതാ സെല്ലിന്റെ കീഴിൽ സാമൂഹികനീതി വകുപ്പിൽനിന്നും പരിശീലനം നേടിയ ഉദ്യോഗസ്ഥർ കൗൺസിലിംഗ് നടത്തി വരുന്നു. ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിനും കുട്ടികളെ മാനസിക പ്രശ്നങ്ങളിൽനിന്നും മോചിപ്പിക്കുന്നതിനുമുതകുന്ന കൗൺസിലിംഗ് സംവിധാനമായി CHIRI HELP DESK, പ്രായമായവരുടെ കൗൺസിലിംഗിനായി പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിന് കേരളത്തിലെ 38 കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കുട്ടികളെ മാനസിക പ്രശ്നങ്ങളിൽനിന്ന് മോചിപ്പിക്കുന്നതിന് വകുപ്പിന്റെകീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ വിപുലമായ പാരന്റിംഗ് ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ടി പാരന്റിംഗ് ക്യാമ്പയിനിന്റെ ഭാഗമായി പാരന്റിംഗുമായി ബന്ധപ്പെട്ട വെബിനാറുകൾ, പാരന്റിംഗ് ക്ലിനിക്കുകൾ കൂടാതെ ആയതുമായി ബന്ധപ്പെട്ട വിവിധ ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു.

സർ, നമ്മുടെ സംസ്ഥാനം സ്ത്രീകളെ അടിച്ചമർത്തുന്നതിനെതിരെയുള്ള പൊതുനിലപാടുകൾ നവോത്ഥാന കാലഘട്ടംമുതൽ ആരംഭിച്ചതാണ്. അതിന്റെ ഭാഗമായാണ് അടുക്കളയിൽ കഴിഞ്ഞിരുന്ന സ്ത്രീകൾ, അരങ്ങിലേയ്ക്ക് വരിക എന്ന സന്ദേശത്തോടെയുള്ള നാടകങ്ങളും മറ്റും ആ കാലത്ത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളീയ സമൂഹം രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ രീതിയിൽ പുരോഗതിനേടിയെന്നത് വസ്തുതയാണ്. മറ്റ് സംസ്ഥാനങ്ങളുടെ പൊതുസാഹചര്യങ്ങൾ പരിശോധിച്ചാൽ നമുക്ക് അഭിമാനിക്കാൻ വകനൽകുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. എന്നാൽ സ്ത്രീകൾക്കെതിരെയുള്ള നീക്കങ്ങൾ, പുരുഷ മേധാവിത്തപരമായ സമീപനങ്ങൾ മുതലായവ നമ്മുടെ സമൂഹത്തിൽ ഇപ്പോഴും ഇല്ലാതായിട്ടില്ല, ഇപ്പോഴും അതിന്റെ അംശങ്ങൾ ബാക്കി നിൽക്കുകയാണ്. മാത്രമല്ല, നമ്മളാകെ ഞെട്ടിപ്പോകുന്ന തരത്തിലുള്ളതും നമ്മളെല്ലാവരും കക്ഷി വ്യത്യാസമെന്യേ അപലപിക്കുന്നതുമായ ഒട്ടേറെ സംഭവങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതും നാം പ്രത്യേകം ഓർക്കേണ്ടതാണ്. അത്തരമൊരു സാഹചര്യത്തിൽ പഴയകാലത്ത് നാം സ്ത്രീകളെ സംരക്ഷിക്കുന്നതിനും ഉയർത്തിക്കൊണ്ടുവരുന്നതിനും സ്വീകരിച്ച പൊതു സമീപനത്തിന്റെ തുടർച്ചയുണ്ടാവുകയെന്നത് ഏറ്റവും പ്രധാനമാണ്. അതിൽനിന്ന് വ്യത്യസ്തമായ നിലയുണ്ടാകുമ്പോൾ അതിനെ വിമർശന

ബുദ്ധിയോടെ സമീപിക്കുമെന്നത് നാം കാണേണ്ടതായിട്ടുണ്ട്. സ്ത്രീകളുടെ തുല്യ പദവി ഉയർത്തിക്കൊണ്ടുവരാനുള്ള ലിംഗനീതി ശരിയായ രീതിയിൽ അംഗീകരിക്കപ്പെടുന്നതിനുള്ള സമീപനമാണ് എല്ലാവരും സ്വീകരിച്ചുപോകേണ്ടത്. നേരത്തെ ഉത്തരത്തിൽ പറഞ്ഞതുപോലെതന്നെ ഇതൊരു സർക്കാർ കാര്യം മാത്രമല്ല, സർക്കാർ മാത്രമായി ചെയ്യേണ്ടതുമല്ല. സംസ്ഥാനത്ത് വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളുമുണ്ട്, ഒട്ടേറെ പ്രസ്ഥാനങ്ങളും കൂട്ടായ്മകളുമുണ്ട്. അവയെല്ലാം ഒരേ മനസ്സോടെ ഇക്കാര്യത്തിൽ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഏതെങ്കിലും ആളുകൾക്ക് എന്തെങ്കിലും അപഭ്രംശം വന്നിട്ടുണ്ടെങ്കിൽ അത് കൃത്യമായി തിരിച്ചറിഞ്ഞ് തിരുത്തുന്നതിനുള്ള സമീപനം സ്വീകരിക്കേണ്ടതുമാണ്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യത്തിൽ കൂടുതൽ ശക്തമായ നടപടികളുമായിത്തന്നെ സർക്കാർ മുന്നോട്ടുപോകും.

സർ, പ്രണയ നൈരാശ്യത്തിന്റെ ഭാഗമായി ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത ചില കാര്യങ്ങൾ സംസ്ഥാനത്ത് ഈ അടുത്തകാലത്ത് സംഭവിച്ചിരിക്കുകയാണ്. അവയെല്ലാം അതിക്രൂരമായ രീതിയിലുള്ള സംഭവങ്ങളായിരുന്നു. ഏറ്റവും ഒടുവിലുണ്ടായതും അതിക്രൂരമായ നടപടിയാണ്. ഇത് എങ്ങനെ തടയും; എന്ത് നടപടി സ്വീകരിക്കും എന്നാണ് ബഹുമാനപ്പെട്ട ചോദ്യകർത്താവ് ഉന്നയിച്ചത്. നേരത്തെ ഒരു പെൺകുട്ടിയെ വെടിവച്ച് കൊലപ്പെടുത്തിയ സംഭവമുണ്ടായിട്ടുണ്ട്. ആ സംഭവത്തിനുമുൻപ് പെൺകുട്ടിയുടെ അച്ഛൻ പോലീസിൽ പരാതിപ്പെട്ടിരുന്നു. പോലീസ് അവരെ വിളിച്ച് താക്കീത് ചെയ്ത് വിട്ടയച്ചു. ഇനി ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകില്ലെന്നാണ് പോലീസും കരുതിയത്. ഈ അനുഭവത്തിൽനിന്നും കാണേണ്ടത്, ഇത്തരം സംഭവങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ ഭാഗമായി മറ്റ് പ്രതികാര നടപടികളുണ്ടാകുന്ന സാഹചര്യത്തിൽ ഇന്നത്തെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് അത്തരത്തിലുള്ള എന്തെങ്കിലും നീക്കങ്ങൾ ഈ ആളിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോയെന്ന് മനസ്സിലാക്കാനുള്ള തുടർശ്രമം ഉണ്ടാകേണ്ടതായിട്ടുണ്ട്. ആ ശ്രമം ഏറ്റവും പ്രധാനമാണ്. അതോടൊപ്പം ശക്തമായ ബോധവൽക്കരണ പരിപാടികൾ, പോലീസിന്റെ ഭാഗത്തുനിന്നുമാത്രമല്ല, നാമെല്ലാവരുംകൂടി ഈ സമൂഹത്തിൽ നടത്തേണ്ടതായിട്ടുണ്ട്. പരിശുദ്ധ പ്രണയത്തെ ക്രൂരമായ കൊലപാതക രീതിയിലേയ്ക്കെത്തിക്കുന്ന മാനസികാവസ്ഥയിൽ എത്താതിരിക്കുന്നതിനാവശ്യമായ ബോധവൽക്കരണ നടപടികളും സ്വീകരിക്കേണ്ടതാണ്.

സർ, നമ്മുടെ നാട്ടിലെ സാധാരണക്കാരായ സ്ത്രീകളും അവർ അനുഭവിക്കുന്ന വിഷമങ്ങളുമുണ്ട്. അവരെ ശരിയായ രീതിയിലേയ്ക്ക് എത്തിക്കാനാണ് ശ്രമിക്കേണ്ടത്. രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്ന സ്ത്രീകൾ സ്വാഭാവികമായും കാര്യങ്ങൾ അവതരിപ്പിക്കാനും എന്തെങ്കിലും പ്രശ്നംവന്നാൽ അതിനെ നേരിടാനുമൊക്കെ സ്വയം ആർജ്ജിതമായ പരിശീലനം ലഭിച്ചവരാണ്. അതിന്റെ ഭാഗമായുള്ള നടപടികളും അവർക്ക് സ്വീകരിക്കാനാകും. എന്നാൽ ലക്ഷക്കണക്കായ മറ്റ് വിഭാഗത്തെ നാമെല്ലാവരുംകൂടി പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. കാര്യങ്ങൾ വിലയിരുത്തി ശരിയായി പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്ന സമീപനം രാഷ്ട്രീയ പാർട്ടികളും സ്വീകരിക്കുന്നുണ്ടെന്നാണ് കരുതുന്നത്.

സർ, സ്ത്രീകൾക്കെതിരെയുള്ള സൈബർ ആക്രമണങ്ങൾ ശക്തമായ നടപടിയിലൂടെ നേരിടണമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. അതിന് പോലീസിന് കരുത്തുറ്റ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഒരു വിട്ടുവീഴ്ചയും കാണിക്കാൻ പാടില്ല. ഇത്തരം ശക്തികൾക്കെതിരെ കടുത്ത നടപടി സ്വീകരിക്കണമെന്നുതന്നെയാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഏറ്റവും ഒടുവിലും പോലീസുദ്യോഗസ്ഥരോട് അക്കാര്യം പ്രത്യേകം ഓർമ്മിപ്പിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ ചില മേഖലകളിൽ മാധ്യമ മറവിൽ കാര്യങ്ങൾ ചെയ്യുന്നുണ്ട്. സോഷ്യൽ മീഡിയ രംഗത്ത് ഓൺലൈൻ മാധ്യമങ്ങളെന്നുപറയുന്ന ചില വിഭാഗങ്ങൾ ഇത്തരത്തിലുള്ള ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതായി കാണുന്നുണ്ട്. അത് സാധാരണ വാർത്തകളല്ല. അപമാനിക്കാ

നും അവഹേളിക്കാനും അധിക്ഷേപിക്കാനുമുള്ള ഒരു മാധ്യമമായി ഇതിനെ ഉപയോഗിക്കുന്ന ആളുകളെ കണ്ടുവരുന്നുണ്ട്. അത്തരം ആളുകൾക്കെതിരെയും കർക്കശ നടപടിയെടുക്കണമെന്നുതന്നെയാണ് സർക്കാർ സമീപനം. പെൺകുട്ടികൾക്കും യുവതികൾക്കുമാവശ്യമായ Self Defence പരിശീലനം (സ്വയം പ്രതിരോധ പരിശീലനം) നൽകുക എന്നത് നേരത്തേതന്നെ അംഗീകരിച്ചിട്ടുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

സർ, സ്ത്രീകൾക്കെതിരെയുള്ള സൈബർ ആക്രമണങ്ങൾ ശക്തമായ നടപടിയിലൂടെ നേരിടണമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. അതിന് പോലീസിന് കരുത്തുറ്റ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഒരു വിട്ടുവീഴ്ചയും കാണിക്കാൻ പാടില്ല. ഇത്തരം ശക്തികൾക്കെതിരെ കടുത്ത നടപടി സ്വീകരിക്കണമെന്നുതന്നെയാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഏറ്റവും ഒടുവിലും പോലീസുദ്യോഗസ്ഥരോട് അക്കാര്യം പ്രത്യേകം ഓർമ്മിപ്പിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ ചില മേഖലകളിൽ മാധ്യമ മറവിൽ കാര്യങ്ങൾ ചെയ്യുന്നുണ്ട്. സോഷ്യൽ മീഡിയ രംഗത്ത് ഓൺലൈൻ മാധ്യമങ്ങളെന്നുപറയുന്ന ചില വിഭാഗങ്ങൾ ഇത്തരത്തിലുള്ള ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതായി കാണുന്നുണ്ട്. അത് സാധാരണ വാർത്തകളല്ല. അപമാനിക്കാനും അവഹേളിക്കാനും അധിക്ഷേപിക്കാനുമുള്ള ഒരു മാധ്യമമായി ഇതിനെ ഉപയോഗിക്കുന്ന ആളുകളെ കണ്ടുവരുന്നുണ്ട്. അത്തരം ആളുകൾക്കെതിരെയും കർക്കശ നടപടിയെടുക്കണമെന്നുതന്നെയാണ് സർക്കാർ സമീപനം. പെൺകുട്ടികൾക്കും യുവതികൾക്കുമാവശ്യമായ സ്വയം പ്രതിരോധ പരിശീലനം നൽകുക എന്നത് നേരത്തേതന്നെ അംഗീകരിച്ചിട്ടുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

സർ, നമ്മുടെ തദ്ദേശഭരണ സ്ഥാപനാതിർത്തികളിൽ ജാഗ്രതാ സമിതികളുണ്ടായാൽ അതത് പ്രദേശത്തുള്ള പ്രശ്നങ്ങൾ മനസ്സിലാക്കാനും ഇടപെടാനും ചിലത് തിരുത്തിക്കാനുമൊക്കെ അങ്ങേയറ്റം സഹായകരമായിരിക്കും. ജനമൈത്രി പോലീസിന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്ന പോലീസിനും ഇതിന്റെ ഭാഗമായി മാറാവുന്നതാണ്. പോലീസും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുവിൽ ഇതിൽ തൽപ്പരരായ ആളുകളുമെല്ലാംകൂടി ഇതിനെതിരെയുള്ള ശക്തമായ ക്യാമ്പയിനും ആവശ്യമായ നടപടികളും വേണ്ടിവരുന്ന ഘട്ടത്തിൽ സ്വീകരിക്കുന്നത് നന്നാകും.  അത്തരം കാര്യങ്ങൾ നമുക്ക് ആലോചിക്കാവുന്നതാണ്.

**2021 ഒക്ടോബർ 12**

## അടിയന്തരപ്രമേയം

# തീരദേശ പരിപാലന പദ്ധതി

സർ, 2019-ലെ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കാൻ സംസ്ഥാന സർക്കാർ കാലതാമസം വരുത്തുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നാണ് പ്രമേയാവതാരകന്റെ വിമർശനം. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നത് പരിസ്ഥിതി വകുപ്പാണ്. നിലവിലുള്ള നിയമപ്രകാരം തീരദേശ പരിപാലന കരട് വിജ്ഞാപനം തയ്യാറാക്കേണ്ടതുണ്ട്. അതിനുശേഷം പൊതുജനങ്ങൾക്ക് മുമ്പാകെ അത് അവതരിപ്പിച്ച് അവരുടെ അഭിപ്രായം സ്വീകരിക്കേണ്ടതും ഇതിന് ഏറ്റവും ചുരുങ്ങിയത് നോട്ടീസ് നൽകി ഒരുമാസത്തെ സമയമെങ്കിലും അനുവദിക്കേണ്ടതുമുണ്ട്. അതിനുശേഷം ഓരോ ജില്ലയിലേയും പൊതുജനങ്ങളുടെ അഭിപ്രായം കേൾക്കേണ്ടതുണ്ട്. ഇതിന് സാധാരണ നിലയിൽ രണ്ട് മാസത്തോളം സമയമെടുക്കും. ഈ അഭിപ്രായങ്ങൾ സ്വീകരിച്ച് കരട് പ്ലാനിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന്റെ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കണം. ആ കമ്മിറ്റി നിർദ്ദേശിക്കുന്ന ശിപാർശകൾകൂടി പരിഗണിച്ച് കരട് പ്ലാൻ ഭേദഗതി ചെയ്ത് സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെ കേന്ദ്ര സർക്കാരിന് സമർപ്പിക്കണം. ഇത്രയും നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ സംസ്ഥാനത്തിന്റെ അന്തിമ പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ കഴിയുകയുള്ളൂ. ഇത്തരമൊരു നീണ്ട പ്രക്രിയയാണ് ഇതിനു പിന്നിലുള്ളതെന്നതിനാൽ അധികം സമയം ആവശ്യമായിവരുന്ന പ്രക്രിയയായി ഇത് മാറുകയാണ്. ഇപ്പോൾ വിജ്ഞാപനം ഇറക്കുന്നതിന് വൈകിയെന്ന വിമർശനം ഉന്നയിക്കുമ്പോൾ നാം ഉൾക്കൊള്ളേണ്ടത് കഴിഞ്ഞ വിജ്ഞാപനം തയ്യാറാക്കുന്നതിന് എട്ട് വർഷമെടുത്തിരുന്നു എന്നുള്ളതാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ പ്രവർത്തനവും ജനജീവിതവും കഴിഞ്ഞ രണ്ട് വർഷമായി സുഗമമായിട്ടല്ല നടക്കുന്നത്. ഈ സാഹചര്യത്തിൽ പബ്ലിക് ഹിയറിംഗ്പോലുള്ള രീതിയിലേയ്ക്ക് കടക്കുകയെന്നത് പ്രയാസകരമാണെന്ന് എല്ലാവർക്കും അറിയാം. ഇത്തരം കാര്യങ്ങളിൽ നിന്നും നാം പ്രധാനമായും മനസ്സിലാക്കേണ്ടത് പബ്ലിക് ഹിയറിംഗാണ് കരട് വിജ്ഞാപനം പൂർത്തിയാക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്നാണ്. അത് നടത്താനാവുന്ന സാഹചര്യമല്ല നിലവിലുണ്ടായിരുന്നതെന്ന് എലാവർക്കുമറിയാം. എന്നാൽ സാഹചര്യങ്ങൾ അനുകൂലമായാൽ ഉടൻതന്നെ സംസ്ഥാന സർക്കാർ ആവശ്യമായ നടപടിക്രമങ്ങളിലേയ്ക്ക് യാതൊരു കാലവിളംബവും കൂടാതെ മുന്നോട്ടുപോകും. 2011-ലെ തീരദേശ

പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും ഇതുസംബന്ധിച്ച മാർഗ്ഗരേഖ സംസ്ഥാനത്തിന് ലഭിച്ചത് 2019 ജൂൺ മാസത്തിലായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി ക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവുപ്രകാരം കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. ഇതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടപ്പോഴാണ്, 2021 ഏപ്രിൽ മാസത്തിൽ പ്രീ-ഡ്രാഫ്റ്റ് ലഭിച്ചപ്പോൾത്തന്നെ കരട് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായത്. പരിസ്ഥിതി

വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, അഡ്വ. പി. ബി. സഹസ്രനാമം എന്നിവരാണ് സമിതി അംഗങ്ങൾ. ആദ്യ കരട് തീരദേശ പരിപാലന പദ്ധതി വിദഗ്ദ്ധ സമിതി പരിശോധിക്കുകയും ഇനി പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

(1) കേരളത്തിലെ മിക്ക ഗ്രാമപഞ്ചായത്തുകളും നാഗരിക സ്വഭാവമുള്ളവയും 2011-ലെ സെൻസസ് നിർവ്വചന പ്രകാരമുള്ള നഗരങ്ങൾ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നവയുമാണ്. സർക്കാർ ഇത്തരം ഗ്രാമപഞ്ചായത്തുകളെ തരംതിരിച്ച് നഗരപ്രദേശങ്ങളായി പുനർനാമകരണം ചെയ്യേണ്ടതാണ്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളെ നഗരങ്ങളായി വിജ്ഞാപനം ചെയ്ത ശേഷം ഇവയെ ഇഞദ തേർഡ് കാറ്റഗറിയിൽനിന്നും CRZ സെക്കൻഡ് കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് 245 തദ്ദേശഭരണ സ്ഥാപനങ്ങളെ നഗരപ്രദേശങ്ങളായി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽനിന്നും 161-ഓളം തീരദേശ പഞ്ചായത്തുകൾക്ക് ഫലം ലഭിക്കുന്നതാണ്.

(2) പൊക്കാളി പാടങ്ങളുടെ കാര്യത്തിൽ വേലിയേറ്റരേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്കപ്പുറത്തേയ്ക്ക് വേലിയേറ്റ രേഖ നീട്ടുകയും ചെയ്യരുത്.

(3) സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തൃതിയുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി ബഫർസോൺ 50 മീറ്ററായി പരിമിതപ്പെടുത്തുകയും വേണം. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏര്യ നീക്കം ചെയ്യേണ്ടതുമാണ്. സമിതിയുടെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തുകളെ CRZ3 കാറ്റഗറിയിൽ നിന്നും CRZ2 കാറ്റഗറിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 6-10-2021-ലെ ജി.ഒ. (എം.എസ്.) 226/2021/ത.സ്വ.ഭ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവിലെ 245 ഗ്രാമപഞ്ചായത്തുകളാണ് ഇഞദന്റെ പരിധിയിൽ വരുന്നത്. അതിൽ 161 പഞ്ചായത്തുകൾ ഇഞദ3ൽ നിന്ന് ഇഞദ2 കാറ്റഗറിയിലേയ്ക്ക് മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഗ്രമാപഞ്ചായത്തുകളിലെ ബിൽറ്റ് അപ്പ് പ്ലോട്ട് ഏര്യ കണക്കാക്കുന്നതിന് കേരള സംസ്ഥാന റിമോർട്ട് സെൻസിങ്ങ് & എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊക്കാളി പാടങ്ങളുടെ കാര്യത്തിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തുന്നത് സംബന്ധിച്ച് CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുന്നതിന് 28-9-2021-ൽ KCZMA (Kerala Coastal Zone Management Authority) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ശിപാർശ ചെയ്തിട്ടുണ്ട്. KCZMA നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് പ്ലാനിൽ തിരുത്തലുകൾ വരുത്തുന്ന നടപടി ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം നടത്തി വരുന്നു. 2019-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായിക്കഴി

ഞ്ഞാൽ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുന്ന 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പ്രസ്തുത പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് National Centre for Sustainable Coastal Management-ന്റെ സാങ്കേതിക പരിശോധനാകമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആവശ്യമായ തിരുത്തലോടെ കരട് തീരദേശ പരിപാലന പ്ലാൻ ടെക്നിക്കൽ കമ്മിറ്റി സമർപ്പിക്കുകയും ചെയ്യും. തുടർന്ന് സംസ്ഥാന സർക്കാർ പ്രസ്തുത പ്ലാൻ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്കും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനും സമയബന്ധിതമായി സമർപ്പിക്കുന്നതാണ്. ചുരുങ്ങിയത് 6 മാസം ഇതിനായി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ യാതൊരു കാലതാമസവും വരുത്തുന്നില്ല. ഇതോടൊപ്പം വേമ്പനാട്ട് കായലിനായുള്ള പ്രത്യേക സമഗ്ര പദ്ധതി സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ മുഖാന്തരം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ആദ്യ വർഷത്തെ പ്രവർത്തനങ്ങൾക്കായി 140.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കാച്ച്മെന്റ് ഏരിയ കൺസർവേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ജലത്തിന്റെ ഗുണമേന്മ, എക്കൽ അടിയുന്നത് എന്നിവ നിരന്തരം മേൽനോട്ടത്തിന് വിധേയമാക്കുന്നുണ്ട്. ഇതോടൊപ്പം സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി തണ്ണീർത്തട അതോറിറ്റിക്ക് വേണ്ടി വെസ്റ്റ്ലാന്റ് ഇന്റർനാഷണൽ സൗത്ത് ഏഷ്യയുടെ പ്രൊപ്പോസൽ സമർപ്പിച്ചത് സർക്കാരിന്റെ പരിഗണനയിലുമാണ്. സംസ്ഥാനത്തെ ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ കാര്യങ്ങൾ മുന്നോട്ട് നീക്കാനാണ് നേരത്തെ പ്രസ്താവിച്ച വിദഗ്ദ്ധസമിതിയുടെ ശിപാർശപ്രകാരം സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക രീതിയിലുള്ള ഒരു അടിയന്തര സ്വഭാവവും നിലനിൽക്കുന്നില്ല.

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

**കാനത്തിൽ ജമീല:** സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി ചികിത്സാ സഹായമടക്കം പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഒട്ടനവധി ധനസഹായം നൽകുന്നുണ്ട്. ഇത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

**പിണറായി വിജയൻ:** സർ, ഇക്കാര്യം ഇനിയും വേഗതയിലാകണമെന്നുള്ളത് ശരിയാണ്. 2016-ൽ ശരാശരി 175 ദിവസമായിരുന്നു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിന് അപേക്ഷ സമർപ്പിച്ചാൽ ധനസഹായം ലഭിക്കാൻ എടുത്തിരുന്നത്. അത് 2018 മുതൽ ശരാശരി 22 ദിവസമായി ചുരുക്കാനായി. അപേക്ഷ സ്വീകരിക്കുന്നത് മുതൽ ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതുവരെയുള്ള എല്ലാ നടപടികളും ഓൺലൈൻ മുഖേനയാണ് ചെയ്തുവരുന്നത്. സാധുവായ രേഖകളും നിയമപരമായ അർഹതയുമുണ്ടെങ്കിൽ 100 മണിക്കൂറിനുള്ളിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സഹായധനം കൈമാറാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. അപേക്ഷകളിലെ അവ്യക്തത, അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിൽ വരുന്ന പോരായ്മ എന്നിവയെല്ലാം നടപടികൾ പൂർത്തീകരിക്കുന്നതിനും അർഹതപ്പെട്ട ധനസഹായം നൽകുന്നതിനും തടസ്സമായി നിൽക്കുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കാലതാമസം കൂടാതെ തുടർനടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

### 2021 നവംബർ 10

# അടിയന്തരപ്രമേയം

# പരിസ്ഥിതി സംരക്ഷണവും ഭൂനയം രൂപീകരിക്കലും

സർ, പ്രധാനപ്പെട്ട വിഷയം തന്നെയാണ് അടിയന്തരപ്രമേയമായി ഉന്നയിച്ചിട്ടുള്ളത്. ഇതുപോലുള്ള കാര്യങ്ങൾ സാധാരണ അടിയന്തരപ്രമേയമായാണോ സഭയിൽ എടുക്കേണ്ടതെന്നത് ഒരു സംശയമായി നിലനിൽക്കുന്നുണ്ട്. രാവിലെ 7.00-7.30 ആകുമ്പോൾ അടിയന്തര പ്രമേയവിഷയം എഴുതിത്തന്ന് അവതരണ സമയത്ത് മറുപടി പറയുന്ന രീതിയാണ് സാധാരണ നിലവിലുള്ളത്. അങ്ങനെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണോ ഇത്? കുറച്ചുദിവസം മുൻപുതന്നെ എഴുതിനൽകി തയ്യാറെടുപ്പ് നടത്തി മറുപടി പറയുന്നതല്ലേ ഉചിതമാകുകയെന്നത് പൊതുവിൽ ആലോചിക്കേണ്ട കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്.

കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ലോകരാഷ്ട്രങ്ങൾ ചർച്ച ചെയ്യുന്ന അവസരമാണിത്. ഇംഗ്ലണ്ടിലെ ഗ്ലാസ്കോയിൽ ലോകരാഷ്ട്രങ്ങളുടെ ഉന്നതതലയോഗം നടക്കുകയാണ്. ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി.) ഐക്യരാഷ്ട്ര സഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വിദഗ്ധ സമിതിയാണ്. ആഗോളതാപനില ഉയരുന്നതിനെക്കുറിച്ചും അതിന്റെ പരിണതഫലങ്ങളെക്കുറിച്ചും ഗവേഷകർ നടത്തുന്ന കണ്ടെത്തലുകൾ ക്രോഡീകരിച്ചാണ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നത്. ഐ.പി.സി.സി.-യുടെ പഠനറിപ്പോർട്ടാണ് ഈ അടിയന്തരപ്രമേയത്തിന് ആധാരമാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടതുമൂലമുള്ള പ്രശ്നങ്ങൾ ചർച്ചചെയ്യണമെന്നാണ് അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത്. ആഗോളതാപനില ഉയരുന്നതിന്റെ തോത് വർദ്ധിക്കുന്നതായി 2021 ആഗസ്റ്റ് 9-ന് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അതൊരു റിപ്പോർട്ടായി പ്രസിദ്ധീകരിച്ചിട്ട് മൂന്ന് മാസം കഴിഞ്ഞിരിക്കുന്നു. ചില മാധ്യമങ്ങൾ അത് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. അതിലെ പരാമർശങ്ങൾ അടിസ്ഥാനപ്പെടുത്തി യു.എസ്.എ-യിലെ NASA ((National Aeronautics and Space Administration) ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ആ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ചില ശാസ്ത്രജ്ഞർ 2150-ഓടെ ജലനിരപ്പ് ഉയരുന്നതുവഴി കേരളത്തിലെ തീരദേശ ജില്ലകളുടെ ചില ഭാഗങ്ങൾ നഷ്ടമാകാൻ സാദ്ധ്യതയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതാണ് ചില ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. 2011-2020 കാലഘട്ടത്തിൽ 1850-1900 കാലഘട്ടത്തേക്കാൾ ശരാശരി താപനില 1.09ഡിഗ്രി കൂടുതലാണ്. കടലിലെ താപനില 0.88 ഡിഗ്രിയും കരയിലെ താപനില 1.95 ഡിഗ്രിയുമാണ് കൂടിയിട്ടുള്ളത്. ഇതിന്റെ ഗൗരവം എല്ലാ

സർക്കാരുകളും ഉൾക്കൊള്ളേണ്ടതാണ്. സംസ്ഥാന സർക്കാർ ഗൗരവത്തോടെയാണ് ഇക്കാര്യത്തെ സമീപിക്കുന്നതും നടപടി സ്വീകരിക്കുന്നതും.

കേരളത്തിന്റെ വികസന പരിപ്രേക്ഷ്യം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടാണ് പ്രധാനം. സാമ്പത്തിക വളർച്ചയും പരിസ്ഥിതി സംരക്ഷണവും സന്തുലിതമാകുന്ന ഒരു വികസന പരിപ്രേക്ഷ്യമാണ് സർക്കാരിനുള്ളത്. വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾത്തന്നെ പാരിസ്ഥിതിക സംരക്ഷണത്തെ പ്രധാനമായി കാണുകയാണ്. അതുകൊണ്ടാണ് കേരളത്തിന്റെ പരിസ്ഥിതിയെ സംബന്ധിച്ചുള്ള ഒരു ധവളപത്രം എൽ.ഡി.എഫ്. സർക്കാർ പുറപ്പെടുവിച്ചത്. നേരത്തെതന്നെ പാരിസ്ഥിതിക പ്രശ്നത്തെ ഗൗരവമായി കാണുകയും തുടർന്ന് ഓരോ ഘട്ടത്തിലും ഉയർന്നുവരുന്ന പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിയുമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഗ്രീൻ ഹൗസ് വാതകങ്ങളുടെ (കാർബൺഡയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്) ബഹിർഗ്ഗമനമാണ് ആഗോളതാപനില ഉയരുന്നതിന്റെ മുഖ്യകാരണം. ഇവ ആഗോളതലത്തിൽ കുറയ്ക്കാനും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാനുമാണ് ലോകരാഷ്ട്രങ്ങളുടെ സമ്മേളനങ്ങൾ ലക്ഷ്യമിടുന്നത്. കേരളം സമയബന്ധിതമായി ഗ്രീൻ ഹൗസ് വാതകങ്ങളുടെ ബഹിർഗ്ഗമനം ഗണ്യമായി കുറച്ചുകൊണ്ടുവരാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ മേഖലയിലുമുണ്ടാകുന്ന ഗ്രീൻ ഹൗസ് വാതകങ്ങളുടെ ബഹിർഗ്ഗമനത്തിന്റെ കണക്ക് ചർച്ചയ്ക്കായുള്ള രേഖയിൽ ഉൾപ്പെടുത്തി ലക്ഷ്യം എങ്ങനെ നിറവേറ്റാമെന്നതാണ് സർക്കാർ പരിഗണിച്ചുവരുന്നത്. ഇത് നടപ്പിൽ വരുത്തുന്നതിനായി പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിൽ ഊർജ്ജം, തദ്ദേശസ്വയംഭരണം. വനം, ശാസ്ത്ര-സാങ്കേതികം എന്നീ വകുപ്പുകളുടെ ചുമതലയുള്ള സെക്രട്ടറിമാരും അംഗങ്ങളാണ്. സമയബന്ധിതമായി സംസ്ഥാനത്തെ കാർബൺ ന്യൂട്രലാക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുകയാണ് ഈ സമിതിയുടെ ദൗത്യം. ഇതിന്റെ ആദ്യയോഗം 2021 നവംബർ 19-ന് ചേരുന്നുണ്ട്. ഇതിനുപുറമേ ദുരന്താഘാത പ്രതിരോധശേഷിയുള്ള നവകേരള നിർമ്മിതിക്കുള്ള നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ജലവിഭവം, തദ്ദേശ സ്വയംഭരണം, റവന്യൂ, കൃഷി, ഗതാഗതം, ശാസ്ത്ര-സാങ്കേതികം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളായും ഉൾപ്പെടുന്ന ഉന്നതാധികാര സമിതിയും രൂപീകരിച്ചിട്ടുണ്ട്. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ലെന്ന ആരോപണം പ്രമേയത്തിൽ ഉന്നയിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ സമീപനം സമഗ്രതയുള്ളതാണ്.

ദുരന്താഘാതം താങ്ങാൻ ശേഷിയുള്ള നവകേരള നിർമ്മിതിയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനായി രൂപീകരിക്കപ്പെട്ടതാണ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്. ഇതിന്റെ ഭാഗമായി സ്വീകരിക്കുന്ന നടപടികൾ ഈ സഭയിൽ ഒന്നിലധികം തവണ വിശദീകരിച്ചിട്ടുണ്ട്. 12 വകുപ്പുകളിലായി 7,791കോടി 14 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 5,271 കോടി 88 ലക്ഷം രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുമുണ്ട്. ആർ.കെ.ഐ. പദ്ധതികൾ കേവലം നിർമ്മാണപദ്ധതികളല്ല; മേൽപ്പറഞ്ഞതുപോലെ ദുരന്ത പ്രതിരോധശേഷിയുള്ളവയായാണ് വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് ഭവന പദ്ധതിയിൽ പ്രീഫാബ് സാങ്കേതികവിദ്യ സ്വീകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ ചൂഷണം പരമാവധി കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ സാങ്കേതികവിദ്യ. നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും പ്രകൃതിദുരന്തങ്ങളിൽനിന്നും നമ്മെ സംരക്ഷിക്കുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. ഇക്കാര്യം കണക്കിലെടുത്താണ് 2006-2011-ലെ സർക്കാർ 2008-ൽ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം നടപ്പിലാക്കിയത്. ഇത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരും ഈ സർക്കാരും ഫലപ്രദമായി നടപ്പിലാക്കിവരുന്നുമുണ്ട്. വർഷകാലത്ത് ഒഴുകിയെത്തുന്ന ജലം മണ്ണിലൂർന്നിറങ്ങാൻ നെൽകൃഷിക്കുള്ള പങ്ക് ചെറുതല്ല. 2016-2021 കാലഘട്ടത്തിൽ സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വപരമായ പങ്കോടെയാണ് നെൽകൃഷി വ്യാപനം നടന്നുവരുന്നത്.

ഇതിനുംപുറമേ നദികളുടെ സ്വാഭാവിക ഒഴുക്ക് ഉറപ്പാക്കാൻ ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ നേതൃത്വത്തിൽ ഇത്തരം പരിപാടികൾ തുടരുന്നതാണ്. നദികളിലും ഡാമുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ നീക്കംചെയ്യുന്നതിനുള്ള പദ്ധതിയും സർക്കാർ നടപ്പാക്കിവരുന്നുണ്ട്. ഇവയെല്ലാംതന്നെ പ്രളയാഘാതം കുറയ്ക്കാൻ ഗണ്യമായി സഹായിക്കുന്നതാണ്. പരമ്പരാഗത ഊർജ്ജ ഉൽപ്പാദനത്തിലൂടെയാണ് ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗ്ഗമനമുണ്ടാകുന്നത്. പാരമ്പര്യേതര ഊർജ്ജോൽപ്പാദനത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. സൗരോർജ്ജോൽപ്പാദനത്തിനായി കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികളും വരുത്തിയിട്ടുണ്ട്. കാർബൺ ന്യൂട്രാലിറ്റിക്കായി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കലാണ് ഫലപ്രദമായ നടപടി. വനദിനത്തിന് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുപുറമേ ഒരു കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇത് തുടരുന്നതുമാണ്. വെള്ളപ്പൊക്കത്തിന്റെയും മണ്ണിടിച്ചിലിന്റെയും കാരണങ്ങൾ പരിശോധിച്ച് സമഗ്രറിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാന സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻകയ്യെടുത്തിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കിയുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നത് കാലാവസ്ഥാവ്യതിയാനം തടയാനും ദുരന്തപ്രതിരോധശേഷിയുള്ള കേരളനിർമ്മിതി ലക്ഷ്യമിട്ടുകൂടിയാണ്. കാർബൺ ന്യൂട്രാലിറ്റിക്ക് അനിവാര്യമായ മറ്റൊരു പരിഷ്കരണം ഗതാഗത മേഖലയിലാണ്. പരമ്പരാഗത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതുവഴിയുണ്ടാകുന്ന ഗ്രീൻഹൗസ് വാതകബഹിർഗ്ഗമനവും അന്തരീക്ഷമലിനീകരണവും തടയാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ഇ-വെഹിക്കിൾ നയം രൂപീകരിക്കുകയും അതിനാവശ്യമായ നടപടികൾ മുന്നോട്ടുനീക്കാനുള്ള പരിശ്രമം നടത്തിവരികയുമാണ്. പലവിധ തടസ്സങ്ങൾ നേരിട്ടെങ്കിലും ഇത് മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാരിന്റെ തീരുമാനം. ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗ്ഗമനത്തിനുള്ള മറ്റൊരു കാരണം ഖരമാലിന്യങ്ങളും മെഡിക്കൽ വേസ്റ്റും അടിഞ്ഞുകൂടുന്നതാണ്. മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും സംസ്ഥാന സർക്കാർ ഫലപ്രദമായ നടപടികളാണ് സ്വീകരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഇതിന് നേതൃത്വം വഹിക്കുന്നത്. ഇതിനായി അന്താരാഷ്ട്ര വിദഗ്ധരുടെ സഹായവും സർക്കാർ ലഭ്യമാക്കുന്നുണ്ട്. വേസ്റ്റ് ടു എനർജി പദ്ധതിയും ഇതിന്റെ ഭാഗമായാണ് നടപ്പാക്കുന്നത്. പരിസ്ഥിതി വകുപ്പ് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ പരിഷ്കരണം നടത്തിവരികയാണ്. പ്രതിസന്ധികളുടെ സാദ്ധ്യതകളെല്ലാം പരിഗണിച്ചുകൊണ്ടായിരിക്കും പരിഷ്കരിച്ച നയം ആവിഷ്കരിക്കുക. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണ്ടെത്തലുകൾ കണക്കിലെടുത്തുകൊണ്ടും സംസ്ഥാന സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടും വിശദപഠനം നടത്തിവരികയാണ്; അത് മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. 2021 ഡിസംബറിൽ പഠനം പൂർത്തിയാകുമെന്നാണ് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിഗമനം. ഇക്കാര്യങ്ങളിൽനിന്നും വ്യക്തമാകുന്നത് സർക്കാർ ഈ വിഷയത്തെ അതീവ ഗൗരവത്തോടെ കാണുന്നുവെന്നതാണ്. സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുമുണ്ട്. 2018-ലും 2019-ലുമുണ്ടായ പ്രകൃതിദുരന്തങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഏതോ നടപടികൾ കാരണമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം അടിസ്ഥാനരഹിതമെന്നുമാത്രമല്ല അശാസ്ത്രീയവുമാണ്. നമ്മുടെ വികസന പ്രക്രിയ ദീർഘകാലമായി പ്രകൃതിവിഭവങ്ങളെ പല രീതിയിലും ചൂഷണം ചെയ്തിട്ടുണ്ട്. ഈ രീതിയിൽ ഘടനാപരമായ മാറ്റം വരുത്താനാണ് സർക്കാർ സമഗ്രസമീപനം സ്വീകരിച്ചുവരുന്നത്. അതുകൊണ്ട് പൊതുവായുള്ള അവബോധം ഇക്കാര്യത്തിൽ ഉയർന്നുവരേണ്ടതായിട്ടുണ്ട്. അതിനുപകരിക്കുന്ന ഒരു വിഷയമാണിത്. എന്നാൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഇതിൽ ഉയരുന്നില്ല.

# പബ്ലിക് അഫയേഴ്സ് ഇൻഡക്സ്

സർ, പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ 1.618 സ്കോർനേടിയാണ് കേരളം ഒന്നാമതെത്തിയത്. തൊട്ടുപിന്നിലുള്ള തമിഴ്നാടിന്റെ സ്കോർ0.897 ആണ്. കേരളത്തിന് മാത്രമാണ് താരതമ്യ സ്കോർനിർണ്ണയ രീതിയിൽ 1-ന് മുകളിൽ സ്കോർ ലഭിച്ചിട്ടുള്ളത്. വികസന-ക്ഷേമ രംഗങ്ങളിൽ നടത്തിയ വൻമുന്നേറ്റമാണ് മറ്റ് സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി ഈ നേട്ടം തുടർച്ചയായി കൈവരിക്കാൻ കേരളത്തെ പ്രാപ്തമാക്കിയത്. വിവിധ സംസ്ഥാനങ്ങളുടെ ഇൻഡക്സ് സ്കോർ താഴെപ്പറയും പ്രകാരമാണ്.

| റാങ്ക് | വലിയ സംസ്ഥാനങ്ങൾ | PAI 2021 ഇൻഡക്സ് സ്കോർ |
|---|---|---|
| 1 | കേരളം | 1.618 |
| 2 | തമിഴ്നാട് | 0.897 |
| 3 | തെലുങ്കാന | 0.891 |
| 4 | ഛത്തിസ്ഗഡ് | 0.872 |
| 5 | ഗുജറാത്ത് | 0.782 |
| 6 | പഞ്ചാബ് | 0.643 |
| 7 | കർണ്ണാടക | 0.121 |
| 8 | ആന്ധ്രാപ്രദേശ് | 0.077 |
| 9 | ജാർഖണ്ഡ് | 0.071 |
| 10 | മധ്യപ്രദേശ് | 0.113 |
| 11 | രാജസ്ഥാൻ | 0.243 |
| 12 | മഹാരാഷ്ട്ര | 0.36 |
| 13 | ഹരിയാന | 0.431 |
| 14 | ആസ്സാം | 0.459 |
| 15 | പശ്ചിമബംഗാൾ | 0.553 |
| 16 | ഒറീസ്സ | 0.91 |
| 17 | ബീഹാർ | 1.343 |
| 18 | ഉത്തർപ്രദേശ് | 1.418 |

നീതി ആയോഗിന്റെ 2020-21 സുസ്ഥിര വികസന ലക്ഷ്യസൂചികയിൽഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച സംസ്ഥാനങ്ങളുടെ പട്ടികയിൽകേരളം തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനവും കേരളമാണ്. നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിലും 2020-21 വർഷം കേരളം ഒന്നാമതെത്തി. ഐക്യരാഷ്ട്ര സഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ2018-ൽകേരളത്തിനായിരുന്നു രാജ്യത്ത് ഒന്നാം സ്ഥാനം. 2019-ൽസെന്റർഫോർമീഡിയ സ്റ്റഡീസും ട്രാൻസ്പാരൻസി ഇന്റർനാഷണൽഇന്ത്യയും ലോക്കൽസർക്കിൾസും ചേർന്ന് നടത്തിയ ഇന്ത്യാ കറപ്ഷൻസർവ്വേയിൽഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാണ് കേരളം. നാഷണൽക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപങ്ങളില്ലാത്ത നാടായി കേരളം മാറി. കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിലും കേരളം ഒന്നാമതാണ്. 2020-ൽപൊതുവിദ്യാഭ്യാസ മേഖലയിൽസമ്പൂർണ്ണ ഡിജിറ്റൽസംസ്ഥാനമായി മാറാൻനമുക്ക് കഴിഞ്ഞു. കേരളത്തിന് സമീപ കാലയളവിൽലഭിച്ചിട്ടുള്ള പ്രധാന പുരസ്കാരങ്ങളുടെയും മികവിന്റെയും വിശദാംശങ്ങൾതാഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പുരസ്കാരങ്ങൾ |
|---|---|
| 1 | വയോജന പരിപാലനത്തിലെ രാജ്യത്തെ മികച്ച മാതൃകയ്ക്ക് കേന്ദ്രസർക്കാരിന്റെ വയോശ്രേഷ്ഠ പുരസ്കാരം |
| 2 | രാജ്യത്തെ ഏറ്റവും മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവിന് ഇന്ത്യാടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ് |
| 3 | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം |
| 4 | രാജ്യത്ത് ഏറ്റവും കൂടുതൽസൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് |
| 5 | ആയുഷ്മാൻഭാരത് പ്രധാൻമന്ത്രി-ജൻ ആരോഗ്യ യോജന, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന് |
| 6 | ഇന്ത്യയിലെ പ്രമുഖ റേറ്റിംഗ് കമ്പനിയായ 'ക്രിസിലി'ന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് ഉയർന്ന സ്ഥാനം |
| 7 | ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് 'Governance Now'-ന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം |
| 8 | ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്ക് കേരളത്തിൽ, പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ് (2018) |
| 9 | 2016, 2017, 2018 വർഷങ്ങളിൽ മികച്ച ഭരണം കാഴ്ചവച്ച ഇന്ത്യൻ സംസ്ഥാനം |
| 10 | സ്കൂൾ എഡ്യൂക്കേഷൻ കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമത് |
| 11 | പെൺകുട്ടികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയ തലത്തിൽ ഒന്നാമത് |
| 12 | രാജ്യത്തെ മികച്ച 12 ഗ്രാമപഞ്ചായത്തുകളിൽ ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്തും |
| 13 | മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ പട്ടികജാതി വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ പുരസ്കാരം സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് |
| 14 | കുടുംബശ്രീ- അന്താരാഷ്ട്ര വ്യാപാരമേളയിൽമികച്ച വാണിജ്യശാലയ്ക്കുള്ള (Commercial Stall) പുരസ്കാരം. കേന്ദ്ര ഭവന മന്ത്രാലയത്തിന്റെ (NULM) കീഴിൽമികച്ച പ്രകടനം കാഴ്ചവച്ചതിന് ദേശീയ പുരസ്കാരം (2019) |

പ്രകൃതി ദുരന്തങ്ങളും മഹാമാരിയും ഉൾപ്പെടെയുള്ള പ്രതിസന്ധികൾക്കിടയിലും നീതി ആയോഗിന്റെ വിലയിരുത്തൽ പ്രകാരമുള്ള സുസ്ഥിര വികസന ലക്ഷ്യം തുടർച്ചയായി മൂന്നാം തവണയും കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞു. ആരോഗ്യ സൂചികയിലും കേരളം മുന്നിലാണ്. നാഷണൽ മൾട്ടി ഡൈമൻഷണൽ പോവർട്ടി സംബന്ധിച്ച നീതി ആയോഗ് ബേസ്ലൈൻ റിപ്പോർട്ടിൽ രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. അതിദരിദ്രർക്കുള്ള ക്ഷേമപ്രവർത്തനങ്ങളിലൂടെയാണ് കേരളം ഈ നേട്ടം കൈവരിച്ചത്. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാമൂഹ്യസുരക്ഷാ പെൻഷനുകൾ, ക്ഷേമബോർഡ് പെൻഷനുകൾ, ദുർബല ജനവിഭാഗങ്ങൾക്കുള്ള ധനസഹായം എന്നിവയുടെ വിതരണവും സൗജന്യ ഭക്ഷ്യകിറ്റുകൾ നൽകിയതും മഹാമാരിയുടെ ദുരിതത്തിനിടയിൽ ജനങ്ങൾക്ക് ആശ്വാസം പകർന്നു.

ഈ സർക്കാർഅധികാരത്തിൽവന്നശേഷം 2021 ജൂൺസെപ്റ്റംബർ കാലയളവിൽ ആദ്യത്തെ 100 ദിന പരിപാടി പൂർത്തിയാക്കി. രണ്ടാമത്തേത് നടന്നുകൊണ്ടിരിക്കുകയാണ്. 17,183 കോടി രൂപ പ്രതീക്ഷിത മുതൽമുടക്കോടെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ലക്ഷ്യമിടുന്നതാണ് 100 ദിന പരിപാടി. പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങളും വ്യക്തിഗത തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്നതിന് 100 ദിനപരിപാടിയിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി., വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലേയ്ക്കുള്ള 50,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് കിഫ്ബി വഴി 2016-ൽസർക്കാർവിഭാവനം ചെയ്തിരുന്നത്. എന്നാൽഇതിനോടകം 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. വ്യവസായ സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിന് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൊണ്ടുവരുന്നതിനായി നിയമനിർമ്മാണവും നടപടിക്രമങ്ങളിൽ ആവശ്യമായ പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ട്. വൻതോതിലുള്ള നിക്ഷേപങ്ങൾആകർഷിക്കുന്നതിനായി കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ചേർത്തലയിലെ മെഗാ ഭക്ഷ്യസംസ്കരണ പാർക്കിന്റെയും കേരള പേപ്പർപ്രോഡക്ട്സ് ലിമിറ്റഡ്, കേരള റബ്ബർലിമിറ്റഡ് എന്നിവയുടെയും പ്രവർത്തനം 2022-ൽആരംഭിക്കാനാകും.

തീരദേശവ്യാപാരം മെച്ചപ്പെടുത്തുന്നതിനായി കൊച്ചിയിൽനിന്നും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേയ്ക്ക് ഗ്രീൻഫ്ലൈറ്റ് കോറിഡോർ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ഐ.ടി. പാർക്കുകളിൽ 7.68 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള അധിക സ്ഥലത്തിന്റെ നിർമ്മാണം ഇക്കൊല്ലം യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം ടെക്നോസിറ്റിയിൽ എയ്റോസ്പേസ് ഹബ്ബ് പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണവും ഇക്കൊല്ലം ആരംഭിക്കും. കെ-ഫോൺപദ്ധതിയുടെ ഒന്നാം ഘട്ടവും പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട്.

**പി. പി. സുമോദ്:** സർ, കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പോലീസിന് ലഭിച്ച അംഗീകാരങ്ങൾ വിശദീകരിക്കാമോ?

**പിണറായി വിജയൻ:** സർ, കണ്ണൂർസിറ്റിയിലെ ചക്കരക്കല്ല് പോലീസ് സ്റ്റേഷൻ, ഇടുക്കി ജില്ലയിലെ മുട്ടം പോലീസ് സ്റ്റേഷൻ എന്നിവയ്ക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷന് അർഹതയുണ്ടായി. തുടർച്ചയായി അഞ്ചാം വർഷവും സൈബർഡോമിന് കടഛ 27001 സർട്ടിഫിക്കറ്റ് ലഭിച്ചു. കേരള സംസ്ഥാന ജൈവവൈവിദ്ധ്യ സംരക്ഷണ പുരസ്കാരം നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന് ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സൈബർവിഭാഗത്തെ ഇലക്ട്രോണിക് തെളിവുകൾ പരിശോധിക്കുന്ന അംഗീകൃത സ്ഥാപനമായി കേന്ദ്ര ഇലക്ട്രോണിക് ആൻഡ് ഐ.ടി. മന്ത്രാലയം വിജ്ഞാപനം ചെയ്തു. ഇലക്ട്രോണിക്

പരിശോധന നടത്തി കോടതിയിൽറിപ്പോർട്ട് നൽകുന്നതിന് ഐ.ടി. നിയമത്തിലെ 790(എ) വകുപ്പുപ്രകാരം കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. ഇ-ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കുമായി കേരള പോലീസിന്റെ സോഷ്യൽമീഡിയ വിഭാഗത്തിന് ദേശീയ ഇ-ഗവേണൻസ് അവാർഡ് ലഭിക്കുകയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പോലീസിന് ധാരാളം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. എലൈറ്റ്സ് ഡിജിറ്റൽഇന്ത്യ നോളഡ്ജ് എക്സ്ചേഞ്ച് സമ്മിറ്റ് അവാർഡ്, 2016-ൽ ഏറ്റവും മികച്ച പ്രോജക്റ്റുകളുടെ പട്ടികയിൽ കേരള പോലീസിന്റെ സൈബർഡോം പദ്ധതി തെരഞ്ഞെടുക്കപ്പെട്ടു. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപങ്ങളില്ലാത്ത നാടായി സംസ്ഥാനം അംഗീകരിക്കപ്പെട്ടു. 2017-ൽസൈബർകുറ്റാന്വേഷണത്തിന് NASSCOM (The National Association of Software and Service Companies) ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ അവാർഡ് ലഭിച്ചു. ഫൗണ്ടേഷൻഫോർറിസർച്ച് പ്രസിദ്ധീകരിക്കുന്ന കോപ്സ് ടുഡേ (COPS Today) എന്ന ഇന്റർനാഷണൽ ജേർണൽ ഏർപ്പെടുത്തിയ 2017-ലെ പോലീസ് എക്സലൻസ് അവാർഡിന് കേരള പോലീസ് നടപ്പാക്കുന്ന ജനമൈത്രി പോലീസ് പദ്ധതി തെരഞ്ഞെടുക്കപ്പെട്ടു. പാസ്പോർട്ട് അപേക്ഷകളിലെ പോലീസ് പരിശോധന മികവിന് 2019-ൽകേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും കേരള പോലീസിന് അംഗീകാരം ലഭിച്ചു. കൊല്ലം ജില്ലാ പോലീസ് ഓഫീസിനെ ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള രണ്ടാമത്തെ ജില്ലാ പോലീസായി തെരഞ്ഞെടുത്തു. 2018-ലെ പ്രളയകാലത്ത് കേരള പോലീസ് നടപ്പാക്കിയ സുരക്ഷാ ദുരിതാശ്വാസ പ്രവർത്തനമായ 'ജലരക്ഷ'-യ്ക്ക് സ്കോച്ച് ഗോൾഡ് അവാർഡ് കരസ്ഥമാക്കാൻ സാധിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയും പിങ്ക് പട്രോൾപദ്ധതിയും സ്കോച്ച് ഓർഡർഓഫ്-മെരിറ്റ് ബഹുമതി സ്വന്തമാക്കി. കോവിഡ് കാലത്തെ പ്രവർത്തനമികവിനും കേരള പോലീസിന് സ്കോച്ച് പുരസ്കാരം ലഭിച്ചു. മികച്ച സൈബർസുരക്ഷയ്ക്കുള്ള 2018-ലെ ഫിക്കി സ്മാർട്ട് പോലീസിംഗ് അവാർഡ് (FICCI Smart Policing Award), ഐ.എസ്.എൽ.എ. Information Security Leadership Award), K7 Security's Medal of Honour Award 2018, സിസോ മാഗ് (CISO MAG) 2019ലെ മികച്ച ഡിജിറ്റൽ ഇനിഷ്യേറ്റീവ് അവാർഡ്, ബിസിനസ് വേൾഡ് ഡിജിറ്റൽ ഇൻഡ്യ അവാർഡ്, 2019 എന്നിവയെല്ലാം സൈബർഡോമിന് ലഭിച്ച അവാർഡുകളാണ്. 2018-ൽദുബായിൽനടന്ന ലോക ഉച്ചകോടിയിൽ യു.എൻ., യു.എസ്.എ. എന്നിവയുടെ ആപ്പുകളേക്കാൾ മികച്ച ഗെയിമിഫിക്കേഷൻ സേവനമായി കേരള പോലീസ് രൂപകല്പന ചെയ്ത ട്രാഫിക് സിമുലേറ്റർ ഗെയിമായ 'ട്രാഫിക് ഗുരു' തെരഞ്ഞെടുക്കപ്പെട്ടു. ബാങ്കിംഗ് ഫ്രോഡുകൾ കണ്ടെത്താനുള്ള പദ്ധതിക്ക് 2019-ൽ ബിസിനസ് വേൾഡ് ഡിജിറ്റൽ അവാർഡും കേരള പോലീസ് നടപ്പാക്കുന്ന സോഫ്റ്റ് (SOFT-Save Our Fellow Traveller) പദ്ധതിക്ക് 2017-ൽകേന്ദ്ര നഗരകാര്യമന്ത്രാലയം ഏർപ്പെടുത്തിയ അവർഡും ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ നിരവധി അവർഡുകളാണ് കേരള പോലീസിന് ലഭിച്ചിട്ടുള്ളത്.

**എ. എൻ. ഷംസീർ:** സർ, കേരളം ലോകത്തിനുതന്നെ മാതൃകയാവുകയാണ്. നിരവധി അവാർഡുകൾ ലഭിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചു. ഇത്രയേറെ അവർഡുകൾ വാങ്ങിയ സംസ്ഥാനമെന്ന നിലയിൽ കുശുമ്പ് കൊണ്ടായിരിക്കാം കേരളത്തെക്കുറിച്ച് ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥ് ആക്ഷേപം ഉന്നയിച്ചത്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനോടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതികരണമെന്താണ്?

**പിണറായി വിജയൻ:** സർ, രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് ഒരു മുഖ്യമന്ത്രി സംസാരിക്കുന്നത് ശരിയല്ലെന്ന ധാരണയുള്ളതു കൊണ്ട് അതിനെക്കുറിച്ച് പറയുന്നില്ല. ശ്രീ. അഖിലേഷ് യാദവിനെപ്പോലെ ഉത്തർപ്രദേശിലുള്ള പ്രധാന രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ പോലും ഉത്തർപ്രദേശും കേരളവും തമ്മിൽതാരതമ്യപ്പെടുത്താൻ കഴിയുന്നതല്ലെന്ന്

കേരളത്തിന്റെ മികവ് അംഗീകരിച്ചുകൊണ്ട് സംസാരിച്ചിട്ടുണ്ട്. നീതി ആയോഗിന്റെ അംഗീകാരം സംസ്ഥാനത്തിന് ലഭിച്ചതിനെക്കുറിച്ചും എടുത്തുപറയുകയുണ്ടായി. ഇപ്രകാരം ഒരുപാട് തലങ്ങളിൽ കേരളം ഉയർന്നുനിൽക്കുകയാണ്, അത് സമാനകളില്ലാത്തതാണ്. അതിനെ രാഷ്ട്രീയമായി പറഞ്ഞത് ശരിയല്ലാത്ത വർത്തമാനമായി മാത്രമെ കാണാൻ കഴിയുകയുള്ളൂ.

**യു. പ്രതിഭ:** സർ, കോവിഡ് മഹാമാരിയുടെ പ്രതിസന്ധിയിൽപ്പോലും ജനങ്ങളെ ചേർത്തുപിടിച്ച് ഭരണമികവിന്റെയും ക്ഷേമപ്രവർത്തനത്തിന്റെയും കാര്യത്തിൽ ലോകത്തിന് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞു. അതുകൊണ്ടുതന്നെ ഭരണമികവിനുള്ള നിരവധി പുരസ്കാരങ്ങൾ നേടിയെടുക്കുന്നതോടൊപ്പം ഡിജിറ്റൽ ഓൺലൈൻ വിദ്യാഭ്യാസ സാദ്ധ്യതകൾ ശക്തിപ്പെടുത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ലഭിച്ച അംഗീകാരങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

**പിണറായി വിജയൻ:** സർ, വിദ്യാഭ്യാസ രംഗത്ത് കേരളം നേടിയ നേട്ടം ദേശീയതലത്തിൽ എല്ലാവരും അംഗീകരിക്കുന്നതാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗ്രാമീണ മേഖലയിൽപഠന സൗകര്യമൊരുക്കുന്നതിന് നാം സ്വീകരിച്ച നടപടികളാണ്. ആനുവൽസ്റ്റാറ്റസ് ഓഫ് എഡ്യുക്കേഷൻ റിപ്പോർട്ട് പ്രകാരവും സ്കൂളുകളിലെ ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കേരളം മുന്നിലാണ്. ഇത് ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ടതുമാണ്.

**ജി. സ്റ്റീഫൻ:** സർ, 2016 മുതൽനടപ്പിലാക്കിയ ജനക്ഷേമ പദ്ധതികളുടെയും വ്യവസായ വകുപ്പിലും അനുബന്ധ മേഖലകളിലും നടത്തിയ ശക്തമായ മുന്നേറ്റങ്ങളുടെയും ഫലമായി കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ മുന്നേറ്റങ്ങളെക്കുറിച്ചും ലഭിച്ച അംഗീകാരങ്ങളെക്കുറിച്ചും വിശദീകരിക്കാമോ?

**പിണറായി വിജയൻ:** സർ, വ്യവസായ രംഗത്ത് വലിയ തോതിലുള്ള അഭിവൃദ്ധിയാണ് നേടാൻ കഴിഞ്ഞിട്ടുള്ളത്. കേന്ദ്ര മന്ത്രാലയത്തിനു കീഴിലുള്ള വ്യവസായ ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പിന്റെ വിലയിരുത്തലിൽ കിൻഫ്രയുടെ കീഴിലുള്ള 5 പാർക്കുകൾക്ക് ദേശീയ അംഗീകാരം ലഭിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ ഗുഡ് ഗവേണൻസ് ഇൻഡക്സ് പുറത്തിറക്കിയപ്പോൾ കേരളത്തിന്റെ മറ്റ് മികവുകളോടൊപ്പം വ്യവസായ മേഖലയുടെ കുതിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. വ്യവസായം, വാണിജ്യം, സാമൂഹ്യക്ഷേമ വികസനം എന്നീ മേഖലകളിൽ മുന്നേറ്റം നടത്തിയതായി പ്രസ്തുത റിപ്പോർട്ടിൽ പറയുന്നുണ്ട്. വ്യവസായ വളർച്ചയുടെ സൂചകമായ CAGR (Compound Annual Growth Rate) ഒന്നിൽനിന്നും 7.91 ശതമാനമായത് വലിയ നേട്ടമാണ്. പ്രസ്തുത പട്ടിക തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ പത്ത് മേഖലകളിൽ വ്യവസായവും വാണിജ്യവും മേഖല പ്രധാനപ്പെട്ടതാണ്. നേരത്തേയുള്ളതിനേക്കാൾ നില മെച്ചപ്പെടുത്തിയ മൂന്ന് സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ വിലയിരുത്തിയിട്ടുണ്ട്.

**പി. എസ്. സുപാൽ:** സർ, വികസനരംഗത്ത് വളരെയധികം മുന്നോട്ടുപോയ സംസ്ഥാനത്തിന് നിരവധി അംഗീകാരങ്ങളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ഇന്ത്യയ്ക്ക് മാതൃകയായ സംസ്ഥാനം എന്നുമാത്രമല്ല, ലോകത്തുതന്നെ വികസനരംഗത്ത് വലിയ മുന്നേറ്റം നേടിയ സംസ്ഥാനമാണ് കേരളം. കേന്ദ്ര അവഗണന തുടർന്നുവരുന്ന സാഹചര്യത്തിൽത്തന്നെയാണ് ഈ മുന്നേറ്റമുണ്ടായതെന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിനുള്ള വിഹിതവും വിവിധ പദ്ധതികൾക്കുള്ള വിഹിതവും വെട്ടിക്കുറച്ചിരിക്കുന്നുവെന്ന് മാത്രമല്ല, സംസ്ഥാനത്തിന്റെ റെയിൽവേ വികസനം തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും എയിംസ് പോലുള്ള സ്ഥാപനങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുകയാണ്. ഇത്തരം കേന്ദ്ര സർക്കാർ നിലപാടുകൾ കേരളത്തിന്റെ വികസനത്തിന് എതിരല്ലേ?

**പിണറായി വിജയൻ:** സർ, ഇത്തരം കാര്യങ്ങൾസംബന്ധിച്ച് സംസ്ഥാനം വലിയതോതിൽ ഏകീകൃതമായ സമീപനം സ്വീകരിക്കേണ്ടതാണ്. കേരളത്തിന് അർഹതപ്പെട്ട പലതും നിഷേധിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളം നേടിയ വികസനം ചില മേഖലകളിൽ നമുക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കുമ്പോൾ പ്രത്യേക രംഗങ്ങളിൽ സംസ്ഥാനം നേടിയ വികസനങ്ങൾ കാരണം നമുക്ക് അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭിക്കുന്നതിന് തടസ്സമാകുകയാണ്. കേരളത്തിന്റെ ആരോഗ്യരംഗത്തെക്കുറിച്ച് എല്ലാവരും എടുത്തുപറയുന്നതാണ്. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ നാം എത്രകണ്ട് മെച്ചപ്പെട്ട സേവനം നൽകിയെന്നത് ലോകശ്രദ്ധയാർജ്ജിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് എയിംസ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് നിരവധി നിവേദനങ്ങൾ നൽകുകയും പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് അഭ്യർത്ഥന നടത്തുകയും ചെയ്തെങ്കിലും കേരളത്തിന് എയിംസ് കിട്ടാക്കനിയായി മാറുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ ഏകീകൃതമായ രീതിയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉയർത്തേണ്ടതിനാണ് നാം ശ്രദ്ധിക്കേണ്ടത്.

**നജീബ് കാന്തപുരം:** സർ, ബഹുമാന്യനായ മുഖ്യമന്ത്രി കേരളത്തിന്റെ അഭിമാനകരമായ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞത് വളരെ സന്തോഷത്തോടുകൂടിയാണ് കേട്ടത്. പക്ഷെ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം രാജ്യത്തെ പൊളിറ്റിക്കൽ ക്രൈം ക്യാപ്പിറ്റലായി കണ്ണൂർഅറിയപ്പെടുന്നുവെന്ന പരാമർശം മാധ്യമങ്ങളിൽ വരുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ആ വാർത്ത ശരിയല്ലെങ്കിൽ അതിന്റെ വിശദീകരണം നൽകാമോ?

**പിണറായി വിജയൻ:** സർ, എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യം, സംസ്ഥാനം ക്രമസമാധാന രംഗത്ത് ഏറ്റവും മികവുറ്റ നാടാണെന്ന് രാജ്യം അംഗീകരിച്ചതാണ്; അക്കാര്യത്തിൽ സംശയത്തിനിടയില്ലെന്നതാണ് വസ്തുത. ഇന്നലെ അവിടെ നടന്ന സംഭവത്തെക്കുറിച്ചായിരിക്കും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അത് നാടിന് വലിയ ഞെട്ടൽ ഉളവാക്കിയ സംഭവമാണ്. ഒരു മത്സ്യത്തൊഴിലാളി കടലിൽപോയി തിരിച്ച് വീട്ടിലേയ്ക്ക് പോകവേ ആക്രമിക്കപ്പെടുകയും കൊലചെയ്യപ്പെടുകയുമാണുണ്ടായത്. മാത്രമല്ല, അതിപൈശാചികമായി കാല് വെട്ടിമാറ്റി ദൂരെയിടുകയും ചെയ്തു. അത്തരത്തിലുള്ള ക്രൂര സംഭവമായിരിക്കാം ബഹുമാനപ്പെട്ട അംഗത്തെ ഈ ചോദ്യം ചോദിക്കാൻപ്രേരിപ്പിച്ചത്. അതിന്റെയർത്ഥം കണ്ണൂരാകെ കലാപബാധിതമായി എന്നല്ല, കലാപഭൂമിയാക്കുന്നതിനുള്ള ചിലരുടെ ശ്രമങ്ങളെ തടയാൻ കഴിയുന്നുവെന്നുള്ളതാണ് കാണേണ്ടത്. ഇതിന്റെ ഭാഗമായി എല്ലാ കുറ്റവാളികളേയും കൃത്യമായ രീതിയിൽ കണ്ടെത്താനുള്ള അതീവ ഗൗരവത്തോടെയുള്ള അന്വേഷണവും നടപടിയും നടന്നുകൊണ്ടിരിക്കുകയാണ്.

**തിരുവഞ്ചൂർ രാധാകൃഷ്ണൻ:** സർ, അങ്ങ് സംസ്ഥാനത്തിന്റെ നേട്ടങ്ങളെക്കുറിച്ചും ഭരണമികവിന് ലഭിച്ച അവാർഡുകളെക്കുറിച്ചും പറഞ്ഞു. കാലാകാലങ്ങളിൽ ഭരണമികവിന് കേരള ഗവൺമെന്റിന് ഈ രീതിയിൽ അവാർഡുകൾ ലഭിച്ചിട്ടുമുണ്ട്. ഭരണമികവിനെക്കുറിച്ച് പറയുന്ന ഈ കാലഘട്ടത്തിലാണ് ഡി.ജി.പി. ആയി റിട്ടയർചെയ്ത ശ്രീമതി ശ്രീലേഖയുടെ പ്രസ്താവന വന്നത്. അവർവനിതയായതുകൊണ്ട് അപമാനം സഹിച്ചാണ് കേരള പോലീസിൽ സേവനമനുഷ്ഠിച്ചതെന്ന ദുഃഖകരമായ വെളിപ്പെടുത്തലാണ് വന്നിരിക്കുന്നത്. ഇന്നലെ കോട്ടയം പള്ളിക്കത്തോട് പോലീസ് സ്റ്റേഷനിലെ ഒരു അഡീഷണൽഎസ്.ഐ. അവിടത്തെ വനിതാപോലീസ് കോൺസ്റ്റബിളിനെ കയ്യേറ്റം ചെയ്യുകയും മർദ്ദിക്കുകയും ചെയ്തുവെന്നാണ് മാധ്യമങ്ങളിൽ വാർത്ത വന്നിരിക്കുന്നത്. ആ സംഭവത്തിൽ ജില്ലാ പോലീസ് സൂപ്രണ്ട് ഒത്തുതീർപ്പുശ്രമം നടത്തിയെന്നും അറിയാൻ സാധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുപുറത്തുള്ള നിയമസമാധാനത്തെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. പോലീസ് സ്റ്റേഷനകത്തുപോലും മനസമാധാനമില്ലാത്ത

ഈ കാലഘട്ടത്തെക്കുറിച്ച് ദയവായി അങ്ങ് പരിശോധിക്കുമോ, അവാർഡുകൾ ലഭിച്ചതിന്റെ വലിയ ബഹളത്തിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഇത്തരം സംഭവങ്ങൾ കണ്ടില്ലെന്ന് നടിക്കാതെ ഇവയെല്ലാം തെളിവുകളോടെ കണ്ടെത്തുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

**പിണറായി വിജയൻ:** സർ, ബഹുമാന്യനായ തിരുവഞ്ചൂർരാധാകൃഷ്ണൻ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന മാന്യവ്യക്തിയാണ്. അദ്ദേഹം പരാമർശിച്ച ശ്രീമതി ശ്രീലേഖ ഐ.പി.എസ്. അന്നും പോലീസിൽ സേവനമനുഷ്ഠിക്കുകയായിരുന്നു. ഏത് ഘട്ടത്തിലാണ് ഇത്തരമൊരു ദുരനുഭവമുണ്ടായതെന്ന് അവർ വെളിപ്പെടുത്തിയിട്ടില്ല. എന്റെ അനുഭവത്തിൽ ഒരു തരത്തിലുള്ള അതൃപ്തിയും അവർ എന്നോട് സൂചിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല, ഏതെങ്കിലും തരത്തിലുള്ള തെറ്റായ നടപടി പോലീസിൽ ഉണ്ടാകുന്നുണ്ടെന്ന് ഒരുഘട്ടത്തിലും അവർപറഞ്ഞി ട്ടുമില്ല. ഏതെങ്കിലും തരത്തിലുള്ള തെറ്റായ സമീപനം സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാ യെന്ന് അവർ പരാമർശിച്ചതായി കാണുന്നില്ല. അതിൽ ശ്രീ. തിരുവഞ്ചൂർരാധാകൃഷ്ണനെയും അതിനുശേഷം വകുപ്പുമന്ത്രിയായിരുന്നവരെയും ഇപ്പോൾ വകുപ്പ് കൈകാര്യം ചെയ്യുന്നവ രെയും പരാമർശിച്ചിട്ടില്ല. എന്താണുണ്ടായതെന്ന് അവർകൂടുതൽവ്യക്തമാക്കിയാൽമാത്രമെ അക്കാര്യത്തിൽനിലപാടെടുക്കാൻസാധിക്കുകയുള്ളൂ. പോലീസ് സ്റ്റേഷനുകളിൽഏതെങ്കിലും തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ നിലനിൽക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം നല്ല ഭാ വനയുള്ള ആളായതുകൊണ്ട് ഇങ്ങനെയെല്ലാം സംഭവിക്കാൻ പോകുകയാണോയെന്ന് ശങ്കി ക്കുകയാണ്. ഇക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ടെന്ന് മാത്രമല്ല, ഭദ്രമായ നിലയിൽ കേരള പോലീസ് എല്ലാ രീതിയിലും നീതി നടപ്പാക്കുമെന്ന് അദ്ദേഹത്തിന് ഉറപ്പുനൽകുകയാണ്.

**2022 മാർച്ച് 14**

# യുക്രൈനിൽനിന്നും മടങ്ങിവന്ന വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസം

സർ, യുദ്ധത്തെത്തുടർന്ന് യുക്രൈനിൽ അകപ്പെട്ട വിദ്യാർത്ഥികളുൾപ്പെടെയുള്ള മലയാളികളെ നാട്ടിലെത്തിക്കാൻ സർക്കാർ സത്വരവും ഫലപ്രദവുമായ നടപടികളാണ് സ്വീകരിച്ചത്. യുക്രൈനിലെ വിവിധ പ്രവിശ്യകളിലകപ്പെട്ട വിദ്യാർത്ഥികളെ നാട്ടിലെത്തിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര വിദേശകാര്യമന്ത്രിക്കും കത്തയയ്ക്കുകയും കേന്ദ്ര വിദേശകാര്യമന്ത്രിയുമായി ചർച്ചനടത്തുകയും ചെയ്തു. വിദ്യാർത്ഥികളെ സ്വീകരിക്കാൻ ഡൽഹിയിലും മുംബൈയിലും നോർക്ക ഡെവലപ്മെന്റ് ഓഫീസുകളുടെ നേതൃത്വത്തിൽ ഇരുപത്തിനാല് മണിക്കൂറും സംവിധാനമേർപ്പെടുത്തുകയും മുംബൈയിലും ഡൽഹിയിലും കേരള ഹൗസിൽ താമസവും ഭക്ഷണവുമൊരുക്കുകയും ചെയ്തു. തുടർന്ന് അവിടെനിന്ന് സംസ്ഥാന സർക്കാരിന്റെ ചെലവിൽ ചാർട്ടേർഡ് വിമാനങ്ങളിലും അല്ലാതെയും വിദ്യാർത്ഥികളെ നാട്ടിലെത്തിച്ചു. വിമാനത്താവളങ്ങളിൽനിന്നും അവരെ നാട്ടിലെത്തിക്കുന്നതിന് സൗജന്യമായി വാഹന സൗകര്യവും ഏർപ്പെടുത്തി. ഇതുവരെ 3379 വിദ്യാർത്ഥികളെ ഇത്തരത്തിൽ നാട്ടിലെത്തിച്ചിട്ടുണ്ട്. റസിഡന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഡൽഹി കേരള ഹൗസ് ടീം സ്തുത്യർഹമായ പ്രവർത്തനമാണ് ഇക്കാര്യത്തിൽ കാഴ്ചവച്ചത്. അവരെ ഹാർദ്ദമായി അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. യുക്രൈനിൽനിന്നും മടങ്ങിയെത്തുന്നവർക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് വനിതകളടക്കമുള്ള പ്രത്യേക ഉദ്യോഗസ്ഥസംഘം നോർക്കയുടെ നേതൃത്വത്തിൽ പ്രവർത്തനനിരതമാണ്. വിവിധ കോഴ്സുകളിൽ വ്യത്യസ്ത സെമസ്റ്ററുകളിലായി പഠനം നടത്തിവരവെ യുദ്ധത്തെത്തുടർന്ന് നാട്ടിലേയ്ക്ക് തിരികെവന്ന വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പ്രത്യേക ഇടപെടൽ ആവശ്യമാണ്. സർട്ടിഫിക്കറ്റുകളും മറ്റ് വിലപ്പെട്ട രേഖകളും കൈമോശം വന്നവർക്ക് അത് വീണ്ടെടുക്കാനും പഠനം തുടരാനുംകഴിയുന്ന സാഹചര്യമൊരുക്കേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നോർക്കയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രത്യേക സെൽ പ്രവർത്തിക്കും. ഇതിനായി അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പത്തുകോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. യുക്രൈനിൽനിന്നും മടങ്ങിവന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനം സംബന്ധിച്ച് ദേശീയ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശാനുസരണം മാത്രമേ തുടർതീരുമാനം കൈക്കൊള്ളാനാകുകയുള്ളൂ. കോവിഡ് മഹാമാരി, യുദ്ധം തുടങ്ങിയ അസാധാരണവും നിർബന്ധിതവുമായ സാഹചര്യങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യാതെയോ പൂർത്തിയാക്കാതെയോ

തിരിച്ചെത്തുന്ന മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നതിന് ദേശീയ മെഡിക്കൽ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. അംഗീകൃത മെഡിക്കൽ കോളേജു കളിലോ അതോടൊപ്പമുള്ള ആശുപത്രികളിലോ ഒരു വർഷത്തെ ഇന്റേൺഷിപ്പോ അല്ലെങ്കിൽ അവശേഷിക്കുന്ന കാലയളവോ സൗജന്യമായി പൂർത്തിയാക്കുന്നതിന് സംസ്ഥാന മെഡിക്കൽ കൗൺസിൽ പ്രൊവിഷണൽ രജിസ്ട്രേഷൻ അനുവദിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. രാജ്യത്തെ മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റും മറ്റ് സൗകര്യങ്ങളും വിദേശ ത്തുനിന്നും വരുന്നവർക്ക് അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് മെഡിക്കൽ വി ദ്യാർത്ഥികളുടെകാര്യത്തിൽ ദേശീയ മെഡിക്കൽ കമ്മീഷന്റെ തീരുമാനം ആവശ്യമാണ്. മെഡി ക്കൽ വിദ്യാഭ്യാസത്തിനുള്ള വായ്പ അനുവദിക്കുമ്പോൾ ഹൗസ് സർജൻസി ഉൾപ്പെടെയുള്ള പഠന കാലയളവിനുപുറമെ ഒരു വർഷംകൂടി തിരിച്ചടവ് സാവകാശം നൽകിയാണ് ബാങ്കുകൾ വായ്പ നൽകുന്നത്. ഈ കാലാവധി കഴിയുന്നമുറയ്ക്കോ തൊഴിൽ സമ്പാദിക്കുന്ന സാഹച ര്യത്തിലോ വായ്പയുടെ തിരിച്ചടവ് ആരംഭിക്കുന്ന രീതിയാണ് നിലവിലുള്ളത്. യുദ്ധംകാരണം മെഡിക്കൽ വിദ്യാഭ്യാസം ഉൾപ്പെടെ വിവിധ കോഴ്സുകളിലെ പഠനം നിർത്തി നാട്ടിലേയ്ക്കു മടങ്ങുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനം പൂർത്തിയാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ യും ദേശീയ മെഡിക്കൽ കമ്മീഷന്റെയും ശ്രദ്ധയിൽപ്പെടുത്തി സാദ്ധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്.

**സി. കെ. ഹരീന്ദ്രൻ:** സർ, യുക്രൈനിൽനിന്ന് ഇവിടെ എത്തിച്ചേർന്ന കുട്ടികളോട് അവിടത്തെ സ്ഥാപനങ്ങൾ ഓൺലൈൻ ക്ലാസിന് പണമടയ്ക്കണമെന്ന് ഇപ്പോൾ ആവശ്യപ്പെടുകയാണ്. അതും ഒരു വലിയ സംഘർഷത്തിന് ഇടവരുത്തിയിട്ടുണ്ട്. നോർക്ക ഇടപെട്ട് ഇക്കാര്യത്തിൽ അടിയന്തര സഹായം ചെയ്യേണ്ടതുണ്ടെന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. അക്കാര്യത്തിൽ ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ഒരു വിശദീകരണം ലഭിച്ചാൽ നന്നായിരിക്കും.

**പിണറായി വിജയൻ:** സർ, ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ വിഷമമനുഭവിക്കുന്ന കു ട്ടികളുടെ പ്രശ്നപരിഹാരത്തിനുവേണ്ടി ആകാവുന്നതെല്ലാം ചെയ്യുക എന്നുള്ളതാണ് ഉദ്ദേ ശിക്കുന്നത്. പക്ഷേ പരിമിതികൾ പൂർണ്ണമായി ഉൾക്കൊള്ളണം. നമുക്കുമാത്രമായി പ്രത്യേക തീരുമാനങ്ങളെടുക്കാൻ കഴിയുന്നതല്ല. ഇന്ത്യാ ഗവൺമെന്റും ഇന്ത്യാ ഗവൺമെന്റ് ഏജൻസി കളുമാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്. അവരോട് അഭ്യർത്ഥി ക്കാനും അവരിൽ സമ്മർദ്ദം ചെലുത്താനും മാത്രമേ സാധാരണഗതിയിൽ നമുക്ക് കഴിയുകയു ള്ളൂ എന്നത് ഒരു പരിമിതിയാണ്.

## പ്രമേയം

# ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രമേയം

സർ, ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളും അണിനിരന്ന ഉജ്ജ്വലമായ ജനകീയ സമരങ്ങളുടെ ഫലമായാണ് നൂറ്റാണ്ടുകൾ നീണ്ട വൈദേശികാധിപത്യത്തെ തകർത്തെറിഞ്ഞ് 1947 ആഗസ്റ്റ് 15-ന് നമ്മുടെ രാജ്യം സ്വതന്ത്രമായത്. സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ധീരമായ നേതൃത്വം നൽകിയും അതിൽ പങ്കെടുത്തും രാജ്യത്തിനുവേണ്ടി സ്വജീവൻ അർപ്പിച്ച എല്ലാ ധീരരക്തസാക്ഷികളുടെയും സ്മരണകൾക്കുമുന്നിൽ സ്വാതന്ത്ര്യലബ്ധിയുടെ ഈ 75-ാം വാർഷികത്തിൽ കേരള നിയമസഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയതിന്റെ പേരിൽ രാജ്യത്തൊട്ടാകെയുള്ള വിവിധ ജയിലുകളിൽ അടയ്ക്കപ്പെട്ട് കൊടിയ പീഡനങ്ങളും യാതനകളും നേരിടേണ്ടിവന്ന അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ എല്ലാ സ്വാതന്ത്ര്യ സമരസേനാനികളെയും അവരുടെ സംഭാവനകളെയും കേരള നിയമസഭ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളെയും അവയുടെ സമ്പന്നമായ സംസ്കാരങ്ങളെയും നിരവധി ഭാഷകളെയും വ്യത്യസ്തധാരകളിൽപ്പെട്ടതും സാമ്രാജ്യത്വവിരുദ്ധ നിലപാട് സ്വീകരിച്ചതുമായ ഇവിടത്തെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും മതവിശ്വാസികളെയും മതവിശ്വാസികളല്ലാത്ത- വരെയുമെല്ലാം ഉൾക്കൊള്ളുന്നതായിരുന്നു മഹത്തായ നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനമെന്ന് കേരള നിയമസഭ ഓർമ്മിക്കുന്നു. അതിൽ പങ്കെടുത്ത ആദിവാസികൾ, ദളിതർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, തൊഴിലാളികൾ, സ്ത്രീകൾ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങളെയും ഈ സഭ അഭിവാദ്യം ചെയ്യുന്നു. അവരുടെ ബഹുജന പ്രക്ഷോഭങ്ങൾ മുന്നോട്ടുവച്ചതും ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനമാകെ ഉയർത്തിപിടിച്ചതുമായ മൂല്യങ്ങളടങ്ങിയ ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷണത്തിനായി നിലകൊള്ളാൻ പ്രതിജ്ഞാബദ്ധമാണ് ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും.

വൈദേശികാധിപത്യത്തിന് അവസാനം കുറിക്കാൻതക്കവണ്ണം ഇന്ത്യയുടെ സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ശക്തിപകർന്നത് സർവ്വരെയും ഉൾക്കൊള്ളുന്ന 'നാനാത്വത്തിൽ ഏകത്വം' എന്ന നമ്മുടെ മഹത്തായ കാഴ്ചപ്പാടായിരുന്നുവെന്ന് കേരള നിയമസഭ ഊന്നിപ്പറയുന്നു. ഇന്ന് അത്തരം കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായ നീക്കങ്ങൾ രാജ്യത്താകമാനം നടക്കു

ന്നുവെന്നും പലതിന്റെയും പേരിൽ ഇന്ത്യൻ ജനതയെ ചേരിതിരിക്കാനും നമ്മുടെ ഒരുമയെ തകർക്കാനും നടത്തപ്പെടുന്ന ശ്രമങ്ങൾക്ക് പിന്നിലുള്ളത് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ അണിചേരാതിരുന്ന ശക്തികളാണെന്നും ഈ സഭ പ്രസ്താവിക്കുന്നു. അവയെ ചെറുക്കേണ്ടതും അവയുടെ ശ്രമങ്ങളെ പരാജയപ്പെടുത്തേണ്ടതും ഇന്ത്യയെ ജനാധിപത്യ മതനിരപേക്ഷ റിപ്പബ്ലിക്കായി നിലനിർത്തേണ്ടതിന് ഒഴിച്ചുകൂടാനാവാത്തതാണെന്ന് കേരള നിയമസഭ കരുതുന്നു.

അതിനായുള്ള പ്രവർത്തനങ്ങളേറ്റെടുക്കുമെന്നും സ്വതന്ത്ര്യ ഇന്ത്യയ്ക്കായി പൊരുതിയ ധീര ദേശാഭിമാനികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുമെന്നും ഇന്ന് രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങൾ അനുഭവിക്കുന്ന യാതനകളിൽനിന്ന് അവർക്ക് മോചനം നേടിയെടുക്കാനുള്ള ഇടപെടലുകൾ നടത്തുമെന്നും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ കേരള നിയമസഭയിലെ ഓരോ അംഗവും പ്രതിജ്ഞയെടുക്കുന്നു.'' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, അങ്ങിവിടെ പ്രകടിപ്പിച്ച വികാരത്തോടും അങ്ങ് പറഞ്ഞ കാര്യങ്ങളോടും പൂർണ്ണമായി യോജിക്കുന്നു. രാജ്യം സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആചരിക്കുന്ന ഘട്ടത്തിൽ നമ്മളും കേരള നിയമസഭയും പങ്കാളികളാകുകയാണ്. സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യം കൈമുതലായിരുന്ന ഒരുരാജ്യത്തിന്റെ ആധിപത്യത്തിനെതിരായി ഇൻഡ്യയിലെ ജനത വ്യത്യസ്തമായ വഴികളിലൂടെ ഒരേലക്ഷ്യത്തിനുവേണ്ടി പൊരുതിയതിന്റെ ഫലമായിട്ടുകൂടിയാണ് നമുക്ക് സ്വാതന്ത്ര്യം ലഭ്യമായത്. ലോകത്തെമ്പാടും നടന്ന സ്വാതന്ത്ര്യ സമരങ്ങളിൽനിന്ന് വ്യത്യസ്തമായ നിരവധി അധ്യായങ്ങൾ കുറിക്കപ്പെട്ടതാണ് ഇൻഡ്യയിലെ സ്വാതന്ത്ര്യപോരാട്ടം. വിവിധ നാട്ടുരാജ്യങ്ങളായി നിലകൊള്ളുകയും പരസ്പരം ഏറ്റുമുട്ടിക്കൊണ്ടിരിക്കുകയും ചെയ്തിരുന്ന സാഹചര്യത്തെ ഉപയോഗപ്പെടുത്തിയാണ് സാമ്രാജ്യത്വം ഇൻഡ്യയിൽ ആധിപത്യം സ്ഥാപിച്ചത്. സാമ്രാജ്യത്വത്തിന്റെ ആധിപത്യം രാജ്യത്തെ ജനങ്ങളുടെ ജീവിതത്തെയാകെ ദുരിതപൂർണ്ണമാക്കി. ഇതിനെതിരെ ഇൻഡ്യയിലെ ആദിവാസികളും കൈത്തൊഴിലുകാരും കർഷകരും ചില നാട്ടുരാജാക്കന്മാരും ആദ്യഘട്ടങ്ങളിൽതന്നെ ശക്തമായ ചെറുത്തുനില്പ് ഉയർത്തിക്കൊണ്ടുവന്നു. അങ്ങ് പറഞ്ഞതുപോലെ, പഴശ്ശിരാജ, വേലുത്തമ്പി ദളവ, പാലിയത്തച്ഛൻ എന്നിവരെ പോലുള്ളവർ ഉയർത്തിക്കൊണ്ടുവന്ന ചെറുത്തുനില്പുകളും മലബാറിലെ കർഷക കലാപത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുമെല്ലാം നമ്മുടെ ആദ്യകാല പ്രതിരോധങ്ങളിൽ സുപ്രധാന അദ്ധ്യായങ്ങൾ തീർത്തവരാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്ന ഇത്തരം ചെറുത്തുനിൽപ്പുകൾ വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളുടെ പിൻബലത്തോടെ പിന്നീട് ശക്തിപ്രാപിക്കുകയുണ്ടായി. അങ്ങനെ ദേശീയതലത്തിലുള്ള വമ്പിച്ച സ്വാതന്ത്ര്യപോരാട്ടമായി അവ വികസിക്കുകയും ചെയ്തു. ദേശീയ പ്രസ്ഥാനം രൂപപ്പെട്ട് വികസിക്കുന്നതിനോടൊപ്പം തന്നെ തൊഴിലാളികളുടെയും കർഷകരുടെയും പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമരങ്ങളും രാജ്യത്ത് ശക്തിപ്രാപിക്കാൻ തുടങ്ങി. ദേശീയതലത്തിലും അന്തർദേശീയതലത്തിലും രൂപപ്പെട്ടുവന്ന വിമോചന കാഴ്ചപ്പാടുകൾ ഇൻഡ്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് വലിയ സ്വാധീനം ചെലുത്തി. കർഷകരുടെയും തൊഴിലാളികളുടെയും നേതൃത്വത്തിൽ ഉയർന്നുവന്ന സമരങ്ങൾ ദേശീയപ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങളെത്തന്നെ സ്വാധീനിക്കുന്ന നിലയിൽ വളർന്നുവരാൻ തുടങ്ങി. റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവം പോലുള്ളവ ജവഹർലാൽ നെഹ്റുവിനെപ്പോലുള്ള ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കളിലും സ്വാധീനം ചെലുത്തി. അതിന്റെ പശ്ചാത്തലത്തിൽ 1930-ലെ ലാഹോർ കോൺഗ്രസ്സിൽ 'സ്വരാജ്' എന്ന മുദ്രാവാക്യം പൂർണ്ണ സ്വാതന്ത്ര്യത്തിന്റേതായി പ്രഖ്യാപിക്കുന്ന തലത്തിലേയ്ക്ക് വളർന്നുവന്നു. ഇൻഡ്യയിലെ വ്യത്യസ്തമായ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ധാരകൾ ഒന്നാകെ ചേർന്ന് മഹാപ്രവാഹമായി ഉയർന്നുവരികയായിരുന്നു. സത്യാഗ്രഹ സമരത്തിന്റെ വഴികളിലൂടെ നീങ്ങിയ ഗാന്ധിജിയുടെയും കഴുമരത്തിൽ ജീവനൊടുക്കേണ്ടിവന്ന ഭഗത്സിംഗിന്റേതുൾപ്പെടെയുള്ള പാരമ്പര്യങ്ങൾ ഉൾച്ചേർന്നതാണ് നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനമെന്നത് കാണണം.

ലോക രാഷ്ട്രീയരംഗത്തെ മാറ്റങ്ങളും സ്വാതന്ത്ര്യ പ്രസ്ഥാനത്തെ സ്വാധീനിച്ചിട്ടുണ്ട്. ഫാസിസത്തിന് ലോകത്തുണ്ടായ പരാജയവും സോഷ്യലിസ്റ്റ് റഷ്യയുടെ കുതിപ്പും പുതിയൊരു സാഹചര്യം ലോകത്തുണ്ടാക്കി. ആ പശ്ചാത്തലം ലോകത്തെമ്പാടുമുള്ള വിമോചന പോരാട്ടങ്ങൾക്ക് കരുത്തായി മാറി. നിരവധി രാഷ്ട്രങ്ങൾ സ്വാതന്ത്ര്യത്തിന്റെ വഴികളിലേയ്ക്ക് നീങ്ങുന്നതിന് അന്നത്തെ ആഗോളരാഷ്ട്രീയം വഴിയൊരുക്കി. സാമ്രാജ്യത്വത്തിന്റെ ആധിപത്യത്തിനെതിരായ സമരങ്ങൾ നടക്കുമ്പോൾതന്നെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജന്മിത്വം അവസാനിപ്പിക്കണമെന്നും സാമൂഹ്യനീതി പുലരണമെന്നുമുള്ള ആവശ്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇത്തരം സമരങ്ങൾ കൂടുതൽ ശക്തിപ്രാപിച്ചു.

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ സവിശേഷമായ സ്ഥാനം അവകാശപ്പെടുന്ന ഇടപെടലുകൾ പലതും കേരളത്തിലുണ്ടായിട്ടുണ്ട്. ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും അയ്യങ്കാളിയുമെല്ലാം മുന്നോട്ടുവച്ച നവോത്ഥാന കാഴ്ച്ചപ്പാടുകളെ സ്വാതന്ത്ര്യപ്രസ്ഥാനം ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോയി. ദേശീയ ശ്രദ്ധയാകർഷിച്ച വൈക്കം സത്യാഗ്രഹം ഇത്തരത്തിൽ സവിശേഷമായൊരു ധാരയെ പ്രതിനിധാനം ചെയ്യുന്നതാണ്. തുടർന്ന് ആ പിന്തുടർച്ച ഗുരുവായൂർ സത്യാഗ്രഹത്തിലും പിന്നീട് പാലിയം സമരത്തിലൂടെയും മുന്നോട്ടുപോയി. സ്വാതന്ത്ര്യ പ്രസ്ഥാനവും നവോത്ഥാന ധാരകളും തമ്മിലുള്ള ഈ ബന്ധം കേരളത്തിന്റെ സവിശേഷതയാണ്. സാമ്രാജ്യത്വ സഹായികളായി വർത്തിച്ച ജ•ിത്വത്തിനെതിരെയുള്ള ശക്തമായ പോരാട്ടമായിരുന്നു കേരളത്തിലെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മറ്റൊരു പ്രധാന സവിശേഷത. കയ്യൂർ, കരിവെള്ളൂർ, കാവുമ്പായി പോലുള്ള സമരഭൂമികളിൽ ഉയർന്നുവന്നത് ഇത്തരത്തിലുള്ള പ്രക്ഷോഭമായിരുന്നു.

ഇന്ത്യ സ്വതന്ത്രമാകുമ്പോൾ നമ്മുടെ സംസ്ഥാനം മൂന്ന് ഭാഗങ്ങളിലായി കിടക്കുകയായിരുന്നു. സ്വാതന്ത്ര്യ പ്രഖ്യാപനം നടന്ന ഘട്ടത്തിൽ നാട്ടുരാജ്യങ്ങൾക്ക് സ്വതന്ത്രമായി നിലപാടെടുക്കാമെന്ന സമീപനമാണ് ബ്രിട്ടീഷുകാർ സ്വീകരിച്ചത്. സ്വതന്ത്ര തിരുവിതാംകൂർ എന്ന കാഴ്ച്ചപ്പാട് ഉയർന്നുവന്നു. ഇതിനെതിരെ ആലപ്പുഴയിൽ തൊഴിലാളികളുടെ നേതൃത്വത്തിൽ വലിയ ചെറുത്തുനിൽപ്പ് ഉയർന്നുവന്നു. പുന്നപ്ര വയലാറിൽ നടന്ന ഇത്തരം പോരാട്ടമാണ് കേരളത്തെ ഇന്ത്യാ രാജ്യത്തിന്റെ ഭാഗമായി മാറ്റുന്നതിനിടയാക്കിയതെന്ന യാഥാർത്ഥ്യവും ഈയവസരത്തിൽ നമുക്ക് ഓർക്കാതിരിക്കാനാകില്ല. സ്വാതന്ത്ര്യ സമരത്തിന്റെ ത്യാഗത്തിന്റെ അദ്ധ്യായങ്ങൾ രചിച്ച നമ്മുടെ നാടിന്റെ വീരപുത്രന്മാരെയും പുത്രിമാരെയും നമുക്ക് ഓർക്കാതിരിക്കാനാകില്ല. ഉപ്പുസത്യാഗ്രഹത്തിന്റെ ഘട്ടത്തിൽ കടുത്ത മർദ്ദനമേൽക്കുമ്പോഴും ത്രിവർണ്ണ പതാക കൈവിടാതിരുന്ന പി. കൃഷ്ണപിള്ള, സ്വാതന്ത്ര്യം ലഭിക്കുമ്പോഴും ജയിലറകളിൽ കഴിയേണ്ടിവന്ന എ.കെ.ജി., ഏറെ ജയിൽവാസം അനുഭവിച്ച മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, ഐ.എൻ.എ.-യുടെ പോരാട്ടത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച ക്യാപ്റ്റൻ ലക്ഷ്മി, കേരളഗാന്ധി എന്ന് വിളിക്കപ്പെടുന്ന കെ. കേളപ്പൻ, കൈക്കുഞ്ഞുമായി ജയിലിൽ പോകേണ്ടിവന്ന എ. വി. കുട്ടിമാളു അമ്മ, സ്വാതന്ത്ര്യ സമരപോരാട്ടത്തിൽ സവിശേഷമായ ഇടപെടൽ നടത്തിയ അക്കാമ്മ ചെറിയാൻ അങ്ങനെ എത്രയോ പേരുണ്ട്.

വ്യത്യസ്തമായ വഴികളിലൂടെ ഒരേലക്ഷ്യത്തിനായി പൊരുതിയ മഹാപ്രസ്ഥാനമായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യസമരം. ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള സത്യാഗ്രഹ സമരംതൊട്ട് ബ്രിട്ടീഷുകാരുമായി മുഖാമുഖം ഏറ്റുമുട്ടിയ പോരാട്ടങ്ങൾവരെ അതിൽ കാണാവുന്നതാണ്. അവയെല്ലാം നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉൾക്കൊള്ളാൻ നമുക്ക് കഴിയേണ്ടതുണ്ട്. എന്ത് ഭിന്നതകളുടെ പേരിലായാലും അത്തരം പോരാളികളെ അടർത്തി മാറ്റാനുള്ള ശ്രമങ്ങളെ കൂട്ടായി പ്രതിരോധിക്കുകയെന്നത് നമ്മുടെയെല്ലാം ഉത്തരവാദിത്വമാണ്.

ദേശീയ സ്വാതന്ത്ര്യസമരം മുന്നോട്ടുവച്ച വ്യത്യസ്ത ധാരകളെ ഉൾക്കൊണ്ടുകൊണ്ടാണ്

നമ്മുടെ ഭരണഘടന രൂപംകൊണ്ടത്. മതനിരപേക്ഷതയും ഫെഡറിലസവും സമത്വവും സ്വാതന്ത്ര്യവുമെല്ലാം സ്വാതന്ത്ര്യപോരാളികളുടെ ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നങ്ങളായിരുന്നുവെന്ന് നാം വിസ്മരിക്കരുത്. അത്തരം മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും അവയുടെ സംരക്ഷണത്തിനായി ശക്തമായി പൊരുതുകയും ചെയ്യേണ്ട സാഹചര്യമാണ് ഇപ്പോൾ സംജാതമായിട്ടുള്ളത്. സ്വാതന്ത്ര്യ സമരപോരാട്ടങ്ങളിൽ സജീവമായി നിറഞ്ഞുനിന്ന നിരവധി പോരാളികൾ അംഗങ്ങളായിരുന്ന സഭയാണിത്. ദേശീയ പ്രസ്ഥാനം ഉയർത്തിപ്പിടിച്ച 'കൃഷിഭൂമി കൃഷിക്കാരന്' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്താൻ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള നിയമസഭയ്ക്ക് കഴിഞ്ഞുവെന്നത് നമുക്കെല്ലാം അഭിമാനിക്കാവുന്നതാണ്. സ്വാതന്ത്ര്യ സമരം ഉയർത്തിക്കൊണ്ടുവന്ന മഹത്തായ രാഷ്ട്രീയമൂല്യമാണ് അഴിമതിരഹിത സംശുദ്ധ രാഷ്ട്രീയം എന്നത് നാം വിസ്മരിക്കരുത്. എല്ലാ മതക്കാർക്കും അവരുടെ വിശ്വാസങ്ങളുമായി ജീവിക്കാനും അല്ലാത്തവർക്ക് അങ്ങനെയും ജീവിക്കാൻ കഴിയുന്ന നാടായി ഈ രാജ്യത്തെ മാറ്റാനാണ് സ്വാതന്ത്ര്യ പോരാളികൾ പരിശ്രമിച്ചത്. അവ കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ് നാമെന്ന് പ്രഖ്യാപിക്കാനുള്ള അവസരംകൂടിയായി ഈ എഴുപത്തിയഞ്ചാം വാർഷികത്തെ മാറ്റിയെടുക്കേണ്ടതുണ്ട്. അങ്ങ് മഹാകവി ടാഗോറിനെ ഉദ്ധരിക്കുകയുണ്ടായി. ഇവിടെ കുമാരനാശാൻ പാടിയതും നാം ഓർക്കേണ്ടതാണ്.

''സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം''

മൃതിയെക്കാൾ ഭയാനകമെന്ന് കുമാരനാശാൻ വിശേഷിപ്പിച്ച അവസ്ഥ രാജ്യത്ത് സംഭാവിക്കാതിരിക്കാനുള്ള ജാഗ്രത കാലം ആവശ്യപ്പെടുന്നുണ്ടെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് നിർത്തട്ടെ.

## ശ്രദ്ധ ക്ഷണിക്കൽ

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

സർ, വിഴിഞ്ഞത്തിന്റെ ചരിത്രപരമായ പ്രാധാന്യവും വർത്തമാനകാല പ്രസക്തിയും ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദമാക്കിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കലിന്റെ അവസാന ഭാഗത്തെക്കുറിച്ചാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. ഇത് വളരെ പ്രസക്തമായ പ്രശ്നമായതുകൊണ്ട് വിശദമായ മറുപടി പറയേണ്ടിവരും. നമ്മുടെ സംസ്ഥാനത്തിന്റെ തീരമേഖലയിൽ പുരോഗമിക്കുന്ന സുപ്രധാനമായ ഒരു പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം. 2023 ഏപ്രിൽ മാസത്തോടെ തുറമുഖത്ത് ആദ്യത്തെ ബാർജ് എത്തുമെന്നും ഒക്ടോബർ മാസത്തോടെ കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കാനാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിക്ക് ആവശ്യമായ പഠനങ്ങളെല്ലാം പൂർത്തിയായതിനുശേഷമാണ് കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കേന്ദ്രസർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയാണ് പരിസ്ഥിതി ആഘാത പഠനം നടത്തിയത്. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ഈ പഠന റിപ്പോർട്ട് പരിശോധിച്ചതിനുശേഷം അനുമതിയിൽ ഇടപെടണമെന്ന ആവശ്യം തള്ളിയിരുന്നു. പദ്ധതി പ്രദേശത്തിന്റെ തെക്കും വടക്കും 10 കിലോമീറ്റർ വീതമുണ്ടാകുന്ന വ്യതിയാനങ്ങൾ പഠിച്ച് എല്ലാ ആറുമാസം കൂടുമ്പോഴും റിപ്പോർട്ട് സമർപ്പിക്കാൻ ട്രിബ്യൂണൽ നിർദേശിച്ചിരുന്നു. കൂടാതെ ഷോർ ലൈൻ നിരീക്ഷിക്കാൻ ഒരു മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിരുന്നു. ഇതനുസരിച്ച് പഠനവും നിരീക്ഷണവും തുടരുന്നുണ്ട്. ഇതിലൊന്നും പദ്ധതിയുടെ ഭാഗമായി തീരശോഷണമുണ്ടാകുന്നതായി കണ്ടെത്തിയിട്ടില്ല. പദ്ധതി ആരംഭിക്കുന്നതിനുമുമ്പും ഈ പ്രദേശങ്ങളിൽ കടൽക്ഷോഭവും തീരശോഷണവും ഉണ്ടായിരുന്നതായി പഠന റിപ്പോർട്ടുണ്ട്. തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി തീരശോഷണമുണ്ടാകുന്നുവെന്ന വാദം അടിസ്ഥാനരഹിതമാണെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതേസമയം മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളെ സർക്കാർ അനുഭാവപൂർവമാണ് കാണുന്നത്. ഇതിൽ ചിലത് ദീർഘകാലാടിസ്ഥാനത്തിലുള്ളവയും ചിലത് അടിയന്തരമായി പരിഗണിക്കേണ്ടവയുമാണ്. എന്നാൽ കുറച്ച് നാളുകളായി ഒരു വിഭാഗം ആളുകൾ പ്രധാനമായും ഏഴ് ആവശ്യങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് സെക്രട്ടേറിയറ്റിന് മുന്നിലും വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രദേശത്തിന്റെ പരിസരത്തും സമരം നടത്തിവരികയാണ്. അവർ ഏഴ് പ്രധാന ആവശ്യങ്ങളുന്നയിച്ചതിൽ ഭൂരിഭാഗത്തിലും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. എന്നാൽ തുറമുഖ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കണമെന്ന ആവശ്യത്തോട് സർക്കാരിന് യോജിക്കാൻ കഴിയില്ല. സമരക്കാർ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലമുണ്ടാകുന്ന തീരശോഷണത്തിന് ശാശ്വത പരിഹാരം കാണുക;

(2) തീരശോഷണം കാരണം വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ വാടക നൽകി മാറ്റിപ്പാർപ്പിക്കുക;

(3) വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കുക;

(4) തീരശോഷണത്തിന് കാരണമാകുന്നതും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനും കോവളം, ശംഖുംമുഖം ബീച്ചുകൾക്ക് ഭീഷണിയാകുന്നതുമായ തുറമുഖ നിർമ്മാണം നിർത്തിവച്ച് പ്രദേശവാസികളെ ഉൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക;

(5) മണ്ണെണ്ണ വിലവർധന പിൻവലിക്കാൻ ഇടപെടുക. തമിഴ്നാട് മാതൃകയിൽ മണ്ണെണ്ണ ലഭ്യമാക്കുക;

(6) കാലാവസ്ഥാ മുന്നറിയിപ്പുകാരണം കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക;

(7) മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുക.

സമരം നടത്തുന്നവരുടെ പ്രതിനിധികളുമായി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഇക്കാര്യത്തിൽ ചർച്ച നടത്തിവരികയാണ്. തുറമുഖ നിർമ്മാണ പ്രവൃത്തികൾ കടലോര മേഖലയിൽ തീരശോഷണത്തിന് ഇടയാക്കുന്നുവെന്ന ആശങ്ക ഉൾപ്പെടെയുള്ള വിഷയങ്ങളും ചർച്ചയിൽ പരിഗണിച്ചുവരികയാണ്. ചർച്ചകളിൽ മത്സ്യത്തൊഴിലാളികൾ പൂർണ്ണമായും സഹകരിക്കുന്നുണ്ട്. തുറമുഖ പദ്ധതിക്കായി മത്സ്യത്തൊഴിലാളികളെ കുടിയൊഴിപ്പിച്ചിട്ടില്ല. തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുന്നുവെന്ന് പഠനങ്ങളിൽ കണ്ടെത്തിയിട്ടുമില്ല. കടലാക്രമണത്തിനിരയാകുന്ന കുടുംബങ്ങളെയും സി.ആർ.ഇസഡ്. പരിധിക്കുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെയും മാറ്റിപാർപ്പിക്കാനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനായി തിരുവനന്തപുരത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മുട്ടത്തറയിലുള്ള 8 ഏക്കർ ഭൂമി സർക്കാർ കണ്ടെത്തിയിട്ടുണ്ട്. കടൽക്ഷോഭത്തിന്റെയും സി.ആർ.ഇസഡ്. നിയന്ത്രണങ്ങളുടെയും ഭാഗമായി വിഴിഞ്ഞം പദ്ധതി പ്രദേശത്ത് പുനരധിവാസം വേണ്ടിവരുന്നവരുടെ ആവശ്യങ്ങൾക്ക് സർക്കാർ മുൻഗണന നൽകും. ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. അവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതുവരെ 5,500/ രൂപ പ്രതിമാസ വാടകയും സർക്കാർ വഹിക്കുന്നതാണ്. ഇതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പുനർഗേഹം പദ്ധതിയിൽ 2450 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. തിരുവനന്തപുരത്തും കൊല്ലത്തുമുള്ള പുനരധിവാസത്തിന് സർക്കാർ മുൻഗണന നൽകും. തിരുവനന്തപുരം ജില്ലയിൽ 335 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കാനുള്ളത്. സ്വന്തമായി വീടുവയ്ക്കാൻ തയ്യാറാകുന്നവർക്ക് സ്ഥലത്തിനും വീടിനുമായി 10 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. പുനരധിവാസ പദ്ധതിയിലെ വീടുകളുടെ നിർമ്മാണം കാര്യക്ഷമമായി നടപ്പാക്കാൻ മാസന്തോറും അവലോകനം നടത്തുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായും ഫിഷറീസ്, ജലവിഭവ വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർ എന്നിവർ അംഗങ്ങളായുമുള്ള ഒരു സമിതി രൂപീകരിക്കും. വീടുകളുടെ നിർമ്മാണം കൃത്യസമയത്ത് നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിനാണ് സമിതി രൂപീകരിക്കുന്നത്. 2021-2022-ലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ തീരദേശ സംരക്ഷണത്തിനായി അഞ്ച് വർഷക്കാലയളവിലേയ്ക്ക് 5300 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി ചെല്ലാനം തീരത്ത് ആദ്യഘട്ട പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഗുണഫലം

ഈ കാലവർഷത്തിൽ കണ്ടതുമാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ തീരം സംരക്ഷിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ജിയോ ട്യൂബുകൾ, ജിയോ കണ്ടെയ്നറുകൾ, റോളിംഗ് ബാരിയർ സംവിധാനങ്ങൾ, ടെട്രാപോഡുകൾ തുടങ്ങിയവയും സാങ്കേതികവിദ്യയും സമന്വയിപ്പിച്ച് ഉചിതമായ തീരസംരക്ഷണം പ്രാദേശിക പങ്കാളിത്തത്തോടെയും കൂടിയാലോചനകളോടെയും നടപ്പാക്കും. പൂന്തുറയ്ക്കും വലിയതുറയ്ക്കും ഇടയ്ക്ക് കണ്ടെത്തിയിട്ടുള്ള എല്ലാ ഹോട്ട്സ്പോട്ടുകളിലും തീരസംരക്ഷണത്തിനായി 150 കോടി രൂപയുടെ ഒരു പദ്ധതി പുരോഗമിക്കുകയാണ്. പൂന്തുറയിൽ 100 മീറ്ററിൽ നടപ്പാക്കിയ പദ്ധതിയുടെ വിലയിരുത്തലിനുശേഷം മറ്റ് ഹോട്ട്സ്പോട്ടുകളും സംരക്ഷിക്കാൻ നടപടി സ്വീകരിക്കും. ശംഖുംമുഖം പാതയോര സംരക്ഷണം പുരോഗമിച്ചുവരികയാണ്. കോവളം ബീച്ച് പുനരുദ്ധാരണ ടൂറിസം പദ്ധതിക്കായുള്ള 58 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞു.

മണ്ണെണ്ണയുടെ വിലക്കയറ്റം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതല്ല. മണ്ണെണ്ണ വിഹിതം വർധിപ്പിക്കണം എന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്തയയ്ക്കുകയും ഫിഷറീസ് വകുപ്പുമന്ത്രി കേന്ദ്രമന്ത്രിയെ നേരിൽ കാണുകയും ചെയ്തിരുന്നു. നിലവിൽ ലിറ്ററിന് 25 രൂപ സർക്കാർ സബ്സിഡി നൽകുന്നുമുണ്ട്. കേന്ദ്രസർക്കാർ മണ്ണെണ്ണ വില കുറയ്ക്കുമെന്ന് പ്രതീക്ഷിക്കാനാകില്ല. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാകണമെങ്കിൽ മണ്ണെണ്ണ ഇതര ഇന്ധനങ്ങൾ ഉപയോഗിക്കുന്ന യാനങ്ങൾ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കണം. ഘട്ടംഘട്ടമായി ഇതിനുള്ള നടപടികൾ മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കും. ഇതിനായി മത്സ്യത്തൊഴിലാളികളുടെ പിന്തുണയോടെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കും. പ്രകൃതിക്ഷോഭം പോലുള്ള ഘട്ടങ്ങളിലും കോവിഡ്-19 സാഹചര്യത്തിലും എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമ്പത്തിക സഹായവും സൗജന്യ റേഷനും ഭക്ഷ്യക്കിറ്റും ക്ഷേമനിധി ബോർഡിൽ നിന്നുള്ള ധനസഹായവും അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർന്നും ആവശ്യാനുസരണം ഉചിതമായ നടപടി സ്വീകരിക്കും. മുതലപ്പൊഴി ഹാർബറിന്റെ വടക്കുവശത്തായി 23 കോടി രൂപ ചെലവിൽ 1.91 കി.മീ. ദൂരം ഗ്രോയിൻ സംരക്ഷണത്തിനായി ഏറ്റെടുത്തിട്ടുണ്ട്. ഇത് തുറമുഖത്ത് ലാന്റിംഗ് സൗകര്യങ്ങളും സുരക്ഷയും മെച്ചപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിപ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 99.94 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ചിപ്പി ശേഖരണത്തിലും ലോബ്സ്റ്റർ മത്സ്യബന്ധന തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവർക്കും കരമടി മത്സ്യബന്ധന വിഭാഗത്തിൽപ്പെട്ടവർക്കും റിസോർട്ട് തൊഴിലാളികൾക്കുമെല്ലാം ഇതിന്റെ ഗുണഫലം ലഭിച്ചിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 100 കിടക്കകളുള്ള ഒരു താലൂക്കാശുപത്രിയായി ഉയർത്താനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. തുറമുഖ പദ്ധതിക്കായി 7.30 കോടി രൂപ ചെലവിൽ നിർമ്മിച്ച പ്ലാന്റിന് പുറമെ കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആയിരത്തിൽപ്പരം ജലവിതരണ കണക്ഷനുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കോട്ടപ്പുറം പ്രദേശത്ത് ഭവനരഹിതരായ 1026-ൽപ്പരം ആളുകൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് നൽകാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പുനർഗേഹം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ മാത്രം 340 കുടുംബങ്ങളെ ഫ്ളാറ്റുകൾ നിർമ്മിച്ച് പുനരധിവസിപ്പിച്ചിട്ടുണ്ട്. മുട്ടത്തറയിൽ 192-ഉം കാരോട് 128-ഉം ബീമാപള്ളിയിൽ 20-ഉം കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്. തിരുവനന്തപുരം ജില്ലയിൽ വീട് നിർമ്മിക്കാനായി 832 പേർക്ക് ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 399 പേർ വീട് നിർമ്മാണം പൂർത്തിയാക്കി. ബാക്കിയുള്ളവയുടെ തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

തീരശോഷണമുണ്ടാകുന്നതിന് തുറമുഖ നിർമ്മാണവുമായി ബന്ധമില്ലെന്നാണ് ഇതുവരെയുള്ള പഠനങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. എങ്കിലും മത്സ്യത്തൊഴിലാളികൾ ഉന്ന

യിക്കുന്ന ആശങ്കകൾ പരിഗണിച്ച് ഇക്കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കും. ടി സമിതിയോട് മൂന്ന് മാസത്തിനകം ഒരു ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കും. പ്രസ്തുത റിപ്പോർട്ട് ലഭ്യമായശേഷം ആവശ്യമായ നടപടി സ്വീകരിക്കും. ഇവകൂടാതെ തുറമുഖ നിർമ്മാണം പൂർത്തിയായാൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യങ്ങൾക്കായി ഒരു ബോട്ട് ലാൻഡിംഗ് സ്റ്റേഷൻ ഒരുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ഇപ്പോൾത്തന്നെ ആരംഭിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. തുറമുഖം കമ്മീഷൻ ചെയ്യുന്നതോടൊപ്പം ഒരു പാരമ്പര്യേതര ഊർജ്ജ പാർക്ക് (Renewable Energy Park) സ്ഥാപിക്കുന്നുണ്ട്. അതിനുള്ള ഡി.പി.ആർ. തയ്യാറാക്കുകയാണ്. പദ്ധതി പൂർത്തിയായാൽ പാർക്കിൽനിന്നും സബ്സിഡി നിരക്കിൽ ഇന്ധനം നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി ഏറ്റവുമധികം പദ്ധതികളും ആനുകൂല്യങ്ങളും അനുവദിച്ച സർക്കാരാണിത്. അവർ ഉന്നയിക്കുന്ന ഏത് ന്യായമായ ആവശ്യങ്ങളും സർക്കാർ പരിഗണിക്കുകതന്നെ ചെയ്യും. മന്ത്രിതല സമിതി ഇതിനകം നിരവധി ചർച്ചകളും ആശയവിനിമയങ്ങളും നടത്തിക്കഴിഞ്ഞു. സമരക്കാർ ഉന്നയിച്ച ഏഴ് ആവശ്യങ്ങളിൽ പ്രധാനമായും ഈ പദ്ധതി നിർത്തിവയ്ക്കുക എന്നതൊഴികെ മഹാഭൂരിഭാഗവും പരിഗണിച്ച് നടപ്പിലാക്കാൻ തയ്യാറാണെന്ന് സർക്കാർ അവരെ അറിയിച്ചിട്ടുണ്ട്. എന്നാൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യം ഒരു സാഹചര്യത്തിലും അംഗീകരിക്കാനാകാത്തതാണ്. ദേശീയ പ്രാധാന്യമുള്ളതും ഇത്രയധികം പുരോഗമിച്ചതുമായ പദ്ധതി നിർത്തിവയ്ക്കണമെന്ന ആവശ്യം യുക്തിസഹമല്ല, അംഗീകരിക്കാനാകുന്നതുമല്ല. പദ്ധതിയിലെ കാലതാമസം സംബന്ധിച്ചുള്ള ആർബിട്രേഷൻ നടപടികൾ പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു നടപടിയും സ്വീകരിക്കാനാകില്ല. പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിരുന്നു. ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ ഉന്നയിച്ചതുപോലെ വിഴിഞ്ഞം പദ്ധതി പൊതുമേഖലയിൽ ആരംഭിക്കണമെന്നതായിരുന്നു ഞങ്ങളുടെ  നിലപാട്. അന്നത്തെ സർക്കാർ അത് അംഗീകരിച്ചില്ല. തുടർന്ന് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ പദ്ധതി പ്രവർത്തനം ആരംഭിച്ചിരുന്നു. അതിനാൽ പദ്ധതി തുടരട്ടെയെന്ന നിലപാട് സംസ്ഥാന താൽപ്പര്യം മുൻനിർത്തി എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചു. ഇപ്പോൾ ആറ് വർഷം പിന്നിട്ടു. പദ്ധതി നിർവഹണത്തിൽ നല്ല പുരോഗതിയുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നിർത്തിവയ്ക്കാനാകില്ല. മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരത്തെ സംയമനത്തോടെയാണ് സർക്കാരും പോലീസും കൈകാര്യം ചെയ്യുന്നത്. ഒരുതരത്തിലും മത്സ്യത്തൊഴിലാളി മേഖലയിൽ സംഘർഷമുണ്ടാകരുതെന്ന് സർക്കാരിന് നിർബന്ധമുണ്ട്. എന്നാൽ ഏതുവിധേനയും സംഘർഷമുണ്ടാക്കണമെന്ന രീതിയിൽ ഒരു വിഭാഗം നടത്തുന്ന പ്രവർത്തനങ്ങളെ കാണാതിരിക്കാനാകില്ല. ചിലരുടെ പ്രവർത്തനം സദുദ്ദേശ്യത്തോടെയല്ലെന്നും ചിലർക്കെങ്കിലും രാഷ്ട്രീയ ലക്ഷ്യമുണ്ടെന്നുള്ളതും വിസ്മരിക്കാനാകില്ല. ഇപ്പോൾ ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിച്ചുവരികയാണ്. നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുത്തരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലും സർക്കാർ ഇടപെടൽ അനിവാര്യമായിട്ടുണ്ട്. സമരം ചെയ്യുന്നവർ ഉന്നയിക്കുന്ന ആവശ്യങ്ങൾ മാത്രമല്ല പ്രാദേശികമായി മറ്റ് ആശങ്കകളും പ്രശ്നങ്ങളുമുണ്ടെങ്കിൽ അവയും സർക്കാർ പരിഗണിക്കും. ഏറെ പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്ന സമൂഹമാണ് മത്സ്യത്തൊഴിലാളികളുടേത്. അതുകൊണ്ടാണ് തീരമേഖലയിലെ പ്രശ്നങ്ങൾക്ക് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. അത് മനസ്സിലാക്കിയും ഉൾക്കൊണ്ടും അനുഭവങ്ങളുടെ വെളിച്ചത്തിലും ഈ സമരത്തിൽനിന്ന് ബന്ധപ്പെട്ടവർ അടിയന്തരമായി പിന്തിരിയണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. തുറമുഖനിർമ്മാണം പൂർത്തീകരണത്തിലേയ്ക്കടുക്കുന്ന ഘട്ടത്തിൽ അത് നിർത്തിവയ്ക്കണമെന്ന ആവശ്യമൊഴികെ ഉന്നയിക്കുന്ന ന്യായമായ ഏത് ആവശ്യവും പരിഗണിക്കുന്നതിൽ സർക്കാരിന് വിമുഖതയില്ല. ഈ യാഥാർഥ്യം മനസ്സിലാ

ക്കി ബന്ധപ്പെട്ടവർ സമരത്തിൽനിന്ന് അടിയന്തരമായി പിന്തിരിയണമെന്നാണ് സർക്കാരിന്റെ അഭ്യർഥന. അതിന് അവർ തയ്യാറാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

സർ, സമരം നടത്തുന്ന മത്സ്യത്തൊഴിലാളികളും സർക്കാരും രണ്ട് ചേരിയിലേ അല്ല. എല്ലാ പ്രശ്നങ്ങളിലും ഒരേ ചേരിയിലാണ്. മത്സ്യത്തൊഴിലാളികളുടെ ഏത് പ്രശ്നവും പരിഹരിക്കാൻ അവരോടൊപ്പം നിൽക്കുന്ന സമീപനമാണ് എല്ലാ ഘട്ടത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഓഖി ദുരന്തം എല്ലാവർക്കും ഓർമ്മയുണ്ടാകും. ഓഖി ദുരന്ത ഘട്ടത്തിൽ രാജ്യത്തെവിടെയുമി ല്ലാത്ത തരത്തിലുള്ള ഒരു പാക്കേജായിരുന്നു സർക്കാർ കൊണ്ടുവന്നത്. അത് മത്സ്യത്തൊഴി ലാളികളോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി കൊണ്ടുവന്നതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുമ്പോൾ 'സമ രത്തിന് നേതൃത്വം കൊടുക്കുന്നവരിൽ ചിലർ നടത്തുന്ന ഇടപെടലുകൾ ചില പ്രത്യേക ഉദ്ദേശ്യ ത്തോടുകൂടിയാണെന്നാണ് തോന്നുന്നത്' എന്നൊരു വാചകം ഞാൻ സൂചിപ്പിച്ചിരുന്നു. മത്സ്യ ത്തൊഴിലാളികളുടെ പ്രശ്നത്തിൽ സഭ ഒന്നാകെയാണ് എല്ലാ നിലപാടുകളുമെടുത്തിട്ടുള്ളത്. അക്കാര്യത്തിൽ ഭിന്നതയുടെ പ്രശ്നമില്ല. എന്തെങ്കിലും കൂടിപ്പോയെന്ന് ആരെങ്കിലും പറയു മെന്നല്ലാതെ കുറഞ്ഞുപോകുന്ന അവസ്ഥ ഒരു ഘട്ടത്തിലുമുണ്ടായിട്ടില്ല. പരിധിക്കുള്ളിൽനി ന്ന് എത്രമാത്രം ചെയ്യാൻ കഴിയുമോ അതും അതിൽ കൂടുതലും ചെയ്യുകയെന്നതാണ് സർ ക്കാർ ഉദ്ദേശിക്കുന്നത്. പക്ഷെ ചില ഭാഗങ്ങളിൽനിന്നും സാധാരണഗതിയിൽ പ്രതീക്ഷിക്കാത്ത എന്തോ ചില താൽപര്യങ്ങൾ വച്ചുകൊണ്ടുള്ള നീക്കമുണ്ടാകുന്നു. അത് സംസ്ഥാനത്തിന്റെ താൽപര്യത്തിന് ചേർന്നതല്ല. എന്തിന്റെ പേരിലായാലും അത്തരത്തിലൊരു നിലപാട് തുടർന്നു കൊണ്ടുപോകാൻ പാടില്ല. എല്ലാവരുമല്ല. ചില ആളുകളാണ് അത്തരം നിലപാടുകൾ സ്വീകരി ക്കുന്നത്. സർക്കാർ സ്വീകരിച്ച നടപടികളിൽ മതിപ്പുള്ള ധാരാളം ആളുകളുണ്ട്. സമരം നടത്തു ന്നവരും സമരത്തിന് നേതൃത്വം കൊടുക്കുന്നവരും കേരളത്തിലുള്ളവരാണ്. അവർക്കെല്ലാം അനുഭവങ്ങളുണ്ട്. ആ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ശരിയായി ചിന്തിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർഥിച്ചത്, അതാണ് പ്രതീക്ഷിക്കുന്നത്. ഇന്നും ചർച്ച നടത്താൻ സർക്കാർ സന്നദ്ധമാണ്. ഒരു തവണ ചർച്ച നടത്താൻ തയ്യാറായി വിവരങ്ങ ളെല്ലാം കൊടുത്തു. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി നേരിട്ട് അവരുമായി സംസാരിച്ചു. ഓഫീസിൽ നിന്ന് വിവരങ്ങൾ കൊടുത്തപ്പോൾ അവർ വരുമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിമാരടക്കം എല്ലാവരും അവരെ പ്രതീക്ഷിച്ചിരുന്നെങ്കിലും അവർ വന്നില്ല. നിർഭാഗ്യകരമായ ഒരു അവസ്ഥയായിരുന്നു അത്. ഇക്കാര്യത്തിൽ ഒരു പിടിവാശിയുമില്ല. സർക്കാർ ഇന്നും ചർ ച്ചയ്ക്ക് തയ്യാറാണ്.

**2022 ഡിസംബർ 05**

# ദേശീയപാത വികസനം

സർ, സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് മുന്തിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. 2011-2016 കാലഘട്ടത്തിൽ എങ്ങുമെത്താതെ മുടങ്ങിക്കിടന്ന ദേശീയ പാത വികസനം സാദ്ധ്യമാക്കാൻ നിശ്ചയദാർഢ്യത്തോടെയുള്ള നടപടികളാണ് 2016-ൽ അധികാരത്തിൽ വന്ന സർക്കാർ സ്വീകരിച്ചത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നയമനുസരിച്ച് അവാർഡ് ചെയ്ത് പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് പദ്ധതിക്കാവശ്യമായതിന്റെ 80-90 ശതമാനം ഭൂമിയെങ്കിലും ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനും ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്നതിനും സത്വരനടപടികളാണ് സർക്കാർ സ്വീകരിച്ചത്. സ്ഥലം വിട്ടുനൽകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാനും തുകയുടെ 25 ശതമാനം വഹിക്കാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു. അർഹരായ എല്ലാവർക്കും 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നഷ്ടപരിഹാരം ഉറപ്പാക്കി തെറ്റിദ്ധാരണ സൃഷ്ടിക്കാൻ നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തി ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെയാണ് പദ്ധതി ഇപ്പോൾ പുരോഗമിക്കുന്നത്. സ്ഥലമേറ്റെടുപ്പിന്റെ 98.92 ശതമാനവും പൂർത്തിയായിക്കഴിഞ്ഞു.

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുമായി യോഗം ചേർന്ന് ഭൂമിയേറ്റെടുക്കൽ പുരോഗതി എല്ലാ ആഴ്ചയിലും വിലയിരുത്തുന്നുണ്ട്. ദേശീയപാത വികസനത്തിന്റെ ഏകോപനം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. ഇതുകൂടാതെ നിർമ്മാണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ടെത്തി വിലയിരുത്തുകയും ജില്ലകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ദേശീയപാത വികസനത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിലുള്ള യോഗങ്ങളും നടത്തുന്നുണ്ട്. വിവിധ റീച്ചുകളിലായി ദേശീയപാതയുടെ വികസന പ്രവൃത്തികൾ നടന്നുവരികയാണ്. അസാദ്ധ്യമെന്ന് പറഞ്ഞ് പലരും എഴുതിത്തള്ളിയ ഈ സ്വപ്നപദ്ധതി 2025-ഓടെ പൂർത്തിയാക്കുകയാണ് ലക്ഷ്യം. പദ്ധതി പൂർത്തിയാകുന്നതോടെ ഗതാഗത സൗകര്യങ്ങളിലുണ്ടാകുന്ന മാറ്റം സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് കൂടുതൽ ഊർജ്ജം പകരുമെന്ന് പ്രതീക്ഷിക്കുന്നു.

സർ, ദേശീയപാത വികസന കാര്യത്തിൽ കാലതാമസമുണ്ടായെന്നത് വസ്തുതയാണ്. ചില വീഴ്ചകൾ അക്കാര്യത്തിലുണ്ടായതിന്റെ ഫലമായി മറ്റു സംസ്ഥാനങ്ങളിലൊക്കെ ദേശീയ പാത വികസനം നടക്കുമ്പോൾ കേരളത്തിലെ ദേശീയപാത മാത്രം വികസിക്കാതെ പഞ്ചായ ത്ത് റോഡിന്റെ അവസ്ഥയിൽ കിടക്കുന്നതിനിടയായി. ഈയൊരു ഘട്ടത്തിലാണ് ദേശീയപാത വികസനം നടക്കണമെന്ന നിർബന്ധബുദ്ധിയോടെ കേന്ദ്ര സർക്കാരിനെ സമീപിക്കാൻ 2016-ൽ സംസ്ഥാന സർക്കാർ തയ്യാറായത്. കേരളത്തിൽ ഉയർന്ന വില കൊടുത്ത് ഭൂമി ഏറ്റെടു ക്കാൻ സാധിക്കില്ലെന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകണമെന്നുമായിരുന്നു കേന്ദ്ര സർക്കാർ ആദ്യഘട്ടത്തിൽ സ്വീകരിച്ച നിലപാട്. അത് സാദ്ധ്യമല്ലെന്നും എല്ലാ സ്ഥലങ്ങളിലും കേന്ദ്ര സർക്കാർ ഭൂമി ഏറ്റെടുത്ത് ദേശീയപാത വികസനം നടത്തിയതുകൊണ്ട് കേരളത്തി ലും അങ്ങനെതന്നെ വേണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചു. ആ തർക്കം കുറച്ചുകാലം നീണ്ടുപോവുകയും അവസാനം ഇരു സർക്കാരുകളും ഒത്തുതീർ പ്പിലെത്തുകയും നിർമ്മാണച്ചെലവിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കാമെന്ന് സമ്മതി ക്കുകയും ചെയ്തു. പ്രസ്തുത 25% സർക്കാർ വഹിക്കാൻ തയ്യാറായത് ഒരു തരത്തിലുള്ള പിഴയായിരുന്നു. കാരണം, കൃത്യസമയത്ത് ടി പ്രവൃത്തി ഏറ്റെടുക്കാത്തതിന്റെ ഭാഗമായി സം സ്ഥാനത്തിന് ഒടുക്കേണ്ടിവന്ന പിഴയാണത്. അതൊരു സൗകര്യമായെടുത്ത് ഇനിയുള്ള എല്ലാ പദ്ധതികൾക്കും സംസ്ഥാന സർക്കാരിന്റെ നിശ്ചിത വിഹിതംകൂടി വേണമെന്നുള്ള നിലപാട് ചില കാര്യങ്ങളിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. അത് ശരിയായ സമീപനമല്ല. രാജ്യത്ത് മറ്റൊരു സംസ്ഥാന സർക്കാരും ദേശീയപാതാ വികസനവു മായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലിൽ പങ്കുവഹിക്കുന്നതായി കേട്ടിട്ടില്ല. അത് സംസ്ഥാനത്തി ന് വഹിക്കാൻ കഴിയുന്നതല്ലെന്നും കേന്ദ്ര സർക്കാർ തന്നെ ഭൂമി എറ്റെടുക്കേണ്ടതാണെന്നും ആയതിന്റെ വിലയും കേന്ദ്ര സർക്കാർ തന്നെ കൊടുക്കേണ്ടതാണെന്നും നാഷണൽ ഹൈവേ അതോറിറ്റിയോടും ബന്ധപ്പെട്ട വകുപ്പിനോടും മന്ത്രിയോടുമൊക്കെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. ഇതൊരു സൗജന്യമല്ല; മറിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ടൊരവകാശമാണ്. ആ അവകാശം ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിക്കുകയാണ് വേണ്ടത് .ഫലപ്രദമായി അക്കാര്യങ്ങൾ നീങ്ങുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

സർ, തൃശ്ശൂരിൽ നിന്നുവരുന്ന നാഷണൽ ഹൈവേ ആറുവരിപ്പാതയാക്കുന്നതിനുള്ള പ്രവൃ ത്തി നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രൊപ്പോസൽ നിലവിലുണ്ട്. അതിനാവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോയെന്ന കാര്യത്തിൽ സംശയമുണ്ട്. നേരത്തെ ഏറ്റെടുത്ത സ്ഥ ലത്തുതന്നെ അത് ചെയ്യാൻ സാധിക്കുമെന്നാണ് തോന്നുന്നത്. അത്തരം കാര്യങ്ങൾ പരിശോ ധിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി കാര്യങ്ങൾ നീക്കികൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏത് പ്രദേശത്തായാലും ഇന്നുള്ള നില യായിരിക്കില്ല കുറച്ചുകാലം കഴിഞ്ഞാലുണ്ടാവുന്നത്. അതുകൊണ്ടാണ് ദീർഘവീക്ഷണത്തോ ടെ പദ്ധതികൾ തയ്യാറാക്കണമെന്ന് പറയുന്നത്. ആവശ്യമായ കാര്യങ്ങൾ പരിശോധിച്ച് തീരു മാനിക്കാം. ബഹുമാനപ്പെട്ട അംഗം ഖത്തറിൽ പോയപ്പോൾ കണ്ടുമോഹിച്ച റോഡിനെക്കുറിച്ച് പറഞ്ഞു. അത്തരം പ്രദേശങ്ങളിൽ നല്ല റോഡാണെന്ന് നമുക്കെല്ലാവർക്കും അറിയാം. നമ്മുടെ നാടും അതേ രീതിയിൽത്തന്നെ വികസിച്ചുവരികയാണ് വേണ്ടത്. അതിനുള്ള നടപടികളിലേ യ്ക്കാണ് നാം നീങ്ങേണ്ടത്. നമ്മൾ ഒന്നിച്ചുനിന്നാൽ അതൊന്നും അസാദ്ധ്യമല്ല. അത്തരം കാ ര്യങ്ങളിൽ നമുക്കൊന്നിച്ച് നീങ്ങാൻ കഴിയണമെന്ന് മാത്രമേ സൂചിപ്പിക്കുന്നുള്ളൂ.

2022 ഡിസംബർ 07

### ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## വിഴിഞ്ഞം തുറമുഖസമരം ഒത്തുതീർപ്പാക്കൽ

സർ, കേരളത്തിലെ സാമ്പത്തിക-വാണിജ്യ രംഗങ്ങളിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കാൻ സാധ്യതയുള്ളതാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. ഭൂമിശാസ്ത്രപരമായ സവിശേഷതകളും വ്യാപാരബന്ധങ്ങൾ സ്ഥാപിക്കാനുള്ള അനുയോജ്യതയുമാണ് ഈ തുറമുഖ പദ്ധതിയെ അനന്യമാക്കുന്നത്. വിഴിഞ്ഞം തീരത്തുനിന്നും 10 നോട്ടിക്കൽ മൈൽ അകലത്തിലൂടെയാണ് അന്താരാഷ്ട്ര കപ്പൽ പാത കടന്നുപോകുന്നത്. തീരത്തുനിന്നും ഒരു നോട്ടിക്കൽ മൈൽ അകലം വരെ 24 മീറ്റർ പ്രകൃതിദത്ത ആഴമുണ്ട് എന്നുള്ളത് വിഴിഞ്ഞം തുറമുഖത്തിന്റെ സവിശേഷതയാണ്. ചരിത്രപരമായിത്തന്നെ, അന്താരാഷ്ട്ര പ്രസിദ്ധി ലഭിച്ച തുറമുഖമെന്ന പ്രത്യേകതയും വിഴിഞ്ഞത്തിനുണ്ട്. വിഴിഞ്ഞം തുറമുഖനിർമ്മാണം 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഈ ഘട്ടത്തിൽ ചില കോണുകളിൽനിന്നും ആശങ്കകൾ ഉയർന്നുവരികയും തുറമുഖ പ്രദേശത്ത് ആഗസ്റ്റ് 16 മുതൽ പ്രതിഷേധ പരിപാടികൾ ആരംഭിക്കുകയുമുണ്ടായി. സമരസമിതി പ്രധാനമായും ഏഴ് ആവശ്യങ്ങളാണ് മുന്നോട്ടുവച്ചത്. ഇതിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യമൊഴികെ മറ്റ് ആവശ്യങ്ങളെക്കുറിച്ച് സർക്കാർ തുറന്ന മനസ്സോടെ സമരസമിതിയുമായി പലവട്ടം ചർച്ചകൾ നടത്തുകയും ഇതിനായി ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. ആഗസ്റ്റ് 19 മുതൽ ഈ മന്ത്രിസഭാ ഉപസമിതി സമരസമിതി നേതാക്കളുമായി വിവിധ തീയതികളിൽ പലവട്ടം ചർച്ചകൾ നടത്തി. തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യമൊഴികെ മറ്റെല്ലാ ആവശ്യങ്ങളെയും സംബന്ധിച്ച് ഉപസമിതിയുമായുള്ള ചർച്ചയിൽ ധാരണയായിരുന്നു. സമരം അവസാനിക്കാത്തതിനെ തുടർന്ന് ചീഫ് സെക്രട്ടറി തലത്തിലും തുടർചർച്ചകൾ നടക്കുകയുണ്ടായി. ചില ഘട്ടങ്ങളിൽ സമരം അക്രമാസക്തമാകുന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷവുമുണ്ടായി. ക്രമസമാധാന പാലനത്തിനായി വിന്യസിക്കപ്പെട്ട സംസ്ഥാന പോലീസ് സേന തികഞ്ഞ സംയമനത്തോടെയാണ് ഈ സ്ഥിതിവിശേഷത്തെ നേരിട്ടത്. അനിഷ്ടസംഭവങ്ങൾ നിയന്ത്രണാതീതമാകാതിരിക്കാൻ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായ ഈ സമീപനം ഏറെ സഹായകരമായി. സമരസമിതിയുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ അവർ ഉന്നയിച്ച ആവശ്യങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും അവ നടപ്പാക്കിവരികയുമാണ്. സമരസമിതി ഉയർത്തിയ പ്രധാന ആവശ്യങ്ങൾക്കുമേൽ ഇന്നലെ (06.12.2022) നടത്തിയ ഉന്നതതല ചർച്ചകളിൽ തീരുമാനമാകുകയും സമരം

അവസാനിപ്പിക്കാൻ സമരസമിതി തയ്യാറാകുകയുമുണ്ടായി. തീരുമാനങ്ങളുടെ വിശദാംശം സഭയെ അറിയിക്കുകയാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുവാനായി 03-11-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയും തുറമുഖ സെക്രട്ടറിയും മേൽനോട്ടം വഹിക്കുന്നതാണ്.

ഫ്ലാറ്റുകളുടെ നിർമ്മാണം ഒന്നരക്കൊല്ലംകൊണ്ട് പൂർത്തിയാക്കുന്നതാണ്. രണ്ടുമാസത്തെ വാടക അഡ്വാൻസായി നൽകും. 01-09-2022-ലെ സർക്കാർ ഉത്തരവുപ്രകാരം 5,500/ രൂപ പ്രതിമാസ വാടക ഇനത്തിൽ നൽകുന്നതാണ്. പനരധിവാസ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും വീടിന്റെ ആകെ വിസ്തീർണ്ണം 635 Sq.Ft (550 Sq.Ft Built up space + 85 Sq.Ft Common space for each unit) ൽ അധികരിക്കാതെ ഡിസൈനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്യുന്നതാണ്. ഇതുകൂടാതെ വലയും മറ്റ് ഉപകരണങ്ങളും സൂക്ഷിക്കാനായി പൊതുവായി ഒരു സ്ഥലമൊരുക്കും.

തീരശോഷണവുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച പഠന സമിതി മത്സ്യത്തൊഴിലാളികളുടെ വിദഗ്ധ പ്രതിനിധികളുമായി ചർച്ച നടത്തുന്നതാണ്; തുറമുഖ നിർമ്മാണ പ്രവർത്തനം തുടരുന്നതാണ്.

നിലവിലുള്ള മണ്ണെണ്ണ എഞ്ചിനുകൾ ഡീസൽ, പെട്രോൾ, ഗ്യാസ് എഞ്ചിനുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഉടൻ നടപ്പിലാക്കും. ഇതിനായി ഒറ്റത്തവണ സബ്സിഡി നൽകും. കേരള തീരത്ത് മത്സ്യബന്ധനം നടത്തരുതെന്ന് ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം പുറപ്പെടുവിക്കുന്ന തീയതികളിൽ തൊഴിൽനഷ്ടമുണ്ടാകുന്നത് പരിഗണിച്ച് ഫിഷറീസ് വകുപ്പിന്റെ അംഗീകാരമുള്ള പട്ടികയിൽ ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക്, മേൽ നിർദ്ദേശം നിലനിൽക്കുന്ന തീയതികളുടെ എണ്ണം കണക്കാക്കി ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡം A(1)(e) അനുസരിച്ച് തൊഴിൽ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കും. അതുകൂടാതെ, ഫിഷറീസ് വകുപ്പിന്റെ അംഗീകാരമുള്ള പട്ടികയിൽ ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികളെ ആവശ്യമുള്ളപക്ഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ തൊഴിൽദാന പദ്ധതികളിൽ ഉൾപ്പെടുത്തും.

മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രണ്ടാഴ്ചയ്ക്കുള്ളിൽ പൂനെ സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ (CWPRS)മായും മത്സ്യത്തൊഴിലാളി പ്രതിനിധികളുമായും ഫിഷറീസ് വകുപ്പ് ചർച്ച സംഘടിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കും.

സമരം രമ്യമായി അവസാനിപ്പിക്കാൻ മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ മേജർ കർദ്ദിനാൾ മാർബസേലിയോസ് ക്ലിമ്മിസ് ബാവ തീരുമേനി മുൻകൈയ്യെടുത്തതും അദ്ദേഹത്തിന്റെ ഇടപെടലും പ്രത്യേക പരാമർശം അർഹിക്കുന്നു. ആപത്ഘട്ടങ്ങളിൽ ജനസമൂഹത്തിന്റെ സംരക്ഷണത്തിനായി സ്വന്തംജീവൻ പണയപ്പെടുത്തി രംഗത്തുവന്നിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ താത്പര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് നാടിന്റെ വികസനത്തിനുള്ള സുപ്രധാന പദ്ധതിയായ വിഴിഞ്ഞം തുറമുഖ നിർമ്മാണം മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികളാണ് എല്ലാ ഘട്ടത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഉയർന്നുവന്ന ആശങ്കകളെ അർഹിക്കുന്ന ഗൗരവത്തോടെ സമീപിച്ച് പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ പദ്ധതിയോടുള്ള പൂർണ്ണ സഹകരണം എല്ലാ വിഭാഗം ജനങ്ങളിൽനിന്നും സർക്കാർ പ്രതീക്ഷിക്കുന്നു.

സംസ്ഥാന സർക്കാർ വികസന രംഗത്ത് നിർണ്ണായകമായ കാൽവയ്പുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സ്ഥായിയായ സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറ പാകുന്ന ഭൗതിക, സാമൂഹിക പശ്ചാത്തല സൗകര്യ വികസനത്തിന് സർക്കാർ പ്രതിജ്ഞാ

ബദ്ധമാണ്. എന്നാൽ വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ അവ മാനുഷിക മുഖത്തോടെയാകണമെന്ന കാര്യത്തിലും സർക്കാരിന് നിഷ്കർഷയുണ്ട്. പുനരധിവാസത്തിനും ജീവനോപാധികളുടെ സംരക്ഷണത്തിനും സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. ഇതുവരെയുള്ള എല്ലാ വികസന പദ്ധതികളിലും സർക്കാർ ഇക്കാര്യം ഉറപ്പുവരുത്തിയിട്ടുമുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിലും സർക്കാരിന് ഈ സമീപനം തന്നെയാണുള്ളത്.

## 2023 ഫെബ്രുവരി 01

# കെ-ഫോൺ

സർ, സംസ്ഥാനത്ത് വർദ്ധിച്ച രീതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ചുവടെ കൊടുക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**1. 'കേരള നോളജ് ഇക്കോണമി മിഷൻ' (കെ.കെ.ഇ.എം.)**

20 ലക്ഷം പേർക്ക് തൊഴിൽ നൽകി കേരളത്തെ ഒരു നോളജ് സൊസൈറ്റിയായി വിജയിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 'കേരള നോളജ് ഇക്കോണമി മിഷൻ' ആരംഭിച്ചു. ഈ സംരംഭത്തിന്റെ ഭാഗമായി വ്യത്യസ്ത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യുന്നതിനായി ഒരു ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും കെ-ഡിസ്കിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പങ്കാളിത്ത സംഘടനകളുമായിച്ചേർന്ന് കെ.കെ.ഇ.എം. ഇതുവരെ 32235 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

**2. ഡിജിറ്റൽ സയൻസ് പാർക്ക്**

ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ആധുനികരീതിയിൽ ഒരു ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ഡിജിറ്റൽ സയൻസ് മേഖല കേന്ദ്രീകരിച്ചുള്ള ഇന്ത്യയിലെ ആദ്യ പാർക്കായിരിക്കും ഡിജിറ്റൽ സയൻസ് പാർക്ക്. ടെക്നോപാർക്ക് നാലാംഘട്ടമായ ടെക്നോസിറ്റിയിലെ 14 ഏക്കറിൽ ഡിജിറ്റൽ സർവ്വകലാശാലയോടുചേർന്നാണ് ഡിജിറ്റൽ സയൻസ് പാർക്ക് ആസൂത്രണം ചെയ്തിരിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെയും വ്യവസായ മേഖലയുടെയും സഹകരണം പ്രതീക്ഷിക്കുന്നു. കേരളത്തിൽ വളരെയധികം വിജ്ഞാന വ്യവസായങ്ങൾക്ക് തുടക്കമിടാനും പാർക്ക് സഹായിക്കും. സാങ്കേതികവിദ്യാ നവീകരണത്തിനുള്ള നിക്ഷേപത്തിന്റെ വലിയഭാഗം പാർക്കിലൂടെ നിറവേറ്റാനാകും.

**3. ഐ. ടി. പാർക്കുകൾ**

സംസ്ഥാനത്തെ സർക്കാർ ഐ.ടി. പാർക്കുകളിൽ അടുത്ത 5 വർഷത്തിനുള്ളിൽ 1 കോടി ചതുരശ്രയടി ഐ.ടി. സ്പെയ്സ് പൂർത്തിയാക്കാൻവേണ്ടിയുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്കിൽ ഒന്നാംഘട്ടം മുതൽ നാലാംഘട്ടം വരെയുള്ള പദ്ധതികളിലായി 59 ലക്ഷം ചതുരശ്രയടി കെട്ടിടവും 53000 പേർക്ക് പ്രത്യക്ഷമായും 1.5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 18.42 ലക്ഷം ചതുരശ്രയടി കെട്ടിടങ്ങളും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും അതിലൂടെ ഉദ്ദേശം 18000 പേർക്ക് പ്രത്യക്ഷമായും 54000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യത ലക്ഷ്യമിടുന്നു. കോഴിക്കോട് സൈബർ പാർക്കിൽ ഏകദേശം 4 ലക്ഷം ചതുരശ്രയടി ഐ.ടി. കെട്ടിടവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും വിഭാവനം ചെയ്യുന്നു. ഇതിലൂടെ ഏകദേശം 4000 പേർക്ക് പ്രത്യക്ഷമായും 12000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. സംസ്ഥാനത്തേയ്ക്ക് വൻകിട കമ്പനികളെ ആകർഷിച്ച് ഐ.ടി. വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലുള്ള കോ-വർക്കിംഗ് സ്പെയ്സ് സംവിധാനം പ്രയോജനപ്പെടുത്തി 'റിമോർട്ട് വർക്ക് ഫോഴ്സ് ' വഴി കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ഐ.ടി. പാർക്കുകളിലേയ്ക്ക് ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ 20 വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ-അന്തർദ്ദേശീയതലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ. ഉൾപ്പെടെയുള്ള 64 പ്രമുഖ കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5 ജി ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി ദേശീയപാത 66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ ഇരുപതോളം ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻവേണ്ട നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ്' എന്ന പേരിൽ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിലന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്നവേഷൻ & എന്റർപ്രിണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ അഥവാ മിനി ഇൻക്യുബേറ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. അതിൽനിന്നും സാങ്കേതികാധിഷ്ഠിത സ്റ്റാർട്ടപ്പുകൾ രൂപപ്പെടുവാൻ വിവിധ ഇന്നവേഷൻ ചലഞ്ചുകൾ നടത്തുകയും നിക്ഷേപം ലഭിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തുവരുന്നു. കൊച്ചിയിലും തിരുവനന്തപുരത്തും സ്റ്റാർട്ടപ്പുകൾക്കായി പുതിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് മൂന്ന് മുതൽ നാല് ലക്ഷംവരെ തൊഴിൽ കൊടുക്കുവാനുള്ള ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരികയാണ്.

**4. കാർഷിക മേഖല**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഉൽപ്പാദന മേഖല, സേവന മേഖല, മൂല്യവർദ്ധിത മേഖല, വിപണന മേഖല എന്നിവ കേന്ദ്രീകരിച്ച് കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും 25,642 കൃഷിക്കൂട്ടങ്ങൾ വഴി 1,36,344 തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മൂല്യവർദ്ധിത കാർഷിക മിഷന്റെ ഭാഗമായി ഒരു ലക്ഷം തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു.

(ബി) നിർമ്മിത ബുദ്ധിയിലധിഷ്ഠിതമായ മെഷീൻ ട്രാൻസ്ലേഷൻ, ചാറ്റ് ബോട്ട്, ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ (ഒ.സി.ആർ) തുടങ്ങിയ സംരംഭങ്ങൾ International Centre for Free and Open Source Software (ICFOSS) നടപ്പിലാക്കിവരുന്നു. ഗ്രാഫീൻ ഇന്നവേഷൻ സെന്ററി

ന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി കിൻഫ്ര ഹൈടെക് പാർക്കിൽ ഒരു ക്ലീൻ റൂം നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഗവേഷണം, വിപണി കണ്ടെത്തൽ എന്നിവയെല്ലാം സെന്ററിലൂടെ വിഭാവനം ചെയ്യുന്നുണ്ട്. 2023 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ ഈ സെന്റർ ഓഫ് എക്സലൻസ് കിൻഫ്ര ഹൈടെക് പാർക്കിൽ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഗ്രാഫീൻ അനുബന്ധ ഗവേഷണത്തോടൊപ്പം ചെറിയ വ്യവസായ സംരംഭകർക്കുള്ള സഹായങ്ങളും പ്രദാനം ചെയ്യാൻ പദ്ധതിയിടുന്നതുവഴി ഗ്രാഫീൻ അനുബന്ധ വ്യവസായങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കും. വ്യവസായ സംരംഭകർക്ക് ഗ്രാഫീൻ ഗവേഷകരുമായി സംവദിക്കാനുള്ള സാഹചര്യം ഈ സെന്ററിലൂടെ ലഭിക്കും.

(സി) കെ-ഫോൺ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ പ്രവൃത്തികൾ നടന്നുവരികയാണ്. പദ്ധതിയുടെ പ്രാഥമികഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 കുടുംബങ്ങൾക്കുവീതം, 140 മണ്ഡലങ്ങളിലുള്ള ആകെ 14000 കുടുംബങ്ങൾക്ക്, സൗജന്യമായി കെ-ഫോൺ കണക്ഷൻ ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്നമുറയ്ക്കാണ് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. വിവരസാങ്കേതികവിദ്യ, ആശയവിനിമയ സാങ്കേതികവിദ്യ എന്നിവയുടെ വ്യാപനമാണ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഡിജിറ്റൽ സമ്പദ്വ്യവസ്ഥയെ പിന്തുണയ്ക്കുന്നത്. പ്രസ്തുത സാങ്കേതികവിദ്യകളുടെ വ്യാപനത്തിന് കെ-ഫോൺ പദ്ധതിവഴി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സഹായകരമാകും. കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും ബന്ധിപ്പിക്കുന്നതുവഴിയും സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കാനാകും. ഇന്റർനെറ്റിന്റെ വ്യാപനംവഴി കാർഷിക-വ്യാവസായിക മേഖലകളിൽ നൂതന സാങ്കേതികവിദ്യയിലൂടെയുള്ള വളർച്ച സാധ്യമാകും. കൂടാതെ ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാകും. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ്-ഓഫ്-തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താനാകും.

സർ, സംസ്ഥാനത്ത് ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിനാണ് കെ-ഫോൺ പദ്ധതി വിഭാവന ചെയ്തത്. സംസ്ഥാനത്തെ മുപ്പതിനായിരത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കാനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സൗജന്യമായും കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6510 കിലോമീറ്റർ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. 22802 കിലോമീറ്റർ All-dielectric self-supporting cable, Optical Fiber Cable എന്നിവ സ്ഥാപിക്കാനുള്ളതിൽ 18615 കിലോമീറ്റർ പൂർത്തിയാക്കിയിട്ടുണ്ട്. 375 പോയിന്റ് ഓഫ് പ്രസൻസുകളിൽ 337 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ ലൈസൻസും ഇന്റർനെറ്റ് പ്രൊവൈഡർ ലൈസൻസും ലഭിച്ചിട്ടു

ണ്ട്. 26057 ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 11832 ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ 100 ബി.പി.എൽ. കുടുംബങ്ങൾക്കുവീതം കെ-ഫോൺ കണക്ഷൻ നൽകാനുള്ള നടപടി പുരോഗമിക്കുകയാണ്.

സർ, 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാനത്ത് ഒരു ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാനാണ് തീരുമാനിച്ചത്. ഡിജിറ്റൽ സർവ്വകലാശാലയുടെ നേതൃത്വത്തിലാണ് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത്. 1515 കോടി രൂപയുടെ ചെലവാണ് ഇതിന് പ്രതീക്ഷിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെയും വ്യവസായ മേഖലയുടെയും സഹകരണം പ്രതീക്ഷിക്കുന്നു. മൂന്നുവർഷത്തിനുള്ളിൽ പാർക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 150000 ചതുരശ്രയടി വിസ്തീർണ്ണമുള്ള രണ്ട് കെട്ടിടങ്ങളാണ് തുടക്കത്തിൽ പാർക്കിലുണ്ടാവുക. ആശയങ്ങളെ ഉൽപന്നങ്ങളാക്കി മാറ്റുന്ന ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററായി പാർക്ക് പ്രവർത്തിക്കും. ഡിജിറ്റൽ സയൻസ് മേഖല കേന്ദ്രീകരിച്ചുള്ള രാജ്യത്തെ ആദ്യ പാർക്കായിരിക്കും ഇത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക് ചെയിൻ, മെഡിക്കൽ ഇലക്ട്രോണിക്സ്, മെഡിക്കൽ മെറ്റീരിയൽസ്, ബയോ ടെക്നോളജി തുടങ്ങിയ മേഖലകൾക്കാണ് ഊന്നൽ നൽകുക. സംസ്ഥാനത്ത് വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ ഈ പാർക്ക് സഹായകരമാകും.

സർ, ഗ്രാഫീൻ ഭാവിയുടെ പദാർത്ഥമായിട്ടാണ് അറിയപ്പെടുന്നത്. ഗ്രാഫീന്റെ ഉൽപ്പാദനത്തിനും വികസനത്തിനുമായിട്ടാണ് ഇന്ത്യ ഇന്നവേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. അതിനായി എറണാകുളത്ത് കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിലെ കേരള ടെക്നോളജി ഇന്നവേഷൻ സോണിൽ ഒരു ക്ലീൻ റൂം നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നാനോ മെറ്റീരിയൽ നിർമ്മിക്കാനാവശ്യമായിട്ടുള്ള പൊടിപടലങ്ങളില്ലാത്ത സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. ഈ സൗകര്യമൊരുക്കുന്നതിനായി ക്ലാസ് 100 കാറ്റഗറിയിലുള്ള ക്ലീൻ റൂമാണ് ഒരുക്കുന്നത്. കേരളത്തിലെ ഏറ്റവും മികച്ച ക്ലീൻ റൂം സൗകര്യമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഉൽപ്പന്നങ്ങളുടെ ഗവേഷണം, വിപണി കണ്ടെത്തൽ എന്നിവയെല്ലാം ഈ സെന്ററിലൂടെ വിഭാവനം ചെയ്യുന്നുണ്ട്. വ്യാവസായിക വളർച്ചയ്ക്ക് ഈ പ്രവർത്തനങ്ങൾ വളരെ ഉപകാരപ്രദമാകും. 2023 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഈ സെന്റർ പ്രവർത്തനനിരതമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സർ, ഐ.ടി. മേഖലയിൽ വലിയ തോതിലുള്ള വികസനമാണ് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി ടെക്നോ പാർക്കിലും ഇൻഫോ പാർക്കിലും സൈബർ പാർക്കിലുമെല്ലാം വലിയ തോതിലുള്ള നിർമ്മാണങ്ങളും പുതിയ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പുതിയ തൊഴിലവസരങ്ങളും നല്ല രീതിയിൽ സൃഷ്ടിക്കാനാകും എന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പംതന്നെ നല്ല രീതിയിൽ സ്റ്റാർട്ടപ്പുകൾ സജ്ജമാക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. ഇപ്പോൾ സ്റ്റാർട്ടപ്പുകൾക്ക് ഏറ്റവും നല്ല അവസരമാണ് കേരളത്തിൽ ലഭ്യമായിട്ടുള്ളത്. അതിന്റെ ഭാഗമായി കൂടുതൽ സ്റ്റാർട്ടപ്പുകൾ സജ്ജമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാൻതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

സർ, ഇന്റർനെറ്റ് കണക്ടിവിറ്റി നല്ല രീതിയിൽ വ്യാപകമാക്കാൻതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് നല്ല പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ-ഫോൺ യാഥാർത്ഥ്യമാകുന്നതോടുകൂടി ഈ പറയുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവടക്കമുള്ള പ്രതിപക്ഷത്തെ ബഹുമാന്യരായ അംഗങ്ങൾ നന്ദിപ്രമേയ ചർച്ചയിൽ സംസാരിച്ച രീതിയോട് ഞങ്ങൾക്ക് വളരെ നന്ദിയുണ്ട്. കാരണം, സംസ്ഥാന സർക്കാരിനെതിരായി ഒന്നും പറയാനില്ലെന്നതാണ് അവരുടെ പ്രസംഗങ്ങളിൽനിന്നും വ്യക്തമാകുന്നത്. പ്രതിപക്ഷനേതാവ് പറഞ്ഞവസാനിപ്പിച്ച വിഷയത്തിൽനിന്നും സംസാരം തുടങ്ങാനല്ല ഞാൻ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത്. ആവശ്യമെങ്കിൽ അത് പിന്നീടൊരു ഘട്ടത്തിലാകാമെന്ന് തോന്നുന്നു.

നമ്മുടെ രാജ്യത്തിന്റെ പൊതുവായ അവസ്ഥ നാം ഗൗരവമായി കാണേണ്ടതുണ്ട്. മതനിരപേക്ഷ മൂല്യങ്ങൾ, ഫെഡറൽ സംവിധാനം തുടങ്ങിയ ഭരണഘടനയുടെ അടിസ്ഥാനഘടകങ്ങൾ അസാധാരണമായ വെല്ലുവിളി നേരിടുന്ന ഘട്ടമാണിത്. ഇതിന് നേതൃത്വം കൊടുക്കുന്നവർ രാജ്യത്തിന്റെ ഭരണഘടനാദത്തമായ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നവരാണെന്നത് ഈ രാജ്യത്തെ ഒരു പ്രത്യേകതയായി വന്നിരിക്കുകയാണ്, അതുകൊണ്ടുതന്നെ ഇതിന്റെ ഗൗരവമേറുകയാണ്. ദേശീയ പ്രസ്ഥാനത്തിന്റെ സത്ത ഉൾക്കൊള്ളുന്ന എല്ലാവരും അതീവജാഗ്രതയോടെ ഇത്തരം ശ്രമങ്ങളെ ചെറുക്കേണ്ട സന്ദർഭമാണിത്. ഇക്കാര്യം നയപ്രഖ്യാപന പ്രസംഗത്തിൽ ഊന്നിപറഞ്ഞിട്ടുണ്ട്. ഭാഷാപരവും മതപരവുമായ മേധാവിത്വ പ്രവണതകൾ നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിൽ അധിഷ്ഠിതമായ നമ്മുടെ രാഷ്ട്രീയ ഘടനയ്ക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നത്. അത്തരമൊരു ഘട്ടത്തിൽ യോജിക്കാവുന്ന എല്ലാവരുമായും യോജിച്ചുകൊണ്ട് ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ എതിർപ്പും പ്രതിഷേധവും ഉയർത്താനാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ സന്നദ്ധമായിട്ടുള്ളത്. ഫെഡറൽ സംവിധാനത്തിന്റെ ആണിക്കല്ലാണ് കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലുള്ള അധികാരത്തിന്റെ ഭരണഘടനാപരമായ വിഭജനം. അതിനെ മറികടന്നുകൊണ്ട് സംസ്ഥാന സമാവൃത്തി വിഷയങ്ങളിൽ കേന്ദ്രം നടത്തുന്ന നിയമനിർമ്മാണങ്ങൾ ജനാധിപത്യവിരുദ്ധമായ പ്രവണതയുടെ ദൃഷ്ടാന്തമായി നാം കാണുന്നു. ഈ കാര്യങ്ങളിലെല്ലാം ഓരോ ഘട്ടത്തിലും, അതായത് സമയാസമയങ്ങളിൽ കേന്ദ്ര സർക്കാരിനെ പ്രതിഷേധം അറിയിക്കുന്ന നിലപാട് നാം സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിയമപരമായി സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുമുണ്ട്. പൗരത്വനിയമ ഭേദഗതിക്കെതിരെ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. സഹകരണ

നിയമ ഭേദഗതി, ഡാം സേഫ്റ്റി നിയമ ഭേദഗതി, വൈദ്യുതി റെഗുലേറ്ററി ഭേദഗതി എന്നിങ്ങനെ നിരവധി നിയമനിർമ്മാണങ്ങൾ ഫെഡറൽ തത്വങ്ങളെ തെല്ലും മാനിക്കാതെ കേന്ദ്ര സർക്കാർ നടത്തിവരികയാണ്. ഈ പ്രവണതകൾക്കെതിരെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമായ പരാമർശമാണുള്ളത്. ഇന്ന് ഇന്ത്യൻ ജനാധിപത്യവും മതനിരപേക്ഷമൂല്യങ്ങളും ഫെഡറലിസവും നേരിടുന്ന ഭീഷണികൾ ദേശീയ ഐക്യത്തെ ദുർബലപ്പെടുത്താൻ മാത്രമേ ഉതകുകയുള്ളൂ. ഈ അഭിപ്രായം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടത്തെ പ്രതിപക്ഷത്തിന് ഇതിനെ പിന്തുണയ്ക്കാതിരിക്കാൻ എന്ത് ന്യായമാണ് പറയാൻ കഴിയുന്നത്; ഗവൺമെന്റിന് നേതൃത്വം നൽകുന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളായതുകൊണ്ട് ഇക്കാര്യങ്ങൾ ഞങ്ങൾ പറയുമ്പോൾ അതിനെ എതിർക്കുമെന്ന സമീപനമാണോ പ്രതിപക്ഷം സ്വീകരിക്കേണ്ടത്? കോവിഡ് മഹാമാരി ഉയർത്തിയ അതികഠിനമായ വെല്ലുവിളി നേരിടുന്നതിന് സംസ്ഥാന സർക്കാരിന് വിപുലമായ ഇടപെടലുകൾ നടത്തേണ്ടി വന്നിട്ടുണ്ട്. ആ ഘട്ടത്തിൽ ഇവിടെ മാത്രമല്ല ലോകത്താകെയുള്ള സർക്കാരുകളുടെ റവന്യൂ വരുമാനം കുറയുന്ന നിലയുണ്ടായി. ചെലവുബാധ്യത ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ ആഗോളതലത്തിൽ സർക്കാരിന്റെ കടബാധ്യത വർദ്ധിക്കുന്ന നിലയുണ്ടായി. അത് ലോകത്താകെയുണ്ടായ ഒരു പ്രതിഭാസമാണ്. ഇതുസംബന്ധിച്ച കണക്കുകൾ ജനുവരി 31-ന് പുറത്തിറങ്ങിയ ഇന്ത്യാ ഗവൺമെന്റിന്റെ ഇക്കണോമിക് സർവ്വേയിൽനിന്നും നമുക്ക് കാണാൻ കഴിയും. പല സംസ്ഥാനങ്ങളും 2020-ൽ കേന്ദ്ര സർക്കാരിനോട് അതിശക്തമായി ആവശ്യപ്പെട്ട ഒരുകാര്യം വാർഷിക വായ്പാപരിധി ആഭ്യന്തര വരുമാനത്തിന്റെ 3 ശതമാനത്തിൽനിന്ന് 5 ശതമാനമായി ഉയർത്തണമെന്നതാണ്. കേരളത്തിനുവേണ്ടി ഈ ആവശ്യം ഉന്നയിച്ചപ്പോൾ ഇതേ ആവശ്യം ഉന്നയിച്ചതിൽ പ്രതിപക്ഷത്തിരിക്കുന്ന കോൺഗ്രസിന്റെ പ്രമുഖ നേതാവായ രാജസ്ഥാൻ മുഖ്യമന്ത്രി ശ്രീ. അശോക് ഗെഹ്ലോട്ടുമുണ്ട് എന്നത് നാം ഓർക്കേണ്ടതാണ്. സംസ്ഥാനങ്ങളുടെ സമ്മർദ്ദം, രാജ്യത്ത് നിലനിൽക്കുന്ന അസാധാരണ സാഹചര്യം ഇതെല്ലാം പരിഗണിച്ച് മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാതെ ആ ഘട്ടത്തിൽ കേന്ദ്ര സർക്കാരിന് വായ്പാപരിധി ഉയർത്തിക്കൊണ്ടുള്ള തീരുമാനമെടുക്കേണ്ടതായി വന്നു. ആ തീരുമാനം പൂർണ്ണ മനസ്സോടെയല്ല ബി.ജെ.പി. സർക്കാർ എടുത്തതെന്നതാണ് നാം കാണേണ്ടത്. 0.5ശതമാനം വായ്പാ നിബന്ധനകളില്ലാതെയും 1.5 ശതമാനം നിബന്ധനകളോടുകൂടിയുമാണ് അനുവദിച്ചത്. ഈ നിബന്ധനകളിൽ റേഷൻ സംവിധാനങ്ങളുടെ പരിഷ്കരണങ്ങൾ, വൈദ്യുതി വിതരണ മേഖലയിലെ നഷ്ടം കുറയ്ക്കൽ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് അന്തരീക്ഷം സൃഷ്ടിക്കൽ, നഗരപ്രദേശങ്ങളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും കെട്ടിടനികുതി പരിഷ്കരണം ഇവയെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. കേരളം അധിക വായ്പയ്ക്കുള്ള അർഹത നേടിയിട്ടാണ് കേന്ദ്രാനുമതിയോടുകൂടി കോവിഡ് കാലത്തെ അസാധാരണ സാഹചര്യം തരണം ചെയ്യാൻ ജനങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കാനായി അധിക വായ്പയെടുത്തത്. ഇങ്ങനെ അധിക വായ്പയെടുത്തത് ഒരു വലിയ കുറ്റമായി, അതൊരു ധൂർത്തായി ചിത്രീകരിക്കുന്ന കുപ്രചരണങ്ങളിലാണ് യു.ഡി.എഫ്. ഏർപ്പെട്ടതെന്ന് നമുക്ക് കാണാൻ കഴിയും.

2006-2011-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ധനദൃഢീകരണത്തിനുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചത്. 2010-11 സാമ്പത്തിക വർഷത്തിൽ തനത് നികുതി വരുമാനത്തിൽ 23 ശതമാനം വർദ്ധനയാണുണ്ടായത്. യു.ഡി.എഫ്. സർക്കാർ രണ്ടുവർഷം പിന്നിട്ടപ്പോൾ, അതായത് 2013-14 ആയപ്പോൾ തനത് നികുതി വരുമാനത്തിന്റെ വളർച്ച 10 ശതമാനമായി കൂപ്പുകുത്തി. ഈ പ്രവണത 2015-16 വരെ തുടർന്നു. അതിനുശേഷം എൽ.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വന്നപ്പോൾ ഓരോ സാമ്പത്തിക വർഷവും നമുക്ക് നേരിടേണ്ടി വന്നത് അസാധാരണമായ സാഹചര്യങ്ങളായിരുന്നു. ഒരു ഭാഗത്ത് നോട്ട് നിരോധനത്തിലൂടെയുണ്ടായ പ്രശ്നങ്ങൾ, മറ്റൊരു ഭാഗത്ത് പ്രകൃതി ദുരന്തങ്ങൾ, അതിന്റെ തുടർ

ച്ചയായി കോവിഡ് മഹാമാരിയുമുണ്ടായി. ഇത്തരത്തിലുള്ള സമാനതകളില്ലാത്ത വെല്ലുവിളികളാണ് ഈ കാലയളവിൽ സംസ്ഥാനത്തിന് നേരിടേണ്ടിവന്നത്. അതുകൊണ്ട് തനത് നികുതി വരുമാനത്തിൽ വലിയ വർദ്ധനവ് ആ കാലയളവിലുണ്ടാക്കാൻ കഴിഞ്ഞില്ല. പക്ഷെ, 2021-22 ആയപ്പോൾ തനത് നികുതി വരുമാനത്തിൽ 22 ശതമാനത്തിന്റെ വളർച്ചയുണ്ടായിട്ടുണ്ട്. കേരളം കടക്കെണിയിലാണെന്ന തരത്തിലുള്ള വ്യാപകമായ കുപ്രചരണം ബോധപൂർവ്വം ഇവിടെ നടത്തുകയാണ്. സാമ്പത്തിക വളർച്ചയ്ക്ക് ആക്കംകൂട്ടുന്നതിനായി മൂലധനച്ചെലവ് വർദ്ധിപ്പിക്കണമെന്ന് കഴിഞ്ഞ ദിവസം അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ എടുത്തുപറയുന്നുണ്ട്. സാമ്പത്തിക സർവ്വേയിലും ഈ അഭിപ്രായത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. ഞങ്ങളതിനോട് വിയോജിക്കുന്നില്ല. 2016-17 മുതൽ കേരളത്തിൽ മൂലധന ചെലവ് വർദ്ധിപ്പിക്കാൻ സുദൃഢമായ കാൽവയ്പാണ് എൽ.ഡി.എഫ്. സർക്കാർ നടത്തിയിട്ടുള്ളത്. ദേശീയപാത വികസനം, ഗെയിൽ പൈപ്പ്ലൈൻ, ഇടമൺ-കൊച്ചി ഉൾപ്പെടെയുള്ള വൈദ്യുതി പ്രസരണ രംഗത്തെ വികസന പദ്ധതികൾ എന്നിവയെല്ലാം യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കട്ടപ്പുറത്തായിരുന്നവയാണ്. ആ പദ്ധതികളെ ചലനാത്മകമാക്കിയതും പ്രാവർത്തികമാക്കിയതും എൽ.ഡി.എഫ്. സർക്കാരാണ്. മൂലധനച്ചെലവുകൾ വർദ്ധിപ്പിക്കാൻ ഞങ്ങൾ സ്വീകരിച്ച നടപടികളുടെ ഭാഗമാണ് കിഫ്ബിവഴി നടപ്പാക്കുന്ന പശ്ചാത്തല സൗകര്യ വികസന പരിപാടികൾ. ഇപ്പോൾ ഈ വികസന പരിപാടികളെ ഏതെല്ലാം വിധത്തിൽ തുരങ്കംവയ്ക്കാമെന്നാണ് കേന്ദ്ര സർക്കാർ ആലോചിക്കുന്നത്. ഇതിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്ന സമീപനമാണ് കേരളത്തിൽ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷം സ്വീകരിക്കുന്നത്. കേരളത്തിൽ വികസന പദ്ധതികൾ നടപ്പാക്കാനായി സംസ്ഥാന സർക്കാർ പരിശ്രമിക്കുമ്പോൾ അതിനെ അട്ടിമറിക്കാൻ ഇവിടത്തെ കോൺഗ്രസ്സും ബി.ജെ.പി. നേതാക്കളും ഐക്യത്തോടും സാഹോദര്യത്തോടുംകൂടി ഒരുമിച്ച് അതിന് അനുമതി നൽകരുതെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയാണ്. ഇവിടെ ധനധൂർത്തുണ്ട്; കടക്കെണിയുണ്ട് എന്ന തരത്തിലുള്ള അനാവശ്യ പ്രചരണം വ്യാപകമായി നടത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

2022ലെ സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ ഏപ്രിൽ-ഡിസംബർ കാലയളവിൽ ധനകമ്മി, റവന്യൂകമ്മി എന്നിവയെക്കുറിച്ചുള്ള കണക്കുകൾ പ്രസിദ്ധീകരിച്ചിരുന്നു. 2020-21-ലെ ഇതേ കാലയളവിലെ കണക്കുകളേക്കാൾ ഗണ്യമായ കുറവ് ഈ സൂചികകളിലെല്ലാം വന്നിട്ടുണ്ട്. റവന്യൂ കമ്മിയിൽ 20,852 കോടി രൂപയുടെയും ധനകമ്മിയിൽ 21,079 കോടി രൂപയുടെയും കുറവാണുണ്ടായിട്ടുള്ളത്. ബഡ്ജറ്റ് വരാനിരിക്കുകയാണ്. സ്വാഭാവികമായും കൂടുതൽ കണക്കുകൾ അതിലുണ്ടാകും. സംസ്ഥാനം ധനദൃഢീകരണത്തിന്റെ പാതയിലാണെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇവിടെ നടത്തുന്ന മറ്റൊരു കുപ്രചരണം, സംസ്ഥാനത്ത് മന്ത്രിമാർക്കും മറ്റും വേണ്ടി അധികച്ചെലവ് നടത്തുന്നുവെന്നാണ്. 2019-20-ൽ ഈ ശീർഷകത്തിൽ 13 കോടി 84 ലക്ഷം രൂപയാണ് ബഡ്ജറ്റ് എസ്റ്റിമേറ്റുണ്ടായിരുന്നത്. യഥാർത്ഥ ചെലവ് 11 കോടി 40 ലക്ഷം രൂപയാണ്. 2020-21-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 12 കോടി 84 ലക്ഷം രൂപയും യഥാർത്ഥ ചെലവ് 10 കോടി 95 ലക്ഷം രൂപയുമാണ്. 202122ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 13 കോടി 56 ലക്ഷം രൂപയും യഥാർത്ഥ ചെലവ് 12 കോടി 28 ലക്ഷം രൂപയുമാണ്. ഇതെല്ലാം സംസാരിക്കുന്ന കണക്കുകളാണ്. ഇതിൽനിന്നും കാണാൻ കഴിയുന്നതെന്താണ്? ഇവിടെയൊരു ധൂർത്തും നടക്കുന്നില്ല എന്നുതന്നെയാണ്. ഈ ചെലവുകളിൽ സർക്കാർ സാമ്പത്തിക അച്ചടക്കം പാലിച്ചിട്ടുണ്ടെന്ന് തന്നെയാണ് കാണാൻ കഴിയുന്നത്. കണക്കുകൾ മറച്ചുവച്ചും യാഥാർത്ഥ്യങ്ങളെ മൂടിവച്ചുകൊണ്ടും പ്രതിപക്ഷം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. അസാധാരണമായ വെല്ലുവിളികളെ നേരിടേണ്ടിവന്ന നമ്മുടെ സംസ്ഥാനം സർക്കാരിന്റെ കൃത്യമായ ഇടപെടലിന്റെ ഫലമായി 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥിരവിലയിൽ 12 ശതമാനവും നടപ്പുവിലയിൽ 17 ശതമാനവും സാമ്പത്തിക വളർച്ച കൈവരിച്ചിട്ടുണ്ട്. ഇത്

അഖിലേന്ത്യാ സാമ്പത്തിക വളർച്ചാനിരക്കിന്റെ 1.4 മടങ്ങ് വരുമെന്ന കാര്യം പ്രതിപക്ഷത്തിന് മറച്ചുവയ്ക്കാൻ കഴിയില്ല. പശ്ചാത്തല സൗകര്യ വികസന മേഖലയിലും സാമൂഹ്യ മേഖലയിലും സർക്കാർ നടത്തിയ ഇടപെടലുകളാണ് ഈ അഭിമാനകരമായ സാമ്പത്തികവളർച്ചയ്ക്ക് സഹായകരമായതെന്ന കാര്യം കാണാതെ സാമ്പത്തികരംഗത്ത് കെടുകാര്യസ്ഥതയാണെന്ന വ്യാജപ്രചരണം ബോധപൂർവ്വം അഴിച്ചുവിടുകയാണ്. ഈ വസ്തുത ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന കാര്യത്തിൽ ഞങ്ങൾക്ക് അശേഷം സംശയമില്ല. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം വിവിധങ്ങളായ വിഷയങ്ങളാകെ സ്പർശിക്കുന്നതാണ്. കേരളത്തിന്റെ പ്രശ്നങ്ങളെ അപഗ്രഥിക്കുക, ഭാവിയെ വിഭാവനം ചെയ്യുക തുടങ്ങി വിപുലവും വിശാലവുമാണ് അതിന്റെ പരിഗണനാ വിഷയങ്ങൾ എന്നതുകൊണ്ടുതന്നെ അതിന്മേലുള്ള ചർച്ച എക്കാലവും വിഷയപരിധിയില്ലാത്തതാകാറുണ്ട്. ഏത് വിഷയവും ആ ചർച്ചയിൽ ഉയർന്നുവരാം. അത് സ്വാഭാവികമായും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും വിമർശനപരമായാണ് വരുന്നത്. അത് പലപ്പോഴും അതിനിശിതവും രൂക്ഷവുമാകാം. അങ്ങനെയായതിന്റെ ദൃഷ്ടാന്തങ്ങൾ ഈ സഭയിൽത്തന്നെ ഇതിനുമുമ്പ് എത്രയോ ഘട്ടങ്ങളിലുണ്ടായിട്ടുണ്ട്. ചാട്ടവാറടിപോലുള്ള വിമർശനങ്ങൾ, അവയേറ്റുള്ള ഭരണപക്ഷത്തിന്റെ പുളയൽ ഇതൊക്കെ ഈ സഭ പല ഘട്ടങ്ങളിൽ കണ്ടിട്ടുള്ളതാണ്.

ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ഈ നന്ദിപ്രമേയചർച്ചയെ ശ്രദ്ധേയമാക്കുന്നത് വസ്തുനിഷ്ഠവും രൂക്ഷതരവുമെന്ന് വിശേഷിപ്പിക്കേണ്ട വിധത്തിലുള്ള കാര്യമായ ഒരു വിമർശനവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല എന്നതുതന്നെയാണ്. എന്തുകൊണ്ടാണ് അത് ഉണ്ടാകാത്തത്; പ്രതിപക്ഷത്തിന്റെ കഴിവില്ലായ്മകൊണ്ടാണോ? പ്രഗത്ഭരായ സാമാജികരുടെ നിരതന്നെയാണല്ലോ അപ്പുറത്തുള്ളത്. അവർക്ക് വിഷയങ്ങൾ നല്ലതുപോലെ അപഗ്രഥിച്ച് അവതരിപ്പിക്കാനുള്ള കഴിവുണ്ട്. എന്നിട്ടും ഭരണപക്ഷത്തെ വിഷമത്തിലോ പ്രതിസന്ധിയിലോ ആക്കുന്ന കാര്യമായ ഒരു വിമർശനവുമുണ്ടായില്ല. ഈ സർക്കാരിനോട് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യമോ സൗജന്യഭാവമോ പ്രതിപക്ഷത്തിനുള്ളതുകൊണ്ടാണോ? അല്ലായെന്ന് നമുക്ക് ഇരുകൂട്ടർക്കും അറിയാം. എന്നിട്ടും എന്തുകൊണ്ടാണ് ഇങ്ങനെയുണ്ടാകുന്നത്? ഈ ചോദ്യത്തിനുള്ള മറുപടി ഒന്ന് മാത്രമാണ്. വിമർശിക്കപ്പെടാൻവേണ്ട ഒരു ദുഷ്ചെയ്തിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ മുൻനിർത്തി അതിരൂക്ഷമായ വിമർശനങ്ങൾ കെട്ടിപൊക്കാൻ ശ്രമിച്ചാൽ എല്ലാമറിയുന്ന, എല്ലാം കാണുന്ന ജനങ്ങൾക്ക് മുന്നിൽ യു.ഡി.എഫ്. അപഹാസ്യരായി പോകും. അതുകൊണ്ടുതന്നെയാണ് രൂക്ഷമായ കടന്നാക്രമണങ്ങളും സഭയ്ക്കും ജനങ്ങൾക്കും ബോദ്ധ്യമാകുന്ന വസ്തുതകൾ മുൻനിർത്തിയുള്ള വിമർശനങ്ങളും സർക്കാരിനെതിരെ ഉണ്ടാകാതിരിക്കുന്നത്. ഇത് സർക്കാരിനുള്ള സൗജന്യമല്ല, ഇക്കാര്യം ഞങ്ങൾക്കും ജനങ്ങൾക്കും ബോദ്ധ്യമുണ്ട്. പ്രതിസന്ധികളുണ്ടാക്കിയ വൈഷമ്യങ്ങൾ പതിറ്റാണ്ടുകൾ നിലനിൽക്കേണ്ടതാണ്. അത്തരമൊരു തുടർ മരവിപ്പുണ്ടാകേണ്ട ഘട്ടമാണ് സത്യത്തിൽ എൽ.ഡി.എഫ്. സർക്കാരിന്റെ രണ്ടാമൂഴം. ഇവിടെ എവിടെയെങ്കിലും മരവിപ്പുണ്ടായോ; ഇല്ല. ഭാവനാപൂർണ്ണമായ, ആസൂത്രിത വിഭവമാനേജ്മെന്റുകൊണ്ടാണ് ഇത് സാധ്യമാക്കിയത്. ഇതരസംസ്ഥാനങ്ങളിൽ കാണാൻ സാധിക്കാത്ത ഒന്നാണിത്. ജനങ്ങളുടെ ആരോഗ്യം ഉറപ്പാക്കുക, കുട്ടികളുടെ ഭാവി ഭദ്രമാക്കുക എന്നിവയെല്ലാം ജനതയുടെയും നാടിന്റെയും ഭാവി സുരക്ഷിതമാക്കുന്നു. സുരക്ഷിതമായ ആ ഭാവി നാടിനെ സർവ്വതോ•ുഖമായ അഭിവൃദ്ധിയിലേയ്ക്ക് നയിക്കും. ബ്ലെയ്ഡ് കമ്പനിയെന്ന സങ്കൽപ്പത്തിൽ മനസ്സ് കുടുങ്ങിക്കിടക്കുന്നവർക്ക് നാടിന്റെയും ജനങ്ങളുടെയും ഭാവി ഉറപ്പാക്കുന്ന നിക്ഷേപം ഏതാണെന്ന് മനസ്സിലാകില്ല. ഐക്യരാഷ്ട്രസഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാമതെത്തി. പബ്ലിക് അഫയേഴ്സ് ഇൻഡെക്സിൽ കേരളം മൂന്നുവർഷങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം, വർഗ്ഗീയ സംഘർഷമൊന്നും ഇല്ലാത്ത സംസ്ഥാനം,

മികച്ച ക്രമസമാധാനമുള്ള സംസ്ഥാനം, ശിശു-മാതൃ മരണങ്ങൾ ഏറ്റവും കുറഞ്ഞ സംസ്ഥാനം, മികച്ച സ്കൂൾ വിദ്യാഭ്യാസമുള്ള സംസ്ഥാനം, ഭിന്നശേഷി സൗഹൃദ സംസ്ഥാനം, മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുള്ള സംസ്ഥാനം, മികച്ച ടൂറിസം ഡെസ്റ്റിനേഷൻ, വ്യവസായ രംഗത്ത് ബെസ്റ്റ് പ്രാക്ടീസ് ഏർപ്പെടുത്തിയ സംസ്ഥാനം എന്നിങ്ങനെ അന്താരാഷ്ട്ര-ദേശീയതലങ്ങളിൽ കേരളം നിരവധി നേട്ടങ്ങളും ബഹുമതികളും കൈവരിക്കുകയുണ്ടായി. 2022-ലെ സാമ്പത്തിക സർവ്വേയിൽ വ്യക്തമാക്കിയ കാര്യങ്ങൾ നാം ഓർക്കുന്നത് നല്ലതാണ്. 2015 ഡിസംബർ 31-ലെ കണക്കനുസരിച്ച് കേരളത്തിലെ തൊഴിലന്വേഷകർ 3490000 പേരായിരുന്നു. എന്നാൽ 2022 ജൂലൈയിലെ കണക്കനുസരിച്ച് അത് 2840000 ആയി കുറഞ്ഞിരിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ കമ്പനികൾ 3892 കോടി 14 ലക്ഷം രൂപയുടെ ടേൺഓവറും 386 കോടി 3 ലക്ഷം രൂപയുടെ പ്രവർത്തനലാഭവുമാണ് ഉണ്ടാക്കിയത്. ടേൺഓവറിൽ കഴിഞ്ഞ വർഷത്തേക്കാൾ 17.8% വർദ്ധനവുണ്ടായി. 2022-23 സംരംഭക വർഷമായി ആഘോഷിക്കാൻ സർക്കാർ തീരുമാനിച്ചപ്പോൾ എട്ട് മാസംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞു. ശിശു മരണനിരക്ക്, മാതൃ മരണനിരക്ക് എന്നിവ ഏറ്റവും കുറവായ കേരളത്തിന്റെ പ്രകടനം മികച്ചതാണ്. രാജ്യത്തിലെ വലിയ സംസ്ഥാനങ്ങളിൽ സിംഗിൾ ഡിജിറ്റ് ഐ.എം.ആർ.(ഇൻഫെന്റ് മോർട്ടാലിറ്റി റേറ്റ്) ഉള്ള ഏകസംസ്ഥാനമാണ് കേരളം. കേരളത്തിലെ ശിശുമരണനിരക്ക് 6-ഉം ദേശീയതലത്തിൽ 28-ഉം ആണ്. ദേശീയതലത്തിലെ മാതൃമരണനിരക്ക് 97ഉം കേരളത്തിൽ 19-ഉം മാത്രമാണ്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുകയാണെങ്കിൽ മാതൃമരണനിരക്ക് ഏറ്റവും കുറവ് കേരളത്തിലാണ്.

ഇനി പ്രതിപക്ഷത്തോടുള്ള ചോദ്യങ്ങളിലേയ്ക്ക് വരാം. പ്രളയക്കെടുതിയിൽ മുങ്ങിയ നാളുകളിൽ കേന്ദ്ര സർക്കാർ കേരളത്തിന് നഷ്ടപരിഹാരം നിഷേധിച്ചു. വിദേശരാജ്യങ്ങളിൽ നിന്നുള്ള സഹായം സ്വീകരിക്കുന്നത് വിലക്കുകയും ചെയ്തു. പ്രവാസി മലയാളികൾ സഹായം വാഗ്ദാനം ചെയ്തപ്പോൾ അത് വാങ്ങുന്നതിനെ വിലക്കുകയുണ്ടായി. വൈകിയനുവദിച്ച നഷ്ടപരിഹാരത്തുകകൊണ്ട് നഷ്ടത്തിന്റെ ചെറിയൊരു ഭാഗം നികത്താൻപോലും പര്യാപ്തമല്ലാത്ത വിധത്തിലായിരുന്നു. വളരെയധികമായി ചെലവ് വർദ്ധിക്കുന്ന ആ ഘട്ടത്തിൽ പതിവായി ലഭിക്കുന്നതിൽനിന്നും കുറഞ്ഞ തോതിൽ മാത്രം കേന്ദ്രത്തിൽനിന്ന് തുക ലഭിച്ചു. കേന്ദ്രത്തിന്റെ ഈ നിലപാടുകൾക്കെതിരെ പ്രതിപക്ഷം 'കമാ' എന്നൊരക്ഷരം ശബ്ദിച്ചോ; കോവിഡ് കാലത്ത് ക്ഷേമസേവന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയൂന്നേണ്ടിവന്ന ഘട്ടത്തിൽ സ്വാഭാവികമായും ചെലവ് വർദ്ധിച്ചു. അതിന് കാര്യമായ എന്തെങ്കിലും സഹായം കേന്ദ്രത്തിൽനിന്നും ലഭിച്ചോ; അതിനെതിരെ ഒരുവാക്കുകൊണ്ടെങ്കിലും പ്രതിപക്ഷം പ്രതികരിച്ചോ? ഇപ്പോൾ യു.ഡി.എഫ്. ഒരു ധവളപത്രം ഇറക്കിയിരിക്കുന്നു. അതിൽ അർഹതപ്പെട്ടതൊക്കെ നിഷേധിക്കപ്പെട്ട കേരളത്തെ കുറ്റപ്പെടുത്താൻ മാത്രമല്ലേ തയ്യാറായത്? അർഹതപ്പെട്ടതൊക്കെ നിഷേധിച്ച കേന്ദ്ര സർക്കാരിനെതിരെ ഒരുവാക്കെങ്കിലും പറയാൻ തയ്യാറായോ? സത്യത്തിൽ ഇതാണ് കേരളത്തിലെ പ്രതിപക്ഷവും കേന്ദ്രത്തിലെ ബി.ജെ.പി. സംവിധാനവും തമ്മിലുള്ള അവിശുദ്ധബന്ധം. അത് ശക്തിപ്പെടുത്തിക്കൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്താൻ വരേണ്ടതില്ല.

നമ്മുടെ സംസ്ഥാനത്ത് പഴയകാലത്ത് നിലനിന്നിരുന്ന ഒരു കഥയുണ്ട്. മരുമക്കത്തായം നിലനിന്നിരുന്ന കാലഘട്ടത്തിലെ അമ്മാവൻമാരുടെ രീതി വർണ്ണിക്കുന്ന കഥ. അന്ന് മരുമക്കളാണ് അദ്ധ്വാനിക്കുന്നത്. എന്നാലവർ പട്ടിണിക്കിടക്കേണ്ടി വരുന്ന അവസ്ഥയെ സംബന്ധിച്ച് ചിത്രീകരിക്കുന്ന നിരവധി കഥകൾ ആ ഘട്ടത്തിലുണ്ടായിരുന്നു. ഇതിൽ ഹൃദയശൂന്യരായ അത്തരം അമ്മാവൻമാരെ ഓർമ്മിപ്പിക്കുംവിധമാണ് കേന്ദ്രത്തിന്റെ പെരുമാറ്റം. കേന്ദ്രത്തിന്റെ വരുമാനമെന്ന് പറയുന്നത് സംസ്ഥാനങ്ങളിൽനിന്ന് ലഭിക്കുന്നതാണ്. സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ഓഹരിക്ക് കേന്ദ്രം കനിയേണ്ട അവസ്ഥയാണ്. മരങ്ങളെല്ലാം

വെട്ടിക്കളഞ്ഞ് കാട് നിലനിർത്തണം എന്നുപറയുന്നതുപോലെയാണ് സംസ്ഥാനങ്ങളുടെ വരുമാനമെല്ലാം ഇല്ലാതാക്കി കേന്ദ്രത്തിന് ശക്തമാകാമെന്നാണ് കരുതുന്നത്. നാം കാണേണ്ടത് രാജ്യത്ത് സംതൃപ്തമായ സംസ്ഥാനങ്ങളും സുശക്തമായ കേന്ദ്രവുമാണ് ആവശ്യം. സംസ്ഥാനങ്ങളുടെ സംയുക്തമാണ് ഇന്ത്യ. സംസ്ഥാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടുമാത്രമേ കേന്ദ്രത്തിന് സുശക്തമായ ഭരണം നടത്താൻ കഴിയുകയുള്ളൂ. സംസ്ഥാനങ്ങൾ അവയുടെ മുൻഗണനാക്രമങ്ങൾ സ്വയം നിശ്ചയിച്ച് ആവശ്യമായ പ്രോജക്ടുകൾ നടപ്പാക്കുകയെന്ന രീതിയാണ് അഭികാമ്യമായിട്ടുള്ളത്. പൊതുവിൽ കേന്ദ്രവിഹിതം കിട്ടുകയായിരുന്നു നേരത്തെയുണ്ടായിരുന്നത്. എന്നാൽ ഇന്ന് പ്രോജക്ടുകൾക്കാണ് കേന്ദ്ര അംഗീകാരം ലഭിക്കുന്നത്. സംസ്ഥാനത്തിന് മുൻഗണനാക്രമങ്ങൾ നിശ്ചയിക്കാനാവില്ല. സംസ്ഥാനത്തിനാവശ്യമില്ലാത്തതും എതിരായതുമായ പ്രോജക്ടുകൾപോലും നടപ്പാക്കേണ്ടിവരികയാണ്. ആഗോളവൽക്കരണ- സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ നയങ്ങളുമായി ബന്ധപ്പെടുത്തിയുള്ളതാണ് പൊതുവെ പല പ്രോജക്ടുകളും. ആ നയങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തിയാണ് അടുത്ത ഗഡു സഹായം തരുന്നത്. ഇത്തരം കാര്യങ്ങളെക്കുറിച്ച് യു.ഡി.എഫ്.-നുള്ള അഭിപ്രായമെന്താണ്? ആസൂത്രണ കമ്മീഷനെ ഇല്ലാതാക്കിയതുതന്നെ ഇത്തരത്തിൽ ഫെഡറൽ ഘടന പൊളിക്കും വിധം സംസ്ഥാനത്തിന് ഇടപെടാനുള്ള പഴുതുണ്ടാക്കുന്നതിന് വേണ്ടിയാണ്. കേന്ദ്രസഹായം ഈ രീതിയിൽ ചുരുക്കുകയാണ്. നികുതി ഓഹരി വെട്ടിക്കുറയ്ക്കുകയും മതിയായ ആശ്വാസധനം നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിലാണ് കടമെടുക്കാൻ നിർബന്ധിതരാകുന്നത്. അപ്പോൾ കടത്തിന്റെ പരിധിയിലും കർശനമായ വിലക്ക് ഏർപ്പെടുത്തുന്നു. അതായത്, ആ വഴിക്ക് എന്തെങ്കിലും ആശ്വാസം ലഭിക്കാനുള്ള പഴുത് കേന്ദ്രം അടയ്ക്കുകയാണ്.

കടമെടുക്കുന്നെങ്കിൽ അത് തികഞ്ഞ ഉത്തരവാദിത്വത്തോടെയാണ്. ആ ഉത്തരവാദിത്വമാണ് കിഫ്ബി നിക്ഷേപങ്ങൾക്ക് പ്രഖ്യാപിച്ച സർക്കാർ ഗ്യാരന്റിയിലടക്കം തെളിഞ്ഞ് കാണുന്നത്. അതിൽ നഷ്ടം വരില്ല. നഷ്ടം വരികയാണെങ്കിൽ അത് സർക്കാർ നികത്തും. ഈ വിധത്തിലുള്ള കിഫ്ബിയുടെ കടവും സർക്കാർ കടമായി കണക്കാക്കി കിഫ്ബിയെയും പൂട്ടിക്കാനാണ് ശ്രമം. ഇത്തരം കേന്ദ്രനടപടികളുടെ ഓരോ ഘട്ടത്തിലും കേരളത്തിനുവേണ്ടി ഇടപെടുകയല്ല; കേന്ദ്രനടപടിയിൽ ആഹ്ലാദിക്കുകയാണ് യു.ഡി.എഫ്. ചെയ്തത്. യു.ഡി.എഫ്. നേതാക്കൾ പലപ്രവാശ്യം ഡൽഹിയിൽ പോയ ഏതെങ്കിലുമൊരു ഘട്ടത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ തയ്യാറായോ? കടത്തിന്റെ പരിധി കുറയ്ക്കുന്നു, സഹായസാധ്യതകൾ വിലക്കുന്നു, ആനുകൂല്യങ്ങൾ മുതൽ നികുതി ഓഹരിവരെ വെട്ടിക്കുറയ്ക്കുന്നു, കിഫ്ബിയെ തകർക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ നമ്മുടെ കരചരണങ്ങൾ വെട്ടിമാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. ഇത് കേരളത്തിന്റെ പൊതുവായ പ്രശ്നമാണ്. കേന്ദ്രം ഈ രീതിയിൽ കേരളത്തെ ശ്വാസംമുട്ടിക്കാൻ ശ്രമിക്കുമ്പോൾ അരുത് എന്ന് നാടിന്റെ താല്പര്യം മുൻനിർത്തി സർക്കാരിനൊപ്പംനിന്ന് പറയാൻ ഒരു പ്രതിപക്ഷം ഇവിടെയില്ലെന്നതാണ് കേരളത്തിന്റെ ദൗർഭാഗ്യം. കേരളം ഒരു വികസന പദ്ധതി മുന്നോട്ടുവച്ചാൽ ഇവിടെ നിന്നുള്ള ഭൂരിപക്ഷം എം.പി.-മാരും പാർലമെന്റിൽ അത് മുടക്കാൻവേണ്ടി ശബ്ദമുയർത്തുന്നുവെന്നതാണ് കേരളത്തിന്റെ മറ്റൊരു ദൗർഭാഗ്യം. കേന്ദ്രസർക്കാർ നമ്മുടെ ശ്വാസം മുട്ടിക്കുമ്പോൾ പെൻഷൻ മുടങ്ങും, റേഷൻ മുടങ്ങും, വികസനമാകെ സ്തംഭിക്കും, ജനം വലയും, നാട് ദുരിതത്തിലാകും, ജനരോഷം ഉയരും. അങ്ങനെ വരുമ്പോൾ അതിൽനിന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്ന് കരുതുന്ന പ്രതിപക്ഷം ഈ നാടിന്റെ ദൗർഭാഗ്യമാണ്. വാമനൻ മഹാബലിയെ ചവിട്ടി താഴ്ത്തിയതുപോലെ കേന്ദ്രസർക്കാർ കേരളത്തോടുള്ള രാഷ്ട്രീയ ശത്രുത മുൻനിർത്തി ചവിട്ടി താഴ്ത്തുമ്പോൾ തട്ടിത്തെറിപ്പിക്കേണ്ട കൈകൾതന്നെ ആ കാൽ തടവിക്കൊടുക്കുന്നുവെന്നതാണ് കേരളത്തിന്റെ ദൗർഭാഗ്യം.

കേരളത്തിന്റെ വഴി ഒന്നൊന്നായി കേന്ദ്രം മുടക്കിയപ്പോൾ ഇവിടെ നിന്ന് ലോക്സഭയിലേ

യ്ക്ക് പോയ യു.ഡി.എഫ്.-ലെ 18 എം.പി.-മാരും എന്താണ് ചെയ്തത്? ആ ചോദ്യം മുൻനിർത്തി യു.ഡി.എഫ്.-നെ കേരള ജനത കുറ്റവിചാരണ ചെയ്യാൻ പോകുന്ന ഘട്ടം ആഗതമാകാൻ പോവുകയാണ്. അതായിരിക്കും വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ്. കഴിഞ്ഞ തവണ തങ്ങളെ ചിലത് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് ജയിച്ച് പോയവർ ചെയ്ത കാര്യങ്ങൾ ഓരോന്നും മുൻനിർത്തി ജനങ്ങൾ ചോദ്യങ്ങൾ ഉയർത്തുകയും ഓരോന്നിനും ഉത്തരം പറയിപ്പിക്കുകയും ചെയ്യും. ആ ജനരോഷ കൊടുങ്കാറ്റിൽ കരിയിലപോലെ യു.ഡി.എഫ്. പറന്ന് പോകുകയും ചെയ്യും. ചങ്ങാത്ത മുതലാളിത്തത്തിന്റെ ഇക്കാലത്ത് സയാമീസ് ഇരട്ടകളെപ്പോലെയാണ് കേന്ദ്രവും ഒരു വ്യവസായ ഗ്രൂപ്പും. കേന്ദ്രത്തിന്റെ മണിപവറായ ഈ വ്യവസായ ഗ്രൂപ്പ് തകരുകയാണ്. ഇന്ത്യയിലെ മാധ്യമങ്ങളിൽ മിക്കതിനേയും വിലയ്ക്കെടുത്തുകഴിഞ്ഞു. ശേഷിച്ചവയെ ഭീഷണിപ്പെടുത്തി നിശബ്ദമാക്കി. അപ്പോഴാണ് ഒരു അമേരിക്കൻ ഗവേഷണ സ്ഥാപനത്തിന്റെ വെളിപ്പെടുത്തൽ വന്നത്. ഓഹരി കമ്പോളത്തിലെ ആ ഗ്രൂപ്പിന്റെ വീഴ്ച കേന്ദ്രത്തിലെ അധികാരികളുടെ രാഷ്ട്രീയവീഴ്ചയുടെ തുടക്കമാണെന്ന്. എം.എൽ.എ.-മാരെയടക്കം വിലയ്ക്കുവാങ്ങാനും സംസ്ഥാനഭരണങ്ങൾ മാറ്റാനും പൊതുതെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യെ ജയിപ്പിച്ചെടുക്കാനും പണമൊഴുക്കിയ സംവിധാനമാണ് തകരുന്നത്. ഇത് ഭരണത്തെ ബാധിക്കും. പല കൂട്ടുകച്ചവടങ്ങളും പുറത്തുവരും. മോർബി പാലം പൊളിഞ്ഞ് വീണതിനു ശേഷവും അമ്പതിനായിരം വോട്ട് ബി.ജെ.പി.-ക്ക് അധികമായി കിട്ടിയെന്ന അവകാശവാദം നാം കേട്ടു. പാലം പൊളിഞ്ഞ് വീണതുകൊണ്ട് വോട്ട് കൂടുകയല്ല ചെയ്തത്; പാലം പൊളിഞ്ഞിട്ടും അതിന് പിന്നിലെ യാഥാർത്ഥ്യം ജനം മനസ്സിലാക്കാത്തവിധം വർഗ്ഗീയ പ്രചരണം വിഷലിപ്തമാംവിധം ഗംഭീരമായി നടത്താനുള്ള പണവും ദു:സാമർത്ഥ്യവും ബി.ജെ.പി.-ക്കുണ്ടായി എന്നാണ് മനസ്സിലാക്കേണ്ടത്. ആ ദു:സാമർത്ഥ്യത്തിന് പിന്നിലെ പണച്ചാക്കാണ് ചോരുന്നത്.

ബി.ബി.സി. (ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ) ഡോക്യുമെന്ററി ഒരു പ്രധാന രാഷ്ട്രീയ സൂചന മുന്നോട്ടുവയ്ക്കുന്നുണ്ട്. വലിയ മാറ്റത്തിന്റെ ചെറിയ സൂചന അതിലുണ്ട്. ബി.ബി.സി. ഡോക്യുമെന്ററി നിരോധിച്ചു. അതിനെതിരെ ഒരക്ഷരം പോലും പറയാത്ത കോൺഗ്രസ് നേതാക്കളെ കോൺഗ്രസിനറിയാമല്ലോ? അടുത്തകാലത്ത് എസ്.എഫ്.ഐ -യെ നിരോധിക്കണമെന്ന് പറഞ്ഞയാൾക്കടക്കം ഇതിനെക്കുറിച്ചൊരു പ്രതികരണവും ഇല്ല. എന്തുകൊണ്ടാണ് ഇത്തരമൊരു മൗനം? സമാധാനത്തിന്റെ പാതയിലൂടെയാണ് കേരളം നീങ്ങുന്നത്. ഒരു അസ്വസ്ഥതയുമില്ലാത്ത ഇന്ത്യയിലെ ഒരു പച്ചത്തുരുത്തായി കേരളം നിൽക്കുകയാണ്. വർഗ്ഗീയകലാപങ്ങളില്ല, ജനക്കൂട്ടത്തിനുനേർക്കുള്ള വെടിവയ്പ്പുകളില്ല, ലോക്കപ്പ് കൊലപാതകങ്ങളില്ല. ഏത് അസ്വസ്ഥതയും മുളയിലെ നുള്ളുന്നു, ഗുണ്ടകളെ അമർച്ച ചെയ്യുന്നു, പോലീസിലെ ക്രിമിനൽ സ്വഭാവമുള്ളവരെ പിരിച്ചുവിടുന്നു. സമാധാനത്തിന്റേതായ ഈ അവസ്ഥ പ്രതിപക്ഷത്തെ വല്ലാതെ വിഷമിപ്പിക്കുകയാണ്. ക്രമസമാധാന തകർച്ചയെന്ന പതിവ് പല്ലവി പാടിയാൽ ഏറ്റുപിടിക്കാൻ ആരുമില്ലയെന്നതാണ് സ്ഥിതി. എന്നിട്ടും മറിച്ചൊരു പ്രതീതി സൃഷ്ടിക്കാൻ പ്രതിപക്ഷം വിഫലമായി ശ്രമിക്കുകയാണ്. കേരളത്തിൽ ക്രമസമാധാന തകർച്ചയില്ല. ഇവിടെയുള്ളത് പ്രതിപക്ഷത്തിന്റെ മന:സമാധാന തകർച്ചയാണ്. അതിനാകട്ടെ ഞങ്ങളുടെ കയ്യിൽ പ്രതിവിധിയൊന്നുമില്ല. തെളിയിക്കപ്പെടാതെ കിടന്ന കേസ്സുകൾവരെ തെളിയിച്ച് മുന്നോട്ടു പോകുകയാണ്. സൈബർ കുറ്റകൃത്യങ്ങളിലെ പ്രതികളെയടക്കം പുറംനാടുകളിൽപ്പോയി പിടികൂടുകയാണ്. എല്ലാ തെളിവുകളും നശിപ്പിച്ചുവെന്ന് പ്രതികൾ വിശ്വസിച്ച കേസ്സുകളിൽ കൃത്യമായി തെളിവുകൾ കണ്ടെത്തി ശിക്ഷിക്കുകയാണ്. പോലീസിനെ അടിമുടി ശുദ്ധീകരിച്ച് മർദ്ദനോപകരണമെന്ന നിലയിൽനിന്ന് ജനസേവനോപകരണമെന്ന നിലയിലേയ്ക്ക് മാറ്റുകയാണ്. ജനപ്രതിഷേധങ്ങളെ എങ്ങനെ നേരിടണമെന്നതിന് പുതുമാതൃകകൾ കേരളത്തിൽ സൃഷ്ടിക്കുകയാണ്. പഴയൊരു മാതൃക ഉണ്ടായിരുന്നല്ലോ; കിടപ്പാടം ചോദിച്ച ആദിവാസികളെ അവരുടെ വനദേശത്തുതന്നെ വെടിവച്ചുകൊന്ന സംസ്കാരം. ആ നേരിടൽ സംസ്കാരമാ

യിരുന്നു യു.ഡി.എഫ്. കാലത്തുണ്ടായിരുന്നത്. ഇന്നോ? ആളിക്കത്തിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്ന് കൊതിച്ച് ഉയർത്തിയ വിഴിഞ്ഞം പ്രശ്നത്തിൽ രാഷ്ട്രീയമായി രമ്യപരിഹാരമുണ്ടാക്കാനായി. ഇതാണ് സമീപനത്തിലെ വ്യത്യസ്തത. രണ്ട് നയങ്ങൾ തമ്മിലുള്ള വ്യത്യസ്തതയാണിത്.

എൽ.ഡി.എഫ്. സർക്കാരിനെതിരെ ജനങ്ങൾ വിശ്വസിക്കുന്ന ഒരാക്ഷേപവും പ്രതിപക്ഷത്തിന് ഉയർത്താനില്ലായെന്നതിന്റെ സ്ഥിരീകരണമായി ഈ നയപ്രഖ്യാപന ചർച്ച. ഗവർണറും സംസ്ഥാന സർക്കാരും തമ്മിൽ എന്തോ അവിശുദ്ധബന്ധം ഉണ്ടാക്കിയെന്നാണ് പ്രതിപക്ഷം പറയാൻ ശ്രമിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സർക്കാരിവിടെയുള്ളപ്പോൾ അതിനെതിരെ നിവേദനവുമായി രാജ്ഭവനിലേയ്ക്ക് പോയവരാണ് ഇവരെന്നത് നാം ഓർക്കണം. ഗവർണർ-സർക്കാർ ഏറ്റുമുട്ടലുണ്ടായി ഭരണഘടനാ പ്രതിസന്ധിയുണ്ടാകുമെന്നും അതിൽനിന്ന് മുതലെടുക്കാമെന്നും കണക്കുകൂട്ടിക്കൊണ്ട് നടന്നവരാണിവർ. ആ മോഹം ഫലിക്കില്ലെന്നുവരികയും അങ്ങനെ മോഹിച്ച് ഗവർണറുടെപക്ഷം ചേർന്നാൽ തങ്ങൾ ഒപ്പമുണ്ടാവില്ലെന്ന് യു.ഡി.എഫ്.-ലെ പ്രധാന ഘടകകക്ഷിക്കുപോലും പറയേണ്ടിവരികയും ചെയ്തൊരു സാഹചര്യവും കേരളം കണ്ടതാണ്. ആ വഴിക്കുള്ള തന്ത്രങ്ങളിൽനിന്നും കോൺഗ്രസ് പിന്തിരിഞ്ഞത് അത്തരമൊരു ഘട്ടത്തിലായിരുന്നുവെന്നത് നാം ഓർക്കേണ്ടതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം നിലപാട് വ്യക്തമാണ്. ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾ ഗവർണർ നിർവ്വഹിക്കുമ്പോൾ എല്ലാ പിന്തുണയും നൽകും. അത് ചെയ്തിട്ടുമുണ്ട്. ഇപ്പോഴും ചെയ്യുന്നുമുണ്ട്. അത് തുടരുകതന്നെ ചെയ്യും. വിയോജനാഭിപ്രായങ്ങളുണ്ടായാൽ അത് ആ സ്ഥാനത്തോടുള്ള ആദരവ് നിലനിർത്തിക്കൊണ്ടുതന്നെ അറിയിക്കുകയും ചെയ്യും. ബി.ജെ.പി.-യും ഞങ്ങളും തമ്മിൽ ധാരണ എന്നൊരു വിമർശനം ഉയർത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പൗരത്വ നിയമഭേദഗതിയടക്കമുള്ള കാര്യങ്ങളിൽ സർക്കാരാഭിമുഖ്യത്തിൽതന്നെ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരാൻ കേരളത്തിൽ നടന്ന ശ്രമം മറക്കാനിടയില്ല. നമ്മുടെ രാജ്യത്ത് കർഷകസമരമടക്കമുള്ള കാര്യങ്ങളിൽ പ്രാതിനിധ്യമുണ്ടായിരുന്നവരായിരുന്നു ഞങ്ങളെന്നത് മറക്കരുത്. രാജ്യത്ത് ഒരുപാട് സമരങ്ങൾ ഉയർന്നുവന്നപ്പോൾ, നിർണ്ണായകമായ ബി.ജെ.പി. വിരുദ്ധ സമരങ്ങളിൽ എവിടെയെങ്കിലും ഇക്കൂട്ടരെ കണ്ടിട്ടുണ്ടോ? ഏതെങ്കിലും ഒരു രാഷ്ട്രീയ നേതാവിനോ പാർട്ടിക്കോ പ്രത്യയശാസ്ത്രത്തിനോ എതിരെയല്ല തങ്ങളുടെ യാത്രയെന്ന തരത്തിലുള്ള അഭിപ്രായപ്രകടനം ഇക്കഴിഞ്ഞ ദിവസമാണ് ഒരു കോൺഗ്രസ് നേതാവ് നടത്തിയത്. അത് സമർത്ഥിക്കാൻ അദ്ദേഹം പറഞ്ഞത്, അവർ മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ സ്മൃതിമണ്ഡപത്തിൽ സന്ദർശനം നടത്തിക്കൊണ്ടാണ് യാത്ര നടത്തിയിട്ടുള്ളതെന്നാണ്. ആരും ആരും തമ്മിലാണ് ഒത്തുകളിയുള്ളത്? ഇന്ന് രാജ്യത്താകെ ചർച്ച ചെയ്യപ്പെടുന്ന വിഷയം കേന്ദ്രസർക്കാരും ജുഡീഷ്യറിയും തമ്മിലുള്ള കൊമ്പുകോർക്കലാണ്. ഏറ്റവും ഉന്നതമായ ഭരണഘടനാ സ്ഥാനത്തിരിക്കുന്നവർവരെ ജുഡീഷ്യറിയെ കടന്നാക്രമിക്കുന്നു. ജുഡീഷ്യറിയെ നിലയ്ക്ക് നിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിനെതിരെവരെ നീക്കങ്ങളുണ്ടാകുന്നു. ജുഡീഷ്യറി അതിരുകടക്കുന്നുവെന്ന് താക്കീതിന്റെ സ്വരത്തിൽ ചിലർ പറയുന്നു. കേരളത്തിലെ കോൺഗ്രസ്സിനും യു.ഡി.എഫ്.-നുമൊക്കെ ഇക്കാര്യത്തിൽ വല്ല നിലപാടുമുണ്ടോ; ഇതിൽനിന്നൊക്കെ വ്യക്തമല്ലേ, ഒത്തുകളിയും ധാരണയുമൊക്കെയുള്ളത് ആരൊക്കെ തമ്മിലാണെന്നത്; ബി.ബി.സി.-യുടെ പുതിയ വെളിപ്പെടുത്തൽ ഉൾപ്പെട്ട ഡോക്യുമെന്ററി നമ്മുടെ സംസ്ഥാനത്ത് പ്രദർശിപ്പിക്കുന്ന നിലയുണ്ടായി. കോൺഗ്രസ് അധികാരത്തിലുള്ള ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഇത് പ്രദർശിപ്പിച്ചതായി ആരും റിപ്പോർട്ട് ചെയ്തതായി കണ്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്രം വിറ്റഴിക്കാൻ തയ്യാറാകുമ്പോൾ അത് ഏറ്റെടുക്കാനും പൊതുമേഖലയിൽത്തന്നെ നിലനിർത്താനുമാണ് സർക്കാർ ശ്രമിക്കുന്നത്. അതാണ് ബദൽ നയം. ഇത് ഓരോ കാര്യത്തിലും പ്രകടമാണ്. ഈ അടുത്ത കാലത്താണ് കേന്ദ്ര സർ

ക്കാർ വിൽപ്പനയ്ക്ക് വച്ച 'ഭെൽ ഇ.എം.എൽ.' കേരള സർക്കാർ ഏറ്റെടുത്തത്. അതുപോലെതന്നെ വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിനെ കേന്ദ്ര സർക്കാർ വിൽപ്പനയ്ക്കായി വച്ചപ്പോൾ അത് പൊതുമാർക്കറ്റിൽപോയി മത്സരിച്ച് ഏറ്റെടുക്കേണ്ടി വന്നു. കേരള സർക്കാരിന് അത്രത്തോളം കഷ്ടപ്പെടേണ്ടിവന്നു. ആ സ്ഥാപനം ഇപ്പോൾ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡായി പ്രവർത്തിക്കുന്നു. ഇത്തരത്തിൽ മികച്ച പ്രവർത്തനം ഈ രംഗത്ത് ബദലായി ഉയർത്തിക്കൊണ്ടുവരാൻ കേരളത്തിന് കഴിയുകയാണ്. പൊതുമേഖലയിൽ കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി ആരംഭിക്കുന്ന കാര്യവും നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണ്. പൊതുമേഖലയെ സംരക്ഷിക്കുന്നതിനായി പ്രത്യേക പൊതുമേഖലാനയം സർക്കാർ നടപ്പാക്കിയിട്ടുണ്ട്. അതിന്റെ ഫലമായാണ് കഴിഞ്ഞ സാമ്പത്തിക വർഷം 25 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുന്ന സ്ഥിതിയുണ്ടായത്. നേരത്തെ ഞാൻ അതിന്റെ കണക്കുകൾ വ്യക്തമാക്കിയതാണ്. ബദൽനയം കേരളത്തെ ഏതെല്ലാം രീതിയിൽ മുന്നോട്ടുനയിക്കുന്നുവെന്നതാണ് ഇതിലൂടെ വ്യക്തമാകുന്നത്. കേരളത്തിന്റെ പൊതുതാൽപ്പര്യം മുൻനിർത്തി മുന്നോട്ടുവച്ച പദ്ധതികളോട് പ്രതിപക്ഷത്തിന്റെ സമീപനമെന്തായിരുന്നുവെന്നത് പരിശോധിക്കുന്നത് നല്ലതാണ്. ഏതെങ്കിലും ഘട്ടത്തിൽ ക്രിയാത്മക സമീപനമുണ്ടായിരുന്നോ; അല്ലെങ്കിൽ അത് നിഷേധാത്മക സമീപനമായിരുന്നോ? ഇത് ജനങ്ങൾ തീരുമാനിക്കേണ്ട വിഷയമാണ്.

കേരളത്തിന്റെ ജീവനാഡിയായി നീണ്ടുകിടക്കുന്ന ദേശീയപാത 66-ന്റെ വികസനം സ്തംഭിച്ചത് യഥാർത്ഥത്തിൽ 2011-2016 ഭരണകാലത്തല്ലേ; ഭൂമി ഏറ്റെടുക്കാൻ തുടങ്ങിയ റവന്യൂ ഓഫീസുകൾ അടച്ചുപൂട്ടുന്ന അവസ്ഥയല്ലേ ആ കാലത്തുണ്ടായത്? 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് ദേശീയപാതാ വികസനത്തിന് നടപടികൾ സ്വീകരിച്ചപ്പോൾ അതിനെ അട്ടിമറിക്കുന്ന നീക്കങ്ങൾക്ക് കോൺഗ്രസ് പിന്തുണ നൽകിയെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ; പദ്ധതി യാഥാർത്ഥ്യമാക്കാൻ കേന്ദ്രത്തിനുമുന്നിൽ പോംവഴികളുമായി പോയത് എൽ.ഡി.എഫ്. സർക്കാരല്ലേ; അതിന്റെ ഭാഗമായല്ലേ ഭൂമി ഏറ്റെടുക്കലിന്റെ ഒരു വിഹിതം സംസ്ഥാന സർക്കാർ വഹിക്കുകയും 5,311 കോടി രൂപ അതിനായി ചെലവഴിക്കുകയും ചെയ്തത്. യഥാർത്ഥത്തിൽ കൃത്യസമയത്ത് നാം ആ പ്രവർത്തനം ഏറ്റെടുക്കാത്തതിന്റെ ഭാഗമായി നൽകേണ്ടിവന്ന പിഴയായിരുന്നില്ലേ 5,311 കോടി രൂപ.

അതുപോലെ ഗെയിൽ വാതക പൈപ്പ്ലൈനിന്റെ പണി 2012-ൽ ആരംഭിച്ചെങ്കിലും 2013-ൽ ഏറെക്കുറെ അത് ഉപേക്ഷിച്ചു. പിന്നീട് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴല്ലേ അതിന് ജീവൻവയ്ക്കുന്ന നിലയുണ്ടായത്. പക്ഷെ അതിനെതിരെയും വലിയതോതിൽ ആക്രമണങ്ങൾ ഉയർന്നുവന്നു. പ്രക്ഷോഭങ്ങളുടെ രൂപത്തിൽ ചില പ്രത്യേക നീക്കങ്ങളുണ്ടായി. ഈ പദ്ധതി നാട്ടിൽ വേണ്ടെന്ന പ്രചാരണം ചിലർ ഏറ്റെടുത്തു. എന്നാൽ ഇപ്പോൾ എറണാകുളം, തിരുവനന്തപുരം, ആലപ്പുഴ പ്രദേശങ്ങളിൽ പ്രകൃതി വാതകം വീടുകളിൽ ലഭ്യമാകുന്ന സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ യാഥാർത്ഥ്യമായിരിക്കുന്നു. മറ്റ് പ്രദേശങ്ങളിലും വേഗംതന്നെ അത് എത്തിക്കാനാകണമെന്നാണ് വിചാരിക്കുന്നത്. അതിനുള്ള പ്രായോഗിക നടപടികളാണ് സ്വീകരിച്ചുവരുന്നത്.

അതുപോലെ ഇടമൺ-കൊച്ചി പവർ ഹൈവേ, കൊച്ചിയിലെ 400കെ.വി. സബ്സ്റ്റേഷനും തിരുനെൽവേലി മുതൽ ഇടമൺ വരെയും കൊച്ചി മുതൽ മാടക്കത്തറ വരെയുമുള്ള ലൈനിന്റെ നിർമ്മാണവും പൂർത്തിയായി. ഇതിനെതിരെയും വലിയ നീക്കങ്ങൾ ഉയർന്നുവന്നതായിരുന്നുവെന്ന് നാം കാണേണ്ടതാണ്. കേരളത്തിന്റെ മുഖച്ഛായ വലിയതോതിൽ മാറിവരികയാണ്. ഇപ്പോൾ തലപ്പാടിയിൽനിന്നും ഇങ്ങോട്ട് സഞ്ചരിക്കുന്ന ഏതൊരാൾക്കും അനുഭവവേദ്യമാകുന്നത് മനംകുളിർക്കുന്ന കാഴ്ചയാണ്. അടിപ്പാതയുടെ പ്രശ്നമുണ്ടെന്ന് കാസർഗോഡ് അംഗം നേരത്തെ പറഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. പക്ഷെ, ആ പാത അതിവേഗം പൂർത്തി

യാകാൻ പോകുകയാണ്. ഇതോടൊപ്പം മലയോര ഹൈവേയുടെ സാധ്യതാ പഠനം 2009-ലായിരുന്നു നടത്തിയത്. പക്ഷെ തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ ആ പദ്ധതി ഏറ്റെടുത്തില്ല. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് മലയോര ഹൈവേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വീണ്ടും പുനർജീവൻ ലഭിച്ചത്. ഇതിനുവേണ്ട പണം കിഫ്ബി മുഖേന കണ്ടെത്താനുള്ള ശ്രമത്തിനെ അട്ടിമാറിക്കാനായിരുന്നില്ലേ പ്രതിപക്ഷത്തിന്റെ നീക്കം. എന്നാൽ കിഫ്ബിയെ എതിർക്കുന്ന നിങ്ങളിലാരെങ്കിലും കിഫ്ബി പദ്ധതിയുടെ ഭാഗമായി നിങ്ങളുടെ മണ്ഡലങ്ങളിൽ വരുന്ന പദ്ധതി വേണ്ടെന്ന് പറയാൻ തയ്യാറായോ? കാരണം ഇത് നാടിന്റെ വികസനത്തിന് ഉപകരിക്കുന്ന പദ്ധതിയാണ്. നാടിന്റെ വികസനത്തിന് ഞങ്ങളെതിരാണെന്ന് പറഞ്ഞുകൊണ്ട് ജനപ്രതിനിധിയായി അവിടെ നിൽക്കാൻ കഴിയുമോ? സ്വന്തം മണ്ഡലങ്ങളിലെ വികസന പ്രതീകങ്ങളായി അവയെ ചൂണ്ടിക്കാണിക്കാൻ എന്തൊരു ധൃതിയാണ് നിങ്ങളെല്ലാം കാണിച്ചിരുന്നതെന്നത് ഓർക്കണം.

നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായി, കേരളത്തിന് സ്വന്തമായൊരു ധനകാര്യ സ്ഥാപനമെന്ന സ്വപ്നസാക്ഷാത്കാരംപോലെയാണ് കേരള ബാങ്കിന്റെ രൂപീകരണം നടന്നത്. അത് കേരളത്തിലെ സഹകാരികൾ പൊതുവിൽ ആഗ്രഹിച്ച കാര്യമാണ്. പക്ഷെ പ്രതിപക്ഷം സ്വീകരിച്ച നിലപാടെന്താണ്; കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രതിപക്ഷനേതാവും കെ.പി.സി.സി. പ്രസിഡന്റും മുൻമുഖ്യമന്ത്രിയുമൊക്കെ അതിനെ എതിർക്കുന്ന നിലപാടല്ലേ സ്വീകരിച്ചത്? മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സ്റ്റേയ്ക്ക് പോയെങ്കിലും അത് തള്ളുന്ന നിലയുണ്ടായി. അത് നമ്മൾ കാണാതിരിക്കേണ്ട. അത്തരത്തിൽ സുപ്രീംകോടതിയുടെ ഇടപെടലുണ്ടായത് നല്ല കാര്യംതന്നെയാണ്. നിങ്ങൾക്ക് മറ്റ് കാര്യങ്ങളിലെന്തെങ്കിലും പരാതിയുണ്ടെങ്കിൽ ആ വഴി നോക്കിക്കൊള്ളൂവെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. അത് മനസ്സിലാക്കിയില്ലെങ്കിൽ അതും ഞാൻ പറയാം. സംസ്ഥാനത്ത് കോവിഡിന്റെ ഘട്ടത്തിൽ വലിയതോതിലുള്ള പ്രയാസങ്ങളുണ്ടായി. ആ സമയത്ത് ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുന്ന നിലപാട് സർക്കാർ സ്വീകരിച്ചു. അതിനെ എതിർക്കാൻ പ്രതിപക്ഷം തയ്യാറായില്ലേ; ആരെങ്കിലും ചെയ്യുന്ന കാര്യമാണോ അത്; പാവപ്പെട്ടവർക്ക് ജീവിക്കാനും ജീവിതം മുന്നോട്ടുകൊണ്ടുപോകാനുമുള്ള ഒരു അത്താണിയായിട്ടല്ലേ ആ പദ്ധതി നടപ്പിലാക്കിയത്. ആ ഘട്ടത്തിൽ അതിനെ തടയാൻ ശ്രമിച്ചവരല്ലേ പ്രതിപക്ഷം? നാടിന്റെ വികസനത്തിനും ക്ഷേമത്തിനുമുതകുന്ന എല്ലാ മുൻകൈകളെയും അട്ടിമറിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചിട്ടുള്ളത്. കിഫ്ബിക്കെതിരെ നിങ്ങൾ ബി.ജെ.പി.-യോടൊപ്പം ചേർന്നുകൊണ്ട് കരുക്കൾ നീക്കുകയാണ്. കേരള ബാങ്ക് വരാതിരിക്കാൻ ഒത്തുകളിച്ചു. ദേശീയപാതാ വികസനകാര്യത്തിൽ ബി.ജെ.പി.-യുടെ അഭിപ്രായം പങ്കിട്ടു. സിൽവർലൈനുമായി ബന്ധപ്പെട്ട പലകാര്യങ്ങളിലും ബി.ജെ.പി.-യോടൊപ്പം നിങ്ങൾ തെരുവിലിറങ്ങുന്ന കാഴ്ചയാണ് കണ്ടത്. പാർലമെന്റിൽ കേരളത്തിലെ പദ്ധതികളെ ബി.ജെ.പി.-ക്കൊപ്പംനിന്ന് എതിർക്കുന്ന നിലയും സ്വീകരിച്ചു. കേന്ദ്രം അരിവിഹിതം നിഷേധിച്ച ഘട്ടത്തിൽ മൗനം പാലിച്ചു. ക്ഷേമപെൻഷൻ വായ്പയെടുത്താണ് കൊടുക്കുന്നതെന്ന് പറഞ്ഞ് ബി.ജെ.പി.-ക്കൊപ്പംനിന്ന് ആക്ഷേപിക്കാനാണ് പ്രതിപക്ഷം തയ്യാറായത്. പാവപ്പെട്ടവർക്ക് വീടുനൽകുന്ന ലൈഫ് പദ്ധതിക്കെതിരെ ബി.ജെ.പി. തെരുവിലിറങ്ങിയപ്പോൾ ഒരു പടികൂടി കടന്ന് സി.ബി.ഐ. അന്വേഷണത്തിനുവേണ്ടി പരാതി കൊടുക്കുന്ന നില സ്വീകരിച്ചു. കിഫ്ബിക്കെതിരെ കേന്ദ്ര സർക്കാർ നീങ്ങുമ്പോൾ അതിന്റെ വിശ്വാസ്യത തകർക്കാനുള്ള പ്രവർത്തനങ്ങളുമായാണ് പ്രതിപക്ഷം മുന്നോട്ടുനീങ്ങിയത്. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വില കേന്ദ്രം ഉയർത്തിയപ്പോൾ ആ ഘട്ടത്തിലും അതിനെ ന്യായീകരിക്കുന്നവിധം മൗനം പാലിക്കുന്ന നടപടി നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായി. ഇപ്പോൾ ഒടുവിൽവന്ന ബഡ്ജറ്റിൽ കേരളത്തെ അതിക്രൂരമായാണ് കേന്ദ്രം അവഗണിച്ചിരി

ക്കുന്നത്. എന്തുകൊണ്ടാണിത്? കേരളത്തിനുവേണ്ടി വാദിക്കാൻ യു.ഡി.എഫ്.-ന്റെ പതിനെട്ട് ജനപ്രതിനിധികൾ തയ്യാറല്ല. കേരളത്തിന് എന്തെങ്കിലും കിട്ടുമെങ്കിൽ അത് മുടക്കുന്നതിനു മാത്രമേ കോൺഗ്രസ്സിന് താല്പര്യമുള്ളൂ. മുടക്കുനിവേദനങ്ങളുമായി എത്തുന്ന കോൺഗ്രസും മുടക്കുനിവേദനങ്ങൾ സ്വീകരിച്ച് അംഗീകരിക്കുന്ന കേന്ദ്ര ബി.ജെ.പി. ഭരണവും തമ്മിലാണ് സത്യത്തിൽ അവിശുദ്ധബന്ധമുള്ളത്. ബി.ജെ.പി.-യെയും അതിന്റെ നയങ്ങളെയും ഇഞ്ചിനിഞ്ചിന് എതിർക്കുന്ന ഞങ്ങൾക്കിടയിൽ പൊതുവായി യോജിപ്പിന്റെ ഒരു മേഖലയുമില്ല. നിങ്ങൾക്കാണെങ്കിൽ പഴയകാലത്തെ 'കോലീബി' സഖ്യത്തിന്റെ പഴയ ചരിത്രം സ്വന്തമായുണ്ട്. അത് മറക്കാൻ നിങ്ങളുടെ ചെയ്തികളെ ഞങ്ങളുടെ തലയിൽ വച്ചുകെട്ടാമെന്ന് കരുതേണ്ട.

കേരള വിരുദ്ധമായി ചെയ്യുന്നതിനൊക്കെ വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ നിങ്ങളെക്കൊണ്ട് എണ്ണിയെണ്ണി മറുപടി പറയിപ്പിക്കും. ധവളപത്രമിറക്കിയ യു.ഡി.എഫ്.-ഉം നിങ്ങളുടെ എം.പി.-മാരും കേന്ദ്രത്തിൽനിന്ന് കേരളത്തിനുവേണ്ടി ഒരു കത്തെങ്കിലുമയച്ചോ? ആ വിഷയത്തിലടക്കം ധവളപത്രത്തിൽ എന്തുകൊണ്ടാണ് നിശബ്ദത പാലിച്ചത്? ജി.എസ്.ടി. ഓഹരിയിനത്തിൽ കേരളത്തിന് കിട്ടേണ്ട തുകയില്ലേ; എയിംസ് പോലെയുള്ള സ്ഥാപനങ്ങൾ നമുക്ക് കിട്ടേണ്ടതല്ലേ? ഇത്തരം നൂറുനൂറ് ചോദ്യങ്ങൾക്ക് നിങ്ങളെക്കൊണ്ട് വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ഉത്തരം പറയിപ്പിക്കുകതന്നെ ചെയ്യും. നിങ്ങളെ തെരഞ്ഞെടുത്തയച്ചുവെന്ന കുറ്റത്തിന് എന്തിനിങ്ങനെ കേരളത്തെ ശിക്ഷിച്ചുവെന്ന ചോദ്യം മുൻനിർത്തി കേരള ജനത നിങ്ങളെ വിചാരണ ചെയ്യും. കേരളത്തെ ചവിട്ടിത്താഴ്ത്താൻ ശ്രമിക്കുന്നത് കയ്യുംകെട്ടി കണ്ടുനിൽക്കുക മാത്രമല്ല, കൈകൊട്ടി രസിച്ചുനിൽക്കുകകൂടിയാണ് കഴിഞ്ഞ വർഷങ്ങളിൽ നിങ്ങൾ ചെയ്തത്. ഇതെല്ലാം കണ്ടുനിന്ന ജനങ്ങൾ സ്വന്തം അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പുനരാലോചിക്കും; പുനരണിചേരലുമുണ്ടാകം. കമ്മ്യൂണിസ്റ്റ് വിരുദ്ധവികാരം പടർത്തിയാൽ ഏതുവിധേനയും ജയിച്ചുകയറാമെന്ന പഴയസ്ഥിതി രക്ഷയ്ക്കുവരുമെന്ന് കരുതരുത്; ആ കാലം മാറിയിരിക്കുന്നു. 1950-കളിലെപ്പോലെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി കെട്ടിപ്പൊക്കാമെന്നാണ് നിങ്ങൾ കരുതുന്നതെങ്കിൽ ഏഴ് പതിറ്റാണ്ടുകൊണ്ടുണ്ടായ കേരളത്തിലെ രാഷ്ട്രീയമാറ്റം എന്തെന്ന് നിങ്ങൾക്ക് മനസ്സിലായിട്ടില്ലെന്നേ പറയാനുള്ളൂ. കാലത്തിന്റെ രാഷ്ട്രീയസ്വീകരണം മാറിയിരിക്കുന്നു. കമ്മ്യൂണിസ്റ്റ് വിരുദ്ധതയുടെ കുടക്കീഴിൽ കെട്ടിപ്പിടിച്ചുനിൽക്കുന്ന ബി.ജെ.പി.-യെയും കോൺഗ്രസിനെയും ഇത് വരാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പ് ഓർമ്മിപ്പിക്കുകതന്നെ ചെയ്യും.

ബഹുമാന്യരായ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിലെ പ്രധാനികളായ ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. കുറുക്കോളി മൊയ്തീൻ എന്നിവർ പ്രസംഗിച്ചപ്പോൾ കുറേ കാര്യങ്ങൾ പറയുകയുണ്ടായി. ഗവർണർ ഇവിടെവന്ന് സംസാരിച്ചത് എന്തോ ഒരു സന്ധിയുടെ ഭാഗമാണെന്നും കേരള ഭരണം നിലനിർത്താൻ ഞങ്ങൾ കീഴടങ്ങിയതിന്റെ ഭാഗമായിട്ടാണെന്നും അതുകൊണ്ടാണ് ബി.ജെ.പി.-ക്ക് പ്രയാസം വരുമ്പോഴൊക്കെ സഹായത്തിന് ഓടിപോകുന്നതെന്നും ശ്രീ. എൻ. ഷംസുദ്ദീൻ പറയുകയുണ്ടായി. അദ്ദേഹം കാര്യങ്ങൾ വേർതിരിച്ചറിയാൻ കഴിവുള്ളയാളാണെന്നാണല്ലോ നമ്മൾ ധരിച്ചിരുന്നത്. ഇത്തരത്തിലൊരു നിഗമനത്തിൽ അദ്ദേഹത്തിന് എങ്ങനെയാണ് എത്തിച്ചേരാൻ കഴിഞ്ഞതെന്ന് എത്രയാലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഞങ്ങൾ ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും സഹായിക്കുന്നവരാണെന്ന് പറഞ്ഞാൽ ലീഗ് അണികളാകെ അതേപടി അത് സ്വീകരിക്കുമെന്നൊരു തെറ്റിദ്ധാരണയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ആ തെറ്റിദ്ധാരണയൊക്കെ മാറ്റേണ്ട കാലം കഴിഞ്ഞു. എല്ലാവരും വിവേചനബുദ്ധിയോടെ കാര്യങ്ങൾ പരിശോധിക്കുകയും നല്ലരീതിയിൽ കാര്യങ്ങൾ വ്യവച്ഛേദിച്ച് മനസ്സിലാക്കുകയും ചെയ്യുന്ന കാലമാണിത്. അതുകൊണ്ട് തെറ്റായ പ്രചരണങ്ങളൊന്നും വലിയതോതിൽ ഏശില്ലെന്ന് കാണണം. കേരളത്തിലെ ഗവൺമെന്റിനും എൽ.ഡി.എഫ്.-നും ജനങ്ങളുടെ മനസ്സിൽ ഇടംകിട്ടിയിട്ടുള്ളത് എന്തെങ്കിലും തെറ്റിദ്ധാരണ

പരത്തിക്കൊണ്ടല്ല, അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ആ അനുഭവത്തെ നിഷേധിച്ചുകളയാമെന്ന് വിചാരിക്കരുത്. ഇവിടെ ചുവപ്പ് കൊടിയുടെ നിറം കാവിയാകുക യാണെന്ന് പ്രതിപക്ഷാംഗം പറഞ്ഞു. ആ ചുവപ്പ് എങ്ങനെയാണ് കൂടുതൽകൂടുതൽ ചുവന്നു വരുന്നതെന്നത് നിങ്ങൾ കാണുന്നില്ലായിരിക്കും. പക്ഷെ നിങ്ങളുടെയടക്കം അണികൾ കാണു ന്നുണ്ട്. കാരണം, കേരളത്തിൽ ഏതൊക്കെ ഘട്ടത്തിൽ വർഗ്ഗീയനീക്കങ്ങളുമായി ആർ.എസ്. എസ്.-ന്റെ ആക്രമണങ്ങളുമുണ്ടായിട്ടുണ്ടോ അതിന്റെ മുന്നിൽ നെഞ്ചുവിരിച്ചുനിൽക്കാൻ ഞങ്ങളാണുണ്ടായിരുന്നത്. അതിന്റെ ഭാഗമായാണ് ആ കൊടിയുടെ നിറം കൂടുതൽ ചുവപ്പാ യി മാറിയതെന്ന് നിങ്ങളോർക്കണം. അവരെ അത്രയും വേഗം തള്ളിക്കളയുമെന്ന് നിങ്ങൾ വി ചാരിക്കരുത്; കോൺഗ്രസ്സ് രാഷ്ട്രീയ കാരണങ്ങളാൽ ഇക്കാര്യങ്ങൾ പറയുമ്പോൾ നിങ്ങളുടെ അണികളുടെ മുന്നിൽ മോശക്കാരായി മാറുകയാണെന്നത് മനസ്സിലാക്കണം. തെലങ്കാനയിൽ ഞാൻ പോയതിന് നിങ്ങൾക്കിത്ര പൊള്ളലുണ്ടായത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകു ന്നില്ല. ഇന്ന് ബി.ജെ.പി.-യുടെ ആക്രമണം ഏറ്റവും കൂടുതൽ നേരിടുന്ന സംസ്ഥാനമാണ് തെ ലങ്കാന. അതിനെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്.

ബഹുമാന്യനായ പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ പഴയ ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. നാം ഒരു പുതിയ കാലത്താണ് ജീവിക്കുന്നതെന്ന് കാണണം. ആ പുതിയ കാലമെ ന്താണ്? ബി.ജെ.പി.-യെ അധികാരത്തിൽനിന്ന് മാറ്റിനിർത്തണമെന്നതാണ്. നിങ്ങൾ ഏതെ ങ്കിലും ഘട്ടത്തിൽ ബി.ജെ.പി.-യോടൊപ്പം ഏതെങ്കിലും തരത്തിൽ നീങ്ങിയിരുന്നോയെന്ന ജാതക പരിശോധനയ്ക്കുപോയി അവരെ മാറ്റിനിർത്തുന്ന നിലവന്നാൽ, പല സംസ്ഥാനങ്ങ ളിലും പലരെയും നമ്മൾ മാറ്റിനിർത്തേണ്ടതായിവരും. ഈ രാജ്യത്തിന്റെ പൊതുസാഹചര്യം അതാണ്. അങ്ങനെ ബി.ജെ.പി.-യെ ഒഴിവാക്കി നിർത്താനാകുമോ; ഇന്ന് ബി.ജെ.പി.-ക്കെ തിരായി അണിനിരക്കാൻ ആരൊക്കെ തയ്യാറാകുന്നു എന്നത് സംസ്ഥാനാടിസ്ഥാനത്തിലാണ് മനസ്സിലാക്കാൻ സാധിക്കുക. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകളുണ്ട്. ആ സംസ്ഥാ നത്തിന്റെ സാഹചര്യം വച്ചുകൊണ്ട് അതിന് കഴിയുന്ന ശക്തികൾകൂടിയുള്ള യോജിപ്പുണ്ടാക ണം. ദേശീയ തലത്തിലൊന്നും ഒരു യോജിപ്പുമുണ്ടാകാൻ പോകുന്നില്ല. അതൊക്കെ വെറും വ്യാമോഹം മാത്രമാണ്. അവിടെയൊന്നും ഇപ്പോൾ കോൺഗ്രസ്സില്ല. നിങ്ങൾ വിചാരിക്കുംപോ ലെ കോൺഗ്രസ് ഒരു മഹാശക്തിയായെന്നൊന്നും കരുതേണ്ട. അതെന്താണെന്നുള്ള യഥാർ ത്ഥ്യം അംഗീകരിച്ചുപോകണം. ഓരോ സംസ്ഥാനവും പരിശോധിച്ചാൽ ചില സംസ്ഥാനങ്ങളിൽ കോൺഗ്രസുണ്ടെന്നുള്ളത് വാസ്തവമാണ്. അവർ അവിടത്തെ കാര്യങ്ങൾ നയിക്കും. മറ്റ് സം സ്ഥാനങ്ങളിൽ മറ്റ് പാർട്ടികളായിരിക്കും നയിക്കുന്നത്. തമിഴ്നാട്ടിൽ ഡി.എം.കെ.-യുടെ നേ തൃത്വമായിരിക്കും. തെലങ്കാനയിൽ തെലുങ്കുദേശം പാർട്ടിയായിരിക്കും. മറ്റൊരിടത്ത് മറ്റ് ചില പാർട്ടികളായിരിക്കും. എല്ലാ പാർട്ടികളുടെയും പേര് ഞാനിപ്പോൾ പറയുന്നില്ല. അങ്ങനെയുള്ള പാർട്ടികളാണ് പ്രാദേശികമായിട്ടുള്ളത്. പ്രാദേശിക പാർട്ടികളുടെ നേതൃത്വത്തിൽ അവിടെ കോൺഗ്രസിനും ഒരു റോളുണ്ടാകും. ആ നിലയ്ക്ക് നിങ്ങളതിനെ കാണണം. ഞങ്ങൾ പണ്ട ത്തെ നിലയിൽത്തന്നെ നിൽക്കുകയാണെന്ന് ചിന്തിച്ചുകൊണ്ട് നീങ്ങിയാൽ അത് വലിയ പ്രയാസം സൃഷ്ടിക്കും. തെലങ്കാനയിൽ പൊതുവായൊരു യോഗം ചേർന്നു. ഇടതുപക്ഷ പാർട്ടികളും തെലുങ്കുദേശം പാർട്ടിയുമെല്ലാം യോജിച്ചാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അടുത്ത തെരഞ്ഞെടുപ്പിലും അവർ യോജിച്ചാണ് നിൽക്കാൻ പോകുന്നത്. തെലങ്കാനയിലെ പാർട്ടിയുടെ പേര് TRS (Telangana Rashtra Samithi) എന്നല്ല ഇപ്പോൾBRS (Bharat Rashtra Samithi) എന്നാണ്. അവർ പാർട്ടിയുടെ യോഗമല്ല അവിടെ സംഘടിപ്പിച്ചത്, പൊതുവായിട്ടു ള്ള യോഗമാണ്. ചില ഗവൺമെന്റ് പരിപാടികളുമുണ്ടായിരുന്നു. അതിനുവേണ്ടിയാണ് അവർ പൊതുവിൽ യോഗം വിളിക്കുന്നത്. പ്രധാനമായും അവിടെയുള്ള ഇടതുപക്ഷ പാർട്ടിയുംകൂടി ഇതിന്റെ ഭാഗമായി നിൽക്കുകയാണ്. അതിന്റെ ഭാഗമായാണ് ഞാൻ പങ്കെടുത്തത്. നേരത്തെ

ശ്രീ. ഡി. രാജയുടെ പ്രായവും മറ്റുമൊക്കെ പറഞ്ഞ് ഒരുപാട് പുകഴ്ത്തിയില്ലേ. അദ്ദേഹം ഇവിടെ വന്നതും ഈ നയത്തിന്റെ ഭാഗമായിട്ടാണ്. അവിടെയുള്ള ഇടതുപക്ഷ പാർട്ടികളെല്ലാം ഈ പാർട്ടിയുടെകൂടെ നിൽക്കുകയാണ്. ഇതിന്റെ ഭാഗമായി ഒരു യോഗത്തിന് വിളിച്ചപ്പോൾ സ്വാഭാവികമായും അവിടെയുള്ള എന്റെ പാർട്ടിക്കാരും പാർട്ടിയുടെ അഖിലേന്ത്യാ നേതൃത്വവുമൊക്കെ എന്നോടുപറയും, നിങ്ങളൊന്ന് പോയാൽ തരക്കേടില്ലെന്ന്. അങ്ങനെയാണ് ഞാൻ പോകാനിടയായത്. അത് മറ്റേതെങ്കിലും തരത്തിൽ ദുർവ്യാഖ്യാനിച്ച് അതിൽനിന്നെന്തെങ്കിലും മന:സമാധാനം നിങ്ങൾക്ക് കിട്ടുമെന്നുണ്ടെങ്കിൽ അത് നടത്തിക്കൊള്ളൂ, പക്ഷേ, വേറെ സുഖമൊന്നും അതുകൊണ്ട് കിട്ടാനില്ല. ഇതിന്റെ ഗുണഭോക്താവായി വരുന്നത് ബി.ജെ.പി.-യാണെന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന് എങ്ങനെയാണ് പറയാൻ കഴിഞ്ഞതെന്ന് മനസ്സിലാക്കാൻ പറ്റുന്നില്ല. ബി.ജെ.പി.-ക്ക് ഗുണം ലഭിക്കുന്നതും ആർ.എസ്.എസ്.-നെ പരിപോഷിപ്പിക്കുന്നതുമായ ഏതെങ്കിലുമൊരു നിലപാട് കഴിഞ്ഞ കാലത്തുള്ള ആകെ പ്രവർത്തനങ്ങളെടുത്ത് പരിശോധിച്ചാൽ ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടായെന്ന് ഒരു ലീഗ് നേതാവിനും പറയാൻ കഴിയില്ല. (...ബഹളം...)

സർ, റിപ്പബ്ലിക് ദിന വിരുന്നിന് ഭയങ്കര രുചിയുണ്ടായി, അതിന് പോകാനിടയായ കാരണമെന്താണെന്നാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചോദിച്ചത്. കൊടിയിലെ ചുവപ്പ് മങ്ങി കാവിയാകുന്നുവെന്ന് അദ്ദേഹമാണ് പറഞ്ഞത്. അവിടെയുള്ള സംഭവങ്ങൾ ഓർത്താൽ മതി, അവിടെ എന്തായിരുന്നുവെന്നുള്ളത്. ഞാനതിലേയ്ക്ക് കടക്കുന്നില്ല. ആ ചുവപ്പ് കൂടുതൽ ചുവപ്പായിക്കൊണ്ടിരിക്കുന്നത് എങ്ങനെയാണെന്ന് നിങ്ങൾതന്നെ ഓർത്തുനോക്കിയാൽ മതി. റിപ്പബ്ലിക് ദിനത്തിലെ വിരുന്ന് സാധാരണ നിലയ്ക്ക് റിപ്പബ്ലിക് ദിനത്തിന്റെ ഭാഗമായുള്ള പരിപാടിയാണ്. രാവിലെ ഗവർണർ പാതകയുയർത്തും. സാധാരണ എല്ലാവർഷവും ഞാനവിടെ പോകുന്നതാണ്. ആ പരിപാടി കഴിയുമ്പോൾ സ്വഭാവികമായും 'അറ്റ് ഹോം' പരിപാടി ഗവർണ്ണർ നടത്തും. കോവിഡ് പശ്ചാത്തലമായതുകൊണ്ട് കഴിഞ്ഞ വർഷങ്ങളിൽ ആ പരിപാടി നടത്തിയിരുന്നില്ല. ഇപ്രാവശ്യം അത് നടത്തിയിരുന്നു. സ്വാഭാവികമായും ഞാൻ പോയി. നിങ്ങളിൽ ചിലർ പോകുകയില്ലെന്ന് കരുതിയിട്ടുണ്ടാകും. എനിക്ക് പോകുന്നതിന് എന്താണ് പ്രശ്നം? ഞാനവിടെ പോയി. നല്ല രീതിയിൽത്തന്നെ അതിൽ പങ്കെടുത്തു. എനിക്ക് മറ്റൊരു പരിപാടിയുണ്ടായിരുന്നതുകൊണ്ട് അവസാനംവരെ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഞാൻ അവിടെനിന്നും പോരുകയും ചെയ്തു. അത് തെറ്റിദ്ധാരണയല്ല, ബോധപൂർവ്വമുള്ള തെറ്റായ പ്രചരണത്തിനുള്ള ഒരു ആയുധമായി ഉപയോഗിക്കുകയാണ്. അതാണ് മനസ്സിലാക്കേണ്ടത്. അതൊന്നും ഇങ്ങോട്ട് ഏശുകയില്ല. നിങ്ങൾക്ക് പലതരത്തിലുള്ള ഉള്ളിൽക്കളികളുണ്ടെങ്കിൽ അതില്ലാത്തവരാണ് ഞങ്ങൾ. നേരെ പച്ചയായി കാര്യങ്ങൾ നടത്തുക മാത്രമേയുള്ളൂ. ശ്രീ. എൻ. ഷംസുദ്ദീൻ അതാദ്യം മനസ്സിലാക്കണം. പണ്ട് അണ്ണാൻ ആനയോട് വേദനിക്കുന്നുണ്ടോയെന്ന് ചോദിച്ച ഒരു കഥയുണ്ട്. ഏകദേശം അതുപോലെയാണ് ശ്രീ. കുറുക്കോളി മൊയ്തീൻ ഞങ്ങളോട് പറയാറുള്ളത്. 'നിങ്ങൾ ഇങ്ങോട്ട് വരൂ, ഞങ്ങൾ സി.പി.ഐ.(എം)-നെ ക്ഷണിക്കുകയാണ്, 1977-ലെ അവസ്ഥയേക്കാൾ നിങ്ങൾ മോശമാകാൻ പോവുകയാണ്. സ്വാഭാവികമായും നിങ്ങൾ ഞങ്ങളുടെ മുന്നണിയിലേയ്ക്ക് വരുന്ന സാഹചര്യമുണ്ടാകും''എന്നാണ് പറയുന്നത്. എന്താണ് ഞാൻ ഇതിന് ഉത്തരം പറയേണ്ടത്? എതിർക്കണമെന്ന് തോന്നിയപ്പോൾ എന്തും വിളിച്ചുപറയാമെന്ന അവസ്ഥയിലേയ്ക്ക് മാറുകയാണ്. അതൊന്നും സാധാരണ നിലയ്ക്ക് സ്വീകരിക്കേണ്ട സമീപനമല്ലെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. മുസ്ലീംലീഗിന്റെ അവസ്ഥ ഇവിടെ എല്ലാവർക്കുമറിയാം. അതറിയാത്തവരല്ലല്ലോ ഞങ്ങൾ. നിങ്ങളിപ്പോൾ യു.ഡി.എഫ്.-ലാണ്. അതിലെ പ്രധാന ഘടകം ഏതാണ്? കോൺഗ്രസും മുസ്ലീംലീഗുമാണ്. ഇതിലേതെങ്കിലുമൊന്ന് ഇല്ലാതായാൽ യു.ഡി.എഫ്. ഇല്ലാതായില്ലേ? നിങ്ങളല്ലേ അതിന്റെ പ്രധാനഭാഗം. നിങ്ങൾ പ്രധാന ഭാഗമായിട്ടിരിക്കുന്ന ഒന്നിൽനിന്ന് പെട്ടെന്ന് മാറിപ്പോകുമെന്ന് കേ

രളത്തിൽ ആരെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ? നിങ്ങളെക്കുറിച്ച് മറ്റാർക്കെങ്കിലും സംശയം തോന്നുന്നുണ്ടെങ്കിൽ അതിന് ഇടയ്ക്കിടയ്ക്ക് നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തേണ്ട കാര്യമെന്താണ്? നിങ്ങൾ ആ സംശയം തീർക്കാൻ നോക്കണമെന്നല്ലാതെ ഞങ്ങളെ കുറ്റംപറഞ്ഞ് നല്ലവരാകാമെന്ന നിലപാട് സ്വീകരിച്ചതുകൊണ്ട് കാര്യമുണ്ടോ? നിങ്ങൾക്ക് നിങ്ങളുടേതായ ചില പ്രശ്നങ്ങളുണ്ടാകും. ആ പ്രശ്നങ്ങൾ ചിലപ്പോൾ നിങ്ങൾക്ക് അവതരിപ്പിക്കേണ്ടിവരും. അത് നിങ്ങളുടെ മുന്നണിയിൽ ചില പ്രശ്നങ്ങളുണ്ടാക്കുന്നുണ്ടാകും. അതൊക്കെ സ്വാഭാവികമാണ്. അതൊക്കെ ഒരു മുന്നണിക്കകത്തുണ്ടാകും. അതൊക്കെ നിങ്ങൾ തമ്മിൽ തീർക്കേണ്ട കാര്യമല്ലേ? നിങ്ങൾ പെട്ടെന്ന് അവിടെ നിന്ന് ഇങ്ങോട്ട് വരാൻ പോകുന്നുവെന്ന് ഞങ്ങളാരെങ്കിലും കരുതുന്നുണ്ടോ? അങ്ങനെയൊരു ചിന്ത നിങ്ങളിലുണ്ടാകേണ്ടതില്ലെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ വലിയതോതിൽ ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നുവെന്നും യൂണിവേഴ്സിറ്റികളുടെ ക്രെഡിബിലിറ്റിതന്നെ ചോർന്നുപോയിരിക്കുകയാണെന്നുമൊക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. എല്ലാ വിഷമസ്ഥിതിയും നിലനിൽക്കുമ്പോൾ തന്നെയാണ് കേരള യൂണിവേഴ്സിറ്റി 'എ പ്ലസ് പ്ലസ് ' നേടുന്നതും യൂണിവേഴ്സിറ്റികളിൽ ചിലത് 'എ പ്ലസ്' നേടുന്നതും. രാജ്യത്തെ പ്രധാന യൂണിവേഴ്സിറ്റികളിൽ നമ്മുടെ യൂണിവേഴ്സിറ്റികളും റാങ്കിംഗിൽ ഉന്നത സ്ഥാനത്തെത്തുകയാണ്. ഇത്തരത്തിലുള്ള നേട്ടങ്ങൾ നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിനിയും മുന്നോട്ടുപോകേണ്ടതുണ്ട്. മുന്നോട്ടുകൊണ്ടുപോകാൻ തന്നെയാണ് സർക്കാർ ശ്രമിക്കുന്നത്. ആ രംഗത്ത് വലിയ തോതിലുള്ള ഇടപെടലുണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്. അക്കാര്യങ്ങൾ തുടർന്നുകൊണ്ടുപോകുകയാണ്. പ്രഖ്യാപിച്ച കാര്യങ്ങൾ അതേരീതിയിൽ നടത്താനാണ് സർക്കാർ നിലകൊള്ളുന്നത്. നിരവധി കാര്യങ്ങൾ ഇപ്പോൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബാക്കികാര്യങ്ങളും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഏതായാലും ഉന്നത വിദ്യാഭ്യാസമേഖലയുടെ ഒരു ഹബ്ബാക്കി കേരളത്തെ മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്.

കാർഷിക മേഖല വല്ലാതെ തകർന്നിരിക്കുകയാണെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. കേരളത്തിലെ കാർഷിക മേഖല 2021-22-ൽ 4.6 ശതമാനം വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് തകർച്ചയുടേതല്ല, വളർച്ചയുടെ ലക്ഷണമാണ്. കണക്ക് കണക്കല്ലേ; യാഥാർത്ഥ്യം യാഥാർത്ഥ്യമല്ലേ; വസ്തുത വസ്തുതയല്ലേ; അത് നമ്മൾ അംഗീകരിച്ച് പോകണ്ടേ? ഇതിന്റെ ഭാഗമായി ധാരാളം നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകരിൽനിന്നും പച്ചക്കറി സംഭരിച്ചപ്പോൾ ഹോർട്ടികോർപ്പ് കൊടുക്കാനുള്ള മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ട്. 2022 ഡിസംബർ 31 വരെയുള്ള മുഴുവൻ കുടിശ്ശികയും നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇത് നമ്മൾ കാണേണ്ട കാര്യമാണ്. നാട്ടിൽ കുറച്ച് ഗുണ്ടകളുണ്ടെന്നത് ശരിയാണ്. പക്ഷെ, ഗുണ്ടകളുടെ അഴിഞ്ഞാട്ടം നല്ലതുപോലെ അവസാനിപ്പിച്ചുവരികയാണ്. നല്ലതരത്തിലുള്ള ഇടപെടലാണ് അക്കാര്യത്തിലുണ്ടായിട്ടുള്ളത്.

ഇവിടെ ഭാരത് ജോഡോ യാത്രയെക്കുറിച്ച് പറഞ്ഞു. കേരളത്തിലെ സി.പി.ഐ .(എം)-നെ അഖിലേന്ത്യാ സി.പി.ഐ .(എം)-ന്റെ വ്യത്യസ്തമായൊരു ഭാഗമായി ചിത്രീകരിക്കാൻ നിങ്ങൾ ശ്രമിച്ചു. ഞങ്ങളുടെ പാർട്ടിയുടെ ഘടനയെ മനസ്സിലാക്കാത്തവരല്ലല്ലോ നിങ്ങൾ. പൊതുവിൽ ചർച്ച ചെയ്ത് കാര്യങ്ങളിൽ നിലപാടെടുക്കുന്ന പാർട്ടിയാണ് ഞങ്ങളുടേത്. ആ നിലപാടെടുക്കുമ്പോൾ ആദ്യമേ കണ്ടത് എന്താണ്? നിങ്ങളുടെ ഒരു രാഷ്ട്രീയ പരിപാടിയാണത്. കോൺഗ്രസ് പാർട്ടി അടുത്തകാലത്ത് നടത്തിയ പാർട്ടി പരിപാടിയാണത്. ആ പരിപാടി ആ നിലയ്ക്ക് നടക്കട്ടെ. ആ പരിപാടിയിൽ ഞങ്ങൾ പോകേണ്ട കാര്യമില്ല. അത് സ്വാഭാവികമാണ്. ഞങ്ങളുടെ ഉന്നതതലത്തിൽ ആലോചിച്ച് തീരുമാനിച്ച കാര്യമാണത്. അത് കേരളത്തിലെ പാർട്ടിയുടെ നില

പാടാണെന്ന് തെറ്റിദ്ധരിപ്പിക്കേണ്ട. അതങ്ങനെയല്ല. ഞങ്ങളുടെ പാർട്ടിയുടെ പോളിറ്റ് ബ്യൂറോ ചർച്ച ചെയ്തെടുത്ത നിലപാടാണ്. ആ പരിപാടി നടക്കുന്നതുകൊണ്ടുള്ള വിയോജിപ്പല്ല. അത് കോൺഗ്രസ് പാർട്ടിയുടെ പരിപാടിയാണ്.

സർ, ഒരു ജാഥയെ പരിഹസിക്കേണ്ട ആവശ്യം ഞങ്ങൾക്കെന്താണ്? സാധാരണ നിലയിൽ ഒരു പാർട്ടിയുടെ പരിപാടി നടക്കുന്നു. രാഷ്ട്രീയ പരിപാടിയായതുകൊണ്ട് അവർ അവരുടേതായ പ്രചരണങ്ങൾ നടത്തുന്നു. ആ പ്രചരണത്തിന്റെ ഭാഗമായി നേരത്തേ പ്രതി പക്ഷനേതാവ് പറഞ്ഞു, 'ഞങ്ങൾ ഗവൺമെന്റിനെതിരെയോ നിങ്ങൾക്കാർക്കുമെതിരെയോ ഒരു വർത്തമാനവും പറഞ്ഞില്ല' എന്ന്. ഒന്നും പറഞ്ഞില്ലെന്നാണോ. ശ്രീ. ജയറാം രമേശ് നിങ്ങ ളുടെ ആരാണ്?

സർ, ഇതാണ് വസ്തുത. ആ പറഞ്ഞതൊന്നും ഞങ്ങൾ വലിയ കാര്യമായി കാണുന്നില്ല. നിങ്ങൾ ഒന്നും പറഞ്ഞില്ല എന്ന് ആവർത്തിച്ച് പറയുമ്പോൾ ശ്രീ. ജയറാം രമേശ് എന്താണ് പറഞ്ഞതെന്ന് നിങ്ങളെ ഓർമ്മിപ്പിച്ചതേയുള്ളൂ. രാഷ്ട്രീയ പരിപാടിയെന്ന നിലയിൽ നിങ്ങള ത് ഉന്നയിക്കുന്നു. അതിൽ ഞങ്ങൾക്കെന്താണ് പ്രശ്നം. ആ പരിപാടി നിങ്ങൾ നടത്തുന്നു. നിങ്ങൾ നല്ല രീതിയിൽ അത് സമാപിപ്പിച്ചിരിക്കുന്നു. ജീവിതത്തിലെ ഏറ്റവും നല്ല അനുഭവം നിങ്ങൾ അവിടെയായതുകൊണ്ടുണ്ടായി. കാരണം, നല്ല മഞ്ഞുവീഴുന്ന അനുഭവമുണ്ടായി എന്നു പറഞ്ഞില്ലേ. അത് നിങ്ങൾക്ക് നല്ല അനുഭവമല്ലേ? അതെല്ലാം നല്ല കാര്യംതന്നെ. ആ നിലയ്ക്ക് നിങ്ങൾ ആസ്വദിച്ചുകാണും. നിങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി നിങ്ങൾക്കുണ്ടായ അനുഭവമാണെന്ന് കണ്ടാൽ മതിയാകും. ഞങ്ങൾ അതിന്റെ ഭാഗമായി വരണമെന്ന് നിർബന്ധിക്കേണ്ട എന്നുമാത്രം. അത് രാഷ്ട്രീയ പാർട്ടിയുടെ പരിപാടിയാണ്. അങ്ങനെ വരാതിരുന്നാൽ ബി.ജെ.പി.-യെ സഹായിക്കലാകുമെന്ന് കാണേണ്ടതില്ല. അതാണ് അതിൽ കാണേണ്ട കാര്യം.

എല്ലാകാലത്തും സമരങ്ങളുടെ കാര്യം ഇങ്ങനെയാണ്. സമരത്തിന്റെ ഭാഗമായി കേസിൽ പ്പെടുമ്പോൾ നിങ്ങൾക്കത് മനസ്സിലാകും. നേരത്തെയും ഇങ്ങനെ തന്നെയാണ് കാര്യങ്ങൾ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ഇത്തരത്തിലുള്ള ധാരാളം അറസ്റ്റുകളും കാര്യങ്ങ ളുമുണ്ടായിട്ടുണ്ട്. എന്നാൽ ജനകീയ സമരങ്ങളാകുമ്പോൾ ആ സമരങ്ങളുടെ കാര്യത്തിൽ എപ്പോഴും ഗവൺമെന്റിന് ഒരു അനുകമ്പാർഹമായ നിലപാട് പിന്നീട് ഉണ്ടാകാറുണ്ട്. അത് പിന്നീട് പരിശോധിച്ച് തീരുമാനിക്കേണ്ട കാര്യമാണ്.

മറ്റ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി ആവർത്തിക്കുകയാണ്. കേരളത്തിന്റെ പൊതുവായ പ്രശ്നങ്ങളിൽ താല്പര്യപൂർവ്വം നിൽക്കാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല. ആ പൊതുവായ പ്രശ്നങ്ങളോടൊപ്പം നിൽക്കാൻ മനസ്സ് കാ ണിക്കണമെന്നതാണ് പ്രതിപക്ഷത്തോട് പൊതുവിൽ അഭ്യർത്ഥിക്കാനുള്ളത്. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

# പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ

സർ, മനുഷ്യവിഭവശേഷിയോടൊപ്പം അറിവിന്റെ അനന്തമായ സാധ്യതകളും ഉപയോഗപ്പെടുത്തി പശ്ചാത്തല സൗകര്യ വികസന മേഖലയ്ക്ക് ഊന്നൽ നൽകി 2047 വർഷത്തോടെ സംസ്ഥാനത്തെ മധ്യ വരുമാന വികസിത രാഷ്ട്രങ്ങൾക്ക് തുല്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ സർക്കാർ പ്രവർത്തിച്ചുവരുന്നത്. ഇതിനുതകുന്ന തരത്തിൽ പശ്ചാത്തല സൗകര്യ വികസന മേഖലയിൽ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി ഒട്ടനവധി പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിവരുന്നു.

### സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ

ഗാർഹിക, ഗതാഗത, വാണിജ്യ വ്യാവസായിക ഉപഭോക്താക്കൾക്ക് സുരക്ഷിതവും അപകടരഹിതവുമായ രീതിയിൽ പ്രകൃതിവാതക ലഭ്യത ഉറപ്പുവരുത്തുവാൻ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതിയാണിത്.

### വെസ്റ്റ് കോസ്റ്റ് കനാൽ ഡവലപ്മെന്റ്

കോവളം മുതൽ ബേക്കൽ വരെയുള്ള 590 കി.മി വരുന്ന ജലപാത വികസിപ്പിക്കുന്നതിലൂടെ ജലഗതാഗതം, ടൂറിസം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ സാമ്പത്തിക കുതിച്ചുചാട്ടത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വെസ്റ്റ് കോസ്റ്റ് കനാൽ ഡെവലപ്മെന്റ് പ്രോജക്ട് നടപ്പാക്കിവരുന്നു. ഇതിനായി മലബാറിൽ 53 കി.മി ദൂരം പുതിയ കൃത്രിമ കനാൽ നിർമ്മിച്ച് നിലവിലുള്ള കനാലുകളുമായി ബന്ധിപ്പിക്കുന്നു.

### വേസ്റ്റ് ടു എനർജി പ്ലാന്റ്

ഗാർഹിക-ഖര മാലിന്യങ്ങൾ ശേഖരിച്ച് - വേർതിരിച്ച് പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ പ്ലാന്റിലൂടെ വൈദ്യുതി ഉത്പാദിപ്പിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുന്ന വേസ്റ്റ് ടു എനർജി പ്ലാന്റ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ മാലിന്യ സംസ്കരണത്തോടൊപ്പം പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപ്പാദനവും സാധ്യമാകുന്നു.

**കെ-ഫോൺ**

സംസ്ഥാനത്തെ പൗരന്മാർക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കാനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർ നെറ്റ് സേവനം നൽകാനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. ഇത് കമ്മീഷൻ ചെയ്യുന്നതോടെ ഏറ്റവും ഉയർന്ന അതിവേഗ ഫൈബർ ഡാറ്റാ കണക്ടിവിറ്റിയുള്ള സംസ്ഥാനമായി കേരളം മാറും.

**ഇൻഡസ്ട്രിയൽ കോറിഡോർ**

സംസ്ഥാനത്തെ ഉത്പാദന മേഖലയുടെ വികസനത്തിനും കൊച്ചി-പാലക്കാട് മേഖലയെ തെക്കേ ഇൻഡ്യയിലെ സുപ്രധാന നിർമ്മാണ ഹബ്ബായി മാറ്റുന്നതിനുവേണ്ടിയും വിഭാവനം ചെയ്ത പദ്ധതിയാണ് കൊച്ചി-ബംഗലൂരു ഇൻഡസ്ട്രിയൽ കോറിഡോർ. ഇന്ത്യയിലെ 5 പ്രധാന വ്യാവസായിക ഇടനാഴികളിൽ ഉൾപ്പെടുന്ന ചെന്നൈ-ബംഗലൂരു വ്യവസായിക ഇടനാഴിയുടെ വിപുലീകരണമാണ് ഈ പദ്ധതി.

**കൊച്ചി ജല മെട്രോ പദ്ധതി**

കൊച്ചിയിലെ പതിനാറ് റൂട്ടുകളിലെ 76 കി.മി ജലപാതയുടെ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനാണ് ഇത് നടപ്പാക്കുന്നത്.

**ഹിൽ ഹൈവേ**

മലയോര മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ നന്താരപടവ് തുടങ്ങി തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 13 ജില്ലകളിലെ മലയോര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് 1251 കി.മി ദൂരത്തിൽ മലയോരപ്പാത നിർമ്മിക്കുന്ന പദ്ധതിയാണ് ഹിൽഹൈവേ.

**കോസ്റ്റൽ ഹൈവേ**

സംസ്ഥാനത്തെ തീരദേശ മേഖലകളിലെ ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് എന്ന സ്ഥലത്ത് തുടങ്ങി കാസർഗോഡ് ജില്ലയിലെ കുഞ്ഞത്തൂർ അവസാനിക്കുന്ന 9 ജില്ലകളിലൂടെ കടന്നുപോകുന്ന 655 കി.മി ദൈർഘ്യം വരുന്ന തീരദേശ പാത നിർമ്മിക്കുന്ന പദ്ധതിയാണിത്.

**ശബരിമല വിമാനത്താവളം**

സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലും എസ്റ്റേറ്റിനുപുറത്ത് അധിക ഭൂമിയും ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്ന പദ്ധതിയാണിത്.

**തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്**

എൻ.എച്ച്-66 പാരിപ്പള്ളിക്ക് സമീപം നാവായിക്കുളത്തുനിന്നും ആരംഭിച്ച് വിഴിഞ്ഞം ബൈപാസിൽ അവസാനിക്കുന്നതാണ് തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്. ഏകദേശം 78.88 കി.മി നീളമുള്ള ഈ റോഡ് ഇപ്പോൾ നാലുവരി പാതയായി ആവശ്യം വന്നാൽ ഭാവിയിൽ 6 വരി പാതയായും വികസിപ്പിക്കാവുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിന് എൻ.എച്ച്.എ.ഐ.യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്.

### സിറ്റി റോഡ് ഇംപ്രൂവ്മെന്റ്

സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ റോഡ് ഗതാഗതം സുഗമമാക്കുന്നതിലേയ്ക്കായി കണ്ണൂർ, ആലപ്പുഴ, കൊല്ലം ജില്ലകളിൽ പ്രാഥമിക ഘട്ടത്തിൽ നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയാണ് സിറ്റി റോഡ് ഇംപ്രൂവ്മെന്റ്.

### സുഭിക്ഷ കേരളം പദ്ധതി

കോവിഡ് കാലത്ത് സുഭിക്ഷ കേരളം പദ്ധതിയിലൂടെ ആയിരക്കണക്കിന് ഏക്കർ തരിശുനിലങ്ങളിൽ പുതുതായി കൃഷി ഇറക്കി. സുസ്ഥിര നെൽ കൃഷി വികസനത്തിന് ഉത്പാദനോപാധികൾക്കുള്ള സഹായവും നെൽ വയൽ ഉടമസ്ഥർക്ക് റോയൽറ്റിയും ഈ പദ്ധതി വഴി നൽകുന്നതാണ്.

### ജലജീവൻ മിഷൻ

2024-ഓടെ ഗ്രാമപ്രദേശങ്ങളിലെ എല്ലാ വീടുകളിലേയ്ക്കും മതിയായ അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി പ്രവർത്തനക്ഷമമായ പൈപ്പ് കണക്ഷൻ നൽകുന്ന പദ്ധതിയാണിത്.

### കേരള സെമി-ഹൈസ്പീഡ് റെയിൽ

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 531 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കി.മീ വരെ വേഗത്തിൽ ട്രെയിനുകൾക്ക് സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ/ഗ്രീൻ ഫീൽഡ് കോറിഡോർ വിഭാവനം ചെയ്തുകൊണ്ടുള്ള പദ്ധതിയാണിത്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

### വൈദ്യുതി

10000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി അടുത്ത രണ്ട് ദശകത്തേയ്ക്ക് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുംവിധം പരിവർത്തനം ചെയ്യും. ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെയും മറ്റ് പ്രസരണ ശൃംഖലാ വികസന/നവീകരണ പദ്ധതികൾ വഴിയും 2025-ഓടെ പ്രസരണ ശൃംഖലയുടെ ലഭ്യത 99 ശതമാനമായി ഉയർത്താനാകും. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സൗര പദ്ധതിയിലൂടെ 6668 പുരപ്പുറങ്ങളിലായി 34.67 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിച്ചു.

### വിഴിഞ്ഞം പദ്ധതി

സംസ്ഥാനത്തെ സാമ്പത്തിക വാണിജ്യ രംഗങ്ങളിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. തുറമുഖ നിർമ്മാണം നിലവിൽ 80 ശതമാനം പൂർത്തിയായിട്ടുണ്ട്. രാജ്യത്തിന് മുഴുവൻ പ്രയോജനപ്പെടുന്നതും പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്തതുമാണ് ഈ ട്രാൻഷിപ്പ്മെന്റ് തുറമുഖം. അയൽ രാജ്യങ്ങൾക്ക് ചരക്കുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട വാതായനമാണ് വിഴിഞ്ഞം തുറമുഖം.

### ഡിജിറ്റൽ സയൻസ് പാർക്ക്

തിരുവനന്തപുരം ഡിജിറ്റൽ സർവ്വകലാശാല ക്യാമ്പസിനോട് ചേർന്ന് ടെക്നോസിറ്റിയിലെ 14 ഏക്കറിൽ ഡിജിറ്റൽ സയൻസ് പാർക്ക് 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു. സ്ഥാപനങ്ങൾക്ക് പുതിയ സാങ്കേതികവിദ്യ വളർത്തിയെടുക്കാനും ഇതിന് വിവിധ സർവ്വകലാശാലകളുമായി ചേർന്ന് പ്രവർത്തിക്കാനുമുള്ള കൺസൽട്ടൻസി സഹായം പാർക്കിലുണ്ടാവും.

### ശബരി റെയിൽ

അങ്കമാലി മുതൽ എരുമേലി വരെ 111 കി.മീ. ദൈർഘ്യമുള്ള ശബരി റെയിൽപാത തീർത്ഥാടകർക്ക് യാത്രാസൗകര്യം ഉണ്ടാക്കുന്നതോടൊപ്പം മധ്യകേരളത്തിലെയും മലയോര പ്രദേശങ്ങളിലെയും സമഗ്ര വികസനത്തിന് സഹായകരവുമാണ്. പദ്ധതി ചെലവിന്റെ 50 ശതമാനം വഹിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

### പുതുവൈപ്പിൻ എൽ.പി.ജി ടെർമിനൽ

പാചകവാതകം സുലഭമാക്കാൻ കൊച്ചി പുതുവൈപ്പിനിലെ എൽ.പി.ജി. ടെർമിനൽ പ്രവർത്തനം ലക്ഷ്യംവയ്ക്കുന്നു. 1,236 കോടി രൂപയുടെ പദ്ധതി 96 ശതമാനം പൂർത്തിയായി.

### വയനാട് തുരങ്ക പാത

താമരശ്ശേരി ചുരം റോഡിന് ബദലായി നിർമ്മിക്കുന്ന 8.11 കി.മീ ദൂരമുള്ള ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത യാഥാർത്ഥ്യമാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചു. ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലാണ്.

### ഐ.ടി. കോറിഡോർ

തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് 3 മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും എൻ.എച്ച്-66-ന് സമാന്തരമായാണ് ഐ.ടി ഇടനാഴികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

ഐടി പാർക്കിനനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള റിക്വിസിഷനിംഗ് അതോറിറ്റി (Requisitioning Authority) ആയി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (KSITIL) സർക്കാർ നിയോഗിച്ചിട്ടുണ്ട്.

മേൽപറഞ്ഞ പദ്ധതികൾ കൂടാതെ കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും മറ്റുപരിപാടികളും സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. പദ്ധതികളുടെ അവലോകനം കൃത്യമായ ഇടവേളകളിൽ മുഖ്യമന്ത്രി, മന്ത്രിമാർ, വകുപ്പ് സെക്രട്ടറി തലങ്ങളിൽ നടന്നുവരുന്നു. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ശക്തമായ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. പ്രകടന പത്രികയിലെ 900 വാഗ്ദാനങ്ങളിൽ 758 ഇനങ്ങളിൽ നടപടികൾ ആരംഭിച്ച് വിവിധ ഘട്ടങ്ങളിലാണ്.

തൊഴിലില്ലായ്മ നിരക്ക് 9 ശതമാനത്തിൽ നിന്നും 4.8 ശതമാനമാക്കി കുറയ്ക്കാൻ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച നൂറുദിന കർമ്മ പരിപാടിയിൽ പരമാവധി പേർക്ക് തൊഴിൽ നൽകുന്നതിന് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം രണ്ട് ഘട്ടങ്ങളിലായി 100 ദിന കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം 100 ദിന കർമ്മ പരിപാടിയിൽ 80559 തൊഴിലവസരങ്ങളും രണ്ടാം 100 ദിന കർമ്മ പരിപാടിയിൽ 464714 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. 2023 ഫെബ്രുവരി 10 മുതൽ മെയ് 20 വരെ നടപ്പിലാക്കുന്ന മൂന്നാം 100 ദിന കർമ്മ പരിപാടിയിൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 439469 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

ഒന്നേകാൽ ലക്ഷം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ അധികമായി നൽകുന്നതിന് (ആകെ 200 തൊഴിൽ

ദിനങ്ങൾ) 'Kerala Tribal Plus'പദ്ധതി നടപ്പാക്കിവരുന്നു.

ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കുവേണ്ടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി. കരിയർ ഡെവലപ്മെന്റ് സെന്ററുകൾ നടത്തിവരുന്ന ജോബ് ഡ്രൈവുകൾ മുഖേന സംസ്ഥാനത്ത് നാളിതുവരെ 1106 ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചു. എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ 3063 ജോബ് ഡ്രൈവ് നടത്തുകയും 50450 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പ് മുഖാന്തരം നിലവിൽ അഞ്ച് സ്വയം തൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പാക്കിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പ/സബ്സിഡി അനുവദിക്കുക വഴി തൊഴിലില്ലായ്മയുടെ തോത് ഒരു പരിധിവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 19764 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

വൊക്കേഷണൽ ഗൈഡൻസ് പ്രോഗ്രാമിന്റെ ഭാഗമായി തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാൻ 2015 മുതൽ തൊഴിലും നൈപുണ്യവും വകുപ്പ് ജോബ് ഫെയറുകൾ നടത്തുകയും ഈ ജോബ് ഫെയറുകൾ വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ 96792 പേർക്ക് തൊഴിൽ നേടിയെടുക്കാൻ സഹായകമാകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകവഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വ്യവസായ വാണിജ്യ വകുപ്പ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി 2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ രജിസ്റ്റർ ചെയ്തു. നിലവിൽ ഇതുവരെ 134490 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 288559 തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നിക്ഷേപം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധങ്ങളായ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പാക്കിവരുന്നുണ്ട്.

സർ, പരിമിതികൾക്കിടയിലും സംസ്ഥാനത്തിന്റെ വികസന കാര്യങ്ങളിൽ ശരിയായ ദിശാബോധത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് കേരള ജനതയ്ക്ക് ബോധ്യമുണ്ട്. 2016-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ അധികാരകാലഘട്ടത്തിൽ അന്നത്തെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കിയതിന്റെ പുരോഗതി ഓരോ വർഷവും പ്രോഗ്രസ്സ് റിപ്പോർട്ടായി പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രകടന പത്രികയിലെ 600 വാഗ്ദാനങ്ങളിൽ 580 എണ്ണവും സർക്കാരിന് നിറവേറ്റാൻ കഴിഞ്ഞു. അതിന്റെ അംഗീകാരമായാണ് എൽ.ഡി.എഫ്-നെ ജനങ്ങൾ തുടർ ഭരണത്തിനായി ചുമതലപ്പെടുത്തിയത്. എല്ലാ വിഭാഗം ജനങ്ങൾക്കും സർക്കാരിന്റെ പരിഗണന ലഭിക്കണമെന്ന ലക്ഷ്യത്തോടെ 50 ഇന പരിപാടിയും 900 വാഗ്ദാനങ്ങളുമാണ് 2021-ലെ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. മുന്നോട്ടുവച്ചത്. 900 ഇനങ്ങളിൽ 758 പദ്ധതികൾക്ക് ആദ്യ വർഷം തുടക്കം കുറിച്ചു. അത് ശരിയായ രീതിയിൽ നടപ്പാക്കി

വരികയാണ്. ആദ്യ വർഷത്തെ പ്രോഗസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം വർഷത്തെ റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കും.

രാജ്യത്ത് തൊഴിലില്ലായ്മ നിരക്ക് വർദ്ധിച്ചുവരികയാണ്. എന്നാൽ വിവിധ മേഖലകളിലെ ശരിയായ ഇടപെടലിന്റെ ഫലമായി സംസ്ഥാനത്ത് തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായം, കാർഷികം, വിവര സാങ്കേതികവിദ്യ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അതിലൂടെ തൊഴിലില്ലായ്മ നിരക്ക് 3490000-ൽ നിന്ന് 2840000 ആയി കുറഞ്ഞു. വളരെ നല്ല നിലയിൽ കാര്യങ്ങൾ മുന്നോട്ടുപോകുന്നു.

സർ, കേരളത്തിന്റെ സാമ്പത്തിക ശേഷിയെക്കുറിച്ച് എല്ലാവർക്കും ബോധ്യമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആവശ്യങ്ങൾ നിരവധിയാണ്. ബഡ്ജറ്റിനെ മാത്രം ആശ്രയിച്ചാൽ ആവശ്യങ്ങൾ ശരിയായ രീതിയിൽ നിറവേറ്റാൻ കഴിയില്ല. ഇതിന്റെ ഭാഗമായാണ് കിഫ്ബിയെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചത്. അതിന്റെ മേന്മ നമ്മുടെ നാടിനുണ്ടാകുന്നുണ്ട്. കിഫ്ബിയിലൂടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങളിൽ അത്ഭുതകരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു. നിലവിൽ 74000 കോടി രൂപയുടെ 993 ബൃഹത് പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള 54,000 കോടി രൂപയുടെ 986 പദ്ധതികളിൽ 6201 കോടി രൂപയുടെ പദ്ധതികളുടെ നിർമ്മാണം കിഫ്ബി പൂർത്തിയാക്കിയിട്ടുണ്ട്. നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് 6,769 കോടി രൂപയുടെ പദ്ധതികൾക്കും പൊതുവിദ്യാഭ്യാസ മേഖലയിൽ 2,780 കോടി രൂപയുടെ പദ്ധതികൾക്കും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തിലൂടെ 44705 ഹൈടെക്ക് ക്ലാസ് മുറികളും 11257 ഹൈടെക്ക് ലബോറട്ടറികളും പൊതുവിദ്യാലയങ്ങളിൽ സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 3 വ്യവസായ പാർക്കുകൾക്കായി 13,988 കോടി രൂപയുടേയും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് 200 കോടി രൂപയുടേയും പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കിവരുന്നു. പതിറ്റാണ്ടുകൾക്കപ്പുറത്ത് സാധ്യമാകേണ്ടിയിരുന്ന വികസന സ്വപ്നങ്ങളാണ് കിഫ്ബി മുഖേന സംസ്ഥാനത്ത് സാർത്ഥകമാക്കാൻ കഴിഞ്ഞത്. എന്നാൽ തീശേഴലി ◌ബോധ്യതയായ കിഫ്ബി കടമെടുപ്പിനെ സംസ്ഥാനത്തിന്റെ പൊതുകടമായി പരിഗണിച്ച് നാടിന്റെ വികസനത്തെ തടയാനുള്ള കേന്ദ്ര സർക്കാർ ശ്രമങ്ങളെ നാം ഗൗരവമായി കാണണം.

സർ, വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ വളരെ വലുതാണ്. പദ്ധതികൾ അതിവേഗം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ലോകത്തെ ഏറ്റവും വലിയ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം തുറമുഖത്തിന് മാറാൻ കഴിയുമെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. സമുദ്രഗതാഗതത്തിലെ 30-40% ചരക്കുനീക്കം നടക്കുന്ന തിരക്കേറിയ സമുദ്രപാതയിലാണ് വിഴിഞ്ഞം സ്ഥിതി ചെയ്യുന്നത്. ആദ്യ കപ്പൽ സെപ്റ്റംബർ മാസത്തിലെത്തിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇത്തരത്തിലുള്ള തുറമുഖങ്ങളോട് ചേർന്നുകൊണ്ടാണ് ലോകത്തെ പ്രധാന നഗരങ്ങളും വ്യവസായ കേന്ദ്രങ്ങളും വളർന്നുവന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ ചുറ്റുമുള്ള മേഖലകളിൽ വിപുലമായ വാണിജ്യ-വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായിക ഇടനാഴിയായി ഈ പ്രദേശം മാറും. ഇടനാഴിയുടെ ഇരുവശത്തും അധിവസിക്കുന്ന ജനങ്ങളെ പദ്ധതിയുടെ പങ്കാളികളും/ഭാഗവുമാക്കി വ്യവസായ പാർക്കുകൾ, ലോജിസ്റ്റിക് സെന്ററുകൾ, ജനവാസ കേന്ദ്രങ്ങൾ തുടങ്ങിയവ വികസിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ മുൻകൈയെടുക്കുന്നത്. തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം സുഗമമാക്കാൻ 67 കിലോമീറ്റർ ദൈർഘ്യമുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

**2023 ആഗസ്റ്റ് 08**

## ചോദ്യോത്തരവേള

# കിഫ്ബി
# കെ-ഡിസ്ക്

സർ, 50,000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കുകയെന്നതായിരുന്നു മുൻസർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. സംസ്ഥാനത്ത് വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി., വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലയളവിൽ 904 പദ്ധതികൾക്കായി 2021 മേയ്വരെ 65,363.11 കോടി രൂപയാണ് കിഫ്ബി മുഖാന്തരം അനുമതി നൽകിയിട്ടുള്ളത്. ഇവയിൽ ഏകദേശം 7,000 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡിന്റെ ആദ്യഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധിവരെ തടസ്സമില്ലാതെ നടത്താൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനും സാമൂഹിക പശ്ചാത്തലത്തിന്റെ മുഖച്ഛായ മാറ്റുന്നതിനും കിഫ്ബി പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്.

മുൻസർക്കാരിന്റെ കാലത്ത് കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികളിൽ ആരോഗ്യമേഖലയിൽ 334.02 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ വൻപുരോഗതിയാണ് കിഫ്ബി മുഖേന സംസ്ഥാനത്തിന് നേടാൻ സാധിച്ചത്. പൊതുവിദ്യാഭ്യാസ മേഖലയിൽ 44705 ഹൈടെക് ക്ലാസ് റൂമുകളുടെയും 11257 ഹൈടെക് ലാബുകളുടെയും 425-ൽപ്പരം സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കാൻ കിഫ്ബിക്ക് സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ 22 കോളേജ് കെട്ടിടങ്ങളുടെയും തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ 4 ഐ.ടി.ഐ. കെട്ടിടങ്ങളുടെയും തുറമുഖ വകുപ്പിനുകീഴിൽ 8 തീരദേശ വിദ്യാലയങ്ങളുടെയും നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കാൻ കിഫ്ബിക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ 58 റോഡ് പദ്ധതികളും 20 കുടിവെള്ള

പദ്ധതികളും 3 റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികളും തിരുവനന്തപുരം ടെക്നോസിറ്റി ഐ.ടി. പാർക്കും 10 സ്പോർട്സ് സ്റ്റേഡിയങ്ങളും പൂർത്തീകരിച്ച പദ്ധതികളിൽ പ്രധാനപ്പെട്ടവയാണ്.

നാഷണൽ ഹൈവേയുടെ വികസനത്തിന്റെ സ്ഥലമേറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായി 5,580.74കോടി രൂപ കിഫ്ബി വഴി എൻ.എച്ച്.എ.ഐ. (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ)യ്ക്ക് കൈമാറിയിട്ടുണ്ട്. നാഷണൽ ഹൈവേയുടെ വികസനം സംസ്ഥാനത്തിന്റെ ചരക്ക് ഗതാഗതത്തിലും സമ്പദ്ഘടനയിലും സമൂലമായ ഉന്നമനം കൊണ്ടുവരുന്നതിന് ശേഷിയുള്ളതാണ്.

കിഫ്ബിയുടെ 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിലുൾപ്പെടുത്തി 3 വ്യവസായ പാർക്കുകൾക്കുള്ള 1,479.23 കോടി രൂപയുടെ സ്ഥലമേറ്റെടുപ്പ് ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 13,389.89 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി വഴി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

നാളിതുവരെ കിഫ്ബി മുഖാന്തരം 80,998.61 കോടി രൂപയുടെ 1057 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ ലാൻഡ് അക്വിസിഷൻ പൂളിലുൾപ്പെടുത്തിയ 7 പദ്ധതികളും ഉൾപ്പെടുന്നു. അംഗീകാരം നൽകിയ പദ്ധതികളിൽ 29,432.97 കോടി രൂപയുടെ 603പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 26,058.48 കോടി രൂപയുടെ 552 പദ്ധതികളാണ് കരാർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ പ്രധാനമായും റോഡുകൾ, ആശുപത്രികൾ, പാലങ്ങൾ, ഫ്ലൈ ഓവറുകൾ, സ്റ്റേഡിയങ്ങൾ, കായിക സ്കൂളുകൾ, സിനിമ തിയേറ്റർ സമുച്ചയങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ, ഐസൊലേഷൻ വാർഡുകൾ, ഫിഷ് മാർക്കറ്റുകൾ, തീരദേശ സംരക്ഷണം, പുലിമുട്ട് സ്ഥാപിക്കൽ, തടയണകൾ, കുടിവെള്ള പദ്ധതികൾ, കനാൽ നവീകരണം, മുനിസിപ്പാലിറ്റി ബിൽഡിംഗ്, സ്കൂൾ-കോളേജ് കെട്ടിടങ്ങൾ, ആധുനിക അറവുശാലകൾ, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, നിലാവ് പദ്ധതി, അഗ്രോ പാർക്കുകൾ, വയനാട് ടണൽ റോഡ്, ചെല്ലാനം കടൽഭിത്തി നിർമ്മാണം, വെസ്റ്റ് കോസ്റ്റ് കനാൽ വികസനം, തീരദേശ ഹൈവേ, മലയോര ഹൈവേ, ശബരിമല മാസ്റ്റർപ്ലാൻ, കെ-ഫോൺ, ഐ.ടി. പാർക്കുകൾ, ട്രാൻസ്ഗ്രിഡ് പദ്ധതി, ക്രാഫ്റ്റ് വില്ലേജ്, ഓങ്കോളജി പാർക്ക്, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളുടെ നിർമ്മാണം, കൊച്ചി- സംയോജിത ജലഗതാഗത പദ്ധതി മുതലായവ ഉൾപ്പെടുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15,635.50 കോടി രൂപയുടെ 152 അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കാണ് കിഫ്ബി മുഖേന അംഗീകാരം നൽകിയിട്ടുള്ളത്. ഇതിനുപുറമേ ലാൻഡ് അക്വിസിഷൻ പൂളിലുൾപ്പെടുത്തി ഗിഫ്റ്റ് സിറ്റിക്കുവേണ്ടി സ്ഥലമേറ്റെടുപ്പിനായി 840 കോടി രൂപയുടെ അംഗീകാരവും കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ 50 കോടി രൂപയ്ക്ക് മുകളിൽ 68 വൻകിട പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്.

ആരോഗ്യമേഖലയിൽ സംസ്ഥാനത്തെ ആശുപത്രികളുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങൾ കോവിഡ് കാലത്തെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് വളരെയധികം സഹായകരമായിട്ടുണ്ട്. ഇനി അത്തരം സാഹചര്യമുണ്ടാകാനിടയായാൽ നേരിടുന്നതിനായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലേയും ആശുപത്രികളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ കിഫ്ബി മുഖേന അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 236.3 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിൽ 25 ഇടങ്ങളിൽ സജ്ജീകരണങ്ങൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. ഐസൊലേഷൻ വാർഡ് പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

ആയുഷ് വകുപ്പിനുകീഴിലുള്ള അന്താരാഷ്ട്ര ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥലമേറ്റെടുപ്പിനുള്ള അനുമതി, കൊച്ചി-സംയോജിത ജലഗതാഗത പദ്ധതിയുടെ ഭാഗമായി ഏളംകുളം സ്വീവറേജ് പ്ലാന്റ്, പശ്ചിമതീരദേശ കനാൽ വികസനത്തിന്റെ ഭാഗമായുള്ള സ്ഥലമേറ്റെടുപ്പും പുനരധിവാസ പാക്കേജും ആരോഗ്യ വകുപ്പിനുകീഴിൽ കുന്നംകുളം, പേരാമ്പ്ര, പത്തനാപുരം എന്നിവിടങ്ങളിലെ താലൂക്കാശുപത്രികളുടെ വികസനം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളുടെ വികസനം, ഐസൊലേഷൻ വാർഡുകൾ, ടൂറിസം മേഖലയിൽ കോവളം ബീച്ച് നവീകരണ പദ്ധതി, ജലവിഭവ വകുപ്പിനുകീഴിൽ ഇരിട്ടി, താനൂർ, കൊയിലാണ്ടി മുനിസിപ്പാലിറ്റികളിലെ രണ്ടാംഘട്ട ജലവിതരണ പദ്ധതികൾ, ചെല്ലാനം കടൽ ഭിത്തി നിർമ്മാണം, ആലപ്പുഴ ജില്ലയിൽ ശക്തമായ കടൽക്ഷോഭം നേരിടുന്ന ഒറ്റമശ്ശേരി, കാട്ടൂർ, പൊള്ളത്തായ്, കക്കാഴം, നെല്ലാണിക്കൽ എന്നിവിടങ്ങളിലെ പുലിമുട്ട് നിർമ്മാണം, കുറ്റിപ്പുറം ആർ.സി.ബി., പൊതുമരാമത്ത് വകുപ്പിനുകീഴിൽ മലയോര ഹൈവേയുടെ 10 സ്ട്രെച്ചുകൾ, പേരൂർക്കട ഫ്ളൈഓവർ, വയനാട് ടണൽ റോഡ്, തീരദേശ ഹൈവേയുടെ 13 സ്ട്രെച്ചുകളും പുനരധിവാസ പാക്കേജും, കൂട്ടിക്കട (കൊല്ലം), വെട്ടുറോഡ് (തിരുവനന്തപുരം) എന്നിവിടങ്ങളിലെ റെയിൽവേ ഓവർ ബ്രിഡ്ജ്, മണക്കടവ്-ആലക്കടവ് റോഡ്, നിള-ഐ.പി.ടി. റോഡ്, ചെറുകോൽപ്പുഴ- മണിയാർ റോഡ്, കർഷക സൗഹൃദ ലിങ്ക് റോഡ്, നിലമ്പൂർ വളാന്തോട് റോഡ്, അട്ടക്കുളങ്ങര ഫ്ളൈഓവർ എന്നിവയും കൊട്ടാരക്കര ബൈപ്പാസ്, കൊടിനട-വഴിമുക്ക് റോഡ്, കണ്ണൂർ എയർപോർട്ട് കണക്റ്റിവിറ്റി റോഡ്, തമ്മനം-പുല്ലേപ്പടി റോഡ്, മട്ടന്നൂർ റോഡ്, മൂവാറ്റുപ്പുഴ-കൂത്താട്ടുകുളം റോഡ്, ആലുവ-മൂന്നാർ റോഡ്, പെരുമ്പാവൂർ-ആലുവ റോഡ് എന്നിവയുടെ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും ഉൾപ്പെടുന്നു.

നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ പദ്ധതി നിർവ്വഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ നടത്തിവരുന്നു. കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസികൾക്കാവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പാക്കുന്നതിനുപുറമെ കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേനയും നൽകിവരുന്നു. ഇത്തരത്തിൽ ഭാവി കേരളത്തെ നിർവ്വചിക്കുന്ന സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു.

കേരള ഡെവലപ്മെന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ മികവുറ്റ ഒരു പ്രൊഫഷണൽ സ്ഥാപനമാക്കിമാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മാനവ വിഭവശേഷി മെച്ചപ്പെടുത്തൽ
ഇന്നൊവേഷൻ ടെക്നോളജീസ്
പ്ലാനിംഗ് കോംപീറ്റൻസി ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സിസ്റ്റം
സോഷ്യൽ എന്റർപ്രൈസസ് ആൻഡ് ഇൻക്ലൂഷൻ
സ്കിൽസ് എംപ്ലോയ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ്
മാനേജ്മെന്റ് സർവ്വീസസ്

എന്നീ ഡിവിഷനുകളിലായി പ്രത്യേകം വൈദഗ്ദ്ധ്യമുള്ള പ്രതിഭകളെ കണ്ടെത്തി പ്രവർത്തനങ്ങളുമായി അണിചേർക്കുന്നു. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP), വൺ ഡിസ്ട്രിക്ട് വൺ

ഐഡിയ (ODOI), വൺ ലോക്കൽ ഗവണ്മെന്റ് വൺ ഐഡിയ (OLOI) എന്നീ പരിപാടികളിലായി 7450 സ്ഥാപനങ്ങളെ ഇന്നൊവേഷൻ ആവാസവ്യവസ്ഥയിൽ ഏകോപിപ്പിച്ചിട്ടുണ്ട്.

കേരള നോളഡ്ജ് ഇക്കോണമി മിഷനിൽ തൊഴിൽദാതാക്കളെ പരിശീലിപ്പിക്കാൻ 59 വിദഗ്ധ സ്ഥാപനങ്ങളെയും 89 വിദഗ്ധരെയുംകൂടി ചേർത്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങളുടെ സാങ്കേതികവിദ്യ വികസനത്തിനായി സി-ഡാക്, വി.എസ്.എസ്.സി., ടൈറ്റാനിയം, ട്രെസ്റ്റ്പാർക്ക്, ഐസർ, ഘീഴ9 സിസ്റ്റംസ് എന്നിവയുടെ സഹായത്തോടുകൂടി ഇ.വി. കൺസോർഷ്യം രൂപീകരിച്ചു. ബാറ്ററി സാങ്കേതികവിദ്യ, മോട്ടോർ സാങ്കേതികവിദ്യ, ഇലക്ട്രോണിക് കൺട്രോളർ സാങ്കേതികവിദ്യ എന്നീ മേഖലകളിൽ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വകലാശാലയുടെയും ഐ.സി.റ്റി. അക്കാദമി ഓഫ് കേരളയുടെയും സഹായത്തോടെ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യയുടെ പരിശീലന പരിപാടികൾ നടന്നുവരുന്നു. നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, റോബോട്ടിക് സാങ്കേതികവിദ്യ, ബ്ലോക്ക് ചെയിൻ, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി, ഡാറ്റ അനലറ്റിക്സ് എന്നീ മേഖലകളിൽ വിവിധ സ്റ്റാർട്ടപ്പുകളുമായി ചേർന്നുകൊണ്ടാണ് എമർജിംഗ് ടെക്നോളജി ഇൻ ഗവണ്മെന്റ് എന്ന പരിപാടി നടപ്പാക്കുന്നത്. കേരള ജിനോം ഡാറ്റ സെന്റർ, മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ് എന്നിവയിലെ മികവിന്റെ കേന്ദ്രങ്ങൾ, സ്മാർട്ട് കോഫി എന്നീ പദ്ധതികളിലും ഇതുപോലെ പ്രത്യേകം വിദഗ്ധ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം നടന്നുവരുന്നു.

### ഫലാധിഷ്ഠിത മാനേജ്മെന്റ് സംവിധാനം നടപ്പാക്കാൻ

കെ-ഡിസ്കിലെ ജീവനക്കാരുടെയും ഡിവിഷനുകളുടെയും പ്രവർത്തനങ്ങൾ ചിട്ടയായി നടത്താൻ ഫലാധിഷ്ഠിത മാനേജ്മെന്റ് സംവിധാനം നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മുഴുവൻ ജീവനക്കാരുടെയും പ്രവർത്തനലക്ഷ്യങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് ഇവയുടെ പുരോഗതി പരിശോധിച്ച് പോരായ്മകൾ പരിഹരിക്കാൻ പ്രത്യേക സംവിധാനങ്ങൾ ഉറപ്പാക്കിവരുന്നു. ഇതിനായി പ്രത്യേക ഐ.ടി. സങ്കേതങ്ങൾ കരുപിടിപ്പിച്ചിട്ടുണ്ട്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കൂടുതൽ ആകർഷകമാക്കാൻ ശ്രമങ്ങൾ നടന്നുവരുന്നു. കെ-ഡിസ്ക് വഴി നിയോഗിച്ചിട്ടുള്ള ജീവനക്കാരെ ഇപ്പോൾ 2 വർഷത്തെ ദൈർഘ്യമുള്ള കരാറിലാണ് നിയമിച്ചിട്ടുള്ളത്. ഇവർക്ക് ഇൻഷ്വറൻസ്, പി.എഫ്. ആനുകൂല്യങ്ങൾ എന്നിവ നടപ്പാക്കാൻ ശ്രമങ്ങളാരംഭിച്ചിട്ടുണ്ട്.

### ഭരണനിർവ്വഹണം പ്രൊഫഷണലാക്കൽ

കെ-ഡിസ്കിലെ ഭരണനിർവ്വഹണം ചിട്ടപ്പെടുത്താൻ സമഗ്രമായ ഇ-ഗവേണൻസ് സംവിധാനങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ വകുപ്പിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത് പൂർണ്ണമായും ഇ-സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തിയാണ്. മറ്റ് സർക്കാർ വകുപ്പുകളുമായുള്ള കത്തിടപാടുകൾ ഇപ്പോൾ പൂർണ്ണമായും ഇലക്ട്രോണിക് സംവിധാനത്തിലാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കെ-ഡിസ്കിലെ ഫയൽ മാനേജ്മെന്റ് ഡി.ഡി.എഫ്.എസ്. എന്ന സങ്കേതം ഉപയോഗിച്ചാണ് നടത്തുന്നത്. ഇതിന്റെ നവീകരണം നടന്നുവരുന്നു. ഹാജർ സംവിധാനം സോഹോ പീപ്പിൾ എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് നടക്കുന്നത്.

### നിയോഗിക്കപ്പെട്ട ജീവനക്കാരുടെ കർത്തവ്യനിർവ്വഹണം മെച്ചപ്പെടുത്തൽ

നിലവിലുള്ള ജീവനക്കാരുടെ പ്രവർത്തന മികവ് ലക്ഷ്യമാക്കി പ്രത്യേക പരിശീലന പരിപാടികൾ തയ്യാറാക്കിവരുന്നു. സി.ഐ.ഐ., ജി-ടെക്, ഐ.സി.റ്റി. അക്കാദമി ഓഫ് കേരള, ഡിജിറ്റൽ സർവ്വകലാശാല, ഐ.ഐ.എം. കോഴിക്കോട് എന്നീ സ്ഥാപനങ്ങൾ വിവിധ പരിപാടികളിൽ പങ്കാളികളാണ്. ഇതോടൊപ്പം മികച്ച സ്റ്റാർട്ടപ്പുകളെയും അക്കാദമിക് ഗവേഷണ

സ്ഥാപനങ്ങളെയും കെ-ഡിസ്കിന്റെ വിവിധ പരിപാടികളിൽ പങ്കാളികളാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുമായുള്ള ഏകോപനത്തിലൂടെ ജീവനക്കാരുടെ പ്രവർത്തനങ്ങൾ അടിക്കടി മെച്ചപ്പെടുത്താൻ സാധിക്കുന്നു.

**മെച്ചപ്പെട്ട പരിശോധന, വിലയിരുത്തൽ സംവിധാനം**

വിവിധ വിഭാഗങ്ങളിലെ ലക്ഷ്യങ്ങളുടെ നിർവ്വഹണം ക്രമീകരിക്കുന്ന Key Result Area, Key Process Area പരിശോധനാ സംവിധാനം എന്നിവ സോഹോ പ്രോജക്ടസ് എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് നടക്കുന്നത്. അക്കൗണ്ടിംഗ്, ധനകാര്യ നിർവ്വഹണം എന്നിവ ടാലി സോഫ്റ്റ്വെയർ ഉപയോഗിച്ച് നടന്നുവരുന്നു. YIP, OLOI, ODOI എന്നീ ഇന്നൊവേഷൻ പരിപാടികൾ പ്രത്യേകം ഐ.ടി. സംവിധാനങ്ങളുടെ സഹായത്തോടെയാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. മഞ്ചാടി, മഴവില്ല് എന്നീ വിദ്യാഭ്യാസ പരിപാടികളുടെ അദ്ധ്യയന പരിശീലന സംവിധാനം ബിട്രിക്സ് എന്ന സോഫ്റ്റ്വെയർ അടിസ്ഥാനമാക്കിയാണ് നടന്നുവരുന്നത്. കേരള നോളഡ്ജ് ഇക്കോണമി മിഷനിൽ ക്യൂറേഷൻ കൗൺസിലിംഗ് സങ്കേതങ്ങൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെല്ലാം ഡിജിറ്റൽ സർവ്വകലാശാലയുടെ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തിയ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന പ്ലാറ്റ്ഫോമിന്റെ സഹായത്തോടെയാണ് നടന്നുവരുന്നത്. കെ-ഡിസ്ക്, കേരള നോളഡ്ജ് ഇക്കോണമി മിഷൻ എന്നീ പ്രവർത്തന മേഖലകളിലെ ഭരണനിർവ്വഹണ സംവിധാനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്താൻ ISO 9000, ISO 27000, കടഛ ISO എന്നീ സ്റ്റാൻഡേർഡുകൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

**അധിക വിഭവസമാഹരണത്തിനുള്ള ശ്രമങ്ങൾ**

സർക്കാരിന്റെ പദ്ധതി വിഹിതത്തിനുപുറമെ വിഭവങ്ങൾ കണ്ടെത്താൻ ശ്രമങ്ങൾ നടന്നുവരുന്നു. പൊതുമേഖല, സ്വകാര്യമേഖല സ്ഥാപനങ്ങളിൽനിന്ന് സി.എസ്.ആർ. ഫണ്ടിംഗ് കണ്ടെത്താൻ ശ്രമങ്ങളാരംഭിച്ചിട്ടുണ്ട്. ഇതിനായി ഇൻകം ടാക്സ് ആക്ടിന്റെ സെക്ഷൻ 12 അ, 80ഏ എന്നിവ അനുസരിച്ചുള്ള ഇളവുകൾ ലഭ്യമാക്കാനും എഇഞഅ രജിസ്ട്രേഷനുംവേണ്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. സി.എസ്.ആർ. ഫണ്ട് സമാഹരിക്കുന്നതിലേയ്ക്കായി ഒരു പ്രത്യേക കർമ്മസംഘത്തെ നിയോഗിച്ചിട്ടുണ്ട്.

സർ, സംസ്ഥാനത്ത് നടപ്പാക്കേണ്ട പദ്ധതികളാണ് കിഫ്ബി മുഖേന ചെയ്യുന്നത്. അത് നടപ്പാക്കുന്നതിനുള്ള അവകാശം നമുക്കുണ്ട്, അക്കാര്യം നടപ്പാക്കിവരികയുമാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന നടപടികളിൽ നിഷേധാത്മക സമീപനം സ്വീകരിക്കുന്നത് കിഫ്ബി പദ്ധതികളെ ബാധിക്കുന്നതല്ല. എന്നാൽ മറ്റ് പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. അക്കാര്യത്തിലുള്ള സമീപനം കേന്ദ്രസർക്കാർ തിരുത്തേണ്ടതാണെന്ന് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്.

സർ, കിഫ്ബി നല്ല വിശ്വാസ്യതയിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ പൊതുവായ പ്രവർത്തനത്തിന് കേന്ദ്രസർക്കാരിന്റെ സമീപനം തടസ്സം സൃഷ്ടിക്കുന്നുവെന്ന് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട ഒന്നാണ് കിഫ്ബി മുഖേനയെടുക്കുന്ന വായ്പ, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പായി കണക്കാക്കണമെന്ന വ്യവസ്ഥ. ഈയടുത്ത ദിവസം മറ്റൊരു വാർത്തയും ശ്രദ്ധയിൽപ്പെടുകയുണ്ടായി, ഞാനത് നേരത്തെ ചൂണ്ടിക്കാണിച്ചതുമാണ്. പക്ഷേ ഇപ്പോൾ ഔദ്യോഗിമായിത്തന്നെ ആ വാർത്തകൾ വന്നുകഴിഞ്ഞു. കേന്ദ്രസർക്കാർ നടപ്പാക്കുന്ന പദ്ധതികൾക്കുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി പോലുള്ള ഏജൻസികളെടുക്കുന്ന വായ്പകളെ കേന്ദ്രസർക്കാരിന്റെ വായ്പയായി കണക്കാക്കുന്നില്ല. കേന്ദ്രസർക്കാരിന് അങ്ങനെയാകാം. എന്നാൽ കിഫ്ബിയെടുക്കുന്ന വായ്പ

സംസ്ഥാന സർക്കാരിന്റെ വായ്പയായി കണക്കാക്കുമെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് പക്ഷപാതപരമായ നിലപാടും സംസ്ഥാനത്തോടുള്ള അങ്ങേയറ്റത്തെ ക്രൂരമായ അവഗണനയുടെ ഭാഗവും കൂടിയാണ്.

സർ, പ്രസ്തുത പദ്ധതി (വെസ്റ്റ് കോസ്റ്റ് കനാൽ പ്രോജക്ട്) നല്ല രീതിയിൽത്തന്നെ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. അതിന്റെ ആദ്യഭാഗമായ ഇവിടെനിന്നും ചേറ്റുവ വരെയുള്ളത് ഈ ഡിസംബർ മാസത്തോടെ ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുതകുന്ന നടപടികളുമായി അതിവേഗതയിൽ ബന്ധപ്പെട്ടവർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്.

സർ, ഇലക്ട്രിക് വെഹിക്കിൾ പോളിസി ഇന്ത്യയിലാദ്യമായി പ്രഖ്യാപിച്ചത് നമ്മുടെ സംസ്ഥാനമാണ്. അതിന്റെ നയരൂപീകരണത്തിനുള്ള ഉത്തരവാദിത്വം സർക്കാർ കെ-ഡിസ്കിനെയാണ് ഏൽപ്പിച്ചിരുന്നത്. ഇതിന്റെ തുടർച്ചയായി 2021 നവംബർ 25-ന് കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളായ കെ-ഡിസ്ക്, ട്രാവൻകൂർ ടൈറ്റാനിയം പബ്ലിക് ലിമിറ്റഡ്, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയവ ചേർന്ന് രൂപീകരിച്ച ഗവേഷണ സംവിധാനമായ ട്രെസ്റ്റ്പാർക്കും കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളായ സി-ഡാക്, വി.എസ്.എസ്.സി. തുടങ്ങിയവയും ചേർന്ന് ഒരു ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യം രൂപീകരിക്കുകയുണ്ടായി. ലിഥിയം ടൈറ്റനേറ്റ് ബാറ്ററികൾ, ബാറ്ററി പ്രവർത്തനം നിയന്ത്രിക്കുന്ന ബാറ്ററി മാനേജ്മെന്റ് സംവിധാനങ്ങൾ, വാഹനങ്ങൾ ഓടിക്കുന്ന മോട്ടോറുകൾ, അവയുടെ നിയന്ത്രണ സംവിധാനങ്ങളടങ്ങുന്ന പവർ ഡ്രൈവുകൾ, ഇലക്ട്രിക് വെഹിക്കിളുകളുടെ പരിശോധനയ്ക്കാവശ്യമായ ടെസ്റ്റിംഗ് സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം സൃഷ്ടിക്കുകയെന്നതായിരുന്നു ഇ.വി. കൺസോർഷ്യത്തിന്റെ ലക്ഷ്യം. 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഇലക്ട്രിക് പാർക്കിൽ എത്രയും പെട്ടെന്ന് ലിഥിയം ബാറ്ററി നിർമ്മാണത്തിനുള്ള സംവിധാനങ്ങൾ ആരംഭിക്കാൻ കെ.എസ്.ഐ.ഡി.സി. (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ) യും കെ-ഡിസ്കും ചേർന്ന് മുൻകൈയെടുക്കുന്നതാണ്. ഗതാഗത-വ്യവസായ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഡീസലും പെട്രോളും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓട്ടോറിക്ഷകളിലെ നിലവിലുള്ള യന്ത്രസംവിധാനം മാറ്റി ബാറ്ററിയും മോട്ടോറും ഘടിപ്പിക്കുന്നതിനുള്ള റിട്രോഫിറ്റിംഗ് പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള കർമ്മപരിപാടി തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ലിഥിയം ടൈറ്റനേറ്റ് ബാറ്ററികൾ ചാർജ്ജ് ചെയ്ത് ലഭ്യമാക്കുന്ന ബാറ്ററി സ്വാപ്പിംഗ് സ്റ്റേഷനുകൾകൂടി നിലവിൽ വന്നാലേ ഈ സംവിധാനം പൂർണ്ണമാകൂ. ഇതിനുവേണ്ടി ത്വരിതഗതിയിൽ കർമ്മപരിപാടികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സി-ഡാക് ഇതിനകം വികസിപ്പിച്ചെടുത്ത ബാറ്ററി മാനേജ്മെന്റ് സിസ്റ്റം എത്രയും പെട്ടെന്ന് ഉൽപ്പാദനക്ഷമമാക്കാൻ ആലോചിക്കുന്നുണ്ട്. വിവിധ എഞ്ചിനീയറിംഗ് കോളേജുകളുടെയും ട്രെസ്റ്റ്പാർക്കിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഡി.സി. മോട്ടോറുകളും നിയന്ത്രണ സംവിധാനങ്ങളും വികസിപ്പിക്കാൻ ഒരു തീവ്രയജ്ഞം ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനത്തെ ദ്രുതഗതിയിൽ മുന്നോട്ടു കൊണ്ടുപോയാൽ ഇലക്ട്രിക് വെഹിക്കിൾ മേഖലയിൽ ഇന്ത്യയിലെ പ്രഥമസ്ഥാനം കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സർ, സംസ്ഥാനത്തെ വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് കേരള നോളഡ്ജ് ഇക്കോണമി മിഷൻ മുൻകൈയെടുക്കുന്നത്. തൊഴിലന്വേഷകരെയും തൊഴിൽദായകരെയും നൈപുണ്യപരിശീലന ഏജൻസികളെയും ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഒരുമിച്ചുകൊണ്ടുവരാൻ കേരള നോളഡ്ജ് ഇക്കോണമി മിഷന് സാധിച്ചിട്ടുണ്ട്. ഇതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർമ്മിച്ചുനൽകിയ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്വെയർ ആപ്ലിക്കേഷന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്ലാറ്റിനം

പുരസ്കാരം ലഭിച്ചിട്ടുണ്ട്. തൊഴിലന്വേഷകരായ 1422236 പേർ ഇതിനകം ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 566640 ഒഴിവുകൾ 4264 തൊഴിൽദായകരിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 929021 ഉദ്യോഗാർത്ഥികൾ ഇതിനകം തൊഴിലിന് അപേക്ഷിക്കുകയുണ്ടായി. 59695 തൊഴിലവസരങ്ങൾ ഈ പ്ലാറ്റ്ഫോം വഴി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാസമ്പന്നർക്ക് തൊഴിൽ നൽകുന്ന പരിപാടി ദ്രുതഗതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് കെ-ഡിസ്ക് 'വർക്ക് നിയർ ഹോം' എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുള്ള നിർദ്ദേശം 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പരിപാടി നടപ്പാക്കിയത്. പുതിയ ഫ്രീലാൻസ് തൊഴിലവസരങ്ങൾക്കായി ഹാർവാർഡ് സർവ്വകലാശാലയുടെ ഇന്നൊവേഷൻ വകുപ്പിന്റെ സഹായത്തോടുകൂടി ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ഐ.സി.റ്റി. അക്കാദമിയും ചേർന്ന് ഒരു മികവിന്റെ കേന്ദ്രം തയ്യാറാക്കാനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

സർ, കെ-ഡിസ്ക് നടത്തുന്ന നിയമനങ്ങൾ വളരെ സുതാര്യമാണ്. ധാരാളം പ്രൊഫഷണലുകൾ അതിന്റെ ഭാഗമായി ജോലി ചെയ്യുന്നുണ്ട്. ഇതിനകം, കേരളത്തിലെ ഏറ്റവും നല്ലൊരു പ്രൊഫഷണൽ സ്ഥാപനമായി അത് മാറിക്കഴിഞ്ഞിട്ടുണ്ട്.

സർ, നമ്മുടെ സംസ്ഥാനത്തെ സാധാരണഗതിയിലുള്ള പ്രവർത്തനത്തിന്റെ ക്വാളിറ്റി മെച്ചപ്പെടുത്താനുള്ള ഇടപെടൽകൂടി കിഫ്ബി നടത്തുന്നുണ്ട്. അത് വെറും ക്വാളിറ്റി പരിശോധന മാത്രമല്ല, അതുമായി ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുന്ന പരിപാടി ഉൾപ്പെടെയുണ്ട്. ഇതിന് വിധേയമായി നിശ്ചിത ക്വാളിറ്റിയില്ലാത്ത കാര്യങ്ങൾക്ക് നിയന്ത്രണങ്ങൾ വരുന്നുണ്ട്. അതിന്റെ ഭാഗമായി ചില പദ്ധതികളിൽ തടസ്സങ്ങളും നേരിട്ടിട്ടുണ്ട്. പക്ഷേ അത് കിഫ്ബിയുടെ കുറ്റംകൊണ്ടല്ല. ബന്ധപ്പെട്ട പ്രവൃത്തി നടത്തേണ്ടവർ അതിനനുസരിച്ച് മാറണമെന്നുള്ളതാണ്. ആ മാറ്റം വരുത്താതെ സമ്മർദ്ദങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്ന നിലപാട് കിഫ്ബി സ്വീകരിക്കില്ല. ക്വാളിറ്റി വളരെ പ്രധാനമാണെന്ന നിലപാടാണ് സ്വീകരിച്ചുപോകുന്നത്.

**ശ്രീ. പിണറായി വിജയൻ:** സർ, പ്രസ്തുത ടണൽ (ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത) കേരളമാകെ വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ഒന്നാണ്. അതുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിക്കപ്പെടണം. പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

**2023 ആഗസ്റ്റ് 08**

## ഗവൺമെന്റ് പ്രമേയം (ചട്ടം 118)

# ഏക സിവിൽ കോഡ്

സർ, ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ കേരള നിയമസഭ ആശങ്കയും ഉൽക്കണ്ഠയും രേഖപ്പെടുത്തുന്നു. ധൃതി പിടിച്ചുള്ളതും ഏകപക്ഷീയവുമായ കേന്ദ്ര നീക്കം ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതാണെന്ന് ഈ സഭ വിലയിരുത്തുന്നു.

ഭരണഘടന അതിന്റെ നിർദ്ദേശക തത്വങ്ങളിൽ മാത്രമാണ് പൊതു സിവിൽ നിയമത്തെക്കുറിച്ച് പരാമർശിക്കുന്നത്. നിർദ്ദേശക തത്വങ്ങളിൽ മാത്രമായി ഇതു പരിമിതപ്പെടുത്തി എന്നത് ശ്രദ്ധേയമാണ്. നടപ്പാക്കണമെന്ന നിർബന്ധ സ്വഭാവമുള്ളവയല്ല നിർദ്ദേശക തത്വങ്ങൾ. മൗലികാവകാശങ്ങൾ നിർബന്ധിതമായി നടപ്പാക്കാൻ കോടതിക്ക് കൽപ്പിക്കാം. എന്നാൽ കോടതിക്കുപോലും നിർബന്ധിതമായി നടപ്പാക്കണമെന്ന് കൽപ്പിക്കാനാവാത്തതാണ് ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിലെ നിർദ്ദേശക തത്വങ്ങൾ. ഭരണഘടനാ ശിൽപികൾ എത്രമേൽ ആലോചിച്ചാണിങ്ങനെ ചെയ്തതെന്നും എന്തുകൊണ്ടാണിങ്ങനെ ചെയ്തതെന്നും മനസ്സിലാക്കണം.

ഭരണഘടനയുടെ ആമുഖത്തിലൂടെ തന്നെ മതനിരപേക്ഷത ഉറപ്പുനൽകുന്ന രാജ്യമാണ് ഇന്ത്യ. ഏതു മതത്തിൽ വിശ്വസിക്കാനും അതിൻപ്രകാരം ജീവിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം മൗലികാവകാശങ്ങളുടെ ഭാഗമാക്കിത്തന്നെ ഭരണഘടന ഉറപ്പുനൽകുന്നു. ഭരണഘടനയുടെ 25-ാം അനുച്ഛേദം ഉറപ്പുനൽകുന്ന ആ മതസ്വാതന്ത്ര്യം മതപരമായ വ്യക്തിനിയമങ്ങൾ അനുസരിക്കാനും ജീവിതത്തിൽ ആചരിക്കാനുമുള്ള അവകാശത്തെക്കൂടി ഉൾക്കൊള്ളുന്നതാണെന്നിരിക്കെ, ആ ആചരിക്കലിനെ വിലക്കുന്ന നിയമനിർമ്മാണം, ഭരണഘടനാപരമായ മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിന്റെ നിഷേധവും ലംഘനവുമാകും. സ്വന്തം മതവിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കുക എന്നത് മൗലികമായ വ്യക്തിസ്വാതന്ത്ര്യമായിരിക്കെ, അത് നിഷേധിക്കലുമാകും.

ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിൽ പറയുന്നത് ഒരു പൊതു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണെന്ന് മാത്രമാണ്. അഭിപ്രായസമന്വയത്തിലൂടെയും വ്യത്യസ്ത മതവിഭാഗങ്ങളുമായുള്ള ആശയസംവാദത്തിലൂടെയും കാലക്രമത്തിൽ

മാത്രം സാധിക്കേണ്ടതാണത് എന്നാണത് അതിന്റെ സൂചന. അത്തരത്തിലുള്ള ഒരു ആശയ സംവാദം നടത്തുകയോ അഭിപ്രായസമന്വയം സൃഷ്ടിക്കുകയോ ചെയ്യാതെയാണ് കേന്ദ്രസർക്കാർ ഇത്തരത്തിലുള്ള ഏകപക്ഷീയ നീക്കവുമായി മുന്നോട്ടുവന്നിട്ടുള്ളത് എന്നത് വിവിധ ജനവിഭാഗങ്ങളിൽ ആശങ്കയുളവാക്കുന്നു. കേരള നിയമസഭയും ആ ആശങ്ക പങ്കുവയ്ക്കുന്നു. ജനങ്ങളുടെ ഒരുമയെ ഛിദ്രീകരിക്കാനുള്ള വർഗ്ഗീയ നീക്കമാണ് ഇതെന്നും രാഷ്ട്രത്തിന്റെ ഐക്യത്തിന് ഹാനികരമാണ് ഇത്തരം അടിച്ചേൽപ്പിക്കലുകളെന്നും വിലയിരുത്തുന്നു.

കോൺസ്റ്റിറ്റിയുവന്റ് അസംബ്ലിയിൽ തന്നെ ഏക സിവിൽ നിയമത്തെ സംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നിരുന്നു. ആ അവസരത്തിൽ ഡോ. ബി. ആർ. അംബേദ്കർ ഇക്കാര്യത്തിലെടുത്ത നിലപാട് ശ്രദ്ധേയമാണ്. ഇന്ത്യയുടെ സങ്കീർണ്ണമായ സാമൂഹിക യാഥാർത്ഥ്യങ്ങളെ പരിഗണിക്കുന്നതും വ്യത്യസ്ത മതവിഭാഗങ്ങളുടെ സമന്വയത്തെ ശക്തമാക്കുന്നതുമായിരുന്നു അംബേദ്കറുടെ നിലപാട്. വൈവിധ്യത്തിലെ ഏകത്വത്തെ അംഗീകരിക്കുന്നതായിരുന്നു അത്.

വ്യക്തിനിയമങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശം പൗരന്മാരിൽ നിലനിൽത്തിക്കൊണ്ടുള്ള പൊതു സിവിൽ നിയമത്തിനായി വേണമെങ്കിൽ പാർലമെന്റിന് ശ്രമിക്കാമെന്ന് പറഞ്ഞ അംബേദ്കർ അതുപോലും നിർബന്ധമായി വേണമെന്നു ശഠിച്ചില്ല. കേവലം ഒരു സാധ്യത സൂചിപ്പിക്കുക മാത്രമാണദ്ദേഹം ചെയ്തത്. അതിന്റെ പ്രതിഫലനമാണ് പൊതു സിവിൽ നിയമ പരാമർശം നിർദ്ദേശക തത്വങ്ങളിൽ മാത്രമായി പരിമിതപ്പെട്ടത്.

അംബേദ്കറുടെ വാക്കുകൾ ശ്രദ്ധിക്കുക: ''ഭാവി ഇന്ത്യയിലെ പാർലമെന്റിന് രൂപം നൽകുക എന്നതും തുടക്കത്തിൽ തങ്ങൾ അതിൽ ഉൾപ്പെടാൻ സന്നദ്ധരാണെന്ന് പ്രഖ്യാപിക്കുന്ന വിഭാഗങ്ങൾക്ക് മാത്രം അതു ബാധകമായിരിക്കുക എന്നതും പരിപൂർണ്ണമായും സാധ്യമായ കാര്യമാണ്. അതായത്, ആദ്യഘട്ടത്തിൽ പൊതു സിവിൽ കോഡിന്റെ പ്രയോഗം പൂർണ്ണമായും സ്വമേധയാ ആയിരിക്കും,'' ഇതാണ് ഡോ. അംബേദ്കറുടെ വാക്കുകൾ. ഇതിനു തീർത്തും വിരുദ്ധമാണ് ഏക സിവിൽ കോഡ് ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്നതിനുള്ള ഇപ്പോഴത്തെ നീക്കം.

രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന വിഷയങ്ങളിൽ വിവിധ ജനവിഭാഗങ്ങളോടും സംസ്ഥാനങ്ങളോടും മതിയായ കൂടിയാലോചനകൾ നടത്തി മാത്രമേ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കാവൂ എന്നും ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള നീക്കത്തിൽനിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.''എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ പറയുന്ന ഏകീകൃത സിവിൽകോഡ് വേണോ വേണ്ടയോ എന്നതൊന്നുമല്ല ഇപ്പോൾ സംഘ്പരിവാർ ഇത് ചർച്ചയാക്കുന്നതിന്റെ പിന്നിലെ അജണ്ട. ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായി അതിന്റെ ഭാഗമായി നാം കാണേണ്ടതായിട്ടുണ്ട്. ഭരണഘടനയിൽ പറയുന്ന പൊതു സിവിൽ നിയമമല്ല സംഘ്പരിവാറിന്റെ മനസ്സിലുള്ളത്. അത് മനുസ്മൃതി പ്രകാരമുള്ള ഒരു നിയമമാണ്. ഇതുസംബന്ധിച്ച് സംഘ്പരിവാർ പണ്ടേതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഭരണഘടന ചർച്ചകൾ നടക്കുന്ന ഘട്ടത്തിൽ ഇന്നത്തെ സംഘ്പരിവാറിന്റെ പൂർവ്വരാഷ്ട്രീയ രൂപം അവരുടെ പത്രത്തിന്റെ മുഖപ്രസംഗത്തിൽ പറഞ്ഞത്, 'ഭരണഘടന രൂപപ്പെടുത്താൻ മാതൃകതേടി വിദേശ രാഷ്ട്രങ്ങളിലേയ്ക്കൊന്നും പോകേണ്ടതില്ല. നമ്മുടെ സ്വന്തം ബ്ലൂ പ്രിന്റ് ഇക്കാര്യത്തിൽ നമ്മുടെ മുന്നിലുണ്ട്. അത് മനുസ്മൃതിയാണ്' എന്നായിരുന്നു അതിന്റെ ഉള്ളടക്കം. പിന്നീട് 1950-ഓടെ ഭരണഘടന രൂപപ്പെട്ടപ്പോൾ അതിനെ അംഗീകരിക്കുന്നില്ലെന്ന് പറയാനും അവർക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ഭരണഘടനയെ അക്ഷരത്തിലും അർത്ഥത്തിലും തള്ളിപ്പറയുന്നവർ ഭരണഘടനയിലെ ഏതോ ഒരു കാര്യം നടപ്പാക്കാൻ ഇറങ്ങിയിരിക്കുകയാണെന്ന തെറ്റിദ്ധാര

ണയൊന്നും ആർക്കുംവേണ്ട. അവർക്ക് ഭരണഘടന മനുസ്മൃതിയാണ്. അതിലെ വ്യവസ്ഥകൾ പ്രകാരം ഇന്ത്യൻ സാമൂഹ്യഘടനയെ പുനഃക്രമീകരിക്കുകയാണ് അവർക്ക് വേണ്ടത്. സംഘ്പരിവാർ നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയെ അംഗീകരിക്കുന്നില്ല. പിന്നെയല്ലേ അതിലെ നിർദ്ദേശക തത്വങ്ങളും സിവിൽ കോഡും അംഗീകരിക്കുന്നത്. സംഘ്പരിവാർ എപ്പോഴും നടത്തുന്നത് ഭരണഘടനയ്ക്കെതിരായ നീക്കമാണ്. അവരുടെ ഭരണഘടനാവിരുദ്ധ നീക്കങ്ങളുടെ കടന്നാക്രമണങ്ങളുടെ പട്ടികയിലെ ഒന്നുമാത്രമാണിത്. അതല്ലാതെ ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളിൽ പറഞ്ഞിരിക്കുന്ന ഒരുകാര്യം നടപ്പാക്കിയെടുക്കാനോ ഭരണഘടനയെ ശക്തിപ്പെടുത്താനോ ഒന്നുമുള്ളതല്ല. ശരിഅത്തോ മുസ്ലീം വ്യക്തിനിയമമോ ഭരണഘടനയോ ഒന്നുമല്ല ഇവരുടെ ചർച്ചയുടെ ഫോക്കസ്. ഒരു ഹിന്ദു വർഗ്ഗീയ ചാതുർവർണ്ണ്യ നിയമത്തിൽ എല്ലാ ഇതരമതക്കാരെയും ഞെരിച്ചമർത്തുക എന്നതാണത്. 2025-ൽ ആർ.എസ്.എസ്. ശതാബ്ദി ആഘോഷിക്കേണ്ട വർഷമാണ്. അപ്പോഴേയ്ക്കും ചെയ്തുതീർക്കേണ്ട മൂന്ന് കാര്യങ്ങൾ ഇവർ നേരത്തേ പ്രഖ്യാപിച്ചിരുന്നു. ഹിന്ദുക്കളും മുസ്ലീംങ്ങളും ഇടകലർന്ന് ജീവിക്കുന്ന ഇന്ത്യൻ മതേതരത്വത്തിന്റെ പ്രതീകങ്ങളെയാകെ തകർക്കുക എന്നതാണത്. ആ മതനിരപേക്ഷ പ്രതീകങ്ങളിൽ ഒന്നായിരുന്നു ബാബറി മസ്ജിദ്. അത് തകർത്തു. മറ്റൊന്ന്, വിഭജനാനന്തരവും ഇന്ത്യയ്ക്കൊപ്പം നിൽക്കുന്ന മുസ്ലീം ഭൂരിപക്ഷ പ്രദേശമായ കാശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളയലായിരുന്നു. അത് ചെയ്ത് കാശ്മീരിനെ ഖണ്ഡങ്ങളാക്കി. മൂന്നാമത്തേതാണ് ഭരണഘടനയെ മനുസ്മൃതികൊണ്ട് പകരംവയ്ക്കുക എന്നുള്ളത്. ഭരണഘടനയ്ക്കെതിരായ ഒരു കടന്നാക്രമണം എന്ന നിലയിലാണ് ഇതിനെ കാണേണ്ടത്. ഹിന്ദു രാഷ്ട്രം സ്ഥാപിക്കാനുള്ള സംഘ്പരിവാറിന്റെ ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടിയുള്ള വ്യഗ്രതയിലാണ് അവരിപ്പോൾ. ഇവിടെ ഉണ്ടായിരുന്നതും ലോകത്തിന്റെ പല പ്രദേശങ്ങളിൽ നിന്ന് പല ഘട്ടങ്ങളിലായി ഇവിടെ വന്നുചേർന്നതുമായ വിവിധ സംസ്കാരങ്ങളടങ്ങിയതാണ് ഇന്നത്തെ ഇന്ത്യൻ സമൂഹം. ചരിത്രപരവും സാമൂഹ്യശാസ്ത്രപരവുമായ ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് നാനാത്വത്തിൽ ഏകത്വമെന്ന ചിന്ത രൂപപ്പെട്ടുവന്നത്. ഉൾച്ചേർക്കലിൽ അടിസ്ഥാനപ്പെട്ട ആ കാഴ്ചപ്പാടാണ് ഇന്ത്യയുടെ ഏറ്റവും വലിയ സവിശേഷത. ആ കാഴ്ചപ്പാടിനെ ദൃഢപ്പെടുത്തുന്ന വിധത്തിലാണ് ഇന്ത്യൻ ഭരണഘടനയിൽ വിവിധ ഭാഷകളെയും സംസ്കാരങ്ങളെയും ജനവിഭാഗങ്ങളെയുമൊക്കെ ഉൾക്കൊള്ളുന്നതും അവയ്ക്ക് പ്രത്യേക പരിഗണനയോ സംരക്ഷണമോ വേണമെങ്കിൽ അത് ഉറപ്പ് വരുത്തുന്നതുമായ സമീപനം കൈക്കൊണ്ടത്. അത്തരമൊരു പൊതുവായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ ഭരണഘടനയുടെ 21-ാം ഭാഗത്ത് ചില പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അവയിൽ പ്രധാനപ്പെട്ടതാണ് 370, 371, 371(എ)-(ഐ) വകുപ്പുകൾ. അവയിൽ ജമ്മുകാശ്മീരിന് ബാധകമായിരുന്ന 370-ാം വകുപ്പിനെ ഇപ്പോഴത്തെ കേന്ദ്ര സർക്കാർ അസാധുവാക്കിയ നടപടി നമ്മുടെയെല്ലാം ഓർമ്മയിലുണ്ട്. ഇപ്പോൾ ഏക സിവിൽ കോഡിനായി വാദിക്കുന്നവർ തന്നെയാണ് 370-ാം വകുപ്പ് എടുത്തുകളഞ്ഞ നടപടിയെ ന്യായീകരിക്കാനായി മുന്നിൽ നിന്നത്. ഇന്ത്യയുടെ ഏകീകരണത്തിന് ഉപകരിക്കുമെന്നുപറഞ്ഞ് അതിനെ സ്വാഗതം ചെയ്ത സംഘ്പരിവാറിതര രാഷ്ട്രീയശക്തികൾക്കുപോലും തങ്ങളുടെ സംസ്ഥാനങ്ങളിൽ സമാനമായ നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര സർക്കാർ തുടങ്ങിയതോടെ അതിന്റെ ആപത്ത് മനസ്സിലായി. ഇന്ത്യൻ ഭരണഘടനയുടെ ആറാം ഷെഡ്യൂൾ പ്രകാരം ആദിവാസി ജനവിഭാഗങ്ങൾക്കായി ഓട്ടോണമസ് ഡിസ്ട്രിക്ട് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. ആസ്സാം, മേഘാലയ, ത്രിപുര, മിസ്സോറം എന്നീ നാല് സംസ്ഥാനങ്ങളിലായി 10 ഓട്ടോണമസ് ഡിസ്ട്രിക്ട് കൗൺസിലുകളാണ് നിലവിലുള്ളത്. ഏക സിവിൽകോഡ് വേണമെന്ന് പറയുന്നവർ ഭരണഘടനാപരമായ ഈ ഓട്ടോണമസ് ഡിസ്ട്രിക്ട് കൗൺസിലുകൾ വേണ്ടെന്ന് പറയുമോ? ഏക സിവിൽകോഡ് യാഥാർത്ഥ്യമായാൽ, ആദിവാസികളുടെ ഭൂമിയും അതിലെ

വിഭവങ്ങളും വേണം എന്നാൽ അവരുടെ ജീവിതരീതികളും ഭക്ഷണക്രമവും അംഗീകരിക്കാനാകില്ലെന്ന പിന്തിരിപ്പൻ കാഴ്ചപ്പാട് മാറുമോ; ദളിതർക്കും ആദിവാസികൾക്കും പിന്നാക്കക്കാർക്കുമെല്ലാം ആരാധനാലയങ്ങളിൽ കയറാനും പ്രാർത്ഥന നടത്താനും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകാനും കഴിയുമോ; വിദ്യാഭ്യാസത്തിലും തൊഴിലിലുമുള്ള ആദിവാസികളുടെയും ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും പിന്നാക്കക്കാരുടെയും പ്രാതിനിധ്യക്കുറവ് പരിഹരിക്കപ്പെടുമോ; തൊഴിലിന്റെയും വസ്ത്രത്തിന്റെയും ജീവിത പങ്കാളിയുടെയുമൊക്കെ പേരിൽ ദളിതർ ആക്രമിക്കപ്പെടാതിരിക്കുമോ; ഖാപ് പഞ്ചായത്തുകളെ ഇല്ലാതാക്കുമോ; പിന്തുടർച്ച, രക്ഷാകർതൃത്വം, ദത്തെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ഹിന്ദു സ്ത്രീകൾ അനുഭവിക്കുന്ന വിവേചനം ഇല്ലാതാകുമോ?

സച്ചാർ കമ്മിറ്റി നിർദ്ദേശിച്ച തുല്യ അവസര കമ്മീഷൻ ഇനിയും യാഥാർത്ഥ്യമായിട്ടില്ല. രംഗനാഥ് മിശ്ര കമ്മീഷന്റെ സംവരണമുൾപ്പെടെയുള്ള ശിപാർശകളും നടപ്പാക്കിയിട്ടില്ല. ഇതൊക്കെ സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളുടെയിടയിൽ തുല്യത ഉറപ്പുവരുത്താൻ ഉപകരിക്കുന്ന നിർദ്ദേശങ്ങളും ശിപാർശകളുമായിരുന്നു. അവയിലേയ്ക്കൊന്നും കടക്കാതെ നേരെ ഏകീകരണമെന്ന മുദ്രാവാക്യവുമായി സംഘ്പരിവാർ ഇറങ്ങിയിരിക്കുകയാണ്. സിവിൽ നിയമങ്ങൾ ഏകീകരിക്കണമെന്ന് പറയുന്നവർതന്നെയാണ് മുസ്ലീം സമുദായത്തിലെ വിവാഹ മോചനത്തെമാത്രം ക്രിമിനൽ കുറ്റമാക്കിമാറ്റിയതെന്ന് നാം ഓർക്കണം. നിയമങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമാകണമെന്ന് പറയുന്നവർതന്നെയാണ് എല്ലാവർക്കും ഒരുപോലെ പൗരത്വം കൊടുക്കാൻ കഴിയില്ല എന്നുംപറയുന്നത്. നിയമങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമാക്കുന്നതോടെ ഗുജറാത്തിലും മുസ്സാഫർ നഗറിലും കന്ധമാലിലും മണിപ്പൂരിലും സംഭവിച്ചത് ഇനിയൊരിക്കലും ആവർത്തിക്കാതിരിക്കുമോ? ഇന്ത്യൻ സമൂഹത്തെ ബാധിക്കുന്ന ഇത്തരം കാതലായ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനോ അവ പരിഹരിക്കുന്നതിനോ ആവശ്യമായ ക്രിയാത്മക നടപടികൾ കൈക്കൊള്ളുന്നില്ല. അതേസമയം, ഏക സിവിൽ കോഡ് എന്നുപറഞ്ഞുകൊണ്ട് വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിക്കാനും രാഷ്ട്രീയ ലാഭം കൊയ്യാനുമാണ് സംഘ്പരിവാറും അവരുടെ ആജ്ഞാനുവർത്തികളായി അധികാര സ്ഥാനങ്ങളിലിരിക്കുന്നവരും ഇപ്പോൾ ശ്രമിക്കുന്നത്. രാജ്യത്ത് പൊതുതെരഞ്ഞെടുപ്പുകളാസന്നമാകുന്ന ഘട്ടങ്ങളിലെല്ലാം ജനങ്ങളെ ബാധിക്കുന്ന യഥാർത്ഥ വിഷയങ്ങളിൽനിന്ന് ശ്രദ്ധ തിരിച്ചുവിടാനുള്ള ഇത്തരം നീക്കങ്ങൾ നടത്തപ്പെടാറുണ്ട്. 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ബി.ജെ.പി. അഴിമതി, കള്ളപ്പണം, വിലക്കയറ്റം, സ്ത്രീ സുരക്ഷ എന്നിങ്ങനെ പലതിനെയുംകുറിച്ച് പറഞ്ഞിരുന്നു. എന്നാൽ ഇതൊക്കെ പരിഹരിക്കാൻ എന്തുചെയ്തുവെന്ന് പറയാൻ 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഒരിക്കൽപ്പോലും ബി.ജെ.പി. മുതിർന്നില്ല. അന്നവർ തീവ്രവാദത്തെക്കുറിച്ചും ദേശസുരക്ഷയെക്കുറിച്ചുമൊക്കെ പറഞ്ഞു. ഇനി 2024-ൽ അവർ അതിനെക്കുറിച്ച് മിണ്ടില്ലെന്ന് നമുക്കെല്ലാമറിയാം. കാരണം, ഇപ്പോഴും ഭീകരാക്രമണങ്ങൾ ഉണ്ടാകുന്നു, ഇന്ത്യൻ സൈനികർ കൊല്ലപ്പെടുന്നു. പുൽവാമയിൽ യഥാർത്ഥത്തിൽ സംഭവിച്ചത് എന്താണെന്നതിനെക്കുറിച്ച് പല ആക്ഷേപങ്ങളും ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. ഇതിനെയൊക്കെ അതിജീവിക്കാനുള്ള അവരുടെ അടുത്ത പരിപാടിയാണ് ഏക സിവിൽ കോഡുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉയർത്തിക്കൊണ്ടുവന്നിരിക്കുന്ന ചർച്ചകൾ എന്നത് നാം മനസ്സിലാക്കണം. ജനങ്ങളുടെ യഥാർത്ഥ ജീവൽപ്രശ്നങ്ങൾ ശ്രദ്ധയിൽനിന്ന് ഒഴിവാക്കിവിടാനുള്ള തന്ത്രമാണ് അവർ പയറ്റുന്നത്. ബി.ജെ.പി.-യും അവരുടെ സർക്കാരുകളും ഒരിക്കലും ദാരിദ്ര്യനിർമ്മാർജ്ജനത്തെക്കുറിച്ചോ, തൊഴിലില്ലായ്മ ഇല്ലാതാക്കുന്നതിനെക്കുറിച്ചോ, ദളിത് ജനവിഭാഗങ്ങൾ നിരന്തരം ആക്രമിക്കപ്പെടുന്നതിനെക്കുറിച്ചോ ഒന്നും പറയില്ല. രാജ്യം നേരിടുന്ന അത്തരം നീറുന്ന പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ മാറ്റിക്കാനുള്ള ഉപായം കൂടിയാണ് അവർക്ക് ഏക സിവിൽ കോഡ്. നിരവധി മതങ്ങളുടെയും സംസ്കാരങ്ങളുടെയും

ഭാഷകളുടെയും വംശങ്ങളുടെയും സംഗമ ഭൂമിയാണ് ഇന്ത്യ. അവയൊക്കെ ഉൾക്കൊള്ളാനാണ് ഫെഡറൽ ഘടനയുള്ള മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി നമ്മുടെ ഭരണഘടനയിൽ ഇന്ത്യയെ വിഭാവനം ചെയ്തിരിക്കുന്നത്. ആ മൂല്യങ്ങളിൽ ഏതിനെതിരെ നീങ്ങിയാലും അത് ഭരണഘടനയ്ക്കെതിരായ നീക്കമാണ്. സംഘ്പരിവാറാകട്ടെ അവയിൽ എല്ലാത്തിനുമെതിരായ നീക്കങ്ങളാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ അത്തരം എല്ലാ നീക്കങ്ങൾക്കുമെതിരെ തികഞ്ഞ ജാഗ്രതയോടെയുള്ള പ്രതിരോധമാണ് ഈ ഘട്ടത്തിൽ ആവശ്യമായിട്ടുള്ളത്. കേരളമാകെ അത്തരത്തിലുള്ള ജാഗ്രത പുലർത്തുന്നുണ്ട് എന്നതിന്റെ തെളിവായി കേരള നിയമസഭ ഒറ്റക്കെട്ടായി ഇവിടെ പ്രമേയം അംഗീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇന്ത്യയിലാകെയുള്ള ജനാധിപത്യ മതനിരപേക്ഷവാദികൾ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. ഇക്കാര്യം സഭയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി അവതരിപ്പിക്കുമ്പോൾ, ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾകൂടി ഉൾക്കൊണ്ടുകൊണ്ട് ചില മാറ്റങ്ങളോടെ പ്രമേയം അവതരിപ്പിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ആ പ്രമേയം ഞാൻ വായിക്കാം.

"ഏക സിവിൽകോഡ് അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ കേരള നിയമസഭ ആശങ്കയും ഉൽക്കണ്ഠയും രേഖപ്പെടുത്തുന്നു. ഏകപക്ഷീയവും ധൃതിപിടിച്ചുള്ളതുമായ കേന്ദ്ര നീക്കം ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതാണെന്ന് ഈ സഭ വിലയിരുത്തുന്നു.

ഭരണഘടന അതിന്റെ നിർദ്ദേശക തത്വങ്ങളിൽ മാത്രമാണ് പൊതുസിവിൽ നിയമത്തെക്കുറിച്ച് പരാമർശിക്കുന്നത്. നിർദ്ദേശക തത്വങ്ങളിൽ മാത്രമായി ഇതുപരിമിതപ്പെടുത്തി എന്നത് ശ്രദ്ധേയമാണ്. നടപ്പാക്കണമെന്ന നിർബന്ധ സ്വഭാവമുള്ളവയല്ല നിർദ്ദേശക തത്വങ്ങൾ. മൗലികാവകാശങ്ങൾ നിർബന്ധിതമായി നടപ്പാക്കാൻ കോടതിക്ക് കൽപ്പിക്കാം. എന്നാൽ, കോടതിക്കുപോലും നിർബന്ധിതമായി നടപ്പാക്കണമെന്ന് കൽപ്പിക്കാനാവാത്തതാണ് ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിലെ നിർദ്ദേശക തത്വങ്ങൾ. ഭരണഘടനാ ശിൽപ്പികൾ എത്രമേൽ ആലോചിച്ചാണിങ്ങനെ ചെയ്തതെന്നും എന്തുകൊണ്ടാണിങ്ങനെ ചെയ്തതെന്നും മനസ്സിലാക്കണം.

ഭരണഘടനയുടെ ആമുഖത്തിലൂടെതന്നെ മതനിരപേക്ഷത ഉറപ്പുനൽകുന്ന രാജ്യമാണ് ഇന്ത്യ. ഏത് മതത്തിൽ വിശ്വസിക്കാനും അതിൻപ്രകാരം ജീവിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം മൗലികാവകാശങ്ങളുടെ ഭാഗമാക്കിത്തന്നെ ഭരണഘടന ഉറപ്പുനൽകുന്നു. ഭരണഘടനയുടെ 25-ാം അനുച്ഛേദം ഉറപ്പുനൽകുന്ന ആ മതസ്വാതന്ത്ര്യം മതപരമായ വ്യക്തിനിയമങ്ങൾ അനുസരിക്കാനും ജീവിതത്തിൽ ആചരിക്കാനുമുള്ള അവകാശത്തെക്കൂടി ഉൾക്കൊള്ളുന്നതാണെന്നിരിക്കെ, ആ ആചരിക്കലിനെ വിലക്കുന്ന നിയമനിർമ്മാണം, ഭരണഘടനാപരമായ മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിന്റെ നിഷേധവും ലംഘനവുമാകും. സ്വന്തം മതവിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കുക എന്നത് മൗലികമായ വ്യക്തി സ്വാതന്ത്ര്യമായിരിക്കെ, അത് നിഷേധിക്കലുമാകും.

ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിൽ പറയുന്നത് ഒരു പൊതു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ് എന്നുമാത്രമാണ്. അഭിപ്രായസമന്വയത്തിലൂടെ, വ്യത്യസ്ത മതവിഭാഗങ്ങളുമായുള്ള ആശയസംവാദത്തിലൂടെ, കാലക്രമത്തിൽ മാത്രം സാധിക്കേണ്ടതാണത് എന്നതാണ് അതിന്റെ സൂചന. അത്തരത്തിലുള്ള ഒരു ആശയസംവാദം നടത്തുകയോ അഭിപ്രായ സമന്വയം സൃഷ്ടിക്കുകയോ ചെയ്യാതെയാണ് കേന്ദ്ര സർക്കാർ ഇത്തരത്തിലുള്ള ഏകപക്ഷീയ നീക്കവുമായി മുന്നോട്ടുവന്നിട്ടുള്ളത് എന്നത് വിവിധ ജനവിഭാഗങ്ങളിൽ ആശങ്കയുളവാക്കുന്നു. കേരള നിയമസഭയും ആ ആശങ്ക പങ്കുവയ്ക്കുന്നു. ജനങ്ങളുടെ ഒരുമയെ ഛിദ്രീകരിക്കാനുള്ള വർഗ്ഗീയ നീക്കമാണ് ഇതെന്നും, രാഷ്ട്രത്തിന്റെ ഐക്യത്തിന് ഹാനികരമാണ് ഇത്തരം അടിച്ചേൽപ്പിക്കലുകളെന്നും വിലയിരുത്തുന്നു.

കോൺസ്റ്റിറ്റിയുവന്റ് അസംബ്ലിയിൽ തന്നെ ഏക സിവിൽ നിയമത്തെ സംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നിരുന്നു. ആ അവസരത്തിൽ ഡോ. ബി. ആർ. അംബേദ്കർ ഇക്കാര്യത്തിലെടുത്ത നിലപാട് ശ്രദ്ധേയമാണ്. ഇന്ത്യയുടെ സങ്കീർണ്ണമായ സാമൂഹിക യാഥാർത്ഥ്യങ്ങളെ പരിഗണിക്കുന്നതും വ്യത്യസ്ത മതവിഭാഗങ്ങളുടെ സമന്വയത്തെ ശക്തമാക്കുന്നതുമായിരുന്നു അംബേദ്കറുടെ നിലപാട്. വൈവിധ്യത്തിലെ ഏകത്വത്തെ അംഗീകരിക്കുന്നതായിരുന്നു അത്.

വ്യക്തിനിയമങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശം പൗരജനങ്ങളിൽ നിലനിർത്തിക്കൊണ്ടുള്ള പൊതു സിവിൽ നിയമത്തിനായി വേണമെങ്കിൽ പാർലമെന്റിന് ശ്രമിക്കാമെന്ന് പറഞ്ഞ അംബേദ്കർ അതുപോലും നിർബന്ധമായി വേണമെന്ന് ശഠിച്ചില്ല. കേവലം ഒരു സാധ്യത സൂചിപ്പിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. അതിന്റെ പ്രതിഫലനമാണ് പൊതു സിവിൽ നിയമ പരാമർശം നിർദ്ദേശക തത്വങ്ങളിൽ മാത്രമായി പരിമിതപ്പെട്ടത്.

രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന ഈ വിഷയത്തിൽ ഏത് നീക്കം നടത്തുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

**2023 ആഗസ്റ്റ് 09**

# സംസ്ഥാനത്തിന്റെ പേര്
# രേഖകളിൽ ‘കേരളം’ എന്നാക്കി മാറ്റൽ

സർ, നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗിക നാമധേയം ഇന്ത്യൻ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെട്ട എല്ലാ ഭാഷകളിലും കേരളം എന്നാക്കി മാറ്റാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന ചട്ടം 118 പ്രകാരമുള്ള പ്രമേയം അവതരിപ്പിക്കുകയാണ്.

‘സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിലും മറ്റ് ഔദ്യോഗിക രേഖകളിലും ‘കേരളം’ എന്നാക്കി മാറ്റൽ

നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം മലയാള ഭാഷയിൽ കേരളം എന്നാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെട്ടത് 1956 നവംബർ 1-നാണ്. കേരളപ്പിറവിദിനവും നവംബർ 1-നാണ്. മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യകേരളം രൂപപ്പെടണമെന്നത് ദേശീയ സ്വാതന്ത്ര്യസമര കാലം മുതൽ ശക്തിയായി ഉയർന്നുവന്നിരുന്ന ആവശ്യമാണ്. എന്നാൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് ‘കേരള’ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ‘കേരളം’ എന്നാക്കി ഭേദഗതിപ്പെടുത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരം കൈക്കൊള്ളണമെന്നും ഭരണഘടനയുടെ എട്ടാം പട്ടികയിൽ പറയുന്ന എല്ലാ ഭാഷകളിലും നമ്മുടെ നാട് ‘കേരളം’ എന്ന പേരിൽ മാറ്റണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു’ എന്ന പ്രമേയം അവതരിപ്പിക്കുന്നു.

## അടിയന്തരപ്രമേയം

# സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം

സർ, സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതോടൊപ്പം അവർക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനും ആക്രമണങ്ങളിൽ കുറ്റമറ്റരീതിയിൽ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കുന്നതിനും പോലീസ് പ്രതിജ്ഞാബദ്ധമാണ്. എറണാകുളത്ത് ആലുവയിൽ ബീഹാർ സ്വദേശികളുടെ വീട്ടിൽ 07-09-2023-ന് വെളുപ്പിന് അതിക്രമിച്ചുകയറി എട്ടുവയസ്സുകാരിയെ കടത്തിക്കൊണ്ടുപോയി പീഡിപ്പിച്ച സംഭവത്തിൽ കുട്ടിയെ കാണാനില്ലെന്ന അച്ഛന്റെ ജ്യേഷ്ഠന്റെ പരാതിയെത്തുടർന്ന് ആലുവ ഈസ്റ്റ് പോലീസ് അന്വേഷിച്ച് സത്വരനടപടി സ്വീകരിച്ചിട്ടുള്ളതാണ്. കുട്ടിക്ക് ഗുരുതരമായി പരിക്കേറ്റിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കളമശ്ശേരി മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകിയിട്ടുണ്ട്. IPC 450, 363, 366A, 376 AB, 380, പോക്സോ നിയമത്തിലെ 3, 4, 2, 5A1, 5M എന്നീ വകുപ്പുകൾ പ്രകാരം ഈ സംഭവത്തിൽ ക്രൈം നമ്പർ 866/2023 ആയി കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് പ്രതിയെ കണ്ടെത്തുന്നതിലേയ്ക്കായി സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ചും പ്രതി മോഷ്ടിച്ച മൊബൈൽ ഫോണിന്റെ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ചും നടത്തിയ അന്വേഷണത്തിൽ സംഭവദിവസം വൈകുന്നേരം 5 മണിയോടെ പ്രതിയെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തതിൽ പ്രതി കുറ്റം സമ്മതിച്ചിട്ടുള്ളതും അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. 03-08-2023-ന് തിരൂരങ്ങാടിയിൽ മധ്യപ്രദേശ് സ്വദേശിയുടെ നാല് വയസ്സുള്ള പെൺകുട്ടിയെ സമീപത്ത് താമസിക്കുന്ന മധ്യപ്രദേശ് സ്വദേശി തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച സംഭവത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെയും പോക്സോ നിയമത്തിലെയും ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 763/2023 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതിയെ 04-08-2023-ന് അറസ്റ്റ് ചെയ്ത് തെളിവുകൾ ശേഖരിച്ച് റിമാൻഡിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. 23-08-2023-ന് ആലപ്പുഴ അർത്തുങ്കലിൽ അറഫുൽ ഇസ്ലാം എന്നയാൾ 15 വയസ്സുള്ള പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിൽ കുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ അർത്തുങ്കൽ പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും പോക്സോ നിയമത്തിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 748/2023 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ സംഭവദിവസംതന്നെ അറസ്റ്റ്

ചെയ്തിട്ടുള്ളതാണ്. ഈ പറഞ്ഞ എല്ലാ സംഭവങ്ങളിലും പോലീസ് കുറ്റമറ്റ അന്വേഷണം നടത്തുകയും പ്രതികളെ അതിവേഗം നിയമത്തിനുമുന്നിൽ കൊണ്ടുവരികയും ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്ത് ഇത്തരം സംഭവങ്ങളുണ്ടായ അവസരങ്ങളിലെല്ലാം പോലീസ് ശക്തമായ നടപടി സ്വീകരിക്കുകയും പ്രതികളെ സമയബന്ധിതമായി പിടികൂടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

സർ, തികച്ചും ദൗർഭാഗ്യകരമായ സംഭവംതന്നെയാണ് ആലുവയിലുണ്ടായത്. ആ സംഭവത്തിൽ നാടൊന്നാകെ വേദനിക്കുകയാണ്. അത്തരം സംഭവങ്ങൾ നാട്ടിൽ നടക്കരുതെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഇത്തരം സംഭവങ്ങളിലെ കുറ്റവാളികൾ രക്ഷപ്പെടാൻ പാടില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ആലുവയിൽ രണ്ട് സംഭവങ്ങളുണ്ടായെന്ന് പറയുകയുണ്ടായി. ഇത്തരം കാര്യങ്ങൾ നടക്കാതിരിക്കാനാവശ്യമായ കരുതൽ പൊതുവെ സംസ്ഥാനം സ്വീകരിച്ചുവരുന്നുണ്ട്. ക്രൈം ഉണ്ടായതിനുശേഷമുള്ള നടപടിയല്ല, ക്രൈം തടയലാണ് ഏറ്റവും പ്രധാനമെന്ന് ഇവിടെ പറയുകയുണ്ടായി. സമൂഹത്തിൽ ക്രൈം വർദ്ധിക്കാതിരിക്കുന്നതിനുള്ള നടപടികൾതന്നെയാണ് പൊതുവെ സംസ്ഥാനം സ്വീകരിക്കുന്നത്. അക്കാര്യത്തിൽ പൊതുവെ അഭിമാനകരമായ നില നമുക്കുണ്ടെന്നതും വസ്തുതയാണ്. അത് പൊതുവെയുള്ള ക്രമസമാധാന നിലയുമായി ബന്ധപ്പെട്ട് വരുന്നതാണ്. ആ ക്രമസമാധാനനില പരിശോധിച്ചാൽ രാജ്യത്തിനുതന്നെ അഭിമാനകരമായ രീതിയിൽ സംസ്ഥാനത്തിന്റെ ക്രമസമാധാനനില ഉയർന്നു നിൽക്കുകയാണ്. അതിനാൽ അക്കാര്യത്തിൽ പൊതുവെ ഒരു സംസ്ഥാനം എന്ന നിലയ്ക്കും അവിടെ ജീവിക്കുന്നവർ എന്ന നിലയ്ക്കും നമുക്കെല്ലാം അഭിമാനിക്കാൻ വകയുണ്ട്. ബഹുമാനപ്പെട്ട അംഗം ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷ നൽകുകയെന്നതാണ് ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമെന്ന് പറയുകയുണ്ടായി. അതുതന്നെയാണ് അഭിമാനകരമായ രീതിയിൽ നമ്മുടെ സംസ്ഥാനത്ത് നിർവ്വഹിക്കപ്പെടുന്നത്. പൊതുവെ ഇവിടെയുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനികരമായ അന്തരീക്ഷമുണ്ടെന്ന തരത്തിലുള്ള ഒരാക്ഷേപവും കേൾക്കേണ്ടതായി വരുന്നില്ല. കാരണം നമ്മുടെ നാടിന്റെ ഭദ്രത കാത്തുസൂക്ഷിക്കാൻ ഗവൺമെന്റിന് കഴിയുന്നുണ്ട്. അതിൽ ജനങ്ങൾ വഹിക്കുന്ന പങ്ക് പ്രധാനമാണ്. ജനങ്ങൾ നല്ലരീതിയിൽ അതുമായി സഹകരിക്കുന്നുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. അതിനെ കേവലം ആഭ്യന്തര വകുപ്പിന്റെ മാത്രം മേന്മയായല്ല കാണേണ്ടത്. നമ്മുടെ നാടിന് അതിന്റേതായൊരു സംസ്കാരമുണ്ട്. ആ പൊതുരീതിയിൽനിന്ന് വ്യത്യസ്തമായി ഏതെങ്കിലും തരത്തിലുള്ള സംഭവങ്ങളുണ്ടായാൽ ആ സംഭവങ്ങളോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് നമ്മുടെ നാട് സ്വീകരിക്കുന്നത്. എങ്ങനെയാണ് ജീവനും സ്വത്തിനും രക്ഷയില്ലാതാകുന്നതെന്നതിന്റെ ധാരാളം ഉദാഹരണങ്ങൾ, പൊള്ളുന്ന അനുഭവങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. അതൊന്നും നമ്മുടെ മണ്ണിലില്ല. അത് എങ്ങനെയുണ്ടാകുന്നുവെന്നുള്ളതിലേയ്ക്കൊന്നും ഞാനിപ്പോൾ വിശദമായി കടക്കുന്നില്ല. പക്ഷേ, അതിന് പലതിനും അടിസ്ഥാനമായി മാറുന്നത് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന വർഗ്ഗീയതയാണ്. വർഗ്ഗീയ ശക്തികൾ അഴിഞ്ഞാടുമ്പോൾ സാധാരണ ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷയില്ലാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. നമുക്ക് തലയുയർത്തി അഭിമാനത്തോടെ പറയാൻ കഴിയും, നമ്മുടെ സമൂഹത്തിന് അത്തരത്തിലുള്ള ഒരാപത്ത് നേരിടേണ്ടിവരുന്നില്ലെന്ന്. ഇവിടെ വർഗ്ഗീയതയുമായി ബന്ധപ്പെട്ട് വർഗ്ഗീയ ശക്തികളുടെ ഭാഗത്തുനിന്നും എന്തെങ്കിലും നീക്കങ്ങളുണ്ടായാൽ അത് നോക്കിനിൽക്കാതെ അതിനെതിരെ ശക്തമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. അതിന്റെ ഭാഗമായിത്തന്നെയാണ് നമ്മുടെ നാട്ടിൽ കൂടുതൽ ആപത്തുകൾ ഇല്ലാതിരിക്കുന്നത്. അഭിമാനകരമായ അന്തരീക്ഷവും ക്രമസമാധാനപാലനവും ഇവിടെ നിലനിർത്താൻ കഴിയുന്നതും അതുകൊണ്ടുതന്നെയാണ്. ബഹുമാന്യനായ അംഗം ഇതിനിടയ്ക്ക് രാഷ്ട്രീയ ആരോപണത്തിന്റെ ഭാഗമായി ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. അത് നേരത്തെ പ്രതിപക്ഷ നേതാവ് ഉന്നയിച്ചതാണെന്നുകൂടി അദ്ദേഹം

പറഞ്ഞുവെന്നാണ് എനിക്ക് തോന്നിയത്. ആഭ്യന്തര വകുപ്പ് ഒരു ഗൂഢസംഘത്തിന്റെ കയ്യിലാണെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. അതൊരു പ്രത്യേക മാനസികാവസ്ഥയുടെ ഭാഗമായി പറയുന്നതാണ്. ആഭ്യന്തര വകുപ്പ് ഒരു ഗൂഢസംഘത്തിന്റെയും കയ്യിലല്ല. ആഭ്യന്തര വകുപ്പ് ശരിയായ രീതിയിൽത്തന്നെയാണ് കാര്യങ്ങൾ നിർവ്വഹിക്കുന്നതെന്ന് അഭിമാനത്തോടുകൂടിത്തന്നെ പറയാൻ സാധിക്കും. ഇവിടെ ആരാണ് ആഭ്യന്തര വകുപ്പിന്റെ ചുമതലക്കാരൻ, അങ്ങുതന്നെയാണോ ആ വകുപ്പിനെ നയിക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. അത് എന്തുകൊണ്ടുണ്ടായ സംശയമാണ്, ഏതിന്റെ ഭാഗമായുണ്ടായ സംശയമാണ്. ഇവിടെ അവരവർ മനസ്സിൽക്കാണുന്ന കാര്യങ്ങൾക്കുവേണ്ടി ശരിയല്ലാത്ത ആരോപണങ്ങൾ ഉയർത്തിക്കാട്ടാൻ ശ്രമിക്കുകയാണ്. അതിനായി എന്തും എങ്ങനെയും അപഹസിക്കത്തക്ക രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാമെന്ന് കരുതുന്നതിന്റെ ഭാഗമായാണ് ഇതൊക്കെ വരുന്നത്. സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം പരിശോധിച്ചാൽ നമ്മുടെ സമൂഹത്തിന് പൊതുവെ അഭിമാനിക്കാവുന്ന കാര്യങ്ങൾ തന്നെയാണ് ചെയ്തുവരുന്നത്. ഇതിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ഒറ്റപ്പെട്ടതുതന്നെയാണ്. ആ ഒറ്റപ്പെട്ടതിനെ എടുത്ത് പർവ്വതീകരിച്ച് അതാണ് കേരളത്തിലാകെയുണ്ടാകുന്നതെന്ന നിലയിൽ പ്രചരിപ്പിക്കേണ്ടതില്ല. ആഭ്യന്തര വകുപ്പ് കൃത്യമായ, അതിന്റേതായ ശ്രേണികൾവച്ചുകൊണ്ടുതന്നെയാണ് കാര്യങ്ങൾ നീക്കുന്നതെന്ന് കാണണം. അതുകൊണ്ട് അവരവരുടെ രാഷ്ട്രീയ പ്രചാരണത്തിനുവേണ്ടി നാടിനെയാകെ അപഹസിക്കാനും അഭിമാനകരമായ അന്തരീക്ഷം നിലനിൽക്കുന്നതിനെ താറടിച്ചുകാണിക്കാനുമുള്ള ബോധപൂർവ്വമായ നീക്കമായിട്ടുമാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. ആലുവ ഗസ്റ്റ് ഹൗസിൽ അന്ന് ഞാൻ ഉണ്ടായിരുന്നുവെന്ന് പറയുന്നത് ശരിയാണ്. പിറ്റേദിവസം രാവിലെ ബഹുമാന്യനായ അംഗം എന്നെ വിളിക്കുകയും ചെയ്തിരുന്നു. ആ സംഭവമറിഞ്ഞ് അവിടത്തെ ഉത്തരവാദപ്പെട്ട പോലീസുദ്യോഗസ്ഥരുമായി കാര്യങ്ങൾ ചർച്ച ചെയ്യാനും എനിക്ക് കഴിഞ്ഞിരുന്നു. കുട്ടിയുടെ പിതാവ് പൊട്ടിക്കരഞ്ഞതിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. ആ കരച്ചിലിനോട് പൊതുവെ നമ്മുടെ നാടും ചേരുകയാണ് ചെയ്തത്. ആ സംഭവത്തെ നമ്മുടെ നാട്ടിലെ ജനങ്ങളാരും അപലപിക്കാതിരുന്നിട്ടില്ല. ഈ സംഭവത്തിൽ ഉത്തരവാദികളായവരെ പെട്ടെന്നുതന്നെ പിടികൂടണമെന്നാണ് എല്ലാവരും ആഗ്രഹിച്ചത്. പ്രതിയെ പിടികൂടുന്നതിന് എല്ലാവരുടെ ഭാഗത്തുനിന്നും സഹായമുണ്ടായിട്ടുണ്ട്. സ്വാഭാവികമായും പോലീസാണ് പ്രതിയെ പിടിക്കാൻ ശ്രമിക്കുക. പക്ഷേ, ഇക്കാര്യത്തിൽ പോലീസ് മാത്രമല്ല, നാട്ടുകാരും നല്ലരീതിയിൽ സഹായിച്ചുവെന്നുള്ളതുതന്നെയാണ് വസ്തുത.

**2024 ജനുവരി 29**

## ചോദ്യോത്തരവേള

# കേരളീയം

സർ, സംസ്ഥാന രൂപീകരണത്തിനുശേഷം വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ സുരക്ഷാ മേഖലകളിൽ നമ്മുടെ നാട് കൈവരിച്ച നേട്ടങ്ങൾ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതികവിദ്യാരംഗത്തും അടിസ്ഥാന സൗകര്യ വികസനത്തിലുമെല്ലാം നാം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുന്നതിനാണ് ''കേരളീയം'' എന്ന സവിശേഷ പരിപാടിക്ക് രൂപം നൽകിയത്. ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിന്റെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങനെയായിരിക്കണമെന്ന ആലോചനകളും കേരളീയത്തിന്റെ ഉദ്ദേശ്യമാണ്.

സർ, കേരളീയം നാം ഉദ്ദേശിച്ചതുപോലെ ജനങ്ങളാകെ പങ്കാളിത്തം വഹിച്ചൊരു പരിപാടിയായാണ് മാറിയത്. ഒരു ഭേദചിന്തയുമില്ലാതെ നമ്മുടെ നാട് ആ പരിപാടികൾക്ക് ഒഴുകിയെത്തുകയായിരുന്നു. നവംബർ 1 എന്നത് മഴ കുറച്ച് കൂടുതലുണ്ടാകുന്ന സമയമായി മാറുന്നു എന്നതാണ് ആകെയുണ്ടായ ഒരു വിഷമം. അതിന്റേതായ പ്രയാസമുണ്ടായി എന്നതല്ലാതെ മഴയെ അവഗണിച്ചുകൊണ്ടുള്ള വൻ ജനപങ്കാളിത്തമാണ് ഓരോ പരിപാടിക്കുമുണ്ടായത്. ഇതൊരു സ്ഥിരം പരിപാടിയായി നിലനിർത്താൻ നമുക്ക് കഴിയണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. കാരണം കേരളത്തെ ലോക സമക്ഷം അവതരിപ്പിക്കാൻ കഴിയുന്ന ഒരു പരിപാടിയാണിത്. നമ്മുടെ നാട് ഇന്നുള്ളിടത്തുനിന്ന് ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. ആ മുന്നോട്ടുപോക്ക് എങ്ങനെയെന്നതിന് നമുക്ക് ചില അഭിപ്രായങ്ങളുണ്ടാകും. എന്നാൽ അതുസംബന്ധിച്ച് അഭിപ്രായം പറയാനുള്ള വിദഗ്ധർ ലോകത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. അത്തരം ആളുകൾകൂടി പങ്കെടുക്കുന്ന സെമിനാറുകളും മറ്റും നമ്മുടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് സഹായകമാകും. അതോടൊപ്പം കേരളത്തിൽ നല്ല രീതിയിലാണ് ടൂറിസം അഭിവൃദ്ധിപ്പെട്ടുവരുന്നത്. ടൂറിസത്തിന്റെ മുന്നോട്ടുള്ള യാത്രയ്ക്കും ഈ പരിപാടി സഹായകമാകുമെന്ന് തന്നെയാണ് കാണുന്നത്. ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി കൂടുതൽ നല്ല രീതിയിൽ പരിപാടി നടത്താനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ തവണ ഔപചാരികമായി ബഹിഷ്കരിക്കാൻ തീരുമാനിച്ചവരും ഇനിയുള്ള പരിപാടികളിൽ പങ്കെടുക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

സർ, നമ്മുടെ സാംസ്കാരിക രംഗം, വിവിധ കലാകാരന്മാർ, സാഹിത്യകാരന്മാർ എല്ലാം ഈ പരിപാടിയുടെ ഭാഗമായി മാറ്റാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അത് ഇനിയും ആ തരത്തിൽ തന്നെ നല്ല പങ്കാളിത്തത്തോടെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്താൻ സാധിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

സർ, ഈ പരിപാടി നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായൊരു പരിപാടിയാണെന്നാണ് കേരളം പൊതുവെ കണ്ടിട്ടുള്ളത്. ഇതേവരെ ഇത്തരമൊരു പരിപാടി നടത്താൻ കഴിഞ്ഞില്ല ല്ലോ എന്നൊരു ചിന്തയാണ് ആളുകളിലെല്ലാം ഉണ്ടായത്. കാരണം അത്രമാത്രം സ്വീകാര്യതയാണ് ഇതുമായി ബന്ധപ്പെട്ട എല്ലാ പരിപാടികൾക്കുമുണ്ടായത്. സെമിനാർ എന്നുപറയുന്നത് കേരളത്തിന്റെ ഭാവി കാര്യങ്ങൾ എങ്ങനെ വേണമെന്നതിനെക്കുറിച്ചടക്കം ആസൂത്രണം ചെയ്യാനുള്ളതായിരുന്നു. അതിന്റെ ഭാഗമായി പങ്കെടുത്ത വിദഗ്ധരും ആ വിഷയത്തിൽ പ്രാവീണ്യമുള്ള നമ്മുടെ നാട്ടിലുള്ളവരുമെല്ലാം വിലപ്പെട്ട അഭിപ്രായങ്ങളാണ് അവതരിപ്പിച്ചത്. നടന്ന പരിപാടികളിൽ ആയിരക്കണക്കിന് കലാകാരന്മാർക്കാണ് അണിനിരക്കാൻ കഴിഞ്ഞത്. കേരളത്തിലെ കലാരംഗമാകെ ഈ പരിപാടിയെ വലിയ തോതിൽ പിന്താങ്ങുന്ന അവസ്ഥയാണുണ്ടായത്. അതുപോലെതന്നെ ജനങ്ങൾ ഇതെല്ലാം കാണുന്നതിനും ആസ്വദിക്കുന്നതിനും വലിയ തോതിൽ ഒഴുകിയെത്തുന്ന നിലയാണുണ്ടായത്. ഇതിലൊന്നും ഒരു തരത്തിലുള്ള ഭേദചിന്തയും ഉണ്ടായിട്ടില്ല. എല്ലാവരും ഒരേ മനസ്സോടെ ആ ദിവസങ്ങളിൽ തിരുവനന്തപുരത്ത് കേരളീയം പരിപാടിയിൽ പങ്കെടുക്കുന്നതിനാണ് എത്തിച്ചേർന്നിട്ടുള്ളത്. അത് ഒരു തരത്തിലും ധൂർത്തായിരുന്നില്ല. അത് നമ്മുടെ നാടിന്റെ വലിയൊരു നിക്ഷേപമായാണ് മാറിയതെന്നതാണ് വസ്തുത.

സർ, അടുത്ത വർഷത്തെ 'കേരളീയം' എങ്ങനെ നടത്തണമെന്നുള്ളതിനെക്കുറിച്ച് ആലോചന നടന്നിട്ടില്ല. എന്നാൽ ഇത് നടന്നുകഴിഞ്ഞപ്പോൾ തന്നെ ഇതൊരു നഗരത്തിൽ മാത്രമായി ഒതുങ്ങരുതെന്നും കേരളത്തിലാകെ വേണമെന്നുമൊക്കെയുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും വ്യാപകമായി ഉയർന്നുവരുന്നുണ്ട്. അത് എത്ര കണ്ട് സാധ്യമാണെന്ന കാര്യങ്ങളൊക്കെ പരിശോധിച്ചശേഷമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. ഏതായാലും ആ അഭിപ്രായങ്ങളൊന്നും സർക്കാർ തള്ളിക്കളയുന്നില്ല.

സർ, കേരളീയത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയുടെ പ്രശ്നങ്ങളും ചർച്ച ചെയ്തിരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയുടെ പ്രശ്നങ്ങൾ കേരളീയത്തിന്റെ ഭാഗമായി മാത്രം ചർച്ച ചെയ്തതല്ല. നാം സ്ഥിരമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കേരളത്തിന് ഉന്നത വിദ്യാഭ്യാസരംഗത്ത് നല്ല പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ കേരള യൂണിവേഴ്സിറ്റി A++ ഗ്രേഡ് നേടിയിരിക്കുകയാണ്. A+ ഗ്രേഡ് നേടിയ മറ്റ് രണ്ടു-മൂന്ന് യൂണിവേഴ്സിറ്റികളുമുണ്ട്. അതോടൊപ്പം A++ ഗ്രേഡ് നേടിയ ഒട്ടേറെ കലാലയങ്ങളും സ്ഥാപനങ്ങളും ഉണ്ട്. A+ ഗ്രേഡ് നേടിയ മറ്റ് ഒട്ടേറെ കോളേജുകളും നിൽക്കുന്നു. അങ്ങനെ നമ്മളൊരു പുരോഗതിയുടെ പാതയിലാണ്. അതിന്റെ ഭാഗമായി വലിയ തോതിൽ പുതിയ കോഴ്സുകൾ വന്നിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ അന്തരീക്ഷമാകെ മാറുകയാണ്. കേരളീയത്തിന്റെ ഭാഗമായി വിദേശത്തുനിന്നും ഇവിടെ വന്ന് പഠിക്കുന്ന കുട്ടികളുടെ സംഗമം നടത്തിയിരുന്നു. ആശ്ചര്യകരമായിരുന്നു അത്. ധാരാളം ആളുകളാണ് ആ സംഗമത്തിലുണ്ടായിരുന്നത്. ഇത്രയുമധികം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ടോയെന്ന് അത് കണ്ടപ്പോഴാണ് മനസ്സിലാകുന്നത്. നമ്മുടെ നാട് എങ്ങനെയെങ്കിലും തകർന്ന് കിട്ടണമെന്നൊരു മനസ്സും കൊണ്ട് നടന്നുകഴിഞ്ഞാൽ ഇങ്ങനെ ചില വിഘ്നങ്ങൾ സ്വാഭാവികമായും ഉണ്ടായെന്ന് വരും. നമ്മുടെ നാട് മാറുകയും പുരോഗമിക്കുകയും ചെയ്യുകയാണ്. നാമെല്ലാവരും ഈ നാട് കൂടുതൽ മെച്ചപ്പെടണമെന്ന് ആഗ്രഹിക്കുകയാണ് വേണ്ടത്. അല്ലാതെ എന്തിനാണ് ഇങ്ങനെയൊരു നിഷേധാത്മക സമീപനവും കൊണ്ട് നടക്കുന്നതെന്നാണ് എനിക്ക് മനസ്സിലാകാത്തത്? ഇതെല്ലാം

നാടിനല്ലേ ഗുണം ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസ മേഖല വളർന്നുവരുമ്പോൾ നാടിന്റെ മാറ്റ മാണുണ്ടാകുന്നത്. ഇവിടെ എല്ലാ സൗകര്യങ്ങളും ഒത്തിണങ്ങുകയാണ് ചെയ്യുന്നത്. അതിനു വേണ്ടിയല്ലേ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിനല്ലേ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തേയ്ക്ക് സം സ്ഥാനത്തിനും രാജ്യത്തിനും പുറത്തുനിന്ന് കുട്ടികൾ പഠിക്കാനായി വരാൻ പോകുകയാണ്. എന്നാൽ നമ്മുടെ നാട്ടിൽനിന്ന് സംസ്ഥാനത്തിന് പുറത്തോ, രാജ്യത്തിന് പുറത്തോ പോകുന്ന കുട്ടികളെയാകെ നിരോധിക്കാൻ നമുക്ക് കഴിയില്ല. കുട്ടികൾക്കെല്ലാം ഓരോ അഭിപ്രായങ്ങ ളുണ്ട്. അവരുടെ ഉള്ളം കൈയിലാണ് ലോകം. എവിടെ പഠിക്കണമെന്നും എങ്ങനെ പഠിക്ക ണമെന്നും അവർക്കറിയാം. ആ അഭിപ്രായങ്ങൾ ചെറുപ്രായത്തിൽ തന്നെ അവർ രൂപപ്പെ ടുത്തിയെടുക്കുകയാണ്. അതിന്റെ ഭാഗമായി രക്ഷിതാക്കളെയും അവർ മാറ്റുകയാണ്. ആ തരത്തിൽ ധാരാളം കുട്ടികൾ വിദേശത്തേയ്ക്ക് പോകുന്നുണ്ട്. അത് കേരളത്തിൽ മാത്രമല്ല, രാജ്യത്താകെയുള്ള അവസ്ഥയാണ്. നാം അതിനെ നേരിടേണ്ടത് എങ്ങനെയാണ്; നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ കഴിവുകൾ വർധിപ്പിച്ചുകൊണ്ട് ആ രംഗം കൂടുതൽ പ്രാപ്ത മാക്കണം. എല്ലാ രീതിയിലും മികവുറ്റതാക്കണം. മികവാർന്ന ഉന്നത വിദ്യാഭ്യാസ മേഖലയാണ് നാം ഉദ്ദേശിക്കുന്നത്. ആ ഘട്ടത്തിലും ചിലർ പുറത്തുപോയെന്ന് വരും. അത് കണ്ട് കേരളത്തി ന്റെ ഉന്നത വിദ്യാഭ്യാസ മേഖലയാകെ തകർന്നുപോയെന്ന് ആശങ്കപ്പെടേണ്ടതായിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപ ടികളാണ് സ്വീകരിക്കേണ്ടത്. അതാണ് സ്വീകരിക്കുന്നത്. അതിന് ഫലമുണ്ടായിട്ടുണ്ട്. അത് ഇനിയും നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

സാർ ഈ നാട് എല്ലാ മേഖലകളും മുന്നോട്ടുപോകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്ന ത്. നമുക്ക് സാമ്പത്തിക പ്രയാസമുണ്ടെന്നുള്ളത് വസ്തുതയാണ്. എന്നാൽ സാമ്പത്തിക പ്രയാ സത്തിന്റെ പേരിൽ ഈ നാട്ടിൽ നടക്കേണ്ടതായ ഒന്നും നടക്കാതിരിക്കുന്നില്ല. എല്ലാ കാര്യങ്ങ ളും ക്രമമായി തന്നെ നടക്കുകയാണ്. എല്ലാ രംഗങ്ങളും മുറപോലെ മുന്നോട്ടുപോകുകയാണ്. വികസന പ്രവർത്തനങ്ങളൊന്നും സ്തംഭിച്ചുപോയിട്ടില്ല. നമ്മുടെ ആരോഗ്യ-വിദ്യാഭ്യാസ രംഗ ങ്ങൾ ലോകമാകെ ശ്രദ്ധിക്കുന്ന രീതിയിൽ മെച്ചപ്പെട്ടുനിൽക്കുകയാണ്. ഇന്ത്യയിൽ മറ്റൊരു സം സ്ഥാനത്തുമില്ലാത്ത വിധം മികവാർന്ന രീതിയിലാണ് നമ്മുടെ ക്ഷേമപ്രവർത്തനങ്ങൾ നടക്കു ന്നത്. ഇതൊന്നും സാമ്പത്തിക പ്രയാസങ്ങളുടെ ഘട്ടത്തിൽ ഉപേക്ഷിച്ചിട്ടില്ല. കേന്ദ്ര സർക്കാർ കേരളത്തോട് ഒരു പ്രത്യേക നിലപാട് സ്വീകരിക്കുമ്പോൾ അതിനെതിരായി നമുക്ക് പ്രതിഷേ ധം പ്രകടിപ്പിക്കേണ്ടതായി വരുന്നുവെന്നുള്ളതും വസ്തുതയാണ്. എന്നാൽ നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ സാധിക്കില്ല. നമ്മുടെ നാടിന് മുന്നോട്ടുപോ കുന്നതിനുള്ള ആസൂത്രിതമായ ശ്രമങ്ങൾ ഉപേക്ഷിക്കുവാനും കഴിയില്ല. അതിന്റെ ഭാഗമാണ് കേരളീയം 2023. അത് വെറുമൊരു ആഘോഷ പരിപാടി മാത്രമായിരുന്നില്ല. നാളത്തെ കേരളം എങ്ങനെ രൂപപ്പെടണം എന്നതിനെക്കുറിച്ച് അതിവിപുലമായ ആലോചന നടത്താനുള്ള ഒന്നാ യിരുന്നു. അത് നാടിന് ഒഴിച്ചുകൂടാനാകാത്ത ഒരു പരിപാടിയായതിനാലാണ് സാമ്പത്തിക പ്ര യാസങ്ങൾക്കിടയിലും 'കേരളീയം' നടത്താൻ നാം നിർബന്ധിതരായത്.

സർ, ഇക്കഴിഞ്ഞ 'കേരളീയം' ഏതാനും ആഴ്ചകളുടെ തയ്യാറെടുപ്പിന്റെ ഭാഗമായാണ് നടത്തിയത്. എന്നാൽ മുൻകൂട്ടിയുള്ള തയ്യാറെടുപ്പിന്റെ ഭാഗമായിട്ടാണ് അടുത്ത വർഷം 'കേരളീയം' നടത്താൻ പോകുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് ഇതിൽ പങ്കെടുക്കാനുള്ള സൗകര്യങ്ങൾ അതിലൂടെ കൈവരിക്കാനാകും. അതിനാവശ്യമായ മുൻ കൂട്ടിയുള്ള ഒരുക്കങ്ങൾ നടത്തുന്നതാണ്. അതോടൊപ്പം ടൂറിസത്തിനും വലിയ പ്രാധാന്യം കൊടുക്കാൻ കഴിയും. ആദ്യപതിപ്പാണ് 2023 നവംബറിൽ സംഘടിപ്പിച്ചത്. കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവും തന്മയഭാവത്തോടെ അവതരിപ്പിക്കുന്ന വികസന സാംസ്കാരിക

മഹോത്സവമായി 'കേരളീയം' മാറി. സംസ്ഥാനം നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള സാധ്യതകൾ എന്നിവ അടിസ്ഥാനപ്പെടുത്തി യുള്ള സംവാദങ്ങൾ കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. നൊബേൽ ജേതാവ് പ്രൊഫ സർ ഡോ.അമർത്യ സെൻ ഉൾപ്പെടെയുള്ള പ്രശസ്തർ കേരളീയത്തിന്റെ ഭാഗമായി. അഞ്ച് പ്രധാന വേദികളിലായി 25 സെമിനാറുകൾ സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ മേഖലകളി ലെ പുരോഗതി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വിദഗ്ധർ സെമിനാറു കളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രീ-റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുക ളിലുമായി 30839 പേർ പങ്കെടുത്തു. സെമിനാറുകളിൽ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രാ യങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറും. സെമിനാറുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കേരളത്തിന്റെ തനതുവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേളകൾ, സാംസ്കാരികോ ത്സവം, പുഷ്പമേള, ട്രേഡ് ഫെയർ, ചലച്ചിത്രോത്സവം, വൈദ്യുത ദീപാലങ്കാരം എന്നിവയും സാംസ്കാരിക പൈതൃകം, കാർഷിക- വ്യാവസായിക പുരോഗതി, നൂതന സാങ്കേതികവിദ്യാ രംഗത്തെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രദർശനങ്ങളും ഇതിന്റെ ഭാഗമായിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലുമായി നാൽപതിനായിരത്തോളം പേരും ഏഴ് ദിവസത്തെ വിവിധ പരിപാടികളിലായി ലക്ഷക്കണക്കിന് ആളുകളും പങ്കെടുത്തു. നമ്മുടെ വികസന മാതൃകകൾ ലോകത്തിനുമുമ്പാകെ അവതരിപ്പിക്കുന്നതിനോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽനിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും എല്ലാ വർഷവും കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന 'കേരളീയം' പരിപാടി സഹായകമാകും.

'കേരളീയം 2023' പരിപാടിയിൽ പങ്കെടുക്കുന്നതിനായും കാണുന്നതിനായും സംസ്ഥാന ത്തിനകത്തുനിന്നും പുറത്തുനിന്നും കൂടാതെ വിദേശത്തുനിന്നുപോലും കാണികളെത്തുകയു ണ്ടായി. എല്ലാ വേദികളിലും അത്ഭുതാവഹമായ തിരക്കാണ് അനുഭവപ്പെട്ടത്. ഇത്തരത്തിലു ള്ള അഭൂതപൂർവമായ ജനപങ്കാളിത്തവും അനുകൂലമായ പൊതുജനാഭിപ്രായവും പരിഗണിച്ച് ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഒരുമിച്ച് ആഘോഷിക്കാൻ ഇനിമുതൽ മലയാളത്തിന്റെ മഹോത്സവമായി 'കേരളീയം' വരുംവർഷങ്ങളിലും സംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കു ന്നത്. 'കേരളീയം 2024'-നായി ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥ തലത്തിൽ ഒരു ഓർഗനൈസിംഗ് കമ്മിറ്റി ഇതിനോടകം സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

**2024 ജനുവരി 31**

# ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

സർ, നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തിന്റെ ഭാഗമായി ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവടക്കം പ്രതിപക്ഷത്തുള്ള അംഗങ്ങൾ ഉന്നയിച്ച കുറെ പ്രശ്നങ്ങളുണ്ട്. അക്കാര്യങ്ങൾ വിശദമായി പിന്നീട് സംസാരിക്കാം. നമ്മുടെ നാടിന്റെ ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടില്ലാത്ത ഒരു സവിശേഷ രാഷ്ട്രീയ സാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് ഇവിടെ നന്ദിപ്രമേയ ചർച്ച നടക്കുന്നതെന്ന വസ്തുതയാണ് നാം കാണേണ്ടത്. ആ സവിശേഷ രാഷ്ട്രീയ സാഹചര്യം നാം കൃത്യമായി ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം നമ്മുടെ നാടിന്റെ/കേരളത്തിന്റെ താല്പര്യങ്ങളെ കേന്ദ്രവും കേരളത്തിലെ പ്രതിപക്ഷവും ഒരുപോലെ കൈവിട്ടിരിക്കുന്നുവെന്നതാണ്. ഇത്രമേൽ കഠിനവും ക്രൂരവുമായ നിലയിൽ അല്ലെങ്കിലും കേരളത്തിന്റെ താല്പര്യങ്ങളെ കേന്ദ്രം കൈയൊഴിഞ്ഞ ഘട്ടങ്ങൾ നേരത്തെയും ഉണ്ടായിട്ടുണ്ട്. പക്ഷെ ഇപ്പോഴത്തെ കേന്ദ്ര സമീപനം ഒരുതരത്തിലുള്ള സാമ്പത്തിക ഉപരോധത്തിന്റെ രൂപത്തിലാണ് വന്നിട്ടുള്ളത്. അത് കേരളത്തെ ഞെരുക്കുകയാണ്. ഇതിനെതിരെയാണ് സുപ്രീംകോടതിയിൽ ഭരണഘടനയുടെ 131-ാം അനുച്ഛേദപ്രകാരം ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തിട്ടുള്ളതും പൊതുമണ്ഡലത്തിൽ ശബ്ദമുയർത്തുന്നതിന് നമ്മൾ തയ്യാറായിട്ടുമുള്ളതും. വരുമാനത്തിന്റെ നിശ്ചിത വിഹിതം മൂലധനച്ചെലവിനായി കിഫ്ബി മുഖാന്തരം മാറ്റിവയ്ക്കാനും അതുപോലെതന്നെ നാം നൽകുന്ന സാമൂഹിക സുരക്ഷാ പെൻഷനുകൾ കുടിശ്ശികയില്ലാതെ നൽകുന്നതിനുവേണ്ടിയും കെ.എസ്.എസ്.പി.എൽ. (കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്) കമ്പനി വഴി ധനസമാഹരണം നടത്താനും സർക്കാർ നടത്തിയ ശ്രമങ്ങൾ അങ്ങേയറ്റം സദുദ്ദേശ്യപരമായിട്ടുള്ളതാണ്. എല്ലാവരും ആ തരത്തിൽ കാണുന്നതുമാണ്. പക്ഷെ അതിനെ ചോദ്യം ചെയ്തുകൊണ്ട് കേരളത്തിന്റെ വായ്പാപരിധി 2021-22 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെയാണ് കേന്ദ്രസർക്കാർ വെട്ടിക്കുറച്ചത്. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശകൾക്ക് രാഷ്ട്രപതി അംഗീകാരം നൽകിയിട്ടുള്ളതാണ്. ആ ശിപാർശകൾക്ക് കടകവിരുദ്ധമായ കാര്യങ്ങളാണിപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ചുരുക്കത്തിൽ ഭരണഘടനയുടെ അനുച്ഛേദം 281 പ്രകാരം പാർലമെന്റിന്റെ ഇരുസഭകളെയും അറിയിച്ച് വ്യവസ്ഥകൾ മറികടന്നുകൊണ്ട് കേന്ദ്ര ധനമന്ത്രാലയം

ഏകപക്ഷീയമായി കേരളത്തിൽ സാമ്പത്തിക ഞെരുക്കമുണ്ടാക്കുന്നു. ഇത് ഭരണഘടനാവിരുദ്ധമായ നടപടിയാണെന്നാണ് നാം കാണേണ്ടത്. ഇതിനാണ് ഒന്നിച്ച് പ്രതിഷേധിക്കണമെന്ന നിലപാട് ഞങ്ങളെടുക്കുകയും കോൺഗ്രസ്സടക്കമുള്ള യു.ഡി.എഫ്.-നോട് അഭ്യർത്ഥിക്കുകയും ചെയ്തത്. പക്ഷേ അതിൽ അങ്ങേയറ്റത്തെ വിമുഖതയാണ് കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഇത് സംസ്ഥാന താൽപ്പര്യങ്ങളോടുള്ള മുഖം തിരിഞ്ഞുനിൽക്കലാണ്. അതുമാത്രമല്ല, നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ വ്യവസ്ഥയുടെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടമാണ് ഇവിടെ നടക്കുന്നത്. ആ പോരാട്ടത്തിൽനിന്നുള്ള ഒളിച്ചോട്ടം കൂടിയാണ് കോൺഗ്രസ്സ് നടത്തിയിരിക്കുന്നത്. നമ്മുടെ രാജ്യം നേരിടുന്ന പ്രത്യേക ദശാസന്ധിയെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതാണ്. നമ്മുടെ രാജ്യത്തിന്റെ പ്രത്യേകതകളായ മതനിരപേക്ഷത, ജനാധിപത്യം, സംസ്കാരത്തിൽ അന്തർലീനമായ ബഹുസ്വരത എന്നിവയെല്ലാം കനത്ത വെല്ലുവിളിയാണ് നേരിടുന്നത്. അധികാരം കൈയാളുന്നവരുടെ പക്കൽനിന്നാണ് ഈ വെല്ലുവിളി കനത്ത തോതിൽ ഉയരുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ കാലം മുതൽ നാം ഉയർത്തിപ്പിടിച്ച മൂല്യങ്ങളുടെ അടിവേരറുക്കുന്ന നയപരിപാടികളാണ് ഇവിടെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. നമ്മുടെ ഭരണഘടനയുടെ അന്തഃസത്ത ഏതെല്ലാംവിധത്തിൽ ചോർത്താമോ അതെല്ലാം തകൃതിയായി നടക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം നിൽക്കുന്നത്. ചില വിഭാഗങ്ങളെ മതത്തിന്റെ അടിസ്ഥാനത്തിൽ അവർ ജനിച്ചുവളർന്ന ദേശത്തുതന്നെ അന്യരാണെന്ന് പ്രഖ്യാപിക്കുക, ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവാഹകനായിരുന്ന മഹാത്മാഗാന്ധിക്കുനേരെ വെടിയുതിർത്ത പ്രത്യയശാസ്ത്രത്തിന്റെ പിൻഗാമികൾ, മതത്തെ രാഷ്ട്രീയവൽക്കരിച്ചുകൊണ്ടാണ് നമ്മുടെ പൊതുമണ്ഡലത്തിൽ പ്രദൂഷണം സൃഷ്ടിക്കുന്നത്. നമ്മുടെ രാജ്യം ഇപ്പോൾ പതിനെട്ടാമത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പടിവാതിൽക്കലാണ്. കഴിഞ്ഞ പത്തുവർഷമായി രാജ്യം ഭരിക്കുന്ന രാഷ്ട്രീയപാർട്ടിയായ ബി.ജെ.പി. നേതൃത്വം നൽകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി രാജ്യത്ത് എന്തെല്ലാം സംഭവിച്ചുവെന്നത് വിശകലനം ചെയ്ത് തെരഞ്ഞെടുപ്പിൽ സമ്മതിദായകർ ന്യായയുക്തമായ തീരുമാനമെടുക്കേണ്ട ഘട്ടമാണിത്. എന്നാൽ ഭരിക്കുന്നവർക്ക് അവരുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഇന്നയിന്ന നല്ല കാര്യങ്ങളൊക്കെ ചെയ്തുവെന്ന് പറഞ്ഞുകൂടെ. വോട്ട് ചോദിക്കാൻ സാധ്യമാകാത്ത സ്ഥിതി ഇവിടെയുണ്ട്. അത്രമാത്രം ജനവിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ നടന്നിരിക്കുന്നത്. അതിനുപകരം രാജ്യത്തെ ജനകോടികൾ ആരാധിക്കുന്ന ചില ദൈവങ്ങളുടെ പേരിൽ വോട്ട് ചോദിക്കാനാണ് അവരിപ്പോൾ തയ്യാറാകുന്നത്. മതവിശ്വാസം, ഈശ്വരാരാധന ഇതെല്ലാം ഏത് മതത്തിൽപ്പെട്ട ഒരാളുടെയും വ്യക്തിപരമായ അവകാശങ്ങളിൽപ്പെട്ടതാണ്. അതിനെ ഹനിക്കാൻ ആർക്കും ഒരവകാശവുമില്ല. ദൈവങ്ങളെ തെരഞ്ഞെടുപ്പ് സമയത്ത് പ്രതിഷ്ഠിച്ച് മതവികാരത്തെ സങ്കുചിത രാഷ്ട്രീയത്തിനായി ചൂഷണം ചെയ്ത് വീണ്ടും ഒരിക്കൽക്കൂടി ഭരണാധികാരത്തിൽ കടന്നുകൂടാനാണ് സംഘ്പരിവാർ ശക്തികൾ പരിശ്രമിക്കുന്നത്. ഇവിടെയാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ തീർത്തും വ്യത്യസ്തമായി നിൽക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്കുമുമ്പാകെ വച്ച പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ഓരോ വർഷം കഴിയുമ്പോഴും എത്രത്തോളം നടപ്പാക്കിയെന്ന ഒരു നൂതന ജനാധിപത്യരീതി ഞങ്ങൾ 2017 മുതൽ അവലംബിച്ചുവരികയാണ്. വാഗ്ദാനങ്ങൾ പാലിക്കുന്നതിന്റെയും നേട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഞങ്ങൾ സമ്മതിദായകരുടെ അംഗീകാരം നേടുന്നത്. വർഗ്ഗീയതയും വിഭാഗീയതയും ഏതെങ്കിലും തരത്തിലുള്ള ഭേദചിന്തയും പടർത്തിക്കൊണ്ടല്ല, ആളിക്കത്തിച്ചുകൊണ്ടുമല്ല. മതനിരപേക്ഷ പൊതുമണ്ഡലത്തെ കാത്തുസൂക്ഷിച്ചിരുന്ന നമ്മുടെ രാജ്യത്ത് ഇത്തരം സ്ഥിതിവിശേഷം കനത്ത വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത്. ഈ രാജ്യത്തെ നാനാജാതി മതസ്ഥരെ പ്രതിനിധാനം ചെയ്യുന്നവരാണ് ഭരണാധികാരികൾ. അവരെ മതചടങ്ങുകളിലെ പുരോഹിതരായി അവതരിപ്പിക്കുന്നത് മതനിരപേക്ഷ രാഷ്ട്രത്തിന്റെ അടിസ്ഥാനശിലകൾക്ക്

ഇളക്കമുണ്ടാക്കുന്ന പ്രവൃത്തിയാണ്. പലവിധത്തിലുള്ള പ്രതിസന്ധികൾ നേരിട്ട രാജ്യമാണ് നമ്മുടേത്. 1975 ജൂൺ 25-ന് പ്രഖ്യാപിച്ച ദേശീയ അടിയന്തരാവസ്ഥയായിരുന്നു ഇതിനുമുമ്പ് ഇന്ത്യൻ ജനാധിപത്യം നേരിട്ട വലിയൊരു തിരിച്ചടി. 19 മാസക്കാലം ഭരണകൂടത്തെ വിമർശിക്കാനോ സ്വതന്ത്രമായി അഭിപ്രായം പറയാനോ നിയമസഭാ പ്രസംഗങ്ങൾപോലും പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യാനോ ഉള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. അക്കാലത്ത് മൂന്ന് ലക്ഷത്തിൽപ്പരം ആളുകളാണ് വിചാരണ കൂടാതെ തടങ്കലിൽ അടയ്ക്കപ്പെട്ടത്. ഭരണകൂടത്തിന്റെ അപ്രീതിക്ക് പാത്രമാകുന്ന ഏതൊരാളും തുറങ്കിലടയ്ക്കപ്പെടുകയും കൊടിയ മർദ്ദനങ്ങൾക്ക് വിധേയരാകുകയും ചെയ്തു. 19 മാസക്കാലത്തെ കാളരാത്രിയായിരുന്നു അടിയന്തരാവസ്ഥ. ഭരണഘടനയുടെ അനുച്ഛേദം 352 പ്രയോഗിച്ചുകൊണ്ട് ഭരണഘടനാ മൂല്യങ്ങളെ കീറി കാറ്റിൽപ്പറത്തിയ ഭരണകൂട നടപടികൾക്കാണ് രാജ്യം സാക്ഷ്യം വഹിച്ചത്. ഇന്ത്യയിലെ സാമാന്യ ജനങ്ങൾ 1977-ലെ തെരഞ്ഞെടുപ്പിലൂടെ അന്നത്തെ ഭരണകൂടത്തെ പരാജയപ്പെടുത്തി. ഇന്ന് ഒരു പ്രഖ്യാപിത അടിയന്തരാവസ്ഥ നമ്മുടെ രാജ്യത്ത് നിലവിലില്ല. എന്നാൽ കേന്ദ്ര ഭരണകൂടം അതിന്റെ ഓരോ നടപടിയിലൂടെയും ഭരണഘടനയെ പേരിന് നിലനിർത്തിക്കൊണ്ട് അതിന്റെ എല്ലാ മൂല്യങ്ങളുടെയും അന്തഃസത്ത ചോർത്തിക്കളയുകയാണ്.

നമ്മുടെ ഭരണഘടനയ്ക്ക് അടിസ്ഥാനഘടനയുണ്ടെന്നും അതിനെ പാർലമെന്റിലെ കേവല ഭൂരിപക്ഷംകൊണ്ട് മാറ്റിമറിക്കാൻ കഴിയില്ലെന്നും വിഖ്യാതമായ കേശവാനന്ദഭാരതി കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. ആ വിധിയുടെ അമ്പതാം വാർഷികമാണ് കഴിഞ്ഞ വർഷം നിയമവൃത്തങ്ങൾ മുൻകൈയെടുത്ത് ആചരിച്ചത്. ആ അവസരത്തിൽതന്നെ അടിസ്ഥാന ഘടന എന്ന ആശയത്തിന് പ്രസക്തിയുണ്ടോയെന്ന് കേന്ദ്ര ഭരണത്തിന്റെ തലപ്പത്തിരിക്കുന്ന ചിലരിൽനിന്നും ചോദ്യങ്ങളുയർന്നു. ഇത് ജനാധിപത്യ മതനിരപേക്ഷ സോഷ്യലിസ്റ്റ് ഇന്ത്യ എന്ന ഭാരതത്തിൽ വിശ്വസിക്കുന്ന ഏവരെയും അലോസരപ്പെടുത്തുന്ന ഒന്നാണ് എന്നുകൂടി നാം കാണേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ അവിഭാജ്യ ഘടകമാണ് ഫെഡറലിസം. യൂണിയൻ ഗവൺമെന്റിനും സംസ്ഥാന സർക്കാരുകൾക്കും ഭരണഘടന അനുച്ഛേദം 246-ലെ ഏഴാം ഷെഡ്യൂൾ പ്രകാരം പ്രത്യേകം പ്രത്യേകം അധികാരം നൽകിയിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ പരമാധികാരികളായ ജനങ്ങൾ തെരഞ്ഞെടുക്കുന്ന സർക്കാരുകളാണ് യൂണിയൻ സർക്കാരുകളും സംസ്ഥാന സർക്കാരുകളും. സംസ്ഥാന സർക്കാരുകൾ യൂണിയൻ സർക്കാരിന്റെ കീഴ്ഘടകങ്ങളല്ല. എന്നാൽ ഈ അടിസ്ഥാനതത്വത്തെ അട്ടിമറിക്കുന്ന നടപടികൾ നാം കണ്ടുകൊണ്ടിരിക്കുകയാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിക്കുള്ളിൽ കടന്ന് യൂണിയൻ സർക്കാർ നടത്തുന്ന നിയമനിർമ്മാണങ്ങൾ. കൃഷി, മൈനർ പോർട്ടുകൾ, ഡാമുകൾ എന്നിവയുടെ കാര്യത്തിൽ സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിൽ കടന്നുകയറിയാണ് കേന്ദ്രം നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത്. കർഷക സമരത്തിന്റെ വേലിയേറ്റത്തിൽ വിവാദമായ കാർഷിക നിയമങ്ങൾ പിൻവലിക്കേണ്ടിവന്നതും സമീപകാല ഭാവിയിലാണ്. വൈദ്യുതി മേഖലയെ നിയന്ത്രിക്കുന്ന കാര്യത്തിലും ഇത്തരത്തിലുള്ള കേന്ദ്രീകൃത പ്രവണതകൾ ദൃശ്യമാണ്. മറ്റ് അനവധി ഉദാഹരണങ്ങളും കാണാൻ കഴിയും. ഫെഡറലിസത്തിന്റെ മാത്രമല്ല, പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകളെക്കൂടി ദുർബലപ്പെടുത്തുന്ന ഒന്നാണ് സംസ്ഥാന നിയമസഭകൾ പാസ്സാക്കുന്ന ബില്ലുകൾ കാലവിളംബമില്ലാതെ നിയമമാക്കാൻ കഴിയാത്ത അവസ്ഥ. ജനങ്ങൾ തെരഞ്ഞെടുക്കുന്ന നിയമസഭയ്ക്ക് നിയമനിർമ്മാണം നടത്താനുള്ള അവകാശം ഹനിക്കപ്പെടുന്നുവെന്ന് വരുന്നത് ജനാധിപത്യത്തെ ഫലത്തിൽ ഇല്ലായ്മ ചെയ്യുന്നതിന് തുല്യമാണ്. ഇവിടെ നാം ഒരുകാര്യം ഓർക്കുന്നത് നല്ലതാണ്. പ്രഗത്ഭ നിയമവിദഗ്ധനും കേരളത്തിലെ ആദ്യത്തെ നിയമസഭയിലെ നിയമമന്ത്രിയും നമ്മുടെ പരമോന്നത നീതിപീഠത്തിലെ ജഡ്ജിയുമായിരുന്ന വി. ആർ. കൃഷ്ണയ്യർ; അദ്ദേഹത്തിന്റെ 'A Constitutional Miscellany'

എന്ന പുസ്തകത്തിൽ ശ്രദ്ധേയമായൊരു കാര്യം പറയുന്നുണ്ട്. നിയമനിർമ്മാണ സഭ പാസ്സാക്കുന്ന ബില്ലുകൾക്ക് എന്തിനാണൊരു പ്രത്യേക അനുമതിയുടെ ആവശ്യം എന്നാണ് അദ്ദേഹം ചോദിച്ചത്. ബിൽ പാസാക്കിയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അംഗീകരിച്ചാൽത്തന്നെ ബില്ലുകൾ നിയമം ആകേണ്ടതല്ലേ എന്നാണ് ഭരണഘടനാ വ്യവസ്ഥകളെക്കുറിച്ച് നല്ല അവഗാഹമുള്ള ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചോദിക്കുന്നത്. ഈ ചോദ്യം കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും ഇന്ന് ഏറെ പ്രസക്തമായതാണ്. അതുകൊണ്ടുതന്നെ അദ്ദേഹം പറഞ്ഞത് ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കുമെന്നാണ് കരുതുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെയാണ്, "It is a ritual, but some rituals can have potential for mischief. The Rajamannar Committee recommended repeal of the provision for Presidential assent. I am inclined to agree with it. Indeed, I am for a legislation becoming valid once the Speaker certifies that it has been passed. The Governor's assent or reference to Presidential assent is a super-arrogation fraught with danger.' ഇതാണ് അദ്ദേഹത്തിന്റെ വാക്കുകൾ. ബില്ലുകൾ നിയമമാകാൻ ആവശ്യമായ അനുമതി അനന്തമായി നീളുന്ന അവസ്ഥയ്ക്ക് പ്രതിവിധി തേടിക്കൊണ്ട് കേരളമുൾപ്പെടെയുള്ള ബി.ജെ.പി. ഇതര കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ച ഘട്ടമാണിത്. ഹർജികൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലുമാണ്. ഇക്കാര്യത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന നിരീക്ഷണങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതി നടത്തിയിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ ജനാധിപത്യ മൂല്യങ്ങൾ 1975-ൽ കശാപ്പ് നേരിട്ടപ്പോൾ മതനിരപേക്ഷതയ്ക്ക് കാര്യമായ ക്ഷതമൊന്നുമേറ്റില്ല. പക്ഷേ, ഇന്നത്തെ സാഹചര്യത്തിൽ മതനിരപേക്ഷതയ്ക്കും ബഹുസ്വരതയ്ക്കും വലിയ ഭീഷണിയാണ് നേരിടുന്നത്. പൗരത്വത്തിൽ ഉൾപ്പെടെ മതം ഒരു ഘടകമാക്കാൻ കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ള നിയമനിർമ്മാണത്തിനെതിരെയും കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതിക്ക് മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്ത് സംഘ്പരിവാർ ശക്തികൾ നടത്തുന്ന പ്രവണതകൾ കേവലം ഭരണ തലത്തിലോ രാഷ്ട്രീയ തലത്തിലോ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. ചരിത്രം, സാംസ്കാരിക വിഷയങ്ങൾ, ശാസ്ത്രം എന്നിവയിലെല്ലാം തന്നെ ഒരു പിന്തിരിപ്പൻ സമീപനത്തിന്റെ പ്രാമുഖ്യം ഇന്ന് അനുഭവപ്പെടുന്നുണ്ട്. ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളുടെ ഭാഗമാണ് പൗരന്മാർക്കിടയിൽ ശാസ്ത്ര അവബോധം വളർത്തുക എന്നത്. ഇതിന് കടകവിരുദ്ധമായി അന്ധവിശ്വാസങ്ങൾക്ക് പ്രചാരണം നൽകുന്ന അവസ്ഥയിലേയ്ക്ക് നമ്മുടെ രാജ്യത്തെ ചിലർ തള്ളി വിടുകയാണ്. സ്വന്തം വിശ്വാസം തെരഞ്ഞെടുക്കാനും എന്തു തരം വിശ്വാസവും വച്ചുപുലർത്താനും ജനാധിപത്യ സമൂഹത്തിൽ ഏതൊരു വ്യക്തിക്കും അവകാശമുള്ളപ്പോൾത്തന്നെ ഭരണകൂടം സംഘടിതമായി അന്ധവിശ്വാസങ്ങൾക്ക് വളക്കൂറുള്ള മണ്ണൊരുക്കുന്നത് രാജ്യപുരോഗതിക്ക് കനത്ത തിരിച്ചടിയുണ്ടാക്കും.

നമ്മുടെ പുതുതലമുറ രാജ്യത്തിന്റെ ചരിത്രം സമഗ്രമായി മനസ്സിലാക്കണമെന്നത് ഒരു ജനാധിപത്യ രാഷ്ട്രം കെട്ടിപ്പടുക്കുന്ന പ്രക്രിയയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. ഇതിനെയാണ്, എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽനിന്നും സംഘ്പരിവാർ ശക്തികൾക്ക് ഇഷ്ടമില്ലാത്ത ഗാന്ധിവധം, മുഗൾ ചരിത്രം തുടങ്ങിയ ഭാഗങ്ങൾ വെട്ടി മാറ്റിയത്. ഇക്കാര്യത്തിൽ കേരളം ഒരു തിരുത്തൽ ശക്തിയായി നിലകൊണ്ടുവെന്നത് നമുക്കേവർക്കും അഭിമാനിക്കാവുന്നൊരു നേട്ടമാണ്. ഈ പാഠഭാഗങ്ങൾ നമ്മുടെ പാഠ്യക്രമത്തിലൂടെ പഠിപ്പിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുത്ത് നടപ്പാക്കിവരികയാണ്. ഇന്ത്യയുടെ ചരിത്രം ബഹുസ്വരതയുടെ ചരിത്രമാണ്. വിവിധ ആശയങ്ങളും വിശ്വാസങ്ങളുമൊത്തുചേർന്ന് രൂപപ്പെട്ടിട്ടുള്ള ഒരു ദേശീയ സംസ്കാരത്തിന്റെ ചരിത്രമാണ്. ഇതിനെ തമസ്കരിച്ചുകൊണ്ട് മതചിഹ്നങ്ങളും ആക്രമണത്തിനുള്ള ആഹ്വാനങ്ങളും ഇളം മനസ്സുകളിൽ എത്രവേഗം കടത്തിവിടാമെന്ന ചിന്ത ഹിംസാത്മക രാഷ്ട്രീയത്തിന്റെ ഹീനമായ ഉദാഹരണങ്ങളാണ്.

നമ്മുടെ രാജ്യത്തെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ നേരിടുന്ന വർഗ്ഗീയവത്കരണ ഭീഷണി കുറച്ചുകാണുന്ന സമീപനം ഇവിടെ ഉപേക്ഷിക്കണമെന്നാണ് കോൺഗ്രസിനോട് പ്രത്യേകമായി അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ കെ.പി.സി.സി.-യുടെ അദ്ധ്യക്ഷൻ കുറച്ചുനാൾ മുമ്പ് നടത്തിയ ഒരു പ്രതികരണമാണ് ഇങ്ങനെ പറയാൻ പ്രേരിപ്പിക്കുന്നത്. സർവ്വകലാശാലകളുടെ നയരൂപീകരണ സ്ഥാനങ്ങളിൽ കാവിവത്കരണത്തിൽ വിശ്വസിക്കുന്ന വ്യക്തികൾ നാമനിർദ്ദേശം ചെയ്യപ്പെട്ടാൽ തകരാർ എന്താണെന്നാണ് അദ്ദേഹം ചോദിച്ചത്. അവരിലും നല്ലവരില്ലേ എന്നുകൂടി ചോദിക്കുകയുണ്ടായി. ഈ രാജ്യത്തെ മതനിരപേക്ഷമൂല്യങ്ങളും ഉന്നത വിദ്യാഭ്യാസത്തിന്റെ അന്തഃസത്തയും നേരിടുന്ന വലിയ ഭീഷണിയെ ഇത്രകണ്ട് ഒരു ദേശീയപാർട്ടിയുടെ സംസ്ഥാന നേതൃത്വം നിസ്സാരവത്കരിക്കാമോ? ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ തങ്ങൾക്ക് മാത്രമെ കഴിയുകയുള്ളൂവെന്ന് വീമ്പിളക്കുന്നവർ ഇത്തരം സമീപനം കൈകൊണ്ടാൽ അവരും ബി.ജെ.പി.-യും തമ്മിൽ എന്ത് വ്യത്യാസമെന്ന് ചോദിക്കേണ്ടി വരില്ലേ; കേരളത്തിലെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ മുന്നോട്ടുള്ള കുതിപ്പിന്റെ പാതയിലാണ്. ഈ അവസരത്തിലാണ് തെരഞ്ഞെടുപ്പിലൂടെ കടന്നുവരാൻ കഴിയാത്ത വർഗ്ഗീയവത്കരണത്തിന്റെ വക്താക്കളെ നാമനിർദ്ദേശത്തിലൂടെ തിരുകിക്കയറ്റാൻ ചാൻസലർ സ്ഥാനം വഹിക്കുന്ന ബഹുമാന്യൻ തുനിഞ്ഞത്. ഇതിനെതിരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും പ്രതിഷേധിച്ചപ്പോൾ അതിനോട് ഒരുമിച്ച് ചേരാൻ എന്താണ് നിങ്ങൾ അറച്ച് നിന്നത്; എന്തിനാണ് നിങ്ങൾ മടി കാണിച്ചത്? സ്വന്തമായിട്ടെങ്കിലും പ്രതിഷേധം സംഘടിപ്പിക്കാൻ നിങ്ങൾക്ക് എന്തുകൊണ്ട് കഴിഞ്ഞില്ല? ശാസ്ത്ര-സാമൂഹികശാസ്ത്ര വിഷയങ്ങളിൽ ശാസ്ത്രീയമായ ഗവേഷണരീതി ഉപേക്ഷിച്ച് സർവ്വകലാശാലകളിലെ ഗവേഷണത്തെ മൂഢവിശ്വാസങ്ങളുടെ മാറാലകളിൽ പൊതിഞ്ഞ് കെട്ടുന്ന പിന്തിരിപ്പൻ ആശയക്കാരെ നാമനിർദ്ദേശത്തിലൂടെ തിരുകിക്കയറ്റുന്നത് കേരളത്തിൽ സ്വീകാര്യമല്ലെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ ഇവിടെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മാത്രമേയുള്ളൂവെന്നതും നമ്മുടെ പൊതുസമൂഹം കാണുകയാണ്. സംഘ്പരിവാർ ശക്തികളുടെ ന്യൂനപക്ഷവിരുദ്ധ/ മതനിരപേക്ഷ വിരുദ്ധ സമീപനങ്ങളെ സർവ്വകലാശാലകളിൽക്കൂടി കടത്തിവിട്ട് ആധിപത്യം സ്ഥാപിക്കാനുള്ള ശ്രമത്തെ കൈയുംകെട്ടി നോക്കിനിൽക്കാൻ നിങ്ങൾ പറയുന്ന ന്യായം ചുവപ്പുവത്കരണവും കാവിവത്കരണവും ഒന്നാണെന്നാണ്. തെരഞ്ഞെടുപ്പുകളിലൂടെയാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പ്രതിനിധികൾ സർവ്വകലാശാലകളുടെ വിവിധ സ്ഥാനങ്ങളിൽ അംഗങ്ങളായിട്ടുള്ളത്. അല്ലാതെ നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തികൾ, ആരുടെയോ സമ്മർദ്ദത്തിന് വഴങ്ങി നാമനിർദ്ദേശം ചെയ്യപ്പെട്ടവരായിട്ടല്ല ഇടതുപക്ഷ പ്രതിനിധികൾ വന്നിട്ടുള്ളത്. ചഅഅഇ അക്രെഡിറ്റേഷന്റെ കാര്യം നേരത്തെ ഇവിടെ പരാമർശിക്കുകയുണ്ടായി. ചഅഅഇ അക്രെഡിറ്റേഷനിലും എൻ.ഐ.ആർ.എഫ്. (നാഷണൽ ഇൻസ്റ്റിറ്റിയൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക്) റാങ്കിംഗിലും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗണനീയമായ സ്ഥാനമാണുള്ളത്. അതെല്ലാം മറച്ചുവച്ച് ഇവിടത്തെ വിദ്യാഭ്യാസമാകെ കുഴപ്പത്തിലാണെന്ന് നാഴികയ്ക്ക് നാൽപ്പതുവട്ടം ചാൻസലറും അദ്ദേഹത്തോടൊപ്പം ചേർന്ന് കോൺഗ്രസ്സും അതിന്റെ പോഷക സംഘടനകളും ബി.ജെ.പി.-യും ഒരുമിച്ച് പറയുകയാണ്. ഇങ്ങനെ ഒരുമിച്ച് പറഞ്ഞാൽ അത് യാഥാർത്ഥ്യത്തിൽനിന്നും വളരെ ദൂരത്ത് തന്നെയായിരിക്കും നിൽക്കുകയെന്നത് കാണേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യം എത്ര അപകടകരമായ സ്ഥിതിവിശേഷത്തിൽ എത്തിനിൽക്കുന്നുവെന്നുള്ളതാണ് ഇവിടെ സൂചിപ്പിക്കാൻ ശ്രമിച്ചത്. ഇത് വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ പ്രാധാന്യം വളരെയേറെ വർദ്ധിപ്പിക്കുകയാണ്. ഈ രാഷ്ട്രീയ യാഥാർത്ഥ്യം ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾ വ്യക്തമായി തിരിച്ചറിയുന്നുണ്ട്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇത് വ്യക്തമായി തിരിച്ചറിയുകയാണ്. നമ്മുടെ സമ്പന്നവും വൈവിധ്യവുമായ ജനാധിപത്യ പാരമ്പര്യം നിലനിൽക്കണമെങ്കിൽ ഇന്ന് കേന്ദ്രം ഭരിക്കുന്ന സംഘ്പരിവാർ ശക്തികൾ ഒരിക്കൽകൂടി കേന്ദ്രത്തിൽ അധികാരത്തിൽ വരരുതെന്ന തിരിച്ചറിവാണ് വേണ്ടത്. ഇത് യാഥാർത്ഥ്യമാകണ

മെങ്കിൽ ഇന്ത്യയിലെ ജനങ്ങൾ നേരിടുന്ന സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുത്ത് നവലിബറൽ സാമ്പത്തിക നയങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടുള്ള ഒരു സമീപനം അനിവാര്യമാണ്. ബി.ജെ.പി.-യുടെയും സംഘ്പരിവാറിന്റെയും മതാധിഷ്ഠിത രാഷ്ട്രീയത്തെ, മതത്തെ മുൻനിർത്തി ഓരോ പ്രദേശത്തും വിവിധതരം ചെപ്പടിവിദ്യകൾ കാട്ടിയാൽ ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധ്യമല്ല. ഇത് മറ്റാരെക്കാളും മനസ്സിലാക്കേണ്ടത് കോൺഗ്രസിലെ സുഹൃത്തുക്കൾ തന്നെയാണ്. കേരളത്തിലെങ്കിലും അവർക്കിന്നും ഇടതുപക്ഷത്തിന്റെ പ്രാതിനിധ്യം പാർലമെന്റിൽ എത്രകണ്ട് കുറയ്ക്കാമെന്ന ലക്ഷ്യമാണുള്ളത്. അവരുടെ രാഷ്ട്രീയ ലക്ഷ്യം അതായിക്കൊള്ളട്ടെ. പ്രത്യേക ദശാസന്ധിയിൽ എത്തിനിൽക്കുന്ന നമ്മുടെ രാജ്യത്തെ മതനിരപേക്ഷ-ബഹുസ്വര ജനാധിപത്യത്തിന്റെ പാതയിൽ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ സംഘ്പരിവാർ ശക്തികൾ ഭരണത്തിൽനിന്ന് പുറത്ത് പോകണമെന്നതുതന്നെയാണ് ഈ നാട്ടിലെ ജനങ്ങൾക്ക് മുന്നിൽവയ്ക്കാനുള്ള രാഷ്ട്രീയം.

ഏകീകൃത സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള തിടുക്കത്തിലുള്ള നീക്കങ്ങളുടെ ഭാഗമായി കേരളത്തിൽ അതിന്റെയൊരു കേളികൊട്ട് നമ്മൾ കേൾക്കുകയുണ്ടായി. രാജ്യം ഭരിക്കുന്നവരുടെ ജനാധിപത്യ വിരുദ്ധ സമീപനത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണത്. മതന്യൂനപക്ഷങ്ങൾക്ക് ഒരിക്കലും ഒരു അരക്ഷിതബോധമുണ്ടാകാൻ പാടില്ലെന്ന് നമ്മുടെ രാജ്യത്തെ ദേശീയ നേതൃത്വത്തിനുണ്ടായിരുന്ന ബോധം ഇന്നത്തെ ഭരണാധികാരികൾക്കില്ല. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എപ്പോഴും മുൻപന്തിയിലുണ്ടാകുമെന്നത് ഊന്നിപ്പറയാൻ ഈ ഘട്ടത്തിൽ ആഗ്രഹിക്കുകയാണ്. പാർലമെന്റിൽ എത്തുന്ന ഓരോ ഇടതുപക്ഷ പ്രതിനിധിയും സംഘ്പരിവാറിന്റെ ഭരണമോഹങ്ങളെ ഏറ്റവും ഉറച്ച രീതിയിൽ ചെറുത്തുനിൽക്കുന്ന വ്യക്തികളായിരിക്കുമെന്ന കാര്യത്തിൽ നാട്ടിലെ ജനാധിപത്യ വിശ്വാസികൾക്കും മതനിരപേക്ഷ മൂല്യങ്ങൾ വിലമതിക്കുന്നവർക്കും തൊഴിലെടുക്കുന്ന ജനവിഭാഗങ്ങൾക്കും ഉറച്ച് വിശ്വസിക്കാം. ഇടതുപക്ഷം താരതമ്യേന ദുർബ്ബലമായ പ്രദേശങ്ങളുണ്ട്. അത്തരം പ്രദേശങ്ങളിൽ സംഘ്പരിവാറിനെ ചെറുക്കാൻ കോൺഗ്രസിനെ സഹായിക്കില്ലെന്ന പിടിവാശി ഞങ്ങൾക്കില്ല. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കും അവരെ തുല്യാവകാശമുള്ള ഇന്ത്യൻ പൗരന്മാരായി കാണണമെന്നുള്ള കാര്യത്തിലും എക്കാലവും ഉറച്ച് വിശ്വസിക്കുകയും അതിനായി പോരാടുകയും ചെയ്തിട്ടുള്ളവരാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാഘട്ടത്തിലും ഇത്തരമൊരു നിലപാടാണ് സ്വീകരിച്ച് പോയിട്ടുള്ളത്. ഇന്ത്യൻ സമ്പദ്ഘടനയുടെ നെടുംതൂണുകളാകണം പൊതുമേഖലാ സ്ഥാപനങ്ങളെന്ന പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ സങ്കൽപ്പത്തെ കോൺഗ്രസ് ഉപേക്ഷിക്കുകയും ആ ഉപേക്ഷയെ പിന്തുടരുന്ന ബി.ജെ.പി. സർക്കാർ പൊതുമേഖലയെന്ന സങ്കല്പത്തെതന്നെ വില്പന ചരക്കാക്കി മാറ്റിയിരിക്കുകയുമാണ്. ഫെഡറൽ സംവിധാനത്തിൽ പരിമിതമായ സാമ്പത്തിക അധികാരങ്ങളുള്ള സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ വഹിക്കാവുന്ന പങ്ക് വളരെ പരിമിതമാണ്. എന്നാൽ ആ പരിമിതികളെക്കുറിച്ച് വേവലാതിപ്പെട്ട് കൈയുംകെട്ടി നോക്കിയിരിക്കുന്ന സമീപനമല്ല കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. കേന്ദ്ര സർക്കാർ വിറ്റഴിക്കാൻവച്ച പൊതുമേഖലാ സ്ഥാപനങ്ങളായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി, കാസർഗോഡ് ജില്ലയിലെ ബി.എം.എൽ. എന്നിവയെല്ലാം കേരള സർക്കാർ ഏറ്റെടുത്ത് നടത്തിവരികയാണ്.

ഭരണഘടനയുടെ ആമുഖത്തിലുൾപ്പെടുത്തിയിട്ടുള്ള സോഷ്യലിസം എന്ന ആശയത്തെ ബി.ജെ.പി. സർക്കാർ തീർത്തും പുറന്തള്ളുകയാണ്. അവർ ഒരിക്കൽക്കൂടി അധികാരത്തിൽ വന്നാൽ രാജ്യത്തെ സമ്പദ്ഘടനയ്ക്കുണ്ടാകുന്ന ഗുരുതരമായ ഭവിഷ്യത്ത് എന്താണെന്ന് നാം ഓരോരുത്തരും മനസ്സിലാക്കേണ്ടതുണ്ട്. കോൺഗ്രസ് പാർട്ടി ഇക്കാര്യത്തിൽ ചാഞ്ചാട്ട സമീപനം ഉപേക്ഷിച്ച് നെഹ്റുവിയൻ ആശയത്തെ പിന്തുണയ്ക്കുന്ന നിലപാട് സ്വീകരിക്ക

ണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യത്തിലും അതിശക്തമായ നിലപാട് പാർലമെന്റിൽ സ്വീകരിക്കണമെങ്കിൽ അവിടെ മതിയായ ഇടതുപക്ഷ പ്രാതിനിധ്യമുണ്ടാകണമെന്നത് നിസ്തർക്കമായ കാര്യമാണ്.

പേരിനെങ്കിലും നമ്മുടെ രാജ്യത്ത് ഇന്നും ഫെഡറൽ സംവിധാനം നിലനിൽക്കുന്നുണ്ട്. എന്നാൽ യൂണിയൻ സർക്കാരിനെ നയിക്കുന്ന കക്ഷിക്ക് ഇഷ്ടപ്പെടാത്ത പല സംസ്ഥാന സർക്കാരുകളും ചീട്ടുകൊട്ടാരം പോലെ പൊളിഞ്ഞുവീഴുന്ന കാഴ്ചയാണ് ഈയടുത്ത ദിവസം വരെ നാം കണ്ടുകൊണ്ടിരുന്നത്. ഇത്തരമൊരു ചീട്ടുകൊട്ടാരമല്ല എൽ.ഡി.എഫ്. നയിക്കുന്ന കേരള സർക്കാർ.

ഇവിടെ ഒരുകാര്യം നാം ഓർക്കുന്നത് നല്ലതാണ്. ഐക്യകേരളം രൂപീകൃതമായതിനു ശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെ സർക്കാർ രൂപീകരിച്ചു. സ്പീക്കറെ മാറ്റിനിർത്തിയാൽ ഒരാളുടെ ഭൂരിപക്ഷമായിരുന്നു ആ സർക്കാരിനുണ്ടായിരുന്നത്. നമ്മുടെ നാട്ടിലെ സ്ഥാപിത താല്പര്യക്കാരും പണച്ചാക്കുകളും അന്ന് കേന്ദ്രം ഭരിക്കുന്നവരും പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും ഒരാളെപ്പോലും അടർത്തിയെടുക്കാൻ കഴിഞ്ഞില്ല. ആ പാരമ്പര്യമാണ് ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും അതിന്റെ സർക്കാരിനുമുള്ളത്. ഈ സർക്കാരിനെ എങ്ങനെയെല്ലാം ദുർബലപ്പെടുത്താമെന്നാണ് പ്രതിപക്ഷം ആലോചിക്കുന്നത്. ഒരു പ്രതിപക്ഷത്തിന് സർക്കാരിനെ എല്ലാ കാര്യത്തിലും പിന്തുണയ്ക്കാനുള്ള ബാധ്യതയുണ്ടെന്നൊന്നും ഞാൻ ഉന്നയിക്കുകയല്ല. ഞങ്ങളെ വിമർശിക്കാനും ഞങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാനുമുള്ള പ്രതിപക്ഷത്തിന്റെ അവകാശത്തെ ഞങ്ങൾ മാനിക്കുക തന്നെയാണ്. പക്ഷേ വാലും തലയുമില്ലാത്ത ആരോപണങ്ങളുമായി, അസത്യങ്ങളുടെ ഘോഷയാത്രയുമായി ഞങ്ങൾക്കെതിരെ നിങ്ങൾ നടത്തുന്ന പടപ്പുറപ്പാട് ആരെ തൃപ്തിപ്പെടുത്താനുള്ളതാണെന്ന് നിങ്ങൾതന്നെ ആലോചിക്കേണ്ടതാണ്. ഇവിടെ നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ അവിഭാജ്യഘടകമായ ഫെഡറലിസം നേരിടുന്ന ഭീഷണിയെക്കുറിച്ചാണ് പ്രതിപാദിച്ചത്. സാമൂഹ്യക്ഷേമ പദ്ധതികൾക്കും പശ്ചാത്തല സൗകര്യത്തിനും പണം നീക്കിവയ്ക്കാൻ മുൻകൈയെടുക്കുന്ന കേരളത്തെ സാമ്പത്തികമായി ഞെരുക്കുവാൻ കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങൾ കേരളജനത നേരിൽ കാണുകയാണ്. നമ്മുടെ നികുതി വരുമാനത്തിന്റെ ഒരു നിശ്ചിത വിഹിതം മൂലധനച്ചെലവിനും പശ്ചാത്തല സൗകര്യവികസനത്തിനും നീക്കിവയ്ക്കുക എന്ന ആശയം 2016-ൽ കേരളം മുന്നോട്ടുവച്ച് നടപ്പാക്കിയതാണ്. പിന്നീട് യൂണിയൻ സർക്കാരും ഇത്തരം മാതൃക പിന്തുടർന്നിട്ടുണ്ട്. എന്നാൽ കേരളത്തെ ഈ കാരണം പറഞ്ഞുകൊണ്ട് സാമ്പത്തിക ഉപരോധത്തിലാക്കാനാണ് കേന്ദ്ര സർക്കാർ തയ്യാറാകുന്നത്.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശകൾ പ്രകാരം സംസ്ഥാനത്തിന് ആഭ്യന്തര വരുമാനത്തിന്റെ 3.5 ശതമാനംവരെ വായ്പാ പരിധിയുണ്ട്. എന്നാൽ കിഫ്ബിയും സാമൂഹ്യക്ഷേമ പെൻഷൻ കമ്പനിയും അവരെടുക്കുന്ന വായ്പകളെ സംസ്ഥാന സർക്കാർ വായ്പയായി പരിഗണിച്ചുകൊണ്ട് കേരളത്തിന്റെ കമ്പോള വായ്പാപരിധി മുൻകാലപ്രാബല്യത്തോടെ വെട്ടിച്ചുരുക്കുന്ന ഒരു സാമ്പത്തിക അടിച്ചമർത്തൽ നയം കേന്ദ്ര ധന മന്ത്രാലയം കൈകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ച് കേരളം ഇന്ന് നിയമപോരാട്ടം നടത്തുകയാണ്. കേരളം ഇത്തരമൊരു വിഷമസന്ധിയിലെത്തി നിൽക്കുമ്പോൾ ഇവിടെ കെടുകാര്യസ്ഥതയും ധൂർത്തുമാണ് എന്നൊക്കെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തോടൊപ്പമുള്ളവരും പ്രചരിപ്പിക്കുന്നത്. കടക്കെണിയെന്നും സൗകര്യംപോലെ പറയുന്നുണ്ട്. എന്താണ് ഇവിടെയുള്ള യാഥാർത്ഥ്യം? അതുമായി ബന്ധപ്പെട്ട കണക്കുകൾ സൂചിപ്പിക്കുന്നത്, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ നമ്മുടെ തനത് നികുതി വരുമാനം 22 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ടെന്നാണ്.

2013-14-നുശേഷം ആദ്യമായാണ് ഇത്തരം ശ്രദ്ധേയമായ വളർച്ചാനിരക്ക് തനത് നികുതി വരുമാനത്തിലുണ്ടാകുന്നത്. 2016-17മുതൽ 2020-21വരെ കേരളത്തിൽ നിലനിന്നിരുന്ന അസാധാരണ സാഹചര്യങ്ങൾ നമ്മുടെ നികുതി വരുമാന വളർച്ചയെ പിന്നോട്ട് വലിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഇവയെല്ലാം മറികടന്ന് നമ്മുടെ പരിശ്രമം വിജയകരമായി മുന്നേറുകയാണ്. കേരളം നികുതി വെട്ടിപ്പുകാരുടെ പറുദീസയാണെന്ന് ദോഷൈകദൃക്കുകൾ പറയുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം രണ്ടായിരം കോടിയിൽപ്പരം രൂപയുടെ നികുതിവെട്ടിപ്പ് കണ്ടെത്തുകയും അത് ഖജനാവിലേയ്ക്ക് അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് 3.89 ശതമാനമുണ്ടായിരുന്ന സംസ്ഥാന വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് 1.92 ശതമാനമായി കുറവ് ചെയ്യുകയുണ്ടായി. ഇതുമൂലമുണ്ടാകുന്ന കുറവ് 18,000 കോടി രൂപയാണ്. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തിയതുകൊണ്ടുണ്ടായ കുറവ് 12,000 കോടി രൂപയുമാണ്. റവന്യൂ കമ്മി ഗ്രാന്റിൽ 8,400 കോടി രൂപയുടെയും വായ്പാ അനുമതി നിഷേധിച്ചതുമൂലം 19,600 കോടി രൂപയുടെയും കുറവുണ്ടായി. അപ്രകാരം വരുമാനത്തിൽ 57,000 കോടി രൂപയിലധികം കുറവുണ്ടായിരിക്കുകയാണ്. മിക്ക കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്ര സഹായ വിഹിതം 75 ശതമാനത്തിൽനിന്നും 2015-16 മുതൽ 60 ശതമാനമായി കുറച്ചിരിക്കുകയാണ്. ഇതിലുപരി സംസ്ഥാന സർക്കാർ കൂടി നടത്തിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ കേന്ദ്രം നിർദ്ദേശിക്കുന്ന പേരിൽ ബ്രാൻഡിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുകയാണ്. ഇത് ചെയ്തില്ലെങ്കിൽ ധനസഹായം നൽകില്ലെന്നാണ് പറയുന്നത്. ഇത് ഫെഡറൽ സംവിധാനത്തിന് തികച്ചും അന്യമാണ്. കാര്യക്ഷമവും സമഗ്രവുമായി പ്രവർത്തിക്കുന്ന ജി.എസ്.ടി. വിഭാഗമാണ് കേരളത്തിലുള്ളത്. ഇന്ത്യയിലാദ്യമായാണ് ഒരു സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഇത്ര സമഗ്രമായി പുനഃസംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. നമ്മുടെ പുനഃസംഘടനയെക്കുറിച്ച് പഠിക്കുവാൻ മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ഉദ്യോഗസ്ഥ പ്രതിനിധികൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. ചെലവിന്റെ കാര്യത്തിൽ സർക്കാർ മിതവ്യയം പാലിക്കുന്നുമുണ്ട്.

പൊതു വിദ്യാലയങ്ങൾക്കും പൊതുജനാരോഗ്യത്തിനും പ്രാബല്യം നൽകുന്ന നയങ്ങൾ കാലങ്ങളായി സ്വീകരിച്ചുപോന്നതുകൊണ്ടാണ് കേരളം ഉയർന്ന മാനവ വിഭവ സൂചികകൾ കൈവരിച്ചത്. ഇതിന് ഗണ്യമായ സാമ്പത്തിക ചെലവുകൾ സംസ്ഥാനത്തിന് വഹിക്കേണ്ടിവന്നിട്ടുണ്ട്. ഇതിന്റെ ഫലമായി സാക്ഷരതയിലും പ്രത്യേകിച്ച് സ്ത്രീ സാക്ഷരതയിലും ആയുർദൈർഘ്യത്തിലും കുറഞ്ഞ ശിശുമരണ നിരക്കിലും കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെയേറെ മുന്നിലാണ്. തൽഫലമായി നമ്മുടെ ജനസംഖ്യ നിയന്ത്രണത്തിലാവുകയും ചെയ്തു. ഇപ്പോൾ അക്കാര്യം പറഞ്ഞുകൊണ്ട് നമ്മുടെ നികുതി വിഹിതത്തിൽ ക്രമാതീതമായ വെട്ടിക്കുറവുണ്ടാക്കുകയാണ്. 11-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം നമുക്ക് ലഭ്യമായിരുന്ന നികുതി വിഹിതം 3.05 ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ അത് 1.92 ശതമാനമായി ചുരുങ്ങിയിരിക്കുന്നു. ഭരണഘടനയുടെ അനുച്ഛേദം 280 പ്രകാരം കേന്ദ്രം പിരിക്കുന്ന നികുതികൾ, സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്ന മാനദണ്ഡങ്ങൾ എന്നിവയെല്ലാം ശിപാർശ ചെയ്യുന്ന ഭരണഘടനാ സ്ഥാപനമാണ് ധനകാര്യ കമ്മീഷൻ. കേന്ദ്ര സർക്കാരിലെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്ന ശ്രീ.ബി.വി.ആർ. സുബ്രഹ്മണ്യം അടുത്തിടെ നടത്തിയ വെളിപ്പെടുത്തൽ ഞെട്ടൽ ഉളവാക്കുന്നതാണ്. ധനകാര്യ കമ്മീഷന്റെ അദ്ധ്യക്ഷനായിരുന്ന ഡോ. വൈ. വി. റെഡ്ഡിയോട് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതിയുടെ വിഹിതം 42 ശതമാനത്തിൽനിന്നും 33 ശതമാനമായി കുറയ്ക്കാൻ കേന്ദ്ര സർക്കാർ അത്യുന്നത തലത്തിൽ സമ്മർദ്ദം ചെലുത്തിയെന്നാണ് വെളിപ്പെടുത്തിയിട്ടുള്ളത്. ഭരണഘടനയ്ക്കും ഫെഡറൽ സംവിധാനത്തിനും നൽകുന്ന പരിഗണന ഇതാണെങ്കിൽ കേന്ദ്ര സമീപനത്തിനെതിരെ പ്രതിഷേധിക്കാൻ ഞങ്ങൾ ഒരുങ്ങുമ്പോൾ യു.ഡി.എഫും. കോൺഗ്രസ്സും മാറിനിൽക്കുന്നത് ശരിയാണോയെന്ന് പരിശോധിക്കണം. അത് പുനഃപരിശോധിക്കാൻ തയ്യാറാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർ

ത്ഥിക്കുകയാണ്. സംസ്ഥാനങ്ങളുമായി വിഹിതം പങ്കുവയ്ക്കേണ്ടതില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചാണ് ഇതിനോടൊപ്പം നാം ചേർത്തുവായിക്കേണ്ടത്. അതാണ് സർചാർജ്ജുകളും സെസ്സുകളും. ഇതിൽ രണ്ടിലും വൻ വർദ്ധനയാണുള്ളത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർചാർജ്ജുകളും സെസ്സുകളും 12 -ൽനിന്നും 20 ശതമാനം വരെ വർദ്ധിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ഇത് വൻ സാമ്പത്തിക പ്രതിസന്ധിയാണുണ്ടാക്കുന്നത്. ഇത് പറയുമ്പോൾ എന്തിനാണ് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയും സംസ്ഥാനത്തിന്റെ കെടുകാര്യസ്ഥതയും ധൂർത്തുമാണ് ഇവിടെയുള്ള പണഞെരുക്കത്തിന് കാരണമെന്ന് പറയുന്നത്. ബി.ജെ.പി.-യുടെ സംഗീതമേളയിൽ എന്തിനാണ് കോൺഗ്രസ് സുഹൃത്തുക്കൾ പക്കവാദ്യം വായിക്കാൻ പുറപ്പെടുന്നത്; സർക്കാർ എന്തെങ്കിലും ഒരു ആഘോഷം നടത്തിയാൽ അത് ധൂർത്താണെന്ന് മുറവിളി കൂട്ടുന്നത് ഒരു ആചാരമായി മാറിയിരിക്കുകയാണ്. ഇവയൊന്നും മുമ്പുള്ള സർക്കാർ ചെയ്യാത്ത കാര്യങ്ങളാണ്. 'കേരളീയം 2023' എന്നതിനെ ധൂർത്തെന്ന് പറയാൻ എങ്ങനെയാണ് സാധിക്കുന്നത്; നോബൽ സമ്മാന ജേതാക്കളും ലോകത്തിലെ അറിയപ്പെടുന്ന വിദഗ്ധരും പങ്കെടുത്ത അർത്ഥവത്തായ സംവാദങ്ങളും ചർച്ചകളുമാണ് ഇതിന്റെ ഭാഗമായി നടന്നത്. ആ കുപ്രചരണം നടത്തുന്നവർ ഇക്കാര്യം മറച്ചുവയ്ക്കുകയാണ്. വിദഗ്ധർ നൽകിയ വിലപ്പെട്ട നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്. ഇത്തരത്തിൽ ധൂർത്ത് എന്നുപറഞ്ഞ് ആക്ഷേപിച്ച മറ്റൊരു പരിപാടിയാണ് നവകേരള സദസ്സ്. ഇതിനെക്കുറിച്ച് പിന്നീട് ഞാൻ വിശദമായി പറയാം. മന്ത്രിസഭാംഗങ്ങൾ എല്ലാപേരും 140 അസംബ്ലി മണ്ഡലങ്ങളും സന്ദർശിച്ച് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽനിന്നും ആശയങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടി സർക്കാർ ഗൗരവമായി സ്വീകരിച്ചുവരികയാണ്.

ദേശീയ പ്രസ്ഥാനത്തിന്റെ കാലം മുതൽ ലോകമെമ്പാടുമുള്ള വിമോചന പ്രസ്ഥാനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന നിലപാടാണ് ഇന്ത്യ സ്വീകരിച്ചിട്ടുള്ളത്. ബി.ജെ.പി. സർക്കാരിന്റെ ഭരണകാലത്ത് ഇതിൽനിന്നും ദൗർഭാഗ്യകരമായ പിന്നോക്കം പോക്ക് കാണുകയാണ്. പാലസ്തീൻ ജനതയുടെ സ്വയംഭരണാവകാശത്തിന്മേൽ നമ്മുടെ രാജ്യം നാളിതുവരെ സ്വീകരിച്ചുവന്നിരുന്ന നിലപാടാണ് ഇതിന്റെ ഭാഗമായി മാറ്റിപറയുന്നത്. ഇത് ഇന്ത്യയുടെ യശസ്സിന് ചേർന്നതാണോ; ഇക്കാര്യത്തിൽ രണ്ടാമതൊന്ന് ആലോചിക്കാതെ പ്രതികരിക്കാൻ ഇടതുപക്ഷ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും പാരമ്പര്യം അവകാശപ്പെടുന്ന കോൺഗ്രസ് പാർട്ടിക്ക് ഇതിൽ വ്യക്തമായ നിലപാട് പ്രഖ്യാപിക്കാൻ കുറച്ചധികം സമയം വേണ്ടിവന്നുവെന്നത് നമ്മെ ആശ്ചര്യപ്പെടുത്തുന്ന കാര്യമാണ്. പാലസ്തീൻ ജനതയുടെ സ്വയംഭരണാവകാശം ഉയർത്തിപ്പിടിക്കുന്ന ശക്തമായ നിലപാട് സ്വീകരിക്കുമ്പോൾത്തന്നെ ഇസ്രായേലിൽ പണിയെടുക്കുന്ന നമ്മുടെ നാട്ടുകാരുടെ സുരക്ഷ ഉറപ്പാക്കണമെന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും കേരളത്തിലെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. മതനിരപേക്ഷ നിലപാടുകളും ഭരണഘടനാ മൂല്യങ്ങളും സംരക്ഷിക്കണമെങ്കിൽ വിട്ടുവീഴ്ച കൂടാത്ത നിലപാട് അനിവാര്യമാണ്. അവിടെ മൃദു വർഗ്ഗീയതയും മറ്റ് ചെപ്പടി വിദ്യകളും കാണിച്ച് ചാഞ്ചാട്ടം നടത്തിയാൽ അതിന്റെ അന്തിമ ഗുണം ഈ രാജ്യത്തെ വർഗ്ഗീയ ശക്തികൾക്കായിരിക്കുമെന്ന് ഓർക്കുന്നത് നല്ലതാണ്. ചില കാര്യങ്ങൾകൂടി ഈ അവസരത്തിൽ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. വടക്കു-കിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ സംഘ് പരിവാർ സംഘടനകളുടെ ഒത്താശയോടെ ഗ്രോത്ര വിഭാഗമായ കുക്കികളുടെ ക്രിസ്ത്യൻ ദേവാലയങ്ങൾ വ്യാപകമായാണ് തകർക്കപ്പെട്ടത്. മണിപ്പൂരിൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ സംസ്ഥാനത്ത് വർഗ്ഗീയ വംശീയ സംഘർഷങ്ങൾ നിത്യസംഭവമായിരിക്കുകയാണ്. സംഘ് പരിവാറിന്റെ തീവ്രഹൈന്ദവ വർഗ്ഗീയതയുടെ

നേർപതിപ്പാണ് മണിപ്പൂരിൽ നാം കാണുന്നത്. ഇതുപോലെ ഉത്തരാഖണ്ഡിൽ ആസൂത്രിതമായ മുസ്ലീം വേട്ടയാണ് സംഘ് പരിവാർ സംഘടനകളുടെ നേതൃത്വത്തിൽ നടന്നത്. 'വ്യാപാർ ജിഹാദ്' എന്ന ഹിംസാത്മകമായ പേരിൽ നടത്തിയ വർഗ്ഗീയ വിദ്വേഷ പ്രചാരണത്തിനാണ് ഇവിടെ സംഘ് പരിവാർ തുടക്കമിട്ടത്. ഇതെല്ലാം നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതയേയും ഭദ്രതയേയും തകർക്കുന്ന നടപടികളാണ്. ഇത്തരം വിഷലിപ്തമായ ആശയങ്ങൾ ചുമലിലേറ്റി നടക്കുന്നവർ ഇനിയും അധികാരത്തിൽ തുടരുന്നത് നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിനു തന്നെ അപകടമാണെന്ന് പറയാതെ വയ്യ. ഉത്തരകാശിയിൽനിന്നും മുസ്ലീങ്ങളെ പൂർണ്ണമായും ഒഴിപ്പിക്കണമെന്നായിരുന്നു വിശ്വഹിന്ദു പരിഷത്തിന്റെ ആവശ്യം. 'ദേവഭൂമി രക്ഷാ അഭിയാൻ' എന്ന തീവ്രഹിന്ദുത്വ സംഘടന എല്ലാ മുസ്ലീം വ്യാപാരികളും തങ്ങളുടെ കടകൾ ഒഴിഞ്ഞുപോകണമെന്ന തിട്ടൂരം ഇറക്കുകയുണ്ടായി. ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമാകണമെന്നതടക്കമുള്ള തീവ്രഹിന്ദുത്വ നിലപാട് മുന്നോട്ടുവച്ച ഉത്തർപ്രദേശിലെ ഗോരഖ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗീതാ പ്രസിനാണ് കഴിഞ്ഞവർഷം ഗാന്ധി സമാധാന പുരസ്കാരം നൽകിയത്. ഗീതാ പ്രസ്സിന് മഹാത്മാ ഗന്ധിയുടെ പേരിലുള്ള സമാധാന പുരസ്കാരം നൽകാൻ തീരുമാനിച്ചത് രാഷ്ട്രപിതാവിനെ ഏത് രീതിയിൽ സംഘ് പരിവാർ ശക്തികൾ കാണുന്നുവെന്നതിന്റെ ഉദാഹരണം കൂടിയാണ്. 1923-ൽ സ്ഥാപിക്കപ്പെട്ട ഗീതാ പ്രസ്സ് അതിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് കേന്ദ്ര സർക്കാർ മഹാത്മാ ഗാന്ധിയുടെ പേരിലുള്ള പുരസ്കാരം നൽകി അവരെ വിളിപ്പിക്കാൻ ശ്രമിക്കുന്നത്. ദൂരദർശനും ആകാശവാണിയും ഉൾക്കൊള്ളുന്ന പ്രസാർ ഭാരതിയുടെ ഏക വാർത്ത സ്രോതസ്സായി സംഘ്പരിവാർ ചായ്വുള്ള ഹിന്ദുസ്ഥാൻ സമാചാറിനെ കേന്ദ്ര സർക്കാർ നിയോഗിച്ചതും ഇക്കഴിഞ്ഞ വർഷമാണ്. വിശ്വഹിന്ദു പരിഷത്തിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായ ശിവറാം ശങ്കർ ആപ്തേ സ്ഥാപിച്ച ഹിന്ദുസ്ഥാൻ സമാചാറിനെ പ്രസാർ ഭാരതിയുടെ ഏക വാർത്ത സ്രോതസ്സായി മാറ്റിയത് പത്രസ്വാതന്ത്ര്യത്തോടുള്ള സംഘ്പരിവാറിന്റെ വെല്ലുവിളിയായി മാത്രമേ കാണാൻ സാധിക്കൂ.

നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണ് Unity in Diversity. ഇത് കടുത്ത ഭീഷണിയാണ് നേരിടുന്നത്. 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. 1971-നുശേഷം നമ്മുടെ രാജ്യത്ത് പാർലമെന്റിലേയ്ക്കും സംസ്ഥാന നിയമസഭകളിലേയ്ക്കും ഒരുമിച്ചല്ല തെരഞ്ഞെടുപ്പ് നടക്കുന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഒരു സംസ്ഥാനത്ത് സീറ്റുകൾ തൂത്തുവാരുന്ന കക്ഷി ഹ്രസ്വകാലത്തുനടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുന്ന അനുഭവങ്ങൾ ഏറെയുണ്ട്. ഇത്തരം നിരവധി അനുഭവങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിനെയും നിയമസഭാ തെരഞ്ഞെടുപ്പിനെയും വ്യത്യസ്തമായി കാണാനുള്ള വിവേകമുള്ള വോട്ടർമാരാണ് രാജ്യത്തുള്ളത്. 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം അടിച്ചേൽപ്പിക്കുമ്പോൾ ഒരു തെരഞ്ഞെടുപ്പ്, ഒരു മുദ്രാവാക്യം, ഒരു നേതാവ്, ഒരു കക്ഷി എന്ന ഏകശിലാ രൂപത്തിലേയ്ക്ക് നീങ്ങുകയും നമ്മുടെ വൈവിധ്യങ്ങളെ തകർക്കുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്യും. നമ്മുടെ ഫെഡറൽ സംവിധാനത്തിന്റെ സൗന്ദര്യം എന്നത് വിവിധ കക്ഷികൾ കേന്ദ്രവും സംസ്ഥാനവും ഭരിക്കുകയും സാഹചര്യങ്ങൾക്കനുസരിച്ച് സഹകരിക്കുകയും ഭിന്നാഭിപ്രായങ്ങൾ പറയുകയും ചെയ്യുന്നതാണ്. ഇത് ഇല്ലാതായാൽ നമ്മുടെ ജനാധിപത്യത്തിന്റെ അന്തഃസത്തയ്ക്ക് സാരമായ കോട്ടം സംഭവിക്കുമെന്നതിൽ തർക്കമില്ല.

നമ്മുടെ രാജ്യം ഇന്ന് ഏകാധിപത്യ വർഗ്ഗീയ ശക്തികളിൽനിന്നും നേരിടുന്ന വലിയ ഭീഷണികൾക്കുനേരെ ചെറുത്തുനിൽപ്പിന്റെ ഒരു വെള്ളി രേഖയെന്ന നിലയ്ക്കാണ് കേരളം നിലകൊള്ളുന്നത്. ജനക്ഷേമകരമായ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യവികസന പദ്ധതികളും എന്ന രീതിയിൽ മുന്നോട്ടുപോകാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. ആ സർക്കാരിനെ ഏതെല്ലാം വിധത്തിൽ ധനഞെരുക്കത്തിലാക്കാമെന്നാണ് കേന്ദ്രസർക്കാർ നോക്കുന്ന

ത്. കേന്ദ്ര സർക്കാരിന്റെ ആ നിലപാടിനെ സർവ്വാത്മനാ പിന്താങ്ങുന്ന സമീപനമാണ് ഇവിടെ പ്രതിപക്ഷവും സ്വീകരിക്കുന്നത്. വെല്ലുവിളികളെ തരണം ചെയ്ത് ജനങ്ങളുടെ വലിയ പിന്തുണയോടെ എൽ.ഡി.എഫ്. സർക്കാർ വിജയകരമായി മുന്നോട്ടുപോകുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ലെന്നാണ് ആമുഖമായി എനിക്ക് പറയാനുള്ളത്.

നമ്മുടെ സംസ്ഥാനത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള കാര്യങ്ങളെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്. സംസ്ഥാനത്തെ പി.എസ്.സി. നിയമനങ്ങളെക്കുറിച്ച് നേരത്തെ സഭയിൽ വന്ന കാര്യമാണ്. 2021-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 66532 നിയമന ശിപാർശകൾ പി.എസ്.സി. നടത്തിയിരുന്നു. 2016 മുതൽ 2023 നവംബർ വരെ 227800 നിയമന ശിപാർശകൾ പി.എസ്.സി. നടത്തിയിരുന്നു. രാജ്യത്ത് ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ നടത്തുന്നത് കേരള പി.എസ്.സി. ആണെന്നത് കാണേണ്ട വസ്തുതയാണ്. നീതി ആയോഗിന്റെ റിപ്പോർട്ട് വരുന്നുണ്ട്. മാനവ വിഭവ സൂചികയിൽ കേരളത്തിന് ഒന്നാം സ്ഥാനമാണുള്ളത്. ബഹുമുഖ ദാരിദ്ര്യ സൂചികയിൽ 2019-21-ൽ കേരളത്തിന്റെ ദാരിദ്ര്യ സൂചിക 0.55 ശതമാനമാണ്. അതായത് രാജ്യത്ത് ഏറ്റവും കുറവ് അതിദാരിദ്ര്യമുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ അതിദാരിദ്ര്യം അനുഭവിക്കുന്ന 64006 പേരെയാണ് നാം കണ്ടെത്തിയത്. അതിൽനിന്നും അവരെ മുക്തമാക്കണമെന്ന് നമ്മൾ ആലോചിച്ചു. അത്തരമൊരു നിലപാട് ഇന്ത്യാ രാജ്യത്ത് ഈ സംസ്ഥാനം മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. 2025 നവംബർ 1 ആകുമ്പോൾ അതിദരിദ്രാവസ്ഥയിൽനിന്നും പൂർണ്ണമായും മുക്തമാക്കണമെന്ന് ലക്ഷ്യം വച്ചാണ് സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരു വർഷം പിന്നിട്ടു. 2023 നവംബർ 1, 2024നവംബർ 1, 2025 നവംബർ 1 ആകുമ്പോഴാണ് അതിദാരിദ്ര്യം പൂർണ്ണമായും മുക്തമാക്കണമെന്ന് ഞങ്ങൾ ആഗ്രഹിച്ചതും ലക്ഷ്യമിട്ടതും. ഒരു വർഷം തികഞ്ഞപ്പോൾ കണക്ക് 47.89 ശതമാനം കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും മുക്തമാക്കാൻ കഴിഞ്ഞിരിക്കുന്നു. ഒന്നാംവർഷത്തെ കണക്കാണിത്. ഈ വർഷമാകുമ്പോൾ ഏറെക്കുറെ പൂർണ്ണമായും അതിദാരിദ്ര്യാവസ്ഥയിൽനിന്നും മുക്തമാക്കാൻ കഴിയുന്ന നിലയാണുള്ളത്. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുപോകുന്നത്. ഇത്തരമൊരു നിലപാടെടുത്ത മറ്റേത് സംസ്ഥാനമാണ് ഈ രാജ്യത്തുള്ളത്; അവർക്ക് അവിടെയുള്ള അതിദാരിദ്ര്യാവസ്ഥ ഇല്ലാതാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻതന്നെ കഴിയുമോ; അതല്ലേ രാജ്യത്തിന്റെ പൊതുവായ സ്ഥിതി. നമ്മുടെ രാജ്യത്താകമാനമുള്ളതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ആ പദ്ധതിയിൻകീഴിലുള്ള തൊഴിലാളികൾക്ക് ഒരു ക്ഷേമ പദ്ധതി നടപ്പാക്കിയ സംസ്ഥാനം നമ്മളല്ലാതെ വേറെ ഏതാണുള്ളത്.

ശാസ്ത്ര സാങ്കേതിക മേഖലയിലെ മുന്നേറ്റങ്ങൾ കൂടുതൽ കൈവരിക്കാൻ കഴിയണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായാണ് നാല് സയൻസ് പാർക്കുകൾ ആരംഭിക്കാനുദ്ദേശിക്കുന്നത്. അതിൽ ഒരു ഡിജിറ്റൽ സയൻസ് പാർക്കിന്റെ തറക്കല്ലിടലും അതിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. മറ്റ് മൂന്ന് സയൻസ് പാർക്കുകൾ വരാൻ പോകുകയാണ്. 1000 കോടി രൂപ മുതൽമുടക്കാണ് ഇതിന് ആവശ്യമായി വരുന്നത്. ആ പ്രവർത്തനങ്ങളെല്ലാം നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് കഴിഞ്ഞ ഏഴര വർഷംകൊണ്ട് കിഫ്ബി മുഖേന 83000 കോടിയോളം രൂപയുടെ പദ്ധതികളാണ് ഏറ്റെടുക്കാൻ സാധിച്ചത്. നമ്മുടെ സംസ്ഥാനത്തിന്റെ മാത്രമല്ല രാജ്യത്തിന്റെതന്നെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമായി വിഴിഞ്ഞം തുറമുഖം വരാൻ പോകുകയാണ്. ലോകത്തെതന്നെ അപൂർവ്വ വൻതുറമുഖങ്ങളിലൊന്നായി മാറുന്നതാണ്. അതിന് 7700 കോടി രൂപയാണ് ആകെ മുതൽമുടക്ക്. അതിൽ 4600 കോടി രൂപ സംസ്ഥാന സർക്കാരും 818 കോടി രൂപ കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നത്. അത് യാഥാർത്ഥ്യമാകുമെന്ന കാര്യത്തിൽ ഇപ്പോൾ ആർക്കും സംശയമില്ലാത്ത അവസ്ഥയിലെത്തി നിൽക്കുകയാണ്. ദേശീയപാതാ വികസനത്തിനായി 25 ശതമാനം ചെലവഴിച്ചു. അതിന് 5580

കോടി രൂപയാണ് നമ്മുടെ സംസ്ഥാനം നൽകേണ്ടിവന്നത്. ആ പണി നല്ല രീതിയിൽ മുന്നോട്ടു പോകുന്നതല്ലേ നമ്മുടെ അനുഭവത്തിൽ കാണാൻ കഴിയുന്നത്. ഇപ്രകാരം ഓരോ മേഖലയും നല്ല നിലയിൽ മുന്നോട്ടുപോകുന്നുവെന്നത് നമ്മുടെ അനുഭവത്തിലുള്ള കാര്യമാണ്.

2012-ലാണ് സംയുക്ത സംരംഭമായി ഗെയിൽ വാതക പൈപ്പ് ലൈനിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ഇതിൽ 510 കിലോമീറ്ററാണുള്ളത്. ഇവിടെ ഓർക്കേണ്ട കാര്യം, യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷംകൊണ്ട് പൂർത്തിയാക്കിയത് 39 കിലോമീറ്റർ ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതിന് ജീവൻ വച്ചു. ഗെയിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടവർ നാടുവിട്ട് പോയതായിരുന്നു; അവരെല്ലാം തിരിച്ചുവന്നു. മൊത്തം ചെലവ് 5750 കോടി രൂപയാണ്. ആ പദ്ധതി ഇപ്പോൾ പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞു. ഗാർഹിക ആവശ്യങ്ങൾക്ക്, വാഹനങ്ങൾക്ക്, വ്യവസായശാലകൾക്ക് എന്നിവയ്ക്കെല്ലാം ചെലവ് കുറഞ്ഞതും സുരക്ഷിതവും അന്തരീക്ഷ മലിനീകരണം കുറഞ്ഞതുമായ ഇന്ധനം ലഭ്യമാക്കാൻ ഇതിലൂടെ കഴിയുന്നതാണ്. എൽ.പി.ജി.-യേക്കാൾ 30 ശതമാനം വിലക്കുറവായ പ്രകൃതിവാതകമാണ് സിറ്റി ഗ്യാസ് പദ്ധതി പ്രകാരം വീടുകളിൽ പൈപ്പ് ലൈൻ വഴി എത്തിക്കാൻ കഴിയുന്നത്. ഇതൊക്കെ ഒരു സമീപനത്തിന്റെ പ്രശ്നമാണ്. ഓർത്തുപോകാൻ വേണ്ടി മാത്രം ഞാൻ പറയുകയാണ്. 2005-ലാണ് ഇടമൺ-കൊച്ചി പവർ ഹൈവേ പ്രവർത്തനം ആരംഭിച്ചത്. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പദ്ധതിയുടെ ചുമതലയുണ്ടായിരുന്ന പവർഗ്രിഡ് കോർപ്പറേഷൻ അത് ഉപേക്ഷിച്ചുപോയിരുന്നു. ആ പവർ ഗ്രിഡ് കോർപ്പറേഷനെ തിരിച്ചുവിളിച്ച് 1300 കോടി രൂപ ചെലവും 50 കോടിയോളം രൂപ നഷ്ടപരിഹാരവും നൽകി. ടി പദ്ധതിക്ക് 130 കോടി രൂപയോളം കെ.എസ്.ഇ.ബി.-യും 130 കോടി രൂപ സംസ്ഥാന സർക്കാരുമാണ് ചെലവഴിച്ചത്. പവർ ഗ്രിഡ് ഹൈവെയുടെ ആകെ ദൂരം 148.3 കിലോമീറ്ററാണ്. എൽ.ഡി.എഫ്. സർക്കാരാണ് അതിൽ 138.8 കിലോമീറ്ററും പൂർത്തിയാക്കിയത്. ആകെ സ്ഥാപിക്കേണ്ടിയിരുന്ന447 ടവറുകളിൽ 351 എണ്ണം പൂർത്തിയാക്കിയതും എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. പവർ ഹൈവെ ഇവിടെ വരില്ലെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അത് വന്നതുകൊണ്ട് വൈദ്യുതി നല്ല രീതിയിൽ പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലെ വിവാദമായ കാര്യമല്ലെങ്കിലും പുതുവൈപ്പിനിലെ എൽ.പി.ജി. ടെർമിനൽ വലിയ പ്രതിഷേധംമൂലം മുടങ്ങിക്കിടക്കുകയായിരുന്നു. 2016-ലും പ്രതിഷേധമുണ്ടായെങ്കിലും അവിടത്തെ ജനങ്ങളുമായി സംസാരിച്ച് ടി പദ്ധതിയുടെ ആവശ്യകത അവരെ ബോധ്യപ്പെടുത്തി 2023 സെപ്റ്റംബറിൽ ഗ്യാസ് സംഭരണം ആരംഭിച്ചു. എൽ.പി.ജി. നിറച്ച ആദ്യ കപ്പൽ 2023 ഒക്ടോബറിലാണ് വന്നത്. 1236 കോടി രൂപയാണ് പദ്ധതിക്കായി ആകെ ചെലവായത്. ഇത്തരം കാര്യങ്ങൾ സംസ്ഥാന താൽപ്പര്യംകൂടി കണക്കിലെടുത്താണ് പൂർത്തിയാക്കാൻ ശ്രമിച്ചത്.

കൊച്ചി വാട്ടർ മെട്രോ പദ്ധതി രാജ്യത്തുതന്നെ പുതുമയുള്ളതാണ്. നമ്മുടെ സംസ്ഥാനത്തിന്റേതായ ഒരു പദ്ധതിയാണിത്. കൊച്ചിയുടെ ഗതാഗത മേഖലയ്ക്കും മൊത്തം വിനോദസഞ്ചാരത്തിനും വലിയ കുതിപ്പേകുന്ന പദ്ധതിയാണിത്. 1136 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്. ഇവിടെ പരാമർശിച്ച തീരദേശ ഹൈവേയുടെയും മലയോര ഹൈവേയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കലിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ എന്ന സ്ഥാപനം കോഴിക്കോട് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിൽ സ്ഥാപിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം എന്ന കേന്ദ്രത്തിലൂടെ ആരോഗ്യ രംഗത്തെ പുതിയ സാധ്യതകൾ കണ്ടെത്താൻ സാധിക്കുന്നതാണ്.

ന്യൂട്രാസ്യൂട്ടിക്കൽസ് മികവിന്റെ ഒരു പ്രധാനപ്പെട്ട കേന്ദ്രമാണ്. അതിന്റെയും ആദ്യഘട്ട ഫണ്ട് അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ലോകത്തിലെതന്നെ പ്രധാനപ്പെട്ട ഒരു ഇൻസ്റ്റിറ്റിയൂഷനായി വളരാൻ സാധ്യതയുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനം അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നാടായതിനാൽ കേരളത്തിലെ നഗരങ്ങളുടെ പുനരുജ്ജീവനത്തിനും സൗന്ദര്യവൽക്കരണത്തിനുമായി 300 കോടി രൂപയുടെ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്.

സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷൻ 1,600/ രൂപ വീതമാണ് മാസംതോറും നൽകിക്കൊണ്ടിരിക്കുന്നത്. 2011-16 കാലയളവിൽ സംസ്ഥാനത്ത് വിവിധതരം പെൻഷനുകൾ കുടിശ്ശികയായിരുന്നുവെന്ന യാഥാർത്ഥ്യം നേരത്തെതന്നെ ഇവിടെ വ്യക്തമാക്കിയതാണ്. അന്ന് 34 ലക്ഷത്തോളം ആളുകൾക്ക് 600/ രൂപ നിരക്കിലായിരുന്നു സാമൂഹ്യക്ഷേമ പെൻഷനുണ്ടായിരുന്നത്. അതിനുമുമ്പുള്ളത് അതിലും കുറവും വിവിധ നിരക്കുകളിലുമായിരുന്നു. ക്ഷേമ പെൻഷനുകൾക്കായി യു.ഡി.എഫ്. സർക്കാർ അഞ്ച് വർഷംകൊണ്ട് ചെലവഴിച്ചത് 9000 കോടി രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ ഏഴരവർഷം കൊണ്ട് എൽ.ഡി.എഫ്. സർക്കാർ 57000 കോടി രൂപയാണ് ചെലവഴിച്ചത്. 10000 കോടി രൂപയോളം ഓരോ വർഷവും ഇതിനായി സംസ്ഥാന സർക്കാർ ചെലവഴിക്കുകയാണ്. സംസ്ഥാനത്തെ ആകെ പെൻഷൻകാരിൽ ഒരു ചെറിയ വിഭാഗത്തിനുമാത്രമാണ് കേന്ദ്ര സർക്കാരിന്റെ 600 കോടി രൂപയോളം സഹായം ലഭിക്കുന്നത്. അതായത് ഒരു വർഷം ആകെ വിതരണം ചെയ്യുന്ന പെൻഷന്റെ ആറ് ശതമാനം തുകപോലും കേന്ദ്ര സർക്കാർ നൽകുന്നില്ല. ഇതാണ് ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തം.

'ലൈഫ് ഭവന പദ്ധതി'യുടെ ഭാഗമായി നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. 31-12-2023 വരെ ആകെ 3,67,867 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ കാര്യത്തിൽ നല്ല പുരോഗതിയാർജ്ജിക്കാൻ സാധിച്ചിട്ടുണ്ട്. തുടർന്നും അതേരീതിയിൽത്തന്നെ മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇവിടെ നമ്മൾ ഓർക്കേണ്ട കാര്യം, ലൈഫ് പദ്ധതിയോട് എന്തിനാണ് ഇത്ര വിരോധപരമായ സമീപനമെന്നുള്ളതാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ ഒരു പ്രമുഖനായ യു.ഡി. എഫ്. നേതാവ് പറഞ്ഞത് ഞങ്ങൾ അധികാരത്തിൽവന്നാൽ ലൈഫ് പദ്ധതി നിർത്തലാക്കുമെന്നാണ്. അത്തരമൊരു വിരോധം പാവപ്പെട്ട ജനങ്ങളോട് സ്വീകരിക്കേണ്ട കാര്യമുണ്ടോ? കേന്ദ്ര സർക്കാർ ഇവിടെ ധനഞെരുക്കം സൃഷ്ടിക്കുന്നുണ്ടെങ്കിലും ഇത്തരം പദ്ധതികളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്.

പുനർഗേഹം പദ്ധതിയുടെ ഭാഗമായി നല്ലനിലയിൽത്തന്നെ കാര്യങ്ങൾ നിർവ്വഹിച്ചുപോകുകയാണ്. വേലിയേറ്റ മേഖലയിൽ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റി പാർപ്പിച്ചുകൊണ്ടുള്ള അഭിമാനാർഹമായ സംരംഭം എന്ന നിലയ്ക്കാണ് പുനർഗേഹം പദ്ധതി സർക്കാർ വിഭാവന ചെയ്തിട്ടുള്ളത്. നാലായിരത്താളം വീടുകൾ ഇപ്പോൾ പൂർത്തിയാക്കിക്കഴിഞ്ഞുവെന്ന് നേരത്തെ ഒരു പ്രതിപക്ഷ അംഗംതന്നെ ഇവിടെ പറയുകയുണ്ടായി. ഞാൻ അതിന്റെ മറ്റ് കണക്കുകളിലേയ്ക്ക് കടക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. അതിൽ പുരോഗതിയുണ്ടെന്നാണ് അദ്ദേഹം സമ്മതിച്ചിരിക്കുന്നത്. സർക്കാർ അത് കൂടുതൽ വേഗതയിൽ നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

പട്ടയ രംഗത്ത് നല്ല ഇടപെടലുകളാണ് എൽ.ഡി.എഫ്. സർക്കാർ നടത്തിയിരിക്കുന്നത്. 2016 മുതൽ മൂന്ന് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ രണ്ടരവർഷം കൊണ്ട് 121604 പട്ടയങ്ങൾ വിതരണം ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം 2345 കുടുംബങ്ങൾക്ക് 3148 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ ലഭ്യമാക്കുകയും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 218 കുടുംബങ്ങൾക്ക് 42 ഏക്കർ ഭൂമി

വാങ്ങി നൽകുകയും 117 കടുംബങ്ങൾക്കായി 52 ഏക്കർ നിക്ഷിപ്ത വനഭൂമിയുടെ അവകാശ രേഖ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2697 കുടുംബങ്ങൾക്കായി 3248 ഏക്കർ ഭൂമിയാണ് ഈ സർക്കാരിന്റെ കാലയളവിൽ മാത്രം നൽകിയത്. 288 കുടുംബങ്ങൾക്ക് വീട് അനുവദിക്കുകയും മുൻകാലങ്ങളിൽ നിർമ്മാണം ആരംഭിച്ച 739 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾത്തന്നെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുകയെന്നത് പ്രത്യേക അജണ്ടയായി കണ്ടതിന്റെഭാഗമായി വനാവകാശ നിയമ പ്രകാരം 1564 കുടുംബങ്ങൾക്ക് 2063 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ ലഭ്യമാക്കിയിട്ടുണ്ട്. 186 കുടുംബങ്ങൾക്ക് 27 ഏക്കർ റവന്യൂ ഭൂമിയുടെ പട്ടയവും 2708 കുടുംബങ്ങൾക്ക് 1862 ഏക്കർ നിക്ഷിപ്ത വനഭൂമിക്കുമേലുള്ള അവകാശവും ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല, ലാൻഡ് പർച്ചേസ് മുഖേന 274 കുടുംബങ്ങൾക്കായി 150 ഏക്കർ ഭൂമി ലഭ്യമാക്കുകയും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 108 കുടുംബങ്ങൾക്കായി 16 ഏക്കർ ഭൂമി വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. പ്രളയബാധിതരായ 171 കുടുംബങ്ങളെ 20 ഏക്കർ ഭൂമി വാങ്ങിയാണ് പുനരധിവസിപ്പിച്ചത്. 1518 കുടുംബങ്ങൾക്കാണ് വീട് അനുവദിച്ചത്.

കേരളത്തിൽ വ്യാവസായിക രംഗത്ത് വലിയ തോതിലുള്ള മുന്നേറ്റമാണുണ്ടാകുന്നത്. നാടിന്റെ പൊതുവായ വികസനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഒരു വർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയിൽ 139000-ത്തോളം സംരംഭങ്ങളാണ് ഒരു വർഷംകൊണ്ട് ആരംഭിച്ചത്. മൂന്ന് ലക്ഷത്തോളം തൊഴിലവസരങ്ങൾ അതിന്റെ ഭാഗമായി സൃഷ്ടിക്കാനും 8500 കോടിയോളം രൂപയുടെ നിക്ഷേപമുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. അതിൽനിന്നുള്ള ഊർജ്ജം ഉൾക്കൊണ്ടുകൊണ്ടാണ് ഇപ്പോൾ 'സംരംഭക വർഷം 2.0' എന്ന പദ്ധതി നടപ്പാക്കുന്നത്. അതിൽ തെരഞ്ഞെടുത്ത 1000 സംരംഭങ്ങളെ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള യൂണിറ്റുകളായി നാല് വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ടുവരുന്ന 'മിഷൻ 1000' പദ്ധതിക്കാണ് തുടക്കംകുറിച്ചിരിക്കുന്നത്. ഇതിനായി ഒരു പ്രത്യേക സ്കെയിൽ ഓഫ് മിഷൻ രൂപീകരിക്കുന്നുണ്ട്. കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ള എം.എസ്.എം.ഇ.-കൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. വിവിധ തലങ്ങളിലുള്ള സ്കോറുകളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ഇത് നിശ്ചയമായും സംരംഭകർക്ക് കൂടുതൽ ആത്മവിശ്വാസം പകരുകയും വ്യാവസായിക രംഗത്ത് ഒരു പുത്തനുണർവ് നൽകുകയും ചെയ്യും.

നേരത്തേയുണ്ടായിരുന്നതും നിലവിലുള്ളതുമായ വികസന പുരോഗതിയെ താരതമ്യം ചെയ്യാൻ ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല. 2016-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വ്യാവസായിക വളർച്ച 12 ശതമാനമായിരുന്നു; ഇപ്പോഴത് 17 ശതമാനമായി. 2016-ൽ മാനുഫാക്ചറിംഗ് സെക്ടറിന്റെ സംഭാവന 9.8% ആയിരുന്നു; നിലവിൽ അത് 14% ആയി. യു.ഡി.എഫ്.-ന്റെ കാലത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണം 82000 ആയിരുന്നു; നിലവിൽ അത് 139000 ആണ്. യു.ഡി.എഫ്. ഭരണകാലത്ത് 10177 തൊഴിൽ സംരംഭങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് എൽ.ഡി.എഫ്. ഭരണകാലത്ത് 30176 ആയി ഉയർന്നിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ യു.ഡി.എഫ്. ഭരണകാലത്ത് 8 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിലുണ്ടായിരുന്നത്. എന്നാൽ നിലവിൽ അത് 17 ആയി ഉയർന്നിട്ടുണ്ട്.

ഐ.ടി രംഗത്ത് സമാനതകളില്ലാത്ത മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. ആ മുന്നേറ്റത്തിന്റെ രീതി എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കാൻ ചില വർഷങ്ങൾ ഇവിടെ താരതമ്യം ചെയ്യുകയാണ്. 2016-ലാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുന്നത്. ആ ഘട്ടത്തിൽ ഐ.ടി പാർക്കുകൾ വഴിയുള്ള കയറ്റുമതി 9753 കോടി രൂപയുടേതായിരുന്നു. അത് 2022-

ൽ 17536 കോടി രൂപയായി വർദ്ധിച്ചു. ആറ് വർഷംകൊണ്ട് ഏകദേശം ഇരട്ടിയോളം വർദ്ധനവുണ്ടാക്കാൻ സാധിച്ചു. 2011-16 കാലയളവിൽ ആകെ 34123 കോടി രൂപയുടെ ഐ.ടി. കയറ്റുമതിയുണ്ടായി. കഴിഞ്ഞ 7 വർഷം കൊണ്ട് ഐ.ടി. മേഖലയിൽ 85540 കോടി രൂപയുടെ കയറ്റുമതിയാണ് നടന്നത്. സർക്കാർ ഐ.ടി. പാർക്കുകളിലെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ അവിടത്തെ കമ്പനികളുടെ എണ്ണം 2016-ൽ 640 ആയിരുന്നു. 2022-ൽ അത് 1106 ആയി ഉയർന്നിട്ടുണ്ട്. ജീവനക്കാരുടെ എണ്ണം 2016-ൽ 78068 ആണെങ്കിൽ ഇന്ന് 135288 ആണ്. നേരത്തേ ഐ.ടി. മേഖലയിൽ 26000 തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചതെങ്കിൽ കഴിഞ്ഞ 7 വർഷംകൊണ്ട് 62000 പുതിയ തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചത്. 45 ലക്ഷം ചതുരശ്രഅടി ഐ.ടി. സ്പേസ് ഉണ്ടായിരുന്നത് ഇക്കഴിഞ്ഞ 7 വർഷംകൊണ്ട് 75 ലക്ഷം ചതുരശ്രഅടിയാക്കാൻ സാധിച്ചു. ഇക്കാര്യങ്ങൾ കൊണ്ടുതന്നെ ഇന്ന് നമ്മുടെ സംസ്ഥാനം പ്രത്യേകമായി ശ്രദ്ധിക്കപ്പെടുന്ന ഒരിടമാണ്.

Global Spices Processing ഹബ്ബായി കേരളം നിലനിൽക്കുകയാണ്. ലോകത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ആകെ നല്ലെണ്ണ (oleoresin)യുടെ 40 മുതൽ 50 ശതമാനം വരെ കേരളത്തിലാണ് ഉല്പാദിപ്പിക്കുന്നത്. സീ-ഫുഡ് പ്രോസസ്സിംഗ് നടത്തുന്ന 75 ശതമാനം കമ്പനികൾക്കും EU സർട്ടിഫിക്കേഷനുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകതകളും നേട്ടങ്ങളും സൂചിപ്പിക്കുമ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന ചില കമ്പനികളെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. ലോകത്ത് ഏറ്റവുമധികം കൃത്രിമ പല്ലുകൾ നിർമ്മിക്കുന്ന കമ്പനിയും ഏഷ്യയിലെ ബ്ലഡ് ബാഗ് നിർമ്മാണ മേഖലയിലെ ഏറ്റവും വലിയ കമ്പനിയും ഏറ്റവും വലിയ മെഡിക്കൽ എക്യുപ്മെന്റ് ഉൽപ്പാദന കമ്പനിയും നമ്മുടെ സംസ്ഥാനത്താണുള്ളത്. ഇതെല്ലാം ലോകത്തിലെതന്നെ ഏറ്റവും വലിയ കമ്പനികളാണ്. അത്തരം നല്ല നിലവാരത്തിലുള്ള കമ്പനികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് Airbus, Nissan, Tech Mahindra, Taurus എന്നിങ്ങനെയുള്ള ലോകോത്തര കമ്പനികളുടെ ബ്രാഞ്ചുകൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരം ടെക്നോപാർക്കിൽ Taurus-downtown പ്രവർത്തനം ആരംഭിച്ചിട്ട് കുറച്ചുനാളുകളേ ആയിട്ടുള്ളൂ. ഈ കാലഘട്ടങ്ങളിൽ പലവിധ സ്ഥാപിത താൽപ്പര്യക്കാർ സൃഷ്ടിച്ച ഒരുപാട് കടമ്പകൾ മറികടന്നാണ് ഈ പദ്ധതികളെല്ലാം യാഥാർത്ഥ്യമാക്കിയത്. കേരളം വ്യവസായങ്ങൾക്ക് അനുകൂലമല്ല, കേരളത്തിൽ വ്യവസായങ്ങൾ വളരുന്നില്ല എന്നിങ്ങനെയുള്ള തെറ്റായ ചിത്രങ്ങൾ പ്രചരിപ്പിക്കാൻ ചിലർ ശ്രമിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് വളരെ മികച്ച രീതിയിൽത്തന്നെ നമ്മുടെ വ്യവസായ മേഖല അഭിവൃദ്ധിപ്പെടുന്നു എന്നുള്ളതുതന്നെയാണ്.

വളരെ നല്ല രീതിയിൽ വിജയിച്ച മറ്റൊരു പദ്ധതിയാണ് K-FON (Kerala Fiber Optic Network). പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള ഒരു വർഷത്തെ പരിപാലന ചെലവ് 104 കോടി രൂപയാണ്. പരിപാലന ചെലവുൾപ്പെടെ 1028.20 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. തുടർന്ന് KSITIL (Kerala State Information Technology Infrastructure Limited) ആവശ്യപ്പെട്ടതുപ്രകാരം എക്സ്പേർട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയാണ് ടി പദ്ധതിയുടെ നടത്തിപ്പും പരിപാലനവും ഒരു വർഷം എന്നുള്ളത് ഏഴ് വർഷമാക്കാൻ തീരുമാനിച്ചത്. പ്രസ്തുത പദ്ധതി നടത്തിപ്പ് ഹ്രസ്വകാലംകൊണ്ട് പൂർത്തിയാകുന്നതല്ലെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് ഏഴ് വർഷത്തെ പരിപാലന നടത്തിപ്പും പരിപാലന ചെലവും ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചത്. BEL (Bharat Electronics Limited) ടെണ്ടർ ക്വാട്ട് ചെയ്തു, ടെണ്ടർ തുക 1548.68 കോടി രൂപയാണ്. അങ്ങനെവരുമ്പോൾ എസ്റ്റിമേറ്റ് അനുസരിച്ച് 728 കോടി രൂപയാണ് ഏഴ് വർഷത്തെ പരിപാലന ചെലവിനായി വേണ്ടിവരുന്നത്. പക്ഷെ BEL എന്ന കമ്പനി ഈയിനത്തിൽ 363 കോടി രൂപയാണ് ക്വാട്ട് ചെയ്തത്. പ്രസ്തുത കമ്പനിയുമായി നെഗോഷിയേറ്റ് ചെയ്ത് വീണ്ടും 17 കോടി രൂപ

കുറച്ചു. അങ്ങനെയാണ് ടെണ്ടർ നടപടികൾ അന്തിമമാക്കിയത്. ജി.എസ്.ടി. ഒഴികെ 1531.68 കോടി രൂപയ്ക്കാണ് പുതുക്കിയ ഭരണാനുമതി നൽകിയത്. ഇക്കാര്യത്തിൽ ടെണ്ടർ എക്സസ് ഉണ്ടായിട്ടില്ല. ഏഴ് വർഷത്തെ പരിപാലന ചെലവിനുപകരം ഒരു വർഷത്തെ പരിപാലന ചെലവിന്റെ കണക്ക് സൂചിപ്പിച്ചാണ് 500 കോടി രൂപ അധികചെലവ് എന്ന് തെറ്റിദ്ധരിപ്പിക്കുന്ന അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത്. K-FON-ന്റെ അനുഭവമെടുത്താൽ ഇതുവരെ 20398 സർക്കാർ സ്ഥാപനങ്ങളിലും 5497 ബി.പി.എൽ. കുടുംബങ്ങൾക്കും ഇന്റർനെറ്റ് കണക്ഷനും 2162 വാണിജ്യ കണക്ഷനും നൽകിയിട്ടുണ്ട്. K-FON പദ്ധതി മികച്ച രീതിയിൽ മുന്നോട്ടുപോകുന്നുവെന്ന് ഇതിൽനിന്നും വ്യക്തമാണ്.

സ്റ്റാർട്ടപ്പ് രംഗത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2016-ൽ സംസ്ഥാനത്ത് 300 സ്റ്റാർട്ടപ്പുകളാണ് ഉണ്ടായിരുന്നത്. ഇന്ന് അത് 5000-ൽ അധികമാണ്. വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടിംഗിലൂടെ 5500 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാനും 50000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 778 സ്റ്റാർട്ടപ്പുകൾക്കായി 35 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സർവ്വകലാശാല വിദ്യാർത്ഥികളിൽനിന്നും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 466 ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളാണ് സ്ഥാപിച്ചത്. ദേശീയ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ ബെസ്റ്റ് പെർഫോർമർ പുരസ്കാരം നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. Startup Genome-ന്റെ ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം Affordable Talent Rating-ൽ കേരളം ഏഷ്യയിൽ ഒന്നാമതാണ്. ലോകത്തെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ്സ് ഇൻകുബേറ്ററായി UBI Global തെരഞ്ഞെടുത്തത് കേരളാ സ്റ്റാർട്ടപ്പ് മിഷനെയാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് നേരത്തെതന്നെ ഞാൻ സൂചിപ്പിക്കുകയുണ്ടായി. സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക് ഉന്നമനത്തിനുമായി കിഫ്ബിയിലൂടെ 700 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 750 കോടി രൂപയുടെ പദ്ധതികൾക്കുള്ള അംഗീകാരം അവസാന ഘട്ടത്തിലാണ്. കഴിഞ്ഞ 7 വർഷംകൊണ്ട് 6000 കോടി രൂപയിൽ അധികമാണ് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി മാറ്റിവച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4149 സീറ്റുകളാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതുതായി അനുവദിക്കപ്പെട്ടത്. 6 സ്വകാര്യ കോളേജുകളും പുതിയതായി ഒരു എയ്ഡഡ് കോളേജും അനുവദിച്ചു. 131 ബിരുദ പ്രോഗ്രാമുകൾക്ക് അനുമതി നൽകി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 612 കോടി രൂപയാണ് അനുവദിച്ചത്. ഉന്നത വിദ്യാഭ്യാസ രംഗത്തിന് സംസ്ഥാന ബഡ്ജറ്റിലുള്ള അടങ്കൽ തുക കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 20 ശതമാനം വർദ്ധിപ്പിച്ചു.

രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA) പദ്ധതി പ്രകാരം 153 നിർമ്മാണ പ്രവർത്തനങ്ങൾക്കായി 565 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയ അടിസ്ഥാനത്തിൽ RUSA ഫണ്ടിംഗിന് അർഹത നേടിയ ഏറ്റവും കൂടുതൽ കോളേജുകളുള്ളത് കേരളത്തിലാണ്. National Assessment and Accreditation Council (NAAC)-ൽ കേരള സർവ്വകലാശാല 'എ പ്ലസ് പ്ലസ്' നേടിയ കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരുകാര്യം, രാജ്യത്ത് ആകെ ആറ് സർവ്വകലാശാലകൾക്കാണ് ഈ നേട്ടം കൈവരിക്കാനായത്. ആ ആറിൽ ഒന്ന് കേരള സർവ്വകലാശാലയാണ്. കോഴിക്കോട് സർവ്വകലാശാലയും കൊച്ചി സർവ്വകലാശാലയും സംസ്കൃത സർവ്വകലാശാലയും 'എ പ്ലസ്' ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്. പതിനാറ് കോളേജുകളാണ് കേരളത്തിൽനിന്നും 'എ പ്ലസ് പ്ലസ്' ഗ്രേഡ് സ്വന്തമാക്കിയത്. ഇരുപത്തി ആറ് കോളേജുകൾക്ക് 'എ പ്ലസ്' ഗ്രേഡുണ്ട്. അമ്പത്തിമൂന്ന് കോളേജുകൾക്ക് 'എ' ഗ്രേഡുണ്ട്. 'Times Higher Education World University Rankings'-ൽ 401-500 band-ൽ മഹാത്മാഗാന്ധി സർവ്വകലാ

ശാല ഇടം പിടിച്ചിട്ടുണ്ട്. നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖല എങ്ങനെയെല്ലാം പുരോഗതി പ്രാപിക്കുന്നുവെന്നാണ് ഇവയെല്ലാം കാണിക്കുന്നത്. ഇതൊരു യാദൃശ്ചിക സംഭവമായി കാണേണ്ട കാര്യമല്ല; ബോധപൂർവ്വമായ ഇടപെടലുകളുടെ ഭാഗമായി യൂണിവേഴ്സിറ്റികളും നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയാകെയും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി വന്നിട്ടുള്ള നേട്ടമാണ്. ആ നിലയ്ക്കുതന്നെ വിലയിരുത്താൻ നമുക്ക് സാധിക്കണം. അതുപോലെ ഗവേഷണ രംഗത്ത് ഗ്രാഫൈൻ അടിസ്ഥാനമാക്കിയുള്ള ഗവേഷണ കേന്ദ്രങ്ങൾ നമ്മൾ ആരംഭിച്ചു. ഇത് കേരളത്തിന്റെ ഭാവി വികസനത്തിന് വലിയ തരംഗമായിട്ടാണ് മാറാൻ പോകുന്നത്.

നമ്മുടെ കാർഷിക രംഗത്ത് ശ്രദ്ധിക്കേണ്ട ഒരു കാര്യം 2016-ലെ കാർഷിക വളർച്ചാ നിരക്കാണ്. 2011-2016 എന്ന് പറയുന്നത് പ്രത്യേകമായി എന്തെങ്കിലും ഒരു സാഹചര്യം നേരിടേണ്ടി വന്ന ഘട്ടമല്ല; അതും നമ്മൾ ഓർക്കണം. 2016-ന് ശേഷമുള്ള ഘട്ടമെന്ന് പറയുന്നത് നൂറ്റാണ്ടിലെ മഹാപ്രളയവും അതിന്റെ തൊട്ടുപിന്നാലെ വന്ന അതിരൂക്ഷമായ കാലവർഷക്കെടുതിയും പിന്നെ ലോകമാകെയുണ്ടായ മഹാമാരിയുമാണ്. 2016-ലെ കാർഷിക വളർച്ച നിരക്ക് രണ്ട് ശതമാനമായിരുന്നു. എന്നാൽ ഇപ്പോൾ അത് 4.64 ശതമാനമായി ഉയർന്നു.

യു.ഡി.എഫ്.-ന്റെ കാലത്ത് 2016-ൽ നെൽക്കൃഷി ചെയ്തത് 170000 (ഒരു ലക്ഷത്തി എഴുപതിനായിരം) ഹെക്ടറിലായിരുന്നു. എന്നാൽ ഇന്ന് 223000 (രണ്ടുലക്ഷത്തി ഇരുപത്തിമൂവായിരം) ഹെക്ടറിലാണ് നെൽക്കൃഷി ചെയ്യുന്നത്. കഴിഞ്ഞ രണ്ടുവർഷം കൊണ്ടുമാത്രം 8268 (എണ്ണായിരത്തി ഇരുനൂറ്റി അറുപത്തിയെട്ട്) ഹെക്ടറിൽ നെൽക്കൃഷി പുതുതായി ആരംഭിച്ചു. ഇപ്പോൾ നെല്ലിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 4.56 ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽവയൽ ഉടമകൾക്ക് ഓരോ ഹെക്ടറിനും മൂവായിരം രൂപ വീതം റോയൽറ്റി ലഭ്യമാക്കിയിട്ടുണ്ട്. 14498 ഹെക്ടർ നെൽവയലുകൾക്കാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റോയൽറ്റി ലഭ്യമാക്കിയത്. 2022-2023 സംഭരണ വർഷത്തിൽ 731183മെട്രിക് ടൺ നെല്ലാണ് സംഭരിച്ചത്. സംഭരണ വിലയായി 2061.90 കോടി രൂപയാണ് കർഷകർക്ക് നൽകിയത്. 306533 നെൽ കർഷകർക്കാണ് ഇത് പ്രയോജനപ്പെട്ടത്.

ഇതോടൊപ്പംതന്നെ കാണേണ്ടതാണ് പച്ചക്കറി ഉൽപ്പാദന രംഗത്തുണ്ടായ മാറ്റം. 2016-ൽ ആറ് ലക്ഷം മെട്രിക് ടണ്ണായിരുന്നു പച്ചക്കറി ഉൽപ്പാദനം. എന്നാൽ എൽ.ഡി.എഫ്.-ന്റെ കാലമായപ്പോൾ 2022-ൽ അത് പതിനഞ്ച് ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. പച്ചക്കറി കൃഷിയുടെ വിസ്തൃതി നേരത്തെ 60000 ഹെക്ടർ ആയിരുന്നത് ഇപ്പോൾ 120000 ഹെക്ടർ ആണ്. പച്ചക്കറികൾക്ക് തറവില പ്രഖ്യാപിച്ച ഏക സംസ്ഥാനം നമ്മുടെതാണ്. 16 പഴം-പച്ചക്കറി ഇനങ്ങൾക്കാണ് തറവില പ്രഖ്യാപിച്ചത്. അതിനുപുറമെ 27 ഇനം വിളകൾക്ക് കുറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തു.

സംസ്ഥാനത്ത് ക്ഷീരമേഖല യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് (20112016) ഇരുപത്താറായിരത്തി ഒരുനൂറ്റി എൺപത് ലക്ഷത്തി നാൽപ്പത്തിരണ്ടായിരം ലിറ്റർ പാലായിരുന്നു ഉൽപാദിപ്പിച്ചിരുന്നത്.

2016-2021 ആയപ്പോൾ മുപ്പത്തൊന്നായിരത്തി നാനൂറ്റി ഇരുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തെട്ടായിരം ലിറ്റർ പാലായി വർദ്ധിച്ചു. നേരത്തെ നാല് ലക്ഷം ലിറ്റർ പാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്തിരുന്നു. ഇപ്പോൾ നാല് ലക്ഷം ലിറ്റർ വേണ്ടി വരുന്നില്ലെങ്കിലും ഒന്നരലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്യേണ്ടിവരുന്നുണ്ട്. അതും നമുക്ക് പരിഹരിക്കാവുന്നതേയുള്ളൂ. ആ രംഗത്ത് സ്വയംപര്യാപ്തതയിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.

നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽനിന്നും 34 രൂപയായി വർദ്ധിപ്പിച്ചു. നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള 'കേര ഗ്രാമം പദ്ധതി' കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 98 കേരഗ്രാമങ്ങൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. 1264000 തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുമുണ്ട്. റബ്ബർ മേഖലയെക്കുറിച്ച് രാവിലെ

വിശദമായി ചർച്ച ചെയ്തതുകൊണ്ട് വീണ്ടും വിശദീകരിക്കുന്നില്ല. അത് നല്ല രീതിയിൽ സർക്കാർ ശ്രദ്ധിച്ച് പോകുന്നുണ്ട്. റബ്ബർ പ്രോഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170 രൂപയിൽനിന്നും 250 രൂപയായി ഉയർത്താനുള്ള ധനസഹായം ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ സഹകരണ ഇടപെടലിനായി ആവിഷ്കരിച്ച Co-operative Initiatives in Technology Driven Agriculture (CITA) എന്ന പദ്ധതിക്ക് 23 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പത്തോളം സഹകരണ സംഘങ്ങൾ കാർഷിക വിപണന മേഖലയിലേയ്ക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് 35 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. പച്ചക്കറികളിലും മത്സ്യ-മാംസാദികളിലുമുള്ള വിഷാംശം കണ്ടെത്തുന്നതിനായി traceability പദ്ധതി തയാറാക്കിവരികയാണ്. ഇതിന്റെ ഭാഗമായി രണ്ട് Pesticide Residue Testing Laboratory-കൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവകൃഷി വ്യാപനം, മൂല്യവർദ്ധനവ്, ഓർഗാനിക് ബ്രാൻഡിംഗ് ഇവയെല്ലാം ഉൾപ്പെടുത്തിയുള്ള ജൈവകൃഷി മിഷൻ രൂപീകരണം അന്തിമഘട്ടത്തിലാണ്. ഭൗമസൂചിക പദവി ലഭിച്ച കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഓൺലൈൻ വിപണി കണ്ടെത്തുന്നതിനുമായി ഉൽപ്പന്നങ്ങളുടെ സമഗ്ര വിവരങ്ങളടങ്ങിയ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് 35 ഭൗമസൂചിക ഉൽപ്പന്നങ്ങളാണ് കേരളത്തിലുള്ളത്.

രാജ്യത്ത് വിവിധ സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുന്ന സാഹചര്യമാണുള്ളത്. കേരളത്തിൽ അതിന് അവസാനം കുറിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സേവനങ്ങളും വാതിൽപ്പടി സേവനങ്ങളുമെല്ലാം യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്. 900-ൽ അധികം സേവനങ്ങളാണ് ജനങ്ങൾക്ക് ഇപ്പോൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന കെ-സ്മാർട്ട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

വികസനവും ക്ഷേമവും എന്നതുപോലെതന്നെ സേവനങ്ങളും ജനങ്ങളുടെ അവകാശമാണെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. അവ എല്ലാവർക്കും പ്രാപ്യമാകുന്നു എന്ന് ഉറപ്പുവരുത്താനാണ് ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചത്. ഏറ്റവുമൊടുവിൽ പുറത്തുവന്ന കണക്കുകൾപ്രകാരം ലോകത്താകെ ഏറ്റവുമധികം internet shutdown-കൾ നടക്കുന്ന രാജ്യമാണ് ഇന്ത്യ. ഈ പശ്ചാത്തലത്തിലാണ് ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച എൽ.ഡി.എഫ്. സർക്കാരിന്റെ നടപടി കൂടുതൽ പ്രസക്തമാകുന്നത്. എല്ലാവർക്കും കുറഞ്ഞ ചെലവിലോ സൗജന്യമായോ ഇന്റർനെറ്റ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'കെ-ഫോൺ' പദ്ധതി നടപ്പാക്കിയത്. അതുവഴി ഡിജിറ്റൽ ഡിവൈഡില്ലാത്ത ഒരു സമൂഹം യാഥാർത്ഥ്യമാക്കുകയാണ്.

കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 10 ശതമാനത്തിലധികം വിനോദസഞ്ചാര മേഖലയുടെ സംഭാവനയാണ്. ഇത്ര പ്രധാനപ്പെട്ട ഒരു മേഖലയുടെ വളർച്ചയ്ക്കുവേണ്ട ഒരു നൂതന പദ്ധതിയും യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിരുന്നില്ല. 2016 മുതൽ എൽ.ഡി.എഫ് സർക്കാർ വിനോദസഞ്ചാരമേഖലയിൽ സവിശേഷമായാണ് ഇടപെടുന്നത്. വിനോദസഞ്ചാരമേഖലയിൽ കേരളത്തിൽനിന്ന് 2015-ൽ ലഭിച്ച 26,690 കോടി രൂപയെന്ന മൊത്തവരുമാനം 2019 ആയപ്പോൾ 45,000 കോടി രൂപയായി ഉയർന്നിട്ടുണ്ട്. അത് സർവ്വകാല റെക്കോർഡാണ്. ടൂറിസത്തിൽനിന്നുള്ള വിദേശനാണ്യ വരുമാനം ചരിത്രത്തിലാദ്യമായി 10,000 കോടി രൂപ കടക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലേയ്ക്കുള്ള വിദേശസഞ്ചാരികളുടെയും ആഭ്യന്തര സഞ്ചാരികളുടെയും കാര്യത്തിൽ 2015-നെ അപേക്ഷിച്ച് യഥാക്രമം 21.71 ശതമാനവും 47.48 ശതമാനവും വളർച്ചയാണ് 2019-ൽ ഉണ്ടായത്. 2020-ൽ കോവിഡ് പൊട്ടിപ്പുറപ്പെട്ടത്

ടൂറിസം മേഖലയ്ക്ക് വലിയ വെല്ലുവിളികളുയർത്തി. ഏതാണ്ട് രണ്ടുവർഷത്തോളം അതിന്റെ പ്രത്യാഘാതങ്ങൾ നിലനിന്നിരുന്നു. കോവിഡിനുശേഷമാണ് നമ്മുടെ വിനോദസഞ്ചാരമേഖല വീണ്ടും മടങ്ങിവരവിന്റെ പാതയിലെത്തിയത്. 2022 കലണ്ടർ വർഷത്തിൽ 35,168 കോടി രൂപയുടെ വരുമാനം വിനോദസഞ്ചാര മേഖലയിൽനിന്നും കേരളത്തിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തേയ്ക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 2023-ലെ ആദ്യ രണ്ടുപാദത്തിൽ റെക്കോർഡ് വർദ്ധനയുണ്ടായി. ആദ്യ ആറുമാസത്തിൽതന്നെ ഒരു കോടി ആറ് ലക്ഷത്തിലധികം ആഭ്യന്തര വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചു. 2022-ൽ ഇത് 80 ലക്ഷമായിരുന്നു. അതായത് 20 ശതമാനത്തിലധികം വർദ്ധനയുണ്ടായി. വിദേശ വിനോദസഞ്ചാരികളുടെ കാര്യത്തിലും വലിയതോതിലുള്ള വർദ്ധനയുണ്ടായി. 2023-ലെ ആദ്യ ആറ് മാസത്തിൽതന്നെ മൂന്ന് ലക്ഷത്തോളം വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് 171 ശതമാനം വർദ്ധനയാണ് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായിട്ടുള്ളത്. 'ടൈം മാഗസിൻ' പ്രസിദ്ധീകരിച്ച ലോകത്ത് കണ്ടിരിക്കേണ്ടതായ അൻപത് സ്ഥലങ്ങളുടെ വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി Travel + Leisure Magazine-ന്റെ വായനക്കാർ തെരഞ്ഞെടുത്തത് കേരളത്തെയാണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതിപ്രകാരം നടപ്പിലാക്കിയിട്ടുള്ള കേരളത്തിന്റെ 'STREET' ടൂറിസം പദ്ധതിക്ക് ലണ്ടനിൽ നടന്ന വേൾഡ് ടൂറിസം മാർക്കറ്റിൽ അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചു. കാരവൻ ടൂറിസവും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമൊരുക്കുന്ന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും അഗ്രി ടൂറിസം നെറ്റ്വർക്കുമൊക്കെ പുതിയ ആകർഷണകേന്ദ്രങ്ങളാകുകയാണ്.

ഇവിടെ ബഹുമാന്യരായ അംഗങ്ങൾ ഉന്നയിച്ച ചില പ്രശ്നങ്ങൾക്കുകൂടി മറുപടി പറയേണ്ടതുണ്ട്. കേന്ദ്രത്തിനെതിരെ സംസാരിക്കാൻ ഞങ്ങൾക്കെന്തോ ചെറിയ പ്രശ്നമെന്ന മട്ടിൽ ബഹുമാന്യനായ ഒരംഗം ഇവിടെ പറയുകയുണ്ടായി. കേന്ദ്രത്തിനെതിരെ സംസാരിക്കുമ്പോൾ ശ്രീ. എം. വിൻസെന്റിന്റെ പാർട്ടിക്ക് മുട്ട് വിറയ്ക്കുമായിരിക്കും. ആ കൂട്ടത്തിൽ ഞങ്ങളെ കൂട്ടേണ്ടതില്ല. കേന്ദ്രസർക്കാരിന്റെ ദ്രോഹ നടപടികൾക്കെതിരെ ഏറ്റവും ശക്തമായി ശബ്ദം ഉയർത്തുക മാത്രമല്ല, പ്രത്യക്ഷമായി സമരം നടത്താൻതന്നെ ഡൽഹിയിലേയ്ക്ക് പോകുകയാണ്. മലയാള മനോരമ ദിനപത്രം പറഞ്ഞത് ഞാൻ പറയണോ? ആ പത്രത്തിന് മനസ്സിലാകാതെ പറഞ്ഞതോ, അതോ മനസ്സിലായിട്ടും മറ്റൊരു രീതിയിൽ പറഞ്ഞതോ എന്നുള്ളതുസംബന്ധിച്ച് വേറെ ആലോചന നടത്തണം. പക്ഷേ പ്രതിപക്ഷത്തിന് എങ്ങനെയാണ് അങ്ങനെയൊരു സംശയം വരുന്നതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. സമരം കാണാത്തവരോ സമരം നടത്താത്തവരോ അല്ല നിങ്ങൾ, നിരവധി സമരങ്ങൾ നടത്തിയവരാണ്. ഒരു ഘടകകക്ഷി ഒരു സമരം നടത്തുമ്പോൾ ചിലപ്പോൾ ആ കക്ഷിയുടേതല്ലാത്ത യു.ഡി.എഫ്.-ലെ മറ്റൊരു ഘടകകക്ഷിയുടെ നേതാവ് പോയി അതിനെ അഡ്രസ് ചെയ്യാറില്ലേ? അത് സമ്മേളനമാണോ, സമരമല്ലേ; സമരം നിങ്ങളിൽ ചിലർ ഉദ്ഘാടനം ചെയ്യാറില്ലേ? അത് സമരംതന്നെയല്ലേ; സമ്മേളനമാണോ; സമ്മേളനം മാത്രമാണോ അഡ്രസ് ചെയ്യുന്നത്. ഇവിടെ ഉണ്ടായതെന്താണെന്ന് നിങ്ങൾക്കറിയാമല്ലോ; അത് നിങ്ങൾ ഏറ്റുപിടിക്കുന്നതെന്തിനാണ്? അവർ വിവരക്കേടുകൊണ്ട് പറഞ്ഞുപോയതായിരിക്കും. അതെന്തിനാണ് നിങ്ങളെപ്പോലുള്ളവർ ഏറ്റുപിടിക്കുന്നത്? നിങ്ങളിത് നടത്തിക്കൊണ്ടിരിക്കുന്നവരല്ലേ; ഒരു സമരം നടക്കുമ്പോൾ അവിടെവന്ന് അഡ്രസ് ചെയ്യണമെന്ന് ദേശീയതലത്തിലുള്ള നേതാക്കളോട് നമ്മൾ ആവശ്യപ്പെടുകയാണ്. ഇത് ഫെഡറൽ സ്ട്രക്ചറിനെ ബാധിക്കുന്ന കാര്യമല്ലേ; അതിൽ മുഖ്യമന്ത്രിമാർ, മുൻമുഖ്യമന്ത്രിമാർ, ദേശീയതലത്തിലെ നേതാക്കൾ ഒക്കെയുണ്ടാകും. അതിന്റെ ഭാഗമായിട്ടാണ് കോൺഗ്രസ് നേതാവായ ശ്രീ. മല്ലികാർജ്ജുൻ ഖാർഗെയ്ക്കടക്കം ഞങ്ങൾ കത്തയച്ചത്. അതുവന്ന് അഡ്രസ് ചെയ്യാനല്ലേ; സമ്മേളനം അഭിസംബോധന ചെയ്യാനാണോ; ഇതാണ് ഒരു പത്രം മാത്രം വായിച്ചാലുള്ള കുഴപ്പം. ഒന്നിലധികം പത്രം വായിക്കാൻ ശ്രദ്ധിക്കണം ഇല്ലെങ്കിൽ നിങ്ങൾക്ക് ഇങ്ങനെയുള്ള

അബദ്ധങ്ങൾ പറ്റും ഇക്കാര്യങ്ങൾ സംസാരത്തിനിടയിൽ വന്നുപോയതാണ് പ്രധാനമായും അതുപറയാനല്ല ഞാൻ ഉദ്ദേശിച്ചത്. ഈ സമരത്തിന് എൽ.ഡി.എഫ്. ഒറ്റയ്ക്ക് പോകണമെന്നല്ല ആഗ്രഹിച്ചത്. ഇക്കാര്യം ആദ്യം ചർച്ച ചെയ്തത് യു.ഡി.എഫ്.-ഉം ആയിട്ടാണ്. എൽ.ഡി.എഫ്.-നോട് ചർച്ച ചെയ്യുന്നതിനുമുമ്പ് യു.ഡി.എഫ്.-നോട് ചർച്ച ചെയ്തുവെന്ന് പറയുന്നതാണ് ശരി. അതിനുശേഷമാണ് എൽ.ഡി.എഫ്.-ഉം ആയി ചർച്ച ചെയ്തത്. ആ യോജിപ്പിന് അത്രമാത്രം പ്രാധാന്യമാണ് ഞങ്ങൾ കൊടുത്തത്. അതാണ് അക്കാര്യത്തിൽ ഞങ്ങൾ കാണിച്ച സമീപനം. പക്ഷേ യു.ഡി.എഫ്. അതിന് തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്? കേരളത്തിൽനിന്നും ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് ഡൽഹിയിൽ പോയി സമരം ചെയ്താൽ നിങ്ങൾക്ക് എന്ത് വിഷമമാണുണ്ടാകുന്നത്? തെരഞ്ഞെടുപ്പിന്റെ ഘട്ടം വരുമ്പോഴാണ് ഇത്തരത്തിലുള്ള യോജിപ്പെന്ന് നിങ്ങൾ പറയുന്നതുകേട്ടു. അത്തരമൊരു പ്രത്യേക സാഹചര്യം ഇപ്പോഴല്ലേ വന്നത്? നമ്മളെ ആകെ ശ്വാസം മുട്ടിക്കുകയല്ലേ; കേന്ദ്രഗവൺമെന്റ് നമ്മുടെ രാജ്യത്തുതന്നെ പുതിയ നിലപാടുകൾ സ്വീകരിച്ചതിന്റെ ഫലമായാണ് ഇത്തരമൊരു സാഹചര്യം വന്നത്. അതിനെതിരെ പോസിറ്റീവായി പ്രതികരിക്കുകയല്ലേ നിങ്ങൾ ചെയ്യേണ്ടത്? യഥാർത്ഥത്തിൽ നിങ്ങളുടെ തലയിൽ എന്താണുള്ളത്? ഞങ്ങൾ സംസ്ഥാനത്തിനെല്ലാം വാരിക്കോരി കൊടുത്തിരിക്കുകയാണെന്നാണ് കേന്ദ്രം പറയുന്നത്, അത് നിങ്ങൾ തലയിലേറ്റിയിരിക്കുകയാണ്. അതാണോ ശരിയായ സമീപനം; കേന്ദ്രഗവൺമെന്റിന്റെ ആ വാദം അംഗീകരിക്കുന്ന നിലപാടാണ് നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. കേന്ദ്രവിരുദ്ധ സമരത്തിന്റെ കാര്യത്തിൽ ശ്രീ. രാഹുൽ ഗാന്ധിയെ മാതൃകയായി എടുക്കണമെന്നും അദ്ദേഹത്തിന്റെ ഫോട്ടോ പോക്കറ്റിൽ വയ്ക്കണമെന്നുമൊക്കെയുള്ള വിധത്തിൽ ഒരു കടന്ന വർത്തമാനം യു.ഡി.എഫ്-ലെ ഒരംഗം ഇവിടെ പറയുകയുണ്ടായി. ശ്രീരാമനെ മുൻനിർത്തിക്കൊണ്ടാണ് ബി.ജെ.പി. കളിക്കുന്നത്. അക്കാര്യത്തിൽ പൊതുവെ കോൺഗ്രസ്സെടുത്ത സമീപനമെന്താണ്? നിങ്ങൾ എങ്ങനെയാണ് സംഘ്പരിവാറിനെ ഇക്കാര്യത്തിൽ നേരിടുന്നത്? ഞാൻ പറയാം, സാധാരണഗതിയിൽ നമ്മുടെ രാജ്യത്താകെ ഒരു പ്രത്യേക അന്തരീക്ഷമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ അതിൽ പ്രത്യേക നിലപാട് സ്വീകരിക്കാനാണല്ലോ നിങ്ങളുടെ ഭാഗത്തുനിന്നും ശ്രമമുണ്ടായത്. ഇപ്പോഴുള്ള ക്ഷേത്ര ഉദ്ഘാടനം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് എല്ലാവർക്കും അറിയാമല്ലോ? നിങ്ങൾ എങ്ങനെയാണ് മതനിരപേക്ഷത കൈകാര്യം ചെയ്യുന്നതെന്നാണ് കാണേണ്ടത്. കോൺഗ്രസിൽ നെഹ്റുവിന്റെ കാലത്ത് ശക്തമായ മതനിരപേക്ഷ നിലപാടാണുണ്ടായിരുന്നത്. പക്ഷേ ആ നെഹ്റൂവിയൻ മതനിരപേക്ഷ നിലപാട് കോൺഗ്രസ്സിന് ഇന്ന് സ്വീകരിക്കാൻ കഴിയുന്നില്ല. പഴയ കാല കോൺഗ്രസ് ഗവൺമെന്റുകൾ ഇതിന് വഴിമരുന്നിട്ട് കൊടുത്തിട്ടുണ്ട്. ഒന്ന്, ശിലാന്യാസത്തിന് രാജീവ് ഗാന്ധിയുടെ കാലത്താണ് അനുമതി നൽകിയത്. രണ്ടാമത്, അവിടെയുണ്ടായിരുന്ന ബാബറി മസ്ജിദ് പൊളിച്ചുതീരുന്നതുവരെ നിശബ്ദതയിലായിരുന്നു കോൺഗ്രസ് പ്രധാനമന്ത്രി. ഈ രണ്ട് സംഭവവും നമ്മൾ ഓർക്കാതിരിക്കരുത്. ഇതാണ് സംഘ്പരിവാറിന് എറ്റവും കൂടുതൽ കരുത്ത് നൽകുന്ന നിലപാടെന്ന് ഓർമ്മിക്കണമെന്ന് മാത്രം. ഇപ്പോൾ നെഹ്റൂവിയൻ മതനിരപേക്ഷത കൈവെടിഞ്ഞ് മൃദുഹിന്ദുത്വ നിലപാട് സ്വീകരിക്കുന്നതുകൊണ്ടാണ് ഒരു കോൺഗ്രസ് നേതാവിന് അയോദ്ധ്യ ക്ഷേത്രത്തിലേയ്ക്ക് വെള്ളി ഇഷ്ടിക നൽകാൻ കഴിഞ്ഞത്. അത് വിശ്വാസത്തിന്റെ ഭാഗമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ജയിച്ചുവന്നിരുന്നുവെങ്കിൽ അദ്ദേഹമായിരുന്നു അവിടത്തെ മുഖ്യമന്ത്രിയാകേണ്ടിയിരുന്നത്. പേര് എല്ലാവർക്കും അറിയാം, ഞാൻ പറയേണ്ട കാര്യമില്ല. അതുപോലെതന്നെ നമ്മുടെ അയൽ സംസ്ഥാനമായ കർണാടകയിൽ ബി.ജെ.പി.-യെ പരാജയപ്പെടുത്തി അഭിമാനകരമായ വിജയമാണ് കോൺഗ്രസ് നേടിയത്. നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്തത്, അയോദ്ധ്യയിൽ പ്രാണ പ്രതിഷ്ഠ നടക്കുമ്പോൾ 34563 ക്ഷേത്രങ്ങളിലാണ് പ്രത്യേക പൂജയും പ്രാർത്ഥനയും നടത്താൻ കർണാടകയിലെ കോൺഗ്രസ് സർക്കാർ ഉത്തരവ് നൽകിയത്. എന്തുതരം സന്ദേ

ശമാണ് കോൺഗ്രസ് ഇതിലൂടെ നൽകുന്നത്. ഹിമാചൽ പ്രദേശിലെ കോൺഗ്രസ് സർക്കാർ, സംസ്ഥാനത്തിന് പൊതുഅവധി പ്രഖ്യാപിച്ചുകൊണ്ടാണ് മൃദുഹിന്ദുത്വ സമീപനം വെളിവാക്കിയത്. കോൺഗ്രസിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതാവാണ് ശ്രീ. രാഹുൽ ഗാന്ധിയെന്നതിൽ ഒരു സംശയവുമില്ല. പ്രാണ പ്രതിഷ്ഠാദിവസം അദ്ദേഹമെന്താണ് ചെയ്തത്? അസ്സമിലെ ഒരു ക്ഷേത്രത്തിൽ ദർശനം നടത്താൻവേണ്ടി വലിയ തോതിൽ നിർബന്ധം പിടിക്കുകയായിരുന്നു. എന്ത് സന്ദേശമാണ് അത് നൽകുന്നത്? .....(ബഹളം)... ശബ്ദമുയർത്തിയതുകൊണ്ടൊന്നും കാര്യമില്ല. നിങ്ങൾ ശബ്ദമുയർത്തുന്നതുകൊണ്ട് നിങ്ങൾ കേൾക്കില്ലെന്നേയുള്ളൂ. ഞാൻ മൈക്കിലാണ് സംസാരിക്കുന്നത് അത് റിക്കോർഡാകും. നിങ്ങൾ കേൾക്കാതിരുന്നതുകൊണ്ട് പ്രത്യേകിച്ച് ഗുണം ഒന്നുമില്ല. ഞാൻ ചോദിക്കുന്നത് തീവ്രവർഗ്ഗീയതയെ മൃദു വർഗ്ഗീയതകൊണ്ട് നേരിടാനാകുമോ? അത് നമ്മൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അമ്പലത്തിൽ എല്ലാവരും പോകും, അതിൽ തെറ്റില്ല. ആ ദിവസം ആ സമയം നോക്കി ഇതുതന്നെ ചെയ്യണമെന്ന് നിർബന്ധം പിടിക്കുന്നത്  രാജ്യത്തിന് നൽകുന്ന സന്ദേശമെന്താണ്? ആ സന്ദേശം മൃദുഹിന്ദുത്വത്തിന്റെ ഭാഗമായുള്ള സന്ദേശമായിട്ടല്ലേ മാറുക? അത് ഗുണമാണോ ചെയ്യുക, അതാണ് പരിശോധിക്കേണ്ടത്.  ....(ബഹളം)....

ഇവിടെ പറഞ്ഞ മറ്റൊരു കാര്യം നമ്മുടെ പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ മുഖ്യന്ത്രിയെന്ന നിലയിൽ ഞാൻ സ്വീകരിക്കാൻ പോയിരുന്നു. അപ്പോൾ സാധാരണ ഗതിയിൽ വണങ്ങാറുണ്ട്. അതല്ലാതെ  മറ്റെന്താണ് ചെയ്യുന്നത്?  എനിക്ക് മനസ്സിലാകാത്തതുകൊണ്ട് ചോദിക്കുകയാണ്. മുഖ്യമന്ത്രിയായി ഉമ്മൻ ചാണ്ടി ചുമതല വഹിച്ച സമയത്ത് പ്രധാനമന്ത്രിയായി ശ്രീ. നരേന്ദ്ര മോദിയുണ്ടായിരുന്നു. ആ ഘട്ടത്തിൽ അദ്ദേഹം പ്രധാനമന്ത്രിയെ സ്വീകരിച്ചിട്ടില്ലേ? അങ്ങനെ സ്വീകരിച്ച മുൻകാല ചിത്രം നിങ്ങൾ പരിശോധിക്കൂ. അതുമായി എന്ത് വ്യത്യാസമാണുള്ളത്? അദ്ദേഹം മരിച്ചുപോയി.  ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ അദ്ദേഹംതന്നെ മറുപടി പറയുമായിരുന്നു. നിങ്ങളുടെ ഏറ്റവും ഒടുവിലത്തെ മുഖ്യമന്ത്രിയാണ് അദ്ദേഹം. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തിനെ പരാമർശിച്ചത്. അദ്ദേഹം സ്വീകരിച്ച രീതിയെന്താണ്; ഇനി നിങ്ങളുടെ പരമോന്നത നേതാവാണല്ലോ ശ്രീ. രാഹുൽ ഗാന്ധി. അദ്ദേഹം എന്താണ് ചെയ്തത്? അത് സ്വീകരിക്കലായിരുന്നോ; ഏതായിരുന്നു സാഹചര്യം? കേരളത്തിലേയ്ക്ക് വരുന്ന ഒരു പ്രധാനമന്ത്രിയെ സ്വീകരിക്കാനുള്ള ബാധ്യതയാണ് ഈ കസേരയിലിരിക്കുന്ന ആർക്കായാലുമുള്ളത്. അദ്ദേഹം ഈ രാജ്യത്തിന്റെ പ്രധാനമന്ത്രിയാണ്. ഞാൻ സംസാരിച്ചുകഴിഞ്ഞതിനുശേഷം പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ വന്ന് എന്നെ കെട്ടിപ്പിടിക്കുന്നു. അങ്ങനെ നടക്കുമോ? സാധാരണ ഗതിയിൽ അങ്ങനെ നടക്കാറുണ്ടോ? എന്തിനാണ് ഇങ്ങനെയുള്ള കാര്യങ്ങളെല്ലാമെടുത്തിട്ട് വലിയ കാര്യമെന്ന നിലയിൽ ഞാൻ അദ്ദേഹത്തിനെ കാണുമ്പോൾ മുട്ടുവിറച്ച് പോകുന്നതെന്നപോലെ, എന്തിനാണ് അത്തരം ബാലിശമായ പരാമർശങ്ങളിലേയ്ക്ക് പോകുന്നത്. ഏത് മുഖ്യമന്ത്രിയാണ് അങ്ങനെ കാണിച്ചിട്ടുള്ളത്. അത് ശ്രീ. കെ. ചന്ദ്രശേഖർ റാവു കാണിച്ചിരുന്നു. ശ്രീ. കെ. ചന്ദ്രശേഖർ റാവു നിങ്ങളുടെ മുഖ്യമന്ത്രിയാണെന്ന് പറയാൻ കഴിയുമോ? ശ്രീ. കെ. ചന്ദ്രശേഖർ റാവു മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ആ നിലപാടെടുത്തിരുന്നു.  ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിക്ക് പ്രധാനമന്ത്രി വരുമ്പോൾ സ്വീകരിക്കേണ്ടതുണ്ട്. പിന്നെ നമ്മളെല്ലാവരും മനുഷ്യരല്ലേ  നമ്മൾ വളരെ കടുത്ത രീതിയിൽ രാഷ്ട്രീയമായി പരസ്പരം വിമർശിക്കാറുണ്ട്. പക്ഷെ മനുഷ്യരെന്ന പരസ്പര ബന്ധമുണ്ടാകും. എനിക്ക് അങ്ങനെയൊരു അനുഭവമുണ്ടല്ലോ, നിങ്ങൾ ഓർത്താൽ മതി. ഞാൻ ഒരു ദിവസം എറണാകുളത്തുനിന്നും ഫ്ലൈറ്റിൽ വരികയായിരുന്നു. എഴുന്നേറ്റപ്പോൾ തൊട്ടുമുന്നിൽ അപ്പുറത്തായി ശ്രീ. കെ. സുധാകരൻ ഇരിക്കുകയായിരുന്നു.  ശ്രീ. കെ. സുധാകരൻ എണീറ്റ് തിരിഞ്ഞത് എന്റെ നേരെയാണ്.  നിങ്ങൾ ഈ ഫ്ലൈറ്റിലുണ്ടായിരുന്നോയെന്ന് അപ്പോൾ ഞാൻ ചോദിച്ചു. ഞാനുണ്ടായിരുന്നു, നിങ്ങൾ ഈ ഫ്ലൈറ്റിലുണ്ടെന്ന് ഞാനും കേട്ടുവെന്ന് അദ്ദേഹം മറുപടിയും തന്നു. ഞാൻ തിരുവന്തപുര

ത്തേയ്ക്ക് വരുന്നോയെന്ന് ചോദിച്ചപ്പോൾ ഇല്ല എനിക്ക് ഇവിടെ പരിപാടിയുണ്ടെന്ന് അദ്ദേഹം മറുപടി പറഞ്ഞു. എല്ലാം കഴിഞ്ഞ് ഞാനിറങ്ങി പോയി. എന്നിട്ട് അദ്ദേഹം പത്രക്കാരെ കണ്ട പ്പോൾ പറഞ്ഞത് നാണമുണ്ടോ ഈ മനുഷ്യന് എന്നെ കാണുമ്പോൾ ചിരിക്കാനെന്നാണ്. ഞാൻ അപ്പോൾ എന്താണ് ചെയ്യേണ്ടിയിരുന്നത്? ഞാൻ അയാളെ ഭയന്നിട്ടാണോ; ശ്രീ. കെ. സുധാകരൻ എന്ന നിങ്ങളുടെ നേതാവിനെ ഭയന്നുകൊണ്ടാണോ ഞാൻ അദ്ദേഹത്തിനോട് ലോഹ്യം പറഞ്ഞത്. സാധാരണയുള്ള ഒരു മര്യാദ രീതിയാണ്. നമ്മളെയെല്ലാം ആളുകൾ കാണുന്നതല്ലേ; സാധാരണഗതിയിൽ എന്റേതായ മര്യാദ ഞാൻ കാണിക്കണം. അതാണ് എന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഇതെല്ലാം നാം സാധാരണഗതിയിൽ കാണിക്കേണ്ട മര്യാദയിൽപ്പെട്ടതാണ്. അതാണ് നമ്മൾ മനസ്സിലാക്കേണ്ട കാര്യം.

യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർമാർ ഇല്ലാത്തതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് ബി.ജെ.പി. ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിന്റെ ഭാഗമായി വന്നിട്ടുള്ള ഒരു ഗതികേടാണ്. കാരണം ഗവർണർ ഒരു പ്രത്യേക നിലപാടെടുക്കുകയാണ്. നാം എല്ലാവരുംകൂടി നിയമം പാസ്സാക്കിയതാണ്. ആ നിയമം ഒപ്പിട്ടില്ല, അതങ്ങനെ കിടക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ ഒരു അനിശ്ചിതത്വം വന്നിട്ടുള്ളത്. യഥാർത്ഥത്തിൽ അതിനെതിരെ നമ്മൾ ഒന്നിച്ചാണ് ശബ്ദിക്കേണ്ടത്. പക്ഷേ നിങ്ങൾ ആ ഭാഗത്ത് ശബ്ദിക്കുന്നില്ലെന്നുമാത്രം. നമുക്ക് ഒന്നിച്ച് അത്തരം കാര്യങ്ങളിൽ ശബ്ദിക്കാൻ കഴിയണം. നിയമസഭയുടെ പ്രോപ്പർട്ടിയാണത്. നിയമസഭ അംഗീകരിച്ചുകഴിഞ്ഞ കാര്യമാണത്. അത് ഗവൺമെന്റിന്റേത് മാത്രമല്ല, നിയമസഭയുടേതായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ആ നില നമ്മൾ സ്വീകരിച്ചുപോകേണ്ടതാണ്. ബ്രെയിൻ ഡ്രെയിനിനെപ്പറ്റി പറഞ്ഞ കാര്യത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി നേരത്തേ മറുപടി പറഞ്ഞിട്ടുണ്ട്. നമ്മൾ അതിനെ നേരിടേണ്ടത് എങ്ങനെയാണ്? അതിൽ വല്ലാതെ ആശങ്ക പ്രകടിപ്പിച്ച് വേദനിച്ച് ഇരിക്കുകയല്ല വേണ്ടത്. ഉന്നതവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുക എന്നതാണ് നമ്മൾ ചെയ്യേണ്ടത്. ആ ഉന്നതവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കാനുള്ള പ്രവൃത്തികളാണ് നാം നടത്തിപ്പോരുന്നത്. അത് ഫലപ്രദമായിത്തന്നെ നാം നടത്തുകയാണെന്ന് നേരത്തേ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റി വി.സി.-യുടെ പുനർനിയമനത്തിൽ ചട്ടവിരുദ്ധമായി യാതൊരു കാര്യവുമുണ്ടായിട്ടില്ല. ഇതിൽ നമ്മൾ കാണേണ്ടത്, 'ഞാൻ സമ്മർദ്ദത്തിലായി' എന്ന് ചാൻസലർ സുപ്രീംകോടതിയുടെ മുന്നിൽ പറയുകയാണ്. ഞാൻ സമ്മർദ്ദത്തിലായി എന്ന് ഒരു വ്യക്തി സുപ്രീംകോടതിയിൽ പറഞ്ഞാൽ നിങ്ങൾ സമ്മർദ്ദത്തിലായിട്ടില്ല എന്ന് സുപ്രീംകോടതിക്ക് പറയാൻ സാധിക്കുമോ; എത്രമാത്രം വസ്തുതാവിരുദ്ധമായ കാര്യമാണ് അദ്ദേഹം പറഞ്ഞത്. വസ്തുതാവിരുദ്ധമായ കാര്യം പറയുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച വേറെ രാഷ്ട്രീയ കാരണങ്ങളുണ്ടാകും. 'ഞാൻ സമ്മർദ്ദത്തിലായി' എന്ന് പറഞ്ഞപ്പോൾ സുപ്രീംകോടതി അത് മുഖവിലയ്ക്കെടുത്ത് അതിന്റെ തുടർ നടപടികളിലേയ്ക്ക് കടക്കുകയാണ് ചെയ്യുന്നത്. പക്ഷേ അതുമായി ബന്ധപ്പെട്ട് ഒരു റിവ്യൂ ഹർജി കൃത്യമായി നൽകിയിട്ടുണ്ട്. ആ ഹർജി ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. ഞങ്ങൾക്ക് ഒരുതരത്തിലുള്ള ഒത്തുകളിയും ഇക്കാര്യത്തിലില്ല. ഗവർണറുടെ ഓഫീസിൽ ഒരാളെ നിയമിച്ച കാര്യം പറഞ്ഞു. നിങ്ങൾ ആലോചിച്ചു നോക്കൂ, നമ്മൾ ചില സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് അവരുടെ സ്റ്റാഫിൽ ഇന്നയാളെ വേണം എന്നുപറഞ്ഞാൽ ആ സ്റ്റാഫിൽ വേണ്ടയാളെ നിയമിക്കുകയില്ലെന്ന് ഗവൺമെന്റിന് ഒരു നിലപാടെടുക്കാൻ പറ്റുമോ? രാഷ്ട്രീയമായി പ്രതിപക്ഷ നേതാവും ഞാനും രണ്ട് ധ്രുവങ്ങളിലാണല്ലോ? പക്ഷേ പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ ഒരാളെ നിയമിക്കുന്നതിനുവേണ്ടി പ്രതിപക്ഷ നേതാവ് എനിക്ക് എഴുതി തരികയാണെങ്കിൽ ആളിനെ നിയമിക്കാൻ പറ്റില്ലെന്ന് പറയാൻ പറ്റുമോ; ഇതാണ് പ്രശ്നം. ഗവർണറുടെ ഓഫീസ് അതിനേക്കാൾ മുകളിലാണ്. വസ്തുതകൾ മനസ്സിലാക്കാനാണ് ഞാൻ പറയുന്നത്. പ്രചാരണത്തിനാണെങ്കിൽ നിങ്ങൾ

പറഞ്ഞുനടന്നോ; അതുകൊണ്ട് പ്രശ്നമൊന്നുമില്ല. വസ്തുതകൾ മനസ്സിലാക്കാനാണെങ്കിൽ മനസ്സിലാക്കേണ്ട കാര്യം ഗവർണറുടെ ഓഫീസിൽ ഒരാളെ നിയമിക്കണമെന്ന് ഗവർണർ ആവശ്യപ്പെടുന്ന ഒരവസ്ഥ വന്നാൽ ആ ആളെ നിയമിക്കണ്ടേ; നിയമിക്കില്ല എന്ന് എങ്ങനെ ഗവൺമെന്റ് പറയും. അതുകൊണ്ടാണ് ആ നിയമനം അംഗീകരിച്ചുകൊടുത്തത്. അത് ഏതെങ്കിലും തരത്തിലുള്ള ഒത്തുകളിയാണെന്ന് കാണേണ്ട. ഇപ്പോൾ സാധാരണ നിലയ്ക്ക് അന്യത്ര സേവനം 5 വർഷക്കാലമാണ്. 5 വർഷം കഴിഞ്ഞ് 8, 9 വർഷമായി നിൽക്കുമ്പോൾ ഇനി വേറെ ആളെ എടുക്കാമെന്ന് ഗവൺമെന്റ് പറയുന്നു. ചിലപ്പോൾ ഇയാളെത്തന്നെ എനിക്ക് വേണം എന്ന് നിർബന്ധമായും ഗവർണർ പറയും. എത്രയോ കേസ്സുകൾ അങ്ങനെയുണ്ട്. അത്തരം കാര്യത്തിൽ നമ്മൾ ഗുസ്തി പിടിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്; ഈ വർഷം കൂടി ഇരിക്കട്ടെ, ഒരുവർഷം കൂടി കൊടുക്കാം. ഇത് അവസാനത്തേതായിരിക്കണം എന്നുപറഞ്ഞുകൊണ്ട് ഒരുവർഷം കൂടി കൊടുക്കുകയാണ്. ഓഫീസുകളുമായി അങ്ങനെയൊക്കെയുള്ള പ്രശ്നങ്ങൾ വരില്ലേ; അതൊക്കെ സാധാരണഗതിയിലുണ്ടാകുന്ന പ്രശ്നങ്ങളാണ്. അതൊക്കെ ഒത്തുകളിയായി കാണേണ്ടതില്ല. നിങ്ങളുടെ ഭാഗമായി നിൽക്കുന്ന ചില കടലാസ് സംഘടനകൾ ചാൻസലറെ ഉപദേശിക്കുന്നുവെന്നത് നാട്ടിൽത്തന്നെ പാട്ടായിട്ടുള്ള കാര്യമല്ലേ; അങ്ങനത്തെ ചിലയാളുകളുടെ ഉപദേശം അദ്ദേഹം സ്വീകരിക്കുന്നുണ്ട്. അതിന് നമുക്കെന്ത് ചെയ്യാൻ സാധിക്കും? ഇതിൽ സുപ്രീംകോടതി പറഞ്ഞ കാര്യമാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. കണ്ണൂർ വൈസ് ചാൻസലറുടെ പുനർനിയമനത്തെപ്പറ്റിയും പ്രായപരിധി, സെലക്ഷൻ കമ്മിറ്റി രൂപീകരണം എന്നീ കാര്യങ്ങളെല്ലാം നിയമവിധേയമാണെന്ന് സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. സുപ്രീംകോടതി ഇടപെട്ടത് അദ്ദേഹം പറഞ്ഞ കാര്യത്തിൽ മാത്രമാണ്.

സെക്രട്ടേറിയറ്റിലെ പ്രോട്ടോക്കോൾ വിഭാഗത്തിലുള്ള തീപിടുത്തത്തെക്കുറിച്ചുവരെ ഇവിടെ പറയുന്ന സ്ഥിതിയുണ്ടായി. അതിനെക്കുറിച്ച് വിശദമായി അന്വേഷിച്ചതാണല്ലോ; ഫോറൻസിക് വിഭാഗവും പോലീസും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും എല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇലക്ട്രിക് ഫാൻ കത്തിയതുമൂലമാണ് തീപിടുത്തമുണ്ടായതെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അക്കാലത്ത് നിങ്ങൾ ഉന്നയിച്ച ആരോപണം സ്വർണ്ണക്കടത്തിലെ കേസ്സുമായി ബന്ധപ്പെട്ട ഫയലുകൾ നശിപ്പിക്കാൻ എന്നായിരുന്നു. ആ കേസ്സുമായി ബന്ധപ്പെട്ട ഫയലുകളൊന്നും സെക്രട്ടേറിയറ്റിൽ ഇല്ലെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതല്ലേ; വ്യവസായ വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുടെ മുറിയിലുണ്ടായ തീപിടുത്തം എ.ഐ. ക്യാമറയുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിക്കാനാണെന്ന് ഈ സഭയിൽ തന്നെ ആരോപണം വന്നിരുന്നു. അതും തെറ്റായിരുന്നുവെന്ന് തെളിഞ്ഞതല്ലേ? ഇതിനേക്കാൾ വലിയ തീപിടുത്തമുണ്ടായാൽപ്പോലും ഒരു ഫയൽപോലും നശിക്കാൻ പോകുന്നില്ല. കാരണം സെക്രട്ടേറിയറ്റിൽ പൂർണ്ണമായും ഇ-ഫയൽ സമ്പ്രദായം നമ്മൾ നടപ്പിലാക്കിയിട്ടുണ്ട്. ഏത് പേപ്പർ സെക്രട്ടേറിയറ്റിൽ വന്നാലും അത് സ്കാൻ ചെയ്ത് നമ്പർ ഇട്ട് ബന്ധപ്പെട്ട സെക്ഷനിൽ ഇ-ഫോർമാറ്റിൽ എത്തും. നിലവിലുള്ള ഫയലിലെ കടലാസ് ആണെങ്കിൽ അത് ആ ഫയലിനോട് ചേർക്കും. പുതിയ ഫയലാക്കാനാണെങ്കിൽ ഫയൽ നമ്പർ ഇട്ട് ഫയലാക്കും. ഫയലിന്റെ സഞ്ചാരവും ഈ വഴിയിലാണ്. ഫയർ എസ്കേപ്പ് എന്നുപറയുന്നത് ആരെ പറ്റിക്കാനാണ്?

കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വില കുറയ്ക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടതാണ്. ഫിഷറീസ് വകുപ്പുമന്ത്രിതന്നെ കേന്ദ്രമന്ത്രിയെ നേരിൽക്കണ്ട് ആവശ്യങ്ങളുന്നയിച്ചിട്ടുണ്ട്. നിലവിൽ ലിറ്ററിന് 25 രൂപ നിരക്കിലാണ് സർക്കാർ സബ്സിഡി നൽകുന്നത്. കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന പ്രശ്നമാണത്. മണ്ണെണ്ണ ഇതര ഇന്ധനങ്ങൾ ഉപയോഗിക്കുന്ന യാനങ്ങൾക്ക് പ്രോത്സാഹനം നൽകുകയെന്നതാണ് ഇതിനൊരു ശാശ്വത പരിഹാരമെന്ന നിലയ്ക്ക് നമ്മൾ പറഞ്ഞിട്ടുള്ളത്. മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ അതിനുള്ള നടപടികളാണ് സ്വീകരിച്ചുപോകുന്നത്. തീരദേശത്തുള്ളവർ മഹാഭൂരിപക്ഷവും ഇഞ്ചര പരിധിയിലാണ് താ

മസിക്കുന്നത്. കേന്ദ്ര നിയമമനുസരിച്ച് ഇപ്പോൾ അതിന് പ്രയാസമുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ മുന്നിൽ ഒരു പ്രശ്നമായി അവതരിപ്പിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ നടത്തുമ്പോൾ ഇത് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്.

ചോദ്യപേപ്പർ പണപ്പിരിവിന്റെ കാര്യം പറഞ്ഞിരുന്നു. ഒരു വിദ്യാർത്ഥിയിൽ നിന്ന് 10 രൂപ ഫീസ് എസ്.എസ്.എൽ.സി. മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ അച്ചടിക്കുന്നതിനായി വാങ്ങണമെന്ന് സർക്കുലറുണ്ട്. ഇത് പുതിയ സർക്കുലറല്ല, വർഷങ്ങളായി മോഡൽ പരീക്ഷയ്ക്ക് തുച്ഛമായ തുക ഫീസായി വാങ്ങാറുണ്ട്. യു.ഡി.എഫ്. സർക്കാർ ഭരിക്കുന്ന കാലത്ത് ശ്രീ. പി. കെ. അബ്ദുറബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കുന്ന കാലം മുതൽ ടി സർക്കുലർ പ്രാബല്യത്തിലുണ്ട്. മോഡൽ പരീക്ഷയ്ക്ക് ഫീസ് ഈടാക്കാൻ നിർദ്ദേശിച്ചുകൊണ്ട് 2014-ൽ പുറത്തിറക്കിയ സർക്കുലർ പൊതുമണ്ഡലത്തിൽ ലഭ്യമാണ്. ആ സർക്കുലർ എല്ലാവർഷവും തീയതി പുതുക്കി ഇറക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ ഇക്കാര്യം വാർത്താസമ്മേളനം വിളിച്ച് വ്യക്തമാക്കിയതാണ്. അതുതന്നെ ആവർത്തിച്ച് ഈ സഭയിൽ ഉന്നയിക്കേണ്ടതില്ലായിരുന്നു.

നവകേരള സദസ്സിന്റെ ബസ്സിന് നേരെ ഷൂ എറിഞ്ഞ് ആരെങ്കിലും ഇവിടെ മരിച്ചുവോ എന്നൊരു ചോദ്യം ചോദിക്കുകയുണ്ടായി. അതുമാത്രമല്ല നവകേരള സദസ്സിന് ആളുകൾ കുറവായിരുന്നുവെന്നും പറയുന്നത് കേട്ടു. അതൊരു ആഗ്രഹമാണ്. യാഥാർത്ഥ്യം വന്നുകഴിഞ്ഞല്ലോ; ഇനി അത് പറഞ്ഞിട്ട് കാര്യമില്ല. നവകേരള സദസ്സ് യാഥാർത്ഥ്യമായി കഴിഞ്ഞതാണ്. ആളുകൾ എത്രത്തോളം പങ്കെടുത്തുവെന്ന് എല്ലാവർക്കും അറിയാമല്ലോ; നിങ്ങൾക്ക് ചുരുങ്ങിയ തോതിൽ കാണാനുള്ള മോഹമുണ്ടായിരുന്നു. പക്ഷേ അതല്ല, നാട്ടുകാർ വലിയതോതിൽ ഒഴുകിയെത്തുകയാണ് ചെയ്തത്. സാധാരണഗതിയിൽ ഒരു പരിപാടിക്ക്, പരിപാടിയുടെ സമയം കഴിഞ്ഞിട്ടാണല്ലോ ആളുകൾ എത്തുന്നത്. ഇത് അങ്ങനെയല്ല. 2-3 മണിക്കൂർ മുമ്പേ വരികയാണ്. ആരെയും ഭയന്നിട്ടല്ല, നിങ്ങൾക്ക് അവിടെയാണ് തെറ്റിയത്. അവിടെ പങ്കെടുത്തവരിൽ മഹാഭൂരിപക്ഷം വോട്ടും ഞങ്ങൾക്കാണ് കിട്ടാൻ പോകുന്നതെന്ന് നിങ്ങൾ പറഞ്ഞല്ലോ; എന്താണ് സംഭവിക്കുന്നതെന്ന് നമുക്ക് കണ്ടറിയാം. ഇതൊന്നും വോട്ടുമായി ബന്ധപ്പെട്ട കാര്യമല്ല. ഇതൊക്കെ നാടിന്റെ പ്രശ്നങ്ങൾ നാട്ടുകാർ അറിയുക എന്നുള്ളതാണ്, ആ നിലയ്ക്കാണ് ആളുകൾ അതിനെ കണ്ടതും അവിടേയ്ക്ക് ഒഴുകിയെത്തിയതും. എല്ലാ പ്രായത്തിലുമുള്ള എല്ലാവിഭാഗക്കാരും അവിടെയുണ്ടായിരുന്നു. എല്ലാവരും വലിയ താല്പര്യത്തിലുമായിരുന്നു. സാധാരണ ഒരു യോഗത്തിൽ സംസാരിക്കുമ്പോൾ അത് ശ്രദ്ധിക്കുന്നവരും ശ്രദ്ധിക്കാത്തവരുമുണ്ടാകും. നിങ്ങൾ എല്ലാവരും സംസാരിക്കുന്നവരാണല്ലോ; അത് നിങ്ങൾ കാണുന്നതുമാണല്ലോ; എന്നാൽ ഈ യോഗത്തിൽ പങ്കെടുത്തവരെല്ലാം അവിടെയെന്താണ് പറയുന്നതെന്ന് കേൾക്കാൻ വലിയ തോതിൽ ശ്രദ്ധാലുക്കളായിരുന്നു. അത്രയധികം താല്പര്യത്തോടെയാണ് പങ്കെടുത്തിരുന്നത്. അവരെ വിലകുറച്ച് കാണരുത്. നിങ്ങൾ ഞങ്ങളെ ആക്ഷേപിച്ചോളൂ, ജനങ്ങളെ ആക്ഷേപിക്കാൻ നിൽക്കേണ്ട. ഞങ്ങളെ ആക്ഷേപിക്കുന്നതുകൊണ്ട് ഞങ്ങൾക്ക് പ്രശ്നമൊന്നുമില്ല, പക്ഷെ നിങ്ങൾ ജനങ്ങളെ ആക്ഷേപിച്ച് അവരുടെ വിരോധം സമ്പാദിക്കേണ്ടെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. നവകേരള സദസ്സിനെ ഞങ്ങൾ ഒരു രാഷ്ട്രീയ പരിപാടിയായി കണ്ടിട്ടില്ല. അപ്രകാരമാണെങ്കിൽ നിങ്ങളെ ആദ്യം ക്ഷണിക്കുമോ; നിങ്ങളുംകൂടി വരണമെന്ന് പറയുമോ? 41 മണ്ഡലങ്ങളിലും നിങ്ങളല്ലേ അതിന്റെ സംഘാടകരായി ഇരിക്കുക, നിങ്ങളല്ലേ അതിന്റെ അദ്ധ്യക്ഷന്മാരായി ഇരിക്കുക, നിങ്ങൾ ഓരോരുത്തരല്ലേ വന്നിരിക്കുക, അവിടെയല്ലേ ഞങ്ങളും വന്ന് സംസാരിക്കേണ്ടത്. ഞങ്ങൾ അതിനെ രാഷ്ട്രീയ പരിപാടിയായിട്ടല്ലല്ലോ കണ്ടത്. നിങ്ങൾക്കൊരു അബദ്ധം പറ്റി, അതാണ് സംഭവിച്ചത്. ഇനി ഏതെങ്കിലും കാലത്ത് ഇപ്രകാരം നടക്കുമെങ്കിൽ ആ അബദ്ധം തിരുത്താൻ നോക്കുക. (....ബഹളം....)

സർ, ഷൂ എറിഞ്ഞ സംഭവത്തിൽ നിയമം അതിന്റെ വഴിക്കുപോകുമല്ലോ, അത്രയേയുള്ളൂ. മുഖ്യമന്ത്രിയും മന്ത്രിമാരും സഞ്ചരിക്കുന്ന വാഹനത്തിനുനേരെ ഷൂ എറിയാൻ പുറപ്പെടുകയെന്ന് പറയുന്നത് ഗൗരവമുള്ള കാര്യമല്ലേ; ആ ഗൗരവം എന്തുകൊണ്ടാണ് നിങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിക്കാത്തത്; അതിനെ പരോക്ഷമായി ന്യായീകരിക്കാൻ പുറപ്പെടുന്നതെന്തിനാണ്; നമ്മൾ ഇത്തരത്തിലുള്ള ആക്രമണങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടോ; അതാണ് കാണേണ്ടത്. 138 സദസ്സുകൾ നടന്നപ്പോൾ അവിടെനിന്ന് ലഭിച്ച പരാതികൾ ആറര ലക്ഷത്തോളമാണ്. അത്രയും ആളുകൾ പരാതികൾ നൽകാൻ തയ്യാറാകുകയാണല്ലോ. ആ പരാതികൾ ഗൗരവമായിത്തന്നെ ഞങ്ങൾ എടുക്കുകയും അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ആറര ലക്ഷത്തോളം പണക്കാരും പൗരപ്രമുഖരും അതിസമ്പന്നരുമായ ആളുകൾ കേരളത്തിലെ ഞങ്ങളുടെ ഈ പരിപാടിയിൽ വന്നുവെന്നാണോ പറയുന്നത്? എന്തിനാണ് നിങ്ങൾ ഇപ്രകാരം പറഞ്ഞ് വേണ്ടാത്തൊരു ചിത്രമുണ്ടാക്കാൻ നോക്കുന്നത്, എന്താണ് അതുകൊണ്ട് ലഭിക്കുന്ന കാര്യം? നിങ്ങൾക്കൊരു മാനസിക സുഖമുണ്ടാകുമെന്നല്ലാതെ ഏതെങ്കിലും തരത്തിലുള്ള ഗുണം അതുകൊണ്ട് ലഭിക്കാനുണ്ടോ? പങ്കെടുത്തവരിൽനിന്നും നിങ്ങളെക്കുറിച്ച് എന്താണ് അഭിപ്രായമുണ്ടായത്; പങ്കെടുത്ത സാധാരണക്കാർ അവിടെയുണ്ടല്ലോ? ആദിവാസി പ്രതിനിധികൾ, പട്ടികജാതി പ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രതിനിധികൾ, നാട്ടിലെ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ പ്രതിനിധികൾ, വ്യാപാരി പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ, വിവിധ മേഖലകളിലുള്ളവർ, മതമേലധ്യക്ഷൻമാർ തുടങ്ങിയ പലരും ഇതിൽ പങ്കെടുത്തു. അവരെയെല്ലാം പണച്ചാക്കുകളായി ചിത്രീകരിച്ചതുകൊണ്ട് നിങ്ങൾക്ക് ലഭിക്കുന്ന ഗുണമെന്താണ്? ഞങ്ങളെ ആക്ഷേപിക്കാനാണെങ്കിൽ ആ വഴിക്ക് നിങ്ങൾ പറഞ്ഞോളൂ. പക്ഷെ ഇതിൽ പങ്കെടുത്തവരെ ആകെ ആക്ഷേപിക്കുന്ന രീതിയിൽ പറയുന്നത് നിങ്ങൾക്കും ഗുണകരമല്ലെന്നത് നിങ്ങൾ ഭാവിയിലെങ്കിലും മനസ്സിലാക്കാൻ തയ്യാറാകണം.

ബിരിയാണി ചെമ്പ്, സ്വർണക്കടത്ത്, കൈതോലപ്പായ ഇത്തരം കാര്യങ്ങളെക്കുറിച്ച് ഇവിടെ വീണ്ടും പറയുന്നതായി കേട്ടു. നിങ്ങൾ ഓർക്കുന്നുണ്ടോ എന്നറിയില്ല, അതിനെല്ലാം മുമ്പുപറഞ്ഞ കുറേ കാര്യങ്ങളുമുണ്ടായിരുന്നല്ലോ, ചിലരെങ്കിലും അതൊന്നും മറന്നുകാണാനിടയില്ല. സിംഗപ്പൂർ യാത്ര നൂറ് തവണ, ഒരു ഘട്ടത്തിൽ നിങ്ങൾ പറഞ്ഞുനടന്നതായിരുന്നു. എല്ലാകാര്യങ്ങളെക്കുറിച്ചും ഞാൻ പറയുന്നില്ല. ടെക്നിക്കാലിയ, ഇപ്പോൾ ആ പേര് കേൾക്കുന്നേയില്ല. കമലാ ഇന്റർനാഷണൽ അതും പിന്നെ കേൾക്കുന്നില്ല. കൊട്ടാരം പോലുള്ള വീട്, അതിന് സാക്ഷ്യപത്രമായി ഒരു വീടും അവതരിപ്പിച്ചു, അത് ഓർക്കുന്നില്ലേ; നാട് നിറയെ നിക്ഷേപങ്ങൾ, ഏത് സ്ഥലം കണ്ടാലും അത് ഇയാളുടേതാണെന്ന് പറഞ്ഞ് പ്രചരിപ്പിച്ച കാര്യങ്ങൾ. ഇങ്ങനെ എന്തെല്ലാം കഥകൾ നേരത്തെതന്നെ കേൾക്കേണ്ടി വന്നിട്ടുണ്ട്. അതൊന്നും നമ്മളെ ബാധിക്കില്ല, കാരണം ഈ കൈകൾ ശുദ്ധമാണ് (കൈകൾ ഉയർത്തി കാണിച്ചു). നേരത്തെ ഭാര്യയെക്കുറിച്ചാണ് പറഞ്ഞിരുന്നതെങ്കിൽ, ഇപ്പോൾ അത് മകളിലേയ്ക്ക് എത്തിയിട്ടുണ്ട്. മകൾ ബാംഗ്ലൂരിൽ കമ്പനി തുടങ്ങാൻ പോകുന്നത് എന്റെ ഭാര്യ റിട്ടയർ ചെയ്തപ്പോൾ ലഭിച്ച പണമാണ് 'നീ പോയി സ്വന്തമായി കമ്പനി തുടങ്ങൂവെന്ന് പറഞ്ഞ് ബാങ്കിൽനിന്നുമെടുത്ത് കൊടുക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ കേൾക്കുമ്പോൾ എനിക്കൊരു മാനസിക കുലുക്കവുമുണ്ടാകില്ല. മനസ്സമാധാനമാണ് പ്രധാനമെന്ന് ഞാൻ പരസ്യമായി ഒരു യോഗത്തിൽ പറഞ്ഞല്ലോ, നിങ്ങൾ മനസ്സമാധാനത്തിന് നിരക്കുന്ന കാര്യങ്ങൾ മാത്രമേ ചെയ്യാവൂ. തെറ്റ് ചെയ്തെങ്കിൽ മനസ്സമാധാനം ഉണ്ടാകില്ല. തെറ്റായ കാര്യങ്ങൾ നമ്മളെക്കുറിച്ച് പറയുന്നത് കേൾക്കുമ്പോഴും ഉള്ളിൽ ചിരിച്ചുകൊണ്ട് അത് കേൾക്കാൻ സാധിക്കും. അപ്രകാരം ഉള്ളിൽ ചിരിച്ചുകൊണ്ട് കേൾക്കാൻ സാധിക്കുന്ന മാനസികാവസ്ഥയിലാണ് ഞാൻ. എന്നെ ഒന്നും ബാധിക്കില്ല, കാരണം ഇതുകൊണ്ടുതന്നെയാണ്. ഇതൊരു അഹംഭാവം പറച്ചിലൊന്നുമല്ല, ഈ കൈകൾ

ശുദ്ധമാണ്, അതുകൊണ്ടുതന്നെയാണ്. അത് ആരുടെ മുന്നിലും പറയാൻ കഴിയും അല്പം തല യുയർത്തിത്തന്നെ പറയാൻ കഴിയും, അതാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾക്ക് രാഷ്ട്രീയ മായി ആവശ്യമുണ്ടാകാം. ഈ ടീമിൽ ഒരു നേതാവെന്ന നിലയിൽ ഇവിടെ ഇരിക്കുന്നത് ഞാ നാണല്ലോ? ആര്  ഈ സീറ്റിലിരുന്നാലും ഇവിടെ ഇരിക്കുന്ന ആളാണല്ലോ നേതാവ്. അതിന്റെ ഭാഗമായി ആ കസേരയിലിരിക്കുന്ന ആളെ ഇടിച്ചുതാഴ്ത്തൽ, ഇകഴ്ത്തി കാണിക്കൽ എന്നിവ നിങ്ങളുടെ രാഷ്ട്രീയമായ ആവശ്യമായിരിക്കാം. നിങ്ങളത് നടത്തൂ, ജനം സ്വീകരിക്കുന്നുണ്ടോ ഇല്ലയോയെന്ന് കാലം തീരുമാനിക്കട്ടെ. അതുമാത്രമേ എനിക്ക് പറയാനുള്ളൂ.

**2024 ജൂലൈ 10**

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

# കുടിശ്ശികയായ സർക്കാർ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കൽ

സർ, 2021-ൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ വിവേചനപരമായ നയങ്ങൾ കാരണം വലിയതോതിലുള്ള പണഞെരുക്കം അനുഭവപ്പെടുകയുണ്ടായി. ഇത് ഇപ്പോഴും തുടരുകയാണ്. 2016-ൽ അധികാരത്തിൽ വന്ന സർക്കാർ പശ്ചാത്തല സൗകര്യ വികസനത്തിനും ക്ഷേമ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും തുല്യപ്രാധാന്യം നൽകുന്ന നയമാണ് സ്വീകരിച്ചത്. മുടങ്ങിക്കിടന്ന വൻകിട പദ്ധതികളായ ദേശീയപാത വികസനം, ഗെയ്ൽ പൈപ്പ്ലൈൻ, കൊച്ചി - ഇടമൺ പവർഹൈവെ എന്നിവ ഏറ്റെടുക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന്റെ നാഴികക്കല്ലായ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാവുകയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലും ഭവനരഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ ആരംഭിക്കുന്നതിലും സർക്കാർ വലിയതോതിലുള്ള ഇടപെടലുകളാണ് നടത്തിയത്. ഇതിനൊപ്പം ക്ഷേമപെൻഷനുകൾ കാലാനുസൃതമായി വർധിപ്പിക്കാനും കൃത്യമായി വിതരണം ചെയ്യാനും സംസ്ഥാന ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കാനും സാധിച്ചു. എന്നാൽ, 2022 മാർച്ച് 31-ാം തീയതി കേന്ദ്ര ധനമന്ത്രാലയം സംസ്ഥാനത്തിന്റെ വായ്പാപരിധി മുൻകാല പ്രാബല്യത്തോടെ വെട്ടിച്ചുരുക്കാൻ എല്ലാ കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ട് തീരുമാനമെടുത്തു. കേരളത്തിൽ സമാനതകളില്ലാത്ത വികസനം എല്ലാ നിയമസഭാ മണ്ഡലങ്ങളിലും മുന്നോട്ടുനീക്കാൻ സാധിച്ചത് സംസ്ഥാന സർക്കാർ കിഫ്ബിവഴി നടത്തിയ ഇടപെടലുകളാണെന്ന കാര്യം ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ബോധ്യമുള്ളതാണ്. സംസ്ഥാന സർക്കാരിന്റെ തനതു റവന്യൂ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം കിഫ്ബിക്കായി നീക്കിവച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ മേൽപ്പറഞ്ഞ ഇടപെടലുകൾ നടത്തിവരുന്നത്. എന്നാൽ കിഫ്ബിയും പെൻഷൻ കമ്പനിയും എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ വായ്പയായി മുൻകാല പ്രാബല്യത്തോടെ പരിഗണിക്കുന്ന സമീപനം കേന്ദ്ര ധനമന്ത്രാലയം കൈക്കൊണ്ടത് സംസ്ഥാനത്തി

ന് 12,560 കോടി രൂപയുടെ വെട്ടിക്കുറവ് വായ്പാ പരിധിയിലുണ്ടായി. ഇതിനുപുറമെ, കിഫ്ബി എടുക്കുന്ന വായ്പയും പ്രതിവർഷ കടപരിധിയിൽനിന്നും കേന്ദ്രസർക്കാർ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. ജനസംഖ്യാ നിയന്ത്രണത്തിലും പ്രതിശീർഷ വരുമാനത്തിലും കേരളം കൈവരിച്ച നേട്ടങ്ങൾ ധനകാര്യ കമ്മീഷന്റെ പുതിയ മാനദണ്ഡങ്ങൾപ്രകാരം സംസ്ഥാനത്തിന് ദോഷകരമാകുന്ന സ്ഥിതിയാണുള്ളത്. അതിന്റെ പേരിൽ കേരളത്തിന്റെ നികുതി വിഹിതം കുറയ്ക്കുന്ന സമീപനമാണ് ഇപ്പോഴുണ്ടാകുന്നത്. മേൽപ്പറഞ്ഞ സാമ്പത്തിക ഉപരോധത്തിനൊപ്പം ധനകാര്യ കമ്മീഷനുകളിൽനിന്നും ലഭിക്കുന്ന നികുതി വിഹിതത്തിലും ക്രമാനുഗതമായ കുറവ് കഴിഞ്ഞ 25 വർഷക്കാലയളവിലുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ കാര്യംമാത്രം പറഞ്ഞാൽ, പതിനാലാം ധനകാര്യ കമ്മീഷൻ അനുവദിച്ച 2.505 ശതമാനം നികുതി വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 1.92 ശതമാനമായി കുറഞ്ഞു. 2020-21-ൽ 31,068 കോടി രൂപയായിരുന്ന കേന്ദ്രസർക്കാർ ഗ്രാന്റുകൾ 2023-24-ൽ 12,068 കോടി രൂപയായി കുറഞ്ഞു. മൂന്ന് വർഷക്കാലയളവിൽ 19,000 കോടി രൂപയാണ് കേന്ദ്ര ഗ്രാന്റിനത്തിൽ കുറവുണ്ടായിരിക്കുന്നത്. ഇതിനോടൊപ്പം പറയേണ്ട മറ്റൊരു കാര്യം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം കഴിഞ്ഞ ഒമ്പതു വർഷക്കാലയളവിൽ വലിയ ഇടിവ് നേരിട്ടുയെന്നതാണ്. മിക്ക പദ്ധതികൾക്കും 75 ശതമാനം കേന്ദ്ര ഗ്രാന്റുകൾ ലഭ്യമായിരുന്നവയിൽനിന്നും 60 ശതമാനമായി മാറിയിട്ടുണ്ട്. ഐ.സി.ഡി.എസ്. പോലുള്ള ചില പ്രധാന പദ്ധതികളിൽനിന്നും കേന്ദ്രസർക്കാർ പിൻമാറുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. ഈ പദ്ധതിയുടെ മുഴുവൻ ബാധ്യതയും സംസ്ഥാന സർക്കാർതന്നെ വഹിക്കണം. നെല്ല് സംഭരണം ഉൾപ്പെടെയുള്ള പ്രധാന പരിപാടികൾക്കുള്ള ധനസഹായം ലഭിക്കുന്നതിന് വലിയ കാലവിളംബം നേരിടുകയും ചെയ്യുന്നുണ്ട്. ബ്രാൻഡിംഗിന്റെ പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം തടഞ്ഞുവയ്ക്കുന്ന ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്ത സമീപനവും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായി. കേന്ദ്രത്തിന്റെ പ്രതികൂല സമീപനത്തിനിടയിലും സംസ്ഥാനം തനതു നികുതി വരുമാനം കഴിഞ്ഞ മൂന്ന് വർഷക്കാലംകൊണ്ട് 56 ശതമാനം വർധിപ്പിച്ചതുകൊണ്ടാണ് സാമ്പത്തിക കാര്യത്തിൽ അല്പമെങ്കിലും പിടിച്ചു നിൽക്കാനായത്.

കടക്കെണിയെന്ന ആക്ഷേപം ചിലർ ഉന്നയിക്കുമ്പോഴും കേരളത്തിന്റെ കടം-ആഭ്യന്തര വരുമാന അനുപാതം 2020-21-ൽ 38.47 ശതമാനമായിരുന്നത് 2023-24-ൽ 33.4 ശതമാനമാക്കി കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നതാണ് വസ്തുത. എന്നാലും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കുള്ള പല ക്ഷേമ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിൽ കുടിശ്ശികയുണ്ടായി എന്നത് ഒരു വസ്തുതയാണ്. ഇത് സംസ്ഥാന സർക്കാരിന്റെ നയങ്ങൾ കാരണമുണ്ടായതല്ല. ക്ഷേമാനുകൂല്യങ്ങൾ ജനങ്ങൾക്ക് കൃത്യമായി വിതരണം ചെയ്യണമെന്ന കാര്യത്തിൽ സർക്കാരിന് നിർബന്ധമുണ്ട്. അതുകൊണ്ട് ഈ കുടിശ്ശിക നിവാരണം ഒരു സമയബന്ധിത പരിപാടിയായി ഏറ്റെടുത്ത് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

### 1. സാമൂഹ്യക്ഷേമ പെൻഷനുകൾ

സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിഹിതത്തിലെ സിംഹഭാഗവും സംസ്ഥാന സർക്കാരാണ് വിതരണം ചെയ്യുന്നത്. നാമമാത്രമായ കേന്ദ്ര പെൻഷൻ വിഹിതം ലഭിക്കുന്നത് ദേശീയ വാർദ്ധക്യകാല പെൻഷൻ, ദേശീയ വിധവാ പെൻഷൻ, ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്ന് പദ്ധതികൾക്കാണ്. ശരാശരി 6.8 ലക്ഷം പേർക്ക് മാത്രമാണ് കേന്ദ്രാനുകൂല്യം ലഭിക്കുന്നത്. ഇതാകട്ടെ ശരാശരി 300 രൂപ മാത്രമാണ്. സംസ്ഥാന സർക്കാരിന്റെ സാമൂഹ്യസുരക്ഷാ പെൻഷന്റെ ഗുണഭോക്താക്കൾ 62 ലക്ഷം വരും. കേന്ദ്ര സർക്കാർ ആനുകൂല്യത്തിനുള്ള വരുമാന

പരിധിയായി നിശ്ചയിച്ചിട്ടുള്ളത് പ്രതിവർഷം 25,000 രൂപയാണെങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി പ്രതിവർഷം ഒരു ലക്ഷം രൂപയാണ്. സാമൂഹ്യ ക്ഷേമ പെൻഷനുകളിൽ താഴെപ്പറയുന്ന ക്ഷേമനിധി പെൻഷനുകളും ഉൾപ്പെടും.

കർഷകക്ഷേമ പെൻഷൻ (കൃഷി വകുപ്പ് മുഖേന)
മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വാർദ്ധക്യ കാല പെൻഷൻ
ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ്
ക്ഷീര കർഷക തൊഴിലാളി ക്ഷേമ ബോർഡ്
കയർ തൊഴിലാളി ക്ഷേമ ബോർഡ്
ഖാദി തൊഴിലാളി ക്ഷേമ ബോർഡ്
വ്യാപാരി ക്ഷേമ ബോർഡ്
അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്
ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ്)
ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
ഈറ്റ, കാട്ടുവള്ളി, തഴ, തൊഴിലാളി ക്ഷേമനിധി ബോർഡ്
ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്
തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്.

2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നവരുടെ ആകെ എണ്ണം 3443414 ആയിരുന്നു. ഇവർക്ക് 600 രൂപ വീതമാണ് പെൻഷനായി നൽകിവന്നിരുന്നത്. ഇതുതന്നെ 18 മാസംവരെ കുടിശ്ശികയായിരുന്നുവെന്നത് ഏറെ ചർച്ചകൾക്കിടയാക്കിയതാണ്. 2016-ൽ വന്ന എൽ.ഡി.എഫ്. സർക്കാരാണ് കുടിശ്ശിക മുഴുവൻ തീർത്തുനൽകിയത്. ഇപ്പോഴാകട്ടെ 62 ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നുണ്ട്. പെൻഷൻ തുക ഘട്ടംഘട്ടമായി ഉയർത്തി 1,600 രൂപയുമാക്കിയിട്ടുണ്ട്. ഇത് ഇനിയും വർധപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

201116ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ആകെ 8,833.6 കോടി രൂപയാണ് നൽകിയതെങ്കിൽ 2016-21-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 30,567.9 കോടി രൂപയാണ് ചെലവഴിച്ചത്. മുൻ യു.ഡി.എഫ്. സർക്കാർ 5 വർഷം കൊണ്ട് നൽകിയതിനെക്കാൾ 21,734.3 കോടി രൂപയാണ് 2016-21 കാലഘട്ടത്തിൽ എൽ.ഡി.എഫ്. സർക്കാർ അധികമായി വിതരണം ചെയ്തത്. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 23,461.5 കോടി രൂപ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

ഇന്ത്യയിലെ ഏറ്റവും സമഗ്രമായ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി നടപ്പാക്കുന്നത് കേരളത്തിലാണ്. ഇതിന്റെ 98 ശതമാനം വിഹിതവും കണ്ടെത്തുന്നത് സംസ്ഥാന സർക്കാർ തന്നെയാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ലഭിക്കുന്ന നാമമാത്രമായ കേന്ദ്ര വിഹിതം, പെൻഷൻ നൽകാനാവശ്യമായ തുകയുടെ വെറും 2 ശതമാനം മാത്രമാണ് എന്നതാണ് വസ്തുത. കടുത്ത പണഞെരുക്കം നിലനിൽക്കുമ്പോഴും സമൂഹത്തിലെ അവശജനവിഭാഗങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്.

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന ദേശീയ വാർദ്ധക്യകാല പെൻഷൻ, ദേശീയ വിധവാ പെൻഷൻ, ദേശീയ വികലാംഗ പെൻഷൻ എന്നീ പെൻഷനുകൾക്കാണ് കേന്ദ്ര സഹായം ലഭിക്കുന്നത്. 79 വയസ്സുവരെയുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ തുകയായ 1,600 രൂപയിൽ 200 രൂപ മാത്രമാണ് കേന്ദ്ര വിഹിതം. ഈ തുകയാകട്ടെ 3.4 ലക്ഷം പേർക്ക് മാത്രമാണ് കേന്ദ്രം നൽകുന്നത്. 80 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള കേന്ദ്ര വിഹിതം 500 രൂപയാണ്. ഇതാകട്ടെ 1.16 ലക്ഷം പേർക്ക് മാത്ര മാണ് ലഭിക്കുന്നത്. ദേശീയ വികലാംഗ പെൻഷനിൽ 66928 ഗുണഭോക്താക്കൾക്ക് 300 രൂപ വീതം മാത്രമാണ് കേന്ദ്ര വിഹിതമുള്ളത്. ദേശീയ വിധവാ പെൻഷനിൽ 300 രൂപ മാത്രമാണ് കേന്ദ്ര വിഹിതം. കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. 2024 മേയ് വരെ അനുവദിച്ച സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാരാണ് നൽകിയത്. 2023 ജൂൺ വരെയുള്ള കേന്ദ്ര വിഹിതം മാത്രമാണ് സംസ്ഥാനത്തി ന് ലഭ്യമായിട്ടുള്ളത്. കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതുമൂലമുള്ള അധിക ബാധ്യത യും സംസ്ഥാന സർക്കാർ വഹിക്കേണ്ട സ്ഥിതിയാണുള്ളത്.

നിലവിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ അഞ്ച് ഗഡുക്കൾ കുടിശ്ശികയാണ്. പ്രതിമാ സം 1,600 രൂപയാണ് സാമൂഹ്യക്ഷേമ പെൻഷനായി വിതരണം ചെയ്യുന്നത്. 2024 മാർച്ച് മുതൽ നിലവിലെ പെൻഷൻ കൃത്യസമയത്ത് നൽകിവരികയാണ്. പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025-26-ൽ മൂന്ന് ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക തീർത്തും നൽകണമെന്നകാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധ മാണ്. നിലവിൽ ഈയിനത്തിൽ 4,250 കോടി രൂപയാണ് കുടിശ്ശികയായുള്ളത്. 2024-25 സാമ്പ ത്തിക വർഷത്തിൽ കുടിശ്ശികയുടെ ഭാഗമായി 1,700 കോടി രൂപ വിതരണം ചെയ്യും.

### 2. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകൾ

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (അൺഅറ്റാച്ച്ഡ്), കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 മേയ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ 2023 മേയ് വരെയാണ് പെൻഷൻ നൽകിയിട്ടുള്ളത്. കെട്ടിട നിർമ്മാതാക്കളിൽനിന്ന് പിരിച്ചെടുക്കുന്ന സെസ് തുകയിൽനിന്നുമാ ണ് കെട്ടിട നിർമ്മാണ തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നത്. സെസ് കാര്യക്ഷമമായി പിരിച്ചെടുത്ത് കുടിശ്ശിക നിവാരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ സർക്കാർ തല ത്തിൽ പ്രത്യേക ഇടപെടലുണ്ടാകും.

ആധാരം എഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും പെൻഷനുകൾ നൽകുന്നത് ക്ഷേമനിധിയുടെ തനത് ഫണ്ടിൽ നിന്നാണ്. ഈ ആനുകൂല്യ ങ്ങൾക്ക് നിലവിൽ കുടിശ്ശികയില്ല.

### 3. ഖാദി ഇൻകം സപ്പോർട്ട് സ്കീം

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ഇൻകം സപ്പോർട്ട് സ്കീം ഖാദി വസ്ത്രങ്ങൾക്കുള്ള റിബേറ്റ്, ഖാദി നൂൽപ്പ്കാർക്കും നെയ്ത്തുകാർക്കും നൽകുന്ന ഉൽ പാദക ബോണസ്സും ഉത്സവ ബത്തയും നിലവിൽ കുടിശ്ശികയാണ്. 2024 മേയ് വരെ ഇൻകം

സപ്പോർട്ട്  ഇനത്തിൽ 38 കോടി രൂപയാണ് കുടിശ്ശിക.  പ്രൊഡക്ഷൻ ഇൻസെൻറീവ് ഇനത്തിൽ 7 കോടി രൂപയും റിബേറ്റ് ഇനത്തിൽ 35 കോടി രൂപയും കുടിശ്ശികയാണ്. ആകെ 80 കോടി രൂപ കുടിശ്ശികയാണ്. ഇത് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കും.

**4. കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി**

കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽനിന്ന് 8219 വർക്കർമാർക്കും 8946 ഹെൽപ്പർമാർക്കുമായി ആകെ 17165 പേർക്ക് അംശദായ പെൻഷൻ നൽകിവരുന്നു. 2010 മുതൽ 2022 വരെ വിരമിച്ച വർക്കർമാർക്ക്  2024 മേയ്, ജൂൺ മാസങ്ങളിലെ പെൻഷൻ നൽകുന്നതിനായി  6.10 കോടി രൂപയും 2023 ഏപ്രിലിൽ വിരമിച്ചവർക്ക് 11 മാസത്തെ കുടിശ്ശിക നൽകുന്നതിന് 4.18 കോടി രൂപയും 2024-ൽ വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശികയായി 94.35 ലക്ഷം രൂപയുമുൾപ്പെടെ 11.22 കോടി രൂപ കുടിശ്ശികയുണ്ട്.  ഇത് അനുവദിക്കാനുള്ള നടപടി സ്വീകരിക്കും.

**5. ആരോഗ്യമേഖലയിലെ കുടിശ്ശിക**

കാരുണ്യ പദ്ധതിയുടെ ഭാഗമായും മരുന്ന് വിതരണത്തിനുള്ള ബില്ലുകളിലും വന്ന കുടിശ്ശിക സമയബന്ധിതമായി 2024-25 സാമ്പത്തിക വർഷത്തിൽത്തന്നെ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിക്കുകയാണ്. സർക്കാർ ആശുപത്രികളിൽ മരുന്നുലഭ്യതയ്ക്കും മറ്റും ഈ കുടിശ്ശിക തടസ്സമാകരുതെന്ന് സർക്കാരിന് നിർബന്ധമുള്ളതിനാൽ ഈ തുക പൂർണ്ണമായും കൊടുത്തുതീർക്കുന്നതാണ്.

**6. സപ്ലൈകോ**

വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോയ്ക്കുള്ള സഹായം, നെല്ല് സംഭരണം, നെല്ലുൽപാദനം എന്നിവയ്ക്ക് നൽകേണ്ട തുക, ദേശീയ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം വഹിക്കേണ്ട ചെലവുകൾ എന്നിവയിലെ കുടിശ്ശിക 2024-25 സാമ്പത്തിക വർഷംതന്നെ വിതരണം ചെയ്യുന്നതാണ്.

169 ത്രിവേണി സ്റ്റോറുകളെ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും മെഗാ ത്രിവേണി മാർക്കറ്റുകൾ ആരംഭിക്കാനും നീതി സ്റ്റോറുകളുടെ വാതിൽപ്പടി വിതരണം പുനരുജ്ജീവിപ്പിക്കാനും ഉദ്ദേശിക്കുന്നു. ത്രിവേണി/നീതി വിഭാഗത്തിൽ ഓണമുൾപ്പെടെയുള്ള ഉത്സവ കാലങ്ങളിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന സബ്സിഡി വിപണികൾ നടത്തും.

**7. കരാറുകാർക്കുള്ള കുടിശ്ശിക**

ബിൽ ഡിസ്ക്കൗണ്ടിംഗ് സ്കീംവഴി ലഭ്യമാക്കിയിട്ടുള്ള തുകയുടെ കുടിശ്ശിക 2024-25 സാമ്പത്തിക വർഷത്തിൽത്തന്നെ വിതരണം ചെയ്യുന്നതാണ്. ഈയിനത്തിൽ 2,500 കോടി രൂപയാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്.

**8. സ്കോളർഷിപ്പ് വിതരണം**

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ടവർക്കുമുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ആനുകൂല്യങ്ങളുടെ കുടിശ്ശിക 2024-25 സാമ്പത്തികവർഷംതന്നെ വിതരണം ചെയ്യുന്നതാണ്.

## 9. മറ്റ് ധനസഹായങ്ങൾ

വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കുള്ള ധനസഹായം, കാൻസർ, ക്ഷയം, ലെപ്രസി രോഗികൾക്കുള്ള ധനസഹായം, പമ്പിംഗ് സബ്സിഡി, യൂണിഫോം വിതരണത്തിന്റെ ഭാഗമായി കൈത്തറിത്തൊഴിലാളികൾക്കുള്ള കൂലിയും റിബേറ്റും, മിശ്രവിവാഹിതർക്കുള്ള ധനസഹായം, തണൽ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ധനസഹായം, മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ആചാര്യസ്ഥാനീയർ, കോലധാരികൾ എന്നിവർക്കുള്ള ധനസഹായം, മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിൽനിന്നുള്ള വിവാഹധനസഹായം എന്നീ ഇനങ്ങളിൽ ഈ സാമ്പത്തിക വർഷാവസാനത്തോടെ ഒരു കുടിശ്ശികയും നിലവിലില്ലെന്ന് സർക്കാർ വകുപ്പുകൾ ഉറപ്പുവരുത്തും. ഈ ഇനത്തിലെ കുടിശ്ശിക വിതരണത്തിൽ 103.91 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

മേൽപറഞ്ഞ കുടിശ്ശിക തുകകൾ 2024-25 സാമ്പത്തിക വർഷത്തിൽത്തന്നെ വിതരണം ചെയ്യാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## 10. ലൈഫ് മിഷൻ

അഞ്ചുവർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഓരോ വീടിനും നാല് ലക്ഷം രൂപ വീതമാണ് സർക്കാർ നൽകുന്നത്. ഇപ്രകാരം ഇതുവരെ അനുവദിച്ച 578025 വീടുകളിൽ 404529 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

പി.എം.എ.വൈ. (അർബൻ) പദ്ധതി പ്രകാരം 83261 വീടുകൾക്ക് 1,50,000 രൂപ വീതവും പി.എം.എ.വൈ (റൂറൽ) പ്രകാരം 33375 വീടുകൾക്ക് 72,000 രൂപ വീതവും കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ നിർമ്മിച്ച 116636 വീടുകൾക്ക് ആകെ കേന്ദ്ര സഹായം 1,489.2 കോടി രൂപയാണ്. ഇത്രയും വീടുകൾക്ക് ആവശ്യമായ ബാക്കി തുകയായ 3,176.2 കോടി രൂപ സംസ്ഥാന സർക്കാരാണ് അനുവദിച്ചത്. കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാന സർക്കാർ നൽകുന്ന വിഹിതംകൂടി വിനിയോഗിച്ചാണ് ഈ വീടുകൾ പൂർത്തിയാക്കിയിട്ടുള്ളത്.

287893 വീടുകൾ നിർമ്മിക്കാനുള്ള മുഴുവൻ തുകയും നൽകിയത് സംസ്ഥാന സർക്കാരാണ്. ലൈഫ് പദ്ധതിക്കായി 14,692.4 കോടി രൂപയാണ് ഇതിനകം സംസ്ഥാന സർക്കാർ ചെലവഴിച്ചത്. എന്നാൽ, ഈ ഇനത്തിൽ കേന്ദ്ര സർക്കാർ വിഹിതം 1,489.2 കോടി രൂപ മാത്രമാണ്. അതായത്, ലൈഫ് പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂരിപക്ഷം വീടുകൾക്കും സംസ്ഥാന സർക്കാരാണ് മുഴുവൻ തുകയും അനുവദിക്കുന്നത്. എന്നാൽ, ഇപ്രകാരം നിർമ്മിക്കുന്ന എല്ലാ വീടുകളെയും കേന്ദ്രസർക്കാരിന്റേതാക്കി ബ്രാൻഡ് ചെയ്യണമെന്നും പി.എം.എ.വൈ.-യുടെ ലോഗോ വീടുകളിൽ പ്രദർശിപ്പിക്കണമെന്നുമാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്നത്. ഈ നിലപാട് അംഗീകരിക്കാൻ കഴിയില്ലെന്ന് സംസ്ഥാന സർക്കാർ ഇതിനകംതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ലൈഫ് പദ്ധതിയിലൂടെ 5 ലക്ഷം വീടുകൾ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, പുനർഗേഹം പദ്ധതിയുടെ നടത്തിപ്പിലും ഗണ്യമായ പുരോഗതി കൈവരിക്കാൻ ലക്ഷ്യമിടുന്നു.

## 11. പെൻഷൻ പരിഷ്കരണ കുടിശ്ശിക

11-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ഭാഗമായി നടപ്പാക്കിയ പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക തുകയായ 600 കോടി രൂപ 2024-25 സാമ്പത്തിക വർഷംതന്നെ വിതരണം ചെയ്യുന്നതാണ്.

**12. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുവാനുള്ള ഡി.എ./ഡി.ആർ./ശമ്പള പരിഷ്കരണ കുടിശ്ശിക**

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മെച്ചപ്പെട്ട ശമ്പള പരിഷ്കരണം നടപ്പാക്കുകയും ഡി.എ. ഉറപ്പാക്കുകയും ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ 2021-22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ പണമായി നൽകുകയും ചെയ്തു. പക്ഷെ, തുടക്കത്തിൽത്തന്നെ വിശദീകരിച്ച കേന്ദ്രത്തിന്റെ പ്രതികൂല സമീപനം കാരണം കേരളം നേരിട്ട അസാധാരണമായ പണഞെരുക്കം ശമ്പള-പെൻഷൻ പരിഷ്കരണ കുടിശ്ശികകളും ജീവനക്കാർക്കുള്ള ക്ഷാമബത്ത, പെൻഷൻകാർക്കുള്ള ഡിയർനെസ്സ് റിലീഫ് എന്നിവയുടെ വിതരണത്തിൽ കുടിശ്ശിക വരാൻ ഇടയാക്കിയിട്ടുണ്ട്. ഈ കുടിശ്ശിക നിവാരണം ചെയ്യണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ./ഡി.ആർ. 2024ഏപ്രിൽ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2021 ജനുവരി 1 മുതൽ 2024-25 സാമ്പത്തിക വർഷത്തിന്റെ തുടക്കം വരെ ഏഴ് ഗഡു ഡി.എ./ഡി.ആർ. ആണ് കുടിശ്ശികയായി വന്നിട്ടുള്ളത്. ശമ്പള പരിഷ്കരണ കുടിശ്ശികയും സർക്കാർ ജീവനക്കാർക്ക് നൽകാനുണ്ട്. ഡി.എ./ഡി.ആർ./ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ സർക്കാർ ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. 2024-25 സാമ്പത്തിക വർഷം മുതൽ പ്രതിവർഷം രണ്ട് ഗഡു ഡി.എ./ഡി.ആർ., ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**13. വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകൾ**

സംസ്ഥാനത്തെ ചില ജില്ലകളിലെയും പ്രദേശങ്ങളിലെയും സവിശേഷ സാഹചര്യം കണക്കിലെടുത്ത് അവയുടെ വികസനത്തിനായാണ് മേൽപറഞ്ഞ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ സമയബന്ധിതമായും കാര്യക്ഷമമായും

പൂർത്തിയാക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. മേൽപറയുന്ന വയനാട്, ഇടുക്കി, കാസർഗോഡ് പാക്കേജുകൾക്കായി 75 കോടി രൂപ വീതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കാർഷിക മേഖലയുടെ വളർച്ചയ്ക്കും കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനും വേമ്പനാട് കായൽ വ്യവസ്ഥയെ പാരിസ്ഥിതികാഘാതങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനുമായുള്ള കുട്ടനാട് പാക്കേജിലെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമാക്കുന്നതാണ്. ഇതിനായി 2024-25 സാമ്പത്തിക വർഷം 203 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ 16621 ഹെക്ടറിലുള്ള ഏലം കൃഷിക്ക് സംഭവിച്ചിട്ടുള്ള കൃഷിനാശം കണക്കിലെടുത്ത് ഈ വിഷയം ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. 2024-25 സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ഇതിനായുള്ള സ്കീമുകൾ സമയബന്ധിതമായി തയ്യാറാക്കി തുക വിനിയോഗിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

എൻഡോസൾഫാൻ ദുരിതബാധിതരായ 1031 പേരെ കാസർഗോഡ് പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**14. ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം**

പ്രകൃതിക്ഷോഭങ്ങൾകാരണം ബാധിക്കപ്പെട്ടിട്ടുള്ള ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തിയ 1,000 കോടി രൂപ ഈ സാമ്പത്തിക വർഷംതന്നെ സമയബന്ധിതമായ പരിപാടികൾ തയ്യാറാക്കി ചെലവ് ചെയ്യാൻ ഉദ്ദേശിക്കുന്നു.

**15. ജലജീവൻ മിഷൻ**

ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള ആകെ ചെലവ് 42,000 കോടി രൂപയാണ്. ഇതിൽ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ 21,000 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. ഇതുവരെയുള്ള പ്രവൃത്തികൾ നടത്തിയ വകയിൽ കരാറുകാർക്കുള്ള കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കും. നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ 2025 ഒക്ടോബറോടുകൂടി പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന് ഭാരിച്ച സാമ്പത്തിക ബാധ്യതയാണ് സർക്കാരിനുമേൽ വന്നുചേരുന്നത്. പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുന്നതിനുള്ള ഈ പദ്ധതിയുടെ അടങ്കലിനായുള്ള തുകയുടെ സംസ്ഥാന സർക്കാർ വിഹിതം കണ്ടെത്തുന്നതിനായി നിലവിലെ കടപരിധിയിൽ തുകയ്ക്ക് തുല്യമായ തുക ഇളവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും.

**16. തരംമാറ്റം അനുവദനീയമായ ഭൂമിയിൽ 1291 ച.അടി വരെ വീട് നിർമ്മിക്കുന്നതിന് അനുമതിക്ക് നടപടിക്രമങ്ങളിൽ ഇളവ്**

ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ സ്വന്തം ആവശ്യത്തിനായുള്ള 1291 ചതുരശ്ര അടി വരെ വീട് നിർമ്മിക്കാൻ ഇളവ് ലഭ്യമാണ്. എന്നാൽ, ഈ ഇളവ് ലഭ്യമാണെന്നത് അറിയാതെ, അപേക്ഷകർ ഈ ആവശ്യത്തിലേയ്ക്ക് തരംമാറ്റത്തിനായി റവന്യൂ അധികാരികളെ സമീപിക്കുന്നുണ്ട്. ഈ ആനുകൂല്യം നിലവിലുണ്ടെന്നകാര്യം എല്ലാവരിലേയ്ക്കും എത്തിക്കുന്നതിന് നടപടി സ്വീകരിക്കും. ഇതിന് സ്പഷ്ടീകരണം നൽകി പ്രത്യേക നിർദ്ദേശം പുറപ്പെടുവിക്കും. ഈ ആനുകൂല്യത്തിന് അർഹതയുള്ള എല്ലാ അപേക്ഷകളും ഇപ്രകാരം തീർപ്പാക്കും. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ ജില്ലയിൽ മറ്റൊരിടത്തും വീട് നിർമ്മിക്കാൻ ഭൂമി ഇല്ലെങ്കിൽ വീട് നിർമ്മിക്കുന്നതിന് പഞ്ചായത്ത് പ്രദേശത്ത് 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് 5 സെന്റും നെൽവയൽ നികത്തി വീട് നിർമ്മിക്കാൻ ഒറ്റത്തവണ അനുമതി നൽകാൻ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയിൽ നിലവിലുള്ള നടപടിക്രമം ലഘൂകരിക്കുകയും വേഗത്തിലാക്കുകയും ചെയ്യും. ഇതിനായി ഒരു ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തും. ഇത്തരം കേസുകളിൽ വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നുവെന്ന വ്യവസ്ഥ തടസ്സമാവില്ല. ഇതിനും പ്രത്യേകമായ ഉത്തരവ് പുറപ്പെടുവിക്കും.

**വരുമാന വർദ്ധനയും ചെലവ് ചുരുക്കലും സംബന്ധിച്ച നടപടികൾ**

വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം ചെലവുകളിൽ മിതവ്യയം പാലിക്കുകയും സർക്കാർ സേവനങ്ങൾ ജനങ്ങളിൽ സുതാര്യമായും സങ്കീർണ്ണമല്ലാതെയും എത്തിക്കുന്നതിനുള്ള പ്രത്യേക ഉത്തരവുകൾ 2024 ജൂലൈ 31-നകം ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കുന്നതാണ്.

ഇതിന് മേൽനോട്ടം വഹിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

നികുതി-നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കാനുള്ള പരിശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. നികുതിയേതര വരുമാന വർധനയ്ക്കായി വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഇതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

സർക്കാർ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് തടസ്സംകൂടാതെ ലഭ്യമാക്കാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സാധാരണക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എല്ലാ നടപടികളും സ്വീകരിക്കും.

സംസ്ഥാന സർക്കാർ സ്വയം നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമ്പോൾത്തന്നെ, പരിമിതികൾക്ക് അകത്തുനിന്നുകൊണ്ട് നമ്മുടെ നാടിന്റെ വികസനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതോടൊപ്പം, ചെലവ് ചുരുക്കലിനുള്ള നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്.

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ അവരുടെ അവകാശമാണെന്ന് കരുതുന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. കേന്ദ്രസമീപനം മൂലമുണ്ടായ പണഞെരുക്കത്തിനിടയിലും വികസന-ക്ഷേമ പദ്ധതികളിൽനിന്നും സർക്കാർ പിന്നോട്ടുപോവുകയില്ല. കേന്ദ്രസർക്കാരിന്റെ സമീപനം സൃഷ്ടിച്ച പണഞെരുക്കത്തിന്റെ പ്രത്യാഘാതം നടപ്പുസാമ്പത്തിക വർഷവും അടുത്ത സാമ്പത്തിക വർഷവുമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനെതിരെ സാധ്യമായ നിയമനടപടികൾ തേടുന്നതോടൊപ്പംതന്നെ സ്വയംപരിശ്രമം നടത്തുന്ന കാര്യത്തിലും സർക്കാർ ശ്രദ്ധ പതിപ്പിക്കുന്നതാണ്.

സാധാരണക്കാർക്കും സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കും നൽകാനുള്ള സർക്കാർ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിലും കുടിശ്ശിക നിവാരണം ചെയ്യുന്നതിലും സംസ്ഥാന സർക്കാരിനുള്ള പ്രതിജ്ഞാബദ്ധത ഈ സഭയെ അറിയിക്കുകയാണ്.

## നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

# വയനാട് ദുരന്തമേഖലയിലെ പുനരധിവാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ

സർ, ഏറെക്കുറെ എല്ലാകാര്യങ്ങളും ഇവിടെ വ്യക്തമാക്കി കഴിഞ്ഞിരിക്കുകയാണ്. ഇനി വിശദമായ സംസാരത്തിന്റെ ആവശ്യകതയുണ്ടോയെന്ന സംശയത്തിലാണ് ഞാൻ തുടങ്ങുന്നത്. എങ്കിലും വയനാടിന്റെ പ്രശ്നമായതുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞുപോകുന്നതായിരിക്കും നല്ലതെന്നാണ് തോന്നുന്നത്. മേപ്പാടിയിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടൽ സമാനതകളില്ലാത്ത മഹാദുരന്തമായിരുന്നുവെന്നത് നമ്മളെല്ലാം അംഗീകരിക്കുന്ന കാര്യമാണ്. 251 ആളുകൾക്ക് ജീവൻ നഷ്ടപ്പെടുകയും 47 പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച എല്ലാ വിവരങ്ങളും മുമ്പുതന്നെ സഭയിൽ പരാമർശിച്ചിട്ടുള്ളതാണ്. 2024 ജൂലൈ 30-ന് പുലർച്ചെയാണ് ഉരുൾപൊട്ടലാണെന്ന് സംശയിക്കുന്ന ശബ്ദം നാട്ടുകാർ കേൾക്കുന്നത്. ഉടൻതന്നെ നാട്ടുകാരും ദുരന്തനിവാരണ അതോറിറ്റിയുടെ പരിശീലനം സിദ്ധിച്ച ആപ്ദ മിത്ര സിവിൽ ഡിഫൻസ് വോളണ്ടിയർമാരും നേതൃത്വം വഹിച്ചുകൊണ്ടുള്ള രക്ഷാപ്രവർത്തനങ്ങളും ആളുകളെ ഒഴിപ്പിക്കുന്ന പ്രവർത്തനങ്ങളുമെല്ലാം അവിടെനടന്നു. സർക്കാർ സംവിധാനങ്ങൾ, ജനപ്രതിനിധികൾ എന്നിവരെല്ലാം രക്ഷാപ്രവർത്തനങ്ങളിൽ പൂർണ്ണമായും പങ്കാളികളായി. നേതൃത്വപരമായ പങ്ക് എല്ലാവരും വഹിക്കുകയും ചെയ്തു. ഇതിനെല്ലാം നല്ല ഏകോപനത്തോടെ പ്രവർത്തനം നടത്താൻ കഴിഞ്ഞുവെന്നതുതന്നെയാണ് നമ്മുടെ നാടിന്റെ ഒരു പ്രത്യേകത. മുൻകൂറായി വിന്യസിച്ചിരുന്ന ദേശീയ ദുരന്തനിവാരണസേന 4.30-ഓടുകൂടി രക്ഷാപ്രവർത്തനം ആരംഭിച്ചിരുന്നു. അതോടൊപ്പം ആർമിയും വ്യോമസേനയും അവരുടെ സഹായം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചു. അങ്ങനെയാണ് ബെയ്‌ലി പാലം അവിടെ നിർമ്മിക്കാൻ സാധിച്ചതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഫയർ ആൻഡ് റസ്ക്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. ആഗസ്റ്റ് പത്തിനാണ് പ്രധാനമന്ത്രി ഈ സ്ഥലം സന്ദർശിക്കുന്നത്. അതിനുമുമ്പുതന്നെ ബഹുമാനപ്പെട്ട മന്ത്രിമാരായ സർവശ്രീ കെ. രാജൻ, എ. കെ. ശശീന്ദ്രൻ, ഒ. ആർ. കേളു, പി. എ. മുഹമ്മദ് റിയാസ് എന്നീ നാല് മന്ത്രിസഭാംഗങ്ങൾ ഒരു മന്ത്രിസഭാ ഉപസമിതിയെന്ന നിലയിൽ അവിടെ കാര്യങ്ങൾ നിർവഹിക്കുന്നുണ്ടായിരുന്നു. ഒരു ഘട്ടത്തിൽ ഏറെക്കുറെ എല്ലാ മന്ത്രിമാരും അവിടെയെത്തുന്ന സ്ഥിതിയുണ്ടായിരുന്നു.

ഒരു ദിവസംതന്നെ 14 മന്ത്രിമാർ ദുരന്തബാധിത പ്രദേശത്തുണ്ടാകുന്ന അവസ്ഥയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കന്മാർ, മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള നേതാക്കന്മാർ ഇവരെല്ലാം ആദ്യഘട്ടം മുതൽതന്നെ അവിടെ സന്ദർശിക്കുകയും എല്ലാക്കാര്യങ്ങൾക്കും നല്ലരീതിയിൽ അവരുടെ പങ്ക് വഹിക്കുകയും ചെയ്തുവെന്നതാണ് കാണാൻ സാധിക്കുന്നത്. ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി നേതാക്കളും സാമുദായിക പ്രവർത്തകരുമെല്ലാം അവിടെയെത്തുകയും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണ നൽകുകയും ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് മുനിസിപ്പൽ ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, ഡെപ്യൂട്ടി കളക്ടർമാർ എന്നിങ്ങനെയുള്ള ഉന്നത ഉദ്യോഗസ്ഥർ ജില്ലയിൽ ക്യാമ്പ് ചെയ്യുകയും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഏകോപനം, അടിസ്ഥാന വിവരശേഖരണം, വിശകലനം, അപഗ്രഥനം, റിപ്പോർട്ടിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകുകയും ചെയ്തു. ജില്ലാതലത്തിലും താലൂക്കുതലത്തിലും കൺട്രോൾ റൂമുകൾ കൂടുതൽ കാര്യക്ഷമമാക്കുകയും ദുരന്ത മേഖലയിൽ  റവന്യൂ, പോലീസ്, ഫയർ ഫോഴ്സ് എന്നീ വകുപ്പുകളുടെ കൺട്രോൾ റൂം സജ്ജമാക്കുകയും ചെയ്തു. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ചൂരൽമലയിൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് തുറന്നു. ദുരന്തബാധിതർക്കായി കളക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ച് ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തുകയും ചെയ്തു. അവിടെനിന്ന് മാറ്റി പാർപ്പിക്കാൻ ഉദ്ദേശിച്ച ആളുകൾക്കായി 17 ദുരിതാശ്വാസ ക്യാമ്പുകളാണ് ആരംഭിച്ചത്. ക്യാമ്പുകളിൽ താമസിപ്പിച്ചിട്ടുള്ള കുടുംബങ്ങളുടെയും വ്യക്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുകയും അതിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാധനസാമഗ്രികൾ സജ്ജീകരിക്കുകയും ചെയ്തു. ദുരന്തമുണ്ടായതും രക്ഷാപ്രവർത്തനം നടന്നതുമായ സ്ഥലങ്ങളിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 102 ഹരിത സേനാംഗങ്ങളും എഴുപതോളം സന്നദ്ധ സേനാംഗങ്ങളും സഹകരിച്ചു. അവിടെ കണ്ടെത്തിയ മൃതദേഹങ്ങളിൽ തിരിച്ചറിഞ്ഞവയെ  ബന്ധുക്കൾക്ക് കൈമാറുകയും തിരിച്ചറിയാത്തവയും ശരീര ഭാഗങ്ങളും പ്രത്യേക സ്ഥലമേറ്റെടുത്ത് സംസ്കരിക്കുകയും ചെയ്തു. ദുരന്തത്തിൽ മരണപ്പെട്ടവരുടെ മരണരജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ദുരന്തബാധിതർക്ക് നഷ്ടപ്പെട്ട രേഖകളും സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. ദുരന്തബാധിതരായ 794 കുടുംബങ്ങൾക്ക് വാടകയ്ക്ക് താമസിക്കാൻ അനുയോജ്യമായ കെട്ടിടങ്ങൾ വിവിധ തദ്ദേശസ്വയംഭരണ പരിധിയിൽ  കണ്ടെത്തി മുഴുവൻ കുടുംബങ്ങളെയും 28 ദിവസത്തിനുള്ളിൽ പുനരധിവസിപ്പിക്കാൻ സാധിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും പുനരധിവസിപ്പിക്കുന്ന ആളുകൾക്ക് അത്യാവശ്യ ഭക്ഷണസാധനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. വീടുകൾക്കാവശ്യമായ ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും വിതരണം ചെയ്തു. ഉരുൾപൊട്ടലിൽ തകർന്ന മുണ്ടക്കൈ സർക്കാർ എൽ.പി. സ്കൂളും വെള്ളാർമല സർക്കാർ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളും മേപ്പാടിയിൽ താൽക്കാലികമായി തുറന്നു. ദുരന്തമേഖലയിലെ 607 വിദ്യാർഥികളുടെ പഠനം പുനരാരംഭിക്കുകയും സൗജന്യ യാത്രാസൗകര്യവും പഠനസാമഗ്രികളുടെ ലഭ്യതയും ഉറപ്പുവരുത്തുകയും ചെയ്തു. 50-ാം ദിവസം തേയിലത്തോട്ടങ്ങളിൽ ജോലി പുനരാരംഭിച്ചു.

ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതരായ 131 കുടുംബങ്ങൾക്ക് എസ്.ഡി.ആർ.എഫ്.-ൽനിന്ന് നാല് ലക്ഷം രൂപയും സി.എം.ഡി.ആർ.എഫ്.-ൽനിന്ന് രണ്ട് ലക്ഷം രൂപയും വീതം ആകെ ആറ് ലക്ഷം രൂപ ഓരോ കുടുംബങ്ങൾക്കും നൽകാൻ സാധിച്ചു.  ഈയിനത്തിൽ എസ്.ഡി.ആർ.എഫ്.-ൽനിന്ന് 5,24,00,000 രൂപയും സി.എം.ഡി.ആർ.എഫ്.-ൽനിന്ന്

2,62,00,000 രൂപയും ചെലവായി. 173 പേരുടെ ശവസംസ്കാര ചടങ്ങുകൾക്കായി ഓരോ കുടുംബങ്ങൾക്കും 10,000 രൂപ വീതം നൽകി. ദുരന്തത്തിൽ ഗുരുതരമായി പരിക്കേറ്റ് ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം ആവശ്യമായിവന്ന 26 പേർക്ക് 17,16,000 രൂപ സഹായമായി നൽകി. ഇതിൽ 4,16,000 രൂപ എസ്.ഡി.ആർ.എഫ്.-ൽനിന്നും 13,00,000 രൂപ സി.എം.ഡി.ആർ.എഫ്.-ൽനിന്നുമാണ് അനുവദിച്ചത്. ദുരന്തത്തിൽ ഒരാഴ്ചയിൽ താഴെമാത്രം ആശുപത്രിവാസം ആവശ്യമായ രീതിയിൽ പരിക്കേറ്റ എട്ട് പേർക്ക് എസ്.ഡി.ആർ.എഫ്.-ൽനിന്ന് 43,200 രൂപയും സി.എം.ഡി.ആർ.എഫ്.-ൽനിന്ന് 4,00,000 രൂപയും അനുവദിച്ചു. ആകെ 4,43,200 രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്. ദുരന്തബാധിതരായ 1013 കുടുംബങ്ങൾക്ക് അടിയന്തര ധന സഹായമായി 10,000 രൂപ നൽകി. എസ്.ഡി.ആർ.എഫ്.-ൽനിന്നും 5,000 രൂപയും സി.എം.ഡി.ആർ.എഫ്.-ൽനിന്ന് 5,000 രൂപയും വീതം ആകെ 1,01,30,000 രൂപ ഇതിനായി ചെലവഴിച്ചു. ഉപജീവന സഹായമായി ദുരന്തബാധിത കുടുംബങ്ങളിലെ 1694 പേർക്ക് ദിവസം 300 രൂപ വീതം നൽകി. 30 ദിവസത്തേയ്ക്ക് ആകെ 1,52,46,000 രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്. ഈ സഹായം 60 ദിവസത്തേയ്ക്കുകൂടി വർധിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നേരത്തെ ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് കിടപ്പുരോഗികളായ 33 ഗുണഭോക്താക്കൾക്ക് പ്രത്യേക ധനസഹായമായി 2,97,000 രൂപ നൽകി. 722 കുടുംബങ്ങൾക്ക് പ്രതിമാസ വാടക 6,000 രൂപ വീതം നൽകിവരുന്നു. ആദ്യമാസ വാടകയായി ഇതുവരെ ഈയിനത്തിൽ 24,95,800 രൂപ ചെലവഴിച്ചു. 649 കുടുംബങ്ങൾക്ക് ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള ബാക്ക്-ടു-ഹോം കിറ്റുകൾ നൽകി. വയനാട് ഉരുൾപൊട്ടലിനെത്തുടർന്ന് ഇരുമാതാപിതാക്കളെ നഷ്ടപ്പെട്ട ആറ് കുട്ടികൾക്ക് പത്ത് ലക്ഷം രൂപ വീതവും മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട എട്ട് കുട്ടികൾക്ക് അഞ്ച് ലക്ഷം രൂപ വീതവും നൽകുന്നതിന് മന്ത്രിസഭായോഗം തീരുമാനിച്ചു. ശ്രുതിയുടെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. അതുപോലെ ഒറ്റപ്പെട്ടുപോയ ഏതെങ്കിലും ആളുകൾ ഇനിയും പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ അവരുടെ കാര്യം പ്രത്യേകമായിത്തന്നെ സർക്കാർ പരിഗണിക്കുകയും ചെയ്യും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 531,12,00,000 രൂപ ഇതുവരെ ലഭിച്ചു. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ സി.എസ്.ആർ. ഫണ്ടായി മൂന്നര കോടി രൂപ ഇതുവരെ ലഭിച്ചു. ദുരന്തവേളയിൽ സർക്കാർ സംവിധാനങ്ങൾക്കൊപ്പംതന്നെ നല്ലവരായ നാട്ടുകാരും സ്ഥാപനങ്ങളും പ്രവാസി സമൂഹവും നമ്മെ സഹായിക്കാൻ മുന്നോട്ടുവന്നുവെന്നത് പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. സഹായവുമായിവന്ന എല്ലാവരുടെയും പേര് പറയാൻ ഇപ്പോൾ സാധിക്കില്ല. എങ്കിലും ചില പ്രത്യേക പേരുകൾ പറയാൻ തയ്യാറാകുകയാണ്.

ശ്രീ. രാഹുൽ ഗാന്ധിയും കെ.പി.സി.സി.-യുംകൂടി പറഞ്ഞിട്ടുള്ള 100 വീടുകൾ, ഡി.വൈ.എഫ്.ഐ. - 100 വീടുകൾ, മുസ്ലീംലീഗ് - 100 വീടുകൾ, തണൽ - 100 വീടുകൾ, നാഷണൽ സർവീസ് സ്കീം - 150 വീടുകൾ, കേരള കാത്തലിക് ബിഷപ്പ് കൗൺസിൽ - 100 വീടുകൾ, ശോഭ ഗ്രൂപ്പ് - 50 വീടുകൾ, കെ. സി. ഈപ്പൻ (കെ.ജി.എ.ഗ്രൂപ്പ്) - 50 വീടുകൾ, എ. എം. വിക്രമരാജ വണിഗർ സംഘം, തമിഴ്നാട് - 40 വീടുകൾ, ബിസിനസ് ക്ലബ്, കോഴിക്കോട് - 40 വീടുകൾ ഇങ്ങനെ ഒട്ടനേകം സ്ഥാപനങ്ങളും വ്യക്തികളും സഹായവുമായി മുന്നോട്ടുവന്നിട്ടുണ്ട്. ഇതുകൂടാതെ ടൗൺഷിപ്പിലേയ്ക്ക് മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ഹോസ്പിറ്റൽ, സ്കൂൾ, ഹെൽത്ത് സെന്റർ തുടങ്ങിയവ പണിയുന്നതിനും ഓഫറുകൾ ലഭ്യമായിട്ടുണ്ട്. ടൗൺഷിപ്പിന്റെ മാസ്റ്റർപ്ലാൻ അന്തിമമാക്കിയശേഷം ഓഫറുകൾ നൽകിയവരുമായി വിശദമായ ചർച്ച സംഘടിപ്പിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവുമായും പ്രതിപക്ഷ ഉപനേതാവുമായും സഭാസമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. നാളെ യോഗം സംഘടിപ്പിക്കാൻ കഴിയുമെന്ന്

പ്രതീക്ഷിക്കുന്നു. ദുരന്തവുമായി ബന്ധപ്പെട്ട് മറ്റുസംസ്ഥാനങ്ങൾ നൽകിയ ധനസഹായങ്ങളും എടുത്തുപറയേണ്ടതാണ്. ആന്ധ്രാപ്രദേശ് 10 കോടിരൂപ, തമിഴ്നാട്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ 5 കോടി രൂപ വീതം, മേഘാലയ 1 കോടി 35 ലക്ഷം രൂപ, കർണ്ണാടക 1 കോടി രൂപ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. വീടുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ധനസഹായത്തിന് പുറമേയുള്ള സഹായ വാഗ്ദാനങ്ങളാണ് ഇത്. കെ.എസ്.ഇ.ബി.എൽ. 10 കോടി രൂപയും കല്ല്യാൺ ജൂവലേഴ്സ്, രവി പിള്ള ഫൗണ്ടേഷൻ, അദാനി ഗ്രൂപ്പ്, ലുലു ഗ്രൂപ്പ്, കേരളാ ബാങ്ക്, തൃശ്ശൂർ മുനിസിപ്പാലിറ്റി, കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ, കെ.എസ്.എഫ്.ഇ. എന്നിവിടങ്ങളിൽ നിന്നും 5 കോടി രൂപ വീതവും L&T 3.5 കോടി രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് അധികസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകുകയും 27-08-2024-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽകണ്ട് സഹായം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ മേഖലകളിലായി 1200 കോടിയിലധികം രൂപയുടെ നാശനഷ്ടമാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്. ഇത് കണക്കിലെടുത്തുകൊണ്ടുള്ള അധിക ധനസഹായത്തിനായി കേന്ദ്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആഗസ്റ്റ് 17-ന് മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചെങ്കിലും ദുരന്തത്തിന്റെ ഭാഗമായി ലഭിക്കേണ്ട പ്രത്യേക ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ എത്രയുംവേഗം പ്രത്യേക ധനസഹായം ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാമെന്ന് 13-10-2024-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ച വിവരവും സഭയെ അറിയിച്ചിട്ടുണ്ട്. ദുരന്തനിവാരണ വകുപ്പ് സെക്രട്ടറി കേന്ദ്ര ആഭ്യന്തര മന്ത്രാലയവുമായി ഇതിനോടകം ചർച്ചകൾ നടത്തിയിട്ടുണ്ട്. ദുരന്തഘട്ടങ്ങളിൽ ശരിയായ രീതിയിൽ കേന്ദ്ര സഹായം ലഭിക്കാത്ത ദുരനുഭവങ്ങൾ നമുക്കുണ്ട്. ലോകശ്രദ്ധയാകർഷിച്ച, നമ്മുടെ നാടിനെ ഏറ്റവും ഗുരുതരമായി ബാധിച്ച ഈ ദുരന്തത്തിന്റെ കാര്യത്തിലും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇനിയും അത്തരം അനുഭവങ്ങൾ ആവർത്തിക്കാതിരിക്കുകയെന്നത് വളരെ പ്രധാനമാണ്. കേന്ദ്രസഹായം ലഭിക്കുമെന്ന ശുഭപ്രതീക്ഷയാണ് ഇപ്പോഴും നമുക്കുള്ളത്.

വയനാട് മേപ്പാടി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാ എടുത്തിട്ടുള്ള കേസിന്മേൽ, കേസ് നമ്പർ WP(C)28509/2024 സെപ്റ്റംബർ 6-ാം തീയതി കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധി വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. കേരളം സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ വെളിച്ചത്തിൽ ദുരന്തബാധിതരായ ആളുകളുടെ ലോണുകൾ ദുരന്തനിവാരണ നിയമം 2005, സെക്ഷൻ 13 അനുസരിച്ച് എഴുതിത്തള്ളുന്നതുസംബന്ധിച്ചും വിവിധങ്ങളായ മറ്റ് ആവശ്യങ്ങൾ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചതുസംബന്ധിച്ചും പ്രസ്തുത വിധിയുടെ അവസാന ഖണ്ഡികയിൽ, കേന്ദ്രസർക്കാരിനോട് വിശദമായ മറുപടി നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ മറുപടി നൽകുന്നതിന് ഒക്ടോബർ 18-ാം തീയതിവരെ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതേ സുവോ മോട്ടോ കേസിൽ ഒക്ടോബർ 4-ാം തീയതിയിലെ വിധിയിൽ കേന്ദ്രസർക്കാരിനോട്, 18-ാംതീയതിക്കുള്ളിൽ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും അധിക സഹായം നൽകുന്നത് സംബന്ധിച്ച് അടിയന്തര തീരുമാനം കൈക്കൊണ്ട് കോടതിയെ അറിയിക്കാനായി ആവശ്യപ്പെട്ടിട്ടുണ്ട്. അമിക്കസ് ക്യൂറി സമർപ്പിച്ച റിപ്പോർട്ടുകളുടെ വെളിച്ചത്തിലാണ് കേന്ദ്രസർക്കാരിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി ഇത്തരം നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. ഇതിനിടയിൽ, ചില മാധ്യമങ്ങൾ മെമ്മോറാണ്ടത്തിലെ എസ്റ്റിമേറ്റ് തുകയെ വക്രീകരിച്ച് അവതരിപ്പിച്ച്, സമൂഹത്തിൽ തെറ്റിദ്ധാരണ പരത്താനുള്ള ശ്രമം നടത്തുകയാണ് ചെയ്തത്. ഇത്തരം മാധ്യമ രീതികളിലുള്ള അനിഷ്ടം കോടതിതന്നെ 10-10-2024-ൽ പുറപ്പെടുവിച്ച വിധിയിൽ പ്രകടിപ്പിച്ചിരുന്നു. മാധ്യമങ്ങളുടെ ഈ പ്രവണത അത്യന്തം അപലപനീയമാണ്. കേന്ദ്രസർക്കാർ 2024 ആഗസ്റ്റ് 14-ന് ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡത്തിൽ

പുതുതായി കൊണ്ടുവന്ന ഒരു നടപടിക്രമമാണ് പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസെസ്മെന്റ്. ഈ പ്രക്രിയയുടെ ഭാഗമായുള്ള ഫീൽഡ് പഠനം കേന്ദ്ര-സംസ്ഥാന വിദഗ്ധരടങ്ങിയ സംഘം പൂർത്തീകരിച്ചു. നിലവിൽ റിപ്പോർട്ട് റിവ്യൂ ഘട്ടത്തിലാണ്. ഈ മാസം അവസാനത്തോടെ പുതിയ നടപടിക്രമം അനുസരിച്ചുള്ള റിപ്പോർട്ട് നൽകാൻ സാധിക്കും. പുനർനിർമ്മാണത്തിന് സഹായം നൽകാൻ ഈ റിപ്പോർട്ട് കേന്ദ്രസർക്കാർ പരിഗണിക്കുമെന്നാണ് കരുതുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് ഈ വർഷം ലഭിക്കേണ്ട കേന്ദ്രവിഹിതം ലഭിച്ചിട്ടുണ്ട്. ഇത് 291.2 കോടി രൂപയാണ്. കൂടാതെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ അമ്പതിലധികം തൊഴിൽ ദിനങ്ങളും അനുവദിച്ചു. എന്നാൽ അധിക അടിയന്തര സാമ്പത്തിക സഹായം കേന്ദ്രത്തിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ലോകം മുഴുവൻ ശ്രദ്ധിച്ച ഒരു ദുരന്തമെന്ന നിലയിൽ കേരളത്തിന് അനുഭാവപൂർവം അധികസഹായം നൽകുമെന്നുതന്നെയാണ് ഇപ്പോഴും ഉറച്ച് വിശ്വസിക്കുന്നത്. ഉരുൾപൊട്ടലിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് മികച്ച പുനരധിവാസം ഉറപ്പാക്കുന്നതിന് 29-08-2024-ന് ഒരു സർവകക്ഷി യോഗം ചേരുകയുണ്ടായി. എല്ലാ കക്ഷികളും ആ യോഗത്തിൽ ഒരേ വികാരമാണ് പ്രകടിപ്പിച്ചത്. ആഗസ്റ്റ് 23-ന് മേപ്പാടിയിൽ എം.എൽ.എ.-മാർ, ദുരന്തബാധിത പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടെയുള്ള മുഴുവൻ ജനപ്രതിനിധികൾ, ദുരിതാശ്വാസ ക്യാമ്പിലുള്ളവർ, തുടങ്ങിയവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് പുനരധിവാസം സംബന്ധിച്ച് അവരുടെ അഭിപ്രായം അറിയുന്നതിന് ഒരു ജനകീയ യോഗം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പങ്കെടുത്തു. പുനരധിവാസത്തെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായംകൂടി കേൾക്കാൻ തയ്യാറാകുന്ന ആദ്യ അനുഭവമായിരുന്നു ഇത്. സമഗ്രവും സർവതലസ്പർശിയുമായ പുനരധിവാസമാണ് സർക്കാർ വിഭാവന ചെയ്യുന്നത്. ജനങ്ങൾ പങ്കുവച്ച നിർദേശങ്ങൾകൂടി പരിഗണിച്ചാകും അന്തിമരൂപം തയ്യാറാക്കുന്നത്. ദുരന്തം ബാക്കിയാക്കിയവരെ ചേർത്തുപിടിച്ച് അവർക്ക് കൂടുതൽ മെച്ചപ്പെട്ടതും സുരക്ഷിതവുമായ ജീവിതം വീണ്ടെടുത്ത് നൽകാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് സർക്കാർ. മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എച്ച്.എം.എൽ. എസ്റ്റേറ്റും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റൺ എസ്റ്റേറ്റും ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി മാതൃകാ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ദുരന്തനിവാരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചാണ് ടി സ്ഥലങ്ങൾ ഏറ്റെടുക്കുന്നത്. കാലതാമസംകൂടാതെ ആ സ്ഥലങ്ങൾ ഏറ്റെടുക്കുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ വിശദമാക്കിക്കഴിഞ്ഞു. ഭാവിയിൽ രണ്ടാമത്തെ നിലകൂടി പണിയുന്നതിന് സൗകര്യമുള്ള രീതിയിൽ, 1000 സ്ക്വയർ ഫീറ്റിൽ ഒറ്റനില വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. പുനരധിവാസ പാക്കേജിൽ ജീവനോപാധികളും ഉറപ്പാക്കുന്നു. വനിതകൾക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനവും ഇതോടൊപ്പം നൽകും. കർഷകർക്ക് കൃഷി ചെയ്യാനുള്ള സൗകര്യവും പാക്കേജിന്റെ ഭാഗമായി പരിഗണിക്കും. ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായും വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിലുൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായും പുനരധിവസിപ്പിക്കും. ഒന്നും രണ്ടും ഘട്ടങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക ജില്ലാ കളക്ടർ പ്രസിദ്ധീകരിക്കും. പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച വിശദമായ നിർദേശങ്ങൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുനരധിവാസ പാക്കേജിൽ ജീവനോപാധികൾ ഉറപ്പാക്കും. തൊഴിലെടുക്കാൻ കഴിയുന്ന പരമാവധി പേർക്ക് തൊഴിൽ ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. എല്ലാ സ്ത്രീകൾക്കും അവർക്ക് താൽപര്യമുള്ള തൊഴിലിൽ ഏർപ്പെടുന്നതിനാവശ്യമായ പരിശീലനം ഇതോടൊപ്പം നൽകും. വാടക കെട്ടിടങ്ങളിൽ കച്ചവടം നടത്തുന്നവരെക്കൂടി പുനരധിവാസത്തിന്റെ ഭാഗമായി സംരക്ഷിക്കും. പുനരധിവാസ പദ്ധതികളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായി (പി.എം.സി.), സർക്കാർ അംഗീകരിച്ച നിലവിലെ വ്യവസ്ഥകളനു

സരിച്ച് കിഫ്ബി മുഖേന മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. വിവിധ മേഖലകളിൽ ആവശ്യമായി വരുന്നപക്ഷം വിദഗ്ധരുടെ സേവനവും ഉപയോഗിക്കുന്നതാണ്. ഇതിനായി, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ടൗൺ പ്ലാനിംഗ്, ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ വകുപ്പുകളിൽനിന്നുമുള്ള അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെയായിരിക്കും പദ്ധതികളുടെ നിർവഹണം നടത്തുന്നത്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതാധികാര സമിതിയായിരിക്കും പദ്ധതിക്ക് മേൽനോട്ടം നൽകുന്നത്.

രണ്ട് ടൗൺഷിപ്പിലുംകൂടി ഏകദേശം ആയിരം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ പാർക്കുന്ന സമ്പൂർണ്ണ പുനരധിവാസം വേണ്ടിവരുന്ന കുടുംബങ്ങളുടെ എണ്ണം പൂർണ്ണമായും തിട്ടപ്പെടുത്തിയതിനുശേഷം കൂടുതൽ വീടുകൾ നിർമ്മിക്കേണ്ട ആവശ്യം വന്നാൽ അതിനുവേണ്ടി പ്രത്യേക പദ്ധതികൾ തയ്യാറാക്കാനാണുദ്ദേശിക്കുന്നത്. പദ്ധതി നിർവഹണ സമയം ചുരുക്കാനായി ടൗൺഷിപ്പുകൾ നിർമ്മിക്കാനുദ്ദേശിക്കുന്ന രണ്ട് ലൊക്കേഷനുകളുടെയും ടോട്ടൽ സ്റ്റേഷൻ സർവേയ്ക്കും ലിഡാർ സർവേയ്ക്കുമുള്ള കരാർ ഉടൻ നൽകുന്നതാണ്. പദ്ധതികൾ ടെണ്ടർവഴി നൽകുന്നതിന് മുന്നോടിയായി സർവേകൾ പൂർത്തീകരിക്കുന്നു. അതുവഴി മൊത്തം നിർവഹണ സമയത്തും മൂന്നുമാസം സമയം ലാഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. Engineering, Procurement and Construction (EPC) മാതൃകയിലാണ് പദ്ധതികൾ നിർവഹിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി EPC ടെണ്ടർ രേഖകൾ 2024 നവംബർ 15-നകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർദേശിച്ചിട്ടുള്ള പാരിസ്ഥിതിക സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചായിരിക്കും എല്ലാ നിർമ്മാണങ്ങളും നടത്തുന്നത്. നിലവിൽ സർവേ നടപടികൾക്കായി ടെൻഡർ ക്ഷണിച്ചുകഴിഞ്ഞു. സർക്കാർ അനുമതി ലഭ്യമായശേഷം ഒരാഴ്ചക്കകം പദ്ധതികൾ ടെൻഡർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡിസംബർ 31-ഓടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. പദ്ധതിക്കായി സാധന സാമഗ്രികളായി സഹായങ്ങൾ വാഗ്ദാനം ചെയ്ത സ്പോൺസർമാരിൽനിന്നും അവ സ്വീകരിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ സൃഷ്ടിക്കും. രണ്ട് ടൗൺഷിപ്പുകളിലെയും വീടുകളുടെയോ മറ്റ് സൗകര്യങ്ങളുടെയോ പൂർത്തീകരണത്തിന് പണമായി സംഭാവന നൽകാൻ സന്മനസ് പ്രകടിപ്പിച്ചിട്ടുള്ള സ്പോൺസർമാർക്ക് അവരുടെ സഹായം നൽകുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തും. അവരുമായി വിശദമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കും. ആ ഘട്ടമെത്താത്തതുകൊണ്ടാണ് അവരുമായി ചർച്ച നടത്താത്തത്. ദുരന്തത്തിൽ ജീവനോപാധികളും ബന്ധുമിത്രാദികളും നഷ്ടപ്പെട്ട അതിജീവിതർ, ഇവർ നേരിടുന്ന മാനസിക സമ്മർദം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ഈ അവസ്ഥ മറികടക്കാനായി Psycho Social Counselling നൽകാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ ദുരന്തസാധ്യത സംബന്ധിച്ച അറിവ്, അവയുടെ സാധ്യത സംബന്ധിച്ച പ്രവചനം എന്നിവ നൽകാൻ രാജ്യത്ത് ചുമതലപ്പെടുത്തിയിരിക്കുന്നത് Geological Survey of India (GSI) എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തെയാണ്. ജൂലൈ 29-ന് ഉച്ചയ്ക്ക് 2 മണിവരെയോ അതിനുമുമ്പേയുള്ള ദിവസങ്ങളിലോ ജൂലൈ 29, 30 തീയതികളിൽ ഔദ്യോഗിക സംവിധാനങ്ങളിൽനിന്ന് ഉരുൾപൊട്ടൽ പ്രവചിക്കപ്പെട്ടിട്ടില്ല. മഴയുടെ കാര്യത്തിൽ പ്രവചനം നൽകുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ഓരോ ദിവസവും ജില്ലാടിസ്ഥാനത്തിലുള്ള അടുത്ത അഞ്ച് ദിവസത്തേയ്ക്കുള്ള മഴ സാധ്യതാ പ്രവചനമാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നത്. ഇതുപ്രകാരം ജൂലൈ 27-ന് പുറപ്പെടുവിച്ച അഞ്ച് ദിവസത്തെ മഴ സാധ്യത പ്രവചനപ്രകാരം ജൂലൈ 28-ന് വയനാട് ജില്ലയ്ക്ക് മഞ്ഞ അലർട്ടും കോഴിക്കോട് ജില്ലയ്ക്ക് ഓറഞ്ച് അലർട്ടും നൽകിയിരുന്നു. ജൂലൈ 28-ന്റെ

പ്രവചനത്തിലും മുന്നറിയിപ്പ് അതേപടി തുടരുകയും ജൂലൈ 29, 30 തീയതികളിലേയ്ക്ക് കോഴിക്കോട്, വയനാട് ജില്ലകൾക്ക് മഞ്ഞ അലർട്ട് മാത്രം നൽകുകയും ചെയ്തു. ശ്രദ്ധിക്കേണ്ട കാര്യം ദുരന്തത്തിനുമുമ്പ് റെഡ് അലർട്ട് നൽകപ്പെട്ടിരുന്നില്ലെന്നതാണ്. നമ്മുടെ ദുരന്തപ്രവചന സംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തലും ശാക്തീകരണവും അനിവാര്യമാണെന്നാണ് മേൽക്കാര്യങ്ങൾ വെളിവാക്കുന്നത്. ഇക്കാര്യം 10-08-2024-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് നൽകിയ കത്തിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. തുടർനടപടികൾക്കായി കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്താനും ഉദ്ദേശിക്കുകയാണ്. ദുരന്തബാധിതരുടെ പുനരധിവാസത്തിനായി എം.പി.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ഇരുപത്തിയഞ്ച് ലക്ഷം രൂപവരെ വിനിയോഗം ചെയ്യാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. എം .എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ദുരിതാശ്വാസത്തിനായി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് പ്രത്യേകം ആലോചിക്കേണ്ടതുണ്ട്.

ദുരന്തബാധിത കുടുംബങ്ങൾക്കായുള്ള മൈക്രോ പ്ലാനിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഓരോ കുടുംബങ്ങളുടെയും ജീവിതാവസ്ഥ മെച്ചപ്പെട്ട സ്ഥിതിയിലേക്ക് അതിവേഗം എത്തിക്കുന്നതിനായി കുടുംബാധിഷ്ഠ മൈക്രോ പ്ലാനാണ് തയാറാക്കിവരുന്നത്. ജില്ലാഭരണകൂടം, കുടുംബശ്രീ മിഷൻ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, വിദഗ്ധർ എന്നിവരെ പങ്കെടുപ്പിച്ച് സെപ്റ്റംബർ 9-ന് വയനാട് കൽപ്പറ്റയിൽവച്ച് consultation ശില്പശാല സംഘടിപ്പിച്ചു. എല്ലാ കുടുംബങ്ങൾക്കും മൈക്രോ പ്ലാൻ ഉടൻതന്നെ തയ്യാറാക്കാൻ സാധിക്കും.

സഹായധന വിതരണത്തിൽ ചില വ്യക്തികൾ ഒഴിവാക്കപ്പെട്ടുവെന്നതിനെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുകയുണ്ടായി. ഇക്കാര്യത്തിൽ നാം ശ്രദ്ധിക്കേണ്ടത് ഇത് സംബന്ധിച്ച് കോടതിയുടെ മേൽനോട്ടവും ഉണ്ടെന്ന വസ്തുതയാണ്. കഴിഞ്ഞ ദിവസം ഹൈക്കോടതി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി തയാറാക്കിയ റിപ്പോർട്ട് പരിശോധിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ പതിനായിരം രൂപ കിട്ടാത്തവർ, മുന്നൂറ് രൂപയുടെ സഹായം ലഭിക്കാത്തവർ, ആറായിരം രൂപയുടെ വാടക ലഭിക്കാത്തവർ എന്നതരത്തിൽ അവർ തയ്യാറാക്കിയ റിപ്പോർട്ട് ജില്ലാഭരണ സംവിധാനത്തിന് നൽകുകയും മേൽ പരിശോധന നടത്തുകയും ചെയ്തു. പതിനായിരം രൂപ ലഭിച്ചില്ലെന്ന് പരാതിപ്പെട്ട ഇരുപത്തിരണ്ടിൽ പതിനഞ്ച് പേർക്ക് തുക നൽകി. നാലുകേസ്സുകൾ പരിശോധനയ്ക്ക് വില്ലേജിലേയ്ക്ക് കൈമാറി. മറ്റുള്ളവർ 10, 11, 12 വാർഡുകളിൽ ഉൾപ്പെട്ടവരല്ലെന്നാണ് കണ്ടത്. ഇത്തരത്തിലാണ് മറ്റു കേസ്സുകൾ. വ്യക്തമായ പരിശോധന നടത്തി മേപ്പാടിയിലെ 10, 11, 12 വാർഡുകളിലെ ദുരന്ത ബാധിതരായ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെയെല്ലാം ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വയനാടിനെയും ദുരന്തബാധിതരായ ജനങ്ങളെയും കൈപിടിച്ചുയർത്താൻ നാടിന്റെ നാനാഭാഗത്തുനിന്നും സഹായ വാഗ്ദാനങ്ങളുടെ പ്രവാഹമാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാന സർക്കാരുകൾ, രാഷ്ട്രീയ പാർട്ടികൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരെല്ലാം സഹായ വാഗ്ദാനവുമായി മുന്നോട്ടുവന്നിട്ടുണ്ട്. ഇതുവരെ ലഭിച്ച സഹായ വാഗ്ദാനങ്ങളെല്ലാം പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇവരെയെല്ലാം യോജിപ്പിച്ചുകൊണ്ട് ദുരന്തം അനുഭവിക്കുന്ന ഈ ജനതയെ ജീവിതത്തിന്റെ പുതിയ തലത്തിലേക്ക് കൈപിടിച്ചുയർത്തുകയെന്ന ദൗത്യമാണ് സർക്കാർ ഏറ്റെടുക്കുന്നത്. എല്ലാവർക്കും അറിയാവുന്നതുപോലെ ഇത് ഒറ്റ ദിവസംകൊണ്ട് ചെയ്തുതീർക്കാവുന്ന കാര്യമല്ല. കഴിയാവുന്നത്ര വേഗത്തിൽ ചെയ്യുകയെന്നുള്ളതാണ്, അതിൽ കാലതാമസമില്ലാതെ ചെയ്യുന്നതിനാണ് സർക്കാർ നടപടികളെടുത്തിട്ടുള്ളത്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണമാണ് ആവശ്യം. ഇതിന്റെ വിമർശനങ്ങൾക്കല്ല ഞങ്ങൾ കൂടുതൽ പ്രാധാന്യം കൊടുത്തതെന്നകാര്യം നേരത്തെ പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ശ്രദ്ധേയമായ ഒരു കാര്യമാണ്. ചില കേന്ദ്രങ്ങളിൽനിന്ന് സാധാരണ ഉണ്ടാകുന്നതുപോലെ ഒരുഘട്ടം കഴിഞ്ഞ് കടുത്ത വിമർശനം ഉയർ

ന്നുവന്നപ്പോൾ, അതേറ്റുപിടിക്കുന്നത് കാണാത്തപ്പോൾത്തന്നെ ആ ഒരുരീതിയാണ് നിങ്ങൾ സ്വീകരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. അതൊരു  സ്വാഗതാർഹമായ കാര്യമാണ്. ഇത്തരം കാര്യങ്ങളിൽ നമുക്ക് ഒന്നിച്ചുപോകാൻ സാധിക്കുകയാണ് വേണ്ടത്. കാരണം ടി വിഷയം നാടിന്റെ പ്രശ്നമാണ്; ആവശ്യമാണ്, ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ പ്രശ്നമല്ല. അതേസമയം, എന്തെങ്കിലും വീഴ്ചകൾ സംഭവിക്കുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നതിൽ ഒരുപിശകുമില്ല. എല്ലാവരുടെയും സഹകരണമാണ് ഇവിടെ ആവശ്യം, അത് ഏറ്റവും നല്ല രീതിയിൽ ഉണ്ടാകേണ്ട ഒരു ഘട്ടമാണിത്. പ്രതിപക്ഷ കക്ഷികൾക്ക് വലിയ പങ്ക് ഇക്കാര്യത്തിൽ വഹിക്കാൻ സാധിക്കും. പൂർണ്ണ സഹകരണം നിങ്ങളിൽനിന്ന് ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. കൂടുതൽ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഏറെക്കുറെ എല്ലാ കാര്യങ്ങളും പറഞ്ഞുകഴിഞ്ഞിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

# ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെക്കുറിച്ചുള്ള ചർച്ച

സർ, ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ സമയക്ലിപ്തതയെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. അദ്ദേഹത്തിന് അനുവദിച്ച സമയം അനുസരിച്ചാണെങ്കിൽ എനിക്ക് 3.45 മണിക്കൂറിലധികം സംസാരിക്കാൻ അവകാശമുണ്ടാകും. അത്രയൊന്നും സമയം ഞാനെടുക്കില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപത്തിന്മേൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുതൽ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ വരെയുള്ളവർ ചർച്ച നടത്തിക്കഴിഞ്ഞു. അവർ ഉന്നയിച്ച വിഷയങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. അത് പിന്നീട് എടുക്കാം. കേരളത്തിലെ നാനാജാതി മതസ്ഥരും മതനിരപേക്ഷതയും ജനാധിപത്യമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നവരാണ്. എൽ.ഡി.എഫ്.-ന്റെ സത്യസന്ധമായ നിലപാട് പൊതുസമൂഹത്തിന് ബോധ്യമായ കാര്യമാണ്. കേരളത്തിൽ സംഘ്പരിവാർ ശക്തികൾക്ക് വേരൂന്നാൻ സഹായിക്കുന്ന അപകടകരമായ രാഷ്ട്രീയം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടക്കുന്നുവെന്നത് ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. മറ്റൊന്ന് വ്യാജപ്രചരണങ്ങളാണ്. അത്തരം വ്യാജപ്രചരണങ്ങൾക്ക് അധികം ആയുസുണ്ടാവില്ലെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. 2016 മുതൽ എൽ.ഡി.എഫ്. സർക്കാർ സംസ്ഥാനത്ത് അധികാരത്തിലിരിക്കുകയാണ്. തിരഞ്ഞെടുപ്പ് ഘട്ടത്തിൽ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിന്റെ പുരോഗതി ഓരോവർഷവും ജനസമക്ഷം അവതരിപ്പിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് മാറ്റങ്ങളൊന്നും നടക്കില്ലെന്നും പ്രഖ്യാപിക്കപ്പെട്ട പല പദ്ധതികളും പ്രായോഗികമാവില്ലെന്നുമുള്ള നിരാശാജനകമായ ഒരു ബോധ്യം ജനങ്ങൾക്കുണ്ടായിരുന്നു. പല പദ്ധതികളും നടക്കില്ലെന്ന ചിന്തയാണ് 2016-ൽ കേരളത്തിൽ പൊതുവിലുണ്ടായിരുന്നത്. എന്നാൽ അത്തരം പദ്ധതികൾ നടപ്പിൽ വന്നതോടുകൂടി ജനങ്ങളുടെ മനോഭാവത്തിൽത്തന്നെ മാറ്റംവന്നു. ജനങ്ങളുടെ ആരോഗ്യകരമായ സമീപനത്തിൽനിന്നുതന്നെ അത് മനസ്സിലാക്കാൻ കഴിയുന്നതാണ്. പദ്ധതികളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ദേശീയപാതാ വികസനം, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി,

കൊച്ചി-ഇടമൺ പവർ ഹൈവേ എന്നിവയൊന്നും പ്രാവർത്തികമാവില്ലെന്ന് മനസ്സിലാക്കി അതുമായി ബന്ധപ്പെട്ട ജോലി ചെയ്യാൻ വന്നവർ തിരിച്ചുപോയ നാടാണ് നമ്മുടേത്. എന്നാൽ നിലവിൽ അതെല്ലാം നല്ലനിലയിൽ നടക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഗെയിൽ പൈപ്പ് ലൈൻ, പവർ ഹൈവേ എന്നീ പദ്ധതികൾ യാഥാർത്ഥ്യമായിക്കഴിഞ്ഞു. മഞ്ചേശ്വരം മുതൽ പാറശ്ശാലവരെ യാത്ര ചെയ്യുന്ന ഏതൊരാൾക്കും ദേശീയപാതയുടെ വികസനനില കാണാൻ സാധിക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. 2028-ഓടെ പ്രസ്തുത പദ്ധതി പൂർണ്ണതയിലേയ്ക്കെത്തിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യഥാർത്ഥത്തിൽ 2045 ആണ് പദ്ധതി പൂർണ്ണതോതിൽ പൂർത്തിയാകേണ്ട വർഷമായി കണക്കാക്കിയിരിക്കുന്നത്. എന്നാൽ നല്ലരീതിയിൽ അതിന്റെ പ്രവൃത്തി പുരോഗമിക്കുന്നതിനാൽ 2028-ഓടെ പദ്ധതി പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

രാജ്യത്തെ ആദ്യത്തെ സമർപ്പിത ട്രാൻസ്ഷിപ്മെന്റ് തുറമുഖമാണ് വിഴിഞ്ഞം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും മദർഷിപ്പുകൾ ഇതിനകംതന്നെ വിഴിഞ്ഞം തുറമുഖത്തെത്തിക്കഴിഞ്ഞു. ട്രയൽ റൺ വേളയിൽത്തന്നെ 137 കപ്പലുകളും 275000 കണ്ടെയ്നറുകളും വിഴിഞ്ഞം തുറമുഖത്തിന് കൈകാര്യം ചെയ്യാൻ കഴിഞ്ഞു. തുറമുഖത്തിന്റെ ഉന്നത നിലവാരമാണ് ഇതിലൂടെ വ്യക്തമാകുന്നത്. തുറമുഖ അനുഭവങ്ങളിൽത്തന്നെ ഇതൊരു റെക്കോർഡാണ്. കഴിഞ്ഞ എട്ടുവർഷക്കാലയളവിൽ പശ്ചാത്തല സൗകര്യ വികസനത്തിൽ വലിയ കുതിപ്പാണ് നമുക്ക് നേടാൻ സാധിച്ചത്. നമ്മുടെ നാടിന് വലിയൊരു ദുഷ്പേര് നിലനിന്നിരുന്നു. ദീർഘകാലം വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് അക്കാര്യങ്ങൾ നന്നായി അറിയാവുന്നതാണ്. ഈ നാട് ഒരു വ്യവസായ നിക്ഷേപ സൗഹൃദ നാടല്ല എന്നൊരു പ്രചരണമായിരുന്നു പൊതുവിലുണ്ടായിരുന്നത്. ആ പ്രചരണത്തിന്റെ മറ്റ് വശങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. എന്നാൽ അത്തരം പ്രചാരകർക്കൊന്നും ഇന്ന് അങ്ങനെ പ്രചരിപ്പിക്കാൻ കഴിയില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനമാണ് അതിനിടയാക്കിയതെന്ന് അഭിമാനപൂർവം ഞങ്ങൾക്ക് പറയാൻ സാധിക്കും. കാരണം ഇവിടെ ശക്തമായുണ്ടായിരുന്ന ചുവപ്പുനാട മുറിച്ച് കേരളത്തിൽ വരുന്ന സംരംഭകരോട് അനുകൂല സമീപനം സ്വീകരിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തെ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ ഇന്ന് ഒന്നാം സ്ഥാനത്താണ് കേരളം നിൽക്കുന്നത്.

വിജ്ഞാനാധിഷ്ഠിത സംരംഭങ്ങൾ സംസ്ഥാനത്ത് വലിയതോതിൽ ഉയർന്നുവരികയാണ്. സ്റ്റാർട്ടപ്പുകളുടെ വളർച്ചയിൽ സംസ്ഥാനത്തിന്റെ മുന്നേറ്റം കണ്ടില്ലെന്നുനടിക്കാൻ ആർക്കും കഴിയില്ല. രാജ്യത്തെ വിദഗ്ധരും നിഷ്പക്ഷമതികളുമെല്ലാം അക്കാര്യത്തിൽ സംസ്ഥാനത്തെ അഭിനന്ദിച്ചുകൊണ്ടിരിക്കുകയാണ്. 2011-16 കാലഘട്ടത്തിൽ കേരളത്തിൽ ആരംഭിച്ചത് 300 സ്റ്റാർട്ടപ്പുകളായിരുന്നു. എന്നാൽ 2016-നുശേഷം നാളിതുവരെ 6100-ഓളം സ്റ്റാർട്ടപ്പുകളാണ് സംസ്ഥാനത്ത് ആരംഭിച്ചത്. ഇതുവഴി 5,800 കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും 60000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഐ.ടി. വ്യവസായരംഗത്ത് കേരളം ഗണ്യമായ പുരോഗതി കൈവരിക്കുകയാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ ഐ.ടി. രംഗത്തെ കയറ്റുമതി വരുമാനം 34,123 കോടി രൂപയായിരുന്നു. നിലവിൽ അത് 90,000 കോടി രൂപ കടന്നിരിക്കുകയാണ്. 2016-ൽ ഐ.ടി. പാർക്കുകളിൽ 78068 പേരാണ് ജോലി ചെയ്തിരുന്നതെങ്കിൽ ഇന്ന് 147200 പേരാണ് അവിടെ ജോലി ചെയ്യുന്നത്. വ്യവസായ മേഖലയിൽ മികച്ച പുരോഗതിയാണ് കേരളം കൈവരിച്ചിട്ടുള്ളത്. അത് ആർക്കും കാണാൻ കഴിയുന്ന വസ്തുതയാണ്. 'സംരംഭക വർഷം' പദ്ധതിയുടെ ഭാഗമായി 341636 സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാരിന് കഴിഞ്ഞു. ഇതുവഴി 21,920.88 ലക്ഷം രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ട്.

724590 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി. ഇതിൽ ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിച്ചത് വനിതകളാണെന്നതും പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്.

കേരളത്തിന്റെ കാർഷിക മേഖല 2016-ൽ തളർന്നുകിടക്കുകയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാർ കാർഷിക മേഖലയെ ഉത്തേജിപ്പിക്കുന്നതിനുവേണ്ടി ശക്തമായ നടപടികളാണ് സ്വീകരിച്ചത്. നെൽകൃഷി രണ്ടര ലക്ഷം ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിച്ചത് അതിന്റെ തെളിവായി കാണാൻ കഴിയും. പച്ചക്കറി കൃഷിയുടെ വിസ്തൃതി

1.2 ലക്ഷം ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഉൽപാദന-വിപണന മേഖലകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് യുവതലമുറയെയടക്കം കൃഷിയിലേയ്ക്ക് ആകർഷിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കാർഷിക മൂല്യവർധനവിനും അതിനുതകുന്ന നടപടികളും സ്വീകരിച്ചുവരികയാണ്. നാളികേരത്തെക്കുറിച്ച് സഭയിൽ നേരത്തെ പരാമർശിക്കുകയുണ്ടായി. സംസ്ഥാനത്ത് നാളികേര കൃഷിതന്നെ ഏകദേശം ഇല്ലാതാക്കുന്ന നടപടികളാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിരുന്നത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കാർഷിക മേഖലയിൽ വലിയ ഉണർവുണ്ടായത്. നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽനിന്നും 34 രൂപയായി വർധിപ്പിച്ചു. നാളികേര ഉൽപാദനം വർധിപ്പിക്കുന്നതിനായി ആരംഭിച്ച കേരഗ്രാമം പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ്. ഇക്കഴിഞ്ഞ സാമ്പത്തികവർഷം 98 കേരഗ്രാമങ്ങൾ യാഥാർഥ്യമാക്കുകയും 1264000 തെങ്ങിൻതൈകൾ വിതരണം ചെയ്യുകയും ചെയ്തു.

കാർഷിക രംഗത്തെപ്പറ്റി പറയുമ്പോൾ ആസിയാൻ കരാറിനെക്കുറിച്ച് ഓർക്കാതിരിക്കാൻ പറ്റില്ല. ആസിയാൻ കരാർ ഒപ്പുവച്ചതിന് നേതൃത്വം കൊടുത്ത പാർട്ടിയാണല്ലോ കോൺഗ്രസ്. കേരളത്തിലെ യു.ഡി.എഫ്.-ഉം ആസിയാൻ കരാറിനെ ആവേശപൂർവം സ്വാഗതം ചെയ്തവരാണ്. ആസിയാൻ കരാറിനെതിരെ സമരം ചെയ്ത ഇടതുപക്ഷത്തെ വല്ലാതെ പരിഹസിക്കുകയായിരുന്നു അന്ന് യു.ഡി.എഫ്. ചെയ്തത്. റബ്ബർ കൃഷിയുടെ നട്ടെല്ലൊടിച്ചത് ആസിയാൻ കരാറാണ്. ആകാവുന്നവിധത്തിൽ റബ്ബർ കർഷകരെ ദ്രോഹിക്കുന്ന നിലപാടാണ് അന്ന് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ റബ്ബർ സബ്സിഡിക്കുള്ള തുക 600 കോടി രൂപയാക്കി ഉയർത്തി. റബ്ബർ റീപ്ലാന്റിംഗ് സബ്സിഡി 50,000 രൂപയായി ഉയർത്തണമെന്നും റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകുകയും സംസ്ഥാന സർക്കാർ റബ്ബറിന്റെ താങ്ങുവില 150 രൂപയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

അതുപോലെ, ക്ഷീര സഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ കർമ്മപദ്ധതികൾക്കാണ് സർക്കാർ ലക്ഷ്യംവച്ചിട്ടുള്ളത്. സംസ്ഥാനത്ത് 50 ഫോക്കസ് ബ്ലോക്കുകളെ തിരഞ്ഞെടുത്ത് സർക്കാർ വകുപ്പ് ബജറ്റ് വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും പ്രയോജനപ്പെടുത്തി പതിനായിരം ഉരുക്കളെ കർഷകർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കാനാണ് ലക്ഷ്യംവയ്ക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട 40 പഞ്ചായത്തുകളിൽ 'ക്ഷീര ഗ്രാമം' പദ്ധതി നടപ്പാക്കുകയാണ്. അത് ഈ മേഖലയിലെ ഒരു വലിയ കാൽവയ്പായിരിക്കും.

ശാസ്ത്ര സാങ്കേതിക രംഗത്ത് കേരളം വലിയ മുന്നേറ്റം നടത്തുകയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്നുണ്ട്. ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ, ഡിജിറ്റൽ സയൻസ് പാർക്ക്, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഇവയെല്ലാം ഈ സർക്കാരിന്റെ കാലത്ത് യാഥാർഥ്യമായതാണ്. ഓരോ മേഖലയിലും കൈവരിച്ച നേട്ടങ്ങൾ വിശദമായി വിവരിക്കാൻ തുടങ്ങിയാൽ ധാരാളം സമയം വേണ്ടിവരും. അതെല്ലാം നയപ്രഖ്യാപന പ്രസംഗത്തിലും നേരത്തെയുള്ള ചർച്ചകളിലും പ്രതിപാദിക്കപ്പെട്ടതായതുകൊണ്ട് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. എങ്കിലും ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്.

2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നവരുടെ എണ്ണം 34,43,414 ആയിരുന്നു. അന്ന് 18 മാസം കുടിശ്ശികയുണ്ടായിരുന്നു. 600 രൂപയായിരുന്നു അന്നത്തെ പെൻഷൻ. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പെൻഷൻ ഇനത്തിൽ ആകെ വിതരണം ചെയ്തത് 9,011 കോടി രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 35,154 കോടി രൂപ വിതരണം ചെയ്യുകയും ഈ സർക്കാർ നാളിതുവരെ 35,400 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. നിലവിൽ 63,67,000 പേർക്ക് 1600 രൂപ വീതം സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുകയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വിഹിതത്തിന്റെ ഏതാണ്ട് 98 ശതമാനവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. പെൻഷൻ നൽകാൻവേണ്ട തുകയുടെ വെറും 2 ശതമാനം മാത്രമാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. രാജ്യത്തെ ഏറ്റവും സമഗ്രമായ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി കേരളത്തിലാണ് നടപ്പാക്കുന്നത്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെൻഷനുകളിൽ വാർധക്യകാല പെൻഷൻ, ദേശീയ വിധവാ പെൻഷൻ, ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്ന് പെൻഷനുകൾക്കാണ് കേന്ദ്രവിഹിതമുള്ളത്. അത് 680000 പേർക്കാണ് ലഭിക്കുന്നത്. കേന്ദ്ര വിഹിതം 300 രൂപ വീതം മാത്രമാണ്. ഈ കേന്ദ്രവിഹിതവും കൃത്യമായി ലഭിക്കുന്നില്ലെന്നത് വേറൊരു ഭാഗമാണ്. 2023 ജൂലൈ മുതൽ അനുവദിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കേന്ദ്രവിഹിതവും സംസ്ഥാന സർക്കാരാണ് നൽകിയത്. അതിനായി ചെലവഴിച്ച 429 കോടി രൂപ ഇപ്പോഴും കേന്ദ്ര സർക്കാർ നൽകാൻ തയ്യാറായിട്ടില്ല. ആ ബാധ്യതയും സംസ്ഥാന സർക്കാർ വഹിക്കേണ്ട സ്ഥിതിയാണുള്ളത്.

കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടൊരു മേഖലയാണ് പരമ്പരാഗത വ്യവസായ മേഖല. യു.ഡി.എഫ്. ഭരണകാലത്ത് പ്രത്യേകിച്ച് കയർ, കൈത്തറി, ഖാദി തുടങ്ങിയ എല്ലാ മേഖലകളും അതിദയനീയാവസ്ഥയിലായിരുന്നു. തൊഴിലാളികൾ പട്ടിണിയിലേയ്ക്ക് വഴുതിവീഴുന്ന അവസ്ഥയായിരുന്നു. സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലകളെയാകെ പുനരുജ്ജീവിപ്പിക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനപൂർവം പറയുകയാണ്. പരമ്പരാഗത മേഖലയ്ക്കുള്ള ഇൻകം സപ്പോർട്ട് സ്കീമിന് 2011-16-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 210 കോടി രൂപയായിരുന്നു നൽകിയത്. എന്നാൽ എൽ.ഡി.എഫ്.-ന്റെ കഴിഞ്ഞ എട്ട് വർഷക്കാലംകൊണ്ട് 550 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഖാദി മേഖലയ്ക്ക് യു.ഡി.എഫ്. സർക്കാർ 260 കോടി രൂപയാണ് 2011-16 കാലയളവിൽ നൽകിയത്. എന്നാൽ ഈ എട്ട് വർഷക്കാലംകൊണ്ട് 437 കോടി രൂപയാണ് എൽ.ഡി.എഫ്. സർക്കാർ നൽകിയത്. കയർ മേഖലയ്ക്ക് 599 കോടി രൂപയാണ് യു.ഡി.എഫ്.-ന്റെ അഞ്ച് വർഷക്കാലയളവിൽ നൽകിയത്. എന്നാൽ എൽ.ഡി.എഫ്.-ന്റെ എട്ട് വർഷക്കാലയളവിൽ 1600 കോടി രൂപയാണ് നൽകിയത്. കശുവണ്ടി മേഖലയ്ക്കായി യു.ഡി.എഫ്.-ന്റെ അഞ്ച് വർഷക്കാലയളവിൽ 236 കോടി രൂപയായിരുന്നു നൽകിയിരുന്നതെങ്കിൽ എൽ.ഡി.എഫ്.-ന്റെ എട്ട് വർഷക്കാലയളവിൽ 660 കോടി രൂപയാണ് നൽകിയത്. കരകൗശല മേഖലയ്ക്ക് യു.ഡി.എഫ്.-ന്റെ അഞ്ചുവർഷത്തിൽ 25 കോടി രൂപയാണ് നൽകിയതെങ്കിൽ എൽ.ഡി.എഫ്.-ന്റെ എട്ടുവർഷംകൊണ്ട് 52 കോടി രൂപയാണ് നൽകിയത്. പരമ്പരാഗത തൊഴിൽ മേഖലയെ കൂടുതൽ ശാക്തീകരിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. യഥാർഥത്തിൽ തൊഴിലാളിക്ഷേമം ഉറപ്പുവരുത്തി ആധുനികവൽക്കരണവും കൂടുതൽ വിപണിയും ഉറപ്പുവരുത്തി മുന്നോട്ടുപോകാനുള്ള ശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്.

കേരളത്തിൽ 2011-16 കാലഘട്ടത്തിൽ ഭവനനിർമ്മാണ മേഖലയിൽ ഭവന പദ്ധതികളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ആകെ 3000 വീടുകളായിരുന്നു നിർമ്മിച്ച് നൽകിയത്. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ എട്ട് വർഷക്കാലംകൊണ്ട് 427736 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 111306 വീടുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാ

ണ്. യു.ഡി.എഫ്.-ന്റെ കാലത്ത് പാർപ്പിടങ്ങളൊരുക്കാൻ പ്രത്യേക പദ്ധതിയില്ലാതിരുന്നതിനാൽ എൽ.ഡി.എഫ്. സർക്കാർ 'ലൈഫ് മിഷൻ' ആവിഷ്കരിച്ചുകൊണ്ടാണ് ഇത് പൂർത്തീകരിക്കാൻ ശ്രമിച്ചത്. അതുപോലെ, മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ പ്രത്യേക പദ്ധതികളൊന്നും യു.ഡി.എഫ്. ഭരണകാലത്തുണ്ടായിരുന്നില്ല. എന്നാൽ 'പുനർഗേഹം' പദ്ധതി നടപ്പാക്കിക്കൊണ്ട് എൽ.ഡി.എഫ്. സർക്കാർ അതിനായി ശ്രമിച്ചുവരികയാണ്. 390 ഫ്ളാറ്റുകളും 2188 വീടുകളുമുൾപ്പെടെ ഈ പദ്ധതി മുഖേന 2578-ഓളം കുടുംബങ്ങൾക്ക് ഭവനങ്ങൾ ലഭ്യമാക്കാനായിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലായി 1184 ഫ്ലാറ്റുകളുടെയും 1240 വീടുകളുടെയും നിർമ്മാണം പുരോഗമിക്കുകയാണ്. ഇതിനുപുറമേ 'ലൈഫ്' പദ്ധതിയിൽ ഫിഷറീസ് വിഭാഗത്തിൽ 4268 പേർക്കും വീട് നൽകിയിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷക്കാലയളവിൽ ഫിഷറീസ് മേഖലയിൽ ആകെ 12104 കുടുംബങ്ങൾക്ക് വീട് നൽകാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് സ്വന്തം ഭൂമിയിൽ അവകാശമേതുമില്ലാതെ ജീവിക്കേണ്ടിവരുന്ന പാർശ്വവൽക്കൃത സമൂഹത്തിന്റെ നേർചിത്രമായിരുന്നു യു.ഡി.എഫ്. ഭരണകാലത്ത് കാണാൻ സാധിച്ചത്. പട്ടയം നൽകാൻ ആത്മാർഥമായ പരിശ്രമങ്ങൾ അക്കാലത്തുണ്ടായില്ല. എൽ.ഡി.എഫ്.-ന്റെ ഇക്കഴിഞ്ഞ 8 വർഷംകൊണ്ട് 357898 പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞു. ഇനി ശേഷിക്കുന്ന കാലയളവുകൊണ്ട് ഒന്നര ലക്ഷം പട്ടയങ്ങൾകൂടി വിതരണം ചെയ്ത് ആകെ 5 ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ആരോഗ്യ മേഖലയെ കരിവാരി തേയ്ക്കാൻ ബഹുമാന്യനായ പ്രതിപക്ഷനേതാവ് നടത്തിയ ശ്രമങ്ങൾ നാം കണ്ടല്ലോ. അതിന് ബഹുമാന്യയായ മന്ത്രി മറുപടി നൽകിക്കഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലത്ത് ആശുപത്രികൾ എങ്ങനെയാണ് പ്രവർത്തിച്ചിരുന്നതെന്ന് ഓർക്കുന്നുണ്ടാകുമല്ലോ? അന്ന് ആരോഗ്യരംഗംതന്നെ വെന്റിലേറ്ററിലായിരുന്നു. ഡോക്ടർമാർ, മരുന്നുകൾ, ആവശ്യമായ മറ്റ് സജ്ജീകരണങ്ങൾ ഒന്നുമില്ലാതിരുന്ന പൊതുജനാരോഗ്യ സംവിധാനമായിരുന്നു അന്നുണ്ടായിരുന്നത്. അന്നത്തെ ശോചനീയാവസ്ഥ ആർക്കും പെട്ടെന്ന് മറക്കാൻ സാധിക്കില്ല. സർക്കാർ മേഖലയിൽ ആരോഗ്യരംഗം കുത്തഴിഞ്ഞ അവസ്ഥയിലായിരുന്നു. അത് സ്വകാര്യ മേഖലയിൽ കടുത്ത ചൂഷണത്തിനിടയാക്കുകയും ചെയ്തു. ആശുപത്രികളിലെ അടിസ്ഥാനസൗകര്യങ്ങൾ ഗണ്യമായ തോതിൽ വർധിപ്പിക്കാനാണ് 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ആർദ്രം മിഷനിലൂടെ ശ്രമിച്ചത്. ആരോഗ്യ മേഖലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചു, മരുന്നുക്ഷാമം ഇല്ലാതാക്കി, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. ഇപ്പോൾ 688 കുടുംബാരോഗ്യ കേന്ദ്രങ്ങൾ യാഥാർഥ്യമായി. ബാക്കിയുള്ളവ പെട്ടെന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 2016-ലെ യു.ഡി.എഫ്. ഭരണകാലത്ത് ആരോഗ്യമേഖലയ്ക്കുള്ള ബജറ്റ് വിഹിതം 665 കോടി രൂപയായിരുന്നു. അത് ഓർക്കാൻവേണ്ടി കുറിച്ചുവയ്ക്കുന്നത് നന്നായിരിക്കും. ഇപ്പോൾ, എൽ.ഡി.എഫ്.-ന്റെ കാലത്ത് കൊടുക്കുന്നത് 665-ന്റെ സ്ഥാനത്ത് 2,800 കോടിയോളം രൂപയിലെത്തി നിൽക്കുകയാണ്. പ്രതിവർഷം 1600 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകി രാജ്യത്തുതന്നെ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പാക്കുകയാണ് എൽ.ഡി.എഫ്. സർക്കാർ. സർക്കാർ ആശുപത്രികളിൽ ട്രോമാ കെയർ നെറ്റ്വർക്ക് സംവിധാനം സാക്ഷാത്കരിക്കും. സാന്ത്വന പരിചരണ മേഖലയിൽ സാന്ത്വന പരിചരണ ഗ്രിഡ് ആരംഭിക്കും. പൊതുവിദ്യാഭ്യാസ രംഗമെടുത്താൽ, യു.ഡി.എഫ്.-ന്റെ 2011-16 കാലഘട്ടം എല്ലാവർക്കും ഓർമ്മയുള്ള കാലമായിരിക്കുമല്ലോ. കുട്ടികൾ പൊതുവിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോകുന്ന അവസ്ഥ, പാഠപുസ്തകങ്ങൾ കൃത്യമായി നൽകാത്ത അവസ്ഥ, ഫോട്ടോസ്റ്റാറ്റെടുത്ത് കുട്ടികൾക്ക് പഠിക്കേണ്ടിവരുന്ന അവസ്ഥ എന്നിങ്ങനെയുള്ള ഗതികേടായിരുന്നു അന്നുണ്ടായിരുന്നത്. മാത്രവുമല്ല, ലാഭകരമല്ലെന്ന കാരണത്താൽ സ്കൂളുകൾ അടച്ചുപൂട്ടുന്ന സ്ഥിതിയിലുമായിരുന്നു. കണ്ണായ സ്ഥലങ്ങളിലെ സ്കൂളുകൾ ഇത്തരത്തിൽ വിൽപന

നടത്താൻ മാനേജർമാർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന നിലപാടായിരുന്നു യു.ഡി.എഫ്. സ്വീകരിച്ചിരുന്നത്. എന്നാൽ പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്താനുള്ള നടപടിയായിട്ടാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന മിഷൻ പ്രവർത്തനമാരംഭിച്ചത്. അതിന്റെ ഭാഗമായി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിച്ചു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോകുന്നത് അവസാനിച്ചുവെന്ന് മാത്രമല്ല, 10 ലക്ഷം കുട്ടികൾ കൂടുതലായി പൊതുവിദ്യാലയങ്ങളിലേയ്ക്ക് വന്നുചേരുന്ന അവസ്ഥയുണ്ടായി. 2016 മുതൽ ഇങ്ങോട്ട് പൊതുവിദ്യാലയങ്ങളുടെ വികസനത്തിനായി 5,000 കോടിയോളം രൂപയുടെ നിക്ഷേപമാണ് നടത്തിയിട്ടുള്ളത്. ഇതിൽ 3,000 കോടിയോളം രൂപ കിഫ്ബി മുഖേനയും 2,000 കോടിയോളം രൂപ പ്ലാൻ ഫണ്ടും ഇതര ഫണ്ടുകളും മുഖേനയുമാണ് അനുവദിച്ചത്.

യു.ഡി.എഫ്.-ന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേകമായ എന്തെങ്കിലും പദ്ധതികളുണ്ടായിരുന്നോ? ഒരു പദ്ധതികളുമുണ്ടായിരുന്നില്ല. ഒരു ദിവസംപോലും സർവകലാശാലകളിൽ പഠിപ്പിച്ചിട്ടില്ലാത്ത വ്യക്തികളെവരെ വൈസ് ചാൻസലറാക്കുന്ന സാഹചര്യമായിരുന്നു അന്നുണ്ടായിരുന്നത്. ഇവരിൽനിന്ന് പഠിച്ചതാണോയെന്ന് അറിയില്ല; ഇപ്പോൾ യു.ജി.സി. ഇത്തരത്തിലൊരു നിർദേശം വച്ചിട്ടുണ്ട്. വൈസ് ചാൻസലറാകാനുള്ള യോഗ്യതയിൽ അവർ കോളേജിൽ പഠിപ്പിക്കണമെന്നില്ലെന്നും വ്യവസായി ആയാൽമതിയെന്നും പറഞ്ഞിരിക്കുകയാണ്. എൽ.ഡി.എഫ്. ഭരണത്തോടെയാണ് യഥാർഥത്തിൽ സർവകലാശാലകൾക്ക് ജീവൻ തിരിച്ച് ലഭിച്ചത്. മികവിന്റെ കാര്യത്തിൽ വലിയ മുന്നേറ്റമാണ് ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ളത്. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് എൽ.ഡി.എഫ്. നടത്തിവരുന്നത്. അതിന്റെ ഫലമായി സംസ്ഥാനത്തെ എട്ട് സർവകലാശാലകൾക്ക് NAAC (National Assessment and Accreditation Council) അക്രെഡിറ്റേഷൻ ലഭിച്ചു. 359 കോളേജുകൾക്കും NAAC അക്രെഡിറ്റേഷൻ ലഭിച്ചു. ഇതിൽ 82 കോളേജുകൾക്ക് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിലാണ് അംഗീകാരം ലഭിച്ചത്. ഉന്നത വിദ്യാഭ്യാസ മേഖല വേണ്ടത്ര നിലവാരമില്ലാത്ത നിലയിലാണെന്ന് നേരത്തെ പ്രതിപക്ഷ ഉപനേതാവ് പ്രസ്താവിക്കുകയുണ്ടായി. ഇപ്പോൾ അദ്ദേഹം ഇവിടെയില്ല. അതിനെ നമ്മൾ കാണേണ്ടത്, നമ്മുടെ സർവകലാശാലകളിൽ കേരള സർവകലാശാലയും എം.ജി. സർവകലാശാലയും A++ ഗ്രേഡും കാലടി സർവകലാശാല A+ ഗ്രേഡും കരസ്ഥമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ റാങ്കിംഗ് പരിശോധിച്ചാൽ, അതായത് ഇന്ത്യയിലെ യൂണിവേഴ്സിറ്റികളുടെ നിലവാരമെടുത്താൽ ആദ്യത്തെ പന്ത്രണ്ടിൽ മൂന്നെണ്ണം കേരളത്തിലെ യൂണിവേഴ്സിറ്റികളാണ്. ഒരു ഡസൻ യൂണിവേഴ്സിറ്റികളുടെ കണക്കെടുത്താൽ അതിൽ മൂന്നെണ്ണം കേരളത്തിലേതാണ്. ഒൻപതാം സ്ഥാനത്ത് കേരള യൂണിവേഴ്സിറ്റിയും പത്താം സ്ഥാനത്ത് കൊച്ചിൻ യൂണിവേഴ്സിറ്റിയും പതിനൊന്നാം സ്ഥാനത്ത് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയും നാൽപ്പത്തിമൂന്നാം സ്ഥാനത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമാണ്. അതായത്, സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വൻതോതിൽ വർധിച്ചുവെന്നതാണ് കാണേണ്ടത്. സർവകലാശാലകളിലെ ഗവേഷണ ഫലങ്ങൾ സാമൂഹികാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിനായി ട്രാൻസിലേഷൻ ലാബുകൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ട്. ഭാവിയിൽ കേരളത്തെ ഒരു നോളജ് ഇക്കോണമിയായി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഏറ്റവും നിർണ്ണായകമാകുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റമാണ്. അതിനായുള്ള പരിശ്രമത്തിലാണ് എൽ.ഡി.എഫ്. സർക്കാർ. രാജ്യത്തെമ്പാടും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വലിയ ഭീഷണി നേരിടുന്നുവെന്നത് ഇവിടെ എടുത്തു പറയേണ്ട വസ്തുതയാണ്. അവയുടെ സ്വയംഭരണാവകാശത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന നിലപാടാണ് സംഘ് പരിവാർ ശക്തികൾ സ്വീകരിക്കുന്നത്. ഇത് കൃത്യമായി തിരിച്ചറിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കേരളത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കാനുള്ള ശ്രമങ്ങൾക്കെതിരെ നിയമനടപടികളുമായി മുന്നോട്ടുപോകുകയാണ്.

സർവകലാശാലകളെ കൈപ്പിടിയിലൊതുക്കാനുള്ള ശ്രമങ്ങൾ ഗവർണറെ ഉപയോഗിച്ചുകൊണ്ട് കേന്ദ്ര സർക്കാരും സംഘ് പരിവാർ ശക്തികളും നടത്തിയ സാഹചര്യത്തിൽ സർവകലാശാലകളുടെ ജനാധിപത്യ സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനാണ് കേരളത്തിലെ സർവകലാശാലകൾക്ക് ഒരു വിദ്യാഭ്യാസ വിചക്ഷണനെ ചാൻസലറാക്കാൻ എൽ.ഡി.എഫ്. സർക്കാർ ഒരു ബിൽ അവതരിപ്പിച്ചത്. അത് നിയമമാകാതിരിക്കാൻ ബി.ജെ.പി.-ക്കും സംഘ് പരിവാറിനും വലിയ വ്യഗ്രതയാണ് കാണുന്നത്. ഈ സഭയിൽ അവർക്ക് അംഗമില്ലാത്തതുകൊണ്ട് ഇവിടെ അവരുടെ വികാരം പ്രകടിപ്പിക്കാൻ കഴിഞ്ഞില്ല, പക്ഷേ അക്കാര്യത്തിൽ പൂർണ്ണമായ നിലപാട് സ്വീകരിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞോയെന്ന് ചിന്തിക്കേണ്ടതാണ്. സംഘ് പരിവാർ അനുയായികളെ സർവകലാശാല സമിതികളിലേയ്ക്ക് പിൻവാതിലിലൂടെ ചാൻസലർ നാമനിർദേശം ചെയ്തതിനെ ഞങ്ങൾ എതിർത്തിരുന്നു. അപ്പോൾ കെ.പി.സി.സി. അധ്യക്ഷൻ പറഞ്ഞ കാര്യം ഓർക്കുന്നത് നല്ലതാണ്. 'അവരും ഒരു രാഷ്ട്രീയ പാർട്ടിയല്ലേ; അവർക്ക് എന്താണൊരു കുഴപ്പം' ഇങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ വാചകം. അദ്ദേഹം തമസ്കരിച്ചൊരു കാര്യം, ജനാധിപത്യപരമായ തിരഞ്ഞെടുപ്പിലൂടെ സർവകലാശാല സമിതികളിൽ പ്രവേശിക്കാൻ കഴിയാത്ത സംഘ് പരിവാർ അനുയായികളെ നാമനിർദേശത്തിലൂടെ കുത്തിത്തിരുകുന്ന പ്രവണതയാണ് അദ്ദേഹം കാണാതിരുന്നത്. പിൻവാതിൽ നാമനിർദേശങ്ങൾ വരുമ്പോൾ അതിൽ രണ്ട് സീറ്റ് ലഭിച്ചാൽ നല്ലതെന്ന മനോഭാവമാണ് കെ.പി.സി.സി. അധ്യക്ഷൻ പ്രകടിപ്പിച്ചത്. ചാൻസലർ പദവി ദുരുപയോഗം ചെയ്തുകൊണ്ട് കേരളത്തിലെ സർവകലാശാലകളിൽ സംഘ് പരിവാറുകാർ എന്ന കാരണംകൊണ്ട് മാത്രം മറ്റ് യോഗ്യതകൾ യാതൊന്നുമില്ലാത്തവരെ തിരുകിക്കയറ്റാനുള്ള നടപടികളെ പരിപൂർണ്ണമായും അനുകൂലിക്കുന്ന അപഹാസ്യമായ സമീപനവും ഇവിടെ സ്വീകരിക്കുന്നത് നാം കണ്ടു. അതിന്റെ ഭാഗമായി ഒന്നോ രണ്ടോ സെനറ്റ് അംഗങ്ങളെ ലഭിച്ചാൽ അത് വലിയ കാര്യമെന്ന മട്ടിലുള്ള നിലപാടെടുക്കുന്നതും നാം കണ്ടതാണ്. മതനിരപേക്ഷ കേരളത്തെയും സർവകലാശാലകളുടെ ജനാധിപത്യ സ്വയംഭരണ സ്വഭാവത്തെയുമാണ് ഒറ്റുകൊടുക്കുന്നതെന്നതാണ് ഇതിലൂടെ യു.ഡി.എഫ്. മനസ്സിലാക്കേണ്ടത്. ഇങ്ങനെ നടത്തുന്ന ഇരട്ടത്താപ്പ് ഈ സമൂഹം കാണുന്നുണ്ടെന്നത് നിങ്ങൾ തിരിച്ചറിയണം. ഇപ്പോൾ പുറത്തുവന്നിരിക്കുന്ന യു.ജി.സി.-യുടെ കരട് മാർഗനിർദേശങ്ങൾക്കെതിരെ കേരളവും തമിഴ്നാടും ശക്തമായി രംഗത്ത് വന്നിട്ടുണ്ട്. ആ കാര്യത്തിൽ നമുക്ക് ഒറ്റക്കെട്ടായി നിൽക്കാൻ കഴിഞ്ഞത് സ്വാഗതാർഹമായ കാര്യമാണ്. പക്ഷേ ഇത്തരത്തിൽ ഒന്നിച്ചുള്ള ശബ്ദമുയർത്തലിന് അൽപം താമസമുണ്ടാകുന്നില്ലേയെന്ന് പരിശോധിക്കുന്നത് നല്ലതാണ്. ഏതായാലും 'Better late than never' എന്ന ആപ്തവാക്യം നമുക്ക് നല്ലതുപോലെ ഓർക്കാം. സർവകലാശാലകളുടെ സ്വയംഭരണാവകാശം സംരക്ഷിക്കാനും നിയമസഭ പാസ്സാക്കുന്ന ബില്ലുകൾ നിയമമാകുന്നതിന് തടസ്സപ്പെടുത്തുന്ന ജനാധിപത്യവിരുദ്ധ സമീപനത്തിനെതിരെയും ഇപ്പോൾ നിയമപോരാട്ടം നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ ഈ നിയമസഭ പാസ്സാക്കിയ നിയമം ഉൾപ്പെടെയാണ് അംഗീകാരം ലഭിക്കാതിരിക്കുന്നത്, അക്കാര്യത്തിൽ നമുക്ക് ഒന്നിച്ച് നിൽക്കാൻ കഴിയണം. ജനാധിപത്യ സംവിധാനത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടമാണെന്ന് കണ്ടുകൊണ്ടുള്ള യോജിച്ച നിലപാട് സ്വീകരിക്കാനാകണം എന്നുകൂടിയാണ് അഭ്യർഥിക്കാനുള്ളത്.

കേരളത്തിലെ വിനോദസഞ്ചാര മേഖല വളരെ പ്രധാനപ്പെട്ടൊരു രംഗമാണെന്ന് എല്ലാവർക്കുമറിയാം. യു.ഡി.എഫ്. ഭരണകാലത്ത് സംസ്ഥാനത്തെ ടൂറിസം മേഖല അവഗണനയുടെ കയ്പ്പുനീർ കുടിച്ച കാലമായിരുന്നു. കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ പത്ത് ശതമാനത്തിലധികം വിനോദസഞ്ചാര മേഖലയുടെ സംഭാവനയായിരുന്നു. ഇത്രയും പ്രധാനപ്പെട്ടൊരു മേഖലയുടെ വളർച്ചയ്ക്കുവേണ്ട നൂതനമായ പദ്ധതികൾ യു.ഡി.എഫ്.-ന്റെ കാലത്തൊന്നുമുണ്ടായിട്ടില്ല. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ക്രിയാത്മകമായ ഇടപെടലാണ് ഈ രംഗത്ത് നടത്തിയത്. അതിന്റെ ഭാഗമായി ടൂറിസം രംഗത്ത് നല്ല കുതിച്ചുചാട്ടം നടത്താൻ

കഴിഞ്ഞിട്ടുണ്ട്. പക്ഷേ നമ്മുടെ നിയന്ത്രണത്തിലല്ലായിരുന്നു കോവിഡ് കാലം. കോവിഡ് മഹാമാരി ലോകത്താകെ ടൂറിസം മേഖലയ്ക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തിയത്. ഏതാണ്ട് രണ്ട് വർഷത്തോളം അതിന്റെ പ്രത്യാഘാതങ്ങൾ നീണ്ടുനിന്നു. കോവിഡിനുശേഷം സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖല മടങ്ങിവരവിന്റെ പാതയിലാണ് നിൽക്കുന്നത്. സഞ്ചാരികളുടെ എണ്ണം പരിശോധിച്ചാൽ കോവിഡിനുശേഷം റിക്കോർഡ് വർധനവുണ്ടായി ട്ടുണ്ടെന്ന് കാണാൻ കഴിയും. കോവിഡിനുമുമ്പ് 21.12 ശതമാനം വർധനവാണുണ്ടായിരുന്നത്. ലോകത്ത് കണ്ടിരിക്കേണ്ട സ്ഥലങ്ങൾ ദി ന്യൂയോർക്ക് ടൈംസ് അടയാളപ്പെടുത്തിയപ്പോൾ ഇന്ത്യയിൽനിന്ന് ആകെ ഉൾപ്പെടുത്തിയത് കേരളത്തെ മാത്രമാണ്. ബേപ്പൂർ മാതൃക ഉത്തരവാ ദിത്വ ടൂറിസം പദ്ധതിക്ക് ദേശീയ അംഗീകാരം ലഭിച്ചു. കടലുണ്ടി, കുമരകം എന്നീ സ്ഥലങ്ങൾ ക്ക് മികച്ച ടൂറിസം വില്ലേജുകൾക്കുള്ള ദേശീയ അംഗീകാരം നൽകി. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ കുറവ് മറികടക്കുന്നതിനായി പ്രത്യേക കാമ്പയിനുകൾ സംഘടിപ്പിക്കാനായി. വിനോദസഞ്ചാര വികസനം എല്ലായിടത്തും ഒരുപോലെ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ മലബാർ മേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

സർക്കാർ റെസ്റ്റ് ഹൗസുകൾ സാധാരണക്കാരന് അന്യമായിരുന്നു. ഇപ്പോൾ അത് പീപ്പിൾ സ് റെസ്റ്റ് ഹൗസുകളാക്കി മാറ്റി വിദേശസഞ്ചാരികൾക്ക് ഉൾപ്പെടെ ലഭ്യമാക്കുന്ന നടപടി സ്വീക രിച്ചു. കേരളം ഇരുട്ടിലാണ്ട ഒരു കാലം നേരത്തെ ഉണ്ടായിരുന്നുവെന്ന് നമുക്കറിയാം. അതിന് മാറ്റങ്ങൾ വന്നു. വൈദ്യുതിരംഗം നല്ലനിലയിൽ അഭിവൃദ്ധി പ്രാപിച്ചു. 2016-21 കാലത്ത് 400 മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപാദിപ്പിക്കാനായത്. കേരളത്തിന്റെ പ്രസരണ ഇടനാഴി 220 കിലോ വാട്ട് ആയിരുന്നത് 400 കിലോ വാട്ടിലേയ്ക്ക് ഉയർത്താൻ 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതിയാണ് നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി തൃശ്ശൂർ-അരീക്കോട് 400 കെ.വി. ലൈൻ 2019-ൽ കമ്മീഷൻ ചെയ്തു. വെല്ലുവിളികൾ മറികടന്ന് ഇടമൺ-കൊച്ചി പവർ ഹൈവേ പൂർത്തിയാക്കി. അരീക്കോട് നിന്ന് മാനന്തവാടി വഴി കാസർഗോഡ് വരെ 400കെ. വി. ഗ്രീൻ കോറിഡോർ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു. അതുസംബന്ധിച്ച് വിശദമായ വിവരങ്ങൾ ഇന്ന് ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി നൽകുകയുണ്ടായി. തിരുനെൽവേലി-ഇടമൺ 400 കെ.വി. അന്തർ സംസ്ഥാന കോറിഡോറും തമിഴ്നാട്ടിലെ പുഗ ലൂർനിന്ന് തൃശ്ശൂരിലേയ്ക്കുള്ള എച്ച്.വി.ഡി.സി. ലൈനും പൂർത്തിയാക്കി. ഉഡുപ്പി-കാസർഗോ ഡ് 400 കെ.വി. അന്തർ സംസ്ഥാന ട്രാൻസ്മിഷൻ ലൈനിന് അംഗീകാരം നേടി ടെൻഡർ നടപ ടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കേരള ബാങ്ക് യാഥാർത്ഥ്യമായതിന്റെ ഫലമായി സഹകരണ മേഖല ഇപ്പോൾ കുതിപ്പിന്റെ പാതയിലാണ്. കേന്ദ്രത്തിന്റെ പകപോക്കൽ സമീപനത്തിലും കേരളത്തിലെ സഹ കരണരംഗം പുറകോട്ട് പോയിട്ടില്ല, മുന്നോട്ടുതന്നെ കുതിക്കുകയാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനീകരണം പൂർണതയിലെത്തിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കു ന്ന കോമൺ സോഫ്റ്റ്വെയർ അതിവേഗതയിൽത്തന്നെ നടപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇത് സാധ്യമാകുന്നതിലൂടെ എല്ലാ കാര്യത്തിലും ഏകീകൃത സ്വഭാവം കൈവരിക്കാനാകും. അത് ഇന്നത്തെ കാലത്ത് ഒഴിച്ചുകൂടാനാകാത്തതാണ് എന്നുതന്നെയാ ണ് കാണുന്നത്. അതിന് മുൻതൂക്കം കൊടുത്തിട്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കേരള ബാങ്കിന്റെ നേതൃത്വത്തിൽ ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ 200 എണ്ണമായി ഉയർത്തി. നിലവിൽ 40 എണ്ണമാണ് ആരംഭിച്ചിരിക്കുന്നത്. മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണി യിലെത്തിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള ഉൽപന്നങ്ങൾക്ക് വിപ ണിക്കായുള്ള സൗകര്യങ്ങളും നിലവിൽ സഹകരണ വകുപ്പ് ഒരുക്കിയിട്ടുണ്ട്.

എൽ.ഡി.എഫ്. സർക്കാർ ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. നിലവിലെ 54.5 ശതമാനം ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 'വെൽ സെൻസസ്' വഴി സംസ്ഥാനത്തെ കിണറുകൾ, കുഴൽക്കിണറുകൾ, കുളങ്ങൾ, നീരുറവകൾ തുടങ്ങിയ എല്ലാവിധ ഭൂജല സ്രോതസ്സുകളുടെയും സ്ഥാനം, തരം, ആഴം, ജലലഭ്യത, ഉപയോഗം, മണ്ണിന്റെ ഘടന എന്നിങ്ങനെയുള്ള എല്ലാ വിവരങ്ങളും ശേഖരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.'വെൽ സെൻസസ്' പൂർത്തിയാകുന്നതോടെ കേരളത്തിലെ എല്ലാ പ്രദേശങ്ങളിലെയും ഭൂജല വിഭവശേഷി മനസ്സിലാക്കാനും വരൾച്ച സാധ്യത മേഖലകൾ കണ്ടെത്തി ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കാനും വരൾച്ചാ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ശുദ്ധജല ലഭ്യത ഉറപ്പാക്കാനും ജലജന്യരോഗങ്ങൾ തടയാനും സാധിക്കും. സംസ്ഥാനത്തൊട്ടാകെ 3540 ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ആയിരം കോടി രൂപ ചെലവിടാൻ ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇത് സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

അതിദാരിദ്ര്യ നിർമാർജനത്തിന് കൃത്യമായ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 64006 കുടുംബങ്ങളാണ് അതിദരിദ്രരായി നേരത്തെയുണ്ടായിരുന്നത്. അതിൽ 69.59 ശതമാനം കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കാനായി. 2025 നവംബർ ഒന്നോടെ കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറും. ദുരിതാശ്വാസനിധിയുടെ കാര്യം പരിശോധിച്ചാൽ കഴിഞ്ഞ എട്ടുവർഷംകൊണ്ട് 8,400 കോടി രൂപയാണ് ദുരിതാശ്വാസനിധിയിൽനിന്നും നൽകിയിട്ടുള്ളത്.

പൊതുവിതരണ സമ്പ്രദായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചുകഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലത്ത് പൊതുവിതരണ സമ്പ്രദായം തകരാറിലായിരുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. വലിയ തോതിലുള്ള കഥകൾ അക്കാലത്ത് പ്രചരിച്ചതും നമ്മുടെ ഓർമ്മയിലുണ്ട്. അക്കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ സർക്കാർ നല്ല രീതിയിലുള്ള ശ്രമം നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി എട്ടുവർഷംകൊണ്ട് എൽ.ഡി.എഫ്. സർക്കാർ 14,000 കോടി രൂപയാണ് ചെലവഴിച്ചത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 5,242 കോടി രൂപയായിരുന്നു ചെലവഴിച്ചത്. എൻ.എസ്.ഒ. (നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ)-യുടെ കണക്കുപ്രകാരം രാജ്യത്ത് ഏറ്റവും കുറവ് വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണ്. അതിനുകാരണം പൊതുവിതരണ സമ്പ്രദായം ശക്തിപ്പെട്ടതുതന്നെയാണ്. 1929 കൺസ്യൂമർഫെഡ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് കോവിഡ് കാലത്ത് സർക്കാർ ആരംഭിച്ചത്. വിലക്കയറ്റം പിടിച്ചുനിർത്താൻ 14000 റേഷൻ ഷോപ്പുകളും സജ്ജമാക്കി. കൂടാതെ ജനകീയ ഹോട്ടലുകൾ, സുഭിക്ഷ ഔട്ട്ലെറ്റുകൾ എന്നിവയെല്ലാം വലിയ തോതിൽ സമൂഹം അംഗീകരിച്ച കാര്യങ്ങളാണ്. ജനക്ഷേമ നടപടികളിലൂടെ വിപണിയിൽ കൃത്യമായി ഇടപെടുന്നതുകൊണ്ടാണ് പണപ്പെരുപ്പവും വിലക്കയറ്റവും കേരളത്തിൽ പിടിച്ചുനിർത്താനാകുന്നത്. 1450-ലധികം റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 2000 കെ-സ്റ്റോറുകൾകൂടി കേരളത്തിൽ പ്രവർത്തനസജ്ജമാക്കും. ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാലേകാൽ ലക്ഷത്തോളം മുൻഗണനാ കാർഡുകൾ നൽകാനായി. മാവേലി സ്റ്റോറുകൾ മുഖേന പതിമൂന്നിനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തെ കാര്യം പരിശോധിച്ചാൽ 109 സപ്ലൈകോ വിതരണ ശാലകളാണ് നവീകരിച്ച് പ്രവർത്തനമാരംഭിച്ചത്.

ദേശീയപാതയിൽ സംഭവിച്ച മാറ്റം നാട് പൊതുവിൽ കണ്ടുകൊണ്ടിരിക്കുന്നതാണ്. മഞ്ചേശ്വരം മുതൽ പാറശ്ശാലവരെയുള്ള മണ്ഡലങ്ങളുടെ പ്രതിനിധികളാണല്ലോ ഇവിടെയുള്ളത്. എല്ലാവരും യാത്ര ചെയ്യുന്നവരാണ്. റോഡ് വികസനവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള മാറ്റങ്ങളും ദേശീയപാതയുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതും കാണാതിരിക്കാൻ കഴിയില്ല. 2013-ൽ യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ട ഭൂമിയേറ്റെടുക്കൽ നടപടിമൂലമാണ്

ദേശീയപാത പണി പൂർത്തിയായതെന്ന് കഴിഞ്ഞ ദിവസം ഒരു അംഗം പറയുന്നത് കേട്ടു. അതിനൊക്കെ ഒന്നുംപറയാതിരിക്കുന്നതല്ലേ നല്ലത്; ഭരണത്തിലുള്ളപ്പോൾ കേരളത്തിലെ ദേശീയപാതയുടെ വികസനത്തിൽ ചെറുവിരൽ അനക്കാൻ യു.ഡി.എഫ്. തയ്യാറായോ; എന്നുമാത്രമല്ല പ്രതിപക്ഷത്തായപ്പോൾ അത് ഏതുവിധേനയും മുടക്കാൻ ശ്രമിച്ചതും കണ്ടതല്ലേ? 2011-16 കാലഘട്ടത്തിൽ ദേശീയപാത വികസനത്തിൽ കാണിച്ച അലംഭാവത്തെക്കുറിച്ച് നമുക്ക് അറിവുള്ളതാണ്. എന്നാൽ അന്ന് പ്രതിപക്ഷത്തിരുന്ന എൽ.ഡി.എഫ്. ദേശീയപാത വികസനത്തിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിരുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാൻ 20-03-2013-ന് അന്നത്തെ കേരള മുഖ്യമന്ത്രിക്ക് എഴുതിയ ഒരു കത്തുണ്ട്. കേരളത്തിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട എല്ലാ ജോലിയും ഉപേക്ഷിക്കാൻ തങ്ങൾ നിർബന്ധിതമാവുകയാണെന്നാണ് ആ കത്തിൽ അദ്ദേഹം പറഞ്ഞത്. ആ അറിയിപ്പ് ലഭിച്ചു, തുടർന്ന് 2013-ൽ കേന്ദ്ര സർക്കാർ എൻ.എച്ച്.17-ന്റെ കേരള-കർണ്ണാടക അതിർത്തി മുതൽ ഇടപ്പള്ളിവരെയുള്ള സ്ട്രെച്ചും എൻ.എച്ച്.47-ന്റെ (നിലവിലെ എൻ.എച്ച്.-66) ചേർത്തല-കഴക്കൂട്ടം സ്ട്രെച്ചും ദേശീയ ഹൈവേ വികസന പദ്ധതിയിൽനിന്നും ഡീ-നോട്ടിഫൈ ചെയ്തു. സമയബന്ധിതമായി സ്ഥലമേറ്റെടുത്ത് നൽകിയില്ലെങ്കിൽ കേരളത്തിൽ ദേശീയപാത വികസനം അവസാനിപ്പിക്കുമെന്ന് ദേശീയപാത അതോറിറ്റി വ്യക്തമാക്കി. അതിനുശേഷവും യാതൊരു തുടർനടപടിയും സ്വീകരിക്കാത്ത സ്ഥിതിവന്നു. തുടർന്ന് അവർ ദേശീയപാത അതോറിറ്റി ഓഫീസ് അടച്ച് കേരളം വിട്ടു. ഇതെല്ലാം നമ്മുടെ നാട്ടിൽ സംഭവിച്ച കാര്യങ്ങളാണ്. 45 മീറ്റർ വീതിയിൽ ദേശീയപാത നിർമ്മിക്കണമെന്ന ആവശ്യം സർവകക്ഷി യോഗത്തിൽ അംഗീകരിക്കപ്പെട്ടു. എന്റെ പാർട്ടിയുടെ പ്രതിനിധിയെന്ന നിലയിൽ അന്നത്തെ യോഗത്തിൽ പങ്കെടുത്ത ആളായിരുന്നു ഞാൻ. സർവസമ്മതമായി അംഗീകരിച്ച കാര്യമാണത്. എന്നാൽ ഭൂമി ഏറ്റെടുക്കാൻ മാത്രം ഗവൺമെന്റ് തയ്യാറായില്ല. നിക്ഷിപ്ത താൽപര്യക്കാർക്ക് മുന്നിൽ യു.ഡി.എഫ്.-ന്റെ മുട്ടുവിറയ്ക്കുകയാണുണ്ടായത്. 2016 വരെയുള്ള കാലയളവിൽ 27 കിലോമീറ്റർ നീളമുള്ളതും പുതുതായി ഭൂമി ഏറ്റെടുക്കേണ്ടതില്ലാത്തതുമായ തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം മാത്രമാണ് ആരംഭിച്ചത്. 2015-ൽ ആയിരുന്നു അത് ആരംഭിച്ചത്. ആകെയുള്ള 645 കിലോമീറ്ററിൽ 27 കിലോമീറ്റർ ആണ് തിരുവനന്തപുരം ബൈപ്പാസ് എന്നതും നാം ഓർക്കേണ്ടതാണ്. 2016-ൽ എൽ.ഡി.എഫ്. ഭരണത്തിലെത്തിയതോടെ കാര്യങ്ങളാകെ മാറി. അതിന്റെ വിശദമായ കണക്കുകൾ ഞാൻ അവതരിപ്പിക്കുന്നില്ല. ഏതായാലും നല്ല ജനപിന്തുണയാണ് അക്കാര്യത്തിൽ ലഭിച്ചത്. പക്ഷേ, നാം ഒരു പിഴ ഒടുക്കേണ്ടിവന്നു. കേരളത്തിലെ ഉയർന്ന ഭൂമി വില ചൂണ്ടിക്കാണിച്ച് ഭൂമിവിലയുടെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു. അപ്രകാരം തുക മുൻകൂറായി ദേശീയപാത അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. അത്തരത്തിലാണ് ദേശീയപാത വികസനത്തെ മുന്നോട്ടുനയിച്ചത്. നാളിതുവരെ 6,769 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുക സംസ്ഥാന സർക്കാർ ചെലവഴിക്കാതിരുന്നെങ്കിൽ ദേശീയപാത വികസനം യാഥാർഥ്യമാകുമായിരുന്നില്ല. 2011-16 കാലയളവിൽ ഭൂമിയേറ്റെടുക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ പ്രസ്തുത അധിക ബാധ്യതയുണ്ടാകുമായിരുന്നില്ല. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്ക ദൂരീകരിക്കാൻ സർക്കാരിന് കഴിഞ്ഞു. നിലവിൽ ദേശീയപാത 66-ന്റെ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്. തിരുവനന്തപുരം ബൈപ്പാസ്, കഴക്കൂട്ടം ഫ്ലൈ ഓവർ, പാലോളി, മൂരാട് പാലങ്ങൾ; നീലേശ്വർ റെയിൽവെ ഓവർ ബ്രിഡ്ജ് എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ദേശീയപാത വികസനം അന്തിമഘട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. വെങ്ങളം-രാമനാട്ടുകര, തലപ്പാടി-ചെങ്കള റീച്ചുകളും അന്തിമഘട്ടത്തിലാണ്. അരൂർ-തുറവൂർ ഫ്ലൈ ഓവർ പ്രവൃത്തിയും അതിവേഗം പുരോഗമിക്കുകയാണ്. വലിയ മാറ്റമാണ് ഇതിലൂടെ കേരളത്തിൽ കാണാൻ സാധിക്കുന്നത്. ഏറെക്കാലമായി ഇഴഞ്ഞുനീങ്ങിയിരുന്ന 'കുതിരാൻ ടണൽ' പ്രവൃത്തി പൂർത്തിയാക്കാനായി. കൃത്യമായ ആസൂത്രണത്തോടെയും ഏകോപിത പ്രവർത്തനങ്ങളി

ലൂടെയുമാണ് കുതിരാൻ ടണൽ പൂർത്തിയാക്കിയത്. അതുപോലെ മൂന്നാർ-ബോഡിമെട്ട്, നാട്ടുകാൽ-താണാവ് എന്നീ പ്രദേശങ്ങളിലെ ദേശീയപാത പ്രവൃത്തിയും പൂർത്തിയാക്കാൻ സാധിച്ചു.

കേരളത്തെ നല്ല ക്രമസമാധാനമുള്ള സംസ്ഥാനമെന്ന നിലയിലാണ് വിലയിരുത്തുന്നത്. ക്രമസമാധാനപാലനം തങ്ങളുടെകൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾ പോലീസിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന അന്തരീക്ഷമാണ് കേരളത്തിൽ നിലനിൽക്കുന്നത്. കുറ്റാന്വേഷണ മികവിൽ ദേശീയതലത്തിൽത്തന്നെ മുൻനിരയിലുള്ള സംസ്ഥാന പോലീസ് കഴിഞ്ഞ വർഷം തെളിയിച്ച പ്രമുഖ കേസുകൾ വലിയ വാർത്തയായതാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ എം.ഡി.എം.എ. വേട്ടയിൽ 3.407 കിലോഗ്രാം എം.ഡി.എം.എ.-യും പ്രതിയെയും കാസർഗോഡ് പോലീസിന് പിടികൂടാൻ കഴിഞ്ഞു. രാജ്യത്ത് ആദ്യമായി മയക്കുമരുന്ന് നിർമ്മാണകേന്ദ്രം ഹൈദരാബാദിൽ കണ്ടെത്തുകയും ഉടമസ്ഥനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. കേരള പോലീസാണ് അത് ചെയ്തത്. കേരളത്തിലെ ഏറ്റവും വലിയ ഓൺലൈൻ തട്ടിപ്പിന്റെ മുഖ്യപ്രതികളെ ആലപ്പുഴ ജില്ലാ ക്രൈംബ്രാഞ്ച് പിടികൂടി. 7 കോടി 64 ലക്ഷം രൂപയുടെ ഓൺലൈൻ തട്ടിപ്പാണ് ഇവർ നടത്തിയത്. അന്തർ സംസ്ഥാന ലഹരി കടത്ത് സംഘത്തലവനെ ഒഡീഷയിൽനിന്ന് പിടികൂടി. കേരളം കണ്ട ഏറ്റവും വലിയ ആസൂത്രിത എ.ടി.എം. കൊള്ള നടത്തിയ പ്രതികളെ തൃശ്ശൂർ പോലീസ് പിടികൂടി. സൈബർ തട്ടിപ്പിലൂടെ 4 കോടി രൂപ അപഹരിച്ച പ്രതികളെ രാജസ്ഥാനിൽനിന്നും കോഴിക്കോട് സിറ്റി സൈബർ പോലീസ് പിടികൂടി. കണ്ണൂർ വളപട്ടണത്തെ വ്യാപാരിയുടെ വീട്ടിൽനിന്നും ഒരു കോടി രൂപയും 300 പവൻ സ്വർണ്ണവും കവർന്ന കേസിലെ പ്രതിയെ കണ്ണൂർ സിറ്റി പോലീസ് വിദഗ്ധമായി പിടികൂടി. ഇപ്പോൾ വ്യാപകമായിട്ടുള്ള വെർച്വൽ അറസ്റ്റ് തട്ടിപ്പിന്റെ മുഖ്യപ്രതിയെ ബംഗാളിൽനിന്നും കേരള പോലീസ് പിടികൂടി. കാസർഗോഡ് പൂച്ചക്കാട് സ്വദേശിയായ വ്യാപാരിയിൽനിന്നും മന്ത്രവാദത്തിന്റെ പേരിൽ 5 കിലോഗ്രാംവരുന്ന സ്വർണ്ണം തട്ടിയെടുക്കുകയും വ്യാപാരിയെ കൊലപ്പെടുത്തുകയും ചെയ്ത കേസിലെ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തു. ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഭീതി പടർത്തിയ കുറുവാ സംഘാംഗത്തെ അറസ്റ്റ് ചെയ്തു. ചെറുവണ്ണൂർ ജ്വല്ലറി കവർച്ച കേസ് പ്രതികളെ നേപ്പാൾ അതിർത്തിയിൽനിന്നും പോലീസ് അറസ്റ്റ് ചെയ്തു. ഇതെല്ലാം ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. കഴിഞ്ഞദിവസം കോടതി, പ്രതിക്ക് വധശിക്ഷ വിധിച്ച ഷാരോൺ വധക്കേസ് പോലീസിന്റെ കുറ്റാന്വേഷണ മികവിന്റെ മറ്റൊരു ഉദാഹരണം കൂടിയാണ്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി ഫലപ്രദമാകുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കുട്ടികൾക്കെതിരെ 2023-ൽ 5903 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ഈ വർഷം അത് 4727 ആയി ചുരുങ്ങി. കഴിഞ്ഞ വർഷം 22 കുട്ടികളാണ് സംസ്ഥാനത്ത് കൊല്ലപ്പെട്ടത്. മുൻവർഷം ഇത് 33 ആയിരുന്നു. 102 കുട്ടികളെ കഴിഞ്ഞവർഷം തട്ടിക്കൊണ്ടുപോയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2023-ൽ ഇത് 191 ആയിരുന്നു. കഴിഞ്ഞവർഷം അത് 102 ആയിരുന്നു. സ്ത്രീകൾക്കെതിരായ അതിക്രമത്തിൽ 18980 കേസുകളാണ് 2023-ൽ രജിസ്റ്റർ ചെയ്തത്. കഴിഞ്ഞവർഷം ഇത് 17152 ആയി കുറഞ്ഞു. 2636 ബലാത്സംഗ കേസുകളും 3949 അതിക്രമ കേസുകളുമാണ് കഴിഞ്ഞവർഷം റിപ്പോർട്ട് ചെയ്തത്. സ്ത്രീധനപീഡനത്തിന്റെ പേരിൽ 3 പേർക്കാണ് ജീവൻ നഷ്ടമായത്. മുൻവർഷം ഇത് എട്ടായിരുന്നു. ഭർത്താക്കന്മാരുടെ ക്രൂരതയ്ക്ക് ഇരയാക്കപ്പെട്ട 4710 കേസുകൾ 2023-ൽ രജിസ്റ്റർ ചെയ്തപ്പോൾ കഴിഞ്ഞവർഷം ഇത് 4172 ആയി ചുരുങ്ങി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ സംസ്ഥാന സർക്കാർ വിവിധ പദ്ധതികളാണ് ആവിഷ്കരിച്ചത്. 'പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്' ഇതിൽ പ്രധാനമാണ്. സ്ത്രീകൾക്കെതിരായ അതിക്രമം സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യാനും നിയമ വിഷയങ്ങളിൽ അവഗാഹമുണ്ടാക്കാനും വനിത പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി.

സംസ്ഥാന സർക്കാരിന്റെ ഏകോപനവും ചുമതലാ നിർവഹണബോധവും കൃത്യമായി വെളിവാക്കിയ രണ്ട് ദൃഷ്ടാന്തങ്ങൾ സമീപനാളുകളിലുണ്ടായി. ഒന്ന്, ശബരിമല തീർഥാടകർക്ക് സുഗമമായ ദർശനമൊരുക്കിയതും രണ്ടാമത്തേത്, സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പുമായിരുന്നു. ശബരിമല തീർഥാടനകാലത്ത് പ്രതിമാസം തൊണ്ണൂറായിരത്തിനുമുകളിൽ തീർഥാടകർ ശബരിമല ദർശനത്തിനായി എത്തിയിരുന്നു. അവർക്കെല്ലാം ഒരു ബുദ്ധിമുട്ടുമില്ലാതെ ദർശനം സാധ്യമാക്കാനായി. കഴിഞ്ഞ സീസണിൽ 4677922 ഭക്തരാണ് ദർശനം നടത്തിയത്. ഈ വർഷം 5309906 ഭക്തർ ദർശനം നടത്തി. അതായത് 631984 ഭക്തർ അധികമായി ഈ വർഷം ദർശനം നടത്തിയിരുന്നു. 'സുഖ ദർശനം, സുരക്ഷിത ദർശനം' എന്ന ലക്ഷ്യത്തോടെ ഏകോപിതമായ പ്രവർത്തനമാണ് നടന്നത്. ഈ സീസണിൽ 18866 പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക് സുരക്ഷാ നിയന്ത്രണ ഡ്യൂട്ടിക്ക് നിയോഗിച്ചു. ആകെ 425000 വാഹനങ്ങൾ പാർക്കിങ്ങിനെത്തി. കെ.എസ്.ആർ.ടി.സി. ഈ വർഷം 147192 പമ്പ-നിലയ്ക്കൽ ചെയിൻ സർവീസുകളും 18628 ദീർഘദൂര സർവീസുകളും നടത്തി. ഈ സർക്കാർ ഇതുവരെ ശബരിമലയുടെ വികസനത്തിനായി 1033 കോടി 62 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്.

സംസ്ഥാന സ്കൂൾ കലോത്സവത്തെക്കുറിച്ച് പറയുമ്പോൾ, 25 കലാവേദികളിൽ 249 മത്സരയിനങ്ങളിൽ പതിനയ്യായിരത്തിലധികം മത്സരാർഥികൾ പങ്കെടുത്ത മഹാമേള ഏറ്റവും മാതൃകാപരമായി പൂർത്തിയാക്കാൻ കഴിഞ്ഞു. ജനപ്രതിനിധികൾ ചെയർമാന്മാരായും അധ്യാപക സംഘടനാ പ്രതിനിധികൾ കൺവീനർമാരായും 19 സബ്കമ്മിറ്റികളാണ് കലോത്സവത്തെ നയിച്ചത്. ഇക്കാര്യത്തിൽ നമ്മുടെ എല്ലാവരുടെയും കൂട്ടായ്മയുടെ വിജയമാണ് ദൃശ്യമായതെന്ന് മാത്രമല്ല ഇത് നാടിനാകെ അഭിമാനിക്കാൻ വക നൽകുന്നതുമാണ്. അത്തമൊരു സ്പിരിറ്റ് എല്ലാ കാര്യത്തിലും സ്വീകരിക്കാനാകണം എന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

കേരളത്തോട് ഉപരോധസമാനമായ സാമ്പത്തിക ഉപരോധമാണ് കേന്ദ്ര സർക്കാർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ പരമാവധി കക്ഷികളെയും മുഖ്യമന്ത്രിമാരെയും അണിനിരത്തിക്കൊണ്ടാണ് ഡൽഹിയിൽ കേന്ദ്ര ഗവൺമെന്റിന്റെ സംസ്ഥാന വിരുദ്ധ നിലപാടിനെതിരെയുള്ള ശ്രദ്ധയാകർഷിക്കാൻവേണ്ടിയുള്ള പ്രക്ഷോഭരീതി അംഗീകരിച്ചത്. പക്ഷേ അതിനെ പിന്താങ്ങിയില്ലെന്ന് മാത്രമല്ല, ഇകഴ്ത്തിക്കാണിക്കാനാണ് കേരളത്തിലെ പ്രതിപക്ഷം ശ്രമിച്ചത്. ഞങ്ങൾ അതിന് എല്ലാവരെയും ക്ഷണിച്ചിരുന്നു. കോൺഗ്രസുമായി ബന്ധപ്പെട്ട ആളുകളെ അതിൽ പങ്കെടുക്കുന്നതിൽനിന്നും പിന്തിരിപ്പിക്കാനും ഇവർ ശ്രമിച്ചുവെന്നതാണ് കാണാൻ കഴിയുന്നത്. കേരളത്തിൽ ധൂർത്തും കടക്കെണിയുമാണെന്ന് പറഞ്ഞ് നടത്തിയ പ്രചാരണങ്ങളെല്ലാം വസ്തുതാവിരുദ്ധമായിരുന്നുവെന്ന് കണക്കുകൾതന്നെ സൂചിപ്പിക്കുന്നുണ്ട്. കേരളത്തോട് ഉപരോധ സമാനമായ സമീപനം സ്വീകരിക്കുന്ന ബി.ജെ.പി. സർക്കാരിനെ ആ ഘട്ടത്തിൽ പിന്താങ്ങുന്ന നിലപാട് സ്വീകരിച്ചത് എന്തിനാണെന്ന് നിങ്ങൾ ഇപ്പോഴെങ്കിലും ആലോചിക്കാൻ തയ്യാറാകണം. സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും സാമൂഹ്യക്ഷേമ പെൻഷനുകൾ കൃത്യമായി നൽകാനും കുടിശ്ശിക വന്ന ഗഡുക്കൾ സമയബന്ധിതമായി വിതരണം ചെയ്യാനുമാണ് സർക്കാർ നടപടി സ്വീകരിക്കുന്നത്. വാഗ്ദാനം ചെയ്തതുപോലെ പെൻഷന്റെ രണ്ട് ഗഡുക്കൾ ഈ സാമ്പത്തികവർഷം തന്നെ വിതരണം ചെയ്തുകഴിഞ്ഞു. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലും സമയബന്ധിതമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്നത് നേരത്തെതന്നെ വ്യക്തമാക്കിയതാണ്. അതിലൊക്കെ പ്രതിപക്ഷം നടത്തുന്ന പ്രചാരണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് എല്ലാവർക്കും ബോധ്യമാകുന്നുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, വയനാട് ജില്ലയിലെ മുണ്ടക്കൈ-ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ കാണിച്ച വിമുഖതയും കേന്ദ്ര സർക്കാരിന്റെ സഹായം വേണ്ടരീ

തിയിൽ ലഭിച്ചില്ലെന്നതും നാം പൊതുവെ കണ്ടതും അതിനെതിരെ യോജിച്ച നിലപാട് സ്വീകരിക്കുന്നതുമാണ്. അക്കാര്യത്തിൽ കേരളത്തിലെ എം.പി.-മാർ എല്ലാവരും ഒന്നിച്ചുനിന്ന് കേന്ദ്ര സർക്കാരിനെ സമീപിച്ചുവെന്നത് സ്വാഗതാർഹമായ കാര്യംതന്നെയാണ്. ആ സമീപന മാറ്റത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. കേന്ദ്ര സർക്കാരിന്റെ ഇത്തരം സമീപനങ്ങൾക്കിടയിലും പുനരധിവാസ പ്രവർത്തനങ്ങളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. ഒരു തരത്തിലുള്ള ആശങ്കയും അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് നേരത്തെ അതിനെക്കുറിച്ച് ഒരു സൂചന നൽകി. സമയബന്ധിതമായി ടൗൺ ഷിപ്പുകളൊരുക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. വീടുകൾ, സ്കൂളുകൾ, അങ്കണവാടി, ബഡ്സ് സ്കൂൾ, കമ്മ്യൂണിറ്റി സെന്റർ, ഹെൽത്ത് സെന്റർ ആൻഡ് ലാബ്, ഹോസ്പിറ്റൽ, വെറ്ററിനറി ക്ലിനിക് എന്നിവയെല്ലാം ഓരോ ടൗൺഷിപ്പിലുമുണ്ടാകും. രണ്ട് ടൗൺഷിപ്പുകൾക്കുമായി 401 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. പുനർനിർമ്മാണ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 2,221 കോടി രൂപ വേണ്ടിവരുമെന്നാണ് Post-Disaster Needs Assessment-ലൂടെ  കണക്കാക്കിയിട്ടുള്ളത്. അക്കാര്യത്തിൽ ആവശ്യമായ നടപടികളെല്ലാം സ്വീകരിച്ചുവരികയാണ്.

പശ്ചാത്തലസൗകര്യ വികസനം നടപ്പാക്കുന്നതോടൊപ്പംതന്നെ  സംസ്ഥാനത്ത് ഭവന രഹിതരില്ലാത്ത, അതിദരിദ്രരില്ലാത്ത കേരളം സൃഷ്ടിക്കാനുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. കരാറിലേർപ്പെട്ടവകൂടി കണക്കിലെടുത്താൽ 539042 കുടുംബങ്ങൾക്ക് ഭവനം നൽകാനുള്ള നടപടികൾ നിലവിൽ പൂർത്തിയായിവരികയാണ്. അത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു റിക്കോർഡായിരിക്കും. ഒരു വിഭാഗം ജനങ്ങളുടെയും ആശങ്കകൾ പരിഗണിക്കാതെ ഒരു നിയമനിർമ്മാണവും നടത്തുകയില്ലെന്ന് ഞങ്ങൾ നേരത്തെ പ്രഖ്യാപിച്ചതാണ്. കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ 1960-ലെ ഭൂവിനിയോഗ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചട്ടങ്ങളിൽ ഭേദഗതി വിജ്ഞാപനം നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കഴിഞ്ഞ എട്ട് വർഷംകൊണ്ട് പട്ടയങ്ങൾ വിതരണം ചെയ്തതിന്റെ എണ്ണം 357898 എന്നത് നേരത്തെ ഞാൻ വ്യക്തമാക്കിയിരുന്നു. മനുഷ്യനും വന്യജീവികളുമായുള്ള സംഘർഷം കുറയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ നിലനിൽക്കുന്ന കേന്ദ്ര നിയമം സർക്കാരിന് പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്. അടിയന്തരാവസ്ഥ കാലത്ത് നിലവിൽ വന്ന 42-ാം ഭരണഘടനാ ഭേദഗതി പ്രകാരമാണ് ഉന്നത വിദ്യാഭ്യാസത്തോടൊപ്പം വനം, വന്യജീവി വിഷയങ്ങളും സംസ്ഥാന ലിസ്റ്റിൽനിന്നും സമവർത്തി ലിസ്റ്റിലെ ഇനം 25, 17 (17എ, 17ബി) ആയി മാറ്റപ്പെട്ടത്. അന്ന് നിലവിലിരുന്ന സാഹചര്യത്തിൽ സ്വതന്ത്രമായ ചർച്ചകൾ അസാധ്യമായിരുന്നു, അക്കാര്യം എല്ലാവർക്കുമറിയാമല്ലോ. കേന്ദ്ര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുകയാണ്.

കേരളത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഗൗരവമായി കണ്ടുകൊണ്ട് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. കോൺഗ്രസും ബി.ജെ.പി.-യുമാണ് കേന്ദ്രത്തിൽ അധികാരത്തിലിരുന്ന കക്ഷികൾ. ആ സർക്കാരുകൾ ഉദ്യോഗാർഥികൾക്ക് തൊഴിലവസരങ്ങൾ നിഷേധിച്ചുകൊണ്ട് ഒഴിവുകൾ നികത്താതെയും കരാർ തൊഴിലുകൾ സൃഷ്ടിച്ചുകൊണ്ടും മുന്നോട്ടുനീങ്ങിയപ്പോൾ കേരളത്തിൽ സർക്കാർ സർവീസിലുള്ള നിയമനങ്ങൾ കൃത്യമായി നടക്കുകയാണ്. കഴിഞ്ഞ എട്ടുവർഷക്കാലത്ത് 268949 നിയമനങ്ങളാണ് പി.എസ്.സി. മുഖേന നടത്തിയത്. യു.പി.എസ്.സി.-യുടെ കണക്കെടുത്താൽ രാജ്യത്ത് ആകെ നടക്കുന്ന പി.എസ്.സി. നിയമനങ്ങളുടെ നാൽപത് ശതമാനം കേരളത്തിലാണെന്ന് കാണാൻ സാധിക്കും.  സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ 2016 മുതൽ 2021 വരെ അധികാര

ത്തിലിരുന്നപ്പോൾ പുതിയൊരു വികസന പരിപ്രേക്ഷ്യമാണ് നാടിന് മുമ്പിൽ അവതരിപ്പിച്ചത്, അതുതന്നെയാണ് തുടരുന്നതും. സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും ക്ഷേമം മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ പദ്ധതികൾ നടപ്പാക്കിവരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേക ക്ഷേമപദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. ഇത് രാജ്യത്തിനാകെ മാതൃകയായ കാര്യമാണ്. ഞങ്ങൾ നടപ്പാക്കുന്ന പദ്ധതികൾക്ക് ജനങ്ങൾ നല്ല രീതിയിൽ പിന്തുണ നൽകുന്നുവെന്നതാണ് കാണാൻ സാധിക്കുന്ന വസ്തുത.

ഇവിടെ നടന്ന ചർച്ചയിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ ഭാഗത്തോട് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്തോ ഒരു ഇഷ്ടക്കേട് പ്രകടിപ്പിക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഇപ്പോൾ സഭയിലില്ല. സഹകരണ മേഖലയെക്കുറിച്ച് പറയുമ്പോൾ എന്തുകൊണ്ടാണ് അങ്ങനെയൊരു വേവലാതി പ്രകടിപ്പിക്കാനിടയായത് എന്ന് അറിയില്ല. അദ്ദേഹത്തിന്റെ പരാതി കരുവന്നൂരിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല എന്നതാണ്. അങ്ങനെയാണെങ്കിൽ വയനാടിനെക്കുറിച്ചും ഒന്നും പറഞ്ഞില്ലല്ലോ. എൻ. എം. വിജയനും മകനും മാത്രമല്ല സഹകരണ മേഖലയിലെ കെടുകാര്യസ്ഥതയുടെ രക്തസാക്ഷികൾ; മറ്റനേകം പേരില്ലേ? പുൽപ്പള്ളി കേളക്കവല ചെമ്പകമൂല കിഴക്കേ ഇടിക്കലാത്ത് രാജേന്ദ്രൻ നായരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയുമോ എന്നറിയില്ല, അറിയാതിരിക്കാൻ വഴിയില്ല. വായ്പാ തട്ടിപ്പിനിരയായി താൻ അറിയാതെ ലക്ഷങ്ങളുടെ കടബാധ്യത പേറി ആത്മഹത്യ ചെയ്യേണ്ടിവന്ന മനുഷ്യനാണ് അദ്ദേഹം. 2016-17-ൽ പുൽപ്പള്ളി ബാങ്കിൽ കെ.പി.സി.സി. ജനറൽ സെക്രട്ടറി കെ. കെ. എബ്രഹാം പ്രസിഡന്റായിരുന്ന കാലത്ത് രാജേന്ദ്രൻ നായർ എഴുപത് സെന്റ് വസ്തു ഈടായി നൽകി 70,000 രൂപ വായ്പയെടുത്തു. പ്രസിഡന്റും മറ്റ് ഭരണസമിതി അംഗങ്ങളും ചേർന്ന് രാജേന്ദ്രൻ നായരുടെ പേരിൽ 24,30,000 രൂപ വായ്പയായി തട്ടിയെടുത്തു. പലിശ ഉൾപ്പെടെ 46 ലക്ഷത്തോളം രൂപയുടെ ബാധ്യതയുണ്ടായി. ഇത് തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് രാജേന്ദ്രൻ നായർക്ക് ബാങ്കിൽനിന്നും നോട്ടീസ് ലഭിച്ചു. അദ്ദേഹത്തിന് മാത്രമല്ല, മറ്റ് 27 കർഷകരെയും തട്ടിപ്പിന് ഇരകളാക്കി. ബാങ്ക് പ്രസിഡന്റും കെ.പി.സി.സി. ജനറൽ സെക്രട്ടറിയുമായ വ്യക്തി ഈ കേസിൽ ജയിൽ മോചിതനായപ്പോൾ കോൺഗ്രസ് അദ്ദേഹത്തിന് സ്വീകരണം നൽകി. എൻ. എം. വിജയന്റെ മരണത്തിന് പിന്നിലുള്ളവർക്കും ഇതേ സ്വീകരണമായിരിക്കും കോൺഗ്രസ് നൽകുകയെന്നാണ് പ്രതീക്ഷിക്കാവുന്നത്. ഇവിടെ നാം ഓർക്കേണ്ട ഒരു കാര്യമുണ്ട്. വലിയ പ്രസ്ഥാനമായി പടർന്ന് പന്തലിച്ചുകിടക്കുന്ന സഹകരണ മേഖലയിലെ അങ്ങേയറ്റം ചെറിയ വിഭാഗങ്ങളിലാണ് ഇത്തരം പ്രശ്നങ്ങളുള്ളത്. അത് വേണ്ടരീതിയിൽ അവസാനിപ്പിക്കാൻ യോജിച്ച ശ്രമമാണ് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. തെറ്റ് ചെയ്യുന്നവരെ സംരക്ഷിക്കുന്ന നിലപാട് ആരായാലും സ്വീകരിക്കാൻ പാടില്ല. അതായിരിക്കണം നാം സ്വീകരിക്കേണ്ട പൊതുവായ സമീപനം. സഹകരണ മേഖലയിൽ കാണാൻ പാടില്ലാത്ത ചില പ്രവണതകൾ അത്യപൂർവമായി ഇപ്പോൾ ഉണ്ടാകുന്നുവെന്നുള്ളത് നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിലുള്ളതാണ്. അത് തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാവരും ഒന്നിച്ചുനിൽക്കുകയാണ് വേണ്ടത്. എന്നാൽ ഈയൊരു വളരെ നേരിയ കൂട്ടരെ കണ്ടുകൊണ്ട് സഹകരണ മേഖല ആകെ കുഴപ്പമാണ് എന്ന അന്തരീക്ഷം സൃഷ്ടിക്കുന്നത് ഗുണകരമായ കാര്യമല്ല. സഹകരണ മേഖല ആകെ കുഴപ്പമുള്ള മേഖലയല്ല, ഇപ്പോഴും വളരെ വിശ്വസ്തതയോടെ പ്രവർത്തിച്ചുപോകുന്ന മേഖലയാണ്. അതിന്റെ വിശ്വാസ്യത തകർക്കുന്നതരത്തിലുള്ള പ്രചാരണത്തിലേയ്ക്ക് ആരും കടക്കാതിരിക്കാൻ ശ്രദ്ധിക്കണം. അതാണ് പ്രത്യേകമായി ഈ ഘട്ടത്തിൽ ഓർമ്മിപ്പിക്കാനുള്ള

ത്. സഹകരണ മേഖലയെ ശക്തിപ്പെടുത്താനുള്ള യോജിച്ച നീക്കത്തിന് ഈ ഘട്ടത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർഥിക്കുന്നു.

മറ്റൊരു കാര്യം, ജൽ ജീവൻ പദ്ധതിക്ക് 3,650 കോടി രൂപ ഡൽഹിയിൽനിന്നും വാങ്ങിയെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുകയുണ്ടായി. അതിൽ മിച്ചമായ 3306 കോടി രൂപ തിരിച്ചുകൊടുക്കാതെ കൈവശം വച്ചിരിക്കുകയാണ് എന്നാണ് പറഞ്ഞത്. ജൽ ജീവൻ മിഷന് അനുവദിച്ച തുകയിൽ മിച്ചമായി ഒന്നും കൈവശം വച്ചിട്ടില്ല. ഈ വർഷത്തെ മൊത്തം അലോക്കേഷൻ 3900 കോടി രൂപയാണ്. അതിൽ പകുതി കേന്ദ്ര വിഹിതവും പകുതി സംസ്ഥാന വിഹിതവുമാണ്. കേന്ദ്ര വിഹിതം തവണകളായാണ് നൽകുന്നത്. ഓരോ തവണ കേന്ദ്ര വിഹിതം നൽകുമ്പോഴും അതിന് തുല്യമായ സംസ്ഥാന വിഹിതം അനുവദിക്കുമ്പോൾ അടുത്ത ഇൻസ്റ്റാൾമെന്റ് നൽകും. അതുപ്രകാരം ഈ വർഷം കേന്ദ്രത്തിന്റെ 1900 കോടി രൂപ അലോക്കേഷനിൽ 960 കോടിയോളം രൂപ ലഭിച്ചു. അതിന് തുല്യമായ സംസ്ഥാന വിഹിതം 960 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇനി അടുത്ത ഇൻസ്റ്റാൾമെന്റിനായി കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്. അല്ലാതെ ലഭിച്ച പണത്തിൽ മിച്ചമായി ഒന്നുമില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം കടക്കെണിയെക്കുറിച്ചാണ്. അക്കാര്യം സംബന്ധിച്ച് മറ്റൊരർഥത്തിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് നേരത്തെ ആവർത്തിക്കുന്നതും കേട്ടു. 'കേരളത്തിന്റെ കടഭാരം താങ്ങാനാവാത്തതാണ്, സംസ്ഥാനം കടക്കെണിയിലാണ്' ഇതാണ് പ്രതിപക്ഷവും ചില വലതുപക്ഷ മാധ്യമങ്ങളും നിരന്തരം പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇവർ പറയുന്നതുകേട്ടാൽ 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് 'കടം' എന്നുപറയുന്ന ഏർപ്പാട് ഈ സംസ്ഥാനത്തുണ്ടായതെന്ന് തോന്നും. അതിന്റെ ഭാഗമായി ലക്ഷക്കണക്കിന് കോടി രൂപയാണ് കടമായതെന്നൊക്കെ പറഞ്ഞ് പരിഭ്രാന്തി സൃഷ്ടിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ലോകമെമ്പാടുമുള്ള പൊതുധനകാര്യ വിശകലനത്തിന്റെ അടിസ്ഥാനതത്വമനുസരിച്ച് കടത്തെ ആഭ്യന്തര വരുമാനത്തിന്റെ അനുപാതമായാണ് പറയപ്പെടുന്നത്. ഇതിൻപ്രകാരം 2020-21-ൽ കേരളത്തിന്റെ കടം ആഭ്യന്തര വരുമാനത്തിന്റെ 38 ശതമാനമായിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ദേശീയതലത്തിലും മറ്റുരാജ്യങ്ങളിലും വരുമാനമിടിയുകയും ചെലവ് കൂടുകയും ചെയ്തപ്പോൾ കടഭാരം പൊതുവിൽ വർധിച്ചിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷമായപ്പോൾ കേരളത്തിന്റെ കട-ആഭ്യന്തര അനുപാതം 34 ശതമാനമായി കുറയുകയാണ് ചെയ്തത്. നേരത്തെ 38 ശതമാനമുണ്ടായിരുന്നത് 34 ശതമാനമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. ക്രമാനുഗതമായി ഇനിയും കുറച്ചുകൊണ്ടുവരാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതായത്, കടഭാരം വർധിക്കുകയല്ല എന്നർഥം. കേരളം തോന്നിയതുപോലെ കടമെടുക്കുന്നുവെന്ന് ഇവിടെ ഒരംഗം പറയുകയുണ്ടായി. യാതൊരു ഉത്തരവാദിത്വവുമില്ലാത്ത ഇത്തരം പ്രസ്താവനകൾ പരിണത പ്രജ്ഞരായ രാഷ്ട്രീയ നേതാക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്നത് അങ്ങേയറ്റം ഖേദകരമായ കാര്യമാണ്. 2003-ലാണ് കേരള നിയമസഭ ധന ഉത്തരവാദിത്വ നിയമം പാസ്സാക്കിയത്. അതിൻപ്രകാരം ഇപ്പോൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനമാണ്. ഊർജ മേഖലയിലെ പരിഷ്കരണങ്ങൾക്ക് വിധേയമായി 0.5ശതമാനം കൂടി എടുക്കാൻ സംസ്ഥാനത്തിന് അവകാശമുണ്ട്. 2023-24-ൽ ആഭ്യന്തര വരുമാനത്തിന്റെ 2.99 ശതമാനമാണ് കേരളം കടമെടുത്തിട്ടുള്ളത്. അതായത്, ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിലാണ് നാം നിൽക്കുന്നത്, ഒരു കടവർധനയുമില്ല. കിഫ്ബിപോലുള്ള സ്ഥാപനങ്ങളെടുക്കുന്ന കടം സർക്കാർ നൽകുന്ന ഗ്യാരന്റിയുടെ അടിസ്ഥാനത്തിലാണ്. അത് സർക്കാരിന്റെ കടമല്ല. ഗ്യാരന്റി നൽകുന്നതിന് പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിയമവും സംസ്ഥാനത്ത് നിലവിലുണ്ട്. തമിഴ്നാട്, രാജസ്ഥാൻ, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാന

ങ്ങളിൽ നിലവിലുള്ള നിയമത്തിന് സമാനമായ നിയമമാണ് കേരളത്തിലുമുള്ളത്. ഈ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിലാണ് ഗ്യാരന്റി നൽകുന്നത്. ആഭ്യന്തര വരുമാനത്തിന്റെ പത്ത് ശതമാനമോ തൊട്ട്മുൻവർഷത്തെ റവന്യൂ വരുമാനത്തിന് തത്തുല്യമായ സംഖ്യയോ ഇവയിൽ ഏതാണോ കുറവ് അതാണ് ഗ്യാരന്റിയുടെ പരിധിയായി നിശ്ചയിച്ചിട്ടുള്ളത്. ഇത്തരം നിബന്ധനകൾക്ക് വിധേയമായാണ് കേരളത്തിൽ കടമെടുപ്പ് നടന്നുവരുന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നടപടികളിലൂടെയാണ് മറ്റ് സംസ്ഥാനങ്ങളെപ്പോലെ കേരളവും കടമെടുക്കുന്നത്. കടക്കെണിയാണ്, തോന്നിയതുപോലെ കടമെടുക്കുന്നുവെന്നൊക്കെ പറയുന്നത് സംസ്ഥാനത്തെ തരംതാഴ്ത്താൻ നടത്തുന്ന വ്യാജപ്രചാരണം മാത്രമാണ്. ഉത്തരവാദിത്തപ്പെട്ട നേതാക്കൾ ഇതിൽനിന്നും പിന്തിരിയണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

മറ്റൊന്ന്, അടിയന്തരാവസ്ഥക്കാലത്ത് സംഘ് പരിവാറുമായി ഒരുമിച്ച് ജയിലിൽ കിടന്നു, ഒരു പ്ലേറ്റിൽ ഭക്ഷണം കഴിച്ചു എന്നൊക്കെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. അതിൽ അദ്ദേഹത്തിന് തെറ്റിദ്ധാരണയൊന്നും വേണ്ട. സംഘ് പരിവാറുമായി ഒരുമിച്ച് ഭക്ഷണം കഴിക്കാനൊന്നും ഞാൻ ഒരുകാലത്തും പോയിട്ടില്ല. അവർ എന്നോട് എങ്ങനെയാണ് പെരുമാറിയിരുന്നതെന്ന് ഞാൻ ഇപ്പോൾ പറയേണ്ടതില്ല. അതൊക്കെ ചരിത്രത്തിന്റെ ഭാഗമായ കാര്യങ്ങളാണ്. ഏതായാലും ഞങ്ങളാരും ആർ.എസ്.എസ്. തലവൻമാരുടെ മുന്നിൽ വണങ്ങി നിൽക്കുന്നവരല്ല. നിലവിലുള്ളവരായാലും മരിച്ചുപോയവരായാലും ആരുടെയും പടങ്ങൾക്കുമുമ്പിൽ വണങ്ങി നിൽക്കുന്ന പതിവൊന്നും ഞങ്ങൾക്കില്ലെന്ന കാര്യം ഓർമ്മിക്കുന്നത് നല്ലതാണ്. എന്നെക്കൊണ്ട് അതെല്ലാം പറയിപ്പിക്കുന്നതിനുവേണ്ടിയാണോ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നെക്കുറിച്ച് ഇത് പറഞ്ഞതെന്ന സംശയം എനിക്കുണ്ട്. ഏതായാലും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ സഭയിൽ ഇല്ലാത്തതുകൊണ്ട് ഞാൻ കൂടുതലായി അതിലേയ്ക്ക് കടക്കുന്നില്ല. ശമ്പളവും പെൻഷനുമെല്ലാം മുടങ്ങുകയാണെന്ന് ബഹുമാന്യനായ എൻ. ഷംസുദ്ദീൻ പറയുകയുണ്ടായി. ഏത് ശമ്പളമാണ് മുടങ്ങിയത്? ക്ഷേമ പെൻഷൻ ഇനത്തിൽ പതിനെട്ട് മാസം കുടിശ്ശിക വരുത്തിയതിനെ സംബന്ധിച്ച് നേരത്തെ ഞാൻ പറഞ്ഞിരുന്നു. അത് ഇക്കാലത്തല്ല, തൊട്ടുമുമ്പുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. 2002-ൽ സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്തത് ആരായിരുന്നു? ജീവനക്കാർ പണിമുടക്കിയപ്പോൾ സർക്കാർ ഓഫീസുകൾ മാസങ്ങളോളം അടഞ്ഞുകിടന്നാലും സംസ്ഥാനത്തിന് ഒന്നും സംഭവിക്കില്ലെന്ന് പറഞ്ഞത് ആരായിരുന്നു; 2013-ൽ പങ്കാളിത്ത പെൻഷൻ നടപ്പാക്കിയത് ആരാണ്? അതിനെക്കുറിച്ച് കൂടുതലൊന്നും പറയാതിരിക്കുന്നതാണ് നല്ലത്.

വയനാട് ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന്റെ 70000 വോട്ടുകൾ നഷ്ടപ്പെട്ടതിൽ ശ്രീ. എൻ. ഷംസുദ്ദീൻ ഉൽക്കണ്ഠ പ്രകടിപ്പിച്ചതായി കണ്ടു. ഞങ്ങൾ അൽപം പിന്നാക്കം പോയെന്നത് ശരിയാണ്. പക്ഷേ കോൺഗ്രസ് സിറ്റിംഗ് സീറ്റിൽ 86000 വോട്ട് മറിഞ്ഞ് ബി.ജെ.പി. ജയിക്കുന്നത് ശ്രീ. എൻ. ഷംസുദ്ദീൻ കണ്ടില്ലേ; തൃശ്ശൂരിൽ ബി.ജെ.പി.-യിലേയ്ക്ക് കുത്തിയൊലിച്ച 86000 കോൺഗ്രസ്സിന്റെ വോട്ടിനെ സംബന്ധിച്ച് പരിശോധിക്കുന്നതല്ലേ കൂടുതൽ നല്ലത്? 'സി. ജെ.പി.' (കോൺഗ്രസ് ജനതാ പാർട്ടി) എന്ന പദം ശ്രീ. എൻ. ഷംസുദ്ദീന്റെ കൂട്ടാളികൾക്കുതന്നെയാണ് ചേരുന്നത്. അതിന്റെ കണക്ക് അധികം പറയാതിരിക്കുന്നതായിരിക്കും പൊതുവെ നല്ലത്. പട്ടാമ്പി, പാലക്കാട്, ബേപ്പൂർ, വടകര, നേമം വഴി തൃശ്ശൂരിലെത്തി നിൽക്കുന്നതിന്റെയൊന്നും കണക്ക് ഞാനിപ്പോൾ കൂടുതലായി പറയുന്നില്ല. വയനാടിന് അഞ്ച് പൈസ നൽകാത്ത കേന്ദ്രത്തെക്കുറിച്ച് നയപ്രഖ്യാപനത്തിലൊന്നും പറഞ്ഞില്ലെന്ന് ബഹുമാന്യനായ ടി. സിദ്ദിഖ് പറഞ്ഞു. ഇതെല്ലാം ഞങ്ങൾ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളാണെന്ന് നിങ്ങൾക്ക് അറിയാവുന്നതാണ്. നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനങ്ങൾ നടക്കു

ന്നില്ലെന്നാണ് ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചത്. അത് വിചിത്രമായ കണ്ടുപിടിത്തമാണ്. പി.എസ്.സി. നിയമനങ്ങളുടെ കാര്യത്തിൽ കേരളം വളരെ മുന്നിലാണ്. അതിന്റെ സാങ്കേതിക വശങ്ങളെ സംബന്ധിച്ച് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ആകെ 268949 നിയമനങ്ങളാണ് പി.എസ്.സി. മുഖേന നടത്തിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 161268 നിയമനങ്ങളും ഈ സർക്കാർ 107681 നിയമനങ്ങളുമാണ് നടത്തിയത്. പി.എസ്.സി. നിയമന ശിപാർശകളുടെ എണ്ണം 34000 കടന്നു. 2023-ൽ 34110 പേർക്കും 2024-ൽ 34309 പേർക്കുമാണ് നിയമന ശിപാർശ അയച്ചത്. രാജ്യത്തെ ആകെ ജനസംഖ്യയുടെ രണ്ടര ശതമാനം മാത്രമുള്ള ഒരു സംസ്ഥാനമാണ് കേരളം. ആ സാഹചര്യത്തിലാണ് പ്രതിവർഷം മുപ്പതിനായിരത്തോളം പേർക്ക് സർക്കാർ ഉദ്യോഗം നൽകുന്ന സംസ്ഥാനമായി കേരളം മാറുന്നത്. നിലവിൽ രാജ്യത്താകെ നടന്ന പി.എസ്.സി. നിയമനങ്ങളിൽ നാൽപതിലേറെ ശതമാനവും കേരളത്തിലാണ് നടന്നത്. ഇത് ഞങ്ങളാരും പറയുന്നതല്ല, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്ന കാര്യമാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് കശുവണ്ടി ഫാക്ടറികളുടെ കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. 2011-16 കാലത്തെ അവസ്ഥ അദ്ദേഹത്തിന് അറിയാമായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അന്ന് കശുവണ്ടി വ്യവസായത്തിൽ വലിയ തകർച്ചയായിരുന്നു. അതിൽ മാറ്റം വന്നത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. കുടിവറപ്പ് ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന അവസ്ഥയാണ് അന്നുണ്ടായിരുന്നത്. ഫാക്ടറികളെല്ലാം അടഞ്ഞുകിടക്കുകയും തൊഴിലാളികളുടെ കൂലി ഗണ്യമായി വെട്ടിക്കുറയ്ക്കുകയും ചെയ്തിരുന്നു. 2006-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ തൊഴിലാളികളുടെ കൂലി പുതുക്കിയെന്ന് മാത്രമല്ല 2011-ൽ 45% വർധിപ്പിക്കുകയും ചെയ്തു. കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 280, 288 ദിവസംവരെ ജോലിയും ഉറപ്പുവരുത്തിയിരുന്നു. ഇതെല്ലാമാണ് യു.ഡി.എഫ്. ഭരണത്തിൽ അട്ടിമറിക്കപ്പെട്ടത്. എന്നാൽ ഇന്ന് സ്ഥിതിയാകെ മാറിയില്ലേ? കശുവണ്ടി മേഖലയിൽ വലിയ ഉണർവാണ് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ എട്ട് വർഷക്കാലത്തിൽ ഈ മേഖലയ്ക്കായി 660 കോടി രൂപ ചെലവഴിച്ചുവെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് അതുവഴി സഞ്ചരിക്കുമ്പോൾ ചുറ്റും കണ്ണോടിച്ചാൽ ഇക്കാര്യങ്ങളൊക്കെ കാണാനും മനസ്സിലാക്കാനും സാധിക്കും. വിഴിഞ്ഞം പദ്ധതിയെക്കുറിച്ചും അദ്ദേഹം പറയുകയുണ്ടായി. വിഴിഞ്ഞം പദ്ധതിയുടെ കാര്യം പറയുമ്പോൾ, ഭരണത്തിലുള്ളപ്പോഴും പ്രതിപക്ഷത്തായിരുന്നപ്പോഴും വിഴിഞ്ഞം പദ്ധതി വേണമെന്നുള്ള നിലപാടായിരുന്നു ഞങ്ങൾ സ്വീകരിച്ചിരുന്നത്. അത് പരമാവധി വൈകിപ്പിച്ച് യു.ഡി.എഫ്. സർക്കാർ റീ-ടെൻഡർ ചെയ്തു. 2015 ആഗസ്റ്റ് മാസത്തിലാണ് കരാറിലേർപ്പെട്ടത്. യഥാർഥത്തിൽ തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ടുള്ള നീക്കമായിരുന്നു അത്. യു.ഡി.എഫ്. സർക്കാർ ഏർപ്പെട്ട കരാറിലെ പല വ്യവസ്ഥകളോടും എൽ.ഡി.എഫ്.-ന് വിയോജിപ്പുണ്ടായിരുന്നുവെന്നത് വസ്തുതയാണ്. ഇക്കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡിന്റെ എതിർപ്പുണ്ടായിരുന്നില്ലേ? ആ എതിർപ്പിനെപ്പോലും ഗൗനിക്കാതെയാണ് അന്ന് സംസ്ഥാന സർക്കാർ അദാനിയുമായി കരാറിൽ ഒപ്പിട്ടത്. സംസ്ഥാന താൽപര്യത്തിന് നിരക്കാത്ത കരാറിലെ വ്യവസ്ഥകളെയാണ് എൽ.ഡി.എഫ്. എതിർത്തിരുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ അദാനിയുമായി ഒപ്പിട്ട കരാർപ്രകാരം 7525 കോടി രൂപ ആകെ നിക്ഷേപമുള്ള വിഴിഞ്ഞം പദ്ധതിയിൽ 5071 കോടി രൂപയും സർക്കാർ നിക്ഷേപമാണ്. ബാക്കി 2484 കോടി രൂപ മാത്രമാണ് അദാനി കണ്ടെത്തേണ്ടത്. ബി.ഒ.ടി. വ്യവസ്ഥയിലുള്ള പദ്ധതിയിൽ 20 വർഷം സർക്കാരിന് ലാഭവിഹിതമില്ല. ഇരുപത്തിയൊന്നാമത്തെ വർഷമാണ് ഒരു ശതമാനം ലാഭവിഹിതം ലഭിക്കുന്നത്. പിന്നീടുള്ള ഓരോ വർഷവും

ഒരു ശതമാനം വീതം അധിക ലാഭവിഹിതം ലഭിക്കും. ആകെ നാൽപത് വർഷത്തേയ്ക്കുള്ള പ്രസ്തുത കരാർ പ്രകാരം പദ്ധതി പ്രദേശത്തെ മുപ്പത് ശതമാനം സ്ഥലം അദാനിക്ക് മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കാം. കരാറിൽനിന്ന് പിന്മാറിയാൽ അദാനിക്ക് സർക്കാർ വൻ നഷ്ടപരിഹാരം നൽകണം. 66ശതമാനം നിക്ഷേപം നടത്തുന്ന സർക്കാരിന് അധികാരമോ ലാഭവിഹിതമോ ഇല്ലെന്നതാണ് പ്രധാന പ്രശ്നം.

**എം. വിൻസെന്റ്:** സർ, ഒന്ന് വഴങ്ങുമോ?

**പിണറായി വിജയൻ:** ഞാൻ പറഞ്ഞ് അവസാനിപ്പിച്ചതിന് ശേഷം സംസാരിക്കാം. ഇത്തരത്തിൽ അദാനിയുടെ താൽപര്യം മാത്രം സംരക്ഷിക്കുന്ന ഒരു കരാറായതുകൊണ്ടാണ് എൽ.ഡി.എഫ്. എതിർത്തത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ സംസ്ഥാന താൽപര്യം മുൻനിർത്തി കരാറിൽനിന്ന് പിന്മാറില്ലെന്ന് 2016-ലെ തിരഞ്ഞെടുപ്പിനുമുമ്പുതന്നെ ഞങ്ങൾ വ്യക്തമാക്കിയിരുന്നു. ഈ കരാറിനോട് ഞങ്ങളുടെ നിലപാട് വ്യക്തമാക്കിയെങ്കിലും കരാർ കരാറായി വരികയും അത് യാഥാർഥ്യമാകുകയും ചെയ്തു. പിന്നെ ആ കരാർ നടപ്പാക്കുക എന്നതുമാത്രമേ ചെയ്യുകയുള്ളൂവെന്ന് തിരഞ്ഞെടുപ്പിനുമുമ്പുതന്നെ ഞങ്ങൾ പ്രഖ്യാപിച്ചിരുന്നു. അദാനിക്ക് വൻ നഷ്ടപരിഹാരം നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ കരാർ റദ്ദാക്കാതെ സർക്കാർ വിഴിഞ്ഞം പദ്ധതി മുന്നോട്ടുകൊണ്ടുപോയി. തുറമുഖത്തിന്റെ നൂറുശതമാനം പ്രവൃത്തിയും നടന്നത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അക്കാലത്ത് വിഴിഞ്ഞം പദ്ധതി മുടക്കാനുള്ള ശ്രമങ്ങളുണ്ടായി. അന്ന് പ്രതിപക്ഷം എന്ത് സമീപനമാണ് സ്വീകരിച്ചതെന്ന് ആലോചിച്ചാൽ മതി. ഇപ്പോൾ വഴങ്ങുമോയെന്ന് ചോദിച്ച ശ്രീ. എം. വിൻസെന്റിന്റെ സമീപനം എന്തായിരുന്നു? പൊതുവിൽ പ്രതിപക്ഷത്തിന്റെ സമീപനം എന്തായിരുന്നു എന്നത് ആലോചിച്ചാൽ മതി. വിഴിഞ്ഞം തുറമുഖം ഒരുകാരണവശാലും നിർത്തിവയ്ക്കില്ലെന്ന് എൽ.ഡി.എഫ്. സർക്കാർ ആവർത്തിച്ച് ഉറപ്പുനൽകിയതാണ്. (....ബഹളം....)

**മി. സ്പീക്കർ:** ബഹുമാനപ്പെട്ട മുഖ്യമന്ത്രി വഴങ്ങുന്നില്ല, ശ്രീ. എം. വിൻസെന്റ് അവിടെ ഇരിക്കൂ.... പ്ലീസ്...... അനാവശ്യമായി പ്രശ്നം ഉണ്ടാക്കല്ലേ. പ്ലീസ്.......

**പിണറായി വിജയൻ:** സർ, ഈ സമയങ്ങളിലെല്ലാം വിഴിഞ്ഞം പദ്ധതിയുടെ ഒന്നാംഘട്ടം ഈ സർക്കാരിന് പൂർത്തീകരിക്കാൻ സാധിച്ചു. (....ബഹളം....) ഞാൻ പറയുന്നതെല്ലാം ശ്രദ്ധിച്ചു കേൾക്കൂ. യു.ഡി.എഫ്. ഉണ്ടാക്കിയ കരാർപ്രകാരം പദ്ധതിയുടെ തുടർഘട്ടങ്ങൾ 2045-ലാണ് പൂർത്തിയാകേണ്ടത്. പക്ഷേ 2028-ഓടെ പദ്ധതി പൂർത്തിയാക്കാനുള്ള ശ്രമങ്ങളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്.

നടപ്പാകാത്ത പദ്ധതികൾ മാത്രമേ ഈ നയപ്രഖ്യാപന പ്രസംഗത്തിലുള്ളൂവെന്നാണ് ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല സൂചിപ്പിച്ചത്. നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ പ്രഖ്യാപിക്കുന്ന സമീപനം സ്വീകരിക്കുന്നത് പ്രതിപക്ഷമാണ്, ഞങ്ങൾ അങ്ങനെയല്ല. ഞങ്ങൾ പറയുന്നതെന്താണോ അത് നടപ്പാക്കുന്നവരാണെന്ന് നാടാകെ അംഗീകരിച്ച കാര്യമാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പ്രഖ്യാപിച്ചശേഷം ഉപേക്ഷിച്ച പദ്ധതികളെപ്പറ്റിയാണ് ഞാൻ പറയുന്നത്. എല്ലാ പദ്ധതികളെയുംകുറിച്ച് വിശദമായി പറയുന്നില്ല. ഇടമൺ-കൊച്ചി പവർ ഹൈവേയും ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈനും ഉപേക്ഷിച്ചു പോകുന്ന നിലയല്ലേ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്? അത് പൂർത്തിയാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും എൽ.ഡി.എഫ്. സർക്കാരാണ് നടപടി സ്വീകരിച്ചത്. ഇവിടെ ശ്രദ്ധിക്കേണ്ടൊരു കാര്യം, രാജ്യത്തെ ആദ്യ സൂപ്പർ ഫാബ് ലാബ്, ഡിജിറ്റൽ സർവകലാശാല, ഗ്രാഫീൻ സെന്റർ, ഡിജിറ്റൽ സയൻസ് പാർക്ക്, വാട്ടർ മെട്രോ തുടങ്ങിയവയെല്ലാം കേരളത്തിൽ യാ

ഥാർഥ്യമാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് കാര്യങ്ങൾ ഗൗരവത്തോടെകണ്ട് സംസാരിക്കുന്ന ആളായിരുന്നു. എന്താണ് അദ്ദേഹത്തിന് സംഭവിച്ചതെന്നറിയില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ ജീനിൽ അഴിമതി അലിഞ്ഞുചേർന്നിരിക്കുന്നു എന്നാണ് അദ്ദേഹം നടത്തിയ മറ്റൊരു ആരോപണം. ഇലക്ടറൽ ബോണ്ട് രേഖ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദേശപ്രകാരം പുറത്തുവന്നപ്പോൾ കോൺഗ്രസിന്റെ ജനിതക രേഖയല്ലേ നമ്മൾ അതിലൂടെ കണ്ടത്? ഒരു നയാപൈസപോലും ഇലക്ടറൽ ബോണ്ടായി വേണ്ടായെന്ന നിലപാടാണ് എൽ.ഡി.എഫ്. സ്വീകരിച്ചത്. അപ്പോൾ ജീനിന്റെ കഥയൊന്നും തൽക്കാലം ഇങ്ങോട്ടുവേണ്ട എന്നുമാത്രമേ അതുസംബന്ധിച്ച് പറയാനുള്ളൂ. ഡി.എൽ.എഫ്. കേസൊക്കെ എങ്ങനെ ആവിയായിപ്പോയിയെന്നത് മാലോകർക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഞാൻ അതിന്റെയൊന്നും വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ദില്ലി മദ്യനയത്തെക്കുറിച്ച് പറയുകയുണ്ടായി. അത് അവിടത്തെ കോൺഗ്രസ് ഉയർത്തിക്കൊണ്ടുവന്ന ഒരു പ്രശ്നമായിരുന്നു. ഒരു രാഷ്ട്രീയ പാർട്ടിയെന്ന നിലയ്ക്ക് കോൺഗ്രസ് എങ്ങനെ മറ്റ് രാഷ്ട്രീയ പാർട്ടികളോട് സമീപനം സ്വീകരിക്കുന്നുവെന്നതിന്റെ വ്യക്തമായ ഉദാഹരണം കൂടിയായിരുന്നു അത്. അവിടത്തെ പ്രാദേശികമായ വികാരത്തിന്റെ ഭാഗമായി മാത്രമല്ല, അങ്ങും ആ വികാരത്തോടൊപ്പം ചേരുന്നുവെന്നാണല്ലോ ഇവിടെ പറഞ്ഞ വാചകത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത്. അല്പം ആഹ്ലാദത്തോടെയും അഭിമാനത്തോടെയുമായിരിക്കും അത് പറഞ്ഞത്. എന്താണ് അതിൽ ആഹ്ലാദിക്കാനുള്ളത്? ശ്രീ. അരവിന്ദ് കെജ്രിവാളിനെ ജയിലിലാക്കാൻ ഉത്സാഹിച്ചത് അവിടത്തെ കോൺഗ്രസായിരുന്നു. ആദ്യം ഡൽഹി ഉപമുഖ്യമന്ത്രി ശ്രീ. മനീഷ് സിസോദിയയെ കേന്ദ്ര ഏജൻസി അറസ്റ്റ് ചെയ്തപ്പോൾ കോൺഗ്രസ് അത് സ്വാഗതം ചെയ്തതും എന്തുകൊണ്ട് ശ്രീ. അരവിന്ദ് കെജ്രിവാളിനെ പിടികൂടുന്നില്ലെന്ന് ചോദിച്ചതും അങ്ങയുടെ ശ്രദ്ധയിലുണ്ടെന്നാണ് കരുതുന്നത്. ശ്രീ. അരവിന്ദ് കെജ്രിവാളിനെക്കൂടി അറസ്റ്റ് ചെയ്യണമെന്നല്ലേ അന്ന് ആവശ്യപ്പെട്ടത്; അദ്ദേഹത്തിനെതിരെ കേസ് നൽകിയത് ഡി.പി.സി.സി. (ഡൽഹി പ്രദേശ് കോൺഗ്രസ് കമ്മിറ്റി) പ്രസിഡന്റുതന്നെയായിരുന്നില്ലേ; ഒടുവിൽ ബി.ജെ.പി. മുഖേന കോൺഗ്രസിന്റെ ആ ആഗ്രഹം നടന്നുകിട്ടുകയല്ലേ ചെയ്തത്; പക്ഷേ അനുഭവത്തിൽ നിന്നെങ്കിലും നിങ്ങൾക്ക് തിരുത്താൻ കഴിയുന്നുണ്ടോ? ഡൽഹിയിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാൻപോകുകയാണ്. നേരത്തെ കോൺഗ്രസ് അവിടെ ഭരിച്ചിട്ടുണ്ടെന്നുള്ളത് ഞാൻ മറക്കുന്നില്ല. പക്ഷേ രണ്ട് നിയമസഭാ തിരഞ്ഞെടുപ്പുകളിലും ഒരു സീറ്റുപോലും നേടാൻ കോൺഗ്രസിന് കഴിഞ്ഞിരുന്നില്ല. നിലവിൽ അവിടെ നിങ്ങൾ സീറ്റ് നേടാനാണോ അതോ ബി.ജെ.പി.-യെ ജയിപ്പിക്കാനുള്ള ക്വട്ടേഷനാണോ എടുത്തിട്ടുള്ളത്? ആം ആദ്മി പാർട്ടി സർക്കാരിനെ കഴിയാവുന്ന രീതിയിൽ ആക്രമിച്ചുകൊണ്ടാണ് കോൺഗ്രസിന്റെ പ്രചാരണ പത്രിക പുറത്തിറക്കിയത്. മുൻ മുഖ്യമന്ത്രി ഷീലാ ദീക്ഷിത്തിന്റെ മകനാണ്, ശ്രീ. സന്ദീപ് ദീക്ഷിത്ത്. അദ്ദേഹമാണ് ശ്രീ. അരവിന്ദ് കെജ്‌രിവാളിനെതിരെ കോൺഗ്രസ് സ്ഥാനാർഥിയായി മത്സരിക്കുന്നത്. അദ്ദേഹത്തിന്റെ പദ്ധതികൾ ആയുധമാക്കിയാണ് ഡൽഹി ലഫ്റ്റനന്റ് ഗവർണർ ആം ആദ്മി സർക്കാരിനെ വേട്ടയാടുന്നത്. ഡൽഹി സർക്കാരിന്റെ വികസന പദ്ധതികൾക്കെതിരെ ആരോപണമുന്നയിച്ചുകൊണ്ട് ബി.ജെ.പി.-ക്കാണ് കോൺഗ്രസ് പരവതാനി വിരിക്കുന്നത്. അതാണ് ഡൽഹിയിൽ നമ്മളിപ്പോൾ കാണുന്നത്. കോൺഗ്രസ് നേതാവ് (നിങ്ങളുടെ നേതാവല്ല, കോൺഗ്രസ് നേതാവാണെന്നാണ് ഞാൻ ഉദ്ദേശിച്ചത്) ശ്രീ. അജയ് മാക്കൻ ശ്രീ. അരവിന്ദ് കെജ്രിവാളിനെ ദേശദ്രോഹിയെന്ന് വിളിച്ചത് നിങ്ങളുടെ ശ്രദ്ധയിലുണ്ടാകുമല്ലോ?

**രമേശ് ചെന്നിത്തല:** സർ, കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ഡൽഹിയിൽ ആം ആദ്മി പാർട്ടിയുമായി സഖ്യത്തിലാണ് മത്സരിച്ചത്. പക്ഷേ ഇത്തവണ കോൺഗ്രസുമാ

യി സഖ്യത്തിലില്ലായെന്ന് ആദ്യമായി ആം ആദ്മി പാർട്ടിയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞങ്ങളുടേത് ഒരു രാഷ്ട്രീയ പാർട്ടിയാണല്ലോ; ഞങ്ങൾ ഡൽഹിയിൽ തുടർച്ചയായി മൂന്നുതവണ ഭരിച്ച പാർട്ടിയാണല്ലോ? കോൺഗ്രസുമായി സഖ്യത്തിലില്ലെന്ന് പറഞ്ഞത് ആം ആദ്മി പാർട്ടിയാണ്. അവരാണ് ഈ നിലപാടെടുത്തുകൊണ്ട് പരസ്യമായി പ്രഖ്യാപനം നടത്തിയത്. ഞങ്ങൾ എന്തുവേണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്.

**പിണറായി വിജയൻ:** സർ, പാർട്ടികൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളൊക്കെയുണ്ടാകാം. നയങ്ങളിലും സമീപനങ്ങളിലുമെല്ലാം നമുക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകും. പക്ഷേ, രാജ്യത്തിന്റെ മുന്നിൽ പൊതുശത്രുവായി കാണുന്നത് ബി.ജെ.പി.-യെയാണ്. ബി.ജെ.പി. അധികാരം പിടിക്കാൻ നോക്കുമ്പോൾ അതിനെ അതിശക്തമായി എതിർക്കുന്നൊരു പാർട്ടിയെ എതിർത്തുകൊണ്ടല്ല കോൺഗ്രസ് അവിടെ രംഗപ്രവേശനം ചെയ്യേണ്ടത്. അതാണ് ഞാൻ ഉദ്ദേശിച്ചത്. ഒരു പാർട്ടി എന്ന നിലയ്ക്ക് നിങ്ങൾ തമ്മിൽ മറ്റ് അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. അതിന്റെ ഭാഗമായി ബി.ജെ.പി.-ക്ക് സഹായകമാകുന്ന നിലപാട് നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകാൻ പാടുണ്ടോ; അതല്ലേ ഇതിന്റെ ഭാഗമായി സംഭവിക്കുന്നത്? അക്കാര്യമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

കിൻഫ്രയ്ക്ക് (Kerala Industrial Infrastructure Development Corporation) വെള്ളം കൊടുക്കാൻ ജലസേചന വകുപ്പിന് കഴിയുന്നില്ലെന്നാണ് ഇവിടെ പറഞ്ഞ മറ്റൊരു കാര്യം. ആലുവ എടയപ്പുറത്ത് കിൻഫ്ര വ്യവസായ ശുദ്ധജല പദ്ധതിക്ക് പൈപ്പിടുന്നതിനെതിരെ കുഴിയിലിറങ്ങി പ്രതിഷേധിച്ചത് ആരൊക്കെയായിരുന്നുവെന്ന് അങ്ങുതന്നെ പരിശോധിച്ച് നോക്കിയാൽ മനസ്സിലാകും. അതിൽ അങ്ങയുടെ കൂടെയിരിക്കുന്ന മൂന്ന് ആളുകളുമുണ്ട്.

കോവിഡ് 19-ന്റെ കാലഘട്ടമെന്ന് പറയുന്നത് ലോകമാകെ ആരോഗ്യ അടിയന്തരാവസ്ഥയുടെ ഘട്ടംകൂടിയായിരുന്നു. അക്കാലത്ത് ആരോഗ്യ പ്രവർത്തകർ സ്വന്തം ജീവൻ പണയംവച്ചാണ് ജോലി ചെയ്തിരുന്നത്. ആ സാഹചര്യത്തിൽ അവരുടെ ജീവൻ രക്ഷിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിന്റേതായതിനാൽ അടിയന്തര സാഹചര്യത്തിൽ ഒരുക്കേണ്ട ജീവൻരക്ഷാ ഉപകരണങ്ങൾ അടിയന്തര സ്വഭാവത്തോടുകൂടിത്തന്നെ വാങ്ങേണ്ടതായി വന്നു. അതിനുള്ള നടപടികളാണ് ആ ഘട്ടത്തിൽ സ്വീകരിച്ചത്. പി.പി.ഇ. (Personal protective equipment) കിറ്റ് കോവിഡ് 19-ന്റെ ചികിത്സയ്ക്കും പ്രതിരോധത്തിനും അനിവാര്യമായ ഘടകമായിരുന്നു. പി.പി.ഇ. കിറ്റില്ലാതെ ആരോഗ്യ പ്രവർത്തകർ മരിച്ചുവീഴുന്ന അവസ്ഥ ഊഹിക്കാൻപോലും കഴിയില്ലായിരുന്നു. കോവിഡ്-19 പടർന്നുപിടിച്ചപ്പോൾ മാസ്ക്, സാനിറ്റൈസർ, പി.പി.ഇ. കിറ്റ്, ഓക്സീമീറ്റർ തുടങ്ങിയവയ്ക്കെല്ലാം അസാധാരണമായ ഡിമാൻഡ് ആ ഘട്ടത്തിലുണ്ടായിരുന്നു. പലതും കിട്ടാത്ത അവസ്ഥയുണ്ടായപ്പോൾ ജനങ്ങൾ പരിഭ്രാന്തിയിൽ വിപണിയിൽ കിട്ടാവുന്നത്രയും മാസ്കുകളും സാനിറ്റൈസറുകളും വാങ്ങിക്കൂട്ടുന്ന സ്ഥിതിയുണ്ടായി. രാജ്യത്തെ ഏറ്റവും പ്രധാന നഗരങ്ങളിൽപ്പോലും ഓക്സിജൻ സിലിണ്ടർ ലഭിക്കാതെ വന്നു. പക്ഷേ, കേരളത്തിൽ അങ്ങനെയൊരു അവസ്ഥയുണ്ടായില്ല. ഇവിടെ ചികിത്സ ലഭ്യമാകാതെ ഒരാൾക്കും വിഷമിക്കേണ്ടി വന്നില്ല. പൂർണ്ണവും സൗജന്യവുമായ ചികിത്സയാണ് സർക്കാർ ഉറപ്പുവരുത്തിയത്. അതുവരെ ആരും അഭിമുഖീകരിക്കാത്ത പരിഭ്രാന്തകരമായ സാഹചര്യമായിരുന്നു. എത്രകാലം ഈ മഹാമാരി നിലനിൽക്കുമെന്നും എന്ന് ഇത് അവസാനിക്കുമെന്നും ആർക്കും പ്രവചിക്കാൻ കഴിയാത്ത അവസ്ഥ. ആ സമയത്ത് സ്റ്റോർ പർച്ചേയ്സ് റൂളിലെ വ്യവസ്ഥകൾ പാലിച്ച് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്ത്, ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചതിനുശേഷം ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്ത് ഫിനാൻഷ്യൽ ഫീസിബിലിറ്റിയും പരിശോധിച്ച് അതിന് രണ്ടിനും അംഗീകാരം ലഭിച്ചതിനുശേഷം ഓപ്പൺ ടെൻഡറിലേയ്ക്കുപോയി കുറഞ്ഞ വിലയും

കൂടിയ വിലയും നൽകിയ കമ്പനികളോട് നെഗോസിയേഷൻ നടത്തി അന്തിമവില ഉറപ്പിച്ചതിനുശേഷം ആവശ്യമെങ്കിൽ നിയമ വകുപ്പിന്റെ പരിശോധനകൂടി നടത്തി കരാർ ഒപ്പിട്ടാൽ മതിയായിരുന്നുവെന്നാണോ പ്രതിപക്ഷം ഇപ്പോൾ പറയുന്നത്; ആ ഘട്ടത്തിൽ ഒരു പ്രത്യേക സാഹചര്യമായിരുന്നില്ലേ; ആ സാഹചര്യം നമ്മളെ പലതിനും നിർബന്ധിക്കില്ലേ; അന്ന് എന്താണ് ചെയ്തത്? ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഒരു ഔദ്യോഗിക വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി ആവശ്യമായ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി അടിയന്തര ആവശ്യത്തിനായുള്ള സാധനങ്ങൾ അതിവേഗത്തിൽ ലഭ്യമാക്കാനാണ് നടപടികൾ സ്വീകരിച്ചത്. അതിന് കാലതാമസം വരുത്തി ആളുകളെ മരണത്തിലേയ്ക്ക് തള്ളിവിടാൻ പാടില്ലെന്ന ഒറ്റ ഉദ്ദേശ്യമേയുണ്ടായിരുന്നുള്ളൂ. അത്തരം ഘട്ടങ്ങളിൽ ജീവൻരക്ഷാ ഉപകരണങ്ങൾക്ക് ദൗർലഭ്യതയും വിലക്കൂടുതലും സ്വാഭാവികമാണ്. ആ സന്ദർഭത്തിന്റെ ആവശ്യമനുസരിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഒരു അസ്വാഭാവികതയും അതിലില്ല. പി.പി.ഇ. കിറ്റുകൾ ഉൾപ്പെടെ സുരക്ഷാ സൗകര്യങ്ങൾ ലഭ്യമാകാത്ത അവസ്ഥ കേരളത്തിലുണ്ടായില്ല. കേരളത്തിനുപുറത്ത് ഇത്തരം സുരക്ഷാ ഉപകരണങ്ങൾ ലഭിക്കാതെ കോവിഡ്-19 മഹാമാരി പിടിപെട്ട് ജീവഹാനി സംഭവിച്ച നിരവധി ആരോഗ്യ പ്രവർത്തകരുണ്ട്. പി.പി.ഇ. കിറ്റ് വിഷയത്തിൽ സി&എ.ജി.-ക്ക് ഉചിതവും വ്യക്തവുമായ മറുപടി സർക്കാർ നൽകിയിട്ടുള്ളതാണ്. ഈ വിഷയം സഭയിൽ ഒന്നിലേറെ തവണ ഉന്നയിച്ചിട്ടുള്ളതും മറുപടി പറഞ്ഞിട്ടുള്ളതുമാണ്. മറ്റ് സംസ്ഥാനങ്ങളും ഏജൻസികളും ജീവൻരക്ഷാ ഉപകരണങ്ങൾ വൻതോതിൽ വാങ്ങിക്കൂട്ടുന്ന നിലയാണ് അന്നുണ്ടായിരുന്നത്. അന്ന് പി.പി.ഇ. കിറ്റ് വാങ്ങിയതുമായി ബന്ധപ്പെട്ട് 10.23 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായതായി സി&എ.ജി. പറയുന്നുവെന്നാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കോവിഡ് കാലഘട്ടവും സാധാരണ കാലഘട്ടവും തമ്മിലുള്ള വ്യത്യാസം കേവലം കണക്കുകൾ കണ്ടാൽ മനസ്സിലാവുകയില്ല. യാന്ത്രികമായി അക്കങ്ങൾ മാത്രം കൂട്ടി നോക്കുമ്പോൾ യഥാർഥ വസ്തുത കാണാൻ കഴിയില്ല. ഇവിടെ സംഭവിച്ചതും അതുതന്നെയാണ്. 2016-17 മുതൽ ആറ് വർഷത്തെ ഡാറ്റയെടുത്ത് മൊത്തത്തിലുള്ള ഏറ്റക്കുറച്ചിലുകൾ കണക്കാക്കിയാൽ കോവിഡ്-19 എന്ന അസാധാരണ കാലഘട്ടത്തിലെ നിരക്കും തീരുമാനങ്ങളും കോവഡ് 19-ന് മുമ്പും ശേഷവുമുള്ള കാലഘട്ടത്തിലെ നിരക്കുമായി ഇടകലർത്തി അവ്യക്തത സൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ വർഷത്തിലെയും പ്രത്യേകം പ്രതിപാദിക്കുന്നതിന് പകരം മൊത്തത്തിൽ ഇങ്ങനെ പ്രതിപാദിക്കുന്നത് ആശയക്കുഴപ്പമുണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. കോവിഡ് മഹാമാരിക്ക് മുമ്പുള്ള 545 രൂപ എന്ന മാർക്കറ്റ് റേറ്റ് താരതമ്യം ചെയ്ത് കോവിഡ്-19 കൊടുമ്പിരി കൊള്ളുമ്പോൾ പല അസംസ്കൃത വസ്തുക്കളും ലഭ്യമല്ലാതിരുന്ന സമയത്തോ അല്ലെങ്കിൽ ഗതാഗതം, ഇറക്കുമതി എന്നിവ പ്രയാസമായി വന്ന സമയത്തോ ഉണ്ടായ വിലവർധന കണക്കിലെടുക്കാതെയാണ് ഇത്തരത്തിലുള്ള പരാമർശം വന്നത്. ഇക്കാര്യത്തിന് 2023 നവംബർ മാസത്തിൽ സർക്കാർ നൽകിയ മറുപടിയിൽ കൃത്യമായ വിശദീകരണം നൽകിയിട്ടും വീണ്ടും ഇതേ വിഷയം ഓഡിറ്റ് പരാമർശമായി ഉന്നയിച്ചിരിക്കുകയാണ്. സി.&എ.ജി., അവരുടെ റിപ്പോർട്ടിൽ എടുത്തുപറയുന്ന കാര്യം സൂചിപ്പിക്കാം. 28-03-2020-ന് ഒരു കമ്പനിക്ക് 25000 പി.പി.ഇ. കിറ്റിന് ഓർഡർ നൽകി; അൻപത് ശതമാനം അഡ്വാൻസും നൽകി. ബാക്കി അൻപത് ശതമാനം തുക മുഴുവൻ പി.പി.ഇ. കിറ്റും കമ്പനി വിതരണം ചെയ്തതിനുശേഷം നൽകാമെന്ന് ഉറപ്പും കൊടുത്തു. 19 ദിവസം കഴിഞ്ഞിട്ടും 10000 എണ്ണം സപ്ലൈ ചെയ്യാൻ മാത്രമെ അവർക്ക് സാധിച്ചുള്ളൂ. അതിനുശേഷം ഇ-മെയിൽ, ഫോൺ കോളുകൾ വഴി നിരവധി തവണ ഈ കമ്പനിയുമായി ബന്ധപ്പെട്ടുവെങ്കിലും അവർക്ക് ബാക്കി അൻപത് ശതമാനം അതേ വിലയ്ക്ക് വിതരണം ചെയ്യാൻ സാധിച്ചില്ല. ആ ഘട്ടത്തിൽ സർക്കാരിന് പി.പി.ഇ. കിറ്റ് കിട്ടിയേ തീരൂ. ഓർഡർ ലഭിച്ച കമ്പനിക്ക് പി.പി.ഇ. കിറ്റ് സപ്ലൈ ചെയ്യാനുള്ള കഴിവില്ലെന്ന് അവരുടെ പ്രവർത്തിയിലൂടെ

ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കമ്പനിയുമായുള്ള പർച്ചേയ്സ് ഉത്തരവ് റദ്ദാക്കിയത്. അവർക്ക് നൽകിയതുപോലെ അൻപത് ശതമാനം തുക അഡ്വാൻസ് നൽകി മറ്റൊരു കമ്പനിക്ക് അൻപതിനായിരം പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള ലെറ്റർ ഓഫ് ഇന്റന്റ് കെ.എം.എസ്.സി.എൽ. (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്) നൽകി. അപ്പോഴാണ് 2020 ഏപ്രിൽ മാസം 15-ാം തീയതി തദ്ദേശീയമായൊരു സ്ഥാപനം പി.പി.ഇ. കിറ്റ് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ മുന്നോട്ടുവന്നത്. അപ്പോൾത്തന്നെ കൂടിയ വിലയ്ക്കുള്ള ഓർഡർ റദ്ദുചെയ്ത് കുറഞ്ഞ വിലയ്ക്ക് 37000 എണ്ണം വാങ്ങി. ഇതാണ് വസ്തുത. സി&എ.ജി. റിപ്പോർട്ട് അന്തിമമല്ല. നിയമസഭയിൽ സമർപ്പിക്കപ്പെട്ട ഈ റിപ്പോർട്ട് ശ്രീ. സണ്ണി ജോസഫ് അധ്യക്ഷനായ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയാണ് പരിശോധിക്കേണ്ടത്. എല്ലാ വിവരങ്ങളും ആ സാഹചര്യവുമെല്ലാം അവിടെ പരിശോധിക്കാവുന്നതാണ്.

**വി. ഡി. സതീശൻ:** സർ, സ്വാഭാവികമായും ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ടാണ് അങ്ങ് വായിച്ചത്. അതിൽ അവാസ്തവമായ കാര്യങ്ങളാണുള്ളത്. എന്റെ കൈയിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ രേഖകളാണുള്ളത്. 28-3-2020-ന് വൈകുന്നേരം 5.55-ന് ഇവർ ഫയലിൽ കുറിപ്പ് എഴുതി. 550 രൂപയ്ക്ക് 25000 പി.പി.ഇ. കിറ്റുകൾ തരാമെന്ന് പറയുന്ന കമ്പനിയോട് പിന്നെയും വിലകുറയ്ക്കാൻ നെഗോഷിയേറ്റ് ചെയ്യുന്നു. അവർ വില കുറയ്ക്കാൻ തയ്യാറാകാത്തതുകൊണ്ട് ഓഫർ ചെയ്ത 25000 പി.പി.ഇ. കിറ്റുകൾ വാങ്ങാതെ 10000 എണ്ണം മാത്രമാണ് വാങ്ങുന്നത്. 550 രൂപയിൽനിന്ന് കുറയ്ക്കാൻ തയ്യാറാകാത്തതുകൊണ്ടാണ് 15000 പി.പി.ഇ. കിറ്റുകൾ കുറച്ച് വാങ്ങാനുദ്ദേശിച്ചത്. എന്നാൽ അതേദിവസം ഏകദേശം ഒന്നരമണിക്കൂർ കഴിഞ്ഞപ്പോൾ 7.28-ന് വേറൊരു കമ്പനിയിൽനിന്ന് 1550 രൂപയ്ക്ക് പി.പി.ഇ. കിറ്റുകൾ വാങ്ങുന്നതിന് ഇന്റന്റ് കൊടുക്കുകയാണ്. ഇവർ സപ്ലൈ ചെയ്യാത്തതുകൊണ്ടല്ല. 1550 രൂപയ്ക്ക് തരാമെന്നുപറഞ്ഞ കമ്പനിക്ക് 100 ശതമാനം അഡ്വാൻസും 550 രൂപയ്ക്ക് തരാമെന്ന് പറഞ്ഞ കമ്പനിക്ക് 50 ശതമാനം അഡ്വാൻസും കൊടുത്തിട്ടും ആദ്യം വന്നത് 550 രൂപയുടെ പി.പി.ഇ. കിറ്റുകളാണ്. ഇവർ മുഴുവൻപോലും സപ്ലൈ ചെയ്തിട്ടില്ല, അത് വളരെ വൈകിയാണ് ലഭിച്ചത്. അങ്ങ് ഇത് പരിശോധിക്കണം. മെഡിക്കൽ സർവീസസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് വലിയ അഴിമതി ഇക്കാര്യത്തിൽ നടന്നിട്ടുണ്ട്. അങ്ങ് സി&എ.ജി. റിപ്പോർട്ട് സംബന്ധിച്ച കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. എന്റെ കൈയിലുള്ള രേഖയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഒന്നര മണിക്കൂറിനുള്ളിൽ 550 രൂപ വേണ്ടെന്ന് വച്ച് 1550 രൂപയ്ക്ക് പി.പി.ഇ. കിറ്റ് വാങ്ങിയ കഥയാണിത്. അതിന് എന്ത് ന്യായീകരണം പറഞ്ഞാലും ഇതാണ് വാസ്തവം.

**പിണറായി വിജയൻ:** സർ, ഞാനിവിടെ സി&എ.ജി. റിപ്പോർട്ടിന്റെ ഭാഗമാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞകാര്യം പ്രത്യേക പ്രശ്നമാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാം. സർക്കാരിന് ഇതിൽ ഒന്നുംതന്നെ മറച്ചുവയ്ക്കാനില്ല. എല്ലാ വിവരങ്ങളും സി&എ.ജി.-ക്കും നിയമസഭയ്ക്കും നൽകിയിട്ടുണ്ട്. ബാക്കി കാര്യങ്ങൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കുന്നതാണ്. ജമാഅത്തെ ഇസ്ലാമി അമീറിനെ ഞാൻ കണ്ടുവെന്ന് ബഹുമാനപ്പെട്ട കെ. പി. എ. മജീദ് ഇവിടെ പറയുകയുണ്ടായി. അതിന്റെ ഒരു ഫോട്ടോ ഉയർത്തി കാണിക്കുകയും ചെയ്തു. ഞാൻ പോയി അദ്ദേഹത്തെ കണ്ടതാണോ എന്നെ അദ്ദേഹം വന്ന് കണ്ടതാണോയെന്ന് പരിശോധിച്ചാൽ മനസ്സിലാകും. ഞാൻ കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന നിലയിൽ എന്നെ കാണാൻ പലരും വരില്ലേ; അതിലെന്താണ് മറച്ചുവയ്ക്കാനുള്ളത്; ജമാഅത്തെ ഇസ്ലാമിയുടെ സാധാരണ രീതിയെന്താണ്; അവരുടെ ആളുകൾ എല്ലാവരുടെയും അടുത്തുപോയി കാര്യങ്ങൾ വിശദീകരിക്കാറുണ്ടല്ലോ; നിങ്ങളാരെങ്കിലും അവരോട് വരേണ്ടായെന്ന് പറയുമോ; അതുകൊണ്ട് അവരോടുള്ള നിലപാടിൽ വ്യത്യാസമുണ്ടോ? ഞാനൊരു ഘട്ടത്തിലെകാര്യം ഓർക്കുകയാണ്. ഞാൻ പാർട്ടി സെക്രട്ടറിയായിരുന്ന

പ്പോൾ ജമാഅത്തെ ഇസ്ലാമിയുടെ ഒരു കൂട്ടർ എന്നെ കാണാൻ വരികയും എന്നോട് സംസാരിക്കുമ്പോൾ 'ഇവർ നമ്മുടെ സോളിഡാരിറ്റിയുടെ ആളുകളാണ് എന്ന് പറഞ്ഞപ്പോൾ 'ഇവരല്ലേ നമ്മുടെ ഏറ്റവും വലിയ സാമൂഹ്യവിരുദ്ധർ' എന്ന് ഞാൻ പറയുകയും ചെയ്തു. അത് കേട്ടപ്പോൾ അവർ ചിരിക്കുകയും ചെയ്തു. നിങ്ങൾ ഏത് കാര്യത്തെയാണ് എതിർക്കാതിരുന്നത്; ഈ നാട്ടിൽ വരുന്ന എല്ലാ കാര്യങ്ങളും നിങ്ങൾ എതിർത്തുകൊണ്ടിരിക്കുകയല്ലേ ചെയ്യുന്നത്? എന്നെ കാണാൻ ആരെങ്കിലും വന്നാൽ ഞാൻ അവരെ കാണാൻ സമ്മതിക്കുകയും എനിക്ക് പറയാനുള്ള കാര്യങ്ങൾ അവരോട് പറയുകയും ചെയ്യുമെന്നതാണ് എന്റെ രീതി. അക്കാര്യം ശ്രീ. കെ. പി. എ. മജീദ് മനസ്സിലാക്കേണ്ടതുണ്ട്. പക്ഷേ, യു.ഡി.എഫ്. കൺവീനർ ജമാഅത്തെ ഇസ്ലാമി അമീറിന്റെ വീട്ടിൽപോയി കണ്ടത് അങ്ങയുടെ ഓർമ്മയിലുണ്ടാകുമല്ലോ?

ബഹുമാന്യനായ എം. വിൻസെന്റ് സംസാരിച്ചപ്പോൾ കേന്ദ്രത്തിനെതിരെ ഒന്നും പറഞ്ഞില്ലെന്ന് പറയുകയുണ്ടായി. അതിനെപ്പറ്റി നേരത്തെ പറഞ്ഞുകഴിഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിങ് (VGF) വിഷയത്തിൽ ഒന്നും പറഞ്ഞില്ലെന്ന് പറഞ്ഞു. അക്കാര്യങ്ങൾ വ്യക്തമായി നിലപാട് എടുത്തതാണ്. അതിൽ ഒന്നിച്ച് ശബ്ദമുയർത്തേണ്ടതുണ്ടെന്ന നിലപാടാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

മറ്റൊരു കാര്യം, ബ്രൂവറി, എഥനോൾ എന്നൊക്കെ പറഞ്ഞ് കുറച്ചുദിവസങ്ങളായി പരസ്പരം മത്സരിച്ച് സംസാരിക്കുകയുണ്ടായി. ഈ സഭയിൽ മറ്റുചില നീക്കങ്ങളും വരുന്നുവെന്ന അശരീരികൾ കേൾക്കുന്നുണ്ട്. ഏതായാലും മുൻ പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിലാണ് ഇത് ഗൗരവമായി ഉന്നയിക്കപ്പെട്ടത്. ഇക്കാര്യത്തിൽ സംശയിക്കത്തക്ക വിധത്തിൽ യാതൊന്നുമില്ല. 2022-23-ലെ സർക്കാരിന്റെ മദ്യനയത്തിലെ ആമുഖത്തിൽ പറഞ്ഞകാര്യം ഞാൻ ഉദ്ധരിക്കാം. 'ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. മാത്രമല്ല, ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിർമ്മിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുവായ ഋചഅ (ഋഃേ്രമ ചലൗേൃമഹ അഹരീവീഹ) പൂർണ്ണമായി സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. കേരളത്തിൽ നിർമ്മിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൽ നല്ലൊരുപങ്കും സംസ്ഥാനത്തിന് പുറത്തുള്ള മദ്യ ഉൽപാദന കമ്പനികൾ കേരളത്തിലെ ഡിസ്റ്റിലറികളുടെ ടൈ-അപ്പ് വഴി നിർമ്മിക്കുന്നതാണ്. ഇതുമൂലം സംസ്ഥാനത്തിനുണ്ടാകേണ്ട വരുമാനവും തൊഴിലവസരങ്ങളും നഷ്ടപ്പെടുകയാണ്. കേരളത്തിനാവശ്യമായ ഇന്ത്യൻ നിർമ്മിത വിദേശമദ്യമോ ബിയറോ ഇവിടെ ഉൽപാദിപ്പിക്കാൻ കഴിയുന്നില്ല. കേരളത്തിൽ നിലവിലുള്ള സ്ഥാപനങ്ങളിൽ ഉൽപാദനം വർധിപ്പിക്കുക, പുതിയ യൂണിറ്റുകളാരംഭിക്കുക എന്നിവയാണ് അതിനുള്ള പരിഹാരം. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും'. ഇതാണ് 2022-23-ലെ മദ്യനയത്തിന്റെ ആമുഖം. പ്രസ്തുത മദ്യനയത്തിന്റെ 24-ാം പാരഗ്രാഫിലെ ഉദ്ധരണിയിൽ ''സംസ്ഥാനത്ത് മദ്യ ഉൽപാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽത്തന്നെ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകും. ആയതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകും'' എന്നാണ് പറയുന്നത്. 22-ാം പാരഗ്രാഫിലെ ഉദ്ധരണിയിൽ നിലവിലുള്ള നിയമം അനുസരിച്ച് യോഗ്യതയുള്ളവർക്ക് ബ്രൂവറി ലൈസൻസ് അനുവദിക്കുമെന്നാണ് പറയുന്നത്. 2023-24-ലെ മദ്യനയത്തിന്റെ ആമുഖത്തിൽ സംസ്ഥാനത്തെ ഉപഭോഗത്തിനാവശ്യമായ ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും ഇവിടെത്തന്നെ നിർമ്മിക്കുന്നതിനുള്ള സംവിധാനമൊരുക്കുമെന്നും എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ കേരളത്തിൽത്തന്നെ ഉൽപാദിപ്പിക്കുമെന്നും വ്യക്തമാക്കുന്നുണ്ട്. ഇതിൽ കൂടുതൽ എന്ത് വിശദീകരണമാണ് വേണ്ടത്? മദ്യനയത്തിൽ സുവ്യക്തമായി സർക്കാർ പ്രഖ്യാപിച്ച കാര്യങ്ങളാണ് നടപ്പാക്കാൻ ശ്രമിച്ചിട്ടുള്ളത്. കേരളത്തിൽ നിലവിൽ പത്ത് ഡിസ്റ്റിലറികളും എട്ട് ബ്ലെൻഡിങ് യൂണിറ്റുകളും രണ്ട് ബ്രൂവറിയും പ്രവർത്തിക്കുന്നു

ണ്ട്. 10 ഡിസ്റ്റിലറികളിൽ ഏഴും കോൺഗ്രസ് സർക്കാരുകൾ ഭരിക്കുമ്പോഴാണ് ആരംഭിച്ചത്. രണ്ട് ബ്രൂവറിയും ആരംഭിച്ചത് കോൺഗ്രസ് കാലത്താണ്. ടെൻഡർ വിളിച്ചായിരുന്നോ ഇതിൽ ഏതെങ്കിലും ആരംഭിച്ചത്? വ്യവസായ നിക്ഷേപങ്ങൾ ടെൻഡർ വിളിച്ചല്ല അനുവദിക്കാറുള്ളതെന്ന് നമുക്കെല്ലാം അറിയാവുന്ന കാര്യമല്ലേ; നാട്ടിലൊരു വ്യവസായം തുടങ്ങുന്നതിന് ടെൻഡർ വിളിക്കുന്നത് എങ്ങനെയാണ്? ഈ വിഷയത്തിൽ മത്സരാധിഷ്ഠിതമായ കാര്യങ്ങളില്ലാത്തതിനാൽ ടെൻഡർ നടപടികൾ അപ്രസക്തമാണ്. ഇനിയും നിക്ഷേപകർ ഇതുപോലെ ഗുണപരമായ നിർദേശവുമായി വന്നാൽ സർക്കാർ പ്രോൽസാഹിപ്പിക്കുകതന്നെ ചെയ്യും. കേന്ദ്ര സർക്കാരിന്റെ എണ്ണ കമ്പനികൾക്കുള്ള എഥനോൾ നിർമ്മാണത്തിന് കേരളത്തിൽനിന്നും സെലക്ഷൻ പ്രോസസ്സിൽ തിരഞ്ഞെടുക്കപ്പെട്ടത് ഇവർ മാത്രമാണ്. കേന്ദ്ര സർക്കാർ സുതാര്യമായ നടപടികളിലൂടെ നടത്തിയ സെലക്ഷൻ പ്രോസസ്സിലൂടെയാണ് ഈ തിരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. 1999-ലെ ഉത്തരവ് സംബന്ധിച്ച് ഇവിടെ ഉന്നയിച്ചിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന അപേക്ഷകളുടെ കാര്യത്തിലെ തീരുമാനമായാണ് ആ ഉത്തരവ് പുറത്തിറങ്ങിയത്. ഇതിനുശേഷവും കേരളത്തിൽ മദ്യ നിർമ്മാണശാലകൾ ആരംഭിച്ചിട്ടുണ്ട്. 2000-ൽ രണ്ട് ബ്ലെൻഡിങ് ആൻഡ് ബോട്ടിലിങ് പ്ലാന്റുകൾ പ്രവർത്തനമാരംഭിച്ചു. 2003-ലെ യു.ഡി.എഫ്. ഭരണകാലത്താണ് തൃശ്ശൂരിലെ മലബാർ ബ്രൂവറി ബിയർ നിർമ്മാണം തുടങ്ങിയത്. അതിന് പ്രവർത്തനാനുമതി നൽകാൻ തടസ്സമൊന്നുമുണ്ടായിട്ടില്ല. 2022-ലാണ് പാലക്കാട് മലബാർ ഡിസ്റ്റിലറിക്ക് ബ്ലെൻഡിങ് യൂണിറ്റ് നിർമ്മിക്കാൻ അനുമതി നൽകിയത്. 1999-ലെ ഉത്തരവ് ആ സമയത്തേയ്ക്കുള്ള ഉത്തരവ് മാത്രമാണെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതാണ്. ഇവിടെ സർക്കാർ അംഗീകരിച്ച് പ്രഖ്യാപിച്ച മദ്യനയത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികളേ ഉണ്ടായിട്ടുള്ളൂ. 2024-ൽ 39.55 കോടി ലിറ്റർ ഇ.എൻ.എ.-യും എഥനോളുമാണ് കേരളത്തിലേയ്ക്ക് വന്നിട്ടുള്ളതെന്നാണ് എക്സൈസ് കണക്കുകൾപ്രകാരം വ്യക്തമാകുന്നത്. ഡിസ്റ്റിലറിക്കുവേണ്ടി 9 കോടി 21 ലക്ഷം ലിറ്റർ ഇ.എൻ.എ., എണ്ണ കമ്പനികൾക്കായി 30 കോടി 28 ലക്ഷം ലിറ്റർ എഥനോൾ, 8 കോടി 34 ലക്ഷം ഇൻഡസ്ട്രിയൽ സ്പിരിറ്റ് എത്തിച്ചുവെന്നാണ് കണക്കുകളിൽ വ്യക്തമാകുന്നത്. ഇതിൽ പകുതിയോളവും മഹാരാഷ്ട്ര, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നാണ് എത്തിച്ചത്. 3000 കോടിയിലേറെ രൂപയാണ് ഇങ്ങനെ അന്യസംസ്ഥാനത്തേയ്ക്കൊഴുകുന്നത്. ശരാശരി ലിറ്ററിന് 10 രൂപ ട്രാൻസ്പോർട്ടേഷൻ ചാർജായി വരികയാണെങ്കിൽ മാത്രം 400 കോടിയോളം രൂപയാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ വരുന്നത്. കേരളത്തിൽ നിർമ്മാണം ആരംഭിച്ചാൽ ട്രാൻസ്പോർട്ടേഷൻ ചാർജ് രണ്ട് രൂപയായി കുറയും. ഈയിനത്തിൽ മാത്രം 300 കോടിയിലധികം രൂപ സംസ്ഥാനത്ത് ലാഭിക്കാൻ കഴിയും. 600 കോടി രൂപയുടെ വികസന പദ്ധതി പ്രാദേശിക- സാമ്പത്തിക വികസനത്തിന് മുതൽക്കൂട്ടാകും. സ്ഥാപനത്തിന്റെ ഭാഗമായി നടക്കുന്ന വ്യാപാര ഇടപാടുകളും വലിയ നേട്ടമാണ്. 600 കോടി രൂപയുടെ നിക്ഷേപമാണ് പദ്ധതിയിലൂടെ ലഭ്യമാകുന്നത്. അത് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതോടെ 650 പേർക്ക് പ്രത്യക്ഷമായും 2000 പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പാക്കാനാകും. നിക്ഷേപ പദ്ധതി സ്വീകരിക്കണോ വേണ്ടയോ എന്നത് പൂർണ്ണമായും സർക്കാരിന്റെ വിവേചനാധികാരമാണ്. പൂർണ്ണമായും സംസ്ഥാനത്തിന് ഗുണമുള്ള നിർദേശങ്ങൾ ലഭിച്ചാൽ സർക്കാർതന്നെയാണ് അനുമതി നൽകുന്നത്. പ്രാഥമിക അനുമതിയാണ് നൽകിയിരിക്കുന്നത്. ഈ ഘട്ടത്തിൽ പഞ്ചായത്തിനെ കൺസൾട്ട് ചെയ്യില്ല. Ease of doing business സിംഗിൾ വിൻഡോ സിസ്റ്റം വഴിയാകും ഈ പദ്ധതിക്ക് ഇനി അംഗീകാരം നൽകുക. ഈ ബോർഡിൽ പഞ്ചായത്തിന്റെ പ്രതിനിധിയും അംഗമാണ്. മികച്ച പദ്ധതികൾ അംഗീകരിച്ചുകൊണ്ടുതന്നെ സർക്കാർ മുന്നോട്ടുപോകും. Ease of doing business-ൽ കേരളം ഒന്നാമത് എത്തിയത് ഈ തുറന്ന നിലപാട് കൊണ്ടുതന്നെയാണ്. ആദ്യഘട്ടത്തിൽ പ്രതിദിനം അൻപതിനായിരം ലിറ്ററും

പിന്നീട് പൂർണ്ണതോതിലെത്തുമ്പോൾ അഞ്ച് ലക്ഷം ലിറ്ററുമാണ് പ്ലാന്റിന് ആവശ്യമായി വന്നിരിക്കുന്നത്. ജല അതോറിറ്റി വഴിയും മഴവെള്ള സംഭരണിവഴിയുമാണ് ഈ ജലം ലഭിക്കുകയെന്നാണ് സർക്കാരിന് സമർപ്പിച്ച അപേക്ഷയിൽ പറയുന്നത്. ജല അതോറിറ്റിയുടെ വെള്ളം കിൻഫ്ര ലൈനിൽനിന്നാണ് ലഭ്യമാക്കാൻ നിർദേശിച്ചിരിക്കുന്നത്. കഞ്ചിക്കോട് കിൻഫ്രയിലേയ്ക്ക് വാട്ടർ അതോറിറ്റിയുടെ ലൈൻ ഇതുവരെയും എത്തിയിട്ടില്ല. ആയതിന്റെ പ്രവൃത്തി പുരോഗമിക്കുകയാണ്. പ്രസ്തുത ലൈൻ എത്തുമ്പോൾ കമ്പനിക്ക് ജലം നൽകാനാകും. നിലവിൽ കിൻഫ്രയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മഴവെള്ള സംഭരണി വഴിയും മറ്റ് ജലസ്രോതസ്സുകൾ വഴിയും ലഭിക്കുന്ന ജലം വിതരണം ചെയ്യുന്നുണ്ട്. പ്രതിദിനം 8 ലക്ഷം ലിറ്റർവരെയാണ് നൽകുന്നത്. വ്യവസായ സ്ഥാപനങ്ങൾക്ക് ജലം നൽകുന്നത് മഹാപാപമല്ല. കുടിവെള്ളവും ജലസേചനവും ഉറപ്പാക്കി വ്യവസായ സ്ഥാപനങ്ങൾക്കും വെള്ളം കൊടുക്കാം. 31-01-2015-ലെ G.O. (Rt) No. 90/2015/WRD പ്രകാരം കിൻഫ്രയിലേയ്ക്കുള്ള ലൈനിന് അംഗീകാരം കൊടുത്തത് 2011-2016-ലെ ഉമ്മൻ ചാണ്ടി സർക്കാരായിരുന്നു. ജവാൻ മദ്യം ഉൽപാദിപ്പിക്കുന്ന മലബാർ ഡിസ്റ്റിലറിക്ക് വെള്ളം കൊടുക്കാൻ ജലസേചന വകുപ്പിന് കഴിയുന്നില്ലെന്ന ആരോപണം തെറ്റാണ്. മലബാർ ഡിസ്റ്റിലറിയിൽ ഏത് മദ്യം ഉൽപാദിപ്പിക്കണമെന്നത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല; സാങ്കേതികാനുമതി ഘട്ടത്തിലാണ് പദ്ധതി നിലവിലുള്ളത്. ജവാൻ മദ്യം ഉൽപാദിപ്പിക്കുന്നത് തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സിലാണ്. ഇവിടെ ജലദൗർലഭ്യംകൊണ്ട് ഒരു പ്രശ്നവും നിലവിലില്ല. ഇ.എൻ.എ.-യുടെ ലഭ്യതക്കുറവുമൂലമാണ് കുറച്ചുകാലംമുമ്പ് ജവാൻ നിർമ്മാണത്തിന് തടസ്സം നേരിട്ടത്. ആ പ്രശ്നമുൾപ്പെടെ പരിഹരിക്കാനുള്ള നീക്കമാണ് സർക്കാർ ഇപ്പോൾ നടത്തുന്നത്. സീറോ ഡിസ്ചാർജ് യൂണിറ്റ് സ്ഥാപിക്കപ്പെടുന്നതിനാൽ മാലിന്യമൊന്നും പുറത്തുതള്ളുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കും. കമ്പനിയുടെ ടെക്നോളജിക്ക് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ, കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്ലാന്റ് സജ്ജമായാൽ പാരിസ്ഥിതികാനുമതി വാങ്ങിയശേഷം പ്രവർത്തനം ആരംഭിക്കാൻ കഴിയും. വിവിധ കാർഷികോല്പന്നങ്ങൾ ഉപയോഗിച്ച് സ്പിരിറ്റ് നിർമ്മിക്കുന്ന ദക്ഷിണേന്ത്യയിലെ ആദ്യത്തെ മൾട്ടി-ഫീഡ് ഡിസ്റ്റിലറി പ്രോജക്ടാണ് പാലക്കാടുള്ളത്. ഇതോടൊപ്പം കോ ജനറേഷൻ വഴി 6 മെഗാവാട്ട് വൈദ്യുതി ഉൽപാദനവും ലക്ഷ്യമിടുന്നു. കമ്പനിയിൽ ഉൽപാദനപ്രക്രിയയിലുണ്ടാകുന്ന താപോർജത്തിൽനിന്നും ടർബൈൻ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുമെന്നാണ് പദ്ധതിയിൽ പറഞ്ഞിരിക്കുന്നത്. ഇപ്രകാരം ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ 3 മെഗാവാട്ട് കമ്പനിയുടെ ആവശ്യത്തിനും ശേഷിക്കുന്ന 3 മെഗാവാട്ട് ഗ്രിഡിലേയ്ക്കും നൽകും. ഉപയോഗശൂന്യമായ അരി, വെജിറ്റബിൾ വേസ്റ്റ്, മരച്ചീനി, ഗോതമ്പ്, സ്വീറ്റ് പൊട്ടറ്റോ, ചോളം എന്നിവയാണ് അസംസ്കൃതവസ്തുക്കൾ. ഇത് കാർഷികമേഖലയ്ക്ക് പുത്തനുണർവേകും. എക്സൈസ് വകുപ്പ്, ബാർ എന്നൊക്കെ കേൾക്കുമ്പോൾ അഴിമതി ഓർമവരുന്നത് മുൻ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ജനിതക പ്രവർത്തനം തന്നെയാണ്. അതുപക്ഷേ ഞങ്ങളുടേതല്ല, ഏതായാലും ആ പാപഭാരം ഇങ്ങോട്ട് കെട്ടിവയ്ക്കേണ്ടതില്ല.

**രമേശ് ചെന്നിത്തല:** സർ, മദ്യനയത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അങ്ങ് മദ്യനയം കൊണ്ടുവന്നത് എന്തിനുവേണ്ടിയാണെന്ന് അരിയാഹാരം കഴിക്കുന്ന കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അറിയാം. 2018-ൽ ഇതിനായി നടത്തിയ ശ്രമം പരാജയപ്പെട്ടപ്പോഴാണ് പുതിയ മദ്യനയം കൊണ്ടുവന്നത്. ഇവിടെ സിംപിളായ രണ്ട് പ്രശ്നങ്ങളാണ്. കൊക്കക്കോള കമ്പനി പൂട്ടിച്ചവരാണ് പാലക്കാട്ടെ ജനങ്ങളും നിങ്ങളും. മഴനിഴൽ പ്രദേശമായതിനാൽ കുടിവെള്ളമില്ലെന്നതാണ് അവിടത്തെ അടിസ്ഥാനപ്രശ്നം. കുടിവെള്ളമില്ലാതെ ബുദ്ധിമുട്ടുന്ന ജനങ്ങൾക്കിടയിൽ Overseas Commercial Private Limited-ന് കോടിക്കണക്കിന് ലിറ്റർ വെ

ള്ളമുപയോഗിച്ചുകൊണ്ടുള്ള ഒരു പ്ലാന്റ് നിർമ്മിക്കുന്നതിന്റെ സാംഗത്യമെന്താണ്? എഥനോൾ നിർമ്മിക്കാൻ വേണ്ടിയാണെന്ന് അങ്ങ് പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനമായ എണ്ണക്കമ്പനികൾ ഈ കമ്പനിക്ക് എഥനോൾ നിർമ്മാണത്തിനാണ് സർട്ടിഫിക്കറ്റ് കൊടുത്തിരിക്കുന്നത്. പെട്രോളിലും ഡീസലിലും എഥനോൾ മിക്സ് ചെയ്യേണ്ടത് ആവശ്യമായതിനാലാണ് എഥനോൾ നിർമ്മിക്കാൻവേണ്ടി ഈ കമ്പനിക്ക് അനുവാദം കൊടുത്തത്. അല്ലാതെ അങ്ങ് പറഞ്ഞതുപോലുള്ള ബ്രാണ്ടി നിർമ്മാണത്തിനോ സ്പിരിറ്റ് നിർമ്മാണത്തിനോ മറ്റ് കാര്യങ്ങൾക്കോ വേണ്ടിയല്ല ഇവർ ക്വാളിഫൈ ചെയ്തിട്ടുള്ളത്. അങ്ങ് ഈ കമ്പനിക്ക് അനുകൂലമായി പറയുന്ന വാദഗതികൾ മാത്രമാണിത്. ജനങ്ങൾ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന മഴനിഴൽ പ്രദേശമായ അവിടെ പഞ്ചായത്തുപോലും അറിയാതെ ഇങ്ങനെയൊരു പദ്ധതി കൊണ്ടുവരുമ്പോൾ അതുണ്ടാക്കുന്ന സാമൂഹികപ്രശ്നങ്ങളാണ് ഇവിടത്തെ പ്രശ്നം. പിന്നെ ഇതിനൊക്കെ ടെൻഡർ വിളിക്കുമോയെന്ന് അങ്ങ് ചോദിച്ചു. സി. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് ടെൻഡർ വിളിച്ചതിന്റെ അടിസ്ഥാനത്തിലാണ് 1999-ലെ ഓർഡർ വന്നത്. ഇക്കാര്യം അങ്ങ് പരിശോധിച്ചുനോക്കുന്നത് നന്നായിരിക്കും. ഇത്രയും വലിയൊരു പദ്ധതി അവിടെ വരുമ്പോൾ ആരുമറിയാതെ ഒരു കമ്പനിയെ വിളിച്ചിട്ട് അവർക്കത് കൊടുക്കുന്നതിലുള്ള അപാകതയും അഴിമതിയുംതന്നെയാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത് വാസ്തവമല്ലെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

**പിണറായി വിജയൻ:** സർ, തീർച്ചയായും. അങ്ങ് കേരളത്തിലെ പ്രധാനപ്പെട്ട ആളാണെന്ന ധാരണയിൽ കേരളത്തിന്റെ താൽപര്യവുംകൂടി മനസിൽവച്ചുകൊണ്ട് നീങ്ങണമെന്നുമാത്രമെ എനിക്ക് അഭ്യർഥിക്കാനുള്ളൂ. ഒരു പദ്ധതി നടപ്പാക്കാൻ ഒരു കമ്പനി വരുമ്പോൾ സാധാരണ ഗതിയിൽ അതിന് ടെൻഡറിന് പോകില്ല. ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കാൻവേണ്ടി ടാറ്റ ഗ്രൂപ്പ് വരുന്നെന്ന് വിചാരിക്കുക. ടാറ്റ ഗ്രൂപ്പിനോട് 'ഞങ്ങൾ വേറെ ടെൻഡർ വിളിക്കട്ടെ, എന്നിട്ട് നിങ്ങളുടെ കാറിന്റെ നിർമ്മാണം ഇവിടെ നടത്താൻ പറ്റുമോ എന്നുള്ളത് ആലോചിക്കാം' എന്ന് പറയാൻ കഴിയുമോ? ശരിയായ രീതിയിൽ നമുക്ക് അംഗീകരിക്കാൻ പറ്റിയ ഒരു പദ്ധതിയാണോ എന്നുള്ളതാണല്ലോ പരിശോധിക്കുന്നത്. അങ്ങനെയുള്ള നിർദേശങ്ങൾ തുടർന്നും വരികയാണെങ്കിൽ ഇനിയും അനുമതി നൽകുമെന്ന് തന്നെയാണ് ഈ നയത്തിന്റെ അർഥം. അങ്ങ് ഇവിടെ പ്രകടിപ്പിച്ച ആശങ്ക വെള്ളത്തിന്റേതാണ്. വെള്ളത്തിന് ഏതെങ്കിലും തരത്തിൽ പ്രയാസങ്ങളുണ്ടാക്കുന്ന സാഹചര്യം സർക്കാർ സൃഷ്ടിക്കില്ല. അവിടെയുള്ള കൃഷിക്കാരുടെയും കുടിവെള്ളം വേണ്ടവരുടെയുമെല്ലാം താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഈ നടപടി നടപ്പാക്കിയിരിക്കുന്നതിനാൽ ഒരാശങ്കയും അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. ഏതായാലും സംസ്ഥാനത്ത് വരുന്നൊരു പദ്ധതി എന്ന നിലയ്ക്കാണ് ഇതിനെ കാണേണ്ടത്.

ഇവിടെ കെ.എഫ്.സി. (കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ)-യെപ്പറ്റി പറഞ്ഞ കാര്യത്തിൽ, RCFL (Reliance Commercial Finance Ltd.)-ൽ നടത്തിയ നിക്ഷേപവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കമ്പനി മാനേജ്മെന്റ് തന്നെ വ്യക്തമാക്കിയതാണ്. കേന്ദ്ര നിയമമായ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്റ്റിന്റെ വകുപ്പ് 34 അനുസരിച്ച് കെ.എഫ്.സി.-യുടെ നിക്ഷേപ തീരുമാനങ്ങളെല്ലാം കമ്പനി ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് നടത്തിയിട്ടുള്ളത്. 2016 ജൂൺ 28-ന് ചേർന്ന ബോർഡ് യോഗമാണ് നിക്ഷേപ തീരുമാനമെടുത്തത്. ആർ.ബി.ഐ., SEBI അംഗീകൃത ക്രെഡിറ്റ് റേറ്റിങ് ഏജൻസികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് AA+ റേറ്റിംഗുള്ള ഞഇഎഘൽ നിക്ഷേപം നടത്താൻ തീരുമാനിച്ചത്. അന്ന് വിപണിയിലുണ്ടായിരുന്ന ഏറ്റവും മികച്ച നിരക്കായ 9.1 ശതമാനം വരുമാനം പരിഗണിച്ചായിരുന്നു തീരുമാനം. ആർ.ബി.ഐ. SEBI അംഗീകൃത ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ AA+ റേറ്റിംഗ് നൽകുന്ന ഒരു സ്ഥാപനത്തിൽ

നിക്ഷേപിക്കുന്നത് നഷ്ടസാധ്യത കുറയുമെന്നതും പരിഗണിച്ചിരുന്നു. 2017-18-ൽ ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടേതുമായി 10,000 കോടിയോളം രൂപ RCFL-ൽ നിക്ഷേപമുണ്ടായിരുന്നു. ആ സ്ഥാപനം കടുത്ത പ്രതിസന്ധിയിലാകുന്നതിനുമുമ്പുവരെ വായ്പകളുടെ തിരിച്ചടവ് കൃത്യമായിരുന്നു. 2018 ജൂൺ മാസത്തിനുശേഷം പണവിപണിയിലുണ്ടായ പ്രതിസന്ധികളും ചില പ്രധാന സ്ഥാപനങ്ങളുടെ തകർച്ചയും RCFL-നെ ബാധിച്ചതാണ് കെ.എഫ്.സി.-യുടെ നിക്ഷേപം തിരിച്ചുകിട്ടുന്നതിന് പ്രതിസന്ധിയുണ്ടാക്കിയത്. റിലയൻസ് കമ്മ്യൂണിക്കേഷൻ എന്ന സബ്സിഡിയറി കമ്പനിക്ക് മാതൃകമ്പനിയായ റിലയൻസ് ക്യാപ്പിറ്റലിലുണ്ടായിരുന്ന ബാധ്യതകൾ കണക്കിലെടുത്താണ് പിന്നീട് RCFL-നെ ക്രെഡിറ്റ് വാച്ചിങ് റേറ്റിങ്ങിൽ റേറ്റിങ് ഏജൻസിയിലുൾപ്പെടുത്തിയത്. RCFL തങ്ങളുടെ വായ്പാബാധ്യതകൾ തിരിച്ചുനൽകുന്നതിൽ വീഴ്ചവരുത്തിയതോടെ ആർ.ബി.ഐ. ഇടപെട്ട് പ്രശ്നപരിഹാരത്തിന് തുടക്കംകുറിച്ചു. നിക്ഷേപകരിലൊന്നായ ബാങ്ക് ഓഫ് ബറോഡയെ ലീഡ് ബാങ്കായി നിയോഗിച്ച് പരിഹാരപദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെയെല്ലാം ചേർത്ത് നിക്ഷേപകരുമായി ഒരു ധാരണാപത്രമുണ്ടാക്കി. അതനുസരിച്ച് RCFL-ലെ വിവിധ നിക്ഷേപങ്ങളുടെ തരംതിരിവ് നടത്തിയപ്പോൾ കെ.എഫ്.സി. നിക്ഷേപിച്ചതിന്റെ 24.96 ശതമാനം മടക്കിക്കിട്ടുമെന്ന നിലയാണുണ്ടായത്. ഇത് കെ.എഫ്.സി. അംഗീകരിച്ചില്ല. അവർ തർക്കമുന്നയിച്ച് മുംബൈ ഹൈക്കോടതിയെ സമീപിച്ചു. RCFL-ന്റെ ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നതിന് നടത്തിയ ടെൻഡറിൽ Authum Investment and Infrastructure എന്ന കമ്പനി തിരഞ്ഞെടുക്കപ്പെട്ടു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഹർജിയുടെ അടിസ്ഥാനത്തിൽ ചർച്ചയ്ക്ക് തയ്യാറായ Authum Investment and Infrastructure കമ്പനി കെ.എഫ്.സി.-ക്ക് മാത്രം നിക്ഷേപത്തിന്റെ 52 ശതമാനംവരെ മടക്കി നൽകാമെന്ന വാഗ്ദാനം മുന്നോട്ടുവച്ചു. ഈ വാഗ്ദാനം നിലനിൽക്കുമ്പോഴും നിക്ഷേപിച്ച തുക മുഴുവനും തിരികെ ലഭിക്കാനായി മുംബൈ ഹൈക്കോടതിയിലെ നിയമനടപടികൾ കെ.എഫ്.സി. തുടരുകയാണ്. ഇതാണ് അതുമായി ബന്ധപ്പെട്ട് വ്യക്തമാക്കാനുള്ള കാര്യം.

ദേശീയതലത്തിലുള്ള ചില വിഷയങ്ങൾകൂടി പറയാനുണ്ട്. പക്ഷേ അതിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ ദീർഘമായി പോകുന്നില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ പുതിയൊരു വികസന പരിപ്രേക്ഷ്യം സൃഷ്ടിച്ചുകൊണ്ടാണ് സംസ്ഥാനം മുന്നേറുന്നത്. രാജ്യത്തിനാകെ മാതൃകയായൊരു നിലയാണിത്. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇവിടെ അധികാരത്തിലുള്ളതുകൊണ്ടാണ് കേരളത്തിന് ഇവിടെ നിൽക്കാൻ സാധിക്കുന്നത്. ഞങ്ങളെ ഏതുവിധേനയും ക്ഷീണിപ്പിച്ച് സംഘ്പരിവാറിനെ ശക്തിപ്പെടുത്താനുള്ള നീക്കങ്ങൾ ഇവിടെ വിലപ്പോവില്ലെന്ന ഉറപ്പ് ഞങ്ങൾക്കുണ്ട്. അതിനാണ് കോൺഗ്രസ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളം വ്യത്യസ്ത മേഖലകളിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ത്വരിതപ്പെടുത്തി നവകേരളം സാധ്യമാക്കാനുതകുന്ന ഒരു നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. കേരളത്തിലെ സർക്കാരും ഇടതുപക്ഷ ജനാധിപത്യമുന്നണിയും കേന്ദ്ര സർക്കാരിനെ വിമർശിക്കുമ്പോൾ അത് ഏറ്റെടുക്കാത്ത കൂട്ടരാണ് കേന്ദ്ര സർക്കാരിനെതിരെ വിമർശനമില്ലെന്ന് പറയുന്നതെന്ന് നാം ഓർക്കേണ്ടതായിട്ടുണ്ട്. ഡൽഹിയിൽ നടത്തിയ സമരത്തെ സംബന്ധിച്ചും അതിനോട് സ്വീകരിച്ച നിലപാടുകളെ സംബന്ധിച്ചും ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ സമീപനമല്ല, മറിച്ച്, സംസ്ഥാന സർക്കാരിന്റെ ധൂർത്താണ് ധനപ്രതിസന്ധിയുടെ കാരണമെന്ന നിലപാടല്ലേ കോൺഗ്രസ് എടുത്തത്? ഫലത്തിൽ അത്തരമൊരു നിലപാട് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിനെ പരോക്ഷമായി പിന്താങ്ങി അവരെ രക്ഷിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വന്നതാണ്. ചില ഘട്ടങ്ങളിൽ ബി.ജെ.പി.-യെ സഹായിക്കു

ന്ന നീക്കങ്ങൾ രാജ്യത്തെമ്പാടും ഉണ്ടാകുന്നുവെന്നത് നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. കോൺ ഗ്രസിന്റെ ഭാഗത്തുനിന്നും ഇതുണ്ടാകുന്നുണ്ട്. കേന്ദ്ര മന്ത്രിമാർ, മുഖ്യമന്ത്രിമാർ, ഡി.സി.സി. പ്രസിഡന്റുമാർ, എം.പി.-മാർ, എം.എൽ.എ.-മാർ അങ്ങനെ സമുന്നതരായ നേതാക്കൾ ഒന്നി നുപുറകെ ഒന്നായി ബി.ജെ.പി.-യിലേയ്ക്ക് ചേക്കേറിയതിന്റെ വിശദാംശങ്ങളിലേയ്ക്കൊ ന്നും ഞാൻ കടക്കുന്നില്ല. കഴിഞ്ഞ എട്ടര വർഷത്തെ കാര്യം പരിശോധിച്ചാൽ ഒരു വർഗ്ഗീയ സംഘർഷം പോലുമുണ്ടാകാത്ത രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. സംഘ്പരിവാർ താൽപര്യങ്ങൾക്കനുസൃതമായി കേരളത്തിൽ കഴിഞ്ഞ എട്ടരവർഷത്തിനിടയിൽ നിരവധി നിലപാടുകൾ കോൺഗ്രസ് എടുക്കുന്നത് നമ്മൾ കണ്ടതാണ്. തൃശൂരിലെ വോട്ട് മാറിപ്പോയ തും അവിടെ ബി.ജെ.പി. സ്ഥാനാർഥി ജയിച്ചതുമെല്ലാം നമ്മുടെ ശ്രദ്ധയിലുള്ള കാര്യമാണ്. എന്തിനും ഏതിനും എതിർപ്പുമായി വരുന്നത് സാധാരണഗതിയിൽ നാട് അംഗീകരിക്കുന്നി ല്ലെന്നത് മനസ്സിലാക്കുന്നത് നന്നായിരിക്കും. ചൂരൽമലയിലെയും മുണ്ടക്കൈയിലെയും അതി ജീവിതർക്കായി നെടുമ്പാല, എൽസ്റ്റോൺ എസ്റ്റേറ്റുകളിൽ ടൗൺഷിപ്പുകൾ ഒരുക്കുകയാണ്. വളരെ പെട്ടെന്ന് അത് പൂർണ്ണതയിലേയ്ക്കെത്തിക്കാൻ സാധിക്കുമെന്ന പ്രതീക്ഷയാണ് പൊ തുവെയുള്ളത്. അതിന്റെ വിശദാംശങ്ങൾ നേരത്തെ ഇവിടെ ചർച്ച ചെയ്തതാണ്. കേരളത്തി ന്റെ മാനവവിഭവ വികസനശേഷി വിനിയോഗിച്ചുകൊണ്ട് ഇവിടെയൊരു വിജ്ഞാന സമൂഹം പടുത്തുയർത്താനും ക്ഷേമ പദ്ധതികൾക്ക് ഊന്നൽ നൽകാനും ദുരന്താഘാതശേഷിയുള്ള പശ്ചാത്തലസൗകര്യം സൃഷ്ടിക്കാനും നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാവരുടെയും പിന്തുണയു ണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേ പം പാസാക്കണമെന്ന് അഭ്യർഥിക്കുന്നു.

**2025 മാർച്ച് 03**

# ലഹരിവിപത്തിനും അക്രമോത്സുകതയ്ക്കുമെതിരായ നടപടി

സർ, അതീവ ഗൗരവമായൊരു സാമൂഹിക വിഷയമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. ഇത് നമ്മുടെ സഭയിൽ മാത്രമല്ല സഭയിലൂടെ പൊതുസമൂഹവും ചർച്ച ചെയ്യേണ്ട ധാരാളം പ്രശ്നങ്ങൾ അടങ്ങിയിട്ടുള്ളതാണ്. നോട്ടീസിൽ സൂചിപ്പിക്കുന്നതുപോലെ ലഹരി, മദ്യം, ഹിംസ ആഘോഷിക്കപ്പെടുന്ന വീഡിയോ ഗെയിം, സിനിമ, വെബ് സീരിസ്, ഇതിന്റെയെല്ലാം പങ്കിനെക്കുറിച്ച് ഇതിൽ പറയുന്നുണ്ട്. ഇതിനുപുറമെയും ധാരാളം കാര്യങ്ങൾ കാണാൻ സാധിക്കും. ഇക്കാര്യങ്ങളെല്ലാം നാം വിശദമായി ചർച്ച ചെയ്ത്, അത് പൊതുസമൂഹത്തിന്റെ മുന്നിലെത്തിക്കുന്ന നില നന്നായിരിക്കും. അതുകൊണ്ട് നിറഞ്ഞ സന്തോഷത്തോടെ ഇക്കാര്യം ചർച്ച ചെയ്യാമെന്ന് സമ്മതിക്കുകയാണ്.

സർ, ശ്രീ. രമേശ് ചെന്നിത്തല, മി. ചീഫ് മിനിസ്റ്റർ എന്നുപറഞ്ഞ് കുറേ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഓരോന്നിനും ഞാൻ ഇടയ്ക്കിടയ്ക്ക് ഉത്തരം പറയേണ്ടതുണ്ടോ; അതാണുദ്ദേശിക്കുന്നതെങ്കിൽ അതാകാം. ഇപ്പോൾ യൂത്തിന് എന്ത് സന്ദേശമാണ് നൽകുന്നതെന്ന് പറഞ്ഞില്ലേ; യൂത്തിന് ഈ സന്ദേശമാണോ നൽകേണ്ടത്; ഇപ്പോൾ അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്ന സന്ദേശമാണോ നൽകേണ്ടത്; ഇപ്പോൾ അദ്ദേഹം എന്താണ് നൽകിയത്? ഇതിലൂടെ പറഞ്ഞുകൊണ്ടിരിക്കുന്നതെന്താണ്; എന്തിനാണ് ഈ അവസരം ഉപയോഗിക്കുന്നത്; സമൂഹം നേരിടുന്ന ഒരു വിപത്തിനെ നേരിടുന്ന രീതിയിലാണോ അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നത്; അതാണോ ശരിയായ രീതി? യാഥാർഥ്യം മനസിലാക്കാൻ കഴിയണം; ഇന്ന് നാട് നേരിടുന്ന പ്രശ്നമെന്താണെന്ന് മനസിലാക്കാൻ കഴിയണം. ഇടയ്ക്കിടയ്ക്ക് മി. ചീഫ് മിനിസ്റ്റർ എന്ന് പറഞ്ഞുകൊണ്ട് ചോദ്യം ചോദിച്ചാൽ മാത്രം പോരാ... നാടിന്റെ പ്രശ്നമെന്താണെന്ന് മനസിലാക്കാൻ കഴിയണം.

സർ, അതീവ ഗൗരവതരമായ ഒരു വിഷയമാണ് നമ്മൾ ചർച്ച ചെയ്തത്. അതിൽ ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് മുതൽ ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് വരെയുള്ള അംഗങ്ങൾ ചർച്ച നടത്തിക്കഴിഞ്ഞു. ഈ രണ്ട് പേരുടെയും ചർച്ചയിൽ തന്നെ ഒരു വ്യത്യാസം

കാണാം. സാധാരണ നിലയ്ക്ക് നമ്മുടെ ചർച്ച എങ്ങനെയാണ് വേണ്ടതെന്ന് കേരളം പ്രതീക്ഷയോടെ നോക്കികൊണ്ടിരിക്കുന്ന ഒന്നാണ്. കാരണം സമൂഹത്തെയാണ് ഇത് ബാധിക്കുന്നത്. സമൂഹത്തെ ബാധിക്കുന്നതുകൊണ്ട് നമ്മൾ എങ്ങനെ അതിനെ നേരിടാൻ പോകുന്നു. അതിൽ സാധാരണഗതിയിൽ പ്രതിപക്ഷത്തുനിന്ന് ഗവൺമെന്റിനെ കുറ്റപ്പെടുത്താനൊക്കെ ചില കാര്യങ്ങൾ പറയുമല്ലോ, എന്നാൽ ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടുള്ള സംസാരമാണ് അവസാനം പ്രതിപക്ഷനേതാവ് നടത്തിയത്. അതായിരുന്നോ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ രമേശ് ചെന്നിത്തല നടത്തിയത്. അക്കാര്യം അദ്ദേഹം തന്നെ സ്വയം പരിശോധിക്കേണ്ടതാണ്. നമുക്ക് ധാരാളം കാര്യങ്ങളിൽ വിയോജിപ്പുണ്ടാകാം, ഒരുപാട് കാര്യങ്ങളിൽ വ്യത്യസ്തത അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞുതീർക്കാനുണ്ടാകാം. അതെല്ലാം ഇതുപോലൊരു വിഷയത്തിന്റെ ഭാഗമായിട്ടില്ലല്ലോ കൈകാര്യം ചെയ്യേണ്ടത്. ഇവിടെ പ്രധാനമായും വന്നൊരുകാര്യം, ഒന്ന്, ആദ്യം ഞാൻ പറഞ്ഞതുപോലെ ഇപ്പോൾ നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കേവലം ലഹരിയിൽമാത്രം ഒതുക്കേണ്ടതല്ല. അതുമായി ബന്ധപ്പെട്ട് മറ്റ് അനേകം പ്രശ്നങ്ങളുണ്ട്. അതിലേക്ക് ഞാൻ പിന്നീട് വരാം. ലഹരിക്കെതിരെ ഒന്നും ചെയ്യാത്ത ഒരു ഗവൺമെന്റാണ് ഇവിടെയുള്ളതെന്നും അതിന്റെ ഭാഗമായി കുറെ കാര്യങ്ങളും പറയുകയുണ്ടായി. ഈ കഴിഞ്ഞ ദിവസങ്ങളെടുത്താൽ, ഫെബ്രുവരി 22 മുതൽ മാർച്ച് 1-വരെ മയക്കുമരുന്ന് സംഭരണത്തിലും വിതരണത്തിലും ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ 'ഡി ഹണ്ട്' എന്നൊരു പ്രത്യേക ഡ്രൈവ് പോലീസ് നടത്തിയിരുന്നു. ഈ ഡ്രൈവിന്റെ ഭാഗമായി 17246 പേരെ പരിശോധിക്കാൻ കഴിഞ്ഞു. അതിൽ വിവിധ തരത്തിലുള്ള മയക്കുമരുന്ന് കൈവശം വച്ചതിന് 2762 കേസ് രജിസ്റ്റർ ചെയ്യുകയും 2854 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന്, എം.ഡി.എം.എ. 1.312 കിലോഗ്രാമും കഞ്ചാവ് 153.56 കിലോഗ്രാമും ഹാഷിഷ് ഓയിൽ 18.15 ഗ്രാമും ബ്രൗൺ ഷുഗർ 1.855 ഗ്രാമും ഹെറോയിൻ 13.06 ഗ്രാമും കൂടാതെ വിവിധയിനം മയക്കുമരുന്ന് ഗുളികകളും ഇവരിൽനിന്നും പിടിച്ചെടുത്തിരുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു ആന്റി നർക്കോട്ടിക് കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ചുമതല അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനാണ്. ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലാണ് ഈ കൺട്രോൾ റൂം ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി ഒരു നമ്പറും കൊടുത്തിട്ടുണ്ട്. '9497927797' എന്ന നമ്പറിലേക്ക് നൽകുന്ന എല്ലാ സന്ദേശങ്ങളും രഹസ്യമായി സൂക്ഷിക്കും. അതുകൊണ്ട് പൊതുജനങ്ങൾക്ക് മയക്കുമരുന്ന് സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ സംവിധാനം വഴി അറിയിക്കാനാകും. NDPS-മായി ബന്ധപ്പെട്ട കേസുകളെടുത്ത് പരിശോധിച്ചാൽ 2024 ഡിസംബർ 31 വരെ അതായത് ഈ സർക്കാരിന്റെ കാലത്ത് (2021നുശേഷം) 87702 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 87389 കേസുകളിൽ 94886 പേരെ പ്രതി ചേർക്കുകയും 93599 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് ഈ ഘട്ടത്തിൽ നടന്ന കാര്യങ്ങളാണ്. കഴിഞ്ഞ എട്ടുവർഷം എന്തുചെയ്തുവെന്ന് ചോദിച്ചല്ലോ? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016 മുതൽ 2021 വരെ) 37340 കേസുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ 37228 കേസുകളിലായി 41567 പേരെ പ്രതി ചേർക്കുകയും 41378 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇവിടെ പറഞ്ഞ ഒരുപ്രശ്നം ശരിയാണ്. മയക്കുമരുന്ന്, ഡ്രഗ്സ് എന്നിവയ്ക്ക് നമ്മുടെ സംസ്ഥാനംവിട്ട് രാജ്യബന്ധവും അന്താരാഷ്ട്ര ബന്ധവുമൊക്കെയാണുള്ളത്. അതിന്റെ യഥാർഥ സോഴ്സിലേക്ക് എത്തിച്ചേരുന്നതിനുള്ള ശ്രമം നമ്മൾ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഹൈദരാബാദിലെ വൻകിട മയക്കുമരുന്ന് നിർമ്മാണശാല നടത്തുന്ന വെങ്കിട നരസിംഹരാജു എന്ന വ്യക്തിയെ തൃശ്ശൂർ സിറ്റി പോലീസ് ഹൈദരാബാദിൽ പോയി അറസ്റ്റ് ചെയ്തിരുന്നു. മയക്കുമരുന്ന് ശൃംഖലക്കെതി

രെ കേരളത്തിലെ എൻഫോഴ്സ്മെന്റ് ഏജൻസികൾ നടത്തുന്ന പ്രവർത്തനം വളരെ ശ്ലാഘനീയമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. അതോടൊപ്പം നമ്മുടെ മയക്കുമരുന്ന് കേസുകളിലെ ശിക്ഷാ നിരക്ക് (conviction rate) 98.19 ശതമാനമാണ്. ദേശീയ ശരാശരി 78.1 ആണ്. നമ്മുടെ അയൽ സംസ്ഥാനങ്ങൾ പരിശോധിച്ചാൽ തെലങ്കാന 25.6%, ആന്ധ്രാപ്രദേശ് 25.4% എന്ന നിലയിലാണ്. കേന്ദ്ര ഗവൺമെന്റ് രാജ്യസഭയിൽ നൽകിയ മറുപടിയിൽ വ്യക്തമാക്കിയ കാര്യമാണിത്. ഏറ്റവും ഉയർന്ന ശിക്ഷാ നിരക്ക് കേരളത്തിലാണ് നിലനിൽക്കുന്നത്. കേരളത്തിലെ സർക്കാരും എൻഫോഴ്സ്മെന്റ് ഏജൻസികളും വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിൽ 2024-ൽ NDPS കേസുകളിൽ 4474 പേരെ ശിക്ഷിച്ചു. വെറുതെ വിട്ടത് 161 പേരെ മാത്രമാണ്. 2023-ൽ 4998 പേരെ ശിക്ഷിച്ചു. നൂറുപേരെ മാത്രമാണ് വെറുതെ വിട്ടത്. മയക്കുമരുന്ന് കേസുകളിൽ സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് ഏജൻസികൾ 2024-ൽ അറസ്റ്റ് ചെയ്തത് 24517 പേരെയാണ്. ചില സംസ്ഥാനങ്ങളുടെ പേര് നേരത്തെ പറഞ്ഞിരുന്നു. അതിൽ പഞ്ചാബിന്റെ കാര്യമെടുത്താൽ, ഇതേഘട്ടത്തിൽ 9734 പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. വിമുക്തി ഡി-അഡിക്ഷൻ പരിപാടി വളരെ ഫലപ്രദമായി നടത്തുന്നുണ്ട്. 136500 പേരെ ഔട്ട്-പേഷ്യന്റായും 11078 പേരെ ഇൻ-പേഷ്യന്റായും ചികിത്സിക്കാൻ കഴിഞ്ഞിട്ടുണ്ട്. വളരെ കാര്യക്ഷമമായാണ് ഈ പരിപാടി നടന്നുവരുന്നത്. എന്തെങ്കിലും കുറവുണ്ടെങ്കിൽ അതുപരിഹരിച്ച് നല്ല രീതിയിൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകുകയും ചെയ്യും.

കേന്ദ്ര സർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ 2025 ഫെബ്രുവരി 10-ന് പ്രസിദ്ധീകരിച്ച കണക്കുപ്രകാരം 2024-ൽ 25000 കോടി രൂപ വിലമതിപ്പുള്ള മയക്കുമരുന്ന് പിടിച്ചെടുത്തു. ഇത് 2023-ൽ 16700 കോടിയായിരുന്നു. ദേശീയതലത്തിൽ ഒരുവർഷക്കാലയളവിൽ 55% വർധനവാണുണ്ടായിരിക്കുന്നത്. കേരളത്തിൽ പിടിച്ചെടുത്ത മയക്കുമരുന്നിന്റെ മൂല്യം നൂറ് കോടിക്ക് താഴെയാണ്. താരതമ്യേന ഇതുകുറവാണ്. എന്നാൽ ശിക്ഷാ നിരക്ക് ഇന്ത്യയിലെത്തന്നെ ഏറ്റവും ഉയർന്നതാണ്. ഇതെല്ലാം സംസാരിക്കുന്ന കണക്കുകളാണ്. എൻഫോഴ്സ്മെന്റ് ഏജൻസികളുടെ കാര്യക്ഷമതയെ ആണ് ഇത് കാണിക്കുന്നത്. ഐക്യരാഷ്ട്ര സഭയുടെ കണക്കുകൾ പ്രകാരം ലോകമെമ്പാടും 2011-ൽ 24 കോടി ആളുകൾ ലഹരി ഉപയോഗിച്ചിരുന്നു. 2021-ൽ അത് 296 കോടിയായി വർധിച്ചിട്ടുണ്ട്. പത്ത് വർഷം കൊണ്ടുള്ള വർധനവാണ്. ഇരുപത്തിനാല് കോടിയിൽനിന്ന് 296 കോടിയിലേക്ക്. ആഗോളതലത്തിൽ തന്നെ വലിയ വർധനവ് ഉണ്ടാകുന്നുവെന്നാണ് ഇതു കാണിക്കുന്നത്. ഇവിടെ എക്സൈസ് ഉദ്യോഗസ്ഥർ ലാത്തി മാത്രമായിട്ടാണ് നടക്കുന്നതെന്നും അവർക്ക് വേണ്ടത്ര ആയുധങ്ങളും മറ്റ് കാര്യങ്ങളൊന്നുമില്ലെന്ന് പറയുകയുണ്ടായി. എക്സൈസിന് 9ാാ ഓട്ടോ പിസ്റ്റൾ തോക്കുകൾ 83 എണ്ണവും എമനീഷ്യൻ (ammunition) 5400 എണ്ണവും സർക്കാർ നൽകിയിട്ടുണ്ട്. കൽക്കത്ത ഇഷാപൂർ റൈഫിൾ ഫാക്ടറിയിൽ നിന്ന് 60 ലക്ഷം രൂപ ചെലവിലാണ് ഇവ വാങ്ങി വിതരണം ചെയ്തത്. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള എല്ലാ ഉദ്യോഗസ്ഥർക്കും പിസ്റ്റലോ റിവോൾവറോ ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ പുതിയ 66 മഹീന്ദ്ര ബൊലേറോ വാഹനങ്ങൾ എക്സൈസിന് ലഭ്യമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് ആധുനികവൽക്കരിക്കുന്നതിന് സി.സി. ടി.വി. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ എല്ലാ ചെക്ക് പോസ്റ്റിലും ഏർപ്പെടുത്തിയിട്ടുണ്ട്. സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സൈബർ സെല്ലിനെ നവീകരിക്കാൻ സി.ഡി.ആർ. അനലൈസറുകൾ എല്ലാ ഡിവിഷനുകൾക്കും ലഭ്യമാക്കി. മൊബൈൽ ഫോറൻസിക് സോഫ്റ്റ്‌വെയർ ലഭ്യമാക്കി. അങ്ങനെയുള്ള ഒട്ടേറെ നടപടികൾ ഈ കൂട്ടത്തിൽ സ്വീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ഉപക്ഷേപാവതാരകൻ ഇവിടെ സംസാരിക്കുമ്പോൾ ഫൈവ് സ്റ്റാർ ഹോട്ടൽ വന്നതിനെക്കുറിച്ചടക്കം പറയുകയുണ്ടായി. കേരളത്തിന്റെ ഒരു പ്രത്യേകത നമ്മൾ കാണണ്ടേ,

അത് ഒരു മദ്യവ്യാപനമായിട്ടാണോ കാണേണ്ടത്. യഥാർഥത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പ്രത്യേകതയല്ലേ അതിൽ നമുക്ക് കാണാൻ കഴിയേണ്ടത്. എന്തിനാണ് അതിനെ അത്തരത്തിൽ ചിത്രീകരിക്കാൻ ശ്രമിച്ചതെന്ന് ഒരുതരത്തിലും മനസ്സിലാകുന്നില്ല. കാസർഗോഡ് നമ്മുടെ അത്ര വികസിച്ച നാട് അല്ലല്ലോ, പക്ഷെ കാസർഗോഡ് ജില്ലയിലെ ഒരു പഞ്ചായത്തിൽ മൂന്ന് ഫൈവ് സ്റ്റാർ ഹോട്ടലുകൾ ഉണ്ട്. ഇത് നമ്മുടെ നാടിന്റെ ഒരു പ്രത്യേകതയാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇനിയും വരാൻ പോകുകയാണ്. ഇത്തരത്തിലുള്ള വളർച്ച നമ്മുടെ നാട്ടിൽ ഉണ്ടാകുന്നതിനെ അഭിമാനത്തോടെയല്ലേ കാണേണ്ടത്. അതിൽ എന്തോ ഒരു അപകടം ദർശിക്കുന്ന മട്ടിലായിപ്പോയി അവതരണം. യഥാർഥത്തിൽ ലഹരി നടപടികളുടെ കാര്യത്തിലും അത് തടയാനുള്ള നടപടികളുടെ കാര്യത്തിലും ഒരു വിട്ടുവീഴ്ചയും നാം സ്വീകരിക്കുന്നില്ലെന്നുള്ളതാണ് ഇതിലൂടെ വ്യക്തമാക്കിയത്.

റാഗിങ്ങിന്റെ കാര്യം പറയുകയുണ്ടായി. ഇടയ്ക്ക് നമ്മുടെ കാമ്പസുകളിൽനിന്ന് റാഗിങ് ഒഴിവായി പോയെന്ന് എല്ലാവരും ആശ്വസിച്ചതാണ്. പക്ഷേ അത് വീണ്ടും തിരിച്ചുവരികയാണ്. ആ ഘട്ടത്തിൽ കൂടുതൽ ശക്തമായ ആന്റി റാഗിങ് നടപടികൾ സ്വീകരിക്കണമെന്നുള്ളതിനോട് പൊതുവെ യോജിപ്പ് തന്നെയാണുള്ളത്. എങ്ങനെ ചെയ്യണം, എന്തു ചെയ്യണം എന്ന കാര്യത്തിൽ കൂടുതൽ ചർച്ചയും നടപടികളും സ്വീകരിക്കുക തന്നെ ചെയ്യും. ഈ കൂട്ടത്തിൽ പറഞ്ഞുവെന്നേയുള്ളൂ, ഇതിന്റെ പ്രധാന കാര്യങ്ങളെക്കുറിച്ച് പിന്നീട് പറയാം. അദ്ദേഹം പറഞ്ഞതിന് മറുപടി പറയേണ്ടതുള്ളതുകൊണ്ടാണ് ഇതൊക്കെ പറയുന്നത്. എസ്.എഫ്.ഐ. സമ്മേളനത്തിൽ ഞാൻ പങ്കെടുത്ത്, നിങ്ങൾ ഇതേ വഴിക്കുതന്നെ മുന്നോട്ടുപോകണം എന്നു പറഞ്ഞുവെന്നതാണ് അദ്ദേഹത്തെ പ്രകോപിച്ചതായി കണ്ടത്. ശരിയാണ്, ഞാൻ അതു പറഞ്ഞതു തന്നെയാണ്. ഞാൻ അങ്ങനെ പറഞ്ഞതിന് കാരണമെന്താണ്? കേരളത്തിലെ ഒരു വിദ്യാർഥി സംഘടന എന്ന നിലയ്ക്ക് എസ്.എഫ്.ഐ.-ക്കാണ് അവരുടെ സഹപ്രവർത്തകരുടെ വലിയ തോതിലുള്ള വിയോഗം അനുഭവിക്കേണ്ടി വന്നിട്ടുള്ളത്. അത് എതിർ സംഘടനകളിൽപ്പെട്ടവർ കൊലചെയ്തതാണ്. അങ്ങനെ കൊല ചെയ്യപ്പെട്ട 35 സഖാക്കളിൽ 13 പേരെ കൊലപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം രാഷ്ട്രീയമായി നിങ്ങൾക്കുള്ളതാണ്, നിങ്ങളുടെ സംഘടനയിൽപ്പെട്ടവർക്കാണെന്ന് ഉപക്ഷേപാവതാരകൻ മനസ്സിലാക്കേണ്ടത്. ഇവിടെ ഒരു സംഭവം കാണേണ്ടത് ഏറ്റവും ഒടുവിലുണ്ടായ ധീരജ് സംഭവമാണ്. ഞാനതിന്റെ മറ്റു വിശദാംശങ്ങളിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. അതിനുള്ള ഒരു വേദിയായി ഞാൻ ഇതിനെ മാറ്റുന്നില്ല. പക്ഷെ ആ സംഭവം കഴിഞ്ഞപ്പോൾ ആ സംഭവം നടത്തിയ ആളുകളെക്കുറിച്ച് നേരിയ തോതിലെങ്കിലും കുറ്റപ്പെടുത്തുന്ന ഒരുവാക്കുണ്ടായോ? 'എന്റെ കുട്ടികൾ' എന്നു പറഞ്ഞുകൊണ്ട് ചേർത്തുപിടിക്കുന്ന നേതാവിനെയല്ലേ അങ്ങയോടൊപ്പം കണ്ടത്. അങ്ങു പറഞ്ഞിട്ടില്ല, പ്രതിപക്ഷനേതാവും പറഞ്ഞിട്ടില്ല. പക്ഷെ ഉത്തരവാദിത്വപ്പെട്ട ആളുതന്നെ പറഞ്ഞില്ലേ. അത്തരം ഒരു സമീപനമാണോ സ്വീകരിക്കേണ്ടത്? അതുപോട്ടെ, ഞാൻ എസ്.എഫ്.ഐ.ക്കാരോട് പറയാനിടയായത് എന്താണെന്നാണ് ഞാൻ പറഞ്ഞുവന്നത്. 35 സഖാക്കൾ ജീവൻ വെടിയേണ്ടിവന്ന സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച എസ്.എഫ്.ഐ.-യുടെ ഭാഗത്തുനിന്ന് എസ്.എഫ്.ഐ. ആക്രമണം നടത്തിയതിന്റെ ഭാഗമായി ഏതെങ്കിലും ഒരാളുടെ ജീവൻ കലാലയത്തിൽ വെടിഞ്ഞുവെന്ന, അങ്ങനെ ഉണ്ടായെന്ന ഒരു സംഭവവും പറയാനില്ല. അതാണ് പ്രത്യേകത. അപ്പോൾ നിങ്ങൾ വലിയ സഹനശക്തിയുള്ളവരാണ്. അതാണ് കാണിക്കുന്നത്. അതുകൊണ്ട് ആ രീതി നിങ്ങൾ തുടരണമെന്ന് തന്നെയാണ് ഞാൻ പറഞ്ഞത്.

മയക്കുമരുന്നുമായി ബന്ധമുള്ള പോലീസിലെ ചിലരെ സംബന്ധിച്ച് നേരത്തെ ചില വാർത്തകൾ വരികയും അതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തത് നിങ്ങളുടെ

എല്ലാവരുടെയും ശ്രദ്ധയിലുള്ളതാണ്. അക്കാര്യങ്ങളിലൊന്നും ഒരു വിട്ടുവീഴ്ചയും സർക്കാർ എന്ന നിലയ്ക്ക് കാണിക്കുന്നില്ലെന്നതാണ് വസ്തുത. ഇവിടെ ബഹുമാന്യനായ ഡോ. എം. കെ. മുനീർ ആ കുടുംബവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വികാരപരമായി തന്നെ അവതരിപ്പിച്ചു. ആ വികാരത്തോടൊപ്പം തന്നെയാണ് സർക്കാരും കേരളീയ സമൂഹവും നിൽക്കുന്നത്. ഒരു വ്യത്യാസവും ആർക്കും അതിലില്ല. അതിൽ ഡി.ജെ. പാർട്ടിയെക്കുറിച്ചും മറ്റു നടപടികളെക്കുറിച്ചും പറഞ്ഞു. കേസിന്റെ അന്വേഷണവും കാര്യങ്ങളും പോലീസ് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകും. അതിൽ ഇന്നയാളാണ് പ്രതിയെന്ന് നമ്മൾ മുൻകൂട്ടി നിശ്ചയിക്കണ്ട. അന്വേഷണത്തിന്റെ ഭാഗമായി ശരിയായ പ്രതികളെ കണ്ടെത്തുന്ന നില സ്വീകരിച്ചുപോകണം. അതാണ് അതിൽ നമ്മളെടുക്കേണ്ടത്. Nature of violence മാറുന്നുവെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ, യഥാർഥത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗൗരവമായി നാം പരിശോധിക്കേണ്ട ഒരു കാര്യമാണത്. കുട്ടികളിൽ വലിയ തോതിൽ അക്രമോത്സുകത വർധിച്ചു വരികയാണ്. ഇക്കാര്യം ഒരു വർത്തമാനത്തിൽ തീർക്കേണ്ട ഒന്നല്ല. എങ്ങനെയാണ് ഇതിനെ നേരിടാൻ കഴിയുക എന്നതിനെക്കുറിച്ച് വിശദമായ അപഗ്രഥനം നടത്തേണ്ടതാണ്. സമീപ കാലത്തുണ്ടായിട്ടുള്ള ധാരാളം സംഭവങ്ങളെ നല്ല ഗൗരവത്തോടെ തന്നെ നാം പൊതുവെ കാണേണ്ടതുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ദേശീയവും അന്തർദേശീയവുമായ മാനങ്ങൾ ഉള്ളതുകൂടിയാണ് ഈ സംഭവം. ഇവിടെ നേരത്തെ സൂചിപ്പിച്ച മൂന്നുനാല് സംഭവങ്ങളുണ്ട്. ആ സംഭവങ്ങളിൽ കുറ്റകൃത്യങ്ങൾ എന്ന നിലയ്ക്കുള്ള നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. ആ നടപടിയുടെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ പോകേണ്ടതില്ലെന്നാണ് തോന്നുന്നത്. സ്വാഭാവികമായ പോലീസ് നടപടികൾ അതിൽ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പലതും സാധാരണ പോലീസിങ്ങിന്റെ പരിധിക്ക് പുറത്തുള്ളതാണ് എന്നത് കാണാൻ കഴിയും. ഇതിനെ ഒറ്റപ്പെട്ട് പരിശോധിക്കേണ്ട ഒരു ഏകമുഖമായ കാര്യമായിട്ടല്ല കാണേണ്ടത്. പല മുഖങ്ങളും പല തലങ്ങളുമുള്ള ഒരു വിഷയമാണിത്. ഇന്ന് നമ്മൾ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചയോടെ ഇത് അവസാനിപ്പിക്കുകയല്ല വേണ്ടത്. അങ്ങനെ അവസാനിപ്പിക്കാൻ കഴിയുന്ന ഒരു വിഷയമല്ലിത്. അതീവ ഗൗരവമുള്ള ഒരു വിഷയമായി സർക്കാർ ഇതിനെ കാണുമ്പോൾ നമ്മുടെ പൊതുസമൂഹത്തിന്റെ വികാരം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടുള്ള നിലപാടും നടപടികളും ആവശ്യമാണ്. അതിൽ ഒരു ഭാഗം നിയമനടപടിയാണ്; അതായത്, കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നിയമനടപടികൾ. അത് സർക്കാർ ഫലപ്രദമായിതന്നെ കൈക്കൊള്ളുന്നതാണ്. ഇത് കേവലമായ ഒരു ക്രമസമാധാനപ്രശ്നം മാത്രമല്ല, അതിനപ്പുറത്ത് സാമൂഹികമാനമുള്ള അതിഗൗരവമായ വിഷയമാണ്. അപ്പോൾ ഏതെങ്കിലും തരത്തിലുള്ള വ്യക്തിനിഷ്ടമായ തലത്തിലേക്കോ രാഷ്ട്രീയ തലത്തിലേക്കോ ഇതിനെ ചുരുക്കി കാണാൻ പാടില്ല. നാം കാണേണ്ട ഒരു കാര്യം, കുട്ടികളിലുണ്ടാകുന്ന അക്രമോത്സുകത ലോകമാകെ ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. 1999-ലാണ് അമേരിക്കയിലെ കൊളറാഡോയിലെ കൊളംബൈൻ ഹൈസ്കൂളിൽ ഒരു പന്ത്രണ്ടാം ക്ലാസ് വിദ്യാർഥി 12 സഹപാഠികളെയും ഒരു ടീച്ചറെയും വെടിവച്ചുകൊന്നത്. 21 കുട്ടികൾക്ക് അന്ന് ഗുരുതരമായി പരിക്കേറ്റു. ഏതാണ്ട് അതുമുതൽക്കിങ്ങോട്ട് ഈ സ്വഭാവത്തിലുള്ള ആക്രമണങ്ങളും ഇതിനെ നേരിടേണ്ടതെങ്ങനെയെന്നുള്ള ചർച്ചകളും ലോകവ്യാപകമായിതന്നെ നടന്നുകൊണ്ടിരിക്കുകയാണ്. 2007 ഏപ്രിൽ മാസത്തിൽ വിർജീനിയയിലെ ബ്ലാക്ക്സ്ബർഗിലും ഏകദേശം ഇതിന് തുല്യമായ സംഭവമുണ്ടായി. അതിനുശേഷം ന്യൂടൗൺ, ടെക്സാസ്, ഫ്ലോറിഡ, റെഡ് ലേക്ക് തുടങ്ങി പല സ്ഥലങ്ങളിലും കുട്ടികൾ സഹപാഠികളെ കൊല്ലുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇതിൽ ചിലയിടത്ത് മുതിർന്ന ഒന്നുരണ്ടുപേർ വന്ന് വെടിവച്ച സംഭവങ്ങളുമുണ്ടായി. പക്ഷെ പല സ്കൂളുകളിലും വിദ്യാർഥികൾ തന്നെയാ

ണ് കഠാരയും തോക്കുകളുമുപയോഗിച്ച് സഹപാഠികളെ കൊന്നത്. അവിടെയെല്ലാം 28-ഉം 22-ഉം 17-ഉം കുട്ടികളാണ് പിടഞ്ഞുവീണ് മരിച്ചത്. ഇങ്ങനെയൊരു തുടർപരമ്പര ഉണ്ടായപ്പോഴാണ് ലോകമാകെ ഉണർന്നുകൊണ്ട് ഈ പ്രശ്നം കൈകാര്യം ചെയ്തത്. ലോകംതന്നെ ഈ വിഷയം ചർച്ചയ്ക്കെടുത്തു. ഐക്യരാഷ്ട്ര സഭപോലും ഒരു ആഗോള പ്രതിഭാസമായി കുട്ടികളിലെ അക്രമവാസന പടരുന്നതിനെക്കുറിച്ച് ഉൽക്കണ്ഠ രേഖപ്പെടുത്തുന്ന നിലയിലേക്കെത്തി. ലോകത്തിന്റെ പല ഭാഗങ്ങളിലും ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുന്നുവെന്നത് കേരളത്തിൽ ഇതുണ്ടാകുന്നതിനുള്ള ന്യായീകരണമല്ല. പക്ഷെ ഒന്ന് നാം കാണണം, കേരളവും ലോകത്തിന്റെ ഭാഗമാണ്. സവിശേഷമായ ഒരു സംസ്കാരവും ജീവിതസാഹചര്യവും നമ്മുടെ നാടിനുണ്ട്. അതിന് നിരക്കുന്നത് മാത്രമെ ഇവിടെ സംഭവിക്കാൻ പാടുള്ളു. അതിന് നിരക്കുന്നതല്ലാത്ത രീതിയിലാണ് ഇപ്പോൾ സംഭവങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. അത് നാം ഗൗരവമായി കാണണം. ഇന്ന് നമ്മുടെ ഇളംതലമുറ വല്ലാതെ അസ്വസ്ഥമാണ്. അതാണൊരു പ്രത്യേകത. ചിലപ്പോൾ എന്റെ വീക്ഷണത്തോട് ഇവിടെയുള്ള അംഗങ്ങളിൽ ചിലർ അഭിപ്രായവ്യത്യാസം രേഖപ്പെടുത്തിയെന്നുവരാം. മുതലാളിത്തവും ആധുനിക മുതലാളിത്തവും അതിന്റെ ഭാഗമായി വന്ന പുതിയ കമ്പോള വ്യവസ്ഥയും അതിന്റെയെല്ലാം ഭാഗമായി ഉയർന്നുവന്ന അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ വല്ലാതെ അസ്വസ്ഥപ്പെടുത്തുന്ന ഘടകങ്ങളിൽ ഒന്നാണ്. വലിയ തോതിലുള്ള അസ്വസ്ഥത കുട്ടികളിൽ വരികയാണ്. എല്ലായിടത്തും കടുത്ത മത്സരമാണ്. എൻട്രൻസിന് മത്സരം, ഇന്റർവ്യൂവിന് മത്സരം, തൊഴിൽ ലഭിക്കാൻ മത്സരം, തൊഴിലിൽ പിടിച്ചുനിൽക്കാൻ മത്സരം, സഹോദരങ്ങൾ തമ്മിൽ മത്സരം ഇങ്ങനെ എവിടെയും മത്സരമാണ്. അതിന്റെ ഭാഗമായി ഈ മത്സരത്തിന്റെ അന്തരീക്ഷം കുട്ടികളിലുണ്ടാക്കുന്നതെന്താണ്? ഒപ്പമുള്ളവനെ തോല്പിച്ചേ ജയിക്കാനാകു എന്ന ചിന്ത കുട്ടികളിൽ വളരുന്നുണ്ട്. അതോടൊപ്പം തന്നെ സഹോദരങ്ങളും സഹപാഠികളും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി നേരത്തെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞുവെന്നാണ് എന്റെ ഓർമ്മ. അതായിരുന്നു നേരത്തെയുണ്ടായിരുന്ന അവസ്ഥ. പക്ഷെ ഇപ്പോൾ ഒപ്പമുള്ളവൻ ശത്രുവാണോ എന്നൊരു ബോധത്തിലേക്ക് കുട്ടി മാറുകയാണ്. അപ്പോൾ ആഗോളവൽക്കരണ സമ്പദ്ഘടനയിൽ അതുണ്ടാക്കുന്ന കമ്പോള മത്സരങ്ങൾ യുവമനസ്സുകളിൽ ഒപ്പമുള്ളവർ ശത്രുക്കളെന്ന ചിന്തയാണ് വളർത്തുന്നത്. പുതിയ തലമുറയുടെ മനസ്സുകളെ അസ്വസ്ഥപ്പെടുത്തുന്നതിന്റെ പിന്നിൽ ഇത്തരത്തിലുള്ള കുറെ കാര്യങ്ങളുണ്ട്. അജ്ഞാതനായ ശത്രുവിനോട് പക വീട്ടാനുള്ള ഒരവസരവും കളയരുത്, ആ ശത്രു കൂടെയുള്ളവർതന്നെയാകാം. ഇത്തരമൊരു ചിന്ത കുട്ടികളിലെ അരക്ഷിതാവസ്ഥ വളരുന്നതിനിടയാക്കുന്നുണ്ടോയെന്ന് ആലോചിക്കേണ്ടതുണ്ട്. ഇതുപോലെതന്നെ നമ്മുടെ കുടുംബ സാഹചര്യങ്ങൾ, ബാല്യത്തിലുണ്ടാകുന്ന ഒറ്റപ്പെടലുകൾ എന്നിവയൊക്കെ കുട്ടികൾക്ക് സഹജാതരോടോ മണ്ണിനോടോ പ്രകൃതിയോടോ സ്നേഹമുണ്ടാകാത്ത അവസ്ഥയുണ്ടാക്കുന്നുണ്ട്. സഹജീവി സ്നേഹം തന്നെയില്ലാതായിപ്പോകും. കുട്ടികളെ സംബന്ധിച്ചിടത്തോളം ഓരോ സ്ഥലവും ഓരോ പെട്ടിയായിട്ടാണ് കണക്കാക്കുന്നത്. വീട്ടിലെ മുറി ഒരു പെട്ടി, സ്കൂൾ ബസ്സ് മറ്റൊരു പെട്ടി, അവിടെനിന്നും ഇറങ്ങിയാൽ പിന്നെ ക്ലാസ് മുറിയെന്ന വേറൊരു പെട്ടി. ഈ തരത്തിലേക്ക് കുട്ടിയുടെ ബാല്യം കൈമാറ്റം ചെയ്യപ്പെടുകയാണ്. അപ്പോൾ സകലവും പഠിപ്പിലേക്ക് കേന്ദ്രീകരിക്കുകയാണ്. കളിച്ചു വളരേണ്ട പ്രായത്തിൽ കുട്ടിക്ക് അതിനുള്ള അവസരം ലഭിക്കുന്നില്ല. ചെറുപ്രായത്തിൽതന്നെ കുട്ടിയെ വല്ലാത്ത കാര്യങ്ങൾ പഠിപ്പിക്കാനുള്ള വേവലാതിയും ബേജാറുമൊക്കെയാണ് സമൂഹത്തിനാകെയുള്ളത്. ഈയൊരു ചിന്തയുടെ ഭാഗമായി കുട്ടിയുടെ ബാല്യം നഷ്ടപ്പെട്ടുപോകുകയാണ്. കുട്ടിയുടെ മനസ്സുതന്നെ ഒരു പ്രത്യേക രീതിയിൽ രൂപപ്പെടുകയാണ്. അതായത് ഒരു തരം അടഞ്ഞ മനസ്സ്; എല്ലാം പഠിപ്പ് മാ

ത്രമാണെന്നും പഠിപ്പിനപ്പുറം മറ്റൊന്നുമില്ലെന്നുമുള്ള മട്ടിലേക്ക് മാറുന്ന സ്ഥിതി. ഇനി എല്ലാം കഴിഞ്ഞ് വീട്ടിലെത്തിയാൽ, കുട്ടിയോടൊപ്പം സന്തോഷവും സങ്കടവുമൊക്കെ പങ്കിടാൻ ചില കുടുംബങ്ങളിൽ ആരുമുണ്ടാകില്ല. ചില കുടുംബങ്ങളിൽ അച്ഛനമ്മമാർക്കുതന്നെ പരസ്പരം സംസാരിക്കാൻ സമയമില്ല. ഓരോരുത്തരും അവരവരുടേതായ സ്വകാര്യ ലോകങ്ങളിലായിരിക്കും. അത് ചിലപ്പോൾ ടി.വി. സീരിയലുകളാകാം, അതുമല്ലെങ്കിൽ ഫോണിൽ അഭിരമിക്കലാകാം. ഇതൊക്കെ കുട്ടിയിൽ ഒരു വല്ലാത്ത അനാഥാവസ്ഥയുണ്ടാക്കുന്നു. കുട്ടികളുടെ കാര്യം മാത്രമെ നമ്മളിവിടെ പറയുന്നുള്ളു. എങ്ങനെ രക്ഷിതാക്കൾ രക്ഷിതാക്കളായി മാറണം, രക്ഷിതാക്കൾ അതിനുവേണ്ടി എന്തുചെയ്യണമെന്ന കാര്യവും ഈ സമൂഹത്തിൽ വലിയതോതിൽ ബോധവൽക്കരണം ആവശ്യമുള്ള കാര്യമാണെന്നാണ് തോന്നുന്നത്. ഇത്തരം സാഹചര്യങ്ങളിൽ വളരുന്ന കുട്ടികൾ തന്റേതായ ഡിജിറ്റൽ ലോകത്തിൽ ഒതുങ്ങുകയും മെല്ലെ മെല്ലെ ഡിജിറ്റൽ അഡിഷൻ കുട്ടിയിലേക്ക് വരികയും ചെയ്യുന്നു. അതിൽനിന്നും അടർത്തി മാറ്റാൻ ശ്രമിക്കുമ്പോൾ അച്ഛനായാലും അമ്മയായാലുമൊക്കെ ആ കുട്ടിയുടെ ശത്രുക്കളായി മാറുന്ന അവസ്ഥ വരുന്നു. അപ്പോൾ ഡിജിറ്റൽ അഡിക്ഷനും ഇന്നത്തെക്കാലത്ത് പ്രധാനമാണ്. ഇതൊക്കെ വന്നുഭവിക്കുന്ന കാര്യങ്ങളായാണ് നാം കാണേണ്ടത്. ഞാൻ ഒന്നിനും ഉത്തരം പറയാൻ ശ്രമിക്കുകയല്ല, ഉണ്ടാകുന്ന ചില പ്രശ്നങ്ങൾ സമൂഹത്തിൽ എങ്ങനെയൊക്കെ വളരുന്നുവെന്നുള്ളത് അവതരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

ഇവിടെ പറഞ്ഞ മറ്റൊരു കാര്യം സിനിമ, സീരിയൽ എന്നിവ സംബന്ധിച്ചുള്ളതാണ്. വലിയതോതിലുള്ള ദുഃസ്വാധീനം ഇവ സമൂഹത്തിലുണ്ടാക്കുന്നുണ്ട്. പോലീസിന്റെ റിപ്പോർട്ടിൽത്തന്നെ സൂചിപ്പിച്ച ഒരു കാര്യമുണ്ട്, ഏതോ ഒരു സിനിമയിൽ ഒരു നടൻ വന്ന് 'എടാ മോനേ' എന്നു വിളിക്കുന്ന ഒരു രംഗമുണ്ടല്ലോ...

**മി. സ്പീക്കർ:** അമ്പാനയെന്നാണോ....

**പി. സി. വിഷ്ണുനാഥ്:** ആവേശം എന്ന സിനിമയാണ്...

**പിണറായി വിജയൻ:** സർ, സിനിമയിലെ കഥാപാത്രം ഒരു റൗഡിയാണ്, അദ്ദേഹം വിദ്യാർഥികളെ വിളിക്കുന്നത് 'എടാ മോനേ' എന്നാണ്. ആ സിനിമ കണ്ടശേഷം ഇവിടെയുള്ള ചില കുട്ടികൾ റൗഡി ഗ്യാങ് തലവന്മാരോടൊപ്പംപോയി എന്നുപറയുന്ന ഒരു പോലീസ് റിപ്പോർട്ട് ഞാൻ കണ്ടിരുന്നു., അങ്ങനെ ഒരു അവസ്ഥയും ഇവിടെയുണ്ടെന്ന് പോലീസ് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യമുണ്ടായിരിക്കുന്നു.

**സണ്ണി ജോസഫ്:** സർ, ആ സിനിമ കണ്ടോ?...

**പിണറായി വിജയൻ:** സർ, സിനിമ കണ്ടോ ഇല്ലയോ എന്നതല്ല കാര്യം, ഇങ്ങനെ ഒരു അവസ്ഥയുണ്ടെന്നാണ് സൂചിപ്പിച്ചത്, ആ സിനിമ ഒരു ഘട്ടത്തിൽ ഞാൻ കാണാനിടവന്നിരുന്നു. സീരിയലും ചലച്ചിത്രങ്ങളും ഉളവാക്കുന്ന ദുഃസ്വാധീനങ്ങൾ വളരെ വലുതാണ്. വയലൻസ് ആഘോഷിക്കപ്പെടുന്ന ഒരു അവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചല്ലോ; ഇത് സ്വാഭാവികമായും പരിശോധിക്കാൻ സാധിക്കണം. അത്തരം പരിശോധനകൾ നടത്തേണ്ടത് സെൻസർ ബോർഡാണ്, അവർ പരിശോധിക്കുന്നത് എന്താണെന്ന് നമുക്ക് അറിയില്ല. ഏതായാലും ആ കാര്യങ്ങളെല്ലാം ഉയർന്ന മാനത്തിൽ ചിന്തിക്കേണ്ട ഘട്ടം എത്തിയിരിക്കുകയാണെന്ന് തോന്നുന്നു. ഏറ്റവും കൂടുതൽ അക്രമവും കൊലയും നടത്തുന്ന ആൾ ഹീറോ ആകുന്ന ഒരു അവസ്ഥ, അതായത് ഒരു ഹീറോവർഷിപ്പ് ഉണ്ടാകുന്നു. അതിന്റെ ഭാഗമായി എല്ലാവരെയും തല്ലിയൊതുക്കലാണ് മഹത്വമെന്നും ഞാൻ അങ്ങനെയാണ് മാറേണ്ടതെന്നും ഇന്നത്തെ കുട്ടി ചിന്തിക്കുന്നു. കുട്ടികളുടെ മാനസികാവസ്ഥ ഇങ്ങനെയൊക്ക മാറിപ്പോകുകയാണ്.

കുട്ടികളുടെ മാനസികാവസ്ഥ ഇത്തരത്തിലാകുന്നതിന് നിരവധി കാരണങ്ങളുണ്ടെന്നതാണ് യഥാർഥ കാര്യം. അതിൽ ഒന്നാമത്തേത്, അധ്യാപകനും വിദ്യാർഥിയും തമ്മിലുള്ള ബന്ധത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റമാണ്. മറ്റൊന്ന് രക്ഷാകർത്താക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിൽ വന്നിരിക്കുന്ന മാറ്റങ്ങളാണ്. ധൂർത്ത്, അത്തരം ജീവിത രീതികളോടുള്ള ആസക്തി, സന്തോഷം എവിടയുണ്ടോ അതൊക്കെ സ്വന്തമാക്കണമെന്ന ചിന്ത കുട്ടികൾക്കുണ്ടാകുന്നത് തുടങ്ങി നിരവധി കാരണങ്ങൾ ഇതിനുപിന്നിലുണ്ട്. ഇല്ലായ്മയുടെ ഭാഗമായി വളർന്നുവന്ന ഒരു ശീലം പഴയ കാലത്തുണ്ടായിരുന്നു. എല്ലാം പിടിച്ചടക്കണം, എല്ലാം തന്റേതാകണം എന്ന് ചിന്തിക്കുന്ന ഒരു അവസ്ഥ ഇന്നുണ്ട്, അത്തരം ഒരു അവസ്ഥയിലേക്ക് പുതുതലമുറയും പോകുകയാണ്. ഞാൻ അറിയാതെ പഴയ കഥകളിലേക്ക് പോയ്പോകും, ഏതായാലും പഴയ കഥകളിലേക്ക് ഇപ്പോൾ പോകുന്നില്ല. പഠിക്കുന്ന കാലത്ത് എനിക്ക് ഒന്നോ രണ്ടോ ഷർട്ട് മാത്രമെ ഉണ്ടാകൂ, അന്ന് കൂടുതൽ ഷർട്ട് വേണമെന്ന തോന്നലുമില്ല. അതുസംബന്ധിച്ച് ചില കഥകളൊക്കെയുണ്ട്, ഞാൻ അതിലേക്ക് ഇപ്പോൾ പോകുന്നില്ല. പഠനം എന്നത് ജീവിതത്തിന്റെ ഭൗതിക നേട്ടങ്ങൾക്കുമാത്രമുള്ള ഒന്നായി കാണുന്ന ഒരു തലത്തിലേക്ക് എത്തിപ്പെട്ടിരിക്കുന്നു, ഏറ്റവും ഗൗരവത്തോടെ ചിന്തിക്കേണ്ട കാര്യം അതാണ്. ഒരു മനുഷ്യൻ ഏറ്റവുമാദ്യം എന്തായിത്തീരാനാണ് ശ്രമിക്കേണ്ടത്? ഒരു നല്ല മനുഷ്യനാകണം. നല്ല മനുഷ്യനാകുന്നതിനായി ജീവിതമൂല്യങ്ങളും അതിന്റെ സത്തയും കുട്ടിയിലേക്ക് വളരെ നല്ലരീതിയിൽ പകരാൻ സാധിക്കണം. അതിനുതകുന്ന കവിതകൾ, കഥകൾ, മറ്റ് സാഹിത്യ കൃതികൾ എന്നിവയൊക്കെ സിലബസ്സിന്റെ ഭാഗമാകണം. ഞാൻ ഉൾപ്പെടെ എല്ലാവരും സ്കിൽഡ് തൊഴിലാളികളെക്കുറിച്ച് പറയുന്നുണ്ട്, എന്നാൽ സ്കിൽഡ് മനുഷ്യനെ നമുക്ക് സൃഷ്ടിക്കാനാകണം. നമ്മുടെ സമൂഹത്തിന് ആവശ്യം മനുഷ്യത്വം വലിയതോതിൽ വർധിപ്പിക്കുന്ന മനുഷ്യരെയാണ്. പഴയകാലത്ത് സ്കൂളുകളിൽ 'നല്ല ശമരിയക്കാരന്റെ കഥ' പഠിപ്പിച്ചിരുന്നു. ശ്രീനാരായണ ഗുരുവിന്റെ കാവ്യശകലം (ജീവകാരുണ്യ പഞ്ചകം)

'കൊല്ലുന്നതുമെങ്ങനെ ജീവികളെ,
തെല്ലും കൃപയറ്റു ഭുജിക്കയതും..' പഠിപ്പിക്കാറുണ്ടായിരുന്നു.

'കോപംകൊണ്ട് ശപിക്കരുതാരും..
ഭഗവന്മയമെന്നോർക്ക സമസ്തം;'
(ഭാഗവത കീർത്തനം)

തുടങ്ങിയ കവിതാ ശകലങ്ങൾ പാഠങ്ങളായിട്ടുണ്ടായിരുന്നു. അത്തരത്തിലുള്ള കാര്യങ്ങളിൽ ഊന്നൽ നൽകേണ്ടതുണ്ട്.

'നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം
..........................................................
സത്യം പറയുവാൻ ശക്തിയുണ്ടാകണം '
....................................................
ദുഷ്ട സംസർഗ്ഗം വരാതെയായീടണം
ശിഷ്ടരായുള്ളവർ തോഴരായീടണം
(പന്തളം കേരള വർമ്മ രചിച്ച പ്രാർത്ഥന),

'നമിക്കിലുയരാം നടുകിൽത്തിന്നാം നൽകുകിൽ നേടീടാം
നമുക്കുനാമേ പണിവതു നാകം, നരകവുമതുപോലെ'
(പ്രേമസംഗീതം-ഉള്ളൂർ എസ്. പരമേശ്വരയ്യർ)

തുടങ്ങിയ കാര്യങ്ങൾ അന്ന് പഠിപ്പിച്ചിരുന്നു, ഇതൊക്കെ ഇന്നത്തെ കുട്ടികളും അറിഞ്ഞിരിക്കണം, കുട്ടികളെ അത്തരം മൂല്യങ്ങൾ മനസ്സിലാക്കിക്കുന്ന അവസ്ഥയുണ്ടാകണം. ജീവതമൂല്യസത്ത കുഞ്ഞുങ്ങളിൽ ഉൾച്ചേർക്കാൻ ഇത്തരം പഠനങ്ങളൊക്കെ ഉപകരിക്കും. അങ്ങനെയാണ് അറിവുള്ളവർ എന്നതിനൊപ്പം കനിവുള്ളവർ കൂടിയായ തലമുറയായി മാറുന്നത്. അതിനായി പാഠ്യരംഗത്ത് ശ്രദ്ധിക്കേണ്ടതുണ്ട്. സിലബസ്സ്, കരിക്കുലം തുടങ്ങിയതിലെല്ലാം ജീവിതപാഠങ്ങൾ, മോറൽസ് എന്നിവ ഉൾപ്പെടുത്തണം. വിദ്യാഭ്യാസത്തിൽ ഇതെല്ലാം ഇല്ലാതാകുന്നുണ്ടോ; അറിവ് സമ്പാദനത്തിൽ മാത്രമായി പരിമിതപ്പെട്ടുപോകുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ ആലോചനാ വിധേയമാക്കേണ്ടതാണ്. ഇത്തരം കാര്യങ്ങൾ ഇവിടെ തീരുമാനിക്കേണ്ടതല്ല, അത്തരം കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ച് തീരുമാനമെടുക്കാൻ സാധിക്കണം, അതായത് നമ്മൾ ഉൾപ്പെടെ പങ്കാളിത്തം വഹിച്ചുകൊണ്ട് തീരുനാമനമെടുക്കണം. ഇത്തരം വിഷയങ്ങളിൽ അഭിപ്രായം പറയേണ്ടത് തീരുമാനമെടുക്കേണ്ടവരാണല്ലോ; നമ്മൾ ഇതിലൊന്നും വിദഗ്ധരല്ലല്ലോ; വിദഗ്ധരായ ധാരാളമാളുകൾ നമ്മുടെ സമൂഹത്തിലുണ്ടല്ലോ; നമ്മളെല്ലാം രാഷ്ട്രീയ പ്രസ്ഥാനത്തിൽപ്പെട്ടവരാണല്ലോ; മറ്റ് സംഘടനകളുണ്ട്, ആത്മീയ നേതാക്കളുണ്ട്, സാമൂഹ്യശാസ്ത്രജ്ഞരുണ്ട്, അത്തരത്തിൽ എല്ലാ മേഖലയിൽനിന്നുള്ളവരെയും ഇതിന്റെ ഭാഗമാക്കാൻ ശ്രമിക്കണം. അതുവഴി എങ്ങനെ ഈ അവസ്ഥയെ കൈകാര്യംചെയ്ത് കൊണ്ടുപോകണം എന്നതിൽ ഒരു പൊതുരൂപത്തിലേക്ക് എത്തിപ്പെടാൻ കഴിയണം. നമ്മുടെ ലോകം തിന്മയും തെമ്മാടികളും മാത്രമുള്ളതല്ല, നന്മയും നല്ലവരും കൂടിയുള്ളതാണ് എന്ന കാര്യം കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കണം. നന്മയുടെ ഡെവലപ്മെന്റ്, സ്കിൽ ഡെവലപ്മെന്റിനോടൊപ്പം നല്ലപോലെ ഉൾച്ചേർക്കാനാകണം. പൂക്കളെയും പൂത്തുമ്പിയെയും ശലഭങ്ങളെയും സ്നേഹിക്കാൻ കുട്ടിയെ പഠിപ്പിക്കണം. പ്രകൃതിയോടുള്ള സ്നേഹമാണ് സഹജാതരോടുള്ള സ്നേഹമായി മാറേണ്ടത്.

മയക്കുമരുന്നിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്, അത് വളരെ മാരകമായ വിപത്താണ്, തുടച്ചുനീക്കേണ്ടതാണ്, വിട്ടുവീഴ്ചയില്ലാതെ എതിർക്കപ്പെടേണ്ടതുമാണ്, അതിൽ യാതൊരു സംശയവുമില്ല. നേരത്തെ നമ്മൾ ഈ വിഷയത്തിൽ വിപുലമായ കാമ്പയിൻ നടത്തിയതാണ്, അത് തുടർന്നുവരുന്നുണ്ട്. എന്നാൽ നമ്മുടെ സമൂഹത്തിന്റെ എല്ലാ ധാരകളും ചേർന്നുകൊണ്ട് ഒരു കാമ്പയിൻ നടത്തേണ്ടതായിട്ടുണ്ട്, അത് അടുത്ത സമയത്തുതന്നെ പ്ലാൻ ചെയ്യേണ്ടതായി വരുമെന്ന് മുൻകൂട്ടിപ്പറയുകയാണ്. കഴിഞ്ഞ തവണ ചെയ്തതുപോലെ എല്ലാവരുമായി ആലോചിച്ച് വലിയതോതിലുള്ള ഇടപെടൽ അതിന്റെ ഭാഗമായി ഉണ്ടാകണമെന്നാണ് ഉദ്ദേശിക്കുന്നത്. ആ പരിപാടിയിൽ വിദ്യാലയങ്ങൾകൂടി ഉൾപ്പെടേണ്ടതുണ്ട്. ഈ മാസങ്ങൾ വിദ്യാലയങ്ങളെ ഉൾപ്പെടുത്താൻ പറ്റുന്ന സമയമല്ല, വിദ്യാലയങ്ങളെക്കൂടി അതിന്റെ ഭാഗമാക്കി അണിനിരത്തേണ്ടതുണ്ട്.

മയക്കുമരുന്ന് ഇന്ത്യയിലേക്ക് എത്തുന്നത് ഏതുവഴിയാണ്? രാസ ലഹരിമരുന്ന് ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നതല്ല, ഇറക്കുമതി ചെയ്യപ്പെടുന്നതാണ്. കേന്ദ്രഗവൺമെന്റ് രാജ്യസഭയിൽ ഈ വിഷയത്തെക്കുറിച്ച് നൽകിയ മറുപടിയിൽ കേരളത്തിലുള്ള ഒരു തുറമുഖത്തെയും പരാമർശിച്ചിട്ടില്ല. അതിൽ പറഞ്ഞിരിക്കുന്നത് കേരളത്തിനുപുറത്തുള്ള തുറമുഖങ്ങളാണ്. കേരളത്തിലെ തുറമുഖങ്ങളിൽ ഇവ ഇറക്കിയാൽ ഇവിടെയുള്ള റോഡിലേക്ക് ഇറങ്ങാൻ അനുവദിക്കില്ലെന്ന് അവർക്ക് നന്നായി അറിയാം. അതുകൊണ്ട് ഇത്തരം മയക്കുമരുന്നുകൾ മറ്റ് തുറമുഖങ്ങളിലാണ് ഇറക്കുന്നത്, അവിടെനിന്നും കേരളത്തിലേക്ക് എത്തിക്കുകയാണ്. സർക്കാരും സമൂഹവും ഒന്നാകെ ഒറ്റക്കെട്ടായി നിന്നുകൊണ്ട് മയക്കുമരുന്ന് എന്ന മാരക വിപത്തിനെ തുടച്ചുനീക്കുക എന്നതാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. ഈ വിഷയത്തിൽ ഒരുമ

മാത്രമെ ആവശ്യമുള്ളൂ. കക്ഷിരാഷ്ട്രീയത്തിന്റേതടക്കം ഒരുതരത്തിലുമുള്ള അഭിപ്രായ വ്യത്യാസവും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ ഏതെങ്കിലും തരത്തിലുള്ള കുറവുകൾ ഉണ്ടാകുന്നുവെന്ന് കാണുകയാണെങ്കിൽ അത് ചൂണ്ടിക്കാണിക്കാം. തിരുത്തേണ്ടതായ കാര്യങ്ങളുണ്ടെങ്കിൽ തിരുത്തുന്നതിന് സർക്കാർ എല്ലായ്പോഴും സന്നദ്ധമാണ്, ഇതിൽ യാതൊന്നും മറച്ചുവയ്ക്കാനില്ല. നമ്മുടെ നാട്ടിൽ പലർക്കും മയക്കുമരുന്ന് കൈമാറുന്ന ഇടങ്ങളറിയാമെങ്കിലും അവരിൽ പലരും ആ വിവരം പോലീസിനെയോ എക്സൈസിനെയോ അറിയിക്കുന്നില്ലെന്നൊരു അവസ്ഥയുണ്ട്. അതിന്റെ ഭാഗമായി തങ്ങൾക്ക് എന്തെങ്കിലും സംഭവിച്ചാലോ എന്നാണ് അവർ ചിന്തിക്കുന്നത്. അതിനുവേണ്ടിയാണ് ഞാൻ നേരത്തെ സൂചിപ്പിച്ച ഫോൺ നമ്പറുള്ളത്. അതിലേയ്ക്ക് മെസ്സേജ് അയച്ചാൽ മതിയാകും. പോലീസ് സ്റ്റേഷനിൽ നേരിട്ടുപോയി പറയേണ്ടതില്ല. അതിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്. കുട്ടികൾ അരുതാത്ത വഴിക്ക് നീങ്ങുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം കുടുംബത്തിനും പോലീസിനും മാത്രമല്ല, അത് സമൂഹത്തിന്റെതന്നെ ഉത്തരവാദിത്വമാണെന്ന് നമ്മൾ കാണണം. കുടുംബത്തിലും അതോടൊപ്പം സ്കൂളുകളിലും നല്ല ശ്രദ്ധയുണ്ടാകണം. അതിനുപുറമെ സമൂഹവും നല്ല രീതിയിൽ ശ്രദ്ധിക്കണം. പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനം, രക്ഷാകർത്തൃസമിതി, അധ്യാപകർ, തദ്ദേശഭരണ പ്രതിനിധികൾ, സ്കൂൾ പ്രൊഡക്ഷൻ ഗ്രൂപ്പുകൾ തുടങ്ങി ഏതൊക്കെ വേണമെന്നുള്ളത് പിന്നീട് നമുക്ക് നിശ്ചയിക്കാം. അങ്ങനെ ചില ഗ്രൂപ്പുകളുണ്ടാകണം. ജനവാസമേഖലകളിൽ ഓരോ മാസവും ഈ വിഷയം മുൻനിർത്തി പോലീസും റെസിഡൻസ് അസോസിയേഷനുകളും കൂടിയുള്ള യോഗങ്ങൾ ചേരണം. സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിനെ ശക്തിപ്പെടുത്തണം. മയക്കുമരുന്ന് എന്നത് അതിമാരകമായ വിപത്താണ്. അതുസംബന്ധിച്ച് സഭ നേരത്തെ ഇവിടെ ചൂണ്ടിക്കാണിക്കുകയും ചർച്ച ചെയ്യുകയുമുണ്ടായി. താമരശ്ശേരിയിലുണ്ടായ ഈ വിഷയം പരിശോധിക്കുമ്പോൾ യഥാർത്ഥത്തിൽ മദ്യമോ മയക്കുമരുന്നോ മാത്രമല്ല അതിന്റെ കാരണമെന്നത് വളരെ ശ്രദ്ധയോടെ കാണേണ്ട കാര്യമാണ്. ചില സംഭവങ്ങളിൽ കൊലയാളികളിൽ മദ്യമോ മയക്കുമരുന്നോ കാണുന്നില്ല. കൊലയാളി എന്നേ പറയാൻ സാധിക്കുകയുള്ളൂ. വളരെ ഒതുങ്ങിയ സ്വഭാവക്കാരനായിരുന്ന ആൾ പിന്നീട് കൊലയാളിയായി മാറുന്ന നിലയുണ്ടാകാറുണ്ട്. അത്തരം വിചിത്രമായിട്ടുള്ള അനുഭവങ്ങൾ ഉണ്ടാകുന്നുണ്ട്. എന്തുകൊണ്ടാണ് അങ്ങനെ വന്ന് ഭവിക്കുന്നതെന്ന് പ്രത്യേകമായി പഠിക്കേണ്ട കാര്യമാണ്. ഈ സ്ഥാനത്തിരുന്നുകൊണ്ട് എനിക്ക് പറയാൻ സാധിക്കുന്നതല്ല. കാരണം മറ്റൊരു മനോഭാവം തരുന്നുവെന്ന് തോന്നലുണ്ടാകും. പക്ഷേ സമൂഹത്തിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് നമ്മൾ പ്രത്യേകം പഠിക്കണം. ഇത്തരം സാമൂഹ്യ പ്രവണതകൾക്ക് സാമൂഹ്യശാസ്ത്രപരമായ ചികിത്സ ആവശ്യമാണ്. രോഗം എന്താണെന്ന് തിരിച്ചറിഞ്ഞാൽ മാത്രമെ ചികിത്സ ഫലപ്രദമാകൂ. ഈ തലമുറയിൽ ലോകത്തെവിടെയുമുള്ള സമൂഹങ്ങളെ ബാധിച്ച പൊതുവായ ചിലരോഗങ്ങളും രോഗ ലക്ഷണങ്ങളുമുണ്ട്. ശാസ്ത്രീയമായ സമീപനത്തിലും അതിന്റെ ഭാഗമായുള്ള മറുമരുന്നുകളും ഉപയോഗിച്ചുകൊണ്ട് മാത്രമെ നമുക്ക് ഈയൊരു ഘട്ടം മറികടക്കാൻ കഴിയുകയുള്ളൂ. ഇന്ന് തുറന്ന വിപണിയുടെ എല്ലാവിധ സൗകര്യങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പുതിയ തലമുറ വളരുന്നത്. കമ്പോളം നിശ്ചയിക്കുന്ന ഒരു മധ്യവർഗ്ഗ ഉപഭോക്തൃ ജീവിതക്രമമാണ് പൊതുവിൽ പലരെയും നയിക്കുന്നത്. അണുകുടുംബങ്ങൾ, സാമൂഹ്യബന്ധമില്ലായ്മ ഇതെല്ലാം നമ്മുടെ കാലത്തിന്റെയൊരു പ്രത്യേകതയാണ്. നാല് ചുവരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ട നിലയിൽ ജീവിതം ജീവിച്ചുതീർക്കുന്നവരാണ് പലരും. കുഞ്ഞുങ്ങളുടെ കാര്യത്തിൽ വളരെ കുറ്റകരമായ

സമീപനമാണ്  നാം സ്വീകരിക്കുന്നത്. വേലികെട്ടി വളർത്തുന്ന ഒരു പ്രവണത ചില രക്ഷിതാക്കളെങ്കിലും കാണിച്ചുകൊണ്ടിരിക്കുകയാണ്. ചിലരല്ല, പലരുമെന്ന് പറഞ്ഞാലും അതിൽ തെറ്റുണ്ടാകില്ലെന്നാണ് തോന്നുന്നത്. അങ്ങനെയൊരു മനോഭാവം വളർന്നുവരികയാണ്. അതോടൊപ്പം വലിയരീതിയിൽ പണം മുടക്കി പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള കോച്ചിങ്  ചെറുപ്രായത്തിലേ തുടങ്ങുകയാണ്. ആ ലക്ഷ്യത്തോടെയാണ് നഴ്സറി ക്ലാസ്സുകളിലടക്കം കുട്ടികളെ ചേർക്കുന്നത്. അതിലൂടെ കുട്ടിയുടെ കുട്ടിത്തം ഇല്ലാതായി പോകുകയാണ്. അതാണ് സംഭവിക്കുന്നത്. കുഞ്ഞുങ്ങൾക്ക് മാനസികോല്ലാസത്തിനുള്ള സമയമോ സാഹചര്യമോ ഉണ്ടാകുന്നില്ല. വൈകുന്നേരങ്ങളിലെ കളിക്കളങ്ങൾ, സൗഹൃദകൂട്ടായ്മകൾ തുടങ്ങിയവയൊക്കെ നിഷേധിക്കപ്പെട്ട എത്രയെത്ര കുട്ടികൾ നമ്മുടെയെല്ലാം കൺമുന്നിൽ തന്നെയുണ്ട്. നമ്മളെല്ലാം ഈ മണ്ണിൽ ജീവിക്കുന്നവരാണ്. അങ്ങനെയുള്ള എത്ര കുട്ടികളുണ്ട്? ഓൺലൈൻ ഗെയിമിന്റെ പിന്നിൽ വലിയ ഹൃദയശൂന്യതയില്ലേ? വല്ലാത്തൊരു മാനസികാവസ്ഥയിലേയ്ക്ക് അവർ എത്തിപ്പെടുന്നു. സാമൂഹ്യബന്ധങ്ങളുടെ ഊഷ്മളത തീർത്തും അന്യംനിന്നുപോകുന്നു. ഇതൊക്കെയാണ് നാം ആലോചിക്കേണ്ടത്. അരാഷ്ട്രീയത എന്നത് ഗൗരവമായി പരിശോധിക്കേണ്ട  ഒരു വിഷയമാണ്. കാരണം വിദ്യാർഥികൾ സർക്കാർ സ്ഥാപനങ്ങളും എയ്ഡഡ് സ്ഥാപനങ്ങളും ഉൾപ്പെടെ പല സ്ഥാപനങ്ങളിലാണ് പ്രവർത്തിക്കുന്നത്. അവിടങ്ങളിൽ വല്ലാത്തൊരു അരാഷ്ട്രീയത വളർന്നുവരുമ്പോൾ കുട്ടികളിൽ ചെറുപ്പം മുതൽ ഉണ്ടാകേണ്ട ജനാധിപത്യസംസ്കാരം ഇല്ലാതെ വരുന്നുണ്ട്.

സീനിയർ, ജൂനിയർ തർക്കങ്ങൾ, വിഭാഗീയത, ഗ്യാങ് സംഘർഷങ്ങൾ, മയക്കുമരുന്ന് കൈമാറ്റങ്ങൾ, പ്രാദേശിക വികാരത്തിലൂന്നിയ സംഘട്ടനങ്ങൾ തുടങ്ങിയവ ഏറിയകൂറും നടക്കുന്നത് അരാഷ്ട്രീയ കാമ്പസുകളിലാണ്. അതാണ് നാം ശ്രദ്ധിക്കേണ്ടത്.  സാമൂഹ്യ പ്രതിബദ്ധതയില്ലാത്ത ഒരു പുതുതലമുറയെ രൂപപ്പെടുത്തുന്നതിനാണ് ഇത് ഇടയാക്കുന്നത്. സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള കാമ്പസുകളാണ് നമുക്കാവശ്യമായിട്ടുള്ളത്. എങ്കിൽ മാത്രമെ അരാജക പ്രവണതകളെ തടയാനാകുകയുള്ളൂ. അതിന് കുട്ടികൾ കാമ്പസുകളിൽ സാമൂഹ്യ പ്രശ്നങ്ങൾ ചർച്ച ചെയ്തുതന്നെ പോകണം. വിദ്യാർഥി സംഘടനാ പ്രവർത്തനങ്ങൾ ശക്തമായിട്ടുള്ള കാമ്പസുകളിൽ അവർ തമ്മിലുള്ള തർക്കങ്ങളൊക്കെയുണ്ടാകുമെങ്കിലും ഇത്തരം അരാജക പ്രവണതകൾ താരതമ്യേന കുറവായിരിക്കും. വിദ്യാർഥികൾ ജനാധിപത്യബോധം ഉൾക്കൊണ്ട് ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരുകയെന്നതാണ് ഏറ്റവും പ്രധാനം.

നമ്മുടെ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നമാണ് നാം ഇവിടെ ചർച്ച ചെയ്തത്. ഇക്കാര്യത്തിൽ എല്ലാവരും ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ചില വ്യത്യസ്തതകളുണ്ടെന്നുള്ളത് ഞാൻ നേരത്തെ പറഞ്ഞു. എന്നാലും അത് മാറ്റി നിർത്തിയാൽ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഇതിനെ നമുക്കൊരുമിച്ച് എതിർത്ത്.....

**തിരുവഞ്ചൂർ രാധാകൃഷ്ണൻ:** സർ, ഒരു കാര്യം പറഞ്ഞോട്ടെ.

**പിണറായി വിജയൻ:** സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു ചോദ്യം ചോദിച്ചേ അടങ്ങൂവെന്നാണ്. ആയിക്കോട്ടെ.

**തിരുവഞ്ചൂർ രാധാകൃഷ്ണൻ:** സർ, അങ്ങയിൽനിന്ന് പോസിറ്റീവായ മറുപടി ലഭിക്കുമെന്നുള്ള പ്രതീക്ഷയിലാണ് ചോദിക്കുന്നത്. അങ്ങിവിടെ രണ്ടുമൂന്ന് കാര്യങ്ങൾ  പറഞ്ഞു. ഇത്തരം പ്രവണതകൾക്കെതിരെ നമ്മുടെ സമൂഹം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് മെഷേഴ്സിൽ വളരെ കൃത്യതയോടുകൂടി കാര്യങ്ങൾ ചെയ്യണം. അഡ്മിനിസ്ട്രേറ്റീവ് മെഷേഴ്സിനകത്ത് എന്തൊക്കെ കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്യാൻ പോകുന്നതെന്ന്

വ്യക്തമാക്കിയാൽ അങ്ങയുടെ പ്രസംഗം ക്ലാരിറ്റിയുള്ളതാകും.

**പിണറായി വിജയൻ:** സർ, അഡ്മിനിസ്ട്രേറ്റീവ് മെഷേഴ്സ് ഇപ്പോൾ തന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. തുടർന്നും സ്വീകരിക്കേണ്ടതുണ്ട്. മറ്റ് കാര്യങ്ങൾ ഈ ചർച്ച അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി പറയാം. നമുക്ക് ഒരേ മനസ്സോടെ ഒരുമിച്ച് ഇതിനെ എതിർത്ത് തോൽപ്പിക്കാൻ കഴിയണം. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. സർക്കാരാണ് അതിന് മുൻകൈയെടുക്കേണ്ടത് എന്നത് ശരിയാണ്. സർക്കാർ മുൻകൈയെടുക്കും. ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കുമെല്ലാം വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കാനുണ്ട്. യുവജനസംഘടനകളും വിദ്യാർഥി സംഘടനകളും കൂടാതെ സിനിമാ-സാംസ്കാരിക മാധ്യമ മേഖലകളിൽ പ്രവർത്തിക്കുന്നവരും പൊതുവായി സമൂഹത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നവരും സാമൂഹ്യശാസ്ത്രജ്ഞരും രാഷ്ട്രീയ പ്രസ്ഥാനങ്ങളുമുണ്ട്. അങ്ങനെ എല്ലാവരെയും കൂടി ചേർത്തുകൊണ്ടുള്ള വിശാലമായ ആലോചനായോഗം നടക്കണം. അതിന്റെ ഭാഗമായി കാര്യങ്ങൾ എങ്ങനെ മുന്നോട്ടുനീങ്ങണമെന്ന് തീരുമാനിക്കാം. അതോടൊപ്പം സർക്കാരിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. അത് ഫലപ്രദമായി സ്വീകരിച്ചുപോകുകയും ചെയ്യും. നമുക്ക് ഒന്നായി നിന്നുകൊണ്ട് ഇതിനെ നേരിടാമെന്നാണ് എനിക്ക് പറയാനുള്ളത്.

# ധനാഭ്യർത്ഥന ചർച്ചയ്ക്ക് മുഖ്യമന്ത്രിയുടെ മറുപടി

സർ, ബഹുമാന്യനായ രമേശ് ചെന്നിത്തല വളരെ ശക്തമായി ചില കാര്യങ്ങൾ അവസാനം പറഞ്ഞുവല്ലോ; അതിൽനിന്ന് ആരംഭിക്കാമെന്ന് ഞാൻ കരുതുന്നു. നമ്മുടെ ഈ കാലം ഫാസിസ്റ്റ് കാലമാണെന്ന് പറയണം, എന്നാൽ അങ്ങനെ പറയുന്നില്ലെന്നും സി.പി.ഐ.(എം.) അതിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നുവെന്നും അദ്ദേഹം ഇവിടെ പറഞ്ഞു. നമ്മുടെ രാജ്യം പല ഘട്ടങ്ങളിലൂടെ കടന്നുവന്നതല്ലേ; അതിൽ ഏറ്റവും പ്രധാനമായ ഒരു കാലം, അല്ലെങ്കിൽ ജീവിക്കുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായ ഒരു വശം, ജീവിക്കാനുള്ള അവകാശമാണ്. ജീവിക്കാൻ അവകാശമില്ലാതാകുന്നത് ഏത് ഘട്ടത്തിലാണ്; ഒരു ജനാധിപത്യ വ്യവസ്ഥയിൽ അതുണ്ടാകില്ല. സാധാരണനിലയിൽ ഹിറ്റ്ലറുടെ ഫാസിസത്തിന്റെ ഘട്ടത്തിലാണല്ലോ അതുണ്ടായത്. മാർക്സിസവും ഫാസിസവും ജർമ്മനിയിലും ഇറ്റലിയിലും നടപ്പാകുമ്പോൾ സംഭവിച്ചത് എന്തായിരുന്നുവെന്ന് എല്ലാവർക്കും അറിയാമല്ലോ; ഞാൻ അതിന്റെ ചരിത്രത്തിലേക്ക് പോകുന്നില്ല. ജീവിക്കാനുള്ള അവകാശമടക്കമുള്ള മൗലികാവകാശങ്ങളെല്ലാം എടുത്തുകളഞ്ഞ ഒരു കാലം ഇന്ത്യയിലുണ്ടായിരുന്നില്ലേ; അതായിരുന്നു അടിയന്തരാവസ്ഥക്കാലം. അക്കാലത്തെ സി.പി.ഐ.(എം.) എന്താണ് വിശേഷിപ്പിച്ചതെന്ന് ശ്രീ.രമേശ് ചെന്നിത്തലയ്ക്ക് അറിയുമോ; 'അമിതാധികാരവാഴ്ചയുടെ കാലം'. എപ്പോഴും കൃത്യമായ അപഗ്രഥനത്തിനുശേഷമാണ് ഞങ്ങൾ ഓരോ പദവും ഉപയോഗിക്കുന്നത്. അതിന്റെ ഭാഗമായാണ് അന്നത്തെ ഭരണത്തെ അമിതാധികാരവാഴ്ച എന്ന് ഞങ്ങൾ വിശേഷിപ്പിച്ചത്. ഫാസിസത്തിന്റേതായ ഒട്ടേറെ സ്വഭാവവിശേഷങ്ങൾ ആ ഭരണത്തിലുണ്ടായിരുന്നില്ലേ; അന്നത്തെ കഥകളൊന്നും ഞാൻ പറയേണ്ടല്ലോ;  എന്തെല്ലാം കാര്യങ്ങൾ നടന്നിരുന്നു. അതാണ് സി.പി.ഐ.(എം.)ന്റെ രീതി.  അതിന്റെ ഭാഗമായി ഈ കാലത്തെ വിലയിരുത്തി ഞങ്ങൾ പറഞ്ഞിട്ടുണ്ട്, ഫാസിസ്റ്റ് പ്രവണതയുള്ള ആർ.എസ്.എസ്. നയിക്കുന്ന ബി.ജെ.പി.യുടെ ഗവൺമെന്റ്; അത് ഞങ്ങളുടെ കൃത്യമായ വിലയിരുത്തലാണ്. 62 സീറ്റിൽ ധാരണയുണ്ടാക്കി എന്ന് പറഞ്ഞത് പണ്ട് നിങ്ങളുണ്ടാക്കിയ ധാരണയെക്കാൾ കൂടുതൽ സീറ്റ് ഞങ്ങൾ ധാരണയുണ്ടാക്കി എന്ന് ആക്ഷേപിക്കാനായിരിക്കും എന്നാണ് ധരിക്കേണ്ടത്. 43 സീറ്റിൽ, നിങ്ങൾ ഞങ്ങളുമായി ധാരണയുണ്ടാക്കിയതിന്റെ ഭാഗമായല്ലേ അധികാരത്തിലിരിക്കുന്നതെന്ന് നിങ്ങളുടെ

മുഖത്തുനോക്കിയാണ് ആർ.എസ്.എസ്. നേതാവ് ചോദിച്ചത്. അക്കാര്യം ഓർമ്മ വേണം. ഞങ്ങൾ അത്തരം രാഷ്ട്രീയ നെറികേട് കാണിക്കുന്നവരല്ല. അത്തരം രാഷ്ട്രീയ നെറികേടിന്റെ ആവശ്യവും ഞങ്ങൾക്കില്ല. അത്തരം കാര്യങ്ങളിൽ ഞാൻ കൂടുതലൊന്നും പറയുന്നില്ല.

ശ്രീമതി നിർമ്മല സീതാരാമനെ കണ്ടതുമായി ബന്ധപ്പെട്ട് എന്തോ വല്ലാത്തൊരു സംഭവം നടന്നുവെന്ന മട്ടിലാണ് ബഹുമാന്യനായ രമേശ് ചെന്നിത്തല പ്രതികരിച്ചത്. ഗവർണ്ണറുടെ പാലം കടന്നിട്ടാണ് ചെന്നതെന്ന് പറഞ്ഞല്ലോ. അതിന്റെ കാര്യം ഞാൻ ആദ്യം പറയാം. എനിക്ക് അവിടെ പാർട്ടി മീറ്റിങ് ഉണ്ടായിരുന്നു. ഗവർണ്ണർ എല്ലാ എം.പി.മാർക്കുമൊരു അത്താഴവിരുന്ന് കൊടുക്കുന്നുണ്ടെന്ന് നേരത്തെതന്നെ എന്നോട് പറഞ്ഞിരുന്നു. ഞാൻ പങ്കെടുക്കില്ലെന്ന് അദ്ദേഹത്തെ അറിയിച്ചിരുന്നു. അത് തീയതി ഓർത്തുകൊണ്ടല്ല, ഡൽഹിയിലുള്ള പരിപാടിക്ക് ഞാൻ ഉണ്ടാകില്ലെന്ന ധാരണയിൽ പറഞ്ഞതാണ്. പക്ഷേ, ഞാൻ സഞ്ചരിക്കുന്ന അതേ വിമാനത്തിലാണ് ആ പരിപാടിക്ക് അദ്ദേഹവും പോകുന്നത്. പിറ്റേദിവസമാണ് ഗവർണ്ണറുടെ പരിപാടി. അന്നുതന്നെയാണ് എനിക്കും അവിടെ പി.ബി. മീറ്റിങ്ങുള്ളത്. രാത്രിയിലെ ഫ്ലൈറ്റിനാണ് ഇവിടെനിന്നും ഡൽഹിയിലേക്ക് പോയത്. ഞങ്ങൾ രണ്ടുപേരും അടുത്തടുത്തിരുന്നപ്പോൾ നാളെയാണ് ആ പരിപാടിയെന്നും നിങ്ങൾ വരുമോയെന്നും ഗവർണ്ണർ ചോദിച്ചു. യാദൃച്ഛികമാണല്ലോ ഇത്, ഞാൻ ആ ദിവസം അവിടെയുണ്ടല്ലോ, എന്തായാലും വരാമെന്ന് അദ്ദേഹത്തോട് ഞാനും പറഞ്ഞു. അങ്ങനെയാണ് ആ പരിപാടിയിൽ പോയത്. എം.പി. മാരൊക്കെ അതിൽ പങ്കെടുത്തിരുന്നു. ഗവർണ്ണറുടെ പരിപാടിയാണ്, ഞാനുംകൂടി അവിടെ ഇരുന്നുവെന്ന് മാത്രം. അങ്ങനെ ഇരുന്ന കൂട്ടത്തിൽ, നാളെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയൊരു ബ്രേക്ക്ഫാസ്റ്റിന് വരുന്നുണ്ടെന്നും അങ്ങേയ്ക്കും വരാൻ പറ്റുമെങ്കിൽ സൗകര്യമായിരുന്നെന്നും ഞാൻ ഗവർണ്ണറോട് പറഞ്ഞു. വരാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. അദ്ദേഹം ഇട്ട പാലത്തിലൂടെ ഞാൻ അങ്ങോട്ട് പോയതല്ല, ഇങ്ങനെയൊക്കെ നടന്നപ്പോൾ അദ്ദേഹത്തോട് സംസാരിച്ചു, അദ്ദേഹം വന്നു. എല്ലാവർക്കുമറിയാവുന്നതുപോലെ, ശ്രീ.രമേശ് ചെന്നിത്തല പറഞ്ഞതുപോലെതന്നെ എനിക്ക് എന്റേതായ രാഷ്ട്രീയവും ഗവർണ്ണർക്ക് അദ്ദേഹത്തിന്റേതായ രാഷ്ട്രീയവും ശ്രീമതി നിർമ്മല സീതാരാമന് അവരുടേതായ രാഷ്ട്രീയവുമുണ്ട്. അതുകൊണ്ട് രാഷ്ട്രീയമുള്ള വ്യക്തിത്വങ്ങൾ തമ്മിൽ കണ്ടാൽ രാഷ്ട്രീയത്തിന് അപ്പോൾത്തന്നെ ഉരുകിപ്പോകുന്ന അവസ്ഥയൊന്നും വരില്ല. അവിടെ ഞങ്ങൾ പൊതുവായ കാര്യങ്ങളാണ് സംസാരിച്ചത്. പൊതുവായ കാര്യങ്ങൾ സംസാരിക്കുമ്പോൾ അത് ഏതെങ്കിലും തരത്തിൽ നമ്മുടെ നാടിന് എതിരായിട്ടുള്ളതല്ല, നാടിന്റെ ഒരുപാട് പ്രശ്നങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു. അതിൽ കേരളത്തിന്റെ കാര്യങ്ങളിൽ ചില ഗൗരവമായ അഭിപ്രായങ്ങൾ ശ്രീമതി നിർമ്മല സീതാരാമനും പ്രകടിപ്പിച്ചു. അങ്ങനെ തീർത്തും സൗഹൃദ സംഭാഷണം മാത്രമായിരുന്നു അത്. മറ്റ് തരത്തിലുള്ള ഏതെങ്കിലുമൊരു നിവേദനം കൊടുക്കലോ അതിനുള്ള അവസരമാക്കി ആ ബ്രേക്ക്ഫാസ്റ്റ് മീറ്റിങ് മാറ്റുകയോ അല്ല ഞാൻ ചെയ്തത്. അത് വെറുമൊരു ബ്രേക്ക്ഫാസ്റ്റ് മീറ്റിങ് മാത്രമായിരുന്നു. അതാണ് അതിൽനിന്ന് മനസ്സിലാക്കേണ്ടത്.

ഇവിടെ നടന്ന ചർച്ചയിൽ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുവിൽ നല്ല നിലയ്ക്കുള്ള അഭിപ്രായ പ്രകടനങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. അതിൽ എല്ലാവരും കഴിയാവുന്നത്ര ശരിയായ നിലപാട് സ്വീകരിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇത്തരം ചർച്ചകളൊക്കെ വരുമ്പോൾ പോലീസിനെതിരെയൊക്കെ വലിയ കടന്നാക്രമണങ്ങൾ വരാറുണ്ട്. അങ്ങനെയൊരു കടന്നാക്രമണത്തിന്റെ ചിത്രമല്ല പൊതുവേ നമ്മൾ കണ്ടത്. സാധാരണനിലയ്ക്ക് വല്ലാതെ കടന്നാക്രമണം വരാനിടയുണ്ടെന്ന് കരുതുന്ന ആളുകൾ തന്നെ വളരെ നല്ല രീതിയിൽ സംസാരിക്കുന്നതായാണ് കണ്ടത്. ഇവിടെ പോലീസിലെ എണ്ണത്തിന്റെ കുറവിനെപ്പറ്റിയും ഡീസൽ അടിക്കാനായും മറ്റും നേരിടുന്ന ചില സാമ്പത്തിക വിഷമങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞിട്ടുണ്ട്. അതൊക്കെ വസ്തുതാപരമായ കാര്യങ്ങളാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ

തന്നെയാണ് സർക്കാർ നടപടികൾ സ്വീകരിച്ചുപോകുന്നത്. അതുപോലെ ദുർഗുണപരിഹാര പാഠശാലയുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യത്തിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക എന്നതുതന്നെ യാണ് നേരത്തെ മുതൽ പ്രധാനമായി ലക്ഷ്യമിട്ടിരുന്നത്. ഇതിനായി മുമ്പ് ചില ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ചില പോരായ്മകളുണ്ടെന്നത് ശരിയാണ്. അത് നല്ല രീതിയിൽ ഇടപെട്ട് പരി ഹരിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതുപോലുള്ള ഒട്ടേറെ കാര്യങ്ങളാണ് ഇവിടെ പോ ലീസുമായി ബന്ധപ്പെട്ട് പരാമർശിച്ചത്. ഫോറൻസിക് സയൻസ് ലാബുകളിൽ കഴിഞ്ഞ സർ ക്കാരിന്റെ കാലത്ത് 56-ഉം ഈ സർക്കാരിന്റെ കാലത്ത് 28-ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ലഭിക്കാൻ കാലതാമസമുണ്ടാകുന്നുവെന്നത് ശരിയാണ്. അക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ജയിലിൽ കിടക്കുന്ന ആളുകൾക്ക് പരോൾ അനുവദിക്കുന്ന വിഷയത്തിൽ കോവിഡ് കാലവും കൂട്ടി പറഞ്ഞാൽ അത് കുറച്ച് അധിക ദിവസമായി തോന്നും. കാരണം കോവിഡ് കാലത്ത് 655 ദിവസംവരെ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദേശപ്രകാരംതന്നെ അവധി അനുവദിച്ചിരുന്നു. അപ്പോൾ സാധാരണഗതിയിൽ അതുംകൂടി കൂട്ടിയാൽ അതൊരു വലിയ കാലയളവായി തോന്നും. അത് പ്രത്യേക കാലമായിരുന്നു. ആ പ്രത്യേക കാലത്തിന് ഏതെങ്കി ലുമൊരു പ്രത്യേക കേസിൽപ്പെട്ടവർക്കുമാത്രം പരോൾ ഇല്ല എന്ന നിലപാട് സർക്കാർ എടു ത്തിട്ടില്ല. പൊതുവിൽ ആ ആനുകൂല്യം എല്ലാവർക്കും ലഭിച്ചിട്ടുണ്ട്.

മയക്കുമരുന്നുകളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക വിങ് പോലീസിൽ വേ ണമെന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. അതിൽ 'ഓപ്പറേഷൻ ഡി-ഹണ്ട്' എന്ന പേരിലൊരു സ്പെഷ്യൽ ഡ്രൈവ് ഇപ്പോൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ക്രമസമാധാന ചുമതലയുള്ള എ.ഡി. ജി.പി.-ക്കാണ് അതിന്റെ ചുമതല. കാര്യക്ഷമമായി അത് പ്രവർത്തിക്കുന്നുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങളും ശക്തമായ രീതിയിൽതന്നെ നടത്തിവരികയാ ണ്. അതെല്ലാം കൂടുതൽ ഫലപ്രദമായി നടക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്നുതന്നെയാണ് ആലോചിക്കുന്നത്.

സ്വർണ്ണക്കടത്തിനെക്കുറിച്ച് ഇപ്പോഴും എന്തോ പറയുന്നതായി കേട്ടു. ഈ വർഷം ഫെബ്രു വരി 28 വരെയുള്ള കണക്കുപ്രകാരം കരിപ്പൂർ വിമാനത്താവളത്തിൽനിന്നും അനധികൃതമായി കടത്തിയ 5.062 കിലോഗ്രാം സ്വർണ്ണമാണ് പിടിച്ചെടുത്തത്. ഇക്കാര്യത്തിൽ മൂന്ന് കേസുകളിലാ യി 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഇതേ കാലയളവിൽ എട്ട് കേസുകളിലായി 10 പേരെ അറസ്റ്റ് ചെയ്യുകയും 3.383 കിലോഗ്രാം സ്വർണ്ണം കണ്ടെടുക്കു കയും ചെയ്തിട്ടുണ്ട്. പോലീസിൽ വളരെ ശാന്തമായ അന്തരീക്ഷമാണ് ഇപ്പോൾ പൊതുവിലു ള്ളത്. മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ.രമേശ് ചെന്നിത്തല ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഐ.പി.എസ്. തല പ്പത്ത് വല്ലാത്ത ചേരിപ്പോര് കേരളം കണ്ടിരുന്നത്. അന്ന് ഡി.ജി.പി. റാങ്കിലായിരുന്ന ശ്രീ.എം. എൻ.കൃഷ്ണമൂർത്തിയുടെ ഫോൺ എസ്.പി. ചോർത്തിയെന്ന പ്രശ്നം ആ ഘട്ടത്തിലായിരു ന്നു ഉയർന്നുവന്നത്. മാത്രമല്ല, രണ്ട് ഡി.ജി.പി.മാർ പരസ്യമായി ഫേസ്ബുക്കിലൂടെ ഐ. പി.എസ്. ചട്ടം ഓർമ്മിപ്പിച്ച് പോരടിച്ചതും അതേ കാലത്തായിരുന്നു. പേരൊക്കെ അദ്ദേഹത്തി ന് ഓർമ്മയുള്ളതുകൊണ്ട് ഞാൻ വീണ്ടും പറയുന്നില്ലെന്നുമാത്രം. കോപ്പിയടിച്ചതിന് ഒരു ഐ.ജി.യെ പിടിച്ചതും ഓർമ്മയുണ്ടാകുമല്ലോ; 1995 മാർച്ച് 22ന് പുറത്തിറങ്ങിയ പത്രങ്ങളുടെ മുൻപേജിൽ ഒരു വാർത്തയുണ്ടായിരുന്നു. അത് പോലീസ് ആസ്ഥാനവളപ്പിൽ സ്ഥിതിചെയ്യുന്ന ഫോറൻസിക് ലാബിൽ തീപിടിച്ചുവെന്നും സുപ്രധാനമായ കേസ് ഫയലുകൾ കത്തിപോയെ ന്നുമായിരുന്നു. അന്നത്തെ ഡി.ജി.പി.യും ഫോറൻസിക് ഡയറക്ടറും ആരോപണവിധേയരായ

ടി കേസ് പിന്നീട് തേഞ്ഞുമാഞ്ഞ് പോവുകയും ചെയ്തു. ഇതൊന്നും ഇപ്പോഴില്ല. ഇപ്പോൾ മികച്ചനിലയിൽത്തന്നെയാണ് പോലീസ് തലപ്പത്ത് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തുതന്നെ കേരളം ഒരു മാതൃകാ സംസ്ഥാനമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. വികസന നേട്ടങ്ങൾ, ക്ഷേമനടപടികൾ, സമൂഹോന്മുഖമായ നിയമനിർമ്മാണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ മാത്രമല്ല, സമൂഹത്തിന്റെ പൊതുസ്ഥിതിയുടെ കാര്യത്തിലും മാതൃകാപരമാണ്. ക്രമസമാധാനത്തിന്റെ കാര്യം മുതൽ സാമുദായികമായ സഹോദര്യത്തിൽവരെ മുൻകൈ സ്ഥാനം കേരളത്തിനുണ്ട്. വർഗീയ സംഘർഷമൊന്നുമില്ലാത്തൊരു നാടാണ് കേരളമെന്നുള്ളത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ജനപ്രതിഷേധങ്ങൾക്കുനേർക്ക് ഒരുതരത്തിലുമുള്ള ഒരു വെടിവയ്പുപോലുമുണ്ടാകാത്ത നാട് എന്നുവേണമെങ്കിൽ സൂചിപ്പിക്കാം. എല്ലാതലത്തിലും സമാധാനം പുലരുന്നൊരു നാടായിട്ടാണ് കേരളത്തെ പൊതുവെ കാണുന്നത്. എന്തുകൊണ്ടാണിത് ഇങ്ങനെയാകുന്നത്? ഇവിടെ നേരത്തെ ചിലർ ചൂണ്ടിക്കാണിച്ചതുപോലെ, വർഗീയ സ്പർധ വളർത്താൻ ശ്രമിക്കുന്നവരും അതിനുവേണ്ടി ഉപചാപങ്ങൾ നടത്തുന്നവരും ഇവിടെയില്ലേ; ക്രമസമാധാനം തകർത്ത് സൈ്വരജീവിതം തകർക്കാൻ ശ്രമിക്കുന്ന ദുഷ്ടശക്തികൾ നമ്മുടെ നാട്ടിലില്ലേ; എന്നാൽ അതൊക്കെയുണ്ടെങ്കിലും അതൊന്നും അനുവദിക്കില്ലെന്ന് ഉറപ്പുവരുത്തുന്ന, ഛിദ്രശക്തികളെ തലപൊക്കാൻ അനുവദിക്കാത്തൊരു ഭരണസംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതാണ് നമ്മുടെ നാടിനെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഇപ്പോൾ നിലനിർത്തുന്നത്. രാഷ്ട്രീയം മാറുമ്പോൾ സാമൂഹിക ജീവിതത്തിലും ചില മാറ്റങ്ങൾ വരുന്നുണ്ട്. സമാധാനത്തിലേക്കും ശാന്തിയിലേക്കും മാറിയ കേരളത്തെയാണ് കഴിഞ്ഞ ഒൻപത് വർഷമായി കേരളം മാത്രമല്ല, കേരളത്തിന് പുറത്തുള്ളവരും കണ്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ വിവിധ വർഗീയ ശക്തികൾക്ക് തരാതരം പോലെ വഴങ്ങിക്കൊടുക്കുന്നതും അവരുടെ ആനുകൂല്യത്തിൽ അധികാരം നിലനിർത്തുന്നതുമായ ഭരണമല്ല കേരളത്തിലുള്ളത്. അതിന് കുറച്ചൊരു ആത്മധൈര്യം വേണം. കാരണം, അവരുടേതായ എന്തെങ്കിലും ഓശാരം പറ്റാതിരിക്കണം. വർഗീയ വിധ്വംസക പ്രവർത്തനങ്ങൾ ഏത് ശക്തിയുടെ ഭാഗത്തുനിന്നായാലും ഉരുക്കുമുഷ്ടിയോടെ നേരിടാൻ കേരളത്തിന് കഴിയുന്നുണ്ട്. അങ്ങനെ വരുമ്പോൾ നിങ്ങൾ ഞങ്ങളുടെ ശക്തികൊണ്ട് അധികാരത്തിൽ വന്നവരല്ലേ; ഇനിയും നിങ്ങൾക്ക് അധികാരത്തിൽ വരേണ്ടതല്ലേ; അതുകൊണ്ട് പിടിച്ചുവച്ച ഞങ്ങളുടെ ആളെ വിട്ടേക്കൂ എന്നുപറയാൻ ഒരു വർഗീയശക്തിക്കും ഇന്ന് കേരളത്തിൽ കഴിയില്ല. എന്നുപറഞ്ഞാൽ, ഈ ഭരണത്തോട് അങ്ങനെയൊരു കല്പന നടത്താൻ കഴിവുള്ള ഒരു വർഗീയശക്തിയും കേരളത്തിലില്ല. ഒമ്പത് കൊല്ലത്തിനുമുമ്പുള്ള സ്ഥിതിയെന്തായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. അതാണ് വ്യത്യാസം. എന്തിനാണ് വ്യത്യാസം വന്നത്? പോലീസിന് ന്യായയുക്തമായും നിയമപരമായും ചട്ടങ്ങൾക്കനുസൃതമായും പ്രവർത്തിക്കാനുള്ള അനുവാദം പൂർണ്ണമായി ലഭിച്ചുവെന്നതാണ് വന്ന വ്യത്യാസം. ജനങ്ങൾക്കും രാജ്യത്തിനും പൊതുവെ ഇതറിയാം. അതുകൊണ്ടുതന്നെ കേരളം ഇക്കാര്യത്തിലൊരു മാതൃകാ സംസ്ഥാനമായി നിലനിൽക്കുകയാണ്. ഇവിടെ പ്രതിപക്ഷം സങ്കുചിത രാഷ്ട്രീയ ലക്ഷ്യത്തോടെ ചില പ്രചരണങ്ങൾ നടത്തുന്നുവെന്നത് വസ്തുതയാണ്. അത് എല്ലാ ഘട്ടത്തിലും ആ രീതിതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. പക്ഷേ, ഇപ്പോൾ ഒരു വ്യത്യാസം വന്നിട്ടുണ്ട്. അതെവിടെയും വിലപ്പോകുന്നില്ല. പോലീസ് മനുഷ്യത്വരഹിതമായി, കിരാതമായി പ്രവർത്തിക്കുന്നുവെന്ന് പ്രചരിപ്പിച്ചാൽ പോലീസിന്റെ ഭാഗത്തുനിന്നുള്ള മനുഷ്യത്വരാഹിത്യം കേരളത്തിലെവിടെയും ആർക്കും കാണാനാവുന്നില്ല. ഏതെങ്കിലും അപഭ്രംശമുണ്ടായെങ്കിൽ അതിൽ ശക്തമായ നടപടിയെടുത്തുപോകുന്നതായും കേരളം അനുഭവത്തിലൂടെ മനസ്സിലാക്കുന്നുണ്ട്. മനുഷ്യത്വരാഹിത്യം ഈയിടെ ഒരിടത്ത് കണ്ടല്ലോ; വെളുപ്പാൻകാലത്ത് ഒരു വീട്ടിലേക്ക് ഇരച്ചുകയറിയ പോലീസ് ഒരുമാസം മാത്രം പ്രായമുള്ള ഒരു പെൺകുഞ്ഞിനെ ചവിട്ടി ഞെരിച്ച് കൊലപ്പെടു

ത്തിയ ദാരുണ സംഭവമാണല്ലോ നേരത്തെ ബഹുമാന്യനായ ഡോ.കെ.ടി.ജലീൽ പരാമർശിച്ചത്. രാജസ്ഥാനിലാണ് ഈ സംഭവം നടന്നത്. അമ്മയ്ക്കൊപ്പം കിടന്നുറങ്ങുകയായിരുന്ന പിഞ്ചുകുഞ്ഞിനെ ചവിട്ടി ഞെരിച്ച് കൊലപ്പെടുത്തിയത്. ആ സംഭവത്തിൽ ശരിയായ പ്രതിഷേധം ഉയർത്തികൊണ്ടുവരാൻ കോൺഗ്രസിന് കഴിഞ്ഞോ; കോൺഗ്രസ് എന്നുപറയുന്നത് അവിടത്തെ പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടിയാണല്ലോ; ഡൽഹിയിൽനിന്ന് ഈ സ്ഥലത്തെത്താൻ അധികസമയമൊന്നും വേണ്ടല്ലോ, രണ്ടുമൂന്ന് മണിക്കൂർ യാത്ര ചെയ്താൽ മതിയാകും. രാജ്യം ശ്രദ്ധിക്കുന്ന തരത്തിൽ ഏതെങ്കിലും ഒരു പ്രധാനപ്പെട്ട നേതാവിന്റെ സന്ദർശനം കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് അവിടെയുണ്ടായോ; എവിടെയാണ് മനുഷ്യത്വം? രാജ്യചരിത്രത്തിൽ പോലീസ് വീട്ടിൽ കയറി പിഞ്ചുകുഞ്ഞിനെ ചവട്ടിയരച്ച് കൊല്ലുന്നു. അവിടം സന്ദർശിച്ച സി.പി.ഐ.(എം.) പോളിറ്റ്ബ്യൂറോ അംഗം ശ്രീമതി ബൃന്ദ കാരാട്ടിനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. ദേശീയതലത്തിലെ  ഏതെങ്കിലുമൊരു പ്രധാനപ്പെട്ടയാൾ അവിടെപോയി ഞങ്ങളുടെ വികാരവും സഹാനുഭൂതിയും അവരോട് പ്രകടിപ്പിച്ചുവെന്ന് പറയാൻ കോൺഗ്രസിന് കഴിയുമോ? ഇവിടെ നാം വേറൊരു ചിത്രം കാണണം. പിഞ്ചുകുഞ്ഞിനെ ചവിട്ടിക്കൊല്ലുന്ന ചിത്രമാണ് രാജസ്ഥാനിൽ കണ്ടതെങ്കിൽ കേരളത്തിൽ പന്ത്രണ്ട് ദിവസം മാത്രം പ്രായമായ ഒരു പിഞ്ചുകുഞ്ഞ്, നവജാത ശിശു, ആ കുഞ്ഞിനെ മുലപ്പാൽ നൽകി സംരക്ഷിച്ചത് നമ്മുടെ ഒരു വനിതാ പോലീസാണ് എന്നത് ഓർക്കണം. കുഞ്ഞിന്റെ അമ്മയുടെ അറിവോ സമ്മതമോ ഇല്ലാതെ ഭർത്താവും ഭർതൃമാതാവും കൂടിച്ചേർന്ന് കുഞ്ഞിനെ കടത്തിക്കൊണ്ടുപോയതായിരുന്നു. പാൽ കിട്ടാതെ കുഞ്ഞിന്റെ ജീവൻ അപകടത്തിലാവുകയായിരുന്നു. അത് മനസ്സിലാക്കിയ കേരളാ പോലീസിന്റെ സമയോചിതവും മനുഷ്യത്വപരവുമായ ഇടപെടൽ കൊണ്ടുമാത്രമാണ് ആ കുഞ്ഞിന് തുടർന്ന് ജീവിക്കാനായത്. മനുഷ്യത്വമുള്ള ആർക്കെങ്കിലും ഇത് കണ്ടില്ലെന്ന് നടിക്കാനാകുമോ? മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയിരിക്കുന്നു. എന്തെങ്കിലും വ്യത്യാസമുണ്ടോ? ഇപ്പോഴും പഴയ സ്ഥിതി തന്നെ. നിരന്തരം സംഘർഷമാണ്. കഴിഞ്ഞയാഴ്ച തെലുങ്കാനയിൽ സർക്കാരിനെ വിമർശിച്ച് ഒരു കർഷകൻ സംസാരിച്ചത് വലിയ കുറ്റമായി കണ്ട്, സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്തെന്ന് പറഞ്ഞ് രണ്ട് വനിതാ പത്രപ്രവർത്തകരെ അറസ്റ്റുചെയ്ത് കൊണ്ടുപോയത്. അവരെക്കുറിച്ച് അവിടത്തെ മുഖ്യമന്ത്രി പറഞ്ഞത് ഇന്നത്തെ പത്രങ്ങളിൽ വന്നിട്ടുണ്ട്. അത് ബഹുമാന്യനായ രമേശ് ചെന്നിത്തല കണ്ടിരിക്കുമെന്നാണ് തോന്നുന്നത്.  എന്താണെന്ന് കണ്ടില്ലെങ്കിൽ ഇനിയെങ്കിലും നോക്കുന്നത് നല്ലതാണ്. ഞാൻ ഏതായാലും ആ ഭാഗം പറയുന്നില്ല.  ഇതൊക്കെ ചെയ്യുന്നവരുടെ ആൾക്കാരും നേതൃത്വത്തിൽ ഇരിക്കുന്നവരുമൊക്കെയാണ് ഇവിടെ ഇരിക്കുന്നതെന്ന് നാം കാണണം. അവരാണ് നമ്മുടെ ക്രമസമാധാനത്തെക്കുറിച്ച് മോശമായ രീതിയിൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നത്. ഞാൻ ആവർത്തിക്കുന്നില്ല, നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത നേരത്തെ ഡോ.കെ.ടി.ജലീൽ പറയുകയുണ്ടായി. അത് ഹോളി ആഘോഷവുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ആറ്റുകാൽ പൊങ്കാലയെക്കുറിച്ച് പറഞ്ഞു. അതാണ് നമ്മുടെ നാടിന്റെ അവസ്ഥ.  മറ്റ് സ്ഥലങ്ങളിൽ പശുവിന്റെ സംരക്ഷണം എന്ന് പറഞ്ഞുകൊണ്ട് ചെറുപ്പക്കാരനെ പിടിച്ചുകൊണ്ടുപോകുന്നു. എന്തെല്ലാമാണ് സംഭവിക്കുന്നത്? രാജ്യത്ത് ഇപ്പോൾ ഹോളി ആഘോഷിച്ചല്ലോ; അത് ആഘോഷിക്കാൻ വിസമ്മതിച്ച ഒരു ചെറുപ്പക്കാരനെ രാജസ്ഥാനിൽ ബി.ജെ.പി.ക്കാർ തല്ലിക്കൊന്നുവെന്ന വാർത്ത വന്നു. ആ ചെറുപ്പക്കാരൻ റവന്യൂ ഓഫീസർ പരീക്ഷയ്ക്കുവേണ്ടി തയ്യാറെടുക്കാൻ ലൈബ്രറിയിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതേ രാജസ്ഥാനിലാണ് പണ്ട് പഹലുഖാന് സംഭവിച്ചത് ഈ ദുരന്തമായിരുന്നുവെന്ന് നമ്മൾ ഓർക്കണം. അത് പശു സംരക്ഷണത്തിന്റെ പേരിലായിരുന്നു. ഹോളിയിലേയ്ക്ക് വന്നാൽ അന്ന് യു.പി.യിലെ പല മസ്ജിദുകളും ടാർപ്പാളിൻ കെട്ടിമറയ്ക്കുന്ന നിലയാണുണ്ടായത്. അതാണ് നേരത്തെ ഡോ.കെ.ടി.ജലീൽ പരാമർശിച്ച കേരളത്തിന്റെ വ്യത്യാസം. ബി.ജെ.പി.

ഭരിക്കുന്ന യു.പി.യിലാണ് കൻവർ യാത്രയുടെ പാതയിലുള്ള വഴിയോര കച്ചവടക്കാർ തങ്ങളുടെ തിരിച്ചറിയൽ രേഖ പ്രദർശിപ്പിക്കണമെന്ന് അവിടത്തെ അധികാരികൾ ഉത്തരവിറക്കിയത്. അത് ബി.ജെ.പി.യാണ് ചെയ്തത്. ഹിമാചൽ പ്രദേശിൽ കോൺഗ്രസ്സാണ് ഭരിക്കുന്നത്. പക്ഷെ അവിടെയും സമാനമായൊരു നീക്കം ഉണ്ടായില്ലേ; ഇവിടെ അങ്ങനെ എന്തെങ്കിലും ഏതെങ്കിലും ഘട്ടത്തിലുണ്ടായോ; എന്തിനാണ് ഇത്തരത്തിൽ തങ്ങളുടെ ഐഡന്റിറ്റി കാർഡ് പ്രദർശിപ്പിക്കാൻ നിർദേശിക്കുന്നത്? ജാതിയും മതവും തിരിച്ചറിയാനാണത്. വർഗ്ഗീയശക്തികൾ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചാൽ അവർക്കെതിരെ എന്തുനില പാടാണ് എൽ.ഡി.എഫ്. സർക്കാരും ആഭ്യന്തര വകുപ്പും സ്വീകരിക്കുക എന്നത് ചില ഘട്ടത്തിൽ ഇവിടെ തെളിഞ്ഞിട്ടുണ്ട്. വാട്സ്ആപ്പ് ഹർത്താലിന്റെയും മറ്റുംഘട്ടത്തിൽ നാം അത് കണ്ടതാണ്. നമ്മുടെ ദക്ഷിണേന്ത്യ പല കാര്യങ്ങളിലും വ്യത്യസ്തമായി നിൽക്കുന്നുവെന്നാണല്ലോ നാം കാണാറുള്ളത്. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഒന്നിലാണ് ഇക്കഴിഞ്ഞ ദിവസം ഒരു ദളിത് വിദ്യാർഥിയുടെ വിരലുകൾ അരിയുന്ന സംഭവമുണ്ടായത്. ആ കുട്ടി പരീക്ഷ എഴുതാൻ പോകുകയായിരുന്നു. എന്തായിരുന്നു കാര്യം; ആ കുട്ടി കബഡി കളിച്ചിരുന്നു. മേൽ ജാതിക്കാരെന്ന് സ്വയംകരുതുന്ന മറ്റൊരു കുട്ടിയെ ഈ കുട്ടി പരാജയപ്പെടുത്തി. അതാണ് ഇത്തരമൊരു നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചത്. അവിടെത്തന്നെയാണ് വിളവെടുപ്പിന് തയ്യാറായിരുന്ന കൃഷി നശിപ്പിച്ചത്. എന്തായിരുന്നു കാര്യം? ദളിതർ ഇറക്കിയ കൃഷിയായിരുന്നു അത്. ആ കൃഷിക്ക് നല്ല വിളവ് കിട്ടിയത് ചിലർക്ക് ദഹിച്ചില്ല. അതാണ് അവിടെ സംഭവിച്ചത്. കേരളം വ്യത്യസ്തമായി നിൽക്കുന്നത് ഇത്തരം കാര്യങ്ങളിലാണ്. ഇത് ഇല്ലെന്ന് ആരുപറഞ്ഞാലും അത് ജനങ്ങൾ അംഗീകരിക്കില്ല. നമ്മുടേത് മികച്ച സാമൂഹ്യ അന്തരീക്ഷമാണ്. അതിനെ സംരക്ഷിക്കുകയും മെച്ചപ്പെടുത്തകയും ചെയ്യുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. അതങ്ങനെ അല്ലെന്ന് എത്ര പറഞ്ഞാലും, ആര് പറഞ്ഞാലും വസ്തുതകൾ വസ്തുതകളായി തന്നെ നിലനിൽക്കുമെന്നത് നാം കാണേണ്ടതായിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നമ്മുടെ സമൂഹം ഇപ്പോൾ വലിയതോതിൽ ചർച്ച ചെയ്യുന്നൊരു ഘട്ടമാണ്. കഴിഞ്ഞ ചില കാലങ്ങളിലായി വലിയ രീതിയിൽ ഇന്ത്യയിലേയ്ക്ക് മയക്കുമരുന്നുകൾ വരുന്നുണ്ട്. 2023 മേയ് മാസത്തിലാണ് അറേബ്യൻ കടലിൽ കൊച്ചി തീരത്തോടുചേർന്ന് ഏതാണ്ട് 2500 കിലോഗ്രാം മയക്കുമരുന്ന് പിടികൂടിയത്. 2024 ഫെബ്രുവരിയിലാണ് ഗുജറാത്ത് തീരത്തോട് ചേർന്ന് 3300 കിലോഗ്രാം മയക്കുമരുന്ന് പിടികൂടിയത്. ഏതാനും മാസങ്ങൾക്ക് മുമ്പ് 2024 നവംബറിലാണ് ബംഗാൾ ഉൾക്കടലിൽ ആൻഡമാൻ തീരത്തോടുചേർന്ന് ഏതാണ്ട് 6000 കിലോഗ്രാം മയക്കുമരുന്ന് പിടികൂടിയത്. ഇതൊക്കെ എന്താണ് വ്യക്തമാക്കുന്നത്? കടലിലൂടെ ചില ദിക്കുകളിൽനിന്ന് നമ്മുടെ രാജ്യത്തേയ്ക്ക് മയക്കുമരുന്ന് നിർബാധം വരുന്നു. ഇതിനുപിന്നിൽ അന്താരാഷ്ട്ര മാഫിയകളുണ്ട്. വിമാനത്തിലൂടെയും കപ്പലിലൂടെയുമാണ് മയക്കുമരുന്ന് ഇന്ത്യയിലേയ്ക്കെത്തുന്നത്. ഇതുൾപ്പെടെയുള്ള നിയമവിരുദ്ധ ഉൽപ്പന്നങ്ങൾ തടയേണ്ടത് ആരുടെ ഉത്തരവാദിത്വമാണ്; അക്കാര്യത്തിൽ പലപ്പോഴും നിശബ്ദത പാലിക്കുന്നത് എന്താണ്; പ്രതിപക്ഷം അത്തരം കാര്യങ്ങൾ ശക്തമായി ഉന്നയിക്കേണ്ടത് തന്നെയല്ലേ? അന്താരാഷ്ട്ര മയക്കുമരുന്ന് മാഫിയയും ഇവിടെയുള്ള ചില വൻ രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പ് ഫണ്ടും തമ്മിൽ വലിയ ബന്ധമുണ്ട് എന്നത് നാം കാണണം. കപ്പലിലും വിമാനത്തിലും വൻതോതിൽ മയക്കുമരുന്ന് വന്ന് ഇറങ്ങുന്നത് അറിഞ്ഞില്ല എന്ന് രാജ്യരക്ഷാ ചുമതല കൂടിയുള്ള ഭരണാധികാരികൾക്ക് പറയാനാകുമോ? ഏതായാലും കേരളത്തിലെ പോലീസും എക്സൈസും മറ്റ് സംവിധാനങ്ങളും ഇക്കാര്യത്തിൽ മാതൃകാപരമായ ഇടപെടലുകളാണ് നടത്തുന്നത്. സമീപകാലത്തുണ്ടായ ചില ഉദാഹരണങ്ങളെടുത്താൽ, ഒരു മയക്കുമരുന്ന് കേസിലെ പ്രതിക്ക് ജാമ്യം അനുവദിച്ചത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽപോയി റദ്ദുചെയ്യിച്ച് അയാളെ തമിഴ്നാട്ടിൽപ്പോയി അതിസാഹസികമായി അറസ്റ്റ് ചെയ്തു. അതുപോലെ മറ്റൊരു

പ്രതിയെ ഡൽഹിയിൽ പോയാണ് കേരള പോലീസ് അറസ്റ്റു ചെയ്തത്. ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ ചരിത്രത്തിലെ ഏറ്റവും വലിയ മയക്കുമരുന്നു വേട്ട നടന്നത് കേരള പോലീസ് മഞ്ചേരിയിൽനിന്നും അറസ്റ്റുചെയ്ത പ്രതികളിൽനിന്നുള്ള ലീഡ് ഉപയോഗിച്ചാണ്. നൂറുകോടി രൂപയുടെ രാസലഹരിയാണ് ആൻഡമാനിലെ ജങ്കാറിൽ കേരള പോലീസ് കണ്ടെത്തിയത്. കേരളം കണ്ട ഏറ്റവും വലിയ അന്തർസംസ്ഥാന ലഹരിക്കടത്ത് തലവനെ ഒഡീഷയിൽനിന്നുമാണ് പിടികൂടിയത്. ഹൈദരാബാദിലെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന മയക്കുമരുന്ന് നിർമ്മാണശാലയുടെ ഉടമയായ ശതകോടീശ്വരനെ അറസ്റ്റ് ചെയ്തത് കേരള പോലീസാണ്. അന്താരാഷ്ട്ര ലഹരിമാഫിയയിലെ കണ്ണികളായ ടാൻസാനിയക്കാരെ അറസ്റ്റുചെയ്തതും കേരള പോലീസാണ്. എന്താണ് ഇതൊക്കെ സൂചിപ്പിക്കുന്നത്? ഒരു പ്രത്യേക രാഷ്ട്രീയം അന്താരാഷ്ട്ര മയക്കുമരുന്ന് കള്ളക്കടത്തിനു നേർക്ക് കണ്ണടച്ചിരിക്കുന്നു; മറ്റൊരു രാഷ്ട്രീയം അതിനെ ഇഞ്ചിനിഞ്ചിന് നേരിടുന്നു. ഇതല്ലേ ഇതിലൂടെ വ്യക്തമാകുന്നത്? മയക്കുമരുന്നു കേസുകളിൽ ഇന്ത്യയിൽ ഏറ്റവുമധികം കൺവിക്ഷൻ റേറ്റുള്ളത് കേരളത്തിലാണ്. ദേശീയ ശരാശരി 78 ശതമാനമായിരിക്കുമ്പോൾ കേരളത്തിലിത് 99 ശതമാനത്തോളമാണ്. തമിഴ്നാട്ടിൽ 82 ശതമാനവും തെലങ്കാനയിലും ആന്ധ്രയിലും ഇത് 25 ശതമാനത്തിനടുത്തുമാണ്. ക്രമസമാധാനവും നിയമവ്യവസ്ഥയും ഉറപ്പുവരുത്തേണ്ട കേരളത്തിലെ സംവിധാനങ്ങൾ എത്ര കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുന്നതാണ് ഇതൊക്കെ. ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന യു.ഡി.എഫ്. മുമ്പ് അധികാരത്തിലുണ്ടായിരുന്ന ഘട്ടത്തിൽ എന്തായിരുന്നു സ്ഥിതി എന്നാണ് ഇവിടെ ഓർക്കേണ്ടത്. യു.ഡി.എഫ്.ന്റെ അവസാനഘട്ടത്തിൽ നടന്ന നാടിനെ ഞെട്ടിച്ച ജിഷ കൊലപാതക കേസ് തെളിവില്ലാതെ കുഴഞ്ഞുമറിഞ്ഞിരുന്ന ഘട്ടത്തിലാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. ശാസ്ത്രീയ തെളിവുകളുടെ ഫലത്തിൽ കുറ്റവാളികളെ ശിക്ഷിച്ചത് എല്ലാവർക്കും ഓർമ്മയുള്ള കാര്യമാണ്. ചെരുപ്പ് മരത്തിൽ കെട്ടിത്തൂക്കിയത് ആരായിരുന്നു; ആരുടെ കാലത്താണ് പ്രതിയെ പിടിച്ചത് എന്നെല്ലാം ഓർക്കുന്നത് നല്ലതായിരിക്കും. ഇവിടെ എൽ.ഡി.എഫ്. ഭരണത്തിൽ കേസന്വേഷണത്തിന്റെ കാര്യത്തിൽ കേരള പോലീസ് രാജ്യത്തിനാകെ മാതൃകയാണ്. എന്നാൽ അതേസമയം പോലീസ് ഉദ്യോഗസ്ഥർ പ്രതിയാകുന്ന കേസുകളിൽ മുഖം നോക്കാതെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. എട്ടു വർഷത്തിനുള്ളിൽ 108 പോലീസ് ഉദ്യോഗസ്ഥരെയാണ് സർവീസിൽനിന്നും പിരിച്ചുവിട്ടത്. പോലീസിന്റെ സമസ്ത തലങ്ങളും പൂർണ്ണമായും ശുദ്ധവും സുതാര്യവുമാകുന്നുയെന്ന് ഉറപ്പാക്കുന്ന ഇത്തരം നടപടികൾ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? പോലീസ് തെറ്റു ചെയ്താൽ, അത് നമ്മുടെ പോലീസല്ലേ, നമുക്ക് വേണ്ടിയല്ലേ എന്നമട്ടിൽ ന്യായീകരിച്ച് സംരക്ഷിക്കുന്ന സംസ്കാരം ഈ സർക്കാർ മാറ്റിയെടുത്തു. എന്നിട്ടും ഇതൊന്നും കണ്ടില്ലെന്നു നടിച്ചുകൊണ്ട് സർക്കാരിനെതിരെ വ്യാജ ആരോപണം ഉന്നയിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

ഒരു കുടം ടാറും ഒരു കുറ്റിച്ചൂലുമായി നിൽക്കുന്ന ഒരാളെക്കുറിച്ച് ഈ സഭയിൽതന്നെ അംഗമായിരുന്ന കവി കടമ്മനിട്ട രാമകൃഷ്ണൻ എഴുതിയിട്ടുണ്ട്. ടാറും ചൂലുമായി തെരുവിൽ ഇറങ്ങി നിൽക്കുന്നത് എന്തിനാണ്? കുളിച്ച് വൃത്തിയായി നടക്കുന്ന ആരുടെയെങ്കിലും മുഖത്ത് കരിപൂശാൻ. ഇങ്ങനെ കരിപൂശാൻ നിൽക്കുന്നവൻ അതേ കരിയിൽ കുളിച്ചുനിൽക്കുന്ന ചിത്രമാണ് ഇവിടത്തെ പശ്ചാത്തലത്തിൽ ഇടയ്ക്കിടെ ഓർമ്മവരാറുള്ളത്. കുളിച്ചു വന്നവന്റെ മുഖത്തേയ്ക്ക് തെറിപ്പിക്കാൻ നോക്കുന്ന ടാറത്രയും അത് നിറച്ചുവന്നവന്റെ മുഖത്തുതന്നെ തുടരെ വീഴുക, അതാണ് ഇപ്പോൾ തുടർച്ചയായി കാണുന്നത്. ഇങ്ങനെ ഒരു ചിത്രം ഓർമ്മവരാൻ കാരണം കഴിഞ്ഞ ഒമ്പത് വർഷത്തോളമായി എൽ.ഡി.എഫ്. സർക്കാരിനെതിരായി ഉയർത്തുന്ന ആരോപണങ്ങളാണ്. ആരോപണങ്ങളുടെ കരിമ്പുക ഉയർത്തി സർക്കാരിനെ അപകീർത്തിപ്പെടുത്താൻ നോക്കുകയാണ്. സത്യത്തിന്റെ കാറ്റും വെളിച്ചവും ഇരമ്പിയെത്തുമ്പോൾ ആ പുകക്കരി ആകെ അകന്നുപോകുകയാണ്. ഈ സർക്കാർ കൂടുതൽ തിളക്കത്തോടെ,

പത്തരമാറ്റ് ശക്തിയോടെ തിളങ്ങി നിൽക്കുകയാണ്. സത്യത്തിന്റെ വെളിച്ചം പടരുന്ന മുറയ്ക്ക് ഈ കരിമ്പുകയാകെ ആരോപണം ഉന്നയിച്ചവരുടെ മുഖത്ത് മാറാത്ത കറകളായി പതിഞ്ഞു നിൽക്കുകയാണ്. ഇതല്ലേ തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഇതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നിരത്താൻ കഴിയും. എന്നാൽ എല്ലാം ഇവിടെ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തിന് ചെയ്യാമായിരുന്ന ഒരു നല്ലകാര്യമുണ്ട്. തങ്ങൾക്ക് പറ്റിയ തെറ്റ് തുറന്ന് സമ്മതിച്ച് പരസ്യമായി ഒരു ഖേദപ്രകടനം ഈ സഭയിലൂടെ സംസ്ഥാനത്തെ ജനങ്ങളോട് നടത്തുന്നത് നല്ലതായിരുന്നു. മിനിമം അത്രയെങ്കിലും ചെയ്താലേ ജനമധ്യത്തിൽ അല്പമെങ്കിലും വിശ്വാസ്യതയുണ്ടാകൂവെന്നെങ്കിലും തിരിച്ചറിയണമായിരുന്നു. ഞങ്ങളിതാ ഇനിയൊരു ക്ലീൻ സ്ലേറ്റിൽ തുടങ്ങുന്നു എന്നുപറഞ്ഞിരുന്നെങ്കിൽ ഇനി പറയുന്നതിനെയെങ്കിലും ജനങ്ങൾ കുറച്ചൊക്കെ വിശ്വസിക്കുമായിരുന്നു. വിശ്വാസ്യത വീണ്ടെടുക്കുക എന്നത് നിങ്ങളുടെ അജണ്ടയിലില്ല. അതുകൊണ്ടുതന്നെ തെറ്റ് ഏറ്റുപറയാൻ നിങ്ങൾക്ക് മനസ്സുമുണ്ടാകില്ല. അത് അങ്ങനെ നടക്കട്ടെ, നിങ്ങൾ എന്തൊക്കെയാ ഇക്കാലത്ത് പറഞ്ഞിരുന്നത്? വാളയാറിനെക്കുറിച്ചും എ.കെ.ജി. സെന്റർ ആക്രമണത്തിന്റെ പേരിലുണ്ടായ കഥയും ആരും ഇപ്പോൾ പറയുന്നില്ലല്ലോ. സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമം തീ ഇട്ടതിന്റെ പേരിൽ എന്തെല്ലാം കഥകളാണ് നിങ്ങൾ പറഞ്ഞിരുന്നത്. ഇങ്ങനെ ഏതെല്ലാം തരത്തിലുള്ള ആരോപണങ്ങളാണ് ഉന്നയിക്കാൻ ശ്രമിച്ചിരുന്നത്. ചില കാര്യങ്ങൾ കോടതിയിലേയ്ക്ക് കൊണ്ടുപോയിരുന്നു. കോടതി അടിസ്ഥാനരഹിതമെന്ന് മുദ്രയടിച്ച് ആ ആക്ഷേപങ്ങൾ ചവറ്റുകൊട്ടയിലേയ്ക്ക് എറിയുകയും ചെയ്തു. വാളയാർ കേസിന്റെ കാര്യമെടുത്താൽ, ഈ സർക്കാരിനെ അപകീർത്തിപ്പെടുത്താൻ എന്തൊക്കെയായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷം ചെയ്തിരുന്നത്. സംസ്ഥാന പോലീസിന്റെ അന്വേഷണം വിശ്വാസ്യയോഗ്യമല്ലെന്നും സി.ബി.ഐ വരണമെന്നും പറഞ്ഞു. ഒരാളെ തോളിലേറ്റി നടന്ന് സ്ഥാനാർഥിയാക്കി. എൽ.ഡി.എഫ്.നെ തോൽപ്പിക്കാൻ കേരളത്തിലാകെ കൊണ്ടുനടന്ന് പ്രസംഗിപ്പിച്ചു. ഒടുവിൽ സി.ബി.ഐ. വന്നു. അതിന് കേരള സർക്കാർ സഹകരിക്കുകയും ചെയ്തു. ഒടുവിൽ എന്തുണ്ടായി? കഴിഞ്ഞ ദിവസം ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കുറേ കാര്യങ്ങൾ ഇവിടെ അതുമായി ബന്ധപ്പെട്ട് പറഞ്ഞതുകൊണ്ട് ഞാനത് വീണ്ടും ആവർത്തിക്കുന്നില്ല. നിങ്ങൾ കൊണ്ടുനടന്നയാൾ തന്നെയാണ് പ്രതി എന്നാണ് ഇപ്പോൾ വന്നിട്ടുള്ളത്. എ.കെ.ജി. സെന്റർ ആക്രമണത്തിന്റെ കാര്യമെടുത്താൽ എന്താണ് കോൺഗ്രസ്സ് പ്രചരിപ്പിച്ചിരുന്നത്. സി.പി.ഐ.(എം.) രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി സ്വന്തം ഓഫീസ് ആക്രമിച്ചിട്ട് തങ്ങളെ ആക്ഷേപിക്കുന്നുയെന്നായിരുന്നു. ഇക്കാര്യം കോൺഗ്രസ്സ് ആസൂത്രണം ചെയ്തു, തെളിവ് നശിപ്പിച്ചു, അന്വേഷണം വഴിതെറ്റിക്കാൻ ശ്രമിച്ചു. ഇതെല്ലാം ചെയ്തിരുന്നു. ഒടുവിൽ പ്രതികളെ പിടികൂടിയപ്പോൾ അയാൾ കോൺഗ്രസ്സിന്റെ സംസ്ഥാന നേതാക്കളുടെ സന്തതസഹചാരി. ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയിൽനിന്നും പ്രതീക്ഷിക്കാൻ കഴിയുന്നതാണോ ഇത്? സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമം തീ വച്ച കേസിൽ, അന്ന് ബി.ജെ.പി.-യുടെ ഒപ്പംനിന്നുകൊണ്ട് കോൺഗ്രസ്സ് പ്രചരിപ്പിച്ചത് സി.പി.ഐ.(എം) പ്രവർത്തകരാണ് ഇതു ചെയ്തതെന്നായിരുന്നു. ഒടുവിൽ സംഘപരിവാറുകാർ അറസ്റ്റിലായി. പ്രചരിപ്പിച്ചത് തെറ്റായിപ്പോയി എന്ന് ഏതെങ്കിലും ഘട്ടത്തിൽ നിങ്ങൾ പറഞ്ഞോ? ബി.ജെ.പി.ക്കാരുമായി ചേർന്നുനിന്ന് സി.പി.ഐ.(എം)-നെതിരെ പ്രചരണം അഴിച്ചുവിട്ടതിനെക്കുറിച്ച് സൂചിപ്പിച്ചല്ലോ? സാന്ദർഭികമായി ഒട്ടേറെ കാര്യങ്ങൾ പരാമർശിക്കാനുണ്ടെങ്കിലും അതിലേക്കൊന്നും ഈ ഘട്ടത്തിൽ കൂടുതലായി ഞാൻ കടന്നുപോകുന്നില്ല. ഇവിടെ ഓർക്കേണ്ട ഒരു കാര്യം; രണ്ട് സമീപകാല സംഭവങ്ങളെടുക്കാം. ഈയിടെ ഒരേ ദിവസം രണ്ട് കോടതി വിധികൾ വന്നു. ഒന്ന് കൽക്കട്ടയിലെ ആർ.ജി.കർ കേസിൽ. മറ്റൊന്ന് കേരളത്തിലെ ഷാരോൺ കേസിൽ. കൽക്കട്ട കേസിൽ നീതി ലഭ്യമായില്ലായെന്ന മുറവിളി ഉയർന്നു. ഷാരോൺ കേസിൽ നീതി നടപ്പായിയെന്ന് എല്ലാ

വരും ഒരേ സ്വരത്തിൽ പറഞ്ഞു. ആർ.ജി.കർ കേസിൽ തെളിവുകൾ ബോധ്യപ്പെടുത്തുംവിധം കണ്ടെത്തി നിരത്തുന്നതിൽ പ്രോസിക്യൂഷന് വീഴ്ച വന്നതാണ് കുറ്റവാളിക്ക് വധശിക്ഷ നൽകാതിരുന്നതിന് കാരണമെന്ന് വിമർശനം ഉയർന്നു. അതേസമയം ശാസ്ത്രീയമായ അന്വേഷണത്തിലൂടെ ഏറെ സങ്കീർണ്ണമായ ഷാരോൺ കേസിൽ തെളിവുകൾ കണ്ടെത്തി അവതരിപ്പിച്ച് കുറ്റവാളിക്ക് അർഹമായ ശിക്ഷ വാങ്ങികൊടുക്കുന്നതിന് കോടതിതന്നെ കേരള പോലീസിനെ അഭിനന്ദിക്കുന്നു. ഇതാണ് വ്യത്യാസം. നിർഭാഗ്യവശാൽ നമ്മുടെ പ്രതിപക്ഷത്തിന് ദഹിക്കാത്ത വ്യത്യാസം.

പോലീസ് രാജ് എന്ന ആരോപണം പ്രതിപക്ഷം ഉന്നയിക്കുന്നുണ്ടല്ലോ? അതൊക്കെ പഴയ ചില ഓർമ്മകൾ വച്ചുകൊണ്ടുമാത്രം പറയുന്ന കാര്യങ്ങളാണ്. കേസന്വേഷണത്തിൽ മാത്രമല്ല, ക്രമസമാധാനത്തിലും സേവനകാര്യത്തിലും നമ്മൾ മാതൃകയാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കഴിഞ്ഞ ശബരിമല തീർഥാടന കാലം. ശബരിമല തീർഥാടനത്തെ ഈ വർഷം എല്ലാവരും വലിയതോതിൽ മുക്തകണ്ഠം പ്രശംസിക്കുന്നതാണ് നാം കാണുന്നത്. നിങ്ങൾ പലരും അവിടെ തീർഥാടകരായി പോയി  അങ്ങനെ ഏർപ്പെടുത്തിയ സൗകര്യങ്ങൾ അനുഭവിച്ചവരാണ് എന്നുള്ളതുകൊണ്ട് കൂടുതലായി ഞാനതിലേക്ക് കടക്കുന്നില്ല. ഉത്തർ പ്രദേശിൽ ഇതേ ഘട്ടത്തിൽ കുംഭമേള നടന്നല്ലോ? യു.പി.യിലെ മുഴുവൻ പോലീസിനെയും അവിടെ വിന്യസിച്ചു. പതിനായിരം കോടി രൂപ നീക്കിവച്ചു. എന്നിട്ടും ദുരന്തവാർത്ത നമുക്ക് അവിടെ നിന്ന് കേൾക്കേണ്ടി വന്നു. ഇവിടെയോ? ഒരു പ്രശ്നവുമില്ലാതെ, ഒരു ആക്ഷേപവുമില്ലാതെ ഗംഭീരമായി തീർഥാടനം പൂർത്തിയാക്കിയതിന്റെ വിജയവാർത്തയും. അത്ര പണമൊന്നും നമുക്കുണ്ടായിരുന്നില്ല. എല്ലാ പോലീസിനെയും അവിടെ വിനിയോഗിക്കാൻ പറ്റുമായിരുന്നുമില്ല. എന്നിട്ടും പഴുതടച്ച് ഒരു പരാതിയും ഉണ്ടാവാത്തവിധം നാം ശബരിമല തീർഥാടനം ഉജ്ജ്വല വിജയമാക്കി. അതിൽ മറ്റുള്ളവരോടൊപ്പം പോലീസും ആഭ്യന്തര വകുപ്പും വലിയ പങ്ക് വഹിക്കുകയുണ്ടായി.

എൽ.ഡി.എഫ്. സർക്കാരിനെ പൊതുസമൂഹത്തിൽ താറടിച്ചു കാട്ടാനായി വലിയ തോതിലുള്ള ആരോപണങ്ങളുടെ പെരുമഴ സൃഷ്ടിക്കാൻ പ്രതിപക്ഷവും ഒരു വിഭാഗം മാധ്യമങ്ങളും വൃഥാ ശ്രമിച്ചുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. ഒരു ആരോപണം ഉന്നയിക്കുക, അതിൽ വസ്തുതയില്ലായെന്ന് കാണുമ്പോൾ അതിൽ നിന്ന് ഒളിച്ചോടുക, തൊട്ടുപിന്നാലെ മറ്റൊരു ആരോപണവുമായി രംഗപ്രവേശം ചെയ്യുക, ഇതിനെക്കുറിച്ചൊക്കെ ഇല്ലാത്ത ഉപകഥകൾ സൃഷ്ടിച്ച് ചർച്ച നടത്തുക. ഈ അപഹാസ്യമായ പതിവാണ് തുടർന്ന് വരുന്നത്. നിങ്ങളുടെ ആരോപണങ്ങൾക്ക് പിന്നിൽ പബ്ലിക് ഇന്ററസ്റ്റല്ല പബ്ലിസിറ്റി ഇന്ററസ്റ്റാണെന്ന് പരാമർശിച്ചത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. അത് ഓർക്കേണ്ട ഒരു കാര്യമാണ്. ഹൈക്കോടതിയിൽ നിന്നുവന്ന ഇത്തരം ഒരു പരാമർശം മറ്റാരെയെങ്കിലും കുറിച്ചാണ് ഉയർന്നു വന്നതെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്ന് നിങ്ങൾ ആലോചിച്ചുനോക്കൂ. അതും നിങ്ങൾ ആലോചിച്ചാൽ മതി. ചീറ്റിപ്പോയ യു.ഡി.എഫ്.ന്റെ നനഞ്ഞ പടക്കങ്ങളുടെ ഒരു നീണ്ടനിര തന്നെയുണ്ട്. ജനാഭിലാഷത്തിനൊത്ത് പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെതിരെ പറയാൻ ഒന്നും കിട്ടാതെ വന്ന പ്രതിപക്ഷം വ്യാജവാർത്തകളുണ്ടാക്കി പുകമറ സൃഷ്ടിക്കാൻ പറ്റുമോയെന്നാണ് നോക്കുന്നത്. എൽ.ഡി.എഫ്.നെതിരെ കിട്ടുന്ന നിസ്സാരകാര്യം പോലും വലിയ വാർത്തയാക്കാൻ വെമ്പൽകൊള്ളുന്ന കേരളത്തിലെ ചില മാധ്യമങ്ങളുടെ അകമഴിഞ്ഞ സഹായം യു.ഡി.എഫ്.നും ബി.ജെ.പി.ക്കും നല്ല നിലയിൽ കിട്ടുന്നുവെന്നതും നാം കാണുന്ന കാര്യമാണ്. അത്തരം ഉദാഹരണങ്ങൾ ഉണ്ടെങ്കിലും ആ ഉദാഹരണങ്ങളിലേക്ക് ഇപ്പോൾ ഞാൻ അധികമായി കടന്നുപോകുന്നില്ല. നമ്മുടെ സംസ്ഥാനത്ത് അഴിമതിയോട് 'സീറോ ടോളറൻസ്' എന്ന സർക്കാർ നയം പിന്തുടർന്ന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പൊതുജനങ്ങൾക്ക് വേഗത്തിലുള്ളതും അഴിമതിരഹിതവുമായ സേവനങ്ങളാണ് നൽകി വരുന്നത്. കൈക്കൂലി ആവ

ശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥരെ കുടുക്കാൻ വി.എ.സി.ബി.യുടെ എല്ലാ യൂണിറ്റുകളെയും ഊർജ്ജസ്വലമാക്കി 'ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഓപ്പറേഷൻ സ്പോട്ട് ട്രാപ്പിന്റെ ഫലമായി 2025 ജനുവരിയിലും ഫെബ്രുവരിയിലുമായി പതിനെട്ടോളം അഴിമതിക്കാരായ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്യുകയും പതിനേഴ് കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. വിജിലൻസ് വകുപ്പിന്റെ ചരിത്രത്തിൽ ഒരു മാസത്തിനുള്ളിൽ ഏറ്റവും കൂടുതൽ ട്രാപ്പ് കേസുകളും അറസ്റ്റും നടക്കുന്നത് ഇതാദ്യമാണ്. എല്ലാ ഓഫീസുകളിലും വിവരദാതാക്കളുടെ ഒരു ശൃംഖല വികസിപ്പിച്ചെടുക്കുകയും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ  നിരീക്ഷിക്കുകയും, കൈക്കൂലി ആവശ്യപ്പെടുന്നതിനെതിരെ പരാതി നൽകാൻ സാധാരണക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വകുപ്പുകൾക്കുള്ളിലെ അഴിമതികളും ക്രമക്കേടുകളും കണ്ടെത്തി നടപടി സ്വീകരിക്കേണ്ടത് പ്രധാനമാണ്. ഇതിന്റെ ഭാഗമായി ഇന്റേണൽ വിജിലൻസ് ശക്തിപ്പെടുത്തേണ്ടതുണ്ട്. നിലവിലെ സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തി ആഭ്യന്തര വിജിലൻസ് സെല്ലുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗതമായി അടഞ്ഞ ഇടങ്ങളായി കരുതപ്പെടുന്ന ജയിലുകളെ ക്രിയാത്മകമാക്കി മാറ്റിയെന്നതാണ് സർക്കാരിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്. കേരളത്തിലെ ജയിലുകൾ ഇന്ന് കേവലം കുറ്റകൃത്യങ്ങൾ ചെയ്തവരെ പാർപ്പിക്കുന്ന ഇടങ്ങൾ മാത്രമല്ല. കേരളത്തിലെ ജയിലുകളിലെ അന്തേവാസികളുടെ ക്ഷേമം മെച്ചപ്പെടുന്നതിനും അവരുടെ മാനസിക പരിവർത്തനം, പുനരധിവാസം എന്നിവയ്ക്ക് സഹായം നൽകുന്നതിനുമായി പുതുതായി രൂപീകരിച്ച മുഖ്യമന്ത്രി അധ്യക്ഷനായ ജയിൽ ഉപദേശക സമിതി രാജ്യത്തിനുതന്നെ മാതൃകയാണ്. ജയിലുകളിലെ തിരക്ക് കുറയ്ക്കുന്നതിനുള്ള നിർണ്ണായക നിർദേശങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ അടിയന്തരമായി നടപ്പിലാക്കാൻ കഴിയുന്നവയും അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതടക്കമുള്ള പദ്ധതികളും ഉൾപ്പെടുന്നുണ്ട്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. തെറ്റുതിരുത്തൽ പ്രക്രിയ കേവലം ഭരണകൂടത്തിന്റേയും ജയിൽ ഉദ്യോഗസ്ഥരുടേയും മാത്രം ചുമതലയല്ലായെന്നും പൊതുസമൂഹത്തിന് ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാനാകുമെന്നും ബോധ്യപ്പെടുത്താൻ ഈ സമിതിക്ക് സാധിക്കുന്നുണ്ട്. ജയിൽ അന്തേവാസികളുടെ സംശുദ്ധീകരണത്തിനും സന്മാർഗ്ഗീകരണത്തിനുമൊപ്പം ശിക്ഷ കഴിഞ്ഞ് അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ലഭിക്കുന്നതിനായുള്ള തൊഴിൽ പരിശീലനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞ വിവിധ സംരംഭങ്ങൾ വഴി അന്തേവാസികൾക്ക് വരുമാനം ലഭിക്കുന്നുവെന്നു മാത്രമല്ല, ചെറുതല്ലാത്ത തുക സർക്കാർ ഖജനാവിലേക്കും ലഭിക്കുന്നുണ്ട്. അത് അവരുടെ ഉന്നമനത്തിനും സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമായാണ് വിനിയോഗിക്കുക. വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ നിന്നുള്ള വരുമാനത്തിന്റെ 50 ശതമാനം പ്രിസൺ ഡെവലപ്മെന്റ് ഫണ്ടിലേക്കാണ് വിനിയോഗിക്കുന്നത്. അന്തേവാസികൾക്ക് മാനസിക ചികിത്സാ സൗകര്യങ്ങളും കൗൺസലിങ് സേവനങ്ങളും കാലോചിതവും സമഗ്രവുമാക്കും. അന്തേവാസികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമുള്ള സാഹചര്യങ്ങൾ വിപുലമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പുരോഗമനോന്മുഖമായ സമൂഹത്തിന് ചേർന്ന വിധത്തിൽ ജയിലുകളുടെ പ്രവർത്തനം പരിഷ്ക്കരിക്കുന്ന കാര്യത്തിൽ സർക്കാർ അതീവ ശ്രദ്ധയാണ് നൽകി വരുന്നത്.

ഫയർഫോഴ്സിന്റെ പ്രവർത്തനം എല്ലാതരത്തിലും കാര്യക്ഷമമായി നടക്കുന്ന ഒരു ഘട്ടമാണിത്. ദുരന്തഘട്ടങ്ങളിലൊക്കെ അതുമായി ബന്ധപ്പെട്ട് എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റാൻ ഫയർഫോഴ്സിന് കഴിഞ്ഞുവെന്നുള്ളതാണ് വസ്തുത. ഫയർഫോഴ്സിനെ ആധുനികവത്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്പോൾ യുവതികൾ

ഉൾക്കൊള്ളുന്ന നല്ല രീതിയിലുള്ള ഒരു സ്കൂബാ ടീം തന്നെ ഫയർഫോഴ്സിന് ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെതന്നെ ആദ്യത്തെ സംഭവമാണിത്. കൂടുതൽ ശക്തമായ രീതിയിൽ ഫയർഫോഴ്സിനെ ഒരുക്കാനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

അച്ചടിയും സ്റ്റേഷനറിയും വകുപ്പുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതികവിദ്യയുടെ വികാസത്തിനനുസരിച്ച് സർക്കാർ പ്രസ്സുകളെ നവീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബജറ്റ് വിഹിതത്തിന് പുറമെ കിഫ്ബി മുഖേന 100 കോടി രൂപ വിനിയോഗിച്ച് ആവശ്യമായ ആധുനികവത്കരണത്തിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം സെൻട്രൽ പ്രസ്സും മണ്ണന്തല ഗവൺമെന്റ് പ്രസ്സും ആധുനികവത്കരിക്കാനുള്ള നടപടികളാണ് സ്വീകരിക്കുക. ഇതിനുള്ള ഡി.പി.ആർ. തയ്യാറാക്കാൻ നിർവഹണ ഏജൻസിയായ വാപ്കോസിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

സാമൂഹികമായ പ്രശ്നങ്ങൾ, ഇടപെടലുകൾ ആവശ്യമായ വിഷയങ്ങൾ തുടങ്ങിയവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിന്മേൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ ജനങ്ങളെ അറിയിക്കുകയെന്ന നിലയിൽ സർക്കാരിനും ജനങ്ങൾക്കുമിടയിലുള്ള ഒരു പാലമായാണ് വിവര-പൊതുജന സമ്പർക്ക വകുപ്പ് പ്രവർത്തിച്ചുവരുന്നത്. ഇപ്രകാരം ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും ജനാഭിലാഷം നിറവേറ്റുന്ന തരത്തിൽ ഭരണനിർവഹണം സാധ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം താലൂക്ക് തലം വരെ ഫലപ്രദമായി നടന്നുവരികയാണ്. അച്ചടി-ദൃശ്യ-ശ്രവ്യ-നവ മാധ്യമങ്ങൾ മുഖേന ജനങ്ങളുമായി നിരന്തര സമ്പർക്കമാണ് വകുപ്പ് പുലർത്തിവരുന്നത്. സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കുന്നതിനും അതിന്റെ ഗുണഫലങ്ങൾ അവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് വിവര-പൊതുജന സമ്പർക്ക വകുപ്പ് നടത്തുന്നത്. ആധുനിക ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ, എ.ഐ, നെറ്റ്വർക്ക് സാങ്കേതികവിദ്യകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലവും ശക്തവുമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ദുരന്തനിവാരണ വകുപ്പുമായി ബന്ധപ്പെട്ട് പറഞ്ഞാൽ, സവിശേഷമായ ഭൂപ്രകൃതികൊണ്ടും കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ മൂലവും വിവിധ തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്നുണ്ട്. ഇത് കണക്കിലെടുത്ത് ദുരന്തങ്ങളെ നേരിടുന്നതിന് ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനുള്ള 'കവചം' പദ്ധതി ഈ അടുത്തകാലത്ത് പ്രവർത്തനമാരംഭിച്ചു. വയനാട്ടിലെ മേപ്പാടി ഉരുൾപൊട്ടലിനെ തുടർന്ന് അടിയന്തര രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും കഴിഞ്ഞു. സമാനതകളില്ലാത്ത രക്ഷാ-ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനമാണ് അവിടെ നടത്തിയത്. പുനരധിവാസത്തിനായുള്ള ടൗൺഷിപ്പിന്റെ നിർമ്മാണത്തിന് ഈ മാസം തന്നെ തുടക്കം കുറിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ ദുരന്തനിവാരണ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതാണ്. ദുരന്തനിവാരണത്തെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിന് നിരവധി ബോധവത്കരണ പരിശീലന പരിപാടികൾ നടത്തിവരികയാണ്. 26 വകുപ്പുകളിൽ വകുപ്പുതല ദുരന്തനിവാരണ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കും. വിവിധ വകുപ്പുകളിൽ ദുരന്ത നിവാരണത്തിനായി വെർച്വൽ കേഡർ സൃഷ്ടിച്ചിട്ടുണ്ട്. ഇവർക്ക് ആവശ്യമായ പരിശീലനവും ഇതോടൊപ്പം നൽകുന്നതാണ്. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും സ്കൂൾ ദുരന്തനിവാരണ പദ്ധതി ഈ വർഷം പൂർത്തീകരിക്കും. മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വരെയുള്ള എല്ലാ ആശുപത്രികളും ആശുപത്രി ദുരന്ത നിവാരണ

പദ്ധതിയും തയ്യാറാക്കും. ദുരന്ത നിവാരണ സാക്ഷരത യജ്ഞത്തിന്റെ ഭാഗമായി കുടുംബശ്രീയുമായി സഹകരിച്ച് എല്ലാ അയൽക്കൂട്ടങ്ങൾക്കും പരിശീലനം നൽകാനും ഉദ്ദേശിക്കുന്നു. ഇതോടൊപ്പം ആപതാമിത്ര, സിവിൽ ഡിഫൈൻസ്, സന്നദ്ധ സേന എന്നിവയുടെ പ്രവർത്തനവും വിപുലീകരിക്കും. ഇതുപോലെയുള്ള കാര്യങ്ങളാണ് ഈ വകുപ്പുകളുമായി ബന്ധപ്പെട്ട് പറയാനുള്ളത്. എന്നാൽ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ സംസ്ഥാനത്ത് നിരവധി കാര്യങ്ങളാണ് ഈ ഘട്ടത്തിൽ നിർവഹിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ നാലാം വാർഷിക ഘട്ടം അടുത്തുവരികയാണ്. നാലാം വാർഷികം നല്ല രീതിയിൽ ആചരിക്കാനും പൊതുജനങ്ങളിലേക്കാകെ ഇത്തരം കാര്യങ്ങളെത്തിക്കാനും കഴിയേണ്ടതുണ്ട്. അക്കാര്യത്തിൽ നിങ്ങളുടെ എല്ലാ സഹകരണവും ഉണ്ടാകണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഈ ബജറ്റ് പാസ്സാക്കി തരണമെന്ന് അഭ്യർഥിക്കുകയാണ്.

2025 മാർച്ച് 24

## ശ്രദ്ധക്ഷണിക്കൽ

# സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ ഉപയുക്തമാക്കൽ

സർ, വളരെ പ്രധാനപ്പെട്ടതും കാലികവുമായൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നിർമ്മിതബുദ്ധിയുടെ വിനിയോഗം ലോകമെമ്പാടും വൻതോതിൽ വ്യാപകമായി വരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളിലായി ലോകത്തെ മാറ്റിമറിച്ച ശാസ്ത്ര കണ്ടെത്തലുകളാണ് ഉണ്ടായിട്ടുള്ളത്. ഇലക്ട്രിക് ബൾബിന്റെ വരവ്, ആധുനിക യന്ത്രങ്ങളുടെ കടന്നുവരവ്, കമ്പ്യൂട്ടറുകൾ സാർവത്രികമായത് എന്നിവ ഉൽപാദനക്ഷമതയെ ഗണ്യമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം ആധുനിക കണ്ടുപിടിത്തങ്ങൾ പ്രയോഗത്തിൽ വരുന്നതിനുമുമ്പ് ആർജിച്ച നൈപുണിയുമായി നിലനിന്ന തൊഴിൽശക്തിക്ക് തൊഴിൽ നഷ്ടമെന്ന വലിയ ആശങ്കയുമുണ്ടായി. ചരിത്രത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് നിർമ്മിതബുദ്ധിപോലൊരു നൂതന സാങ്കേതികവിദ്യയുടെ കടന്നുവരവിനെ സംസ്ഥാന സർക്കാർ പ്രായോഗികമായി സമീപിക്കുന്നത്. നിർമ്മിതബുദ്ധിയുടെ സാധ്യതകളെയും അതുയർത്തുന്ന വെല്ലുവിളികളെയും മനസ്സിലാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുനീങ്ങുന്നത്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, ICFOSS (International Centre for Free and Open Source Solutions) എന്നീ സ്ഥാപനങ്ങൾ ഈ മേഖലയിൽ ഗൗരവമായ ഗവേഷണങ്ങൾ നടത്തിവരികയാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സർവകലാശാലകളിൽ പരിശീലന പദ്ധതികളാരംഭിക്കാൻ ലക്ഷ്യമിടുകയാണ്. ആർട്ടിഫിഷ്യൽ ഇൻഗ്രീഡിയൻസ് ഡാറ്റാ സയൻസ് പോലുള്ള നൂതന കോഴ്സുകൾ സർവകലാശാലയിൽ ആരംഭിക്കുന്നകാര്യം ഗൗരവമായ പരിഗണനയിലാണ്. മേൽസൂചിപ്പിച്ചതുപോലെ, നിലവിലെ വിവര സാങ്കേതികവിദ്യാ സേവന മേഖലയിൽ തൊഴിൽ നഷ്ടമുണ്ടാകാൻ സാധ്യതയുണ്ടെന്ന് കണ്ടുകൊണ്ട് പുതിയ തലമുറ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ സർക്കാർ മുൻഗണന നൽകുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റി, ICFOSS എന്നീ സ്ഥാപനങ്ങൾ ഈ ലക്ഷ്യത്തോടെ പുതുതലമുറ കോഴ്സുകളാരംഭിക്കാൻ നടപടി സ്വീകരിക്കുകയാണ്. നിർമ്മിതബുദ്ധി മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്കുവേണ്ടി പ്രധാനപ്പെട്ട പദ്ധതികൾ ഇക്കഴിഞ്ഞ ബജറ്റിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു ഡീപ്ടെക് ഇക്കോസിസ്റ്റം രൂപപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കും. നിർമ്മിത ബുദ്ധി, മെഷീൻ ലേർണിങ്,

ആനിമേഷൻ, വിഷ്വൽ ഇഫക്ട്, ഗെയിമിങ്, കോമിക്സ് എന്നീ മേഖലകളിൽ കടന്നുവരുന്ന ബി.ടെക് സംരംഭകർക്കുവേണ്ടി ഒരു ഗ്രാഫിക് പ്രോസസ്സിങ് യൂണിറ്റ് ക്ലസ്റ്റർ രൂപീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി കേരള സ്റ്റാർട്ടപ് മിഷന് പത്ത് കോടി രൂപ സർക്കാർ അധികമായി അനുവദിച്ചിട്ടുണ്ട്. സമസ്ത മേഖലകളിലും നിർമ്മിത ബുദ്ധിയുടെ ഉപയോഗം സാധ്യമാക്കുന്ന സാങ്കേതികവിദ്യയാണ് ഏജന്റിക് നിർമ്മിത ബുദ്ധി. ദേശീയതലത്തിൽ ഒരു ഏജന്റിക് ഹാക്കത്തോൺ സംഘടിപ്പിക്കാനും തിരഞ്ഞെടുക്കുന്ന മികച്ച 5 ഏജന്റുകൾ നിർമ്മിക്കാൻ 20 ലക്ഷം രൂപവീതം നൽകാനുമായി സ്റ്റാർട്ടപ് മിഷന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൃഷി, ഭക്ഷ്യ സംസ്കരണം, സ്പേസ്, പ്രതിരോധ മേഖലകൾ, ആരോഗ്യമേഖല, ലൈഫ് സയൻസ്, ഡിജിറ്റൽ മീഡിയ, പുത്തൻ വിനോദോപാധികൾ, പാരമ്പര്യേതര ഊർജസ്രോതസ്സുകൾ എന്നീ രംഗങ്ങളിൽ നിർമ്മിതബുദ്ധി ഉൾപ്പെടെയുള്ള നവീന സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കേരള സ്റ്റാർട്ടപ് മിഷൻ എമർജിങ് ടെക്നോളജി ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. തിരുവനന്തപുരം ടെക്നോസിറ്റിയിൽ മൂന്നേക്കർ സ്ഥലത്തായിരിക്കും ഹബ്ബ് പ്രവർത്തിക്കുന്നത്. ഏകദേശം 350 കോടിരൂപ ചെലവുവരുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. സംസ്ഥാനം ഒരു കരട് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നയം രൂപീകരിച്ചുവരികയാണ്. നിർമ്മിതബുദ്ധി അധിഷ്ഠിത സോഫ്റ്റ്വെയർ നിർമ്മാണം, വിവര സഞ്ചയ നിർമ്മാണം, ഇന്നവേഷൻ സെന്ററുകൾ, നൈപുണ്യ വികസനം, നിർമ്മിതബുദ്ധി മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള പിന്തുണ എന്നിവ ഈ നയത്തിന്റെ ഭാഗമാക്കാനുദ്ദേശിക്കുന്നു. സേവനങ്ങളുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന് നിർമ്മിതബുദ്ധി മാതൃകകൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന തൊഴിൽനഷ്ടം പുതിയ മേഖലകളിൽ പുനർവിന്യസിക്കാനും ശ്രമങ്ങൾ നടത്തും. സംസ്ഥാനത്ത് സ്വീകരിച്ചുവരുന്ന ചില പ്രധാനപ്പെട്ട നടപടികൾ ചുവടെ ചേർക്കുന്നു:

നിർമ്മിതബുദ്ധിയുടെ വർധിച്ച ഉപയോഗംമൂലം പുതിയ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനുള്ള സാധ്യത മുന്നിൽകണ്ടുകൊണ്ടും ഡിജിറ്റൽ ഡിവൈഡ് കുറയ്ക്കുന്നതിനായി വിവിധ പോസ്റ്റ്ഗ്രാജ്വേറ്റ് പ്രോഗ്രാമുകൾക്കുപുറമെ കമ്മ്യൂണിറ്റി എഡ്യൂക്കേഷൻ പരിപാടികൾ തുടങ്ങിക്കഴിഞ്ഞു. യൂണിവേഴ്സിറ്റിയിലെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപകർക്കായി ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ വർക്ക്ഷോപ്പ് നടത്തിവരുന്നു. നിർമ്മിതബുദ്ധി മേഖലയിലെ ഗവേഷണങ്ങളുടെ ഫലമായി ഉരുത്തിരിഞ്ഞുവരുന്ന പ്രോട്ടോടൈപ്പുകൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ സയൻസ് പാർക്ക് പ്രവർത്തനമാരംഭിച്ചു. യൂറോപ്യൻ നിർമ്മിതബുദ്ധിയുടെ ചുവടുപിടിച്ച് ഉത്തരവാദിത്വ നിർമ്മിതബുദ്ധി നയരൂപീകരണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിച്ചിട്ടുണ്ട്. കാലിഫോർണിയ ആസ്ഥാനമായ Nvidia കമ്പനിയുടെ സഹായത്തോടെ SLM (Small Language Models) ഗവേഷണങ്ങൾ നടത്തിവരുന്നു. നിർമ്മിതബുദ്ധി സാങ്കേതിക വിദ്യയിലെ വികാസത്തിലൂടെ സമൂഹത്തിലുണ്ടാകുന്ന നാനാതരം മാറ്റങ്ങളെയും വെല്ലുവിളികളെയും സമഗ്രമായി അപഗ്രഥിച്ചുകൊണ്ടുള്ള സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വികാസംകൊണ്ട് സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിലും സാമ്പത്തിക- സാമൂഹിക മേഖലകളിലുമുണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും സംബന്ധിച്ച് നിലവിൽ ഒരു പഠനം നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി കൂടുതൽ പഠനം ആവശ്യമാണെങ്കിൽ മേൽപറഞ്ഞ രീതിയിലുള്ള കാര്യങ്ങൾ ചെയ്യാവുന്നതാണ്.

## സബ്മിഷൻ

# പി.എസ്.സി.ക്കെതിരായ അപഖ്യാതി തടയൽ

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനും വിവിധ സംസ്ഥാനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷനുകളും മുഖേന നടത്തുന്ന നിയമന ശിപാർശകൾ കണക്കിലെടുക്കുമ്പോൾ അവയിൽ പകുതിയിലേറെയും കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. സുതാര്യമായും കാര്യക്ഷമതയോടെയും സമയബന്ധിതമായും നിയമനങ്ങൾ നടത്തുന്നതിലൂടെ രാജ്യത്തിനു തന്നെ മാതൃകയായ കേരള പബ്ലിക് സർവീസ് കമ്മിഷനെതിരെ അപകീർത്തികരമായ ചില പ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രചാരണങ്ങൾക്കെതിരെ കമ്മീഷൻ അതത് സമയം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

2023 മുതൽ വാർഷിക പരീക്ഷാ കലണ്ടർ മുൻകൂർ പ്രസിദ്ധീകരിച്ചുകൊണ്ടാണ് നിയമന നടപടികൾ നടത്തിവരുന്നത്. ഇത് ഉദ്യോഗാർഥികൾക്ക് പരീക്ഷയ്ക്ക് മുൻകൂട്ടി തയ്യാറെടുപ്പ് നടത്താൻ സഹായകമായിട്ടുണ്ട്. പരീക്ഷ കഴിഞ്ഞാലുടൻ ഉത്തരസൂചിക പ്രസിദ്ധീകരിച്ച് പരാതികളുണ്ടെങ്കിൽ അവകൂടി പരിശോധിച്ച് അന്തിമ ഉത്തരസൂചിക പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തുകയും ചെയ്തുവരുന്നു. റാങ്ക് പട്ടികകൾ, നിയമന ശിപാർശകൾ എന്നിവയിൽ പിശകുകൾ ഉണ്ടാകാതിരിക്കാൻ കുറ്റമറ്റ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

ഒരു കലണ്ടർ വർഷമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദേശം എല്ലാ നിയമനാധികാരികൾക്കും നൽകിവരുന്നുണ്ട്. റാങ്ക് പട്ടികയിലെ ഉദ്യോഗാർഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് റാങ്ക് പട്ടികകളിൽ ഉൾപ്പെടുന്നവർക്ക് നിയമന ശിപാർശകൾ നൽകുന്നത്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലൂടെ എല്ലാ റാങ്ക് പട്ടികകളിൽനിന്നും പരമാവധി നിയമനം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഒഴിവുണ്ടായിരുന്നിട്ടും പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം നിലവിലില്ല.

കേരളാ പി.എസ്.സി.യുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലും യാതൊരു ആശങ്കയ്ക്കും ഇടനൽകാത്ത തരത്തിലും തന്നെയാണ് നടന്നുവരുന്നത്.

ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ്) വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തിവരുന്നു.



കടപ്പാട്: ദേശാഭിമാനി

മുഖ്യമന്ത്രിയെ അറിയുക

# പിണറായി വിജയൻ

## ജീവിതരേഖ

മുണ്ടയിൽ കോരന്റേയും കല്ല്യാണിയുടെയും ഏറ്റവും ഇളയ മകനായി 24 മെയ് 1945ന് പിണറായി വിജയൻ ജനിച്ചു. ശാരദാവിലാസം ലോവർ പ്രൈമറി സ്കൂൾ, പെരളശ്ശേരി ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്ന് വിജയകരമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഒരു വർഷത്തോളം അദ്ദേഹം നെയ്ത്തു തൊഴിലിൽ ഏർപ്പെടുകയുണ്ടായി. തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്ന് പ്രീഡിഗ്രി പൂർത്തിയാക്കിയ പിണറായി വിജയൻ, 1964ൽ അതേ കോളേജിൽ BA എക്കണോമിക്സിനും ചേർന്നു

### രാഷ്ട്രീയ ജീവിതം

ബ്രണ്ണനിലെ കലാലയ ജീവിതത്തിനിടയിൽ കെ. എസ്. എഫിലൂടെ (കേരള സ്റ്റുഡന്റ്സ് ഫെഡറേഷൻ) പിണറായി വിജയൻ വിദ്യാർഥി രാഷ്ട്രീയത്തിൽ സജീവമായി. കെ.എസ്.എഫിന്റെയും കെ. എസ്. വൈ. എഫിന്റെയും (കേരള സ്റ്റേറ്റ് യൂത്ത് ഫെഡറേഷൻ) സംസ്ഥാന അധ്യക്ഷനായും പ്രവർത്തിക്കുകയുണ്ടണ്ടായി. 1964ൽ അദ്ദേഹം സിപിഐ(എം) (കമ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) അംഗമായി. 1968ൽ, 24-ാമത്തെ വയസ്സിൽ സിപിഐ(എം) കണ്ണൂർ ജില്ലാകമ്മിറ്റിയിലേക്കും 1972ൽ ജില്ലാസെക്രട്ടറിയേറ്റിലേക്കും 1978ൽ സംസ്ഥാനകമ്മിറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 1986ൽ കണ്ണൂർ ജില്ലാ സെക്രട്ടറിയായി സ്ഥാനമേറ്റു. 1988 മുതൽ സംസ്ഥാന സെക്രട്ടറിയേറ്റംഗമായി പ്രവർത്തിച്ചു വന്ന പിണറായി വിജയൻ 1998ൽ ചടയൻ ഗോവിന്ദന്റെ മരണശേഷം സിപിഐ (എം) സംസ്ഥാന സെക്രട്ടറിയായി സ്ഥാനമേറ്റു. 2015ലെ വിശാഖപട്ടണം പാർടി കോൺഗ്രസ് വരെ അദ്ദേഹം ആ സ്ഥാനത്ത് തുടർന്നു. 2002ലാണ് പിണറായി വിജയൻ പോളിറ്റ് ബ്യൂറോ അംഗമാകുന്നത്.

### സമരങ്ങൾ

കെ. എസ്. എഫി-ൽ പ്രവർത്തിക്കെ പല വിദ്യാർഥിസമരങ്ങളെയും പിണറായി വിജയൻ മുൻ നിരയിൽ നിന്ന് നയിച്ചിട്ടുണ്ട്. കെ. എസ്. എഫിന്റെ പ്രസിഡന്റ് പദവിയിൽ നിന്ന് ഒഴിഞ്ഞതിനു ശേഷം 1967ൽ അദ്ദേഹം സിപിഐ(എം) തലശ്ശേരി മണ്ഡലം സെക്രട്ടറിയായി സ്ഥാനമേറ്റു. മംഗലാപുരം ഗണേഷ് ബീഡി കമ്പനിയുടെ മുതലാളിമാർ നിയോഗിച്ച ഗുണ്ടകൾ ദിനേശ്

ബീഡി തൊഴിലാളികളെ ആക്രമിച്ചപ്പോൾ ദിനേശ് സഹകരണ സംഘത്തെ സംരക്ഷിക്കാൻ അദ്ദേഹം മുന്നിൽ നിന്നു. 1971ലെ തലശ്ശേരി കലാപത്തെക്കുറിച്ചുള്ള ജസ്റ്റിസ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിൽ (220ആം ഖണ്ഡികയിൽ) കലാപകാലത്ത് പ്രദേശത്ത് മതസൗഹാർദം ഉറപ്പു വരുത്തുന്നതിൽ അന്ന് കൂത്തുപറമ്പ് എംഎൽഎ ആയിരുന്ന പിണറായി വിജയൻ വഹിച്ച പങ്ക് പ്രത്യേകം പരാമർശിക്കപ്പെട്ടിരിക്കുന്നു. ദേശീയ അടിയന്തരാവസ്ഥയുടെ കാലത്ത് പൊലീസ് കസ്റ്റഡിയിൽ ക്രൂരമായ പീഡനങ്ങളാണ് അദ്ദേഹത്തിനു നേരിടേണ്ടണ്ടി വന്നത്. തടവിൽ നിന്ന് മോചിതനായി നേരെ നിയമസഭയിലേക്ക് വന്ന് രക്തക്കറയുള്ള ഷർട്ട് ഉയർത്തിക്കാണിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗം നിയമസഭയുടെ ചരിത്രത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു.

## തെരഞ്ഞെടുപ്പ് ചരിത്രം

1970ൽ പ്രജാ സോഷ്യലിസ്റ്റ് പാർടിയിലെ തായത്ത് രാഘവനെ പരാജയപ്പെടുത്തി പിണറായി വിജയൻ കൂത്തുപറമ്പ് മണ്ഡലത്തിൽ നിന്ന് നിയമസഭയിലെത്തി. ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതു കാരണം 1977 വരെ അടുത്ത ഘ ട്ട നിയമസഭാ തെരഞ്ഞെടുപ്പ് വൈകിപ്പിക്കുകയുണ്ടായി. 1977ലെ തെരഞ്ഞെടുപ്പിൽ കൂത്തുപറമ്പിൽ നിന്ന് വീണ്ടും ജനവിധി നേടിയ പിണറായി വിജയൻ ആർ എസ് പി (റെവല്യൂഷ്ണറി സോഷ്യലിസ്റ്റ് പാർടി) യിലെ അബ്ദുൾഖാദറിനെ 4001 വോട്ടിന് പരാജയപ്പെടുത്തി. 1991ൽ കൂത്തുപറമ്പിൽ നിന്നു തന്നെ കോൺഗ്രസ്സിലെ പി. രാമകൃഷ്ണനെ 13060 വോട്ടിന് പരാജയപ്പെടുത്തി മൂന്നാം തവണയും നിയമസഭയിലെത്തി. 1996ലെ തെരഞ്ഞെടുപ്പിൽ പയ്യന്നൂർ മണ്ഡലത്തിൽ നിന്ന് മത്സരിച്ച പിണറായി വിജയൻ കോൺഗ്രസിലെ കെ.എൻ. കണ്ണോത്തിനെ 28078 വോട്ടിന് പരാജയപ്പെടുത്തി. 1996ലെ നായനാർ മന്ത്രിസഭയിൽ വൈദ്യുത-സഹകരണ വകുപ്പുകളുടെ മന്ത്രിയായും അദ്ദേഹം പ്രവർത്തിച്ചു. 2016ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ധർമടം മണ്ഡലത്തിൽ കോൺഗ്രസിന്റെ മമ്പറം ദിവാകരനെ 36905 വോട്ടിന്റെ ഭൂരിപക്ഷത്തിൽ പരാജയപ്പെടുത്തി നിയമസഭയിൽ എത്തിയ പിണറായി വിജയൻ കേരളത്തിൻറെ 12-മത് മുഖ്യമന്ത്രിയായും 2021 ൽ കോൺഗ്രസിലെ സി രഘുനാഥിനെ 50,123 വോട്ടിന്റെ വലിയ ഭൂരിപക്ഷത്തിൽ പരാജയപ്പെടുത്തി പതിമൂന്നാമത് മുഖ്യമന്ത്രിയായും അധികാരമേറ്റു.

## മന്ത്രിയായും സഹകാരി നേതാവായും

1996ലെ നായനാർ മന്ത്രിസഭയിൽ വൈദ്യുതി-സഹകരണ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്നത് പിണറായി വിജയൻ ആയിരുന്നു. ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് വൈദ്യുതോല്പാദന-വിതരണരംഗങ്ങളിൽ സംസ്ഥാനം സമാനതകളില്ലാത്ത നേട്ടം കൈവരിച്ചത്. ഭരണപരമായ നൈപുണ്യവും, അടിസ്ഥാന രാഷ്ട്രീയപ്രവർത്തനങ്ങളിൽ നിന്നു നേടിയ പരിചയസമ്പത്തും, സഹകരണമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ അദ്ദേഹത്തെ സഹായിച്ചു. RUBCO-യുടെ രൂപീകരണത്തിനു പിന്നിലുള്ള പ്രധാന ചാലകശക്തി പിണറായി വിജയൻ ആയിരുന്നു. 1983-1992 കാലഘട്ടത്തിൽ കണ്ണൂർ ജില്ലാസഹകരണബാങ്കിന്റെയും പ്രസിഡന്റായി അദ്ദേഹം സേവനമനുഷ്ഠിച്ചു.

## മുഖ്യമന്ത്രി

മുഖ്യമന്ത്രി എന്ന നിലയ്ക്കുള്ള 2016-21 കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ വലിയ പ്രശംസ പിടിച്ചു പറ്റി. പ്രളയം, നിപ്പ, കോവിഡ് തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം നിശ്ചയദാർഢ്യത്തോടെ പിണറായി വിജയൻ കേരളത്തെ നയിച്ചു. അതോടൊപ്പം, കേരളത്തിന്റെ വികസനവും സാമൂഹികക്ഷേമവും ഉറപ്പുവരുത്തി പൊതുസമൂഹത്തിന്റെ ശക്തമായ പിന്തുണ ആർജിച്ച് 2021ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ തുടർഭരണത്തിലൂടെ ചരിത്രം സൃഷ്ടിച്ചു.



# ഹൃദയപക്ഷം

മുഖ്യമന്ത്രി പിണറായി വിജയന്റെ
തിരഞ്ഞെടുത്ത നിയമസഭാ പ്രസംഗങ്ങൾ
2016 - 2025



Printed and Published by T.V. Subhash IAS, Director, Information Public Relations Department on behalf of Government of Kerala
and Printed at Kerala Books and Publications Society, Kochi-30
Published from Information Public Relations Department, Govt. of Kerala,
Government Secretariat, Thiruvananthapuram-695001